# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

2018 ജനുവരി 30, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 170 - നമ്പർ 5

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

2018 ജനുവരി 30, ചൊവ്വ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

422/2020.

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 31
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 73

**II അറിയിപ്പ്**

രക്തസാക്ഷി ദിനം .. 450

**III തിരുത്തിയ ഉത്തരം**

നക്ഷത്ര ചിഹ്നമിടാത്ത 2260, 2462 എന്നീ നമ്പർ
ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരം .. 450

**IV അടിയന്തരപ്രമേയം**

കെ.എസ്.ആർ.ടി.സി. പെൻഷൻ (അവതരണാനുമതി നിഷേധിച്ചു) .. 451

**V ശ്രദ്ധ ക്ഷണിക്കൽ**

1. റോഡുകളുടെ പരിപാലനം

—ശ്രീമതി ഇ. എസ്. ബിജിമോൾ .. 468

2. വാഹനാപകട നിയന്ത്രണം

—ശ്രീ. റോജി എം. ജോൺ .. 472

**VI സബ്മിഷൻ**

1. എസ്.ഐ. നിയമനം

—ശ്രീ. എം. സ്വരാജ് .. 475

2. വാഹന പരിശോധനയ്ക്കിടെ നടന്ന മരണം—

ശ്രീ. എൻ. എ. നെല്ലിക്കുന്ന് .. 477

*പേജ്*

3. കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ

—ശ്രീ. വി. പി. സജീന്ദ്രൻ .. 478

4. ചികിത്സാ സഹായം

—ശ്രീ. ഹൈബി ഈഡൻ .. 479

5. സർക്കാർ രേഖകൾ ലഭ്യമാക്കൽ

—ശ്രീ. മുഹമ്മദ് മുഹസിൻ പി. .. 482

**VII അറിയിപ്പ്**

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) .. 484

**സബ്മിഷൻ (തുടർച്ച)**

(6) കുടിവെള്ള വിതരണം

—ശ്രീ. രാജു എബ്രഹാം .. 484

(7 ) സംസ്ഥാനപാതയുടെ വികസനം

—ശ്രീ. അനിൽ അക്കര .. 486

(8) പട്ടയ പ്രശ്നം

—ശ്രീ. റോഷി അഗസ്റ്റിൻ .. 488

(9) കനാൽ തുറക്കൽ

—ശ്രീ. ആർ. രാജേഷ് .. 490

(10) തസ്തിക സൃഷ്ടിക്കൽ

—ശ്രീ. റ്റി. വി. രാജേഷ് .. 493

(11) അദ്ധ്യാപക തസ്തികകൾ

—ശ്രീ. പി. കെ. ബഷീർ .. 494

*പേജ്*

**VIII ക്രമപ്രശ്നം**

ഓൺ ഡിമാന്റ് വെബ്കാസ്റ്റിംഗ് സംബന്ധിച്ച്

—ശ്രീ. കെ. സി. ജോസഫ് .. 495

**റൂളിംഗ്**

—മി. സ്പീക്കർ .. 496

**IX മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള

കടലാസ്സുകൾ .. 497

**X ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെ**

**കുറിച്ചുള്ള ചർച്ച (തുടർച്ച)** ..507

**അനുബന്ധം** ...588

1. നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2260 ...588

2. നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2462 ...590

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

*2018 ജനുവരി 30, ചൊവ്വ*

വാല്യം 170] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 2018 ജനുവരി മാസം 30-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ....... ചോദ്യം നമ്പർ *91, *118 എന്നിവ ക്ലബ്ബ് ചെയ്യുന്നു.

### അക്കാദമിക് മാസ്റ്റർ പ്ലാൻ

1 (*91) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ ലക്ഷ്യമെന്തെന്ന് അറിയിക്കാമോ;

(ബി) പ്രൈമറിതലം മുതൽ ഹയർസെക്കണ്ടറിതലം വരെയുള്ള വിദ്യാർത്ഥികൾക്ക് കണക്കുൾപ്പെടെയുള്ള വിഷയങ്ങളുടെയും ഭാഷകളുടെയും പഠനം ലളിതമാക്കുന്നതിനും അതോടൊപ്പം നിശ്ചിത നിലവാരം നേടുന്നതിന് പ്രാപ്തരാക്കുന്നതിനും പദ്ധതിയുണ്ടോ; ഓരോ ക്ലാസ് കഴിയുമ്പോഴും സ്വായത്തമാക്കേണ്ട കഴിവുകൾ നിശ്ചയിച്ചിട്ടുണ്ടോ;

(സി) വായന, ഗണിതക്രിയ എന്നിവയിൽ മറ്റ് സംസ്ഥാനങ്ങളിലെ സമാന ക്ലാസിൽ പഠിക്കുന്ന കുട്ടികളുമായി മത്സരിക്കാൻ പ്രാപ്തരാക്കുന്ന വിധത്തിലുള്ള അക്കാദമിക നിലവാരം പുലർത്താൻ സാധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ഉണ്ട്. അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ സംസ്ഥാനത്തെ എല്ലാ സ്കൂളുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ കുട്ടിയുടെയും അറിവും കഴിവും നൈപുണികളും അതത് പ്രായത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്യുന്ന പ്രകാരവും ഏറ്റവും മികവാർന്ന തലത്തിലേയ്ക്ക് വികസിപ്പിക്കേണ്ടതുണ്ട്. ഇക്കാര്യം ഉറപ്പാക്കുന്നതിന് അക്കാദമികമായി എന്തെല്ലാം ചെയ്യണമെന്നതിന് കൃത്യമായ ആസൂത്രണം ആവശ്യമാണ്. ഇങ്ങനെ ഓരോ സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ച ലക്ഷ്യം വയ്ക്കുന്ന സുപ്രധാന രേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. അദ്ധ്യാപകരുടെയും വിദ്യാഭ്യാസ വിദഗ്ദ്ധരുടെയും ജനപ്രതിനിധികളുടെയും രക്ഷിതാക്കളുടെയും വിദ്യാഭ്യാസ തൽപ്പരരായ എല്ലാവരുടെയും സഹായത്താൽ ജനകീയമായി ഗുണമേന്മാ വിദ്യാഭ്യാസത്തിനായുള്ള ആസൂത്രണവും നിർവ്വഹണവും നടത്തുക എന്നതും അക്കാദമിക് മാസ്റ്റർ പ്ലാൻ ലക്ഷ്യം വയ്ക്കുന്നു.

(ബി) പ്രൈമറിതലം മുതൽ ഹയർസെക്കണ്ടറിതലം വരെയുള്ള വിദ്യാർത്ഥികൾക്ക് എല്ലാ വിഷയങ്ങളുടെയും പഠനം ശക്തിപ്പെടുത്തുന്നതിനുള്ള സമഗ്ര പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനോദ്ദേശ്യങ്ങൾ നിശ്ചിത നിലവാരത്തിൽ നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള ക്രമീകരണങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിൽ വരുത്തുന്നതാണ്. കണക്ക് ഉൾപ്പെടെയുള്ള വിഷയങ്ങളും ഭാഷാ പഠനവും ലളിതമാക്കുന്നതിനായി 'ഗണിതം വിജയം', 'മലയാളത്തിളക്കം', 'ഹലോ ഇംഗ്ലീഷ്' എന്നീ പദ്ധതികളും വിദ്യാർത്ഥികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി 'ശ്രദ്ധ', 'നവപ്രഭ' എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

(സി) ദേശീയതലത്തിൽ നടത്തിയ നാഷണൽ അച്ചീവ്മെന്റ് സർവ്വേ (നാസ്) പോലുള്ള പഠനങ്ങൾ കേരളത്തിൽ അക്കാദമിക് നിലവാരം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടതാണെന്ന് കാണിക്കുന്നു. അടിസ്ഥാന ഭാഷാശേഷി, ഗണിതശേഷി എന്നിവ കുട്ടികൾക്ക് കൈവരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

## അക്കാദമിക് മാസ്റ്റർ പ്ലാൻ

2 (*118) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കാരാട്ട് റസാഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി മുഴുവൻ പൊതുവിദ്യാലയങ്ങളിലും അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം വിശദമായി പരിശോധിച്ചതിന് ശേഷമാണോ പദ്ധതിക്ക് രൂപം നൽകുന്നതെന്ന് അറിയിക്കാമോ;

(ഡി) പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി ജനപ്രതിനിധികളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ഉണ്ട്.

(ബി) ഓരോ കുട്ടിയുടെയും അറിവും കഴിവും നൈപുണികളും അതത് പ്രായത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്യുന്ന പ്രകാരവും ഏറ്റവും മികവാർന്ന തലത്തിലേയ്ക്ക് വികസിപ്പിക്കേണ്ടതുണ്ട്. ഇക്കാര്യം ഉറപ്പാക്കുന്നതിന് അക്കാദമികമായി എന്തെല്ലാം ചെയ്യണമെന്നതിന് കൃത്യമായ ആസൂത്രണം ആവശ്യമാണ്. ഇങ്ങനെ ഓരോ സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ച ലക്ഷ്യംവയ്ക്കുന്ന സുപ്രധാന രേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. അദ്ധ്യാപകരുടെയും വിദ്യാഭ്യാസ വിദഗ്ദ്ധരുടെയും ജനപ്രതിനിധികളുടെയും രക്ഷിതാക്കളുടെയും വിദ്യാഭ്യാസ തൽപ്പരരായ എല്ലാവരുടെയും സഹായത്താൽ ജനകീയമായി ഗുണമേന്മാ വിദ്യാഭ്യാസത്തിനായുള്ള ആസൂത്രണവും നിർവ്വഹണവും നടത്തുക എന്നതും അക്കാദമിക് മാസ്റ്റർ പ്ലാൻ ലക്ഷ്യം വയ്ക്കുന്നു.

(സി) എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെയും വിദ്യാർത്ഥികളുടെ പഠന നിലവാരം പരിശോധിച്ചതിനുശേഷം അതനുസരിച്ചാണ് പദ്ധതി നടപ്പിൽ വരുത്തുന്നത്.

(ഡി) അക്കാദമിക വികസന രേഖയ്ക്കനുസൃതമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന എല്ലാ ഘട്ടങ്ങളിലും ജനപ്രതിനിധികൾ, രക്ഷിതാക്കൾ, വിദ്യാഭ്യാസ വിദഗ്ദ്ധർ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവരുടെ അഭിപ്രായങ്ങൾ കണക്കിലെടുത്തുകൊണ്ട് കൂടിയാലോചനകൾ നടത്തി കുട്ടികളുടെ സമഗ്ര വികസനത്തിനുതകുന്ന ജനകീയമായ ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ വികസിപ്പിച്ചെടുക്കാനാണ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്.

ജനകീയമായ അക്കാദമിക് മാസ്റ്റർ പ്ലാൻ മുഖേന അധ്യയനം കൂടുതൽ ശിശുകേന്ദ്രീകൃതമാക്കുന്നതിനും ഉദ്ദേശിക്കുന്നു. ഇതിലൂടെ നിത്യജീവിതവുമായി പാഠഭാഗങ്ങൾ ബന്ധപ്പെടുത്തുന്നതിനും ആയതിന്മേലുള്ള ഒരു വിശകലനം നടത്തുകവഴി വിദ്യാർത്ഥികൾക്ക് പൊതുസമൂഹവുമായി സംവാദങ്ങൾ നടത്തുന്നതിനും പ്രോത്സാഹിപ്പിക്കാവുന്നതാണ്.

ശ്രീമതി പി. അയിഷാ പോറ്റിക്കുവേണ്ടി <u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, അക്കാദമിക് മാസ്റ്റർ പ്ലാൻ ആവിഷ്കരിക്കുന്നതിൽ വിദ്യാഭ്യാസ മേഖലയുടെ ചരിത്രത്തിൽ ഇതുവരെ ഉണ്ടാകാത്ത വിധത്തിലുള്ള ജനാധിപത്യപരവും ശ്രദ്ധേയവുമായ ഇടപെടലുകളാണ് നടന്നത്. എം.എൽ.എ.-മാരും മറ്റ് ജനപ്രതിനിധികളും സജീവമായി അതിൽ പങ്കുവഹിച്ചിട്ടുമുണ്ട്. അക്കാദമിക് മാസ്റ്റർ പ്ലാനിൽ ആവിഷ്കരിച്ച കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് പ്രായോഗികമായി ഉണ്ടാകാനിടയുള്ള ചില പ്രശ്നങ്ങൾകൂടി പരിഹരിക്കാൻ ശ്രദ്ധിക്കണം. അക്കാദമികമായ പ്രവർത്തനങ്ങളുടെ ഇവാല്യുവേഷൻ ഏറ്റവും ഫലപ്രദമായി നടക്കുന്നില്ലെന്നുള്ളതാണ് പൊതുവിദ്യാസ മേഖലയിൽ കണ്ടെത്തിയിട്ടുള്ള ദൗർബല്യം. അതിന് എന്ത് ക്രമീകരണമാണ് ഉണ്ടാക്കാൻ കഴിയുന്നത്? അക്കാദമിക് കാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്ന റിസോഴ്സുകളായ ലബോറട്ടറികൾ, ലൈബ്രറികൾ തുടങ്ങിയവ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങൾ ഷെയർ ചെയ്യാൻ തയ്യാറാകാത്ത അവസ്ഥയുണ്ട്. ഹയർ സെക്കണ്ടറി ലാബ് അടച്ചിട്ടാലും അത് ഹൈസ്കൂൾ വിഭാഗത്തിന് കൊടുക്കാത്ത സാഹചര്യവുമുണ്ട്. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങൾ സംയോജിപ്പിക്കണമെന്നുള്ളത് നേരത്തെതന്നെയുള്ള ആവശ്യമാണ്. അത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുകൂടി ഗവൺമെന്റ് തലത്തിൽ ചില തീരുമാനങ്ങളുണ്ടാകണം. ഇക്കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്? അക്കാദമിക് മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്ന ചടങ്ങ് എല്ലാ സ്ഥലങ്ങളിലും നടക്കുന്നത് ഫെബ്രുവരി 1-ാം തീയതിയാണ്. എല്ലാ എം.എൽ.എ.-മാരും അതിൽ നല്ല പങ്ക് വഹിച്ചവരാണ്. നിയമസഭാ സമ്മേളനം നടക്കുന്നതിനാൽ ഫെബ്രുവരി 1-ാം തീയതി നടക്കുന്ന ആ ചടങ്ങിൽ എം.എൽ.എ.-മാർക്ക് പങ്കെടുക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. എം.എൽ.എ.-മാർക്കുംകൂടി അതിൽ പങ്കെടുക്കാനുള്ള അവസരമുണ്ടാക്കുമോ എന്നാണ് എനിക്ക് അറിയാനുള്ളത്.

മി. സ്പീക്കർ: നിയമസഭാ സമ്മേളനം നടക്കുന്ന സമയം ഇത്തരം മീറ്റിംഗുകൾ ഒഴിവാക്കുന്നതാണ് നല്ലത്. ഈ വിഷയം നേരത്തെതന്നെ ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടുത്തിയിരുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അക്കാദമിക് മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്ന ചടങ്ങ് നടക്കുന്നത് ഫെബ്രുവരി 12-ാം തീയതിയിലേയ്ക്ക് മാറ്റുകയും കേരളത്തിലെ എല്ലാ സ്കൂളുകളും അക്കാദമിക് മാസ്റ്റർ പ്ലാൻ ജനകീയമായി പ്രകാശനം ചെയ്യുമെന്ന തീരുമാനമെടുക്കുകയും ചെയ്യാം. എൽ.പി., യു.പി. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ എന്നീ വിഭാഗങ്ങളിൽ വ്യത്യസ്തമായ അക്കാദമിക് മാസ്റ്റർ പ്ലാനുകളാണ് ഉണ്ടാക്കുന്നത്. ഒരേ ക്യാമ്പസിൽ 4 തലങ്ങളുമുണ്ടെങ്കിൽ അതെല്ലാം ഇന്റഗ്രേറ്റ് ചെയ്ത് ഒരു ക്യാമ്പസ്സിനുവേണ്ടി ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ ഉണ്ടാക്കുകയെന്നതും ലക്ഷ്യം വച്ചിട്ടുണ്ട്. രണ്ട് തരത്തിലുള്ള അക്കാദമിക് മാസ്റ്റർ പ്ലാനുകളും തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ആദ്യഘട്ടം തന്നെ ഓരോ കുട്ടിയെയും മനസ്സിലാക്കുക എന്നുള്ളതാണ്. കരിക്കുലം അനുസരിച്ച് ഒരു കുട്ടി എവിടെവരെ അക്കാദമിക് നിലവാരം ആർജ്ജിക്കണമെന്ന ലക്ഷ്യമുണ്ട്. ആ ലക്ഷ്യം ആർജ്ജിക്കത്തക്കരീതിയിൽ, അക്കാദമിക നിലവാരത്തിൽ കുട്ടി ഇപ്പോൾ എവിടെ നിൽക്കുന്നുവെന്നുള്ള ബേസ് ഡാറ്റാ പഠനവും ആ കുട്ടി എവിടെവരെ എത്താമെന്ന് കുട്ടിയെ പഠിച്ചുള്ള നിഗമനവും നടത്തി കുട്ടിക്ക് അക്കാദമിക തലത്തിൽ പരമാവധി എത്താൻ പറ്റുന്നിടത്തേയ്ക്ക് എത്തിക്കാൻ കഴിയുന്ന രീതിയിലുള്ള ആസൂത്രണമാണ് ഇവിടെ നടക്കുന്നത്. ആ ആസൂത്രണത്തിലൂടെ ഉണ്ടാക്കുന്ന പ്ലാനിനെയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ എന്നുപറയുന്നത്. ഓരോ കുട്ടിയെയും വിലയിരുത്തിക്കൊണ്ടാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ ഉണ്ടാക്കാൻ ശ്രമിക്കുന്നത്. 12-ാം ക്ലാസ് വരെയുള്ള അക്കാദമിക് മാസ്റ്റർ പ്ലാൻ പൂർണ്ണമായും തയ്യാറായിക്കഴിഞ്ഞിട്ടുണ്ട്; അത് ഫെബ്രുവരി 12-ാം തീയതി ജനകീയമായി പ്രകാശനം ചെയ്യുന്നതാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, സ്കൂളുകളിൽ വിവിധ വിഭാഗങ്ങൾ ഉപയോഗിക്കുന്ന റിസോഴ്സുകൾ പരസ്പരം ഷെയർ ചെയ്യാത്ത വിഷയത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞില്ല. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളുടെ റിസോഴ്സുകൾ ഷെയർ ചെയ്യുന്ന കാര്യത്തിൽ എന്തെങ്കിലും തീരുമാനമുണ്ടായാൽ പല സൗകര്യങ്ങളും ഉപയോഗപ്പെടുത്താവുന്നതാണ്. അക്കാര്യത്തിൽ എന്തെങ്കിലും തീരുമാനമുണ്ടാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് സർവ്വകലാശാലവരെ കോമൺ ഫെസിലിറ്റി സെന്ററുകൾ ഉണ്ടാക്കുക

എന്നുള്ളതാണ് സങ്കൽപ്പം. എല്ലാ സ്കൂളുകളിലും കോളേജുകളിലും എല്ലാ സൗകര്യങ്ങളും ഉണ്ടായെന്നുവരില്ല. ഒരോ പ്രദേശത്തുമുള്ള സൗകര്യങ്ങൾ പരസ്പരം ഷെയർ ചെയ്യുന്ന രീതിയാണ് ജനകീയ വിദ്യാഭ്യാസത്തിലെ അടിസ്ഥാന സങ്കൽപ്പം. ആശയങ്ങളുടെയും സൗകര്യങ്ങളുടെയും ഷെയറിംഗ് എല്ലാ തലങ്ങളിലും ഉണ്ടാകും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യം വളരെ പ്രസക്തമായിട്ടുള്ളതാണ്. ഹൈസ്കൂളിന്റെ ഭാഗമാണ് ഹയർ സെക്കണ്ടറി. ഹയർ സെക്കണ്ടറി സ്കൂളുകൾ പന്ത്രണ്ടാംതരം വരെയുള്ള സ്കൂളുകളായി മാറിയെങ്കിലും അവിടെ രണ്ട് തരത്തിലുള്ള ഭരണ സംവിധാനമാണ് നിലനിൽക്കുന്നത്. ഇത് ഏകീകരിക്കണമെന്ന ശക്തമായ അഭിപ്രായം പൊതുവെ നിലനിൽക്കുന്നുണ്ട്. എന്നാൽ അതുമായി ബന്ധപ്പെട്ട് വിവിധ ചർച്ചകൾ വേണ്ടതായി വരും. അക്കാര്യം ഗൗരവമായി പരിഗണിക്കണമെന്നുതന്നെയാണ് സർക്കാരിന്റെയും അഭിപ്രായം.

ശ്രീ. ജോർജ് എം. തോമസിനുവേണ്ടി ശ്രീ. ആർ. രാജേഷ്: സർ, നിരവധി പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ വലിയ പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്. അക്കാദമിക് മാസ്റ്റർ പ്ലാൻ ഉൾപ്പെടെയുള്ള 7 ഇന കർമ്മ പദ്ധതി സ്കൂളുകളിൽ ആവിഷ്കരിച്ച് നടപ്പിലാക്കാൻ വിദ്യാഭ്യാസ വകുപ്പ് ആലോചിക്കുന്നതായി അറിഞ്ഞു. അതിനെക്കുറിച്ച് വിശദമാക്കുമോ; പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, പദ്ധതികൾ കഴിഞ്ഞ വർഷം ആരംഭിച്ച് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. 7 ഇന പദ്ധതിയിൽ ഒന്നാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. ജൈവ വൈവിദ്ധ്യ ഉദ്യാനവും സ്കൂളുകൾ ഹൈടെക് ആക്കി മാറ്റുന്നതും 7 ഇന പരിപാടിയിൽ ഉൾപ്പെടുന്നു. കേരളത്തിലെ 8, 9, 10, 11, 12 ക്ലാസ് മുറികളിൽ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുകയെന്നതാണ് ഹൈടെക് പദ്ധതി. അതിന് ജനുവരി 22-ാം തീയതി തുടക്കംകുറിച്ചുകഴിഞ്ഞു. ജൂൺ 1-ാം തീയതി, അടുത്ത അധ്യയന വർഷം ആരംഭിക്കുമ്പോൾ കേരളത്തിലെ എല്ലാ 8, 9, 10, 11, 12 ക്ലാസ് മുറികളും ഹൈടെക് ആക്കി മാറ്റിക്കഴിഞ്ഞിരിക്കും. ജൈവ വൈവിദ്ധ്യ ഉദ്യാനം ക്യാമ്പസ്സുകളിൽ വലിയ ആവേശമാണ് ഉണ്ടാക്കിയിട്ടുള്ളത്. ക്ലാസ് മുറികളിലുള്ള പഠനംവിട്ട് പഠനം പുറത്തേയ്ക്കാക്കി, ക്യാമ്പസ്തന്നെ പാഠപുസ്തകമാക്കി പ്രകൃതിയുമായി കുട്ടികൾക്ക് സല്ലപിക്കാനുള്ള അവസരമുണ്ടാകുന്നതുകൊണ്ട് പാഠപുസ്തക സങ്കൽപ്പത്തിൽനിന്നും യഥാർത്ഥത്തിൽ അക്കാദമിക് നിലവാരം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയരത്തക്ക

വിധത്തിലുള്ള സാധ്യതകളാണ് ഉണ്ടായിട്ടുള്ളത്. ചൈൽഡ് സെന്റേർഡ് എഡ്യൂക്കേഷൻ അക്കാദമിക് മാസ്റ്റർ പ്ലാനിൽ വലിയ കോൺട്രിബ്യൂഷനാണ് നൽകിയിട്ടുള്ളത്. ടീച്ചർ സെന്റേർഡ് എഡ്യൂക്കേഷൻ ചൈൽഡ് സെന്റേർഡ് എഡ്യൂക്കേഷൻ ആക്കി മാറ്റുന്നതും 7 ഇന പരിപാടികളിൽ ഉൾപ്പെട്ടിരുന്നതാണ്. ഇത്തരത്തിലുള്ള എല്ലാ പരിപാടികളും നടന്നുകൊണ്ടിരിക്കുകയാണ്. ചില പദ്ധതികൾ പ്രധാനപ്പെട്ട ഘട്ടങ്ങളിൽ എത്തിയിട്ടുമുണ്ട്.

ശ്രീ. ജെയിംസ് മാത്യു: സർ, അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് വേണ്ടി വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടി അത്യന്തം അഭിനന്ദനാർഹമാണ്. കുട്ടികൾ എന്തു പഠിക്കുന്നു, എങ്ങനെ പഠിക്കണം എന്ന് അദ്ധ്യാപകർ മാത്രമല്ല രക്ഷിതാക്കളും ജനങ്ങളും മനസ്സിലാക്കാനുള്ള ഒരവസരമാണ് ഇതുവഴി ഒരുങ്ങിയിരിക്കുന്നത്. അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് ഓരോ വർഷത്തെ സിലബസ്സിനെയും പാഠപുസ്തകത്തെയും അദ്ധ്യാപകർ പഠിപ്പിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളെയും അടിസ്ഥാനപ്പെടുത്തിയാണ്. സിലബസ് തയ്യാറാക്കുന്നത് കരിക്കുലത്തെ അടിസ്ഥാനപ്പെടുത്തിയാണ്. ഇതു പരിശോധിക്കുമ്പോൾ നമുക്ക് കാണാൻ സാധിക്കുന്നത് നാം നടത്താനാഗ്രഹിക്കുന്ന പ്രായോഗികമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സമയം ലഭിക്കാത്ത വിധത്തിൽ പ്രത്യേകിച്ചും പ്രാഥമിക ക്ലാസ്സുകളിൽ ഭാരമേറിയ കരിക്കുലവും കണ്ടന്റും സിലബസ്സായി മാറുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ പ്രായോഗികമായ ഒരു മാറ്റം വരുത്താൻ വകുപ്പ് തയ്യാറാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും. അതിനുള്ള പ്രായോഗിക നടപടികളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഈ വർഷം പഠിക്കാൻ സമയം കൂടുതൽ വേണമെന്നുള്ള വളരെ പ്രധാനപ്പെട്ട ഒരു ലക്ഷ്യം മിക്കവാറും പൂർത്തീകരിക്കാനുള്ള സാധ്യതയുണ്ട്. ലക്ഷ്യം 201 അധ്യയന ദിവസങ്ങളാണെന്ന് വർഷങ്ങളായി പറയുകയല്ലാതെ അത് ഇതുവരെ നമുക്ക് നേടാൻ കഴിഞ്ഞില്ല. ബാക്കിവരുന്ന അധ്യയന ദിവസങ്ങൾകൂടി ലഭിക്കുകയാണെങ്കിൽ ഈ വർഷം ആദ്യമായി 201 അധ്യയന ദിവസങ്ങൾ കിട്ടും. അത് വിദ്യാഭ്യാസ രംഗത്ത്, പ്രത്യേകിച്ച് പ്രാഥമിക വിദ്യാഭ്യാസ രംഗത്ത്, വലിയ ഒരു നേട്ടമായി നമ്മൾ കാണണം. അത്തരത്തിലുള്ള സാധ്യതകളെല്ലാം ഉപയോഗിച്ചുകൊണ്ടാണ് ഇപ്പോൾ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. വളരെ ശാസ്ത്രീയമായ രീതിയിൽ കരിക്കുലത്തെയും നിലവിലുള്ള പാഠപുസ്തകങ്ങളെയും അതുപോലെ സിലബസ്സിനെയും വിലയിരുത്തിക്കൊണ്ട് നേരത്തെ ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ എന്തെല്ലാം മാറ്റങ്ങൾ കാലികമായി വരുത്തണമെന്നുള്ളത് തുടർ പ്രക്രിയയിലൂടെ കരിക്കുലം കമ്മിറ്റിയും മറ്റും ചേർന്ന് വിലയിരുത്തും.

അത്തരത്തിൽ വളരെ ഗുണപരമായ മാറ്റം ഈ രംഗത്ത് വരുത്തിക്കൊണ്ട് കേരളത്തിന്റെ അക്കാദമിക് നിലവാരം അന്താരാഷ്ട്ര തലത്തിൽ എത്തിക്കാനുള്ള ശ്രമം നടത്തും.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, എസ്.എസ്.എ.-യുടെ ഫണ്ട് ഉപയോഗിച്ചാണ് പഠന വൈകല്യം നേരിടുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്കുൾപ്പെടെ പ്രത്യേക പരിശീലന പരിപാടികൾ ഒരുക്കുന്നത്. ഈ വർഷം സംസ്ഥാനം സമർപ്പിച്ച പ്രോജക്ട് അനുസരിച്ച് കേന്ദ്ര സർക്കാർ നമുക്ക് നൽകേണ്ട 338 കോടി രൂപ അനുവദിക്കാൻ സന്നദ്ധമല്ലെന്നാണ് അറിയുന്നത്. ഇപ്പോൾ 137 കോടി രൂപ മാത്രമാണ് നൽകിയിട്ടുള്ളത്. തദ്ദേശ സ്ഥാപനങ്ങളുടെ വിഹിതവും പൂർണ്ണമായും ലഭിച്ചിട്ടില്ല. ഈ സന്ദർഭത്തിൽ എസ്.എസ്.എ.-യുടെ ഭാഗത്തുനിന്ന് നടത്തിക്കൊണ്ടിരിക്കുന്ന പരിശീലന പരിപാടികൾ തുടരാൻ കഴിയാത്ത അവസ്ഥ മറികടക്കാൻ വല്ല പദ്ധതിയുമുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, നമ്മൾ സമർപ്പിച്ച പദ്ധതിത്തുക 564.73 കോടി രൂപയാണ്. അതിന്റെ 60 ശതമാനമാണ് കേന്ദ്ര സർക്കാർ നൽകേണ്ടത്. അത് 338.84 കോടി രൂപയാണ്. പക്ഷെ കഴിഞ്ഞ ദിവസം മാനവവിഭവശേഷി മന്ത്രാലയം അംഗീകരിച്ച വാർഷിക പദ്ധതിയുടെ മിനിട്ട്സ് പ്രകാരം 2017-18-ൽ 138.84 കോടി രൂപയാണ് സംസ്ഥാനത്തിന് ലഭിക്കേണ്ടത്. അതിൽ 135 കോടി രൂപ മാത്രമേ ലഭിക്കുകയുള്ളൂവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബാക്കി തുക കേന്ദ്ര വിഹിതത്തിൽ കുറവുവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിയോട് ഇക്കാര്യം പറയുകയും സർക്കാർ നേരിട്ട് റെപ്രസന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന തദ്ദേശ ഭരണ സ്ഥാപനങ്ങളിൽനിന്നും കിട്ടുന്ന തുക ലഭിക്കുന്നുണ്ട്. ഇങ്ങനെയൊരു സാഹചര്യത്തിൽ ബാക്കിയുള്ള തുക കിട്ടുമെന്ന പ്രതീക്ഷയുമുണ്ട്. എല്ലാ പരിപാടികളും പ്ലാൻ ചെയ്തുകഴിഞ്ഞു. പദ്ധതി പകുതിയിൽ എത്തി നിൽക്കുകയാണ്. അതുകൊണ്ട് എസ്.എസ്.എ.-യിലൂടെ ഇത്തവണ നടത്തുന്ന പരിപാടിക്കൊന്നും ഒരു കുറവുമുണ്ടാകില്ലെന്ന് ഉറപ്പുതരുന്നു.

ശ്രീ. എ. എൻ. ഷംസീർ: സർ, അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി ക്കൊണ്ട് സംസ്ഥാന സർക്കാർ വിദ്യാഭ്യാസ മേഖലയിൽ ഒരു പുതിയ പാതതന്നെ തുറന്നിരിക്കുകയാണ്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി മുതലായ Language Laboratory-കൾ, പ്രൈമറി തലംമുതൽ വിദ്യാർത്ഥികൾക്ക് ഭാഷ സ്വായത്തമാക്കാൻ സാധിക്കുന്ന പദ്ധതികൾ ഇതിനകത്തുണ്ടോ; അതുപോലെ അക്കാദമിക് മാസ്റ്റർ പ്ലാൻ ഉൾപ്പെടെ നടപ്പിലാക്കുമ്പോൾ ഇത് മോണിറ്റർ

ചെയ്യാനുള്ള ഫലപ്രദമായ സംവിധാനമുണ്ടോ; പ്രൈമറി ടീച്ചേഴ്സിന്റെ കമ്പ്യൂട്ടർ ലിറ്ററസി, ഇംഗ്ലീഷ് റിഫ്രെഷ്മെന്റ് കോഴ്സുകൾ തുടങ്ങിയവ സംബന്ധിച്ച് എന്തെങ്കിലും പദ്ധതികളുണ്ടോ; അതൊക്കെയുണ്ടെങ്കിൽ മാത്രമേ നമ്മുടെ അക്കാദമിക് മാസ്റ്റർ പ്ലാൻ നടപ്പിലാക്കുമ്പോൾ അതിന്റെ റിസൾട്ട് നമുക്ക് ലഭിക്കുകയുള്ളൂ.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും. ഓരോ കുട്ടിയും അക്കാദമിക് തലത്തിൽ ഇന്നത്തെ കരിക്കുലം അനുസരിച്ച് എവിടെവരെ എത്താമെന്നുള്ള ഒരു ദർശനത്തെ അടിസ്ഥാനപ്പെടുത്തിയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. അത് മനസ്സിലാക്കി ഓരോ സ്റ്റേജും കടക്കത്തക്കവിധത്തിലുള്ള പ്ലാനിംഗാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇപ്പോൾ സ്കൂളിന്റെ അക്കാദമിക് മാസ്റ്റർ പ്ലാൻ മാത്രമേ ആയിട്ടുള്ളൂ. ഇനി അതനുസരിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കണം. ആക്ഷൻ പ്ലാനിനെത്തുടർന്ന് ഓരോ കുട്ടിക്കും അക്കാദമിക് മാസ്റ്റർ പ്ലാൻ ഉണ്ടാക്കണം. ഇന്ത്യയിൽ ഒരിടത്തും വിദ്യാഭ്യാസ രംഗത്ത് ഇങ്ങനെയൊരു സമീപനം എടുത്തിട്ടില്ലെന്നുള്ളതാണ് വസ്തുത. അതുകൊണ്ടുതന്നെ മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ മൂന്ന് ഭാഷകൾ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ നിന്നും പഠിച്ചുവരുന്ന കുട്ടികൾക്ക് കൈകാര്യം ചെയ്യാൻ പറ്റുമെന്ന ഒരവസ്ഥ വരത്തക്ക രീതിയിൽ നിരവധി പുസ്തകങ്ങൾ ഇപ്പോൾത്തന്നെ എസ്.എസ്.എ.-യും എസ്.സി.ഇ.ആർ.റ്റി.-യും മറ്റും പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടുണ്ട്. 'മലയാള തിളക്കം' എന്ന ഒരു പദ്ധതി കേരളത്തിൽ എല്ലാ കുട്ടികളും ഹൃദയത്തിലേറ്റെടുത്തു കഴിഞ്ഞു. 'മലയാളത്തിളക്കം' എന്ന പദ്ധതി എസ്.എസ്.എ.-യുടെ കീഴിൽ വളരെ മനോഹരമായി നടന്നുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ ഗണിതം വിജയം, സാക്ഷരതാ മിഷന്റെ ഭാഗമായുള്ള അച്ഛീ ഹിന്ദി, ഗുഡ് ഇംഗ്ലീഷ്, പച്ചമലയാളം, ഇങ്ങനെ നിരവധി തലത്തിൽ ഭാഷാപ്രശ്നങ്ങൾ, ഗണിതപ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ പരിപാടി നടത്തിയിട്ടുണ്ട്. മോണിറ്ററിംഗ് പല തരത്തിലാണ് നടക്കുക. സോഷ്യൽ ആഡിറ്റ് അടക്കമുള്ള ജനകീയ മോണിറ്ററിംഗ് ഉണ്ടാകും. അതുപോലെതന്നെ സ്കൂളിൽ അദ്ധ്യാപകരുടെ നേരിട്ടുള്ള മോണിറ്ററിംഗും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മിഷന്റെ നേതൃത്വത്തിലുള്ള മോണിറ്ററിംഗും ഉണ്ടാകും.

ശ്രീ. ഐ. ബി. സതീഷ്: സർ, അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാകുന്നതോടുകൂടി കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ ഗുണപരവും ദൂരവ്യാപകവുമായ മാറ്റമാണുണ്ടാകാൻ പോകുന്നത്. ബുദ്ധിപരമായ നിലവാരം മെച്ചപ്പെടുത്തുന്നതോടൊപ്പം വൈകാരിക നിലവാരവും മെച്ചപ്പെടുത്തുന്നതിന് അദ്ധ്യാപകർക്കുള്ള പരിശീലനത്തിന് എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആലോചിക്കുന്നുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഈ വർഷം ഏപ്രിൽ മാസത്തിൽ 8 ദിവസത്തെ പരിശീലനം പുതിയതായി നൽകുകയുണ്ടായി. അതുകൂടാതെ നേരത്തെ നടത്താറുള്ള ക്ലസ്റ്റർ പരിശീലനത്തിന്റെ കണ്ടന്റ് മാറ്റി നടത്തുന്നുണ്ട്. ഈ വർഷം അതുപോലെ ഏപ്രിൽ മാസത്തിൽ വീണ്ടും 8 ദിവസത്തെ പരിശീലനം കൊടുക്കാനാണുദ്ദേശിക്കുന്നത്. മാസ്റ്റർ പ്ലാൻ എങ്ങനെ നടപ്പിലാക്കണമെന്നതടക്കം കമ്പ്യൂട്ടറിലും അവർക്ക് പുതിയതായി അറിവ് കിട്ടത്തക്ക രീതിയിലുള്ള മൊഡ്യൂളുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അദ്ധ്യാപകർക്ക് വിദഗ്ദ്ധ പരിശീലനം നൽകും.

ശ്രീ. കാരാട്ട് റസാഖ്: സർ, വിദ്യാർത്ഥികൾക്കും വിദ്യാലയങ്ങളിലും അക്കാദമിക് മികവിന്റെ മികച്ച പ്രയോജനം കാഴ്ചവയ്ക്കാനുള്ള ഒരു സാഹചര്യമാണ് ഈ ഗവൺമെന്റ് ഒരുക്കിയിട്ടുള്ളത്. വകുപ്പുമന്ത്രി ഇക്കാര്യത്തിൽ വളരെ ശ്രദ്ധാപൂർവ്വം കാര്യങ്ങൾ കൈകാര്യം ചെയ്തിട്ടുമുണ്ട്. അക്കാദമിക് മാസ്റ്റർ പ്ലാനിൽ ഓരോ വിദ്യാർത്ഥിയുടെയും കഴിവുകൾ പ്രത്യേകം കണ്ടെത്തി വികസിപ്പിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും പാഠ്യേതര കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേക പദ്ധതികളുണ്ടോ; അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും അതുതന്നെയാണ് പറഞ്ഞത്. ഒരു കുട്ടി ക്ലാസ്സിൽ teacher centred education സങ്കല്പത്തിൽ മൊത്തമായ ക്ലാസ്സിന്റെ ഒരു അക്കാദമിക് വളർച്ച മാത്രമാണ് ലക്ഷ്യമിടുന്നത്. അതുകൊണ്ടുതന്നെയാണ് കേരളത്തിന്റെ അക്കാദമിക് നിലവാരം അന്താരാഷ്ട്ര തലത്തിൽ പലപ്പോഴും എത്താതെ പോകുന്നത്. പൊതുവിദ്യാഭ്യാസ മേഖലയിലുള്ള ഖ്യാതിയിൽ നമുക്ക് ചില കുറവുകളുണ്ട്. ഇത് പരിഹരിക്കുന്നതിനുവേണ്ടി child centred education, ഒരു കുട്ടി എന്താണെന്ന് മനസ്സിലാക്കി, ആ കുട്ടിയുടെ വൈവിദ്ധ്യമാർന്ന കഴിവുകളെല്ലാം പരമാവധി വികസിപ്പിക്കത്തക്ക രീതിയിലുള്ള ആസൂത്രണമാണ് നടത്തുന്നത്. ഒരു കുട്ടിയുടെ കഴിവുകളെ എവിടെവരെ വികസിപ്പിക്കാമെന്ന് തിരിച്ചറിഞ്ഞുകൊണ്ട് ആ കുട്ടിയുടെയും അദ്ധ്യാപകന്റെയും മാതാപിതാക്കളുടെയും പങ്കാളിത്തത്തോടുകൂടി കൃത്യമായ ആസൂത്രണം നടക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടാണ് ഇത് വിദ്യാഭ്യാസ രംഗത്ത് ആദ്യമായി നടത്തുന്ന ഒരു കാര്യമാണെന്ന് പറഞ്ഞത്. നേരത്തെ പറഞ്ഞ ആസൂത്രണ പ്രക്രിയ പൂർണ്ണമായും നടപ്പിലാക്കും.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, knowledge is borrowed, that is the experience of others, knowing is our own experience എന്നു പറയാറുണ്ട്. ടീച്ചർ സെന്റേർഡ് ആയാലും കുട്ടികളെ കേന്ദ്രീകരിച്ചുള്ളതായാലും എല്ലാ

പരിഷ്കാരങ്ങളും അവസാനം വരുന്നത് പുസ്തകാധിഷ്ഠിതമായിട്ടാണ്. ജീവിതാധിഷ്ഠിതമാക്കാനുള്ള എന്തെങ്കിലും പദ്ധതികൾ വേണമെങ്കിൽ വിപുലമായിട്ടുള്ളൊരു കൂടിയാലോചനയ്ക്കുശേഷം ഇത് നടത്തണം. ഫെബ്രുവരി മാസം ഒന്നാം തീയതി അക്കാദമിക് മാസ്റ്റർ പ്ലാൻ ചർച്ച ചെയ്യാൻ അതാത് മണ്ഡലങ്ങളിൽ യോഗം വിളിച്ചപ്പോൾ അത് മാറ്റണമെന്നുപറഞ്ഞ് ഞാൻതന്നെ ബഹുമാനപ്പെട്ട സ്പീക്കർക്ക് കത്ത് കൊടുത്തിരുന്നു. ആ യോഗത്തെക്കുറിച്ച് ഞാൻ അന്വേഷിച്ചപ്പോൾ ക്ലാസ്സ് റൂമുകൾ വേണം, സ്റ്റേഡിയം വേണം തുടങ്ങിയ ആവശ്യങ്ങളാണവർ പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിച്ച ഉദ്ദേശ്യ ലക്ഷ്യങ്ങളെക്കാൾ ഇൻഫ്രാസ്ട്രക്ച്ചറിലേയ്ക്ക് മാറിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ നമ്മുടെ കുട്ടികളെയും അദ്ധ്യാപകരെയും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേയ്ക്ക് കൊണ്ടുപോയി രണ്ടാഴ്ചയെങ്കിലും മറ്റ് സ്കൂളുകളിൽ പഠിപ്പിക്കുകയും അവിടത്തെ കുട്ടികളെ ഇങ്ങോട്ട് എക്സ്ചേഞ്ച് ചെയ്യുകയും ചെയ്താൽ ഹിന്ദി ഭാഷയ്ക്കും ഇംഗ്ലീഷ് ഭാഷയ്ക്കും രാഷ്ട്രബോധത്തിനുമെല്ലാം സഹായകരമാകുന്ന തരത്തിലൊരു exposure കുട്ടികൾക്കുണ്ടാകും. അങ്ങനെ ജീവിതാനുഭവങ്ങൾ കൂടി ചേർത്ത് ഈ പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശ്യമുണ്ടോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, വിപുലീകരിക്കുകയല്ല, ഏറ്റവും വിപുലീകൃതമായ ലക്ഷ്യമാണത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പരീക്ഷയിൽ എ പ്ലസ് നേടുക എന്നതുമാത്രമല്ല നമ്മുടെ ലക്ഷ്യം. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെതന്നെ നമ്മളെല്ലാം ചർച്ച ചെയ്യാറുള്ളതുപോലെ എല്ലാ മേഖലയിലും ജീവിതത്തിൽ വരാവുന്ന പരീക്ഷകളെ നേരിടുകയും അങ്ങനെ ജീവിതത്തിൽത്തന്നെ എ പ്ലസ് നേടുകയും ചെയ്യുന്ന തരത്തിലുള്ള കുട്ടികളാക്കി മാറ്റിയെടുക്കുക എന്നുള്ളതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യം. അതുകൊണ്ടുതന്നെ വിവിധ മേഖലകളിൽ ചർച്ചകൾ നടക്കും. അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപീകരിക്കുമെന്ന് ആറ് മാസംമുമ്പ് എല്ലാ ജില്ലയിലെയും എല്ലാ ഹെഡ്മാസ്റ്റർമാരെയും പ്രിൻസിപ്പൽമാരെയും ഞാൻ തന്നെ നേരിട്ടുവിളിച്ച് സംസാരിച്ചിട്ടുള്ളതാണ്. ആദ്യമായാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ രാജ്യത്തുണ്ടാക്കുന്നത്. മാസ്റ്റർ പ്ലാൻ എന്നുപറയുമ്പോൾ ഇൻഫ്രാസ്ട്രക്ച്ചർ മാസ്റ്റർ പ്ലാൻ എന്നാണ് ഓർമ്മ വരിക. ഇൻഫ്രാസ്ട്രക്ച്ചർ മാസ്റ്റർ പ്ലാനുണ്ട്. രണ്ട് മാസ്റ്റർ പ്ലാനാണ് ഇപ്പോൾ കേരളത്തിലെ വിദ്യാലയങ്ങളിലുള്ളത്. ഒന്ന്, ഇൻഫ്രാസ്ട്രക്ച്ചർ മാസ്റ്റർ പ്ലാനും മറ്റൊന്ന്, അക്കാദമിക് തലത്തിൽ എവിടംവരെ ഉയരാം എന്നുള്ള അക്കാദമിക് മാസ്റ്റർ പ്ലാനും. ഇൻഫ്രാസ്ട്രക്ച്ചർ മാസ്റ്റർ പ്ലാനിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ സ്വാഭാവികമായും അതിന്റെ ചില പ്രതിഫലനങ്ങളുണ്ടാകും. അവിടെ ഇടപെടുന്നതാണ് നമ്മുടെ ചുമതല. അങ്ങനെയല്ല, ഇൻഫ്രാസ്ട്രക്ച്ചർ മാസ്റ്റർ

പ്ലാനിനെക്കുറിച്ചല്ല നമ്മൾ ചർച്ച ചെയ്യുന്നത്. അതിന് വേറെ ചർച്ചാ വേദികളുണ്ട്. അതിന് പ്ലാൻ ഉണ്ടാക്കുന്നുണ്ട്. ഓരോ കുട്ടിയേയും മനസ്സിലാക്കൂ, ഓരോ കുട്ടിയുടെയും അക്കാദമിക് സാധ്യത മനസ്സിലാക്കൂ, ആ സാധ്യത വളർത്താനുള്ള വഴികൾ ചർച്ച ചെയ്യൂ, അത് രേഖപ്പെടുത്തൂ, ഇതാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. ബഹുമാനപ്പെട്ട എല്ലാ എം.എൽ.എ.-മാരും പങ്കെടുത്തുകൊണ്ട് പതിനാലായിരം സ്കൂളുകളിലും അക്കാദമിക് മാസ്റ്റർ പ്ലാൻ ഫെബ്രുവരി മാസം 12-ാം തീയതി പ്രകാശനം ചെയ്യാനുള്ള സാഹചര്യമുണ്ടാക്കണം എന്നൊരു അഭ്യർത്ഥനകൂടിയുണ്ട്.

ശ്രീ. കെ. രാജൻ: സർ, കേരളത്തിൽ അറുപത് വർഷം പിന്നിടുമ്പോൾ പ്രധാനമായും ഈ ഗവൺമെന്റ് പ്രഖ്യാപിച്ച നാല് മിഷനുകളിൽ എം.എൽ.എ.-മാർക്ക് ഇടപെടാൻ അവസരം കിട്ടിയിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട മിഷനാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിന്റെയൊരു ഗുണം ഈ യജ്ഞത്തിന് പൊതുവായിട്ടുണ്ട്. നമ്മുടെ സമ്പൂർണ്ണ വൈദ്യുതീകരണവും സമ്പൂർണ്ണ ശുചിത്വവുംപോലെ പൊതുവായൊരു ഇടപെടൽ ഈ കാര്യത്തിലുണ്ട്. ഇൻഫ്രാസ്ട്രക്ച്ചർ മാസ്റ്റർ പ്ലാനും എല്ലാ മണ്ഡലത്തിലും അക്കാദമിക് മാസ്റ്റർ പ്ലാനും ജൈവവൈവിദ്ധ്യ പാർക്കുകളും സ്മാർട്ട് ക്ലാസ് റൂമുകളും തയ്യാറാക്കി. എന്റെ ചോദ്യം, ഇതിനെയെല്ലാം കൂട്ടിയോജിപ്പിച്ച് സെന്റർ ഓഫ് എക്സലൻസ് അഥവാ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ മാറ്റും എന്നുപറയുന്നതിനെ സംബന്ധിച്ചുള്ളൊരു ധാരണയെന്താണ്; അതിന് എത്ര സമയമെടുക്കും? ഇപ്പോൾ ലോക കേരള സഭയിൽ നമ്മൾ ഒരുമിച്ചാണ് പങ്കെടുത്തത്. ആ സഭയിൽ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് കേരളത്തിന്റെ വിദ്യാഭ്യാസത്തെ കൊണ്ടുപോകുമ്പോൾ പുറം രാജ്യങ്ങളിൽനിന്ന് തിരിച്ച് വരുന്നവർക്കുൾപ്പെടെ പങ്കെടുക്കാൻ കഴിയുന്ന തരത്തിലുള്ളൊരു വിദ്യാഭ്യാസ സാധ്യത കേരളത്തിലുണ്ടാകണമെന്നൊരു അഭിപ്രായമുണ്ടായി. അപ്പോൾ അന്താരാഷ്ട്ര തലത്തിലേയ്ക്ക് വിദ്യാഭ്യാസം എത്തിച്ചേരുന്നതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ കാഴ്ചപ്പാട് വിശദീകരിക്കാമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, വളരെ പ്രധാനപ്പെട്ടൊരു ചോദ്യമാണിത്. അക്കാദമിക് മാസ്റ്റർ പ്ലാൻ ഉണ്ടാക്കുന്നതുതന്നെ അതിനുവേണ്ടിയാണ്. കേരളത്തിലെ ഓരോ വിദ്യാർത്ഥിയുടെയും അക്കാദമിക് തലം അന്താരാഷ്ട്ര തലത്തിലേയ്ക്ക് ഉയരണമെന്നാണ് നമ്മൾ പ്രതീക്ഷിക്കുന്നത്. അതിന്റെ തുടക്കമാണ് അന്താരാഷ്ട്ര തലത്തിലുള്ള ഇൻഫ്രാസ്ട്രക്ച്ചർ മാസ്റ്റർ പ്ലാൻ. അതിനെത്തുടർന്ന് അക്കാദമിക് മാസ്റ്റർ പ്ലാനിലൂടെ ഓരോ കുട്ടിയുടെയും അക്കാദമിക് തലം അന്താരാഷ്ട്ര തലത്തിലേയ്ക്ക് എത്തിക്കണം. ഓരോ കുട്ടിയുടെയും അക്കാദമിക് തലം അന്താരാഷ്ട്ര തലത്തിൽ എത്തിക്കണമെങ്കിൽ നിലവിലുള്ള കരിക്കുലമനുസരിച്ച്

ഓരോ കുട്ടിയുടെയും ധാരണ എന്താണ്, കരിക്കുലം ഉദ്ദേശിച്ചതിന്റെ ഏറ്റവും ഉയരത്തിലേയ്ക്ക് ആ കുട്ടിയുടെ ധാരണ എങ്ങനെ എത്തിക്കാം, അവിടെനിന്ന് അതിനെ അന്താരാഷ്ട്ര തലത്തിലേയ്ക്ക് എങ്ങനെ എത്തിക്കാം എന്നുള്ള വളരെ വിശാലമായിട്ടുള്ളൊരു ചിന്തയാണ് അക്കാദമിക് മാസ്റ്റർ പ്ലാനിൽ ഉണ്ടാകേണ്ടത്. ആ മാസ്റ്റർ പ്ലാനിനുശേഷം ആക്ഷൻ പ്ലാൻ ഉണ്ടാകും. ആക്ഷൻ പ്ലാനിനുശേഷം ഓരോ കുട്ടിയുടെയും അക്കാദമിക് മാസ്റ്റർ പ്ലാൻ ഉണ്ടാകും. കേരളത്തിലെ എല്ലാ കുട്ടികൾക്കും ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ ഉണ്ടാകണമെന്ന ലക്ഷ്യം നമുക്കുണ്ട്. അതിലൂടെ ഓരോ കുട്ടിക്കും അനന്തമായ സാധ്യതയുണ്ട്. ആ സാധ്യത ഉപയോഗിക്കാനാണ് ശ്രമിക്കുന്നത്.

<u>മി. സ്പീക്കർ :</u> അപ്പോൾ നിലവിലുള്ള ഈ മെത്തഡോളജിയൊക്കെ മാറണ്ടേ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, തീർച്ചയായും മാറും. അതാണ് ഞാൻ പറഞ്ഞത്, child centered education എന്നത് മെത്തഡോളജിയുടെ മാറ്റത്തിന്റെ തുടക്കമാണ്. ജൈവവൈവിദ്ധ്യ പാർക്ക് എന്നത് ഒരു പഠന പരിപാടിയാണ്. അത് കേവലമായൊരു പ്രദർശനമല്ല. പാഠത്തിൽ പഠിച്ചത് പ്രകൃതിയിൽ കണ്ട് ആ കുട്ടിയുടെ അക്കാദമിക് തലം കൂടുതൽ ഉയരും. അക്കാദമിക് ബ്രില്ല്യൺസ് എത്രയുണ്ടോ അതനുസരിച്ച് അവനെ പരമാവധി വളർത്താനുള്ള ശ്രമം നടത്തുമ്പോൾ കേരളത്തിന്റെ അക്കാദമിക് മേഖല അന്താരാഷ്ട്ര തലത്തിലെത്തും. അതാണ് അന്താരാഷ്ട്രതലത്തിലുള്ള അക്കാദമിക് എക്സലൻസെന്ന് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഗുണനിലവാരം ഉയർത്തുന്നതിന് വേണ്ടിയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. അക്കാദമിക് മാസ്റ്റർ പ്ലാൻ നടപ്പിലാക്കണമെങ്കിൽ നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ഇൻഫ്രാസ്ട്രക്ച്ചർ മാസ്റ്റർ പ്ലാൻ കൃത്യമായി നടപ്പിലാക്കണം. ഇപ്പോൾ ഒരു ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ആ ഏജൻസിയുടെ മാസ്റ്റർ പ്ലാൻ റിപ്പോർട്ട് മുഴുവനും അബദ്ധങ്ങളാണ്. സാധാരണ പൊതുമരാമത്ത് വകുപ്പ് 1000 sq.ft. ഉള്ള ഒരു കെട്ടിടം പണിയുന്നതിന്റെ ഇരട്ടി തുകയാണ് ഇവർ എഴുതിവച്ചിരിക്കുന്നത്. അവർ വളരെ ഷാബിയായി തയ്യാറാക്കിയിരിക്കുന്നതാണ് ഇൻഫ്രാസ്ട്രക്ച്ചർ മാസ്റ്റർ പ്ലാൻ റിപ്പോർട്ട്. ഞാൻ പല നിയോജക മണ്ഡലങ്ങളിലെയും സഹപ്രവർത്തകരുടെ റിപ്പോർട്ട് പരിശോധിച്ചുനോക്കി. അവർ തന്നിരിക്കുന്നത് അതുപോലെ നടപ്പിലാക്കിയാൽ സർക്കാർ ഉദ്ദേശിക്കുന്നത് നടപ്പാകാൻ പോകുന്നില്ല. അത്ര അബദ്ധങ്ങളാണ് ഇതിനകത്തുള്ളത്. പൊതുമരാമത്തുപോലുള്ള ഇത്രയും പ്രബലമായൊരു ഏജൻസി സംസ്ഥാനത്തുള്ളപ്പോൾ അതിന്റെ പത്തിലൊന്ന് കപ്പാസിറ്റിയില്ലാത്ത ഏജൻസിയെ ഏൽപ്പിച്ചുതന്നെ

അബദ്ധമാണ്. അതുകൊണ്ട് പൊതുമരാമത്ത് വകുപ്പിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിലുള്ളൊരു ആളെക്കൊണ്ട് അത് സൂപ്പർവൈസ് ചെയ്ത്, സ്ക്രൂട്ടണി ചെയ്ത് ഫൈനൽ അപ്രൂവൽ കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, പൊതുമരാമത്ത് വകുപ്പ് പലപ്പോഴും അത് വളരെ ഭംഗിയായി നടപ്പിലാക്കാറുണ്ടെന്ന് നമുക്കറിയാം. കിഫ്ബിയിലൂടെ ഇപ്പോൾ 141 മുതൽ 229 സ്കൂളുകളിൽ നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ എല്ലാം ഒരേ ഏജൻസിയിലൂടെ നടപ്പിലാക്കുമ്പോഴുണ്ടാകുന്ന ബൾക്ക് വോള്യം മനസ്സിലാക്കിക്കൊണ്ടാണ് മറ്റൊരു ഏജൻസിയിലേയ്ക്ക് നീങ്ങാമെന്നുദ്ദേശിച്ചത്. ഓരോ മാസ്റ്റർ പ്ലാനും അതത് എം.എൽ.എ. തെരഞ്ഞെടുത്ത സ്കൂളിൽ അതാത് എം.എൽ.എ.-യുടെ സാന്നിധ്യത്തിലാണ് ഉണ്ടാക്കിയിട്ടുള്ളത്. എന്റെ മണ്ഡലത്തിൽ ഞാൻ അങ്ങനെയാണ് ചെയ്തിട്ടുള്ളത്. അതിനെ എങ്ങനെയാണ് അബദ്ധജഡിലമെന്ന് പറയുന്നത്. തെരഞ്ഞെടുക്കാനുള്ള അവകാശം എം.എൽ.എ.-യ്ക്കാണ്. ആ മാസ്റ്റർ പ്ലാൻ ഉണ്ടാക്കുമ്പോൾ അത് ഏത് തലത്തിൽ വേണമെന്ന് ചർച്ച ചെയ്യാനുള്ള അവകാശവും എം.എൽ.എ.-യ്ക്കാണ്. ആ രീതിയിൽ ചർച്ച ചെയ്തുണ്ടാക്കിയ മാസ്റ്റർ പ്ലാനാണ്. ആ മാസ്റ്റർ പ്ലാനിൽ എന്ത് കുറവുണ്ടെങ്കിലും എപ്പോൾ വേണമെങ്കിലും തിരുത്താം. അതിന് ഒരു സംശയവുമില്ല. പക്ഷെ വന്ന പ്രോസസ്സ് വളരെ ജനകീയമായിട്ടുള്ളതാണ്. അതിൽ പൊതുവിൽ തെറ്റുകളുണ്ടാകാൻ സാധ്യതയില്ല. അഥവാ തെറ്റുകളുണ്ടെങ്കിൽ അത് പരിശോധിക്കാം.

<u>മി. സ്പീക്കർ</u>: അക്കാദമിക് മാസ്റ്റർ പ്ലാൻ വേണമെന്ന് മന്ത്രി തീരുമാനിച്ചു. അത് നമുക്ക് അംഗീകരിക്കാം. അതിന്റെ ഡീറ്റെയിൽസ് സഭയിൽ ചർച്ച ചെയ്യാൻ നിർവ്വാഹമില്ല.

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം

3(*92) <u>ശ്രീ. കെ. ആൻസലൻ:</u>
<u>ശ്രീ. എ. എം. ആരിഫ്:</u>
<u>ശ്രീ. കാരാട്ട് റസാഖ്:</u>
<u>ശ്രീ. എം. രാജഗോപാലൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനിയന്ത്രിതമായി സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിച്ച യു.ഡി.എഫ്. നയത്തിന്റെ ഫലമായി, ഈ രംഗത്ത് നിലവാരത്തകർച്ചയുണ്ടായതായും തത്ഫലമായി പതിനായിരക്കണക്കിന് വിദ്യാർത്ഥികളുടെ വൈദഗ്ദ്ധ്യ വികസനത്തെ ദോഷകരമായി ബാധിച്ചതായുമുള്ള ആക്ഷേപങ്ങൾ ആവർത്തിക്കാതിരിക്കാൻ ഈ മേഖലയിൽ ഏത് തരത്തിലുള്ള ഇടപെടലുകൾ നടത്താനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ;

(ബി) അനുവദിച്ച സീറ്റുകളിൽ നാലിലൊന്നിൽപ്പോലും വിദ്യാർത്ഥികൾ പ്രവേശനം നേടാത്ത മുപ്പതോളം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ സംസ്ഥാനത്തുണ്ടെന്ന വാർത്തയുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; വിദ്യാർത്ഥി താല്പര്യം മുൻനിർത്തി നിലവാരമില്ലാത്ത ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തലാക്കാൻ സാധ്യമാണോ;

(സി) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിയന്ത്രണ അതോറിറ്റിയായ എ.ഐ.സി.റ്റി.ഇ. എഞ്ചിനീയറിംഗ് പഠനത്തിന് മിനിമം ഫീസ് നിശ്ചയിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ ഫീസ് നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഇടപെടലിനെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോയെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ മികവും, സാമൂഹ്യനീതിയും തുല്യതയും ഉറപ്പുവരുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കുറഞ്ഞ ഫീസിൽ കുട്ടികൾക്ക് പഠിക്കാനുള്ള അവസരമൊരുക്കുക, അക്കാദമിക അടിസ്ഥാന സൗകര്യം ഉറപ്പാക്കുക, യോഗ്യതയുള്ള അദ്ധ്യാപകരുടെ സേവനം ഉറപ്പാക്കുക തുടങ്ങിയവയ്ക്കും ഊന്നൽ നൽകിയിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജസ്റ്റിസ് ദിനേശൻ കമ്മിറ്റി റിപ്പോർട്ടുകൂടി പരിഗണിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി) എ.ഐ.സി.റ്റി.-യിൽനിന്നും ഇതുസംബന്ധിച്ച അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. എഞ്ചിനീയറിംഗ് പഠനത്തിന് ഫീസ് നിശ്ചയിക്കുന്നത് സർക്കാരാണ്. ഓരോ വർഷവും, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജുമെന്റുകളുമായി ഫീസ് നിർണ്ണയിക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തി കരാറിൽ ഏർപ്പെടുകയാണ് പതിവ്.

ശ്രീ. കെ. ആൻസലൻ: സർ, പൊതു വിദ്യാഭ്യാസ രംഗത്ത് വളരെ മെച്ചപ്പെട്ട മുന്നേറ്റമാണ് കേരള സംസ്ഥാനം നേടിക്കൊണ്ടിരിക്കുന്നത്. പ്രത്യേകിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ അതിന് വലിയ ഊന്നൽ നൽകാറുണ്ട്. ഇപ്പോൾ ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസ രംഗത്ത് ഫലപ്രദമായ ഇടപെടൽ നടത്തുന്നുണ്ട്. അതുപോലതന്നെ ഏറ്റവും ഉത്തരവാദത്വമുള്ളതാണ് പ്രൊഫഷണൽ രംഗത്തെ എഞ്ചിനീയറിംഗ് കോളേജുകൾ. കേരളത്തിൽ സ്വകാര്യ മേഖലയിൽ ഒട്ടനവധി എഞ്ചിനീയറിംഗ് കോളേജുകൾ പ്രവൃത്തിക്കുന്നുണ്ട്. പലതിന്റെയും പ്രവർത്തനങ്ങൾ

നിലവാരമില്ലാത്തതാണ്. ആ പ്രവർത്തനങ്ങൾക്ക് ഗവൺമെന്റിൽ എന്തെങ്കിലും മാസ്റ്റർ പ്ലാനുണ്ടോ; എഞ്ചിനീയറിംഗ് വിദ്യാഭ്യാസം സംരക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റിന് എന്തെങ്കിലും ഇടപെടൽ നടത്താൻ കഴിയുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, എഞ്ചിനീയറിംഗ് കോളേജുകളും മറ്റ് ആർട്സ് ആന്റ് സയൻസ് കോളേജുകളും സർവ്വകലാശാലകളുമടക്കം അക്കാദമിക് മികവ് കൈവരുത്തുന്നതിനുവേണ്ടി അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇന്നത്തെ സാധ്യത പൂർണ്ണമായും ഉപയോഗിച്ചുകൊണ്ട് പുതിയ ലബോറട്ടറികളും ലൈബ്രറികളും എഞ്ചിനീയറിംഗ് കോളേജുകളിൽ സ്ഥാപിച്ചുകൊണ്ട് എഞ്ചിനീയറിംഗ് രംഗത്തെ അക്കാദമിക് മികവ് അന്താരാഷ്ട്രതലത്തിൽ എത്തിക്കുക എന്നതുതന്നെയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അതിന് അതത് കോളേജുകളിൽ മാസ്റ്റർ പ്ലാൻ കൂടി ഉണ്ടാക്കാൻ പറഞ്ഞിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളിലും ഇൻഫ്രാസ്ട്രക്ച്ചർ മാസ്റ്റർ പ്ലാനും അക്കാദമിക് മാസ്റ്റർ പ്ലാനുമുണ്ട്. ഇത് രണ്ടുംകൂടി സമന്വയിപ്പിച്ച് ഇന്നത്തെ പരിമിതികളെല്ലാം മനസ്സിലാക്കിക്കൊണ്ട് എഞ്ചിനീയറിംഗ് രംഗത്തെ അക്കാദമിക് മികവ് മെച്ചപ്പെടുത്താനുള്ള ശ്രമമാണ് നടത്തുന്നത്.

ശ്രീ. കെ. ആൻസലൻ: സർ, ഇവിടെ എഞ്ചിനീയറിംഗ് കോളേജുകളിൽ പതിനായിരക്കണക്കിന് സീറ്റുകൾ ഒഴിഞ്ഞുകിടക്കുമ്പോൾ അന്യസംസ്ഥാനങ്ങളിൽ പോയി കുട്ടികൾ പഠിക്കുന്ന ഒരവസ്ഥയുണ്ട്. അത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളുടെ അക്കാദമിക് നിലവാരം വർദ്ധിപ്പിക്കുക എന്നതാണ് അതിനുള്ള വഴി. കുട്ടികൾ എവിടെ പഠിക്കണം എന്ന് ചോദിക്കുമ്പോൾ ഏറ്റവും നല്ല അക്കാദമിക് നിലവാരമുള്ള കോളേജിൽ എന്നാണ് അവർക്ക് ഉത്തരം ലഭിക്കുന്നത്. അതുകൊണ്ട് ഏറ്റവും നല്ല അക്കാദമിക് നിലവാരമുള്ള കോളേജുകളാണ് കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകൾ എന്ന് വരണം. അതിനുള്ള നടപടികളാണ് ഇൻഫ്രാസ്ട്രക്ച്ചർ, അക്കാദമിക് മാസ്റ്റർ പ്ലാനിംഗ് തുടങ്ങിയവ. ഇവയിലൂടെയാണ് അക്കാദമിക് നിലവാരം വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നത്.

ശ്രീ. എ. എം. ആരിഫ്: സർ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം പരിശോധിക്കുന്നതിന് കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ ഉത്തരവാദപ്പെട്ടവർ സമയാസമയങ്ങളിൽ കോളേജുകളിൽ ഇൻസ്പെക്ഷൻ നടത്താറുണ്ടോ; അതിൻമേൽ റിപ്പോർട്ട് സമർപ്പിക്കാറുണ്ടോ; അതിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ തയ്യാറാക്കാറുണ്ടോ ഇത്തരം കാര്യങ്ങളൊക്കെ

സർക്കാർ പരിശോധിക്കാറുണ്ടോ? 4-2-2017-ലാണ് ജസ്റ്റിസ് കെ. കെ. ദിനേശൻ ചെയർമാനായും ഡോ. കെ. കെ. എൻ. കുറുപ്പ്, ഡോ. ആർ. വി. ജി. മേനോൻ എന്നിവർ അംഗങ്ങളായുമുള്ള ഒരു കമ്മീഷനെ ഇതുസംബന്ധിച്ച് പരിശോധിക്കാൻ വേണ്ടി സർക്കാർ നിയോഗിച്ചിരുന്നത്. അതിന്റെ പ്രവർത്തനമാരംഭിച്ചിച്ച് ഏതാണ്ട് ഒരു വർഷത്തോളമായി. ആ കമ്മീഷൻ റിപ്പോർട്ട് വന്നിട്ടുണ്ടോ; വന്നിട്ടില്ലെങ്കിൽ എത്രയുംവേഗം റിപ്പോർട്ട് വരുത്തി അതിന്റെ അടിസ്ഥാനത്തിൽ സ്വാശ്രയ മാനേജ്മെന്റുകളുമായി ചർച്ച നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ? നമ്മൾ കൺവെൻഷണൽ കോഴ്സുകൾ മാത്രമാണ് നടത്തുന്നത്. ലോകതൊഴിൽ കമ്പോളത്തിലേയ്ക്കുള്ള സാധ്യതകളെ പ്രയോജനപ്പെടുത്തണം. ഇപ്പോൾ തയ്യാറാക്കിയിരിക്കുന്നതെല്ലാം നാഷണൽ വേസ്റ്റായി കിടക്കുകയാണ്. ആ ഇൻഫ്രാസ്ട്രക്ചർ പ്രയോജനപ്പെടുത്തി ലോകതൊഴിൽ കമ്പോളത്തിന് ഉപയുക്തമായ കോഴ്സുകളാക്കി മാറ്റാൻ ആവശ്യമായ ചർച്ചകൾ നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ജസ്റ്റിസ് ദിനേശൻ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അത് സർക്കാർ പരിശോധിച്ചുവരികയാണ്. ഹയർ എഡ്യൂക്കേഷൻ കൗൺസിൽ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. അക്കാര്യത്തിൽ ചില പഠനങ്ങൾ നടത്തിവരികയാണ്. ജസ്റ്റിസ് ദിനേശൻ കമ്മീഷൻ റിപ്പോർട്ടിന്റെയും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പഠനങ്ങളുടെയും വെളിച്ചത്തിൽ കേരളത്തിലെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെയും മറ്റ് എഞ്ചിനീയറിംഗ് കോളേജുകളിലെയും പഠന നിലവാരം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ക്രിയാത്മകമായി സർക്കാർ ഇടപെടും. അങ്ങനെ കേരളത്തിന്റെ എഞ്ചിനീയറിംഗ് രംഗത്തെ അക്കാദമിക് നിലവാരം ഏറ്റവും നല്ല രീതിയിൽ വളർത്തിയെടുക്കും.

ശ്രീ. കാരാട്ട് റസാഖ്: സർ, മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ഭൗതിക സാഹചര്യങ്ങളുണ്ടെങ്കിലും പ്രവേശനത്തിന് കുട്ടികൾ ഇല്ലാത്ത അവസ്ഥയാണ്. ഈ സാഹചര്യത്തിൽ ഉപരിപഠനം, കാമ്പസ് റിക്രൂട്ട്മെന്റ്, സംരംഭകത്വം എന്നിവ പ്രോത്സാഹിപ്പിച്ച് എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം മെച്ചപ്പെടുത്താൻ ഏത് തരത്തിലുള്ള ഇടപെടലുകളാണ് ഉദ്ദേശിക്കുന്നത്?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കേരളത്തിൽ പ്രത്യേകിച്ച് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇരുപതിനായിരത്തോളം സീറ്റുകൾ ഒഴിഞ്ഞു കിടക്കുകയാണ്. എഞ്ചിനീയറിംഗ് രംഗത്ത് അക്കാദമിക് നിലവാരം താഴ്ന്നുപോകുന്നുവെന്നുള്ളതാണ് അതിന്റെ കാരണം. അത് മനസ്സിലാക്കിക്കൊണ്ട്

തന്നെ കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളുടെ അക്കാദമിക് നിലവാരം വർദ്ധിപ്പിക്കാനുള്ള വലിയ ശ്രമമാണ് ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നും ജസ്റ്റിസ് ദിനേശൻ കമ്മീഷൻ റിപ്പോർട്ടിനെത്തുടർന്നുള്ള ആക്ഷനിലൂടെയും നടത്താൻ ഉദ്ദേശിക്കുന്നത്. അങ്ങനെതന്നെ പ്രശ്നം പരിഹരിക്കാൻ കഴിയും. അക്കാദമിക് നിലവാരം വർദ്ധിപ്പിച്ചുകൊണ്ടും ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളിൽ കുട്ടികളെ ആകർഷിപ്പിച്ചുകൊണ്ടും പ്രൈമറി വിദ്യാഭ്യാസത്തിൽ ചെയ്തതുപോലെ ഉന്നതവിദ്യാഭ്യാസ മേഖലയിലും അക്കാദമിക് എക്സലൻസ് നടപ്പിലാക്കാൻ ശ്രമിക്കും.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, രണ്ടായിരാമാണ്ടിൽ കേരളത്തിൽ ഇരുപതിൽത്താഴെ എഞ്ചിനീയറിംഗ് കോളേജുകൾ മാത്രമുണ്ടായിരുന്നത് ഇപ്പോൾ 152 ആയി വർദ്ധിച്ചിരിക്കുകയാണ്. ഇതിൽ 110 എണ്ണം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളാണ്. ഇത്രയും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളാവശ്യമുണ്ടോ എന്ന ചോദ്യം പ്രസക്തമായിക്കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിലും കച്ചവടം ലക്ഷ്യമാക്കുമ്പോഴുണ്ടാകുന്ന എല്ലാ ദുഷ്പ്രവണതകളും അരങ്ങേറുകയാണ്. മാനേജ്മെന്റുകളുടെ മാഫിയാ പിരിവ് മുതൽ നാലാംകിട ഗുണ്ടായിസംവരെ ഇവിടെ അരങ്ങേറുകയാണ്. അതിനാൽ ഇത്തരം കോളേജുകളുടെ എണ്ണം പരിമിതപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കർശനമായ നിയന്ത്രണത്തിന് പദ്ധതികൾ അടിയന്തരമായി നടപ്പിലാക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഇക്കാര്യങ്ങളാണ് ജസ്റ്റിസ് ദിനേശൻ കമ്മീഷൻ വളരെ വിശദമായി പഠിച്ചത്. കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റുകളെയും അവിടത്തെ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും വിളിച്ച് വളരെ വിശദമായി ഇക്കാര്യം ചർച്ച ചെയ്തു. അതിനുള്ള പരിഹാര നിർദ്ദേശങ്ങൾ ജസ്റ്റിസ് ദിനേശൻ കമ്മീഷൻ റിപ്പോർട്ടിലുണ്ട്. ആ റിപ്പോർട്ട് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, കേരളത്തിലെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുകളിൽ പഠിപ്പിക്കുന്ന ഗസ്റ്റ് ലക്ചറർമാരുടെ ക്വാളിറ്റി മോശമായതാണ് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ നിലവാരത്തകർച്ചയ്ക്ക് പ്രധാന കാരണം. ഇപ്പോൾ എന്റെ നിയോജക മണ്ഡലത്തിലടക്കമുള്ള എഞ്ചിനീയറിംഗിന് കോളേജുകളിൽ ചേർന്ന വിദ്യാർത്ഥികൾ രണ്ടാം വർഷം കഴിയുമ്പോൾതന്നെ എൽ.ഡി.സി. അടക്കമുള്ള പി.എസ്.സി. കോച്ചിംഗ് ക്ലാസ്സിന് പോകുന്ന അവസ്ഥയിലേക്ക് എത്തിയിരിക്കുകയാണ്.

അതേസമയം തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് പോലുള്ള പ്രധാനപ്പെട്ട കോളേജുകളിലെ വിദ്യാർത്ഥികൾ കാമ്പസ് സെലക്ഷൻ കിട്ടി പോകുന്നു. സർക്കാർ സർവ്വീസിൽ നല്ല എഞ്ചിനീയർമാരെ കിട്ടുന്നില്ലെന്നാണ് എപ്പോഴും ബഹുമാനപ്പെട്ട മന്ത്രിമാരൊക്കെ പറയുന്നത്. ഇത്രയധികം എഞ്ചിനീയർമാരുള്ള ഒരു പൂളിൽനിന്ന് ഗവൺമെന്റ് സർവ്വീസിലെ എഞ്ചിനീയറിംഗ് രംഗത്തേയ്ക്ക് ആളുകളെ കൊണ്ടുവരാൻ പ്രത്യേക പദ്ധതികളും സ്കീമുകളും സർക്കാർ തയ്യാറാക്കുന്നുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, തീർച്ചയായും, നിലവിൽ ധാരാളം സാധ്യതകൾ വിവിധ ഡിപ്പാർട്ടുമെന്റുകളിലുണ്ട്. അത് ഉപയോഗിക്കാവുന്നതാണ്. അക്കാദമിക് നിലവാരം കുറഞ്ഞുപോകുന്നുവെന്നുള്ളത് ഞങ്ങളുടെയെല്ലാം വേദനയാണ്. അതുകൊണ്ടാണ് പൊതുവിദ്യാഭ്യാസരംഗത്ത് പ്രശ്നങ്ങൾ വന്നിരുന്നതും. അതുകൊണ്ടാണ് ഫോക്കസ്ഡ് ആയിട്ട് അക്കാദമിക് നിലവാരം ഉയർത്താൻ ശ്രമിക്കുന്നത്. അതിന്റെ ഓരോ വശങ്ങളും ഞാൻ ഇവിടെ സൂചിപ്പിച്ചു. മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ടുതന്നെ എഞ്ചിനീയറിംഗ് കോളേജുകളിലെ എല്ലാ പ്രിൻസിപ്പൽമാരെയും വിളിച്ച് മണിക്കൂറുകളോളം ഞങ്ങൾ ചർച്ച ചെയ്തതാണ്. ഓരോ എഞ്ചിനീയറിംഗ് കോളേജിന്റെയും പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹരിച്ച് അക്കാദമിക് എക്സലൻസ് ഉണ്ടാക്കി കേരളത്തിൽനിന്ന് പുറത്തുവരുന്ന ഓരോ എഞ്ചിനീയറെയും സമൂഹം പ്രതീക്ഷിക്കുന്ന എക്സലൻസുള്ളവരാക്കി മാറ്റണമെന്നുള്ള താണ് നമ്മുടെ ലക്ഷ്യം. ആ രീതിയിൽ പ്രവൃത്തിക്കും. അതോടുകൂടി സർക്കാർ മേഖലയിലേയ്ക്കും കൂടുതൽ എക്സ്പെർട്ട് എഞ്ചിനീയർമാർ ആവശ്യമുള്ള മേഖലയിലേയ്ക്കും എഞ്ചിനീയർമാരെ അബ്സോർബ് ചെയ്യുകയും ചെയ്യും.

ശ്രീ. റ്റി. വി. രാജേഷ്: സർ, എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്താൻവേണ്ടി ആരംഭിച്ച പ്രത്യേക യൂണിവേഴ്സിറ്റിയായ കേരളാ ടെക്നിക്കൽ യുണിവേഴ്സിറ്റിയുടെ വി.സി.-യുടെ ഏകാധിപത്യപരമായ നിലപാടും ഭരണസമിതിയുടെ ജനാധിപത്യ സ്വഭാവമില്ലായ്മയും അദ്ധ്യാപകർ ക്കിടയിലും വിദ്യാർത്ഥികളിലും ശക്തമായ പ്രതിഷേധത്തിനിടയാക്കി. ഈ ടെക്നിക്കൽ യൂണിവേഴ്സിറ്റി ഉടച്ചുവാർത്തുകൊണ്ട് മാത്രമേ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്ത്, പ്രത്യേകിച്ച് സാങ്കേതിക വിദ്യാഭ്യാസ-എഞ്ചിനീയറിംഗ് രംഗത്ത്, വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തിയെടുക്കാൻ കഴിയുകയുള്ളൂ. ഈ കാര്യത്തിൽ സർക്കാർ എന്തൊക്കെയാണ് ചെയ്യാനുദ്ദേശിക്കുന്നത്?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കെ.റ്റി.യു.-വിനെ ജനാധിപത്യ വത്കരിക്കാനുള്ള ശ്രമം സർക്കാർ നടത്തിയിട്ടുണ്ട്. അവിടെ വിദ്യാർത്ഥികളുടെ പ്രാതിനിധ്യം കുറവായിരുന്നു. അത് വർദ്ധിപ്പിക്കുകയും ബോർഡ് ഓഫ്

ഗവർണ്ണേഴ്സും സെനറ്റും അക്കാദമിക് കമ്മിറ്റിയും പുനഃക്രമീകരിച്ച് ഓർഡിനൻസ് പുറപ്പെടുവിച്ചുകഴിഞ്ഞിട്ടുണ്ട്. കെ.റ്റി.യു.-വിനെ ഏറ്റവും ജനകീയമായ ഒരു സർവ്വകലാശാലയായി മാറ്റാനുള്ള സാധ്യത വന്നിട്ടുണ്ട്. അതിന് പൂർണ്ണമായും വിദ്യാർത്ഥികളുടെ പങ്കാളിത്തവുംകൂടി ഉണ്ടാകണം. അങ്ങനെ ഒരു ജനകീയ സർവ്വകലാശാലയായി കെ.ടി.യു.-വിനെ മാറ്റാനുള്ള ശ്രമം സർക്കാർ ആരംഭിച്ചു കഴിഞ്ഞു.

## സ്വാശ്രയ വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങൾ

4 (*93) ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. ഇ. പി. ജയരാജൻ:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. എം. സ്വരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാനും പരിഹാര നിർദ്ദേശത്തിനുമായി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത്, പ്രത്യേകിച്ച് എഞ്ചിനീയറിംഗ് മേഖലയിൽ വിദ്യാഭ്യാസം കച്ചവടത്തിനുള്ള ഒരു മാർഗ്ഗം മാത്രമായി തീർന്നിരിക്കുന്നത് പരിഹരിക്കാൻ ആവശ്യമെങ്കിൽ നിയമനിർമ്മാണംവഴി അടിയന്തര ഇടപെടൽ നടത്തുമോ;

(സി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ നിശ്ചിത അടിസ്ഥാന സൗകര്യങ്ങൾ ഉള്ളവയാണെന്നും അക്കാദമിക നിലവാരം പുലർത്തുന്നവ യാണെന്നും ഉറപ്പുവരുത്തേണ്ട കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ഇക്കാര്യത്തിൽ പരാജയപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ഉണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) സർക്കാരിന്റെ പരിഗണനയിലുള്ള ജസ്റ്റിസ് ദിനേശൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സ്വാശ്രയ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയ്ക്ക് വീഴ്ചകൾ ഉണ്ടായ സാഹചര്യത്തിൽ അവ പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി കൗൺസിൽ, അക്കാദമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ് മുതലായവ രൂപീകരിക്കാനും, അതോടൊപ്പം സർവ്വകലാശാലയിലെ നിലവിലെ ഭരണസമിതികൾ ജനാധിപത്യവത്കരിക്കാനും നിയമ ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

ശ്രീ. എൻ. വിജയൻ പിള്ള: സർ, പൊതുവിദ്യാഭ്യാസരംഗം കൂടുതൽ കാര്യക്ഷമമായി പ്രവൃത്തിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നിലവാരമില്ലാത്ത എഞ്ചിനീയറിംഗ് കോളേജുകളെ പോളിടെക്നിക്കുകളാക്കി തരംതാഴ്ത്താൻ സർക്കാരിന് ഉദ്ദേശമുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, നേരത്തെ പഠനമൊന്നുമില്ലാതെ നിരവധി എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിച്ചതിന്റെ പ്രശ്നമാണ് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. എഞ്ചിനീയറിംഗ് കോളേജുകൾ ആവശ്യത്തിലധിക മായതുകൊണ്ടും അക്കാദമിക് എക്സലൻസില്ലാത്തതുകൊണ്ടും അവിടെ സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ജസ്റ്റീസ് ദിനേശൻ കമ്മീഷൻ റിപ്പോർട്ടിന്മേൽ വളരെ വിശദമായ പഠനം നടത്തിയതിനുശേഷം മാത്രമേ പുതിയ കോളേജുകൾ, കോഴ്സുകൾ എന്നിവയിലെല്ലാം തീരുമാനമെടുക്കുകയുള്ളൂ.

ശ്രീ. എൻ. വിജയൻ പിള്ള: സർ, 20 ശതമാനം പോലും റിസൾട്ടില്ലാത്ത നിരവധി സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുണ്ട്. മോശം റിസൾട്ടുണ്ടാകുന്ന എഞ്ചിനീയറിംഗ് കോളേജുകൾക്കുള്ള അംഗീകാരം റദ്ദ് ചെയ്യാനുള്ള നിയമഭേദഗതിക്ക് സർക്കാർ തയ്യാറാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, നിലവിലുണ്ടായിരുന്ന ഒരു സാഹചര്യത്തിൽ അക്കാദമിക് നിലവാരം പലപ്പോഴും പിന്നോക്കം പോയിട്ടുണ്ടാകാം. അതുകൊണ്ട് അക്കാദമിക് നിലവാരം ഉയർത്താനുള്ള ശ്രമമാണ് ആദ്യം നടത്തേണ്ടത്. പല കോളേജുകളുടെയും റിസൾട്ടുകൾ മോശമാണെന്നുള്ളത് ഒരു വസ്തുതയാണ്. ഉടൻതന്നെ അത് പൂട്ടുക എന്നതിനപ്പുറം അവരുടെ അക്കാദമിക് എക്സലൻസ് എങ്ങനെ വളർത്താൻ കഴിയും, കുട്ടികളെ ഉന്നതനിലവാരത്തിലേയ്ക്ക് എങ്ങനെ കൊണ്ടുവരാൻ കഴിയും തുടങ്ങിയ ഇടപെടലുകളാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് അവിടെയും അക്കാദമിക് മാസ്റ്റർ പ്ലാനുണ്ടാക്കുമെന്ന് പറഞ്ഞത്. ആ ഇടപെടലിനുശേഷവും അത്തരം പ്രശ്നങ്ങളുണ്ടാകുന്നുവെങ്കിൽ അപ്പോൾ അത് പരിശോധിച്ച് നിലപാടെടുക്കാം.

<u>മി. സ്പീക്കർ</u>: ശ്രീ. ഇ.പി. ജയരാജൻ,....നോട്ട് ഇൻ ദി സീറ്റ്.....

<u>പ്രൊഫ. കെ. യു. അരുണൻ</u>: സർ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ നിശ്ചിത അടിസ്ഥാന സൗകര്യങ്ങളുള്ളതാണോ? സാങ്കേതികവിദ്യയിലെ നൂതന പ്രവണതകൾക്കനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ മാറ്റാൻ വിദ്യാഭ്യാസ ഏജൻസികളെ ഏൽപ്പിക്കാൻ തയ്യാറുണ്ടോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, നിലവിൽ ഇത്തരം പരിശോധനകൾക്ക് ചില രീതികളുണ്ട്. അതനുസരിച്ചാണ് പരിശോധനകൾ നടന്നുവരുന്നത്. ഇപ്പോൾ ഇതെല്ലാം മാറുകയാണ്. ഓരോ സ്ഥാപനത്തിനും അക്കാദമിക് മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള സൗകര്യങ്ങളുണ്ടാകണം. അനുബന്ധ സൗകര്യങ്ങൾ അവിടെയുണ്ടോ എന്നുള്ളത് കൃത്യമായി പരിശോധിക്കാനുള്ള ഒരു ഉപകരണം കൂടിയാകും അക്കാദമിക് മാസ്റ്റർ പ്ലാൻ. അതുകൊണ്ട് ഓരോ കോളേജിന്റെയും എല്ലാ സാധ്യതകളും വളരെ ആഴത്തിൽ പരിശോധിക്കുകയും അതനുസരിച്ച് അംഗീകാരം കൊടുക്കുകയും ചെയ്യുന്ന ഒരു രീതിയാണ് തുടർന്നുവരാൻ പോകുന്നത്.

<u>ശ്രീ. എം. സ്വരാജ്</u>: സർ, സ്വാശ്രയ വിദ്യാഭ്യാസ രംഗം എഞ്ചിനീയറിംഗ് പഠനമേഖലയ്ക്ക് വലിയ വെല്ലുവിളിയായി മാറിക്കഴിഞ്ഞിരിക്കുകയാണ്. പതിനായിരക്കണക്കിന് സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന കാര്യം, അവിടെനിന്നും പുറത്തുവരുന്ന മനുഷ്യാവകാശ ലംഘനങ്ങൾ, വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ച, പരീക്ഷാ ക്രമക്കേട്, അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സേവന-വേതന വ്യവസ്ഥകൾ അങ്ങനെ ധാരാളം കാര്യങ്ങളുണ്ട്. ഈയൊരു പശ്ചാത്തലത്തിൽ ഇക്കാര്യങ്ങളെല്ലാം പരിശോധിച്ച് ഇതിനെയെല്ലാം അഭിമുഖീകരിക്കാൻ കഴിയുന്ന ഒരു സമഗ്ര സ്വാശ്രയ വിദ്യാഭ്യാസ നയത്തിന് രൂപം നൽകുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഏതെങ്കിലും സ്വാശ്രയകോളേജുകളിൽ നിയമവിരുദ്ധമായോ അല്ലാതെയോ അത്തരം നടപടികളുണ്ടാകുന്നുവെങ്കിൽ അതിനെതിരെ അതിശക്തമായ നടപടിയെടുക്കും. രണ്ടാമത്തെ ചോദ്യത്തിന് ഞാൻ നേരത്തെ ഉത്തരം പറഞ്ഞു. ജസ്റ്റീസ് ദിനേശൻ കമ്മീഷൻ റിപ്പോർട്ട് പരിശോധിച്ചതിനുശേഷം എന്ത് നിലപാടെടുക്കണമെന്ന് തീരുമാനിക്കാം.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ചും നയത്തെ സംബന്ധിച്ചും ഒരു അദ്ധ്യാപകൻ കൂടിയായ ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയുടെ സ്വപ്നം സ്വാഗതാർഹമാണ്. അത് എന്ന് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് ദൈവത്തിനേ അറിയൂ. എത്രയും വേഗം

പ്രാവർത്തികമാകട്ടെയെന്ന് പ്രാർത്ഥിക്കാം. ബഹുമാനപ്പെട്ട എ. കെ. ആന്റണിയാണ് കേരളത്തിൽ വാരിക്കോരി സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചത്. അക്കാര്യത്തിൽ അദ്ദേഹത്തെ കുറ്റപ്പെടുത്തേണ്ട. കാരണം കൂടെനിന്നവരെല്ലാം സ്വാശ്രയസ്ഥാപനങ്ങൾക്കുവേണ്ടി കാശ് വാങ്ങാൻ തുടങ്ങിയപ്പോൾ ആരും കാശ് വാങ്ങരുതെന്ന ലക്ഷ്യത്തോടുകൂടിയാണ് ചോദിച്ചവർക്കെല്ലാം കോളേജുകൾ അനുവദിച്ചത്. അതുകൊണ്ട് അദ്ദേഹത്തെ കുറ്റപ്പെടുത്താനാകില്ല. എന്റെ ചോദ്യം, കേരളത്തിൽ ഇത്രമാത്രം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുണ്ടായിട്ടും കേരളത്തിലെ കുട്ടികൾ എന്തുകൊണ്ടാണ് മറ്റ് സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് ചേക്കേറുന്നതെന്ന് അങ്ങ് പരിശോധിച്ചിട്ടുണ്ടോ; നമ്മുടെ കുട്ടികളെ ഇവിടെത്തന്നെ പഠിപ്പിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനെപ്പറ്റി സർക്കാരിനെന്തെങ്കിലും ലക്ഷ്യമുണ്ടോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, തീർച്ചയായും ഉണ്ട്. അതിന് പ്രധാനപ്പെട്ട കാരണം, കേരളത്തിലെ എഞ്ചിനീയറിംഗ് രംഗത്തെ അക്കാദമിക് നിലവാരത്തകർച്ചയാണ്. അത് മാറ്റിയെടുക്കണമെന്നതുതന്നെയാണ് നമ്മുടെ ലക്ഷ്യം. അതിനാണ് ജസ്റ്റീസ് ദിനേശൻ കമ്മീഷൻ റിപ്പോർട്ടിന്റെ ചില നിർദ്ദേശങ്ങളും അക്കാദമിക് മാസ്റ്റർ പ്ലാനുണ്ടാക്കലും കെ.ടി.യു.-വിന്റെ ശക്തമായ ജനകീയവൽക്കരണവും. ഇതെല്ലാം ചേരുമ്പോൾ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെയുള്ള പ്രശ്നമുണ്ടാവില്ല. കേരളത്തിൽത്തന്നെ എല്ലാവർക്കും പഠിക്കണമെന്നുള്ള മോഹമുണ്ടാകും. അത് സ്വപ്നമാണ്. പക്ഷെ യാഥാർത്ഥ്യമാകുന്ന സ്വപ്നമാണ്. ഉടൻതന്നെ യാഥാർത്ഥ്യമാകുന്ന അവസ്ഥയെത്തുകയും ചെയ്യും.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. എഞ്ചിനീയറിംഗ് വിദ്യാഭ്യാസംകഴിഞ്ഞ ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളാണ് തൊഴിലില്ലാതെ നമ്മുടെ നാട്ടിൽ അലഞ്ഞുനടക്കുന്നത്. ബാങ്കിൽനിന്ന് കടം വാങ്ങിയത് തിരിച്ചടയ്ക്കാൻ സാധിക്കുന്നില്ല, ഇതുപോലെയുള്ള ധാരാളം ബുദ്ധിമുട്ടുകളുണ്ട്. ഇത്രയും എഞ്ചിനീയർമാർക്ക് തൊഴിൽ നൽകാൻ സാധിക്കുന്ന ഒരു സ്ഥാപനം കേരളത്തിലോ ഇന്ത്യയിലോ ഇല്ല. ഈ സ്ഥിതിവിശേഷം ഒഴിവാക്കാൻ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിൽ കൃത്യത വരുത്തുന്നതിനുള്ള നിലപാട് സ്വീകരിക്കാൻ കഴിയുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഇക്കാര്യത്തിലാണ് ജസ്റ്റിസ് ദിനേശൻ കമ്മീഷൻ ആഴത്തിൽ പഠനം നടത്തിയിട്ടുള്ളത്. കേരളത്തിൽ എത്ര എഞ്ചിനീയറിംഗ് സീറ്റ് വേണം; മറ്റ് പ്രൊഫഷണൽ മേഖലയിൽ എത്ര സീറ്റ്

വേണം; ഡിമാന്റനുസരിച്ച് എത്ര വേണം; അതിനുള്ള ശാസ്ത്രീയ പഠനങ്ങൾ നടന്നിട്ടുണ്ട്. സർക്കാർ അത് പരിശോധിച്ചുവരികയാണ്. അതിന്റെ വെളിച്ചത്തിൽ എഞ്ചിനീയറിംഗ് കോളേജും ഇൻഡസ്ട്രിയുമായി ബന്ധിപ്പിക്കാനുള്ള ശ്രമം നടന്നിട്ടുണ്ട്, അതിപ്പോഴുമുണ്ട്. സ്റ്റാർട്ട്അപ്പുകളുമായി ബന്ധിപ്പിച്ച് എഞ്ചിനീയറിംഗ് കോളേജിൽ കേവലം ക്ലാസ്സിലെ പഠനം മാത്രമല്ല, സമൂഹത്തിലേയ്ക്ക് അത് എത്തിക്കാനുള്ള ട്രാൻസ്ലേഷൻ എഞ്ചിനീയറിംഗ് തുടങ്ങിയ മേഖല കൂടി വികസിപ്പിച്ചുവരികയാണ്. കേരളത്തിൽ എഞ്ചിനീയർ എന്നുള്ളത് കേവലം ക്ലാസ്സിൽനിന്നും വളർന്ന് എഞ്ചിനീയർ മാത്രമാകില്ല, മറിച്ച് ഇൻഡസ്ട്രിയിലും സമാനമായ എഞ്ചിനീയറിംഗ് ആവശ്യമുള്ള മേഖലയിലും എങ്ങനെ ഒരു എഞ്ചിനീയർ നിലനിൽക്കാമെന്ന ആശയംകൂടി ഉൾക്കൊണ്ട എഞ്ചിനീയറാകും കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജിൽനിന്നും വളർന്നു വരിക. അന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞ പ്രശ്നത്തിന് പരിഹാരമുണ്ടാകും.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, നിശ്ചിത നിലവാരം പുലർത്താത്ത എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടണമെന്ന് കോടതി വിധിയുണ്ടായിരുന്നു. അക്കാര്യത്തിൽ ഗവൺമെന്റ് എന്തുനിലപാടാണ് സ്വീകരിക്കുക?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഈ പ്രശ്നങ്ങളെല്ലാം പഠിക്കാൻ വേണ്ടിയാണ് കമ്മീഷനെ വച്ചിട്ടുള്ളത്. ഈ പ്രശ്നവും പഠിച്ചിട്ടുണ്ട്. അതുകൊണ്ട് അക്കാര്യം മനസ്സിലാക്കി കമ്മീഷൻ റിപ്പോർട്ടനുസരിച്ച് പ്രവൃത്തിക്കുന്നതാണ്.

## ലെവൽസ് എടുത്ത് റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സംവിധാനം

5(*94) ശ്രീ. റോഷി അഗസ്റ്റിൻ:
ഡോ. എൻ. ജയരാജ്:
ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളിൽ ക്ലോസ്ഡ് ഗ്രേഡ് ചിപ്പിങ് കാർപ്പറ്റ് വർക്കുകൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സീ ലെവൽ റെഡ്യൂസ്ഡ് ലെവൽ കണക്കാക്കാറുണ്ടോ; വിശദമാക്കാമോ; പ്രസ്തുത ലെവൽസ് ഇപ്പോൾ കണക്കാക്കുന്നത് ആരാണെന്ന് വ്യക്തമാക്കാമോ;

(ബി) വളരെ മോശമായി കിടക്കുന്ന റോഡുകളിൽ ലെവൽസ് എടുക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്, അവിടേയ്ക്ക് ആവശ്യമായ പ്രൊവിഷൻ

കൊടുക്കുന്നതിന് തടസ്സമാകാറുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇങ്ങനെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിക്കുമ്പോൾ കരാറുകാർ പ്രസ്തുത ലെവൽസ് കണക്കാക്കുകയും അവർക്ക് നഷ്ടമുണ്ടാകുമെന്ന് കരുതി ടെണ്ടറിൽനിന്ന് പിന്മാറുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സാഹചര്യം മറികടക്കാൻ, ആവശ്യമുള്ള പ്രൊവിഷൻ നൽകി എസ്റ്റിമേറ്റ് തയ്യാറാക്കാൻ സഹായിക്കുന്ന തരത്തിൽ വകുപ്പ് സ്വന്തമായി ലെവലിങ് സർവ്വേ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) സബ് ഡിവിഷൻ തലത്തിൽ ഒരു സർവ്വേയർ തസ്തികയും ആവശ്യമായ ഉപകരണങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) കണക്കാക്കാറില്ല. ദേശീയപാത വിഭാഗത്തിൽ ക്ലോസ്ഡ് ഗ്രേഡ് ചിപ്പിങ് കാർപ്പറ്റ് വർക്കുകൾ നിലവിൽ ഉപയോഗിക്കാറില്ല. ദേശീയപാത വിഭാഗത്തിന്റെ അധീനതയിൽ വരുന്ന റോഡുകളിൽ ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ ഉപയോഗിച്ചാണ് റീ സർഫസിംഗ് നടത്തുന്നത്. പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിലവിൽ ലെവൽസ് എടുക്കാതെയാണ് നടപ്പിലാക്കുന്നത്. റീ സർഫസിംഗിൽ ബിറ്റുമിനസ് ലെയറിനുള്ള കനം ഒരേ രീതിയിൽ എന്ന അനുമാനത്തിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. കൂടാതെ റോഡ് സർഫസിംഗിൽ നിരപ്പില്ലായ്മ പരിഹരിക്കുന്നതിനായി 10 ശതമാനം പ്രൊഫൈൽ കറക്ഷൻ കോഴ്സ് നൽകാറുണ്ട്.

(ബി) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ Undulation 10 ശതമാനത്തിൽ അധികമാണെങ്കിൽ ലെവൽസ് എടുക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ ലെവൽസ് എടുത്തിട്ടില്ലെങ്കിൽ കൃത്യമായ പ്രൊവിഷൻ കൊടുക്കുന്നതിന് സാധിക്കാറില്ല. നിലവിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ ശരാശരി വീതിയും സാധാരണ കനവുമാണ് കണക്കാക്കിവരുന്നത്. കൂടാതെ സർഫസിലെ നിരപ്പില്ലായ്മ പരിഹരിക്കുന്നതിനായി പ്രൊഫൈൽ കറക്ടിംഗ് കോഴ്സും ഉൾപ്പെടുത്താറുണ്ട്. ചില പ്രത്യേക സാഹചര്യങ്ങളിൽ അധിക വീതിയിലോ നീളത്തിലോ ചെയ്യേണ്ടി വരുമ്പോൾ പ്രൊവിഷൻസ് തികയാത്തതായി വരാറുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഈ സാഹചര്യം മറികടക്കാൻ ക്ലോസ്ഡ് ഗ്രേഡ് ഓപ്പൺ ഗ്രേഡാക്കി മാറ്റാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വന്തമായി സർവ്വേ സംവിധാനം ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കാവുന്നതാണ്.

(ഇ) സബ് ഡിവിഷൻ തലത്തിൽ ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാൻ സാധിച്ചാൽ ഉദ്യോഗസ്ഥർക്ക് സർവ്വേ നടത്താൻ സാധിക്കും. ധനവകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തീരുമാനമെടുക്കാവുന്നതാണെന്ന് കരുതുകയാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ടെണ്ടർ വിളിച്ച് കരാറുകാർ വർക്ക് ഏറ്റെടുത്തതിനുശേഷം സെലക്ഷൻ നോട്ടീസ് നൽകുമ്പോൾ എഗ്രിമെന്റ് വയ്ക്കാതെ പിന്മാറുന്നതുമൂലം റീ ടെണ്ടറിംഗ് നടപടികളിലേയ്ക്ക് പോകുകയും ഇതുമൂലം ഓരോ പ്രവൃത്തിയുടെയും പൂർത്തീകരണത്തിന് അനാവശ്യമായ കാലതാമസം നേരിടുകയുമാണ്. ആയതിനാൽ അത്തരം കരാറുകാരെ ബ്ലാക്ക് ലിസ്റ്റ് ചെയ്യാൻ തയ്യാറാകുമോ? ഇതുമൂലം ധാരാളം വർക്കുകളാണ് മുടങ്ങിക്കിടക്കുന്നത്. എട്ട് മുതൽ പത്ത് മാസം വരെ കാലതാമസം വരുന്നുണ്ട്. അങ്ങ് തന്ന വർക്കുകൾപോലും ചെയ്യാൻ കഴിയാതെ വിഷമിക്കുകയാണ്. ഇത്തരം കരാറുകാർക്കെതിരെ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്. ദീർഘകാലമായി നടന്നുവരുന്ന രീതിയാണ്. അതിൽ ചില അഡ്ജസ്റ്റ്മെന്റുകളൊക്കെ മുമ്പ് നടന്നിട്ടുണ്ട്. ഇപ്പോൾ അതൊന്നും ഗവൺമെന്റ് അംഗീകരിക്കുന്നില്ല. മുമ്പ് മുപ്പത് ശതമാനം ടെണ്ടറുകൾവരെ കരാറുകാർ ഒപ്പിട്ടശേഷം ഒഴിഞ്ഞുമാറുന്ന സ്ഥിതിയുണ്ടായിരുന്നു. ഇപ്പോൾ അത് രണ്ട് ശതമാനത്തിൽ താഴെയായിട്ടുണ്ട്. അങ്ങനെ ചെയ്ത ഓരോരുത്തരെയും ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തി വരികയാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും നിലവിൽ അനുമതി നൽകിയ പ്രവൃത്തികളെല്ലാം വിവിധ ഘട്ടങ്ങളിലായി നടന്നുവരികയാണ്. എന്നാൽ എസ്റ്റിമേറ്റ് കൃത്യമായി തയ്യാറാക്കുന്നതിനും ഭരണാനുമതി ലഭിച്ച പ്രവൃത്തി പൂർത്തീകരിക്കുന്നതിനും സ്വാഭാവികമായ താമസം ഉണ്ടാകുന്നത് സ്റ്റാഫിന്റെ അഭാവംമൂലമാണെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. അത് പരിഹരിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ സുഗമമാക്കാൻ ശ്രമിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, മരാമത്ത് വകുപ്പ് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് അങ്ങ് ഉന്നയിച്ചത്. ഇപ്പോൾ പഴയ പണികൾ മാത്രമല്ല നടക്കുന്നത്. ഇരുപത്തി അയ്യായിരം കോടി രൂപയുടെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾകൂടി നമ്മൾ ഏറ്റെടുക്കുന്നുണ്ട്. സി.ആർ.എഫ്.-ന്റെ വർക്ക് വലിയ തോതിൽ വന്നിരിക്കുകയാണ്. അധിക

വർക്കുമുണ്ട്. മുമ്പ് ഇല്ലാത്ത വർദ്ധനവാണ് ഞാൻ പറയുന്നത്. 500 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും ഓവർസിയർമാരുടെയും കുറവുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ആനുപാതികമായി കുറച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും കുറവുണ്ട്. ഇതിന് പരിഹാരമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മുമ്പാകെ ഒരു നിർദ്ദേശം കൊടുത്തിട്ടുണ്ട്. പ്രസ്തുത ഒഴിവുകൾ നികത്താനായി പബ്ലിക് സർവ്വീസ് കമ്മീഷന് കത്ത് കൊടുത്തിട്ടുണ്ട്. അതിന് രണ്ടുമൂന്ന് വർഷം വേണ്ടിവരും. അതുവരെ എംപ്ലോയ്മെന്റ് എക്സചേഞ്ച് വഴി ആളെ എടുക്കാൻ കഴിയുമോയെന്ന് നോക്കണം. അതിലും കാലതാമസമുണ്ടായാൽ കോൺട്രാക്ട്/പ്രോജക്ട് അടിസ്ഥാനത്തിൽ ആളുകളെ എടുക്കാം. അതാകുമ്പോൾ ചെലവ് കുറഞ്ഞിരിക്കും. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ തീരുമാനം വന്നിട്ടില്ല. തീരുമാനം വരികയാണെങ്കിൽ ഈ പ്രശ്നം പൂർണ്ണമായും പരിഹരിക്കപ്പെടുന്നതാണ്.

<u>ഡോ. എൻ. ജയരാജ്</u>: സർ, മരാമത്ത് വകുപ്പിൽ ജനാധിപത്യ രീതിയിൽ ജനകീയ സഭകൾ രൂപീകരിക്കാൻ പോകുന്നുവെന്ന പത്രവാർത്ത കണ്ടിരുന്നു. നിയോജകമണ്ഡലങ്ങളിൽ പി.ഡബ്ല്യൂ.ഡി.-യുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എം.എൽ.എ.-മാരെക്കൂടി അറിയിച്ചിട്ടാണ് ഇപ്പോൾ നടക്കുന്നത്. മുമ്പ് മെയിന്റനൻസ് വർക്ക് നടക്കുന്നതുപോലും എം.എൽ.എ.-മാർ അറിയാറില്ലായിരുന്നു. അതിൽ മാറ്റംവരുത്തിയതിൽ സന്തോഷമുണ്ട്. റോഡുകളുടെ അറ്റകുറ്റപ്പണി കൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ, levelling undulation-ന് പ്രൊവിഷൻ കൊടുക്കുമ്പോൾ കൃത്യമായി റോഡ് നോക്കാതെയാണ് എടുക്കുന്നതെന്ന് അങ്ങയുടെ ഉത്തരത്തിൽത്തന്നെ പറയുന്നുണ്ട്. കൃത്യമായി ലെവൽസ് എടുക്കാതെ, എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിൽ വരുമ്പോൾ ഇത്രയും പ്രൊവിഷൻസ് ആവശ്യമുണ്ടോയെന്ന് ചോദിച്ച് ക്വറി എഴുതി തിരിച്ചുവിടും. ഈ ക്വറി തിരിച്ച് ഇവിടെ വരുമ്പോൾ മൂന്നുനാല് മാസം കഴിയും. അപ്പോഴേയ്ക്കും നിലവിലുള്ള കുഴികളുടെ അവസ്ഥ അതിനേക്കാൾ വലിയ ഗതികേടിലേയ്ക്ക് വരും. ഇത്തരം ഉപകരണങ്ങളൊന്നും ഡിപ്പാർട്ടുമെന്റിന്റെ കൈവശമില്ല. Levels എടുക്കാനും total station എടുക്കാനുമുള്ള ഉപകരണങ്ങൾ സബ്-ഡിവിഷൻ/ഡിവിഷൻ തലത്തിൽ കൊടുക്കണം. പ്രായോഗിക സമീപനം എസ്റ്റിമേറ്റ് എടുക്കുന്ന കാര്യത്തിൽ ഉണ്ടാക്കാത്തതു കൊണ്ടാണ് ടെണ്ടർ എടുത്ത കരാറുകാർ സ്ഥലം വന്ന് നോക്കുമ്പോൾ വലിയ കുഴികൾ കാണുന്നത്. അവർ കരാർ ഉപേക്ഷിച്ച് പോകുന്നതിന്റെ പ്രധാനപ്പെട്ട കാരണവും ഇതാണ്. പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് എടുക്കുന്ന കാര്യത്തിൽ കുറേക്കൂടി പ്രായോഗികമായ സമീപനം സ്വീകരിക്കുകയും ആവശ്യമായ ഉപകരണങ്ങൾ നൽകാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണത്തിനുള്ള ജനകീയ സഭകൾ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിലാണ് നടക്കുന്നത്. അവിടെ എം.എൽ.എ.-മാർക്ക്

വലിയ പങ്കാളിത്തമില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എം.എൽ.എ.-മാരെക്കൂടി അതിന്റെ ഭാഗമാക്കാൻ കഴിഞ്ഞാൽ കുറേക്കൂടി ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകും.

ശ്രീ. ജി. സുധാകരൻ: സർ, സോഷ്യൽ ആഡിറ്റിംഗിന്റെ കാര്യമാണ് അങ്ങ് പറയുന്നത്. മരാമത്ത് വകുപ്പിൽ ഇതുവരെയില്ലാത്ത സംവിധാനം ഇപ്പോൾ പ്രഖ്യാപിച്ച് ഓർഡർ ഇറക്കിയിട്ടുണ്ട്. ഇന്ത്യയിൽ ഒരിടത്തും ഇത്തരമൊരു സംവിധാനമില്ല. ആലപ്പുഴയിലാണ് ആദ്യമായി പരിശോധന നടത്തിയത്. വളരെ മൗലികമായിട്ടുള്ള മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞിട്ടുണ്ട്. എം.എൽ.എ.-മാരെ അതിനകത്ത് ഉൾപ്പെടുത്താതിരിക്കുന്നതാണ് നല്ലത്. എം.എൽ.എ.-മാർ ചെയർമാനായി മണ്ഡലാടിസ്ഥാനത്തിൽ സോഷ്യൽ ആഡിറ്റ് കമ്മിറ്റി രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. മോൻസ് ജോസഫ്: സർ, പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് ഏറ്റവും നല്ല നിലവാരമുള്ള ക്ലോസ്ഡ് ഗ്രേഡ് ടാറിംഗ് സിസ്റ്റമാണ് ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്. ഇത് ചെയ്ത സ്ഥലങ്ങളിലെല്ലാം ജനങ്ങളിൽനിന്ന് നല്ല പ്രതികരണമാണ് കാണാൻ കഴിയുന്നത്. ഒരു കിലോമീറ്റർ ദൂരം ടാർ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് എടുത്ത് വർക്ക് അറേഞ്ച് ചെയ്തു. പ്രസ്തുത വർക്ക് നടപ്പാക്കുന്ന സ്റ്റേജ് വന്നപ്പോൾ അര കിലോമീറ്റർ മാത്രമേ ചെയ്യാൻ സാധിക്കുന്നുള്ളൂ. കാരണം, ഗവൺമെന്റ് നിർദ്ദേശിച്ച മാനദണ്ഡം പാലിച്ചുകൊണ്ട് കുറ്റമറ്റ നിലയിൽ ക്ലോസ്ഡ് ഗ്രേഡ് ടാറിംഗ് നടത്തണമെങ്കിൽ അര കിലോമീറ്റർ മാത്രമേ ചെയ്യാൻ സാധിക്കൂ. ഇതിനെത്തുടർന്ന് വലിയ ക്രൈസിസ് നേരിടുകയാണ്. ഇതിനുപകരം ഓപ്പൺ ഗ്രേഡാക്കി മാറ്റാൻ നിർദ്ദേശം കൊടുത്തു എന്നാണ് അങ്ങ് മറുപടിയിൽ പറഞ്ഞത്. അതിനർത്ഥം പഴയ ടാറിംഗിലേയ്ക്ക് തിരിച്ച് പോകുന്നു എന്നുള്ളതാണ്. യഥാർത്ഥത്തിൽ ബി.എം.&ബി.സി. നിലവാരത്തിന്റെ പകിട്ട് തോന്നുന്ന വിധത്തിൽ, ആ നിലവാരം കാത്തുസൂക്ഷിക്കാൻ കഴിയുന്ന വിധത്തിലാണ് പുതിയതായി കൊണ്ടുവന്ന ക്ലോസ്ഡ് ഗ്രേഡ് ടാറിംഗിനെ കാണാൻ കഴിയുന്നത്. അതുകൊണ്ട് അഡീഷണലായിവരുന്ന തുക കൊടുത്തുകൊണ്ട് ക്ലോസ്ഡ് ഗ്രേഡ് ടാറിംഗ് സിസ്റ്റം തുടരാൻ കഴിഞ്ഞാൽ അതൊരു നല്ല കാര്യമാണ്. അതിനുള്ള ഒരു സാഹചര്യമുണ്ടാക്കാൻ കഴിയുമോ; സോഷ്യൽ ആഡിറ്റിംഗ് സിസ്റ്റം നടപ്പിലാക്കുമ്പോൾ ജനങ്ങൾ മുഴുവൻ രംഗത്ത് വരാൻ പോവുകയാണ്. അത് നല്ല കാര്യമാണ്. ഇത് പരിശോധിക്കാൻ എ.ഇ.-യും ഓവർസിയറുമില്ലെന്നുള്ളകാര്യം അങ്ങ് മറുപടിയിൽ പറഞ്ഞു. ഓവർസിയർ ഇല്ലെങ്കിൽ റോഡ് പരിശോധിക്കാൻ കഴിയില്ല. അതുകൊണ്ട് അടിയന്തര സാഹചര്യം കണക്കിലെടുത്ത് കോൺട്രാക്ട് ബേസിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി ആളുകളെ നിയമിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, അക്കാര്യം ഞാൻ പറഞ്ഞുകഴിഞ്ഞു. അതിനുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന് കൊടുത്തിട്ടുണ്ട്. അക്കാര്യത്തിൽ തീരുമാനം വരുന്ന മുറയ്ക്ക് പ്രശ്നം പരിഹരിക്കാൻ കഴിയും. കോൺട്രാക്ട് എടുത്തതിനുശേഷമല്ല ഇതൊക്കെ പരിശോധിക്കേണ്ടത്. ഡി.പി.ആർ. തയ്യാറാക്കുമ്പോൾത്തന്നെ ആവശ്യമായ പണം അതിൽ ഉൾപ്പെടുത്തണം. അതാണ് മുമ്പ് ഇല്ലാതിരുന്നത്. റിവൈസ്ഡ് എസ്റ്റിമേറ്റ് ഗവൺമെന്റ് അംഗീകരിക്കുന്നില്ല. സാങ്കേതികമായ കാരണങ്ങൾ, കരാറുകാരന്റേതല്ലാത്ത, ഗവൺമെന്റിന്റെ തകരാർമൂലം പണം കൊടുക്കാൻ കഴിയാത്ത സ്ഥിതി, ദീർഘകാലമായി പണി മുടങ്ങിക്കിടക്കുന്ന സാഹചര്യം തുടങ്ങിയവയ്ക്കെല്ലാം റിവൈസ്ഡ് എസ്റ്റിമേറ്റ് കൊടുക്കും. അതല്ലാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് കൊടുക്കുന്നത് അവസാനിപ്പിച്ചിരിക്കുകയാണ്. എസ്റ്റിമേറ്റ് എടുത്ത് ഡി.പി.ആർ. തയ്യാറാക്കുമ്പോൾത്തന്നെ എല്ലാ അപാകതകളും മുൻകൂട്ടിക്കണ്ട് ആവശ്യമായ പണം ഡി.പി.ആർ.-ൽ ഉൾപ്പെടുത്തണം. അങ്ങനെയാണ് ഇത് പരിഹരിക്കാൻ കഴിയുന്നത്. മറ്റുള്ളത് താൽക്കാലികമായ കാര്യമാണ്. ഇതാണ് അടിസ്ഥാനപരമായി ചെയ്യാൻ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ഓരോ നിയോജകമണ്ഡലത്തിലെയും റോഡുകളുടെ വലിപ്പം കണക്കാക്കി ഇപ്രാവശ്യം മെയിന്റനൻസിന് പണം അനുവദിച്ചതുകൊണ്ട് എല്ലാ മണ്ഡലങ്ങളിലെയും റോഡുകളുടെ പ്രവൃത്തി വളരെ ഭംഗിയായി പൂർത്തീകരിച്ചതിൽ അങ്ങയെ അഭിനന്ദിക്കുകയാണ്. എം.എൽ.എ.-യെ ചെയർമാനാക്കി കമ്മിറ്റി രൂപീകരിക്കുമെന്ന് പറഞ്ഞു. നേരത്തെ ഓരോ നിയോജകമണ്ഡലത്തിലും ഒരു എ.ഇ. ഓഫീസ് ക്രമീകരിക്കുമെന്ന് പറഞ്ഞിരുന്നു. അക്കാര്യത്തെ സംബന്ധിച്ച് സർക്കാരിന്റെ തീരുമാനമെന്താണെന്ന് അറിഞ്ഞാൽ കൊള്ളാം.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഇപ്പോൾ 500 എ.ഇ.-മാരുടെ കുറവുണ്ട്. ചില സെക്ഷനിൽ ഒരു എ.ഇ.-യെപോലും കൊടുക്കാൻ കഴിയുന്നില്ല. അതിന് ചട്ടപ്രകാരമുള്ള നീക്കം ഗവൺമെന്റ് നടത്തിയിട്ടുണ്ട്. ഇപ്പോഴുള്ള ഉദ്യോഗസ്ഥരെ വച്ച് പണി ചെയ്യുകയാണ്. മുൻകാലത്ത് ചില മണ്ഡലങ്ങളിൽ അറ്റകുറ്റപ്പണികൾക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല. ചില മണ്ഡലങ്ങളിൽ 40 കോടിയോളം രൂപ

കൊടുത്തിട്ടുണ്ട്. അവിടെ ആവശ്യമുണ്ടായിരിക്കാം, പക്ഷെ എല്ലാ മണ്ഡലങ്ങളിലും കൊടുക്കണം. റോഡിന്റെ നീളംകൂടി നോക്കിയാൽപ്പോലും നൂറ് ശതമാനം ശരിയാവില്ല. അങ്ങനെ കുറഞ്ഞവർക്കെല്ലാം അടുത്ത എസ്.എൽ.റ്റി.എഫ്.-ൽ അതുംകൂടി കൊടുക്കുമെന്ന കാര്യം അറിയിക്കുകയാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, എന്റെ നിയോജകമണ്ഡലത്തിൽക്കൂടി കടന്നുപോകുന്നതാണ് പുനലൂർ -മൂവാറ്റുപുഴ റോഡ്. ആ റോഡിന്റെ വർക്ക് വടക്ക് നിന്ന് ആരംഭിച്ച് ഒരു ഭാഗംവരെ കൊണ്ടുവന്ന് നിർത്തിയിരിക്കുകയാണ്. അതിനുശേഷം ഇങ്ങോട്ടുള്ള മേഖലകളിൽ പണി ആരംഭിക്കാനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പുനലൂർ-മൂവാറ്റുപുഴ റോഡ് നന്നാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഇതിന്റെ ചരിത്രം അങ്ങേയ്ക്ക് അറിയാതിരിക്കില്ല. വേൾഡ് ബാങ്കിന്റെ കേരളത്തിലെ കെ.എസ്.ടി.പി. രണ്ടാംഘട്ട പ്രോജക്ടിന്റെ ഭാഗമായി അനുവദിക്കപ്പെട്ടതാണ്. ഈ റോഡ് ഒഴിച്ച് ബാക്കി എല്ലാ റോഡുകളും 2018-ൽ പൂർത്തിയാകാൻ പോകുകയാണ്. കേരളം ഉന്നയിച്ച നിർദ്ദേശം വേൾഡ് ബാങ്ക് അംഗീകരിച്ചില്ല. അവർ സ്വകാര്യ മേഖലയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് റോഡ് പണി ആരംഭിച്ചു. ഇത് അന്നത്തെ ഗവൺമെന്റ് അംഗീകരിച്ചതാണ്. ഈ ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. ഇപ്പോൾ ശബരിമല പദ്ധതിയടക്കം പണം മുടക്കി അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. നേരത്തെയുണ്ടായിരുന്ന ഉദ്യോഗസ്ഥനെ മാറ്റി വെനസ്വലയിലെ മുൻ പി.ഡബ്ല്യൂ.ഡി. മിനിസ്റ്റർ ലീഡറായുള്ള വേൾഡ് ബാങ്കിന്റെ പ്രതിനിധി സംഘം മുഖ്യമന്ത്രിയെ കണ്ട് അവരുടെ അഭിപ്രായം അറിയിച്ചു. അതിനുശേഷം എന്നെ കണ്ട് സംസാരിച്ചപ്പോൾ ഈ പ്രശ്നം ഞാൻ ഉന്നയിക്കുകയും ഇക്കാര്യത്തിൽ അബദ്ധം സംഭവിച്ചതായി അവർ സമ്മതിക്കുകയും ചെയ്തു. മറ്റൊരു പ്രോജക്ടിന്റെ കാലാവധി കഴിഞ്ഞതുകൊണ്ട് അത് സ്റ്റാന്റ് എലോൺ പ്രോജക്ടായതുകൊണ്ട് സ്വഭാവികമായും അത് ഇല്ലാതാകുന്നില്ല. ഇപ്പോൾ ആ പ്രോജക്ട് പൂർത്തിയാക്കാനുള്ള നടപടിക്രമങ്ങൾ അവർ തന്നെ ആരംഭിച്ചിരിക്കുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മത്സ്യത്തൊഴിലാളികൾക്കുള്ള സുരക്ഷാ സംവിധാനം

6(*95) ശ്രീ. എം. നൗഷാദ്:
ശ്രീ. ബി. സത്യൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള സുരക്ഷാ സംവിധാനവും അപായ മുന്നറിയിപ്പ് സംവിധാനവും ഫലപ്രദവും വിപുലവുമായ തോതിൽ ഏർപ്പെടുത്താൻ നടപടിയെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഐ.എസ്.ആർ.ഒ. വികസിപ്പിച്ചെടുത്ത 'നാവിക്' സാങ്കേതിക വിദ്യയുടെ പ്രയോജനം, ചെറുവള്ളങ്ങളിൽ പോകുന്നവരുൾപ്പെടെയുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ടോ; ഇതിനായി ചെയ്ത കാര്യങ്ങൾ അറിയിക്കാമോ;

(സി) ദിനംപ്രതി മത്സ്യബന്ധനത്തിനായി കടലിൽ പോകുന്ന തൊഴിലാളികളുടെ തത്സമയ വിവര ശേഖരണത്തിനുള്ള സംവിധാനം പുതുതായി ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്. കാലാവസ്ഥാ വ്യതിയാനങ്ങളും മറ്റ് പ്രകൃതിക്ഷോഭങ്ങളും സംബന്ധിച്ച വിവരങ്ങൾ മുൻകൂട്ടി മത്സ്യത്തൊഴിലാളികളിലെത്തിക്കുന്നതിന് ഐ.എസ്.ആർ.ഒ. വികസിപ്പിച്ചെടുത്തിട്ടുള്ള 'നാവിക്' എന്ന ഉപകരണം മത്സ്യബന്ധന യാനങ്ങളിൽ ഘടിപ്പിക്കുന്നതിനായി കടലിൽ വിജയകരമായി പരീക്ഷിച്ചിട്ടുണ്ട്. 500 നാവിക് ഉപകരണം സൗജന്യമായി ഐ.എസ്.ആർ.ഒ. ജനുവരി 31-നകം നിർമ്മിച്ച് നൽകുമെന്നറിയിക്കുകയും ചെയ്തിട്ടുണ്ട്. അത് ഉടൻ തന്നെ വിതരണം ചെയ്യുന്നതാണ്. തുടർന്ന് കെൽട്രോൺ ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് വ്യാവസായികാടിസ്ഥാനത്തിൽ ഈ ഉപകരണം നിർമ്മിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ മത്സ്യബന്ധന യാനങ്ങൾക്കും നാവിക് ഉപരണം വിതരണംചെയ്യുന്നതാണ്. ഇതുകൂടാതെ മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും, തൊഴിലാളി കളുടെയും വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുംവിധമുള്ള ഒരു മൊബൈൽ

ആപ്ലിക്കേഷൻ എൻ.ഐ.സി.-യുടെ സഹായത്തോടെ തയ്യാറാക്കുകയും വിജയകരമായി പരീക്ഷിക്കുകയും ചെയ്തിട്ടുണ്ട്. അതും ഉടൻ നടപ്പിലാക്കുന്നതാണ്. കൂടാതെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ കഴിയുന്നത്ര വേഗം രക്ഷപ്പെടുത്തി കരയിലെത്തിക്കാൻ സൗകര്യമുള്ള മറൈൻ ആംബുലൻസ് കൊച്ചിൻ ഷിപ്പ്‌യാർഡിൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കാലാവസ്ഥാ മുന്നറിയിപ്പുകൾ, മത്സ്യലഭ്യത സംബന്ധിച്ചുള്ള വിവരങ്ങൾ എന്നിവ INCOIS വഴി മത്സ്യത്തൊഴിലാളികൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനായി കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പരുകൾ INCOIS -ന് കൈമാറിയിട്ടുണ്ട്.

(ബി) ഐ.എസ്.ആർ.ഒ. വികസിപ്പിച്ചെടുത്ത 'നാവിക് ' സാങ്കേതികവിദ്യയുടെ പ്രയോജനം ചെറുവള്ളങ്ങളിൽ പോകുന്നവരുൾപ്പെടെയുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാക്കുന്നതാണ്. ആഴക്കടലിൽപ്പോകുന്ന വള്ളങ്ങളിൽ ഈ ഉപകരണം ഘടിപ്പിച്ചുള്ള പരീക്ഷണം വിജയകരമായിരുന്നു. ജനവരി മാസം 500 എണ്ണം 'നാവിക് ' ഐ.എസ്.ആർ.ഒ. സൗജന്യമായി ലഭ്യമാക്കും. അതിനുശേഷം ഐ.എസ്.ആർ.ഒ. ടി സാങ്കേതികവിദ്യ കെൽട്രോണിന് കൈമാറുകയും തുടർന്ന് കെൽട്രോൺ വ്യവസായികാടിസ്ഥാനത്തിൽ 'നാവിക് ' നിർമ്മിക്കും. ഇങ്ങനെ നാവിക് ലഭിച്ചുതുടങ്ങുന്ന മുറയ്ക്ക് എല്ലാ മത്സ്യബന്ധന യാനങ്ങളിലും ഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും തൊഴിലാളികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള ഒരു മൊബൈൽ ആപ്ലിക്കേഷൻ മത്സ്യവകുപ്പിനുവേണ്ടി എൻ.ഐ.സി. തയ്യാറാക്കിയിട്ടുണ്ട്. അത് ഉടൻ നടപ്പാക്കുന്നതാണ്.

## ജസ്റ്റിസ് ദിനേശൻ കമ്മിറ്റി റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ

7(*96) ശ്രീ. സി. കെ. നാണു:
ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാര മാർഗ്ഗം നിർദ്ദേശിക്കുന്നതിനുമായി നിയോഗിച്ച ജസ്റ്റിസ് ദിനേശൻ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ&ബി) ഉണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്

## റോഡുകളുടെ അറ്റകുറ്റപ്പണി

8(*97) ശ്രീ. സി. ദിവാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴയത്തും മഴയുടെ ഇടവേളകളിലും റോഡിന്റെ അറ്റകുറ്റപ്പണി നടത്തുന്നത് ഫലപ്രാപ്തിയിൽ എത്തുന്നില്ലെന്നുള്ളത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) മഴയത്ത് പണി നടത്തുന്നതുകാരണം മഴ കഴിയുമ്പോൾ റോഡ് വീണ്ടും മോശമാവുന്ന സ്ഥിതിയുണ്ടാകുന്നത് പരിഗണിച്ച് അറ്റകുറ്റപ്പണി സംബന്ധിച്ച് നിലവിലുള്ള രീതിയിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മഴക്കാലം നോക്കി റോഡ് പണിക്ക് കോൺട്രാക്ട് നൽകുന്ന പതിവ് രീതി അവസാനിപ്പിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നകാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പൊതുമരാമത്ത് നിരത്തുവിഭാഗത്തിൻ കീഴിൽ റോഡുകളുടെ കേടുപാടുകൾ ശ്രദ്ധയിൽപ്പെടുത്തുമ്പോൾതന്നെ സമയബന്ധിതമായി ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് തീർപ്പാക്കി വരുന്നുണ്ട്. എന്നൊൽ ചില കാലയളവിലെ തുടർച്ചയായുള്ള മഴ കാരണം റോഡിന്റെ അറ്റകുറ്റപ്പണികൾ പൂർണ്ണമായും ഫലപ്രാപ്തിയിലെത്തുന്നില്ലെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തവണ 7 മാസം മഴയായിരുന്നു. മഴക്കാലത്ത് റോഡുകളുടെ അറ്റകുറ്റപ്പണി ഒഴിവാക്കുന്നതിനായി മഴക്കാല പൂർവ്വ പ്രവൃത്തികളും മഴക്കാല ശേഷ പ്രവൃത്തികളും നടപ്പാക്കി വരുന്നുണ്ട്. തുടർച്ചയായി മഴയുള്ള കാലയളവിൽ ടാറിംഗ് പണികൾ ഒഴിവാക്കാറുണ്ട്.

(സി) പരിഗണനയിലുണ്ട്.

## ദുരന്തനിവാരണ അതോറിറ്റിയെ ശാക്തീകരിക്കാൻ നടപടി

9(*98) ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമീപകാലത്തുണ്ടായ പ്രകൃതിദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ, ഇത്തരം സാഹചര്യങ്ങളിൽ അടിയന്തര സഹായമെത്തിക്കുന്നതിനും ഫലപ്രദമായി

രക്ഷാപ്രവർത്തനം നടത്തുന്നതിനും ദുരന്തനിവാരണ അതോറിറ്റിയെ ശാക്തീകരിക്കുന്നതിന് പദ്ധതിയുണ്ടോ; ഇതിനായി എന്തെല്ലാം ആധുനീകരണ പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ദുരന്ത ലഘൂകരണ പദ്ധതികൾ എന്തൊക്കെയാണെന്നും അവ കാര്യക്ഷമമായി നടപ്പിലാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ;

(സി) ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അടിയന്തരഘട്ട കാര്യനിർവ്വഹണത്തിനുമുള്ള സംവിധാനങ്ങളും ഉപകരണങ്ങളും എന്തെല്ലാമാണെന്നും അവ കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നും വിശദമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഉണ്ട്. ഭാവിയിൽ ദുരന്തങ്ങൾ ഉണ്ടായാൽ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമായി പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു സമിതിയെ നിയോഗിക്കുന്നതിനും സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും 6-12-2017-ലെ സ. ഉ.(കൈ) നമ്പർ 1/2017/ഡി.എം.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) ദുരന്ത നിവാരണ നിയമം 2005 പ്രകാരം സംസ്ഥാനത്ത് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, സംസ്ഥാന അതോറിറ്റിയുടെ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ, സംസ്ഥാന അതോറിറ്റിയുടെ ഉപദേശക സമിതികൾ, ജില്ല ദുരന്ത നിവാരണ അതോറിറ്റികൾ, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ, ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ എന്നിവ പ്രവൃത്തിച്ചു വരുന്നു.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കാര്യാലയം കാര്യക്ഷമമായും സ്വതന്ത്രമായും പ്രവർത്തനം ആരംഭിച്ചത് 2012 മുതലാണ്. സംസ്ഥാന തലത്തിൽ ദുരന്ത സാഹചര്യങ്ങളുടെ അപഗ്രഥനം, വിവര ശേഖരണം, കേന്ദ്ര ചട്ടപ്പടി സാധ്യമായവയുടെ മുന്നറിയിപ്പ് നൽകൽ, കേന്ദ്ര-സംസ്ഥാന പ്രതികരണ സേനകളുടെ ഏകോപനം എന്നിവ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർവ്വഹിച്ചുവരുന്നു. ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രവും പ്രവൃത്തിച്ചുവരുന്നു. ഈ സംവിധാനങ്ങൾ 24 മണിക്കൂറും പ്രവൃത്തിക്കുന്നു.

ദുരന്ത നിവാരണ നിയമം 2005, സെക്ഷൻ 23 പ്രകാരം സംസ്ഥാന അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി പ്രകാരമാണ്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 7-9-2016-ന് സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി അംഗീകരിക്കുകയും 9-9-2016-ലെ സ.ഉ. (സാധാ.) നമ്പർ 3667/2016/ഡി.എം.ഡി. പ്രകാരം സർക്കാർ ഇത് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. പ്രസ്തുത പദ്ധതിയിൽ 12 ഇന ഉപലക്ഷ്യങ്ങളും 27 പദ്ധതികളുമാണ് നടപ്പിലാക്കുന്നത്. ആയത് അനുബന്ധമായി ചേർക്കുന്നു.*

(സി) ദുരന്ത നിവാരണ നിയമം 2005 അനുസരിച്ച് സംസ്ഥാന ദുരന്തര നിവാരണ അതോറിറ്റി അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, സംസ്ഥാന അതോറിറ്റിയുടെ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ, സംസ്ഥാന അതോറിറ്റിയുടെ ഉപദേശക സമിതികൾ, ജില്ല ദുരന്ത നിവാരണ അതോറിറ്റികൾ, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ, ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ എന്നിവ പ്രവൃത്തിച്ചുവരുന്നു.

അംഗീകൃത ദുരന്തങ്ങൾ സംബന്ധിച്ച് വിശകലനത്തിനും, പ്ലാനുകൾ തയ്യാറാക്കുന്നതിനും, മറ്റ് വകുപ്പുകൾ തയ്യാറാക്കേണ്ടുന്ന ദുരന്ത നിവാരണ പദ്ധതികൾക്ക് ആവശ്യമായ മാർഗ്ഗരേഖ തയ്യാറാക്കുന്നതിനും, അടിയന്തര ഘട്ടങ്ങളിൽ ഏകോപനം നടപ്പിലാക്കുക എന്നിവയാണ് മേൽ പരാമർശിച്ചിരുന്ന സ്ഥാപനങ്ങളുടെ പ്രധാന ജോലി. ഈ കാര്യാലയങ്ങൾ ഒന്നും നേരിട്ട് ദുരന്ത പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങളല്ല. അംഗീകൃത ദുരന്തമുണ്ടാകുന്ന അവസരങ്ങളിൽ നിലവിലുള്ള സംവിധാനങ്ങൾവഴി പ്രതികരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള സ്ഥാപനങ്ങളാണ്.

സംസ്ഥാന തലത്തിൽ 17-10-2012-ലെ സ.ഉ.(കൈ) നമ്പർ 262/2012/ആഭ്യന്തരം, 31-8-2013-ലെ സ.ഉ.(സാധാ)നമ്പർ 2421/2013/ ആഭ്യന്തരം പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ സേന രൂപീകരിച്ചിട്ടുണ്ട്. ഈ സേനയുടെ പൂർണ്ണ പ്രവർത്തനത്തിന് ഉതകുന്ന രീതിയിൽ വിശദമായ ശിപാർശ നൽകാൻ സംസ്ഥാന പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സേന അംഗീകൃത ദുരന്തം ഉണ്ടാകുന്ന അവസരങ്ങളിൽ Civil Defence Force, Police, Fire and Rescue Services എന്നിവർക്കൊപ്പംചേർന്ന് ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു.

സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണമാണ് ദുരന്ത പ്രതികരണത്തിൽ ഊന്നിയുള്ള പ്രവർത്തനത്തേക്കാൾ ഈ കാലഘട്ടത്തിന്റെ ആവശ്യമെന്നുകണ്ട് ഇന്ത്യ ഉൾപ്പെടെയുള്ള ലോക രാജ്യങ്ങൾ ജപ്പാനിലെ സെൻഡായി എന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നഗരത്തിൽ 2015-2030 കാലഘട്ടത്തിലേക്കായി അംഗീകരിച്ച രൂപരേഖയിൽ നിന്നും പാഠം ഉൾക്കൊണ്ട് സംസ്ഥാന സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ കേന്ദ്രം തൃശ്ശൂരിൽ പ്രവർത്തനക്ഷമമാക്കാനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ അഗ്നിശമന സേനയോട് നിർദ്ദേശിച്ചിട്ടുണ്ട്.

കേന്ദ്രസഹായത്തോടെ 'ആപ്ത മിത്ര' എന്ന പ്രോജക്ട് കേരള സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രോജക്ട് ഉപയോഗിച്ച് കോട്ടയം ജില്ലയിൽ ഒരു സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ സേന രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പ്രോജക്ട് ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 13-10-2017-ന് നിർവ്വഹിക്കുകയുണ്ടായി. ഈ പദ്ധതിക്കായി സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുത്ത് കേന്ദ്രസർക്കാരിനെ അറിയിക്കുകയും പരിശീലന പദ്ധതിയുടെ കൈപുസ്തകം തയ്യാറാക്കി വരികയും ചെയ്യുന്നു.

## മത്സ്യത്തൊഴിലാളി സമ്പൂർണ്ണ ഭവന പദ്ധതി

10(*99) ശ്രീ. വി. ജോയി:
ശ്രീ. എസ്. ശർമ്മ:
ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ മത്സ്യത്തൊഴിലാളികൾക്കും അവരുടെ തൊഴിൽ മേഖലയ്ക്ക് അടുത്തുതന്നെ കിടപ്പാടം നൽകാൻ ലക്ഷ്യമിട്ടുള്ള മത്സ്യത്തൊഴിലാളി സമ്പൂർണ്ണ ഭവന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) ഭവന പുനരുദ്ധാരണത്തിനായി നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ താമസിക്കുന്നവരെ സുരക്ഷിതമായി പുനരധിവസിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ;

(ഡി) തീരദേശ പരിപാലന നിയമം മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും പ്രതിബന്ധം സൃഷ്ടിക്കുന്നത് പരിഹരിക്കാൻ ഇടപെടൽ നടത്തുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ-സി) മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് ഭവന നിർമ്മാണത്തിന് മുഖ്യ പരിഗണന നൽകി വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

1. 2017-2018 -സമഗ്ര ഭവന പദ്ധതി -100 കോടി രൂപ

ഭവന രഹിതരായ 2600 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ വീതം നൽകുന്നതിന് 52 കോടി രൂപയും ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടുവയ്ക്കുന്നതിനായി 2 മുതൽ 3 സെന്റ് വരെ സ്ഥലംവാങ്ങുന്നതിന് ആറ് ലക്ഷം രൂപ വീതവും ധനസഹായം അനുവദിക്കുന്നതിനായി 48 കോടിയും ഉൾപ്പെടെ 100 കോടി രൂപയുടെ പദ്ധതി മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്നതിൽപ്പെടുത്തി നടപ്പിലാക്കിവരുന്നു.

2. മത്സ്യത്തൊഴിലാളി കോളനികളിൽ ഭവന നിർമ്മാണം - 5 കോടി രൂപ.

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്നതിൽപ്പെടുത്തി നടപ്പിലാക്കുന്ന ഫിഷർമെൻ കോളനി നവീകരണ പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കോട്ടയം ജില്ലകളിലെ തെരഞ്ഞെടുത്ത ഫിഷറീസ് കോളനികളിൽ ഭവന രഹിതരായ 250 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നു.

3. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി

50% കേന്ദ്ര സർക്കാർ ധനസഹായത്തോടെയുള്ള ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി പ്രകാരം 299 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായമായി രണ്ട് ലക്ഷം രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കാസർഗോഡ്, പാലക്കാട്, കോട്ടയം, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

4. കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി -25 കോടി രൂപ

സംസ്ഥാനത്ത് കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനായി 25 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം യൂണിറ്റിന് 10 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി 200 ലക്ഷം രൂപ 2016-2017 സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്.

കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ താമസിക്കുന്നവരെ സുരക്ഷിതമായി പുനരധിവസിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു:

സംസ്ഥാനത്ത് കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനായി 25 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം യൂണിറ്റിന് 10 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

കടലാക്രമണം രൂക്ഷമായതും തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ വസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 2017-2018 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ "അടിസ്ഥാന സൗകര്യവികസനവും മാനവശേഷിവികസനവും" എന്നതിൽപ്പെടുത്തി 150 കോടി രൂപയുടെ ഭവനപദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

പദ്ധതിപ്രകാരം ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ജില്ലാ ഓഫീസുകൾ മുഖേന അപേക്ഷകൾ ക്ഷണിക്കുകയും ഇതിന്റെ ഫീൽഡ് ലെവൽ പരിശോധന നടന്നുകൊണ്ടിരിക്കുകയുമാണ്.

ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി തിരുവനന്തപുരം മുട്ടത്തറ വില്ലേജിൽ 3.5 ഏക്കർ 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നടത്തിവരുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്. കൂടാതെ തിരുവനന്തപുരം കാരോട് വില്ലേജിൽ ഫിഷറീസ് വകുപ്പ് വിലയ്ക്കുവാങ്ങിയ 105.55 ആർ സ്ഥലത്ത് 128 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് അപ്പാർട്ട്മെന്റ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൊല്ലം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ ഫ്ലാറ്റ് അടിസ്ഥാനത്തിൽ പാർപ്പിട നിർമ്മാണ നടപടികൾ തുടങ്ങിക്കഴിഞ്ഞു.

ഫിഷറീസ് വകുപ്പിന്റെ ഭവന പദ്ധതി പ്രകാരവും അല്ലാതെയും നിർമ്മിച്ച മത്സ്യത്തൊഴിലാളി ഭവനങ്ങളുടെ ശോചനീയാവസ്ഥ പരിഹരിച്ച് അവ വാസയോഗ്യമാക്കുന്നതിനായി 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (2013-2014),

സംയോജിത മത്സ്യഗ്രാമവികസന പദ്ധതി (2014-2015), മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും (2015-2016), (2016-2017) എന്നീ പദ്ധതികൾ പ്രകാരം ഭവന പുനരുദ്ധാരണത്തിനായി 50,000 രൂപ വീതം ധനസഹായം നൽകുന്ന പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ടി വിജ്ഞാപനത്തിലെ കേരളത്തിലെ തീരദേശമേഖലയിൽ താമസിക്കുന്ന ജനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന വ്യവസ്ഥകളിൽ ഭേദഗതികൾ വരുത്തി, പരമ്പരാഗത മത്സ്യത്തൊഴിലാളികളടക്കം തീരദേശ വാസികൾ അനുഭവിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾക്ക് സ്ഥായിയായ പരിഹാരം കാണുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമുതകുന്ന തരത്തിൽ 2011-ലെ വിജ്ഞാപനം പരിഷ്ക്കരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## നിർമ്മിതികൾക്ക് നിശ്ചിത ഗുണനിലവാരം

11(*100) ശ്രീ. പി. വി. അൻവർ:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ റോഡ്, പാലം, കെട്ടിടം തുടങ്ങിയവയുടെ നിർമ്മാണത്തിലുള്ള വ്യാപകമായ അഴിമതി അവസാനിപ്പിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സർക്കാർ പ്രഖ്യാപിച്ച സോഷ്യൽ ആഡിറ്റിംഗ് യാഥാർത്ഥ്യമായിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) നിർമ്മിതികൾക്ക് നിശ്ചിത ഗുണനിലവാരവും ഈടും ഉറപ്പ് വരുത്തുന്നതിനും അതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കും കരാറുകാർക്കുമെതിരെ നിയമനടപടി സാധ്യമാക്കുന്നതിനും നിയമനിർമ്മാണം ഉദ്ദേശിക്കുന്നുണ്ടോ;

(സി) പൊതുമരാമത്ത് വകുപ്പ് നടത്തുന്ന പ്രവൃത്തികൾ, പ്രത്യേകിച്ച് റോഡുനിർമ്മാണം കാലാവസ്ഥക്കനുയോജ്യമായ സാങ്കേതികവിദ്യ സ്വീകരിച്ച് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഉണ്ട്.

സംസ്ഥാനത്തെ പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനായി ജില്ലാ തലത്തിൽ സോഷ്യൽ ആഡിറ്റ് സമിതികൾ രൂപീകരിച്ചും സോഷ്യൽ ആഡിറ്റ് സമിതികളുടെ കടമകളും, ചുമതലകളും സ്പഷ്ടീകരിച്ചും 5-1-2018-ലെ ജി.ഒ.(എം.എസ്.) നമ്പർ.1/2018/പി.ഡബ്ല്യൂ.ഡി. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) ഉദ്ദേശിക്കുന്നുണ്ട്.

പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിന്റെ ചട്ടം 2401.1 പ്രകാരം ത്രിതല ഗുണനിലവാര പരിശോധന നടപ്പാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിച്ച് പ്രവർത്തനം നടപ്പാക്കി വരുന്നു. ഇതുവഴി പദ്ധതികൾക്ക് ഉപയോഗിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതാണ്. പ്രവൃത്തികൾ നടപ്പിലാക്കുന്ന അവസരത്തിൽ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥന്മാർ മേൽനോട്ടം വഹിച്ച് സ്പെസിഫിക്കേഷൻ ഉറപ്പുവരുത്തുന്നതാണ്. ഇതുകൂടാതെ ക്വാളിറ്റി കൺട്രോൾ സർട്ടിഫിക്കറ്റ് സമർപ്പിച്ചാൽ മാത്രമാണ് പേയ്മെന്റ് നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നത്. തൃപ്തികരമല്ലാത്ത പരിശോധനാ ഫലങ്ങൾ തുടർനടപടികൾക്കായി പൊതുമരാമത്ത് വിജിലൻസ് വിഭാഗം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് അയച്ചുകൊടുക്കുന്നുണ്ട്

(സി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പരമ്പരാഗതമായി ചെയ്തുവരുന്ന 20 mm ചിപ്പിങ്ങ് കാർപ്പെറ്റിങ് ഉപരിതലത്തിന് പകരമായി ഉപരിതലത്തിന്റെ ഈട് കൂട്ടുന്നതിനായി BM&BC ഉപരിതലത്തിലുള്ള റോഡും വെള്ളക്കെട്ടുമൂലം കേടുപാടുകളുണ്ടാകാൻ സാധ്യതയുള്ള ഭാഗങ്ങളിൽ കോൺക്രീറ്റ്, കോൺക്രീറ്റ് ഇന്റർലോക്ക് ടൈലിങ് ഉപയോഗിച്ചുള്ള നിർമ്മാണം എന്നിവ നടപ്പാക്കി വരുന്നുണ്ട്. കാലാവസ്ഥയ്ക്കനുയോജ്യമായ പുതിയ സാങ്കേതികവിദ്യകളെപ്പറ്റി പഠിക്കാൻ സർക്കാർ തലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് പഠനം തുടങ്ങിയിട്ടുണ്ട്. കൂടാതെ ഇന്ത്യയിൽ ആദ്യമായി ഒരു മെയിന്റനൻസ് ചീഫ് എഞ്ചിനീയറെ നിയമിച്ച് പ്രവൃത്തിച്ചുവരുന്നു.

## മത്സ്യമേഖലയിലെ ഇടനിലക്കാരെ നിയന്ത്രിക്കാൻ നടപടി

12(*101) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. എം. മുകേഷ്:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളെയും ഉപഭോക്താക്കളെയും ഒരുപോലെ ചൂഷണം ചെയ്യുന്ന ഇടനിലക്കാരുടെ ഇടപെടൽ നിയന്ത്രിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) മത്സ്യഫെഡ് ആരംഭിച്ചിട്ടുള്ള ഫിഷ് മാർട്ടുകളും ആധുനിക വിപണന രീതികളും വ്യാപിപ്പിച്ച് ഹാനികരമായ രാസവസ്തുക്കൾ ചേർക്കാത്ത ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) മത്സ്യത്തൊഴിലാളികളെയും ഉപഭോക്താക്കളെയും ഒരുപോലെ ചൂഷണം ചെയ്യുന്ന ഇടനിലക്കാരുടെ ഇടപെടൽ നിയന്ത്രിക്കുന്നതിന് പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽനിന്നും മത്സ്യം നേരിട്ട് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾവഴി ശേഖരിച്ച് മൊത്തം/ചില്ലറ മത്സ്യ മാർക്കറ്റുകൾ, മൊബൈൽ ഫിഷ് മാർട്ടുകൾ, മത്സ്യഫെഡിന്റെ ഫിഷ് മാർട്ടുകൾവഴി കേരളത്തിലെ മത്സ്യ ഉപഭോക്താക്കൾക്കും കയറ്റുമതി കമ്പനികൾക്കും മത്സ്യത്തീറ്റ നിർമ്മാണ ഫാക്ടറികൾക്കും എത്തിച്ച് നൽകുകയെന്ന ലക്ഷ്യത്തോടെ പദ്ധതി ആവിഷ്കരിച്ചു വരുന്നു. ഇതിനുവേണ്ട കോൾഡ് സ്റ്റോറേജും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതാണ്. ഈ പദ്ധതിയുടെ ആദ്യഘട്ടമായി തിരുവനന്തപുരം ജില്ലയിൽ "അന്തിപ്പച്ച മൊബൈൽ ഫിഷ്മാർട്ടിന്റെ" പ്രവർത്തനം 13-11-2017-ന് ഉദ്ഘാടനം ചെയ്തു. ഇതിനുപുറമേ മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനുതകുന്ന നിയമനിർമ്മാണം പരിഗണനയിലാണ്.

(ബി) മത്സ്യഫെഡ് നടത്തുന്ന 31 ഫിഷ്മാർട്ടുകളിലൂടെ ഗുണനിലവാരമുള്ള മത്സ്യം മാത്രം വിപണനം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മത്സ്യത്തിൽ ഹാനികരമായ രാസവസ്തുക്കളുടെ സാന്നിധ്യം അറിയുന്നതിന് CIFT വികസിപ്പിച്ച ടെസ്റ്റ് കിറ്റുകൾ പ്രയോജനപ്പെടുത്തി മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതാണ്. കൂടാതെ രാസവസ്തുക്കൾ ചേർക്കാത്ത ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിന് ലാന്റിംഗ് സെന്ററുകളിൽനിന്നും നേരിട്ട് മത്സ്യം സഹകരണ സംഘങ്ങൾ മുഖേന സംഭരിച്ച് "അന്തിപ്പച്ച" മൊബൈൽ ഫിഷ്മാർട്ട് വഴി വിപണനം നടത്തിവരുന്നു. സഹകരണ സംഘങ്ങൾവഴി ഗുണനിലവാരമുള്ള മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിന്റെ ആദ്യഘട്ടമായി തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ എന്നിവ

കേന്ദ്രീകരിച്ചും തുടർന്ന് സംസ്ഥാനത്തുടനീളവും മത്സ്യം സംഭരണം നടത്തുന്നതിനുള്ള സംവിധാനങ്ങൾ തയ്യാറായിവരുന്നു. കേരള തീരത്ത് ഉടനീളമുള്ള മത്സ്യത്തിന്റെ ലഭ്യതയും, തൽസമയ വില നിലവാരവും അറിയുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിവരുന്നു. നിലവിലെ 6 ജില്ലകളിലായി മത്സ്യഫെഡിന്റെ 31 ഫിഷ്മാർട്ടുകളും പ്രവൃത്തിപ്പിക്കുന്നുണ്ട്.

തിരുവനന്തപുരം : വികാസ്ഭവൻ പാളയം

കൊല്ലം : പൊടിയാടി, കോന്നി

പത്തനംതിട്ട : പത്തനാപുരം, കോഴഞ്ചേരി

കോട്ടയം: പുതുപ്പള്ളി, കാഞ്ഞിരപ്പള്ളി, പാല, അയർക്കുന്നം, തിരുവാതുക്കൽ, പാമ്പാടി, കുറവിലങ്ങാട്, കഞ്ഞിക്കുഴി, ഈരാറ്റുപേട്ട, നെടുംകുന്നം, വാകത്താനം.

ഏറണാകുളം: തേവര, ഹൈക്കോടതി, കതൃക്കടവ്, പനമ്പിള്ളി നഗർ, കടവന്ത്ര, പിറവം, കൂത്താട്ടുകുളം, ചെട്ടിച്ചിറ, ബി.പി.സി.എൽ. പാമ്പാക്കുട, മത്സ്യമൊബൈൽ മാർട്ട്.

കോഴിക്കോട്: അരയിടത്തുപാലം, തിരുവണ്ണൂർ

തൃശ്ശൂർ: അമലാ നഗർ

ശുചിത്വവും, വൃത്തിയും, ഉറപ്പുവരുത്തുന്നതും ശീതീകരണ സൗകര്യങ്ങളുള്ളതുമായ ആധുനിക മാർക്കറ്റുകളുടെ ശൃംഖലയും പൂർത്തിയായിവരുന്നു. ഇതുവരെ 34 മാർക്കറ്റുകൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഓരോ മത്സ്യ മാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്കമത്സ്യത്തിനും പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിൻ, മത്സ്യം മുറിക്കുന്നതിനുള്ള സ്ലാബ് എന്നീ സംവിധാനങ്ങളോടുകൂടിയ വിപണന സ്റ്റാളുകൾ, മത്സ്യം ലേലം ചെയ്യുന്നതിനായി ലേലഹാൾ എന്നീ സൗകര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ്, അധികം വരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കുന്നതിനായി ചിൽ റൂം സംവിധാനം, ശുദ്ധമായ ഐസിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫ്ലേക്ക് ഐസ് യൂണിറ്റും പ്രസ്തുത മാർക്കറ്റുകളുടെ സവിശേഷതയാണ്.

(സി) മത്സ്യവിപണന രംഗത്ത് ശുചിത്വവും ഗുണനിലവാരവും ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം ദേശീയ മത്സ്യവികസന ബോർഡിന്റെ (എൻ.എഫ്.ഡി.ബി.) സഹായത്തോടെ 40 മാർക്കറ്റുകൾ

നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 34 മാർക്കറ്റുകളുടെ നിർമ്മാണം ഇതിനകം പൂർത്തീകരിക്കുകയും 3 മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലും ഒരെണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുകയുമാണ്. സ്ഥലം ലഭിച്ചിട്ടില്ലാത്തതിനാൽ പത്തനംതിട്ട, ചങ്ങനാശ്ശേരി (ആലപ്പുഴ) എന്നിവിടങ്ങളിലെ മാർക്കറ്റുകളുടെ പദ്ധതി ഉപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. 2016-2017 സാമ്പത്തിക വർഷത്തിൽ ബ്ലൂറെവല്യൂഷൻ പദ്ധതിയിൽ മാർക്കറ്റ് സ്കീമിനായി അനുവദിച്ച ബാക്കി തുകയുൾപ്പെടുത്തി മയ്യനാട് ഫിഷ് മാർക്കറ്റിന്റെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. 2017-2018 സാമ്പത്തിക വർഷത്തിൽ ബ്ലൂറെവല്യൂഷൻ സ്കീമിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി കുമ്പഴ, പൂച്ചക്കൽ എന്നീ മാർക്കറ്റുകളുടെ പ്രൊപ്പോസൽ എൻ.എഫ്.ഡി.സി.ബി.-ക്ക് സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതിക്കും അംഗീകാരം ലഭിച്ചിട്ടില്ല. കൂടാതെ ഏനാത്ത്, കണ്ണനല്ലൂർ എന്നീ മാർക്കറ്റുകളുടെ ആധുനീകരണത്തിനായി പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

ഇതിനുപുറമേ അരൂർ മാർക്കറ്റിന്റെ നവീകരണത്തിനായി 85 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ വിഹിതം പ്രയോജനപ്പെടുത്തി ഓച്ചിറ, അഞ്ചൽ മാർക്കറ്റുകളും നവീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലെ 200 മാർക്കറ്റുകളുടെ നവീകരണം പ്രത്യേക പദ്ധതിയായി തയ്യാറാക്കിവരുന്നു.

## മത്സ്യത്തൊഴിലാളി മേഖലയുടെ സമഗ്രവികസനം

13(*102) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി മേഖലയുടെ സമഗ്രവികസനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) മത്സ്യത്തൊഴിലാളി മേഖലയിൽ സമ്പൂർണ്ണ ഭവനം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് 'ലൈഫ്' മിഷന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) മുടങ്ങിക്കിടന്നിരുന്ന മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക മുഴുവൻ കൊടുത്തുതീർത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) മത്സ്യത്തൊഴിലാളി പെൻഷൻ തുകയും വിവാഹ ധനസഹായ തുകയും വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി മേഖലയുടെ സമഗ്രവികസനത്തിനായി ഫിഷറീസ് വകുപ്പ് നേരിട്ടും വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികൾ മുഖേനയും വിവിധ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഫിഷറീസ് വകുപ്പ് നേരിട്ട് 2016-2017-ൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതി, ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ഭൂമി അനുവദിക്കുന്ന പദ്ധതി, കടലാക്രമണത്താൽ ഭൂമിയും വീടും നഷ്ടപ്പെട്ട കുടുംബങ്ങളെ പുനരിധവസിപ്പിക്കുന്നതിനുള്ള പദ്ധതി, മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി, ശുചിത്വമുള്ള ശൗചാലയ നിർമ്മാണ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ കോളനി നവീകരണ പരിപാടി, മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ബോധവൽക്കരണ പരിപാടികൾ, മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് കരിയർ ഗൈഡൻസ്, മെഡിക്കൽ ക്യാമ്പുകൾ, അക്ഷരസാഗരം പദ്ധതി, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളും സൗജന്യ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി., ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി, മത്സ്യത്തൊഴിലാളി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം, മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ചെലവ് വഹിക്കൽ, മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാലയത്തിൽനിന്നുള്ള കൊഴിഞ്ഞുപോക്ക് തടയൽ പദ്ധതി, ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം, മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണം, തീരപ്രദേശത്ത് അങ്കണവാടികൾ, ലൈബ്രറികൾ എന്നിവ ഒരുക്കലും സൗകര്യം മെച്ചപ്പെടുത്തലും, മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിന് സമ്പാദ്യ സമാശ്വാസ പദ്ധതി, ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് കെട്ടിട സമുച്ചയം നിർമ്മിക്കുന്ന പദ്ധതി, തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറയിൽ 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് നിർമ്മാണം, സ്വീവേജ് ഫാമിംഗ് പദ്ധതി തുടങ്ങിയവ.

2017-2018 വർഷം ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1200 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ നിരക്കിൽ ധനസഹായം, 750 മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം, 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി 7 കോടി രൂപ, 200 മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ് നിർമ്മാണത്തിനായി 20 കോടി രൂപ, മെഡിക്കൽ എൻട്രൻസ്/പി.എസ്.സി./ ബാങ്ക് ടെസ്റ്റ്/സിവിൽ സർവ്വീസ് പരിശീലന പരിപാടികൾ, കൊല്ലം, കോഴിക്കോട് എറണാകുളം ജില്ലകളിൽ അക്ഷരസാഗരം പദ്ധതി, 1.86 ലക്ഷം ഗുണഭോക്താക്കൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതിയിലൂടെ 4,500 രൂപ നിരക്കിൽ ആനുകൂല്യം, പോസ്റ്റ്-മെട്രിക് വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യം, മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി 20 കോടി രൂപ, മത്സ്യത്തൊഴിലാളികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, പത്ത് റീജണൽ ഫിഷറീസ് സ്കൂളുകളെ സെന്റർ ഫോർ എക്സലൻസ് ആക്കുന്നതിനുള്ള സമഗ്ര പദ്ധതികൾ, 40 കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ, 100 ബോധവൽക്കരണ പരിപാടികൾ, 30 മെഡിക്കൽ ക്യാമ്പുകൾ, തിരുവനന്തപുരം ജില്ലയിൽ കാരോട് വില്ലേജിൽ 128 ഫ്ലാറ്റുകൾ ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലയോ അപകടം കൊണ്ടല്ലാതെയുള്ള മരണം, മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം, വാർദ്ധക്യകാല പെൻഷൻ (പ്രതിമാസം), മത്സ്യത്തൊഴിലാളിയുടെ മരണം, ആശ്രിതർക്കുള്ള ധനസഹായം, ആംആദ്മി ബീമാ യോജന പദ്ധതി, ആശ്രിതരുടെ മരണത്തോടനുബന്ധിച്ചുള്ള ചെലവ്, എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്, കുടുംബ സംവിധാന പദ്ധതി, മാരകരോഗ ചികിത്സാ പദ്ധതി, ചെയർമാൻസ് റിലീഫ് ഫണ്ട്, ബോർഡിന്റെ പ്രത്യേക ധനസഹായം, പ്രസവ ശുശ്രൂഷാ ധനസഹായം, ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനം, മരണപ്പെട്ട മത്സ്യത്തൊഴിലാളിയുടെ ഭാര്യയ്ക്ക് പെൻഷൻ, കായിക വിനോദ മത്സരത്തിൽ പ്രശസ്ത വിജയം നേടുന്നവർക്ക് പാരിതോഷികം, തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി, അപകടംമൂലമുള്ള താൽക്കാലിക അവശതയ്ക്കുള്ള ധനസഹായം തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

അനുബന്ധ തൊഴിലാളികൾക്കായി ഗ്രൂപ്പ് ഇൻഷ്വറൻസ്, വാർദ്ധക്യകാല പെൻഷൻ (പ്രതിമാസം), അനുബന്ധ തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായം, പ്രസവ ശുശ്രൂഷാ ധനസഹായം, എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്, മാരക രോഗ ചികിത്സാ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം, കുടുംബ സംവിധാന പദ്ധതി, ബോർഡിന്റെ പ്രത്യേക ധനസഹായം, ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനം, തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി (പ്രതിവർഷം) തുടങ്ങിയവ നടപ്പിലാക്കിവരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ ധനസഹായ പദ്ധതി, മത്സ്യത്തൊഴിലാളി ഭവന പുനരുദ്ധാരണ പദ്ധതി, ശൗചാലയ നിർമ്മാണ ധനസഹായ പദ്ധതി, മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യ പദ്ധതി, മത്സ്യത്തൊഴിലാളി കോളനി ഭവന നിർമ്മാണ/ പുനരുദ്ധാരണ പദ്ധതി, ജി.ആർ.എഫ്.റ്റി.എച്ച്.എസ്. മെസ്സ് അലവൻസ്, ഓപ്പൺ വാട്ടർ റാഞ്ചിംഗ് പദ്ധതി, സൗജന്യ റേഷൻ, മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസന പദ്ധതി, പ്രകൃതിക്ഷോഭത്തിൽ വള്ളവും വലയും നഷ്ടപ്പെട്ടതിനുള്ള നഷ്ടപരിഹാരം എന്നീ പദ്ധതികൾ ഫിഷറീസ് വകുപ്പ് നേരിട്ട് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ ഏജൻസികളായ മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തീരദേശ വികസന കോർപ്പറേഷൻ എന്നിവവഴി മത്സ്യത്തൊഴിലാളി സംരക്ഷണത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

എൻ.സി.ഡി.സി. ധനസഹായത്തോടെയുള്ള സംയോജിത മത്സ്യവികസന പദ്ധതികളായ മത്സ്യബന്ധന ഉപകരണങ്ങളുടെ വിതരണം, മത്സ്യവിപണനത്തിന് പ്രവർത്തന മൂലധനം, മത്സ്യം സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള അടിസ്ഥാന സൗകര്യം, മത്സ്യഫെഡ് പ്രാഥമിക സംഘങ്ങൾക്കുള്ള ഓഫീസ് കം ഗോഡൗൺ, മത്സ്യവിപണനം നടത്തുന്ന പുരുഷന്മാർക്ക് മോട്ടോർ സൈക്കിൾ വാങ്ങുന്നതിനുള്ള ധനസഹായം എന്നിവയും പ്ലാൻ സ്കീമിൽ നാടൻ വള്ളങ്ങളുടെ നവീകരണം, മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള സബ്സിഡി, ബാങ്കബിൾ സ്കീം, ഉൽപ്പാദന ബോണസ് എന്നിവയും പലിശ രഹിത വായ്പ, മൈക്രോഫിനാൻസ്, ടേംലോൺ, മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി എന്നിവയാണ് മത്സ്യഫെഡ് നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ. കൂടാതെ പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ സബ്സിഡി വിതരണം ചെയ്യുന്ന പദ്ധതിയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മത്സ്യഫെഡ് വഴി നടപ്പിലാക്കിവരുന്നു. ഗ്രൂപ്പ് ഇൻഷ്വറൻസ്, മത്സ്യബന്ധന സമയത്ത് ഹൃദയാഘാതംമൂലമുള്ള മരണം, അപകടംമൂലമുള്ള താത്ക്കാലിക അവശത, മത്സ്യത്തൊഴിലാളികളുടെ മരണത്തിൽ അശ്രിതർക്ക് നൽകുന്ന ധനസഹായം, കുടുംബ സംവിധാന പദ്ധതി, മാരകരോഗ ചികിത്സാ പദ്ധതി, പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതികൾ എന്നിവ, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ, ആഴക്കടൽ മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്യുക, കടൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുക, തുടങ്ങിയ വിവിധ പദ്ധതികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻവഴി നടപ്പിലാക്കിവരുന്നുണ്ട്.

കടലിൽ അടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് മാലന്യങ്ങൾ നീക്കംചെയ്ത് മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ശുചിത്വ സാഗരം പദ്ധതി നീണ്ടകര ഹാർബറിൽ ആരംഭിച്ചിട്ടുണ്ട്. കടലിൽ അടിഞ്ഞുകൂടിയിട്ടുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് റോഡ് നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുവായി മാറ്റുന്നതാണ് പദ്ധതി.

മത്സ്യബന്ധനത്തിനായി കടലിൽ പോകുന്ന ബോട്ടുകളിൽ വലയിൽ കുടുങ്ങുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തൊഴിലാളികൾ കരയിലെത്തിക്കുന്നു. ഇതിനായി 2500 ചാക്കുകൾ ഫിഷിംഗ് ബോട്ടുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾ വൃത്തിയാക്കി, ഉണക്കി പൊടിക്കുന്ന ഒരു സ്ഥാപനമാണ് നീണ്ടകരയിൽ സ്ഥാപിച്ചിട്ടുള്ളത്. പദ്ധതിയിൽ 18 വനിതകൾ ജോലി ചെയ്തുവരുന്നു. ഇതുവരെ 2500 Kg പ്ലാസ്റ്റിക്കാണ് ശേഖരിച്ചിട്ടുള്ളത്. സമീപ പഞ്ചായത്തുകളെ ഉൾപ്പെടുത്തി പദ്ധതി വിപുലീകരിക്കാനും കേരളത്തിൽ മുഴുവൻ ഹാർബറുകളിലും നടപ്പിലാക്കാനുമാണ് ഉദ്ദേശിക്കുന്നത്.

മത്സ്യഫെഡ് മുഖേന എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി, മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദന വർദ്ധനവിനും വരുമാന വർദ്ധനവിനുമായി ഉൽപ്പാദന ബോണസ് പദ്ധതി, എൻ.ബി.സി.എഫ്.ഡി.സി./എൻ.എം.ഡി.എഫ്.സി. എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള വായ്പാ പദ്ധതികൾ, മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി, ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം, വലകൾക്കുള്ള സബ്സിഡി പദ്ധതി, ബാങ്കുകളിൽനിന്നുള്ള വായ്പകൾക്കുള്ള സബ്സിഡി പദ്ധതി, മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി, നാടൻവള്ളങ്ങളുടെ നവീകരണം, സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണ പദ്ധതി, മത്സ്യബന്ധനത്തിന് ഉപയോഗപ്രദമായ വിവിധ വാണിജ്യ പ്രവർത്തനങ്ങൾ, മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി, സാഫ്, കേരള തീരദേശ വികസന കോർപ്പറേഷൻ എന്നിവ മുഖേന വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഫിഷറീസ് വകുപ്പുമുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതികളിൽ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട് 2016 മാർച്ച് 31-നകം കരാറിൽ ഏർപ്പെടുകയോ ആദ്യ ഗഡു തുക കൈപ്പറ്റുകയോ ചെയ്തിട്ടുള്ളവരും എന്നാൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണമാണ് ലൈഫ് മിഷൻ മുഖേന ഈ വർഷം നടപ്പിലാക്കുന്നത്. പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനുള്ള ധനസഹായം നിലവിലെ യൂണിറ്റ് കോസ്റ്റായ 4 ലക്ഷം രൂപയുടെ അനുപാതത്തിലാണ് ഗഡുക്കൾ അനുവദിക്കുന്നത്. മത്സ്യത്തൊഴിലാളി മേഖലയിൽ 471 പൂർത്തീകരിക്കാത്ത ഭവനങ്ങളാണുള്ളത്. ഇവ 31-3-2018-നകം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ഡി) ആധാർ നമ്പറും ബാങ്ക് അക്കൗണ്ട് നമ്പറും കൃത്യമായി നൽകിയിട്ടുള്ള പെൻഷണർമാർക്ക് നവംബർ 2017 വരെ പെൻഷൻ നൽകിയിട്ടുണ്ട്.

(ഇ) മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളി വാർദ്ധക്യകാല പെൻഷനും, വിധവാ പെൻഷനും, പ്രതിമാസം 1,000 രൂപയിൽനിന്ന് 2017 ഏപ്രിൽ മാസം മുതൽ 1,100 രൂപയായി വർദ്ധിപ്പിച്ച് 2017 നവംബർ മാസം ഉൾപ്പെടെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് നൽകുന്ന ധനസഹായം 1,500 രൂപയിൽനിന്നും 10,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

## സംസ്ഥാന വിദ്യാഭ്യാസ ചട്ടങ്ങളുടെ പരിഷ്കരണം

14(*103) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എം. ഉമ്മർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിദ്യാഭ്യാസ ചട്ടങ്ങളിൽ കാലാനുസൃതമായി സമഗ്രമായ പരിഷ്കരണം വരുത്തേണ്ട ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പരിഷ്കരണം നടപ്പിലാക്കാത്തതിനാൽ കെ.ഇ.ആർ. പ്രകാരമുള്ള കോടതി വ്യവഹാരങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2009-ലെ വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കിയ സാഹചര്യത്തിൽ കേരള വിദ്യാഭ്യാസ ചട്ടം അടിയന്തരമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) പരിശോധിച്ചിട്ടുണ്ട്.

കെ.ഇ.ആർ. പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെടുമ്പോഴൊക്കെ സർക്കാർ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്.

(ബി) കെ.ഇ.ആർ. പരിഷ്കരണം നടപ്പിലാക്കാത്തതുകൊണ്ടാണ് കോടതികളിൽ വ്യവഹാരം വർദ്ധിക്കുന്നതെന്ന് കരുതാൻ കഴിയില്ല. ചട്ടങ്ങൾ പരിഷ്കരിക്കുമ്പോൾ മാനേജർമാരിൽ ഒരു ചെറിയ വിഭാഗം കോടതികളെ സമീപിക്കുന്നു. ഇക്കാര്യങ്ങളിൽ കോടതിയുടെ തീർപ്പിനനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കുന്നതിനാവശ്യമായ പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഡോ. എം. എ. ഖാദർ (SCERT മുൻഡയറക്ടർ), ശ്രീ. ജ്യോതിചൂഡൻ (റിട്ട. സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്), ഡോ. സി. രാമകൃഷ്ണൻ എന്നിവർ അംഗങ്ങളായി ഒരു വിദഗ്ദ്ധ സമിതി രൂപവൽക്കരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേരള വിദ്യാഭ്യാസ നിയമങ്ങളിലും ചട്ടങ്ങളിലും വരുത്തേണ്ട ഭേദഗതികളും ഈ സമിതിയുടെ പരിഗണനാ വിഷയങ്ങളിലൊന്നാണ്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.ഇ.ആർ.-ൽ വരുത്തേണ്ട ഭേദഗതികളെ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കുന്നതാണ്.

## കുറ്റാലം കൊട്ടാരത്തിന്റെ സംരക്ഷണം

15(*104) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുനെൽവേലിയിലെ കുറ്റാലത്ത് സംസ്ഥാന ഗവൺമെന്റ് ഉടമസ്ഥതയിലുള്ള കൊട്ടാരവും ചുറ്റുമുള്ള വസ്തുവകകളും നോക്കിനടത്തുന്നതിന് നിലവിലുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണ്;

(ബി) കൊട്ടാരത്തിന്റെ സംരക്ഷണത്തിനായി നിയോഗിച്ച വ്യക്തി സർക്കാർ സ്ഥലം കൈമാറ്റം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) തിരുനെൽവേലിയിലെ കുറ്റാലത്ത് സംസ്ഥാന ഗവൺമെന്റ് ഉടമസ്ഥതയിലുള്ള കൊട്ടാരത്തിന് കേരള പോലീസ് സംരക്ഷണത്തിനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. കൊട്ടാരം, അനുബന്ധ കെട്ടിടങ്ങൾ, കൊട്ടാരം വളപ്പ് ഇവ പൊതുമരാമത്ത് വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലാണ്. കൂടാതെ

സ്ഥിരം തസ്തികയായിട്ടുള്ള അഞ്ച് ഗാർഡനർ പോസ്റ്റിലേയ്ക്ക് വാച്ചർ-കം-ഗാർഡനർ മാരായി താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്. നിലവിലുള്ള സംരക്ഷണ ഭിത്തിക്ക് പുറമേ കൊട്ടാര വളപ്പിന്റെ സംരക്ഷണത്തിനുവേണ്ടി 12 അടി ഉയരത്തിൽ ഫെൻസിങ് ചെയ്യാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. കുറ്റാലം കൊട്ടാരത്തിന് പോലീസ് സംരക്ഷണം ഏർപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി ആഭ്യന്തര വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പാലസിന്റെ രാജകീയ പ്രൗഢി സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികൾക്കായി നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയത്തെ സംബന്ധിച്ച് ലഭ്യമായ രേഖകൾ വിശദമായ പരിശോധനയുടെയും അന്വേഷണത്തിന്റെയും നടപടികളുടെയും വിവിധ ഘട്ടങ്ങളിലാണ്. കൊട്ടാരം തട്ടിയെടുക്കാൻ ശ്രമിച്ച ഗൂഢാലോചനയ്ക്ക് നേതൃത്വം നൽകിയ പാലസ് സൂപ്രണ്ടിനെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തിവരുന്നു. തമിഴ്നാട്ടിലെ വിവിധ കോടതികളിൽ (ഹൈക്കോടതി അടക്കം) കേരള സർക്കാർ കേസ്സുകൾ നടത്തിവരുന്നു. ഭരണപരവും നിയമപരവുമായി സർക്കാർ ശക്തമായ നടപടികൾ എടുത്തുവരുന്നു. കഴിഞ്ഞ കാലങ്ങളിലുണ്ടായ നോട്ടക്കുറവാണ് ഇതിന് കാരണമായത്.

**കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതി**

16(*105) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. പി. കെ. ശശി:
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) രണ്ടാംഘട്ട പദ്ധതിക്കായി എത്ര തുകയാണ് ലോക ബാങ്ക് വായ്പയായി ലഭിച്ചിട്ടുള്ളതെന്നും സംസ്ഥാന സർക്കാർ വിഹിതം എത്ര ശതമാനമാണെന്നും അറിയിക്കാമോ;

(സി) ഇതിൽ ഏതെല്ലാം പദ്ധതികളാണ് നിലവിൽ പൂർത്തിയാക്കിയിട്ടുള്ളത്;

(ഡി) പദ്ധതിയിലെ ഏതെങ്കിലും പ്രവൃത്തികൾ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയുടെ പുരോഗതി താഴെ വിവരിക്കുന്നു.

| പാക്കേജ് നമ്പർ | റോഡിന്റെ പേരും ദൈർഘ്യവും | കരാർ തുക (കോടി രൂപ) | നിലവിലെ പുരോഗതി (ശതമാനത്തിൽ) |
|---|---|---|---|
| UG-1 | കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ.) | 133.05 | 78.80 |
| UG-2 | പിലാത്തറ-പാപ്പിനിശ്ശേരി റോഡ് (20.90 കി.മീ.) | 118.29 | 80.50 |
| UG-3A | തലശ്ശേരി-കളറോഡ് റോഡ് (28.80 കി.മീ.) | 156.34 | 31.25 |
| UG-3B | കളറോഡ്-വളവുപാറ റോഡ് (25.20 കി.മീ.) | 209.68 | 38.65 |
| UG-4 | ചെങ്ങന്നൂർ-ഏറ്റുമാന്നൂർ റോഡ് (45.40 കി.മീ.) | 293.58 | 90.10 |
| UG-4A | തിരുവല്ല ബൈപ്പാസ് (2.3 കി.മീ.) | 31.80 | 63 |
| UG-5 | ഏറ്റുമാന്നൂർ-മൂവാറ്റുപുഴ റോഡ് (40.96 കി.മീ) | 171.49 | 92.10 |
| UG-6 | പൊൻകുന്നം-തൊടുപുഴ റോഡ് (50 കി.മീ) | 227.13 | 99.20 |
| UG-8 | പെരുമ്പിലാവ്-പെരിന്തൽമണ്ണ റോഡ് (41 കി.മീ.) | 8.11 | 100% |
| UG-7 | പുനലൂർ-പൊൻകുന്നം റോഡ് പൊതുസ്വകാര്യ പങ്കാളിത്തത്തോടെ (82 കി.മീ) | 747 (എസ്റ്റിമേറ്റ് തുക) | പി.പി.പി. ആയി നടപ്പിലാക്കേണ്ട പദ്ധതി EPC വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. വേൾഡ് ബാങ്ക് ഈ പദ്ധതി നടപ്പാക്കാൻ ഇപ്പോഴാണ് |

| | | | |
|---|---|---|---|
| | | | തയ്യാറായത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട PWD മന്ത്രി എന്നിവർ ഇടപെട്ടതിന് ശേഷമാണ് ഈ പദ്ധതി അംഗീകരിച്ചത്. ഇത് Stand alone project ആയി നടപ്പാക്കാമെന്ന് World Bank Team കഴിഞ്ഞ നവംബറിൽ ബഹുമാനപ്പെട്ട PWD മന്ത്രിക്ക് ഉറപ്പ് നൽകിയതാണ് |
| | സേഫ് കോറിഡോർ ഡെമോസ്ട്രേഷൻ പദ്ധതി-കഴക്കൂട്ടം-തൈക്കോട്-അടൂർ റോഡിന്റെ ബി.സി. ഓർവലേയും മറ്റ് റോഡ് സുരക്ഷാ പണികളും (80. കി.മീ.) | 146.67 | 25% |

ഇവയിൽ UG-1, UG-II, UG-IV, UG-V എന്നീ നാല് പ്രവൃത്തികൾ 2018 മാർച്ച് മാസത്തിലും UG-IIIA, UG-IIIB, SCDP- കഴക്കൂട്ടം, അടൂർ എന്നീ മൂന്ന് പ്രവൃത്തികൾ 2018 അവസാനത്തോടുകൂടിയും പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

നിർത്തിവച്ച തിരുവല്ല ബൈപ്പാസ് നിർമ്മാണം സ്റ്റിയറിംഗ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം റീടെണ്ടർ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പുനലൂർ-പൊൻകുന്നം റോഡ് ലോകബാങ്കിന്റെ നിർദ്ദേശപ്രകാരം EPC (എഞ്ചിനീയറിംഗ് പ്രോക്യൂർമെന്റ് കൺസ്ട്രക്ഷൻ) രീതിയിൽ നടപ്പാക്കുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിന്റെ പദ്ധതി തുക 2403 കോടി രൂപയാണ് (445 മല്യൻ ഡോളർ). ഇതിൽ ലോകബാങ്കിന്റെ വായ്പാതുക 216 മില്യൻ ഡോളറാണ്. അതായത് പദ്ധതി ചെലവിന്റെ 56%-വും സംസ്ഥാന വിഹിതം 44%-വും ആയാണ് ക്രമീകരിച്ചിരിക്കുന്നത്.

(സി) കെ.എസ്.ടി.പി. രണ്ട് പദ്ധതികളിൽ പെരിമ്പിലാവ്-പെരിന്തൽമണ്ണ റോഡിന്റെ ഉപരിതലം പുതുക്കുന്ന പ്രവൃത്തിയും, പൊൻകുന്നം-തൊടുപുഴ റോഡ് നവീകരണം എന്ന പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്.

(ഡി) കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെടുത്തി പുനലൂർ-പൊൻകുന്നം റോഡ് നിർമ്മാണം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്. ലോൺ കാലാവധി അവസാനിക്കുന്നതിനു മുൻപ് നടപടികൾ പൂർത്തിയാക്കിത്തുടങ്ങിയാൽ രണ്ടര വർഷം വേണ്ടുന്ന പദ്ധതി പൂർത്തിയാക്കാൻ കഴിയില്ല എന്ന കാരണത്താൽ മറ്റു രീതികൾ അവലംബിക്കാൻ ലോകബാങ്ക് നിർദ്ദേശിക്കുകയുണ്ടായി.

കൂടാതെ ഇന്ത്യയിലാകെ നിക്ഷേപകർക്ക് ഈ രീതിയിൽ നടപ്പിലാക്കുന്ന പദ്ധതികളോട് വിരസതയുള്ളതായും കാണുന്നുണ്ട്.

ആയതിനാൽ പ്രസ്തുത പദ്ധതി EPC രീതിയിൽ ചെറിയ പദ്ധതികളായിട്ട് ചെയ്താൽ കുറഞ്ഞ കാലാവധിക്കുള്ളിൽ തീർക്കാൻ സാധിക്കും. അതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

## പൊതുവിദ്യാലയങ്ങളുടെ ആധുനികവൽക്കരണം

17(*106) <u>ശ്രീ. എസ്. ശർമ്മ</u>:
<u>ശ്രീ. റ്റി. വി. രാജേഷ്</u>:
<u>ശ്രീ. ഒ. ആർ. കേളു</u>:
<u>ശ്രീ. പി. ഉണ്ണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളെ ആധുനികവൽക്കരിച്ച് മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി അദ്ധ്യാപകർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിദ്യാലയങ്ങളെ ഹൈടെക് ആക്കുന്നതിനും പൊതു വിദ്യാലയങ്ങളിലെ പഠന ബോധന പ്രക്രിയകൾ കൂടുതൽ ശാക്തീകരിക്കുന്നതിനും ഇത്തരം പരിശീലന പരിപാടികൾ എത്രമാത്രം സഹായകരമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കുട്ടികളിൽ അറിവിന്റെ പരിപോഷണം കൂടുതൽ വേഗത്തിൽ സാധ്യമാക്കുന്നതിന് ഇത്തരം പരിശീലന പരിപാടികൾ വീണ്ടും സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളെ ആധുനികവൽക്കരിച്ച് മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

(1) ഭൗതിക സാഹചര്യ വികസനം:

- മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 141 സ്കൂളുകളിൽ 138 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.
- അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 229 സ്കൂളുകളിൽ 163 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും 70 സ്കൂളുകൾക്ക് കിഫ്ബി മുഖേനയുള്ള ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കൈറ്റിനെ തെരഞ്ഞെടുക്കുകയും അതിന്റെ നേതൃത്വത്തിൽ ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു.
- വിദ്യാഭ്യാസ വകുപ്പിന്റെ 2017-2018 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 127.8 കോടി രൂപ അനുവദിച്ചതിൽ 75 സ്കൂളുകൾക്ക് (എൽ.പി./യു.പി.) ഇതിനോടകം ഭരണാനുമതി നൽകിയിട്ടുണ്ട്.
- ഹൈടെക് സ്കൂൾ പദ്ധതി സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതി പ്രകാരം 4775 സ്കൂളുകളിലെ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റാൻ 2016-2017-ൽ കിഫ്ബി 493.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2018 ജൂൺ ഒന്നിന് മുമ്പ് 45000 ക്ലാസ് മുറികളിലേക്ക് ഐ.സി.റ്റി. ഉപകരണങ്ങൾ വിതരണം ചെയ്യുന്നത് പൂർത്തിയാക്കും വിധത്തിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു.
- ജൈവവൈവിധ്യ പാർക്കുകൾ: 1200 സ്കൂളുകൾക്ക് മൂന്നുകോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 980 സ്കൂളുകൾക്ക് 10,000 രൂപ വീതം അനുവദിച്ചു.

(2) അക്കാദമിക മികവ്

സംസ്ഥാനത്തെ എല്ലാ കുട്ടികളുടെയും അക്കാദമിക മികവ് ലക്ഷ്യമിട്ടുകൊണ്ട് ഒരു ജനകീയ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

- സ്കൂൾ ഗ്രാന്റ് ഇനത്തിൽ എല്ലാ ഗവൺമെന്റ് സ്കൂളുകൾക്കും 50,000 രൂപ വീതം അനുവദിച്ചു.
- നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 442 സ്കൂളുകൾക്ക് ഏഴ് ഇനങ്ങൾക്കായി (സയൻസ് ലാബ്, കമ്പ്യൂട്ടർ റൂം, ആർട്ട് റൂം, ലൈബ്രറി, അഡീഷണൽ ക്ലാസ്, ടോയ്‌ലെറ്റ്, കുടിവെള്ളം) 5251 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
- ഐഡിയൽ ലാബ് സജ്ജീകരിക്കുന്നതിന് സംസ്ഥാനത്തെ ചുവടെ ചേർക്കുന്ന നാല് സ്കൂളുകൾക്ക് 50 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്:

(1) ജി.എച്ച്.എസ്.എസ്. മയ്യിൽ, കണ്ണൂർ

(2) എ.ജി.എച്ച്.എസ്.എസ്. കോടോത്ത്, കാസർഗോഡ്

(3) ജി.എച്ച്.എസ്.എസ്. കോട്ടായി, പാലക്കാട്

(4) ഗവ. ബോയ്സ് എച്ച്.എസ്.എസ്. ഹരിപ്പാട്, ആലപ്പുഴ.

(ബി) ഉണ്ട്.

ഹൈടെക് സ്കൂൾ പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന്റെ പൈലറ്റ് പ്രവർത്തനങ്ങൾ ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് അസംബ്ലി നിയോജകമണ്ഡലങ്ങളിലെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകൾ, ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ ഉൾപ്പെടെ 139 സ്കൂളുകളിൽ നടപ്പിലാക്കി. ടി സ്കൂളുകളിലെ എല്ലാ അദ്ധ്യാപകർക്കും ഐ.സി.റ്റി. ഉപകരണങ്ങളുടെ സഹായത്താൽ ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രത്യേക പരിശീലനവും നൽകി. പൈലറ്റ് പദ്ധതി നടപ്പിലാക്കുന്നതിന്റെ അനുഭവജ്ഞാനംകൂടി ഉൾക്കൊണ്ട് കൊണ്ടാണ് സംസ്ഥാനവ്യാപകമായി ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് 500 പ്രഥമാദ്ധ്യാപകർക്ക് നേതൃത്വ പരിശീലനവും നൽകിവരുന്നു.

(സി) ആധുനിക വിവര സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം വിദ്യാഭ്യാസ മേഖലയിലും പ്രാവർത്തികമാക്കുന്നതിന് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനങ്ങൾ നൽകുന്നതാണ്. ഇതിനായി എസ്.സി.ഇ.ആർ.ടി.-യുടെ സഹായത്തോടെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ സംവിധാനമാണ് ' സമഗ്ര -ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം'. ഇതിൽ ഡിജിറ്റൽ വിഭവങ്ങളോടൊപ്പം പാഠാസൂത്രണ രേഖകളും ലഭ്യമാകുന്നുണ്ട്.

## തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണി

18(*107) ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തിലെ പോരായ്മയും കനത്ത മഴയും കാരണം ഗതാഗതം ദുസ്സഹമാക്കുംവിധം വ്യാപകമായി തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണി നടത്തി ഗതാഗത യോഗ്യമാക്കാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;

(ബി) ജി.എസ്.ടി. അധിക ബാധ്യത ഉണ്ടാക്കുമെന്ന പേരിൽ, ഏറ്റെടുത്ത പണികൾ നടത്താൻ കരാറുകാർ വിസമ്മതിച്ചത് പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) മഴയിൽ എളുപ്പം തകരാത്ത റബ്ബർ മിശ്രിത ടാറിംഗ് പോലെയുള്ള നവീന സാങ്കേതികവിദ്യകൾ നിർമ്മാണ പ്രവൃത്തികളിൽ ഉപയോഗിക്കുന്നത് വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) തുടർച്ചയായുള്ള കനത്ത മഴ കാരണം വ്യാപകമായി റോഡുകൾ തകർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൻകീഴിൽ അറ്റകുറ്റപ്പണികൾക്കായി 2017-2018 സാമ്പത്തിക വർഷം മഴക്കാല പൂർവ്വ പ്രവൃത്തികൾക്കായി 21.75 കോടി രൂപ അനുവദിച്ച് പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്. തുടർന്ന് മഴക്കാല ശേഷ പ്രവൃത്തികൾക്കായി 243 കോടി രൂപ അനുവദിച്ച് ടി. പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്. നിർമ്മാണത്തിലെ അപാകത കാരണം പ്രവൃത്തികളുടെ ചില ഭാഗങ്ങളിൽ ഉണ്ടാകുന്ന കേടുപാടുകൾ ടി പ്രവൃത്തിയുടെ കരാറുകരെ കൊണ്ടുതന്നെ പരിഹരിച്ചുവരുന്നുണ്ട്.

(ബി) ജി.എസ്.റ്റി. അധിക ബാധ്യത ഉണ്ടാക്കുമെന്ന പേരിൽ ഏറ്റെടുത്ത പണികൾ നടത്താൻ ചില കരാറുകാർ വിസമ്മതിച്ചതായുള്ള അവസ്ഥ പരിഹരിച്ചിട്ടുണ്ട്. ദേശീയ പാതാ വിഭാഗത്തിൽ മോർത്തിന്റെ GOI/MO Finance FIB release dated 28-6-2017 & 6-10-2017 പ്രകാരം ജി.എസ്.റ്റി. ഈടാക്കുന്നത് തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്.

(സി) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിലുള്ള പ്രവൃത്തികളിൽ ബിറ്റുമിനസ് കോൺക്രീറ്റ് ഉപരിതലത്തിന്റെ നിർമ്മാണത്തിനായി നാച്വറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിനസ് (NRBM) ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 2016-2017, 2017-2018 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി ലഭിക്കുന്നതിനായുള്ള എസ്റ്റിമേറ്റുകളിൽ NRMB ഉപയോഗിച്ചുള്ള വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തി അവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

## കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം

19(*108) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം വിശദമാക്കുമോ;

(ബി) റെയിൽവേയുമായി സഹകരിച്ച് ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ച പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദീകരിക്കുമോ;

(സി) റെയിൽ വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലുള്ള കാലതാമസമാണ് പദ്ധതി പ്രവർത്തനങ്ങൾ മന്ദഗതിയിലാകാൻ കാരണമെന്നത് പരിഗണിച്ച് ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സംസ്ഥാനത്തിന്റെ റെയിൽവേ അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാന സർക്കാരും കേന്ദ്ര റെയിൽ മന്ത്രാലയവുമായി 51:49 എന്ന ഓഹരി അനുപാതത്തിൽ ഒരു ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിക്കുന്നതിനുള്ള കരാർ 2016 സെപ്റ്റംബർ ഒന്നിന് ഡൽഹിയിൽവച്ച് ഒപ്പ് വയ്ക്കുകയും കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന പേരിൽ 2017 ജനുവരി 3-ാം തീയതി കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിക്കുകയും ചെയ്തു. സംയുക്ത സംരഭക കമ്പനിയുടെ പ്രാരംഭ മൂലധനം 100 കോടി രൂപയാണ്. എന്നിരുന്നാലും ഏറ്റെടുക്കുന്ന പദ്ധതികളുടെ അടിസ്ഥാനത്തിൽ ഓഹരിയും ഓഹരി മൂലധനവും റെയിൽ മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും അനുവാദത്തോടെ ഉയർത്താവുന്നതാണ്. 2016-ൽ റെയിൽ മന്ത്രാലയം എടുത്ത തീരുമാനമനുസരിച്ച് അതതു സംസ്ഥാനത്തിന്റെ എല്ലാ പുതിയ പ്രൊപ്പോസലുകളും രൂപകൽപ്പന ചെയ്യുന്നതും നടപ്പിലാക്കുന്നതും സംസ്ഥാന സംയുക്ത സംരംഭക കമ്പനി മുഖേനയായിരിക്കണം. സംസ്ഥാന സർക്കാർ സമർപ്പിക്കുന്ന പ്രൊപ്പോസലുകളും സാങ്കേതികമായി സാധ്യതയുള്ള പ്രൊപ്പോസലുകളും റെയിൽവേ മന്ത്രാലയം പരിശോധിച്ച് അത് പ്രാവർത്തികമാക്കാൻ അനുമതി നൽകുന്നതാണ്. സംയുക്ത സംരംഭക കമ്പനിയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ് :

1. സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ള സാധ്യതയുള്ള പ്രോജക്ടുകൾ കണ്ടുപിടിക്കുക.

2. സാധ്യതാ റിപ്പോർട്ടുകൾ, സാമ്പത്തിക വരുമാന സാധ്യത, വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ്.

3. റെയിൽവേ ബോർഡിൽനിന്നും പ്രാരംഭ അനുമതി കിട്ടാൻവേണ്ടിയുള്ള പ്രവർത്തനങ്ങൾ.

4. റെയിൽവേ ബോർഡിൽനിന്നും അനുമതി വാങ്ങാൻ വേണ്ടിയുള്ള വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ടുകളും മറ്റും തയ്യാറാക്കുക.

5. അനുമതി കിട്ടിയ പ്രോജക്ടുകളുടെ നടത്തിപ്പിനുവേണ്ടിയുള്ള പദ്ധതി അധിഷ്ഠിത പ്രത്യേക ദൗത്യ വിഭാഗത്തിന്റെ രൂപീകരണം.

6. കമ്മീഷൻ ചെയ്ത പ്രോജക്ടുകളുടെ മെയിന്റനൻസ്.

സംയുക്ത സംരംഭക കമ്പനിക്ക് ഇതര ഓഹരി ഉടമകളായ ബാങ്കുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തുറമുഖങ്ങൾ മുതലായവയുടെ സഹകരണത്തോടെ പ്രത്യേക ദൗത്യവിഭാഗം (SPV) പദ്ധതി നടപ്പിലാക്കാനായി രൂപീകരിക്കാവുന്നതാണ്.

(ബി) സംയുക്ത സംരംഭക കമ്പനിയായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുക്കുന്ന പ്രധാന പദ്ധതികൾ താഴെപ്പറയുന്നവയാണ് :

1. തലശ്ശേരി -മൈസൂർ ബ്രോഡ്ഗേജ് പാത

2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ

3. റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൺ റെയിൽ പ്രോജക്ട്)

4. എരുമേലി-പുനലൂർ ബ്രോഡ്ഗേജ് പാത

5. ഏറ്റുമാനൂർ-പാലാ-ശബരി ലിങ്ക് ലൈൻ

6. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേയ്ക്കുള്ള ബ്രോഡ്ഗേജ് ലൈൻ

7. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി.

മുകളിൽ പ്രസ്താവിച്ച ഏഴ് പദ്ധതികളിൽ താഴെ പറയുന്ന നാല് പദ്ധതികളുടെ സാധ്യതാ പഠനം നടത്തുകയും ആയതിന്റെ അംഗീകാരത്തിനായി റെയിൽവേ ബോർഡിനു സമർപ്പിക്കുകയും ചെയ്തു.

1. തലശ്ശേരി-മൈസൂർ ബ്രോഡ്ഗേജ് പാത

2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർകോട് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ

3. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേക്കുള്ള ബ്രോഡ്ഗേജ് ലൈൻ

4. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി

(സി) റയിൽവേ അർത്ഥന ലഭ്യമാക്കിയിട്ടുള്ള ഭൂമികൾക്ക് DLFC/SLEC അനുമതി വാങ്ങി യഥാസമയം ഭൂമി റെയിൽവേയ്ക്ക് കൈമാറാനും LARR കേസ്സുകളിൽ വിധി വന്ന് 15 ദിവസങ്ങൾക്കകം അനുബന്ധ വിവരങ്ങൾ റെയിൽവേക്ക് നൽകാനും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**റീസർവ്വേ സംബന്ധിച്ച പരാതികൾ**

20(*109) ശ്രീ. കെ. മുരളീധരൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീസർവ്വേ സംബന്ധിച്ച പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് കേരള സർവ്വേ ആന്റ് ബൗണ്ടറി റൂൾസിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) റീസർവ്വേ പൂർത്തിയാക്കിയ 884 വില്ലേജുകളിൽനിന്നും 2010-ന് ശേഷം ലഭിച്ച പരാതികളിൽ ഇനിയും പരിഹാരം കാണാനുള്ളവയിൽ സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) റീസർവ്വേ പൂർത്തിയാക്കി റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ ഭൂമി സംബന്ധമായ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് 26-8-2017-ലെ സ.ഉ.(എം.എസ്.)303/2017/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള നടപടിക്രമങ്ങൾ തഹസീൽദാർ(ഭൂരേഖ)-യുടെ നിയന്ത്രണത്തിൽ നിർവ്വഹിച്ചു വരുന്നു.

(ബി) ഉണ്ട്. 24-11-2017-ലെ S.R.O. No. 772/2017 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം കേരള സർവ്വേ ആന്റ് ബൗണ്ടറി റൂൾസിലെ ലാന്റ് റെക്കാർഡ് മെയിന്റനൻസുമായിബന്ധപ്പെട്ട് സർവ്വേ സൂപ്രണ്ടിനുണ്ടായിരുന്ന അധികാരം ഹെഡ് സർവ്വേയർക്ക് നൽകി റൂൾ 24, 36, 61 എന്നിവയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

(സി) സ്വീകരിച്ചു വരുന്നു.

**കേരള കാഷ്യൂ ബോർഡിന്റെ പ്രവർത്തനം**

21(*110) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാഷ്യൂ ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കാഷ്യൂ ബോർഡിൽ സംസ്ഥാന സർക്കാരിന്റെ ഓഹരി വിഹിതം എത്ര കോടി രൂപയാണ്; ഇതിൽ എത്ര തുക നാളിതുവരെ കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വിദേശ രാജ്യങ്ങളിൽനിന്നും തോട്ടണ്ടി വാങ്ങുന്നതിന് കാഷ്യൂ ബോർഡ് ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എത്ര മെട്രിക് ടൺ കശുവണ്ടി ഏതൊക്കെ രാജ്യങ്ങളിൽനിന്നും വാങ്ങുന്നതിനാണ് കരാർ ഒപ്പിട്ടിട്ടുള്ളത്;

(ഡി) ബോർഡിന് വായ്പ നൽകുന്നതിന് ബാങ്കുകൾ മുന്നോട്ട് വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) കശുവണ്ടി മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് കാഷ്യൂ ബോർഡിന്റെ ഇടപെടൽ എത്രമാത്രം സഹായകമായിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) കാഷ്യൂ ബോർഡിന്റെ പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്.

(ബി) കേരള കാഷ്യൂ ബോർഡിന്റെ അംഗീകൃത ഓഹരി മൂലധനമായ 50 കോടി രൂപയുടെ 49% ആയ 24.5 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമാണ്. ഇതിൽ നാളിതുവരെ 5 കോടി രൂപ കേരള കാഷ്യൂ ബോർഡിന് അനുവദിച്ചിട്ടുണ്ട്. ബാക്കി 19.5 കോടി രൂപ താമസം കൂടാതെ നൽകുന്നതാണ്.

(സി) കശുവണ്ടി ഉത്പാദക രാജ്യങ്ങളായ ടാൻസാനിയ, ഐവറി കോസ്റ്റ്, മൊസാംബിക് എന്നീ ആഫ്രിക്കൻ രാജ്യങ്ങളിലെ അംബാസിഡർമാർ കശുവണ്ടി മേഖലയിൽ പ്രവൃത്തിക്കുന്നവർ എന്നിവരുമായി നേരിട്ട് ചർച്ചകൾ നടത്തിയിരുന്നു. എന്നാൽ ഇതുസംബന്ധിച്ച് കരാറുകൾ ഒപ്പുവച്ചിട്ടില്ല. ബോർഡ് ഗവൺമെന്റ് ടു ഗവൺമെന്റ് പർച്ചേസ് നടത്താനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും പ്രസ്തുത രാജ്യങ്ങളിൽ ഗവൺമെന്റ് ഏജൻസി നിലവിലില്ലാത്തതിനാൽ അംബാസിഡർമാരുടെ പൂർണ്ണ സഹായത്തോടുകൂടി ടി രാജ്യങ്ങളിൽനിന്നും തോട്ടണ്ടി വാങ്ങിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

(ഡി) കേരള കാഷ്യൂ ബോർഡിന് സർക്കാർ ഉറപ്പിന്മേൽ വായ്പ നൽകാമെന്ന് സമ്മതിച്ച് ബാങ്കുകൾ മുന്നോട്ടുവന്നിട്ടുണ്ട്. ആയത് സംബന്ധിച്ച് ലീഡ് ബാങ്കായ കാനറാ ബാങ്കിന്റെ അധ്യക്ഷതയിൽ ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് ചർച്ചകൾ നടന്നുവരുന്നു. ഗവൺമെന്റ് ഗ്യാരണ്ടിയുടെ അടിസ്ഥാനത്തിൽ 200 കോടി രൂപ ലഭ്യമാക്കുമെന്ന് ബാങ്കുകൾ ഉറപ്പുനൽകിയിട്ടുണ്ട്.

(ഇ) കശുവണ്ടി വ്യവസായ മേഖല ഇന്ന് നേരിടുന്ന പ്രശ്നങ്ങളിൽ പ്രധാനം തോട്ടണ്ടിയുടെ അമിതവിലയും ന്യായവിലയ്ക്ക് ആനുപാതികമായി കശുവണ്ടിപ്പരിപ്പിന് വില ലഭിക്കാത്തതുമാണ്. തോട്ടണ്ടി സംഭരിക്കുന്നതിനും പരിപ്പിന് ന്യായവില ഉറപ്പാക്കുന്നതിനുമാണ് കാഷ്യൂ ബോർഡ് രൂപീകരിച്ചിട്ടുള്ളത്.

## പൊതുവിദ്യാലയങ്ങളിൽ ആധുനിക ലൈബ്രറി സംവിധാനം

22(*111) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>:
<u>ശ്രീ. ഇ. പി. ജയരാജൻ</u>:
<u>ശ്രീ. കെ. ദാസൻ</u>:
<u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ ആധുനിക ലൈബ്രറി സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായുള്ള പുസ്തക ശേഖരണം എപ്രകാരം നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) പദ്ധതിക്കായി സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങളുമായി ബന്ധപ്പെട്ട റഫറൻസ് പുസ്തകങ്ങൾ ഡിജിറ്റലായി ലഭ്യമാകുന്നതിന് പ്രസ്തുത പദ്ധതിയിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്.

(ബി) ലൈബ്രറി സംവിധാനം ഒരുക്കുന്നതിന് അനുവദിച്ചിട്ടുള്ള തുകയിൽ നിന്ന് അതാത് സ്കൂൾ പ്രഥമാദ്ധ്യാപകർ മുഖാന്തരം പുസ്തക ശേഖരണം നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പുസ്തകങ്ങളുടെ ലിസ്റ്റ് പ്രത്യേകം തയ്യാറാക്കി നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

2017-2018 സാമ്പത്തിക വർഷം ഹൈസ്കൂളിലെ ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 40 ലക്ഷം രൂപ (നാൽപ്പത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ 38 സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിലെ ലബോറട്ടറികളുടെയും ലൈബ്രറികളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി 4200 ലക്ഷം രൂപ (നാലായിരത്തി ഇരുനൂറ് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങളുമായി ബന്ധപ്പെട്ട റഫറൻസ് പുസ്തകങ്ങൾ ഡിജിറ്റലായി ലഭ്യമാകുന്നതിനായി 'സമഗ്ര പോർട്ടൽ' വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടൽ മുഖേന എല്ലാ ഡിജിറ്റൽ ക്ലാസ് മുറികളിലും പാഠഭാഗങ്ങൾക്ക് അനുസൃതമായ ഡിജിറ്റൽ റിസോഴ്സുകൾ, സമഗ്രാസൂത്രണ-സൂക്ഷ്മാസൂത്രണ രേഖകൾ, ദൃശ്യ-ശ്രാവ്യ അനുഭവങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്ന ഡിജിറ്റൽ ഉള്ളടക്കങ്ങൾ എന്നിവ അദ്ധ്യാപകരുടെ സഹായത്താൽ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

## സ്കൂളുകളിൽ അടൽ ടിങ്കറിംഗ് ലാബുകൾ

23(*112) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. എ. കെ. ശശീന്ദ്രൻ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ അടൽ ഇന്നോവേഷൻ മിഷൻ പ്രകാരം നടപ്പാക്കുന്ന അടൽ ടിങ്കറിംഗ് ലാബുകളിൽ 3 ഡി പ്രിന്റിംഗ്, റോബോട്ടിക്സ്, സെൻസർ ടെക്നോളജി തുടങ്ങിയവയിൽ പരിശീലനം നൽകുന്നതിന് പ്രത്യേകം സിലബസുകൾ തയ്യാറാക്കിയിട്ടുണ്ടോ; ഇതിൽ പരിശീലനം നൽകാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ബി) എത്ര സ്കൂളുകളിൽ അടൽ ടിങ്കറിംഗ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്; സ്കൂളുകളിൽ പ്രസ്തുത ലാബുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കേണ്ടത്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവൃത്തിക്കുന്ന നീതി ആയോഗിന്റെ ഭാഗമാണ് ടി മിഷൻ. ഇതിനായി പ്രത്യേകം സിലബസ് തയ്യാറാക്കുകയോ പരിശീലനത്തനായി ആരെയും ചുമതലപ്പെടുത്തുകയോ ചെയ്തിട്ടില്ല.

(ബി) സർക്കാർ മേഖലയിൽ വയനാട് ജില്ലയിലെ ഒരു സ്കൂളിലാണ് പ്രസ്തുത ലാബ് സ്ഥാപിച്ചിട്ടുള്ളത്. അടൽ ടിങ്കറിംഗ് ലാബ് സജ്ജീകരിക്കുന്നതിനുള്ള ഗൈഡ്‌ലൈൻ പ്രകാരം ലാബ് ക്രമീകരിക്കുന്നതിന് 1500 ച.അ. ബിൽറ്റ് അപ്പ് സ്പേസ്, സ്ഥിരം വൈദ്യുതി സംവിധാനം, സയൻസ് ലാബ്, വീഡിയോ കോൺഫറൻസിംഗ്, മീറ്റിംഗ് എന്നിവയ്ക്കുള്ള സൗകര്യങ്ങൾ, ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടർ ലാബ്, 6 മുതൽ 10-ാം ക്ലാസ്സുവരെ ചുരുങ്ങിയത് 400 കുട്ടികൾ തുടങ്ങിയവയാണ് മാനദണ്ഡങ്ങൾ.

## വിദ്യാർത്ഥികളുടെ സംഘടിക്കാനുള്ള അവകാശം

24(*113) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. റ്റി.വി.രാജേഷ്:
ശ്രീ. സി.കെ. ഹരീന്ദ്രൻ:
ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളിലൊന്നായ സംഘടിക്കാനുള്ള അവകാശം, വിദ്യാർത്ഥി സംഘടനകൾക്ക് നിഷേധിച്ചത് പരിഹരിക്കാനായി എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ;

(ബി) വിദ്യാർത്ഥികളുടെയും അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെയും സംഘടനാ സ്വാതന്ത്ര്യം പരിരക്ഷിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇടിമുറിയും തടവറകളും ഗുണ്ടകളുമുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ഇല്ലാതാക്കാനുള്ള ഏതെങ്കിലും കോടതി വിധികളോ ഉത്തരവുകളോ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഇത്തരം ദുഷ്പ്രവണതകൾ അവസാനിപ്പിക്കാനായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ & ബി) സംഘടനാ സ്വാതന്ത്ര്യത്തെ പ്രതിപാദിക്കുന്ന ചില കോടതി വിധികളുടെ പശ്ചാത്തലത്തിൽ ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) സ്വാശ്രയ കോളേജുകളിൽ അനാരോഗ്യവും, നിയമ വിരുദ്ധവുമായ പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള നിയമവ്യവസ്ഥകളനുസരിച്ച് ഇക്കാര്യത്തിൽ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇതുമായി ബന്ധപ്പെട്ട് ജസ്റ്റിസ്. ദിനേശൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

**ഭൂമി കയ്യേറ്റം തടയുന്നതിന് നടപടികൾ**

25(*114) ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി കയ്യേറ്റം തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) അനധികൃത കയ്യേറ്റങ്ങൾ സമയബന്ധിതമായി ഒഴിപ്പിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഭൂമി കയ്യേറ്റം ഒഴിപ്പിച്ചതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഭൂമി കയ്യേറ്റങ്ങൾ തടയുന്നതിന് ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.) ന്റെ നേതൃത്വത്തിൽ എല്ലാ തഹസീൽദാർ (ഭൂരേഖ)മാരേയും താലൂക്ക് സർവ്വേയർമാരേയും ഉൾപ്പെടുത്തി ജില്ലാ-താലൂക്ക് അടിസ്ഥാനത്തിൽ ഒരു ടീം രൂപീകരിച്ച് പ്രവൃത്തിച്ചുവരുന്നു. വില്ലേജ് ഓഫീസർ ചാർജ് ഓഫീസർമാർ മുഖേന പുറമ്പോക്ക് പരിശോധിച്ച് കയ്യേറ്റം ഉണ്ടാകാതിരിക്കുന്നതിനും സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കയ്യേറ്റങ്ങൾക്കെതിരെ വില്ലേജ് തലത്തിലുള്ള ജനകീയ സമിതികളുടെ പ്രവർത്തനവും കാര്യക്ഷമമാക്കിയിട്ടുണ്ട്. മറ്റ് വകുപ്പുകളുടെ അധീനതയിൽ വരുന്ന ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് യഥാസമയം നിർദ്ദേശങ്ങളും ആവശ്യമായ സഹായങ്ങളും നൽകിവരുന്നുണ്ട്.

(ബി) അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് 1957-ലെ ഭൂസംരക്ഷണ നിയമവും 1958-ലെ ചട്ടങ്ങളും 2009-ലെ നിയമഭേദഗതിയും ഇടുക്കി ജില്ലയിൽ കെ.ഡി.എച്ച്. വില്ലേജിൽ 1971-ലെ കണ്ണൻദേവൻ മലകൾ (ഭൂമി വീണ്ടെടുത്ത്) നിയമപ്രകാരവും ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. താലൂക്ക് തലത്തിൽ സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് അവധി ദിവസങ്ങൾ ഉൾപ്പെടെ അനധികൃത കയ്യേറ്റങ്ങൾ നിരീക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും പ്രവൃത്തിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26-5-2016 മുതൽ സംസ്ഥാനത്തൊട്ടാകെ 1452 കയ്യേറ്റ കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതും ആയതിൽ കയ്യേറ്റം ഒഴിപ്പിച്ചെടുത്ത് 602 കേസ്സുകളിലായി 195.13.74 ഹെക്ടർ സർക്കാർ ഭൂമി തിരിച്ചുപിടിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ദുരന്ത നിവാരണ അതോറിറ്റി**

26(*115) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന് കീഴിലുള്ള ദുരന്തനിവാരണ അതോറിറ്റിയുടെ ദുരന്തലഘൂകരണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓഖി ദുരന്തമുണ്ടായപ്പോൾ ദുരന്തസാധ്യത അപഗ്രഥനം ചെയ്യുന്നതിൽ ദുരന്തനിവാരണ അതോറിറ്റി പരാജയപ്പെടുകയും ദുരന്തസാധ്യത കുറയ്ക്കുന്നതിനായി മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകുന്നതിൽ വീഴ്ചവരുത്തുകയും ചെയ്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ദുരന്ത നിവാരണ അതോറിറ്റിക്കുണ്ടായ പരാജയമാണ് 77-ൽപ്പരം മത്സ്യത്തൊഴിലാളികൾ മരണമടയുന്നതിനും 324 പേരെ കാണാതാവുന്നതിനും ഇടയാക്കിയത് എന്നത് പരിഗണിച്ച് പ്രസ്തുത അതോറിറ്റിക്കുണ്ടായ വീഴ്ചയെക്കുറിച്ച് അന്വേഷിക്കുമോ;

(ഡി) ശാസ്ത്രീയ അടിത്തറയോടുകൂടിയ ദുരന്ത മുന്നറിയിപ്പ് സാങ്കേതികവിദ്യ സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഓഖി ചുഴലിക്കൊടുങ്കാറ്റ് സംബന്ധിച്ച മുന്നറിയിപ്പ് മത്സ്യത്തൊഴിലാളികൾക്ക് എന്നാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ദുരന്ത നിവാരണ നിയമം 2005 പ്രകാരം സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, സംസ്ഥാന അതോറിറ്റിയുടെ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ, സംസ്ഥാന അതോറിറ്റിയുടെ ഉപദേശക സമിതികൾ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ, ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ എന്നിവ സംസ്ഥാനത്ത് പ്രവൃത്തിച്ചുവരുന്നു.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കാര്യാലയം കാര്യക്ഷമമായും സ്വതന്ത്രമായും പ്രവർത്തനം ആരംഭിച്ചത് 2012 മുതലാണ്. സംസ്ഥാന തലത്തിൽ ദുരന്ത സാഹചര്യങ്ങളുടെ അപഗ്രഥനം, വിവര ശേഖരണം, കേന്ദ്ര ചട്ടപ്പടി സാധ്യമായവയുടെ മുന്നറിയിപ്പ് നൽകൽ, കേന്ദ്ര-സംസ്ഥാന പ്രതികരണ സേനകളുടെ ഏകോപനം എന്നിവ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർവ്വഹിച്ചു വരുന്നു. ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രവും പ്രവൃത്തിച്ചുവരുന്നു. ഈ സംവിധാനങ്ങൾ 24 മണിക്കൂറും പ്രവൃത്തിക്കുന്നു.

ദുരന്ത നിവാരണ നിയമം 2005, സെക്ഷൻ 23 പ്രകാരം സംസ്ഥാന അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി പ്രകാരമാണ്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 7-9-2016-ന് സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി അംഗീകരിക്കുകയും 9-9-2016-ലെ സ.ഉ. (സാധാ) നമ്പർ 3667/2016/ഡി.എം.ഡി. പ്രകാരം സർക്കാർ ഇത് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. പ്രസ്തുത പദ്ധതിയിൽ 12 ഇന ഉപലക്ഷ്യങ്ങളും 27 പദ്ധതികളുമാണ് നടപ്പിലാക്കുന്നത്. ആയത് അനുബന്ധമായി ചേർക്കുന്നു.*

(ബി) ദുരന്ത നിവരാരണ നിയമം 2005 സെക്ഷൻ 18 പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ചുമതലകൾ നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. ഈ ചുമതലകൾ നിർവ്വഹിക്കുന്നതിൽ അതോറിറ്റിക്ക് വീഴ്ചയുണ്ടായിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി & ഡി) കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ NDMA-guidelines-management of cyclones 2008 പ്രകാരവും, കേന്ദ്ര ദുരന്ത നിവാരണ നിയമം 2005 പ്രകാരവും ചുഴലിക്കാറ്റ് പ്രവചിച്ച് അതിന്റെ ആഘാത മേഖല തിരിച്ച് കൃത്യമായ പ്രഖ്യാപനം നടത്തേണ്ടത് കേന്ദ്ര കാലാവസ്ഥാ വകുപ്പാണ്. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ (Cyclone Warning in India- Standard Operation Procedure, 2013) ചുഴലിക്കാറ്റ് മുന്നറിയിപ്പ് മാനദണ്ഡം Section 6.5 പ്രകാരം ചുഴലിക്കാറ്റ് സംബന്ധിച്ച മുന്നറിയിപ്പ് പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് പത്ര സമ്മേളനം നടത്തേണ്ടതും, മാധ്യമങ്ങൾ, ചീഫ് സെക്രട്ടറി, ജില്ലാകളക്ടർമാർ, ഫിഷറീസ് വകുപ്പ് എന്നിവർക്ക് കൃത്യമായി ലളിതമായ ഭാഷയിൽ, ചട്ടം നിർവ്വചിക്കുന്നത് പ്രകാരം നേരിട്ട് വിളിച്ച് മുന്നറിയിപ്പ് നൽകേണ്ടുന്ന ചുമതലയും കേന്ദ്ര കാലാവസ്ഥാ വകുപ്പിനാണ്. അപ്രകാരം ലഭിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ട ചുമതല സംസ്ഥാന സർക്കാരിനാണ് എന്നതാണ് നിലവിലുള്ള നടപടിക്രമം.

22-12-2017-ന് ബഹുമാനപ്പെട്ട കേന്ദ്ര ആഭ്യന്തര മന്ത്രി പാർലമെന്റിൽ നടത്തിയ പ്രസ്താവനയിൽ കേരളത്തിൽ ചുഴലിക്കാറ്റ് മുന്നറിയിപ്പ് നൽകിയത് 30-11-2017-ന് 11.50 a.m.-ന് മാത്രമാണെന്നും, ഈ ചുഴലിക്കാറ്റിന്റെ സവിശേഷതയാണ് ഈ ശാസ്ത്രീയ പരിമിതിക്ക് കാരണമായതെന്നും വ്യക്തമാക്കിയിരുന്നു. സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമം പ്രകാരമുള്ള മുന്നറിയിപ്പുകൾ നൽകാൻ ഈ ശാസ്ത്രീയ പരിമിതിമൂലം സാധിക്കുമായിരുന്നില്ലെന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. 125 വർഷത്തിൽ ആദ്യമായിട്ടാണ് 'അപൂർവ്വങ്ങളിൽ അപൂർവ്വമായി 'വെറും 6 മണിക്കൂർകൊണ്ട് ചുഴലിയായി മാറിയ ഇത്തരം ഒരു പ്രതിഭാസം അറബിക്കടലിൽ ഉണ്ടായതെന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ Doppler Radar പോലും ഈ ചുഴലിയെ തിരിച്ചറിഞ്ഞത് 30-11-2017-ന് രാവിലെയാണ് എന്നും അദ്ദേഹം പ്രസ്താവിച്ചു.

എന്നാൽ 30-11-2017 പകൽ 8.30-ന് ലക്ഷദ്വീപിന് Standard Operating Procedure പ്രകാരം ചുഴലി മുന്നറിയിപ്പ് (Cyclone Alert) കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിച്ചിരുന്നു. Deep Depression over Comorin area & Cyclone

Alert for Lakshadweep Islands-ഈ ബുള്ളറ്റിനിൽ ആണ് ആദ്യമായി ചുഴലിക്കാറ്റാണ് ഈ പ്രതിഭാസം എന്ന അറിയിപ്പ് നൽകുന്നത്. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ പ്രവചനം പരിശോധിച്ചാൽ വ്യക്തമാകുന്നത് 30-11-2017-ന് വൈകിട്ട് 5.30-ന് മാത്രമേ ഇത് ചുഴലിക്കാറ്റായി മാറുകയുള്ളൂ എന്നാണ്. ഇവിടെ തെക്കൻ കേരള തീരത്ത് 45-55 കി.മീ. വേഗത്തിലും ചിലപ്പോൾ 65 കി.മീ. വേഗത്തിലും കാറ്റ് ഉണ്ടാകുമെന്നും അതിനാൽ മത്സ്യത്തൊഴിലാളികൾ അടുത്ത 48 മണിക്കൂർ കടലിൽ പോകുന്നത് ഒഴിവാക്കണമെന്ന് ഉപദേശിക്കണം എന്നുമുള്ള അറിയിപ്പാണ് ഉണ്ടായിരുന്നത്. ഇതോടൊപ്പം നൽകിയിരിക്കുന്ന ദിശാ സൂചന ഭൂപടത്തിൽ നൽകിയിരിക്കുന്നത് കേരളാ തീരത്ത് എത്താതെ ലക്ഷദ്വീപിലേയ്ക്ക് പോകാൻ സാധ്യതയുള്ള ഒരു ചുഴലിയാണ് ഇത് എന്നതാണ്. ലക്ഷദ്വീപിന് നൽകിയ മുന്നറിയിപ്പ് സൂചന ലഭിച്ചു മുതൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി Standard Operating Procedure പ്രകാരം നടപടികൾ ആരംഭിച്ചു.

ഇവിടം മുതൽ സംസ്ഥാന സർക്കാർ അടിയന്തര പ്രവർത്തന ചട്ടങ്ങൾ അനുസരിച്ച് പ്രവൃത്തിച്ചു. അപ്പോഴും കേരളത്തിൽ ചുഴലിയുടെ ആഘാതത്തെക്കുറിച്ച് പരാമർശിക്കാതെ ലക്ഷദ്വീപിൽ ചട്ടപ്പടി ചുഴലി മുന്നറിയിപ്പ് നൽകുകയാണുണ്ടായത്. ഇവിടെയും തെക്കൻ കേരള തീരത്ത് 55-65 കി.മീ. വേഗത്തിലും ചിലപ്പോൾ 75 കി.മീ. വേഗത്തിലും കാറ്റ് ഉണ്ടാകും. തെക്കൻ കേരള തീരത്ത് മത്സ്യത്തൊഴിലാളികൾ അടുത്ത 48 മണിക്കൂർ കടലിൽ പോകുന്നത് ഒഴിവാക്കണമെന്ന് ഉപദേശിക്കണം എന്നുമുള്ള അറിയിപ്പാണുള്ളത്.

ചുഴലിയാണ് ഇതെന്നുള്ള വിവരവും ചട്ടപ്പടി ചുഴലി മുന്നറിയിപ്പ് (Cyclone Alert) ലക്ഷദ്വീപിന് 30-11-2017-ന് രാവിലെ 8.30 ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് നൽകിയതിൽ വൈകിട്ട് 5.30-ന് കേരള തീരത്ത് എത്തുമെന്ന അനുമാനം ഉള്ളത് പരിഗണിച്ച് മുന്നൊരുക്കം നടത്താൻ പൂർണമായും ഉണർന്ന് പ്രവൃത്തിച്ചു. അപകടത്തിൽപ്പെട്ടവരിൽ കൂടുതലും 29-11-2017-നും അതിന് മുൻപും കടലിൽ പോയവരാണ്.

കേന്ദ്ര കാലാവസ്ഥാ വകുപ്പ് പ്രവചിക്കാത്ത ചുഴലി സംബന്ധിച്ച ഒരു തരത്തിലുള്ള മുന്നറിയിപ്പും നൽകാൻ സംസ്ഥാന സർക്കാർ സംവിധാനങ്ങൾക്ക് സാധിക്കില്ല.

കരയിൽനിന്നും സംസ്ഥാന സർക്കാരിന്റെ അധികാര പരിധി കടന്നുപോയാൽ, മൊബൈൽ റേഞ്ചിന് അപ്പുറം, ചെറുകിട മത്സ്യത്തൊഴിലാളികളെ ബന്ധപ്പെടാനും അവർക്ക് മുന്നറിയിപ്പുകൾ നൽകാനും പ്രത്യേക സംവിധാനമൊന്നും രാജ്യത്ത് നിലവിലില്ല. മാധ്യമങ്ങളിലൂടെ പരമാവധി ആളുകളിൽ വിവരം എത്തിക്കുകയെന്നതു മാത്രമാണ് ചെയ്യാൻ സാധിക്കുന്നത്.

ചുഴലിക്കാറ്റ് പ്രവചിക്കാൻ ചുമതലയുള്ള ഏജൻസി ചുഴലിക്കാറ്റ് പ്രവചനം ചട്ടപ്പടി നടത്തിയതിനുശേഷം 30-11-2017-ന് 8.30 a.m. മുതൽ, പ്രസ്തുത വിവരത്തിന് അനുയോജ്യമായ ദുരന്ത സാഹചര്യം നിർവ്വചിക്കാനും മുൻകരുതൽ പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നതിലും സംസ്ഥാന അതോറിറ്റി ഒരു വീഴ്ചയും കാട്ടിയിട്ടില്ല.

## വയൽ നികത്തി വീട് നിർമ്മാണം

27(*116) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-നുമുമ്പ് നികന്നുകിടക്കുന്നതും വില്ലേജ് റെക്കോർഡുകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് അനുമതി നല്കിക്കൊണ്ടുള്ള ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ;

(ബി) ഈ സാഹചര്യത്തിൽ വീട് നിർമ്മാണത്തിനുള്ള അനുമതി നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്നറിയിക്കുമോ;

(സി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് പ്രകാരം തയ്യാറാക്കിയ ഡാറ്റാബാങ്കിൽ തെറ്റായി ഉൾപ്പെട്ടിട്ടുള്ള വിവരങ്ങൾ തിരുത്തുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) 22-12-2016-ൽ പുറപ്പെടുവിച്ച 46848/പി1/16/റവ നമ്പർ സർക്കുലർ, 13194/17-ാം നമ്പർ കേസിലെ 20-8-2017-ലെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ട്.

(ബി) 2008-നുമുമ്പ് നികന്നുകിടക്കുന്നതും വില്ലേജ് റെക്കോർഡുകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി 41/2017-ാം നമ്പർ ഓർഡിനൻസ് മുഖേന 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്.

(സി) ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ തിരുത്തുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടത്തിൽ 30-5-2017-ലെ 301/2017-ാം നമ്പർ വിജ്ഞാപനം മുഖേന ഭേദഗതി വരുത്തിയിട്ടുണ്ട്.

**പുതിയ കാലം പുതിയ നിർമ്മാണം**

28(*117) ശ്രീ. ഡി. കെ. മുരളി:
ശ്രീ. രാജു എബ്രഹാം:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാതിരിക്കുന്നതുവഴി അധികച്ചെലവും പാഴ്ചെലവും ഉണ്ടാകുന്നത് തടയാൻ എന്തെല്ലാം ഇടപെടൽ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പുതിയകാലം പുതിയ നിർമ്മാണം എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിനനുസൃതമായി നൂതന സാങ്കേതികവിദ്യകളിലും നിർമ്മാണ രീതികളിലും, എഞ്ചിനീയർമാർക്കും കരാറുകാർക്കും പരിശീലനം നൽകാൻ പദ്ധതിയുണ്ടോ;

(സി) നിർമ്മാണത്തിലും മേൽനോട്ടത്തിലും വീഴ്ച വരുത്തുന്ന കരാറുകാരെയും ഉദ്യോഗസ്ഥരെയും അതിന്റെ നഷ്ടം വഹിക്കാൻ ബാദ്ധ്യസ്ഥരാക്കുന്നതിന് നിയമനിർമ്മാണം ഉദ്ദേശിക്കുന്നുണ്ടോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് പ്രവൃത്തികളിൽ സോഷ്യൽ ആഡിറ്റിംഗ് നടപ്പിലാക്കിക്കൊണ്ട് G.O.(Ms)No.1/2018/PWD തീയതി 5-1-2018 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുമരാമത്ത് റോഡുകളിൽ KWA, KSEB, BSNL, മറ്റ് സ്വകാര്യ ടെലികോം സേവന ദാതാക്കൾ തുടങ്ങിയവരുടെ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് 5-1-2018-ലെ G.O.(Rt) No. 30/2018/PWD പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതുവഴി പ്രവൃത്തികളുടെ കാലതാമസവും പാഴ്ചെലവുകളും ഒഴിവാക്കാവുന്നതാണ്. കൂടാതെ

വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലം ഉറപ്പാക്കിയതിനുശേഷം മാത്രം പ്രവൃത്തികളുടെ ടെൻഡർ ചെയ്യുന്ന രീതിയും നടപ്പിലാക്കുന്നുണ്ട്. പ്രവൃത്തികളുടെ എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്ന കാലയളവിൽത്തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വകുപ്പിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നുണ്ട്. നിശ്ചയിച്ചിട്ടുള്ള കാലാവധിക്കുള്ളിൽത്തന്നെ പ്രവൃത്തികൾ പൂർത്തീകരിക്കാത്ത കരാറുകാർക്ക് പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കി പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവസരം നൽകുന്നുണ്ട്. പ്രവൃത്തികൾ അനിശ്ചിതമായി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ നടപടികൾ സ്വീകരിച്ച് അവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ബി) "പുതിയ കാലം പുതിയ നിർമ്മാണം" എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിനനുസൃതമായി നൂതന സാങ്കേതികവിദ്യകളിലും നിർമ്മാണ രീതികളിലും വകുപ്പിലെ എഞ്ചിനീയർമാർക്ക് പരിശീലനം നൽകിവരുന്നുണ്ട്. കരാറുകാർക്കും പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോൺട്രാക്ടർമാർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്ന 'Contractors Academy' പരിഗണനയിലാണ്.

(സി) ഉണ്ട്.

പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളുടെ നിർമ്മാണത്തിലുണ്ടാകുന്ന വീഴ്ചകൾ ആ പ്രവൃത്തിയുടെ കരാറുകാരുടെ ചെലവിൽത്തന്നെ പരിഹരിച്ചു വരുന്നുണ്ട്. അല്ലാത്തപക്ഷം അവർക്കെതിരെ നിയമ നടപടികളും സ്വീകരിക്കുന്നുണ്ട്. കൂടാതെ നിർമ്മാണ പ്രവർത്തനങ്ങളിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

### സ്കൂളുകളും കോളേജുകളും ലഹരി വിമുക്തമാക്കുന്നതിന് പദ്ധതി

29(*119) ശ്രീ. കെ. ബാബു:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളും കോളേജുകളും ലഹരി വിമുക്തമാക്കുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) വിദ്യാർത്ഥികൾ ലഹരി വ്യാപാരത്തിന്റെ ഇടനിലക്കാരാകുന്നത് തടയുന്നതിനും വിദ്യാലയങ്ങളുടെ സമീപത്ത് ലഹരിപദാർത്ഥങ്ങളുടെ ലഭ്യത ഇല്ലാതാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് എതെല്ലാം വകുപ്പുകളുടെ ഏകോപനമാണ് സാധ്യമാക്കിയിട്ടുള്ള തെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സ്കൂളുകളും കോളേജുകളും ലഹരി വിമുക്തമാക്കുന്നതിന് എല്ലാ സ്കൂളുകളിലും ലഹരി വിമുക്ത ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂളുകളിലെ കുട്ടികൾക്ക് ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതുമൂലമുള്ള ദൂഷ്യവശങ്ങൾ സംബന്ധിച്ച് കൗൺസിലിംഗ് നൽകുന്നുണ്ട്. മാത്രമല്ല സ്കൂൾ തലത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കുകയും, സ്കൂളിന്റെ നൂറുവാര ചുറ്റളവിൽ ലഹരി വസ്തുക്കളുടെ വിൽപ്പന നിരോധിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ, 'വിമുക്തി', കോളേജ് അദ്ധ്യാപകർക്കായി ഏകദിന ശില്പശാല നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. 'വിമുക്തി'യുടെ ഭാഗമായി അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ എക്സൈസ് വകുപ്പിന്റെ സഹായത്തോടെ ശനിയാഴ്ചകളിൽ കോളേജുകളിൽവച്ച് നടത്തുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

ലഹരി വിരുദ്ധ മനോഭാവം കുട്ടികളിൽ വളർത്തിയെടുക്കുന്നതിനും ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യഫലങ്ങളെക്കുറിച്ചും അതുണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന വിവരങ്ങൾ വിവിധ വിഷയങ്ങളുടെ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം സംബന്ധിച്ച് എല്ലാ സ്കൂളുകളിലും ബോധവത്ക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്. സ്കൂളിന്റെ 100 വാര ചുറ്റളവിൽ പുകയില ഉൽപ്പന്നങ്ങളും ലഹരി പദാർത്ഥങ്ങളും വിൽക്കുന്നത് കർശനമായി നിരോധിച്ചിട്ടുണ്ട്. കൂടാതെ ഇതുസംബന്ധിച്ച് എക്സൈസ്, പോലീസ് നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കോളേജ് പ്രിൻസിപ്പൽമാർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. സ്കൂളിലെ അക്കാദമിക മാസ്റ്റർ പ്ലാനിൽ ലഹരി വിമുക്ത പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പ്, എക്സൈസ് വകുപ്പ്, ആഭ്യന്തര വകുപ്പ്, സാമൂഹ്യനീതി വകുപ്പ് എന്നിവയുടെ ഏകോപനവും സാധ്യമാക്കിയിട്ടുണ്ട്.

## നീലക്കുറിഞ്ഞി ഉദ്യാന സംരക്ഷണം

30(*120) ശ്രീ. പി. ടി. തോമസ്:

ശ്രീ. കെ. സി. ജോസഫ്:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീലക്കുറിഞ്ഞി ഉദ്യാനം സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ഇതുസംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച മന്ത്രിതല സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയാണ്;

(സി) നീലക്കുറിഞ്ഞി ഉദ്യാനം ഉൾക്കൊള്ളുന്ന വട്ടവട, കൊട്ടക്കമ്പൂർ വില്ലേജുകളിൽ വൻകിട കയ്യേറ്റങ്ങളും വ്യാജ പട്ടയങ്ങളും കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) വനം വകുപ്പിന്റെ 6-10-2006-ലെ ജി.ഒ.(പി)36/2006/F&WLD നമ്പർ ഉത്തരവ് പ്രകാരം വട്ടവട വില്ലേജിലെ ബ്ലോക്ക് 62- ലും, കൊട്ടക്കമ്പൂർ വില്ലേജിലെ ബ്ലോക്ക് 58-ലുംപെട്ട ഏകദേശം 3200 ഹെക്ടർ ഭൂമിയിൽ ഒരു നീലക്കുറിഞ്ഞി സങ്കേതം രൂപീകരിക്കുന്നതിനായി വനം വകുപ്പ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ളതും, വനം വകുപ്പിന്റെ 12-10-2007-ലെ സ.ഉ. (കൈ) 74/07/ FWLD ഉത്തരവ് പ്രകാരം ദേവികുളം സബ് കളക്ടറെ സാംഗ്ച്വറിക്കായി നോട്ടിഫൈ ചെയ്ത പ്രദേശത്തെ പ്രശ്നങ്ങൾ പഠിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുന്നതിലേയ്ക്കായി സെറ്റിൽമെന്റ് ഓഫീസറായി നിയമിച്ചിട്ടുള്ളതുമാണ്.

(ബി) മന്ത്രിതല സമിതി റിപ്പോർട്ട് പരിഗണിച്ചുവരികയാണ്. ശിപാർശകൾ അന്തിമമാക്കിയിട്ടില്ല.

(സി) ടി ഭൂമിയിലെ കയ്യേറ്റങ്ങളും പട്ടയഭൂമികളും വേർതിരിച്ച് കയ്യേറ്റമുണ്ടെങ്കിൽ അയത് ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ദേവികുളം സബ്കളക്ടറുടെ നേതൃത്വത്തിൽ നടത്തിവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കെ.പി. റോഡ് വികസനവും മാവേലിക്കര, വഴുവാടിപാലം നിർമ്മാണവും

1 (1115) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. പി. റോഡ് അതീവ തിരക്കുള്ള റോഡായി മാറിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൂടുതൽ ശാസ്ത്രീയമായി ഈ റോഡ് വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇതിന് അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) മാവേലിക്കര മണ്ഡലത്തിലെ വഴുവാടിപാലം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പാലം നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള 7/10 വരെ മീറ്റർ വീതിയുള്ള പാത 9 മീറ്റർ ആയി വികസിപ്പിക്കാനുള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(സി) വഴുവാടി പാലത്തിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കിയതിനുശേഷം പാലം നിർമ്മാണം ആരംഭിക്കാൻ കഴിയും.

### പി.ഡബ്ല്യൂ.ഡി. റോഡുകളുടെ അറ്റകുറ്റപ്പണി

2(1116) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.ഡബ്ല്യൂ.ഡി.-ക്ക് കീഴിൽ എത്ര കിലോമീറ്റർ റോഡ് ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ സ്റ്റേറ്റ് ഹൈവേ, മേജർ ഡിസ്ട്രിക് റോഡുകൾ എന്നിവയുടെ കണക്ക് പ്രത്യേകം വ്യക്തമാക്കുമോ;

(സി) 2017-18-ൽ റോഡുകളുടെ കുഴി അടയ്ക്കുന്നതടക്കമുള്ള അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കുന്നതിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; ഇതിൽ എത്രകോടി രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ ആകെ 1781.5 കി.മീ. ദൈർഘ്യമുള്ള 11 ദേശീയപാതകളാണുള്ളത്. അതിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ അധീനതയിൽ 1558 കി.മീ. ദൈർഘ്യമുള്ള 10 റോഡുകളാണുള്ളത്. ബാക്കി 223.5 കി.മീ. ദൈർഘ്യമുള്ള ദേശീയപാത നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ പരിധിയിലാണ്.

പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൻകീഴിൽ ആകെ 31812.106 കി.മീ. റോഡുകളുണ്ട്.

(ബി) 4341.651 കി.മീ. ദൈർഘ്യമുള്ള സ്റ്റേറ്റ് ഹൈവേയും 27470.455 കി.മീ. ദൈർഘ്യമുള്ള മേജർ ഡിസ്ട്രിക്ട് റോഡുകളും പൊതുമരാമത്ത് വകുപ്പിന് (നിരത്തുകളും പാലങ്ങളും വിഭാഗം) കീഴിലുണ്ട്.

(സി) 2017-18-ൽ ദേശീയപാത വിഭാഗത്തിലെ വിവിധ റോഡുകളുടെ കുഴി അടയ്ക്കുന്നതടക്കമുള്ള അറ്റകുറ്റപ്പണി നടത്തുന്നതിനായി 12.30 കോടി രൂപ അനുവദിച്ചിരുന്നു. ഇതിൽനിന്നും 8,28,71,914 രൂപ ചെലവഴിച്ചിട്ടുള്ളതാണ്.

നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ റോഡുകളുടെ കുഴി അടയ്ക്കുന്നതടക്കമുള്ള അറ്റകുറ്റപ്പണിനടത്തി ഗതാഗതയോഗ്യമാക്കുന്നതിന് നാളിതുവരെ 335.689 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 125.777 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## പി.ഡബ്ല്യൂ.ഡി. റോഡ് കയ്യേറ്റം ഒഴിപ്പിച്ചെടുക്കാൻ നടപടി

3 (1117) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല പി.ഡബ്ല്യൂ.ഡി. റോഡുകളിലും സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും സ്ഥലം കയ്യേറി മതിൽ കെട്ടിയും കെട്ടിടങ്ങളുടെ മുൻ വശങ്ങൾ ഇറക്കി പണിതും ഉപയോഗിക്കുന്നതുമൂലം ഗതാഗത തടസ്സവും, റോഡ് പുനരുദ്ധാരണ സമയം കയ്യേറ്റം ഒഴിപ്പിക്കുന്നതിനും മറ്റുമായി അനാവശ്യമായ കാലതാമസം ഉണ്ടാകുന്നതും പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് ബന്ധപ്പെട്ട പി.ഡബ്ല്യൂ.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ, വില്ലേജ് ആഫീസർ, താലൂക്ക് സർവ്വേയർ എന്നിവരുടെ ഒരു സമിതി രൂപീകരിച്ച് റോഡ് കയ്യേറ്റം സമയബന്ധിതമായി ഒഴിപ്പിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പലയിടത്തും കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പിന്തുണ കിട്ടുന്നില്ല. കിട്ടുന്നിടത്ത് ഇത് നടപ്പാക്കും.

(ബി) നിലവിൽ പി.ഡബ്ല്യു.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ ബന്ധപ്പെട്ട താലൂക്ക് സർവ്വേയർക്കും കളക്ടർക്കും രേഖാമൂലം കയ്യേറ്റമുണ്ടോയെന്ന് പരിശോധിച്ച് അറിയിക്കാനും അവരുടെ റിപ്പോർട്ട് പ്രകാരം നിയമാനുസൃതം നോട്ടീസ് നൽകി കയ്യേറ്റം ഒഴിപ്പിക്കുകയുമാണ് ചെയ്യുന്നത്. സമിതിയുടെ കാര്യം പരിശോധിക്കാവുന്നതാണ്.

(സി) ബാധകമല്ല.

**പി.ഡബ്ല്യൂ.ഡി. റോഡുകളുടെ പുനരുദ്ധാരണം**

4(1118) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.ഡബ്ല്യു.ഡി. റോഡുകളുടെ പുനരുദ്ധാരണത്തിനായി എസ്.എൽ.റ്റി.എഫ്. പദ്ധതി പ്രകാരം എത്ര തുക അനുവദിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ബി) പാലക്കാട് ജില്ലയിലെ ഓരോ അസംബ്ലി മണ്ഡലത്തിലെയും പി.ഡബ്ല്യു.ഡി. റോഡുകളുടെ അറ്റകുറ്റപ്പണിയ്ക്കും, പുനരുദ്ധാരണത്തിനുമായി എസ്.എൽ.റ്റി.എഫ്. പ്രകാരം ഈ സർക്കാർ നാളിതുവരെ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എസ്.എൽ.റ്റി.എഫ്. പ്രകാരം എത്ര റോഡുകളിൽ അറ്റകുറ്റപണി നടത്തുന്നതിനായി ഫണ്ട് അനുവദിച്ചുവെന്നും തുക എത്രയെന്നും അറിയിക്കുമോ;

(ഡി) അനുവദിക്കപ്പെട്ട ഏതെല്ലാം റോഡുകളിൽ അറ്റകുറ്റപ്പണി നടത്തി; ഓരോ റോഡിന്റെയും അറ്റകുറ്റപ്പണി നടത്തിയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ-ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.ഡബ്ല്യു.ഡി. റോഡുകളുടെ പുനരുദ്ധാരണത്തിനായി എസ്.എൽ.റ്റി.എഫ് പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം 105.701 കോടി രൂപയും 2017-18 സാമ്പത്തിക വർഷം നാളിതുവരെ 96.678 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

എസ്.എൽ.റ്റി.എഫ്. പ്രകാരം നിരത്തു വിഭാഗത്തിന്റെ കീഴിലെ റോഡുകളിൽ 2016-17 സാമ്പത്തിക വർഷം 5147 പ്രവൃത്തികൾക്കായി 386.963 കോടി രൂപയും 2017-18 സാമ്പത്തിക വർഷം നാളിതുവരെ 3675 പ്രവൃത്തികൾക്കായി 335.689 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ ഓരോ അസംബ്ലി മണ്ഡലത്തിലെയും പി.ഡബ്ല്യൂ.ഡി. റോഡുകളുടെ അറ്റകുറ്റപ്പണിക്കും പുനരുദ്ധാരണത്തിനുമായി എസ്.എൽ.റ്റി.എഫ്. പ്രകാരം അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**എസ്.എൻ. ജംഗ്ഷൻ മുതൽ പൂത്തോട്ട വരെയുള്ള റോഡിന്റെ വികസനം**

5(1119) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ എസ്.എൻ. ജംഗ്ഷൻ മുതൽ പൂത്തോട്ട വരെയുള്ള റോഡിന്റെ വികസനത്തിനായി സർക്കാർ പ്രഖ്യാപിച്ച പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഈ റോഡിന്റെ വികസനത്തിനായുള്ള അലൈൻമെന്റ് തീരുമാനമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ;

(സി) റോഡിന്റെ വികസനത്തിനായി നേരത്തെ ഏതെങ്കിലും ഏജൻസി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വിശദമാക്കുമോ;

(ഡി) ഇത്തരത്തിൽ ഒരു റിപ്പോർട്ട് ഉണ്ടായിട്ടും ഈ പദ്ധതിയുടെ റിപ്പോർട്ട് കിഫ്ബിയുടെ പരിഗണനയിൽ എത്തിക്കുന്നതിൽ വന്ന കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കേണ്ടത് വകുപ്പ് തീരുമാനിക്കുന്ന ഏജൻസിയാണെന്നിരിക്കെ പ്രസ്തുത പദ്ധതി കിഫ്ബിയുടെ മുമ്പാകെ സമർപ്പിക്കുന്നത് വൈകിപ്പിക്കുന്ന പ്രവണത ചില ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നെങ്കിലും ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ പദ്ധതിയിൽ കാലതാമസം ഉണ്ടായതിന്റെ കാരണം എന്തെന്ന് പരിശോധിച്ച് വിവരം അറിയിക്കുമോ; ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) ഈ പദ്ധതിയുടെ അലൈൻമെന്റിന് 25-1-2018-ന് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ അംഗീകാരം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത റോഡ് വികസനത്തിന്റെ രൂപരേഖയും ഡി.പി.ആർ.-ഉം തയ്യാറാക്കുന്നതിന് 6-2-2014-ലെ സ.ഉ. (സാധാ.) നമ്പർ 183/14/പൊ.മ.വ. പ്രകാരം കിറ്റ്കോ ലിമിറ്റഡിനെ ഏൽപ്പിക്കുകയും തുടർന്ന് ഏപ്രിൽ 2014-ൽ പ്രവൃത്തി പൂർത്തീകരിച്ച് അലൈൻമെന്റും ഡി.പി.ആർ.-ഉം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കിറ്റ്കോ 2014-ൽ അന്നത്തെ SoR പ്രകാരം സമർപ്പിച്ച ഡി.പി.ആർ. പ്രൈസ് സോഫ്റ്റ്വെയർ ഉപയോഗിച്ച് CTE നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി പരിഷ്കരിച്ചതിനുശേഷമാണ് അലൈൻമെന്റിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്.

(ഇ) ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) അംഗീകരിച്ച അലൈൻമെന്റ് പ്രകാരമുള്ള ഡി.പി.ആർ. തയ്യാറാക്കിയതിനുശേഷം മാത്രമേ കിഫ്ബിക്ക് അംഗീകാരത്തിനായി സമർപ്പിക്കാൻ കഴിയുകയുള്ളൂ.

**റോഡ് നിർമ്മാണത്തിനായുള്ള ആധുനിക സാങ്കേതികവിദ്യകൾ**

6(1120) ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിനായി എന്തെല്ലാം ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്ലാസ്റ്റിക് മാലിന്യ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി പ്ലാസ്റ്റിക്, പോളിമർ എന്നിവ ചേർന്ന മിശ്രിതം ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നതിന് പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് പരീക്ഷണാടിസ്ഥാനത്തിൽ പ്ലാസ്റ്റിക്, പോളിമർ മിശ്രിതം ഉപയോഗിച്ച് റോഡ് നിർമ്മാണം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡ് നിർമ്മാണത്തിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിന്റെ ഭാഗമായി റോഡുകളുടെ പ്രവൃത്തികളിൽ NRMB (National Rubberised Modified Bitumen), ഉപയോഗ ശൂന്യമായ ശുദ്ധീകരിച്ച ഷ്രെഡഡ് പ്ലാസ്റ്റിക്, റോഡിന്റെ അടിസ്ഥാനത്തിന് ആവശ്യമായ ഉറപ്പില്ലാത്ത സ്ഥലങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് ഉറപ്പുവരുത്തുക എന്നീ രീതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടാറിംഗിലെ നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവയും റബ്ബറൈസ്ഡ് ബിറ്റുമിനും ഉപയോഗിച്ചാണ് ദേശീയപാത വിഭാഗത്തിൽ റോഡ് നിർമ്മാണം നടത്തുന്നത്.

കൂടാതെ നിലവിലെ നൂതന സാങ്കേതികവിദ്യകളുംമറ്റും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കാൻ സാധിക്കുംവിധം ദേശീയപാതാ വിഭാഗത്തിൽ കരാറുകൾ ഇ.പി.സി. വ്യവസ്ഥയിലും നടപ്പാക്കിവരുന്നുണ്ട്. ഈ വ്യവസ്ഥയിൽ നടപ്പിലാക്കുമ്പോൾ നൂതന സാങ്കേതികവിദ്യകളും ലഭ്യമായിട്ടുള്ള ആധുനിക നിർമ്മാണ സാമഗ്രികളും നിർമ്മാണത്തിൽ ഉപയോഗിക്കാൻ കരാറുകാരന് സ്വാതന്ത്ര്യം നൽകുന്ന വ്യവസ്ഥകളുണ്ട്. മേൽപ്പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനാൽ നിർമ്മിച്ചിട്ടുള്ള റോഡുകളുടെ സ്ഥിതി മെച്ചപ്പെട്ടതാകുന്നുണ്ട്. അത്യാധുനിക സാങ്കേതികവിദ്യയായ മില്ലിംഗ് ആന്റ് റീ-സൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിച്ചിട്ടുണ്ട്. ഈ സാങ്കേതികവിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിന് ശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമന്റ് എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയുമാണ് ചെയ്യുന്നത്.

(ബി-സി) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ വരുന്ന പ്രവൃത്തികളിൽ ശൂന്യമായ ശുദ്ധീകരിച്ച ഷ്രെഡ്ഡ് പ്ലാസ്റ്റിക് ബിറ്റുമിനസ് കോൺക്രീറ്റിനോട് ചേർത്ത് റോഡുകൾ നിർമ്മിക്കുന്നുണ്ട്. ഇതിനായി 2016-17, 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികളിൽ ടി വ്യവസ്ഥകൾ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് പരീക്ഷണാടിസ്ഥാനത്തിൽ ബിറ്റുമിനോടൊപ്പം പ്ലാസ്റ്റിക് കൂടി ചേർത്തുകൊണ്ട് പൊതുമരാമത്ത് വകുപ്പ് റോഡുകളും പാലങ്ങളും വിഭാഗത്തിനുകീഴിൽ റോഡ് ടാറിംഗ് നടത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് റോഡുകളും പാലങ്ങളും വിഭാഗം തിരുവനന്തപുരം, കൊല്ലം, എറണാകുളം, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലായി 27.45 കി.മീ. ദൈർഘ്യം വരുന്ന റോഡുകളിൽ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് ഉപയോഗിച്ച് 20 എം.എം. ചിപ്പിംഗ് കാർപ്പറ്റ് ഉപരിതലം നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ബി.എം.&ബി.സി. പ്രവൃത്തികളിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ചുള്ളിയൂർ-ചടച്ചി-മാർത്താണ്ടം റോഡിൽ മാരായമുട്ടം ഭാഗത്ത് 1 കീ.മി. ദൂരം വരുന്ന ബി.സി. ഉപരിതലം പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുണ്ട്.

## ടോൾ പിരിവ്

7(1121) <u>ശ്രീ. വി. അബ്ദുറഹിമാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സർക്കാരിൻെറ നിയന്ത്രണത്തിലുള്ള റോഡുകൾ, പാലങ്ങൾ, മേൽപ്പാലങ്ങൾ എന്നിവയ്ക്ക് ഏർപ്പെടുത്തിയിരുന്ന ടോൾ പിരിവ് സംബന്ധിച്ച് ഈ സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടോൾ പിരിവുമായി ബന്ധപ്പെട്ട് നടത്തിയ ഇടപെടലും ഇതുസംബന്ധിച്ച സർക്കാരിന്റെ നയവും വ്യക്തമാക്കുമോ;

(സി) ദേശീയപാത അതോറിറ്റി മറ്റ് ഏജൻസികൾവഴി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ടോൾ ഈടാക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ; പ്രസ്തുത നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) മുൻ സർക്കാരിന്റെ കാലത്ത് സർക്കാരിന്റെ നിയന്ത്രണത്തിലുള്ള റോഡുകൾ, പാലങ്ങൾ, മേൽപ്പാലങ്ങൾ എന്നിവയ്ക്ക് ഏർപ്പെടുത്തിയിരുന്ന ടോൾ പിരിവ് സംബന്ധിച്ച് ഈ സർക്കാർ അവലോകനം നടത്തിയിട്ടുണ്ട്. ടോൾ രഹിത റോഡ് എന്നതാണ് സർക്കാരിന്റെ നയം. ഈ നയത്തിന്റെ ഭാഗമായി ഇരുമ്പനം റെയിൽവേപ്പാലം, കൊച്ചി-മധുര ദേശീയപാതയിലെ തൃപ്പൂണിത്തുറ എസ്.എൽ. ജംഗ്ഷൻ റെയിൽവേ മേൽപ്പാലം, എറണാകുളം ജില്ലയിലെ എയർപോർട്ട്, തുറമുഖറോഡ് എന്നിവയുടെ ടോൾ പിരിവ് G.O. (MS) No. 74/2016/PWD dated 11-11-2016 പ്രകാരം അവസാനിപ്പിക്കുകയുണ്ടായി.

(സി) 100 കോടി രൂപയ്ക്കുമേൽ നിർമ്മാണ ചെലവ് വരുന്ന പാലങ്ങൾ, റോഡുകൾ, മേൽപ്പാലങ്ങൾ എന്നിവയ്ക്ക് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ടോൾ പിരിവ് നടത്തുന്നത്.

**പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം**

8(1122) ശ്രീ. റോജി എം. ജോൺ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങളുടെയും പാലങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്താൻ നിലവിലുള്ള സംവിധാനം എന്താണ്;

(ബി) സംസ്ഥാനത്തെ പാലങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ; അപകടാവസ്ഥയിലുള്ള പാലങ്ങളിൽ 25 വർഷത്തിന് താഴെ കാലപ്പഴക്കമുള്ള പാലങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ;

(സി) അപകടാവസ്ഥയിലുള്ള പാലങ്ങൾ പുനർനിർമ്മിക്കുന്നതിനും കേടുപാടുകൾ തീർക്കുന്നതിനും എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനായിട്ടുള്ള ഫണ്ട് എപ്രകാരമാണ് കണ്ടെത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മിതികൾക്ക് കുറഞ്ഞത് 100 വർഷമെങ്കിലും എങ്കിലും കേടുപാടുണ്ടാകില്ലെന്ന് ഉറപ്പ് വരുത്തുന്നതിനും അതിന്റെ ഉത്തരവാദിത്തം ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാക്കുന്നതിനും പുതിയ നിയമ നിർമ്മാണം നടത്താൻ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി Two-tier Quality Control System നിലവിലുണ്ട്. ഇതിൻപ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്താറുണ്ട്. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി ടി വകുപ്പിന്റെ അധീനതയിൽ ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ഓഫീസും അതിനോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലാബും പ്രവൃത്തിച്ചുവരുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനിൽ പ്രവൃത്തിച്ചുവരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുമ്പോൾ പ്രവൃത്തി നടക്കുന്ന സ്ഥലം സന്ദർശിക്കുകയും ചെയ്തു പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുക, സാമ്പിളുകൾ ശേഖരിക്കുക ആയവ ക്വാളിറ്റി കൺട്രോൾ ലാബിൽ എത്തിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറാണുള്ളത്. ആയതിന്റെ പരിശോധനാ ഫലം ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറുകയും ചെയ്യാറുണ്ട്. കൂടാതെ ദേശീയപാതാ വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്.

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിന്റെ ചട്ടം 2401.1 പ്രകാരം ത്രിതല ഗുണനിലവാര പരിശോധന നിഷ്കർഷിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ പണിയുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രാഥമിക ഗുണനിലവാര പരിശോധന നിർമ്മാണ

പ്രവൃത്തികളുടെ ചുമതലയുള്ള ഫീൽഡ് ഓഫീസറുടെ മേൽനോട്ടത്തിൽ കരാറുകാർ അംഗീകൃത ലാബുകളിൽ നടത്തേണ്ടതും രണ്ടാംഘട്ട ഗുണനിലവാര പരിശോധന ക്വാളിറ്റി കൺട്രോൾ ലാബുകളിലെ ഉദ്യോഗസ്ഥർ റാൻഡമായി പരിശോധിക്കുകയും പരിശോധനാ റിപ്പോർട്ട് ചീഫ് എഞ്ചിനീയർമാർക്കും അതത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും അയച്ചുകൊടുക്കേണ്ടതുമാണ്. ഇതുകൂടാതെ 5 കോടി രൂപയ്ക്ക് മുകളിൽ വരുന്ന നിർമ്മാണ പ്രവൃത്തികൾ ആവശ്യാനുസരണം പൊതുമരാമത്ത് വകുപ്പിന് പുറത്തുള്ള വിദഗ്ദ്ധൻമാരുടെ നേതൃത്വത്തിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാകുന്നതാണ്. തൃപ്തികരമല്ലാത്ത പരിശോധനാ ഫലങ്ങൾ തുടർ നടപടികൾക്കായി പൊതുമരാമത്ത് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (വിജിലൻസ്) അയച്ചുകൊടുക്കുന്നു.

പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ക്വാളിറ്റി ആഡിറ്റിംഗ് നിലവിലെ പൊതുമരാമത്ത് മാന്വൽ പ്രകാരം നടപ്പിലാക്കുന്നുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തനം നടത്തിവരുന്നു. പ്രവൃത്തികളുടെ ബില്ലിനോടൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റുകൾ പ്രവൃത്തികളുടെ പേമെന്റ് നൽകുന്നതിന് നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ ചെറുതും വലുതുമായ പാലങ്ങളും ഫ്ലൈഓവറുകളും ഉൾപ്പെടെ 499 എണ്ണമാണുള്ളത്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ഉത്തരവ് അനുസരിച്ച് M/s TPF Engineering Pvt Ltd (formerly known as SN BHOBE Associates Pvt Ltd.) എന്ന കമ്പനി പഠനം നടത്തുകയും ഇതിൽ 14 എണ്ണത്തിന് അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ടെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പാലങ്ങൾ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതാണ്. സംസ്ഥാനത്തെ പാലങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ സംസ്ഥാനത്തെ പാലങ്ങളുടെ സ്ഥിതി വിവരങ്ങൾ പരിശോധിച്ചതിൽ 162 പാലങ്ങൾക്ക് പുനർ നിർമ്മാണം ആവശ്യമാണെന്നും 208 പാലങ്ങൾ പുനഃപരിശോധനയ്ക്കുശേഷം പുനർനിർമ്മാണമോ പുനരുദ്ധരീകരണമോ (ഹെവി മെയിന്റനൻസ്) ആവശ്യമുള്ളതാണെന്നും 1473 പാലങ്ങൾക്ക് സാധാരണ അറ്റകുറ്റപ്പണികൾ ആവശ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്. അപകടാവസ്ഥയിലുള്ള പാലങ്ങളിൽ 25 വർഷത്തിനു താഴെ കാലപ്പഴക്കമുള്ള പാലങ്ങൾ ഉൾപ്പെട്ടിട്ടില്ല.

(സി) അപകടാവസ്ഥയിലായ പാലങ്ങൾ പുനർനിർമ്മിക്കുന്നതിന്റെയും കേടുപാടുകൾ തീർക്കുന്നതിന്റെയും ഭാഗമായി പുനർനിർമ്മിക്കേണ്ടതും പുനരുദ്ധാരണം ആവശ്യമുള്ളതുമായ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ/വിശദമായ പരിശോധന നടത്തി ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ആലോചിച്ചു വരുന്നു.

**റോഡ് നിർമ്മാണ സാമഗ്രികൾക്ക് ക്ഷാമം**

9(1123) <u>ശ്രീ. സി. കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റോഡ് നിർമ്മാണ സാമഗ്രികൾക്ക് ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് പരിഗണനയിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഉണ്ട്. ആയത് പരിഹരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൂടുതൽ ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകാനായി തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും റോഡ് നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ നികുതി ഇളവ് വരുത്തി അനുമതി നൽകാമെന്നും തീരുമാനമായിട്ടുണ്ട്. കൂടാതെ മറ്റ് രാജ്യങ്ങളിൽനിന്നും മണൽ തുടങ്ങിയ അസംസ്കൃത വസ്തുക്കൾ ഇറക്കുമതി ചെയ്യുന്നതിനെക്കുറിച്ച് പരിശോധിച്ചു വരുന്നു.

**വയനാട് ചുരം റോഡിന്റെ അറ്റകുറ്റപ്പണികൾ**

10(1124) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ചുരം റോഡിലെ വളവുകൾ തകർന്നതിനെത്തുടർന്ന് വാഹനങ്ങൾ ചുരത്തിൽ കുടുങ്ങുകയും അത് രൂക്ഷമായ ഗതാഗതക്കുരുക്കിന് കാരണമാകുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണികൾക്ക് ടെണ്ടർ വിളിച്ചിട്ടും ടെണ്ടർ എടുക്കാൻ കരാറുകാർ തയ്യാറാകാതിരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) അടിയന്തര സാഹചര്യങ്ങളിൽ കരാറുകാരെ ആശ്രയിക്കാതെ സമയബന്ധിതമായി റോഡ് അറ്റകുറ്റപ്പണികൾ ഉൾപ്പെടെയുള്ള മരാമത്ത് ജോലികൾ നിർവ്വഹിക്കുന്നതിനായി ബദൽ സംവിധാനം ഒരുക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ&ബി ) ഉണ്ട്.

(സി) അടിയന്തര സാഹചര്യത്തിൽ കരാറുകാരെ ആശ്രയിക്കാതെ സമയബന്ധിതമായി റോഡ് അറ്റകുറ്റപ്പണികൾ നിർവ്വഹിക്കാനായി സെക്ഷൻ ഓഫീസർമാർക്ക് ഇംപ്രസ്റ്റ് നൽകണമെന്നുള്ള നിർദ്ദേശം ജില്ലാ കളക്ടറും പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും 3-1-2018-ന് പങ്കെടുത്ത ചുരം അവലോകന യോഗത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മേൽ സാഹചര്യത്തിൽ നേരിട്ട് പ്രവൃത്തി നടത്തുന്ന കാര്യവും പരിഗണിക്കണമെന്ന് നിർദ്ദേശിച്ചു. ഇക്കാര്യം പരിശോധിക്കുന്നതാണ്.

**വയനാട് ജില്ലയിൽ താളിപ്പാറ കടവ് പാലം**

11(1125) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ താളിപ്പാറ കടവ് പാലം നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നുണ്ടോ;

(ബി) ഭരണാനുമതി ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണമെന്താണ്;

(സി) പദ്ധതി നടത്തിപ്പ് നീണ്ടുപോകുന്നത് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പാലത്തിന്റെ രൂപകല്പനയ്ക്ക് കാലതാമസം നേരിട്ടിരുന്നു.

(സി) പ്രസ്തുത പ്രവൃത്തിക്ക് 17.55 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ഈസ്റ്റ് ഒറ്റപ്പാലം, കണ്ണിയംപുറം എന്നീ പാലങ്ങളുടെ പുനർ നിർമ്മാണം**

12 (1126) <u>ശ്രീ. പി. ഉണ്ണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണിയംപുറം, ഈസ്റ്റ് ഒറ്റപ്പാലം എന്നീ പാലങ്ങൾ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) എന്നാണ് ഫണ്ട് അനുവദിച്ചത്; എത്ര തുക അനുവദിച്ചു; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാലങ്ങൾ പുനർനിർമ്മിക്കാൻ എന്നാണ് ഭരണാനുമതി നൽകിയത് ; വ്യക്തമാക്കുമോ;

(ഡി) ഭരണാനുമതി നൽകി ഏറെക്കാലമായിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പാലങ്ങൾ നിർമ്മിക്കുന്നതിന് പ്രത്യേകം പ്രത്യേകം ഭരണാനുമതി നൽകുന്നകാര്യം പരിശോധിക്കുമോ;

(എഫ്) കണ്ണിയംപുറം പാലം നിർമ്മിക്കുന്നതിനായുള്ള 4.30 കോടി രൂപയുടെ എസ്റ്റിമേറ്റ് (price ID 2017 /10501) സർക്കാരിൽ ലഭ്യമാണോ;

(ജി) പ്രസ്തുത എസ്റ്റിമേറ്റ് എന്നാണ് ലഭിച്ചത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഈസ്റ്റ് ഒറ്റപ്പാലം, കണ്ണിയംപുറം എന്നീ പാലങ്ങളുടെ നിർമ്മാണത്തിനായി ബജറ്റ് സ്പീച്ച് 2016-17-ൽ (സീരിയൽ നമ്പർ 67) കിഫ്ബിയിൽ ഉൾപ്പെടുത്തി 25 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി 31-10-2016-ലെ G.O.(Rt)No.1496/2016/PWD പ്രകാരം നൽകിയിട്ടുണ്ട്.

(ബി) 31-10-2016-ലെ G.O.(Rt) No. 1496/2016/PWD പ്രകാരം തത്വത്തിൽ 25 കോടി രൂപ അനുവദിച്ചു.

(സി) പുനർനിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടില്ല.

(ഡി) ഈ പാലങ്ങളുടെ നിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കിവരുന്നു. ഡിസൈൻ ലഭിച്ചാൽ മാത്രമേ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിക്കുന്നതിനായി സമർപ്പിക്കാൻ കഴിയുകയുള്ളൂ. തുടർന്ന് കിഫ്ബിയിൽനിന്നും സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തികൾ തുടങ്ങാൻ കഴിയുകയുള്ളൂ. കൂടാതെ നിർമ്മാണം തുടങ്ങുന്നതിന് മുൻപായി പ്രദേശത്തെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കേണ്ടതുണ്ട്.

(ഇ) പ്രസ്തുത പാലങ്ങൾ നിർമ്മിക്കാൻ പ്രത്യേകം പ്രത്യേകം ഭരണാനുമതികൾ ആവശ്യമെങ്കിൽ പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പരിശോധിക്കാൻ കഴിയുകയുള്ളൂ. ഈ പാലങ്ങൾക്ക് ബജറ്റ് 2017-18-ൽ ടോക്കൺ പ്രൊവിഷൻ ഉള്ളതാണ്.

(എഫ്&ജി) കണ്ണിയംപുറം പാലം നിർമ്മാണത്തിനായി 4.30 കോടി രൂപയുടെ എസ്റ്റിമേറ്റ് 12-1-2018-ൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് ഇപ്പോൾ ധനകാര്യ വകുപ്പിൽ പരിശോധനയിലാണ്.

**കുമ്പളം-തേവര പാലം നിർമ്മാണം**

13 (1127) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആദ്യ ബജറ്റിൽ പ്രഖ്യാപിച്ച കുമ്പളം-തേവര പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി അലൈൻമെന്റിന് അംഗീകാരം നൽകുകയും തുടർന്ന് ഡിസൈൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി&സി) ഡി.പി.ആർ. പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഡി.പി.ആർ. സമർപ്പിച്ച് കിഫ്ബിയിൽനിന്നും സാമ്പത്തിക അംഗീകാരം ലഭിക്കുകയും തുടർന്ന് കെ.ആർ.എഫ്.ബി.-യിൽനിന്നും സാങ്കേതികാനുമതി നൽകുകയും ചെയ്യുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

**ഏനാത്തി പാലം പദ്ധതി**

14 (1128) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ മണ്ഡലത്തിലെ ഏനാത്തി (ഏനാന്തി) പാലം പദ്ധതിയുടെ ഫയൽ നടപടിക്രമം വിശദമാക്കാമോ?

ഉത്തരം

നിലമ്പൂർ മണ്ഡലത്തിലെ ഏനാത്തി (ഏനാന്തി) പാലം നിർമ്മാണത്തിനായി 1115 ലക്ഷം രൂപയുടെള്ള എസ്റ്റിമേറ്റ് ഭരണാനുമതി നൽകുന്നതിനുവേണ്ടി സർക്കാരിൽ

ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിക്കുകയും ഭരണാനുമതി നൽകാൻ തീരുമാനിച്ചിട്ടുള്ളതുമാണ്. എന്നാൽ ഭരണാനുമതി നൽകുന്നതിനുള്ള സർക്കാർ ഉത്തരവിന്റെ കരട് തയ്യാറാക്കുന്ന വേളയിൽ ചീഫ് ടെക്നിക്കൽ എക്സാമിനർ പ്രൊപ്പോസലിന്മേൽ നൽകിയ അഭിപ്രായക്കുറിപ്പിൽ തുക തെറ്റായി രേഖപ്പെടുത്തിയതായി കാണുകയും ആയതു സംബന്ധിച്ച വ്യക്തതയ്ക്കായി ഫയൽ വീണ്ടും ധനകാര്യ വകുപ്പിന് കൈമാറിയിട്ടുള്ളതുമാണ്.

## നെന്മാറ നിയോജകമണ്ഡലത്തിലെ റോഡുകളുടെ പണി

15(1129) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പൊതുമരാമത്ത് റോഡുകളുടെ പ്രവൃത്തിയാണ് നിലവിൽ നടന്നുവരുന്നതെന്ന് വിശദമാക്കുമോ;

(ബി) കൊടുവായൂർ-വിത്തനശ്ശേരി-നെന്മാറ റോഡിന്റെ പ്രവൃത്തി തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദാംശം നൽകുമോ;

(സി) ഉണ്ടെങ്കിൽ നിലവിലുള്ള സാങ്കേതിക തടസ്സങ്ങൾ അടിയന്തരമായി പരിഹരിച്ച് കൊടുവായൂർ-വിത്തനശ്ശേരി-നെന്മാറ റോഡിന്റെ പണി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ നിലവിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു:

(1) വടക്കഞ്ചേരി-പൊള്ളാച്ചി റോഡ് കി.മി. 25/000 മുതൽ 29/890 വരെയും കി.മീ. 32/080 മുതൽ 38/912 വരെയും പ്രവൃത്തി തുടങ്ങിയിട്ടുണ്ട്.

(2) പുതുനഗരം-കൊല്ലങ്കോട് റോഡ് കി.മീ. 5/250 മുതൽ 7/250 വരെ ബി.എം. & ബി.സി ചെയ്ത് ഉപരിതലം അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്.

(ബി & സി) കൊടുവായൂർ-വിത്തനശ്ശേരി-നെന്മാറ റോഡിൽ സ്ഥിരമായി അപകടം സംഭവിക്കുന്ന സ്ഥലത്തെ കയറ്റം കുറച്ച് ഗതാഗതം സുഗമമാക്കിയതിനുശേഷമേ ബി.എം. & ബി.സി. ചെയ്ത് നവീകരിക്കാവൂയെന്ന് പഞ്ചായത്ത് പ്രതിനിധികളും സമീപവാസികളും ആവശ്യപ്പെട്ടിട്ടുണ്ട്. ആയതുകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

## പുന്നൂർ പുഴയ്ക്ക് കുറുകെ പാലം

16(1130) ശ്രീ. എ. പ്രദീപ്കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് പറമ്പിൽ ബസാർ-പൂളക്കടവ് പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് പുന്നൂർ പുഴയ്ക്ക് കുറുകെ പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

പര്യവേഷണം പൂർത്തിയാക്കി, ഐ.ഡി.ആർ.ബി (ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡ്) രൂപകല്പന തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## ചേലക്കര ബൈപ്പാസ് നിർമ്മാണം

17(1131) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ ബജറ്റിൽ കിഫ്ബി മുഖേന ചെയ്തുതീർക്കാൻ പ്രഖ്യാപിച്ച ചേലക്കര ബൈപ്പാസ് നിർമ്മാണ പ്രവൃത്തിയുടെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കി പ്രവൃത്തിയുടെ ടെൻഡർ കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇൻവെസ്റ്റിഗേഷൻ സമയബന്ധിതമായി പൂർത്തികരിച്ച് ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി ലഭിയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഊർജ്ജിത നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ M/s AA&S കൺസ്ട്രക്ഷന് അവാർഡ് ചെയ്ത് സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുണ്ട്.

(ബി-ഡി) ഈ പ്രവൃത്തിയുടെ അലൈൻമെന്റിൽ ഭൂരിഭാഗവും കടന്നു പോകുന്നത് വയലുകളിലൂടെയാണ്. കൃഷി ഇറക്കിയിട്ടുള്ളതിനാൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കൊയ്ത്തു കഴിഞ്ഞ് ചെളി വറ്റുന്ന മുറയ്ക്ക് മാത്രമേ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കാനും കിഫ്ബിക്ക് ഡി.പി.ആർ. സമർപ്പിക്കാനും സാധ്യമാകുകയുള്ളൂ. നെൽവയലുകളെ ബാധിക്കാത്ത തരത്തിലുള്ള അലൈൻമെന്റും പ്രാദേശികമായി ആലോചിച്ച് മാറ്റാൻ പറ്റുമോയെന്നും ചിന്തിക്കേണ്ടതാണ്.

## മയ്യിച്ച അണ്ടർപ്പാസിന്റെ നിർമ്മാണം

18(1132) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ മയ്യിച്ചയിൽ 2015-16 വർഷത്തിൽ പ്രവൃത്തി ആരംഭിച്ച മയ്യിച്ച അണ്ടർപ്പാസിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ അണ്ടർപ്പാസ് എന്നത്തേക്ക് ഗതാഗതസജ്ജമാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലല്ല. നേരിട്ട് റെയിൽവേയാണ് പ്രവൃത്തി നടത്തുന്നത്.

## മലപ്പുറം ഫ്ലൈഓവർ

19(1133) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഫ്ലൈഓവർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) പദ്ധതിക്ക് കേന്ദ്ര സർക്കാരിൽനിന്നും എൻ.ഒ.സി. ലഭ്യമാക്കേണ്ടതുണ്ടോ; എങ്കിൽ ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) മലപ്പുറം പോലീസ് സ്റ്റേഷൻ ചേത്തുപാലം ഫ്ലൈഓവറിന് 2017-18 ബജറ്റ് പ്രസംഗത്തിൽ 50 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. 10-7-2017-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ 942/2017/പി.ഡബ്ല്യു.ഡി. പ്രകാരം ഈ മേൽപ്പാലത്തിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി ആർ.ബി.ഡി.സി.കെ.-യെ നിയമിച്ചിട്ടുള്ളതാണ്. ഇതിന്റെ വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഫ്ളൈഓവറിന്റെ അലൈൻമെന്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നാഷണൽ ഹൈവേയിൽ ആയതിനാൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ എൻ.ഒ.സി. ആവശ്യമാണ്.

## മലപ്പുറം ജില്ലയിലെ ഏഴൂർ-മീശപ്പടി-ബംഗ്ലാംകുന്ന് ബൈപ്പാസ് പദ്ധതി

20(1134) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തിരൂർ ടൗണിലെ തിരക്ക് ഒഴിവാക്കുന്നതിനുള്ള ഏഴൂർ-മീശപ്പടി-ബംഗ്ലാംകുന്ന് ബൈപ്പാസ് പദ്ധതി ഇപ്പോൾ പരിഗണനയിലുണ്ടോ; എങ്കിൽ നടപടികൾ എപ്പോൾ തുടങ്ങി; ഏതുവരെയായി; എപ്പോൾ പൂർത്തീയാക്കാനാകും എന്നിവ വ്യക്തമാക്കുമോ;

(ബി) സ്ഥലമെടുക്കൽ ഉൾപ്പെടെയുള്ള സങ്കീർണതകൾ കാരണം പൊൻമുണ്ടം 3-ാം റീച്ച് പൂർത്തീകരിക്കാൻ കഴിയുമോ; ഇതിനു പകരമായി ഏഴൂർ-മീശപ്പടി-ബംഗ്ലാംകുന്ന് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഏഴൂർ-മീശപ്പടി-ബംഗ്ലാംകുന്ന് പദ്ധതി നടപ്പിലാക്കാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രസ്തുത ബൈപ്പാസിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഇൻവെസ്റ്റിഗേഷൻ നടത്തി അലൈൻമെന്റ് തീരുമാനിച്ചതിനുശേഷം ഡി.പി.ആർ. തയ്യാറാക്കി സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഇതിൽ ബംഗ്ലാംകുന്ന് മുതൽ മീശപ്പടിവരെയുള്ള ഭാഗത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നുണ്ട്.

(ബി) പൊൻമുണ്ടം 3-ാം റീച്ചിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. ഏഴൂർ-മീശപ്പടി-ബംഗ്ലാകുന്ന് ബൈപ്പാസിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കുന്ന മുറയ്ക്കു മാത്രമേ പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

(സി) നിലവിൽ തടസ്സങ്ങൾ കാണുന്നില്ല.

## ബൈപ്പാസ് നിർമ്മാണം

21(1135) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കടയിലെ വെലോങ്ങര-ഓരാടംപാലം ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ആർ.ബി.ഡി.സി.കെ. തയ്യാറാക്കിയ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചിട്ടുണ്ടോ;

(ബി) എത്ര രൂപയുടെ ഡി.പി.ആർ. ആണ് ഇതിനായി ആർ.ബി.ഡി.സി.കെ. തയ്യാറാക്കിയിട്ടുള്ളതെന്നും കിഫ്ബിയുടെ അംഗീകാരം കിട്ടുന്ന മുറയ്ക്ക് ഏത് തരത്തിലുള്ള പ്രവൃത്തികളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) മങ്കടയിലെ ഓരാടംപാലം- മാനത്ത് മംഗലം ബൈപ്പാസ് രൂപീകരണം സംബന്ധിച്ച പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് നൽകിയിട്ടുണ്ട്.

(ബി) 12.86 കോടി രൂപയുടെ ഡി.പി.ആർ. ആണ് പ്രസ്തുത പദ്ധതിക്കായി തയ്യാറാക്കിയിട്ടുള്ളത്. 12 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുത്ത് താഴ്ന്ന ഭാഗങ്ങളിൽ മണ്ണിട്ട് ഉയർത്തി ആവശ്യമായ ഭാഗങ്ങളിൽ ഓടയും സംരക്ഷണ ഭിത്തിയും നിർമ്മിച്ച് രണ്ടുവരി ഗതാഗതത്തിന് അനുയോജ്യമായ രീതിയിലാണ് ബൈപ്പാസ് നിർമ്മിക്കാനുദ്ദേശിക്കുന്നത്.

(സി) ഓരാടം പാലം മാനത്തുമംഗലം ബൈപ്പാസ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് റെയിൽവേയുടെ ഭാഗം ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തി അലൈൻമെന്റിൽ ഏഴുകണ്ണിപ്പാലം ഭാഗം ഒഴിവാക്കി റെയിൽവേ സ്റ്റേഷൻ ഭാഗത്തേക്ക് മാറ്റി പുതിയ അലൈൻമെന്റിന് സ്കെച്ച് സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മാറ്റിയ അലൈൻമെന്റും സ്കെച്ചും വെർട്ടിക്കൽ പ്രൊഫൈൽ സ്കെച്ചും ആവശ്യമായതിനാൽ അതിന്റെ പ്രവൃത്തികൾ നടന്നുവരുന്നു. അതിർത്തി കല്ലുകൾ സ്ഥാപിച്ച സ്ഥലങ്ങളിൽ ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തിയെങ്കിലും പലയിടത്തും അതിർത്തികല്ലുകൾ കാണാതായിട്ടുണ്ട്. അലൈൻമെന്റിൽ നഷ്ടമായ കല്ലുകൾ പുനഃസ്ഥാപിക്കാനും ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്താനുമുള്ള പ്രവൃത്തി 4.9 ലക്ഷം രൂപയ്ക്ക് ടെണ്ടർ ചെയ്യുകയും പ്രവൃത്തി പുരോഗമിച്ചുവരികയും ചെയ്യുന്നു.

**നാദാപുരം മണ്ഡലത്തിൽ കിഫ്ബിവഴി പ്രഖ്യാപിച്ച റോഡുകൾ**

22(1136) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ 2016-2017-ലെ ബജറ്റിൽ ഉൾപ്പെടുത്തി കിഫ്ബി വഴി പ്രഖ്യാപിച്ച മുട്ടുങ്ങൾ-പക്രംതളം റോഡ്, തൊട്ടിൽപ്പാലം-കുണ്ടുതോട്, കുളങ്ങരത്ത് നമ്പിയാത്തുകുണ്ട് -വാളൂക്ക് -വിലങ്ങാട് തുടങ്ങിയ റോഡുകളുടെ പണി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നടപടിക്രമങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) മുട്ടുങ്ങൽ-പക്രംതളം റോഡ് ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി എഗ്രിമെന്റ് വച്ച് പ്രവൃത്തിക്കുള്ള സ്ഥലം കൈമാറ്റം ചെയ്തിട്ടുണ്ട്.

തൊട്ടിൽപ്പാലം-കുണ്ടുതോട്, കുളങ്ങരത്ത് നമ്പിയാത്തുകണ്ട്-വാളൂക്ക്-വിലങ്ങാട് എന്നീ റോഡുകളുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു. പ്രസ്തുത ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ച് അനുമതി ലഭിച്ചാൽ മാത്രമേ സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(ബി) ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ വർക്കുകളുടെ ടെണ്ടർ നടത്തി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ച് കിഫ്ബിയിൽനിന്ന് അനുമതി ലഭിച്ച് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിച്ച് കരാർ ഉറപ്പിക്കുക എന്നീ നടപടിക്രമങ്ങളാണുള്ളത്.

**കായംകുളം പട്ടണത്തിൽ മേൽപ്പാലം**

23(1137) ശ്രീമതി യു. പ്രതിഭ ഹരി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം പട്ടണത്തിൽ ദേശീയ പാതയിൽനിന്നും കെ.പി. റോഡിലേയ്ക്ക് മേൽപ്പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

RICK വഴി ഒരു പദ്ധതി ആലോചിച്ചിരുന്നു. RICK MD നോക്കിയിട്ടുണ്ട്. അതിന്റെ DPR തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ദേവികുളം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന റോഡുകൾ**

24(1138) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പുതിയതായി ഏതെങ്കിലും റോഡുകൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ആയതിനെ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ പുതിയ റോഡുകൾ ഏറ്റെടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് പുതിയതായി പഞ്ചായത്ത് റോഡുകളൊന്നുംതന്നെ ഏറ്റെടുത്തിട്ടില്ല. ക്യാബിനറ്റ് തീരുമാനപ്രകാരം പഞ്ചായത്ത് റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള പുതുക്കിയ മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിനായി ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും), ചീഫ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണം) എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**റോഡിൽ കുഴിയെടുത്തുള്ള പ്രവൃത്തികൾക്ക് വ്യക്തമായ നിബന്ധനകൾ**

25(1139) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി പൂർത്തിയാക്കിയ റോഡുകൾ വിവിധ ആവശ്യങ്ങൾക്കായി കുഴിയെടുത്ത് നാശോന്മുഖമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) റോഡിൽ കുഴിയെടുത്തുള്ള പ്രവൃത്തികൾക്ക് വ്യക്തമായ നിബന്ധനകൾ ഏർപ്പെടുത്തുന്നതിന് തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി.എൽ., ടെലികോം തുടങ്ങിയ സേവനദാതാക്കൾ വിവിധ പദ്ധതികൾക്കായി റോഡുകൾ വെട്ടിമുറിക്കുന്ന പ്രവൃത്തി കാരണം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുവേണ്ടി 6-12-2017-ൽ യോഗം ചേരുകയുണ്ടായി. ആയതിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ നടപ്പിലാക്കാനായി തീരുമാനമെടുത്തിട്ടുണ്ട്.

മുൻകൂട്ടി പൊതുമരാമത്ത് വകുപ്പിനെ അറിയിക്കാതെയും പൊതുമരാമത്തു വകുപ്പ് എഞ്ചിനീയർമാരുടെ സാന്നിധ്യത്തിൽ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി

പ്രോജക്ട് പ്ലാൻ ചെയ്യാത്തതുമാണ് പല പദ്ധതികൾക്കുംവേണ്ടി റോഡ് കുഴിക്കുന്നതിന് കാലതാമസമുണ്ടാകുന്നത്. ആയതിനാൽ കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി.എൽ. എന്നിവയുടെ പ്രവൃത്തികൾക്കായി റോഡ് കുഴിക്കേണ്ടി വരുന്ന അവസരങ്ങളിൽ പ്രസ്തുത വിവരം ആറുമാസം മുമ്പെങ്കിലും പൊതുമരാമത്ത് വകുപ്പിനെ അറിയിക്കേണ്ടതാണ്.

റോഡ് കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള ട്രെഞ്ച്ലെസ് ടെക്നോളജി അടക്കമുള്ള നൂതനമായ സാങ്കേതികവിദ്യകൾ പൈപ്പുകൾ ഇടുന്നതിൽ ഉപയോഗിക്കേണ്ടതുണ്ട്.

വീതി കുറഞ്ഞ റോഡുകളിൽ ടാർ കട്ടിംഗ് ആവശ്യമായി വരുമ്പോൾ മറ്റ് റൂട്ടുകൾ തെരഞ്ഞെടുക്കാൻ ശ്രമിക്കേണ്ടതും സ്വകാര്യ വ്യക്തികളുടെ സ്ഥലത്തുകൂടി പൈപ്പുകൾ ഇടുന്നതിനുള്ള സാധ്യത ആരായേണ്ടതുമാണ്.

(സി) ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിന് സർക്കാർ ഉത്തരവ് G.O.(Rt)No. 30/2018/PWD dated 5-1-2018 പ്രകാരം റോഡുകൾ കുഴിച്ച് കേബിളുകൾ, പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## തലശ്ശേരി-വളവുപാറ റോഡ് നിർമ്മാണം

26(1140) <u>ശ്രീ. ഇ. പി. ജയരാജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിലൂടെ കടന്നുപോകുന്ന തലശ്ശേരി-വളവുപാറ കെ.എസ്.റ്റി.പി. റോഡ് നിർമ്മാണം ആകെ എത്ര കിലോമീറ്ററാണെന്ന് വിശദമാക്കുമോ;

(ബി) തലശ്ശേരി-വളവുപാറ റോഡ് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) കരാർ പ്രകാരം റോഡ് നിർമ്മാണം പൂർത്തീകരിക്കേണ്ടത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ;

(ഡി) കരാർ പ്രകാരം നിർദ്ദിഷ്ട സമയത്ത് റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കരാർ റദ്ദാക്കിയതിനെത്തുടർന്ന് റീ-ടെണ്ടർ ചെയ്ത കണ്ണൂർ ജില്ലയിലെ തലശ്ശേരി-വളവുപാറ റോഡ്, 2 റീച്ചുകളിലായിട്ടാണ് നടപ്പിലാക്കിയത്.

UG III A തലശ്ശേരി-കളറോഡ്-28.80 കി.മീ.

UG III B കളറോഡ്-വളവുപാറ റോഡ് 25.20 കി.മീ.

(ബി) തലശ്ശേരി -കളറോഡ് നിർമ്മാണം 31.25% ഉം, കളറോഡ്-വളവുപാറ റോഡ് നിർമ്മാണം 38.65% -ഉം പൂർത്തിയായി.

(സി) കരാർ പ്രകാരം പൂർത്തീകരണകാലാവധി തലശ്ശേരി-കളറോഡ് 26-6-2018-ഉം, കളറോഡ്-വളവുപാറ റോഡ് 25-9-2018-ഉം ആണ്.

(ഡി) പ്രസ്തുത റോഡ് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സൈറ്റ് പരിശോധനയും അവലോകന യോഗങ്ങളും കൂടി കോൺട്രാക്ടർമാർക്കും കൺസ്ട്രക്ഷൻ സൂപ്പർവൈസറി കൺസൾട്ടന്റിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡ് നവീകരണം**

27(1141) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡ് നവീകരണം കേരളത്തിലെ ഏക സബ് താലൂക്ക് ആസ്ഥാനമായ കുന്ദമംഗലം വരെ നീട്ടാൻ നടപടി സ്വീകരിക്കുമോ;

(ബി) നാഷണൽ ഹൈവേ 766 വീതി കൂട്ടുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിർദ്ദിഷ്ട മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡ് നവീകരണം കുന്ദമംഗലം വരെ നീട്ടുന്നതിന് നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. വെള്ളിമാട്കുന്ന് വരെയുള്ള സ്ഥലമെടുപ്പ് നടപടികളാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ പരിശോധനകൾ നടത്തി വരുന്നു.

## റോഡുകളുടെ ഡ്രെയിനേജ്

28(1142) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിതായി നിർമ്മിച്ച പല റോഡുകൾക്കും ഡ്രെയിനേജ് ഇല്ലാത്തത് റോഡുകളുടെ തകർച്ചയ്ക്ക് കാരണമാകുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എസ്.എൽ.ടി.എഫ്.-ൽനിന്നും ഡ്രെയിനേജിനുള്ള തുകകൂടി അനുവദിക്കുന്നകാര്യം പരിഗണിക്കുമോ;

(സി) താനൂർ നിയോജകമണ്ഡലത്തിൽ അടുത്തകാലത്ത് ബി.എം.ബി.സി. ചെയ്ത ചില റോഡുകളുടെ ഡ്രെയിനേജ് നിർമ്മിക്കുന്നതിന് എസ്.എൽ.ടി.എഫ്.-ൽ നിന്നും തുക അനുവദിക്കുമോ;

(ഡി) ഓരോ നിയോജക മണ്ഡലത്തിനും 2017-18 സാമ്പത്തിക വർഷത്തിൽ എസ്.എൽ.ടി.എഫ്. ആയി എത്ര തുക വീതമാണ് അനുവദിച്ചത്; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആവശ്യമായ വീതിയുള്ളിടത്ത് ഡ്രെയിനുണ്ട്. അല്ലാത്തിടത്തില്ല.

(ബി-സി) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കാണ് മുൻഗണന നൽകിവരുന്നത്. ബജറ്റിൽ അനുവദിക്കുന്ന തുക റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുതന്നെ അപര്യാപ്തമാണ്. അറ്റകുറ്റപണികൾക്കായി അനുവദിച്ച തുകയിൽ സേവിംഗ്സ് ഉള്ളപക്ഷം ഡ്രെയിനേജിനുള്ള തുകകൂടി അനുവദിക്കുന്നതാണ്.

(ഡി) എസ്.എൽ.റ്റി.എഫ്.-ൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ 2017-18-ൽ ഇതുവരെ അനുവദിച്ച തുക അനുബന്ധമായി ചേർത്തിരിക്കുന്നു.* റോഡിന്റെ നീളം കണക്കാക്കിയാണ് തുക നൽകുന്നത്.

## പട്ടാമ്പി പുലാമന്തോൾ റോഡ് പുനർനിർമ്മാണം

29(1143) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി പുലാമന്തോൾ റോഡ് പുനർനിർമ്മാണം നടത്തുന്നതിനായി അവസാനമായി ടെണ്ടർ ക്ഷണിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ; ടെണ്ടർ

തുക എത്രയായിരുന്നുവെന്നും ആരാണ് ടെണ്ടർ എടുത്തതെന്നും കരാറുകാരൻ എന്നാണ് പണി പൂർത്തിയാക്കിയതെന്നും വെളിപ്പെടുത്താമോ;

(ബി) റോഡിൻെറ ഗ്യാരണ്ടി പിരീഡ് എന്നാണ് അവസാനിച്ചതെന്ന് അറിയിക്കുമോ; കരാറുകാരന് തുക നൽകിയതിന്റെ വിശദവിവരങ്ങളും ലഭ്യമാക്കാമോ;

(സി) ഇപ്പോൾ റോഡ് പുനർ നിർമ്മാണം നടത്തിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പുനർ നിർമ്മാണത്തിന് സർക്കാരിൽനിന്നും ഫണ്ട് ചെലവഴിച്ചിട്ടുണ്ടോ;

(ഡി) തകർന്ന നിലയിലായ ഈ റോഡ് പൂർണമായും പുനർനിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടാമ്പി -പുലാമന്തോൾ റോഡ് പുനർ നിർമ്മാണത്തിന് അവസാനമായി ടെണ്ടർ നടന്നത് 10-1-2012-ലാണ്. ടെണ്ടർ തുക 9,52,24,620 (ഒമ്പത് കോടി അമ്പത്തിരണ്ട് ലക്ഷത്തി ഇരുപത്തി നാലായിരത്തി അറുന്നൂറ്റി ഇരുപത് രൂപ) രൂപയാണ്. M/s Kudroli Construction Company Pvt. Ltd, Goa എന്ന സ്ഥാപനമാണ് ടെണ്ടർ എടുത്തത്. പ്രവൃത്തി 20-8-2012-ൽ തുടങ്ങുകയും 18-2-2015-ൽ പൂർത്തീകരിക്കുകയും ചെയ്തു.

(ബി) പൂർത്തീകരണ തീയതി മുതൽ 18 മാസമാണ് പ്രവൃത്തിയുടെ ഗ്യാരണ്ടി പിരീയഡ്. കരാറുകാരന് നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രവൃത്തിയുടെ ആകെ തുക- 5,24,05,034

ബിറ്റുമിൻ എച്ച്.ആർ തുക- 4,42,04,089

ആകെ 9,66,09,123 രൂപ

(സി) പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 10-10-2017-ന് ചേർന്ന യോഗ തീരുമാനപ്രകാരമാണ് കരാറുകാരൻ അറ്റകുറ്റപ്പണികൾ നടത്തിയത്. ആയതിന് സർക്കാർ ഫണ്ട് ചെലവഴിച്ചിട്ടില്ല.

(ഡി) കരാറുകാർ കാട്ടിയ വീഴ്ച കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്. ഇക്കാര്യത്തിലുള്ള അന്വേഷണം പൂർത്തിയാകണം. അതിനുശേഷം തീരുമാനിക്കണം.

## പാലപ്പുറം നെല്ലിക്കുർശ്ശി-കുതിരവഴിപ്പാലം

30(1144) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലപ്പുറം നെല്ലിക്കുർശ്ശി- കുതിരവഴിപ്പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടിക്രമങ്ങൾ എന്നാണ് പൂർത്തികരിച്ചതെന്നും ഏത് ഏജൻസിയാണ് ഇൻവെസ്റ്റിഗേഷൻ നടത്തിയതെന്നും അതിനായി എത്ര തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് എന്നാണ് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന് നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) കുതിരവഴിപ്പാലത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കിയോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

(ഡി) പാലത്തിന് ഭരണാനുമതി എന്നാണ് ലഭിച്ചതെന്ന വിശദാംശം വ്യക്തമാക്കാമോ?

### ഉത്തരം

(എ) പാലപ്പുറം നെല്ലിക്കുർശ്ശി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ 30-3-2017-ൽ പൂർത്തീകരിച്ചു.

ഇൻവെസ്റ്റിഗേഷൻ ഏജൻസി -എസ്റ്റീം ഡെവലപേഴ്സ്

വിനിയോഗിച്ച തുക- 1,78,285 രൂപ

(ബി) 28-4-2017-ന് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് കൈമാറി.

(സി) കുതിരവഴിപ്പാലത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് പാലക്കാട് നിരത്തുവിഭാഗം കാര്യാലയത്തിൽ തയ്യാറാക്കിവരുന്നു.

(ഡി) കുതിരവഴിപ്പാലത്തിന് 22-12-2015-ൽ ഭരണാനുമതി നൽകി.

## കുട്ടനാട് നിയോജകമണ്ഡലത്തിലെ റോഡ് നിർമ്മാണം

31(1145) ശ്രീ. തോമസ് ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജകമണ്ഡലത്തിൽ മൺസൂൺ കാലത്ത് കിഴക്കൻ മലവെള്ളത്തിലും കടൽ വേലിയേറ്റത്തിലും പി.ഡബ്ല്യൂ.ഡി.-യുടെ കീഴിലുള്ള റോഡുകളിൽ വെള്ളം കയറി ദിവസങ്ങളോളം വെള്ളത്തിനടിയിലാകുന്നതുകൊണ്ടും ആഴത്തിൽ ചെളിയുള്ള പ്രദേശമായതുകൊണ്ടും റോഡുകൾ പൂർണ്ണമായി തകരുകയും താഴ്ന്ന് പോകുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സാഹചര്യത്തിൽ കുട്ടനാട് പ്രദേശത്തെ ഭൂപ്രകൃതിയുടെ പ്രത്യേകത പരിഗണിച്ച് പ്രത്യേക പ്രദേശമായി പ്രഖ്യാപിച്ച് അധിക തുക അനുവദിച്ചുകൊണ്ട് ആധുനിക രീതിയിലുള്ള റോഡ് അടിയന്തരമായി നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുട്ടനാട്ടിലെ ഭൂപ്രകൃതിയുടെ പ്രത്യേകത കണക്കിലെടുത്ത് റോഡ് നിർമ്മാണത്തിനായി ശാസ്ത്രീയ നിർമ്മാണ രീതികൾ അവലംബിക്കുന്നതിന് നാറ്റ്പാക് മുഖേന പഠനം നടത്തുന്നതിനുള്ള പ്രൊപ്പോസൽ അടുത്ത സാമ്പത്തിക വർഷത്തെ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി സമർപ്പിക്കാൻ 6-1-2018-ലെ ജി1/113/2016/പൊ.മ.വ. കത്ത് പ്രകാരം നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാദേശികമായി ജനപ്രതിനിധികളുടെ മുൻകൈ പ്രവർത്തനം ഉറപ്പാക്കേണ്ടതുണ്ട്.

## കുട്ടനാട് നിയോജകമണ്ഡലത്തിലെ റോഡുകൾ

32(1146) ശ്രീ. തോമസ് ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജകമണ്ഡലത്തിലെ 250 കിലോമീറ്ററിൽ അധികം പി.ഡബ്ല്യൂ.ഡി. റോഡുകൾ മൺസൂൺ കാലത്ത് വെള്ളത്തിനടിയിലാകും എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകൾ പുനരുദ്ധരിക്കുന്നതിന് ഇപ്പോൾ ലഭിക്കുന്ന വിഹിതങ്ങൾ ഒന്നുംതന്നെ പര്യാപ്തമാകുന്നില്ലെന്നതിനാൽ കുട്ടനാട് മണ്ഡലത്തിനെ പ്രത്യേക പ്രദേശമായി പ്രഖ്യാപിച്ച് പ്രത്യേക പരിഗണന നൽകാൻ കഴിയുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുട്ടനാട്ടിലെ ഭൂപ്രകൃതിയുടെ പ്രത്യേകത കണക്കിലെടുത്ത് റോഡ് നിർമ്മാണത്തിനായി ശാസ്ത്രീയ നിർമ്മാണ രീതികൾ അവലംബിക്കുന്നതിന് നാറ്റ്പാക് മുഖേന പഠനം നടത്തുന്നതിനുള്ള പ്രൊപ്പോസൽ അടുത്ത സാമ്പത്തിക വർഷത്തെ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി സമർപ്പിക്കാൻ 6-1-2018-ലെ ജി1/113/2016 പൊ.മ.വ. കത്ത് പ്രകാരം നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ മണ്ഡലത്തിൽനിന്നും നല്ല മുൻകൈ പ്രവർത്തനം ഉണ്ടാകണം.

## പുതിയകാവ്-പള്ളിക്കൽ റോഡ്

33(1147) <u>ശ്രീ. ആർ. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ പുതിയകാവ്-പള്ളിക്കൽ റോഡ് കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പൊതുമരാമത്ത് വകുപ്പിന് കീഴിൽ എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയിൽനിന്നും 18.15 കോടി രൂപയ്ക്ക് അനുമതി നൽകുകയും സാങ്കേതികാനുമതി നൽകി 13-12-2017-ന് ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ സമർപ്പിച്ച കരാറുകാരുടെ സാങ്കേതിക യോഗ്യതാ പരിശോധന പൂർത്തീകരിക്കുന്ന മുറയ്ക്കുമാത്രമേ കരാർ ഉറപ്പിച്ച് പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളൂ.

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെകീഴിൽ 42.695 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

## വൈപ്പിൻ-പള്ളിപ്പുറം തീരദേശ റോഡിന്റെ നിർമ്മാണം

34(1148) <u>ശ്രീ. എസ്. ശർമ്മ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ-പള്ളിപ്പുറം തീരദേശ റോഡിന്റെ നിർമ്മാണം സംബന്ധിച്ച കാര്യങ്ങൾ അവലോകനം ചെയ്യുന്നതിന് സർക്കാർ തലത്തിൽ എത്ര യോഗങ്ങൾ, ഏതൊക്കെ തീയതികളിൽ നടന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ യോഗങ്ങളിലെയും തീരുമാനങ്ങൾ വിശദമാക്കാമോ;

(സി) പ്രവൃത്തി ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രവൃത്തി എന്നത്തേക്ക് ടെണ്ടർ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ തലത്തിൽ രണ്ട് യോഗങ്ങൾ 29-5-2017-ലും 3-1-2018-ലും നടന്നിട്ടുണ്ട്.

(ബി) ആദ്യത്തെ യോഗത്തിൽ 12 മീറ്റർ വീതിയിൽ നിശ്ചയിച്ചിരുന്ന അലൈൻമെന്റ് കൂടുതൽ വീടുകളെ ബാധിക്കുമെന്നതിനാൽ 9 മീറ്ററാക്കി ചുരുക്കി സർവ്വേ നടത്തി സമർപ്പിക്കാൻ തീരുമാനിച്ചു. രണ്ടാമത്തെ യോഗത്തിൽ KIIFB-യിൽ നിന്നും മടക്കി നൽകിയ ഡി.പി.ആർ. കൂടുതൽ ലാന്റ് അക്വിസിഷൻ ഡീറ്റെയിൽസുമായി ഒരു മാസത്തിനകം പുനഃസമർപ്പിക്കാൻ തീരുമാനിച്ചു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധം 1, 2 ആയി ഉള്ളടക്കം ചെയ്യുന്നു*. ബഹുമാനപ്പെട്ട എം.എൽ.എ. അവിടെ ഒരു റിവ്യൂ മീറ്റിംഗ് കൂടി നടത്തി ഒരു റിപ്പോർട്ട് സർക്കാരിന് നൽകുന്നത് ഉചിതമായിരിക്കും.

(സി) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. ഭൂമി കിട്ടാത്തതാണ് കാരണം.

(ഡി) കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യാൻ സാധ്യമാകുകയുള്ളൂ.

**കൊണ്ടാഴി-കുത്താമ്പുള്ളി പാലം നിർമ്മാണം**

35(1149) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ ബജറ്റിൽ കിഫ്ബി മുഖേന ചെയ്തുതീർക്കാൻ പ്രഖ്യാപിച്ച കൊണ്ടാഴി-കുത്താംമ്പുള്ളി പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഡി. പി. ആർ. കിഫ്ബി അംഗീകരിച്ചു നൽകിയോ; എങ്കിൽ അതിനു വേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവൃത്തി എന്നത്തേയ്ക്ക് ടെണ്ടർ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഗായത്രിപ്പുഴയ്ക്കു കുറുകെ കൊണ്ടാഴി-കുത്താമ്പുള്ളി പാലത്തിന്റെ നിർമ്മാണത്തിന് KIIFB-ൽ G.O. (Rt.) No. 1496/2016/PWD തീയതി 31-10-2016 പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി. ഒന്നാം ഘട്ടത്തിൽ ലാൻഡ് അക്വിസിഷനുവേണ്ടി കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഉത്തരവ് പ്രകാരം 450 ലക്ഷം രൂപയ്ക്ക് KIIFB-യുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി പാലം നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് PRICE ID 2017/211 പ്രകാരം പരിശോധിച്ചു വരികയാണ്. എസ്റ്റിമേറ്റ് ഉടൻതന്നെ അംഗീകാരത്തിനായി KIIFB-ൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) DPR കിഫ്ബി അംഗീകരിച്ചു നൽകിയിട്ടില്ല. പാലത്തിന്റെ ഡിസൈൻ റിവൈസ് ചെയ്യുന്നതിന് കിഫ്ബിയിൽനിന്നും നിർദ്ദേശം കിട്ടിയതിനെത്തുടർന്ന് ഡിസൈൻ ചെയ്ത് റിവൈസ്ഡ് എസ്റ്റിമേറ്റ് ഉടൻതന്നെ കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) പാലത്തിന്റെ അപ്രോച്ച് റോഡിനാവശ്യമായ 1.712 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ, റോഡ്സ് ഡിവിഷൻ, തൃശ്ശൂർ അപേക്ഷ നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കിയശേഷം മാത്രമേ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## കണ്ണങ്ങാട്-വെല്ലിംഗ്ടൺ ഐലന്റ് പാലത്തിന്റെ അപ്രോച്ച് റോഡ്

36(1150) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കണ്ണങ്ങാട് - വെല്ലിംഗ്ടൺ ഐലന്റ് പാലത്തിന്റെ അപ്രോച്ച് റോഡിനായി സ്ഥലം വിട്ടുനൽകിയവർക്ക് അർഹമായ നഷ്ടപരിഹാരത്തുക അനുവദിച്ച് നൽകുന്നതിലെ കാലതാമസത്തിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) നഷ്ടപരിഹാരത്തുക എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഇതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിലെ 143/D1/2017/PWD നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കണ്ണങ്ങാട്-വെല്ലിംഗ്ടൺ ഐലന്റ് പാലത്തിന്റെ നിർമ്മാണത്തിനായി ആദ്യം തയ്യാറാക്കിയിരുന്ന എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി ഒരു കോടി രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. എന്നാൽ പാലവും അപ്രോച്ച് റോഡും കൃത്യമായി നിർമ്മിക്കുന്നതിന് 31.32 Are സ്ഥലവുംകൂടി കൂടുതലായി എടുക്കേണ്ടിവന്നതിനാൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരമായി 2.83 കോടി രൂപ ആവശ്യമായിവരികയും അതനുസരിച്ചുള്ള തുകയ്ക്ക് 31-3-2017-ലെ G.O. (Rt.) No.1546/2017/RD പ്രകാരം SLEC അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ആദ്യം ഭരണാനുമതി നൽകിയതിൽ സ്ഥലമേറ്റെടുക്കുന്നതിനായി ഒരു കോടി രൂപ വകയിരുത്തിയിട്ടുള്ളതിനാൽ 2.83 കോടി അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി ആവശ്യമായിവരികയും അതനുസരിച്ച് കണ്ണങ്ങാട്-വെല്ലിംഗ്ടൺ പാലത്തിന്റെ നിർമ്മാണത്തിന് സ്ഥലം വിട്ടു നൽകിയവർക്ക് നൽകേണ്ട 2.83 കോടി രൂപ ഉൾപ്പെടുത്തിയ റിവൈസ്ഡ് എസ്റ്റിമേറ്റ് 16-1-2018-ന് സർക്കാരിൽ പരിഗണനയ്ക്കായി ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പുതുക്കിയ ഭരണാനുമതി നൽകി തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(സി) എറണാകുളം ജില്ലയിലെ കണ്ണങ്ങാട്-വെല്ലിംഗ്ടൺ ഐലന്റ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിലെ PWD-143/D1/2017/PWD നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

പ്രസ്തുത പ്രവൃത്തിക്ക് ആദ്യം ഭരണാനുമതി നൽകിയതിൽ സ്ഥലമേറ്റെടുക്കുന്നതിനായി ഒരു കോടി വകയിരുത്തിയിട്ടുള്ളതിനാൽ 2.83 കോടി അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി ആവശ്യമായി വരികയും അതനുസരിച്ച് കണ്ണങ്ങാട്-വെല്ലിംഗ്ടൺ പാലത്തിന്റെ നിർമ്മാണത്തിന് സ്ഥലം വിട്ടു നൽകിയവർക്ക് നൽകേണ്ട 2.83 കോടി രൂപ ഉൾപ്പെടുത്തിയ റിവൈസ്ഡ് എസ്റ്റിമേറ്റ് 16-1-2018-ന് സർക്കാരിൽ പരിഗണനയ്ക്കായി ലഭ്യമായിട്ടുണ്ട്. തുടർന്ന് പ്രൊപ്പോസലിന്മേലുള്ള വിശദമായ പരിശോധനയുടെ ഭാഗമായി ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

## മഴവഞ്ചേരി-ചൂണ്ടൽ റോഡിന്റെ വികസനം

37(1151) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-കുറ്റിപ്പുറം പാതയിൽ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡിന്റെ വികസനത്തിനായി 10-7-2017-ലെ സ.ഉ. (സാധാ) നമ്പർ 942/17/പൊ.മ.വ. പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ള 50 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ ടെണ്ടർ ചെയ്ത് പ്രവൃത്തി അവാർഡ് ചെയ്തു. ടി പ്രവൃത്തി അവസാന ഘട്ടത്തിലാണ്.

(ബി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം മാത്രമേ ആയതിനെ അടിസ്ഥാനമാക്കിയുള്ള ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ പരിഗണനയ്ക്ക് നൽകാൻ സാധിക്കുകയുള്ളൂ.

## പൊന്നംകോട്-കരിയോട് റോഡ് പുനരുദ്ധാരണം

38(1152) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പൊന്നംകോട്-കരിയോട് റോഡ് പുനരുദ്ധാരണം നടത്തുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ട്; എന്നാണ് തുക അനുവദിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റോഡിനോട് ബന്ധപ്പെട്ട് കരിയോട് മുതൽ എളമ്പുലാശ്ശേരി വരെയുള്ള 2 കി.മീറ്റർ ദൂരം വരുന്ന പഞ്ചായത്ത്റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്ന നടപടിയുടെ പുരോഗതി വിശദമാക്കാമോ;

(സി) പൊന്നംകോട്-എളമ്പുലാശ്ശേരി റോഡ് (ലെഫ്. കേണൽ ഇ. കെ. നിരഞ്ജൻ സ്മാരക റോഡ്) പുനരുദ്ധാരണം നടത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) പൊന്നംകോട് കരിയോട് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി തുക അനുവദിച്ചിട്ടില്ല. എന്നാൽ അറ്റകുറ്റപ്പണികൾക്കായി 10 ലക്ഷം രൂപ അനുവദിക്കുകയും ഈ തുക ഉപയോഗിച്ചുള്ള അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മന്ത്രിസഭായോഗം പഞ്ചായത്ത് റോഡുകൾ തൽക്കാലം ഏറ്റെടുക്കേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ട്.

(സി) ഈ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 1220 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു.

## ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി റോഡുകൾ

39(1153) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം പി.ഡബ്ല്യൂ.ഡി. റോഡുകൾക്കാണ് ബജറ്റിലുൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ റോഡിനും അനുവദിച്ച തുകയും, റോഡുകളുടെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(സി) 2017-18 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി അമ്പലപ്പാറ-കുട്ടിലക്കടവ് റോഡിന് എത്ര തുക അനുവദിച്ചിട്ടുണ്ട്; പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) 64.27 കോടി രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2017-18 വർഷത്തെ ബജറ്റിൽ അമ്പലപ്പാറ-കുട്ടിലക്കടവ് റോഡിന് തുക അനുവദിച്ചിട്ടില്ല. പ്രസ്തുത റോഡ് നിലവിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലാണുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പാലങ്ങളുടെ ഡിസൈൻ പ്രവൃത്തികൾ

40(1154) ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയതും KIIFB അംഗീകാരം ലഭിച്ചതുമായ പെരുമ്പളം, കാക്കത്തുരുത്ത്, നെടുമ്പ്രക്കാട്, വിളക്ക്മരം എന്നീ പാലങ്ങളുടെ ഡിസൈൻ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പെരുമ്പളം, കാക്കത്തുരുത്ത് എന്നീ പാലങ്ങളുടെ ഡിസൈൻ ഈ പ്രദേശത്തിന്റെ ടൂറിസം പ്രാധാന്യംകൂടി കണക്കിലെടുത്ത് സസ്പെൻഷൻ ബ്രിഡ്ജ് എന്ന നിലയിലാണോ ഡിസൈൻ ചെയ്യുന്നത്;

(സി) പ്രസ്തുത പ്രവൃത്തികൾ ഡിസൈൻ പൂർത്തിയാക്കി ഡി.പി.ആർ. തയ്യാറാക്കി ടി.എസ്. നേടി എന്നത്തേക്ക് ടെണ്ടർ ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഡിസൈൻ നടപടികളും ഡി.പി.ആർ.-ഉം വേഗത്തിലാക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ?

### ഉത്തരം

(എ)1. പെരുമ്പളം പാലത്തിന്റെ മണ്ണ് പരിശോധന റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ നൽകിയിട്ടുണ്ട്. പാലത്തിന്റെ ഡിസൈൻ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്.

2. കാക്കത്തുരുത്ത് പാലത്തിന്റെ മണ്ണ് പരിശോധന പൂർത്തിയായെങ്കിലും റിപ്പോർട്ട് ലഭ്യമായിട്ടില്ല. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്കുമാത്രമേ ഡിസൈൻ തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് ആയത് കൈമാറുവാൻ കഴിയുകയുള്ളൂ.

3. നെടുമ്പ്രക്കാട്-വിളക്കുമരം പാലത്തിന്റെ ടെന്റേറ്റീവ് ഡിസൈൻ ഡ്രോയിംഗ് ലഭ്യമായിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കൽ അന്തിമ ഘട്ടത്തിലാണ്. ഡി.പി.ആർ. തയ്യാറാക്കിയാൽ മാത്രമേ കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ബി) പെരുമ്പളം, കാക്കത്തുരുത്ത് എന്നീ പാലങ്ങളുടെ ഡിസൈൻ ഈ പ്രദേശത്തിന്റെ ടൂറിസം പ്രാധാന്യം കൂടി കണക്കിലെടുത്ത് കേബിൾ സ്റ്റേയ്ഡ് ടൈപ്പ് (Extradosed) രീതിയിലാണ് ഡിസൈൻ ചെയ്യുന്നത്.

(സി) 1. പെരുമ്പളം പാലത്തിന്റെ ടെൻറ്റേറ്റീവ് ഡിസൈൻ ലഭ്യമായാലുടൻ തന്നെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിലേയ്ക്ക് സാമ്പത്തികാനുമതിക്കായി സമർപ്പിക്കാൻ കഴിയുകയും അത്

ലഭിച്ചാലുടൻ സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് റോഡ് ഫണ്ട് ബോർഡിൽ നൽകാൻ കഴിയുകയും ചെയ്യും. പാലത്തിന്റേയും അപ്രോച്ച് റോഡിന്റേയും നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാൻ കഴിയുകയുള്ളൂ.

2. കാക്കത്തുരുത്ത് പാലത്തിന്റെ മണ്ണ് പരിശോധനാ റിപ്പോർട്ട് ലഭിച്ചാലുടൻ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ നൽകാൻ കഴിയുന്നതും തുടർന്ന് ഡിസൈൻ വിഭാഗത്തിൽനിന്നും ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിലേയ്ക്ക് കൈമാറുന്നതിനും സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് റോഡ് ഫണ്ട് ബോർഡിൽ നൽകാൻ കഴിയുന്നതുമാണ്. പാലത്തിന്റെ അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ലഭ്യമായാൽ മാത്രമേ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാൻ സാധിക്കുകയുള്ളൂ.

3. നെടുമ്പ്രക്കാട്-വിളക്കുമരം പാലത്തിന്റെ ഡി.പി.ആർ. തയ്യാറാക്കൽ അന്തിമ ഘട്ടത്തിലാണ്. അത് പൂർത്തിയാകുന്ന മുറയ്ക്ക് കിഫ്ബിയിൽ കൈമാറാൻ കഴിയുകയും തുടർന്ന് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി റോഡ് ഫണ്ട് ബോർഡിൽ നൽകാൻ കഴിയുകയും ചെയ്യും. തുടർന്നു മാത്രമേ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാനും സാധിക്കുകയുള്ളൂ.

## ആലത്തൂരിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ

41(1155) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം റോഡുകളുടെ അറ്റകുറ്റപ്പണികളാണ് നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 30 വർക്കുകൾ അനുവദിച്ചിട്ടുള്ളതിൽ 15 വർക്കുകൾ പൂർത്തിയായി. ബാക്കി നടന്നുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുമ്പളങ്ങി കണ്ടക്കടവ് റോഡിന്റെ അവസ്ഥ

42(1156) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബജറ്റിൽ പ്രഖ്യാപിച്ച കുമ്പളങ്ങി കണ്ടക്കടവ് റോഡിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നത്തേയ്ക്ക് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 10-7-2017-ലെ സ.ഉ. (സാധാ) നമ്പർ 942/2017/പൊ.മ.വ. പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനായി 1.72 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിരവധി തവണ ടെണ്ടർ ചെയ്തെങ്കിലും പ്രതികരണം ലഭിക്കാത്തതിനാൽ നെഗോഷിയേറ്റഡ് ക്വട്ടേഷൻ പ്രകാരം പ്രവൃത്തി അറേഞ്ച് ചെയ്തിട്ടുണ്ട്.

## കുന്ദമംഗലം ചേരിഞ്ചാൽ കുറ്റിക്കാട്ടൂർ റോഡ്, ചെറൂപ്പ-കുറ്റിക്കടവ്-ചെട്ടിക്കടവ് റോഡുകളുടെ അറ്റകുറ്റപ്പണികൾ

43(1157) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള, റോഡുകളുടെ മൊത്തം നീളവും റോഡിന്റെ പേരും തമ്മിൽ പൊരുത്തപ്പെടാത്ത കുന്ദമംഗലം ചേരിഞ്ചാൽ കുറ്റിക്കാട്ടൂർ റോഡ്, ചെറൂപ്പ-കുറ്റിക്കടവ്-ചെട്ടിക്കടവ് റോഡ് എന്നിവയുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് പ്രയാസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ റോഡിന്റെ മുഴുവൻ ഭാഗത്തും പ്രവൃത്തി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) രേഖയിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുന്ദമംഗലം-ചേരിഞ്ചാൽ-കുറ്റിക്കാട്ടൂർ റോഡിന്റെ കുന്ദമംഗലം മുതൽ കോട്ടാംപറമ്പ് വരെ (2 കി.മി.) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലാണ് വരുന്നത്. അതിൽ 1 ½ കി.മി. (0/000 മുതൽ 1/500 വരെ) ബജറ്റ് പ്രവൃത്തി നടന്നു വരുന്നു. കി.മി. 1/500 മുതൽ 2/000 വരെ ബി.എം. & ബി.സി. ചെയ്ത റോഡാണ്.

ചെറുപ്പ-കുറ്റിക്കടവ്-ചെട്ടിക്കടവ് റോഡിൽ ചെറൂപ്പ മുതൽ കുറ്റിക്കടവ് വരെ ബജറ്റ് പ്രവൃത്തി നടന്നുവരുന്നു. കുറ്റിക്കടവ് മുതൽ ചെട്ടിക്കടവ് വരെ കുഴിയടയ്ക്കൽ പ്രവൃത്തി നടത്തിയിട്ടുണ്ട്. ഈ റോഡിന്റെ നീളവും പേരും ശരിയായ രീതിയിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ/ഡി.പി.ആർ. നടപടികളിലെ കാലതാമസം

44(1158) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനും വർഷങ്ങളുടെ കാലതാമസ മെടുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യമായ തുക വകയിരുത്തിയ പാലങ്ങൾക്ക് എ.എസ്. ലഭിക്കാൻ ഇൻവെസ്റ്റിഗേഷൻ, ഡി.പി.ആർ. എന്നിവ സമയബന്ധിതമായി ലഭിക്കണമെന്നിരിക്കെ കാലതാമസം പരിഹരിക്കാൻ നടപടിയുണ്ടാകുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ സമീപകാലത്തായി മൂന്ന് പ്രാവശ്യത്തോളം ടെണ്ടർ ചെയ്തിട്ടും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ തയ്യാറായിരുന്നില്ല. എന്നാൽ ഇപ്പോൾ എല്ലാ പാലങ്ങളുടെയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറിൽ ഏർപ്പെടാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ കാസർഗോഡ് ജില്ലയിലെ വിവിധ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനും കാലതാമസമെടുത്തിട്ടില്ല.

(ബി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കാവശ്യമായ ഏറ്റവും കുറഞ്ഞ സമയമാണ് പൂർത്തീകരണ കാലാവധിയായി നൽകുന്നത്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡ്രിക് ബോർഡിൽ സമർപ്പിച്ച് ഡിസൈൻ ലഭിച്ചശേഷമാണ് ഡി.പി.ആർ. തയ്യാറാക്കുന്നത്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## മുരിങ്ങൂർ ഡിവൈൻ മോഡൽ അടിപ്പാതയുടെ നിർമ്മാണം

45(1159) <u>ശ്രീ. ബി. ഡി. ദേവസ്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ ചാലക്കുടി കോടതി ജംഗ്ഷനിൽ മുരിങ്ങൂർ ഡിവൈൻ മോഡൽ അടിപ്പാതയുടെ നിർമ്മാണം ഇനിയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണം ആരംഭിക്കാൻ എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കി, ചാലക്കുടി കോടതി ജംഗ്ഷനിലെ അണ്ടർ പാസ്സേജ് നിർമ്മാണം ഉടൻ ആരംഭിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) നിലവിൽ തടസ്സങ്ങൾ ഒന്നുമില്ല. ചീഫ് എഞ്ചിനീയർ നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ 19-9-2017-ലെ സർക്കുലർ പ്രകാരം അണ്ടർപാസിന്റെ ഡിസൈനും പുതുക്കിയ എസ്റ്റിമേറ്റും അംഗീകാരത്തിനായി തയ്യാറാക്കി വരുന്നു.

## ആറ്റിങ്ങൽ ബൈപ്പാസ്

46(1160) <u>ശ്രീ. ബി. സത്യൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയപാത വികസനത്തോടനുബന്ധിച്ച് ആറ്റിങ്ങൽ ബൈപ്പാസ് പ്രത്യേക പദ്ധതിയായി ഏറ്റെടുത്ത് നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ആറ്റിങ്ങൽ ബൈപ്പാസിന്റെ നിർമ്മാണം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാതാ വികസനത്തോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നു. ആറ്റിങ്ങൽ ബൈപ്പാസ്

ഉൾപ്പെടെയുള്ള ചേർത്തല കഴക്കൂട്ടം ദേശീയപാതയുടെ വികസനത്തിനുള്ള വിശദമായ പദ്ധതി രൂപരേഖ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തരമാണ് തയ്യാറാക്കുന്നത്. ആറ്റിങ്ങൽ ബൈപ്പാസിന്റെ നിർമ്മാണം ഒരു പ്രത്യേക പദ്ധതിയായി ഏറ്റെടുക്കുന്നതിന് കേന്ദ്ര മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്. അതിനായി ശ്രമിക്കാവുന്നതാണ്.

## സംസ്ഥാനത്തെ പാലങ്ങളുടെ പുനരുദ്ധാരണം

47(1161) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കണക്ക് പ്രകാരം സംസ്ഥാനത്ത് എത്ര പാലങ്ങളുണ്ട്; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഇവയിൽ യഥാക്രമം അറ്റകുറ്റപ്പണി, ബലപ്പെടുത്തൽ, പുതുക്കിപ്പണിയൽ എന്നിവ ആവശ്യമായ പാലങ്ങളുടെ പേരുവിവരവും ജില്ല തിരിച്ചുള്ള കണക്കും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്കായി എന്ത് ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കും; വിശദാംശം നൽകുമോ?

### ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ സംസ്ഥാനത്ത് 2445 പാലങ്ങളുണ്ട്. ഇവയിൽ അറ്റകുറ്റപ്പണി, ബലപ്പെടുത്തൽ/പുതുക്കിപ്പണിയൽ, പുനർ നിർമ്മിക്കേണ്ടവ എന്നിവ ആവശ്യമായവയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) സംസ്ഥാനത്തെ പുനർനിർമ്മിക്കേണ്ടതായിട്ടുള്ള പാലങ്ങളുടെ പ്രവൃത്തിക്കും പുനരുദ്ധാരണത്തിനും സാധാരണ അറ്റകുറ്റപ്പണികൾക്കുമായി ഏകദേശം 4000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(ഡി) പുനർ നിർമ്മിക്കേണ്ടതായിട്ടുള്ള പാലങ്ങളിൽ 7 പ്രവൃത്തികൾക്കായുള്ള ഭരണാനുമതി ബജറ്റ്/കിഫ്ബി പദ്ധതി മുഖേന നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ ഉടൻതന്നെ ആരംഭിക്കാൻ കഴിയും. ബാക്കി പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പ്രവൃത്തികളുടെ ഭരണാനുമതി നൽകുന്ന മുറയ്ക്ക് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പയ്യന്നൂർ മണ്ഡലത്തിലെ വടവഞ്ചൂർ പാലം നിർമ്മാണം**

48(1162) <u>ശ്രീ. സി. കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ വടവഞ്ചൂർ പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

പയ്യന്നൂർ മണ്ഡലത്തിലെ വടവഞ്ചൂർ പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടില്ല. പ്രസ്തുത പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**പേരുച്ചാൽ പാലത്തിന്റെ നിർമ്മാണം**

49(1163) <u>ശ്രീ. രാജു എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരുച്ചാൽ പാലത്തിന്റെ നിർമ്മാണം ഏത് ഘട്ടംവരെയായി; എന്തൊക്കെ പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്;

(ബി) ഇനിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്;

(സി) അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് പേരുച്ചാൽ പാലം എന്ന് തുറന്നുകൊടുക്കാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പേരുച്ചാൽ പാലത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. സ്പാനുകളിലുള്ള wearing coat-ന്റെ നിർമ്മാണമാണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. സമീപന പാതയുടെ നിർമ്മാണം, well foundation ബലപ്പെടുത്തൽ തുടങ്ങിയവ പൂർത്തീകരിക്കാനുണ്ട്.

(ബി) സമീപന പാത, wearing coat നിർമ്മാണം, well foundation ബലപ്പെടുത്തൽ എന്നീ പ്രവൃത്തികൾക്ക് 180 ലക്ഷം രൂപയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

(സി) ഒരു വർഷമാണ് പൂർത്തീകരണ കാലാവധിയെങ്കിലും അടുത്ത ശബരിമല മണ്ഡലകാലത്തിനുമുമ്പായി പണികൾ പൂർത്തീകരിച്ച് പാലം ഗതാഗതത്തിന് തുറന്നു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലം നിർമ്മാണം

50(1164) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലം നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് ഏതെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച കാര്യങ്ങൾ അവലോകനം ചെയ്യുന്നതിന് സർക്കാർ തലത്തിൽ എത്ര യോഗങ്ങൾ, ഏതൊക്കെ തീയതികളിൽ നടന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ യോഗങ്ങളിലെയും തീരുമാനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) റിവൈസ്ഡ് എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു. ഫയൽ ധനകാര്യ വകുപ്പിലാണ്.

(സി&ഡി) ടി പ്രവൃത്തി സംബന്ധിച്ച് 29-5-2017-ലും 3-1-2018-ലും ചേർന്ന യോഗതീരുമാനത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

## മട്ടന്നൂർ-ഇരിക്കൂർ റോഡ്

51(1165) ശ്രീ. ഇ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയ മട്ടന്നൂർ-ഇരിക്കൂർ റോഡ് നിർമ്മാണത്തിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയുണ്ടായോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മട്ടന്നൂർ-ഇരിക്കൂർ റോഡ് പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്.

(ബി) 29-12-2017-ലെ കിഫ്ബി ബോർഡ് മീറ്റിംഗിൽ ഈ പ്രവൃത്തിക്ക് സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾ**

52(1166) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഏർപ്പെടുത്തിയ സോഷ്യൽ ആഡിറ്റിംഗ് മുഖാന്തരം പ്രസ്തുത വകുപ്പിന്റെ പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ വിശദമാക്കുമോ;

(ബി) സോഷ്യൽ ആഡിറ്റിംഗ്‌വഴി വകുപ്പിലെ അഴിമതി കുറയ്ക്കുന്നതിനും പ്രവൃത്തികളുടെ ഗുണനിലവാരം ഉയർത്തുന്നതിനും നിർമ്മാണച്ചെലവിൽ കാര്യമായ കുറവുണ്ടാക്കുന്നതിനും സാധിച്ചിട്ടുണ്ടോ;

(സി) വകുപ്പിലെ ചില എഞ്ചിനീയർമാരും കോൺട്രാക്ടർമാരും തമ്മിലുള്ള അവിശുദ്ധ ബന്ധം വകുപ്പിൽ നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) പൊതുമരാമത്ത് വകുപ്പിനെ ഒരു മാതൃകാ വകുപ്പാക്കുന്നതിന് ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിനായി സ്വീകരിക്കുവാൻ പോകുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്.) നമ്പർ 1/2018/പി.ഡബ്ല്യു.ഡി. തീയതി 5-1-2018 പ്രകാരം സംസ്ഥാനത്ത് പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിന് പതിനാല് ജില്ലകളിലും സോഷ്യൽ ആഡിറ്റിംഗ് നടപ്പിലാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രാവർത്തികമാക്കാൻ തുടങ്ങിയിട്ടുണ്ട്. എന്നാൽ ആലപ്പുഴ ജില്ലയിൽ ഇതിനുമുമ്പ് നടപ്പിലാക്കിയത് വൻവിജയമായിരുന്നു. ഗുണനിലവാരം മെച്ചപ്പെടുത്താൻ മേൽനോട്ടം ശക്തിപ്പെടുത്തും.

(ബി) ഉണ്ട്. സോഷ്യൽ ആഡിറ്റിംഗ് നടപ്പിലാക്കുന്നതുവഴി വകുപ്പിലെ പ്രവൃത്തികൾ സുതാര്യമാക്കുന്നതിനും പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിനും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സാധിക്കുന്നതാണ്.

(സി) ഉണ്ട്. അത് തടയാനുള്ള ശ്രമങ്ങൾ വിജയിച്ചിട്ടുണ്ട്. അച്ചടക്ക നടപടി എടുത്തു വരുന്നു.

(ഡി) പൊതുമരാമത്ത് വകുപ്പിനെ ഒരു മാതൃകാ വകുപ്പായി ഉയർത്തുന്നതിന്റെ ഭാഗമായി എസ്റ്റിമേറ്റ് കുറ്റമറ്റതാക്കുക, പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുക, ഗുണമേന്മ ഉറപ്പുവരുത്തുക, അഴിമതി നിർമ്മാർജ്ജനം ചെയ്യുക, പുതിയ സാങ്കേതികവിദ്യകൾ നടപ്പിലാക്കുക, സോഷ്യൽ ആഡിറ്റിംഗ് നടപ്പിലാക്കുക, ജീവനക്കാർക്ക് ട്രെയിനിംഗ് നൽകുക, കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുക, തുടങ്ങിയ കാര്യങ്ങളിൽ നടപടികൾ സ്വീകരിച്ചുവരുന്നു. മെയിന്റനൻസ് പരിശോധന നടത്തും.

## പൊതുമരാമത്ത് വകുപ്പിലെ മെല്ലെപ്പോക്ക്

53(1167) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ സാമ്പത്തിക അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എഞ്ചിനീയർ തസ്തികയിലുള്ള എത്ര ഉദ്യോഗസ്ഥർക്കെതിരെ അഴിമതിയുടെയും ക്രമക്കേടുകളുടെയും അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു;

(സി) എഞ്ചിനീയർമാരും കോൺട്രാക്ടർമാരും തമ്മിലുള്ള അവിശുദ്ധ ബന്ധത്തിന്റെ അടിസ്ഥാനത്തിലുള്ള മെല്ലെപോക്ക് നയവും കെടുകാര്യസ്ഥതയും കൊണ്ട് തകർന്ന് കിടക്കുന്ന പൊതുമരാമത്ത് റോഡുകൾ സമയബന്ധിതമായി നന്നാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. 2 കോടി രൂപയിൽ കൂടുതൽ തുകയുള്ള വർക്കുകൾക്ക് ഗുണനിലവാര പരിശോധന first time ചെയ്യുന്നതിന് സൈറ്റിൽ തന്നെ ലാബ് നിർബന്ധമാക്കിയിരിക്കുന്നു. രണ്ടാം തരം (Second time) ഗുണനിലവാര പരിശോധനയ്ക്ക് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബും സജ്ജമാക്കിയിട്ടുണ്ട്. ഗുണനിലവാര പരിശോധന സർട്ടിഫിക്കറ്റുകൾ ബില്ലിനൊപ്പം നിർബന്ധമാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് ഇതുസംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം ലംഘിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പിലെ അഴിമതി

തടയുന്നതിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിംഗ് ശക്തിപ്പെടുത്തുകയും മരാമത്ത് പ്രവൃത്തികൾക്ക് സോഷ്യൽ ആഡിറ്റിംഗ് നടപ്പിലാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി പരാതികളും അപാകതകളും സംബന്ധിച്ച് പരിശോധനകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചീഫ് ടെക്നിക്കൽ എക്സാമിനർ, പോലീസ് വിജിലൻസ് എന്നീ വിഭാഗങ്ങളുടെ ഇടപെടലുകളും അഴിമതി തടയുന്നതിന് സഹായകരമാകുന്നുണ്ട്.

മെയിന്റനൻസ് ചീഫ് എഞ്ചിനീയറെ നിയമിച്ച് നൂതന സാങ്കേതികവിദ്യ നടപ്പാക്കുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റ് നിരുത്സാഹപ്പെടുത്തി, എസ്റ്റിമേറ്റ് കൃത്യമാക്കി. മോശപ്പെട്ട കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി ഫൈൻ ചുമത്തി.

പൊതുമരാമത്ത് വകുപ്പിൽ ലഭിക്കുന്ന പരാതികളുടെയും വിവരങ്ങളുടെയും അടിസ്ഥാനത്തിൽ അന്വേഷണം നടത്തി പൊതുമരാമത്ത് വകുപ്പിലെ സാമ്പത്തിക അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരെ കർശനമായ അച്ചടക്ക നടപടികൾ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ) റൂൾ 1960 പ്രകാരം സ്വീകരിക്കാറുണ്ട്.

(ബി) 145 എഞ്ചിനീയർ തസ്തികയിലുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. സസ്പെന്റ് ചെയ്തവരിൽ ഒരു ചീഫ് എഞ്ചിനീയർ, ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയർ, മൂന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ ഉൾപ്പെടുന്നു. അഞ്ച് ചീഫ് എഞ്ചിനീയർമാർ, നാല് സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, ഏഴ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവരടക്കം 124 പേരെ ശിക്ഷാ നടപടിയായി സ്ഥലം മാറ്റിയിട്ടുണ്ട്.

(സി) എഞ്ചിനീയർമാരും കോൺട്രാക്ടർമാരും തമ്മിലുള്ള അവിശുദ്ധ ബന്ധവും മെല്ലെപ്പോക്ക് നയവും കെടുകാര്യസ്ഥതയും കാരണം ഇപ്പോൾ റോഡ് തകർന്നു കിടക്കുന്ന സ്ഥിതി വകുപ്പിലില്ല. തകർന്നു കിടക്കുന്ന പൊതുമരാമത്ത് റോഡുകൾ സമയബന്ധിതമായി നന്നാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

എന്നാൽ അവിശുദ്ധ ബന്ധം പരസ്യമായി അവസാനിപ്പിച്ചുവെങ്കിലും ചിലയിടങ്ങളിൽ രഹസ്യമായി നടന്നുവരുന്നതായി കാണുന്നു. അതേപ്പറ്റി വളരെ രഹസ്യമായി സർക്കാർ നിരീക്ഷിച്ചു വരുന്നു. പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ വരവിൽ കവിഞ്ഞ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നു.

## കുണ്ടന്നൂർ മേൽപ്പാല നിർമ്മാണം

54(1168) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ കുണ്ടന്നൂരിൽ നിർമ്മിക്കുന്ന മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ഈ നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ കുണ്ടന്നൂരിൽ നിർമ്മിക്കുന്ന മേൽപ്പാലത്തിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. ആർ.ബി.ഡി.സി.കെ.-യെ പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. ആയി നിയമിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ആർ.ബി.ഡി.സി.കെ. സാങ്കേതികാനുമതി നൽകുകയും മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി 80.98 കോടി രൂപയുടെ എസ്റ്റിമേറ്റ് തുകയ്ക്ക് 24-10-2017-ന് ടെണ്ടർ വിളിക്കുകയും ചെയ്തു. ആറ് കരാറുകാർ സമർപ്പിച്ച ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ തുകയ്ക്ക് Quote ചെയ്ത മേരിമാതാ കൺസ്ട്രക്ഷൻ കമ്പനിക്ക് 15-1-2018-ന് Letter of Acceptance നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) കുണ്ടന്നൂർ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) മേൽപ്പാലത്തിന്റെ നിർമ്മാണം എഗ്രിമെന്റ് വച്ച് കരാർ കാലാവധിയായ 24 മാസത്തിനകം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. കുണ്ടന്നൂർ, വൈറ്റില ഫ്ലൈഓവറുകൾ 203 കോടി രൂപ ബജറ്റിൽ വച്ചിട്ടുണ്ട്. ഇപ്പോൾ രണ്ടും ടെണ്ടർ കഴിഞ്ഞു. വൈറ്റില പണി തുടങ്ങി. കുണ്ടന്നൂർ ഉടൻ തുടങ്ങും. എന്നാൽ ചില തൽപ്പരകക്ഷികൾ ഈ പദ്ധതിക്ക് തുരങ്കംവെയ്ക്കാൻ ശ്രമിച്ചു. ഇപ്പോഴും ശ്രമിച്ചു വരുന്നു. സർക്കാർ പദ്ധതിയുമായി മുന്നോട്ടു പോകും. യോഗ്യതയില്ലാത്ത ഒരു കരാറുകാരൻ നിയമ നടപടിവഴി രണ്ടുമാസം തടസ്സപ്പെടുത്തി. കേസ് തള്ളി ഇപ്പോൾ നിർമ്മാണം തുടങ്ങാവുന്ന സ്ഥിതിയിലാണ്.

## പൊതുമരാമത്ത് വകുപ്പിന്റെ ധനവിനിയോഗം

55(1169) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജനുവരി മുതൽ 2017 ഡിസംബർ 31 വരെയുള്ള പൊതുമരാമത്ത് വകുപ്പിന്റെ എക്സ്പെന്റീച്ചർ സംബന്ധിച്ച സ്ഥിതിവിവരക്കണക്ക് നൽകാമോ;

(ബി) കോങ്ങാട് മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ 2016 ജനുവരി മുതൽ 2017 ഡിസംബർ 31 വരെയുള്ള ധനവിനിയോഗക്കണക്ക് നൽകാമോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) 2016 ജനുവരി മുതൽ 2017 ഡിസംബർ 31 വരെയുള്ള പൊതുമരാമത്ത് വകുപ്പിന്റെ എക്സ്പെന്റീച്ചർ സംബന്ധിച്ച സ്ഥിതിവിവരക്കണക്ക് ചുവടെ ചേർക്കുന്നു:

കെട്ടിട വിഭാഗം -854.80 കോടി രൂപ

ദേശീയപാത വിഭാഗം- 1015.32 കോടി രൂപ

നിരത്തുകളും പാലങ്ങളും- 6320.36 കോടി രൂപ

കെ.എസ്.റ്റി.പി. -633.18 കോടി രൂപ.

(ബി) കോങ്ങാട് മണ്ഡലത്തിലെ പൊതുമരാമത്ത് കെട്ടിടവിഭാഗത്തിൽ നിന്നും 3,32,12,040 രൂപയും നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 23,32,75,719 രൂപയും വിനിയോഗിച്ചിട്ടുണ്ട്. (ആകെ 26.65 കോടി രൂപ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കുറുങ്കോട്ട പാലത്തിന്റെ നിർമ്മാണം

56(1170) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുള്ളതും 82-ഓളം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നതുമായ ചേരാനല്ലൂർ പഞ്ചായത്തിലെ കുറുങ്കോട്ട പാലത്തിന്റെ നിർമ്മാണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കുറുങ്കോട്ട ദ്വീപിൽനിന്നും വടുതല ഭാഗത്ത് നിലവിലുള്ള സെന്റ് പീറ്റേഴ്സ് റോഡുമായി ബന്ധിപ്പിക്കുന്ന അലൈൻമെന്റ് നടപ്പാക്കുന്നതിനായി സമർപ്പിച്ച കോളനി വാസികളുടെ നിവേദനത്തിൻമേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 2017-18 ബജറ്റ് സ്പീച്ചിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ടി പ്രവൃത്തിക്ക് 10-7-2017-ലെ സ.ഉ (സാധാ)നമ്പർ 942/2017/PWD ഉത്തരവ് പ്രകാരം ഇൻ പ്രിൻസിപ്പിൾ സാംഗ്ഷൻ നൽകിയതിനെത്തുടർന്ന് ഇൻവെസ്റ്റിഗേഷൻ പുരോഗതിയിലാണ്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. സെന്റ് പീറ്റേഴ്സ് റോഡിലൂടെയുള്ള അലൈൻമെന്റിൽ കൂടിയാണ് സർവ്വേ നടപടികൾ നടന്നുവരുന്നത്.

(സി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് DPR, KIIFB-യുടെ സാമ്പത്തിക അംഗീകാരത്തിനായി സമർപ്പിക്കുകയും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതിയും ടെണ്ടർ നടപടികളും പൂർത്തീകരിച്ചാൽ മാത്രമേ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളൂ. ഇതിനുള്ള നടപടികൾ പുരോഗതിയിലാണ്.

**പൊതുമരാമത്ത് പ്രവൃത്തികളിൽ സോഷ്യൽ ആഡിറ്റിംഗ്**

57(1171) <u>ശ്രീ. ബി. ഡി. ദേവസ്സി</u>:
<u>ശ്രീ. എം. നൗഷാദ്</u>:
<u>ശ്രീ. കെ. വി. വിജയദാസ്</u>:
<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികളിൽ ഗുണമേന്മയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനും അഴിമതി തടയുന്നതിനുമായി സോഷ്യൽ ആഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇതിനായി ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതി സമർപ്പിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) പൊതുജനങ്ങൾ നൽകുന്ന പരാതികളിൽ കഴമ്പുണ്ടെങ്കിൽ കരാറുകാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് പ്രവൃത്തികളിൽ ഗുണമേന്മയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനും അഴിമതി തടയുന്നതിനുമായി G.O. (Ms) No.1/2018/PWD dated 5-1-2018 പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ സോഷ്യൽ ആഡിറ്റിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം ജില്ലാതലത്തിൽ സോഷ്യൽ ആഡിറ്റ് സമിതികൾ രൂപീകരിച്ചും സോഷ്യൽ ആഡിറ്റ് സമിതികളുടെ കടമകളും ചുമതലകളും സ്പഷ്ടീകരിച്ചും ഉത്തരവായിട്ടുണ്ട്.

(സി) ടി ഉത്തരവിൽ പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിലുള്ള ദേശീയപാത/റോഡുകളും പാലങ്ങളും/കെട്ടിടവിഭാഗങ്ങൾ വകുപ്പിന് കീഴിലുള്ള മറ്റ് സ്ഥാപനങ്ങൾ, കമ്പനികൾ എന്നിവവഴി നടത്തുന്ന പ്രവൃത്തികൾ സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിര താമസക്കാരായ ഏതൊരാൾക്കും ജില്ലാസമിതി മുമ്പാകെ നൽകാവുന്നതാണെന്നും പ്രവൃത്തി നടത്തി വരുന്ന സമയത്തോ പ്രവൃത്തി പൂർത്തിയായി മൂന്നു മാസത്തിനകമോ പരാതി സമർപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(ഡി) പൊതുജനങ്ങൾ നൽകുന്ന പരാതികളിന്മേലുള്ള പരിശോധനാ റിപ്പോർട്ടുകൾ സോഷ്യൽ ആഡിറ്റ് സമിതി യോഗം വിശദമായി ചർച്ച ചെയ്ത് അപാകതകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കേണ്ട നടപടികൾ ശിപാർശ ചെയ്ത് സർക്കാരിന് സമർപ്പിക്കേണ്ടതാണെന്നും പ്രവൃത്തിയിൽ വന്നിട്ടുള്ള അപാകതകൾ സംബന്ധിച്ച് പൊതുമരാമത്ത് ഉന്നത ഉദ്യോഗസ്ഥർ പരിശോധന നടത്തണമെന്നോ/പൊതുമരാമത്ത് വിജിലൻസ് അന്വേഷിക്കണമെന്നോ സി.റ്റി.ഇ. അന്വേഷിക്കണമെന്നോ/ധനകാര്യ അന്വേഷണ വിഭാഗം അന്വേഷിക്കണമെന്നോ/ പോലീസ് വിജിലൻസ് അന്വേഷിക്കണമെന്നോ ജില്ലാ സോഷ്യൽ ആഡിറ്റ് സമിതികൾക്ക് ശിപാർശ ചെയ്യാവുന്നതാണെന്നും മേൽ ഉത്തരവ് പ്രകാരം വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## യന്ത്രങ്ങളുടെ ഉപയോഗംമൂലം വീടുകൾക്കും സ്ഥാപനങ്ങൾക്കും കേടുപാടുകൾ

58(1172) പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ വൻകിട പദ്ധതികളും റോഡുകളും പാലങ്ങളും നിർമ്മിക്കുമ്പോൾ യന്ത്രങ്ങളുടെ ഉപയോഗംമൂലം അടുത്തുള്ള വീടുകൾക്കും സ്ഥാപനങ്ങൾക്കും കേടുപാടുകൾ വരുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാധാരണക്കാരായവർക്ക് ഇപ്രകാരമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇത്തരത്തിൽ എന്തെങ്കിലും പദ്ധതിയെക്കുറിച്ച് ആലോചിക്കുമോ; വിശദമാക്കാമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് നിലവിൽ കേന്ദ്ര പദ്ധതികൾ ഒന്നുംതന്നെയില്ല. എന്നാൽ സംഭവിച്ചിട്ടുള്ള കേടുപാടുകൾ നിർദ്ദിഷ്ട കരാറുകാർവഴി തന്നെ പരിഹരിച്ചിട്ടുണ്ട്.

(സി) നിലവിൽ പദ്ധതികളൊന്നുമില്ല. കേന്ദ്രവുമായി ബന്ധപ്പെട്ട ഇത്തരം പദ്ധതിയെപ്പറ്റി ആലോചിക്കുന്നതിന് ആവശ്യപ്പെടുന്നതാണ്.

## വട്ടോളിപ്പാലം നിർമ്മാണം

59(1173) ശ്രീ. ഇ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ വട്ടോളിപ്പാലം നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ വട്ടോളിപ്പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ DPR 3 പാലങ്ങൾ ഉൾപ്പെട്ട സിംഗിൾ പാക്കേജായി 22-2-2017-ൽ കേരള റോഡ് ഫണ്ട് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയും.

**ഉയരപ്പാതകളുടെ നിർമ്മാണം**

60(1174) <u>ശ്രീ. ജെയിംസ് മാത്യു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തിരക്കേറിയ നഗരങ്ങളിലും ചെറുപട്ടണങ്ങളിലും റോഡ് വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസവും വർദ്ധിച്ച പണച്ചെലവുംമൂലം വികസന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാതെ വരുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ നിലവിലുള്ള റോഡിന് മുകളിൽ ഉയരപ്പാതകൾ നിർമ്മിച്ചാൽ ഗതാഗതക്കുരുക്കും വികസന പദ്ധതികളിലെ കാലതാമസവും ഒഴിവാക്കാൻ സാധിക്കുകയില്ലേയെന്ന് പരിശോധിക്കാമോ ;

(സി) ഇത്തരത്തിൽ നിർമ്മിക്കുന്ന ഉയരപ്പാതയുടെ ഇരുപുറവും രണ്ടുവരി പാതകൾ നിർമ്മിക്കുകയും സ്ഥലലഭ്യതയ്ക്ക് അനുസരിച്ച് നടപ്പാതയും പാർക്കിംഗ് സൗകര്യങ്ങളും ക്രമപ്പെടുത്തുകയും ചെയ്താൽ പട്ടണങ്ങളിലെ തിരക്ക് കുറയ്ക്കാൻ സാധിക്കുമെന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ തിരക്കേറിയ നഗരങ്ങളിലും ചെറുപട്ടണങ്ങളിലും റോഡ് വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസവും വർദ്ധിച്ച പണച്ചെലവുംമൂലം വികസന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാതെ വരുന്നുണ്ട്. റോഡ് വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങളും തർക്കങ്ങൾ പരിഹരിക്കുന്നതും ഫണ്ടിന്റെ ലഭ്യതക്കുറവും പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസം വരുത്തുന്നുണ്ട്.

(ബി&സി) നിലവിലുള്ള റോഡിന് മുകളിൽ ഉയരപ്പാതകൾ നിർമ്മിക്കുകയാണെങ്കിൽ ഗതാഗതക്കുരുക്കും വികസനപദ്ധതികളിലെ കാലതാമസവും ഒഴിവാക്കാൻ സാധിക്കുന്നതാണ്. പക്ഷേ ഇത്തരം പ്രവൃത്തികളുടെ

നിർമ്മാണത്തിന് ളുണകൾ നാട്ടുന്നതിനായി നിലവിലുള്ള റോഡിൽ മീഡിയനുകൾ സ്ഥാപിക്കേണ്ടതായി വരുന്നതിനാൽ ആയതിനായി പല ഭാഗങ്ങളിലും സ്ഥലമേറ്റെടുക്കേണ്ട ആവശ്യകതയുമുണ്ട്. നിലവിൽ നാലുവരി പാതയുടെ വീതിക്ക് സ്ഥലം ആവശ്യമായിവരും. മാത്രമല്ല ഇത്തരം പദ്ധതികൾക്ക് ചെലവ് വളരെ കൂടുതലായിവേണ്ടിവരും. ഉയരപ്പാതകൾ നിർമ്മിക്കുമ്പോൾ പ്രസ്തുത സൗകര്യങ്ങൾ സ്ഥല ലഭ്യതക്കനുസരിച്ച് പ്രോജക്ടിൽ ഉൾപ്പെടുത്തുന്നത് പരിഗണനാർഹമാണ്.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവർത്തനങ്ങൾ

61(1175) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിൽ നടത്തിയിട്ടുള്ളതും നടന്നു വരുന്നതുമായ പൊതുമരാമത്ത് വകുപ്പിന്റെ നിരത്തുകളും പാലങ്ങളും, കെട്ടിടം, ദേശീയപാത എന്നീ വിഭാഗങ്ങൾ മുഖേനയുള്ള പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) അവയുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിൽ ദേശീയപാത വിഭാഗത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. പ്രീ-മൺസൂൺ വർക്ക് ചെയിനേജ് 274/000 മുതൽ 286/610 വരെ പണി പൂർത്തീകരിച്ചു.
2. പാച്ച് വർക്ക്- ചെയിനേജ് 281/000 മുതൽ 286/600 വരെ -90% പണി പൂർത്തീകരിച്ചു.
3. സി.ആർ.എഫ് 2016-17 ഗാന്ധി സ്ക്വയർ മിനിബൈപ്പാസ് കണ്ണംകുളങ്ങര-പുതിയ റോഡ്-പൂത്തോട്ട റോഡ്-ലിങ്ക് റോഡ്-മരട്-കേട്ടെഴുത്തുകടവ്-ഗ്രിഗോറിയോസ് സ്കൂൾ റോഡ്-പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

കെട്ടിട, നിരത്തു വിഭാഗങ്ങളുടെ കീഴിൽ വരുന്ന പ്രവർത്തനങ്ങളും അവയുടെ വിശദവിവരങ്ങളും അനുബന്ധം I, II ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മാനന്തവാടിയിലെ റോഡ് പ്രവൃത്തികൾ**

62(1176) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽനിന്നും 2017-18 ബജറ്റിൽ അനുവദിച്ച മാനന്തവാടി-താഴെയങ്ങാടി-ഇയത്തുവയൽ-ആറാട്ട്തറ റോഡ് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) കിഫ്ബിയിൽനിന്നും 2017-18 ബജറ്റിൽ അനുവദിച്ച മാനന്തവാടി ഒണ്ടയങ്ങാടി-സീനറി റോഡ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(സി) 2017-18 ബജറ്റിൽ പ്രഖ്യാപിച്ച പുലിക്കാട്ട് കടവ് പാലം പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പ്രസ്തുത റോഡ് പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയ്ക്കായുള്ള ടെണ്ടർ നടപടി പൂർത്തീകരിച്ച് എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡിസൈൻ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**എയർപോർട്ട് ഫീഡർ റോഡ്**

63(1177) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് എയർപോർട്ട് റോഡിന്റെ ഫീഡർ റോഡ് നാദാപുരം മണ്ഡലത്തിൽ ഏതൊക്കെ പ്രദേശങ്ങളിലൂടെയാണ് കടന്നുപോകുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ അലൈൻമെന്റുമായി ബന്ധപ്പെട്ട വിഷയത്തിൽ ധാരണയിലെത്തിയോ;

(സി) ഇത് എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) കോഴിക്കോട് എയർപോർട്ട് റോഡിന്റെ ഫീഡർ റോഡുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഒന്നും നിലവിലില്ല. എന്നാൽ കണ്ണൂർ എയർപോർട്ട് റോഡിന്റെ ഫീഡർ റോഡായി പുതിയങ്ങാടി-ഉള്ള്യേരി-കുറ്റ്യാടി-ചൊവ്വ (എസ്.എച്ച്-38) റോഡിലെ കുറ്റ്യാടി മുതൽ നാദാപുരം വരെയുള്ള ഭാഗമാണ് പുനരുദ്ധാരണം നടത്തുന്നത്. ഈ റോഡ് നാദാപുരം മണ്ഡലത്തിലെ ചേലക്കാട്-കല്ലാച്ചി-നാദാപുരം-തൂണേരി-ഇരിങ്ങണ്ണൂർ-പെരിങ്ങത്തൂർ

എന്നീ പ്രദേശങ്ങളിലൂടെ യാണ് കടന്നുപോകുന്നത്. പ്രസ്തുത റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നു വരുന്നു. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കിയശേഷം മാത്രമേ അലൈൻമെന്റിന് അംഗീകാരം നൽകുകയുള്ളൂ. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ആവശ്യമായ അംഗീകാരങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ പൂർത്തീകരണ കാലാവധി തീരുമാനിക്കാൻ സാധിക്കുകയുള്ളൂ.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ മുള്ളറവിള-ആയയിൽ പാലം നിർമ്മാണം**

64(1178) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ മുള്ളറവിള-ആയയിൽ പാലത്തിന്റെ പുതിയ ഡിസൈൻ തയ്യാറായിട്ടുണ്ടോ; ഇല്ലെങ്കിൽ 2018 ഫെബ്രുവരിക്ക് മുമ്പ് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കാൻ കഴിയുമോയെന്ന് വിശദമാക്കുമോ;

(ബി) മുള്ളറവിള -ആയയിൽ പാലത്തിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് പി.ഡബ്ല്യൂ.ഡി. ബ്രിഡ്ജസ് വിഭാഗം എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ പാലത്തിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എൽ.എ. തഹസീൽദാർക്ക് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) മുള്ളറവിള-ആയയിൽ പാലത്തിന് കിഫ്ബി എത്ര തുകയാണ് വകയിരുത്തിയത്;

(ഇ) മുള്ളറവിള-ആയയിൽ പാലത്തിന്റെ പ്രവൃത്തികൾ 2018 മാർച്ചിൽ ആരംഭിക്കാൻ കഴിയുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) ആയയിൽ-മുള്ളറവിള പാലത്തിന്റെ പുതുക്കിയ ഡിസൈൻ രൂപകല്പന വിഭാഗത്തിൽ തയ്യാറാക്കുന്നത് അന്തിമ ഘട്ടത്തിലാണ്. ഡിസൈൻ ലഭ്യമായതിനുശേഷം മാത്രമേ ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിക്കാൻ കഴിയുകയുള്ളൂ.

(ബി) ആയയിൽ-മുള്ളറവിള പാലം സ്ഥലമേറ്റെടുക്കൽ നടപടികളുടെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് റിക്വിസിഷൻ തയ്യാറാക്കി 2010-ൽ ജില്ലാകളക്ടർക്ക് നൽകിയിരുന്നു. എന്നാൽ ചില ഭൂവുടമകൾ ഈ വിഷയത്തിൽ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ഇത് ടി പ്രവൃത്തിയുടെ പുരോഗതിയെ

ബാധിച്ചു. കേസ്സിന്റെ തീർപ്പിനുശേഷം സർവ്വേ നടപടികൾ പൂർത്തിയാക്കി. എന്നാൽ ഇപ്പോൾ 1894-ലെ എൽ.എ. നിയമ പ്രകാരമുള്ള നടപടിക്രമങ്ങൾ ഡിനോവയായി. കൂടാതെ പാലത്തിന്റെ പെരുങ്കടവിള ഭാഗത്തെ റോഡ് കോളിയോട്-മുള്ളുവിള പെരുങ്കടവിള വരെ വീതികൂട്ടി നിർമ്മിക്കണമെന്ന ആവശ്യം ഉയർന്നു. ആയതിനാൽ 2013-ലെ പുതിയ ലാൻഡ് അക്വിസിഷൻ നിയമപ്രകാരം തുടർനടപടികൾ നടത്തുന്നതിനായി പുതിയ റിക്വിസിഷൻ തയ്യാറാക്കിവരുന്നു.

(സി) റിക്വിസിഷൻ തയ്യാറാക്കുന്ന മുറയ്ക്ക് മാത്രമേ ജില്ലാ കളക്ടർ/ തഹസീൽദാർക്ക് ആവശ്യംവേണ്ട നിർദ്ദേശം നൽകുകയുള്ളൂ.

(ഡി) 2016-17 വർഷത്തെ Budget Speech-ൽ ഉൾപ്പെടുത്തിയിരുന്ന പ്രസ്തുത പ്രവൃത്തിക്ക് 31-10-2016-ലെ ജി.ഒ. (ആർ.റ്റി.)നമ്പർ 1496/2016/പൊ.മ.വ. പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു. ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചതിനുശേഷമേ കിഫ്ബി തുക അനുവദിക്കുകയുള്ളൂ.

(ഇ) സ്ഥലമെടുപ്പ് നടപടികളും ടെണ്ടർ നടപടികളും പൂർത്തിയാക്കുന്നതിന് കുറഞ്ഞത് 6 മാസത്തെ സമയം വേണ്ടിവരുന്നതാണ്. ആയതിനാൽ 2018 മാർച്ച് മാസം പ്രവൃത്തി ആരംഭിക്കാൻ സാധിക്കില്ല.

## ഗ്രാമീണ റോഡുകളുടെ പണി ഏറ്റെടുക്കൽ

65(1179) <u>ശ്രീ. പി. സി. ജോർജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾ പ്രമേയം പാസ്സാക്കി, എം.എൽ.എ.-മാർ മുഖേന നൽകുന്ന എത്ര ഗ്രാമീണ റോഡുകളുടെ പണി ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ, ഇത് നടപ്പാക്കി ഉൾപ്രദേശങ്ങളിലെ വീതികുറഞ്ഞ റോഡുവഴിയുള്ള ഗതാഗതം മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം വീതികുറഞ്ഞ റോഡുകളുടെ പുനരുദ്ധാരണത്തിനായി പ്രത്യേക ഫണ്ട് അടുത്ത ബജറ്റിൽ വകയിരുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ;

(ഡി) ഗ്രാമീണ മേഖലകളിലെ പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന ചെറിയ റോഡുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഗ്രാമീണ റോഡുകൾ ഒന്നുംതന്നെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല.

(ബി) റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ ഏറ്റെടുക്കുന്നതിനായി ക്യാബിനറ്റ് തീരുമാനം വേണം. പുതുക്കിയ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനായി ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും), ചീഫ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ്) എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാനദണ്ഡങ്ങൾ നിലവിൽ വന്നതിനുശേഷം ഗ്രാമീണ റോഡ് ഏറ്റെടുക്കുന്നതുമായും നവീകരിക്കുന്നതുമായും ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്നതാണ്. (ഫണ്ട് ലഭ്യത ഉൾപ്പെടെയുള്ളവ).

(സി&ഡി) ഇക്കാര്യം മരാമത്ത് വകുപ്പല്ല, പഞ്ചായത്ത്, നഗരസഭ, തദ്ദേശസ്വയംഭരണ വകുപ്പാണ് ചെയ്യുന്നത്. ധന വകുപ്പുവഴി ക്യാബിനറ്റാണ് തീരുമാനിക്കേണ്ടത്.

**ദുർബലാവസ്ഥയിലുള്ള പാലങ്ങൾ**

66(1180) ശ്രീ. കെ. മുരളീധരൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാലങ്ങളുടെ ഉറപ്പ് പരിശോധിച്ച് പൊതുമരാമത്ത് വകുപ്പ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഭൂരിപക്ഷം പാലങ്ങളും ദുർബല സ്ഥിതിയിലാണെന്നും ബലപ്പെടുത്തലുകളും പുനർനിർമ്മാണവും അനിവാര്യമാണെന്നും കണ്ടെത്തിയിട്ടുണ്ടോ;

(സി) വാഹനത്തിരക്കും, ചരക്ക് നീക്കവും അതിവേഗം വർദ്ധിച്ചു കൊണ്ടിരിക്കുന്ന ഇക്കാലത്ത് ദുർബലാവസ്ഥയിലുള്ള പാലങ്ങൾമൂലം വൻ വിപത്തുകൾ ഉണ്ടാകാതിരിക്കാൻ എന്ത് അടിയന്തര നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) നിർമ്മാണ പിഴവ്, കാലാകാലങ്ങളിലെ പരിശോധന കുറവ്, അഴിമതി എന്നിവ പാലങ്ങളുടെ ബലക്ഷയത്തിന് കാരണമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഇ) പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിയന്തര തുടർനടപടികൾ സ്വീകരിക്കുമോ; ഇതിനായുള്ള തുക ബജറ്റിൽ ഉൾക്കൊള്ളിക്കാൻ ആവശ്യപ്പെടുമോ?

ഉത്തരം

(എ) റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഭൂരിപക്ഷം പാലങ്ങളും ദുർബല സ്ഥിതിയിലല്ല. എന്നാൽ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലുള്ള പരിശോധന നടത്തിയ 2445 പാലങ്ങളിൽ 370 പാലങ്ങൾ പുനർനിർമ്മിക്കേണ്ടതോ പുനരുദ്ധീകരണം ഹെവിമെയിന്റനൻസോ നടത്തേണ്ടതുണ്ടെന്നും 1472 പാലങ്ങൾക്ക് സാധാരണ അറ്റകുറ്റപ്പണികളും ആവശ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്. ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ ചെറുതും വലുതുമായ പാലങ്ങളും ഫ്ലൈ ഓവറുകളും ഉൾപ്പെടെ 499 എണ്ണമാണുള്ളത്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ഉത്തരവ് അനുസരിച്ച് M/s TPF Engineering Pvt. Ltd (formerly known as SN BHOBE Associates Pvt. Ltd) എന്ന കമ്പനി പഠനം നടത്തുകയും ഇതിൽ 14 എണ്ണത്തിന് അറ്റകുറ്റപണികൾ നടത്തേണ്ടതുണ്ടെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പാലങ്ങൾ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് അറ്റകുറ്റപ്പണികൾ നടത്താൻ കഴിയും.

(സി) വാഹനത്തിരക്കും ചരക്ക് നീക്കവും അതിവേഗം വർദ്ധിച്ചു കൊണ്ടിരിക്കുന്നതിനാൽ ദുർബലാവസ്ഥയിലുള്ള പാലങ്ങൾമൂലം വൻ വിപത്തുകൾ ഉണ്ടാകാതിരിക്കാൻ പുനർനിർമ്മാണം ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള 162 പാലങ്ങൾ അടിയന്തരമായി പുനർ നിർമ്മിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി പുനർനിർമ്മിക്കേണ്ടതും പുനരുദ്ധാരണം ആവശ്യമുള്ളതുമായ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ/വിശദമായ പരിശോധന എന്നിവ നടത്തി ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) 162 പാലങ്ങളുടെ ബലക്ഷയത്തിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടില്ല. അനിയന്ത്രിതമായ മണലെടുപ്പുമൂലം പുഴയുടെ അടിത്തട്ട് താഴുന്നത്, നിർമ്മാണ പിഴവ്, കാലാകാലങ്ങളിലെ പരിശോധന കുറവ്, അറ്റകുറ്റപ്പണികൾ സമയത്ത് നടപ്പാക്കാത്തത് എന്നിവ പാലങ്ങളുടെ ബലക്ഷയത്തിന് കാരണമാകാറുണ്ട്.

(ഇ) പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ അടിയന്തര തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി ഏകദേശം 4000 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. 6 പാലങ്ങളുടെ പുനർനിർമ്മാണ ത്തിനുള്ള ഭരണാനുമതി നൽകി. 12 പാലങ്ങളുടെ പുനർനിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്യാൻ തീരുമാനിച്ചു. 300 പാലങ്ങളുടെ അറ്റകുറ്റപ്പണികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കഴിഞ്ഞു.

## ബീമാപ്പള്ളിയിലേയ്ക്കുള്ള പാലം

67(1181) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് മുട്ടത്തറ എൻ.എച്ച്.-ൽ നിന്ന് ബീമാപള്ളിയിലേക്ക്, കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തറക്കല്ലിടൽ നടന്ന പാലത്തിന്റെ പണി ഇപ്പോൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, ഇതിന്റെ ഇപ്പൊഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പാലത്തിന്റെ പണി എന്ന് ആരംഭിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലിൽ വള്ളക്കടവ് പാലത്തിന്റെ പുനർ നിർമ്മാണത്തിനായി 14-7-2009-ലെ ജി.ഒ. (ആർ.ടി.)നമ്പർ 1044/2009/ പി.ഡബ്ല്യു.ഡി. ഉത്തരവ് പ്രകാരം 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് 2011-ൽ ചീഫ് എഞ്ചിനീയറുടെ സാങ്കേതികാനുമതിയും നൽകി. 2009-ൽ ആരംഭിച്ച സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ അവസാന ഘട്ടത്തിൽ നിർമ്മാണ പ്രവർത്തനം 02/2011-ൽ ടെണ്ടർ ചെയ്യുകയും കരാർ നൽകുകയും ചെയ്തു. എന്നാൽ ഭൂവുടമകളുടെ എതിർപ്പുകാരണം പാലം, അപ്രോച്ച് റോഡ് എന്നിവയ്ക്ക് ആവശ്യമായ സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറി തരാൻ റവന്യൂ വകുപ്പിന് സാധ്യമായില്ല. ആയതിനാൽ നിർമ്മാണ കരാർ റദ്ദ് ചെയ്ത് കരാറുകാരനെ ഒഴിവാക്കേണ്ടിവന്നു. 1894-ലെ എൽ.എ. നിയമ പ്രകാരമുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ denova ആയ സാഹചര്യത്തിൽ ഇപ്പോൾ 2013-ലെ പുതിയ എൽ.എ. നിയമ പ്രകാരം സ്ഥലം ഏറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പിൽ നടന്നുവരുന്നു.

(ബി) സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

## 2016-17 ബജറ്റിൽ പ്രഖ്യാപിച്ച നിർമ്മാണ പ്രവൃത്തികൾ

68(1182) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബജറ്റിൽ പ്രഖ്യാപിച്ച മാനന്തവാടി - കൈതയ്ക്കൽ റോഡ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) മാനന്തവാടി-പക്രംതളം റോഡ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടം വരെയായി;

(സി) തിരുനെല്ലി നെട്ടാറ പാലം നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) 2016-17 ബജറ്റിൽ പ്രഖ്യാപിച്ച മാനന്തവാടി-കൈതയ്ക്കൽ റോഡിന്റെ എസ്റ്റിമേറ്റ് കിഫ്ബിയിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ടെക്നിക്കൽ അപ്രൈസൽ മീറ്റിംഗിൽ സമർപ്പിക്കുന്നതിനുവേണ്ടി ഭേദഗതികൾ എസ്റ്റിമേറ്റിൽ നടത്തിവരുന്നു.

(ബി) മാനന്തവാടി-പക്രംതളം റോഡിൽ കാഞ്ഞിരങ്ങാട് മുതൽ നിരവിൽപ്പുഴ വരെയുള്ള ഭാഗം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രോജക്ട് എസ്റ്റിമേറ്റ് കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) തിരുനെല്ലി നെട്ടാറ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. വിശദമായ റിപ്പോർട്ടും ഡിസൈനും തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

**പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയുടെ നിർമ്മാണം**

69(1183) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയുടെ നിർമ്മാണം എന്നാണ് കെ.എസ്.ടി.പി.-യെ എൽപ്പിച്ചത്; പ്രസ്തുത റോഡിന്റെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ ഫണ്ടിന്റെ സ്രോതസ്സ് അറിയിക്കാമോ; നിർമ്മാണം ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത റോഡിനായി ഇനിയും സ്ഥലം ഏറ്റെടുക്കാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വില്ലേജുകളിലായി എത്രയൊക്കെ ഭൂമിയാണ് ഇനി ഏറ്റെടുക്കാനുള്ളതെന്ന് വ്യക്തമാക്കുമോ; ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസം വന്നതിനുള്ള കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയുടെ ഭാഗമായ പുനലൂർ-പൊൻകുന്നം, പൊൻകുന്നം-തൊടുപുഴ റോഡ് എന്നീ ഭാഗങ്ങൾ കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയത് 2013-ലാണ്. അതിൽ പൊൻകുന്നം-തൊടുപുഴ പദ്ധതി 2017 മാർച്ചിൽ പൂർത്തീകരിച്ചു. പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗം കെ.എസ്.ടി.പി. ഇതുവരെ പി.ഡബ്ല്യു.ഡി. റോഡ് വിഭാഗത്തിൽനിന്നും ഏറ്റെടുത്തിട്ടില്ല. പുനലൂർ-പൊൻകുന്നം റോഡ് നിർമ്മാണം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനാണ് നിശ്ചയിരിക്കുന്നത്. എന്നാൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ കാലതാമസം നേരിടുമെന്നും വായ്പാ കാലാവധിയായ 2019 ഏപ്രിലിൽ തീർക്കാൻ പ്രയാസമാണെന്നും മറ്റുമുള്ള കാരണത്താൽ ലോകബാങ്ക് അനുമതി തന്നില്ല. അതിനുപകരമായി മറ്റ് നിർമ്മാണ രീതികൾ അവലംബിക്കാൻ ലോകബാങ്ക് അഭിപ്രായപ്പെട്ടു. അതനുസരിച്ച് EPC രീതിയിൽ നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ലോൺ കാലാവധി 31-12-2019 വരെ നീട്ടേണ്ടതായും വരും. ആയതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

(ബി) പുനലൂർ-പൊൻകുന്നം റോഡ് നിർമ്മാണം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് സ്വകാര്യ നിക്ഷേപകരെ കണ്ടെത്തേണ്ടി വരും. പദ്ധതി തുകയുടെ 40% ഫണ്ട് ലോകബാങ്ക് വായ്പയായി നൽകും. പ്രസ്തുത പദ്ധതി ഏതു രീതിയിൽ നടപ്പിലാക്കണമെന്നുള്ള സ്റ്റിയറിംഗ് കമ്മിറ്റിയുടെ അംഗീകാരവും ലോൺ കാലാവധി നീട്ടുന്നതിന് DEA-യുടെ അനുമതിയും ലഭ്യമാക്കേണ്ടതുണ്ട്. അതിനുള്ള നടപടി നടന്നുവരുന്നു.

(സി) പുനലൂർ-മൂവാറ്റുപുഴ ഹൈവേ വികസനത്തിനായി ഇനിയും ഏറ്റെടുക്കാനുള്ള സ്ഥലങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| നമ്പർ | ജില്ല | വില്ലേജ് | ഏറ്റെടുക്കേണ്ട വസ്തുക്കളുടെ എണ്ണം | ആകെ വിസ്തീർണ്ണം (ച. മീ.) |
|---|---|---|---|---|
| 1 | കൊല്ലം | പത്തനാപുരം | 3 | 73 |
| 2 | പത്തനംതിട്ട | കൂടൽ | 1 | 280 |
| | | മൈലപ്ര | 17 | 1160 |
| | | റാന്നി | 5 | 226 |
| | | ചേത്തക്കൽ | 4 | 251 |
| | | പഴവങ്ങാടി | 3 | 1545 |

എല്ലാ വില്ലേജുകളിലും റീ-സർവ്വേ നടപടികൾ പൂർത്തിയാകാത്തതിനാലും ലാൻഡ് അക്വിസിഷനുവേണ്ടി സ്ഥാപിച്ചിരിക്കുന്ന അലൈൻമെന്റ് കല്ലുകൾക്ക് അനുസരിച്ചുള്ള എല്ലാ സ്ഥലങ്ങളും ഉൾപ്പെടുത്തി റവന്യൂ അധികാരികൾ ലിസ്റ്റ് നൽകാത്തതിനാലും ഏറ്റെടുക്കാനുള്ള സ്ഥലങ്ങൾ പിന്നീട് ശ്രദ്ധയിൽപ്പെടുകയും ആയതിന് അഡീഷണൽ റിക്വിസിഷൻ നൽകേണ്ടതായും വന്നു. ഇത് കാലതാമസത്തിനിടയാക്കി. ഇതുകൂടാതെ 2013-ൽ പുതിയ എൽ.എ. ആക്ട് നിലവിൽ വന്നതിനുശേഷം അക്വിസിഷൻ നടപടികൾ നടത്താൻ സാധിച്ചിട്ടില്ല. Direct purchase മാത്രമാണ് ഈ സമയത്ത് നടത്തിയിട്ടുള്ളത്. പദ്ധതി ബാധിതർ സ്ഥലത്തില്ലാത്തതും Direct purchase-ന് ആവശ്യമായ രേഖകൾ കൈവശം ഇല്ലാത്തതുമൂലവും Direct purchase-നും കാലതാമസമുണ്ടാകുന്നു.

### പിലാത്തറ-പാപ്പിനിശ്ശേരി റോഡിന്റെ നിർമ്മാണ പുരോഗതി

70(1184) <u>ശ്രീ. റ്റി. വി. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; താവം റെയിൽവേ മേൽപ്പാലം നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ബി) എല്ലാ പ്രവൃത്തികളും എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിലെ കെ.എസ്.ടി.പി-II പദ്ധതിയിൽപ്പെട്ട പിലാത്തറ-പാപ്പിനിശ്ശേരി റോഡ് നിർമ്മാണം 80.50% പൂർത്തിയായി. അഡീഷണൽ പ്രവൃത്തിയായ രാമപുരം പാലത്തിന്റെ അപ്രോച്ച് റോഡ് പ്രവൃത്തിയും താവം മേൽപ്പാലം നിർമ്മാണവും നടന്നുകൊണ്ടിരിക്കുന്നു. 2018 മാർച്ചിൽ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പാപ്പിനിശ്ശേരി റെയിൽവേ-മേൽപ്പാലത്തിന്റെ സർവ്വീസ് റോഡും ഓട നിർമ്മാണവും നടന്നുകൊണ്ടിരിക്കുന്നു. റോഡ് സുരക്ഷാ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. എല്ലാ പ്രവൃത്തികളും 2018 മാർച്ചിൽ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. അതനുസരിച്ച് കോൺട്രാക്ടർക്കും കൺസ്ട്രക്ഷൻ സൂപ്പർവൈസറി കൺസൾട്ടന്റിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## റസ്റ്റ് ഹൗസുകൾ മെച്ചപ്പെടുത്തുന്നതിന് നടപടി

71(1185) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പുമന്ത്രി നേരിട്ട് പരിശോധന നടത്തി ക്രമക്കേടുകൾ കണ്ടെത്തിയത് ഏതെല്ലാം റസ്റ്റ് ഹൗസുകളിലാണ്; ആയതിന്മേൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ?

### ഉത്തരം

(എ) പൊതുമരാമത്ത് റസ്റ്റ് ഹൗസുകളിൽ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ആധുനികവൽക്കരിച്ച് ഉന്നത നിലവാരത്തിലാക്കാൻ നടപടികൾ എടുത്തുവരുന്നു. അവയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. റസ്റ്റ് ഹൗസുകളെ ക്ലാസ് I (31 എണ്ണം), ക്ലാസ്സ്-II (122 എണ്ണം) വിഭാഗങ്ങളായി തരംതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്ലാസ്സ് III ഒഴിവാക്കിയിട്ടുണ്ട്.
2. എല്ലാ ജീവനക്കാർക്കും യൂണിഫോം നിർബന്ധമാക്കിയിട്ടുണ്ട്.
3. ക്യാന്റീൻ സൗകര്യമുള്ള എല്ലാ റസ്റ്റ് ഹൗസുകളിലും ക്യാന്റീൻ നടത്തിപ്പിനായി മത്സര ടെണ്ടറിലൂടെ പുറം കരാർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു.
4. റസ്റ്റ് ഹൗസുകളിൽ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയും പരിസരം വൃത്തിയായി സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്. വസ്തു വകകൾ സംരക്ഷിക്കാൻ ശ്രദ്ധിക്കുന്നു.
5. റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം, ജീവനക്കാർക്ക് ട്രെയിനിംഗ്, ചുറ്റുമതിൽ നിർമ്മാണം എന്നിവയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
6. ജീവനക്കാരുടെ ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും താൽക്കാലികമായും ദിവസ വേതന അടിസ്ഥാനത്തിലും ജീവനക്കാരെ നിയമിച്ച് പ്രവർത്തനം നടത്തുന്നുണ്ട്.
7. MP/MLA/Ex-MLA എന്നിവർക്ക് സർക്കാർ ഗസ്റ്റ് ഹൗസുകളിലെ പോലെ സൗജന്യങ്ങൾ ഉത്തരവായി നടപ്പാക്കിയിട്ടുണ്ട്.

(ബി) കായംകുളം റസ്റ്റ് ഹൗസ്, ആലപ്പുഴ റസ്റ്റ് ഹൗസ്, മൂന്നാർ റസ്റ്റ് ഹൗസ്, കാക്കനാട് റസ്റ്റ് ഹൗസ് എന്നിവിടങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തി. കായംകുളം റസ്റ്റ് ഹൗസിന്റെ ചുമതലയുണ്ടായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ, 3-ാം ഗ്രേഡ് ഓവർസിയർ എന്നിവരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. കായംകുളം ഉൾപ്പെടെ ചില റസ്റ്റ് ഹൗസുകളിലെ സൗജന്യവാസം, ശല്യങ്ങൾ എന്നിവ ഒഴിവാക്കാൻ സർക്കാർ നടപടിയെടുത്തുവരുന്നു. ആലപ്പുഴ റസ്റ്റ് ഹൗസിൽ ചുമതലയുണ്ടായിരുന്ന സെക്ഷൻ ക്ലാർക്കിനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയും റസ്റ്റ് ഹൗസ് SLR Worker-നെ അന്വേഷണ വിധേയമായി സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്. മൂന്നാർ റസ്റ്റ് ഹൗസിന്റെ ചുമതലയുള്ള മൂന്നാർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തു.

## റസ്റ്റ് ഹൗസുകളിലെ വാടക നിരക്ക്

72(1186) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസുകളിൽ നിലവിൽ താമസിക്കാൻ അനുവദിക്കപ്പെടുന്നവരിൽ നിന്നും ഈടാക്കുന്ന വാടക നിരക്ക് എത്രയെന്ന് വിശദമാക്കാമോ;

(ബി) റസ്റ്റ് ഹൗസുകളിൽ ജനപ്രതിനിധികളായ വി.ഐ.പി.-കൾ, സർക്കാർ ജീവനക്കാർ എന്നിവർക്ക് നൽകപ്പെടുന്ന വാടകയിളവിനെക്കുറിച്ച് അറിയിക്കാമോ?

### ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസുകളിൽ നിലവിൽ ഈടാക്കുന്ന വാടക നിരക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2013 കാലയളവിൽ റസ്റ്റ് ഹൗസുകളിൽ വാടകയിളവിൽ ഇപ്പോഴത്തേതുപോലെയുള്ള ആനുകൂല്യം ഇല്ലായിരുന്നു. അത്തരത്തിലുള്ള തെറ്റായ രീതി തിരുത്തിയിട്ടുണ്ട്. 2-8-2017-ലെ സ.ഉ. (കൈ) നമ്പർ 42/2017/പൊ.മ.വ ഉത്തരവ് പ്രകാരം സർക്കാർ റസ്റ്റ് ഹൗസിൽ ഇളവുകൾ ജനപ്രതിനിധികളായ വി.ഐ.പി.-കൾ, സർക്കാർ ജീവനക്കാർ എന്നിവർക്ക് നൽകിവരുന്നു. ഇതിനുമുൻപ് ഇത്തരത്തിൽ ആയിരുന്നില്ല. പാർലമെന്റ് അംഗങ്ങൾ, നിയമസഭാ സാമാജികർ എന്നിവർക്ക് സർക്കാർ ഗസ്റ്റ് ഹൗസിലേതുപോലെ വാടക നിജപ്പെടുത്തി സർക്കാർ ഇപ്പോൾ നൽകിയിട്ടുണ്ട്. [50 രൂപ + പ്രതിദിനം 25 രൂപ നിരക്കിൽ എയർ കണ്ടീഷൻ ചാർജ്]. കൂടാതെ സർക്കാർ ജീവനക്കാർക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഔദ്യോഗിക ആവശ്യങ്ങൾക്കായി ദിനബത്തയുടെ മൂന്നിലൊന്ന് അല്ലെങ്കിൽ നിലവിലെ വാടക; ഇവയിലേതാണോ ഏറ്റവും കുറഞ്ഞു വരുന്ന തുക ആയത് ഒടുക്കിയാൽ മതി. കൂടാതെ A/C മുറികൾക്കായി ദിവസവും 50 രൂപ അധികമായി നൽകേണ്ടതുണ്ട്. സർക്കാർ ജീവനക്കാരുടെ വ്യക്തിപരമായ ആവശ്യങ്ങൾക്കായി റസ്റ്റ് ഹൗസ് വാടകയുടെ 50% നൽകിയാൽ മതിയാകും.

## മൂന്നാറിലെ പൊതുമരാമത്ത് റസ്റ്റ് ഹൗസ്

73(1187) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ പൊതുമരാമത്ത് റസ്റ്റ് ഹൗസ് മെർമേഡ് എന്ന പേരിൽ പ്രവൃത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ മൂന്നാർ റസ്റ്റ് ഹൗസിന്റെ പ്രവർത്തനം പൂർണ്ണമായും പൊതുമരാമത്ത് വകുപ്പിന്റെകീഴിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സർക്കാരും മലയാളം ഇൻഡസ്ട്രീസുമായുള്ള 27-12-2002-ലെ ഉടമ്പടി പ്രകാരം പൊതുമരാമത്ത് വകുപ്പ് ഉടമസ്ഥതയിലുള്ള മൂന്നാർ റസ്റ്റ് ഹൗസും അതുൾപ്പെടുന്ന ഏകദേശം 2 ഏക്കറോളം സ്ഥലവും 30 വർഷത്തേയ്ക്ക് ROMT വ്യവസ്ഥയിൽ മലയാളം ഇൻഡസ്ട്രീസ് എന്ന കമ്പനിക്ക് പാട്ടത്തിന് നൽകിയിരിക്കുകയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ടി കമ്പനി അവിടെ മെർമേഡ് എന്ന പേരിൽ ഒരു സ്ഥാപനം (ഹോട്ടൽ) പ്രവർത്തനം നടത്തുന്നുണ്ട്. കരാർ പ്രകാരം ടി റസ്റ്റ് ഹൗസിലെ മൂന്ന് മുറികളുടെ ബുക്കിംഗും അനുവദിക്കലും ഇടുക്കി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപിതമാണ്.

(ബി&സി) മൂന്നാർ റസ്റ്റ് ഹൗസിന്റെ പ്രവർത്തനം പൂർണ്ണമായും പൊതുമരാമത്ത് വകുപ്പിന്റെകീഴിൽ കൊണ്ടുവരുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നടന്നുവരികയാണ്. ഇതിന്റെ പ്രവർത്തനത്തിൽ ഗുരുതരമായവീഴ്ച പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കാട്ടിയത് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നേരിട്ടുകണ്ട് ബോധ്യപ്പെട്ടു. ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ സസ്പെന്റ് ചെയ്ത് അന്വേഷിച്ചുവരികയാണ്. കൂടാതെ സ്വകാര്യ ഉടമ സർക്കാർവക

3 മുറികൾ കയ്യേറിയതിനെതിരെ ക്രിമിനൽ കേസെടുത്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചെയ്ത ഈ പ്രവൃത്തി ഈ സർക്കാർ വന്നിട്ടും തുടർന്നത് മന്ത്രി ഇടപെട്ട് കണ്ടെത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ താളം തെറ്റിയ പ്രവർത്തനങ്ങൾ കഴിഞ്ഞ ഒരു വർഷമായി തിരുത്തിവരുന്നു.

## കരമന-കളിയിക്കാവിള നാലുവരി പാത

74(1188) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-കളിയിക്കാവിള റോഡ് നാലുവരി പാതയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിലെ രണ്ടാം റീച്ചായ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള ഭാഗത്തിന്റെ പണി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടം ഒന്നാം റീച്ചിന്റെ പണി സമയബന്ധിതമായി പൂർത്തീകരിച്ചിരുന്നോ;

(സി) രണ്ടാം റീച്ചിന്റെ പുതിയ പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ടോ;

(ഡി) കിഫ്ബിയിൽനിന്നും ഈ ഘട്ടത്തിനായി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഇ) പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള ഭാഗത്തിന്റെ ടെണ്ടർ നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് റോഡിന്റെ പണി സമയബന്ധിതമായി തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കരമന-കളിയിക്കാവിള റോഡ് നാലുവരിപ്പാതയാക്കുന്ന ഒന്നാം ഘട്ടത്തിലെ രണ്ടാം റീച്ച് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.5 കി.മീ. ആണ്. ഈ ഭാഗത്തെ വികസനത്തിനായി 2016-17 സാമ്പത്തിക വർഷം കിഫ്ബിയിൽ ഉൾപ്പെടുത്തി 162.46 കോടി രൂപയ്ക്ക് ഉത്തരവ് നമ്പർ 31/കിഫ്ബി/2016 തീയതി 8-5-2017 അനുസരിച്ച് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ

ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനടവരെയുള്ള ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായുള്ള വിശദമായ പദ്ധതി രൂപരേഖ സാങ്കേതികാനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കരമന-കളിയിക്കാവിള റോഡ് നാലുവരിപ്പാത-ഒന്നാം ഘട്ടം ഒന്നാം റീച്ച് കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള റോഡ് നിർമ്മാണം 2016-ൽ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) കരമന-കളിയിക്കാവിള റോഡ് നാലുവരിപ്പാതയാക്കുന്ന ഒന്നാം ഘട്ടം രണ്ടാം റീച്ചിന്റെ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള നിർമ്മാണ പ്രവർത്തനത്തിനായുള്ള പുതിയ പ്രോജക്ട് റിപ്പോർട്ട് സാങ്കേതികാനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(ഡി) കരമന-കളിയിക്കാവിള റോഡ് ഒന്നാം ഘട്ടം രണ്ടാം റീച്ചിന്റെ പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.5 കി.മീ. ഭാഗത്തെ വികസനത്തിനായി 2016-17 സാമ്പത്തിക വർഷം കിഫ്ബിയിൽ ഉൾപ്പെടുത്തി 162.46 കോടി രൂപയ്ക്ക് ഉത്തരവ് നമ്പർ 31/കിഫ്ബി/2016 തീയതി 8-5-2017 അനുസരിച്ച് അനുമതി ലഭിച്ചിട്ടുണ്ട്.

(ഇ) പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള 5 കി.മീ. ഭാഗത്തിന്റെ ടെണ്ടർ നടപടികൾ 2018 ഫെബ്രുവരി മാസം ആദ്യവാരത്തോടെ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

**കരമന-കളിയിക്കാവിള നാലുവരിപ്പാത**

75(1189) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:
ശ്രീ. കെ. എം. ഷാജി:
ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-കളിയിക്കാവിള പാത നാലുവരിപ്പാതയായി വികസിപ്പിക്കുന്ന പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കരമന-കളിയിക്കാവിള പാത നാലുവരിപ്പാതയായി വികസിപ്പിക്കുന്ന പദ്ധതി-ഒന്നാംഘട്ടം ഒന്നാം റീച്ച് കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള റോഡ് നിർമ്മാണം 2016-ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിലെ രണ്ടാം റീച്ച് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.5 കി.മീ. ഭാഗത്തെ വികസനത്തിനായി 2016-17 സാമ്പത്തിക വർഷം കിഫ്ബിയിൽ ഉൾപ്പെടുത്തി 162.46 കോടി രൂപയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ സ്ഥലമേറ്റെടുക്കൽ പൂർത്തിയായ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനടവരെയുള്ള 5 കി.മീ. ദൂരത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായുള്ള വിശദമായ പദ്ധതി രൂപരേഖ സാങ്കേതികാനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള 1.5 കി.മീ. ഭാഗത്തെ സ്ഥലമേറ്റെടുക്കുന്നതിനുവേണ്ടി സോഷ്യൽ ഇംപാക്റ്റ് അസസ്സ്മെന്റ് സ്റ്റഡി നടത്തുന്നതിനുള്ള നടപടി റവന്യൂ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഈ 1.5 കി.മീറ്ററിലെ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ 98.10 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

കരമന-കളിയിക്കാവിള ദേശീയപാതയുടെ വികസനത്തിലെ രണ്ടാംഘട്ടമായ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭാഗത്തിന്റെ കരട് അലൈൻമെന്റ് പ്ലാൻ പൊതുമരാമത്ത് പി.പി.യു. വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. ഈ അലൈൻമെന്റിനെ സംബന്ധിച്ച അഭിപ്രായങ്ങളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ പ്രസ്തുത അലൈൻമെന്റിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് പി.പി.യു. വിഭാഗത്തിൽ പുരോഗമിക്കുന്നു.

(ബി) പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള 5 കി.മീ. ഭാഗത്തിന്റെ ടെണ്ടർ നടപടികൾ 2018 ഫെബ്രുവരി മാസം ആദ്യവാരത്തോടെ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ ഒരു വർഷംകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാകുമെന്നും പ്രതീക്ഷിക്കുന്നു. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള 1.5 കി.മീ. ഭാഗം റവന്യൂ വകുപ്പ് സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കി കൈമാറുന്ന മുറയ്ക്ക് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയാൽ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

## ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ നൽകുന്ന നഷ്ടപരിഹാരത്തുക

76(T 1190) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) ജില്ലയിൽ ഇതുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത ഭൂമി, കെട്ടിടങ്ങൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ വിശദാംശം നൽകുമോ;

(സി) ഏറ്റെടുക്കേണ്ട ഭൂമിയും കെട്ടിടങ്ങളും ആരാധനാലയങ്ങളും ആരുടെയൊക്ക ഉടമസ്ഥതയിലാണെന്നും ഓരോരുത്തർക്കും നൽകേണ്ട നഷ്ടപരിഹാരത്തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) പഞ്ചായത്തിലെയും മുനിസിപ്പാലിറ്റിയിലെയും ഏറ്റെടുത്ത ഭൂമിയുടെയും കെട്ടിടങ്ങളുടെയും ആരാധനാലയങ്ങളുടെയും വില നിർണ്ണയിക്കുന്ന രീതിയും അതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡവും അറിയിക്കുമോ;

(ഇ) ഭൂമി ഏറ്റെടുക്കാൻ നൽകുന്ന നഷ്ടപരിഹാരത്തുകയടക്കമുള്ള ചെലവ് കേന്ദ്രസർക്കാരാണോ സംസ്ഥാന സർക്കാരാണോ വഹിക്കുന്നത്; കേന്ദ്രസർക്കാരാണെങ്കിൽ ഇതിനകം എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) നഷ്ടപരിഹാരമായി ഇതുവരെ നൽകിയ തുകയുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഭൂമി ഏറ്റെടുക്കുന്ന സ്ഥലത്ത് കച്ചവട സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവിടെനിന്നും ഒഴിവാക്കപ്പെടുന്ന കച്ചവടക്കാർക്കും തൊഴിലാളികൾക്കും പുനരധിവാസ പദ്ധതികൾ പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) ഭൂമിയുടെ വില നിർണ്ണയിക്കുമ്പോൾ മൾട്ടിപ്ലിക്കേഷൻ ഫാക്ടർ എൻ.എച്ച്.എ.ഐ. നിർദ്ദേശിച്ചത് നൽകാതെ കുറച്ച് കൊടുക്കാനാണോ തീരുമാനിച്ചിട്ടുള്ളത്; പ്രസ്തുത തീരുമാനം മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കുമോ; നിലം ഏറ്റെടുക്കുമ്പോൾ ആയതിന് നിശ്ചയിച്ച അടിസ്ഥാന വില, നിലവിലുള്ള മാർക്കറ്റ് വിലയേക്കാൾ വളരെ തുച്ഛമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് പരിഹാര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ ദേശീയപാത വികസനത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ഇതിനകം 76.2962 ഹെക്ടർ ഭൂമി ദേശീയ പാത ആക്ട് 1956 സെക്ഷൻ 3 ഡി അനുസരിച്ച് കേന്ദ്ര സർക്കാരിലേക്ക് നിക്ഷിപ്തമാക്കിയിട്ടുണ്ട്. ബാക്കിയുള്ള 19.1913 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) കാസർഗോഡ് ജില്ലയിൽ ഇതിനകം 76.2962 ഹെക്ടർ ഭൂമി ദേശീയ പാത ആക്ട് 1956 സെക്ഷൻ 3 ഡി അനുസരിച്ച് ഏറ്റെടുത്ത് കേന്ദ്ര സർക്കാരിലേക്ക് നിക്ഷിപ്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ 2113 കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നുണ്ട്. ജില്ലയിൽ ദേശീയപാത വികസനത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ 43 ആരാധനാലയങ്ങളുടെ ഭൂമിയും അതിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളും ഏറ്റെടുക്കേണ്ടതായി വരും. പ്രസ്തുത ആരാധനാലയങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഏറ്റെടുക്കേണ്ട ഭൂമിയുടെ വ്യക്തിഗത വിവരങ്ങളും നഷ്ടപരിഹാരത്തിന്റെ കണക്കുകളും തിട്ടപ്പെടുത്തിവരുന്നു. പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ആർ.എഫ്.സി.ടി.എൽ.എ.ആർ.ആർ. ആക്ട് 2013-ലെ സെക്ഷൻ 26(1)-ലെ നിബന്ധന പ്രകാരം ഭൂമിയുടെ വിലയും നിലവിലുള്ള ഡി.എസ്.ആർ. 2016 (ഷെഡ്യൂൾ റേറ്റ്) പ്രകാരം കെട്ടിടങ്ങളുടെ വിലയും നിശ്ചയിക്കുന്നു.

(ഇ) ഭൂമിയും കെട്ടിടവും ഏറ്റെടുക്കാൻ വേണ്ടിവരുന്ന നഷ്ടപരിഹാരത്തുക കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. ഈ ഇനത്തിൽ ഇതിനകം 8,81,93,186 രൂപ നഷ്ടപരിഹാരം നൽകുന്നതിനായി എൻ.എച്ച്.എ.ഐ. മുഖാന്തരം അനുവദിച്ചിട്ടുണ്ട്.

(എഫ്) കാസർഗോഡ് ജില്ലയിൽ ഇതുവരെയായി 11 പേർക്ക് 2,05,48,356 രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്. G.O. (Ms) No. 448/2017/RD തീയതി 29-12-2017 പ്രകാരം പുനരധിവാസ പദ്ധതി ഉത്തരവായിട്ടുണ്ട്.

(ജി) വില നിർണ്ണയവും മൾട്ടിപ്ലിക്കേഷൻ ഫാക്ടും തീരുമാനിക്കുന്നത് എൻ.എച്ച്.എ.ഐ. അല്ല. ആർ.എഫ്.സി.ടി.എൽ.എ.ആർ.ആർ. ആക്ട് 2013-ലെ സെക്ഷൻ 26(1)-ലെ നിബന്ധന പ്രകാരവും പ്രസ്തുത സെക്ഷനിലെ എക്സ്പ്ലനേഷൻ 4(2) അനുസരിച്ചുമാണ് മൾട്ടിപ്ലിക്കേഷൻ ഫാക്ടർ നിശ്ചയിക്കുന്നത്. ഈ ആക്ടിലെ ഒന്നാം ഷെഡ്യൂൾ പ്രകാരം മൾട്ടിപ്ലിക്കേഷൻ ഫാക്ടർ നിശ്ചയിക്കുന്നത് അതാത് സംസ്ഥാന സർക്കാർ തീരുമാനിക്കുന്നതനുസരിച്ചാണ്. നിലം ഭൂമികളുടെ വില

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിശ്ചയിക്കുന്നത് നിലവിലുള്ള ന്യായ വിലയോ (ഫെയർ ലാന്റ് വാല്യു) സമാനമായ ഭൂമികളുടെ കൈമാറ്റരേഖകളിലെ വിലകളുടെ ശരാശരി വിലയോ ഏതാണ് കൂടുതൽ അതാണ് സ്വീകരിക്കുന്നത്. നിലം ഭൂമികളുടെ വില മറ്റ് ഭൂമികളുടെ വിലയേക്കാൾ താരതമ്യേന കുറവാണ്. നിലവിലുള്ള നിയമങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായാണ് ഇതു നിശ്ചയിക്കുന്നത്.

**മലയോര ഹൈവേയുടേയും തീരദേശ ഹൈവേയുടേയും പ്രവൃത്തികൾ**

77(1191) <u>ശ്രീ. കെ. സി. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെയും തീരദേശ ഹൈവേയുടെയും പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) കിഫ്ബിയിൽ ഇതിലേയ്ക്കായി എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്;

(സി) ഈ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മലയോര ഹൈവേ നിർമ്മാണത്തിന്റെ ആദ്യഘട്ടമായി 27 പ്രവൃത്തികളാണ് ഏറ്റെടുക്കുന്നത്. ഇതിൽ പത്തനംതിട്ടയിലെ ഒരു പ്രവൃത്തി കെ.എസ്.റ്റി.പി.-യുടെ പരിധിയിൽ വരുന്നതാണ്. ബാക്കി 26 പ്രവൃത്തികളിൽ 20 പ്രവൃത്തികളുടെ DPR, KIIFB-യിൽ upload ചെയ്തുകഴിഞ്ഞു. തീരദേശ ഹൈവേയുടെ ആദ്യഘട്ടമായി 242 കി.മീറ്ററിലെ പ്രവൃത്തികൾ നടത്താനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ 13 റോഡുകൾ ഉൾപ്പെടും.

(ബി) മലയോര ഹൈവേയുടെയും തീരദേശ ഹൈവേയുടെയും നിർമ്മാണത്തിനായി യഥാക്രമം 3500 കോടി രൂപയും 6500 കോടി രൂപയുമാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി വകയിരുത്തിയിട്ടുള്ളത്.

(സി) കിഫ്ബിയിൽ സമർപ്പിച്ച മലയോര ഹൈവേ പദ്ധതികളിൽ 110.995 കി.മീ. വരുന്ന 4 പദ്ധതികൾക്ക് 395.42 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

## അരൂരിൽ ദേശീയ പാതയിലെ പ്രവൃത്തികൾ

78(1192) ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ ദേശീയപാതയിൽ വെള്ളം കെട്ടുന്ന സ്ഥലത്ത് കാന നിർമ്മിക്കുന്നതിന്, എൻ.എച്ച്. ആലപ്പുഴ ഡിവിഷൻ സമർപ്പിച്ചിരുന്ന ഡി. പി. ആർ. സയിന്റിഫിക് സ്റ്റഡി ആവശ്യമാണെന്ന് പറഞ്ഞ് മടക്കിയിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാന നിർമ്മിക്കുന്നതിന് പൊതുമരാമത്ത് എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന പ്രോജക്ട് എസ്റ്റിമേറ്റ് പരിഗണിക്കുന്നതാണ് സാധാരണ പതിവെന്നിരിക്കെ, ഡി. പി. ആർ. ഇപ്രകാരം മടക്കിയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) എൻ.എച്ച്. 47-ൽ അരൂർ ബൈപ്പാസ്, അരൂർ ക്ഷേത്രം, എരമല്ലൂർ, തുറവൂർ എന്നീ സുപ്രധാന ജംഗ്ഷനുകളിലെ സിഗ്നൽ പ്രദേശത്ത് ഹെവി വാഹനങ്ങൾ സിഗ്നൽ സമയം പാർക്ക് ചെയ്യുന്നതിനാലുണ്ടാകുന്ന വാഹന പ്രഷർ നിമിത്തം റോഡ് ഇടിവാകുന്നത് പരിഹരിക്കാൻ ഇവിടങ്ങളിൽ ടൈൽ പാകാനുള്ള പ്രൊപ്പോസലും ഇതേ കാരണം പറഞ്ഞ് മടക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകി പ്രവൃത്തികൾ എത്രയും വേഗം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പ്രസ്തുത ഡി.പി.ആർ ഫയലിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായമനുസരിച്ച് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ സമർപ്പിക്കാനായി ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) എസ്റ്റിമേറ്റുകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ ദേശീയപാതാ വിഭാഗം, ആലപ്പുഴയുടെ വിശദമായ റിപ്പോർട്ടിന് നൽകിയിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി എടുക്കുന്നതാണ്.

## മലയോര തീരദേശ ഹൈവേ നിർമ്മാണം

79(1193) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ, തീരദേശ ഹൈവേ എന്നിവയ്ക്ക് ഓരോന്നിനും എത്ര കോടി രൂപ അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ പദ്ധതിയുടെയും നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കാൻ നടപടി സ്വീകരിച്ചോയെന്നും വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതികളുടെ ധനസ്രോതസ്സ് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) മലയോര ഹൈവേയുടെയും തീരദേശ ഹൈവേയുടെയും നിർമ്മാണത്തിനായി യഥാക്രമം 3500 കോടി രൂപയും 6500 കോടി രൂപയുമാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി വകയിരുത്തിയിട്ടുള്ളത്.

(ബി) 1251.04 കി.മീ. നീളം വരുന്ന മലയോര ഹൈവേയിൽ ആദ്യഘട്ടമായി 777.505 കി.മീ. ഏറ്റെടുക്കാൻ തീരുമാനിച്ചതിൽ 558.349 കി.മീ. നീളം വരുന്ന 20 ഉപ പദ്ധതികളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. 622.950 കി.മീ. നീളം വരുന്ന ദീരദേശ ഹൈവേയിൽ ആദ്യഘട്ടമായി 242 കി.മീ ഏറ്റെടുക്കാൻ തീരുമാനിച്ചതിൽ 211.88 കി.മീ. നീളം വരുന്ന 11 ഉപ പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിലേയ്ക്ക് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. കിഫ്ബിയിൽ സമർപ്പിച്ച മലയോര ഹൈവേ പദ്ധതികളിൽ 110.995 കി.മീ. വരുന്ന 4 പദ്ധതികൾക്ക് 395.42 കോടി രൂപയുടെ ഭരണാനുമതി കിഫ്ബി നൽകിയിട്ടുണ്ട്.

(സി) കിഫ്ബിയിൽനിന്നുള്ള ധനസഹായത്തോടെയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

## കൊല്ലം-തേനി ദേശീയപാത വീതി കൂട്ടി പുനർനിർമ്മിക്കുന്നതിന് നടപടി

80(1194) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-തേനി ദേശീയപാത 183-ന്റെ അലൈൻമെന്റ് സംബന്ധിച്ച അന്തിമ ശിപാർശ സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ദേശീയപാത വീതി കൂട്ടി പുനർനിർമ്മിക്കുന്നതിനുള്ള ശിപാർശ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഈ പാത വീതി കൂട്ടി പുനർനിർമ്മിക്കുന്നതിനുള്ള സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ദേശീയപാത 183 (പഴയ നമ്പർ എൻ.എച്ച്. 220) പേവ്ഡ് ഷോൾഡറോടു കൂടിയ രണ്ടുവരിപ്പാതയായി വികസിപ്പിക്കാൻ കേന്ദ്ര മന്ത്രാലയം തീരുമാനിച്ചിരിക്കുകയാണ്. അതിന്റെ ഭാഗമായി സാധ്യതാ പഠനവും പദ്ധതി രൂപരേഖയും തയ്യാറാക്കാൻ കേന്ദ്ര മന്ത്രാലയം അംഗീകാരം നൽകിയിട്ടുണ്ട്. കേന്ദ്ര മന്ത്രാലയം അംഗീകരിച്ച കൺസൾട്ടന്റുകൾ മുഖാന്തിരം കൊല്ലം-ആഞ്ഞിലിമൂട്, കോട്ടയം-പൊൻകുന്നം, മുണ്ടക്കയം-കുമളി എന്നീ ഭാഗങ്ങളിലെ സാധ്യതാ പഠനവും പദ്ധതി രൂപരേഖ തയ്യാറാക്കലും നടന്നുവരുന്നു.

(ബി) പ്രസ്തുത പാത 30 മീറ്ററായി വീതി കൂട്ടുന്നതിനുള്ള സാധ്യതാ പഠനവും വിശദമായ പദ്ധതി രൂപരേഖയും പുരോഗമിച്ചുവരുന്നു. പൂർത്തിയാകുന്ന മുറയ്ക്ക് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്.

(സി) പ്രസ്തുത പാത വീതി കൂട്ടി നിർമ്മിക്കുന്നതിനുള്ള സർവ്വേ പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുന്നു.

## തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സംസ്ഥാന പാത വികസനം

81 (1195) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സംസ്ഥാന പാത വികസനവുമായി ബന്ധപ്പെട്ട് ഇതുവരെ കൈക്കൊണ്ട നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സംസ്ഥാന പാത വികസനവുമായി ബന്ധപ്പെട്ട് 12 മാസത്തെ കാലാവധിയോടെ 1-11-2016-ൽ എഗ്രിമെന്റ്വച്ച് 10-11-2016-ൽ കരാറുകാരന് സൈറ്റ് ഹാൻഡ്ഓവർ ചെയ്തെങ്കിലും തദ്ദേശവാസികളുടെ എതിർപ്പിനെത്തുടർന്ന് പണിയാരംഭിക്കാൻ കഴിയാതെ വരികയും തുടർന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾക്കുശേഷം മാത്രം പ്രവൃത്തി പുനരാരംഭിച്ചാൽ മതിയെന്ന തീരുമാനമെടുക്കുകയും ചെയ്തു. ബജറ്റ് വർക്ക് ആയതിനാൽ മറ്റ് അറ്റകുറ്റപ്പണികൾ അറേഞ്ചുചെയ്യാൻ സാധ്യമാകാതെ വരികയും

റോഡിന്റെ നില ശോചനീയമാകുകയും തുടർന്ന് ചീഫ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം കരാറുകാരൻ ഇനിഷ്യൽ ലെവൽ എടുത്ത് അനുമതിക്കായി സമർപ്പിക്കുകയും കാന പണി ആരംഭിക്കുകയും ചെയ്തു. ഭൂമി ഏറ്റെടുക്കുന്നതിന് ഈ സാമ്പത്തിക വർഷം ബജറ്റിൽ മിച്ചമുള്ള തുക ഈ പ്രൊപ്പോസൽ പരിഗണിക്കുന്നതിന് അപര്യാപ്തമായതിനാൽ തൃശ്ശൂർ വാടാനപ്പള്ളി സംസ്ഥാനപാത വികസനത്തിന് ഈ സാമ്പത്തിക വർഷം തുക അനുവദിക്കാൻ നിർവ്വാഹമില്ല. ആയതിനാൽ അടുത്ത സാമ്പത്തിക വർഷം (2018-19) പകുതിയോടെ പുതിയ പ്രൊപ്പോസൽ സമർപ്പിക്കാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് 27-1-2018-ലെ ജി2/522/17/പൊ.മ.വ. കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. മരാമത്ത് വകുപ്പിന്റെ കൈവശമുള്ള സ്ഥലം ഉപയോഗിച്ച് നിലവിലുള്ള റോഡ് പുനഃരുദ്ധാരണം നടത്താൻ സാധിക്കുന്ന തരത്തിൽ ആളുകളെ നിയന്ത്രിച്ചിരുന്നുവെങ്കിൽ വീതി കൂട്ടുന്നതുവരെ നല്ല ഗതാഗതം സാധ്യമാകുമായിരുന്നു. വകുപ്പുമന്ത്രി പറഞ്ഞിട്ടും ജനപ്രതിനിധികളടക്കം തടസ്സം നിന്നതിനാൽ പുതിയ കാര്യങ്ങൾ ഭൂമി ഏറ്റെടുത്താലെ നടക്കുകയുള്ളൂ. ഇതുവരെ ഉണ്ടാകാത്ത വിധത്തിലുള്ള നിലപാടാണ് ഇവിടെ കണ്ടത്.

## നാഷണൽ ഹൈവേ റോഡിന്റെ ഡിവൈഡർ

82 (1196) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ താലൂക്കാശുപത്രിക്ക് മുന്നിലുള്ള നാഷണൽ ഹൈവേ റോഡിന്റെ ഡിവൈഡർ വാഹന യാത്രയ്ക്ക് അപകടം സൃഷ്ടിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഡിവൈഡർ സുരക്ഷിതമായ രീതിയിൽ പുനർനിർമ്മിക്കുന്നതിനും ആവശ്യമായ സുരക്ഷാക്രമീകരണങ്ങളും സൂചകങ്ങളും സ്ഥാപിച്ച് അപകടരഹിത മാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മീഡിയനുകൾ ഉയർത്തുന്നതിനും റോഡ് സുരക്ഷാ ക്രമീകരണങ്ങൾ നടത്തുന്നതിനുമായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ദേശീയപാത വികസനം**

83 (T1197) <u>ശ്രീ. കെ. ദാസൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ നടന്നു വരുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ഭൂമി നഷ്ടപ്പെടുന്നവർക്ക് സർക്കാർ നൽകുന്ന നഷ്ടപരിഹാര പാക്കേജിന് അന്തിമ രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ 134.22 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. അതിൽ 3D നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളത് 66.42 ഹെക്ടർ ഭൂമിക്കാണ്. 67.80 ഹെക്ടർ ഭൂമിക്ക് 3D നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. 4.6724 ഹെക്ടർ ഭൂമിക്ക് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നഷ്ടപരിഹാരം തീരുമാനിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നിശ്ചയിക്കുന്നതിന് CALA-യ്ക്ക് സമർപ്പിക്കേണ്ടത് 129.5476 ഹെക്ടറാണ്. RFCTLARR Act 2013 പ്രകാരം CALA & PD യ്ക്ക് നഷ്ടപരിഹാരം നൽകാനായി നിക്ഷേപിച്ചിട്ടുള്ളത് ₹ 24,10,78,957 ആണ്.

(ബി) RFCTLARR Act 2013- ലെ 2nd, 3rd വകുപ്പ് പ്രകാരമാണ് ദേശീയപാത വികസനവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കലിന്റെയും പുനരധിവാസത്തിന്റെയും പാക്കേജ് നിശ്ചയിക്കുന്നത്. G.O.(MS) No.448/2017/RD dated 29-12-2017 പ്രകാരം ദേശീയപാത വികസനവുമായി ബന്ധപ്പെട്ട പുനരധിവാസ പാക്കേജിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**ദേശീയപാത വികസനം**

84 (1198) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ദേശീയപാതകളാണ് 45 മീറ്റർ വീതിയിൽ വികസിപ്പിക്കാൻ തീരുമാനം എടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ദേശീയപാത വികസിപ്പിക്കുന്നതുമൂലം എത്ര കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടിവരുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇപ്രകാരം ഒഴിപ്പിക്കപ്പെടുന്നവർക്ക് നൽകാൻ ഉദ്ദേശിച്ചിട്ടുള്ള നഷ്ടപരിഹാരം എന്തെന്ന് വിശദമാക്കുമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) കേരളത്തിലെ ദേശീയപാതകളിൽ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ചേർത്തല മുതൽ തിരുവനന്തപുരം വരെയുമുള്ള ദേശീയപാത 45 മീറ്റർ ROW-യിൽ 4/6 വരി പാതയായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കൽ അവസാന ഘട്ടത്തിലാണ്. ഇത് പൂർത്തിയായാൽ മാത്രമേ എത്ര കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടി വരുമെന്നതിന്റെ വിശദ വിവരം ലഭിക്കുകയുള്ളൂ.

(സി) കേന്ദ്ര സർക്കാരിന്റെ പുതുക്കിയ Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013 പ്രകാരമായിരിക്കും ഒഴിപ്പിക്കപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുക.

**ദേശീയപാത വികസനം**

85 (1199) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-തിരുമംഗലം ദേശീയപാത 744 വീതികൂട്ടി പുനർനിർമ്മിക്കാനുള്ള ശിപാർശ സർക്കാർ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ ശിപാർശയ്ക്ക് കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) കൊല്ലം-തിരുമംഗലം ദേശീയപാതയുടെ കേരളത്തിന്റെ ഭാഗത്ത് (81.28 കിലോമീറ്റർ) വീതി കൂട്ടുന്നതിനുള്ള സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) ദേശീയ പാതയുടെ കേരള സംസ്ഥാന അതിർത്തിക്കുള്ളിലുള്ള 81.28 km ഭാഗം (കൊല്ലം-ആര്യങ്കാവ്) വീതികൂട്ടി പുനർ നിർമ്മിക്കുമ്പോൾ ആവശ്യമായി വരുന്ന ഒഴിപ്പിക്കൽ നടപടി സംബന്ധിച്ച് സംസ്ഥാന സർക്കാർ ശിപാർശയിലെ നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ദേശീയപാത 744-ന്റെ കി.മീ. 0/00 മുതൽ 81/280 വരെയുള്ള ഭാഗം പേവ്ഡ് ഷോൾഡറോടുകൂടി വികസിപ്പിക്കാനുള്ള സാധ്യതാ പഠനവും വിശദമായ പദ്ധതി രൂപരേഖയും തയ്യാറാക്കുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്.

(ബി & സി) അന്തിമ പദ്ധതി രൂപരേഖ തയ്യാറാക്കി നിശ്ചിത ശതമാനം സ്ഥലലഭ്യത ഉറപ്പാക്കിയാൽ മാത്രമേ കേന്ദ്ര അംഗീകാരം ലഭിക്കുകയുള്ളൂ. പ്രസ്തുത ദേശീയപാതയുടെ അലൈൻമെന്റ് കേന്ദ്രം അംഗീകരിച്ച പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

(ഡി) ദേശീയപാത പുനർ നിർമ്മിക്കുമ്പോൾ കുടിയൊഴിപ്പിക്കൽ നടപടികൾ കേന്ദ്ര മാനദണ്ഡങ്ങൾക്ക് വിധേയമായാണ് നടപ്പിലാക്കുന്നത്.

## കാസർഗോഡ്-പാറശ്ശാല മലയോര ഹൈവേ

86 (1200) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ പാറശ്ശാല മുതൽ കുടപ്പനമൂട് വരെയുള്ള ഒന്നാം റീച്ചിന്റെ നിർമ്മാണ പ്രവർത്തനം നടപടിക്രമങ്ങൾ പൂർത്തിയാക്കി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(ബി) മലയോര ഹൈവേയുടെ പാറശ്ശാല മണ്ഡലത്തിലെ രണ്ടും മൂന്നും റീച്ചുകൾക്കായുള്ള അലൈൻമെന്റുകൾ തയ്യാറായോയെന്നും എന്നത്തേയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

### ഉത്തരം

(എ) മലയോര ഹൈവേയുടെ പാറശ്ശാല മുതൽ കുടപ്പനമൂട് വരെയുള്ള ഒന്നാം ഘട്ട പ്രവൃത്തിയുടെ ഡി.പി.ആർ. സമർപ്പിച്ചതിന് കിഫ്ബിയിൽനിന്നും 53.84 കോടി രൂപയുള്ള അനുമതി ലഭിച്ചു. സാങ്കേതികാനുമതിയും ടെണ്ടർ നടപടികളും പൂർത്തിയാക്കി 2018 ഏപ്രിൽ മാസത്തിൽ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പാറശ്ശാല മണ്ഡലത്തിലെ മലയോര ഹൈവേയുടെ രണ്ടാം റീച്ചിൽ റോഡ് ഭാഗത്തിന്റെ ഡി.പി.ആർ. 2018 ജനുവരി മാസത്തിലും രണ്ട് ബ്രിഡ്ജുകളുടെ ഡി.പി.ആർ. 2018 മാർച്ച് മാസത്തോടെയും സമർപ്പിക്കാൻ കഴിയുന്നതാണ്. കിഫ്ബിയുടെ അംഗീകാരം ലഭിച്ചാലുടൻതന്നെ ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## താമരശ്ശേരി ചുരം റോഡിന്റെ ശോച്യാവസ്ഥ

87 (1201) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ .എ. നെല്ലിക്കുന്ന്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 766-ന്റെ ഭാഗമായ താമരശ്ശേരി ചുരം റോഡിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് തകർന്നതുമൂലം ഉണ്ടാകുന്ന ഗതാഗതക്കുരുക്കിന് പരിഹാരം കാണാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചുരത്തിൽ കേടുപാടുകൾ വന്ന സ്ഥലങ്ങളിൽ അറ്റകുറ്റപ്രവൃത്തികൾ നടത്തിവരുന്നു. ചുരത്തിലെ മുടിപ്പിൻ വളവുകൾക്ക് പര്യാപ്തമായ വീതിയില്ല. വീതി കൂട്ടാനുള്ള വനഭൂമി വനം വകുപ്പിൽനിന്നും വിട്ടുകിട്ടുന്ന പ്രക്രിയ അന്തിമ ഘട്ടത്തിലാണ്.

ചുരത്തിൽ സ്ഥിരമായ ഗതാഗത നിയന്ത്രണം ആവശ്യമാണ്. ഇപ്പോൾ മൾട്ടി ആക്സിൽ, ഭാരം കൂടിയ വാഹനം എന്നിവ നിയന്ത്രിച്ചിട്ടുണ്ട്. 2, 4, 9 വളവുകളിൽ ആവശ്യമുള്ള വീതിയുണ്ട്. മറ്റ് സ്ഥലങ്ങളിൽ ആവശ്യമായ വനഭൂമി ലഭ്യമാകുമ്പോൾ 3, 5 എന്നീ വളവുകളിൽ നിലവിലുള്ള പ്രവൃത്തിയായും 1, 6, 7, 8 വളവുകളിൽ കേന്ദ്ര ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് വീതി കൂട്ടി ഗതാഗത സജ്ജമാക്കാൻ കഴിയും.

ഇക്കാര്യം 18-1-2018-ൽ ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി ശ്രീ. നിതിൻ ഗഡ്കരിയുടെയും കേന്ദ്ര വനം സെക്രട്ടറിയുടെയും ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ബഹുമാനപ്പെട്ട തിരുവമ്പാടി എം.എൽ.എ. നിർദ്ദേശിച്ച ബദൽ പാത എന്ന ആശയവും പരിഗണിക്കുന്നതാണ്.

## നിലമ്പൂർ - മേപ്പാടി ഹിൽ ഹൈവേ

88 (1202) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹിൽ ഹൈവേ പദ്ധതിയുടെ ഭാഗമായ നിലമ്പൂർ-മേപ്പാടി ഹിൽ ഹൈവേ പദ്ധതിയുടെ നിലവിലുള്ള നടപടിക്രമം ഏതുവരെയായെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി കാലതാമസം കൂടാതെ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; വനത്തിലൂടെ കടന്ന് പോകുന്ന പ്രദേശങ്ങളിൽ വനംവകുപ്പിന്റെ അനുമതിക്കുവേണ്ടി പ്രത്യേകിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ഹിൽ ഹൈവേ തുടങ്ങുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ; കാലതാമസം ഒഴിവാക്കി പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലമ്പൂർ മേപ്പാടി ഹിൽ ഹൈവേയുടെ ഭാഗമായി പൂക്കോട്ടുപാടം - തമ്പുരാട്ടിക്കല്ല് (മുണ്ടേരി സീഡ് ഫാംഗേറ്റ്) മുതൽ മേപ്പാടി വരെയുള്ള ഭാഗത്തിന്റെ വിശദമായ എസ്റ്റിമേറ്റ് സാമ്പത്തിക അനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) പൂക്കോട്ടുപാടം മുതൽ തമ്പുരാട്ടിക്കല്ലുവരെയുള്ള ഹിൽ ഹൈവേയുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്. തമ്പുരാട്ടിക്കല്ല് (സീഡ് ഫാം ഗേറ്റ്) മുതൽ മേപ്പാടി വരെയുള്ള ഭാഗം വനഭൂമിയാണ്. വനം വകുപ്പിൽനിന്നും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) സാമ്പത്തിക അനുമതി, സാങ്കേതിക അനുമതി, ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തിയാക്കി പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികളും ത്വരിതപ്പെടുത്തുന്നതാണ്.

**കൊല്ലങ്കോട് ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവൃത്തി**

89(1203) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗലം-ഗോവിന്ദപുരം സംസ്ഥാന പാതയിൽ കൊല്ലങ്കോട് പട്ടണത്തിൽ നിത്യേന അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർഷങ്ങളായി അനുഭവപ്പെടുന്ന ഗതാഗതക്കുരുക്കിന് ശാശ്വതപരിഹാരം കാണുന്നതിനായി 2009-ൽ ഭരണാനുമതി ലഭിച്ച കൊല്ലങ്കോട് ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടംവരെയായെന്ന് വിശദമാക്കുമോ;

(സി) കൊല്ലങ്കോട് ബൈപ്പാസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും റോഡ് പണി

തുടങ്ങുന്നതിന് ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തേണ്ടതെന്നും വിശദമാക്കുമോ;

(ഡി) കൊല്ലങ്കോട് ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) 14-7-2009-ലെ സ.ഉ.(സാധാ) നമ്പർ 1045/2009/പൊ.മ.വ. പ്രകാരം കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണത്തിന് 13 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി. ബൈപ്പാസ് റോഡ് നിർമ്മാണത്തിനാവശ്യ മായ 14.5204 ഹെക്ടർ ഭൂമിയിൽ 0.4594 ഹെക്ടർ സ്ഥലം സർക്കാർ ഉടമസ്ഥതയിലുള്ളതും ബാക്കി 14.061 ഹെക്ടർ സ്ഥലം സ്വകാര്യ വ്യക്തികളുടേതുമാണ്. 10-6-2010-ലെ സ.ഉ.(സാധാ)നം.939/2010/പൊ.മ.വ പ്രകാരം സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 14.061 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ബൈപ്പാസ് നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് നടപടി തുടരുന്നതിന് 14.061 ഹെക്ടർ സ്ഥലത്തിന്റെ ഏകദേശ വിലയായ 10,57,20,000 രൂപ (പത്തുകോടി അമ്പത്തിയേഴ് ലക്ഷത്തി ഇരുപതിനായിരം രൂപ)യുടെ 25 ശതമാനമായ 2,64,30,000 രൂപ (രണ്ട് കോടി അറുപത്തിനാല് ലക്ഷത്തി മുപ്പതിനായിരം രൂപ) അനുവദിക്കുന്നതിനുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിക്കുകയുണ്ടായി. ആയത് സർക്കാർ പരിശോധിക്കുകയും കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുക്കുന്നതിനാവശ്യമായ തുക ബജറ്റിൽ വകയിരുത്തിയെന്ന് ഉറപ്പുവരുത്തിയശേഷം നടപ്പ് സാമ്പത്തിക വർഷത്തിൽ പുതുക്കിയ ശിപാർശ സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനായി അർത്ഥനാപത്രം അനുബന്ധരേഖകൾ സഹിതം LAAR Act 2013 പ്രകാരം പുതുക്കി സമർപ്പിക്കണമെന്ന് സ്പെഷ്യൽ തഹസിൽദാർ എൽ.എ. ജനറൽ പാലക്കാട് അറിയിച്ചതനുസരിച്ച് പാലക്കാട് നിരത്തുവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും 9-11-2017-ൽ അർത്ഥനാപത്രം പാലക്കാട് കളക്ടർക്ക് നൽകിയിട്ടുണ്ട്. 13 കോടി രൂപയുടെ ഭരണാനുമതി തുകയിൽനിന്നും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 1,63,618 രൂപ ചെലവായിട്ടുണ്ട്. എന്നിരുന്നാലും പുതുക്കിയ ഭരണാനുമതി ആവശ്യമാണെന്ന് റവന്യൂ അധികാരികൾ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ലാൻഡ് അക്വിസിഷനുള്ള പ്രൊപ്പോസൽ പാലക്കാട് നിരത്തുവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി വരുന്നു. ബൈപ്പാസ് നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയ ശേഷമേ പ്രവൃത്തി തുടങ്ങാൻ സാധിക്കുകയുള്ളൂ. അതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

## ദേശീയപാതയുടെ നിർമ്മാണം

90 (T 1204) ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതയുടെ നിർമ്മാണത്തിനായി കേന്ദ്ര സർക്കാർ 2015-2016, 2016-2017 എന്നീ വർഷങ്ങളിലായി അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന ദേശീയപാതയുടെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിൽ കേരളം ഏറ്റവും മെച്ചപ്പെട്ട പ്രവർത്തനമാണ് കാഴ്ചവക്കുന്നതെന്ന് കേന്ദ്ര ഗതാഗത സഹമന്ത്രി പാർലമെന്റിൽ പ്രസ്താവന നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ദേശീയപാതയുടെ നിർമ്മാണത്തിനായി കേന്ദ്ര സർക്കാർ 2015-2016, 2016-2017 എന്നീ വർഷങ്ങളിലായി അനുവദിച്ച തുകയും ചെലവഴിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്.

## കരുനാഗപ്പള്ളിയിലെ ഗതാഗതക്കുരുക്ക്

91 (1205) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ കരുനാഗപ്പള്ളിയിലൂടെ കടന്നുപോകുന്ന ഭാഗത്ത് അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശീയപാതയിലെ പ്രധാന ആക്സിഡന്റ് ബ്ലാക്ക് സ്പോട്ടുകളായ കരുനാഗപ്പള്ളി ടൗണിലും, പുതിയകാവിലും നിലവിൽ ഇതിനോട് ചേർന്ന് കിടക്കുന്ന ഭാഗങ്ങൾകൂടി ചേർത്ത് ദേശീയപാത വികസിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇതിന്റെ രൂപരേഖ ലഭ്യമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ദേശീയപാത 47 (പുതിയ എൻ.എച്ച് 66)-ൽ കൊല്ലം ജില്ലയിൽ ഐഡന്റിഫൈ ചെയ്തിട്ടുള്ള ബ്ലാക്ക് സ്പോട്ടുകൾ ശരിയാക്കാനുള്ള വിശദ പഠനം കൺസൾട്ടന്റ് മുഖാന്തരം നടപ്പിലാക്കി അവയുടെ പരിഹാരത്തിനുള്ള എസ്റ്റിമേറ്റ് കേന്ദ്ര മന്ത്രാലയത്തിന്റെ അനുമതിക്ക് നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത ദേശീയപാത സർവ്വീസ് റോഡുകളോടുകൂടിയ നാലുവരിപ്പാതയായി വികസിപ്പിക്കാനുള്ള വിശദമായ പദ്ധതി രൂപരേഖ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ തയ്യാറാക്കിവരുന്നു. ഇപ്രകാരം വികസിപ്പിക്കുമ്പോൾ ഗതാഗതക്കുരുക്കിന് പരിഹാരവും ബ്ലാക്ക് സ്പോട്ടുകൾ ഇല്ലാതാകുന്നതുമാണ്.

## പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് മുന്നോടിയായുള്ള മണ്ണ് പരിശോധന

92 (1206) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് മുന്നോടിയായുള്ള മണ്ണ് പരിശോധന നടത്തുന്നതിന് വകുപ്പിന് സ്വന്തമായി സംവിധാനം ഇല്ലാത്ത സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിനായി സ്വകാര്യ ഏജൻസികളെ ആശ്രയിക്കേണ്ടിവരുന്നത് പദ്ധതികളുടെ കാലതാമസത്തിന് ഇടയാക്കുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് സ്വകാര്യ ഏജൻസികളെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം കുറയ്ക്കുന്നതിനും വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം മാറ്റങ്ങളാണ് നിലവിലെ സർക്കാർ നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കുമോ?

### ഉത്തരം

(എ-സി) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് മുന്നോടിയായുള്ള മണ്ണ് പരിശോധന നടത്തുന്നതിന് വകുപ്പിന് സ്വന്തമായി സംവിധാനമുണ്ട്. പൊതുമരാമത്ത് വകുപ്പിലെ പരിശോധനാ സംവിധാനം ആവശ്യത്തിന് തികയുന്നില്ല. വിവിധ പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ നിർവ്വഹിക്കുന്നതിന് വകുപ്പിൽതന്നെ ഒരു വിഭാഗം ഡിസൈൻ ചീഫ് എഞ്ചിനീയറുടെ കീഴിൽ രൂപീകരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ റീജിയണുകളിലായി റീജിയണൽ ഇൻവെസ്റ്റിഗേഷൻ ആന്റ് ക്വാളിറ്റി കൺട്രോൾ ലാബുകളിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇങ്ങനെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് സ്വകാര്യ ഏജൻസികളെ ആശ്രയിക്കേണ്ട സാഹചര്യം കുറയ്ക്കാൻ സാധിക്കും.

നിലവിൽ മണ്ണ് പരിശോധന നടത്തുന്നതിനായി സ്വകാര്യ ഏജൻസികളെ കണ്ടെത്തുവാനായി ഓപ്പൺ ടെണ്ടർ ക്ഷണിക്കാറുണ്ട്. ആയതിന് പൊതുമരാമത്ത് വകുപ്പ് പിന്തുടരുന്ന നടപടിക്രമം അനുസരിച്ച് ഒരു നിശ്ചിത സമയം ആവശ്യമാണ്. എന്നാലും ഏജൻസിവഴി മണ്ണ് പരിശോധന നടത്തുമ്പോൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ശ്രമിക്കാറുണ്ട്. കാലതാമസം വരുത്തുകയാണെങ്കിൽ സ്ഥാപനത്തിനുമേൽ പെനാൽറ്റി ഈടാക്കാനുള്ള നിബന്ധന ടെണ്ടറിലുണ്ട്. വകുപ്പിൽ 500 അസിസ്റ്റന്റ് എഞ്ചിനീയർമാരും 500 ഓവർസിയർമാരും കുറവാണ്. ഈ കുറവ് വകുപ്പ് ഏറ്റെടുത്ത പ്രവൃത്തികളെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ പരമാവധി ശ്രദ്ധിച്ച് വീഴ്ചകൾ ഉണ്ടാകാതെ നോക്കുന്നുണ്ട്.

**പഴയ മട്ടാഞ്ചേരി കോടതി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

93 (1207) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയ മട്ടാഞ്ചേരി കോടതി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയുടെ അനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) അനുമതി ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) അനുമതി ലഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ?

ഉത്തരം

(എ-സി) ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയ്ക്ക് നിരവധി തവണ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായി അനുമതി ലഭിച്ചിട്ടില്ല. സംരക്ഷിത സ്മാരകങ്ങളുടെ 100 മീറ്റർ പരിധിക്കുള്ളിൽ സർക്കാർ വക നിർമ്മാണം അനുവദിച്ചുകൊണ്ടുള്ള ഭേദഗതി ബിൽ ലോകസഭ പാസ്സാക്കിയശേഷം 11-1-2018-ൽ ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയ്ക്ക് ഒരു അപേക്ഷകൂടി സമർപ്പിച്ചിട്ടുണ്ട്.

**നടയറ ഗവ. മുസ്ലീം എച്ച്.എസ്.-ന് പുതിയ കെട്ടിടം**

94 (1208) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ നടയറ ഗവ. മുസ്ലീം എച്ച്.എസ്.-ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 13-1.-2017-ൽ സ.ഉ.(സാധാ) നമ്പർ 79/17/പൊ.വി.വ നമ്പർ പ്രകാരം ഭരണാനുമതി നല്കിയിരുന്ന പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് എത്ര കാലയളവ് ഇനി ആവശ്യമായി വരുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കെട്ടിടം നിർമ്മിക്കുന്നതിന്റെ ആർക്കിടെക്ചർ ഡ്രോയിംഗ് പൂർത്തിയായിട്ടുണ്ട്. ആയതിന്റെ സ്ട്രക്ചറൽ ഡിസൈൻ, ഡിസൈൻ വിംഗ് ചെയ്തുകൊണ്ടിരിക്കുകയാണ്. ആയതിനുശേഷം ടെക്നിക്കൽ സാംഗ്ഷൻ നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ കഴിയുന്നതാണ്.

(സി) സ്ട്രക്ചറൽ ഡിസൈൻ ലഭിച്ചശേഷം 45 ദിവസത്തിനുള്ളിൽ ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

**റാന്നി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

95 (1209) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ചുകൊണ്ടിരിക്കുന്ന വിവിധ കെട്ടിടങ്ങൾ ഓരോന്നിന്റെയും ഇതുവരെയുള്ള നിർമ്മാണ പുരോഗതി ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) ഓരോ കെട്ടിടങ്ങൾക്കും എന്തൊക്കെ പ്രവൃത്തികളാണ് ഇനി പൂർത്തിയാക്കാനുള്ളത്; ഇവ പൂർത്തീകരിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ അവ എന്തൊക്കെയെന്നും തടസ്സങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ;

(സി) ഇവയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരം അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) തടസ്സങ്ങൾ ഒന്നുംതന്നെയില്ല. ഓരോ കെട്ടിടങ്ങൾക്കും എന്തൊക്കെ പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളത് എന്നത് സംബന്ധിച്ച വിവരം അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു. *

(സി) അനുബന്ധം 'സി' ആയി ചേർത്തിരിക്കുന്നു. *

**വഴിയോരം പദ്ധതി**

96 (T 1210) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലത്ത് എവിടെയെല്ലാം ദേശീയ പാതയോടുചേർന്ന് വഴിയോരം പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം സ്ഥാപനങ്ങളാണ് വിഭാവന ചെയ്തിരിക്കുന്നതെന്നും വിഭാവന ചെയ്തവ പൂർണ്ണമായും അവിടങ്ങളിൽ നടപ്പാക്കപ്പെട്ടിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ;

(സി) 'വഴിയോരങ്ങൾ' ഏറ്റെടുത്തവരുമായി പി.ഡബ്ല്യു.ഡി. വച്ചിട്ടുള്ള കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് പ്രസ്തുത സ്ഥാപനം പ്രവൃത്തിക്കുന്നതെന്ന ആരോപണങ്ങൾ പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) വിനോദസഞ്ചാരികൾക്ക് യാത്രയിലുടനീളം മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകുന്നതിന് സ്വകാര്യ പങ്കാളിത്തത്തോടെ 2004-ൽ നടപ്പിലാക്കിയ ഒരു പദ്ധതിയാണ് വഴിയോരം. സർക്കാരിന്റെ ഉടമസ്ഥതയിലല്ല ഇവ പ്രവൃത്തിക്കുന്നത്. സ്വകാര്യ സംരംഭകരാണ് ഇതിൽ മുതൽ മുടക്കിയിട്ടുള്ളത്. ഈ പദ്ധതിയിൽ 35 സംരംഭകർക്ക് ഇവ തുടങ്ങുന്നതിനുള്ള അനുമതി നൽകിയിരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലത്ത് ടൂറിസം വകുപ്പ് വഴിയോരം പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(ബി) കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ദേശീയ പാതകൾ, ജലമാർഗ്ഗങ്ങൾ, പ്രധാന റോഡുകൾ എന്നിവയ്ക്ക് സമീപം യാത്രികർക്കും ടൂറിസ്റ്റുകൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ മികച്ച ഭക്ഷണശാല, ചെറിയ ഷോപ്പിംഗ്സെന്റർ, വൃത്തിയുള്ള ടോയ്‌ലെറ്റുകൾ, എന്നീ സൗകര്യങ്ങൾ ഒരുമിച്ചുള്ള ഒരു കേന്ദ്രം എന്ന ഉദ്ദേശ്യത്തോടെയാണ് സർക്കാർ വഴിയോരം പദ്ധതി നടപ്പിലാക്കിയത്.

(സി & ഡി) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## കായംകുളം കോടതി സമുച്ചയത്തിന്റെ നിർമ്മാണം

97 (1211) ശ്രീമതി യു. പ്രതിഭ ഹരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ അനുവദിച്ച കോടതി സമുച്ചയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലെ പുരോഗതി സംബന്ധിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടില്ല.

## കണ്ണൂർ ജില്ലയിലെ പി.ഡബ്ല്യു.ഡി. പ്രവൃത്തികൾ

98 (1212) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഏപ്രിൽ ഒന്നിനുശേഷം കണ്ണൂർ ജില്ലയിൽ ഏതെല്ലാം പി.ഡബ്ല്യു.ഡി. പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഒരോന്നിനും ഭരണാനുമതി നൽകിയത് എത്ര രൂപയ്ക്കാണെന്നും വെളിപ്പെടുത്തുമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ടെണ്ടർ വിളിച്ചുവെന്ന് അറിയിക്കുമോ;

(സി) ടെണ്ടർ വിളിച്ച ഏതെല്ലാം പ്രവൃത്തികൾ ആരംഭിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) പൊതുമരാമത്ത് വകുപ്പ് കെട്ടിടം, നിരത്തുകളും പാലങ്ങളും, ദേശീയപാത വിഭാഗങ്ങളുടെ കീഴിൽവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1, 2, 3 ആയി ചേർക്കുന്നു.*

## തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിന് ഓഡിറ്റോറിയം

99 (1213) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ആസ്തി വികസന ഫണ്ടിൽനിന്നും തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിന് ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് പി.ബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്)-ൽ നിന്ന് സാങ്കേതികാനുമതി ലഭ്യമായോ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ കാരണം എന്താണെന്നും എപ്പോൾ സാങ്കേതികാനുമതി ലഭ്യമാകുമെന്നും വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) ഇല്ല. തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിന് ഓഡിറ്റോറിയം നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്.

**ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാമ്പത്തിക അധികാരം**

100 (1214) <u>ഡോ. എൻ. ജയരാജ്</u>:
<u>ശ്രീ. റോഷി അഗസ്റ്റിൻ</u>:
<u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് എത്ര തുകവരെയുള്ള റോഡ്, പാലം പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനാണ് അധികാരമുള്ളത്; കെട്ടിടങ്ങളുടെ നിർമ്മാണത്തിലും അതേ അധികാരമാണോ ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എം. എൽ. എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഒരു കോടി രൂപ വരെയുള്ള പ്രവൃത്തികൾ അതത് കളക്ടറേറ്റ് മുഖേന നടപ്പാക്കുമ്പോൾ പ്രസ്തുത പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സാധിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ കളക്ടർ മുഖേന നടപ്പിലാക്കുന്നതിന്റെ പ്രയോജനം പൂർണ്ണമായും ഉണ്ടാകുന്നതിന് പ്രസ്തുത പ്രവൃത്തികളുടെ സാങ്കേതികാനുമതി നല്കുന്നതിനുള്ള ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാമ്പത്തികാധികാരം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിലെ നിരത്ത്, ദേശീയപാത വിഭാഗങ്ങളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് 50 ലക്ഷം രൂപവരെയുള്ള റോഡ്, പാലം പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് അധികാരമുണ്ട്. കെട്ടിട വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 100 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് അധികാരമുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് കെട്ടിട വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒരു കോടി രൂപവരെ സാങ്കേതികാനുമതി നൽകിവരുന്നു.

(സി) നിലവിൽ ഇതുസംബന്ധിച്ച് തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

## മേപ്പൂക്കട മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

101 (1215) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിൽ മലയിൻകീഴ് മേപ്പൂക്കട പ്രദേശത്ത് മിനി സിവിൽ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച E 1220020/M PWD&R 2017 നമ്പർ നിവേദനത്തിൻമേൽ എന്ത് തീരുമാനമെടുത്തുവെന്ന് വിശദമാക്കാമോ; ആയതിന്റെ തുടർനടപടിയെന്തെന്ന് വിശദമാക്കാമോ; ഇതിനായുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ പ്രസ്തുത പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തിനായി നിശ്ചയിച്ചിരിക്കുന്ന സ്ഥലം തിരുമല കാട്ടാക്കട പ്രധാന റോഡിന്റെ വളവിലാണ്. ഈ ഭാഗത്ത് നിലവിലുള്ള റോഡ് വീതി കൂട്ടുന്നതിന്റെ പ്രൊപ്പോസൽ ഉള്ളതിനാൽ പ്രസ്തുത സ്ഥലം അപര്യാപ്തമാണ്. കൂടാതെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം നിർണ്ണയിച്ച് കെട്ടിടത്തിന്റെ രൂപരേഖ പൂർത്തിയാക്കിയതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്.

## ബാലുശ്ശേരി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

102 (1216) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബജറ്റിൽ ബാലുശ്ശേരി മണ്ഡലത്തിൽ പണം അനുവദിച്ച പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഈ പ്രവൃത്തികളിൽ ഇനിയും ഡി.പി.ആർ. സമർപ്പിക്കാത്തവ ഏതൊക്കെയാണെ്;

(സി) ഇത്തരം പ്രവൃത്തികളുടെ ഡി.പി.ആർ. സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പണം അനുവദിച്ച പൊതുമരാമത്ത് പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

നടുവണ്ണൂർ-കൂട്ടാലിട റോഡിൽ 3/800 മുതൽ 4/625 വരെ വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ അഭിവൃദ്ധിപ്പെടുത്തൽ - 300.00 ലക്ഷം രൂപ

ബാലുശ്ശേരി-കുരാച്ചുണ്ട് റോഡ് 5/800 മുതൽ 6/500 വരെ അഭിവൃദ്ധിപ്പെടുത്തൽ - 132.00 ലക്ഷം രൂപ

കുരാച്ചുണ്ട് -കല്ലാനോട് 28-ാമത് മൈൽ റോഡ് 0/000 മുതൽ 5/00 വരെ അഭിവൃദ്ധിപ്പെടുത്തൽ - 423.00 ലക്ഷം രൂപ

കെട്ടിട വിഭാഗത്തിൽ പണം അനുവദിച്ച പൊതുമരാമത്ത് പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് ബാലുശ്ശേരി ഒന്നാം നില നിർമ്മാണം - 72.61 ലക്ഷം

ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം.

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഡി.പി.ആർ. സമർപ്പിക്കാത്തവ നിലവിലില്ല.

(സി) ബാധകമല്ല.

## കൊയിലാണ്ടി മണ്ഡലത്തിലെ പൊതുമരാമത്ത് ആസ്തിവികസന പദ്ധതികൾ

103 (1217) <u>ശ്രീ. കെ. ദാസൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ ആസ്തിവികസന പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ടതും, പൊതുമരാമത്ത് ബിൽഡിംഗ് സെക്ഷനിൽനിന്ന് എസ്റ്റിമേറ്റ് തയ്യാറാക്കി മേലാഫീസിലേക്ക് അയച്ചിട്ടുള്ളതുമായ കൊയിലാണ്ടി താലൂക്ക് ആശുപത്രി ചുറ്റുമതിൽ നിർമ്മാണം, കൊയിലാണ്ടി നഗരസഭയിൽ 21-ാം ഡിവിഷനിലുള്ള നടേരി എൻ.ആർ.എച്ച്.എം. അർബൻ ഡിസ്പെൻസറി കെട്ടിടനിർമ്മാണം എന്നിവയുടെ നടപടികൾ ഏത് ഘട്ടത്തിലായെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസ മുണ്ടായത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ നടപടികൾ കലണ്ടർ ഓഫ് കറസ്പോണ്ടൻസിലൂടെ വിശദമാക്കുമോ;

(ഡി) ധനവകുപ്പിൽനിന്ന് നിർദ്ദേശം വന്നിട്ടും അനിയന്ത്രിതമായ കാലതാമസം വന്നതുമൂലമുണ്ടായ കൃത്യവിലോപം പദ്ധതിയെ ബാധിച്ചിട്ടുണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കൊയിലാണ്ടി താലൂക്കാശുപത്രിയുടെ ചുറ്റുമതിൽ നിർമ്മാണത്തിനുള്ള 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും നടേരി എൻ.ആർ.എച്ച്.എം. അർബൻ ഡിസ്പെൻസറി കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റും ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കിയശേഷം ഭരണാനുമതി/സാങ്കേതികാനുമതിക്ക് അയയ്ക്കാൻ എഞ്ചിനീയർമാരുടെ ഭാഗത്തുനിന്നും മൂന്നുമാസത്തെ കാലതാമസമുണ്ടായി.

(സി) കൊയിലാണ്ടി താലൂക്കാശുപത്രിയുടെ ചുറ്റുമതിൽ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് അസിസ്റ്റന്റ് എഞ്ചിനീയർ 2017 ജൂലൈ 20-ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ചു. ജൂലൈ 29-ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചു. ആഗസ്റ്റ് 24-ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ സൂപ്രണ്ടിംഗ് എഞ്ചിനീയർക്കും സെപ്തംബർ 23-ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ ചീഫ് എഞ്ചിനീയർക്കും നൽകി. ഒക്ടോബർ 8-ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചു.

(ഡി) എസ്റ്റിമേറ്റ് തയ്യാറാക്കിയശേഷം ഭരണാനുമതി/സാങ്കേതികാനുമതിക്ക് അയയ്ക്കാൻ എഞ്ചിനീയർമാരുടെ ഭാഗത്തുനിന്നുണ്ടായ മൂന്നുമാസ കാലതാമസം ന്യായീകരിക്കാൻ കഴിയില്ല. ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകാൻ ഭരണ വകുപ്പിന് മൂന്നുമാസത്തെ കാലതാമസം വന്നു. കെട്ടിട വിഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ശരിയായ വേഗത്തിലല്ല നടന്നുവരുന്നത്. ഇപ്പോൾ പുതിയ സർക്കാർ മാറ്റത്തിന് ശ്രമിക്കുന്നുണ്ട്. പലയിടത്തും ഭൂതകാല ശീലങ്ങൾ ഒഴിവാക്കാൻ കഴിഞ്ഞിട്ടില്ല. എഞ്ചിനീയർമാരുടെയും ഓവർസിയർമാരുടെയും കുറവുള്ളതിനാൽ ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ കെട്ടിട നിർമ്മാണങ്ങൾ മറ്റ് സർക്കാർ ഏജൻസികളെ ഏൽപ്പിക്കേണ്ടതാണെന്ന് ടി വകുപ്പുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## നടുവണ്ണൂർ മിനി സിവിൽ സ്റ്റേഷൻ

104 (1218) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവണ്ണൂരിലെ സബ് രജിസ്ട്രേഷൻ ഓഫീസിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സബ് രജിസ്ട്രാർ ഓഫീസ് ഉൾപ്പെടെ, നടുവണ്ണൂരിലെ മറ്റ് സർക്കാർ ഒഫീസുകളും പ്രവൃത്തിക്കാനാവശ്യമായ രീതിയിൽ നടുവണ്ണൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാനായി പ്രസ്തുത സ്ഥലം അനുവദിക്കുന്നതിനായി നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(സി) നടുവണ്ണൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി പ്രസ്തുത സ്ഥലം അനുവദിക്കുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ടി പ്രവൃത്തി കിഫ്ബിയിൽ ഉൾപ്പെടുത്തി 100 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(ബി & സി) ഇല്ല.

## നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ അനുവദിച്ച റവന്യൂ ടവർ

105 (1219) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബജറ്റിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ അനുവദിച്ച റവന്യൂ ടവറിന്റെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) റവന്യൂ ടവർ നിർമ്മിക്കാൻ നിശ്ചയിച്ചിരുന്ന സ്ഥലം അപര്യാപ്തമായതിനാൽ നെടുമങ്ങാട് തഹസിൽദാരുമായി ചർച്ച ചെയ്ത് അനുയോജ്യമായ സ്ഥലം കണ്ടെത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പിലെ നിർമ്മിതികളുടെ കാലദൈർഘ്യവും സുരക്ഷയും

106 (1220) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ നിർമ്മിതികൾക്ക് കാലദൈർഘ്യം ഉറപ്പാക്കുന്ന നിയമനിർമ്മാണം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത നിയമത്തിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) നിർമ്മാണങ്ങളുടെ സുരക്ഷ സംബന്ധിച്ച നിയമപരമായ ബാധ്യത ആരിൽ നിക്ഷിപ്തമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ബാധ്യത നിറവേറ്റുന്നതിൽ പരാജയപ്പെട്ടാൽ നൽകാനുദ്ദേശിക്കുന്ന ശിക്ഷാനടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) നിർദ്ദിഷ്ട സമയത്ത് പ്രവൃത്തികൾ തുടങ്ങാത്തവരും തീർക്കാത്തവരുമായ കരാറുകാർക്കെതിരെ നടപടികൾ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) ആധുനിക കാലത്തെ പൊതു നിർമ്മിതികളെക്കുറിച്ച് എഞ്ചിനീയർമാരിൽ അവബോധം സൃഷ്ടിക്കുന്നതിനായി പരിശീലനപരിപാടികളും ശിൽപ്പശാലകളും സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എഫ്) എങ്കിൽ ഇത്തരം പരിശീലന പരിപാടികളിലും ശിൽപ്പശാലകളിലും സംസ്ഥാനത്തിന് പുറത്തുള്ള ഏതെല്ലാം വിദഗ്ധരെ പങ്കെടുപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ നിർമ്മിതികൾക്ക് കാലദൈർഘ്യം കരാറിലെ വ്യവസ്ഥയായി ഉൾപ്പെടുത്തുന്നുണ്ട്. ദേശീയപാതാ വിഭാഗത്തിൽ ബി.എം.& ബി.സി. വർക്കുകൾക്ക് ഡിഫക്ട് ലയബിലിറ്റി പീരിയഡ് മൂന്ന് വർഷവും കൂടാതെ എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് കോൺട്രാക്ട് (EPC) വഴി നടപ്പിലാക്കുന്ന പദ്ധതികൾക്ക് നാല് വർഷവുമാണ് ഡിഫക്ട് ലയബിലിറ്റി പീരീയഡ്, കാലദൈർഘ്യം ഉറപ്പാക്കുന്ന നിയമനിർമ്മാണം സംബന്ധിച്ച് സർക്കാർ പരിശോധിക്കുന്നതാണ്.

(ബി & സി) നിർമ്മാണ വേളയിലെ സുരക്ഷ സംബന്ധിച്ച് നിയമപരമായ ബാധ്യത വകുപ്പിലെ ഉദ്യോഗസ്ഥർക്കും പ്രവൃത്തികളുടെ കരാറുകൾക്കുമാണ്.

(ഡി) പ്രവൃത്തികൾ അനുവദിക്കപ്പെട്ട കാലാവധിക്കുള്ളിൽത്തന്നെ തീർക്കുന്നതിന് കരാറുകാരോട് കർശനമായി ആവശ്യപ്പെടാറുണ്ട്. നിർബന്ധിത സാഹചര്യങ്ങളിൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി

നൽകേണ്ടതായി വന്നാൽ മാന്വൽ പ്രകാരം സാരമായ തുക ഫൈൻ ഇനത്തിൽ ഈടാക്കിയാണ് കാലാവധി നീട്ടി നൽകുന്നത്. കൂടാതെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെയും ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിന്റെയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്റെയും ഭാഗമായി സാമൂഹ്യ ആഡിറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) ആധുനിക കാലത്തെ പൊതുനിർമ്മിതികളെക്കുറിച്ച് എഞ്ചിനീയർമാരിൽ അവബോധം സൃഷ്ടിക്കുന്നതിനായി പരിശീലന പരിപാടികൾ നടന്നുവരുന്നു. ഇതുസംബന്ധിച്ച് ശില്പശാലകൾ നടത്താനും ഉദ്ദേശിക്കുന്നുണ്ട്. 'പുതിയ കാലം പുതിയ നിർമ്മാണം' എന്നാണ് ആപ്തവാക്യം.

(എഫ്) ഇത്തരം പരിശീലന പരിപാടികളിലും ശിൽപ്പശാലകളിലും സംസ്ഥാനത്തിന് പുറത്തുള്ള സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.ആർ.ആർ.ഐ.) ഇന്ത്യൻ അക്കാഡമി ഫോർ ഹൈവേ എഞ്ചിനീയേഴ്സ് (ഐ.എ.എച്ച്.ഇ.) തുടങ്ങിയ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ വിദഗ്ധരെ പങ്കെടുപ്പിക്കാനുദ്ദേശിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാരെ നൂതന സാങ്കേതികവിദ്യ പരിശീലിപ്പിക്കുന്നതിനായി പതിവായി അയയ്ക്കാറുണ്ട്. കൂടാതെ ഓരോ വർഷവും ഇന്ത്യൻ റോഡ് കോൺഗ്രസ് (ഐ.ആർ.സി.)ന്റെ വാർഷിക ശിൽപ്പശാലയിൽ പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർ പങ്കെടുക്കുകയും നിർമ്മാണത്തിലെ പുതിയ ടെക്നോളജിയെക്കുറിച്ച് അറിവ് നേടുകയും ചെയ്യാറുണ്ട്.

**പൊതുമരാമത്ത് വകുപ്പിലെ നിർമ്മിതികൾ**

107 (1221) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ നിർമ്മിതികൾക്ക് നൂറ് വയസ്സ് ഉറപ്പാക്കുന്ന നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) നിർമ്മാണത്തിലെ വീഴ്ചകൾക്ക് എഞ്ചിനീയർമാർക്കെതിരെ വകുപ്പുതല നടപടിക്കും, കരാറുകാരെ കരിമ്പട്ടികയിൽപ്പെടുത്താനും നഷ്ടപരിഹാരം ഈടാക്കുന്നതിനും പുതിയ നിയമത്തിൽ വ്യവസ്ഥയുണ്ടാകുമോ;

(സി) മഴ കൂടുതലുള്ള രാജ്യങ്ങളിൽ റോഡ് കേടുവരാതിരിക്കാൻ അനുവർത്തിക്കുന്ന സാങ്കേതികവിദ്യയെക്കുറിച്ച് പഠിച്ച് നിലവിലുള്ള നിർമ്മാണ രീതികളിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പൊതുമരാമത്ത് വകുപ്പിനെക്കുറിച്ച് പൊതുജനങ്ങൾക്കിടയിലുള്ള ധാരണ തിരുത്തുന്നതിനും വകുപ്പിൽ കാലത്തിനനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിയമ നിർമ്മാണം നടക്കുമ്പോൾ ഉണ്ടാകും.

(സി) ഉണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പിൽ കാലത്തിനനുസൃതമായ മാറ്റങ്ങൾ കൊണ്ടു വരുന്നതിന്റെ ഭാഗമായി നിരത്തു വിഭാഗത്തിലെ പ്രവൃത്തികൾ ദേശീയ നിലവാരത്തിലുയർത്തുന്നതിനായി MoRTH Specification നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കി അംഗീകാരം നൽകുന്നതിനായി ഓൺലൈൻ സംവിധാനമായ PRICE നടപ്പിലാക്കി, e-payment, e-tendering എന്നിവ നടപ്പിലാക്കിയതുവഴി വകുപ്പിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്. പ്രവൃത്തിഗുണമേന്മ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള ക്വാളിറ്റി ആഡിറ്റിംഗ്, സർക്കാർ ഉത്തരവ് G.O. (Ms) No. 1/ 2018/PWD dated 5-1-2018 പ്രകാരം സോഷ്യൽ ആഡിറ്റിംഗും നടപ്പിലാക്കിയിട്ടുണ്ട്. കെട്ടിടങ്ങളുടെയും പാലങ്ങളുടെയും റോഡുകളുടെയും ഗുണനിലവാരം ഉയർത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ വിംഗിനുകീഴിൽ എല്ലാ ജില്ലകളിലും ക്വാളിറ്റി പരിശോധനാ ലാബുകൾ പ്രവൃത്തിക്കുന്നുണ്ട്. കാലാനുസൃത മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിനായി വകുപ്പിലെ എഞ്ചിനീയർമാർക്ക് പരിശീലനവും നൽകുന്നുണ്ട്.

ഇന്ത്യയിൽ ആദ്യമായി മെയിന്റനൻസ് ചീഫ് എഞ്ചിനീയറെ നിയമിച്ച് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ചുവരുന്നു. "പുതിയ കാലം പുതിയ നിർമ്മാണം" എന്ന ലക്ഷ്യം ശ്രദ്ധയിലുണ്ട്. കോൺട്രാക്ടേഴ്സ് അക്കാദമി എന്ന ആശയം മുന്നോട്ട് വച്ചിട്ടുണ്ട്. രണ്ട് മേഖലാ ഡിസൈൻ ഓഫീസുകൾ എറണാകുളത്തും, കോഴിക്കോടും ആരംഭിച്ചിട്ടുണ്ട്. എഞ്ചിനീയർമാർക്ക് ദേശീയ സെമിനാറും പഠനശിബിരവും workshop-കളും നടത്തി. എഞ്ചിനിയേഴ്സ് കോൺഗ്രസ് എന്ന പുതിയ സംവിധാനം നടപ്പാക്കിയിട്ടുണ്ട്.

**പൊതുമരാമത്ത് പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ**

108 (1222) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ വിവിധ പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ നിർവ്വഹിക്കുന്നതിന് വകുപ്പിൽത്തന്നെ ഒരു വിഭാഗം രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുറംകരാർവഴി നടത്തുന്നത് മൂലമുണ്ടാകുന്ന പാഴ്ച്ചെലവും സമയനഷ്ടവും ഒഴിവാക്കുന്നതിന് സ്വീകരിക്കുന്ന മറ്റ് നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ വിവിധ പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ നിർവ്വഹിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജിയണുകളിലായി റീജിയണൽ ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവൃത്തിക്കുന്നുണ്ട്. കൂടാതെ, നിലവിൽ തിരുവനന്തപുരം ജില്ലയിലെ കാര്യവട്ടത്ത് പ്രവൃത്തിക്കുന്ന കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ആവശ്യമായ സംവിധാനങ്ങൾ ഉള്ളതാണ്. പൊതുമരാമത്ത് വകുപ്പിലെ വിവിധ പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ നിർവ്വഹിക്കുന്നതിന് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു ക്വാളിറ്റി കൺട്രോൾ വിംഗ് നിലവിലുണ്ട്.

(ബി) ജോലിബാഹുല്യം വരുമ്പോൾ സമയബന്ധിതമായി എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ സുഗമമായ നടത്തിപ്പിനുമായി ചില സാഹചര്യങ്ങൾ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ സ്വകാര്യ ഏജൻസികൾവഴി നടപ്പിലാക്കാറുണ്ട്. ഇത് ഒഴിവാക്കുന്നതിലേക്കായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുന്നതിനായി ആവശ്യമുള്ള ലബോറട്ടറി സംവിധാനങ്ങളും ആയത് നിർവ്വഹിക്കുന്നതിനുള്ള തസ്തികകൾ സൃഷ്ടിക്കേണ്ടതും ആവശ്യമാണ്.

നിലവിൽ ക്വാളിറ്റി കൺട്രോൾ വിംഗിന് കീഴിലുള്ള ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് പൂർണ്ണമായും പ്രവർത്തന സജ്ജമാകാത്തതിനാൽ ഓപ്പൺ ടെണ്ടർ മുഖേന ടെണ്ടർ ക്ഷണിച്ചാണ് ഏജൻസികളെ കണ്ടെത്തുന്നത്. സ.ഉ.(സാധാ)1211/ 2017/പി.ഡബ്ല്യു.ഡി. തീയതി 11-8-2017 പ്രകാരം കാലതാമസമുണ്ടാകുന്ന സ്ഥാപനങ്ങൾക്ക് പെനാൽറ്റി ഈടാക്കാനുള്ള നിബന്ധന ടെണ്ടറിൽ ഉണ്ട്. ആവശ്യത്തിന് എഞ്ചിനീയർമാരും ഇതര സാങ്കേതിക ജീവനക്കാരും വാഹനങ്ങളും മറ്റ് സംവിധാനങ്ങളും കാലത്തിനനുസരിച്ച് ലഭ്യമാവുന്ന സാമ്പത്തിക സംവിധാനം ഇന്ന് നിലവിൽ വന്നിട്ടില്ല. പഴയ സംവിധാനം തുടരുന്നു. ഇത് "പുതിയ കാലം പുതിയ നിർമ്മാണം" എന്ന കാഴ്ചപ്പാട് നടപ്പാക്കാൻ വലിയ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. എങ്കിലും കാര്യങ്ങൾ നന്നായി നടത്താനാണ് ശ്രമം.

## കാർത്തികപ്പള്ളി ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജിന്റെ കെട്ടിടനിർമ്മാണം

109 (1223) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ കാർത്തികപ്പള്ളിയിലുള്ള ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്കായി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്;

(സി) ഇതിൽ എത്ര രൂപയുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിയെന്നും അവശേഷിക്കുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-10-2016-ന് സൈറ്റ് ഹാൻഡ്ഓവർ ചെയ്ത ഈ പ്രവൃത്തി പൂർത്തിയാക്കേണ്ടത്. 31-3-2018 ലാണ്. (ToC-18 മാസം) ടി പ്രവൃത്തി സമയപരിധിക്കുള്ളിൽത്തന്നെ പൂർത്തീകരിക്കാൻ കഴിയും.

(ബി) 243 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

(സി) പാർട്ട് ബില്ലിനത്തിൽ 96,60,898 രൂപ നൽകിയിട്ടുണ്ട്. ടി പ്രവൃത്തി സമയ പരിധിക്കുള്ളിൽത്തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പ്രവർത്തനരഹിതമായ കെട്ടിടങ്ങൾ**

110 (1224) ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തിന്റെ ഉടമസ്ഥതയിലുള്ളതും ദീർഘനാളായി പ്രവർത്തനരഹിതമായി തകർച്ച നേരിട്ടുകൊണ്ടിരിക്കുന്നതുമായ കെട്ടിടങ്ങൾ ധാരാളമുണ്ടെന്ന വാർത്തകളുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇവയുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ആലപ്പുഴ ജില്ലയിൽ ഇത്തരത്തിലുള്ള കെട്ടിടങ്ങൾ എവിടെയെല്ലാമുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) അവ കണ്ടെത്തി അറ്റകുറ്റപ്പണികൾ നടത്തി ഹ്രസ്വകാല കരാർ വ്യവസ്ഥയിൽ വാടകയ്ക്ക് നൽകി വരുമാനദായകമാക്കുന്നതിന് ആലോചിക്കുന്നുണ്ടോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) വിവരശേഖരണം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ആലപ്പുഴ ഡിവിഷനുകീഴിൽ പ്രവർത്തനരഹിതമായി തകർച്ച നേരിടുന്ന കെട്ടിടങ്ങൾ ഒന്നുമില്ല.

(ഡി) നിലവിൽ പരിഗണനയിലില്ല. എന്നാൽ ഉപയോഗയോഗ്യമായവയുടെ റിപ്പോർട്ട് തരാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെടുന്നതാണ്.

## പി.ഡബ്ല്യൂ.ഡി. എഞ്ചിനീയർമാർക്കുള്ള പരിശീലനകേന്ദ്രം

111(1225) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നേര്യമംഗലത്ത് പണികഴിപ്പിച്ചിട്ടുള്ള പി.ഡബ്ല്യൂ.ഡി. എഞ്ചിനീയർമാർക്കുള്ള പരിശീലന കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പരിശീലനകേന്ദ്രം എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്ക് പരിശീലനം നൽകുന്നതിന് സ്ഥിരമായി സംവിധാനമെന്ന നിലയിൽ കോതമംഗലത്തുനിന്ന് 20 കി.മീ. അകലെ നേര്യമംഗലത്ത് പെരിയാറിന്റെ തീരത്ത് പി.ഡബ്ല്യൂ.ഡി. എഞ്ചിനീയേഴ്സ് ട്രെയിനിംഗ് സെന്റർ നിർമ്മാണം നടക്കുന്നു. ഇതിന്റെ ഒന്നാം ഘട്ടമായി 445 ലക്ഷം രൂപ ചെലവിൽ 3553 ച.മീ. വിസ്തീർണ്ണത്തിൽ സെല്ലാർ, താഴത്തെ നില, ഒന്നാം നില എന്നിവയുടെ നിർമ്മാണം 4-2-2011-ൽ ആരംഭിക്കുകയും 2-7-2013-ൽ പൂർത്തിയാക്കുകയും ചെയ്തു. രണ്ടാം ഘട്ടമായി ഇതിന് മുകളിൽ രണ്ടാം നിലയും ഒന്നാം ഘട്ടത്തിന്റെ പൂർത്തീകരണ വേലകളുൾപ്പെടെ 1276 ച.മീ. വിസ്തീർണ്ണത്തിൽ 700 ലക്ഷം രൂപ മുടക്കി 5-6-2015-ൽ പണി ആരംഭിക്കുകയും 1-12-2016-ൽ പൂർത്തിയാക്കുകയും ചെയ്തു. ഇതിൽ വാഹനങ്ങളുടെ പാർക്കിംഗ്, സ്റ്റാഫിന് താമസസൗകര്യം, ഡൈനിംഗ് ഹാളുകൾ, അടുക്കള, ഡോർമിറ്ററി, റീഡിംഗ് റൂം, ലൈബ്രറി, അഞ്ച് സെമിനാർ ഹാളുകൾ, ഒരു വലിയ കോൺഫറൻസ് ഹാൾ, മിനി കോൺഫറൻസ് ഹാൾ, ഓഡിറ്റോറിയം, ആവശ്യമായ ടോയ്‌ലെറ്റ് സൗകര്യം എന്നിവ ഉൾപ്പെടുന്നു. കോമ്പൗണ്ടിന് ചുറ്റുമുള്ള മതിലും ഗേറ്റും, മുറ്റം, റോഡ് എന്നിവയിൽ ടൈൽ വിരിക്കൽ എന്നിവ ഉൾപ്പെടെയുള്ള എല്ലാ സിവിൽ വേലകളും പൂർത്തിയായിട്ടുണ്ട്. എന്നാൽ രണ്ടാം ഘട്ടത്തിലുള്ള രണ്ടാം നിലയിലെ കോൺഫറൻസ് ഹാളിന്റെയും ഓഡിറ്റോറിയത്തിന്റെയും ഇലക്ട്രിക്കൽ വേലകളും ലിഫ്റ്റിന്റെ പണികളും

ആരംഭിച്ചിട്ടില്ല. ഓഡിറ്റോറിയത്തിലും സെമിനാർ ഹാളുകളിലും കമ്പ്യൂട്ടർ, നെറ്റ്‌വർക്ക് എന്നിവയുൾപ്പെടെയുള്ള ഇലക്ട്രോണിക്സ് ജോലികൾ പൂർത്തിയായിട്ടുണ്ട്. 1-12-2016-ൽ പൂർത്തിയാക്കിയ ഈ കെട്ടിടം സംരക്ഷിക്കുന്നതിനും പ്രവൃത്തിപ്പിക്കുന്നതിനും മാനേജർ, ലൈബ്രേറിയൻ, ഓപ്പറേറ്റർമാർ, കുക്ക്, തൂപ്പുകാർ, സെക്യൂരിറ്റി തുടങ്ങി ആവശ്യമായ ജീവനക്കാരെ നിയമിക്കേണ്ടതുണ്ട്.

(ബി) രണ്ടാം നിലയിലെ ഇലക്ട്രിക് ജോലികളും ലിഫ്റ്റിന്റെ പണികളും പൂർത്തിയാകുകയും ഈ കെട്ടിടം പ്രവൃത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ നിയമന നടപടികളും പൂർത്തിയായതിനുശേഷം പ്രവർത്തനം ആരംഭിക്കാൻ കഴിയും. കൂടാതെ ആവശ്യത്തിനുള്ള ഫർണിച്ചറുകളും ലഭ്യമാക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## കോതമംഗലം പൊതുമരാമത്ത് സബ് ഡിവിഷനിൽ ഓവർസീയർ നിയമനം

112 (1226) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം പി.ഡബ്ല്യു.ഡി. സബ് ഡിവിഷനുകീഴിൽ കോതമംഗലം, പോത്താനിക്കാട് സെക്ഷനുകളിലായി നാളുകളായി 5 ഓവർസീയർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒഴിവുള്ള ഓവർസീയർ തസ്തികയിൽ അടിയന്തരമായി നിയമനം നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(സി) പോത്താനിക്കാട് സെക്ഷനിലെ എ. ഇ. മാസങ്ങളായി ലീവിൽ പോയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവിടെ പകരം എ.ഇ.-യെ സ്ഥിരമായി നിയമിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പി.എസ്.സി.-യുടെ നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃതമായി ലീവിൽ പ്രവേശിച്ചവരുണ്ടെങ്കിൽ അത്തരം ലീവ് റദ്ദ് ചെയ്യുന്ന കാര്യം പരിഗണനയിലാണ്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

## പൊതുമരാമത്ത് വകുപ്പിലെ ലൈൻമാൻമാരുടെ സീനിയോറിറ്റി ലിസ്റ്റ്

113 (1227) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ 2-3-1997 മുതൽ 31-12-2007 വരെയുള്ള ലൈൻമാൻമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ലിസ്റ്റിൽ ഐ.ടി.ഐ. വയർമാൻ (എൻ.സി.വി.ടി.) യോഗ്യത നേടിയവരെ അൺക്വാളിഫൈഡ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ലൈൻമാൻ തസ്തികയുടെ യോഗ്യതയായി സ്പെഷ്യൽ റൂൾസിൽ പറയുന്നത് എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) എൻ.സി.വി.ടി. നടത്തുന്ന വയർമാൻ കോഴ്സ് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് സംബന്ധമായ ട്രേഡ് ആണെന്നും രണ്ട് വർഷത്തെ കോഴ്സ് ആണെന്നും ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ് വ്യക്തമാക്കുന്നുണ്ടോ;

(ഇ) ഐ.ടി.ഐ. വയർമാൻ (എൻ.സി.വി.ടി.) കോഴ്സ് കഴിഞ്ഞവർക്ക് പി.എസ്.സി. മുഖേന ലൈൻമാൻ തസ്തികയിൽ നേരിട്ട് നിയമനം നൽകിയിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഐ.ടി.ഐ. വയർമാൻ (എൻ.സി.വി.ടി.)യോഗ്യതയുള്ള ലൈൻമാൻമാരെ അവരുടെ പി.എസ്.സി. അഡ്വൈസ് തീയതി പ്രകാരം സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(എഫ്) ലൈൻമാൻ തസ്തികയുടെ പ്രൊമോഷൻ തസ്തികയായ സെക്കന്റ് ഗ്രേഡ് ഓവർസിയറായി നേരിട്ട് നിയമിക്കുന്നതിന് (എൻ.സി.വി.ടി.) ഇലക്ട്രീഷ്യൻ സർട്ടിഫിക്കറ്റാണ് യോഗ്യതയായി പരിഗണിക്കുന്നത് എന്നിരിക്കെ ലൈൻമാൻ തസ്തികയിലേക്കും ഇതേ യോഗ്യത വേണമെന്ന് നിഷ്കർഷിക്കുന്നത് നീതികേടാണെന്ന ആക്ഷേപം ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച വരുന്ന നടപടികൾ വിശദമാക്കാമോ?

### ഉത്തരം

(എ) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ലൈൻമാൻ തസ്തികയുടെ യോഗ്യത സ്പെഷ്യൽ റൂളിൽ പ്രതിപാദിച്ചിരിക്കുന്നത് ചുവടെ ചേർക്കുന്നു:

Minimum General Qualification of S.S.L.C standard.

and

Certificate in Electrical Engineering after having undergone a course of Study of not less than one year from an Institution recognised by Government.

OR

City and Guilds Examination in Electrical Engineering London Institute in A.C. of Intermediate Grade

OR

M.G.T.E or K.G.T.E Certificate (Higher) in Electrical Light and Power

OR

Grade III Certificate as Electrician or Lineman from war Technical Training Centre.

(ഡി) വ്യാവസായിക പരിശീലന വകുപ്പ് ചുമതലപ്പെടുത്തിയ ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ടിൽ എൻ.സി.വി.റ്റി. നടത്തുന്ന വയർമാൻ കോഴ്സ് രണ്ട് വർഷത്തെ കോഴ്സാണെന്ന് പ്രതിപാദിച്ചിട്ടുണ്ടെങ്കിലും ഇത് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് സംബന്ധമായ ട്രേഡ് ആണെന്ന് വ്യക്തമാക്കിയിട്ടില്ല.

(ഇ) ഐ.റ്റി.ഐ. വയർമാൻ കോഴ്സ് കഴിഞ്ഞവർക്ക് പി.എസ്.സി. മുഖേന ലൈൻമാൻ തസ്തികയിൽ നേരിട്ട് നിയമനം നൽകിയിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഐ.റ്റി.ഐ. വയർമാൻ (NCVT) യോഗ്യതയുള്ള വയർമാൻമാരെ ക്വാളിഫൈഡ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(എഫ്) ഉണ്ട്. പരിശോധിക്കും.

## കുറ്റാലം റസ്റ്റ് ഹൗസും അനുബന്ധ സൗകര്യങ്ങളും

114 (1228) ശ്രീമതി വീണാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന കുറ്റാലം റസ്റ്റ് ഹൗസിന്റെയും അനുബന്ധ സൗകര്യങ്ങളുടെയും ഉടമാവകാശത്തർക്കത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ സമയോചിതമായ ഇടപെടൽമൂലം ഈ സ്ഥാപനം സംസ്ഥാനത്തിന് തിരിച്ചുപിടിക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധമായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വെളിപ്പെടുത്തുമോ;

(സി) കുറ്റാലം റസ്റ്റ് ഹൗസും അനുബന്ധ സൗകര്യങ്ങളും വികസിപ്പിച്ച് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ?

ഉത്തരം

(എ) കുറ്റാലം കൊട്ടാരത്തിന്റെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ രാജകുടുംബം ചെന്നൈ ഹൈക്കോടതിയിൽ നൽകിയിട്ടുള്ള കേസിൽ രേഖകളുടെ പരിശോധനയ്ക്കായി തിരുനെൽവേലി ഡി.ആർ.ഒ.-യെ ഹൈക്കോടതി ചുമതലപ്പെടുത്തിയിരിക്കുകയാണ്.

(ബി) കൊട്ടാരവും അനുബന്ധ കെട്ടിടങ്ങളും പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽത്തന്നെയാണ്. കേരള പോലീസ് സംരക്ഷണത്തിനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ സ്ഥിരം തസ്തികയായിട്ടുള്ള അഞ്ച് ഗാർഡനർ പോസ്റ്റിലേയ്ക്ക് വാച്ചർ കം ഗാർഡനർമാരായി താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്. നിലവിലുള്ള സംരക്ഷണ ഭിത്തിക്കുപുറമെ കൊട്ടാര വളപ്പിന്റെ സംരക്ഷണത്തിനുവേണ്ടി 12 അടി ഉയരത്തിൽ ഫെൻസിംഗ് ചെയ്യാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. കൊട്ടാരം തട്ടിയെടുക്കാൻ ശ്രമിച്ച പാലസ് സൂപ്രണ്ട് പദവിയിലിരുന്ന് സസ്പെൻഷന് വിധേയമായ വ്യക്തിയും കുടുംബവും നടത്തുന്ന കേരള വിരുദ്ധ പ്രവർത്തനങ്ങൾ സംസ്ഥാനം വീക്ഷിച്ചുവരുന്നു. നിയമപരമായ നടപടികളും ഭരണപരമായ നടപടികളും സ്വീകരിച്ചുവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കണ്ണടച്ചതിനാലാണ് ഈ ദുഃസ്ഥിതിയുണ്ടായത്. ഇതുമായി ബന്ധപ്പെട്ട സംഭവവികാസങ്ങളെപ്പറ്റി സമഗ്രമായ ഒരു അന്വേഷണം നടത്തുന്നകാര്യം പരിഗണനയിലാണ്.

(സി) കുറ്റാലം കൊട്ടാരവും സ്ഥലവും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നത് പരിശോധിച്ചു വരികയാണ്.

**കുറ്റാലം കൊട്ടാരം**

115 (1229) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റാലം കൊട്ടാരം അന്യാധീനപ്പെടാതിരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത കൊട്ടാരത്തിലെ ഗുരുതരമായ ക്രമക്കേടുകൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കൊട്ടാരത്തിൽ 'പാലസ് സൂപ്രണ്ട്' എന്ന പദവി നിലവിലുണ്ടായിരുന്നോ; നിലവിൽ ആർക്കാണ് കൊട്ടാരത്തിന്റെ ചുമതലയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള പോലീസ് സംരക്ഷണത്തിനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. കൊട്ടാരം, അനുബന്ധ കെട്ടിടങ്ങൾ, കൊട്ടാരം വളപ്പ് ഇവ പൊതുമരാമത്ത് വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലാണ്. കൂടാതെ സ്ഥിരം തസ്തികയായിട്ടുള്ള അഞ്ച് ഗാർഡനർ പോസ്റ്റിലേക്ക് വാച്ചർ കം ഗാർഡനർമാരായി താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്. നിലവിലുള്ള സംരക്ഷണ ഭിത്തിക്കുപുറമെ കൊട്ടാര വളപ്പിന്റെ സംരക്ഷണത്തിനുവേണ്ടി 12 അടി ഉയരത്തിൽ ഫെൻസിംഗ് ചെയ്യാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കുറ്റാലം കൊട്ടാരത്തിൽ പാലസ് സൂപ്രണ്ട് തസ്തികയിൽ ജോലി ചെയ്തിരുന്ന വ്യക്തിയെ സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്തു. തുടർ നടപടികൾക്കായി കൂടുതൽ അന്വേഷണം നടന്നുവരുന്നു. ഈ കൊട്ടാരം തട്ടിയെടുക്കാൻ തമിഴ്നാട് കേന്ദ്രമായി ഒരു ക്രിമിനൽ സംഘം ശക്തമായി പ്രവൃത്തിക്കുന്നു. കഴിഞ്ഞ സർക്കാർ ഇതിന് കൂട്ടുനിന്നു. ഇപ്പോഴത്തെ സർക്കാർ അതിനെ ചെറുത്ത് കൊട്ടാരം സംരക്ഷിക്കാൻ ശ്രമിക്കുന്നു. പാലസ് സൂപ്രണ്ട് പദവി അന്യായമായി ലഭിച്ചയാൾ സാമൂഹ്യ വിരുദ്ധരുമായി ചേർന്ന് കൊട്ടാരവും സ്വത്തും തട്ടിയെടുക്കാനായി ശ്രമിക്കുന്നു. കള്ള രേഖകളുണ്ടാക്കി പ്രാദേശിക കോടതിയിൽ സമർപ്പിച്ചു. അതീവ ഗുരുതരമായ സ്ഥിതിയാണ് അവിടെയുള്ളത്. അതിനെ നിയമപരമായും ഭരണപരമായും കേരള സർക്കാർ നേരിടാൻ ശ്രമിച്ചുവരുന്നു.

(സി) കൊട്ടാരത്തിൽ 'പാലസ് സൂപ്രണ്ട് ' എന്ന പദവി നിലവിലുണ്ടായിരുന്നു. നിലവിൽ കേരള സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിനാണ് കുറ്റാലം കൊട്ടാരത്തിന്റെ ചുമതല.

**കുറ്റാലം കൊട്ടാരഭൂമി കയ്യേറ്റം തടയാൻ നടപടി**

116 (1230) ശ്രീ. കെ. മുരളീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റാലം കൊട്ടാരം ഉൾപ്പെട്ട സ്ഥലത്തിന്റെ വിസ്തൃതി എത്രയാണെന്നുള്ള കാര്യം വ്യക്തമാക്കുമോ;

(ബി) കുറ്റാലം കൊട്ടാരവും സ്ഥലവും കയ്യേറിയിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കയ്യേറ്റക്കാരിൽനിന്നും സ്ഥലവും കൊട്ടാരവും തിരിച്ചുപിടിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കയ്യേറ്റവുമായി ബന്ധപ്പെട്ട് മദ്രാസ് ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ് തീർപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 56.68 ഏക്കറാണ് കുറ്റാലം കൊട്ടാരം ഉൾപ്പെട്ട സ്ഥലത്തിന്റെ വിസ്തൃതി.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയത്തെ സംബന്ധിച്ച് ലഭ്യമായ രേഖകൾ വിശദമായ പരിശോധനയുടെയും അന്വേഷണത്തിന്റെയും വിവിധ ഘട്ടങ്ങളിലാണ്.

(സി) കയ്യേറ്റവുമായി ബന്ധപ്പെട്ട് മദ്രാസ് ഹൈക്കോടതിയിൽ കേസ് നിലവിലില്ല. ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ടാണ് കേസ് നിലവിലുള്ളത്. പാലസ് സൂപ്രണ്ട് എന്ന തസ്തികയിൽ ഇരുന്ന് സസ്പെന്റ് ചെയ്യപ്പെട്ട സൂപ്രണ്ട് കൊട്ടാരം തട്ടിയെടുക്കാൻ പ്രാദേശിക സാമൂഹ്യവിരുദ്ധരെ ഉപയോഗിച്ച് ശ്രമിച്ചുവന്നിരുന്നു. കഴിഞ്ഞ സർക്കാർ ഇത് കണ്ടില്ലെന്ന് നടിച്ചു. ഇപ്പോൾ ശക്തമായ നിലപാട് ഇതിനെതിരെ എടുത്തുവരുന്നു. എന്നാൽ സസ്പെന്റ് ചെയ്ത നടപടിക്കെതിരെ നൽകിയ അപ്പീൽ ട്രൈബ്യൂണൽ തള്ളിയിട്ടുണ്ട്.

## ഭൂമിയുടെ ന്യായവില നിർണ്ണയം

117 (1231) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില നിർണ്ണയം പൂർത്തിയാകാത്തതുമൂലം രജിസ്ട്രേഷൻ നടത്തുന്നവർ ഭീമമായ തുക സ്റ്റാമ്പ് ഡ്യൂട്ടിയായും രജിസ്ട്രേഷൻ ഫീസായും നൽകേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനങ്ങൾക്കുണ്ടാകുന്ന ഇത്തരം വിഷമതകൾ പരിഹരിക്കുന്നതിനായി ഭൂമിയുടെ ന്യായവില നിർണ്ണയം അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) റവന്യൂ വകുപ്പുമുഖേന നടപടി സ്വീകരിക്കാവുന്നതാണ്.

### രജിസ്റ്റർ ചെയ്ത ആധാരങ്ങൾക്കും അണ്ടർ വാല്യുവേഷൻ നടപടി

118 (1232) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിശ്ചയിച്ച ന്യായവില പ്രകാരം രജിസ്റ്റർ ചെയ്ത ആധാരങ്ങൾക്കും അണ്ടർ വാല്യൂവേഷൻ നടപടി സ്വീകരിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. ഭൂമിക്ക് മാത്രമേ സർക്കാർ ന്യായവില നിശ്ചയിച്ചിട്ടുള്ളൂ. കൈമാറ്റം ചെയ്യുന്നത് വെറും ഭൂമി മാത്രമാണെങ്കിൽ കേരള മുദ്രപത്ര നിയമം 45 (എ)-യിലെ വ്യവസ്ഥാനുസരണം നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ കൈമാറ്റം ചെയ്യപ്പെടുന്ന വസ്തുവിലെ കെട്ടിടങ്ങൾക്ക് ശരിയായി ന്യായവില നിശ്ചയിച്ചിട്ടില്ലെങ്കിൽ രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ അണ്ടർ വാല്യുവേഷൻ നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് റഫർ ചെയ്യുകയും അണ്ടർ വാല്യുവേഷൻ റിപ്പോർട്ട് ചെയ്ത ആധാരത്തിൽ അന്തിമ ഉത്തരവാകുന്നതിന് മുമ്പായി ബന്ധപ്പെട്ട കക്ഷിയെ നേരിൽ കേൾക്കുന്നതുൾപ്പെടെ സ്വാഭാവിക നീതി ഉറപ്പുവരുത്തി ബന്ധപ്പെട്ട ജില്ലാ കളക്ടർ നടപടി പൂർത്തിയാക്കിവരുന്നു.

### ഭൂമി രജിസ്ട്രേഷൻ

119 (1233) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി രജിസ്ട്രേഷന്റെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2015-16, 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ നടന്ന ഭൂരജിസ്ട്രേഷനുകളുടെ എണ്ണവും ഇതുമൂലം ലഭ്യമായ തുകയും വർഷം തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)

| വർഷം | ആധാരങ്ങളുടെ എണ്ണം | റവന്യൂ വരുമാനം (തുക കോടിയിൽ) |
|---|---|---|
| 2015-16 | 973410 | 2531.88 രൂപ |
| 2016-17 | 870487 | 2653.71 രൂപ |
| 2017-18 (2017 ഡിസംബർ 31 വരെ) | 633997 | 2159.37 രൂപ |

**ആധാരം സ്വയം തയ്യാറാക്കൽ പദ്ധതി**

120 (1234) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധാരം സ്വയം തയ്യാറാക്കൽ പദ്ധതി എന്നാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി നിലവിൽ വന്നതിനുശേഷം ഇതുവരെ എത്ര ആധാരങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടു;

(സി) ഇവയിൽ ഉടമകൾ സ്വയം തയ്യാറാക്കിയ ആധാരങ്ങൾ എത്രയെണ്ണമുണ്ടെന്ന് അറിയിക്കുമോ;

(ഡി) ആധാരം സ്വയം തയ്യാറാക്കാൻ ഉടമകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 31-5-2016 -ൽ നിലവിൽവന്നു.

(ബി) 1379343 എണ്ണം.

(സി) 674 എണ്ണം.

(ഡി) ഉണ്ട്. ആധാരത്തോടൊപ്പം ഹാജരാക്കുന്ന ഫയലിംഗ് ഷീറ്റിൽ ആധാരം പകർത്തിയെഴുതുന്നതിനും പ്രിന്റ് ചെയ്യുന്നതിനുമുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പനവൂർ കേന്ദ്രമാക്കി സബ്-രജിസ്ട്രാർ ആഫീസ്

121 (1235) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പനവൂർ കേന്ദ്രമാക്കി ഒരു സബ്-രജിസ്ട്രാർ ആഫീസ് ആരംഭിക്കുന്നതിന് പ്രൊപ്പോസൽ നിലവിലുണ്ടോ;

(ബി) ഇതുസംബന്ധിച്ച 19038/E3/2011 നമ്പർ പ്രകാരമുള്ള ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) 19038/ഇ 3/2011/നി.വ. നമ്പർ ഫയൽ പരിശോധിച്ച് തീർപ്പാക്കിയിട്ടുണ്ട്. ടി ഫയലിൽ നടപടികളൊന്നും ശേഷിക്കുന്നില്ല.

## കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം

122 (1236) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദത്തെ സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടമില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രജിസ്ട്രേഷൻ വകുപ്പിന്റെ ഉടമസ്ഥതയിൽ കുഴൽമന്ദം ദേശീയപാതയ്ക്ക് സമീപം എത്ര സ്ഥലമുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥലം ഒരു സ്വകാര്യ വ്യക്തി കൈവശം വച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്ഥലത്ത് അടിയന്തരമായി ഓഫീസ് കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 12.35 സെന്റ് (5 ആർ)

(സി) ഉണ്ട്. പ്രസ്തുത സ്ഥലം റവന്യൂ രേഖകൾ പ്രകാരം സബ് രജിസ്ട്രാർ ഓഫീസിന്റെ പേരിൽതന്നെയാണുള്ളത്. എന്നാൽ ഈ സ്ഥലവുമായി ബന്ധപ്പെട്ട

സ്വകാര്യ വ്യക്തി ആലത്തൂർ മുൻസിഫ് കോടതിയിൽ ഫയൽ ചെയ്ത ഒ.എസ്.191/17 നമ്പർ കേസ് രജിസ്ട്രേഷൻ വകുപ്പിന് അനുകൂലമായി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ഫാസ്റ്റ്ട്രാക്ക് കോടതിയിൽ ഫയൽ ചെയ്യപ്പെട്ട സി.എം.എ.101/17 നമ്പർ അപ്പീലിലും രജിസ്ട്രേഷൻ വകുപ്പിന് അനുകൂലമായി വിധി വന്നിട്ടുണ്ട്.

(ഡി) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രഖ്യാപന പ്രകാരം കിഫ്ബിയുടെ പ്രോജക്ടിൽ ഉൾപ്പെടുത്തി രജിസ്ട്രേഷൻ വകുപ്പിൽ പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന 52 ഓഫീസ് കെട്ടിടങ്ങളിൽ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണവും ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**രജിസ്ട്രേഷൻ വകുപ്പിൽ ആധുനിക സംവിധാനങ്ങൾ**

123 (1237) <u>ശ്രീ. എം. ഉമ്മർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ വകുപ്പിൽ എന്തെല്ലാം ആധുനിക സംവിധാനങ്ങളാണ് നടപ്പാക്കിയത്; വിശദമാക്കാമോ;

(ബി) ആധുനിക സംവിധാനങ്ങൾ നടപ്പിലാക്കിയതുമൂലം ഉണ്ടായ സാങ്കേതിക പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ;

(സി) ഇ-സ്റ്റാമ്പിംഗ് സമ്പ്രദായത്തിലെ പോരായ്മകൾമൂലം നിരവധി ആധാരങ്ങൾ രജിസ്റ്റർ ചെയ്തതിന്റെ തുക സർക്കാരിന് ലഭിക്കാതെ പോയത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എങ്കിൽ ഇത്തരത്തിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനും പൊതുജനത്തിനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇ-പേമെന്റ് സംവിധാനം, ഇ-സ്റ്റാമ്പിംഗ് പദ്ധതി, പൊതുജനങ്ങൾക്ക് ആധാരം സ്വയം തയ്യാറാക്കുന്നതിനുള്ള സംവിധാനം തുടങ്ങിയ സംവിധാനങ്ങളാണ് നടപ്പാക്കിയത്.

(ബി) ഉണ്ട്. ഇന്റർനെറ്റ് സംവിധാനത്തിലെ തകരാറുകൾ, ബ്ലോക്ക് ഓഫീസുകളിൽ സ്ഥാപിച്ചിട്ടുള്ള നെറ്റ്‌വർക്ക് ഉപകരണങ്ങൾക്കാവശ്യമായ

യു.പി.എസ്. ലഭ്യമല്ലാത്തത്, സോഫ്റ്റ്‌വെയർ സംവിധാനത്തിലെ അപാകതകൾ, കമ്പ്യൂട്ടറിനും അനുബന്ധ ഉപകരണങ്ങൾക്കുമുണ്ടാകുന്ന അറ്റകുറ്റപ്പണികൾ, സംസ്ഥാന ഡാറ്റാ സെന്ററിൽ സ്ഥാപിച്ചിട്ടുള്ള രജിസ്ട്രേഷൻ വകുപ്പിന്റെ സെർവറുകളുടെ ശേഷിക്കുറവ് ഇവയാണ് ആധുനിക സംവിധാനങ്ങൾ നടപ്പിലാക്കിയതുമൂലമുണ്ടായ സാങ്കേതിക പ്രശ്നങ്ങൾ.

(സി&ഡി) ഇ-സ്റ്റാമ്പിംഗ് സമ്പ്രദായത്തിലെ പോരായ്മകൾമൂലം ആധാരങ്ങൾ രജിസ്റ്റർ ചെയ്തതിന്റെ തുക സർക്കാരിന് ലഭിക്കാതെ പോയതായി നാളിതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഹൈസ്പീഡ് റെയിൽവേ കോറിഡോർ

124 (1238) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ വികസന പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കാൻ പാലക്കാട്, തിരുവനന്തപുരം റെയിൽവേ ഡിവിഷനുകൾ ചേർത്ത് എറണാകുളം ആസ്ഥാനമാക്കി പുതിയ റെയിൽവേ സോൺ രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) റെയിൽ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി രൂപീകരിച്ച കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഏതൊക്കെ പ്രവർത്തനങ്ങൾക്കാണ് കോർപ്പറേഷൻ ഇപ്പോൾ നേതൃത്വം നൽകുന്നതെന്ന് വിശദമാക്കാമോ;

(സി) തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചൻകോട്-മൈസൂർ, അങ്കമാലി-ശബരി, ഗുരുവായൂർ-തിരുനാവായ തുടങ്ങിയ അതിവേഗ റെയിൽ പദ്ധതികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(ഡി) നേമത്തെ സാറ്റലൈറ്റ് സ്റ്റേഷൻ പരമാവധി ഉപയോഗപ്പെടുത്തി നിലവിൽ കൊച്ചുവേളിയിൽനിന്നും പുറപ്പെടുന്ന ട്രെയിനുകൾ നേമത്ത് നിന്നും തുടങ്ങി തിരുവനന്തപുരം സ്റ്റേഷൻവഴി കടന്നുപോകുന്ന രീതിയിൽ ക്രമീകരിക്കുന്നതിന് റെയിൽവേയുമായി ധാരണ ഉണ്ടാക്കുന്ന കാര്യം പരിഗണിക്കാമോ?

### ഉത്തരം

(എ) ഉണ്ട്. ചെന്നൈ ആസ്ഥാനമായി മാത്രം സോണൽ ഓഫീസ് ഉള്ളതിനാൽ സംസ്ഥാനത്തെ റെയിൽവേ വികസന പദ്ധതികൾ ദീർഘകാലമായി

നീണ്ടുപോകുന്ന സാഹചര്യമാണുള്ളത്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം-പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തുകൾ അയച്ചിട്ടുണ്ട്. പെനിൻസുലാർ സോണിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ സോണിന്റെ ആസ്ഥാനത്തിനായി എറണാകുളത്തെ ഹൈക്കോടതിക്ക് സമീപമുള്ള റെയിൽവേ വക 42 ഏക്കർ ഭൂമി വിനിയോഗിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്തിന്റെ റെയിൽവേ അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാന സർക്കാരും കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി 51:49 എന്ന ഓഹരി അനുപാതത്തിൽ ഒരു ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിക്കുന്നതിനുള്ള കരാർ 2016 സെപ്തംബർ ഒന്നിന് ഡൽഹിയിൽവച്ച് ഒപ്പുവയ്ക്കുകയും കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന പേരിൽ 2017 ജനുവരി 3-ാം തീയതി കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിക്കുകയും ചെയ്തു. സംയുക്ത സംരംഭക കമ്പനിയുടെ പ്രാരംഭ മൂലധനം 100 കോടി രൂപയാണ്. എന്നിരുന്നാലും ഏറ്റെടുക്കുന്ന പദ്ധതികളുടെ അടിസ്ഥാനത്തിൽ ഓഹരിയും ഓഹരി മൂലധനവും റെയിൽ മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും അനുവാദത്തോടെ ഉയർത്താവുന്നതാണ്. സംയുക്ത സംരംഭക കമ്പനിയായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുക്കുന്ന പ്രധാന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. തലശ്ശേരി-മൈസൂർ ബ്രോഡ്ഗേജ് പാത
2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമെ മൂന്നും നാലും ലൈനുകൾ
3. റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്)
4. എരുമേലി-പുനലൂർ ബ്രോഡ്ഗേജ് പാത
5. ഏറ്റുമാനൂർ-പാല-ശബരി ലിങ്ക് ലൈൻ
6. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേയ്ക്കുള്ള ബ്രോഡ്ഗേജ് ലൈൻ
7. എറണാകുളത്ത് ഹൈക്കോടതിക്ക് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി.

(സി) തലശ്ശേരി-മൈസൂർ പാതയെപ്പറ്റിയുള്ള സാധ്യതാ പഠനം നടത്താൻ കൊങ്കൺ റെയിൽ കോർപ്പറേഷനെ കെ.ആർ.ഡി.സി.എൽ. ചുമതലപ്പെടുത്തിയിട്ടുണ്ട്. തലശ്ശേരിക്കും പെരിയപട്ടണത്തിനുമിടയിലുള്ള 180.5 കി.മീ. ദൂരമുള്ള റെയിൽവേ ലൈൻ 5000.03 കോടി രൂപ ചെലവിൽ നിർമ്മിക്കാനുള്ള സാധ്യതാപഠന റിപ്പോർട്ട് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ റെയിൽവേ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. ഈ നിർദ്ദിഷ്ട റെയിൽവേ ലൈൻ സതേൺ റെയിൽവേയുടെ 2018-19 സാമ്പത്തിക വർഷത്തിലെ വർക്ക്സ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ള മൈസൂർ-മടിക്കേരി ലൈനുമായി ബന്ധിപ്പിക്കും. ഈ റെയിൽവേ ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളുടെ സാമൂഹിക സാമ്പത്തിക ഉന്നമനവും ഇന്ധന ലാഭവും പദ്ധതിവഴി സാധ്യമാകും.

നിലമ്പൂർ-നഞ്ചൻകോഡ് റെയിൽവേ ലൈനിന്റെ നിർമ്മാണം സംബന്ധിച്ച് 17-3-2017-ന് കർണ്ണാടക അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (അടിസ്ഥാന സൗകര്യ വികസന വകുപ്പ്) അധ്യക്ഷതയിൽ ചേർന്ന യോഗ നടപടിക്കുറിപ്പുപ്രകാരം നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിവിധ തടസ്സങ്ങൾ കണക്കിലെടുത്ത് പരിസ്ഥിതിലോല പ്രദേശങ്ങൾ, വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ, ദേശീയ ഉദ്യാനങ്ങൾ എന്നിവ ഒഴിവാക്കി പുതിയ അലൈൻമെന്റ് തയ്യാറാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

അങ്കമാലി-ശബരി റെയിൽപാത ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ പ്രത്യേക താൽപ്പര്യപ്രകാരം പ്രധാനമന്ത്രിയുടെ പ്രഗതി സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ 100% കേന്ദ്രഫണ്ടോടെയുള്ള പൂർത്തീകരണം അഭ്യർത്ഥിച്ചിട്ടുണ്ട്. 24-8-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 1282/17/സി.എം. നമ്പർ കത്ത് പ്രകാരം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് ഇക്കാര്യം അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ റെയൽപ്പാതയുടെ സർവ്വേയുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിൽ പോലീസ് സംരക്ഷണം നൽകണമെന്ന് റെയിൽവേ അഭ്യർത്ഥിച്ചതിൻപ്രകാരം മതിയായ പോലീസ് സംരക്ഷണം നൽകുന്നതിന് പോലീസ് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗുരുവായൂർ-തിരുനാവായ റെയിൽപാത സംബന്ധിച്ച് 27-10-2014-ൽ മുൻമുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിൽ കുന്ദംകുളം വഴിയുള്ള അലൈൻമെന്റിനെ സംബന്ധിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ടിരിക്കുന്നതിനാൽ റെയിൽവേയോട് തുടർ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ യോജിക്കുന്നില്ല. 17-1-2018-ൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രി ശ്രീ. പീയുഷ് ഗോയലുമായി നടത്തിയ ചർച്ചയിൽ വ്യക്തമാക്കി. പകരം കൊച്ചുവേളിയിൽ സ്ഥലം നൽകിയാൽ അവിടെ ടെർമിനൽ ആകാമെന്ന് സമ്മതിച്ചു. തിരുവനന്തപുരത്ത് പാളങ്ങൾ ആവശ്യത്തിന് ലഭ്യമല്ലാത്തതിനാൽ പുതിയ ട്രെയിനുകൾ അനുവദിക്കാനാവില്ലെന്നാണ് കേന്ദ്ര നിലപാട്. സംസ്ഥാനം ഇത് പുനഃപരിശോധിക്കാൻ ആവശ്യപ്പെട്ടു.

## കൊടുവള്ളി ആർ.ഒ.ബി.യുടെ പ്രവൃത്തി

125 (1239) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ തലശ്ശേരി നിയോജകമണ്ഡലത്തിലെ പ്രവൃത്തിയായ കൊടുവള്ളി ആർ.ഒ.ബി.-യുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) കൊടുവള്ളി ആർ.ഒ.ബി.-യുടെ പൂർത്തീകരണത്തിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ബാക്കിയുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കൊടുവള്ളി ആർ.ഒ.ബി.-ക്ക് കിഫ്ബിയുടെ ഭരണാനുമതി ലഭ്യമായോ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ & ബി) 2016-17 വർഷത്തെ ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ തലശ്ശേരി നിയോജകമണ്ഡലത്തിലെ പ്രവൃത്തിയായ കൊടുവള്ളി ആർ.ഒ.ബി.-യുടെ നിർമ്മാണ പദ്ധതി കിഫ്ബി അംഗീകരിക്കുകയും ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നെഗോഷിയേറ്റഡ് പർച്ചേസ് മുഖാന്തരം ഭൂമി ഏറ്റെടുക്കുന്നതിന് രണ്ട് മീറ്റിംഗുകൾ കണ്ണൂർ ജില്ലാകളക്ടർ നടത്തിയിട്ടുണ്ട്. ഭൂരിഭാഗം ഉടമകളും ഡി.എൽ.എഫ്.സി. നിശ്ചയിച്ച വില അംഗീകരിച്ചിട്ടുണ്ട്. ഡി.എൽ.എഫ്.സി നിശ്ചയിച്ച വില അംഗീകരിക്കുന്നതിനും വില അംഗീകരിക്കാത്ത ഉടമകളുടെ ഭൂമി എൽ.എ.ആർ.ആർ.ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിനുള്ള അനുവാദം നൽകുന്നതിനും വേണ്ടിയുള്ള കണ്ണൂർ ജില്ലാകളക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുണ്ട്.

## വാത്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം

126 (1240) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ മുപ്പത് കോടി രൂപ വകയിരുത്തിയിട്ടുള്ള വാത്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി എത്ര യോഗങ്ങൾ വിളിച്ചുചേർത്തിട്ടുണ്ടെന്നും അവ ഏതെല്ലാം തീയതികളിലായിരുന്നുവെന്നും പ്രസ്തുത യോഗങ്ങളിലെ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നുവെന്നും വെളിപ്പെടുത്താമോ; ഈ തീരുമാനങ്ങൾ നടപ്പിലാക്കുന്നിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത യോഗതീരുമാനങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) ഈ പാലത്തിന്റെ നിർവ്വാഹക ഏജൻസിയായി ആരെയാണ് നിയോഗിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) വാത്തുരുത്തി മേൽപ്പാലം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമിയുടെ ഭൂരിഭാഗവും കൊച്ചി തുറമുഖ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ളതായതിനാൽ മേൽപ്പാലത്തിന്റെ അലൈൻമെന്റ് തീരുമാനിക്കുന്നതിന് 2013 മുതൽ കൊച്ചിൻ തുറമുഖ ട്രസ്റ്റുമായി (CPT) ചർച്ചകൾ തുടരുകയാണ്. 2017-18 ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയശേഷം പദ്ധതിക്കായുള്ള മൂന്ന് അലൈൻമെന്റുകൾ 25-11-2017-ന് കൊച്ചിൻ തുറമുഖ ട്രസ്റ്റിന് നൽകിയിരുന്നു. CPT 18-12-2017-ന് രണ്ടാമത്തെ അലൈൻമെന്റ് ചില ഉപാധികളോടെയാണെങ്കിൽ അംഗീകരിക്കാ മെന്ന് അറിയിച്ചതിൻപ്രകാരം CPT മുന്നോട്ടുവച്ചിട്ടുള്ള ഉപാധികൾ പരിശോധിച്ച ശേഷം മറുപടി നൽകിയിട്ടുണ്ട്. CPT-യുടെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ അലൈൻമെന്റ് നാവിക വിമാനത്താവളത്തിന്റെ സമീപത്തായതിനാൽ നേവിയുടെ അനുമതിക്കായി സമർപ്പിക്കേണ്ടിവരും. നേവിയുടെയും CPT യുടെയും അനുമതി ലഭിച്ചശേഷം റെയിൽവേയുടെ അനുമതിക്ക് സമർപ്പിച്ചതിനുശേഷം മാത്രമേ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കാൻ സാധിക്കുകയുള്ളൂ.

(ബി) വാത്തുരുത്തി മേൽപ്പാലം നിർമ്മാണത്തെ സംബന്ധിച്ച് 4-2-2012, 18-6-2015, 14-7-2017, 20-8-2017 എന്നീ തീയതികളിൽ വിളിച്ച യോഗങ്ങളുടെ വിശദവിവരങ്ങളുടെയും യോഗതീരുമാനങ്ങളുടെയും പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) ഈ പാലത്തിന്റെ നിർവ്വഹണ ഏജൻസി റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് ആണ്.

## എറവ് റ്റി.എഫ്.എം.എൽ.പി. സ്കൂൾ

127 (1241) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ പഞ്ചായത്തിലെ എറവ് റ്റി.എഫ്.എം. എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട് സ്റ്റാഫ് മാനേജ്മെന്റ് നൽകിയിട്ടുള്ള നിവേദനത്തിന്മേൽ 18-12-2017-ലെ 4717/17/M(Edn) നമ്പരായി പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുള്ള നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ, തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പ്രീ-പ്രൈമറികൾക്ക് സർക്കാർ അംഗീകാരം

128 (1242) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 2012 ആഗസ്റ്റ് മാസത്തിനുശേഷം ആരംഭിച്ചിട്ടുള്ള പ്രീ-പ്രൈമറികൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) 2012 ആഗസ്റ്റിനുശേഷമുള്ള, അംഗീകാരം ലഭിക്കാത്ത പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കും ആയമാർക്കും വളരെ തുച്ഛമായ വേതനമാണ് അദ്ധ്യാപകരക്ഷാകർത്തൃ സമിതികൾ നൽകുന്നത് എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത്തരം പ്രീ-പ്രൈമറികൾക്ക് അംഗീകാരം നൽകി, ജീവനക്കാർക്ക് മാന്യമായ ശമ്പളം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 2012 ആഗസ്റ്റ് മാസത്തിനുശേഷം ആരംഭിച്ചിട്ടുള്ള പ്രീപ്രൈമറികൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടില്ല.

7-12-2012-നുശേഷം പ്രീ-പ്രൈമറി വിഭാഗം ആരംഭിക്കുവാനോ പുതിയ നിയമനങ്ങൾ നടത്താനോ പാടില്ലെന്ന് സർക്കാർ ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതിനാൽ ഈ ആവശ്യം പരിഗണനയിലില്ല.

(ബി) 7-12-2012 വരെ നിയമിക്കപ്പെട്ട 1-8-2012-ൽ സർവ്വീസിലുണ്ടായിരുന്ന എല്ലാ പ്രീ-പ്രൈമറി ജീവനക്കാർക്കും നിലവിൽ ഓണറേറിയം ലഭിക്കുന്നുണ്ട്. 7-12-2012-ന് ശേഷം ഇത്തരം സ്കൂളുകൾ ആരംഭിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുള്ളതിനാൽ തുടർന്ന് അംഗീകാരത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നില്ല.

## എൽ.പി., യു.പി. സ്കൂളുകളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

129 (1243) ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ. പി., യു. പി. സ്കൂളുകളിൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിന് മാനദണ്ഡങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് വിശദീകരിക്കുമോ;

(ബി) വിദ്യാർത്ഥികളുടെ എണ്ണം തീരെ കുറവായതും അതിന് ആനുപാതികമല്ലാത്ത തരത്തിൽ അദ്ധ്യാപകരുടെ എണ്ണം കൂടുതലായതുമായ സ്കൂളുകൾ നിലവിലുണ്ടോ;

(സി) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പാലിക്കാതെ പ്രവ്യത്തിക്കുന്ന സർക്കാർ എൽ.പി., യു.പി. സ്കൂളുകളുടെ പട്ടിക, വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും എണ്ണം സഹിതം ലഭ്യമാക്കുമോ;

(ഡി) അടുത്തടുത്ത പ്രദേശങ്ങളിൽ പ്രവ്യത്തിക്കുന്ന ഇത്തരത്തിലുള്ള സ്കൂളുകളെ സംയോജിപ്പിച്ച് ഒറ്റ വിദ്യാലയമാക്കിമാറ്റി ചെലവ് ചുരുക്കുന്നതിനും മെച്ചപ്പെട്ട അധ്യയനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭിക്കാനുള്ള കുട്ടികളുടെ അവകാശ നിയമം 2009 പ്രകാരം അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം ഒന്നു മുതൽ അഞ്ചുവരെ ക്ലാസ്സുകളിൽ 1:30-ഉം ആറുമുതൽ എട്ടുവരെ ക്ലാസ്സുകളിൽ 1:35-ഉം ആണ്.

(ബി&സി) വിദ്യാർത്ഥികളുടെ എണ്ണം തീരെ കുറവാണെങ്കിലും മിനിമം എൽ.പി.എസ്.എ/യു.പി.എസ്.എ. തസ്തികകൾ അനുവദിക്കുന്നുണ്ട്. ഇപ്രകാരം അനുവദിക്കാതിരുന്നാൽ അത് വിദ്യാഭ്യാസ അവകാശ നിയമത്തിൽ നിഷ്കർഷിക്കുന്ന വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം നിഷേധിക്കലാകും. വിദ്യാഭ്യാസ അവകാശ നിയമം സെക്ഷൻ 25-ലെ ഷെഡ്യൂളിൽ നിർദ്ദേശിക്കുന്ന വിദ്യാർത്ഥി-അദ്ധ്യാപക അനുപാതത്തിൽത്തന്നെയാണ് എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ഡിവിഷനുകളിലും തസ്തികകളും അനുവദിച്ചിട്ടുള്ളത്. ഒന്നുമുതൽ 30/35 വരെയാണ് ആദ്യ ഡിവിഷൻ/തസ്തിക അനുവദിക്കുന്നത്.

(ഡി) കുട്ടികളുടെ എണ്ണം തീരെ കുറവുള്ള വിദ്യാലയങ്ങളെ സംയോജിപ്പിച്ച് ഒറ്റ വിദ്യാലയമാക്കുന്ന കാര്യം സർക്കാർ തീരുമാനിച്ചിട്ടില്ല.

**എയ്ഡഡ് സ്കൂളുകളിലെ പ്രീ-പ്രൈമറി അദ്ധ്യാപികമാരുടെ ശമ്പളം**

130 (1244) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ പ്രീ-പ്രൈമറി അദ്ധ്യാപികമാർക്ക് നിലവിൽ ശമ്പളം നൽകി വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര എയ്ഡഡ് സ്കൂൾ പ്രീ-പ്രൈമറി അദ്ധ്യാപികമാർക്ക് ശമ്പളം നൽകിവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിന്റെ മാനദണ്ഡം എന്താണെന്ന് അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത അദ്ധ്യാപികമാർക്ക് ശമ്പളം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) എയ്ഡഡ് സ്കൂളുകളിലെ പ്രീ-പ്രൈമറി അദ്ധ്യാപികമാർക്ക് സർക്കാർ തലത്തിൽ ശമ്പളം അനുവദിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) എയ്ഡഡ് സ്കൂളുകളിലെ പ്രീ-പ്രൈമറി അദ്ധ്യാപികമാർക്ക് സർക്കാർ തലത്തിൽ ശമ്പളം നൽകുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**മോഡൽ റസിഡൻഷ്യൽ സ്കൂൾ**

131 (1245) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോഡൽ റസിഡൻഷ്യൽ സ്കൂൾ തുടങ്ങുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ടോ;

(ബി) എങ്കിൽ പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോത്ത് തുടങ്ങുമെന്ന് പ്രഖ്യാപിച്ച മോഡൽ റസിഡൻഷ്യൽ സ്കൂൾ തുടങ്ങുന്നതിന് ആവശ്യമായ അനുമതി നൽകുന്ന നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പുതിയ സ്കൂളുകൾ ആരംഭിക്കുന്നത്/അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് നയപരമായ തീരുമാനമെടുക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

**സംസ്ഥാന സ്കൂൾ കലോത്സവത്തിലെ വ്യാജ അപ്പീലുകൾ**

132 (1246) <u>ശ്രീ. പി. ടി. തോമസ്:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. വി. ഡി. സതീശൻ:</u>
<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുനെസ്കോയുടെ ലോക പൈതൃക പട്ടികയിലേയ്ക്ക് സംസ്ഥാന സ്കൂൾ കലോത്സവത്തെ എത്തിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ വർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവത്തിന് ബാലാവകാശ കമ്മീഷന്റെ വ്യാജ അപ്പീൽ ഉപയോഗിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച വിജിലൻസ് അന്വേഷണത്തിൽ വ്യാജമായി അപ്പീൽ ഉണ്ടാക്കുന്ന ലോബി പ്രവൃത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഈ വർഷം ബാലാവകാശ കമ്മീഷന്റേതായും ലോകായുക്തയുടേതായും എത്ര അപ്പീലുകൾ വീതമാണ് ലഭിച്ചത്; അപ്പീലുകൾ കുറയ്ക്കുന്നതിനായി ഹൈക്കോടതിയെ സമീപിക്കാൻ ആലോചിക്കുന്നുണ്ടോ;

(ഇ) കഴിഞ്ഞ വർഷവും വ്യാജ അപ്പീലുകൾ ഉണ്ടായിരുന്നുവെന്ന പരാതിയിന്മേൽ അന്വേഷണം നടത്തിയിരുന്നുവോ; വ്യാജ അപ്പീൽലോബികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന് മാതൃകാപരമായി ശിക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) യുനെസ്കോയുടെ ലോക പൈതൃക പട്ടികയിലേയ്ക്ക് സംസ്ഥാന സ്കൂൾ കലോത്സവത്തെ എത്തിക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ഉണ്ട്.

(സി) ടി വിഷയത്തിൽ ക്രൈംബ്രാഞ്ച് അന്വേഷണം നടന്നുവരുന്നു.

(ഡി) ബാലാവകാശ കമ്മീഷന്റെ 22 അപ്പീലുകളും ലോകായുക്തയുടെ 563 അപ്പീലുകളും ലഭിച്ചിട്ടുണ്ട്. അപ്പീലുകൾ കുറയ്ക്കുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ച് റിട്ട് ഫയൽ ചെയ്യുകയും 4 ലോകായുക്ത വിധികൾ സ്റ്റേ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഇ) ക്രൈംബ്രാഞ്ചിനെ അന്വേഷണം നടത്താൻ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ബിരുദവും ബിരുദാനന്തര ബിരുദവുമുള്ള അപ്പർ പ്രൈമറി അദ്ധ്യാപകർ

133 (1247) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹൈസ്കൂളുകളിലെ അപ്പർ പ്രൈമറി വിഭാഗം അദ്ധ്യാപകരിൽ ബിരുദം, ബിരുദാനന്തര ബിരുദം എന്നിവയുള്ളവരുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) ബിരുദ, ബിരുദാനന്തര ബിരുദ തലങ്ങളിൽ പഠിച്ച പ്രധാന വിഷയം പഠിപ്പിക്കുന്നതിന് പകരം ഇതര വിഷയങ്ങൾ പഠിപ്പിക്കുന്നതിന് ഇവർ നിർബന്ധിതരാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിശ്ചിത വിഷയങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം എന്നിവയുള്ള പ്രൈമറി വിഭാഗം അദ്ധ്യാപകർക്ക് ആദ്യ പരിഗണന നൽകിക്കൊണ്ട് മികച്ച അധ്യയനം സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

### ഉത്തരം

(എ)സർക്കാർ ഹൈസ്കൂളുകളിലെ അപ്പർ പ്രൈമറി വിഭാഗം അദ്ധ്യാപകരിൽ ബിരുദം, ബിരുദാനന്തര ബിരുദം എന്നിവയുള്ളവരുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കൊടശ്ശേരി ജി.എം.എൽ.പി.സ്കൂൾ കെട്ടിടനിർമ്മാണം

134 (1248) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പാണ്ടിക്കാട് കൊടശ്ശേരി ജി.എം.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട 4278/2017/VIP/M(Edn) നമ്പർ നിവേദനം എന്നാണ് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നൽകിയത് എന്നറിയിക്കാമോ;

(ബി) പ്രസ്തുത നിവേദനം സെക്രട്ടറിയുടെ ഓഫീസിൽ സ്വീകരിച്ച തീയതിയും അത് തപാൽ സെക്ഷന് നൽകിയ തീയതിയും വ്യക്തമാക്കാമോ;

(സി) നിവേദനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഫയലിന്റെ വിശദാംശം നൽകുമോ;

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കെട്ടിട നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 17-11-2017.

(ബി) 17-11-2017, 18-11-2017.

(സി & ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതം വിനിയോഗിച്ച് ഒരു നിയമസഭാ നിയോജക മണ്ഡലത്തിൽ ഒരു സർക്കാർ എൽ.പി./യു.പി. സ്കൂളിൽ നടപ്പിലാക്കുന്ന പദ്ധതിക്കായി എം.എൽ.എ. തെരഞ്ഞെടുത്ത് നൽകിയത് ഗവ.യു.പി.സ്കൂൾ, പുല്ലൂർ ആണ്. പ്രസ്തുത സ്കൂളിന്റെ പ്രൊപ്പോസലിന് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകാരം നൽകുകയും ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലുമാണ്. ആയതിനാൽ പാണ്ടിക്കാട് കൊടശ്ശേരി ജി.എം.എൽ.പി. സ്കൂളിന്റെ പ്രൊപ്പോസൽ അനന്തര നടപടികൾക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

## കോഴിക്കോട് ജില്ലയിലെ പ്രീ-പ്രൈമറി ടീച്ചർമാരുടെ തസ്തികകൾ

135 (1249) ശ്രീ. എ. പ്രദീപ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പ്രീ-പ്രൈമറി ടീച്ചർമാരുടെ എത്ര തസ്തികകൾ എന്ന് മുതൽ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഓരോ തസ്തികയും ഒഴിഞ്ഞുകിടക്കുന്ന വിവരം എ.ഇ.ഒ ഓഫീസിൽ നിന്നും ഡി.ഇ.ഒ., ഡി.ഡി.ഇ. ഓഫീസുകളിലേയ്ക്ക് ഏതെല്ലാം തീയതികളിലാണ് അറിയിച്ചത് ;

(സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ എന്ന് മുതൽ ഏത് മാനദണ്ഡപ്രകാരമാണ് അദ്ധ്യാപകരെ നിയമിച്ചതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിലെ സർക്കാർ സ്കൂളുകളിൽ പ്രീ-പ്രൈമറി ടീച്ചർമാരുടെ ഒരു തസ്തിക മാത്രമേ 1-6-2017 മുതൽ ഒഴിഞ്ഞുകിടക്കുന്നുള്ളൂ.

(ബി) ഒരു തസ്തിക ഒഴിഞ്ഞുകിടക്കുന്ന വിവരം കോഴിക്കോട് സിറ്റി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽനിന്നും വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിലേയ്ക്ക് 1-6-2017-ൽ അറിയിച്ചിട്ടുണ്ട്.

(സി) നിയമിച്ചിട്ടില്ല. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ മേൽ വിഷയം സംബന്ധിച്ച് കേസ് നിലനിൽക്കുന്നതിനാൽ അദ്ധ്യാപകരെ നിയമിച്ചിട്ടില്ല.

**ഭരണിക്കാവ് ഗവൺമെന്റ് യു.പി.എസ്.-ലെ പദ്ധതിയുടെ പുരോഗതി**

136 (1250) <u>ശ്രീമതി യു. പ്രതിഭ ഹരി</u>: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എൽ.പി., യു.പി. സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി കായംകുളം മണ്ഡലത്തിൽനിന്നും നിർദ്ദേശിക്കപ്പെട്ട ഭരണിക്കാവ് ഗവൺമെന്റ് യു.പി.എസ്-ലെ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

പ്രസ്തുത സ്കൂളിന്റെ പ്രൊപ്പോസലിന് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകാരം നൽകുകയും ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലുമാണ്.

## പ്രീ-പ്രൈമറി അദ്ധ്യാപകരുടെയും ആയമാരുടെയും സേവന-വേതന വ്യവസ്ഥകൾ

137 (1251) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രീപ്രൈമറി അദ്ധ്യാപകരുടെയും ആയമാരുടെയും സേവന വേതന വ്യവസ്ഥകളെന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും പ്രത്യേക ശമ്പള സ്കെയിൽ അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗവ. സ്കൂളുകളിൽ പി.റ്റി.എ. നിയന്ത്രണത്തിൽ ആരംഭിച്ച് പ്രവൃത്തിച്ചുവരുന്ന പ്രീ-പ്രൈമറികളിലെ ജീവനക്കാർക്ക് 2012 മുതൽ സർക്കാർ വർദ്ധിപ്പിച്ച ഓണറേറിയം നൽകിവരുന്നു. 1-8-2012 വരെ ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് നിലവിൽ ഓണറേറിയം ലഭിക്കുന്നുണ്ട്. 7-9-2017-ലെ സ.ഉ.(കൈ)നമ്പർ 110/2017/പൊ.വി.വ. പ്രകാരം സർക്കാർ സ്കൂളുകളിലെ പി.റ്റി.എ. നടത്തുന്ന പ്രീ-പ്രൈമറിയിലെ അദ്ധ്യാപിക/ആയ എന്നിവർക്ക് ആകസ്മികാവധിയും ഓണറേറിയത്തോടുകൂടിയ ആറ് മാസം പ്രസവാവധിയും കൂടാതെ കാൻസർ പോലെയുള്ള മാരകരോഗം ബാധിച്ചവരുടെ കാര്യത്തിൽ സ്പെഷ്യൽ കാഷ്വൽ ലീവിന്റെ വ്യവസ്ഥകൾക്കനുസരിച്ച് ഓണറേറിയത്തോടുകൂടിയ അവധിയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) സർക്കാർ സ്കൂളുകളിലെ പി.റ്റി.എ. നിയമിക്കുന്ന ഇവർക്ക് ഇപ്പോൾത്തന്നെ മേൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

(സി) വിഷയം സർക്കാർ പരിഗണനയിലില്ല.

## ലാഭകരമല്ലാത്ത സ്കൂളുകൾ

138 (1252) ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര സർക്കാർ സ്കൂളുകൾ ലാഭകരമല്ലാത്ത ഗണത്തിൽപ്പെടുത്തി പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടെന്ന് ജില്ല, എൽ.പി., യു.പി., എച്ച്.എസ്. തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രവർത്തനം നിലച്ച സ്കൂളുകളിൽ വിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസുകൾ പ്രവൃത്തിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(സി) വകുപ്പിന് സ്വന്തമായി കെട്ടിടങ്ങളുള്ള സ്ഥലങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങളും മറ്റും സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതിനായി ലീസിന് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) പരിശോധിക്കാവുന്നതാണ്.

(സി) നിലവിൽ പരിഗണനയിലില്ല.

## പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ നടപടി

139 (1253) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റവന്യൂ ജില്ല വിദ്യാഭ്യാസ ഓഫീസിലെ എ.ഒ. ആയിരുന്ന ശ്രീ. ജയകുമാറിന് 30-9-2016-ലെ കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. 92/2016 നമ്പർ ഉത്തരവ് അനുസരിച്ച് 2 മാസത്തിനുള്ളിൽ പെൻഷൻ ആനുകൂല്യങ്ങൾ നല്കാൻ വിധി ഉണ്ടായിട്ടും ആയത് നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പാക്കാത്തതിനാൽ ശ്രീ. ജയകുമാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒ.എ. 963/17 പ്രകാരം പെറ്റീഷൻ നല്കി 8 മാസം കഴിഞ്ഞിട്ടും സർക്കാരിന്റെ ഭാഗത്ത് നിന്ന് മറുപടി ഫയൽ ചെയ്യാതിരുന്നിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ശ്രീ. ജയകുമാറിന് പെൻഷൻ ആനുകൂല്യങ്ങൾ നല്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 30-9-2016-ലെ OA No.92/2016-മേലുള്ള വിധിന്യായം 17-1-2017-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 93/2017/പൊ.വി.വ. പ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ശ്രീ. ജയകുമാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ എറണാകുളം ബെഞ്ചിൽ OA(EKM)963/17 നമ്പരായി ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നത് സംബന്ധിച്ച് ഒരു കേസ് നിലവിലുണ്ട്. പ്രസ്തുത കേസിൽ സർക്കാരിന്റെ വസ്തുതാ വിവരണ പത്രിക എതിർവാദ പത്രിക തയ്യാറാക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നൽകിയിട്ടുണ്ട്.

(സി) ശ്രീ. ജയകുമാറിനെതിരെ വിവിധ കേസുകളിൽ അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നതിനാൽ താൽക്കാലികമായി പെൻഷൻ അനുവദിച്ചിട്ടുണ്ട്. അച്ചടക്ക നടപടികൾ പൂർത്തിയാക്കി മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## ശ്രീമതി നസൈബയ്ക്ക് സ്ഥിരനിയമനം നൽകാൻ നടപടി

140 (1254) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീമതി നസൈബ.ഡി, പാലക്കൽ ഹൗസ്, പൈങ്കണ്ണൂർ വളാഞ്ചേരി, മലപ്പുറം എന്നയാളുടെ അപേക്ഷ പൊതുവിദ്യാഭ്യാസ വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(ബി) പൂർണ്ണ അന്ധയായ ഇവർ ഇപ്പോൾ ജോലി നോക്കുന്ന കുന്നംകുളം ഗവൺമെന്റ് അന്ധവിദ്യാലയം ഹെഡ്മാസ്റ്റർ ടിയാൾക്ക് സ്ഥിരനിയമനം നൽകണമെന്ന് കാണിച്ച് നൽകിയ കത്ത് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിലുള്ള R2/1134365/2017 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) മാനുഷിക പരിഗണന നൽകി ഇക്കാര്യത്തിൽ അനുകൂല നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ശ്രീമതി നസൈബയ്ക്ക് സ്ഥിരനിയമനം നൽകണമെന്ന ആവശ്യം പരിശോധിച്ചുവരികയാണ്.

(സി) ശ്രീമതി നബൈസയുടെ അപേക്ഷയിലെ ആവശ്യം പൊതുവിദ്യാഭ്യാസ ഡയറക്ടറിൽനിന്നും തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചുവരികയാണ്. നിലവിൽ ഇക്കാര്യം R2/5/2017/GEDN നമ്പർ ഫയലിലാണ് കൈകാര്യം ചെയ്യുന്നത്.

(ഡി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

## സംസ്ഥാന സ്കൂൾ കോലത്സവം

141 (1255) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ കലോത്സവവും വേദികളും സ്കൂൾതലം മുതൽ സംസ്ഥാന തലംവരെ ശുദ്ധീകരിക്കാനും സംശുദ്ധമാക്കാനുമായി ഈ സർക്കാർ എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചു; അതിനായുള്ള തുടർനടപടികളും വ്യക്തമാക്കുമോ;

(ബി) കലോത്സവങ്ങളിലെ അപ്പീൽ അവകാശം ദുരുപയോഗപ്പെടുത്തുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കലോത്സവങ്ങളിൽ ഏതെല്ലാം മേഖലകളിലാണ് അപ്പീൽ പ്രവാഹമുണ്ടാകുന്നതെന്നും അഴിമതി നടക്കുന്നതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) 2017-18-ലെ കലോത്സവത്തിൽ ബാലാവകാശ കമ്മീഷന്റെ പേരിൽ എത്ര അപ്പീലുകൾ ലഭിച്ചു; ഇതിൽ വ്യാജ അപ്പീലുകൾ എത്ര; ഇതിൽ കമ്മീഷൻ ഉദ്യോഗസ്ഥർക്ക് പങ്കുണ്ടോ; കുറ്റക്കാർ എന്ന് കണ്ടെത്തിയവർ ആരെല്ലാം; വ്യക്തമാക്കുമോ;

(ഇ) ഇവ തടയാനായി ഈ സർക്കാർ സ്വീകരിക്കാൻ പോകുന്ന തുടർനടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിഷ്കരിച്ച മാന്വൽ പ്രകാരം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ഒഴിവാക്കി സാംസ്കാരിക സ്കോളർഷിപ്പ് ഏർപ്പെടുത്തി. വിധി കർത്താക്കളുടെ വിവരങ്ങൾ അതീവ രഹസ്യമാക്കി വയ്ക്കുകയും പരാതി രഹിതമായി മത്സരങ്ങൾ നടത്തുകയും ചെയ്തു. രണ്ട് വർഷത്തിലധികം ഒരേ ഇനത്തിൽ വിധികർത്താക്കളായവരെ ഒഴിവാക്കി. തിരിച്ചറിയൽ ഫോട്ടോ ഐഡന്റിറ്റി കാർഡുകൾ നൽകി. ഇത്തരത്തിലുള്ള നടപടികൾ തുടർന്നും സ്വീകരിക്കുന്നതാണ്. സബ് ജില്ലയിൽ ഇരുന്നവരെ ജില്ലയിലും ഈ രണ്ട് തലങ്ങളിലും ഇരുന്നവരെ പൂർണ്ണമായും സംസ്ഥാനതലത്തിലും ഒഴിവാക്കി. കലോത്സവം പ്രശ്നരഹിതമായി നടത്തുന്നതിന് വിജിലൻസ് കവറേജ് ഏർപ്പെടുത്തി. ഇത്തരം നടപടികൾ സ്വീകരിച്ചതിലൂടെ കലോത്സവം ഏറെക്കുറെ ശുദ്ധീകരിക്കാനും സംശുദ്ധമാക്കാനും സാധിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ബാലാവകാശ സംരക്ഷണ കമ്മീഷന്റെ പേരിൽ വ്യാജ അപ്പീലുകൾ കണ്ടെത്തുകയും തുടർ നടപടിക്കായി ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

(സി) നൃത്തയിനങ്ങളിലും മാപ്പിളകലകളിലുമാണ് ഏറ്റവും കൂടുതൽ അപ്പീലുകൾ ലഭിച്ചിട്ടുള്ളത്. വിധി നിർണ്ണയത്തിൽ യാതൊരു വിധത്തിലുള്ള അഴിമതിയും നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാലാവകാശ കമ്മീഷന്റെ പേരിൽ 22 അപ്പീലുകൾ ലഭിച്ചു. അതിൽ 10 എണ്ണം വ്യാജമാണ്. ക്രൈംബ്രാഞ്ച് അന്വേഷണം നടന്നുവരുന്നു.

(ഇ) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**താനൂർ ദേവ്ധാർ ജി.എൽ.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി**

142 (1256) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ ദേവ്ധാർ ജി.എച്ച്.എസ്.എസ്.-ലെ യു.പി വിഭാഗം വേർപെടുത്തി ചുറ്റുമുള്ള മൂന്ന് ജി.എൽ.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) ഇതുസംബന്ധിച്ച് സ്കൂൾ പി. ടി. എ.-യും വികസന സമിതിയും സമർപ്പിച്ച അപേക്ഷയിൽ എന്തെങ്കിലും നടപടിയോ തീരുമാനമോ സ്വീകരിച്ചിട്ടുണ്ടോ;

(സി) ദേവ്ധാർ സ്കൂളിന്റെയും സമീപത്തെ ഫീഡിംഗ് സ്കൂളുകളായ ജി.എൽ.പി. സ്കൂളുകളുടെയും നിലവാരം ഉയർത്താൻ സഹായകമാവുന്ന മേൽനടപടിക്ക് അനുവാദം നൽകാൻ അടിയന്തരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 18-6-2015-ലെ 3060/14-ലെ വിധിന്യായ പ്രകാരം സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ പ്രദേശങ്ങൾ ഉൾപ്പെടുത്തി 20-5-2016-ലെ അസാധാരണ ഗസറ്റ് 985-ാം നമ്പരായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും പ്രസ്തുത വിജ്ഞാപനത്തിൽ സൂചിപ്പിച്ചിരുന്നതുപ്രകാരം ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാർ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വിഷയം വീണ്ടും സർക്കാർ ആവശ്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഏറ്റവും അവശ്യം വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ നാല് പ്രദേശങ്ങൾ 20-5-2017-ലെ അസാധാരണ ഗസറ്റ് നമ്പർ 1057, 10-10-2017-ലെ അസാധാരണ ഗസറ്റ് നമ്പർ 2192 എന്നിവ പ്രകാരം

വിജ്ഞാപനം ചെയ്യുകയുണ്ടായി. വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ മറ്റ് 82 സ്ഥലങ്ങളിലെ വിദ്യാർത്ഥികൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണത്തോടെ തൊട്ടടുത്ത സ്കൂളുകളിലേക്ക് വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനും 9-6-2017-ലെ സ.ഉ.(സാധാ) നമ്പർ 1813/17/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

സ്കൂൾ വികസന സമിതിയുടെയും പി.ടി.എ.-യുടെയും അപേക്ഷ മേൽപ്പറഞ്ഞ സാഹചര്യത്തിൽ പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ തീർപ്പാക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ സർക്കാർ നയപരമായ തീരുമാനം വീണ്ടും കൈക്കൊള്ളുമ്പോൾ ടി ആവശ്യവുമായി ബന്ധപ്പെട്ടവർക്ക് സർക്കാരിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## ഈസ്റ്റ് ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ കോമ്പൗണ്ടിൽ പെൺകുട്ടികൾക്കായി ഹോസ്റ്റൽ

143 (1257) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈസ്റ്റ് ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ കോമ്പൗണ്ടിൽ പെൺകുട്ടികൾക്കായി ഹോസ്റ്റൽ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഹോസ്റ്റൽ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളുകളിന്റെ കൈവശമുള്ള 8 സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ആർ.എം.എസ്.എ. ഫണ്ട് ഉപയോഗിച്ച് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് പ്രസ്തുത ഹോസ്റ്റലിൽ നിലവിൽ ചാലക്കുടി പ്രീ-മെട്രിക് ഹോസ്റ്റലിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥിനികൾക്ക് താമസ സൗകര്യം നൽകണമെന്ന വ്യവസ്ഥയിൽ 6-8-2016-ൽ സർക്കാർ അനുവാദം നൽകിയിരുന്നു. ആയത് പ്രകാരം ആർ.എം.എസ്.എ.-യുടെ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത ഹോസ്റ്റൽ നിർമ്മാണത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാർ വിഹിതം ഉപയോഗിച്ച് 255.11 ലക്ഷം (ഇരുന്നൂറ്റി അമ്പത്തഞ്ച് ലക്ഷത്തി പതിനൊന്നായിരം) രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തയ്യാറാക്കിയ പ്ലാനും എസ്റ്റിമേറ്റും പ്രകാരം 367 ലക്ഷം (മൂന്നുകോടി അറുപത്തിയേഴ് ലക്ഷം) രൂപയാണ് ആകെ

നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത ഹോസ്റ്റൽ ഹയർ സെക്കൻഡറി വിദ്യാർത്ഥിനികൾക്കുകൂടി ലഭ്യമാക്കണമെന്ന നിബന്ധനയിൽ 255.11 ലക്ഷം (ഇരുന്നൂറ്റി അമ്പത്തഞ്ച് ലക്ഷത്തി പതിനൊന്നായിരം) രൂപ ആർ.എം.എസ്.എ.-യും ബാക്കി വരുന്ന 111.89 ലക്ഷം (നൂറ്റിപ്പതിനൊന്ന് ലക്ഷത്തി എൺപത്തൊമ്പതിനായിരം രൂപ) രൂപയുമുള്ള പ്രൊപ്പോസൽ തയ്യാറാക്കി ആർ.എം.എസ്.എ. ഹയർ സെക്കൻഡറി ഡയറക്ടർക്ക് നൽകുന്ന മുറയ്ക്ക് സർക്കാർ അനുമതിക്ക് വിധേയമായി ടി തുക ഹയർ സെക്കൻഡറി ഡയറക്ടർ ആർ.എം.എസ്.എ.-ക്ക് അനുവദിച്ച് നൽകണമെന്നും 7-12-2017-ലെ സ.ഉ. (സാധാ)4697/2017/പൊ.വി.വ. പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 19-1-2018-ൽ പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറും അസി. എഞ്ചിനീയറും സ്കൂൾ സൈറ്റ് ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട്. നിലവിൽ ഹോസ്റ്റൽ നിർമ്മാണം ആരംഭിച്ചിട്ടില്ല.

## സ്കൂളുകൾ മികവിന്റെ കേന്ദ്രമാക്കൽ പദ്ധതി

144 (1258) ശ്രീ. എ. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബജറ്റിൽ പ്രഖ്യാപിച്ച സ്കൂളുകൾ മികവിന്റെ കേന്ദ്രമാക്കൽ പദ്ധതിയിൽ എലത്തൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുത്തിയ സ്കൂളുകളിൽ ഇതുമായി ബന്ധപ്പെട്ടുനടന്ന പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഈ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 2016-17 ബജറ്റിൽ പ്രഖ്യാപിച്ച സ്കൂളുകൾ മികവിന്റെ കേന്ദ്രമാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എലത്തൂർ നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്ത കുറവത്തൂർ പായമ്പ്ര ഗവ. ഹയർ സെക്കൻഡറി സ്കൂളിനുവേണ്ടി തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് സർക്കാർ ഭരണാനുമതി നൽകുകയും അപ്രകാരം പദ്ധതി നിർവ്വഹണത്തിനായി 5 കോടി രൂപയുടെ കിഫ്ബി ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസി'നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) 2019-ൽ പദ്ധതി നിർവ്വഹണം പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും മറ്റ് ഓഫീസികളിൽനിന്നും ഫയൽ നഷ്ടപ്പെട്ട സംഭവം

145 (1259) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും ബന്ധപ്പെട്ട മറ്റ് ഓഫീസുകളിൽ നിന്നും ഫയൽ നഷ്ടപ്പെട്ടത് സംബന്ധിച്ച് എന്തെങ്കിലും പരാതികളോ ഫയലുകളോ നിലവിലുണ്ടോ; ഏതൊക്കെ ഓഫീസുകളിൽ നിന്നാണ് ഫയലുകൾ നഷ്ടപ്പെട്ടത്; ഏത് വിഷയവുമായി ബന്ധപ്പെട്ട ഫയലുകളാണ് നഷ്ടപ്പെട്ടത്; ഇതുസംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ബി) നഷ്ടപ്പെട്ട ഫയലുകൾ കണ്ടെത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; സ്കൂൾ കലോത്സവവുമായി ബന്ധപ്പെട്ട എത്ര ഫയലുകൾ നഷ്ടപ്പെട്ടിട്ടുണ്ട്; വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(സി) കലോത്സവവുമായി ബന്ധപ്പെട്ട ഫയലുകൾ നഷ്ടപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ കലോത്സവ വിഭാഗവും ആഡിറ്റ് വിഭാഗവും സ്വീകരിച്ച നടപടികളുടെ വിശദമായ വിവരവും അതുസംബന്ധിച്ച ഫയലിന്റെ വിശദമായ വിവരവും ലഭ്യമാക്കുമോ;

(ഡി) മുൻകലോത്സവങ്ങളുടെ കണക്കുകൾ സംബന്ധിച്ച് ഹാജരാക്കാൻ പറഞ്ഞ ഫയലുകളുടെ മുഴുവൻ കോപ്പികളും ഇതുസംബന്ധിച്ച നോട്ട് ഫയലുകളുടെ കോപ്പികളും ലഭ്യമാക്കുമോ;

(ഇ) കലോത്സവങ്ങളുടെ മുൻകാല കണക്കെടുത്തതിൽനിന്ന് എത്ര രൂപ വിദ്യാഭ്യാസവകുപ്പിന് നഷ്ടപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്; സാമ്പത്തിക തിരിമറി നടത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ അച്ചടക്ക നടപടിയെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കലോത്സവവുമായി ബന്ധപ്പെട്ട ആഡിറ്റ് ഫയലുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും നഷ്ടപ്പെട്ടിട്ടില്ല. ബന്ധപ്പെട്ട മറ്റ് ഓഫീസുകളിൽനിന്നും ഫയൽ നഷ്ടപ്പെട്ടിട്ടുണ്ടോ എന്നതുസംബന്ധിച്ച വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) 2000-01 മുതലുള്ള കലോത്സവങ്ങളുടെ കണക്കുകൾ സംബന്ധിച്ച ഫയലുകളാണ് നിലവിലുള്ളത്. പതിനാല് ജില്ലകളുടെയും കലോത്സവം സംബന്ധിച്ച ഫയലുകളുടെ പകർപ്പുകൾ ശേഖരിച്ചുവരുന്നു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

## ബധിര വിദ്യാർത്ഥികളുടെ ഉപരിപഠനം

146 (1260) <u>ശ്രീ. കെ. എൻ. എ ഖാദർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ ബധിര വിദ്യാലയങ്ങളിൽനിന്നും ഹയർ സെക്കണ്ടറി/വി.എച്ച്.എസ്.ഇ. പഠനം വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനായി സർക്കാർ കോളേജുകളിൽ പ്രത്യേക ക്വാട്ട അനുവദിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരം പ്ലസ് ടു പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കുള്ള ഉപരിപഠന സാധ്യതകൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(സി) ഡിഗ്രി പഠനത്തിനായുള്ള അഡ്മിഷൻ സമയത്ത് സാധാരണ വിഭാഗക്കാർക്ക് താരതമ്യേന മാർക്ക് കൂടുതലായതിനാൽ അവർക്ക് മുൻഗണന കിട്ടുകയും ബധിര വിഭാഗം വിദ്യാർത്ഥികൾ പിന്തള്ളപ്പെടുകയും ചെയ്യുന്നത് ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ബധിര വിദ്യാർത്ഥികൾക്ക് മാത്രമായി ക്വാട്ട അനുവദിച്ചിട്ടില്ല. സർക്കാർ കോളേജുകളിൽ 5% സംവരണം വികലാംഗർക്കായി ഏർപ്പെടുത്തിയിട്ടുണ്ട്. അതിൽ ബധിര വിദ്യാർത്ഥികളും ഉൾപ്പെടുന്നതാണ്.

(ബി) കോളേജുകളിൽ ഡിഗ്രി പഠനത്തിന് അഡ്മിഷൻ നൽകുന്നുണ്ട്.

(സി) സംവരണം ഏർപ്പെടുത്തിയതുവഴി ഇക്കാര്യം പരിഹരിക്കപ്പെട്ടിട്ടുള്ളതാണ്.

## എച്ച്.എസ്.എസ്. ടീച്ചർ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം

147 (1261) <u>ശ്രീ. എൽദോ എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്. ടീച്ചർ റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മുഴുവൻ ഒഴിവുകളിലും നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ വിഷയം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) ഇല്ലെങ്കിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) വിവിധ വിഷയങ്ങളുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി വ്യത്യാസമായതിനാൽ വിഷയം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. എന്നാൽ കെമിസ്ട്രി തസ്തികയിൽ ഒഴികെ മറ്റെല്ലാ വിഷയത്തിലും പി.എസ്.സി. അഡ്വൈസ് ചെയ്ത എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) കെമിസ്ട്രി തസ്തികയിലേയ്ക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റിനായുള്ള നാല് ഒഴിവിലേയ്ക്കും ഒപ്പം 39 ഒഴിവിലേയ്ക്കും പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള നടപടികളെടുത്തുവരുന്നു.

**ഹയർ സെക്കൻഡറി ടീച്ചർ തസ്തികയ്ക്കുവേണ്ട അധിക യോഗ്യത**

148 (1262) <u>ശ്രീ. കെ. എൻ. എ ഖാദർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദി ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റി (EFLU) നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് എന്ന കോഴ്സ് ഏതെങ്കിലും ഹയർസെക്കണ്ടറി ടീച്ചർ തസ്തികക്ക് വേണ്ട അധിക യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എച്ച്.എസ്.എസ്.റ്റി. (കമ്മ്യൂണിക്കേറ്റിവ് ഇംഗ്ലീഷ്) തസ്തികയിലേക്ക് അപേക്ഷിക്കുന്നതിന് നിലവിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിക്കുന്നതിന് അംഗീകൃത സർവ്വകലാശാലകളിൽനിന്നും പി.ജി. ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സ് പൂർത്തിയാക്കിയവർക്ക് മുൻഗണന നൽകണമെന്ന് കാണിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; അതിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ 50% മാർക്കിൽ കുറയാതെയുള്ള അംഗീകൃത യൂണിവേഴ്സിറ്റിയിൽനിന്നുള്ള ബിരുദാനന്തര ബിരുദവും ബി എഡ്.-ഉം സെറ്റും ആണ് യോഗ്യത. അതുകൂടാതെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജസ് നൽകുന്ന ബി ഗ്രേഡിൽ കുറയാത്ത പി.ജി ഡിപ്ലോമ/എം.ഫിൽ യോഗ്യതയായി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

## ഹയർ സെക്കൻഡറി ബാച്ചുകൾ

149 (1263) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല ജില്ലകളിലും പ്രത്യേകിച്ച് മലബാർ മേഖലയിൽ എസ്.എസ്.എൽ.സി. പാസ്സാകുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതിക മായി ഹയർ സെക്കണ്ടറി ബാച്ചുകൾ ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മലബാർ മേഖലയിൽ എസ്.എസ്.എൽ.സി. പാസ്സാകുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ഹയർ സെക്കൻഡറി ബാച്ചുകൾ ഇല്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, പോളിടെക്നിക്ക്, ഐ.റ്റി.ഐ./ഐ.റ്റി.സി. എന്നിവ ഉൾപ്പെടെ മലബാർ മേഖലയിൽ എസ്.എസ്.എൽ.സി. പാസ്സാകുന്ന വിദ്യാർത്ഥികളുടെ ഉപരിപഠന സാധ്യത സർക്കാർ ഉറപ്പുവരുത്തിയിട്ടുണ്ട്. ഇതിനുപുറമെ സർക്കാർ/എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ മാർജിനൽ സീറ്റ് വർദ്ധനവും അനുവദിച്ചു വരുന്നുണ്ട്. ഈ വർഷം അടിസ്ഥാന സൗകര്യമുള്ള സർക്കാർ/എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ വീണ്ടും 10% മാർജിനൽ സീറ്റ് വർദ്ധനവും അനുവദിച്ചിട്ടുണ്ട്.

(ബി) വിവിധ കോടതിവിധികളുടെ വെളിച്ചത്തിൽ സർക്കാർ സംസ്ഥാനത്തെ ഹയർ സെക്കൻഡറി വിദ്യാഭ്യാസ ആവശ്യകത ശാസ്ത്രീയമായി കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ യുക്തമായ തീരുമാനമെടുത്തുവരുന്നുണ്ട്.

## ഹയർ സെക്കൻഡറി പൊളിറ്റിക്കൽ സയൻസ് ജൂനിയർ ടീച്ചർ

150 (1264) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി പൊളിറ്റിക്കൽ സയൻസ് ജൂനിയർ ടീച്ചർമാരുടെ എത്ര ഒഴിവുകൾ നിലവിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) നേരിട്ടുള്ള നിയമനത്തിനായി 34 ഒഴിവുകളും തസ്തികമാറ്റ നിയമനത്തിനായി 2 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഹയർ സെക്കൻഡറി അദ്ധ്യാപക നിയമനങ്ങൾ സംസ്ഥാനതലത്തിൽ നടത്തുന്നതിനാൽ ജില്ലാടിസ്ഥാനത്തിൽ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല.

## ശ്രീമതി തജ്ന റഹ്മാന്റെ അപേക്ഷ

151 (1265) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശ്രീമതി തജ്ന റഹ്മാൻ (HSST, ബോട്ടണി, SMV HSS, Calicut) എന്നവരുടെ അപേക്ഷ (കമ്പ്യൂട്ടർ നമ്പർ 2024724-T. സെക്ഷൻ, ജനറൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്, സെക്രട്ടേറിയറ്റ്) നടപടി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ആയതിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ?

### ഉത്തരം

ശ്രീമതി തജ്ന റഹ്മാൻ (HSST, ബോട്ടണി, SMV HSS, Calicut) യാതൊരു സർവ്വീസ് ചട്ടങ്ങളും പാലിക്കാതെ 1-6-2010 മുതൽ 22-7-2016 വരെ ജോലിയിൽനിന്ന് വിട്ടുനിന്നശേഷം 23-7-2016-ന് ജോലിയിൽ തുടർന്ന് പ്രവൃത്തിക്കുന്നതിന് സന്നദ്ധത കാണിച്ചിരിക്കുകയാണ്.

ഇക്കാര്യം അംഗീകരിക്കുന്നത് സർവ്വീസ് ചട്ടങ്ങൾക്ക് നിരക്കാത്തതായതിനാൽ സർവ്വീസ് ചട്ടം അനുസരിച്ച് അച്ചടക്ക നടപടി സ്വീകരിച്ചതിനുശേഷം അപേക്ഷയും മറ്റ് അനുബന്ധ രേഖകളും സർക്കാരിൽ ലഭ്യമാക്കാൻ ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കോതമംഗലം സെന്റ് അഗസ്റ്റ്യൻസ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ

152 (1266) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം സെന്റ് അഗസ്റ്റ്യൻസ് ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിലെ 2015-16, 2016-17, 2017-18 വർഷങ്ങളിലെ അദ്ധ്യാപക നിയമനങ്ങൾക്ക് ഇതുവരേയും അംഗീകാരം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയമനാംഗീകാരത്തിനുള്ള തടസ്സങ്ങൾ എന്തെന്ന് വിശദീകരിക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 2015-16 വർഷത്തിൽ റൂൾ 43 ക്ലെയിമെന്റിന്റെ അവകാശം മാനേജർ ക്രമപ്പെടുത്തി നൽകിയില്ല. ലീവ് ഒഴിവ് സ്ഥാപിതമായതിനുശേഷം പ്രൊപ്പോസൽ മാനേജർ പുനഃസമർപ്പിച്ചിട്ടില്ല, പുനഃപരിശോധനാ ഉത്തരവ് ലഭ്യമാക്കിയിട്ടുമില്ല

എന്നീ കാരണങ്ങളാൽ ടി വർഷത്തെ രണ്ട് നിയമനം അംഗീകരിച്ചിട്ടില്ല. 2016-17 വർഷത്തെ തസ്തിക നിർണ്ണയം നടത്തുന്നതിന് 22-11-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 149/2017/പൊ.വി.വ. പ്രകാരം 23-12-2017 വരെ വിദ്യാഭ്യാസ ഓഫീസർമാർക്ക് സമയം അനുവദിച്ചിരുന്നു. എന്നാൽ 19-12-2017-ലെ തൽസ്ഥിതി തുടരാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവായിട്ടുള്ളതിനാൽ തുടർ നടപടികൾ പൂർത്തിയാക്കപ്പെട്ടിട്ടില്ല. മേൽ കാരണങ്ങളാൽ 2016-17 വർഷത്തെ അഞ്ച് നിയമനങ്ങൾ അംഗീകരിച്ചിട്ടില്ല. 2016-17 വരെയുള്ള നിയമിതരുടെ അംഗീകാരം ക്രമപ്പെടുത്തിയാൽ മാത്രമേ 2017-18-ലെ ഒരു നിയമനം അംഗീകരിക്കുന്നത് പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

## മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന വിദ്യാലയങ്ങൾ

153 (1267) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന വിദ്യാലയങ്ങൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ; മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശവും ഓരോ സ്കൂളിന്റെ എസ്റ്റിമേറ്റ് തുകയും സർക്കാർ അനുവദിച്ച തുകയും വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച 1000 വിദ്യാർത്ഥികൾക്ക് മുകളിലുള്ള വിദ്യാലയങ്ങൾക്കായുള്ള 3 കോടി രൂപയുടെ പദ്ധതിയിൽ മാവേലിക്കര മണ്ഡലത്തിൽ ഉൾപ്പെട്ട ചുനക്കര വി.എച്ച്.എച്ച്.എസ്., വള്ളികുന്നം കെ.കെ.എം.എച്ച്.എസ്.എസ്. എന്നീ സ്കൂളുകൾക്ക് അനുമതി നൽകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽനിന്നും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വിദ്യാലയങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുള്ള തുകയും കിഫ്ബി മുഖേന അനുവദിച്ച സർക്കാർ ധനസഹായത്തിന്റെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത സ്കൂളുകളുടെ പദ്ധതി നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസി'-നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച 1000 വിദ്യാർത്ഥികൾക്ക് മുകളിലുള്ള വിദ്യാലയങ്ങൾക്കായുള്ള മൂന്ന് കോടി രൂപയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മാവേലിക്കര മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്ത വള്ളികുന്നം കെ.കെ.എം.എച്ച്.എസ്.എസ്. സ്കൂളിൽ പദ്ധതി നിർവ്വഹണത്തിനായുള്ള 4.18 കോടി (നാലുകോടി പതിനെട്ട് ലക്ഷം) രൂപയുടെ എസ്റ്റിമേറ്റ് അടങ്ങുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. മാവേലിക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ചുനക്കര വി.എച്ച്.എസ്.എസ്.-ന്റെ വിശദമായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## അവനവഞ്ചേരി ഗവ. ഹൈസ്കൂളിൽ ഹയർ സെക്കൻഡറി കോഴ്സ്

154(1268) <u>ശ്രീ. ബി. സത്യൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ അവനവഞ്ചേരി ഗവ.ഹൈസ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കണമെന്ന അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) ആറ്റിങ്ങൽ ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ ബയോളജി സയൻസ് പ്ലസ് ടു അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. വിവിധ കോടതി വിധികളുടെ വെളിച്ചത്തിൽ സർക്കാർ സംസ്ഥാനത്തെ ഹയർ സെക്കൻഡറി വിദ്യാഭ്യാസ ആവശ്യകത ശാസ്ത്രീയമായി കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ പുതിയ ഹയർ സെക്കൻഡറി സ്കൂളുകൾ/അധിക ബാച്ചുകൾ അനുവദിക്കുന്നതിനായി നയപരമായ തീരുമാനമെടുത്ത് അപേക്ഷകൾ ക്ഷണിക്കുമ്പോൾ മാത്രമേ അവനവഞ്ചേരി ഗവൺമെന്റ് ഹൈസ്കൂളിൽ ഹയർ സെക്കൻഡറി കോഴ്സ് അനുവദിക്കുന്ന വിഷയവും ആറ്റിങ്ങൽ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ അധിക ഹയർ സെക്കൻഡറി ബാച്ച് അനുവദിക്കുന്ന വിഷയവും പരിഗണിക്കാൻ കഴിയുകയുള്ളൂ.

## മാരായമുട്ടം ഹയർ സെക്കൻഡറി സ്കൂളിനെ ഇന്റർനാഷണൽ സ്കൂളായി ഉയർത്തുന്നതിനുള്ള നടപടികൾ

155 (1269) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ മാരായമുട്ടം ഹയർ സെക്കണ്ടറി സ്കൂളിനെ ഇന്റർനാഷണൽ സ്കൂളായി ഉയർത്തുന്നതിനുള്ള നടപടികളുടെ നിലവിലെ അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഇക്കൊല്ലം ഏതെങ്കിലും സ്കൂളുകളെ അന്താരാഷ്ട്ര പദവിയിലേക്ക് ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) സർക്കാർ, എയ്ഡഡ് സ്കൂളുകളെ മോഡൽ സ്കൂളുകളായി ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ പാറശ്ശാല മണ്ഡലത്തിലെ സ്കൂളുകൾ ഏതൊക്കെയാണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ടി സ്കൂളിന്റെ പദ്ധതി നിർവ്വഹണത്തിനായുള്ള ഭരണാനുമതിയും കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായത്തിനുള്ള അനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി വാപ്കോസിനെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകളുടെ പദ്ധതി നിർവ്വഹണത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങളോടൊപ്പം അക്കാദമിക നിലവാരവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. കുട്ടികൾ കൂടുതലുള്ളതും നിലവിൽ കെട്ടിടങ്ങൾ ഉള്ളതുമായ സ്കൂളുകളെയാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങളുടെ വികസനത്തിനും കുട്ടികൾക്ക് ആധുനിക സാങ്കേതികവിദ്യയുടെ പ്രയോജനം ലഭ്യമാക്കിക്കൊണ്ട് അക്കാദമിക മികവ് കൈവരിക്കുന്നതിനും ഊന്നൽ നൽകുന്ന വിദ്യാഭ്യാസ പദ്ധതിക്കാണ് സർക്കാർ ലക്ഷ്യമിടുന്നത്. പാറശ്ശാല നിയോജക മണ്ഡലത്തിൽനിന്നും മാരായമുട്ടം ഗവ. ഹയർ സെക്കൻഡറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

## ശാസ്ത്രപോഷിണി ലാബ്

156 (1270) ശ്രീമതി യു. പ്രതിഭ ഹരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ, 2016, 2017 വർഷങ്ങളിൽ ശാസ്ത്രപോഷിണി ലാബ് അനുവദിക്കുന്നതിനുവേണ്ടി കായംകുളം ഗേൾസ് എച്ച്.എസ്.എസ്., പത്തിയൂർ പഞ്ചായത്ത് എച്ച്.എസ്. എന്നിവയ്ക്ക് 5 ലക്ഷം രൂപ വീതം അനുവദിച്ചിട്ടും നാളിതുവരെ ഇതിന്റെ ഭരണാനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഭരണാനുമതി ഉടൻ ലഭ്യമാക്കുന്നതിനും ശാസ്ത്രപോഷിണി ലാബ് 2018-19 അധ്യയന വർഷത്തിന്റെ ആരംഭത്തിൽ സജ്ജമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശാസ്ത്രപോഷിണി ലാബ്, GHSS കായംകുളം, പത്തിയൂർ പഞ്ചായത്ത് എച്ച്.എസ്. എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി മറ്റ് ബന്ധപ്പെട്ട രേഖകൾ സഹിതം സമർപ്പിക്കണമെന്ന് ആലപ്പുഴ ജില്ലാകളക്ടർ ശാസ്ത്രസാങ്കേതിക കൗൺസിലിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ടി സ്കൂളുകൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ജില്ലാ തലത്തിലുള്ള അവലോകന സമിതികൾ രൂപീകരിക്കുകയും സ്കൂൾ പരിശോധനകൾ നടന്നുവരികയും ചെയ്യുകയാണ്. ഈ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഭരണാനുമതി ജില്ലാകളക്ടറിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് ടി സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

## 2014-15 വർഷത്തിൽ ആരംഭിച്ച ഹയർ സെക്കൻഡറി ബാച്ചുകളുടെ അംഗീകാരം

157 (1271) <u>ശ്രീ. ജോർജ് എം. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷം ആരംഭിച്ച ഹയർസെക്കണ്ടറി ബാച്ചുകളിൽ ഇനിയും അംഗീകാരം ലഭിക്കാത്ത സ്കൂളുകളുടെ പ്ലസ് വൺ ബാച്ചുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിന്റെ കാരണം വിശദമാക്കുമോ;

(സി) ഇവയ്ക്ക് അംഗീകാരം ലഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2014-15 വർഷം ആരംഭിച്ച ഹയർ സെക്കൻഡറി ബാച്ചുകളിൽ ഇനിയും അംഗീകാരം ലഭിക്കാത്ത ബാച്ചുകളില്ല.

(ബി & സി) ഉത്തരം 'എ'.-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## നടുവിൽ ഗവൺമെന്റ് പോളിടെക്നിക്

158 (1272) <u>ശ്രീ. കെ. സി. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവിൽ ഗവൺമെന്റ് പോളിടെക്നിക് വരുന്ന അധ്യയന വർഷമെങ്കിലും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എ.ഐ.സി.ടി.ഇ. മാനദണ്ഡ പ്രകാരം പോളിടെക്നിക്കിന് ആവശ്യമായ സ്ഥലം ടെക്നിക്കൽ ഹൈസ്കൂളിന് നീക്കിവച്ച സ്ഥലത്തിൽനിന്നും ഉടമാവകാശം കൈമാറാൻ മുൻ യു.ഡി.എഫ്. ഗവൺമെന്റ് കൈക്കൊണ്ട തീരുമാനം നടപ്പിലായോ;

(സി) ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) നടുവിൽ ടെക്നിക്കൽ ഹൈസ്കൂളിന്റെ കൈവശമുള്ള 7.4 ഏക്കറിൽനിന്നും 5 ഏക്കർ ഭൂമി നടുവിൽ പോളിടെക്നിക്കിനുവേണ്ടി കൈമാറാൻ 16-3-2016-ലെ മന്ത്രിസഭാ യോഗം ഐറ്റം നമ്പർ 8766 പ്രകാരം തീരുമാനമെടുത്തിരുന്നെങ്കിലും ഇലക്ഷൻ പ്രക്രിയ കഴിയുന്നതുവരെ കാത്തിരിക്കാൻ ഇലക്ഷൻ കമ്മീഷൻ ഉത്തരവാകുകയാണുണ്ടായത്.

തുടർന്ന് കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്തെ മന്ത്രിസഭാ തീരുമാനങ്ങൾ പരിശോധിക്കാൻ രൂപീകരിച്ച മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയ്ക്ക് ഈ വിഷയം സമർപ്പിച്ചിരുന്നു.

16-3-2016-ലെ 8766-ാം നമ്പർ മന്ത്രിസഭാ തീരുമാനം ഉപസമിതി പുനഃപരിശോധിക്കാൻ ശിപാർശ ചെയ്ത ഉത്തരവുകളുടെ ഗണത്തിൽ ഉൾപ്പെടാത്തതാണ്.

നടുവിൽ ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിന്റെ വസ്തുവിൽനിന്നും അഞ്ച് ഏക്കർ സ്ഥലം നടുവിൽ ഗവൺമെന്റ് പോളിടെക്നിക് കോളേജിനുവേണ്ടി കൈമാറാൻ തീരുമാനിച്ചിരുന്നുവെങ്കിലും സ്ഥലം ഏറ്റെടുത്ത് നൽകേണ്ട നടപടിക്രമങ്ങൾ ഇനിയും പൂർത്തീകരിച്ചിട്ടില്ല.

പോളിടെക്നിക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയും ചെയ്തിരുന്നില്ല. ഈ നടപടിക്രമങ്ങൾ പൂർത്തിയായശേഷം എ.ഐ.സി.റ്റി.ഇ.യുടെ അംഗീകാരംകൂടി ലഭിച്ചാൽ മാത്രമേ നടുവിൽ ഗവൺമെന്റ് പോളിടെക്നിക് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

## സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരണം

159 (1273) <u>ശ്രീ. എ. പി. അനിൽ കുമാർ</u>:
<u>ശ്രീ. അനിൽ അക്കര</u>:
<u>ശ്രീ. വി. ടി. ബൽറാം</u>:
<u>ശ്രീ. ഹൈബി ഈഡൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത മാന്വൽ പ്രകാരം കലോത്സവ വിധികർത്താക്കളെ നിയമിക്കുന്നതിൽ കർശന നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) വിധി നിർണ്ണയത്തെപ്പറ്റി വ്യാപക പരാതികൾ ഉയർന്നതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് നിരീക്ഷണം ഏർപ്പെടുത്തിയിരുന്നോ; ഏതെങ്കിലും തരത്തിലുള്ള ക്രമക്കേട് കണ്ടെത്തിയിരുന്നോ;

(സി) സംസ്ഥാന ബാലാവകാശ കമ്മീഷന്റെ പേരിൽ വ്യാജ അപ്പീലുകൾ നിർമ്മിച്ചവരെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സ്കൂൾ കലോത്സവ മാന്വൽ സമഗ്ര പരിഷ്കരണത്തിനുശേഷവും അപ്പീലുകൾ കുറയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ മാന്വൽ വീണ്ടും പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) സംസ്ഥാന സ്കൂൾകലോത്സവത്തിൽ വിദ്യാർത്ഥികൾ അപ്പീലിൽ കൂടി പങ്കെടുക്കുന്നത് കലോത്സവത്തിന്റെ സമയക്രമം തെറ്റിക്കുന്നതിനാൽ ഇതിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനും അർഹതപ്പെട്ട കുട്ടികളുടെ അവകാശം സംരക്ഷിക്കുന്നതിനും എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. തുടർച്ചയായി രണ്ട് വർഷം വിധികർത്താക്കളായി വരുന്നവരെ ഒഴിവാക്കുന്നതും, ജില്ലയിൽ ഒരേ ഇനത്തിൽ വിധികർത്താക്കളായവരെ അതേ ഇനത്തിൽ സംസ്ഥാന തലത്തിൽ വിധികർത്താവായി തെരഞ്ഞെടുക്കാൻ പാടില്ല എന്ന നിബന്ധനയും ഉൾപ്പെടുത്തി വിധികർത്താക്കൾക്ക് ഈ വർഷം മുതൽ ഫോട്ടോ ഐഡന്റിറ്റി നിർബന്ധമാക്കി.

(ബി) ഏർപ്പെടുത്തിയിരുന്നു. ക്രമക്കേട് സംബന്ധിച്ച റിപ്പോർട്ടോന്നും ലഭിച്ചിട്ടില്ല.

(സി) ക്രൈംബ്രാഞ്ച് അന്വേഷണം നടന്നുവരുന്നു.

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) ശാസ്ത്രീയമായ മാന്വൽ പരിഷ്കരണത്തിലൂടെ അപ്പീലുകളുടെ എണ്ണം കുറയ്ക്കാൻ ശ്രമിക്കുന്നതാണ്.

**സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി**

160 (1274) <u>ശ്രീ. എസ്. രാജേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയനുസരിച്ച് ദേവികുളം മണ്ഡലത്തിൽ അനുവദിച്ച സ്കൂളുകളുടെ നടപടിക്രമങ്ങൾ സംബന്ധിച്ച് വ്യക്തമാക്കുമോ;

(ബി) ആയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ ദേവികുളം നിയോജകമണ്ഡലത്തിലെ കുഞ്ചിത്തണ്ണി ഗവ. ഹയർ സെക്കൻഡറി സ്കൂളിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി പ്രസ്തുത സ്കൂളിന്റെ 5.80 കോടി (അഞ്ചുകോടി എൺപത് ലക്ഷം രൂപ) രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുകയും അപ്രകാരം അഞ്ച് കോടി രൂപയുടെ കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായത്തിനുള്ള അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസി'നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## പാഠപുസ്തകങ്ങളുടെ പരിഷ്കരണം

161 (1275) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 അധ്യയന വർഷം മുതൽ 1-മുതൽ 12-ാം ക്ലാസ് വരെയുള്ള പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പാഠപുസ്തകങ്ങൾ പരിഷ്കരിക്കുമ്പോൾ സിലബസ് ലഘൂകരിക്കുന്നതായ വിമർശനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

## പ്രീ-പ്രൈമറി സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണം

162 (1276) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി മണ്ഡലത്തിൽ 2012-ന് മുൻപ് ആരംഭിച്ചിട്ടുള്ള പ്രീ പ്രൈമറി സ്കൂളുകളിൽ അടക്കം ഉച്ചക്കഞ്ഞി വിതരണം നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സ്വകാര്യ സ്കൂളുകളിലെ യൂണിഫോം

163 (1277) <u>ശ്രീ. സി. ദിവാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2017-18 അധ്യയന വർഷം മുതൽ സ്വകാര്യ സ്കൂളുകളിൽ ഒന്നിലധികം യൂണിഫോമുകൾ പാടില്ല എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിൽ, അത് പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർദ്ദേശം പാലിക്കാത്ത സ്കൂളുകൾക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

<u>ഉത്തരം</u>

(എ-സി) ഉണ്ട്. സംസ്ഥാനത്തെ സർക്കാർ/അൺഎയ്ഡഡ് സ്കൂളുകളിൽ ഒന്നിലധികം യൂണിഫോം ഉപയോഗിക്കുന്നത് തടഞ്ഞുകൊണ്ട് മുൻവർഷങ്ങളിൽ നിർദ്ദേശം നൽകിയിരുന്നു. ഈ നിർദ്ദേശം പൂർണ്ണമായും പാലിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ 2017-18 അധ്യയന വർഷത്തിൽ ഈ നിർദ്ദേശം ഒരിക്കൽക്കൂടി നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച സർക്കുലർ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം പാലിക്കാത്ത സ്കൂളുകൾക്കെതിരെ പരാതി ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

## പീസ് ഇന്റർനാഷണൽ സ്കൂൾ

164 (1278) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ചക്കരപ്പറമ്പിലെ പീസ് ഇന്റർനാഷണൽ സ്കൂൾ അടച്ചുപൂട്ടാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) മതവൈരം വളർത്തുന്ന പുസ്തകങ്ങൾ പഠിപ്പിക്കുന്നു എന്നതാണോ ചക്കരപ്പറമ്പ് പീസ് ഇന്റർനാഷണൽ സ്കൂൾ അടച്ചുപൂട്ടാനുള്ള കാരണമെന്ന് അറിയിക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത പുസ്തകം ഏതാണെന്ന് വ്യക്തമാക്കാമോ;

(ഇ) പുസ്തകത്തിലെ മതവൈരം വളർത്തുമെന്ന് പറയുന്ന അധ്യായത്തിന്റെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) മതവൈരം വളർത്തുന്ന പുസ്തകങ്ങൾ പഠിപ്പിക്കുന്നു എന്നതുൾപ്പെടെ വിവിധ കാരണങ്ങളാൽ എറണാകുളം ചക്കരപ്പറമ്പിലെ പീസ് ഇന്റർനാഷണൽ സ്കൂൾ അടച്ചുപൂട്ടാൻ സർക്കാർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

(ഡി&ഇ) ടി സ്കൂളിനെതിരെ പോലീസ് കേസ്സെടുത്ത് അന്വേഷണ അവസ്ഥയിലാണ്. കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാൻ സാധിക്കുന്നില്ല.

**ഹൈടെക് വിദ്യാലയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ**

165 (1279) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഹൈടെക് നിലവാരത്തിലേയ്ക്കുയർത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള വിദ്യാലയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി ഏതെങ്കിലും പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത വിദ്യാലയങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയ അംഗീകൃത ഏജൻസികൾ തന്നെയാണോ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതെന്ന് വിശദീകരിക്കുമോ;

(സി) ഹൈടെക് നിലവാരത്തിലേയ്ക്കുയർത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള അപ്പർ പ്രൈമറി വിദ്യാലയങ്ങളുടെ നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഹൈടെക് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വിദ്യാലയങ്ങളുടെ പദ്ധതി നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസി'-നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) അല്ല.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ ഹൈടെക് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതിയിൻകീഴിൽ അപ്പർ പ്രൈമറി വിദ്യാലയങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല.

## സ്കൂളുകൾ മികവിന്റെ കേന്ദ്രമാക്കാൻ നടപടി

166 (1280) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ നെയ്യാറ്റിൻകര ഗവ. ഹയർ സെക്കൻഡറി സ്കൂൾ, ഗവ. ഹൈസ്കൂൾ പെരുമ്പഴുതൂർ, ഗവ. ഹൈസ്കൂൾ കുളത്തൂർ എന്നിവയെ അന്താരാഷ്ട്ര നിലവാരമുള്ളതും മികവിന്റെ കേന്ദ്രവുമാക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളുകളിലെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ടെണ്ടർ നടപടി സ്വീകരിച്ചോ എന്ന് വ്യക്തമാക്കുമോ;

(സി) നെയ്യാറ്റിൻകര ഗവ. ഹയർ സെക്കൻഡറി സ്കൂൾ, ഗവ. ഹൈസ്കൂൾ പെരുമ്പഴുതൂർ, ഗവ. ഹൈസ്കൂൾ കുളത്തൂർ എന്നിവയുടെ പുതിയ ഡി.പി.ആർ. അനുസരിച്ച് പ്രവൃത്തികൾ ഏത് വർഷത്തിൽ പൂർത്തീകരിക്കാൻ കഴിയും; എത്ര കോടി രൂപയാണ് സർക്കാർ ഫണ്ടിൽ നിന്നും ചെലവാക്കുന്നത്;

(ഡി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഹൈടെക് ക്ലാസ്റൂം, മികവിന്റെ കേന്ദ്രം തുടങ്ങിയ പദ്ധതികൾക്ക് എത്ര തുകയാണ് ചെലവാക്കുന്നത് എന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ നെയ്യാറ്റിൻകര ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഗവ. ഹൈസ്കൂൾ പെരുമ്പഴുതൂർ, ഗവ. വി.&എച്ച്.എസ്.എസ്. കുളത്തൂർ എന്നീ സ്കൂളുകളിൽ പെരുമ്പഴുതൂർ ഗവ. ഹൈസ്കൂളിനും ഭരണാനുമതികൾ നൽകിയിട്ടുണ്ട്. ഗവ. വി.&എച്ച്.എസ്.എസ്. കുളത്തൂരിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(ബി) പദ്ധതി നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസി'നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പദ്ധതി നിർവ്വഹണം 2019-ൽ പൂർത്തിയാക്കാനാകുമെന്ന് കരുതുന്നു. നെയ്യാറ്റിൻകര ഗവ. ബോയ്സ് ഹയർസെക്കൻഡറി സ്കൂൾ, പെരുമ്പഴുതൂർ ഗവ. ഹൈസ്കൂൾ എന്നീ സ്കൂളുകൾക്കായി കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായമായി ആകെ 8 കോടി രൂപ(5+3 കോടി)യ്ക്കാണ് അനുമതി നൽകിയിട്ടുള്ളത്. വി.&എച്ച്.എസ്.എസ്. കുളത്തൂരിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

(ഡി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽനിന്നും മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള നെയ്യാറ്റിൻകര ഗവ. ബോയ്സ് ഹയർസെക്കൻഡറി സ്കൂളിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കായി 6.37 കോടി (ആറുകോടി മുപ്പത്തേഴ് ലക്ഷം രൂപ) രൂപയുടെ എസ്റ്റിമേറ്റ് അടങ്ങുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

## സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ നടപടി

167 (1281) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ മാനവേദൻ ജി.വി.എച്ച്.എസ്.എസ്., എടക്കര ജി.ച്ച്.എസ്.എസ്, മൂത്തേടം ജി.എച്ച്.എസ്.എസ്. പൂക്കോട്ടുംപാടം ജി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉത്തരം

നിലമ്പൂർ മണ്ഡലത്തിലെ മാനവേദൻ ജി.വി.എച്ച്.എസ്.എസ്.-നെ മികവിന്റെ കേന്ദ്രമാക്കുന്നതിനായി 5 കോടി രൂപയുടെ ഡി.പി.ആർ. പ്രകാരം 8.27 കോടി രൂപയുടെ (എട്ടുകോടി ഇരുപത്തേഴ് ലക്ഷം രൂപ മാത്രം) ഭരണാനുമതിയും 5 കോടി (അഞ്ചുകോടി) രൂപയുടെ കിഫ്ബി ധനസഹായവും ലഭ്യമായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് 3 കോടി (മൂന്നുകോടി) രൂപയുടെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള എടക്കര ജി.എച്ച്.എസ്.എസ്., മൂത്തേടം ജി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകൾക്ക് ഡി.പി.ആർ. പ്രകാരം യഥാക്രമം 3.11, 4.87 കോടി രൂപയുടെ (മൂന്നുകോടി പതിനൊന്ന് ലക്ഷം, നാലുകോടി എൺപത്തിയേഴ് ലക്ഷം) ഭരണാനുമതി നൽകിയിട്ടുണ്ട്. മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് 3 കോടി (മൂന്നുകോടി) രൂപയുടെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പൂക്കോട്ടുംപാടം ജി.എച്ച്.എസ്.എസ്.-ന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ നിലമ്പൂർ ജി.വി.എച്ച്.എസ്.എസ്.-ന്

ആർ.എം.എസ്.എ.-യുടെ 2010-11, 2011-12 വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ലൈബ്രറി, സയൻസ് ലാബ്, കമ്പ്യൂട്ടർ റൂം, അഡീഷണൽ ക്ലാസ് റൂം എന്നിവയ്ക്കായി 28.730 ലക്ഷം രൂപ (ഇരുപത്തെട്ട് ലക്ഷത്തി എഴുപത്തിമൂവായിരം രൂപ) അനുവദിക്കുകയും ആദ്യഗഡുവായി 14.365 ലക്ഷം രൂപ (പതിനാല് ലക്ഷത്തി മുപ്പത്താറായിരത്തി അഞ്ഞൂറ് രൂപ) നിലമ്പൂർ മുനിസിപ്പാലിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. എടക്കര ജി.എച്ച്.എസ്.എസ്.-ന് പ്രസ്തുത പദ്ധതിയിൻ കീഴിൽ ടോയ്‌ലെറ്റ് നിർമ്മാണത്തിനായി ഒരു ലക്ഷം രൂപയും കുടിവെള്ള സൗകര്യമൊരുക്കുന്നതിനായി 50,000 രൂപയും (അമ്പതിനായിരം രൂപ) അനുവദിച്ച് മലപ്പുറം ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. പൂക്കോട്ടുംപാടം ജി.എച്ച്.എസ്.എസ്.-ന് ആർ.എം.എസ്.എ.-യുടെ 2010-11, 2011-12 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ലൈബ്രറി, സയൻസ് ലാബ്, കമ്പ്യൂട്ടർ റൂം, അഡീഷണൽ ക്ലാസ് റൂം എന്നിവയ്ക്കായി 34.360 ലക്ഷം രൂപ (മുപ്പത്തിനാല് ലക്ഷത്തി മുപ്പത്താറായിരം രൂപ) അനുവദിച്ചതിൽ 17.180 ലക്ഷം രൂപയും (പതിനേഴ് ലക്ഷത്തി പതിനെണ്ണായിരം രൂപ) കൂടാതെ ടോയ്‌ലെറ്റ് നിർമ്മാണത്തിനായി അനുവദിച്ച ഒരു ലക്ഷം രൂപയും മലപ്പുറം ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

## സ്കൂളുകളിലെ കളിസ്ഥലങ്ങളും അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്താൻ നടപടി

168 (T* 1282) <u>ശ്രീ. സി. ദിവാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിലെ കളിസ്ഥലങ്ങളും അടിസ്ഥാനസൗകര്യങ്ങളും മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നല്കുമോ?

<u>ഉത്തരം</u>

(എ&ബി) ഓരോ സർക്കാർ വിദ്യാലത്തിന്റെയും പ്രത്യേകതകളും ആവശ്യവും പരിഗണിച്ച് വിശദമായ രൂപരേഖ സ്കൂൾതല കമ്മിറ്റിയുടെ നേതൃത്വത്തിൽ തയ്യാറാക്കി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. സ്കൂളുകളിലെ ഭൗതിക സാഹചര്യ വികസന പദ്ധതിയിൻകീഴിൽ കളിസ്ഥലത്തിന്റെ വികസനത്തിനും പ്രാധാന്യം നൽകിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻകീഴിൽ സർക്കാർ

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി 2017-18 വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിൽ കിഫ്ബിയുടെ 5, 3 കോടി രൂപയുടെ സഹായത്തോടെ യഥാക്രമം 141, 229 സ്കൂളുകളുടെ പുനരുദ്ധാരണത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായുള്ള തീരുമാനമെടുത്തിട്ടുണ്ട്. അതിൽ 301 സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾക്ക് (ഡി.പി.ആർ.) ഭരണാനുമതിയും 208 എണ്ണത്തിന് 'കിഫ്ബി' അംഗീകാരവും ഇതിനകം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 69 സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു. ആർ.എം.എസ്.എ. അപ്ഗ്രേഡ് ചെയ്ത 52 സർക്കാർ സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡിന്റെ സഹായത്തോടുകൂടി രണ്ടുകോടി രൂപയും നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

## സ്കൂളുകൾക്ക് ഐ.റ്റി. ഉപകരണങ്ങൾ

169 (1283) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾക്ക് ഐ.റ്റി. ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം വാങ്ങുന്ന ഉപകരണങ്ങൾക്ക് വാറണ്ടി ഉറപ്പാക്കുന്നതിനും പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ക്ലാസ്റൂം ഹൈടെക്ക് ആക്കി മാറ്റുന്നതിന് വാങ്ങാവുന്ന ഉപകരണങ്ങൾ എന്തൊക്കെയാണ്; സ്കൂളുകളിൽ സ്വതന്ത്ര സോഫ്റ്റ്വെയർ മാത്രമേ ഉപയോഗിക്കാവു എന്ന നിബന്ധന കൊണ്ടുവന്നിട്ടുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ മുഴുവൻ ഐ.സി.ടി. ഹാർഡ്‌വെയർ ഉപകരണങ്ങളും വാങ്ങുന്നതിനും വിന്യസിക്കുന്നതിനുമായി 6-1-2018-ലെ സ.ഉ. (സാധാ) നമ്പർ 97/2018/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങളും പ്രോജക്ടും നേരിട്ടും, എം.എൽ.എ./എം.പി./തദ്ദേശഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ടുപയോഗിച്ചും നടപ്പാക്കുന്ന ഒറ്റപ്പെട്ട വാങ്ങലുകൾക്കും ഈ നിർദ്ദേശങ്ങൾ ബാധകമാക്കിയതോടൊപ്പം വിവിധ ഐ.സി.ടി. ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ, വില, വിൽപ്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവയും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ഉപകരണങ്ങൾക്ക് അഞ്ചുവർഷത്തെ വാറണ്ടി നിർബന്ധമാക്കിയിട്ടുണ്ട്. പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള കോൾസെന്റർ നമ്പർ, വെബ് പോർട്ടൽ അഡ്രസ് എന്നിവ സ്കൂളുകൾക്ക് ലഭ്യമാക്കുന്നതിനും പരാതികൾ രണ്ടുപ്രവൃത്തി ദിവസങ്ങൾക്കകം അറ്റന്റ് ചെയ്യേണ്ടതിനും പരമാവധി അഞ്ച് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ പരിഹരിക്കുന്നതിനും അല്ലാത്തപക്ഷം പ്രതിദിനം 100 രൂപ നിരക്കിൽ പിഴ (പരമാവധി ഉപകരണത്തിന്റെ വിലയുടെ 10% എന്ന നിലയിൽ) ഈടാക്കുന്നതിനും സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ഹൈടെക്/സ്മാർട്ട് ക്ലാസ് റൂമിന് ആവശ്യമുള്ളത് ലാപ് ടോപ് കമ്പ്യൂട്ടർ, സീലിംഗിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രൊജക്റ്റർ, പ്രൊജക്ഷന് അനുയോജ്യമായ രീതിയിൽ പെയിന്റടിച്ച ഭിത്തി/സ്ക്രീൻ, യു.എസ്.ബി. സ്പീക്കർ, ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് എന്നിവയാണ്. സ്കൂളുകളിൽ പ്രൊപ്രൈറ്ററി ആയതും ലൈസൻസ് നിബന്ധനകളുള്ളതുമായ സോഫ്റ്റ്‌വെയറുകൾ യാതൊരു കാരണവശാലും വിന്യസിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

## പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള നടപടി

170 (1284) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി വിദ്യാലയങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിനായി നിർദ്ദിഷ്ട ഏജൻസികളെ നിർദ്ദേശിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) മാസ്റ്റർ പ്ലാൻ തയ്യാറാക്കിയ സ്ഥാപനങ്ങൾക്കോ സർക്കാർ അംഗീകൃത ഏജൻസികൾക്കോ ആയതിന് ചെലവായ തുക നൽകുന്നതിന് നിർദ്ദേശം പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന്റെ ഭാഗമായി വിദ്യാലയങ്ങളുടെ തനതായ മാസ്റ്റർ പ്ലാൻ അംഗീകൃത ഏജൻസികൾ തയ്യാറാക്കേണ്ടതുണ്ട്. ഇപ്രകാരം അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ മാസ്റ്റർ

പ്ലാനുകളുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ മാസ്റ്റർ പ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിനായി സർക്കാർ അംഗീകൃത ഏജൻസിയായ 'കിറ്റ്കോ'-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ശാസ്ത്രീയമായ മാസ്റ്റർ പ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള സർക്കാർ അംഗീകൃത ഏജൻസിയായ 'കിറ്റ്കോ'-യ്ക്ക് കൺസൾട്ടൻസി ഫീസ് ഇനത്തിൽ അംഗീകൃത തുക നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. അക്കാദമിക മികവ്-മുഴുവൻ പൊതുവിദ്യാലയങ്ങളിലെയും മുഴുവൻ കുട്ടികളുടെയും മികവിനായി സ്കൂളിനെ സുസജ്ജമാക്കാൻ അദ്ധ്യാപകരുടെയും പൊതുസമൂഹത്തിന്റെയും കൂട്ടായ ശ്രമത്തോടെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ഓരോ സ്ഥാപനവും ഫെബ്രുവരി ഒന്നിന് അത് പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

2. ഭൗതിക സാഹചര്യ വികസനം-സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന്റെ ആദ്യപടിയായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 141 സ്കൂളുകളെ കിഫ്ബി മുഖേനയുള്ള 5 കോടി (അഞ്ചുകോടി) രൂപയുടെ ധനസഹായത്തോടെ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി നിർവ്വഹണത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി 'കൈറ്റ്'-നെ തെരഞ്ഞെടുക്കുകയും അതിന്റെ നേതൃത്വത്തിൽ തുടർനടപടികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും (സർക്കാർ/എയ്ഡഡ്) ഹൈടെക് ആക്കുന്ന പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

3. സമൂഹത്തെ സജ്ജമാക്കുന്ന പ്രവർത്തനം-പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ അറിയിക്കാനും ഗുണമേൻമ വിദ്യാഭ്യാസത്തിൽ രക്ഷകർത്താക്കളുടെയും പൊതുസമൂഹത്തിന്റെയും പങ്ക് എന്താകണമെന്ന് ചർച്ച ചെയ്യുന്നതിനുമായി വിപുലമായ രക്ഷാകർതൃ വിദ്യാഭ്യാസവും നടന്നുവരുന്നു.

## പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതി

171 (1285) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. കെ. ശശി:
ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളെ ശാക്തീകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) അദ്ധ്യാപന നിലവാരം ഉയർത്താനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) പാഠ്യവിഷയങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഉൽകൃഷ്ടമായി മാറ്റുന്നതോടൊപ്പം സാമൂഹ്യ ഉദ്ഗ്രഥനത്തിനും സാമ്പത്തികമായും സാമൂഹ്യമായും പ്രാന്തവൽക്കരിക്കപ്പെട്ടവർക്കും ഭിന്നശേഷിക്കാർക്കും അവസരസമത്വം ഉറപ്പാക്കാനും പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ ശാക്തീകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു:

1. അക്കാദമിക മികവ്-മുഴുവൻ പൊതുവിദ്യാലയങ്ങളിലെയും മുഴുവൻ കുട്ടികളുടെയും മികവിനായി സ്കൂളിനെ സുസജ്ജമാക്കാൻ അദ്ധ്യാപകരുടെയും പൊതുസമൂഹത്തിന്റെയും കൂട്ടായ ശ്രമത്തോടെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ഓരോ സ്ഥാപനവും ഫെബ്രുവരി ഒന്നിന് അത് പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

2. ഭൗതിക സാഹചര്യ വികസനം-സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന്റെ ആദ്യപടിയായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 141 സ്കൂളുകളെ 'കിഫ്ബി' മുഖേനയുള്ള 5 കോടി (അഞ്ചുകോടി) രൂപയുടെ ധനസഹായത്തോടെ പുനരുദ്ധരിക്കുന്നതിനും ഭൗതിക സാഹചര്യ വികസനത്തിനായി

തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 229 സ്കൂളുകളെ കിഫ്ബി മുഖേനയുള്ള 3 കോടി (മൂന്നുകോടി) രൂപയുടെ ധനസഹായത്തോടെ നവീകരിക്കുന്നതിനുമുള്ള പദ്ധതി നിർവ്വഹണത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി 'കൈറ്റ്'-നെ തെരഞ്ഞെടുക്കുകയും അതിന്റെ നേതൃത്വത്തിൽ തുടർനടപടികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും (സർക്കാർ/എയ്ഡഡ്) ഹൈടെക് ആക്കുന്ന പ്രവർത്തനങ്ങളും ഇതിനകം ആരംഭിച്ചിട്ടുണ്ട്.

3. സമൂഹത്തെ സജ്ജമാക്കുന്ന പ്രവർത്തനം-പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ അറിയിക്കാനും ഗുണമേൻമ വിദ്യാഭ്യാസത്തിൽ രക്ഷകർത്താക്കളുടെയും പൊതുസമൂഹത്തിന്റെയും പങ്ക് എന്താകണമെന്ന് ചർച്ച ചെയ്യുന്നതിനുമായി വിപുലമായ രക്ഷാകർതൃ വിദ്യാഭ്യാസവും നടന്നുവരുന്നു.

(ബി) അദ്ധ്യാപകരുടെ നിലവാരം ഉയർത്തുന്നതിനായി പുത്തൻ പഠന ബോധന തന്ത്രങ്ങളും സാങ്കേതികവിദ്യയും ക്ലാസ്സിൽ പ്രയോഗിക്കാൻ പ്രാപ്തരാകുംവിധം അദ്ധ്യാപകരുടെ ആത്മവിശ്വാസവും അറിവും കഴിവും വർദ്ധിപ്പിക്കുന്നതിനുതകുന്ന കാലാനുസൃതമായ പരിശീലനങ്ങൾ നൽകിവരുന്നു. പാഠ്യപദ്ധതി വിഭാവന ചെയ്യുന്ന പഠന നേട്ടങ്ങൾ (Learning outcome) ഓരോ ഘട്ടത്തിലും ഉറപ്പാക്കുന്നതിന് പഠനവിഭവ പോർട്ടലായ 'സമഗ്ര' രൂപീകരിച്ച് ക്ലാസ് റൂം വിനിമയം ഐ.സി.റ്റി. അധിഷ്ഠിതമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് നിർബന്ധ യോഗ്യത പരീക്ഷയാക്കി മാറ്റി ഗുണനിലവാരമുള്ള അദ്ധ്യാപകരെ തെരഞ്ഞെടുത്തുവരുന്നു. അദ്ധ്യാപക പരിശീലന പാഠ്യപദ്ധതി (ഇൻസർവ്വീസ്, പ്രീസർവ്വീസ്) സമഗ്രമായി പരിഷ്കരിച്ച് നടപ്പാക്കാനുള്ള നടപടികൾക്ക് തുടക്കംകുറിച്ചു. തൽസ്ഥല പിന്തുണയും മോണിറ്ററിംഗും ശക്തമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. വ്യത്യസ്ത സാമ്പത്തിക സാമൂഹിക സാംസ്കാരിക പശ്ചാത്തലങ്ങളിൽനിന്ന് വരുന്ന കുട്ടികളുടെ കഴിവിനും പഠനവേഗത്തിനും മാനസിക നിലവാരത്തിനും ഉതകുന്ന തരത്തിൽ എല്ലാ കുട്ടികൾക്കും ഇടം ലഭിക്കുന്ന ഒരു 'യൂണിവേഴ്സൽ ഡിസൈൻ ഓഫ് ലേണിംഗ്' എന്നറിയപ്പെടുന്ന പഠന രീതിയാണ് രൂപകൽപ്പന ചെയ്യാനുദ്ദേശിക്കുന്നത്. സ്കൂൾ അക്കാദമിക പദ്ധതിയിൽ ഭിന്നശേഷിക്കാരെ പരിഗണിച്ച് പ്രത്യേക പരിശീലന മുറികൾ, പഠനോപകരണങ്ങൾ എന്നിവയ്ക്കൊപ്പം നവീന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള പരിശീലനവും തൊഴിൽ പരിശീലനവും ഉൾപ്പെടുത്തുന്ന കാര്യം പരിഗണിച്ചുവരുന്നു. കൂടാതെ ജില്ലകളിൽ ഒന്നുവീതം പതിനാല് ജില്ലകളിലും ഓട്ടിസം പാർക്കുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

172 (1286) ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം അനുമതിക്കായി തെരഞ്ഞെടുത്ത വിദ്യാലയങ്ങൾ ഏതൊക്കെയാണെന്നും അവയുടെ നിർവ്വഹണ ചുമതല ഏത് ഏജൻസിക്കാണെന്നും വ്യക്തമാക്കാമോ ?

### ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2017-18-ലെ ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 141 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. അക്കാദമിക മികവ്-മുഴുവൻ പൊതുവിദ്യാലയങ്ങളിലെയും മുഴുവൻ കുട്ടികളുടെയും മികവിനായി സ്കൂളിനെ സുസജ്ജമാക്കാൻ അദ്ധ്യാപകരുടെയും പൊതുസമൂഹത്തിന്റെയും കൂട്ടായ ശ്രമത്തോടെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ഓരോ സ്ഥാപനവും ഫെബ്രുവരി ഒന്നിന് അത് പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

2. ഭൗതിക സാഹചര്യ വികസനം-സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന്റെ ആദ്യപടിയായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 141 സ്കൂളുകളെ കിഫ്ബി മുഖേനയുള്ള 5 കോടി (അഞ്ചുകോടി) രൂപയുടെ ധനസഹായത്തോടെ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി നിർവ്വഹണത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി 'കൈറ്റ്'-നെ തെരഞ്ഞെടുക്കുകയും അതിന്റെ നേതൃത്വത്തിൽ തുടർനടപടികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും (സർക്കാർ/എയ്ഡഡ്) ഹൈടെക് ആക്കുന്ന പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

3. സമൂഹത്തെ സജ്ജമാക്കുന്ന പ്രവർത്തനം-പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ അറിയിക്കാനും ഗുണമേൻമ വിദ്യാഭ്യാസത്തിൽ രക്ഷകർത്താക്കളുടെയും പൊതുസമൂഹത്തിന്റെയും പങ്ക് എന്താകണമെന്ന് ചർച്ച ചെയ്യുന്നതിനുമായി വിപുലമായ രക്ഷാകർതൃ വിദ്യാഭ്യാസവും നടന്നുവരുന്നു.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന പദ്ധതിയിൻ പ്രകാരം ആദ്യഘട്ടത്തിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 141 സ്കൂളുകളിൽ അനുബന്ധമായി* ചേർത്തിരിക്കുന്ന 138 സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ശേഷിക്കുന്ന മൂന്ന് സ്കൂളുകളുടെ കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല. ടി സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കിറ്റ്കോയെയും പദ്ധതി നിർവ്വഹണത്തിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി 'കൈറ്റ്'-നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസ്' എന്ന കമ്പനിയെ ടെൻഡർ മുഖേന തെരഞ്ഞെടുക്കുകയും കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും (സർക്കാർ/എയ്ഡഡ്) ഹൈടെക് ആക്കുന്ന പ്രവർത്തനം കൈറ്റ് മുഖേന നടപ്പാക്കിവരുന്നു. അദ്ധ്യാപന-അധ്യയന തലങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിന് ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് മികച്ച അധ്യയന നിലവാരം ഉറപ്പാക്കുന്നതിനുതകുന്ന അദ്ധ്യാപക പരിശീലന പരിപാടികൾ അദ്ധ്യാപകർക്ക് എസ്.സി.ഇ.ആർ.റ്റി., എസ്.എസ്.എ. എന്നിവരുടെ നേതൃത്വത്തിൽ നൽകിവരുന്നു.

## സ്പെഷ്യൽ സ്കൂളുകൾ

173 (1287) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര ലക്ഷം ഭിന്നശേഷി കുട്ടികൾ വിവിധ സ്കൂളുകളിൽ വിദ്യാഭ്യാസം നടത്തുന്നു എന്നതിന് കണക്കുകൾ ഉണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ച്, കുട്ടികളുടെ എണ്ണവും ടീച്ചർമാരുടെ എണ്ണവും വിശദമാക്കുമോ;

(ബി) ഈ കുട്ടികൾക്കായി സർക്കാർ വക പ്രത്യേകം സ്കൂളുകൾ സംസ്ഥാനത്ത് ഉണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയെന്ന് ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(സി) മറ്റുള്ള മേഖലകളിൽ എത്ര സ്കൂളുകൾ പ്രവൃത്തിക്കുന്നുണ്ട്; ഇത് സർക്കാരിന്റെ മേൽനോട്ടത്തിലാണോ നടത്തുന്നത്; വിശദമാക്കാമോ;

(ഡി) ഭിന്നശേഷി കുട്ടികളെ പഠിപ്പിക്കുന്നതിനായി സർക്കാർ സഹായത്തോടെ, പ്രത്യേക ബോർഡ് രൂപീകരിച്ച് പ്രത്യേക അദ്ധ്യാപകരെയും,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മറ്റ് ആളുകളെയും നിയമിച്ച് ആധുനികരീതിയിലും കുറ്റമറ്റതരത്തിലും ടി സ്കൂളുകൾ ആവശ്യമുള്ള സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ നടത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്ന സംസ്ഥാനത്തെ പല പ്രൈവറ്റ് സ്കൂളുകളിലും പണിയെടുക്കുന്ന ടീച്ചർമാർക്കും മറ്റും മാസശമ്പളം 2,300 (രണ്ടായിരത്തി മുന്നൂറ്) രൂപയിൽ താഴെയാണ് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(എഫ്) മറ്റ് അദ്ധ്യാപകരിൽനിന്നും വ്യത്യസ്തമായി ഭിന്നശേഷി കുട്ടികളെ പഠിപ്പിക്കുകയും, പരിചരിക്കുകയും ചെയ്യുന്ന അദ്ധ്യാപകർക്ക് അർഹമായ ശമ്പളം കൊടുക്കുവാൻ പുതിയ പദ്ധതി നടപ്പിലാക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടർ/ഹയർ സെക്കന്ററി ഡയറക്ടർ എന്നിവർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഭിന്നശേഷി കുട്ടികൾ, അദ്ധ്യാപകർ എന്നിവരുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

(സ്കൂൾ വിഭാഗം)

| ക്രമ നമ്പർ | റവന്യൂ ജില്ല | കുട്ടികളുടെ എണ്ണം | അദ്ധ്യാപകരുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 2096 | 299 |
| 2 | കൊല്ലം | 1006 | 117 |
| 3 | പത്തനംതിട്ട | 826 | 99 |
| 4 | ആലപ്പുഴ | 1457 | 139 |
| 5 | കോട്ടയം | 2484 | 424 |
| 6 | ഇടുക്കി | 1047 | 156 |
| 7 | എറണാകുളം | 3419 | 522 |
| 8 | തൃശ്ശൂർ | 2279 | 257 |
| 9 | പാലക്കാട് | 1023 | 102 |
| 10 | മലപ്പുറം | 2386 | 239 |
| 11 | കോഴിക്കോട് | 2171 | 218 |
| 12 | വയനാട് | 583 | 64 |
| 13 | കണ്ണൂർ | 1889 | 191 |
| 14 | കാസർഗോഡ് | 661 | 68 |
| ആകെ | | 233271 | 2895 |

സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ വിദ്യാഭ്യാസം നടത്തുന്ന ഭിന്നശേഷി കുട്ടികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഈ സ്കൂളുകളിൽ 44 അദ്ധ്യാപകർ സ്ഥിരം തസ്തികയിൽ ജോലി ചെയ്യുകയും ബാക്കിയുള്ള തസ്തികകളിൽ ഗസ്റ്റ് അദ്ധ്യാപകർ സേവനം അനുഷ്ഠിക്കുകയും ചെയ്യുന്നു.

ഇതുകൂടാതെ സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ്, പാങ്ങപ്പാറ, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ 58 വിദ്യാർത്ഥികളും 4 സ്പെഷ്യൽ ടീച്ചർമാരും ഒരു നഴ്സറി ടീച്ചറും നിലവിലുണ്ട്. ഇതിനുപുറമെ സ്ഥാപനത്തിലെ വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിൽ 62 കുട്ടികളുമുണ്ട്.

(ബി) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലകളിലായി 43 സ്പെഷ്യൽ സ്കൂളുകൾ നിലവിലുണ്ട്. ആലപ്പുഴ ജില്ല ഒഴികെ മറ്റ് 13 ജില്ലകളിലും സ്കൂളുകളുണ്ട്. മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സ്വയംഭരണ സ്ഥാപനമായ സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ്, പാങ്ങപ്പാറ, തിരുവനന്തപുരം എന്ന സ്ഥാപനവും പ്രവൃത്തിച്ചുവരുന്നുണ്ട്.

(സി) മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി എൻ.ജി.ഒ.-കളും തദ്ദേശഭരണ സ്ഥാപനങ്ങളും നടത്തിവരുന്ന 314 സ്കൂളുകൾ നിലവിലുണ്ട്. പ്രസ്തുത സ്കൂളുകൾക്ക് സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു.

(ഡി) ഭിന്നശേഷി കുട്ടികളെ പഠിപ്പിക്കുന്നതിനാവശ്യമായ സ്കൂളുകൾ സംസ്ഥാനത്ത് ആവശ്യാനുസരണം നിലവിലുണ്ട്. അവയ്ക്കെല്ലാം സർക്കാരിൽനിന്നും സാമ്പത്തിക സഹായം നൽകുന്നുമുണ്ട്. മാത്രമല്ല, ആവശ്യമായ സ്പെഷ്യൽ ട്രെയിനിംഗ് യോഗ്യത നേടിയ അദ്ധ്യാപകരാണ് സ്കൂളുകളിൽ അദ്ധ്യാപനം നടത്തുന്നത്. കൂടാതെ ഭിന്നശേഷിക്കാരായ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്ന സാഹചര്യമാണുള്ളത്. ആയതിനാൽ പ്രത്യേക ബോർഡ് രൂപീകരിക്കേണ്ട ആവശ്യകതയില്ല.

(ഇ) മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി എൻ.ജി.ഒ.-കളും തദ്ദേശഭരണ സ്ഥാപനങ്ങളും നടത്തിവരുന്ന സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും സ്കൂൾ നടത്തുന്ന എൻ.ജി.ഒ./എൽ.എസ്.ജി.-യാണ് അവരവരുടെ ഓണറേറിയം നൽകുന്നത്. എന്നാൽ ഓണറേറിയം നൽകുന്നതിനായി നിശ്ചിത തുക സർക്കാരിൽനിന്നും ഗ്രാന്റായി നൽകുന്നുണ്ട്.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി

174 (1288) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ 33 സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് ആക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കാത്ത വിഷയം ഈ സർക്കാർ ക്യാബിനറ്റ് സബ് കമ്മിറ്റിയുടെ പരിശോധനയ്ക്ക് അയച്ചിരുന്നോ; എങ്കിൽ എന്തായിരുന്നു പ്രസ്തുത കമ്മിറ്റിയുടെ തീരുമാനം;

(സി) സെറിബ്രൽ പാൾസി പോലുള്ള അസുഖംമൂലം ബുദ്ധിമുട്ടുന്ന കുട്ടികളെ പരിശീലിപ്പിക്കുന്ന ഇത്തരം സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

ഉത്തരം

(എ) 33 സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(ബി) ക്യാബിനറ്റ് സബ്കമ്മിറ്റിയുടെ പരിശോധനയ്ക്ക് അയച്ചിരുന്നു. ഫയലിനാസ്പദമായ വിഷയം പുനഃപരിശോധിക്കണമെന്നായിരുന്നു സബ്കമ്മിറ്റിയുടെ തീരുമാനം. ഫയൽ വീണ്ടും പരിശോധിച്ചുവരുന്നു.

(സി) പരിശോധിച്ചുവരുന്നു.

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

175 (1289) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്; വിശദമാക്കുമോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി മങ്കട നിയോജക മണ്ഡലത്തിലെ സ്കൂളുകളിൽ ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത ക്യാമ്പയിനുമായി ബന്ധപ്പെട്ട് മണ്ഡലത്തിലെ സ്കൂളുകൾക്ക് ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ നാലുതലം പ്രവർത്തനങ്ങൾ ഏകോപിതമായി നടത്തിവരുന്നു.

1. <u>അക്കാദമിക മികവ്</u>-മുഴുവൻ പൊതുവിദ്യാലയങ്ങളിലെയും മുഴുവൻ കുട്ടികളുടെയും മികവിനായി സ്കൂളിനെ സുസജ്ജമാക്കാൻ അദ്ധ്യാപകരുടെയും പൊതുസമൂഹത്തിന്റെയും കൂട്ടായ ശ്രമത്തോടെ ജനകീയമായ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ഓരോ സ്ഥാപനവും ഫെബ്രുവരി ഒന്നിന് അത് പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അദ്ധ്യാപന-അധ്യയന തലങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ കൈവരിക്കുന്നതിനുതകുന്ന അദ്ധ്യാപക പരിശീലന പരിപാടികളും അദ്ധ്യാപകർക്ക് നൽകിവരുന്നു.

2. <u>ഭൗതിക സൗകര്യ വികസനം</u>-സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ ആധുനികവൽക്കരിക്കുന്നതിന്റെ ആദ്യപടിയായി കിഫ്ബി മുഖേനയുള്ള 5 കോടി രൂപയുടെ ധനസഹായത്തോടെ 141 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും മൂന്നുകോടി രൂപയുടെ ധനസഹായത്തോടെ 229 സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമുള്ള നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി 'കൈറ്റ്'-നെ തെരഞ്ഞെടുത്തിട്ടുണ്ട്. അതിന്റെ നേതൃത്വത്തിൽ ടെണ്ടർ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളെ ഹൈടെക് ആക്കുന്ന പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ 139 എൽ.പി./യു.പി. സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പ്രവർത്തനങ്ങൾക്ക് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് ചേർന്ന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. <u>സമൂഹത്തെ സജ്ജമാക്കൽ പ്രവർത്തനം</u> -പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ അറിയിക്കാനും ഗുണമേൻമാ വിദ്യാഭ്യാസത്തിൽ രക്ഷകർത്താക്കളുടെയും പൊതുസമൂഹത്തിന്റെയും പങ്ക് എന്താകണമെന്ന് ചർച്ച ചെയ്യുന്നതിനുമായി വിപുലമായ രക്ഷാകർതൃ വിദ്യാഭ്യാസം നടന്നുവരുന്നു.

4. <u>ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പ്രവർത്തനം</u> -പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 4775 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ 45000 ക്ലാസ് മുറികൾ ഹൈടെക് ക്ലാസ് മുറികളാക്കുന്ന പദ്ധതി

2018 ജനുവരി 22-ന് ആരംഭിച്ചു. 2018 ജൂൺ 1-നുമുമ്പ് പ്രസ്തുത 45000 ക്ലാസ് മുറികളിലേയ്ക്കുള്ള ഐ.സി.റ്റി. ഉപകരണങ്ങളുടെ വിതരണം പൂർത്തിയാക്കത്തക്ക വിധത്തിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മങ്കട നിയോജകമണ്ഡലത്തിലെ മക്കരപ്പറമ്പ് ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. മൂന്നുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള കടുങ്ങാപ്പാറ ഗവ. എച്ച്.എസ്.എസ്.-ന്റെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. കൂടാതെ മണ്ഡലത്തിലെ പാങ്ങ് ഗവ. യു.പി.എസ്.-ന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം മങ്കട നിയോജകമണ്ഡലത്തിലെ 21 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ സജ്ജമായ 379 ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിവിധ പദ്ധതികളുടെ ഭാഗമായി സ്കൂളുകൾക്ക് ഫണ്ട് അനുവദിച്ച് നൽകിയിട്ടില്ല. പദ്ധതി നിർവ്വഹണം സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ 'കൈറ്റ് ' മുഖേനയാണ് നടത്താനുദ്ദേശിച്ചിട്ടുള്ളത്.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

176 (1290) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനായി ഓരോ ജില്ലയിലും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഓരോ പദ്ധതിയുടെയും നിർവ്വഹണ-നിരീക്ഷണ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കൽപ്പറ്റ നിയോജകമണ്ഡലത്തിൽനിന്നും മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന്

തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കൽപ്പറ്റ ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായത്തിനുള്ള അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസ്'-നെ ടെൻഡർ മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രകാരം പരമാവധി 3 കോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള കൽപ്പറ്റ മണ്ഡലത്തിലെ കാക്കവയൽ ഗവ. ഹയർ സെക്കന്ററി സ്കൂൾ, മേപ്പാടി ഗവ. ഹയർ സെക്കന്ററി സ്കൂൾ എന്നീ സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി&സി) പദ്ധതി നടപ്പാക്കുന്നതിന് ടെൻഡർ മുഖേന പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി (പി.എം.സി.) കോ-ഓർഡിനേറ്ററെ നിയമിച്ചിട്ടുണ്ട്. കോൺട്രാക്ടർമാരെ നിയമിക്കുന്നതിനുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു. നിർമ്മാണപ്രവർത്തനം തുടങ്ങുന്നമുറയ്ക്ക് നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിന് ഉദ്യോഗസ്ഥരെ നിയമിച്ച് നിർദ്ദേശം നൽകുന്നതാണ്. ജില്ലാതലത്തിലുള്ള പ്രവർത്തനങ്ങളുടെ നിരീക്ഷണത്തിനായി ജില്ലാതല മിഷനുകൾ രൂപീകരിച്ചിട്ടുണ്ട്.

## മങ്കട മണ്ഡലത്തിലെ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ നടപടി

177 (1291) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മങ്കട മണ്ഡലത്തിലെ മക്കരപ്പറമ്പ് ഹയർ സെക്കണ്ടറി സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുന്നതിനുള്ള എന്തെല്ലാം നടപടി സ്വീകരിച്ച് വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി കിഫ്ബിയിൽനിന്നും എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; ഇതുസംബന്ധിച്ച് കിറ്റ്കോ തയ്യാറാക്കിയ പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ടോ;

(സി) മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുത്ത കടുങ്ങപുരം ഗവൺമെന്റ് ഹൈസ്കൂളിന് 3 കോടി രൂപ വകയിരുത്തിയിട്ടുണ്ടോ; പ്രസ്തുത തുക സ്കൂളിന് കൈമാറിയിട്ടുണ്ടോ;

(ഡി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മങ്കട മണ്ഡലത്തിലെ മക്കരപ്പറമ്പ് ഹയർ സെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുന്നതിന്റെ ഭാഗമായി കിറ്റ്കോ തയ്യാറാക്കിയ 5.09 കോടി (അഞ്ചുകോടി ഒൻപത് ലക്ഷം) രൂപയുടെ എസ്റ്റിമേറ്റ് അടങ്ങുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതി നൽകുകയും അപ്രകാരം പദ്ധതി നിർവ്വഹണത്തിനായി 5 കോടി (അഞ്ചുകോടി) രൂപ കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായത്തിന് അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസ്'-നെ ടെൻഡർ മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി&ഡി) 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രകാരം പരമാവധി 3 കോടി (മൂന്നുകോടി) രൂപയുടെ സർക്കാർ ധനസഹായത്തോടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മങ്കട മണ്ഡലത്തിലെ കടുങ്ങപുരം ഗവ. ഹയർ സെക്കന്ററി സ്കൂളിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് 'കിറ്റ്കോ'-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സംസ്ഥാന സ്കൂൾ കലോത്സവം

178 (1292) <u>ശ്രീ. പി. കെ. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ കലോത്സവ വേദിയിൽ കഴിഞ്ഞ കാലങ്ങളിൽ നിലനിന്നിരുന്ന ദുരനുഭവങ്ങളും പിഴവുകളും സമ്മാനലബ്ധിയ്ക്കുവേണ്ടി നടന്നുവന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളും എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽനിന്ന് കലോത്സവ വേദിയെ ശുദ്ധീകരിക്കാനും ഇത്തരം പ്രവണതകൾ ഇല്ലാതാക്കാനുമായി എന്തു നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(സി) 2017-18 അധ്യയന വർഷത്തിലെ കലോത്സവത്തിൽ പങ്കെടുക്കാനായും സമ്മാനം ലഭിക്കാനുമായി വഴിവിട്ട് പ്രവർത്തിച്ചവരായി കണ്ടെത്തിയ വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ, ഉദ്യോഗസ്ഥരായി നിയമിക്കപ്പെട്ടവർ, മറ്റുള്ളവർ എന്നിവരുടെ പ്രവർത്തനം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ഡി) വഴിവിട്ട് പ്രവർത്തിച്ചവരായി കണ്ടെത്തിയവർ ആരെല്ലാമെന്നും അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇനിയും കണ്ടെത്തേണ്ടവർ ഉണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ കാലങ്ങളിൽ യുവജനോത്സവം സംബന്ധിച്ച് ധാരാളം പരാതികൾ ലഭിച്ചിട്ടുണ്ട്. അതിൻപ്രകാരം കുട്ടികൾ തമ്മിലുള്ള കിടമത്സരം ഒഴിവാക്കാനായി പരിഷ്കരിച്ച മാന്വലിൽ ധാരാളം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിരുന്നു. അതിൽ പ്രധാനമായി ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ ഒഴിവാക്കി. അതുകൊണ്ടുതന്നെ കഴിഞ്ഞ കാലങ്ങളിൽ നിലനിന്നിരുന്ന ദുരനുഭവങ്ങൾ ഭാഗികമായി കുറയുകയുണ്ടായി. ബാലാവകാശ കമ്മീഷന്റെ വ്യാജ അപ്പീലുമായി മത്സരിക്കാൻ വന്നത് നിയമവിരുദ്ധ പ്രവർത്തനമാണ്. ഇത് കണ്ടെത്തുകയും മുഴുവൻ വ്യാജ അപ്പീലുകളും തടയുകയും ചെയ്തിട്ടുണ്ട്.

(ബി) നിയമവിരുദ്ധ പ്രവർത്തനങ്ങൾ കണ്ടെത്തിയ കേസ്സുകളിൽ അന്വേഷണം നടത്തുന്നതിനുള്ള ചുമതല ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചു. കൂടാതെ തൃശ്ശൂർ ലോക്കൽ പോലീസിന് ഇക്കാര്യത്തിൽ പരാതി സമർപ്പിക്കുകയും ചെയ്തിരുന്നു.

(സി&ഡി) ബാലാവകാശ സംരക്ഷണ കമ്മീഷന്റെ പേരിലുള്ള വ്യാജ അപ്പീലുകളുമായി മത്സരത്തിൽ പങ്കെടുത്തത് സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. അന്വേഷണ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സ്വകാര്യ സ്കൂൾ, കോളേജ് അദ്ധ്യാപകരുടെ യോഗ്യത**

179 (1293) ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സ്വകാര്യ സ്കൂളുകളും കോളേജുകളുമാണുള്ളത്;

(ബി) പ്രസ്തുത സ്കൂളുകളിലും കോളേജുകളിലും പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ യോഗ്യതകൾ പരിശോധിക്കാൻ സർക്കാരിന് ബാധ്യതയുണ്ടോ;

(സി) അദ്ധ്യാപകർക്ക് യോഗ്യത ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് പൊതുജനത്തിന് സർക്കാരിൽ പരാതിപ്പെടാനുള്ള സംവിധാനമുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനത്ത് നിലവിൽ 7220 പ്രൈവറ്റ് എയ്ഡഡ് സ്കൂളുകളും 1066 പ്രൈവറ്റ് അൺഎയ്ഡഡ് (അംഗീകൃതം) സ്കൂളുകളുമാണുള്ളത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനത്ത് നിലവിൽ 156 ആർട്സ് & സയൻസ് കോളേജുകൾ, 17 എയ്ഡഡ് ട്രെയിനിംഗ് കോളേജുകൾ, 11 അറബിക് കോളേജുകൾ ഉൾപ്പെടെ 184 കോളേജുകൾ എയ്ഡഡ് മേഖലയിൽ പ്രവൃത്തിക്കുന്നു.

(ബി) സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ യോഗ്യതകൾ പരിശോധിക്കാൻ സർക്കാരിന് ബാധ്യതയുണ്ട്. എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക നിയമനങ്ങളിൽ അപ്രൂവൽ നൽകുന്നത് യൂണിവേഴ്സിറ്റികളായതിനാൽ യോഗ്യത പരിശോധിക്കാനുള്ള ബാധ്യത യൂണിവേഴ്സിറ്റികളിൽ നിക്ഷിപ്തമാണ്.

(സി) പൊതുവിദ്യാഭ്യാസ മേഖലയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും സർക്കാരിനും ഉന്നത വിദ്യാഭ്യാസ മേഖലയിൽ സർക്കാർ, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ പരാതി നൽകാവുന്നതാണ്.

**രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ**

180 (1294) <u>ശ്രീ. എം. സ്വരാജ്:</u>
<u>പ്രൊഫ. കെ. യു. അരുണൻ:</u>
<u>ശ്രീ. വി. ജോയി:</u>
<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാന്റെ കീഴിലുള്ള സ്കൂളുകളെ കേന്ദ്ര സർക്കാർ അവഗണിക്കുകയും അവയ്ക്കുള്ള ഫണ്ട് വെട്ടിക്കുറയ്ക്കുകയും ചെയ്തതിനാൽ അത്തരം സ്കൂളുകൾ പ്രതിസന്ധിയിലായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളുകളെ സംരക്ഷിക്കുന്നതിനും അവയെ ഹൈടെക് ആക്കുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇത്തരം സ്കൂളുകളുടെ നവീകരണത്തിനായി നബാർഡിൽനിന്നും നൂറ് കോടി രൂപ ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം ജില്ലകളിലെ സ്കൂളുകളുടെ പരിപാലനത്തിനാണ് പ്രസ്തുത തുക വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ആർ.എം.എസ്.എ. അപ്ഗ്രേഡ് ചെയ്ത 52 സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനത്തിന് 2016-17-ൽ ഒന്നാം ഗഡുവായി 20 ലക്ഷം രൂപയും രണ്ടാം ഗഡുവായി 2017-18-ൽ 20 ലക്ഷം രൂപയും അനുവദിച്ചു. ഇതുകൂടാതെ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി ഈ 52 സ്കൂളുകൾക്ക് 2 കോടി രൂപാവീതം ആകെ 104 കോടി രൂപ നബാർഡിൽനിന്നും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കാസർഗോഡ്, കോഴിക്കോട്, മലപ്പുറം, കോട്ടയം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലെ സ്കൂളുകളുടെ പരിപാലനത്തിനാണ് പ്രസ്തുത തുക വിനിയോഗിക്കുന്നത്.

**സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്ന പദ്ധതി**

181 (1295) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് 2017-18-ലെ ബജറ്റിൽ തീരുമാനിച്ചിട്ടുള്ള എത്ര സ്കൂളുകൾക്കാണ് പദ്ധതി പ്രകാരമുള്ള ഭരണാനുമതി നൽകിയിട്ടുള്ളതെന്നും ഇനി എത്ര സ്കൂളുകൾക്ക് ഭരണാനുമതി നൽകാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ സ്കൂളുകളിൽ ഏതിലെങ്കിലും മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; ഇനി എത്ര സ്കൂളുകളിൽ പ്രവൃത്തി ആരംഭിക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ദീർഘനാളുകൾ കഴിഞ്ഞിട്ടും നിരവധി സ്കൂളുകളിൽ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിൽ വരുത്തിയിട്ടുള്ള കാലതാമസത്തിന് കാരണമെന്താണ്; പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്കൂളുകൾക്ക് കിഫ്ബിയിൽ വകയിരുത്തിയതുകൂടാതെ 5 കോടി രൂപയിൽ അധികരിച്ച തുക എം.എൽ.എ. ഫണ്ടിൽ നിന്നും വകയിരുത്തിയ എത്ര സ്കൂളുകളുണ്ട്; അവ ഏതെല്ലാം നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെട്ടവയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് 2017-18-ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 141 സ്കൂളുകളിൽ 138 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇതിനോടകം ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകാത്ത 3 സ്കൂളുകൾക്ക് ഇനിയും ഭരണാനുമതി ലഭ്യമാക്കാനുണ്ട്.

(ബി) ഇല്ല. പദ്ധതി നിർവ്വഹണത്തിനുള്ള കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആയത് പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(സി) മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയശേഷം പദ്ധതി നിർവ്വഹണത്തിനായുള്ള ഭരണാനുമതിയും കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായത്തിനുള്ള അനുമതിയും ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ നിർമ്മാണപ്രവർത്തനങ്ങളാരംഭിക്കാൻ സാധിക്കുകയുള്ളൂ. പദ്ധതി നിർവ്വഹണത്തിനായുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസ്' എന്ന കമ്പനിയെ തെരഞ്ഞെടുക്കുകയും കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ഡി) മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്കൂളുകൾക്ക് കിഫ്ബി വകയിരുത്തിയ തുക കൂടാതെ 5 കോടി രൂപയിൽ അധികരിച്ച തുക കണ്ടെത്തുന്നതിന് എം.എൽ.എ. ഫണ്ട് ഉപയോഗിക്കാമെന്ന് ചുവടെ ചേർക്കുന്ന 22 നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ.-മാർ ഉറപ്പ് നൽകിയിട്ടുണ്ട് :

1. കൊടുവള്ളി
2. കണ്ണൂർ
3. കുന്നമംഗലം
4. ചേർത്തല
5. ഏലത്തൂർ
6. തിരുവമ്പാടി

7. ചിറയിൻകീഴ്

8. മണലൂർ

9. കൊടുങ്ങല്ലൂർ

10. കൊച്ചി

11. കഴക്കൂട്ടം

12. നെയ്യാറ്റിൻകര

13. മലമ്പുഴ

14. കൊയിലാണ്ടി

15. പട്ടാമ്പി

16. മൂവാറ്റുപുഴ

17. തൃക്കരിപ്പൂർ

18. അരൂർ

19. ആലത്തൂർ

20. കയ്പമംഗലം

21. തൃപ്പൂണിത്തുറ

22. ധർമ്മടം.

കൂടാതെ മാനന്തവാടി, കൽപ്പറ്റ, കുറ്റിയാടി, കാഞ്ഞങ്ങാട്, നാട്ടിക, കളമശ്ശേരി, കുട്ടനാട്, തിരുവനന്തപുരം, ചടയമംഗലം, ഉടുമ്പൻചോല, തിരുവല്ല, ഉദുമ എന്നീ നിയോജകമണ്ഡലങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ എം.എൽ.എ. ഫണ്ട് ലഭ്യമാണെന്ന് ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാർ അറിയിച്ചിട്ടുണ്ട്.

**ഹരിപ്പാട് മണ്ഡലത്തിൽ ഹൈടെക് വിദ്യാലയങ്ങൾ**

182 (1296) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഹരിപ്പാട് മണ്ഡലത്തിലെ ഏതൊക്കെ വിദ്യാലയങ്ങളെയാണ് ഹൈടെക് വിദ്യാലയങ്ങളാക്കി മാറ്റാൻ തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനാവശ്യമായ പദ്ധതി രേഖകൾ തയ്യാറാക്കിയിട്ടുണ്ടോ;

(സി) പദ്ധതി നിർവ്വഹണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും ഹൈടെക് ക്ലാസ് മുറികൾ സജ്ജമാക്കുന്നതിനും പദ്ധതികളുണ്ട്. ഹൈടെക് ക്ലാസ് റൂം പദ്ധതി സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും നടപ്പിലാക്കുന്നതിനാൽ ഹരിപ്പാട് മണ്ഡലത്തിലെ എല്ലാ സ്കൂളുകളിലും ടി പദ്ധതി നടപ്പിലാക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഐ.സി.റ്റി. ഉപകരണങ്ങളുടെ വിതരണം 2018 ജനുവരി 22 മുതൽ ആരംഭിച്ചിട്ടുണ്ട്.

**മങ്കടയിലെ സ്കൂളുകളുടെ വികസനം**

183 (1297) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 2017-18 ബജറ്റ് പ്രസംഗത്തിൽ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് മങ്കട മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട സ്കൂളിന്റെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മങ്കട മണ്ഡലത്തിൽ എൽ.പി./യു.പി. സ്കൂളിന് ഒരു കോടി രൂപ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ പ്രൊപ്പോസൽ പരിഗണിക്കുമോ; പ്രസ്തുത തുക അംഗീകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ക്യാമ്പയിന്റെ ഭാഗമായി മണ്ഡലത്തിലെ ഏഴോളം സ്കൂളുകളിൽ ജൈവവൈവിധ്യ ഉദ്യാന നിർമ്മാണത്തിന് നൽകിയ പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി 2017-18 ബജറ്റ് പ്രസംഗത്തിൽ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് മങ്കട നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട കടുങ്ങാപുരം ഗവ. ഹയർ സെക്കന്ററി സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(ബി) മങ്കട മണ്ഡലത്തിലെ ഗവ. യു.പി. സ്കൂൾ, പാങ്ങ് സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ചു. ആയത് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച്, ഭരണാനുമതി നൽകുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

(സി) അംഗീകരിച്ചു. ആദ്യഘട്ടമായി തെരഞ്ഞെടുത്ത എല്ലാ സ്കൂളുകൾക്കും സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

184 (1298) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾപ്പെടുത്തി മികവിന്റെ കേന്ദ്രം, അടിസ്ഥാന സൗകര്യ വികസനം, ജൈവ വൈവിധ്യപാർക്ക് തുടങ്ങിയവയ്ക്കായി ഒന്നാംഘട്ടത്തിൽ ഏതെല്ലാം സ്കൂളുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; നിയോജകമണ്ഡലം തിരിച്ച് വിശദാംശം നൽകുമോ;

(ബി) ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളുടെ പ്രവൃത്തികൾക്ക് കിഫ്ബി മുഖേന ഫണ്ട് ലഭ്യമാക്കുകയും പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും പ്രസ്തുത സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 141 സ്കൂളുകളിൽ 138 സ്കൂളുകൾക്ക് നിർമ്മാണ പ്രവർത്തനത്തിനുള്ള ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി മുഖേന ഫണ്ട് ലഭ്യമാക്കുന്നതിന് അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഭൗതിക സാഹചര്യ വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള 229 സ്കൂളുകളിൽ 163 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം 70 സ്കൂളുകൾക്ക് കിഫ്ബി മുഖേന ഫണ്ട് ലഭ്യമാക്കുന്നതിന് അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസ് '-നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(സി) ഏറനാട് നിയോജകമണ്ഡലത്തിലെ കുഴിമണ്ണ ഗവ. ഹയർ സെക്കന്ററി സ്കൂളിനെ അഞ്ചുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനും അരീക്കോട് ഗവ. ഹയർ സെക്കന്ററി സ്കൂൾ, കവനൂർ ഗവ. ഹയർ സെക്കന്ററി സ്കൂൾ, കീഴ്പറമ്പ് ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി

സ്കൂൾ, എടവണ്ണ എസ്.എച്ച്.എം.വി. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ എന്നീ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മൂന്നുകോടി രൂപയുടെ സർക്കാർ ധനസഹായം അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസ്'-നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

185 (1299) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട തലശ്ശേരി നിയോജകമണ്ഡലത്തിലെ ചിറക്കര വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള സാങ്കേതികാനുമതി ലഭ്യമായോ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ബാധകമല്ല. ഈ പ്രവൃത്തി 2019-ഓടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**വിദ്യാർത്ഥികൾക്കിടയിൽ ലഹരി ഉപയോഗം**

186 (1300) <u>ശ്രീ. അനൂപ് ജേക്കബ്:</u>
<u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. വി. പി. സജീന്ദ്രൻ:</u>
<u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്കിടയിൽ ലഹരി ഉപയോഗം വളരെ വർദ്ധിച്ചുവെന്ന റിപ്പോർട്ട് ഗൗരവമായി വിദ്യാഭ്യാസ വകുപ്പ് പരിഗണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) സർക്കാർ എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ പ്രവൃത്തിച്ചുവരുന്ന ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി വിദ്യാർത്ഥികളെ ഈ വിപത്തിൽനിന്നും രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 50 യാർഡ് ദൂരത്തുള്ള സ്റ്റാർ ഹോട്ടലുകളിൽ ബാർ ലൈസൻസ് അനുവദിക്കുന്നതിനുള്ള പുതിയ അബ്കാരി നയം വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം കുറയ്ക്കുന്നതിന് സഹായകമാകുമെന്ന് വിദ്യാഭ്യാസ വകുപ്പ് കരുതുന്നുണ്ടോ?

ഉത്തരം

(എ) പരിഗണിച്ചിട്ടുണ്ട്. സ്കൂളുകളിലെ കുട്ടികൾക്ക് ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതുമൂലമുള്ള ദൂഷ്യവശങ്ങൾ സംബന്ധിച്ച് കൗൺസിലിംഗ് നൽകുന്നുണ്ട്. കൂടാതെ സ്കൂളിന് 100 വാര ചുറ്റളവിൽ ലഹരി വസ്തുക്കൾ വിൽക്കുന്നത് നിരോധിച്ചിട്ടുണ്ട്. മാത്രമല്ല സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, ജാഗ്രതാ സമിതികൾ എന്നിവയും ആരംഭിച്ച് പ്രവൃത്തിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്താനും അവർക്ക് പ്രത്യേക കൗൺസിലിംഗ് ക്ലാസ്സുകൾ നൽകാനും നടപടി സ്വീകരിച്ചുവരുന്നു. വിമുക്തി സ്റ്റിക്കർ എല്ലായിടത്തും പതിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവൃത്തിക്കുന്നുണ്ട്. ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ ക്ലബ്ബിന്റെ നേതൃത്വത്തിൽ എക്സൈസ് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് നടത്താറുണ്ട്. കൂടാതെ സൗഹൃദ ക്ലബ്ബുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ കോ-ഓർഡിനേറ്റർമാർക്ക് ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള വിദഗ്ദ്ധ പരിശീലനം ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽനിന്നും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ് (NIMHANS)-ൽനിന്നും നൽകിയിട്ടുണ്ട്.

(ബി) വിദഗ്ദ്ധ പരിശീലനം ലഭിച്ച സൗഹൃദ കോ-ഓർഡിനേറ്റർമാർ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന കുട്ടികളെ കണ്ടെത്തി പ്രാഥമിക കൗൺസിലിംഗ് നൽകി ഈ വിപത്തിൽനിന്നും രക്ഷപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ, സൗഹൃദ ക്ലബ്ബിന്റെ ഡ്രോപ് ബോക്സിൽ ലഹരിയുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചാൽ എക്സൈസ് വകുപ്പിന് കൈമാറാറുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താറുണ്ട്.

(സി) സ്റ്റാർ ഹോട്ടലുകളിലെ ബാറുകളിൽനിന്നും സ്കൂൾ വിദ്യാർത്ഥികൾ ലഹരി വസ്തുക്കൾ വാങ്ങി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയതിനാൽ സർക്കാരിന്റെ പുതിയ അബ്കാരി നയവും കുട്ടികളിലെ ലഹരി ഉപയോഗവും തമ്മിൽ ബന്ധമില്ല.

## പൊതുവിദ്യാഭ്യാസ വകുപ്പിൽ പുതിയ തസ്തിക സൃഷ്ടിക്കൽ നടപടികൾ

187 (1301) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2014-15, 2015-16 വർഷങ്ങളിൽ അനുവദിക്കപ്പെട്ട സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് അടക്കം വിശദാംശം ലഭ്യമാക്കാമോ;

(ബി) 2015-16 വർഷം ഹയർ സെക്കണ്ടറി ആരംഭിച്ച സ്കൂളുകൾക്ക് ആവശ്യമായ തസ്തിക സൃഷ്ടിക്കൽ 2014-15-ലെ തസ്തിക സൃഷ്ടിക്കലിനുശേഷം പരിഗണിക്കുമെന്ന് പറഞ്ഞിരുന്നോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത കാലയളവിലെ തസ്തിക സൃഷ്ടിക്കൽ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) 2015-16 വർഷം അനുവദിച്ചതും ക്ലാസ്സുകൾ തുടങ്ങിയതുമായ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിന് കോടതി ഉത്തരവുകൾ, വ്യക്തിഗത പരാതികൾ, സംഘടനകളുടെ നിവേദനങ്ങൾ മുതലായവ ലഭിച്ചിരുന്നോ; എങ്കിൽ ആയതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2014-15 അധ്യയന വർഷം അനുവദിക്കപ്പെട്ട സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) 2015-16 അധ്യയന വർഷം ആരംഭിച്ച ഹയർ സെക്കന്ററി സ്കൂളുകളിൽ/ബാച്ചുകളിൽ തസ്തിക സൃഷ്ടിക്കുന്ന വിഷയം 2018-19 അധ്യയന വർഷത്തിൽ പരിഗണിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) 2015-16 അധ്യയന വർഷത്തിൽ എയ്ഡഡ്/സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ ലഭ്യമാക്കാൻ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) വ്യക്തിഗത പരാതികൾ ലഭിച്ചിട്ടുണ്ട്. ഡയറക്ടറുടെ പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കണമെന്നറിയിച്ച് തീർപ്പാക്കി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഫുൾ ടൈം മീനിയൽ (എഫ്.ടി.എം) തസ്തിക

188 (1302) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ പി.എസ്.സി.ക്ക് വിട്ടിട്ടില്ലാത്ത തസ്തികയായ എഫ്.ടി.എം. തസ്തികകളിൽ നിലവിൽ എത്രയെണ്ണം ഓഫീസുകളിലും സ്കൂളുകളിലുമായി ഒഴിഞ്ഞുകിടക്കുന്നുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള പി.ടി.സി.എം. (പാർട്ട് ടൈം കണ്ടിൻജന്റ് മീനിയൽ) തസ്തികകളിൽനിന്നും പ്രൊമോഷൻവഴി എത്ര എഫ്.ടി.എം. തസ്തിക നികത്തിയിട്ടുണ്ട് ;

(സി) ബാക്കിയുള്ള തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി നിയമനം നടത്തുന്നതിന് കഴിയുമോയെന്ന് പരിശോധിക്കുമോ?

ഉത്തരം

(എ)

| | |
|---|---|
| തിരുവനന്തപുരം | 20 |
| കൊല്ലം | 7 |
| പത്തനംതിട്ട | 2 |
| ആലപ്പുഴ | 19 |
| കോട്ടയം | 7 |
| ഇടുക്കി | 4 |
| എറണാകുളം | 4 |
| തൃശ്ശൂർ | 1 |
| പാലക്കാട് | 39 |
| മലപ്പുറം | 36 |
| കോഴിക്കോട് | 39 |
| വയനാട് | 1 |
| കണ്ണൂർ | 6 |
| കാസർഗോഡ് | 4 |
| ഹെഡ്ക്വാർട്ടേഴ്സ് യൂണിറ്റ് | 3 |

(ബി)

| | |
|---|---|
| തിരുവനന്തപുരം | 11 |
| കൊല്ലം | എല്ലാ തസ്തികകളും |
| പത്തനംതിട്ട | 64 |
| ആലപ്പുഴ | എല്ലാ തസ്തികകളും |
| കോട്ടയം | 76 |
| ഇടുക്കി | 31 |
| എറണാകുളം | 6 |
| തൃശ്ശൂർ | എല്ലാ തസ്തികകളും |
| പാലക്കാട് | 72 |
| മലപ്പുറം | - |
| കോഴിക്കോട് | - |
| വയനാട് | - |
| കണ്ണൂർ | 4 |
| കാസർഗോഡ് | 13 |
| ഹെഡ്ക്വാർട്ടേഴ്സ് യൂണിറ്റ് | - |

(സി) നടപടി സ്വീകരിച്ചുവരുന്നു.

**പുതിയ സ്കൂളുകളിലെ അദ്ധ്യാപകർക്ക് അംഗീകാരം നൽകൽ**

189 (1303) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരംഭിച്ച സ്കൂളുകളിൽ 14-12-2016-ലെ കെ.ഇ.ആർ. ഭേദഗതിക്ക് മുമ്പായി നിയമനം ലഭിച്ച അദ്ധ്യാപകരുടെ കണക്കുകൾ വ്യക്തമാക്കാമോ;

(ബി) ഇവർക്ക് അംഗീകാരം നൽകുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത അദ്ധ്യാപകർക്ക് അംഗീകാരം നൽകുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ;

(ഡി) അംഗീകാരം നൽകാത്തപക്ഷം 1979-നുശേഷം അനുവദിച്ച സ്കൂളുകൾ മുഴുവനും സർക്കാർ ഏറ്റെടുക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പുതുതായി ആരംഭിച്ചതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിൽ 14-12-2016-ലെ കെ.ഇ.ആർ. ഭേദഗതിക്ക് മുമ്പ് നിയമനം ലഭിച്ച 902 അദ്ധ്യാപകരുണ്ട്. (29-1-2016 മുതൽ 13-12-2016 വരെയുള്ള നിയമനങ്ങൾ).

(ബി) ചട്ടങ്ങളനുസരിച്ച് നിയമിക്കപ്പെട്ടവരാണെങ്കിൽ ഇവരുടെ അംഗീകാരത്തിന് യാതൊരു തടസ്സവുമില്ല. കെ.ഇ.ആർ. അധ്യായം XXI ചട്ടം 7(3) പ്രകാരം, പുതുതായി ആരംഭിച്ചതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിലെ എല്ലാ ഒഴിവുകളും, ചട്ടങ്ങൾ 43 (സ്ഥാനക്കയറ്റം), 51 എ (പുനർനിയമനം), 51 ബി (ആശ്രിത നിയമനം) അവകാശികൾക്കുവിധേയമായി സംരക്ഷിത ജീവനക്കാരെ ഉപയോഗിച്ചാണ് നികത്തേണ്ടത്. ഇതിന് വിപരീതമായി നിയമനം നടത്തിയിട്ടുണ്ടെങ്കിൽ അവ അംഗീകരിക്കപ്പെടുകയില്ല.

(സി) ചട്ടങ്ങൾക്ക് വിരുദ്ധമായി നടത്തുന്ന നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് വ്യവസ്ഥയില്ല.

(ഡി) 1979-നുശേഷം അനുവദിച്ച സ്കൂളുകൾ ഏറ്റെടുക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**നിയമന അംഗീകാരം**

190 (1304) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1979-നുമുമ്പുള്ള എയ്ഡഡ് സ്കൂളുകളിൽ 2016 ജൂൺ 1 മുതൽ നിയമിതരായ അദ്ധ്യാപകർക്ക് നിയമന അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 2016 ഡിസംബർ 3-ലെ സ.ഉ.(പി)നമ്പർ 199/2016/പൊ.വി.വ. പ്രകാരമുള്ള കെ.ഇ.ആർ. ഭേദഗതി അനുസരിച്ച് 1:1 എന്ന അനുപാതത്തിൽ രണ്ട് അദ്ധ്യാപക തസ്തികകൾ ഒരു സ്കൂളിൽ വിദ്യാഭ്യാസ ഓഫീസർ അനുവദിച്ചിട്ടുണ്ടെങ്കിൽ ഒന്നാമത്തേത് സർക്കാരിനും രണ്ടാമത്തേത് മാനേജർക്കും എന്നത് 2016 ജൂണിൽ അധിക തസ്തികയിൽ നിയമിതരായ അദ്ധ്യാപകർക്ക് നിയമന അംഗീകാരം നൽകുന്നതിന് തടസ്സമാകുമോ; പ്രസ്തുത ഭേദഗതിക്ക് മുൻകാല പ്രാബല്യമുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണെന്ന് വ്യക്തമാക്കാമോ;

(സി) 2016 ജൂൺ 1 മുതൽ അധിക തസ്തികയിൽ നിയമിതരായവരിൽ കെ-ടെറ്റ് യോഗ്യതയുള്ളവർക്ക് നിയമന അംഗീകാരം നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ?

<u>ഉത്തരം</u>

(എ) 22-5-1979-നുമുമ്പ് ആരംഭിച്ചതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിലെ അധിക തസ്തികകൾ ഒഴികെയുള്ള റഗുലർ ഒഴിവുകളിൽ 1-6-2016 മുതൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്ന വിഷയത്തിൽ നിലവിൽ യാതൊരു വിധത്തിലുമുള്ള തടസ്സങ്ങളുമില്ല. കെ.ഇ.ആർ. അധ്യായം XXI, ചട്ടം 7(2) പ്രകാരം 29-1-2016 മുതലുള്ള അധിക തസ്തികകളിൽ 1:1 അനുപാതത്തിൽ സംരക്ഷിതാദ്ധ്യാപകനെകൂടി നിയമിക്കാൻ മാനേജർ ബാധ്യസ്ഥനാണ്. 3-12-2016-ലെ ജി.ഒ. (പി) നമ്പർ 199/2016/പൊവിവ. പ്രകാരമുള്ള ഈ കെ.ഇ.ആർ. ഭേദഗതി 11-10-2017-ലെ വിധിന്യായത്തിലൂടെ (റിട്ട് ഹർജി നമ്പർ 1356/16 തുടങ്ങിയ കേസ്സുകൾ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് ശരിവച്ചിരുന്നു. ഇതിനെ ചോദ്യം ചെയ്ത് സമർപ്പിച്ച റിട്ട് അപ്പീൽ നമ്പർ 2440/17 തുടങ്ങിയ കേസ്സുകളിൽ 19-12-2017-നുണ്ടായ ഇടക്കാല വിധിയിൽ 'തൽസ്ഥിതി' തുടരാൻ ബഹുമാനപ്പെട്ട കോടതി കൽപ്പിച്ചിട്ടുണ്ട്.

(ബി) കെ.ഇ.ആർ. ഭേദഗതി ഉത്തരവിന് 29-1-2016 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്. അധിക തസ്തികകളിലെ നിയമനങ്ങൾക്കുള്ള 1:1 എന്ന അനുപാതം 29-1-2016 മുതലുള്ള നിയമനങ്ങൾക്ക് ബാധകമാണ്. ഈ അനുപാതം പാലിക്കാതെ അധിക തസ്തികകളിൽ 1-6-2016 മുതൽ നടത്തിയിട്ടുള്ള നിയമനങ്ങൾ അംഗീകാരത്തിന് അർഹമല്ല.

(സി) തടസ്സമുണ്ട്. കെ.ഇ.ആർ. അധ്യായം XXI, ചട്ടം 7(2) പ്രകാരമുള്ള 1:1 അനുപാതം പാലിച്ചാണ് നിയമനം നടത്തിയിട്ടുള്ളതെങ്കിൽ മാത്രമേ അംഗീകാരം ലഭിക്കൂ.

## നോൺ വൊക്കേഷണൽ ടീച്ചർ-ഫിസിക്സ് (ജൂനിയർ) വിഭാഗത്തിലെ ഒഴിവുകളും നിയമനങ്ങളും

191 (1305) <u>ശ്രീ. പുരുഷൻ കടലുണ്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 456/2010 പ്രകാരം എൻ. വി. ടി. ഫിസിക്സ് (ജൂനിയർ) വിഭാഗത്തിൽ വി.എച്ച്.എസ്.ഇ.-യിൽ ഇതുവരെ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി നീട്ടാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(സി) നിലവിൽ വി.എച്ച്.എസ്.ഇ - യിൽ എൻ.വി ടി. ഫിസിക്സ് (ജൂനിയർ) വിഭാഗത്തിൽ എത്ര ഒഴിവുകൾ ഉണ്ട്; ഈ ഒഴിവുകൾ നികത്തുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കാമോ;

(ഡി) പ്രൊമോഷനുവേണ്ടി മാറ്റിവയ്ക്കപ്പെട്ട ഒഴിവുകളിലേക്ക് പ്രൊമോഷന് യോഗ്യതയുള്ളവർ ഇല്ലെങ്കിൽ, നിലവിലുള്ള ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) പ്രസ്തുത തസ്തികയിൽ 2016 ഫെബ്രുവരി മുതൽ ഇതുവരെ 152 നിയമനങ്ങൾ നടന്നിട്ടുണ്ട്.

(ബി) നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) നിലവിൽ എൻ.വി.ടി. ഫിസിക്സ് (ജൂനിയർ) വിഭാഗത്തിൽ 3 ഒഴിവുകളുണ്ട്. ടി മൂന്ന് ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) പ്രൊമോഷനുവേണ്ടി ഒഴിവുകൾ മാറ്റിവച്ചിട്ടില്ല.

## എച്ച്.എസ്.എ. (ഹിന്ദി) തസ്തികയിലെ ഒഴിവുകൾ

192 (1306) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എച്ച്. എസ്.എ.(ഹിന്ദി) തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ടി തസ്തികയിലെ ഒഴിവുകൾ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തപക്ഷം ആയവ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) രണ്ട് ഒഴിവുകൾ.

(ബി) റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) പി.എസ്.സി.വഴി നിയമനം നടത്തേണ്ട നിശ്ചിത ശതമാനം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## എച്ച്.എസ്.എ. ഫിസിക്കൽ എഡ്യൂക്കേഷൻ തസ്തികയിലെ ഒഴിവുകൾ

193 (1307) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എ. ഫിസിക്കൽ എഡ്യുക്കേഷൻ തസ്തിക ആകെ എത്ര യാണ് ഉള്ളത്; ഇതിൽ എത്രയെണ്ണം ഒഴിഞ്ഞുകിടക്കുന്നു; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) എച്ച്.എസ്.എ. ഫിസിക്കൽ എഡ്യൂക്കേഷൻ തസ്തിക നിർണ്ണയത്തിന് പത്താം ക്ലാസ് വിദ്യാർത്ഥികളുടെ എണ്ണം പരിഗണിക്കാറുണ്ടോ; ഇതുസംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) എച്ച്.എസ്.എ. ഫിസിക്കൽ എഡ്യൂക്കേഷൻ തസ്തികകളുടെയും ഒഴിവുകളുടെയും വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ലയുടെ പേര് | തസ്തികകളുടെ എണ്ണം | നിലവിലുള്ള ഒഴിവുകളുടെ എണ്ണം | പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 75 | ഇല്ല | ഇല്ല |
| കൊല്ലം | 43 | 3 | ഇല്ല |
| പത്തനംതിട്ട | 8 | 1 | ഇല്ല |
| ആലപ്പുഴ | 22 | 1 | ഇല്ല |
| കോട്ടയം | 16 | ഇല്ല | ബാധകമല്ല |
| ഇടുക്കി | 15 | ഇല്ല | ബാധകമല്ല |
| എറണാകുളം | 18 | ഇല്ല | ബാധകമല്ല |
| തൃശ്ശൂർ | 41 | ഇല്ല | ബാധകമല്ല |
| പാലക്കാട് | 64 | 8 | ഇല്ല |
| മലപ്പുറം | 95 | 8 | 4 |
| കോഴിക്കോട് | 62 | 4 | 4 |
| വയനാട് | 34 | 11 | 3 |
| കണ്ണൂർ | 66 | 4 | 3 |
| കാസർഗോഡ് | 56 | 3 | 4 (റിപ്പോർട്ട് ചെയ്തതിന് ശേഷം ഒരു ഒഴിവിൽ ശൂന്യവേതനാവധി കഴിഞ്ഞ് പുനഃപ്രവേശിച്ചിട്ടുണ്ട്. അതുകൊണ്ട് നിലവിൽ 3 ഒഴിവുകളാണുള്ളത്.) |

(സി) എച്ച്.എസ്.എ. ഫിസിക്കൽ എഡ്യൂക്കേഷൻ തസ്തിക നിർണ്ണയത്തിന് 10-ാം ക്ലാസ് വിദ്യാർത്ഥികളുടെ എണ്ണം പരിഗണിക്കാറില്ല. എന്നാൽ നിലവിലുള്ള അദ്ധ്യാപകരെ നിലനിർത്തുന്നതിനുവേണ്ടി 7-9-2017-ലെ സ.ഉ.(കൈ)111/2017/പൊ.വി.വ. സർക്കാർ ഉത്തരവ് പ്രകാരം 10-ാം ക്ലാസ് വിദ്യാർത്ഥികളുടെ എണ്ണം പരിഗണിക്കാവുന്നതാണ്.

## എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ പുനർവിന്യസിപ്പിക്കുന്നതിന് നടപടി

194(1308) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽനിന്നും സർക്കാർ സ്കൂളുകളിലേക്ക് എത്ര അദ്ധ്യാപകരെ പുനർവിന്യസിപ്പിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പുനർവിന്യസിപ്പിക്കപ്പെട്ട അദ്ധ്യാപകരെ, പ്രസ്തുത വിഷയത്തിൽ പി.എസ്.സി. ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതോടെ തിരികെ വിളിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽനിന്നും സർക്കാർ സ്കൂളുകളിൽ താൽക്കാലികമായി പുനർവിന്യസിക്കപ്പെട്ട അദ്ധ്യാപകരുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) എയ്ഡഡ് സ്കൂളുകളിൽ ഡിവിഷൻ ഫാൾമൂലം തസ്തിക നഷ്ടമായ അദ്ധ്യാപകർ ഇപ്പോൾ സർക്കാർ സ്കൂളുകളിൽ താൽക്കാലികമായി പുനർവിന്യസിക്കപ്പെട്ടിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിലെ ഒഴിവുകളിലും പി.എസ്.സി. വഴി നികത്തേണ്ടതില്ലാത്ത താൽക്കാലിക ഒഴിവുകളിലുമാണ് ഇവരെ പുനർവിന്യസിച്ചിരിക്കുന്നത്. പ്രസ്തുത വിഷയത്തിൽ പി.എസ്.സി. ലിസ്റ്റ് വരുന്ന മുറയ്ക്ക് ഇവരെ സർക്കാർ സ്കൂളുകളിൽനിന്ന് പിൻവലിക്കുന്നതാണ്.

## എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനാംഗീകാരം

195 (1309) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിയമനാംഗീകാരം ലഭിക്കാത്ത എത്ര എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുണ്ടെന്ന് ജില്ലയും സ്കൂളുകളും തിരിച്ച് വ്യക്തമാക്കാമോ;

(സി) എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനവുമായി ബന്ധപ്പെട്ട് ഏത് ഉത്തരവാണ് സമീപകാലത്ത് ബഹു മാനപ്പെട്ട ഹൈക്കോടതി സ്റേറ ചെയ്തത്;

(ഡി) നിയമനാംഗീകാരം ലഭിക്കാത്ത എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) കേരള വിദ്യാഭ്യാസ ചട്ടങ്ങളും സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി എയ്ഡഡ് സ്കൂളുകളിൽ നടത്തുന്ന നിയമനങ്ങൾ അംഗീകരിക്കുന്നതിന് നിലവിൽ യാതൊരു തടസ്സങ്ങളുമില്ല.

(ബി) എണ്ണം എല്ലാ ജില്ലകളിൽനിന്നും ശേഖരിച്ച് നൽകുന്നതാണ്.

(സി) നിയമനാംഗീകാരവുമായി ബന്ധപ്പെട്ട ഉത്തരവുകളൊന്നും സമീപകാലത്ത് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിട്ടില്ല. 3-12-2016-ലെ ജി.ഒ. (പി) നമ്പർ 199/2016/പൊ.വി.വ. പ്രകാരമുള്ള കെ.ഇ.ആർ. ഭേദഗതി ചോദ്യം ചെയ്തുകൊണ്ടുള്ള റിട്ട് ഹർജികൾ നമ്പർ 1356/17 തുടങ്ങിയ കേസ്സുകളിൽ 11-10-2017-നുണ്ടായ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കെതിരെ സമർപ്പിക്കപ്പെട്ട റിട്ട് അപ്പീൽ നമ്പർ 2240/17 തുടങ്ങിയ കേസ്സുകളിൽ 19-12-2017-ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഒരു ഇടക്കാല വിധി പുറപ്പെടുവിക്കുകയുണ്ടായി. "നിയമനം, നിയമനാംഗീകാരം, പുനർവിന്യാസം തുടങ്ങിയ വിഷയങ്ങളിൽ തൽസ്ഥിതി തുടരാനാണ്" ഈ ഇടക്കാല വിധിന്യായത്തിലൂടെ കോടതി കൽപ്പിച്ചിരിക്കുന്നത്.

(ഡി) ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി നടത്തുന്ന നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ കഴിയില്ല. മറ്റേതെങ്കിലും കാരണങ്ങളാൽ നിയമനാംഗീകാരം നിരസിക്കപ്പെട്ടവർക്ക് ഉയർന്ന തലത്തിലേയ്ക്ക് (ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ/പൊതുവിദ്യാഭ്യാസ ഡയറക്ടർ, സർക്കാർ) അപ്പീലുകൾ നൽകാൻ കഴിയും. അത്തരത്തിൽ അവരുടെ പരാതികൾക്ക് പരിഹാരമുണ്ടാകുന്നതാണ്.

## എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക/അദ്ധ്യാപകേതര നിയമനം

196 (1310) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക/അദ്ധ്യാപകേതര നിയമനം പി.എസ്.സി.-ക്ക് വിടാൻ ആലോചനയുണ്ടോ;

(ബി) നിലവിൽ എത്ര എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ ഡിവിഷൻ ഫാൾ ആയി സർക്കാർ സ്കൂളുകളിൽ പ്രൊട്ടക്ഷൻ ആയി ജോലി ചെയ്തുവരുന്നു എന്ന് വിശദമാക്കുമോ;

(സി) കോഴിക്കോട് ജില്ലയിൽ എത്ര സ്കൂളുകൾ കുട്ടികൾ ഇല്ലാത്തതിനാൽ ഈ വർഷം അടച്ചുപൂട്ടിയിട്ടുണ്ട്; സർക്കാർ, എയ്ഡഡ് എന്നിവ തരംതിരിച്ച് നൽകാമോ?

<u>ഉത്തരം</u>

(എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക/അദ്ധ്യാപകേതര നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) എയ്ഡഡ് സ്കൂളുകളിൽ ഡിവിഷൻ ഫാൾമൂലം തസ്തിക നഷ്ടമായ 1304 അദ്ധ്യാപകർ ഇപ്പോൾ സർക്കാർ സ്കൂളുകളിൽ താൽക്കാലികമായി പുനർവിന്യസിക്കപ്പെട്ടിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിലെ ഒഴിവുകളിലും പി.എസ്.സി.വഴി നികത്തേണ്ടതില്ലാത്ത താൽക്കാലിക ഒഴിവുകളിലുമാണ് ഇവരെ പുനർവിന്യസിച്ചിരിക്കുന്നത്. പ്രസ്തുത വിഷയത്തിൽ പി.എസ്.സി. ലിസ്റ്റ് വരുന്നമുറയ്ക്ക് ഇവരെ സർക്കാർ സ്കൂളുകളിൽനിന്ന് പിൻവലിക്കുന്നതാണ്.

(സി) കോഴിക്കോട് ജില്ലയിൽ ആവശ്യത്തിന് കുട്ടികളില്ലാത്തതിനാൽ അടച്ചുപൂട്ടിയ സ്കൂളുകൾ സർക്കാർ മേഖലയിൽ ഒന്നുംതന്നെയില്ല. എയ്ഡഡ് മേഖലയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എൻ.എസ്. 2/72640/16/ ഡി.പി.ഐ. തീയതി 1-7-2017 നമ്പർ കത്ത് പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വെള്ളൂർ നോർത്ത് എ.എൽ.പി. സ്കൂൾ അടച്ചുപൂട്ടിയിട്ടുണ്ട്.

## സർക്കാർ സ്കൂളുകളിലെ ശുചീകരണ തൊഴിലാളികളുടെ നിയമനം

197 (1311) <u>ശ്രീ. കെ. എൻ. എ. ഖാദർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ ശുചീകരണ പ്രവർത്തനങ്ങൾക്കായി ജീവനക്കാരെ നിയമിക്കുന്നത് എപ്രകാരമാണെന്നും ഇവർക്ക് നിശ്ചയിച്ചിട്ടുള്ള വേതനം എത്രയെന്നും വ്യക്തമാക്കുമോ;

(ബി) കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായാണോ പ്രസ്തുത ജോലിക്കാരെ നിയമിക്കുന്നത്; എയ്ഡഡ് സ്കൂളുകളിൽ ഇവരുടെ നിയമനം എപ്രകാരമാണ്;

(സി) പല സ്കൂളുകളിലും വൻതുക ചെലവഴിച്ച് നിർമ്മിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ആവശ്യത്തിന് ശുചീകരണ ജോലിക്കാർ ഇല്ലാത്തതിനാൽ പാഴാകുന്ന സ്ഥിതിവിശേഷം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.ഇ.ആർ. അധ്യായം XXIV-A, ചട്ടം 1(3) പ്രകാരമാണ് സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിൽ ശുചീകരണ പ്രവർത്തനങ്ങൾക്കായി ജീവനക്കാരെ (സ്വീപ്പർ/ഫുൾടൈം മീനിയൽ) നിയമിക്കുന്നത്. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി താഴെപ്പറയുന്ന ക്രമത്തിലാണ് തസ്തികകൾ അനുവദിക്കുന്നത് :

699 കുട്ടികൾ വരെ - 1 എഫ്.ടി.എം.

700 മുതൽ 1499 വരെ - 2 എഫ്.ടി.എം.

1500 മുതൽ - 3 എഫ്.ടി.എം.

കെ.ഇ.ആർ. അധ്യായം XXIV-A, ചട്ടം 1 പ്രകാരം യു.പി. സ്കൂളുകളിൽ പ്യൂൺ (ഓഫീസ് അറ്റൻഡന്റ്) തസ്തിക ഒരെണ്ണം മാത്രമേയുള്ളൂ. ഇതുകൂടാതെ സർക്കാർ എൽ.പി. സ്കൂളുകളിൽ ഒരു പാർട്ട് ടൈം കണ്ടിജന്റ് എംപ്ലോയി തസ്തിക അനുവദിക്കുന്നുണ്ട്. ഇവർക്ക് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന ശമ്പള സ്കെയിലിലാണ് ശമ്പളം നൽകിവരുന്നത്. ഇപ്പോൾ നിലവിലുള്ള ശമ്പള സ്കെയിൽ താഴെപ്പറയുന്നു:

ഫുൾടൈം മീനിയൽ - 16500-35700

പാർട്ട് ടൈം കണ്ടിജന്റ് എംപ്ലോയി - 9340-14800

(ബി) സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായാണ് തസ്തികകൾ അനുവദിക്കുന്നത്. സർക്കാർ എൽ.പി. സ്കൂളുകളിലെല്ലാം കുട്ടികളുടെ എണ്ണം കണക്കിലെടുക്കാതെ ഓരോ പാർട്ട് ടൈം കണ്ടിജന്റ് എംപ്ലോയി തസ്തിക അനുവദിക്കുന്നുണ്ട്. എന്നാൽ എയ്ഡഡ് എൽ.പി. സ്കൂളുകളിൽ പാർട്ട് ടൈം കണ്ടിജന്റ് എംപ്ലോയി തസ്തിക അനുവദിക്കുന്നില്ല. സർക്കാർ, എയ്ഡഡ് യു.പി. സ്കൂളുകളിലെല്ലാം ഓരോ പ്യൂൺ തസ്തിക അനുവദിക്കുന്നുണ്ട്. എയ്ഡഡ് എൽ.പി., യു.പി. സ്കൂളുകളിലെ ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള ചെലവ് മാനേജർക്ക് വർഷംതോറും നൽകുന്ന മെയിന്റനൻസ് ഗ്രാന്റിൽനിന്നും വഹിക്കാമെന്ന് കെ.ഇ.ആർ. അധ്യായം XXVIII-A, ചട്ടം 3(XI)-ൽ പറയുന്നുണ്ട്.

(സി) സ്കൂളുകളും പരിസരവും ശുചിയായി സൂക്ഷിക്കുകയെന്നത് സ്ഥാപന മേധാവി മുതൽ സ്വീപ്പർ വരെയുള്ളവരുടെ കൂട്ടുത്തരവാദിത്തമാണ്. ശുചീകരണത്തിനായി പ്രത്യേക ജീവനക്കാരില്ലാത്ത സ്കൂളുകൾ അക്കാരണത്താൽ ശുചിത്വമില്ലാത്ത അവസ്ഥയിൽ തുടരുന്ന ഉദാഹരണങ്ങൾ നമ്മുടെ പൊതു വിദ്യാലയങ്ങളിലില്ല. അദ്ധ്യാപക-രക്ഷാകർതൃ സമിതിയുടെയും സ്കൂളുകളിലെ എല്ലാ ജീവനക്കാരുടെയും സഹകരണത്തോടെ ഇത്തരം വിദ്യാലയങ്ങളും ശുചിത്വം പാലിക്കുന്നുണ്ട്.

## കൊമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ വേണ്ട നടപടി

198 (1312) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ട്രിബ്യൂണൽ കോടതി 30-6-2017-ൽ നിലവിലുണ്ടായിരുന്ന കോമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്നും ഈ പ്രക്രിയ രണ്ട് മാസത്തിനുള്ളിൽ പൂർത്തിയാക്കണമെന്നും ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവരെ (കാറ്റഗറി നമ്പർ 459/2010, എച്ച്.എസ്.എസ്.റ്റി/ എച്ച്.എസ്.എസ്.റ്റി. കോമേഴ്സ്(ജൂനിയർ) ഹിയറിംഗിന് വിളിക്കുമെന്ന് അറിയിച്ചിരുന്നോ;

(സി) എങ്കിൽ ഇവരുടെ ഹിയറിംഗ് നടത്തിയിരുന്നോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) 30-6-2017-ൽ നിലവിലുണ്ടായിരുന്ന കൊമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(ബി) ടി ഉത്തരവിൽ ആർ.ഡി.ഡി.-മാരിൽനിന്നും 30-6-2017-ൽ ലഭ്യമായിട്ടുള്ള ഒഴിവുകൾ (പുതുതായി അനുവദിച്ച തസ്തികകളിലെ ഒഴിവുകൾ ഉൾപ്പെടെ) സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചതിനുശേഷം ഡയറക്ടർ ഹിയറിംഗ് നടത്താനാണ് നിർദ്ദേശിച്ചിരുന്നത്.

(സി) ആർ.ഡി.ഡി.-മാരിൽനിന്നും റിപ്പോർട്ട് ലഭ്യമാകാത്തതുകൊണ്ട് ഹിയറിംഗ് നടത്തിയിട്ടില്ല. റിപ്പോർട്ട് ലഭ്യമാക്കാൻ അടിയന്തര നടപടി ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്. ഹിയറിംഗ് അടിയന്തരമായി നടത്തുന്നതാണ്.

(ഡി) സ്പെഷ്യൽ റൂൾസ് പ്രകാരം 30-6-2017-ന് നിലവിലുണ്ടായിരുന്ന എച്ച്.എസ്.എസ്.ടി. (ജൂനിയർ) കൊമേഴ്സ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിന് നടപടി

199 (1313) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സർക്കാർ, എയിഡഡ് മേഖലകളിൽ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ എത്ര അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ സർക്കാർ, എയിഡഡ് മേഖലകളിൽ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ ഏതൊക്കെ സ്കൂളുകളിൽ ഏതെല്ലാം വിഷയത്തിൽ എത്ര അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നു എന്നതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ എപ്പോൾ നികത്താനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ സർക്കാർ മേഖലകളിൽ ഹൈസ്കൂൾ വിഭാഗങ്ങളിൽ 210 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. എയ്ഡഡ് ഹൈസ്കൂളുകളിൽ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നില്ല.

ഹയർ സെക്കന്ററി വിഭാഗത്തിൽ സർക്കാർ മേഖലയിൽ 126 എച്ച്.എസ്.എസ്.റ്റി. തസ്തികകളും 88 എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികകളും ഒഴിഞ്ഞുകിടക്കുന്നു. ഹയർ സെക്കന്ററി വിഭാഗത്തിൽ എയ്ഡഡ് മേഖലയിൽ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നില്ല.

(ബി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ സർക്കാർ മേഖലയിൽ ഒഴിഞ്ഞുകിടക്കുന്ന ഹൈസ്കൂൾ അദ്ധ്യാപകരുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.*

ഹയർ സെക്കന്ററി വിഭാഗത്തിൽ സർക്കാർ മേഖലയിൽ ഒഴിഞ്ഞുകിടക്കുന്ന അദ്ധ്യാപകരുടെ എണ്ണം ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ഒഴിവുള്ള വിഷയങ്ങൾ | |
|---|---|---|---|
| | | HSST | HSST Jr. |
| 1 | Govt. HSS Kumbla Kasargode (14003) | | Arabic, Hindi |
| 2 | Govt. HSS Padre 14013, Enmakaje, Kasargode | History, Political Science | Hindi, Commerce |
| 3 | Govt. HSS Paivalika Nagar, Kasargode (14014) | History, Political Science | Botany, Arabic, Commerce, Economics |
| 4 | Govt. HSS Bongara (14038) Manjeswaram, Kasargode | | Botany, Commerce, Malayalam |
| 5 | Govt. HSS Uppala, Kasargode (14039) | Political Science, Economics | Arabic, Commerce, Statistics, Malayalam |
| 6 | Govt. HSS Angadimugar, Kasargode (14051) | Geography, History, Political Science | Arabic, Commerce, Statistics, Malayalam |
| 7 | Govt. HSS Bekkoor, Kasargode (14063) | Sociology, Chemistry | Urdu, Malayalam |
| 8 | Govt. HSS Mangalpady, Kasargode (14067) | History, Political Science, Economics | Arabic, Malayalam |
| 9 | Govt. HSS Paivalika, Kasargode (14069) | Political Science | |
| 10 | Govt. HSS Shiriya, (14081), Kasargode | Commerce, Political Science | Commerce |
| 11 | Govt. HSS Mogral, (14062), Kasargode | Mathematics | Commerce, Malayalam |

(സി) ഹൈസ്കൂൾ വിഭാഗത്തിൽ നിയമാനുസൃതമായ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. ഹയർ സെക്കന്ററി വിഭാഗത്തിൽ നേരിട്ടുള്ള നിയമനംവഴിയും തസ്തികമാറ്റം നിയമനംവഴിയും ടി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വ്യത്യസ്ത മേധാവികളുടെ കീഴിൽ പ്രവൃത്തിക്കുന്ന സ്കൂളുകൾ

200 (1314) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യത്യസ്ത കോമ്പൗണ്ടുകളിൽ പ്രവൃത്തിക്കുന്ന പ്രൈമറി സ്കൂളുകളും ഹൈസ്കൂളുകളും വിഭജിച്ച് പ്രത്യേക ഹെഡ്മാസ്റ്റർമാരുടെ കീഴിലാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(ബി) ഒരേ കോമ്പൗണ്ടിൽ പ്രവൃത്തിക്കുന്നതും വ്യത്യസ്ത മേധാവികളുടെ കീഴിൽ പ്രവൃത്തിക്കുന്നതുമായ സ്കൂളുകൾ സംയോജിപ്പിച്ച് ഒരേ മേധാവിയുടെ കീഴിൽ കൊണ്ടുവരുന്നത് പരിഗണിക്കുമോ;

(സി) ഇതുസംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശിപാർശകളൊന്നും നിലവിലില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

## അദ്ധ്യാപക നിയമനത്തിന് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി

201 (1315) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തലത്തിലുള്ള അദ്ധ്യാപക തസ്തികകൾക്കുവേണ്ടി അപേക്ഷിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധിയും ഉയർന്ന പ്രായപരിധിയും എത്രയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രായപരിധി കാറ്റഗറി വ്യത്യാസം കൂടാതെ യഥാക്രമം 23-ഉം 45-ഉം ആക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപക തസ്തികകൾക്ക് അപേക്ഷിക്കാനുള്ള കുറഞ്ഞ പ്രായപരിധി 18 വയസ്സും ഉയർന്ന പ്രായപരിധി 40 വയസ്സുമാണ്. അപേക്ഷിക്കുന്ന വർഷം ജനുവരി 1-ന് പൂർത്തിയായ വയസ്സാണ് ഇതിന് കണക്കാക്കുന്നത്. ഉയർന്ന പ്രായപരിധിയിൽ ഒ.ബി.സി. വിഭാഗക്കാർക്ക് 3 വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 5 വർഷവും ഇളവ് അനുവദിച്ചിട്ടുണ്ട്.

(ബി) തൽക്കാലം പരിഗണനയിലില്ല.

## അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലെ നിയമനത്തിൽ പാലിക്കേണ്ട സംവരണം

202 (1316) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലെ നിയമനത്തിൽ പാലിക്കേണ്ട സംവരണത്തെക്കുറിച്ചുള്ള നിലപാട് എന്താണെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ പ്രസ്തുത മേഖലയിൽ സംവരണം പാലിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) സംവരണം പാലിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എയ്ഡഡ് സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് സംവരണമേർപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

(ബി) സംവരണം പാലിക്കുന്നില്ല.

(സി) എയ്ഡഡ് സ്കൂൾ നിയമനങ്ങൾക്ക് സംവരണം ഏർപ്പെടുത്താൻ തീരുമാനമെടുത്തിട്ടില്ല. എന്നാൽ ന്യൂനപക്ഷവിഭാഗത്തിൽപ്പെടാത്ത എയ്ഡഡ് കോളേജുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളിൽ ഉചിതമായ സംവരണം ഏർപ്പെടുത്തുന്നത് ഉറപ്പാക്കത്തക്കവിധത്തിൽ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലെയും സ്റ്റാറ്റ്യൂട്ടുകളിൽ ഭേദഗതി വരുത്തുകയോ സ്റ്റാറ്റ്യൂട്ട് ഉണ്ടാക്കുകയോ ചെയ്യണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 25-5-2015-ലെ വിധി പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിധിക്കെതിരെ ഏതാനും മാനേജുമെന്റുകൾ അപ്പീൽ ഫയൽ ചെയ്യുകയും മേൽവിധി അസ്ഥിരപ്പെടുത്തിയിട്ടുമുണ്ട്. ഇതിനെതിരെ അപ്പീൽ ഫയൽ ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കോഴിക്കോട് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിലെ തസ്തികകൾ

203 (1317) ശ്രീ. എ. പ്രദീപ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഏതെല്ലാം കാറ്റഗറിയിലായി എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഒഴിവ് വരുന്ന തസ്തികകളെ സംബന്ധിച്ച വിവരങ്ങൾ എല്ലാ മാസവും വകുപ്പ് മേലദ്ധ്യക്ഷന്മാരെ അറിയിക്കണമെന്ന പൊതുഭരണവകുപ്പിന്റെ ഉത്തരവുപ്രകാരം കോഴിക്കോട് ഡി.ഡി.ഇ. ഓഫീസിൽനിന്നും ഡി.പി.ഐ.-ക്ക് 2017 ആഗസ്റ്റ് മാസത്തിനുശേഷം ലഭിച്ച പ്രൊഫോമയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|
| 1 | 2 |
| എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് | 51 |
| എച്ച്.എസ്.എ. നാച്വറൽ സയൻസ് | 29 |
| എച്ച്.എസ്.എ. മാത്സ് | 38 |
| എച്ച്.എസ്.എ. ഇംഗ്ലീഷ് | 10 |
| എച്ച്.എസ്.എ. സോഷ്യൽ സയൻസ് | 37 |
| എച്ച്.എസ്.എ. മലയാളം | 9 |
| എച്ച്.എസ്.എ. ഹിന്ദി | 12 |
| എച്ച്.എസ്.എ. ഉറുദു | 1 |
| എച്ച്.എസ്.എ. സംസ്കൃതം | 3 |
| എച്ച്.എസ്.എ. അറബിക് | 12 |
| എച്ച്.എസ്.എ. (പാർട്ട് ടൈം) ഉറുദു | 2 |
| എച്ച്.എസ്.എ. (പാർട്ട് ടൈം) സംസ്കൃതം | 6 |
| എച്ച്.എസ്.എ. (പാർട്ട് ടൈം) അറബിക് | 4 |
| ജൂനിയർ ഉറുദു (പാർട്ട് ടൈം) | 4 |
| ജൂനിയർ അറബിക് (പാർട്ട് ടൈം) | 5 |

| 1 | 2 |
|---|---|
| ജൂനിയർ ഹിന്ദി (പാർട്ട് ടൈം) | 4 |
| ജൂനിയർ അറബിക് എൽ.പി. (പാർട്ട് ടൈം) | 14 |
| ജൂനിയർ ഹിന്ദി (ഫുൾ ടൈം) | 14 |
| ജൂനിയർ അറബിക് യു.പി. (ഫുൾ ടൈം) | 11 |
| ജൂനിയർ അറബിക് എൽ.പി. (ഫുൾ ടൈം) | 28 |
| എൽ.പി.എസ്.എ. | 229 |
| യു.പി.എസ്.എ. | 105 |
| പി.ഇ.റ്റി. | 4 |
| മ്യൂസിക് | 10 |
| തുന്നൽ | 4 |
| ഡ്രോയിംഗ് | 1 |
| പ്രീ-പ്രൈമറി | 1 |
| ക്ലാർക്ക് | ഇല്ല |
| ഓഫീസ് അറ്റൻഡന്റ് | 11 |
| ടൈപ്പിസ്റ്റ് | ഇല്ല |

(ബി) പ്രൊഫോമയുടെ പകർപ്പ് അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(സി) നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തവ ചുവടെ ചേർക്കുന്നു.

| തസ്തിക | പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത എണ്ണം |
|---|---|
| എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് | 23 |
| എച്ച്.എസ്.എ. നാച്വറൽ സയൻസ് | 18 |
| എച്ച്.എസ്.എ. സോഷ്യൽ സയൻസ് | 12 |
| എച്ച്.എസ്.എ. മാത്സ് | 16 |
| എച്ച്.എസ്.എ. ഇംഗ്ലീഷ് | 3 |
| ഓഫീസ് അറ്റൻഡന്റ് | 11 |
| ക്ലാർക്ക് | 10 നിയമന ഉത്തരവ് ലഭിച്ചു. |
| ടൈപ്പിസ്റ്റ് | ഒരു നിയമന ഉത്തരവ് ലഭിച്ചു. |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അദ്ധ്യാപകരുടെ എണ്ണം

204 (1318) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ വിദ്യാലയങ്ങളിലും എയ്ഡഡ് വിദ്യാലയങ്ങളിലുമായി എത്ര അദ്ധ്യാപകർ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരിൽ സ്ത്രീകളുടേയും പുരുഷൻമാരുടേയും കണക്കുകൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങളിൽ 65567 അദ്ധ്യാപകരും എയ്ഡഡ് വിദ്യാലയങ്ങളിൽ 112513 അദ്ധ്യാപകരും അടക്കം ആകെ 178080 അദ്ധ്യാപകർ നിലവിലുണ്ട്.

(ബി) ഇവരിൽ 52772 പേർ പുരുഷൻമാരും 125308 പേർ സ്ത്രീകളുമാണ്.

## വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിലെ ഒഴിവുകൾ

205 (1319) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ സ്കൂളുകളിലും, വിദ്യാഭ്യാസ ഓഫീസുകളിലും വിവിധ തസ്തികകളിലുള്ള ഒഴിവുകളുടെ വിശദവിവരം നൽകുമോ;

(ബി) ഈ ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ സ്കൂളുകളിലും വിദ്യാഭ്യാസ ഓഫീസുകളിലും വിവിധ തസ്തികകളിലുള്ള ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|
| 1 | 2 |
| എൽ.പി.എസ്.എ. (മലയാളം) | 36 |
| യു.പി.എസ്.എ. (മലയാളം) | 33 |
| ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി) | 9 |
| എച്ച്.എസ്.എ. (മലയാളം) | 18 |
| എച്ച്.എസ്.എ. (ഹിന്ദി) | 18 |
| എച്ച്.എസ്.എ. (അറബിക്) | 12 |

| 1 | 2 |
|---|---|
| എച്ച്.എസ്.എ. (സംസ്കൃതം) | 7 |
| എച്ച്.എസ്.എ. (ഉറുദു) | 2 |
| ജൂനിയർ ലാംഗ്വേജ് ഹിന്ദി (ഫുൾ ടൈം) | 10 |
| ജൂനിയർ ലാംഗ്വേജ് ഹിന്ദി (പാർട്ട് ടൈം) | 5 |
| ജൂനിയർ ലാംഗ്വേജ് സംസ്കൃതം (ഫുൾ ടൈം) | 3 |
| ജൂനിയർ ലാംഗ്വേജ് സംസ്കൃതം (പാർട്ട് ടൈം) | 1 |
| ജൂനിയർ ലാംഗ്വേജ് അറബിക് (ഫുൾ ടൈം) | 26 |
| പി.ഇ.റ്റി. (യു.പി.) | 3 |
| ഡ്രോയിംഗ് (എച്ച്.എസ്.) | 4 |
| തയ്യൽ (എച്ച്.എസ്.) | 1 |
| മ്യൂസിക് (എച്ച്.എസ്.) | 8 |
| എച്ച്.എസ്.എ. (മാത്സ്) | 105 |
| എച്ച്.എസ്.എ. (സോഷ്യൽ സയൻസ്) | 26 |
| എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) | 52 |
| എച്ച്.എസ്.എ. (നാച്വറൽ സയൻസ്) | 32 |
| എച്ച്.എസ്.എ. (ഇംഗ്ലീഷ്) | 31 |
| എച്ച്.എസ്.എ. (മാത്സ് തമിഴ്) | 4 |
| എച്ച്.എസ്.എ. (സോഷ്യൽ സയൻസ് തമിഴ്) | 2 |
| എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ് തമിഴ്) | 2 |
| എച്ച്.എസ്.എ. (നാച്വറൽ സയൻസ് തമിഴ്) | 2 |
| അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർ | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| നൂൺമീൽ ഓഫീസർ | 1 |
| ക്ലാർക്ക് | 11 |
| ടൈപ്പിസ്റ്റ് | 1 |
| ഓഫീസ് അറ്റൻഡന്റ് | 14 |
| എഫ്.റ്റി.എം. | 39 |
| ആയ | 1 |
| പി.റ്റി.സി.എം. | 7 |
| ആകെ | 528 |
| പ്രതീക്ഷിക്കുന്നത് | 540 |

(ബി) പി.റ്റി.സി.എം. തസ്തികയിലെ ഒഴിവുകളിൽ എംപ്ലോയ്മെന്റ് ഓഫീസിൽനിന്നും ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. എഫ്.റ്റി.എം. തസ്തികയിലെ ഒഴിവുകൾ പി.റ്റി.സി.എം. തസ്തികയിലെ ജീവനക്കാരിൽനിന്നും സമ്മതപത്രം വാങ്ങി സ്ഥാനക്കയറ്റം നൽകി നികത്തുന്നതാണ്. സീനിയർ സൂപ്രണ്ട്, നൂൺമീൽ ഓഫീസർ തസ്തികയിലെ ഒഴിവുകൾ വകുപ്പുതല സ്ഥാനക്കയറ്റംവഴി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കി തസ്തികകളിലെ ഒഴിവുകളെല്ലാം പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പി.എസ്.സി. ഓഫീസിൽനിന്നും ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

## പത്തനംതിട്ട ജില്ലയിൽ എൽ.പി.എസ്.എ. (മലയാളം) നിയമനം

206 (1320) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ എൽ.പി.എസ്.എ. (മലയാളം) തസ്തികയിലേക്ക് 2011-ൽ നിലവിൽ വന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേരെ നിയമിച്ചുവെന്നും എത്ര പേർ ജോലിയിൽ പ്രവേശിച്ചുവെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ ഫിക്സേഷനിലൂടെയും ബൈട്രാൻസ്ഫറിലൂടെയും നികത്തേണ്ട എത്ര ഒഴിവുകൾ റാങ്ക് ലിസ്റ്റ് കാലാവധി അവസാനിക്കുമ്പോൾ നിലവിലുണ്ടായിരുന്നുവെന്ന് വിശദമാക്കുമോ; ഈ വേക്കൻസികളിലേക്ക് എത്ര ബൈട്രാൻസ്ഫർ അപേക്ഷകൾ നിലവിലുണ്ടായിരുന്നു വെന്നും എത്ര പേർക്ക് നിയമനം നൽകിയെന്നും വിശദമാക്കുമോ;

(സി) ബൈട്രാൻസ്ഫർ വഴി നിയമിക്കേണ്ട തസ്തികയിൽ നിയമനം നൽകുന്നതിന് മതിയായ അപേക്ഷകരില്ലെങ്കിൽ പ്രസ്തുത ഒഴിവിലേയ്ക്ക് നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നൽകണമെന്ന് സർക്കാർ ഉത്തരവ് നിലവിലിരിക്കുകയും മറ്റ് ജില്ലകളിൽ അത്തരത്തിലുള്ള ഒഴിവിലേക്ക് നിയമന ശിപാർശ ചെയ്യുകയും ചെയ്ത സാഹചര്യത്തിൽ പത്തനംതിട്ട ജില്ലയിലും പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ വിഷയത്തിൽ അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകുന്നതിന് കാലതാമസം വരുത്തിയ ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 143 എണ്ണം.

(ബി) 46 എണ്ണം.

(സി) ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ തിരുവനന്തപുരം ബെഞ്ചിൽ ഒ.എ. നമ്പർ 369/2016-ലെ 23-10-2017-ലെ ഉത്തരവ് പ്രകാരം 46 ഒഴിവുകൾ കാലാവധി കഴിഞ്ഞ റാങ്ക് ലിസ്റ്റിൽനിന്നും നിയമിക്കാൻ ഉത്തരവായിട്ടുള്ളതും ആയതിന്റെ വെളിച്ചത്തിൽ 19-1-2018-ലെ സർക്കാർ കത്ത് നമ്പർ എൽ1/364/2017/പൊ.വി.വ. പ്രകാരം നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. (പകർപ്പ് ലഭ്യമാക്കുന്നു.)*

(ഡി) ആവശ്യകതയില്ല.

## സർക്കാർ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപക തസ്തികകൾ

207 (1321) <u>ശ്രീ. റ്റി. വി. രാജേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ, എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ എത്ര അധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ, എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലായി ആകെ 2033 അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(i) 20-09-2016-ലെ സ.ഉ. (കൈ) നം. 158/2016/പൊ.വി.വ. ഉത്തരവ് പ്രകാരം സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ സൃഷ്ടിച്ച തസ്തികകൾ.

| | | |
|---|---|---|
| 1 | ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) | 26 |
| 2 | ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ | 19 |
| | ആകെ | 45 |

(ii) 21-8-2017-ലെ സ.ഉ. (കൈ) നമ്പർ 106/2017/പൊ.വി.വ. ഉത്തരവ് പ്രകാരം എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ സൃഷ്ടിച്ച തസ്തികകൾ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) | 674 |
| 2 | ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ | 642 |
| 3 | പ്രിൻസിപ്പാൾ | 125 |
| ആകെ | | 1441 |

(iii) 24-6-2017-ലെ സ.ഉ.(കൈ) നമ്പർ 61/2017/പൊ.വി.വ. ഉത്തരവ് പ്രകാരം സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ സൃഷ്ടിച്ച തസ്തികകൾ.

| | | |
|---|---|---|
| 1 | ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) | 269 |
| 2 | ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ | 232 |
| 3 | പ്രിൻസിപ്പാൾ | 46 |
| ആകെ | | 547 |

**പ്രൊട്ടക്ടഡ് അദ്ധ്യാപകർ**

208 (1322) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-1-2018-ന് വിദ്യാഭ്യാസ വകുപ്പിൽ പുനർവിന്യസിക്കപ്പെടാത്ത പ്രൊട്ടക്ടഡ് അധ്യാപകരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ജില്ലാ തലത്തിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകരില്ലെങ്കിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ എൻ.ഒ.സി.-യുടെ അടിസ്ഥാനത്തിൽ മറ്റ് നിയമനങ്ങൾ അംഗീകരിക്കുമോ;

(സി) 1979-നുശേഷം അനുവദിച്ച സ്കൂളുകളിൽ ഒരു പ്രൊട്ടക്ടഡ് അദ്ധ്യാപകനെ നിയമിച്ചാൽ മറ്റ് അദ്ധ്യാപക നിയമനങ്ങൾ അംഗീകരിക്കുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കെ.ഇ.ആർ. അദ്ധ്യായം XXI, ചട്ടം 7, ഉപചട്ടത്തിൽ (1), (2), (3), (4) പ്രകാരമാണ് സംരക്ഷിതാദ്ധ്യാപക നിയമനം നടത്തേണ്ടത്. പക്ഷേ മാനേജർമാരിൽ ബഹുഭൂരിപക്ഷവും ഇത്തരത്തിലുള്ളവരെ നിയമിക്കാത്തതിനാൽ സംരക്ഷണ പ്രക്രിയ പൂർത്തിയായിട്ടില്ല. ആയതിനാൽ സർക്കാർ സ്കൂളിലടക്കം താൽക്കാലികമായി ഇവരെ പുനർവിന്യസിക്കപ്പെട്ടിരിക്കുകയാണ്. ചട്ടപ്രകാരം സംരക്ഷണം നൽകിയവരുടെ എണ്ണം ശേഖരിച്ചുവരുന്നു. 2017-18 വർഷത്തെ സംരക്ഷിതാദ്ധ്യാപകരുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇല്ല. കെ.ഇ.ആർ. അദ്ധ്യായം XXI, ചട്ടം 7, ഉപചട്ടം 8 പ്രകാരം സ്കൂൾ സ്ഥിതി ചെയ്യുന്ന ജില്ലയിൽ സംരക്ഷിതാദ്ധ്യാപകർ ഇല്ലെങ്കിൽ മറ്റ് ജില്ലകളിലെ അദ്ധ്യാപക ബാങ്കിൽനിന്ന് നിയമനം നടത്താൻ മാനേജർ ബാധ്യസ്ഥനാണ്.

(സി) കെ.ഇ.ആർ. അദ്ധ്യായം XXI, ചട്ടം 7, ഉപചട്ടം 3 പ്രകാരം പുതുതായി ഉണ്ടായതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിൽ 29-1-2016 മുതൽ ഉണ്ടാകുന്ന എല്ലാ ഒഴിവുകളിലും, റൂൾ 43, 51 എ, 51 ബി അവകാശികൾ ഇല്ലെങ്കിൽ സംരക്ഷിതാദ്ധ്യാപകരെയാണ് നിയമിക്കേണ്ടത്.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഇംഗ്ലീഷ് ഭാഷയ്ക്ക് പ്രാധാന്യം

209 (1323) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഇംഗ്ലീഷ് ഭാഷയ്ക്ക് പ്രാധാന്യം നൽകുന്ന ഈ അവസരത്തിൽ പല സർക്കാർ ഹൈസ്കൂളുകളിലും ഇംഗ്ലീഷിന് ഒരു അദ്ധ്യാപകൻ പോലും ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക ഇല്ലാത്ത സർക്കാർ സ്കൂളുകളിൽ ഹൈസ്കൂൾ തലത്തിൽ ഇംഗ്ലീഷിന് ഒരു തസ്തികയെങ്കിലും അനുവദിക്കാൻ വിദ്യാഭ്യാസ വകുപ്പ് ഇതിനോടകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മറ്റ് വിഷയങ്ങളിൽ ഡിഗ്രിയും ബി.എഡ്.-ഉം ഉള്ളവർ ഹൈസ്കൂൾ തലത്തിൽ ഇംഗ്ലീഷ് പഠിപ്പിക്കണമെന്നുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 7-1-2002-ലെ ജി.ഒ. (എം.എസ്.) നമ്പർ 11/2002/ പൊ.വി.വ. ഉത്തരവിലെ അനുബന്ധത്തിൽ നൽകിയിട്ടുള്ള പട്ടിക പ്രകാരമാണ് സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ കോർ വിഷയങ്ങളുടെ (ഫിസിക്കൽ സയൻസ്, നാച്വറൽ സയൻസ്, ഗണിതശാസ്ത്രം, സോഷ്യൽ സയൻസ്, ഇംഗ്ലീഷ്) തസ്തികകൾ അനുവദിക്കുന്നത്. 8 മുതൽ 10 വരെ ക്ലാസ്സുകളിൽ ആകെ 5 ഡിവിഷനുകളെങ്കിലും ഉണ്ടെങ്കിൽ മാത്രമേ ആദ്യത്തെ എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തിക ലഭിക്കൂ. അതായത് 8 മുതൽ 10 വരെ ക്ലാസ്സുകളിൽ ആകെ 4 ഡിവിഷനുകൾ വരെ മാത്രമുള്ള വിദ്യാലയങ്ങളിൽ എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തിക അനുവദിക്കാൻ നിലവിൽ നിയമമില്ല. എല്ലാ വിദ്യാലയങ്ങളിലും എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികകൾ അനുവദിക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.

(സി) അപ്രകാരമുള്ള ഉത്തരവൊന്നും നിലനിൽക്കുന്നില്ല. എന്നാൽ 7-1-2002-നുമുമ്പ് കേരളത്തിലെ വിദ്യാലയങ്ങളിൽ എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തിക അനുവദിച്ചിരുന്നില്ല. മറ്റ് കോർ വിഷയങ്ങളിലെ അദ്ധ്യാപകർ തന്നെയാണ് ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നത്. ഹൈസ്കൂൾ തലത്തിൽ ആകെ 4 ഡിവിഷനുകൾ വരെ മാത്രമുള്ള വിദ്യാലയങ്ങളിൽ ഇപ്പോഴും അപ്രകാരം തന്നെയാണ് ഇംഗ്ലീഷ് പഠിപ്പിക്കുന്നത്. അങ്ങനെയാകുമ്പോൾ മറ്റ് വിഷയങ്ങളിൽ ഡിഗ്രിയും ബി.എഡ്.-ഉം ഉള്ള അദ്ധ്യാപകർ ഇത്തരം വിദ്യാലയങ്ങളിൽ ഇപ്പോൾ ഇംഗ്ലീഷ് പഠിപ്പിക്കുന്നുണ്ട് എന്നത് വസ്തുതയാണ്. എല്ലാ വിദ്യാലയങ്ങളിലും എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികകൾ അനുവദിക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.

## ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപക തസ്തിക

210 (1324) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ൽ ഹയർസെക്കണ്ടറിയായി ഉയർത്തിയ തൃശ്ശൂർ ജില്ലയിലെ സ്കൂളുകളിൽ. തുടർന്നുള്ള അധ്യയന വർഷങ്ങളിൽ 40-ഉം 50-ഉം കുട്ടികൾവീതം പ്രവേശനം നേടിയിട്ടും അദ്ധ്യാപക തസ്തിക അനുവദിച്ചില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അദ്ധ്യാപക തസ്തിക അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സ്ഥിരം അദ്ധ്യാപക തസ്തിക അനുവദിക്കുന്നതിന് ആവശ്യമായ കുട്ടികളുടെ എണ്ണം 2014-15 അധ്യയന വർഷത്തിലോ അതിന് ശേഷമോ ഇല്ലാതിരുന്നിട്ടും 19 സ്കൂളുകളിൽ 142 അധ്യാപക തസ്തിക അനുവദിച്ചതിന്റെ (സ.ഉ (കൈ) നമ്പർ 106/2017/പൊ.വി.വ തീയതി 21-8-2017) കാരണം വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2014-15-ൽ 40-ഉം 2015-16-ൽ 50-ഉം കുട്ടികളുള്ള എല്ലാ സ്കൂളുകൾക്കും തസ്തിക അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 31-7-2014-ലെ സ.ഉ. (കൈ) നമ്പർ 143/2016/പൊ.വി.വ. പ്രകാരം പുതുതായി ആരംഭിക്കുന്ന ഹയർ സെക്കന്ററി സ്കൂളുകളിലും അധിക ബാച്ചുകളിലും 2014-15 അധ്യയന വർഷത്തിൽ 40 കുട്ടികളും 2015-16 അധ്യയന വർഷം മുതൽ 50 കുട്ടികളും ഏറ്റവും കുറഞ്ഞത് ഉണ്ടായിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ടി വ്യവസ്ഥയിൽ ഉൾപ്പെടാത്ത സ്കൂളുകൾക്ക് തസ്തിക അനുവദിച്ചിട്ടില്ല.

(സി) സ്ഥിരം അദ്ധ്യാപക തസ്തിക അനുവദിക്കുന്നതിന് 2014-15 അധ്യയന വർഷം 40 കുട്ടികൾ വീതവും 2015-16 അധ്യയന വർഷം 50 കുട്ടികൾ വീതവുമുള്ള സ്കൂളുകൾ മാത്രമാണ് പരിഗണിച്ചിട്ടുള്ളത്. അല്ലാതെ കുറവുള്ള സ്കൂളുകളിൽ തസ്തിക അനുവദിച്ചിട്ടില്ല.

## ശൂന്യവേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെ എക്സ്റ്റൻഷൻ

211 (1325) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശൂന്യവേതന വ്യവസ്ഥയിലുള്ള അദ്ധ്യാപകർ എക്സ്റ്റൻഷന് അപേക്ഷ നൽകിയിട്ട് ഡി.പി.ഐ. ഓഫീസിൽ അനാവശ്യമായ കാലതാമസം നേരിടുന്നതു സംബന്ധിച്ചുള്ള പരാതികൾ പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഡി.പി.ഐ. ഓഫീസിൽ ശൂന്യവേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെ എക്സ്റ്റൻഷൻ സംബന്ധിച്ച് എത്ര അപേക്ഷകൾ പെന്റിംഗിൽ ഉണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; കൂടാതെ ശൂന്യ വേതനാവധിയ്ക്ക് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഡി.പി.ഐ. ഓഫീസിലെ എസ്.സി. 3 സീറ്റിൽ ആളെ പോസ്റ്റ് ചെയ്തിട്ടുണ്ടോ; ടി സീറ്റ് എത്ര കാലമായി ഒഴിഞ്ഞുകിടക്കുന്നു; പ്രസ്തുത സീറ്റിൽ എത്ര ഫയലുകൾ പെന്റിംഗ് ഉണ്ടെന്നും ഇവിടെ ആളെ പോസ്റ്റ് ചെയ്യാത്തതിന്റെ കാരണമെന്തെന്നും വ്യക്തമാക്കാമോ;

(ഡി) ഈ സീറ്റിൽ ആളെ നിയമിക്കാത്ത കാലയളവിൽ പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഈ സീറ്റിന്റെ ചുമതലയുള്ള സൂപ്രണ്ട് ഒക്ടോബർ മുതൽ ഡിസംബർ 31 വരെ എത്ര ഫയലുകളിൽ തീർപ്പു കൽപ്പിക്കാൻ നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ഇ) എസ്.സി 3 സീറ്റിന്റെ ചുമതലയുള്ള സൂപ്രണ്ട് പെന്റിംഗ് ഫയലുകളെ സംബന്ധിച്ചും സീറ്റിൽ ആളില്ല എന്ന വിവരവും മേലുദ്യോഗസ്ഥരെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിന് ലഭിച്ച അപേക്ഷയിൽ തീർപ്പാക്കാനുള്ളവയുടെ എണ്ണം:-

| | |
|---|---|
| കാസർഗോഡ് | - 1 |
| പാലക്കാട് | - 2 |
| കോഴിക്കോട് | - 1 |

2017-18-ൽ ആകെ ലഭിച്ചിട്ടുള്ള ശൂന്യവേതനാവധി അപേക്ഷകകൾ - 1131 എണ്ണം.

(സി) ഡി.പി.ഐ. ഓഫീസിലെ ക്ലറിക്കൽ തസ്തികയിൽ ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകൾ എന്ന നിലയിൽ വിവിധ ജില്ലകളിൽനിന്നാണ് നിയമനം നടത്തേണ്ടത്. പ്രസ്തുത തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ സ്ഥലംമാറ്റം, തസ്തിക മാറ്റം, പ്രൊമോഷൻ എന്നിവ മുഖേന നികത്താൻ നിലവിൽ വ്യവസ്ഥയില്ല. എസ്.സി.3 സീറ്റിൽ നിലവിൽ നിയമനം നൽകിയിരുന്നത് കാസർഗോഡ് ജില്ലയിൽനിന്നും ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ നിയമനം ലഭിച്ചയാൾക്കായിരുന്നു. 1-8-2017 മുതൽ 8-10-2017 വരെ പ്രസ്തുത തസ്തിക ഒഴിഞ്ഞുകിടന്നിരുന്നു. 9-10-2017-ൽ ജോലിക്ക് ചേർന്ന ഉദ്യോഗാർത്ഥി 5-12-2017-ൽ സ്വന്തം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം വാങ്ങി പോകുകയാണുണ്ടായത്. തുടർന്ന് 14-12-2017-ൽ പ്രസ്തുത വേക്കൻസിയിൽ നിയമനം നടത്തുന്നതിനായി കാസർഗോഡ് പി.എസ്.സി. ജില്ലാ ഓഫീസിലേയ്ക്ക് വേക്കൻസി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) പകരം സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. 32 ഫയലുകളിൽ തീർപ്പാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) അറിയിച്ചിട്ടുണ്ട്.

## സ്കൂൾ കായികമേളകളും കായികാദ്ധ്യാപകരുടെ തസ്തികകളും

212 (1326) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കായികമേളകൾ കൂടുതൽ ജനകീയമായി നടത്തുന്നതിനും ഉപജില്ലാതല സ്പോർട്സ് മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഭക്ഷണം ലഭ്യമാക്കുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) സ്കൂളുകളിൽ കായികാദ്ധ്യാപകരുടെ തസ്തികകൾ നഷ്ടപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കായികാദ്ധ്യാപകരുടെ തസ്തികകൾ സംരക്ഷിക്കുന്നതിലേക്കായി ഹൈസ്കൂൾ വിഭാഗം തസ്തിക നിർണ്ണയത്തിന് പത്താം ക്ലാസിലെ പിരീഡ് കൂടി ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സ്കൂൾ കായികമേളകൾ ജനകീയ പിന്തുണയോടെയാണ് ഇപ്പോഴും നടത്തിവരുന്നത്. കൂടുതൽ ജനകീയമാക്കണമെന്നതാണ് വിദ്യാഭ്യാസ വകുപ്പിന്റെ ലക്ഷ്യം. ആയതനുസരിച്ച് ഓരോ സബ്ജില്ലയിലും മത്സരങ്ങൾ നടത്തുന്നതിന് ഓർഗനൈസിംഗ് കമ്മിറ്റികൾ കൂടുകയും അവർ സംഘാടക സമിതികളുടെ പിന്തുണയോടെ മത്സരാർത്ഥികൾക്ക് ഭക്ഷണം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ആയതിന് സർക്കാർ സാമ്പത്തിക സഹായം നിലവിൽ നൽകുന്നില്ല.

(ബി) 2017-18 സ്റ്റാഫ് ഫിക്സേഷൻമൂലം തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകരെ നിലനിർത്തുന്നതിനുവേണ്ടി പത്താം ക്ലാസ്സിലെ പിരീഡുകൾകൂടി കണക്കിലെടുത്ത് കായികാദ്ധ്യാപകരെ നിലനിർത്തുന്നതിന് സർക്കാർ 3-7-2017-ലെ സ.ഉ. (സാധാ) നമ്പർ 111/2017/പൊ.വി.വ. അനുസരിച്ച് ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് അദ്ധ്യാപകരെ പുനർവിന്യാസം ഒഴിവാക്കി സ്കൂളുകളിൽ നിലനിർത്തിയിട്ടുണ്ട്.

**ശ്രദ്ധ പദ്ധതി**

213 (1327) <u>ശ്രീ. ആന്റണി ജോൺ</u>:
<u>ശ്രീ. പി.വി. അൻവർ</u>:
<u>ശ്രീ. പുരുഷൻ കടലുണ്ടി</u>:
<u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മികവുറ്റവരാക്കുന്നതിനായി ശ്രദ്ധ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പഠനത്തിലെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) ഇതുസംബന്ധിച്ച് കുട്ടികളുടെ പട്ടിക തയ്യാറാക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഡി) സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ഒമ്പതാം ക്ലാസ്സ് വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി നവപ്രഭ പരിഹാര ബോധന പദ്ധതി ആരംഭിച്ചിട്ടുണ്ടോ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ പഠനത്തിൽ പ്രയാസം നേരിടുന്ന 3,5,8 ക്ലാസ്സുകളിലെ ഓരോ കുട്ടിയെയും 'പഠനത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്ന തരത്തിൽ കുട്ടിയെ സമീപിക്കുക' എന്നതാണ് 'ശ്രദ്ധ' പദ്ധതിയുടെ പ്രധാന ലക്ഷ്യം. കുട്ടിയെ ക്ഷമയോടെ കേൾക്കുക, അഭിപ്രായങ്ങളും അനുഭവങ്ങളും തുറന്ന് പറയുക, അദ്ധ്യാപകന്റെ ശബ്ദത്തിന് മുകളിലായി കുട്ടിയുടെ ശബ്ദം ഉയർന്ന് കേൾക്കുംവിധമുള്ള പ്രവർത്തനങ്ങൾ നടത്തുക, കുട്ടിയുടെ സാമൂഹികവും കുടുംബപരവുമായ പശ്ചാത്തലം അന്വേഷിച്ചറിഞ്ഞ് സഹായങ്ങൾ നൽകുക, സവിശേഷ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക, വ്യക്തിപരമായ ശ്രദ്ധ നൽകുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. മലയാളം, ഇംഗ്ലീഷ്, ഗണിതം, ശാസ്ത്രം എന്നീ വിഷയങ്ങളിൽ പ്രയാസം നേരിടുന്ന കുട്ടികൾക്കാണ് പരിഗണന നൽകുന്നത്.

(സി) പട്ടിക തയ്യാറാക്കുന്ന നടപടി പൂർത്തിയായിട്ടുണ്ട്.

(ഡി) ഒൻപതാം ക്ലാസ് വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് നടപ്പാക്കിയിട്ടുള്ള നവപ്രഭ പദ്ധതിക്ക് 2017-18 അക്കാദമിക് വർഷത്തിൽ സെപ്റ്റംബർ മാസം തുടക്കം കുറിക്കുകയും ജനുവരി 31-ന് പോസ്റ്റ് ടെസ്റ്റിലൂടെ വിലയിരുത്തൽ നടത്തി പൂർത്തിയാക്കുകയുമാണ്. ശാസ്ത്രം, കണക്ക്, ഇംഗ്ലീഷ്, മലയാളം എന്നീ വിഷയങ്ങൾക്ക് കൂടുതൽ പരിഗണന നൽകുന്ന പ്രസ്തുത പദ്ധതി ഈ വർഷം സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ ഒരുപോലെ നടപ്പാക്കിയിരുന്നു. സംസ്ഥാനത്ത് ഏകദേശം 60,000 വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിൽ നവപ്രഭ മൊബൈൽ ആപ്ലിക്കേഷൻ, വെബ്സൈറ്റ് എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. നവപ്രഭ പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച് പ്രത്യേക പഠനം നടത്തുവാനും ഉദ്ദേശിക്കുന്നു.

## വിദ്യാർത്ഥികൾക്ക് ദുരന്തനിവാരണ പരിശീലനം

214 (1328) ശ്രീ. എ. പ്രദീപ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിദ്യാർത്ഥികൾക്ക് ദുരന്തനിവാരണ പരിശീലനം നൽകുന്നതിനാവശ്യമായ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ദുരന്തനിവാരണ അതോറിറ്റി മുഖേന അപ്രകാരം പരിശീലനം നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. എന്നാൽ 'സംസ്ഥാന ദുരന്തനിവാരണ ലഘൂകരണ പദ്ധതി'-യുടെ ഭാഗമായി വകുപ്പുതല ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ ആവശ്യാനുസരണം സ്കൂളുകളിലും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾക്കും പരിശീലനം നൽകിവരുന്നുണ്ട്.

**കിഫ്ബി മുഖേനയുള്ള പ്രവൃത്തികൾക്ക് സ്കൂളിന് ഭരണാനുമതി**

215 (1329) <u>ശ്രീ. കെ. വി. വിജയദാസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികവിന്റെ കേന്ദ്രങ്ങളിൽ ഉൾപ്പെടുത്തി കിഫ്ബി മുഖേന 5 കോടി രൂപയുടെ പ്രവൃത്തി ചെയ്യുന്നതിന് എത്ര സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദ വിവരം നൽകുമോ;

(ബി) കോങ്ങാട് മണ്ഡലത്തിൽ എത്ര സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദ വിവരം നൽകുമോ;

(സി) ഏത് ഏജൻസിയെയാണ് ഇതിന്റെ വർക്കിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ഡി) ഈ വർക്കുകൾ എന്ന് തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി പ്രകാരം മികവിന്റെ കേന്ദ്രങ്ങളായി തെരഞ്ഞെടുത്തിട്ടുള്ള 141 സ്കൂളുകളിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ള 138 സ്കൂളുകൾക്ക് പദ്ധതി നിർവ്വഹണത്തിനായുള്ള ഭരണാനുമതിയും കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായത്തിനുള്ള അനുമതിയും ലഭ്യമായിട്ടുണ്ട്.

(ബി) കോങ്ങാട് നിയോജകമണ്ഡലത്തിൽനിന്നും പത്തിരിപ്പാല ഗവ. വി.എച്ച്.എസ്.എസ്.-നെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് 5.02 കോടി (അഞ്ചുകോടി രണ്ടുലക്ഷം) രൂപയുടെ എസ്റ്റിമേറ്റിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത സ്കൂളിന്റെ പദ്ധതി നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസ് '-നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) 2018 ജനുവരി 25-ഓടെ നിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ ആരംഭിച്ച് മധ്യവേനലവധിക്കാലം പൂർണ്ണമായും നിർമ്മാണത്തിന് ഉപയോഗിക്കുക എന്ന ലക്ഷ്യം മുന്നിൽക്കണ്ട് മാർച്ച് ആദ്യവാരം ടെൻഡർ നടപടികൾ പൂർത്തീകരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന കോൺട്രാക്ടർമാർക്ക് നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ മാർച്ച് മധ്യത്തോടെ ആരംഭിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## സർക്കാർ സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്ന പദ്ധതി

216 (1330) ശ്രീ. കെ. കൃഷ്ണൻകുട്ടി:

ശ്രീ. സി. കെ. നാണു:

ശ്രീ. എ. കെ. ശശീന്ദ്രൻ:

ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു നിയോജക മണ്ഡലത്തിലെ ഒരു സർക്കാർ സ്കൂളിന് വീതം ഓരോ വർഷവും അഞ്ച് കോടി രൂപ വരെ നല്കി അന്താരാഷ്ട്ര നിലവാരത്തിലാക്കുന്ന പദ്ധതിയിൽ നിലവിൽ എത്ര സ്കൂളുകൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ?

ഉത്തരം

(എ) ഒരു നിയോജകമണ്ഡലത്തിലെ ഒരു സർക്കാർ സ്കൂളിന് വീതം മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയുടെ ആദ്യഘട്ടമായി 141 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) 138 സ്കൂളുകൾക്ക് പദ്ധതി നിർവ്വഹണത്തിനായുള്ള ഭരണാനുമതിയും 'കിഫ്ബി' മുഖേനയുള്ള സർക്കാർ ധനസഹായത്തിനുള്ള അനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ പദ്ധതി നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസ് '-നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## സർക്കാർ സ്കൂളുകളിലെ സ്മാർട്ട് ക്ലാസ് സംവിധാനം

217 (1331) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് നടപ്പിലാക്കിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകാമോ;

(ബി) സ്കൂളുകളിൽ കുട്ടികളുടെ ഹാജർ നില രേഖപ്പെടുത്തുന്നതിനും കുട്ടികളെ സംബന്ധിച്ചുള്ള ദൈനംദിന വിരങ്ങൾ രക്ഷിതാക്കളെ മൊബൈൽ ഫോൺവഴി അറിയിക്കുന്നതിനുമുള്ള സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത്തരം സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ 139 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ഹൈടെക് ക്ലാസ് റൂം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ 73 സർക്കാർ സ്കൂളുകളും 66 എയ്ഡഡ് സ്കൂളുകളും ഉൾപ്പെടുന്നുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഏർപ്പെടുത്തിയിട്ടില്ല. വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 'സമ്പൂർണ്ണ' ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയറിൽ ഇത്തരം സംവിധാനങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള സൗകര്യമൊരുക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

## താനൂർ നിയോജകമണ്ഡലത്തിലെ ഹൈടെക് സ്കൂളുകൾ

218 (1332) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിലെ ദേവ്ധാർ ഹൈടെക് സ്കൂളിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്കൂളിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി താനൂർ നിയോജകമണ്ഡലത്തിലെ എത്ര ക്ലാസ്സ് മുറികളാണ് ഡിജിറ്റലൈസ് ചെയ്ത് ഹൈടെക് ആക്കിയത്;

(ഡി) ഏതൊക്കെ സ്കൂളുകളിലെ എത്ര ക്ലാസ്സ് മുറികൾ വീതം ഇപ്രകാരം സ്മാർട്ട് ആക്കി എന്നത് സംബന്ധിച്ച പട്ടിക ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) താനൂർ നിയോജകമണ്ഡലത്തിൽനിന്നും മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ദേവ്ധാർ ഗവ. ഹയർ സെക്കന്ററി സ്കൂളിന്റെ പദ്ധതി നിർവ്വഹണത്തിനായുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. ടി സ്കൂളിലെ 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പ്രവർത്തനം 2018 ജനുവരി 22-ന് ആരംഭിച്ചു.

(ബി) പ്രസ്തുത സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2019 പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ടി സ്കൂളിലെ 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായുള്ള ഉപകരണ വിതരണം 2018 ഫെബ്രുവരിയിൽ പൂർത്തിയാക്കുന്നതാണ്.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി താനൂർ നിയോജകമണ്ഡലത്തിലെ എല്ലാ സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെയും സജ്ജമായിട്ടുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുന്നതാണ്.

(ഡി) താനൂർ നിയോജകമണ്ഡലത്തിലെ എല്ലാ സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെയും എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുന്നതാണ്. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

## ദേവികുളം ഭാഷാ ന്യൂനപക്ഷ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ

219 (1333) <u>ശ്രീ. എസ്. രാജേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത്, ദേവികുളം നിയോജകമണ്ഡലത്തിലെ ഭാഷാ ന്യൂനപക്ഷ മേഖലയിൽ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിനെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ കാലത്ത് ദേവികുളം നിയോജക മണ്ഡലത്തിൽ ഭാഷാ ന്യൂനപക്ഷ മേഖലയിലെ ജി.എച്ച്.എസ്. കുഞ്ചിതണ്ണിക്ക് അഞ്ചുകോടി രൂപയും ജി.എച്ച്.എസ്.എസ്. അടിമാലിക്ക് മൂന്നുകോടി രൂപയും പ്രൈമറി വിഭാഗത്തിൽ ഗവ. യു.പി. സ്കൂൾ തോക്കുപാറയ്ക്ക് ഒരു കോടി രൂപയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം 'കൈറ്റിൽ' നിന്നും സ്കൂളുകളെ ഹൈടെക് ആക്കുന്ന പദ്ധതിയുടെ ഭാഗമായി 39 സ്കൂളുകൾ പ്രസ്തുത മേഖലയിൽ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കുന്നതിനായി ദേവികുളം നിയോജകമണ്ഡലത്തിലെ ഏഴ് സ്കൂളുകളെ തെരഞ്ഞെടുക്കുകയും ആദ്യഘട്ടമായി 10,000 രൂപ (പതിനായിരം രൂപ മാത്രം) വീതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**പിന്നാക്ക-മുന്നാക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് സ്കോളർഷിപ്പ്**

220 (1334) ശ്രീ. കെ. സുരേഷ് കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക, മുന്നാക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് സംസ്ഥാന സർക്കാർ എന്തെല്ലാം വിദ്യാഭ്യാസ ആനുകൂല്യങ്ങളും സ്കോളർഷിപ്പുകളുമാണ് നിലവിൽ നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നോൺ -റിലീജിയസ് എന്ന വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കും പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന 25000 (ഇരുപത്തയ്യായിരം രൂപ മാത്രം) രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ള പിന്നാക്ക/മുന്നാക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്കായി യു.പി. വിഭാഗത്തിൽ 125 (നൂറ്റിയിരുപത്തിയഞ്ച് രൂപാ മാത്രം) രൂപയും ഹൈസ്കൂൾ വിഭാഗത്തിന് 150 (നൂറ്റിയമ്പത് രൂപ മാത്രം) രൂപയും വാർഷിക സ്കോളർഷിപ്പ് നൽകിവരുന്നു.

കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി മാർക്കിന്റെയും മെറിറ്റിന്റെയും അടിസ്ഥാനത്തിൽ സുവർണ്ണ ജൂബിലി സ്കോളർഷിപ്പ് നൽകിവരുന്നു. കൂടാതെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പും നൽകിവരുന്നുണ്ട്. അനുവദിച്ച് വരുന്ന മറ്റ് സ്കോളർഷിപ്പുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

- State Merit Scholarship
- District Scholarship
- Sanskrit Scholarship
- Blind/PH Scholarship
- Music Fine Arts Scholarship
- Aspire Scholarship
- Nurturing inquisitiveness & fostering Scholarship in Social Sciences
- Scholarship to encourage talents in Literature
- Scholarship to encourage talents in Music Arts & Performing Arts
- Muslim Nadar Girls Scholarship
- Scholarship for dependents of Jawans

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖാന്തരം പിന്നാക്ക വിഭാഗത്തിലെ കുട്ടികൾക്കായി അനുവദിക്കുന്ന സ്കോളർഷിപ്പുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

- ഒ.ഇ.സി. പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ആനുകൂല്യം
- ഒ.ബി.സി. പ്രീമെട്രിക്/പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
- ഓവർസീസ് സ്കോളർഷിപ്പ്
- കെ.പി.സി.ആർ. ആനുകൂല്യം

(ബി) കോളേജ് തലത്തിൽ പോസ്റ്റ് മെട്രിക് തലത്തിൽ കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരം ആനുകൂല്യങ്ങൾക്ക് പൊതുവിഭാഗങ്ങൾക്ക് ഒരു ലക്ഷം രൂപ വരുമാനപരിധിക്ക് വിധേയമായി അർഹതയുണ്ട്.

നോൺ-റിലീജിയസ് എന്ന വിഭാഗത്തിൽപ്പെടുന്ന പെൺകുട്ടികളുടെ മാതാപിതാക്കളുടെ വാർഷിക വരുമാനം 25,000 (ഇരുപത്തയ്യായിരം രൂപ മാത്രം) രൂപയ്ക്ക് താഴെയാണെങ്കിൽ പിന്നോക്ക/മുന്നോക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്കായി പൊതുവിദ്യാഭ്യാസ വകുപ്പ് അനുവദിക്കുന്ന സ്കോളർഷിപ്പിന് പരിഗണിക്കാവുന്നതാണ്.

## സ്പെഷ്യൽ ഫീസ് ഉപയോഗിച്ച് വാങ്ങുന്ന പുസ്തകങ്ങൾ

221 (1335) ശ്രീ. എ. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ ഫീസിനത്തിൽ പിരിച്ചെടുക്കുന്ന തുക ഉപയോഗിച്ച് സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ വാങ്ങുന്നതിന് എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അപ്രകാരം പിരിച്ചെടുക്കുന്ന സ്പെഷ്യൽ ഫീസ് ചെലവഴിക്കുന്നതിൽ പി.ടി.എ.-യുടെ അംഗീകാരം വേണമെന്ന് നിബന്ധനയുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി/ഹൈസ്കൂൾ/യു.പി. സ്കൂൾ പ്രിൻസിപ്പൽമാർക്കും ഹെഡ്മാസ്റ്റർമാർക്കും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിലെ പി.ഡി. അക്കൗണ്ടുകളിൽ സ്പെഷ്യൽ ഫീസിനത്തിൽ ചെലവാകാതെ അവശേഷിക്കുന്ന തുക സ്കൂൾ ലൈബ്രറി നവീകരണത്തിനായി ഉപയോഗിക്കാവുന്നതാണെന്ന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവുകൾ പ്രകാരം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട ടി നവീകരണ പ്രവർത്തനത്തിനായി സ്പെഷ്യൽ ഫീസ് ചെലവഴിക്കുന്നതിനായി പി.ടി.എ.-യുടെ അംഗീകാരം ആവശ്യമാണ്. പ്രസ്തുത പദ്ധതിയിൻകീഴിൽ ലൈബ്രറി നവീകരണത്തിന്റെ ഭാഗമായി പുസ്തകങ്ങൾ വാങ്ങുമ്പോൾ നിലവിൽ പുസ്തകങ്ങൾ വാങ്ങുന്നതിന് വകുപ്പുതലത്തിലുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

## സ്കൂളുകൾ ഹൈടെക് ആക്കുന്നതിനുള്ള നടപടികൾ

222 (1336) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ ഹൈടെക് ആക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്കൂളുകളിലാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ 4775 സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ 45000 ക്ലാസ് മുറികളാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഹൈടെക് ക്ലാസ് മുറികളാക്കുന്നത്.

(ബി) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ ആകെയുള്ള 380 ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ക്ലാസ് മുറികൾ സജ്ജമാക്കിയ 352 സ്കൂളുകളിലേയ്ക്കുള്ള ഉപകരണ വിതരണം ആരംഭിച്ചു കഴിഞ്ഞു. സ്കൂളുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) 2018 ജൂൺ 1-ന് മുമ്പ് പദ്ധതി പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

## സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ

223 (1337) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പുതുതായി എസ്.പി.സി. യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര സ്കൂളുകളിൽ ഈ യൂണിറ്റുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) എസ്.പി.സി. യൂണിറ്റുകൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള ഫണ്ടിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഓരോ സ്കൂളിനും എത്ര തുകയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഏറനാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽനിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്; അവയിൽ ഏതെല്ലാം സ്കൂളുകളിലാണ് പുതുതായി എസ്. പി. സി. യൂണിറ്റ് ആരംഭിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ നടപ്പ് അധ്യയന വർഷം 100 സർക്കാർ സ്കൂളുകളിൽക്കൂടി എസ്.പി.സി. പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് പ്രഖ്യാപിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പുതുതായി എസ്.പി.സി. യൂണിറ്റ് അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ടുള്ള സർക്കാർ സ്കൂളുകളുടെ അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എസ്.പി.സി. പദ്ധതിയുടെ സ്കൂൾ/ജില്ല/ സംസ്ഥാന തലങ്ങളിൽ പദ്ധതി വിഹിതത്തിൽനിന്നും മാറ്റിവയ്ക്കുന്ന തുകയിൽ കുറവ് വന്നിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ പോലീസ് നവീകരണ സ്കീമിൽ ഉൾപ്പെടുത്തി 10.7 കോടി രൂപ എസ്.പി.സി. പദ്ധതി നിർവ്വഹണത്തിനായി വകയിരുത്തിയിരുന്നു. ആയത് 2017-18 സാമ്പത്തിക വർഷം 9 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. കൂടാതെ എസ്.പി.സി.-യുടെ ശുഭയാത്ര പദ്ധതിക്കായി ഒരു കോടി രൂപ മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പ് വകയിരുത്തിയിട്ടുണ്ട്.

(സി) ഏറനാട് നിയോജകമണ്ഡലത്തിലെ പേരകമണ്ണ ഗവ. എച്ച്.എസ്.-ൽ നിന്നുമാത്രമേ അപേക്ഷ ലഭിച്ചിട്ടുള്ളൂ.

## സ്കൂളുകളിൽ നൈപുണ്യ വികസന പദ്ധതി

224 (1338) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രനിർദ്ദേശമനുസരിച്ച് സ്കൂൾ വിദ്യാഭ്യാസത്തോടൊപ്പം തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിപ്പിക്കുന്നതിനുള്ള നൈപുണ്യവികസന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്; ഏതൊക്കെ ജില്ലകളിലാണ് പദ്ധതി നടപ്പാക്കുന്നത് എന്നറിയിക്കാമോ;

(സി) ഈ പദ്ധതി എയ്ഡഡ്/ അൺഎയ്ഡഡ് സ്കൂളുകളിൽ നടപ്പാക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. ദേശീയ നൈപുണ്യ വികസന ചട്ടക്കൂടായ എൻ.എസ്.ക്യൂ. എഫ്. (NSQF) അധിഷ്ഠിതമായ കോഴ്സുകൾ 2018 ജൂൺ മുതൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പ്രാരംഭ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തിലെ എല്ലാ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകളിലും എല്ലാ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിലും എൻ.എസ്.ക്യൂ.എഫ്. അധിഷ്ഠിത തൊഴിൽ വിദ്യാഭ്യാസം 2018 ജൂൺ മുതൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 22-11-2017-ൽ കൂടിയ കൺസൾട്ടേറ്റീവ് മീറ്റിംഗിലെ നിർദ്ദേശങ്ങളിൽ VHSE ഡയറക്ടറുമായി കൂടിയാലോചിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് എസ്.സി.ഇ.ആർ.ടി. ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## സ്കൂളുകൾക്ക് അന്താരാഷ്ട്ര നിലവാരം

225 (1339) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏത് ഘട്ടം വരെയായെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏത് ഏജൻസിയാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സ്കൂൾ വികസന ഗ്രൂപ്പിൽ ചർച്ച ചെയ്ത പദ്ധതികൾ അംഗീകരിച്ച് നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി നെന്മാറ നിയോജകമണ്ഡലത്തിൽനിന്നും മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള നെന്മാറ ഗവ. ബോയ്സ് ഹയർ സെക്കന്ററി സ്കൂളിന്റെ 7.82 കോടി (ഏഴുകോടി എൺപത്തിരണ്ട് ലക്ഷം രൂപ) രൂപയ്ക്കുള്ള എസ്റ്റിമേറ്റ് അടങ്ങുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായമായ 5 കോടി രൂപയ്ക്ക് അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസ് '-നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായി നെന്മാറ നിയോജകമണ്ഡലത്തിൽനിന്ന് 3 കോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള രണ്ട് സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. കൂടാതെ മണ്ഡലത്തിൽ ഉൾപ്പെട്ട വട്ടേക്കാട് ഗവ. യു.പി.എസ്.-ന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിന് അംഗീകൃത ഏജൻസിയായ 'കിറ്റ്കോ'-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി പ്രോജക്ട്

മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസ്'-നെ ടെൻഡർ മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) സ്കൂൾ വികസന ഗ്രൂപ്പുകളുമായി ചർച്ച നടത്തിയാണ് വിവിധ പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതികൾ 2019-ൽ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ്

226 (1340) ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല ഡി.ഇ.ഒ.-യുടെ പരിധിയിൽ വരുന്ന ചില വിദ്യാലയങ്ങളിൽ അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് കഴിഞ്ഞ വർഷം നൽകിയിട്ടില്ല എന്ന പ്രശ്നം ആർ.എം.എസ്.എ. ഡയറക്ടറുടെയും മറ്റ് വകുപ്പ് അധികാരികളുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടും ഇതുവരെയും പരിഗണിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ധനസഹായം ലഭിക്കാനർഹരായവർക്ക് എന്തു കാരണത്താലാണ് ആയത് ലഭ്യമാക്കാതിരിക്കുന്നത് എന്നതുസംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ &ബി) ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന എഴുപുന്ന സെന്റ് റാഫേൽ എച്ച്.എസ്.-ൽ അംഗപരിമിതനായ ഒരു വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് ലഭ്യമായില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അർഹരായ കുട്ടികളുടെ വിവരങ്ങൾ സ്കൂളുകൾ കൃത്യമായി UDISE എൻട്രിയിൽ ഉൾപ്പെടുത്താതിരിക്കുന്നതാണ് എല്ലാ കുട്ടികൾക്കും സ്കോളർഷിപ്പ് ലഭ്യമാകാത്തതിന് കാരണം. കൃത്യമായി ടി എൻട്രികൾ നടത്താൻ കർശന നിർദ്ദേശം നൽകുന്നതാണ്.

## സർവ്വശിക്ഷാ അഭിയാന്റെ ഭാഗമായുള്ള ഓട്ടിസം സെന്ററുകൾ

227 (1341) ശ്രീ. എ. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സർവ്വശിക്ഷാ അഭിയാന്റെ ഭാഗമായി എവിടെയൊക്കെയാണ് ഓട്ടിസം സെന്ററുകൾ ആരംഭിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സെന്ററുകളിൽ ഓട്ടിസം ബാധിച്ച കുട്ടികൾക്ക് എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാക്കുകയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18-ൽ സർവ്വശിക്ഷാ അഭിയാന്റെ കീഴിൽ കോഴിക്കോട് ജില്ലയിലെ മേലടി, ചെളന്നൂർ, തൂണേരി, കുന്നമംഗലം എന്നീ ബി.ആർ.സി-കളിൽ ഓട്ടിസം സെന്ററുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ പേരാമ്പ്ര വടകര, കുന്നുമ്മൽ, കൊടുവള്ളി, മാവൂർ ബി.ആർ.സി.-കളിലും നടക്കാവ് യു.ആർ.സി.-യിലും ഓട്ടിസം സെന്ററുകൾ പ്രവൃത്തിച്ചുവരുന്നു.

(ബി) ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, ഒക്കുപ്പേഷണൽ തെറാപ്പി, സ്വഭാവ രൂപീകരണ പ്രവർത്തനങ്ങൾ, രക്ഷാകർത്തൃ പരിശീലനം, പഠന പ്രവർത്തനങ്ങളുടെ അനുരൂപീകരണം എന്നിവയാണ് ഓട്ടിസം സെന്ററുകൾവഴി നൽകിവരുന്ന സേവനങ്ങൾ.

**പൊതുവിദ്യാഭ്യാസ മേഖലയിലെ സ്കൂളുകൾ സ്മാർട്ടാക്കുന്നതിനുള്ള നടപടി**

228 (1342) <u>ശ്രീ. രാജു എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിലെ സ്കൂളുകൾ സ്മാർട്ടാക്കുന്നതിനായി ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതി പ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എത്ര കോടിരൂപയാണ് പദ്ധതിക്കായി ചെലവഴിക്കുന്നത്; ഇതിനുള്ള ഫണ്ട് എവിടെ നിന്നാണ് ലഭ്യമാക്കിയിട്ടുള്ളത്;

(സി) ഈ പദ്ധതിമുഖേന പൊതു വിദ്യാലയങ്ങളിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നത്; 2018-19 അക്കാദമിക് വർഷം എത്ര സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്ന സർക്കാർ കമ്പനിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. 493.5 കോടി (നാന്നൂറ്റി തൊണ്ണൂറ്റി മൂന്നുകോടി അൻപത് ലക്ഷം) രൂപയുടെ പദ്ധതിക്കുള്ള ഫണ്ട് കിഫ്ബിയിൽനിന്നാണ് ലഭ്യമാക്കുന്നത്.

(സി) പൊതുവിദ്യാലയങ്ങളിലെ 45000 ക്ലാസ് മുറികളിൽ ലാപ് ടോപ്പ് കമ്പ്യൂട്ടർ, സീലിംഗിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രൊജക്റ്റർ, പ്രൊജക്ഷന് അനുയോജ്യമായ രീതിയിൽ പെയിന്റടിച്ച ഭിത്തി/സ്ക്രീൻ, യു.എസ്.ബി. സ്പീക്കർ, ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം, നെറ്റ്‌വർക്കിംഗ്, സ്കൂളിന് പൊതുവായി കമ്പ്യൂട്ടർ ലാബ്, മൾട്ടിഫങ്ഷൻ പ്രിന്റർ, ടി.വി., ഫുൾ എച്ച്.ഡി. വെബ്ക്യാം, സ്റ്റിൽ ക്യാമറ വിത്ത് വീഡിയോ റെക്കോർഡിംഗ് സംവിധാനം തുടങ്ങിയവ ലഭ്യമാക്കുന്നുണ്ട്. 2018-19 അധ്യയന വർഷം 4775 സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി - വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## 200 വർഷത്തിന് മുകളിൽ പഴക്കമുള്ള സ്കൂളുകൾക്കായുള്ള പ്രത്യേക പദ്ധതി

229 (1343) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 200 വർഷത്തിനുമുകളിൽ പഴക്കമുള്ള സ്കൂളുകൾക്കായുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിലെ ഗവൺമെന്റ് ബോയ്സ് വി.എച്ച്.എസ്.എസ്, മാവേലിക്കര എൽ.പി.എസ്. എന്നീ വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ആവശ്യമായ അനുമതി നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഡി.പി.ആർ. ലഭ്യമായിട്ടുണ്ടോ; അടിയന്തരമായി അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) 200 വർഷം പഴക്കമുള്ള എത്ര സ്കൂളുകൾ സംസ്ഥാനത്തുണ്ട്; അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 200 വർഷത്തിന് മുകളിൽ പഴക്കമുള്ള സ്കൂളുകൾക്കായുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് ബോയ്സ് വി.എച്ച്.എസ്.എസ്., മാവേലിക്കര എൽ.പി.എസ്. എന്നീ വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇല്ല. വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

## സംസ്ഥാന സ്കൂൾ കലോൽസവം

230 (1344) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 അധ്യയന വർഷത്തിലെ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ സംസ്ഥാനത്താകമാനമുള്ള എത്ര കുട്ടികൾ പങ്കെടുത്തു എന്നും ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) കലോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട് പിരിഞ്ഞു കിട്ടിയ തുക, ലഭ്യമായ സർക്കാർ സഹായം, ചെലവായ തുക എന്നിവ ഓരോന്നിന്റെയും ഇനം തിരിച്ച് എത്രയെന്ന വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2017-18 അധ്യയന വർഷത്തിലെ സംസ്ഥാന സ്കൂൾ കലോൽസവത്തിൽ 14,212 കുട്ടികൾ പങ്കെടുക്കുകയും ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസം, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റുകളിൽ നിന്നായി 250 ഉദ്യോഗസ്ഥർ പ്രവൃത്തിക്കുകയും ചെയ്തു.

(ബി) കലോൽസവ ഇനത്തിൽ 9, 10, +1, +2 വിദ്യാർത്ഥികളിൽനിന്നും മാത്രമാണ് ഫണ്ട് ലഭ്യമായിട്ടുള്ളത്. വിവിധ സ്കൂളുകളിൽനിന്നും ഡി.ഡി. ആയി കലോത്സവ വിഹിതം ലഭിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ. അതിനാൽ ആകെ തുകയുടെ കണക്ക് ഇപ്പോൾ നൽകുന്നതിന് സാധിക്കില്ല. സർക്കാർ വിഹിതമായ 6,00,00,000 രൂപ (ആറുകോടി രൂപ) ഉപജില്ലാ, റവന്യൂ ജില്ലാ കലോത്സവത്തിനായി നൽകിയിട്ടുണ്ട്. കുട്ടികളുടെ പ്രൈസ് മണി 40,00,000 രൂപ (നാൽപ്പത് ലക്ഷം രൂപ) സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. സംസ്ഥാന സ്കൂൾ കലോത്സവം സുഗമമായി നടത്തുന്നതിന് വിവിധ കമ്മിറ്റികൾക്ക് 98,60,000 രൂപ (തൊണ്ണൂറ്റിയെട്ട് ലക്ഷത്തി അറുപതിനായിരം രൂപ) നൽകിയിട്ടുണ്ട്.

## സ്കൂൾ കലോൽസവം കുറ്റമറ്റതാക്കാൻ നടപടി

231 (1345) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന സ്കൂൾ കലോത്സവം കുറ്റമറ്റതാക്കാനും സംശുദ്ധമാക്കാനും വ്യവസ്ഥാ ലംഘനമില്ലാതെ വിധി നിർണ്ണയം ഉറപ്പുവരുത്താനും കീഴ് ഘടകങ്ങൾ മുതൽ സംസ്ഥാന തലം വരെ സ്വീകരിക്കാൻ പോകുന്ന തുടർ പ്രവൃത്തികൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) മാറി മാറി വരുന്ന സർക്കാരുകൾ പല തവണ കലോത്സവ മാന്വൽ പരിഷ്കരണവും ചട്ടമുണ്ടാക്കലും നടത്തിയിട്ടും മത്സര വേദികൾ പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തി കുട്ടികളെയും രക്ഷാകർത്താക്കളെയും അധർമ്മത്തിലേക്കും തെറ്റുകളിലേക്കും ലക്ഷങ്ങൾ ചെലവാക്കുന്ന പ്രവണതകളിലേക്കും എത്തിച്ചു വരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) എങ്കിൽ ഇത്തരം നിയമ വിരുദ്ധ പ്രവണതകൾ തടഞ്ഞ് കലോത്സവ മാന്വലും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിക്കാനും കലോത്സവ വേദിയെ കലഹ, അഴിമതി വേദികളാക്കുന്ന പ്രവണതകൾക്ക് വിരാമമിടാനും, കുറ്റക്കാരെ കണ്ടെത്തി മാതൃകാപരമായ ശിക്ഷ ഉറപ്പുവരുത്താനും എന്ത് നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സ്കൂൾ കലോൽസവം കുറ്റമറ്റതാകുവാനുതകുന്ന തരത്തിലാണ് സംസ്ഥാന സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിച്ചിട്ടുള്ളത്. സ്കൂൾതലം മുതൽ സംസ്ഥാനതലം വരെ കലോത്സവം കുറ്റമറ്റതാകുവാൻവേണ്ടി ഒട്ടനവധി പരിഷ്കാരങ്ങൾ മാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സത്യസന്ധമായ വിധി നിർണ്ണയം, കുറ്റമറ്റ രീതിയിലുള്ള സംഘാടനം എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ചാണ് 2017-18-ലെ കലോത്സവം നടന്നിട്ടുള്ളത്. തുടർന്ന് വരുന്ന വർഷങ്ങളിൽ മാന്വലിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കുന്നതിന് എല്ലാ കീഴ്ഘടകങ്ങൾക്കും നിർദ്ദേശങ്ങൾ നൽകുന്നതാണ്.

(ബി) ഉണ്ട്. മാന്വൽ പരിഷ്കരണവുമായി ബന്ധപ്പെട്ടല്ല, വ്യാജമായ വിധികൾ സംഘടിപ്പിച്ചാണ് ഇത്തരം അധർമ്മങ്ങൾ നടത്താൻ ശ്രമിച്ചിട്ടുള്ളത്.

(സി) ക്രൈംബ്രാഞ്ച്, പോലീസ് അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**'ഒരു മണ്ഡലത്തിൽ ഒരു കോളേജ് ' പദ്ധതി**

232 (1346) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം, ഒരു മണ്ഡലത്തിൽ ഒരു കോളേജ് എന്ന പദ്ധതി പ്രകാരം ഏതൊക്കെ സ്ഥലങ്ങളിൽ കോളേജുകൾ അനുവദിച്ചുവെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത കോളേജുകളിൽ അധ്യാപക/അനധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലും നിലമ്പൂർ നിയോജക മണ്ഡലത്തിലും ഗവൺമെന്റ് കോളേജുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) ടി കോളേജുകളിൽ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**മങ്കട ഗവ. ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണം**

233 (1347) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗവ. ആർട്സ് & സയൻസ് കോളേജ് കെട്ടിടം നിർമ്മിക്കുന്നതിന്റെ (ആസ്തി വികസന ഫണ്ട് ഉപയോഗിച്ച്) പുരോഗതി വ്യക്തമാക്കാമോ;

(ബി) ടി കെട്ടിടം പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് "കിറ്റ്കോ" ബില്ലുകൾ മാറി തുക കൈമാറുന്നതിന് കാലതാമസം നേരിട്ടത് വിദ്യാഭ്യാസ (കോളേജ് വിദ്യാഭ്യാസം) വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ബഹുമാനപ്പെട്ട മങ്കട എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് കെട്ടിട നിർമ്മാണത്തിന്റെ 45% ബ്ലോക്ക് വർക്കും 80% സ്ട്രക്ച്ചറൽ വർക്കും കിറ്റ്കോ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി & സി) ഉണ്ട്. കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് കിറ്റ്കോയെ ചുമതലപ്പെടുത്തിക്കൊണ്ട് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളത് 2014-ൽ ആണ്. ആ വർഷം നിലവിലുണ്ടായിരുന്ന രീതി സംസ്ഥാന സീനിയോരിറ്റി പ്രകാരം ബിൽ മാറി നൽകുന്ന രീതിയാണ്. ഭരണാനുമതി പുറപ്പെടുവിച്ച പ്രവൃത്തി ആരംഭിച്ച് ആദ്യത്തെ ബില്ലും മാറിയതിനുശേഷം ഭരണാനുമതി ഉത്തരവ് ഭേദഗതി വരുത്തി 5-6-2015-ലെ സ.ഉ. (അ) നമ്പർ 213/15/ധന. ഉത്തരവിനനുസരിച്ച് ബിൽ മാറി നൽകുന്നത് പ്രായോഗികമല്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തിയുടെ മുഴുവൻ ബില്ലുകളും

സംസ്ഥാന സീനിയോരിറ്റിയിൽ ഉൾപ്പെടുത്തി മാത്രമേ മാറ്റിനൽകാൻ സാധിക്കുകയുള്ളൂ.

(ഡി) കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങൾ**

234 (1348) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഇടപെടൽകൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്ത് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ എന്തെന്ന് വിശദമാക്കുമോ;

(ബി) ഡോ. രാജൻ ഗുരുക്കൾ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ കൊണ്ടുവരുവാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) ഉന്നത വിദ്യാഭ്യാസ രംഗത്ത് ലോകമെമ്പാടും സംഭവിക്കുന്ന മാറ്റങ്ങൾക്ക് അനുസൃതമായി നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്തെ മാറ്റുന്നതിന് ഉതകുന്ന വിധത്തിൽ പ്രസ്തുത കൗൺസിലിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുമോ?

ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ച ആദ്യ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ഉന്നത വിദ്യാഭ്യാസ നയരൂപീകരണം സംബന്ധിച്ച് സർക്കാരിനും സർവ്വകലാശാലകൾക്കും ഉപദേശം നൽകുക, ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവൃത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുക, ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കേണ്ട പരിഷ്കാരങ്ങളെക്കുറിച്ച് പഠിച്ച് ചർച്ച ചെയ്ത് റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കുക, ഉന്നത വിദ്യാഭ്യാസ രംഗത്ത് ചില പൊതുവായ സേവനങ്ങൾ ലഭ്യമാക്കുക എന്നിവയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ, പ്രാപ്യത, സാമൂഹ്യനീതി എന്നിവ ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളാണ് കൗൺസിൽ നടത്തിവരുന്നത്. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്ട് സമഗ്രമായ പുനരവലോകനം ചെയ്ത് ഭേദഗതികൾ നിർദ്ദേശിക്കാൻ മഹാത്മാഗാന്ധി സർവ്വകലാശാല മുൻ വൈസ് ചാൻസിലർ ഡോ. രാജൻ ഗുരുക്കളെ ഏകാംഗ കമ്മീഷനായി നിയോഗിച്ചിരുന്നു. റൂസ പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്ടിന് ഭേദഗതികൾ നിർദ്ദേശിക്കുന്നതും കമ്മീഷന്റെ ചുമതലയായിരുന്നു.

2007-ൽ പ്രവർത്തനമാരംഭിച്ച കൗൺസിലിന്റെ പ്രവർത്തനങ്ങൾ കമ്മീഷൻ സമഗ്രമായി അവലോകനം ചെയ്യുകയും കൗൺസിൽ ആക്ടിൽ വരുത്തേണ്ട ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തു. 2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്ട് തികഞ്ഞ ജനാധിപത്യ സ്വഭാവമുള്ള മാതൃകാ നിയമമായതിനാൽ അതിൽ കാതലായ മാറ്റങ്ങൾ ആവശ്യമില്ലെന്നായിരുന്നു കമ്മീഷന്റെ കണ്ടെത്തൽ. എന്നാൽ റൂസ പദ്ധതിയുടെ നടത്തിപ്പ് ഏറ്റെടുക്കാൻ ആവശ്യമായ ഏതാനും ഭേദഗതികൾ കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായി. കൗൺസിൽ ഗവേണിംഗ് ബോഡിയിൽ എം.എച്ച്.ആർ.ഡി. പ്രതിനിധിയെയും റൂസ സ്റ്റേറ്റ് പ്രോജക്ട് കോ-ഓർഡിനേറ്ററെയും ഉൾപ്പെടുത്തണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. ഉന്നത വിദ്യാഭ്യാസ കൗൺസിൽ എക്സിക്യൂട്ടീവ് ബോഡി അംഗങ്ങളെ സർവ്വകലാശാലകളുടെ സിൻഡിക്കേറ്റിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്ന പതിവ് നിർത്തലാക്കണമെന്നും പകരം അവരെ അക്കാദമിക് കൗൺസിലുകളിലേയ്ക്ക് നാമനിർദ്ദേശം ചെയ്യണമെന്നും ഗുരുക്കൾ കമ്മീഷൻ ശിപാർശ ചെയ്തിരുന്നു. ടി ശിപാർശകളുടെ അടിസ്ഥാനത്തിൽ ഓർഡിനൻസ് പുറപ്പെടുവിക്കുകയും പുതിയ ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ദേവസ്വം ബോർഡിന് കീഴിൽ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടി

235 (1349) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ തൃക്കാഞ്ഞിരപുരത്ത് ദേവസ്വം ബോർഡിന് കീഴിൽ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇതുസംബന്ധിച്ച് ദേവസ്വം ബോർഡിന്റെയും യൂണിവേഴ്സിറ്റിയുടെയും തീരുമാനത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ കഴക്കൂട്ടം കേന്ദ്രമായി കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച സർക്കാർ തീരുമാനം നടപ്പിലായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത കോളേജ് മറ്റെവിടെയെങ്കിലും ആരംഭിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ സാധ്യതാ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ബി & സി) 1-3-2016-ലെ സ.ഉ. (കൈ) നമ്പർ 63/16/ഉവിവ പ്രകാരം ദേവസ്വം ബോർഡിന് കീഴിൽ കഴക്കൂട്ടം കേന്ദ്രമായി കോളേജ് ആരംഭിക്കുന്നതിന് NOC നൽകിയിട്ടുണ്ട്. എന്നാൽ ആവശ്യമായ ഭൂമി ലഭ്യമല്ലാത്തതിനാൽ കോളേജ് ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

**നെന്മാറ നിയോജകമണ്ഡലത്തിൽ കോളേജ്**

236 (1350) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ സർക്കാർ, എയ്ഡഡ് മേഖലയിൽ ആർട്സ് & സയൻസ്/എഞ്ചിനീയറിംഗ് കോളേജ് ഇല്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തമിഴ്നാട് അതിർത്തിയോട് ചേർന്നുകിടക്കുന്ന നെന്മാറ മണ്ഡലത്തിൽ തൊഴിലാളികളും ഇടത്തരം കർഷകരും പിന്നാക്ക വിഭാഗക്കാരുമാണ് അധിവസിക്കുന്നത് എന്ന പരിഗണനയിൽ മണ്ഡലത്തിൽ ഒരു ആർട്സ് &സയൻസ്/എഞ്ചിനീയറിംഗ് കോളേജ് അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ ഒരു എയ്ഡഡ് ആർട്സ് & സയൻസ് കോളേജ് ഇപ്പോൾ പ്രവൃത്തിക്കുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന്റെ പ്രവർത്തനങ്ങൾ

237 (1351) ശ്രീ. കെ. മുരളീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന് കീഴിൽ എത്ര സ്ഥാപനങ്ങൾ പ്രവൃത്തിക്കുന്നുണ്ട്; അവ ഏതെല്ലാം; ഒരു വർഷം ദൈർഘ്യമുള്ള ഹ്രസ്വകാല കോഴ്സുകൾ ഏതൊക്കെയാണ്; കോഴ്സുകൾ നടത്തിയ വകയിൽ കഴിഞ്ഞ സാമ്പത്തിക വർഷം സി.സി.ഇ.കെ.യ്ക്ക് എത്ര വരുമാനം ലഭിച്ചു;

(ബി) സി.സി.ഇ.കെ.-യുടെ കീഴിൽ ഹ്രസ്വകാല തൊഴിലധിഷ്ഠിത കോഴ്സുകൾ എത്ര കോളേജുകളിലും സ്കൂളുകളിലും പ്രവൃത്തിക്കുന്നുണ്ട്; എൻജിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, ആർട്സ് ആന്റ് സയൻസ് കോളേജുകൾ തുടങ്ങി തരംതിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കോഴ്സുകളുടെ മേൽനോട്ട ചുമതല വഹിക്കുന്ന സി.സി.ഇ.കെ.യിലെ ഉദ്യോഗസ്ഥന്റെ വിദ്യാഭ്യാസ യോഗ്യത എന്താണ്?

ഉത്തരം

(എ) സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ കീഴിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ പ്രവൃത്തിച്ചുവരുന്നു.

- കോളേജ് ഓഫ് എഞ്ചിനീയറിംഗ് മൂന്നാർ
- കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി - കൊല്ലം, കോട്ടയം, ഇടുക്കി, വയനാട് എന്നീ ജില്ലകൾ ഒഴികെ സംസ്ഥാനത്തെ 10 ജില്ലകളിൽ അക്കാദമിയുടെ കേന്ദ്രങ്ങളുണ്ട്.
- ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരള, വെള്ളിമൺ, കൊല്ലം
- ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച്, പൊന്നാനി
- സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത പോളിടെക്നിക്ക്, എഞ്ചിനീയറിംഗ്, ആർട്സ് ആന്റ് സയൻസ് കോളേജുകളിലും വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും സ്ഥാപിച്ചിട്ടുള്ള തുടർവിദ്യാഭ്യാസ ഉപകേന്ദ്രങ്ങൾ - (നാളിതുവരെ രജിസ്റ്റർ ചെയ്തവ -220 എണ്ണം)

തുടർവിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായാണ് ഒരു വർഷം ദൈർഘ്യമുള്ള വിവിധ കോഴ്സുകൾ നടത്തിവരുന്നത്. 2017-18 അക്കാദമിക് വർഷം നടത്തിവരുന്ന വിവിധ കോഴ്സുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷം 186.83 ലക്ഷം രൂപ വിവിധ തുടർവിദ്യാഭ്യാസ കോഴ്സുകളിൽ നിന്നായി സി.സി.ഇ.കെ.-യുടെ വരുമാന വിഹിതമായി ലഭിച്ചിട്ടുണ്ട്. അതിൽ കോ-ഓർഡിനേഷൻ ഏജൻസിയുടെ വിഹിതം കിഴിച്ച് 46.71 ലക്ഷം രൂപ സി.സി.ഇ.കെ.-യുടെ തനത് വരുമാനമാണ്.

(ബി) തുടർവിദ്യാഭ്യാസ ഉപകേന്ദ്രങ്ങളായി 220 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകൾ-14, പോളിടെക്നിക്കുകൾ-49, ആർട്സ് ആന്റ് സയൻസ് കോളേജുകൾ-122, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ-35. എന്നാൽ 2017-18 അക്കാഡമിക് വർഷം കോഴ്സുകൾ നടത്തിവരുന്നത് 94 ഉപകേന്ദ്രങ്ങളിൽ മാത്രമാണ്. എഞ്ചിനീയറിംഗ് കോളേജുകൾ-4, പോളിടെക്നിക്കുകൾ-40, ആർട്സ് ആന്റ് സയൻസ് കോളേജുകൾ-48, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ-2.

(സി) തുടർവിദ്യാഭ്യാസ കോഴ്സുകളുടെ മേൽനോട്ട ചുമതല വഹിക്കുന്നത് സി.സി.ഇ.കെ.-യുടെ ഡയറക്ടറാണ്. നിലവിലുള്ള ഡയറക്ടർ- ഡോ. പി. അനിത ദമയന്തി, വിദ്യാഭ്യാസ യോഗ്യത-എം.എ., പി.എച്ച്.ഡി.

## മലപ്പുറം ഗവൺമെന്റ് വനിതാ ആർട്സ് ആന്റ് സയൻസ് കോളേജിന് സ്വന്തമായി കെട്ടിടം

238 (1352) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്തെ ഗവൺമെന്റ് വനിതാ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) മലപ്പുറം നിയോജകമണ്ഡലം എം.എൽ.എ.-യുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച 3 കോടി രൂപയുടെ പ്രൊപ്പോസലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദീകരിക്കാമോ;

(സി) മലപ്പുറം ഗവൺമെന്റ് വനിതാ ആർട്സ് ആന്റ് സയൻസ് കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കോളേജിനായി എത്ര രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ബഹു. മലപ്പുറം എം.എൽ.എ. സമർപ്പിച്ചിട്ടുള്ള കെട്ടിട നിർമ്മാണത്തിനുള്ള മൂന്നുകോടി രൂപയുടെ പ്രൊപ്പോസലിന് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ കോളേജ് പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോളേജിന് അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കുളത്തൂർ ഗവൺമെന്റ് കോളേജിന് സ്ഥലം അനുവദിക്കുന്നതിന് നടപടി**

239 (1353) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ ഗവ.കോളേജിന് സ്ഥലം വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് 4-11-2016-ന് എം.എൽ.എ. വിദ്യാഭ്യാസ മന്ത്രിയ്ക്ക് നൽകിയ EDN/0023/2016 നമ്പർ കത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) കുളത്തൂർ ഗവ.കോളേജിന് കിഫ്ബിവഴി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളത്, പൊതുവിദ്യാഭ്യാസവകുപ്പ് സ്ഥലം കൈമാറാത്തതു കാരണം, വിനിയോഗിക്കാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുളത്തൂർ ഗവ.കോളേജിന് സ്ഥലം അനുവദിക്കുന്നതിനുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്ത യോഗം വിളിക്കുന്നതിന് 2017 ഡിസംബറിൽ എം.എൽ.എ. നൽകിയ കത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) പൊതുവിദ്യാഭ്യാസ വകുപ്പ് കോളേജിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ കിറ്റ്കോയ്ക്ക് 5-7-2017-ന് നൽകിയ നമ്പർ 307/M1/2016 കത്തിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര കുളത്തൂർ ഗവൺമെന്റ് കോളേജിനായി സ്ഥലം വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് 4-11-2016-ൽ ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ കുളത്തൂർ ഗവൺമെന്റ് ഹൈസ്കൂളിന്റെ അഞ്ചേക്കർ സ്ഥലം കോളേജിനായി മാറ്റിനിർത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി 5-7-2017-ലെ കത്ത് മുഖേന കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിൻ പ്രകാരം മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള നടപടികൾ കിറ്റ്കോ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 2017 ഡിസംബറിൽ ബഹു. എം.എൽ.എ. നൽകിയ കത്ത് ഈ വകുപ്പിൽ ലഭിച്ചിട്ടില്ല.

(ഡി) 5-7-2017-ന് നൽകിയ സർക്കാർ നിർദ്ദേശമനുസരിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ കിറ്റ്കോ സ്വീകരിച്ചുവരുന്നു.

## ഉന്നതവിദ്യാഭ്യാസ രംഗത്ത് ഇ-ഗവേണൻസ് പദ്ധതി

240 (1354) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും കോളേജുകൾ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നിവയുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതിനായി ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുമോ; എങ്കിൽ പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടത്തിന് ഏത് സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) ഉന്നതവിദ്യാഭ്യാസ രംഗത്തെ വിദ്യാർത്ഥി പ്രവേശനം, പരീക്ഷ നടത്തിപ്പ്, ഫലപ്രഖ്യാപനം തുടങ്ങിയവ ഏകീകൃത സ്വഭാവത്തിലേക്ക് കൊണ്ടു വരുന്ന കാര്യം പദ്ധതി മുഖേന ലക്ഷ്യമിടുന്നുണ്ടോ;

(ഡി) മറ്റെന്തെല്ലാം പരിഷ്കരണങ്ങളാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) ഉണ്ട്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്, കേരള സർവ്വകലാശാല, എം.ജി. സർവ്വകലാശാല കുസാറ്റ്, കണ്ണൂർ സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല എന്നിവയെ ബന്ധിപ്പിച്ച് ഇ-ഗവേണൻസ് പദ്ധതിക്ക് 2013-ൽ തുടക്കം കുറിച്ചെങ്കിലും ടെൻഡർ എടുത്ത സ്ഥാപനം കാര്യക്ഷമമായി പ്രവൃത്തിക്കാതെ വന്നതിനാൽ 30-10-2017-ലെ ജി.ഒ. (എം.എസ്.) നമ്പർ 277/2017/ഉ.വി.വ. ഉത്തരവ് പ്രകാരം ടി സ്ഥാപനത്തെ പ്രോജക്ടിൽനിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് 21-11-2017-ലെ ജി.ഒ. (സാധാ) 2107/2017/ഉ.വി.വ. പ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസിലറുടെ നേതൃത്വത്തിൽ ഒരു സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പദ്ധതി നടപ്പാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി & ഡി) ടി സമിതിയുടെ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

## ആർട്സ് & സയൻസ് കോളേജുകളിലെ ഭാഷാ അദ്ധ്യാപകരുടെ നിയമനം

241(1355) ശ്രീ. കെ. മുരളീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2011-12 അക്കാദമിക വർഷം മുതൽ സർക്കാർ മേഖലയിൽ പുതുതായി ആരംഭിച്ച ആർട്സ് & സയൻസ് കോളേജുകൾ ഏതൊക്കെയാണ്;

(ബി) ഈ കോളേജുകളിൽ മലയാളം, ഹിന്ദി വിഭാഗങ്ങളിൽ എത്ര സ്ഥിരം അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ട്;

(സി) പ്രസ്തുത വിഭാഗങ്ങളിൽ സ്ഥിരം തസ്തികകൾ അനുവദിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) മലയാളം, ഹിന്ദി സ്ഥിരം അദ്ധ്യാപക തസ്തികകൾ അനുവദിക്കാതിരിക്കുന്നത് നിമിത്തം ഭാഷാ അദ്ധ്യാപകരുടെ നിലവാരം കാത്തുസൂക്ഷിക്കാനാവുന്നില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രതിവാരം കുറഞ്ഞത് 9 മണിക്കൂറെങ്കിലും ഭാഷാ അധ്യയനം ഉള്ള കോളേജുകളിൽ ഹിന്ദി, മലയാളം വിഭാഗങ്ങളിൽ സ്ഥിരം തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോളേജുകളുടെ പട്ടിക അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി&സി) ലക്ചറർ തസ്തിക സൃഷ്ടിച്ച കോളേജുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഭാഷാ വിഷയങ്ങളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കേണ്ട വിഷയം സർക്കാർ/എയ്ഡഡ് കോളേജുകളിലെ ജോലിഭാരം തിട്ടപ്പെടുത്തി അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് നിയോഗിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ടിലെ വ്യവസ്ഥകൾകൂടി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഇ) സർക്കാർ/എയ്ഡഡ് കോളേജുകളിലെ ജോലിഭാരം തിട്ടപ്പെടുത്തുന്നതിനായി നിയമിക്കപ്പെട്ട വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പുനർവിന്യസിക്കപ്പെട്ട ജൂനിയർ ലക്ചറർമാർ

242(1356) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിൽനിന്നും പ്രീ-ഡിഗ്രി വേർപെടുത്തി സ്കൂളുകളിൽ പ്ലസ് ടു കോഴ്സുകളാക്കി മാറ്റിയത് ഏതു വർഷത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഇപ്രകാരം വേർപെടുത്തിയ കോളേജുകളിലെ (സർക്കാർ/എയ്ഡഡ് ) ജൂനിയർ ലക്ചറർമാരായ അധ്യാപകരെ സ്കൂളുകളിലേക്ക് പുനർവിന്യസിച്ചിട്ടുണ്ടോ;

(സി) ഇതിൽ ചില അദ്ധ്യാപകർ പ്രൊമോഷൻ ലഭിച്ചും നേരിട്ട് നിയമനം ലഭിച്ചും കോളേജുകളിൽ ലക്ചറർ തസ്തികയിൽ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ;

(ഡി) ഇപ്രകാരം തിരികെ ജോലിയിൽ പ്രവേശിച്ച അധ്യാപകരുടെ ഗ്രേഡ്, ഇൻക്രിമെന്റ്, സീനിയോറിറ്റി എന്നിവ നിർണ്ണയിക്കുവാൻ അവരുടെ മുൻകാല സേവനം പരിഗണിക്കാൻ സാധിക്കുമോ?

ഉത്തരം

(എ) 1999.

(ബി) സർക്കാർ കോളേജുകളിൽനിന്നും പുനർവിന്യസിച്ചിട്ടില്ല. എന്നാൽ എയ്ഡഡ് കോളേജുകളിൽ പുനർവിന്യസിച്ചിട്ടുണ്ട്.

(സി) സർക്കാർ കോളേജുകളുമായി ബന്ധപ്പെട്ട് ബാധകമല്ല. എയ്ഡഡ് മേഖലയിൽ പ്രവേശിച്ചിട്ടുണ്ട്.

(ഡി) യു.ജി.സി. യോഗ്യതകളുള്ള അദ്ധ്യാപകർ ജോലി ചെയ്തിരുന്ന മാതൃസ്ഥാപനത്തിലുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ മടങ്ങി വന്നതിനുശേഷം യു.ജി.സി. പേ റിവിഷൻ ഓർഡർ ജി.ഒ. (പി) നമ്പർ 58/2010/ഉ.വി.വ. തീയതി 27-3-2010 പ്രകാരമുള്ള നിബന്ധനകളും വ്യവസ്ഥകളും ബാധകമാക്കി സർവ്വീസ് ആനുകൂല്യങ്ങൾ നൽകിവരുന്നു. തിരികെ വന്നവരിൽ ജൂനിയർ ലക്ചറർമാരായി തുടരുന്നവർക്ക് (യു.ജി.സി. യോഗ്യത നേടാത്തവർ) സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരം ഗ്രേഡ് പ്രൊമോഷൻ, ഇൻക്രിമെന്റ് എന്നീ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

## ശ്രീ. പുഷ്പശരന്റെ പ്രൊമോഷൻ

243(1357) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജിലെ പ്രൊഫസർ ഗ്രേഡ് II ആയ ശ്രീ. പുഷ്പശരന്റെ പ്രൊമോഷൻ വൈകിപ്പിച്ചതിനാൽ, അദ്ദേഹത്തിന്റെ ജൂനിയറായ അധ്യാപകർക്ക് പ്രൊമോഷൻ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. (എറണാകുളം-343/2016 തീയതി 23-3-2016) വിധി നടപ്പാക്കിയത് 14-11-2017-ലെ ജി.ഒ. (ആർ.റ്റി.)2055/2017 മുഖേനയാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിധി നടപ്പാക്കുന്നതിൽ വന്ന കാലതാമസം ടിയാന് പ്രൊമോഷൻ നിഷേധിക്കപ്പെടാൻ കാരണമായി എന്നത് വിലയിരുത്തിയിട്ടുണ്ടോ;

(സി) സീനിയോറിറ്റി ലംഘനത്തിന്മേൽ, സീനിയറിന്റെ പരാതി ശരിയാണെന്ന് തെളിയുന്നപക്ഷം, മുൻകാല പ്രാബല്യം ലഭിക്കേണ്ട സാഹചര്യത്തിൽ ശ്രീ. പുഷ്പശരന് അപ്രകാരം നീതി ലഭ്യമാകാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) ശ്രീ. പുഷ്പശരന്റെ പരാതിയുടെ അടിസ്ഥാനത്തിൽ പ്രൊമോഷന് മുൻകാല പ്രാബല്യം നല്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് അറിയിക്കുമോ;

(ഇ) ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ജെ1/54/17 എന്ന ഫയലിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി നടപ്പാക്കുന്നതിൽ കാലതാമസമുണ്ടായിട്ടില്ല.

(സി&ഡി) ഓരോ വിഭാഗത്തിലും ഒഴിവുവരുന്ന മുറയ്ക്കാണ് നിയമനം നൽകിയിട്ടുള്ളത്. ശിൽപ്പകലാ വിഭാഗത്തിൽ പ്രൊഫസർ ഗ്രേഡ് 1 തസ്തികയിൽ ഒഴിവുണ്ടായതനുസരിച്ച് ശ്രീ. പുഷ്പശരന് ലഭിക്കേണ്ട സ്ഥാനക്കയറ്റം നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ) ജെ1/54/2017 എന്ന ഫയലിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇംഗ്ലീഷ് ലക്ചറർമാരുടെ ഒഴിവുകൾ

244(1358) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഇംഗ്ലീഷ് ലക്ചറർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്രപേർ ഗസ്റ്റ് ലക്ചറർമാരായി ജോലി ചെയ്യുന്നുണ്ട്;

(സി) പ്രസ്തുത തസ്തികയിലേക്ക് പി.എസ്.സി. നടത്തിയ എഴുത്ത് പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്നറിയാമോ;

(ഡി) പ്രസ്തുത തസ്തികയിലെ ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഇംഗ്ലീഷ് ലക്ചറർമാരുടെ 102 ഒഴിവുകൾ നിലവിലുണ്ട്.

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ 151 പേർ ഗസ്റ്റ് ലക്ചറർമാരായി ജോലി ചെയ്യുന്നുണ്ട്.

(സി) റാങ്ക് ലിസ്റ്റ് 21-7-2017-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) 102 ഒഴിവുകളിൽ 101 എണ്ണം പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു ഒഴിവ് ഡെപ്യൂട്ടേഷനിൽ തുടരുന്ന ഒരദ്ധ്യാപിക ഈ വർഷം തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനാൽ അതിലേയ്ക്കായി നീക്കിവച്ചിരിക്കുന്നു. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ടി തസ്തികയുടെ ഒഴിവുകളിലേയ്ക്ക് നിയമനശിപാർശ നൽകുന്നത് തടഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി OP(KAT) No. 125/2016-ന്മേൽ 20-6-2017-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## വൈപ്പിൻ ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിലെ നിയമനങ്ങൾ

245(1359) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരംഭിച്ച വൈപ്പിൻ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ ആവശ്യമായ അദ്ധ്യാപകർ, അനദ്ധ്യാപകർ, പ്രിൻസിപ്പൽ എന്നിവരെ നിയമിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത നിയമനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) വൈപ്പിൻ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ സീനിയർ സൂപ്രണ്ട് -1, ഹെഡ് അക്കൗണ്ടന്റ്-1, ക്ലാർക്ക് -2, ലൈബ്രേറിയൻ ഗ്രേഡ് IV-ഉൾപ്പെടെ 5 അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ കൊമേഴ്സ്, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങളിൽ രണ്ട് അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചമാകുന്ന മുറയ്ക്ക് അടുത്ത സാമ്പത്തിക വർഷം അത്യാവശ്യ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിഗണിക്കുന്നതാണ്.

**ഹയർസെക്കണ്ടറി തലത്തിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ട അദ്ധ്യാപകർ**

246(1360) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിൽനിന്നും പ്രീഡിഗ്രി വേർപ്പെടുത്തിയപ്പോൾ യു.ജി.സി. യോഗ്യതകൾ ഉണ്ടായിട്ടും ഹയർസെക്കണ്ടറി തലത്തിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ട അദ്ധ്യാപകർ കോടതി ഉത്തരവിലൂടെയും മറ്റും മാതൃ സ്ഥാപനങ്ങളിൽ പുനർനിയമനം നേടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ പുനർനിയമനം ലഭിച്ച അധ്യാപകരുടെ വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത അദ്ധ്യാപകരുടെ ഹയർസെക്കണ്ടറി സേവനകാലവും ജൂനിയർ ലക്ചറർ സേവനകാലവും ഗ്രേഡ്, ഇൻക്രിമെന്റ്, സീനിയോറിറ്റി എന്നിവയ്ക്ക് പരിഗണിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ കോളേജ് തലത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എയ്ഡഡ് കോളേജ് തലത്തിൽ പുനർനിയമനം ലഭിച്ചുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുനർവിന്യസിക്കപ്പെട്ട അദ്ധ്യാപകരുടെയും തിരികെ വന്ന ജീവനക്കാരുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഹയർ സെക്കണ്ടറി സ്കൂളിൽനിന്നും തിരികെ മാതൃസ്ഥാപനത്തിലേയ്ക്ക് ജോയിൻ ചെയ്ത അദ്ധ്യാപകർക്ക് യു.ജി.സി. നിഷ്കർഷിക്കുന്ന വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുണ്ടെങ്കിൽ അവരുടെ വിഷയത്തിൽ ഉണ്ടാകുന്ന ഒഴിവിൽ നിയമനം നൽകാവുന്നതാണ്. അപ്രകാരം നിയമനം നൽകുന്നവർക്ക് യു.ജി.സി. സ്കീം അനുസരിച്ച് വേതനം ലഭിക്കുന്നതാണ്. യു.ജി.സി. സ്കീമിൽ ജോയിൻ ചെയ്ത കാലഘട്ടം കണക്കാക്കി ടി അദ്ധ്യാപകർക്ക് ജൂനിയർ ലക്ചറർ സേവനകാലം പരിഗണിക്കാതെയാണ് പ്ലേയ്സ്മെന്റ്/പ്രൊമോഷൻ അനുവദിക്കുന്നത്. യു.ജി.സി. യോഗ്യത നേടാതെ തുടരുന്ന അദ്ധ്യാപകർക്ക് പുനർവിന്യസിക്കപ്പെട്ട കാലഘട്ടം കൂടി കണക്കാക്കി സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ശമ്പളപരിഷ്കരണ ഉത്തരവുകളിൽ വിവരിക്കുന്ന വ്യവസ്ഥകൾ പ്രകാരം ഗ്രേഡ്, ഇൻക്രിമെന്റ് എന്നിവ അനുവദിക്കുന്നതാണ്.

## ചില കോളേജുകൾക്ക് നൽകിയ സ്വയംഭരണാവകാശ പദവി

247(1361) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതാനും കോളേജുകൾക്ക് സ്വയംഭരണാവകാശ പദവി നൽകിയ തീരുമാനം പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് എത്ര കോളേജുകൾക്കാണ് സ്വയംഭരണാവകാശ പദവി ഇപ്പോൾ ഉള്ളത്; ഇതിൽ എത്ര സർക്കാർ കേളേജുകളും എയ്ഡഡ് കോളേജുകളും ഉൾപ്പെടുമെന്ന് വ്യക്തമാക്കുമോ; ഇവയുടെ പേര് വിവരം വ്യക്തമാക്കുമോ;

(സി) ഈ കോളേജുകളുടെ പ്രവർത്തനത്തെക്കുറിച്ച് പഠിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ അവരുടെ പഠന റിപ്പോർട്ട് എന്നത്തേക്ക് ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

### ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇതുവരെ പത്തൊൻപത് കോളേജുകൾക്കാണ് സ്വയംഭരണ പദവി നൽകിയിട്ടുള്ളത്. ഇതിൽ ഒരെണ്ണം സർക്കാർ കോളേജും മറ്റുള്ളവ എയ്ഡഡ് കോളേജുകളുമാണ്. സ്വയംഭരണ പദവി നൽകിയ കോളേജുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) ഉണ്ട്. ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ റിപ്പോർട്ട് മൂന്ന് മാസത്തിനകം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജസ്റ്റിസ് ദിനേശൻ കമ്മീഷൻ റിപ്പോർട്ട്

248(1362) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയമിച്ച ജസ്റ്റിസ് ദിനേശൻ കമ്മീഷൻ, റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) കമ്മീഷന്റെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) റിപ്പോർട്ടിലെ കണ്ടെത്തലുകൾക്ക് അനുസൃതമായ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) സർക്കാർ പരിശോധിച്ചുവരുന്നു.

## തൃപ്പൂണിത്തുറ സർക്കാർ ആർട്സ് കോളേജിൽ സയൻസ് വിഭാഗം ആരംഭിക്കാൻ നടപടി

249(1363) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സയൻസ് വിഷയങ്ങൾ പഠിക്കാൻ തൃപ്പൂണിത്തുറയിൽ സർക്കാർ മേഖലയിൽ ഒരു കോളേജ് ഇല്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) തൃപ്പൂണിത്തുറയിൽ നിലവിലുള്ള സർക്കാർ ആർട്സ് കോളേജിൽ സയൻസ് വിഭാഗങ്ങൾ കൂടി ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് ആരെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സർക്കാർ ആർട്സ് കോളേജിൽ സയൻസ് വിഭാഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

## സാങ്കേതിക സർവ്വകലാശാലാ വി.സി.-യുടെ രാജി

250(1364) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലാ വി.സി. ആയിരുന്ന ഡോ. കുഞ്ചറിയ പി.ഐസക് രാജിവെയ്ക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദീകരിക്കുമോ;

(ബി) സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) സാങ്കേതിക സർവ്വകലാശാല മുൻ വി.സി. ആയിരുന്ന ഡോ. കുഞ്ചറിയ പി. ഐസക്ക് രാജിവയ്ക്കാനുണ്ടായ സാഹചര്യമെന്തെന്ന് വ്യക്തമല്ല.

(ബി) ഉണ്ട്. നിലവാരമില്ലാത്തതായി കണ്ട അഞ്ച് കോളേജുകളുടെ അംഗീകാരം സാങ്കേതിക സർവ്വകലാശാല സ്ഥാപിതമായതിനുശേഷം പിൻവലിക്കുകയുണ്ടായി. ഓരോ വർഷവും അഫിലിയേഷൻ നൽകുന്നതിന് മുന്നോടിയായി കോളേജുകളുടെ ഭൗതിക സാഹചര്യങ്ങൾ പരിശോധിക്കാറുണ്ട്. കൂടാതെ അദ്ധ്യാപന നിലവാരം വിലയിരുത്തുന്നതിനായി ഓരോ സെമസ്റ്ററിലും രണ്ട് തവണ അക്കാദമിക് രംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തി അക്കാദമിക് ഓഡിറ്റിംഗ് എന്ന പരിശോധനയും നടത്തിവരുന്നു. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും വിദ്യാർത്ഥികളിൽ നിന്നുള്ള പരാതിയും അടിസ്ഥാനമാക്കി, കഴിഞ്ഞ രണ്ട് വർഷങ്ങളിലായി നാല് കോളേജുകളിൽനിന്നും വിദ്യാർത്ഥികളെ മറ്റ് കോളേജുകളിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്.

## എഞ്ചിനീയറിംഗ് പഠനം നിർത്തുന്നവരിൽനിന്നും നഷ്ടപരിഹാരം

251(1365) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല കാരണങ്ങളാലും എഞ്ചിനീയറിംഗ് പഠനം ഇടയ്ക്ക് ഉപേക്ഷിക്കേണ്ടിവരുന്ന വിദ്യാർത്ഥികളോട് മാനേജ്മെന്റുകൾ നഷ്ടപരിഹാരം ഈടാക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലിക്വിഡേറ്റഡ് ഡാമേജസ് വ്യവസ്ഥ എന്നറിയപ്പെടുന്ന ഈ നടപടി നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പഠനം ഇടയ്ക്കുവച്ച് നിർത്തിപോകുന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥികളിൽനിന്നും ലിക്വിഡേറ്റഡ് ഡാമേജസ് ഇനത്തിൽ തുക ഈടാക്കി വരുന്നത് ഒഴിവാക്കി അവർ അടച്ച ട്യൂഷൻ ഫീസ് തിരികെ നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് 29-12-2017-ലെ സ.ഉ.(കൈ) നമ്പർ 319/2017/ഉ.വി.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.)*.ഈ വ്യവസ്ഥകൾ സ്വകാര്യ സ്വാശ്രയ കോളേജുകൾക്കും ബാധകമാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥി വിരുദ്ധ നടപടികൾ**

252(1366) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ കോളേജുകളിലെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് കെ. കെ. ദിനേശൻ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തൊക്കെയാണെന്നും അതിൽ ഏതൊക്കെ ശിപാർശകൾ നടപ്പിലാക്കിയെന്നും വ്യക്തമാക്കുമോ;

(സി) പാമ്പാടി നെഹ്റു കോളേജിലെയും മറ്റക്കര ടോംസ് കോളേജിലെയും വിദ്യാർത്ഥി വിരുദ്ധ നടപടികൾ അന്വേഷിക്കുന്നതിന് നിയുക്തരായ എൻക്വയറി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) എഞ്ചിനീയറിംഗ് കോളേജുകളിൽ വിദ്യാർത്ഥി വിരുദ്ധ നടപടികൾ അവലോകനം ചെയ്യുന്നതിന് സാങ്കേതിക സർവ്വകലാശാല ഓംബുഡ്സ്മാനെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിദ്യാർത്ഥി വിരുദ്ധ പ്രവർത്തനങ്ങളിൽ ഇതുമൂലം ഉണ്ടായ വ്യത്യാസം വ്യക്തമാക്കുമോ;

(ഇ) തിരുവനന്തപുരം ലോ അക്കാഡമി ലോ കോളേജുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അന്വേഷിക്കുന്നതിന് നിയോഗിച്ച സിൻഡിക്കേറ്റ് സബ് കമ്മിറ്റിയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്.

(ബി) ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) മറ്റക്കര ടോംസ് കോളേജിലെ വിദ്യാർത്ഥികളുടെ പരാതികൾ അന്വേഷിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി കോളേജിന്റെ അഫിലിയേഷൻ റദ്ദ് ചെയ്യണമെന്ന് എ.ഐ.സി.റ്റി.ഇ. യോട് സർവ്വകലാശാല ശിപാർശ ചെയ്തിരുന്നു. അതിനെതിരെ ടി കോളേജ് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും തുടർന്ന് പരിശോധന നടത്തി അംഗീകാരം നൽകുകയുമുണ്ടായി. പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥിയുടെ മരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ രണ്ട് കോളേജുകളിൽനിന്നും കോളേജ് മാറ്റം ആവശ്യപ്പെട്ട വിദ്യാർത്ഥികളെ അവരുടെ താല്പര്യം പരിഗണിച്ച് മറ്റ് കോളേജുകളിലേയ്ക്ക് മാറ്റുകയുണ്ടായി.

(ഡി) എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥി വിരുദ്ധ നടപടികൾ അവലോകനം ചെയ്യുവാൻ ഓംബുഡ്സ്മാനെ നിയമിക്കുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) തിരുവനന്തപുരം ലാ അക്കാഡമി ലാ കോളേജുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അന്വേഷിക്കുന്നതിന് നിയോഗിച്ച സിൻഡിക്കേറ്റ് സബ് കമ്മിറ്റിയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സിൻഡിക്കേറ്റിന്റെ ശിപാർശ പ്രകാരം എല്ലാവിധ പരീക്ഷാ ചുമതലകളിൽ നിന്നും ഡോ. പി. ലക്ഷ്മി നായരെ 5 വർഷത്തേയ്ക്ക് ഡീബാർ ചെയ്തു.

ഡോ. പി. ലക്ഷ്മി നായരെ പ്രിൻസിപ്പാൾ സ്ഥാനത്തുനിന്നും നീക്കംചെയ്തു.

വനിതാ ഹോസ്റ്റലിലെ സി.സി.ടി.വി. ക്യാമറകൾ മാറ്റി സ്ഥാപിച്ചു.

പരീക്ഷാ കാലങ്ങളിൽ വിദ്യാർത്ഥികളെ ഹോസ്റ്റലിൽനിന്നും ഒഴിപ്പിക്കുന്ന സമ്പ്രദായം നിർത്തിവച്ചു.

**ഐ.എച്ച്. ആർ.ഡി.യിൽ പെൻഷൻ പദ്ധതി**

253(1367) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1987-ൽ സ്ഥാപിതമായ ഐ.എച്ച്. ആർ.ഡി.-യിൽ പെൻഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2009, 2014 എന്നീ വർഷങ്ങളിൽ സർക്കാർ നടപ്പാക്കിയ പേറിവിഷൻ പ്രകാരം ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഐ.എച്ച്.ആർ.ഡി. സർവ്വീസിൽനിന്നും പിരിഞ്ഞുപോയ ജീവനക്കാർക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഐ.എച്ച്.ആർ.ഡി. യിൽ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ധനകാര്യ വകുപ്പ് പരിശോധിച്ചുവരുന്നു.

(ബി) 2009 വർഷത്തിൽ സർവ്വീസിൽ നിന്നും പിരിഞ്ഞുപോയ ഐ.എച്ച്.ആർ.ഡി. ജീവനക്കാർക്ക് സർക്കാർ നടപ്പാക്കിയ പേ റിവിഷൻ പ്രകാരം ലഭിക്കേണ്ട ശമ്പളകുടിശ്ശിക സാമ്പത്തിക പരാധീനത കാരണം നൽകാൻ കഴിഞ്ഞിട്ടില്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന അവസരത്തിൽ കുടിശ്ശിക നൽകാമെന്ന് 9-12-2014-ൽ കൂടിയ 21-ാമത്തെ ഗവേണിംഗ് ബോഡി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

## വിളപ്പിൽശാലയിൽ ഗവൺമെന്റ് പോളിടെക്നിക് ആരംഭിക്കുന്നതിന് നടപടി

254(1368) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽശാലയിൽ അനുവദിക്കപ്പെട്ട ഗവൺമെന്റ് പോളിടെക്നിക് ആരംഭിക്കുന്നതിന് തടസ്സങ്ങളുണ്ടോ; എങ്കിൽ എന്താണെന്ന് വിശദമാക്കാമോ;

(ബി) ഇവിടെ സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽശാല പഞ്ചായത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സർക്കാർ പോളിടെക്നിക് കോളേജിനായി വിളപ്പിൽ വില്ലേജ് വക സർവ്വേ നമ്പർ 227, 228-ൽപ്പെട്ട 6.77 ഏക്കർ ഭൂമി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. എന്നാൽ ടി വസ്തുവിൽ അടുത്തിടെയുണ്ടായ അനധികൃത കയ്യേറ്റം ഒഴിപ്പിക്കൽ വിഷയവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസ് തീർപ്പാക്കിയാൽ മാത്രമേ നിർദ്ദിഷ്ട പോളിടെക്നിക്കിന്റെ ഭൂമി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കൈമാറാൻ കഴിയുകയുള്ളൂ.

ക്ലാസുകൾ ആരംഭിക്കുന്നതിലേയ്ക്കായി ആൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യുക്കേഷന്റെ (എ.ഐ.സി.റ്റി.ഇ.) അംഗീകാരം ലഭിക്കേണ്ടതുണ്ട്.

(ബി) 3-6-2015-ലെ ജി.ഒ.(എം.എസ്.) നമ്പർ 229/2015/ഉവിവ. നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം സെൻട്രൽ പോളിടെക്നിക്കിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം മേധാവി ശ്രീ. അലക്സ് ബെഞ്ചമിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിരുന്നു. ടിയാന്റെ സ്ഥലം മാറ്റംമൂലം വന്ന ഒഴിവിലേയ്ക്ക് പകരം സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കേരള സർവ്വകലാശാല

255(1369) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ സെക്രട്ടറിയേറ്റ് ജീവനക്കാരുടേതിന് സമാനമായ സേവന വേതനവ്യവസ്ഥകളും തസ്തികകളും സൃഷ്ടിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകൾ വ്യക്തമാക്കാമോ;

(ബി) കേരള സർവ്വകലാശാലയിൽ പ്രൊമോഷനും പ്രൊബേഷനുമായി ഡിപ്പാർട്ട്മെന്റൽ ടെസ്റ്റുകൾ നിഷ്കർഷിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) കേരള സർവ്വകലാശാലയിൽ പ്രൊബേഷന് സെക്രട്ടേറിയറ്റ് ഓഫീസ് മാനുവലും പ്രൊമോഷന് ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് (അക്കൗണ്ട്സ് ടെസ്റ്റ്) യോഗ്യതയും പരിഗണിച്ചുവരുന്നു.

കേരള സർവ്വകലാശാല ആക്ട്, സ്റ്റാറ്റ്യൂട്ട് എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് KS&SSR, KSR, Govt. Servants Conduct Rule എന്നിവ, കേരള സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ പ്രത്യേകം പ്രതിപാദിച്ചിട്ടില്ലാത്ത എല്ലാ സേവന വ്യവസ്ഥകൾക്കും ബാധകമാണെന്ന് അദ്ധ്യായം 4 സ്റ്റാറ്റ്യൂട്ട് 2-ൽ വ്യക്തമാക്കിയിട്ടുണ്ട്.

## കേരള സർവ്വകലാശാലയുടെ പരീക്ഷാമൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും

256(1370) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല നടത്തുന്ന വിവിധ കോഴ്സുകളുടെ പരീക്ഷാമൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും വൈകുന്നത് കാരണം വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മറ്റ് സർവ്വകലാശാലകൾ സമയബന്ധിതമായി മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും നടത്തുമ്പോൾ കേരള സർവ്വകലാശാലയിൽ ഇതിന് വളരെയധികം കാലതാമസമുണ്ടാകുന്നതിന്റെ കാരണം പരിശോധിക്കുമോ; ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാൻ ഉചിതമായ നടപടി സർവ്വകലാശാല സ്വീകരിച്ചുവരുന്നു.

(ബി) ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തുന്നതിന് പ്രതിഫലം നൽകുന്നതു സംബന്ധിച്ച് നിലനിന്നിരുന്ന അവ്യക്തത കാരണവും റെഗുലർ വിദ്യാർത്ഥികളൊഴികെ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം നടത്തേണ്ട അദ്ധ്യാപകരുടെ കുറവും സമയബന്ധിതമായി ഫലപ്രഖ്യാപനം നടത്തുന്നതിന് കാലതാമസമുണ്ടാക്കിയിരുന്നു.

എന്നാൽ ഒന്നാം സെമസ്റ്റർ ബി.എ./ബി.എസ്.സി./ബി.കോം 2017 സപ്ലിമെന്ററി ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ഒന്നാം സെമസ്റ്റർ ബി.എ./ബി.എസ്.സി. 2017 പരീക്ഷയുടെ മൂല്യനിർണ്ണയം 95 ശതമാനം പൂർത്തിയായിട്ടുണ്ട്. മൂല്യനിർണ്ണയത്തിന് അനുബന്ധമായിട്ടുള്ള ടാബുലേഷൻ ജോലികൾ പൂർത്തിയായിവരുന്നു. ഫലപ്രഖ്യാപനം നടത്താനുള്ള രണ്ടാം സെമസ്റ്റർ ജൂൺ 2017, നാലാം സെമസ്റ്റർ ജൂലൈ 2017, അഞ്ചാം സെമസ്റ്റർ ഡിസംബർ 2017 എന്നീ പരീക്ഷകളുടെ മൂല്യനിർണ്ണയത്തിനായി 15-1-2018 മുതൽ 31-1-2018 വരെ കോളേജുകളിലെ റെഗുലർ ക്ലാസുകൾ റദ്ദ് ചെയ്തുകൊണ്ട് ഒൻപത് കേന്ദ്രങ്ങളിലായി മൂല്യനിർണ്ണയ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്.

**അംഗീകൃത സർവ്വകലാശാലകൾ**

257(1371) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവൃത്തിക്കുന്ന അംഗീകൃത സർവ്വകലാശാലകൾ, അംഗീകൃതമല്ലാത്ത സർവ്വകലാശാലകൾ ഇവ ഏതെല്ലാം; ഇവയുടെ പ്രവർത്തന മികവ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വിശദമാക്കുമോ;

(ബി) സർവ്വകലാശാലകളുടെ നിലവിലുള്ള പ്രവർത്തനം ഈ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വിശദമാക്കുമോ, ഇല്ലെങ്കിൽ വിദഗ്ദ്ധ സമിതിയെക്കൊണ്ട് വിശദമായ ഒരു അന്വേഷണം നടത്തി യൂണിവേഴ്സിറ്റി പ്രവർത്തനങ്ങളിൽ താഴ്ന്ന നിലവാരം പുലർത്തുന്നവയെ ഉന്നതിയിലേയ്ക്ക് എത്തിക്കാൻ എന്ത് നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിലെ വിദ്യാർത്ഥി അഡ്മിഷൻ, പരീക്ഷ നടത്തിപ്പ്, അദ്ധ്യാപക ലഭ്യത, അധ്യയന സൗകര്യ ലഭ്യത, അടിസ്ഥാന സൗകര്യ ലഭ്യത, അഫിലിയേഷനുള്ള സ്വകാര്യ കോളേജുകളുടെ നിയന്ത്രണം കുറ്റമറ്റതാക്കൽ എന്നിവ ഉറപ്പുവരുത്തുന്നതിനായി മറ്റ് സംസ്ഥാന യൂണിവേഴ്സിറ്റികളിലെ പ്രവർത്തനങ്ങൾകൂടി പരിശോധിക്കുമോ; ആയതിന് എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ;

(ഡി) ആയതിനായി ഒരു ഏകീകൃത യൂണിവേഴ്സിറ്റി നിയമമുണ്ടാക്കേണ്ട ആവശ്യകത പരിശോധിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കാമോ?

## ഉത്തരം

(എ) ലഭ്യമായ രേഖകൾ പ്രകാരം സംസ്ഥാനത്ത് പ്രവൃത്തിക്കുന്ന അംഗീകൃത സർവ്വകലാശാലകൾ

1. കേരള സർവ്വകലാശാല, തിരുവനന്തപുരം
2. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാല
3. സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള പെരിയ പി.ഒ., കാസർഗോഡ്
4. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി
5. കണ്ണൂർ സർവ്വകലാശാല
6. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, തൃശ്ശൂർ
7. കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്, കൊച്ചി
8. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ്, തൃശ്ശൂർ.
9. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി, പൂക്കോട്, വയനാട്
10. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം
11. നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, കളമശ്ശേരി, കൊച്ചി
12. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി
13. തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല, തിരൂർ, മലപ്പുറം

14. യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്, തേഞ്ഞിപ്പാലം, മലപ്പുറം

15. കേരള കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റി ഓഫ് ആർട്സ് ആന്റ് കൾച്ചർ, ചെറുതുരുത്തി, തൃശ്ശൂർ

(ബി & സി) അക്കാദമിക സ്വയംഭരണാധികാരമുള്ള സ്ഥാപനങ്ങളാണ് സർവ്വകലാശാലകൾ. എങ്കിലും പരീക്ഷാ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും കാലതാമസമുണ്ടാകുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലാ അധികാരികളുടെ യോഗം വിളിച്ചുകൂട്ടി പോരായ്മകൾ പരിഹരിക്കാനും, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സമയബന്ധിതമായി നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിരുന്നു. ഇ-ഗവേണൻസ് സംവിധാനം ശക്തിപ്പെടുത്തി പ്രവേശന പ്രക്രിയ മുതൽ പരീക്ഷാ ഫലപ്രഖ്യാപനം വരെയുള്ള നടപടികൾ നിശ്ചയിക്കപ്പെട്ട കലണ്ടർ പ്രകാരം പൂർത്തീകരിക്കുന്നതിന് എല്ലാ സർവ്വകലാശാലകളെയും ബന്ധിപ്പിച്ച് ഒരു ഓൺലൈൻ പ്ലാറ്റ്ഫോം വികസിപ്പിച്ചെടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. സിലബസ്, കോഴ്സുകളുടെ തുല്യത തുടങ്ങി അക്കാദമിക് വിഷയങ്ങളുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഏകീകൃത സർവ്വകലാശാല നിയമം നടപ്പാക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## കേരള യൂണിവേഴ്സിറ്റിയുടെ 2017-18 വർഷത്തെ പരീക്ഷ

258 (1372) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിയുടെ 2017-18 വർഷത്തെ ഒന്നാം സെമസ്റ്റർ ബി. എ. പരീക്ഷ നടത്തിയത് എന്നാണ്;

(ബി) പ്രസ്തുത പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം കോഴ്സുകളുടെ ഒന്നാം സെമസ്റ്റർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു; പ്രസ്തുത ബാച്ചിലെ ഏതെല്ലാം വിഷയത്തിന്റെ പരീക്ഷാഫലമാണ് ഇനിയും പ്രസിദ്ധീകരിക്കാനുള്ളത്;

(സി) ഒന്നാം സെമസ്റ്റർ പരീക്ഷാഫലം രണ്ടാം സെമസ്റ്റർ പരീക്ഷ ആരംഭിക്കുന്നതിന് മുൻപായി പ്രസിദ്ധീകരിക്കണമെന്ന് നിബന്ധനയുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ നിബന്ധന കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പരീക്ഷാഫലം യഥാസമയം പ്രസിദ്ധീകരിക്കാത്തതിൽ വിദ്യാർത്ഥികൾക്ക് ഇംപ്രൂവ്മെന്റ് പരീക്ഷ എഴുതാൻ കാലതാമസം വരുന്നത് മൂലമുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് മൂന്നാം സെമസ്റ്റർ പരീക്ഷാഫലം അടുത്ത സെമസ്റ്റർ പരീക്ഷയ്ക്ക് മുമ്പായിത്തന്നെ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഇക്കാര്യത്തിൽ ഉത്തരക്കടലാസുകൾ യഥാസമയം മൂല്യനിർണ്ണയം നടത്തി തിരികെ നൽകുന്നതിൽ അദ്ധ്യാപകരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ടോ; ഇക്കാര്യം പരിശോധിക്കുമോ;

(എഫ്) വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ വീഴ്ചവരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2017-2018 അക്കാദമിക് വർഷത്തെ പരീക്ഷകൾ ആരംഭിച്ചിട്ടില്ല.

(ബി) ഇല്ല. ബാധകമല്ല.

(സി) ഒന്നാം സെമസ്റ്റർ പരീക്ഷാ ഫലം രണ്ടാം സെമസ്റ്റർ പരീക്ഷ ആരംഭിക്കുന്നതിന് മുമ്പായി പ്രസിദ്ധീകരിക്കണമെന്ന് നിബന്ധനയില്ല.

(ഡി) സമയബന്ധിതമായി പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിന് സർവ്വകലാശാല നടപടി സ്വീകരിക്കുന്നതാണ്.

(ഇ & എഫ്) ഉത്തരക്കടലാസുകൾ യഥാസമയം മൂല്യനിർണ്ണയം നടത്താൻ അദ്ധ്യാപകരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ട്. ഉചിതമായ നടപടി സർവ്വകലാശാല സ്വീകരിക്കുന്നതാണ്.

## സ്റ്റാസിന്റെ കൈമാറ്റം

259(1373) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടപ്പള്ളിയിലെ സ്റ്റാസ് എം. ജി. യൂണിവേഴ്സിറ്റി റീജിയണൽ സെന്റർ സി.പി.എ.എസ്. സൊസൈറ്റിക്ക് കൈമാറാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(ബി) ഇപ്രകാരം കൈമാറിയപ്പോൾ ഗവേഷണ കേന്ദ്രവും ഉൾപ്പെടുത്തിയതുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിരുന്ന മെഡിക്കൽ എഞ്ചിനീയറിംഗ് അനുബന്ധ കോഴ്സുകളുടെ അഫിലിയേഷൻ ആരോഗ്യ, സാങ്കേതിക സർവ്വകലാശാലകളിലേയ്ക്ക് മാറ്റേണ്ട സാഹചര്യംമൂലം ഉടലെടുത്ത പ്രതിസന്ധി പരിഹരിക്കുന്നതിന് 'സിപാസ്' എന്ന സൊസൈറ്റി സ്ഥാപിച്ച്, സർവ്വകലാശാല നടത്തിവന്നിരുന്ന എല്ലാ സ്വാശ്രയ സ്ഥാപനങ്ങളും, പ്രസ്തുത സൊസൈറ്റിക്ക് വിട്ടുനൽകുന്നതിന് തീരുമാനിച്ച സാഹചര്യത്തിലാണ്, സ്റ്റാസ് എന്ന സ്ഥാപനം സിപാസ് എന്ന സൊസൈറ്റിക്ക് കൈമാറിയത്.

(ബി) പുതുക്കിയ പി.എച്ച്.ഡി. റെഗുലേഷൻ അനുസരിച്ച് സ്വാശ്രയ സ്ഥാപനങ്ങൾക്ക്, റിസർച്ച് സെന്ററിനും ഗൈഡുകൾക്കും അനുമതിയില്ല. നിലവിലുള്ള സെന്ററുകളിലെ ഗവേഷണ വിദ്യാർത്ഥികൾക്ക് ഗവേഷണം പൂർത്തിയാക്കുന്നതിനുള്ള അനുമതി മഹാത്മാഗാന്ധി സർവ്വകലാശാല നൽകിയിട്ടുണ്ട്. ഈ വിദ്യാർത്ഥികളുടെ ഗവേഷണം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപന മേധാവികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) അന്തിമ തീരുമാനമെടുത്തിട്ടില്ല.

## എയ്ഡഡ് കോളേജ് നിയമനത്തിൽ സംവരണം

260(1374) <u>ശ്രീ. വി. ഡി. സതീശൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കോളേജ് നിയമനത്തിൽ ഇടപെടുന്നതിന് സർക്കാരിന് അവകാശമുണ്ടോ;

(ബി) എയ്ഡഡ് സ്ഥാപനങ്ങളിലെ നിയമനത്തിൽ സംവരണം നടപ്പിലാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇതുസംബന്ധിച്ച നയം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഗവൺമെന്റ് നോമിനി ഉൾപ്പെടുന്ന ഒരു സെലക്ഷൻ കമ്മിറ്റിയാണ് എയ്ഡഡ് കോളേജിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾക്കായി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്.

(ബി) 2006-ൽ യു.ജി.സി. പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിൽ എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക നിയമനങ്ങളിൽ സംവരണം ഉറപ്പാക്കുകയും

സർവ്വകലാശാലകളോട് അതനുസരിച്ച് നിയമങ്ങളിലും, സ്റ്റാറ്റ്യൂട്ടുകളിലും ഭേദഗതി വരുത്തി അദ്ധ്യാപക നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്താൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. "ബഹു. കേരള ഹൈക്കോടതിയുടെ WP(C) No. 32393/2010, 33205/2010, 9140/2013 എന്നീ റിട്ട് ഹർജികളിലെ 25-5-2015-ലെ വിധി പ്രകാരവും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടതല്ലാത്ത എയ്ഡഡ് കോളേജുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളിൽ ഉചിതമായ സംവരണം ഏർപ്പെടുത്തുന്നത് ഉറപ്പാക്കത്തക്ക വിധത്തിൽ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലെയും സ്റ്റാറ്റ്യൂട്ടുകളിൽ ഭേദഗതികൾ വരുത്തുകയോ സ്റ്റാറ്റ്യൂട്ട് ഉണ്ടാക്കുകയോ ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ബന്ധപ്പെട്ട സർവ്വകലാശാല ആക്ടുകൾ പ്രകാരം ആദ്യ സ്റ്റാറ്റ്യൂട്ടുകൾ ഒഴികെ സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനുമുള്ള അധികാരങ്ങൾ ബന്ധപ്പെട്ട സർവ്വകലാശാലകൾക്ക് നൽകിയിട്ടുണ്ട്. ആയതിനാൽ ബഹു. ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരം സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സമയബന്ധിതമായി ബന്ധപ്പെട്ട സർവ്വകലാശാലകളാണ് സ്വീകരിക്കേണ്ടത്.

എന്നാൽ കോടതിവിധിക്കെതിരെ ഏതാനും മാനേജ്മെന്റുകൾ ഫയൽ ചെയ്ത WA 1664/15-ാം നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ 21-12-2017-ലെ വിധിന്യായത്തിൽ സംവരണം ഏർപ്പെടുത്തണമെന്നുള്ള 25-5-2015-ലെ ബഹു. ഹൈക്കോടതി വിധി അസ്ഥിരപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

ബഹു. ഹൈക്കോടതിയുടെ 21-12-2017-ലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളതും ആയതിനുള്ള അനന്തരനടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

## സർവ്വകലാശാലകളിലെ വി.സി., പി.വി.സി. പദവികളിലെ ഒഴിവുകൾ

261(1375) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഏതെല്ലാം സർവ്വകലാശാലകളിലാണ് വി.സി., പി.വി.സി. പദവികൾ ഒഴിഞ്ഞുകിടക്കുന്നതെന്ന് വ്യക്തമാക്കുമോ; ഓരോ സർവ്വകലാശാലകളിലും എന്ന് മുതലാണ് പ്രസ്തുത തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ ബാധിക്കുന്ന ഈ പ്രശ്നം പരിഹരിക്കുവാൻ ഉണ്ടാകുന്ന കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ; ഒഴിഞ്ഞു കിടക്കുന്ന വി.സി., പി.വി.സി. തസ്തികകളിൽ നിയമനം നടത്തുവാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലയാള സർവ്വകലാശാലയിൽ 2017 ഒക്ടോബർ 26 മുതലും എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ 1-1-2018 മുതലും വൈസ് ചാൻസലർ തസ്തിക ഒഴിഞ്ഞുകിടക്കുന്നു.

മലയാള സർവ്വകലാശാലയിൽ പ്രോ വൈസ് ചാൻസലർ തസ്തികയിൽ ഇതുവരെ ആരെയും നിയമിച്ചിട്ടില്ല. കേരള സർവ്വകലാശാലയിൽ പ്രോ വൈസ് ചാൻസലർ തസ്തിക 22-8-2017 മുതൽ ഒഴിഞ്ഞുകിടക്കുന്നു.

(ബി) യു.ജി.സി. നിയമപ്രകാരം മലയാള സർവ്വകലാശാല വൈസ് ചാൻസലറെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പ്രോ വൈസ് ചാൻസലറുടെ നിയമനം അതാത് സർവ്വകലാശാല സിൻഡിക്കേറ്റ്/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം വൈസ് ചാൻസലറാണ് നടത്തേണ്ടത്.

## സർവ്വകലാശാലകളിലെ നിയമനം

262(1376) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ നിയമനം പി.എസ്.സി. മുഖേന നടത്തുന്നതിന് തീരുമാനിച്ചിട്ടും പല തസ്തികകളിലും ഇനിയും പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർവ്വകലാശാലകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനം പി.എസ്.സി. വഴി നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഏതെല്ലാം സർവ്വകലാശാലകളാണ് ലാസ്റ്റ് ഗ്രേഡ് തസ്തികയിലേയ്ക്ക് പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്; ഏതെല്ലാം സർവ്വകലാശാലകളാണ് ഇനിയും നടപടി സ്വീകരിക്കാത്തത്;

(സി) സർവ്വകലാശാലകളിൽ പി.എസ്.സി. മുഖാന്തരം നിയമനം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതും എന്നാൽ ഇനിയും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതുമായ എല്ലാ തസ്തികകളിലും നിയമന നടപടികൾ പി.എസ്.സി. വഴി നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) സർവ്വകലാശാലയിൽ നിലവിലുള്ള അനദ്ധ്യാപക തസ്തികകളിൽ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള ചട്ടം മാത്രമേ രൂപീകരിച്ചിട്ടുള്ളൂ. ബാക്കിയുള്ള തസ്തികകളുടെ നിയമന വ്യവസ്ഥ പി.എസ്.സി. അംഗീകരിച്ചതിനുശേഷം മാത്രമേ നിയമനനടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. ആയത് തയ്യാറാക്കുന്നതിനുള്ള നടപടികൾ സർവ്വകലാശാല തലത്തിൽ സ്വീകരിച്ച് സർക്കാരിൽ ലഭ്യമാക്കേണ്ടതുണ്ട്.

## സർവ്വകലാശാലകളിലെ അനധ്യാപക നിയമനം

263(1377) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അനധ്യാപക നിയമനം സംബന്ധിച്ച് കരട് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കരട് ചട്ടങ്ങൾ പി.എസ്.സി.-ക്ക് ലഭ്യമാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ; ആയതിന് പി.എസ്.സി.-യുടെ അംഗീകാരം ലഭിച്ചുവോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) അനദ്ധ്യാപക നിയമനം സംബന്ധിച്ച് കരട് ചട്ടങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു.

## പ്രവേശന പരീക്ഷകൾക്ക് റേഷൻ കാർഡിൽ പേര് വേണമെന്ന നിബന്ധനയിൽ ഇളവ്

264(1378) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാലമായി ഭക്ഷ്യ വകുപ്പിന് പുതിയ റേഷൻ കാർഡുകൾ നൽകുവാനോ പുതിയ പേരുകൾ റേഷൻ കാർഡിൽ ഉൾപ്പെടുത്തുവാനോ സാധിക്കാത്ത സാഹചര്യത്തിൽ സർക്കാർ നടത്തുന്ന പ്രവേശന പരീക്ഷകൾക്ക് റേഷൻ കാർഡിൽ പേര് വേണമെന്ന നിബന്ധനയിൽ ഇളവുനൽകുവാൻ സാധിക്കുമോ;

(ബി) ഇല്ലെങ്കിൽ അതിനു പകരം എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ കഴിയുമോ?

ഉത്തരം

(എ & ബി) കേരള സർക്കാർ പ്രവേശന പരീക്ഷാ കമ്മീഷണർ മുഖേന നടത്തുന്ന പ്രവേശന പരീക്ഷകളിൽ പങ്കെടുക്കുന്നതിന് റേഷൻ കാർഡിൽ പേര് ഉണ്ടായിരിക്കണമെന്ന നിബന്ധനയില്ല.

**സേവ് എ ഇയർ പരീക്ഷ**

265(1379) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാക്ഷരതാ പ്രവർത്തനത്തിന്റെ ഭാഗമായുള്ള പ്ലസ് ടു പരീക്ഷകളിൽ പരാജയപ്പെടുകയോ അല്ലെങ്കിൽ ഒഴിവാക്കാൻ പറ്റാത്ത സാഹചര്യംകൊണ്ട് പരീക്ഷ എഴുതാൻ സാധിക്കാത്തതോ ആയ വിദ്യാർത്ഥികൾക്ക് സേവ് എ ഇയർ പരീക്ഷ ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇക്കാര്യം പരിശോധിച്ചുവരുന്നു.

**കുളക്കടയിലെ സ്കിൽ പാർക്ക് നിർമ്മാണം**

266(1380) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കുളക്കടയിൽ നിർമ്മാണം പുരോഗമിച്ചുവന്ന സ്കിൽ പാർക്കിന്റെ (അസാപ്)നിർമ്മാണം മന്ദഗതിയിൽ ആകാനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ;

(സി) സ്കിൽ പാർക്ക് മുഖാന്തരം നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സാധാരണഗതിയിൽ 18 മാസമെങ്കിലും കാലയളവ് വേണ്ടിയിരുന്ന നിർമ്മാണ പ്രവർത്തനമാണ് 12 മാസത്തിനുള്ളിൽ നിശ്ചയിച്ച് 4-1-2017-ൽ ആരംഭിച്ചത്. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ രൂപകല്പനയിലെയും നിർമ്മാണത്തിലെയും ചില പ്രത്യേകതകൾ കാരണം നിർമ്മാണത്തിന് ചില കാലതാമസമുണ്ടായിട്ടുണ്ട്. വസ്തുവിലൂടെ easement right വേണമെന്ന് ആവശ്യപ്പെട്ട് ഒരു അയൽക്കാരൻ നൽകിയ വ്യവഹാരവും നിർമ്മാണത്തിന്റെ പുരോഗതിയെ ബാധിച്ചിരുന്നു.

(ബി) കോടതി വ്യവഹാരം വളരെ വേഗം തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) വൈവിദ്ധ്യമാർന്നതും ഉന്നതനിലവാരം പുലർത്തുന്നതുമായ നൈപുണ്യ വികസന പരിശീലന പരിപാടികൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

## വികസന പ്രവർത്തനങ്ങൾക്കായി കുടിയൊഴിപ്പിക്കപ്പെട്ടവർ

267(1381) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വികസന പ്രവർത്തനങ്ങൾക്കായി എത്ര കുടിയൊഴിപ്പിക്കലുകൾ നടത്തിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) വികസന പ്രവർത്തനങ്ങൾക്കായി കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനും മതിയായ നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കുടിയൊഴിപ്പിക്കപ്പെട്ടവർക്കുള്ള നഷ്ടപരിഹാരങ്ങൾ കൊടുത്തു തീർത്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വികസന പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരം, പാലക്കാട്, മലപ്പുറം, കണ്ണൂർ ജില്ലകളിലൊഴികെ മറ്റൊരു ജില്ലയിലും കുടിയൊഴിപ്പിക്കലുകൾ നടത്തിയിട്ടില്ല. തിരുവനന്തപുരം, മലപ്പുറം, പാലക്കാട്, കണ്ണൂർ ജില്ലകളിലെ കുടിയൊഴിപ്പിക്കലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | - | 64 |
| പാലക്കാട് | - | 10 (ഐ.ഐ.ടി.-ക്കുവേണ്ടി) |
| മലപ്പുറം | - | 1 (കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ്) |
| കണ്ണൂർ | - | വിമാനത്താവളം-54 |
| എൻ.എച്ച്. വികസനം- | | 9 |
| ആകെ | | 63 |

(ബി) വികസന പ്രവർത്തനങ്ങൾക്കായി കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനും മതിയായ നഷ്ടപരിഹാരം നൽകുന്നതിനുള്ള വ്യവസ്ഥകൾ LARR Act 2013-ലെ ഒന്നും രണ്ടും ഷെഡ്യൂളുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. ജനസാന്ദ്രത കൂടിയ പ്രദേശമെന്ന നിലയിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ആക്ടിൽ പ്രതിപാദിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ തുക നൽകുന്നതിനായി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 29-12-2017-ലെ ജി.ഒ.(എം.എസ്.) 448/2017/RD പ്രകാരം കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുമായി കൂടുതൽ തുക ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടിയൊഴിപ്പിക്കപ്പെട്ടവർക്കുള്ള നഷ്ടപരിഹാരത്തുക തിരുവനന്തപുരം, പാലക്കാട്, മലപ്പുറം ജില്ലകളിൽ കൊടുത്തുതീർത്തിട്ടുണ്ട്. അതേ സമയം കണ്ണൂർ ജില്ലയിൽ നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## റെയിൽവേ പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കൽ

268(1382) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>:

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ പദ്ധതികൾക്കായി ഭൂമി ഏറ്റെടുത്ത് നൽകുന്നതിന് കാലതാമസം വരുത്തുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുവെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഭൂമിയേറ്റെടുക്കൽ നടപടിയിലെ കാലതാമസം കാരണം ഈ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും റെയിൽവേ പദ്ധതി ഉപേക്ഷിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) റെയിൽവേ പദ്ധതികൾക്ക് ഭൂമി ഏറ്റെടുത്ത് നൽകുന്നതിന് റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നും കാലതാമസമുണ്ടാകുന്നതിനായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഭൂമിയേറ്റെടുക്കൽ നടപടിയിലെ കാലതാമസംമൂലം ഈ സർക്കാരിന്റെ കാലത്ത് റെയിൽവേ പദ്ധതികളൊന്നുംതന്നെ ഉപേക്ഷിക്കപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഇടുക്കി ജില്ലയിലെ ഭൂമി കയ്യേറ്റം

269(1383) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര കയ്യേറ്റഭൂമി തിരിച്ചു പിടിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 115 കയ്യേറ്റ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതിൽ 61 കേസുകളിലായി 179.69.52 ഹെക്ടർ കയ്യേറ്റം ഒഴിപ്പിച്ചെടുത്തിട്ടുള്ളതാണ്.

## കുറിഞ്ഞി ഉദ്യാനം

270(1384) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ നടപടികൾ പൂർത്തിയാക്കുന്നതിന് മുമ്പാണ് 2006-2011 സർക്കാരിന്റെ കാലത്ത് കുറിഞ്ഞി ഉദ്യാനത്തിന്റെ വിസ്തൃതി സംബന്ധിച്ച പ്രഖ്യാപനം നടത്തിയതെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) കുറിഞ്ഞി ഉദ്യാനം സംബന്ധിച്ച കാര്യങ്ങൾ പഠിക്കുന്നതിനും റിപ്പോർട്ട് നൽകുന്നതിനുമായി മന്ത്രിമാരുടെ ഒരു സംഘത്തെ നിയോഗിച്ചിരുന്നോ; പ്രസ്തുത സംഘത്തിൽ ഉണ്ടായിരുന്നവർ ആരൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സംഘം റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിലെ കണ്ടെത്തലുകളും ശിപാർശകളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) റവന്യൂ മന്ത്രിയും വനം വകുപ്പുമന്ത്രിയും നൽകിയ റിപ്പോർട്ടുകളിൽ എന്തെങ്കിലും വൈരുദ്ധ്യമുണ്ടോ; ഉണ്ടെങ്കിൽ ഏത് കാര്യത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത മേഖലയിലെ എല്ലാ ജനപ്രതിനിധികളെയും, പൊതുജനങ്ങളെയും റവന്യൂ-വനം വകുപ്പ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി മൂന്നാറിൽ വച്ച് നീലകുറിഞ്ഞി സാങ്ച്വറി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ ആശങ്കകൾ ദൂരീകരിക്കുന്നതിനായി ഒരു യോഗം നടത്തുന്നതിന് റവന്യൂ, വനം, വൈദ്യുതി വകുപ്പുമന്ത്രിമാരെ നിയോഗിച്ചിരുന്നു.

(സി) റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. ശിപാർശകൾ അന്തിമമാക്കിയിട്ടില്ല.

(ഡി) ബാധകമല്ല.

## കോതമംഗലം താലൂക്ക് ലൈബ്രറി കൗൺസിൽ കെട്ടിടത്തിന് റവന്യൂ ഭൂമി

271(1385) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്ക് ലൈബ്രറി കൗൺസിലിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി കോതമംഗലം മുനിസിപ്പാലിറ്റി വിട്ടുകൊടുത്തിട്ടുള്ള സ്ഥലം റവന്യൂ തരിശ് ഭൂമി ആയതിനാൽ ആയത് സർക്കാരിൽനിന്നും വിട്ടു കിട്ടുന്നതിനുവേണ്ടി നൽകിയിട്ടുള്ള അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലം എത്രയും വേഗത്തിൽ ലൈബ്രറി കൗൺസിലിന് ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) 12-6-2006-ലെ 48925/എ1/2006/റവ. നമ്പർ സർക്കുലർ പ്രകാരം, സ്ഥാപനങ്ങൾക്കും സംഘടനകൾക്കും ഭൂമി അനുവദിക്കുന്ന വിഷയത്തിൽ നിയന്ത്രണമുള്ളതിനാൽ, കോതമംഗലം താലൂക്ക് ലൈബ്രറി കൗൺസിലിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി അനുവദിക്കുന്നതിനുള്ള വിഷയം തൽക്കാലം പരിഗണനാർഹമില്ലാത്തതാണ്. അങ്ങനെയുള്ള സ്ഥാപനങ്ങൾ പ്രവൃത്തിപ്പിക്കുന്നതിനാവശ്യമായ ഏറ്റവും കുറഞ്ഞ വിസ്തീർണ്ണം ഭൂമി പാട്ടത്തിന് നൽകുകയോ അഥവാ മാർക്കറ്റ് വില ഈടാക്കി പതിച്ചു നൽകുകയോ ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

## കുറിഞ്ഞി സങ്കേതത്തിലെ കയ്യേറ്റം

272(1386) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കെ. എൻ.എ. ഖാദർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ കുറിഞ്ഞി സങ്കേതത്തിലെ കയ്യേറ്റം ഒഴിപ്പിക്കാൻ സ്വീകരിച്ച നടപടികളെന്തെന്ന് വിശദമാക്കുമോ;

(ബി) ഈ സങ്കേതത്തിന്റെ വിസ്തൃതി എത്ര ഏക്കറാണെന്ന് വെളിപ്പെടുത്താമോ;

(സി) സങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലെ സ്ഥിതി തിട്ടപ്പെടുത്തുന്നതിന് ജി.ഒ.(എം.എസ്.) 69/2015 പ്രകാരം തണ്ടപ്പേർ പുനഃപരിശോധന നടന്നുവരുന്നു. ആയതിനുശേഷം അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) 6-10-2006-ലെ ജി.ഒ.(പി) 36/2006/എഫ് & ഡബ്ല്യൂ.എൽ.ഡി. നമ്പർ ഉത്തരവ് പ്രകാരം വട്ടവട വില്ലേജിലെ ബ്ലോക്ക് 62-ലും കൊട്ടകാംബൂർ വില്ലേജിലെ ബ്ലോക്ക് 58-ലും ഉൾപ്പെടുന്ന ഏകദേശം 3200 ഹെക്ടർ ഭൂമിയാണ് നീലക്കുറിഞ്ഞി ഉദ്യാനമായി നോട്ടിഫൈ ചെയ്തിട്ടുള്ളത്.

(സി & ഡി) നീലകുറിഞ്ഞി സങ്കേതത്തിനായി വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശത്ത് പട്ടയഭൂമി എത്രയുണ്ട്; കയ്യേറ്റഭൂമി എത്രയുണ്ട്; കൈവശസ്ഥലത്ത് വീടോ സ്ഥാപനങ്ങളോ ഉണ്ടോ; ടി പ്രദേശത്ത് ഏതെല്ലാം തരത്തിലുള്ള മരങ്ങളുണ്ട് തുടങ്ങിയവയിൽ വ്യക്തത വരുത്തുന്നതിലേയ്ക്കായി സർവ്വേ നടപടികൾ അടിയന്തരമായി തീർപ്പാക്കുവാനും ടി സർവ്വേ നടപടികൾ സുഗമമാക്കുന്നതിനും വേഗത്തിലാക്കുന്നതിനും റവന്യൂ, വനം, പോലീസ് വകുപ്പ് ഉദ്യോഗസ്ഥരുടെ സഹകരണത്തോടുകൂടിയുള്ള നടപടികൾ സ്വീകരിക്കുന്നതിനും സെറ്റിൽമെന്റ് ഓഫീസർ/ദേവികുളം സബ് കളക്ടർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ 23-11-2017-ലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

## വേമ്പനാട് കായലിലെ അനധികൃത കയ്യേറ്റം

273(1387) ശ്രീ. വി. പി. സജീന്ദ്രൻ:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട് കായലിന്റെ പാരിസ്ഥിതിക പുനരുജ്ജീവനത്തെക്കുറിച്ചുള്ള പ്രൊഫ. പ്രഭാത് പട്നായിക് കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശ പ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) കയ്യേറ്റംമൂലം പ്രസ്തുത കായലിന്റെ വിസ്തൃതി വളരെയധികം കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) കായൽ കയ്യേറ്റത്തിന്റെ അടിസ്ഥാനത്തിൽ ആർക്കെങ്കിലുമെതിരെ കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഉപഗ്രഹ സഹായത്തോടെ സർവ്വേ നടത്തി കായലിലെ അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന തണ്ണീർത്തട അതോറിറ്റി കേരള (SWAK) മുഖേന തയ്യാറാക്കിയ വേമ്പനാട് കായലിന്റെ മാനേജ്മെന്റ് ആക്ഷൻ പ്ലാനിൽ ടി കമ്മീഷൻ സമർപ്പിച്ച ശിപാർശകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതിനുള്ള സാമ്പത്തിക സഹായത്തിനായി കേന്ദ്ര സർക്കാരിലേയ്ക്ക് 405.5 കോടി രൂപയുടെ പ്രൊപ്പോസൽ SWAK സമർപ്പിച്ചിട്ടുണ്ട്.

(ബി) കയ്യേറ്റംമൂലം വേമ്പനാട് കായലിന്റെ വിസ്തൃതിയിൽ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ആലപ്പുഴ ജില്ലയിൽ വേമ്പനാട് കായൽ കയ്യേറ്റവുമായി ബന്ധപ്പെട്ട് ചേർത്തല താലൂക്കിൽ പാണാവള്ളി വില്ലേജിലെ കാപ്പിക്കോ റിസോർട്ടിന്റെ കയ്യേറ്റത്തിനെതിരെ നടപടി സ്വീകരിച്ചതിനെത്തുടർന്ന് ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്തിട്ടുള്ളതാണ്. കോട്ടയം ജില്ലയിൽ കോട്ടയം, വൈക്കം താലൂക്കിന്റെ പരിധിയിൽ വേമ്പനാട് കായൽ സ്ഥിതി ചെയ്യുന്നു.

കോട്ടയം താലൂക്കിന്റെ പരിധിയിൽ കായൽ കയ്യേറ്റത്തിനെതിരെ തഹസീൽദാർ (ഭൂരേഖ) കോട്ടയം 9 എൽ.സി. കേസുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നതും നിരാമയ റിട്രീറ്റ് കയ്യേറിയതായി കണ്ടെത്തിയിട്ടുള്ള കായൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കുമരകം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

വൈക്കം താലൂക്കിന്റെ പരിധിയിൽ തഹസീൽദാർ (ഭൂരേഖ) വൈക്കം 7 എൽ.സി. കേസുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നിലവിലുള്ള സംവിധാനമുപയോഗിച്ച് കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ആധുനിക സർവ്വേ സംവിധാനം ഉപയോഗിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിക്കാവുന്നതാണ്.

## സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം

274(1388) ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി അനധികൃതമായി കയ്യേറി കൈവശം വച്ചിരിക്കുന്നവരെ ഒഴിപ്പിക്കുന്നതിന് നാളിതുവരെ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിലുള്ള എത്ര കേസുകളിൽ നാളിതുവരെ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഇത്തരം കേസുകൾ ഏതെല്ലാം താലൂക്കുകളിൽ ഏതെല്ലാം സ്ഥലങ്ങളിൽ നിലവിലുണ്ടെന്ന് വിശദീകരിക്കുമോ;

(ഡി) നാളിതുവരെ ഒഴിപ്പിച്ചിട്ടുള്ള കേസുകൾ എത്ര, ഇപ്പോൾ നടപടികൾ തുടർന്നുവരുന്നവ എത്ര, എന്നിവ വിശദീകരിക്കുമോ?

### ഉത്തരം

(എ) കേരള ഭൂസംരക്ഷണ നിയമം, 1958, ഭൂസംരക്ഷണ ചട്ടം, 1958, 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമം എന്നിവ പ്രകാരം അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി എ ഫോറം, ബി ഫോറം, സി ഫോറം, നോട്ടീസുകളും നടപടിക്രമം നൽകി ഒഴിപ്പിക്കൽ നടപടികളും സ്വീകരിച്ചുവരുന്നു. ജില്ലാതലത്തിൽ (എൽ.ആർ.) ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ ഭൂരേഖ തഹസീൽദാർമാരുടെ നേതൃത്വത്തിലും സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വില്ലേജ് തലത്തിലുള്ള ജനകീയ സമിതികളുടെ പ്രവർത്തനവും കാര്യക്ഷമമാക്കിയിട്ടുണ്ട്. മറ്റ് വകുപ്പുകളുടെ അധീനതയിൽ വരുന്ന ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് യഥാസമയം നിർദ്ദേശങ്ങളും ആവശ്യമായ സഹായങ്ങളും നൽകിവരുന്നുണ്ട്. കോടതിയിലും സർക്കാരിന്റെ പരിഗണനയിലുള്ളതുമായ കേസുകളൊഴികെ ബാക്കിയുള്ള എല്ലാ കേസുകളിലും നടപടി സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) തിരുവനന്തപുരം | -1560 |
| കൊല്ലം | -1059 |
| പത്തനംതിട്ട | -32 |
| ആലപ്പുഴ | -97 |
| കോട്ടയം | -331 |
| ഇടുക്കി | -115 |
| എറണാകുളം | -189 |
| തൃശ്ശൂർ | -202 |
| മലപ്പുറം | -112 |
| പാലക്കാട് | -486 |
| കോഴിക്കോട് | -39 |
| കണ്ണൂർ | -177 |
| വയനാട് | -110 |
| കാസർഗോഡ് | -70 |
| ആകെ | -4579 |

ഇനം തിരിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു.

(സി) ലഭ്യമായ വിവരങ്ങൾ ചേർക്കുന്നു.

(1) <u>തിരുവനന്തപുരം</u>

1. തിരുവനന്തപുരം താലൂക്ക്
2. നെയ്യാറ്റിൻകര താലൂക്ക്
3. കാട്ടാക്കട താലൂക്ക്
4. നെടുമങ്ങാട് താലൂക്ക്
5. ചിറയിൻകീഴ് താലൂക്ക്
6. വർക്കല താലൂക്ക്

(2) കൊല്ലം

1. കൊല്ലം താലൂക്ക്
2. കരുനാഗപ്പള്ളി താലൂക്ക്
3. കുന്നത്തൂർ താലൂക്ക്
4. പുനലൂർ താലൂക്ക്
5. കൊട്ടാരക്കര താലൂക്ക്
6. പത്തനാപുരം താലൂക്ക്

കൊല്ലം, കരുനാഗപ്പള്ളി, കുന്നത്തൂർ താലൂക്കുകളിലെ എല്ലാ വില്ലേജുകളിലും പുനലൂർ താലൂക്കിലെ അഞ്ചൽ, ആയൂർ, ഇടമുളയ്ക്കൽ, കുളത്തൂപ്പുഴ, വാളക്കോട് വില്ലേജുകളിലും പത്തനാപുരം താലൂക്കിലെ പട്ടാഴി, പട്ടാഴി വടക്കേക്കര, പത്തനാപുരം, പിടവൂർ, പിറവന്തൂർ എന്നീ വില്ലേജുകളിലും കയ്യേറ്റ കേസുകൾ നിലവിലുണ്ട്.

(3) കോട്ടയം

1. കോട്ടയം താലൂക്കിൽ കുമരകം പെരുമ്പായിക്കാട്, പേരൂർ വില്ലേജുകൾ
2. വൈക്കം താലൂക്കിലെ വൈക്കം, നടുവില, വടക്കേമുറി, വെച്ചൂർ, വെള്ളൂർ, കോതനെല്ലൂർ, മാഞ്ഞൂറ്, കല്ലറ, കെ.എസ്. മംഗലം, തലയാഴം, ടി.വി. പുരം, വടയാർ, മുളക്കുളം, ഞീഴൂർ ചെമ്പ് എന്നീ വില്ലേജുകൾ
3. മീനച്ചിൽ താലൂക്കിലെ തീക്കോയി, കടനാട്, തലനാട്, ഈരാറ്റുപേട്ട, തലപ്പലം, രാമപുരം വില്ലേജുകളിൽ കയ്യേറ്റം നിലവിലുണ്ട്.

(4) എറണാകുളം

1. മൂവാറ്റുപുഴ താലൂക്ക് പരിധിയിൽ രാമമംഗലം, മളീട്, ഇലഞ്ഞി, മഞ്ഞള്ളൂർ, മേമുറി, മാറാടി, പിറവം, വാളകം, എനനെല്ലൂർ, ആരക്കുഴ, വെള്ളൂർകുന്നം, കൂത്താട്ടുകുളം, കല്ലൂർകാട് വില്ലേജുകൾ.
2. കുന്നത്തുനാട് താലൂക്ക് പരിധിയിൽ പെരുമ്പാവൂർ, വെങ്ങൂർ, പുത്തൻകുരിശ്ശ്, രായമംഗലം, പട്ടിമറ്റം, കുവപ്പടി, ഐക്കരനാട്, നോർത്ത്, വെങ്ങോല വില്ലേജുകൾ.

3. കോതമംഗലം താലൂക്ക് പരിധിയിൽ കോതമംഗലം ഇരമല്ലൂർ, വാരപ്പെട്ടി, കുടവൂർ, കുട്ടമ്പുഴ, തൃക്കരിയൂർ വില്ലേജുകൾ.

4. ആലുവ താലൂക്കിൽ തുറവൂർ, മുക്കുന്നൂർ വില്ലേജുകൾ.

5. കണയന്നൂർ താലൂക്കിൽ കാക്കനാട്, എറണാകുളം ചേരാനല്ലൂർ, എളംകുളം വില്ലേജുകൾ

6. പറവൂർ താലൂക്കിൽ കരുമാല്ലൂർ, മൂത്തകുന്നം വില്ലേജുകൾ എന്നിവിടങ്ങളിൽ കയ്യേറ്റമുണ്ട്.

(5) <u>തൃശ്ശൂർ</u>

1. കൊടുങ്ങല്ലൂർ താലൂക്ക്

2. ചാലക്കുടി താലൂക്ക്

3. മുകുന്ദപുരം താലൂക്ക്

4. തലപ്പിള്ളി താലൂക്ക്

5. തൃശ്ശൂർ താലൂക്ക്

6. ചാവക്കാട് താലൂക്ക്

(6) <u>ആലപ്പുഴ</u>

ചേർത്തല തെക്ക് വില്ലേജ്, മാരാരിക്കുളം വടക്ക് വില്ലേജ് കലവൂർ വില്ലേജ്, കൈനകരി വില്ലേജ്, ചെങ്ങന്നൂർ എന്നീവിടങ്ങളിൽ കയ്യേറ്റം നിലവിലുണ്ട്.

(7) <u>ഇടുക്കി</u>

1. പീരുമേട് താലൂക്കിൽ പീരുമേട്, മഞ്ചുമല, പെരുവന്താനം, വാഗമൺ

2. ദേവികുളം താലൂക്കിൽ മൂന്നാർ

3. ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ, ബൈസൺവാലി

(8) <u>വയനാട്</u>

1. സുൽത്താൻ ബത്തേരി താലൂക്കിൽ കൃഷ്ണഗിരി, കിടങ്ങനാട്, സുൽത്താൻ ബത്തേരി, അമ്പലവയൽ, നെന്മേനി, ക്രുപ്പാടി, ഇരുളം, പുൽപ്പള്ളി എന്നീ വില്ലേജുകൾ.

2. വൈത്തിരി താലൂക്കിൽ കുന്നത്തിടവക, മൂട്ടിൽ സൗത്ത് വില്ലേജ്

3. മാനന്തവാടി താലൂക്ക്.

(9) മലപ്പുറം

1. നിലമ്പൂർ താലൂക്ക് - വണ്ടൂർ വില്ലേജ്, ചോക്കാട്, വില്ലേജ്

2. തിരൂരങ്ങാടി താലൂക്ക് - തിരുരങ്ങാടി, നെടുവ, നന്നമ്പ്ര, വേങ്ങര, തെന്നല

3. കൊണ്ടോട്ടി താലൂക്ക് - ചേലേമ്പ്ര, വാഴയൂർ, ചീക്കോട്, മൊറയൂർ

(10) കണ്ണൂർ

1. തളിപ്പറമ്പ് താലൂക്ക് - കുറ്റൂർ, ആലക്കോട്, തിമിരി, കൃറ്റേരി, മൊഴാറ, വെള്ളോറ, തളിപ്പറമ്പ്, കുറ്റ്യാട്ടൂർ, വെള്ളൂർ, രാമന്തളി വില്ലേജുകൾ.

2. തലശ്ശേരി താലൂക്ക് - പിണറായി, പാന്നൂർ, മൊകേരി, തലശ്ശേരി, തിരവങ്ങാട്, കതിരൂർ, പെരിങ്ങളം, പാട്യം, കുത്തുപറമ്പ്, കോളയാട്, ധർമ്മടം, പാതിരിയാട്, വേക്കളം.

3. കണ്ണൂർ താലൂക്ക് - മാടായി, മാട്ടൂൽ, കണ്ണൂർ -2, മുഴപ്പിലങ്ങാട്, എടക്കാട്, വളപട്ടണം, എളയാവൂർ.

(11) കാസർഗോഡ്

1. ഹോർസ്ദുർഗ് താലൂക്ക് - ബാര വില്ലേജ്, ചീത്താരി വില്ലേജ്, പനയാൽ വില്ലേജ്, പുല്ലൂർ വില്ലേജ്

2. കാസർഗോഡ് താലൂക്ക്.

മറ്റ് താലൂക്കുകളുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി)

| ജില്ല | ഒഴിപ്പിച്ച കയ്യേറ്റങ്ങളുടെ എണ്ണം | നടപടി തുടരുന്നവ |
|---|---|---|
| തിരുവനന്തപുരം | 427 | 1133 |
| കൊല്ലം | 604 | 455 |

| | | |
|---|---|---|
| പത്തനംതിട്ട | 5 | 27 |
| ആലപ്പുഴ | 18 | 79 |
| കോട്ടയം | 248 | 83 |
| ഇടുക്കി | 61 | 54 |
| എറണാകുളം | 22 | 167 |
| തൃശ്ശൂർ | 128 | 74 |
| മലപ്പുറം | 38 | 74 |
| പാലക്കാട് | 259 | 227 |
| കോഴിക്കോട് | 5 | 34 |
| കണ്ണൂർ | 68 | 109 |
| വയനാട് | 66 | 44 |
| കാസർഗോഡ് | 5 | 65 |
| ആകെ | 1954 | 2625 |

**ഏറ്റുമാനൂർ എറണാകുളം റോഡിലെ വളവ് നിവർത്തൽ**

275(1389) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ-എറണാകുളം റോഡിലെ വളവ് നിവർത്തൽ സംബന്ധിച്ച് ഡയറക്റ്റ് പർച്ചേസിന് വേണ്ടി സ്ഥലമുടമകളുടെ സമ്മതപത്രം പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) എത്ര പേർ വളവ് നിവർത്തലുമായി ബന്ധപ്പെട്ട് സമ്മതപത്രം നൽകിയിട്ടുണ്ടെന്നും ഇനി എത്ര പേരുടെ സമ്മതപത്രം കിട്ടാനുണ്ടെന്നും ഇത് വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ; എത്രയും വേഗം സമ്മതപത്രം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ റവന്യൂ വകുപ്പിന്റെ നടപടികളിലുണ്ടാകുന്ന കാലതാമസം കാരണം പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുവാൻ കഴിയാത്ത സ്ഥിതിവിശേഷം ഒഴിവാക്കാൻ വകുപ്പുതലത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിന് PWD (റോഡ്സ്) എക്സിക്യൂട്ടീവ് എഞ്ചിനീയർ 2-11-2009, 14-2-2009 എന്നീ തീയതികളിൽ സമർപ്പിച്ച റിക്വിസിഷന്റെ അടിസ്ഥാനത്തിൽ കാണക്കാരി, കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുച്ചിറ, കടുത്തുരുത്തി എന്നീ വില്ലേജുകളിൽപ്പെട്ട 1.9652 ഹെക്ടർ സ്ഥലം 1894-ലെ പൊന്നുംവില നിയമപ്രകാരം ഏറ്റെടുക്കാൻ 9-5-2013-ലെ സ.ഉ.(സാധാ) 2655/13/ ആർ.ഡി. പ്രകാരം ഉത്തരവായിരുന്നു.

തുടർന്ന് മാഞ്ഞൂർ, കോതനല്ലൂർ വില്ലേജുകളിൽപ്പെട്ട 50.08 ആർ സ്ഥലങ്ങളുടെ സർവ്വേ നമ്പരുകൾ ഉൾപ്പെടുത്തിയ പുതിയ റിക്വിസിഷൻ 29-6-2013-ൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 19-12-2013-ൽ സ.ഉ.(സാധാ) 6663/13/ആർ.ഡി. നമ്പർ പ്രകാരം 1894-ലെ പൊന്നുംവില നിയമപ്രകാരം ഏറ്റെടുക്കാൻ പുതിയ ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ 1-1-2014-ൽ പുതിയ എൽ.എ.ആർ.ആർ. ആക്ട് നിലവിൽ വന്നതിനാൽ ഈ ഉത്തരവ് പ്രകാരം തുടർനടപടികൾ സ്വീകരിക്കാൻ സാധിച്ചില്ല. തുടർന്ന് കോട്ടയം ജില്ലാ കളക്ടർ 17-10-2016-ൽ നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് ശിപാർശ സമർപ്പിക്കുകയുണ്ടായി. എന്നാൽ നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ വിവരങ്ങൾ ഇല്ലാതിരുന്നതിനാൽ ഡയറക്ട് പർച്ചേസിന്റെ സാധ്യതകൾകൂടി പരിശോധിച്ച് പുതുക്കിയ ശിപാർശ സമർപ്പിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ഡയറക്ട് പർച്ചേസിനുവേണ്ടി സ്ഥലമുടമകളുടെ സമ്മതപത്രം പൊതുമരാമത്ത് വകുപ്പിനോട് സമർപ്പിക്കാൻ 8-12-2016-ന് കോട്ടയം ജില്ലാ കളക്ടർ ആവശ്യപ്പെട്ടെങ്കിലും സ്ഥലമുടമകളുടെ സമ്മതപത്രം സഹിതമുള്ള റിക്വിസിഷൻ സമർപ്പിച്ചിട്ടില്ല. പ്രസ്തുത ശിപാർശയും റിക്വിസിഷനും സമർപ്പിക്കുന്ന മുറയ്ക്ക് സ്ഥലമെടുപ്പ് നടപടികൾക്കാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(സി) സ്വീകരിക്കുന്നതാണ്.

**കുറിഞ്ഞിമലയിലെ സെറ്റിൽമെന്റ് പ്രവർത്തനങ്ങൾ**

276(1390) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയോദ്യാനമായ മൂന്നാർ കുറിഞ്ഞിമല സങ്കേതത്തിൽ വന്യജീവി സങ്കേതവുമായി ബന്ധപ്പെട്ട് സെറ്റിൽമെന്റ് പ്രവർത്തനങ്ങൾക്കായി സെറ്റിൽമെന്റ് ഓഫീസറെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ആരെയാണ് നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സെറ്റിൽമെന്റ് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത നടപടികൾ യഥാസമയം പൂർത്തീകരിക്കാത്തതാണ് ഈ പ്രദേശത്തെ കയ്യേറ്റം കൃത്യമായി കണ്ടെത്താൻ കഴിയാത്ത സാഹചര്യമുണ്ടാക്കിയതെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ പ്രദേശത്തെ കയ്യേറ്റം അടിയന്തരമായി ഒഴിപ്പിച്ച് സെറ്റിൽമെന്റ് നടപടികൾ പൂർത്തീകരിച്ച് ഭൂമി അളന്ന്തിരിച്ച് വനം വകുപ്പിന് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സബ്കളക്ടർ, ദേവികുളം.

(ബി-ഡി) പൂർത്തീകരിച്ചിട്ടില്ല. ജി.ഒ.(എം.എസ്.) 69/15 തീയതി 16-2-2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തണ്ടപ്പേര് പരിശോധന നടത്തേണ്ട വില്ലേജുകളിൽ കുറിഞ്ഞി ദേശീയോദ്യാനം ഉൾപ്പെട്ടുവരുന്നു. പ്രസ്തുത പരിശോധന പൂർത്തിയാകാത്തതും ഉദ്യാനവുമായി ബന്ധപ്പെട്ട് സർവ്വെ നടപടികൾക്ക് തടസ്സമുണ്ടായതും ആശങ്കകൾ കാരണം ജനങ്ങളുടെ ഭാഗത്തുനിന്നുമുള്ള നിസ്സഹകരണവും മൂലമാണ് സെറ്റിൽമെന്റ് നടപടികൾ വൈകുന്നത്. സെറ്റിൽമെന്റ് നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് ഭൂമി അളന്നുതിരിച്ച് വനം വകുപ്പിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് 27-11-2017-ലെ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ ദേവികുളം സബ്കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

277(1391) <u>ശ്രീമതി യു. പ്രതിഭ ഹരി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ജനറൽ, എസ്.സി./എസ്.ടി. വിഭാഗങ്ങളിൽപ്പെട്ട ഭൂരഹിതരും ഭവനരഹിതരുമായ എത്ര കുടുംബങ്ങൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിൽ കായംകുളം മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണവും ഇതിനകം പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണവും വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കായംകുളം നിയമസഭാമണ്ഡലത്തിലെ ഭൂരഹിതരായ കുടുംബങ്ങളുടെ എണ്ണം

| | | |
|---|---|---|
| ജനറൽ വിഭാഗം | - | 1259 |
| പട്ടികജാതി വിഭാഗം | - | 188 |
| പട്ടികവർഗ്ഗ വിഭാഗം | - | 0 |
| ആകെ | - | 1447 |

(ബി) കായംകുളം നിയമസഭാമണ്ഡലത്തിലെ ഭൂരഹിതരായ കുടുംബങ്ങളുടെ വില്ലേജ് തിരിച്ചുള്ള വിവരം:

| വില്ലേജ് | തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം | പട്ടയം അനുവദിച്ച് ഭൂമി കൈമാറിയ കേസുകളുടെ എണ്ണം |
|---|---|---|
| പത്തിയൂർ | 281 | 8 |
| കൃഷ്ണപുരം | 189 | 3 |
| കായംകുളം | 373 | 0 |
| പുതുപ്പള്ളി | 62 | 0 |
| കീരിക്കാട് | 204 | 0 |
| കണ്ടല്ലൂർ | 87 | 0 |
| കണ്ണമംഗലം | 117 | 0 |
| പെരിങ്ങാല | 21 | 0 |
| കറ്റാനം | 39 | 0 |
| ഭരണിക്കാവ് | 74 | 0 |

## ഭൂമി പതിവ് ചട്ടങ്ങളിൽ വരുത്തിയ ഭേദഗതികൾ

278(1392) <u>ശ്രീ. അടൂർ പ്രകാശ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭൂമി പതിവ് ചട്ടങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ എന്തെല്ലാമാണെന്ന് ഇനം തിരിച്ച് വിശദീകരിക്കുമോ;

(ബി) ഇടുക്കി ജില്ല ഉൾപ്പെടെയുള്ള മലയോര മേഖലകളിൽ പട്ടയം നൽകുന്നതിന് നിയമത്തിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ എന്തെല്ലാമാണ്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ എത്ര പട്ടയങ്ങൾ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ.ഉ.(പി) നമ്പർ 60/2017/റവ. തീയതി 17-8-2017 പ്രകാരം 1964-ലെ ഭൂമിപതിവ് ചട്ടങ്ങളിൽ ചട്ടം 7, 8, 9 എന്നിവയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

ടി ഭേദഗതി പ്രകാരമുള്ള മാറ്റങ്ങൾ ചുവടെ ചേർക്കുന്നു:

1. 1964-ലെ ചട്ടപ്രകാരം കൈവശത്തിലുള്ള ഭൂമി പതിച്ചുനൽകുന്നതുമായി ബന്ധപ്പെട്ട വരുമാനപരിധി ഒഴിവാക്കിയിട്ടുണ്ട്.
2. കൈവശമില്ലാത്ത ഭൂമി പതിച്ചുകിട്ടിയാൽ 25 വർഷത്തേയ്ക്ക് അന്യാധീനപ്പെടുത്താൻ പാടില്ലായെന്നുള്ളത് 12 വർഷത്തേയ്ക്ക് എന്ന് പുനർനിർണ്ണയം ചെയ്തിട്ടുണ്ട്.
3. ഭവനനിർമ്മാണത്തിനോ, കൃഷി ആവശ്യങ്ങൾക്കോ, ഭൂമി അഭിവൃദ്ധിപ്പെടുത്തുന്നതിനോവേണ്ടി പതിച്ചുകിട്ടിയ ഭൂമി ഗവൺമെന്റിനോ ബാങ്കിനോ ധനകാര്യ സ്ഥാപനങ്ങൾക്കോ റബ്ബർ ബോർഡിനോ ടി ബോർഡിനോ ജാമ്യമെന്ന രീതിയിൽ പണയപ്പെടുത്താവുന്നതാണ്. പതിച്ചുകിട്ടുന്ന ഭൂമിയിൽ കർഷകർ വച്ച് പിടിപ്പിക്കുന്ന മരങ്ങളിൽ ചന്ദനം പോലുള്ള മരങ്ങൾ ഒഴികെയുള്ളവ മുറിക്കുന്നതിന് തടസ്സമില്ലാത്ത തരത്തിലുള്ള ഭേദഗതി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ലുലു മാളിന് സർക്കാർഭൂമി

279(1393) <u>ശ്രീ. അടൂർ പ്രകാശ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലുലു മാളിന് കേരളത്തിൽ എവിടെയെല്ലാം സർക്കാർഭൂമി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ ഭൂമിയും എന്നാണ് നൽകിയതെന്നും അവയുടെ വിസ്തീർണ്ണം എത്രയെന്നും വിശദീകരിക്കുമോ;

(സി) ഭൂമി കൈമാറ്റം ചെയ്തതിന്റെ മാനദണ്ഡം എന്തെല്ലാമെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തിൽ ലുലു മാളിന് സർക്കാർ ഭൂമിയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ കോഴിക്കോട് താലൂക്ക് വളയനാട് വില്ലേജിൽ ലുലു കൺവെൻഷൻ സെന്ററിന്റെ ഉടമസ്ഥതയിലുള്ള വസ്തുവിനകത്തായി സ്ഥിതി ചെയ്യുന്നതും കോഴിക്കോട് നഗരസഭയിൽ നിക്ഷിപ്തവുമായിട്ടുള്ള ടി.എസ്. 289-ൽപ്പെട്ട 13 സെന്റ് ചെറിയ തോടിന്റെ ഭാഗവും ടി.എസ്. 284-ൽപ്പെട്ട 6 സെന്റ് വഴിയും ചേർത്ത് 19 സെന്റ് പുറമ്പോക്ക് ഭൂമിയും കോഴിക്കോട് താലൂക്ക് നെല്ലിക്കോട് വില്ലേജിൽ ലുലു കൺവെൻഷൻ സെന്റർ ഡയറക്ടറുടെ ഉടമസ്ഥതയിലുള്ളതും മൈലാമ്പാടി ഒല്ലൂർ ക്ഷേത്ര റോഡിനോട് ചേർന്ന് കിടക്കുന്നതുമായ റീസർവ്വെ നമ്പർ 112-ൽപ്പെട്ട 26.19 സെന്റ് ഭൂമിയും അതിൽ സ്ഥിതി ചെയ്യുന്ന 204.46 ചതു. മീറ്റർ വിസ്തീർണ്ണമുള്ള കോൺക്രീറ്റ് കെട്ടിടവും പരസ്പരം കൈമാറ്റം ചെയ്യുന്നതിന് ധാരണയായിട്ടുണ്ട്.

(ബി & സി) ബാധകമല്ല.

**പട്ടയ മേളകൾ**

280(1394) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പട്ടയ മേളകൾ നടത്തിയിട്ടുണ്ട്;

(ബി) എത്ര പട്ടയങ്ങൾ വിതരണം ചെയ്തുവെന്ന് വെളിപ്പെടുത്തുമോ; ഇതിൽ ഓരോ ഇനത്തിലുമുള്ള പട്ടയങ്ങൾ എത്ര വീതമെന്ന് ജില്ല,താലൂക്ക്,വില്ലേജ് തിരിച്ച് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അസൈൻമെന്റ് ഓർഡർ നൽകിയിരുന്ന എത്ര പേർക്ക് പട്ടയം വിതരണം ചെയ്തുവെന്നും ഉപാധി രഹിത പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ;

(ഡി) വനവുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ വർഷങ്ങളായി താമസിക്കുന്നതും പട്ടയം ലഭിക്കാത്തതുമായ ആളുകൾ ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം വില്ലേജുകളുടെ കീഴിലാണുള്ളതെന്നും ഇവർക്ക് പട്ടയം നൽകുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും വിശദീകരിക്കുമോ;

(ഇ) കോട്ടയം ജില്ലയിലെ മണിമല പ്രദേശത്തെ പൊന്തൻപുഴ, ആലപ്ര വില്ലേജുകൾ, പത്തനംതിട്ട ജില്ലയിൽ പെരുംപെട്ടി എന്നിവിടങ്ങളിൽ വർഷങ്ങളായി താമസിക്കുന്ന പട്ടയം ലഭിക്കാത്തവർക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഇത് സംബന്ധിച്ച് എന്തെങ്കിലും വ്യവഹാരങ്ങൾ കോടതിയിൽ നിലനിൽക്കുന്നുണ്ടോ; എങ്കിൽ ആയതിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 19 (പത്തൊൻപത്) പട്ടയമേളകൾ നടത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ 36846 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. പട്ടയങ്ങളുടെ ഇനം തിരിച്ചും ജില്ല തിരിച്ചുമുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.* താലൂക്ക്, വില്ലേജ് തിരിച്ചുള്ള കണക്ക് ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(സി)

| ക്രമ നമ്പർ | ജില്ല | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അസൈൻമെന്റ് ഓർഡർ നൽകിയിരുന്നതിൽ പട്ടയം വിതരണം ചെയ്തവരുടെ എണ്ണം | ഉപാധിരഹിത പട്ടയം നൽകിയിട്ടുള്ളത് സംബന്ധിച്ച് |
|---|---|---|---|
| 1 | തിരുവനന്തപുരം | 40 | ഉപാധിരഹിത പട്ടയവിതരണം ചെയ്തിട്ടില്ല. എന്നാൽ മുമ്പ് വിതരണം ചെയ്തിട്ടുള്ള പട്ടയങ്ങളിൽ 568 പട്ടയങ്ങളിൽ ഉപാധിരഹിതമായി നൽകിയിട്ടുണ്ട് |
| 2 | കൊല്ലം | 28 | ഇല്ല |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | | | |
|---|---|---|---|
| 3 | പത്തനംതിട്ട | ഇല്ല | ഇല്ല |
| 4 | ആലപ്പുഴ | 15 | ഇല്ല |
| 5 | കോട്ടയം | 2665 പേർക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അസൈൻമെന്റ് ഓർഡർ നൽകി ടി സർക്കാരിന്റെ കാലത്തുതന്നെ പട്ടയം വിതരണം ചെയ്തിട്ടുണ്ട്. | കാഞ്ഞിരപ്പള്ളി താലൂക്കിൽ നിന്നും ഉപാധിരഹിത പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട് |
| 6 | ഇടുക്കി | 105 | ഇല്ല |
| 7 | എറണാകുളം | ഇല്ല | ഇല്ല |
| 8 | തൃശ്ശൂർ | 68 | ഇല്ല |
| 9 | പാലക്കാട് | ഇല്ല | ഇല്ല |
| 10 | മലപ്പുറം | 291 | ഇല്ല |
| 11 | കോഴിക്കോട് | 175 | ഇല്ല |
| 12 | വയനാട് | 20 | ഇല്ല |
| 13 | കണ്ണൂർ | ഇല്ല | ഇല്ല |
| 14 | കാസർഗോഡ് | 1419 | ഇല്ല |

(ഡി) വനവുമായി അതിർത്തി പങ്കിടുന്നതും പട്ടയം ലഭിക്കാത്തതുമായ ആളുകൾ ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം വില്ലേജുകളിലാണെന്നും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | വില്ലേജ് |
|---|---|---|
| 1 | തിരുവനന്തപുരം | തെന്നൂർ, പെരിങ്ങമല, പാങ്ങോട്, വിതുര, ആര്യനാട്, പനവൂർ, കുറുപുഴ |
| 2 | കൊല്ലം | കുളത്തൂപ്പുഴ, ആര്യങ്കാവ്, തെന്മല, ഇടമൺ, പത്തനാപുരം, പുന്നല, പിറവന്തൂർ, ചിതറ, അലയമൺ, ചണ്ണപ്പേട്ട, അയിരനല്ലൂർ, തിങ്കൾക്കരിക്കകം, ഏരൂർ. |
| 3 | പത്തനംതിട്ട | വില്ലേജ് തിരിച്ചുള്ള വിവരം ശേഖരിച്ച സമർപ്പിക്കുന്നതാണ്. |
| 4 | ആലപ്പുഴ | ബാധകമല്ല. |
| 5 | കോട്ടയം | എരുമേലി തെക്ക്, എരുമേലി വടക്ക്, കോരുത്തോട്, മണിമല |

| | | |
|---|---|---|
| 6 | ഇടുക്കി | വണ്ണപ്പുറം, വെള്ളിയാമറ്റം, ഉടമ്പന്നൂർ, അറക്കുളം, കഞ്ഞിക്കുഴി, ഇടുക്കി, മന്നാംകണ്ടം, ചിന്നക്കനാൽ, കാഞ്ചിയാർ, അയ്യപ്പൻകോവിൽ, ഉപ്പുതറ |
| 7 | എറണാകുളം | കുട്ടമ്പുഴ, നേര്യമംഗലം, കടവൂർ, കീരമ്പാറ, കോട്ടപ്പള്ളി, പിണ്ടിമന, കുട്ടമംഗലം, അയ്യമ്പുഴ, മലയാറ്റൂർ |
| 8 | തൃശ്ശൂർ | മാടക്കത്തറ, പാണഞ്ചേരി, പുത്തൂർ, പീച്ചി, മാന്ദാമംഗലം, കൈനൂർ, മുളയം, കിള്ളന്നൂർ, വരന്തരപ്പിള്ളി, കൊടശ്ശേരി, മൂപ്ലിയം, വെള്ളിക്കുളങ്ങര, കല്ലൂർ, മറ്റത്തൂർ, എളനാട്, കാഞ്ഞിരക്കോട്, മണലിത്തറ, നെല്ലുവായ്, പുലാക്കോട്, പങ്ങാരപ്പിള്ളി, കൊണ്ടാഴി, പഴയന്നൂർ, ചേരക്കര, പിലാക്കോട്, വടക്കാഞ്ചേരി, മുള്ളൂക്കര, ആറ്റൂർ, തോന്നൂർക്കര, തയ്യൂർ, നെടുംപുര, കുറുമല, കുമരനല്ലൂർ, തിച്ചൂർ, വരവൂർ, ചേലക്കോട്, കോട്ടപ്പുറം, തെക്കുംകര, കടങ്ങോട്, എങ്കക്കാട് |
| 9 | പാലക്കാട് | വില്ലേജ് തിരിച്ചുള്ള വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്. |
| 10 | മലപ്പുറം | അകമ്പാടം, കേരള എസ്റ്റേറ്റ്, പുള്ളിപ്പാടം, പോത്തുകല്ല്, ചോക്കാട്, കരുവാക്കുണ്ട്. |
| 11 | കോഴിക്കോട് | കുരാച്ചുണ്ട്, കാന്തലാട്, ചക്കിട്ടപ്പാറ |
| 12 | വയനാട് | വില്ലേജ് തിരിച്ചുള്ള വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്. |
| 13 | കണ്ണൂർ | കോളയാട്, പയ്യാവൂർ, എരുവേശ്ശി നടുവിൽ, വെള്ളാട്, ഉദയഗിരി, തിരുമേനി, പുളിങ്ങോം |
| 14 | കാസർഗോഡ് | പനത്തടി |

(ഇ) കോട്ടയം ജില്ലയിലെ ആലപ്ര വനപ്രദേശം സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ MSA -1/81 നമ്പരായി കേസ് നിലവിലുണ്ട്. ടി കേസിന്റെ അന്തിമവിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ പട്ടയം നൽകാൻ സാധിക്കുകയുള്ളൂ. പത്തനംതിട്ട ജില്ലയിൽ പെരുംപെട്ടിയിൽ വനം വകുപ്പുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ കണ്ടെത്തിയ കൈവശങ്ങൾക്ക് പട്ടയം നൽകുന്നതിന് അനുവാദത്തിനായി ബന്ധപ്പെട്ട വിശദാംശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

## പട്ടയം നൽകുന്നതിനുള്ള നടപടികൾ

281(1395) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭയിലെ പവിത്രാനന്ദപുരം കോളനി, കുളത്തുർ പഞ്ചായത്തിലെ പൊഴിയൂർ തീരദേശ മേഖല എന്നീ സ്ഥലങ്ങളിലെ താമസക്കാർക്ക് പട്ടയം നൽകുന്നതിനുവേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) നെയ്യാറ്റിൻകര പവിത്രാനന്ദപുരം കോളനിയിൽ എത്ര പേർക്ക് പട്ടയം നൽകാൻ ഉണ്ട് എന്നും എത്ര പേർക്ക് പട്ടയം നൽകാൻ നടപടി സ്വീകരിച്ചു എന്നും അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കുളത്തുർ പഞ്ചായത്തിലെ പൊഴിയൂർ തീരദേശത്ത് എത്ര പേർക്ക് പട്ടയം നൽകാൻ ഉണ്ട് എന്ന് വിശദമാക്കുമോ; എത്ര പേർക്ക് പട്ടയം നൽകാൻ നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര നഗരസഭയിലെ പവിത്രാനന്ദപുരം കോളനിയിൽ 35 കുടുംബങ്ങൾ താമസിച്ചുവരുന്നതും പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്. ടി 35 അപേക്ഷകരിൽ 4 സെന്റിൽ കൂടുതൽ ഭൂമി കൈവശം വച്ചുവരുന്ന 4 കേസുകളിൽ കക്ഷികൾ കൈവശം വച്ചുവരുന്ന മുഴുവൻ ഭൂമിക്കും പട്ടയം നൽകാമോ എന്ന് പരിശോധിച്ചുവരുന്നു. ബാക്കിയുള്ള കേസുകളിൽ പട്ടയം നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) നെയ്യാറ്റിൻകര പവിത്രാനന്ദപുരം കോളനിയിൽ ആകെ 35 കുടുംബങ്ങൾക്ക് പട്ടയം നൽകാനുണ്ട്. നെയ്യാറ്റിൻകര നഗരസഭയുടെ 24-2-2015 ലെ സാധാരണ കൗൺസിൽ തീരുമാനം നമ്പർ 30(12) പ്രകാരം നിലവിലെ താമസക്കാരുടെ പേരുവിവരം ലഭ്യമാക്കുകയും ടി കക്ഷികൾക്ക് അനുവാദ പത്രിക നൽകുന്നതിന് തീരുമാനിച്ചതായും അറിയിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം 9 കക്ഷികൾക്ക് അനുവാദപത്രിക ലഭ്യമാക്കിയിട്ടുണ്ട്. ടി 35 കേസുകളിൽ 31 കേസുകൾ 7(1) നോട്ടീസ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആയത് ആക്ഷേപ രഹിതമായി മുടങ്ങിയിട്ടില്ലാ എന്നും നെയ്യാറ്റിൻകര തഹസീൽദാരെ അറിയിച്ചിട്ടുണ്ട്. ബാക്കി കേസുകളിൽ അനുവാദപത്രിക ലഭ്യമാകുന്ന മുറയ്ക്ക് നിയമാനുസൃതമുള്ള പതിവുനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കുളത്തുർ പഞ്ചായത്തിലെ പൊഴിയൂർ തീരദേശത്തുനിന്നും 186 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ടി ഭൂമി സർവ്വേ ചെയ്യുന്നതിനായി സർവ്വേയർമാരെ നിയോഗിച്ചിട്ടുള്ളതും സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നതാണ്.

## തൃശ്ശൂർ ജില്ലയിലെ പുറമ്പോക്കുകളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം

282(1396) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വിവിധ പുറമ്പോക്കുകളിൽ കാലങ്ങളായി താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത നടപടികൾ പൂർത്തീകരിച്ച് പട്ടയം വിതരണം ചെയ്യുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ പുറമ്പോക്ക് ഭൂമി കൈവശം വച്ചിരിക്കുന്ന അർഹരായവർക്കെല്ലാം പട്ടയം നൽകുന്നതിനായി 1964-ലെയും 1995-ലെയും കേരള ഭൂമി പതിവ് ചട്ടങ്ങൾക്കനുസൃതമായി പതിവ് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മറ്റ് വകുപ്പുകളുടെ ഭൂമി കൈവശം വച്ച് വരുന്നവർക്കും പട്ടയം നൽകുന്നതിനുവേണ്ടി, സംയുക്ത പരിശോധനാ നടപടികൾ ഊർജ്ജിതമാക്കി പട്ടയവിതരണം പൂർത്തിയാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## റബ്ബർ തോട്ടങ്ങളിൽ വീടുവയ്ക്കുന്നതിന് അനുമതി

283(1397) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം, കാഞ്ഞിരപ്പള്ളി താലൂക്ക് ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ മേഖലകളിൽ ചെറുകിട കർഷകർ വാങ്ങിയ ചെറിയ റബ്ബർ തോട്ടങ്ങളിലെ 5 സെന്റും, 10 സെന്റും ഭൂമികളിൽ പോലും സ്വന്തമായി വീടു വയ്ക്കാൻ വില്ലേജിലെ ബി.ടി. ആർ. (Basic Tax Register) -ൽ തോട്ടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതു മൂലം സാധിക്കാതെ ബുദ്ധിമുട്ട് അനുഭവിക്കുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇങ്ങനെയുള്ള തോട്ടങ്ങളിൽ കിടപ്പാടം ഉണ്ടാക്കാൻ ഉദ്ദേശിക്കുന്ന ജനങ്ങളുടെ 5, 10 സെന്റ് സ്ഥലങ്ങളിൽ വീടുവയ്ക്കാനായി അനുമതി നൽകുംവിധം പുതിയ ഉത്തരവ് പുറപ്പെടുവിച്ച് പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതുസംബന്ധിച്ച് സർക്കാരിന് മുമ്പ് പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കോട്ടയം ജില്ലയിൽ കേരള ഭൂപരിഷ്കരണ നിയമത്തിന്റെ അന്ത:സത്തയെ പരാജയപ്പെടുത്തുന്ന തരത്തിൽ തോട്ടം മേഖലയിൽ റിയൽ എസ്റ്റേറ്റ് മാഫിയകൾ വൻകിട തോട്ടങ്ങൾ ചെറുഖണ്ഡങ്ങളാക്കി മുറിച്ചുവിൽക്കുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ പൊതുജനങ്ങൾ കബളിപ്പിക്കപ്പെടുവാനുള്ള സാധ്യത നിലനിൽക്കുന്നു. ആയതിനാൽ തോട്ടം ഇനത്തിൽപ്പെടുന്ന ഭൂമി കേരള ഭൂപരിഷ്കരണ നിയമം, 1963 പ്രകാരം ഏതെങ്കിലും മിച്ചഭൂമി കേസിൽ ഉൾപ്പെട്ട് സെക്ഷൻ 81(1) പ്രകാരം ഇളവ് അനുവദിക്കപ്പെട്ടതാണോയെന്ന് വ്യക്തമായ പരിശോധന നടത്തി തിട്ടപ്പെടുത്തേണ്ടതുണ്ട്. അപ്രകാരം ഇളവ് ലഭിച്ച തോട്ടഭൂമി ഇളവനുവദിച്ച ഇനത്തിലല്ലാതെ തരം മാറ്റം വരുത്തുകയാണെങ്കിൽ അത് ആരുടെ കൈവശത്തിലാണെങ്കിലും എത്ര കാലപ്പഴക്കമുണ്ടെങ്കിലും കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 87 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ ഭൂമിയാണ്. അത്തരത്തിൽ അല്ലാത്ത തോട്ടം ഇനത്തിൽ ഉൾപ്പെട്ട ഭൂമി റീസർവ്വേ നടപടികൾ കാരണം റവന്യൂ റിക്കാർഡുകളിൽ തെറ്റായി രേഖപ്പെടുത്തിയതാണോയെന്ന് പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട തഹസിൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ദേവികുളം നിയോജകമണ്ഡലത്തിലെ പട്ടയവിതരണം**

284(1398) <u>ശ്രീ. എസ്. രാജേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ കെ.ഡി.എച്ച്., ചിന്നക്കനാൽ വില്ലേജുകളിൽ പട്ടയം നൽകുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് പട്ടയവിതരണ നടപടികൾ സ്വീകരിക്കാത്തത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കെ.ഡി.എച്ച്. ചിന്നക്കനാൽ വില്ലേജുകളിൽ പട്ടയനടപടികൾ നിലവിൽ ആരംഭിച്ചിട്ടില്ലാത്തതാണ്. KDH വില്ലേജിൽ Kannan Devan Hills (Reservation and Assignment of vested Lands Rules 1977) പ്രകാരമാണ് പട്ടയനടപടികൾ സ്വീകരിക്കുന്നത് പട്ടയം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

## പാറശ്ശാല മണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമി

285(1399) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ ഒൻപത് ഗ്രാമപഞ്ചായത്തുകളിലായുള്ള പട്ടയരഹിതരുടെ കണക്ക് ലഭ്യമായിട്ടുണ്ടോ; ഇത് സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലുള്ള റവന്യൂ പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) വില്ലേജ് ആഫീസുകളിലെ റീസർവ്വേ സംബന്ധിച്ച രേഖകളിലെ തെറ്റുകൾ പലപ്പോഴും റവന്യൂ പുറമ്പോക്ക് കണ്ടെത്തുന്നതിന് തടസ്സമായിട്ടുള്ളതിനാൽ ഇത് പരിഹരിച്ച് കൃത്യമായ വിവരങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

### ഉത്തരം

(എ) പാറശ്ശാല മണ്ഡലത്തിൽ 9 ഗ്രാമപഞ്ചായത്തുകളിലായുള്ള പട്ടയരഹിതരുടെ കണക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കള്ളിക്കാട് ഗ്രാമപഞ്ചായത്ത് | - | 213 |
| ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് | - | 92 |
| അമ്പൂരി ഗ്രാമപഞ്ചായത്ത് | - | 165 |
| വാഴിച്ചൽ ഗ്രാമപഞ്ചായത്ത് | - | 298 |
| ആര്യങ്കോട് ഗ്രാമപഞ്ചായത്ത് | - | 60 |
| വെള്ളറട ഗ്രാമപഞ്ചായത്ത് | - | 159 |
| ആനാവൂർ ഗ്രാമപഞ്ചായത്ത് | - | 7 |
| പെരുങ്കടവിള ഗ്രാമപഞ്ചായത്ത് | - | 5 |
| കൊല്ലയിൽ ഗ്രാമപഞ്ചായത്ത് | - | 66 |
| പാറശ്ശാല ഗ്രാമപഞ്ചായത്ത് | - | 12 |
| കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് | - | 29 |
| ആകെ | | 1106 |

ഈ കേസുകളിൽ TLAC കൂടിയിട്ടുള്ളതിൽ പട്ടയം അനുവദിക്കാവുന്ന കേസുകളുടെ എണ്ണം

| | | |
|---|---|---|
| ആനാവൂർ | - | 7 |
| പാറശ്ശാല | - | 6 |
| വെള്ളറട | - | 72 |
| കൊല്ലയിൽ | - | 50 |
| ആകെ | | 135 |

(ബി) പ്രസ്തുത മണ്ഡലങ്ങളിലെ അമ്പൂരി, വാഴിച്ചൽ, കള്ളിക്കാട് ഉൾപ്പെട്ടുവരുന്ന അഞ്ചുചങ്ങല പ്രദേശം അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. ബാക്കി ഗ്രാമപഞ്ചായത്തുകളിൽ റവന്യൂ പുറമ്പോക്കുകൾ അളന്നു തിട്ടപ്പെടുത്തിയിട്ടില്ല. കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 213 കേസുകളിൽ 136 കേസുകൾക്ക് പുറമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അഞ്ചുചങ്ങല പ്രദേശം ഉൾപ്പെട്ടുവരുന്ന അമ്പൂരി, കള്ളിക്കാട്, വാഴിച്ചൽ എന്നീ വില്ലേജുകളിലെ 476 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് തീരുമാനമായിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

**ഉപാധിരഹിത പട്ടയം**

286(1400) ശ്രീ. രാജു എബ്രഹാം:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം അർഹരായ കൈവശക്കാർക്ക് ഉപാധിരഹിത പട്ടയം നൽകാനായി എടുത്ത നടപടികൾ വിശദമാക്കാമോ;

(ബി) വനം വകുപ്പുമായി സംയുക്ത പരിശോധന ആവശ്യമുള്ള കേസുകളിൽ സത്വര പരിശോധന നടത്തി അപേക്ഷകളിൽ തീരുമാനം എടുക്കാൻ നിർദ്ദേശം നൽകുമോ;

(സി) കുടിയേറ്റക്കാരെയും കയ്യേറ്റക്കാരെയും കൃത്യമായി വേർതിരിച്ചുകണ്ട്, കുടിയേറ്റക്കാർക്കിടയിൽ നിക്ഷിപ്ത താല്പര്യക്കാർ പരത്തുന്ന ആശങ്ക ദൂരീകരിക്കാൻ വേണ്ട നടപടിയെടുക്കുമോ?

<u>ഉത്തരം</u>

(എ) സ.ഉ.(പി) നമ്പർ 60/2017/റവ തീയതി 17-8-2017 പ്രകാരം 1964-ലെ കേരള ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് കൈവശമല്ലാത്ത ഭൂമി പതിച്ച് കിട്ടിയാൽ 25 വർഷത്തേക്ക് കൈമാറ്റം ചെയ്യാൻ പാടില്ലായെന്നുള്ള വ്യവസ്ഥ ഭേദഗതി ചെയ്ത് 12 വർഷമായി പുനർനിർണ്ണയം ചെയ്തു. കൈവശമുള്ള ഭൂമി പതിച്ച് കിട്ടുന്ന സംഗതിയിൽ കൈമാറ്റം ചെയ്യുന്നതിനും തടസ്സമില്ലാത്തതാണ്. കൈവശമുള്ള ഭൂമി പതിച്ചുനൽകുന്നതിനുണ്ടായിരുന്ന വരുമാന പരിധി ഒഴിവാക്കി ഭൂമി എല്ലാ ധനകാര്യ സ്ഥാപനങ്ങളിലും പണയപ്പെടുത്താവുന്നതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തി. ചന്ദനം ഒഴികെയുള്ള കർഷകർ വച്ച് പിടിപ്പിക്കുന്ന മരങ്ങൾ മുറിക്കുന്നതിനുതകുന്ന വ്യവസ്ഥ ഉൾപ്പെടുത്തി.

(ബി) 16-8-2017-ന് റവന്യൂ മന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ 2017 ഡിസംബർ 31-ന് മുമ്പ് എല്ലാ ജില്ലകളിലെയും സംയുക്ത പരിശോധന പൂർത്തിയാക്കി കേന്ദ്ര സർക്കരിന്റെ അനുമതി വാങ്ങുന്നതിനും സംയുക്ത പരിശോധന പൂർത്തിയായ ജില്ലകളിലെ വിവരങ്ങൾ ഓൺലൈൻ ആയി കേന്ദ്ര സർക്കാരിന് അയച്ച് അനുമതി വാങ്ങുന്നതിന് കർശന നിരദേശം നൽകിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു

**തൊടിയൂർ വില്ലേജിൽ പട്ടയമോ അവകാശ രേഖയോ ലഭിച്ചിട്ടില്ലാത്ത കുടുംബങ്ങൾ**

287 (1402) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കിൽ തൊടിയൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 13-ൽ റീ സർവ്വേ നമ്പർ 510/2-ൽപ്പെട്ട 48.6 ആർ സ്ഥലത്ത് താമസിക്കുന്ന 6 കുടുംബങ്ങൾക്ക് നാളിതുവരെ പട്ടയമോ അവകാശ രേഖയോ ലഭിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പട്ടികജാതിക്കാരുൾപ്പെടെ വിവിധ വിഭാഗങ്ങളിൽപ്പെടുന്ന പ്രസ്തുത കുടുംബങ്ങളിൽ എത്ര പേർക്ക് പട്ടയം ലഭിച്ചുവെന്നും പട്ടയം ലഭിക്കാനുള്ളവർ എത്രയെന്നും വിശദീകരിക്കുമോ;

(സി) പ്രസ്തുത സ്ഥലത്ത് താമസിക്കുന്ന മുഴുവൻ പേർക്കും പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. മിച്ചഭൂമി പട്ടയം ലഭിച്ചവരിൽനിന്നും നിശ്ചിത കാലപരിധിക്ക് മുമ്പ് കൈവശം ലഭിച്ചവർക്ക് കൈമാറ്റ സാധൂകരണത്തിന് അപേക്ഷ ലഭിച്ചതിൽ ഒരാൾക്ക് മിച്ചഭൂമി കൈമാറ്റം സാധൂകരിച്ചിട്ടുണ്ട്. 5 പേർക്ക് കൈമാറ്റം സാധൂകരണം നൽകാനുണ്ട്.

(സി) പരിഗണനയിലില്ല.

## ആലത്തൂർ നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം

288 (1403) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 വർഷത്തിൽ ആലത്തൂർ നിയോജകമണ്ഡലത്തിലെ എത്ര പേർക്ക് സർക്കാർ തീരുമാന പ്രകാരം പട്ടയം വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അപേക്ഷകരിൽ ഇനി എത്ര പേർക്കുകൂടി പട്ടയം വിതരണം ചെയ്യാനുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2017 വർഷത്തിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ സർക്കാർ തീരുമാനപ്രകാരം പട്ടയവിതരണം നടത്തിയിട്ടില്ല.

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ പട്ടയവിതരണം ചെയ്യുന്നതിനായി അപേക്ഷകർ ആരും അവശേഷിക്കുന്നില്ല.

## തൃശ്ശൂർ, തലപ്പിള്ളി താലൂക്കുകളിലെ പട്ടയ വിതരണം

289 (1404) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25-8-2017-ന് ചേർന്ന തൃശ്ശൂർ താലൂക്ക് ഭൂമിപതിവ് കമ്മിറ്റി യോഗത്തിൽ ശിപാർശ ചെയ്ത വിവിധ അപേക്ഷകരിൽ എത്ര പേർക്ക് പട്ടയം വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ; പട്ടയം വിതരണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഹൈക്കോടതി ഉത്തരവ് അനുസരിച്ച് അടാട്ട് ഗ്രാമപഞ്ചായത്തിലെ ചിറ്റിലപ്പിള്ളി വില്ലേജിൽപ്പെട്ട 18 പേർക്ക് പട്ടയം നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

(സി) അടാട്ട് ഗ്രാമപഞ്ചായത്തിൽ ഭൂമിപതിവ് കമ്മിറ്റിയുടെ പരിഗണനയിൽ വരാത്ത ഭൂമി കൈവശമുണ്ടായിട്ടും പട്ടയം ലഭിക്കാത്ത അപേക്ഷകർ എത്രയെന്നും അവരുടെ പേരു വിവരവും അറിയിക്കുമോ;

(ഡി) തലപ്പിള്ളി, തൃശ്ശൂർ താലൂക്കുകളിൽപ്പെട്ട വടക്കാഞ്ചേരി നഗരസഭ, തെക്കുംകര, മുളങ്കുന്നത്തുകാവ്, കോലഴി, അവണൂർ, തോളൂർ, കൈപ്പറമ്പ്, അടാട്ട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ പരിഗണനയിൽ ഉണ്ട്; വിശദവിവരം നൽകുമോ;

(ഇ) ഇവർക്ക് പട്ടയം നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 25-8-2017-ന് ചേർന്ന തൃശ്ശൂർ താലൂക്ക് ഭൂമി പതിവ് കമ്മിറ്റി യോഗത്തിൽ ശിപാർശ ചെയ്ത അപേക്ഷകരിൽ 4 പേർക്ക് തൃശ്ശൂർ തഹസിൽദാർ പതിവുത്തരവ് തയ്യാറാക്കിയിട്ടുള്ളതാണ്. 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾക്കനുസൃത മായാണ് അപേക്ഷകർക്ക് പട്ടയ നടപടികൾ സ്വീകരിച്ചുവരുന്നത്. ആയതിനാൽ പ്രസ്തുത ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചിട്ടുള്ളതാണോയെന്ന് വിശദമായി പരിശോധിച്ചതിനുശേഷം മാത്രമേ പട്ടയവിതരണം ചെയ്യുന്നതിന് സാധ്യമാവുകയുള്ളൂ.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവനുസരിച്ച് റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തമാക്കപ്പെട്ട 2.065 ഏക്കർ ഭൂമി, അടാട്ട് ഗ്രാമപഞ്ചായത്തിലെ ചിറ്റിലപ്പിള്ളി വില്ലേജിൽപ്പെട്ട 18 പേർക്ക് അനുവദിക്കുന്നതിന് 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമാണ് പതിവ് നടപടികൾ സ്വീകരിച്ചുവരുന്നത്. 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 7(1) പ്രകാരം 1-8-1971-ന് മുമ്പ് under lease whether current or time expired or by way of encroachment not considered objectionable പ്രകാരം കൈവശം വച്ച് അനുഭവിച്ചുവരുന്ന സർക്കാർ പുറമ്പോക്ക് ഭൂമികൾ ഇപ്രകാരം കൈവശം വച്ചുവരുന്നവർക്ക് അർഹതയുടെ അടിസ്ഥാനത്തിൽ പതിച്ച് നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ മേൽ സൂചിപ്പിച്ച 18 കൈവശക്കാരിൽ ഭൂരിഭാഗം പേരും 1-8-1971 നുശേഷം അപേക്ഷാഭൂമി കൈവശം വച്ചുവരുന്നവരാണ്. കൂടാതെ ചിലർക്ക് അപേക്ഷാ ഭൂമിയില്ലാതെ മറ്റ് ഭൂമികളും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ ഇത്തരം കൈവശക്കാർക്ക് ഭൂമി പതിവ് ചട്ടങ്ങളിൽ ഇളവ് അനുവദിച്ച് പ്രത്യേകമായി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്.

(സി) അടാട്ട് ഗ്രാമപഞ്ചായത്തിൽ ഭൂമി പതിവ് കമ്മിറ്റിയുടെ പരിഗണനയിൽ വരാത്തതായി ആകെ 85 അപേക്ഷകർ പട്ടയം ലഭിക്കുന്നതിനായി നിലവിലുണ്ട്. ടി അപേക്ഷകരുടെ പേര് വിവരം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) തലപ്പിള്ളി താലൂക്കിൽ വടക്കാഞ്ചേരി നഗരസഭയിലും, തെക്കുകര ഗ്രാമപഞ്ചായത്തിലുമായി യഥാക്രമം 78, 47 അപേക്ഷകൾ ഉള്ളതാണ്. ആയതിൽ 88 പേരുടെ കൈവശഭൂമി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ളതും 37 പേരുടെ കൈവശഭൂമി ഇറിഗേഷൻ വകുപ്പിന് കീഴിലുള്ളതുമാണ്. തൃശ്ശൂർ താലൂക്കിൽപ്പെട്ട മുളങ്കുന്നത്തുകാവ്, കോലഴി, അവണൂർ, തോളൂർ, കൈപ്പറമ്പ്, അടാട്ട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ പട്ടയം ലഭിക്കുന്നതിനായി ആകെ 237 അപേക്ഷകൾ ഉള്ളതാണ്. ആയതിൽ 119 പേരുടെ കൈവശഭൂമി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമിയുമാണ്.

(ഇ) 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ അനുസരിച്ചാണ് ടി അപേക്ഷകർക്ക് പട്ടയ നടപടികൾ സ്വീകരിച്ചുവരുന്നത്. ആയതുപ്രകാരം വിശദമായി പരിശോധിച്ചതിനുശേഷം മാത്രമേ ഭൂമി പതിച്ചുനൽകുന്നത് സാധ്യമാവുകയുള്ളൂ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ വരുന്ന പുറമ്പോക്ക് ഭൂമികൾ കൈവശം വച്ചുവരുന്ന അപേക്ഷകർക്ക് പ്രസ്തുത ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തമാക്കി ലഭിച്ചതിനുശേഷം മാത്രമേ പതിവ് നടപടികൾ സ്വീകരിക്കുന്നതിന് നിർവ്വാഹമുള്ളൂ. കൂടാതെ ഇറിഗേഷൻ, പൊതുമരാമത്ത് എന്നീ വകുപ്പുകളുടെ കീഴിലുള്ള ഭൂമികളിൽ പതിവ് നടപടികൾ സ്വീകരിക്കുന്നതിന് ടി വകുപ്പുകളുടെ നിരാക്ഷേപ പത്രം ലഭിക്കേണ്ടതുമുണ്ട്.

**കാസർഗോഡ് പെരിയയിലെ ചെങ്ങറ കുടുംബങ്ങളുടെ പുനരധിവാസം**

290 (1405) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങറ കുടുംബങ്ങളെ കാസർഗോഡ് പെരിയയിൽ പുനരധിവസിപ്പിക്കുമ്പോൾ എന്തൊക്കെ സൗകര്യങ്ങൾ നൽകാമെന്നാണ് വാഗ്ദാനം നൽകിയിരുന്നത്;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ആയതൊക്കെ നടപ്പിലാക്കിയിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പുനരധിവസിക്കപ്പെട്ട കുടുംബങ്ങൾക്ക് തൊഴിൽ നൽകി ജീവിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വീട്, അടിസ്ഥാന സൗകര്യവികസനം, കാർഷിക ജീവസന്ധാരണ മാർഗ്ഗങ്ങൾ എന്നിവ വാഗ്ദാനം ചെയ്തിരുന്നു.

(ബി) പെരിയ കെ.ആർ. നാരായണൻ വില്ലേജ് ഇൻ ഹാബിറ്റൻസ് സൊസൈറ്റി രൂപീകരിച്ച് 2011 മുതൽ തുടർപ്രവർത്തനങ്ങളായി ചെയ്തുവരുന്നു.

(സി) പുനരധിവസിക്കപ്പെട്ട കുടുംബങ്ങൾക്ക് പേപ്പർ കപ്പ്, പ്ലേറ്റ് നിർമ്മാണം, കാർപ്പെന്ററി മേഖലകളിൽ തൊഴിൽ ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ ഒരുക്കിയിട്ടുണ്ട്. മെഴുകുതിരി നിർമ്മാണം, കുട നിർമ്മാണം, തുന്നൽ എന്നീ മേഖലകളിൽ തൊഴിൽ നൽകുന്നതിനുള്ള പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിൽ പട്ടയം വിതരണം**

291 (1406) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ എത്ര പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്;

(ബി) താലൂക്ക് തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

ഉത്തരം

(എ) 3326.

(ബി)

| താലൂക്ക് | എണ്ണം |
|---|---|
| കാസർഗോഡ് | 285 |
| ഹോസ്ദുർഗ് | 1007 |
| വെള്ളരിക്കുണ്ട് | 348 |
| മഞ്ചേശ്വരം | 336 |
| ദേവസ്വം പട്ടയം | 113 |
| ലാൻഡ് ട്രൈബ്യൂണൽ പട്ടയം | 605 |
| ഭൂരഹിതരില്ലാത്ത കേരള പദ്ധതി | 632 |
| ആകെ | 3326 |

## നാലുസെന്റ് കോളനികളിലെ താമസക്കാർക്ക് കൈവശരേഖ

292 (1407) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലുസെന്റ് കോളനികളിൽ കാലങ്ങളായി താമസിക്കുന്നവരും ഭൂമി സംബന്ധമായ അടിസ്ഥാന രേഖകൾ ഇല്ലാത്തവരുമായ ആളുകൾക്ക് സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുതവിഷയം പരിഹരിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;ഇതിനായുള്ള നടപടിക്രമങ്ങൾ വിശദാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിഗണനയിലുണ്ട്. നാല് സെന്റ് കോളനികളിൽ താമസിക്കുന്ന വ്യക്തികൾക്ക് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ഭൂമി വിലയ്ക്ക് വാങ്ങി കക്ഷികൾക്ക് അനുവാദ പത്രിക നൽകിയിട്ടുള്ളതാണ്. അത്തരം ഭൂമികളുടെ ഉടമസ്ഥാവകാശം ഇപ്പോഴും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്. പ്രസ്തുത ഭൂമിയുടെ ഇനം/തരം എന്നിവ മാറ്റി റവന്യൂ വകുപ്പിന് കൈമാറുന്ന മുറയ്ക്ക് നിയമാനുസൃതമായ പതിവ് നടപടികൾ സ്വീകരിക്കുന്നതാണ്.

## പട്ടയവിതരണം

293 (1408) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി പഞ്ചായത്തിലെ പാടഗിരി, നൂറടി പുലയൻപാറ എന്നീ സ്ഥലങ്ങളിൽ 1971-ന് മുമ്പ് താമസിച്ച് വരുന്ന കുടംബങ്ങൾക്ക് പട്ടയം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ റവന്യൂ-ഫോറസ്റ്റ് സംയുക്ത സർവ്വെ നടത്തി വർഷങ്ങൾ കഴിഞ്ഞിട്ടും പട്ടയവിതരണം നടത്താൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) സ്വന്തമായി ഭൂമിയുള്ള പ്രസ്തുത പ്രദേശത്തിലെ കുടുംബങ്ങൾക്ക് അടിയന്തരമായി പട്ടയവിതരണം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംയുക്ത പരിശോധന നടത്തി വനം റവന്യൂ വകുപ്പുകൾ അംഗീകരിച്ച ലിസ്റ്റിലുൾപ്പെട്ടവർക്ക് പട്ടയം അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകാത്തതിനാലാണ് പട്ടയ വിതരണം നടത്താൻ കഴിയാത്തത്.

(സി) ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980 പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## സർക്കാർഭൂമി പാട്ടത്തിന് നൽകിയിട്ടുള്ള കേസുകൾ

294 (T1409) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ള കേസുകൾ പ്രത്യേകം പരിശോധിച്ച് ഓരോ കേസിലും സ്വീകരിക്കേണ്ട നിലപാട് സംബന്ധിച്ച് ശിപാർശ സമർപ്പിക്കുന്നതിനായി സമിതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സമിതി ഇതു സംബന്ധിച്ച ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശിപാർശയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സമിതിയിൽ ആരെല്ലാമാണ് അംഗങ്ങളായിട്ടുള്ളത്;

(ഡി) സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിനായി ലാന്റ് റെവന്യൂ കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(ഇ) കൊച്ചിൻ ക്ലബിന്റെ കൈവശമുള്ളതും 31-3-2006-ൽ പാട്ടകാലാവധി അവസാനിച്ചിട്ടുള്ളതുമായ ഫോർട്ട് കൊച്ചിയിലെ 4.4 ഏക്കർ ഭൂമിയെ സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ;

(എഫ്) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ: ഇതു സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ലെങ്കിൽ പ്രസ്തുത കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സമിതി രൂപീകരിച്ചിട്ടുണ്ട്. പാട്ടത്തിന് നൽകിയിട്ടുള്ള ഓരോ കേസും പരിശോധിച്ച് സ്വീകരിക്കേണ്ട നിലപാട് സംബന്ധിച്ച് ശിപാർശ സമർപ്പിക്കുന്നതിന് 18-2-2017-ലെ ജി.ഒ.(എം.എസ്.) 55/17/റവ. നമ്പർ ഉത്തരവ് പ്രകാരം റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി, ലാന്റ് റവന്യൂ

T T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കമ്മീഷണർ, ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണർ എന്നിവരെ അംഗങ്ങളാക്കി സമിതി രൂപീകരിച്ചിരുന്നു. തുടർന്ന് 17-1-2018-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 15/2018/റവന്യൂ പ്രകാരം പ്രസ്തുത സമിതിയിൽ ധനകാര്യ (വ്യയം) വകുപ്പ് സെക്രട്ടറിയെ കൂടി ഉൾപ്പെടുത്തി സമിതി പുനഃസംഘടിപ്പിച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത സമിതിയിൽ ശിപാർശ സമർപ്പിക്കുന്നതിലേയ്ക്കായി സംസ്ഥാനത്ത് പാട്ടവ്യവസ്ഥ ലംഘിച്ചിട്ടുള്ള കേസുകളുടെ വിവരങ്ങൾ ജില്ലാ കളക്ടർമാരിൽ നിന്നും ലഭിച്ചുവരുന്നു.

(സി) 18-2-2017-ലെ ജി.ഒ.(എം.എസ്.) 55/17, 17-1-2018-ലെ ജി.ഒ. (എം.എസ്.) 15/2018 എന്നീ ഉത്തരവ് പ്രകാരം ചുവടെ പറയുന്നവരാണ് അംഗങ്ങളായിട്ടുള്ളത് :

1. അഡീഷണൽ ചീഫ് സെക്രട്ടറി
2. സെക്രട്ടറി, നിയമ വകുപ്പ്
3. സെക്രട്ടറി, ധനകാര്യ (വ്യയം) വകുപ്പ്
4. കമ്മീഷണർ, ലാന്റ് റവന്യൂ
5. ജോയിന്റ് കമ്മീഷണർ, ലാന്റ് റവന്യൂ

(ഡി) പ്രസ്തുത സമിതിയിൽ ശിപാർശ സമർപ്പിക്കുന്നതിലേയ്ക്കായി ജില്ലാ കളക്ടർമാരിൽ നിന്നും വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ഇ&എഫ്) കൊച്ചിൻ ക്ലബിന്റെ കൈവശം നിലവിൽ 3.77.100 ഏക്കർ സർക്കാർ ഭൂമിയാണുള്ളത്. പാട്ടത്തുക അടയ്ക്കാതെ പാട്ടവ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് കൊച്ചിൻ ക്ലബ് കൈവശം വച്ചിരിക്കുന്ന കൊച്ചി താലൂക്ക്, ഫോർട്ട് കൊച്ചി വില്ലേജ് സർവ്വേ നമ്പർ 143/1, 143/2, 145/1 എന്നിവയിൽപ്പെട്ട 4.44.220 ഏക്കർ ഭൂമി തിരിച്ചുപിടിക്കുന്നതിലേയ്ക്കുള്ള ശിപാർശ ലഭ്യമാക്കാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മലയോരമേഖലയിലുള്ളവർക്ക് പട്ടയം**

295 (1410) <u>ശ്രീ. കെ. വി. വിജയദാസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോയിന്റ് വെരിഫിക്കേഷൻ നടത്താത്തതിന്റെ ഫലമായി മലയോരമേഖലയിലുള്ളവർക്ക് പട്ടയം ലഭിയ്ക്കാത്ത സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) റവന്യൂ വകുപ്പ് മുൻകൈ എടുത്ത് വനംവകുപ്പുമായി ചേർന്ന് ജോയിന്റ് വെരിഫിക്കേഷൻ സമയബന്ധിതമായി നടത്തി മലയോരമേഖലയിലുള്ളവർക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുക; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1-1-1977-ന് മുമ്പ് വനഭൂമി കൈവശം വച്ചിട്ടുള്ളവർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 16-8-2017-ൽ യോഗം ചേരുകയുണ്ടായി. 1-1-1977-ന മുമ്പ് വനഭൂമി കൈവശമുണ്ടായിരുന്നവർക്ക് പട്ടയം നൽകുന്നതിനായി റവന്യൂ, വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി അർഹരായ കൈവശക്കാരെ കണ്ടെത്തി തയ്യാറാക്കുന്ന ലിസ്റ്റ് 1980-ലെ വനസംരക്ഷണനിയമം സെക്ഷൻ II പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കേണ്ടതുണ്ടെന്നും കേന്ദ്ര സർക്കാരിന്റെ 18-9-1990-ലെ 13-1/90 FPI നമ്പർ കത്ത് പ്രകാരം സംസ്ഥാനത്തൊട്ടാകെ ഒറ്റ പ്രൊപ്പോസലാണ് സമർപ്പിക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ ചില ജില്ലകളിൽ സംയുക്ത പരിശോധന പൂർത്തിയാകാത്ത സാഹചര്യത്തിൽ മേൽ വിഷയത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി പ്രൊപ്പോസൽ സമർപ്പിക്കാൻ പറ്റാത്ത അവസ്ഥയാണെന്ന് യോഗം വിലയിരുത്തുകയും തുടർന്ന് സംയുക്ത പരിശോധന പൂർത്തിയാകാത്ത ജില്ലകളിൽ 31-12-2017-നകം സംയുക്ത പരിശോധന പൂർത്തിയാക്കുന്നതിനും പരിശോധന പൂർത്തിയാക്കിയ ജില്ലകളിലെ സംയുക്ത പരിശോധനാ വിവരങ്ങൾ 30-9-2017-ന് മുമ്പായി ഓൺലൈനായി അപ്‌ലോഡ് ചെയ്ത് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി അയയ്ക്കുന്നതിനും തുടർന്നും സംയുക്ത പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് വിവരങ്ങൾ അപ്പപ്പോൾ തന്നെ ഓൺലൈൻ വഴി സമർപ്പിക്കുന്നതിനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ സംയുക്ത പരിശോധനയ്ക്കായി പുതുതായി ലഭിക്കുന്ന അപേക്ഷകൾ, പ്രത്യേകിച്ചും ഒരിക്കൽ നിരസിച്ച് വീണ്ടും സമർപ്പിക്കുന്നവ, സ്വീകരിക്കേണ്ടതില്ലെന്നും എന്നാൽ സംയുക്ത പരിശോധന നടത്തിയ ഭൂമിയിൽ പട്ടയത്തിനായി ലഭിക്കുന്ന പുതിയ അപേക്ഷകൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. മലയോര മേഖലയിലുള്ളവർക്ക് സമയബന്ധിതമായി പട്ടയം നൽകുന്നതിന് നിയമാനുസൃതമുള്ള നടപടികൾ ജില്ലാ കളക്ടർ കൈക്കൊണ്ടുവരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## റീ സർവ്വേ നമ്പർ 291/2-ൽപ്പെട്ട സ്ഥലത്തിന്റെ ഉടമസ്ഥാവകാശം

296 (1411) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് താലൂക്കിലെ ചെങ്കളയിൽ റീ സർവ്വേ നമ്പർ 291/2-ൽപ്പെട്ട 90 സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ആർക്കാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥലം ഇപ്പോഴത്തെ ഉടമസ്ഥന് എങ്ങനെ ലഭിച്ചതാണെന്ന് വ്യക്തമാക്കാമോ;

(സി) 27-7-1975-ലെ LA 47/71 നമ്പർ ഫയൽ പ്രകാരം ഈ സ്ഥലം ആർക്കെങ്കിലും ഭാഗിച്ചുകൊടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ആർക്കാണ് ഭാഗിച്ചു കൊടുത്തതെന്നും ഭൂമിക്ക് നിശ്ചയിച്ച വില എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ഇ) നിശ്ചയിച്ച വില ബന്ധപ്പെട്ടയാൾ അടച്ചിട്ടുണ്ടോ എന്നും എപ്പോഴാണ് അടച്ചതെന്നും വ്യക്തമാക്കാമോ;

(എഫ്) ഈ ഭൂമിക്ക് പട്ടയം നൽകിയിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(ജി) ഇല്ലെങ്കിൽ പട്ടയം നൽകാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ചെങ്കള വില്ലേജിൽ റീസർവ്വേ നമ്പർ 291/2-ൽപ്പെട്ട 90 സെന്റ് സ്ഥലം സർക്കാർ ഭൂമിയാണ്. പ്രസ്തുത ഭൂമിക്ക് ആർക്കും പട്ടയം നൽകിയിട്ടില്ല.

(സി-ഇ) ശ്രീ. അബ്ദുൾ ഖാദർ എന്നിവർക്ക് റീസർവ്വെ നമ്പർ 291/2 ൽപ്പെട്ട 90 സെന്റ് സ്ഥലത്തിന് പതിവ് ഉത്തരവ് നൽകുകയും പതിവ് തുകയായ 489 രൂപ ഒടുക്കാൻ 27-7-1975-ൽ ഒ.എ. പ്രകാരം നിർദ്ദേശിക്കുകയും ചെയ്തിരുന്നുവെങ്കിലും 29-1-1977-ൽ 235.50 രൂപ മാത്രമാണ് ടിയാൻ ഒടുക്കിയിട്ടുള്ളത്.

(എഫ്) ഈ ഭൂമിക്ക് ആർക്കും പട്ടയം നൽകിയിട്ടില്ല.

(ജി) എൽ.എ. കുടിശ്ശിക ഒടുക്കുന്നതിലെ കാലതാമസം മാപ്പാക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിനുശേഷം, ശ്രീ. അബ്ദുൾ ഖാദർ തന്റെ കൈവശത്തിലുള്ള സ്വന്തം ഭൂമി മകന് കൈമാറ്റം ചെയ്തതിനാൽ സർവ്വേ നമ്പർ 291/2-ൽപ്പെട്ട 90 സെന്റ് സ്ഥലത്തിന് പട്ടയം നൽകാൻ സാധ്യമല്ലെന്ന് ജില്ലാ കളക്ടറുടെ 10-3-2016 തീയതിയിലെ സി13-30233/11 നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

## പെരിങ്ങോം വില്ലേജിലെ ചിറ്റടി കോളനിയിൽപ്പെട്ട 9 കുടുംബങ്ങൾക്ക് പട്ടയം

297 (1412) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പെരിങ്ങോം വില്ലേജിലെ ചിറ്റടി കോളനിയിൽപ്പെട്ട 9 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് ഭൂമി ഡി റിസർവ് ചെയ്യുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട റവന്യൂ (N) അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 13-9-2017-ലെ എൻ-1 /273/2017, കണ്ണൂർ കലക്ടറുടെ 20-7-2017-ലെ 8905/17/R2 എന്നീ നമ്പർ കത്തുകളിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 24-10-2016-ന് ബഹു. റവന്യൂ വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പുരോഗതി കണ്ണൂർ ജില്ലാ കളക്ടർ 20-7-2017-ലെ 8905/17/B6 കത്ത് മുഖേന സർക്കാരിനെ അറിയിച്ചിരുന്നു. ടി കത്തിലും എൻ1/273/2017/റവന്യൂ നമ്പർ കത്തിലും പരാമർശിച്ചിരിക്കുന്ന പൊതുആവശ്യത്തിനായി നീക്കിവച്ചിട്ടുള്ള പ്രസ്തുത ഭൂമി ഡീ റിസർവ് ചെയ്യുന്നതിനുള്ള നടപടി ലാന്റ് ബോർഡ് കാര്യാലയത്തിൽ പരിശോധിച്ചുവരുന്നു.

## ആലുവ വെള്ളാരപ്പിള്ളി തെക്കേ കോവിലകം

298 (1413) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജകമണ്ഡലത്തിലെ വെള്ളാരപ്പിള്ളി തെക്കേ കോവിലകം സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കാൻ ആവശ്യമായ എന്തെല്ലാം നടപടികൾ എറണാകുളം ജില്ലാഭരണകൂടം സ്വീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സർവ്വെ ജീവനക്കാരെ ആരെങ്കിലും തടസ്സപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ തടസ്സപ്പെടുത്തിയവർക്ക് എതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 19-1-2017-ലെ സ.ഉ.(സാധാ) നമ്പർ 19/2017/സി.എ.ഡി. പ്രകാരം എറണാകുളം ജില്ലയിലെ ആലുവ താലൂക്കിലെ കിഴക്കുംഭാഗം വില്ലേജിലെ ബ്ലോക്ക്-29 റീ സർവ്വേ 59-ലെ 5 ഏക്കർ 57 സെന്റ് സ്ഥലത്തിൽപ്പെട്ട വെള്ളാരപ്പിള്ളി തെക്കേ കോവിലകം, 1968-ലെ പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം സംരക്ഷിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം സർവ്വേ ചെയ്ത് അളന്ന് തിരിച്ചതിനുശേഷം 5 ഏക്കർ 57 സെന്റ് ഭൂമിയിലെ പുതിയ കെട്ടിടങ്ങൾ ഒഴിവാക്കിയ ഭൂമിയുടെയും കോവിലകത്തിന്റെയും വിവരം, നിശ്ചിത പ്രൊഫോർമയിൽ, വിജ്ഞാപനം, ഇംഗ്ലീഷിലും മലയാളത്തിലും ഒരുപോലെ രേഖപ്പെടുത്തി, വിസ്തൃതി മെട്രിക് അളവിൽ രേഖപ്പെടുത്തി സർവ്വെ നമ്പർ, അതിർത്തി, വസ്തുക്കളുടെ കൈവശക്കാരുടെ സർവ്വേ നമ്പർ ഉൾപ്പെട്ട പേരുവിവരം, എഫ്.എം.ബി. സ്കെച്ച്, പ്ലാൻ എന്നിവ തയ്യാറാക്കി സമർപ്പിക്കാൻ ആലുവ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി&ഡി) ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സർവ്വെ ജീവനക്കാരെ തടസ്സപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കൊല്ലം ജില്ലയിലെ റവന്യൂ വില്ലേജുകൾ

299 (1414) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പുതിയ റവന്യൂ വില്ലേജുകൾ രൂപീകരിക്കാനുള്ള ശിപാർശ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) കൊല്ലം ജില്ലയിലെ വടക്കേവിള വില്ലേജ് വിഭജിച്ച് പുതിയ വില്ലേജ് രൂപീകരിക്കണമെന്ന ആവശ്യം പരിഗണിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) കൊല്ലം ഈസ്റ്റ് വില്ലേജിൽനിന്നും വടക്കേവിള വില്ലേജിൽ നിന്നുമുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി കടപ്പാക്കട വില്ലേജ് രൂപീകരിക്കണമെന്നുള്ള മുൻ കൗൺസിലർ ശ്രീ. സുരേഷ് ബാബു 16-12-2016-ൽ സമർപ്പിച്ച നിവേദനത്തിന്മേൽ

വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ കൊല്ലം ജില്ലാ കളക്ടർക്ക് ലാന്റ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നിരുന്നാലും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഗ്രൂപ്പ് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**വില്ലേജ് ഓഫീസിന്റെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ**

300 (1415) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവണ്ണൂർ വില്ലേജ് ഓഫീസ് മതിയായ ഭൗതിക സൗകര്യമില്ലാതെ ശോചനീയാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വില്ലേജ് ഓഫീസിന്റെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതോടൊപ്പം നടുവണ്ണൂരിലെ മറ്റ് സർക്കാർ ഓഫീസുകൾക്കും പ്രവൃത്തിക്കാൻ കഴിയുന്ന രീതിയിൽ ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാൻ, നടുവണ്ണൂർ ഗ്രാമ പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത അപേക്ഷ സർക്കാരിന് ലഭിച്ചിട്ടില്ല. എന്നാൽ 13-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി നടുവണ്ണൂർ വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട്**

301 (1416) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ (ആർ. എം. എഫ്.) 2017 ഡിസംബർ 31 വരെ നീക്കിയിരുപ്പുള്ള തുകയെത്രയെന്ന് വ്യക്തമാക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ നിന്നും റിവർ മാനേജ്മെന്റ് ഫണ്ട് പത്തനംതിട്ടയിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് സംസ്ഥാനതല ഉന്നതാധികാര സമിതി തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ആയത് പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മലപ്പുറം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും എത്ര പ്രപ്പോസലുകൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും ഓരോന്നിനും അനുമതി ലഭിച്ചിട്ടുണ്ടോയെന്നും വിശദാംശം വെളിപ്പെടുത്താമോ;

(ഡി) മലപ്പുറം ജില്ലയിലെ ഫണ്ട് ജില്ലയിലെ പ്രപ്പോസലുകൾക്ക് തന്നെ വിനിയോഗിക്കുന്നതിനും പെൻഡിംഗിലുള്ള പ്രപ്പോസലുകൾക്ക് അംഗീകാരം നൽകുന്നതിനും സത്വരനടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 50,61,96,114 (അമ്പത് കോടി അറുപത്തിയൊന്ന ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി ഒരുന്നൂറ്റി പതിനാല് രൂപ മാത്രം)

(ബി) തീരുമാനമെടുത്തിട്ടുണ്ട്. ഈ തീരുമാനം പുനഃപരിശോധിക്കാൻ തീരുമാനമെടുത്തിട്ടില്ല.

(സി) മലപ്പുറം ജില്ലയിൽനിന്ന് 11 പ്രൊപ്പോസലുകൾ അംഗീകാരത്തിനായി ലഭിച്ചിരുന്നു. സംസ്ഥാന ഉന്നതതല കമ്മിറ്റി നിയോഗിച്ച സബ് കമ്മിറ്റി അംഗങ്ങൾ ഈ പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 3 പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുകയും 4 പ്രൊപ്പോസലുകൾക്ക് സബ് കമ്മിറ്റിയുടെ ശിപാർശ പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കാൻ ആവശ്യപ്പെടുകയും 4 പ്രൊപ്പോസലുകൾ നിരസിക്കുകയും ചെയ്തു.

(ഡി) സംസ്ഥാന ഉന്നതതല യോഗ തീരുമാനപ്രകാരം നദീതീര സംരക്ഷണ പ്രവർത്തനത്തിനായി കോൺക്രീറ്റ് സംരക്ഷണ ഭിത്തി നിർമ്മാണം പരമാവധി ഒഴിവാക്കി Vegetative protection രീതികൾക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതാണെന്ന് തീരുമാനിച്ചിരുന്നു. ആയതിനാൽ പെൻഡിംഗിലുള്ള പ്രൊപ്പോസലുകൾ ഇനി പരിഗണിക്കാൻ സാധിക്കുകയില്ല.

കേരളത്തിലെ വിവിധ ജില്ലകളിലായി 9 പാലങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ആദ്യഘട്ടമായി 5 പാലങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. എന്നാൽ നിർമ്മാണം ഇതുവരെ ആരംഭിക്കാത്ത മലപ്പുറം ജില്ലയുൾപ്പെടെയുള്ള 4 പാലങ്ങളുടെ നിർമ്മാണത്തിന് ഫണ്ടിന്റെ അപര്യാപ്തതയുള്ളതിനാൽ ഏറ്റവും കൂടുതൽ RMF നീക്കിയിരിപ്പുള്ള മലപ്പുറം ജില്ലയിൽ നിന്നും 10 കോടി രൂപ ടി പ്രവൃത്തികളുടെ നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ള പത്തനംതിട്ട ജില്ലയ്ക്ക് ട്രാൻസ്ഫർ ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്മാർട്ട് വില്ലേജ് ആഫീസുകൾ

302 (1417) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ആഫീസുകൾ സ്മാർട്ട് വില്ലേജ് ആഫീസുകളാക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പദ്ധതി നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതി കൂടുതൽ വില്ലേജ് ആഫീസുകളിൽ പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്മാർട്ട് വില്ലേജ് പദ്ധതി കൂടുതൽ വില്ലേജ് ഓഫീസുകളിൽ പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## മരങ്ങാട്ടുപള്ളി കുരിശുപള്ളി പുറമ്പോക്ക് സ്ഥലം പള്ളിക്ക് പതിച്ച് നൽകുന്നതു സംബന്ധിച്ച ഫയൽ

303 (1418) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരങ്ങാട്ടുപള്ളി കുരിശുപള്ളിയിരിക്കുന്ന പുറമ്പോക്ക് വക സ്ഥലം പള്ളിക്ക് പതിച്ചു നൽകുന്നതു സംബന്ധിച്ച് ലാൻറ് റവന്യൂ കമ്മീഷണർ ഓഫീസിൽ നിലനിൽക്കുന്ന 10-12-2016-ാം തീയതിയിലെ LRJ6/46517/16 ഫയലിൽ സ്വീകരിച്ചിരിക്കുന്ന തുടർ നടപടികളെന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയൽ ഇപ്പോൾ കമ്മീഷണർ ഓഫീസിലെ ഏതു സീറ്റിലാണ് കൈകാര്യം ചെയ്യുന്നത്; ഫയലിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള കാലതാമസമെന്തെന്ന് അറിയിക്കാമോ; പ്രസ്തുത ഫയൽ സർക്കാരിന്റെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ടോ; എങ്കിൽ എന്നയച്ചുവെന്നും പ്രസ്തുത ഫയലിന്റെ വകുപ്പിലെ ഫയൽ നമ്പറും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഫയൽ നിലവിൽ കമ്മീഷണർ ഓഫീസിൽ ആരുടെ പക്കലാണെന്ന് വെളിപ്പെടുത്താമോ; ഇതിൽ കാലതാമസം ഉണ്ടാകാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സീറ്റുകളിൽ ഫയൽ എത്ര ദിവസം തീരുമാനമാകാതെയിരുന്നു എന്ന് വ്യക്തമാക്കാമോ; ഫയൽ കൈകാര്യം ചെയ്യുന്നതിലുള്ള കാലതാമസത്തെ കുറിച്ച് അന്വേഷണം നടത്തുമോ?

ഉത്തരം

(എ & ബി) മീനച്ചിൽ താലൂക്കിൽ കുറിച്ചിത്താനം വില്ലേജിൽ ബ്ലോക്ക് നമ്പർ 06, സർവ്വേ നമ്പർ 380/3-ൽപ്പെട്ട 10 സെന്റോളം വരുന്ന ഭൂമി മണ്ണയ്ക്കനാട് സെന്റ് സെബാസ്റ്റ്യൻ പള്ളി കൈവശം വച്ചിരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ കെ5-47006/16-ാം നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു. പതിവ് സംബന്ധമായ ഫയലാണെന്ന ധാരണയിൽ 'ജെ' സെക്ഷനിൽ എത്തിയ ഫയൽ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ എടുക്കുന്നതിനാൽ 'കെ'-യിലേയ്ക്ക് കൈമാറുകയായിരുന്നുവെന്നും ഇതിനിടയിൽ വന്ന കാലതാമസമാണ് കാണുന്നതെന്നും ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിരിക്കുന്നു. ഈ വിഷയം എ 1/87/2016/റവ. നമ്പർ ഫയലിൽ സർക്കാരിൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ കെ5 സീറ്റിൽ കൈകാര്യം ചെയ്തുവരുന്നു. കേരള ഭൂസംരക്ഷണ നടപടികൾ പ്രകാരം അഡീഷണൽ തഹസിൽദാർ സ്വീകരിച്ച നടപടികളിൽ ആക്ഷേപമുണ്ടെങ്കിൽ കേരള ഭൂ സംരക്ഷണ നിയമം സെക്ഷൻ 16(1) പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപ്പീൽ നൽകാൻ കക്ഷിയെ 25-5-2017-ലെ കെ5-47006/16-ാം നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെന്നും എന്നാൽ അംഗീകരിച്ച കത്ത് ഡെസ്പാച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തി അയച്ചതായി കാണാത്തതിനാൽ ശ്രദ്ധയിൽപ്പെട്ടയുടൻ കത്ത് ബന്ധപ്പെട്ടവർക്ക് അയച്ചിട്ടുണ്ടെന്നും കത്ത് 'ഡെസ്പാച്ച് ' ചെയ്യുന്നതിലെ കാലതാമസത്തെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതാണെന്നും ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

**വില്ലേജാഫീസുകൾ സ്മാർട്ട് ആക്കുന്നതിനുള്ള പദ്ധതി**

304 (1419) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജാഫീസുകൾ സ്മാർട്ട് ആക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) എന്തൊക്കെ ആധുനിക സൗകര്യങ്ങളാണ് ഓരോ ഓഫീസിലും ഒരുക്കുന്നത്; വിശദാംശം നൽകുമോ;

(സി) സർട്ടിഫിക്കറ്റുകൾ ഓൺലൈൻവഴി നൽകുന്ന പദ്ധതി ഇതിനകം എല്ലാ വില്ലേജാഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) വില്ലേജ് രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ഓഫീസ് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. അതിൻ പ്രകാരം ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കും. പൊതുജനങ്ങൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും കുടിവെള്ളം ലഭ്യമാക്കുന്നതിനും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇ-ഗവേണൻസ് വഴി സേവനം ലഭ്യമാക്കും. വില്ലേജ് ഓഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതുസമയത്തും എവിടെ വച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് ഒരുക്കുന്നത്.

(സി) ഉണ്ട്. ലാന്റ് റവന്യൂ വകുപ്പിൽനിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതിവഴി സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിൽനിന്നും നൽകിവരുന്നുണ്ട്.

(ഡി) ഭൂരേഖാ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ റീസർവ്വേ പൂർത്തിയായതും അല്ലാത്തതുമായ എല്ലാ വില്ലേജുകളിലും അടിസ്ഥാന ഭൂവിവരങ്ങൾ ഘട്ടം ഘട്ടമായി ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1435 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഇതിനകം ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. ബാക്കി വില്ലേജുകളിലെ ഡിജിറ്റൈസേഷൻ നടപടികൾ പുരോഗമിക്കുന്നു. ഈ പദ്ധതി ഘട്ടം ഘട്ടമായാണ് നടപ്പിലാക്കുന്നത്.

**കമ്പ്യൂട്ടർവത്കരണം**

305 (1420) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, കളക്ടറേറ്റുകൾ എന്നിവ തമ്മിൽ ബന്ധിപ്പിക്കുന്ന രീതിയിലുള്ള കമ്പ്യൂട്ടർവത്കരണം നടക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തന പുരോഗതി വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) റവന്യൂ വകുപ്പിനുകീഴിലുള്ള പ്രധാന ഓഫീസുകൾ തമ്മിലുള്ള കത്തിടപാടുകൾ പൂർണ്ണമായും ഇലക്ട്രോണിക് രീതിയിലേയ്ക്ക് മാറ്റിയെടുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായ ഇ-ഓഫീസ് സംവിധാനം ഘട്ടം ഘട്ടമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതോടുകൂടി ടി ഓഫീസുകളിലെ ഫയൽ പ്രോസസിംഗ് ഇലക്ട്രോണിക് രീതിയിലേയ്ക്ക് മാറുന്നതാണ്.

(ബി) 16-7-2015-ലെ സ.ഉ.(കൈ) നമ്പർ 22/2015/റവ. പ്രകാരം ഇ-ഓഫീസ് സംവിധാനം ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും 14 ജില്ലാ കളക്ടറേറ്റിലും 21 റവന്യൂ ഡിവിഷണൽ ഓഫീസുകളിലും 75 താലൂക്ക് ഓഫീസുകളിലും നടപ്പിലാക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്. നിലവിൽ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും ഏഴ് റവന്യൂ ഡിവിഷണൽ ഓഫീസുകളിലും ഈ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. താലൂക്ക് ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആയത് പൂർത്തീകരിക്കുന്നതോടെ മാത്രമേ ടി സംവിധാനം വില്ലേജ് ഓഫീസുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## ഇ-ഡിസ്ട്രിക്റ്റ് സംവിധാനം

306 (1421) <u>ശ്രീ. കെ. രാജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഡിസ്ട്രിക്റ്റ് സംവിധാനത്തിലൂടെ എത്ര ഇനം സർട്ടിഫിക്കറ്റുകളാണ് നൽകുന്നതെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) ഇന്റർനെറ്റ് കണക്റ്റിവിറ്റി തകരാറുകൾമൂലം പലപ്പോഴും ഇ-ഡിസ്ട്രിക്റ്റ് സംവിധാനത്തിലൂടെ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുന്നതിനും ലഭ്യമാക്കുന്നതിനും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സാങ്കേതിക തടസ്സങ്ങൾ നേരിടുന്ന അവസരങ്ങളിൽ സർട്ടിഫിക്കറ്റുകൾ നേരിട്ട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) താഴെപ്പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് സംവിധാനം വഴി നൽകിവരുന്നു.

1. ജാതി സർട്ടിഫിക്കറ്റ്
2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
4. ബന്ധുത്വ സർട്ടിഫിക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്
7. വരുമാന സർട്ടിഫിക്കറ്റ്
8. കൈവശാവകാശ സർട്ടിഫിക്കറ്റ്
9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
10. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്
11. സോൾവെൻസി സർട്ടിഫിക്കറ്റ്
12. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
13. കൺവെർഷൻ സർട്ടിഫിക്കറ്റ്
14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്
15. അഗതി സർട്ടിഫിക്കറ്റ്
16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
17. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്
18. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്
19. ലൈഫ് സർട്ടിഫിക്കറ്റ്
20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്
21. പൊസഷൻ ആന്റ് നോ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്
22. വാല്യേഷൻ സർട്ടിഫിക്കറ്റ്
23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്
24. മൈനോരിറ്റി സർട്ടിഫിക്കറ്റ്

(ബി) ഇന്റർനെറ്റ് കണക്ടിവിറ്റി തകരാറുകൾ മൂലവും അപേക്ഷകരുടെ ബാഹുല്യം മൂലവും ചില അവസരങ്ങളിൽ ഇ-ഡിസ്ട്രിക്ട് സംവിധാനത്തിലൂടെ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുന്നതിനും ലഭ്യമാക്കുന്നതിനും കാലതാമസം നേരിട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഐ.ടി. മിഷനുമായും എൻ.ഐ.സി. യുമായും ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇ-ഡിസ്ട്രിക്ട് പദ്ധതിവഴി നൽകുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ പൂർണ്ണമായും ഓൺലൈനായി നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളതെങ്കിലും 5-9-2013-ലെ സർക്കാർ സർക്കുലർ നമ്പർ 29086/T2/13/Rev. പ്രകാരം സാങ്കേതിക തടസങ്ങൾ നേരിടുന്ന അവസരങ്ങളിൽ നേരിട്ട് അപേക്ഷിക്കുന്നവരുടെ സർട്ടിഫിക്കറ്റ് നേരിട്ട് നൽകുന്നത് പരിഗണിക്കണമെന്ന നിർദ്ദേശമുണ്ട്.

## റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളായി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ

307 (1422) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളായി മാറ്റുക എന്ന ലക്ഷ്യം നേടുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഈ ലക്ഷ്യം പൂർണ്ണതോതിൽ ഫലപ്രാപ്തിയിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഏതെല്ലാം ഘടകങ്ങളാണ് ഈ ലക്ഷ്യം നേടുന്നതിന് വിഘാതമായി നിൽക്കുന്നതായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളായി മാറ്റുക എന്ന ലക്ഷ്യം നേടുന്നതിനായി വില്ലേജ് ഓഫീസുകളിൽനിന്നും വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന സ്മാർട്ട് റവന്യൂ ഓഫീസ് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്ത് എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) 2013-14 സാമ്പത്തിക വർഷത്തിലാണ് സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി ആരംഭിച്ചത്. ഘട്ടം ഘട്ടമായി സംസ്ഥാനത്തെ വില്ലേജാഫീസുകളെ സ്മാർട്ട് റവന്യൂ ഓഫീസുകളാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. നാളിതുവരെയായി 80 വില്ലേജാഫീസുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഓരോ സാമ്പത്തിക വർഷത്തെയും ബജറ്റ് ലഭ്യതയ്ക്ക് അനുസൃതമായി മാത്രമേ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

**റവന്യൂ അദാലത്ത് മാർഗ്ഗനിർദ്ദേശങ്ങൾ**

308 (1423) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ അദാലത്ത് നടത്തുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) റവന്യൂ അദാലത്തിൽ സമർപ്പിക്കാനുദ്ദേശിക്കുന്ന അപേക്ഷ എത്ര ദിവസം മുൻപാണ് സമർപ്പിക്കേണ്ടതെന്നും ഏതെല്ലാം തലങ്ങളിലാണ് അപേക്ഷ സ്വീകരിക്കുന്നതെന്നും അറിയിക്കുമോ?

ഉത്തരം

(എ & ബി) റവന്യൂ അദാലത്ത് നടത്തുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

**ലാന്റ് അക്വിസിഷൻ തഹസിൽദാർ ഓഫീസുകളിലെ ഒഴിവുകൾ**

309 (1424) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര ലാന്റ് അക്വിസിഷൻ തഹസിൽദാർ ഓഫീസുകളുണ്ട്; ഇവയിൽ ആകെ എത്ര ജീവനക്കാരുണ്ട്;

(ബി) കോഴിക്കോട് ജില്ലയിൽ എത്ര ലാന്റ് അക്വിസിഷൻ തഹസിൽദാർ ഓഫീസുകളുണ്ട്; പ്രസ്തുത ഓഫീസുകളിലെ ആകെ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് അറിയിക്കാമോ;

(സി) ഇവയിൽ ഏതൊക്കെ തസ്തികകളിലാണ് ഒഴിവുകളുള്ളത്;

(ഡി) പ്രസ്തുത ഒഴിവുകളിൽ ജീവനക്കാരെ നിയമിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) കേരളത്തിൽ ആകെ 84 ലാന്റ് അക്വിസിഷൻ തഹസിൽദാർ ഓഫീസുകളുണ്ട്. ഈ ഓഫീസുകളിലായി 1403 തസ്തികകളുണ്ട്. പ്രസ്തുത തസ്തികകളിൽ 54 ഒഴിവുകൾ നിലവിലുണ്ട്.

(ബി&സി) കോഴിക്കോട് ജില്ലയിൽ 6 ലാന്റ് അക്വിസിഷൻ തഹസിൽദാർ ഓഫീസുകളുണ്ട്. ഈ ഓഫീസുകളിലായി 96 തസ്തികകളുണ്ട്. പ്രസ്തുത തസ്തികകളിൽ 5 ഒഴിവുകൾ നിലവിലുണ്ട്. ഈ ഓഫീസുകളിലെ തസ്തികകളുടെ എണ്ണവും ഒഴിവുകളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു.*

(ഡി) കോഴിക്കോട് ജില്ലയിൽ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിലെ ഒഴിവുകളും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാട്ടാക്കട റവന്യൂ ഡിവിഷൻ**

310 (1425) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട, നെടുമങ്ങാട്, നെയ്യാറ്റിൻകര താലൂക്കുകൾ ഉൾപ്പെടുത്തി കാട്ടാക്കട കേന്ദ്രമായി റവന്യൂ ഡിവിഷൻ ആരംഭിയ്ക്കുന്നതിനുള്ള ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ കാട്ടാക്കട റവന്യൂ ഡിവിഷൻ ആരംഭിയ്ക്കുന്നതു സംബന്ധിച്ച തുടർ നടപടിയെന്തെന്ന് വിശദമാക്കാമോ; ഇതിനായുള്ള നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

നെടുമങ്ങാട് ആസ്ഥാനമായി പുതിയ റവന്യൂ ഡിവിഷൻ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കുന്നംകുളം താലൂക്ക് പ്രവർത്തനം ആരംഭിക്കാൻ നടപടി

311 (1426) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം താലൂക്ക് പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) തലപ്പിള്ളി താലൂക്ക് വിഭജിച്ച് 29 വില്ലേജുകൾ കുന്നംകുളം താലൂക്കിലേക്ക് മാറ്റുന്നതുമൂലം ചേലക്കര മണ്ഡലത്തിലെ ജനങ്ങൾക്ക് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട സേവനം കൂടുതൽ സൗകര്യപ്രദമായി ലഭിക്കും എന്നത് കണക്കിലെടുത്ത്, കുന്നംകുളം താലൂക്ക് കഴിവതും വേഗത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കുന്നംകുളം താലൂക്കിന്റെ അധികാരപരിധിയിൽ വരുന്ന വില്ലേജുകളെ ഉൾപ്പെടുത്തി 17-1-2018-ൽ സ.ഉ.(അച്ചടി) നമ്പർ 5/2018/റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അസാധാരണ ഗസറ്റ് ആയി വിജ്ഞാപനം ചെയ്യുന്നതിന് ഗവൺമെന്റ് പ്രസ്സ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വിജ്ഞാപനം ആകുന്ന മുറയ്ക്ക് താലൂക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

## പട്ടികവിഭാഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ്

312 (T*1427) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലുള്ള എറവാളൻ സമുദായത്തിലെ പട്ടികവിഭാഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് ജാതി സർട്ടിഫിക്കറ്റ് നല്കാതിരിക്കുന്നതിനുള്ള കാരണം വിശദമാക്കുമോ;

(സി) സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ വിദ്യാഭ്യാസം, ജോലി, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്ക് തടസ്സങ്ങൾ നേരിടുന്നതിനാൽ പ്രസ്തുത വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് സർട്ടിഫിക്കറ്റ് നൽകാനാവശ്യവശ്യമായ നടപടി സ്വീകരിക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കൊല്ലങ്കോട്-2 വില്ലേജിൽ ഉൾപ്പെട്ട ഹിന്ദു-ഇരവാലൻ ജാതിയിൽ ഉൾപ്പെട്ട പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് നൽകാൻ ശിപാർശ ചെയ്തുകൊണ്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് നൽകിവന്നിരുന്നു. എന്നാൽ കിർത്താഡ്സ് ഡയറക്ടർ, കൊല്ലങ്കോട്-2 വില്ലേജിന്റെ പരിധിയിലുള്ള പട്ടികവർഗ്ഗ ഇരവാലൻ സമയുദായംഗങ്ങളുടെ അവകാശവാദം പരിശോധിക്കുകയും പരാതിക്കാരുടെ യഥാർത്ഥ ജാതി സംബന്ധമായ നരവംശ ശാസ്ത്ര അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാതിക്കാർ പട്ടികവർഗ്ഗ ഇരവാലൻ ജാതിയിൽ ഉൾപ്പെട്ടവരല്ലെന്നും മറിച്ച് ഹിന്ദു-ചെറുമൻ പട്ടികജാതിയിൽ ഉൾപ്പെട്ടവരാണെന്നും പ്രസ്തുത ജാതിയുടെ ആചാരമനുസരിച്ച് ജീവിച്ച് വരുന്നവരാണെന്നും അറിയിച്ചിരുന്നു. എന്നാൽ ഇവർക്ക് ഹിന്ദു-ചെറുമൻ എസ്.സി. ജാതി സർട്ടിഫിക്കറ്റ് നൽകാനെ നിർവ്വാഹമുള്ളൂ. മേൽ കാരണം കൊണ്ടാണ് 2008-നുശേഷം ഇവർക്ക് പട്ടികവർഗ്ഗ ഇരവാലൻ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കാതിരുന്നത്.

(സി) "കിർത്താഡ്സിന്റെ" പഠന റിപ്പോർട്ടിൽ കൊല്ലങ്കോട്-2 വില്ലേജിൽ ഉൾപ്പെട്ട ചാത്തൻപാറ എന്ന സ്ഥലത്തുള്ള ഇരവാലൻ സമുദായക്കാരുടെ വിഷയത്തിൽ മാത്രമേ വിശദമായി പരാമർശിച്ചിട്ടുള്ളൂ. എന്നാൽ ടി വിഷയത്തിൽ കൊല്ലങ്കോട്-2-ൽ ഉൾപ്പെട്ട 9 ഊരുകളും എലവഞ്ചേരി വില്ലേജിന്റെ പരിധിയിലുള്ള 4 ഊരുകളിലുമായി 531 പേർ ഉൾപ്പെട്ടിട്ടുണ്ട്. 2017 ഡിസംബർ മാസത്തിൽ മേൽ പ്രദേശങ്ങൾ "കിർത്താഡ്സിന്റെ" നരവംശ ശാസ്ത്ര വിഭാഗം സന്ദർശിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ "കിർത്താഡ്സ്" മുഖേന ശാസ്ത്രീയ അന്വേഷണം നടത്തി അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഇതുസംബന്ധിച്ച് സ്പഷ്ടീകരണം നൽകാൻ പാലക്കാട് ജില്ലാ കളക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഇക്കാര്യം ഇപ്പോൾ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പരിഗണനയിലാണ്.

**ഓഖി ദുരിത ബാധിതരുടെ പുനരധിവാസം**

313 (1428) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ചുഴലിക്കാറ്റിൽ വീട് നഷ്ടപ്പെട്ട എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾ വിവിധ ക്യാമ്പുകളിലായി കഴിയുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ പുനരധിവാസം സംബന്ധിച്ച് എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിൽ ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് എവിടെയെല്ലാമാണ് ക്യാമ്പുകൾ ആരംഭിച്ചതെന്നും ഓരോ ക്യാമ്പിലും എത്ര പേർ താമസിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ഇവരുടെ പുനരധിവാസം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ ഒമ്പത് മത്സ്യത്തൊഴിലാളി കുടുംബങ്ങൾ രണ്ട് ക്യാമ്പുകളിലായി കഴിയുന്നുണ്ട്.

(ബി) പുനരധിവാസ പ്രവർത്തനങ്ങൾക്ക് അധികധനസഹായം ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് പ്രത്യേക പാക്കേജ് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ മേൽനോട്ടത്തിനായി ഏഴ് ഗവൺമെന്റ് സെക്രട്ടറിമാർ അടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ, മണക്കാട്, വിഴിഞ്ഞം, പൂവാർ, കുളത്തൂർ, ശാർക്കര, നെടുമങ്ങാട്, വെട്ടൂർ, കള്ളിക്കാട് എന്നിവിടങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവൃത്തിച്ചിരുന്നു. ആകെ 4821 അംഗങ്ങളെ പ്രത്യേക ക്യാമ്പുകളിൽ മാറ്റിപ്പാർപ്പിച്ചിരുന്നു. നിലവിൽ തിരുവനന്തപുരം ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവൃത്തിക്കുന്നില്ല.

(ഡി) പുനരധിവാസം സംബന്ധിച്ച് അധികധനസഹായം ആവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് പാക്കേജ് സമർപ്പിച്ചിട്ടുണ്ട്.

**ഓഖി ദുരന്തം**

314 (1429) ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിന് പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് കേന്ദ്ര സംഘത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര തുകയാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടത്; അതിന്റെ അടിസ്ഥാനത്തിൽ ഇതിനകം എത്ര തുക കേന്ദ്രം അനുവദിച്ചു;

(സി) തീരദേശങ്ങളിൽ ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അടിയന്തര സുരക്ഷാനടപടി എടുക്കാനുള്ള സൗകര്യങ്ങളുടെ അഭാവമാണ് ഓഖി ദുരന്തത്തിന്റെ തീവ്രത കൂട്ടുന്നതിന് കാരണമായതെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) കടൽ ഭിത്തി നിർമ്മിക്കേണ്ട എന്ന സംസ്ഥാന സർക്കാരിന്റെ തീരുമാനം ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പുനപരിശോധിക്കാൻ ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പുനരധിവാസ പാക്കേജിനായി 7340.45 കോടി രൂപയുടെ സഹായവും NDRF-ൽ നിന്നും 431 കോടി രൂപയുടെ അധിക സഹായവും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. NDRF-ൽ നിന്നും 133 കോടി രൂപ കേന്ദ്രം അനുവദിച്ചു.

(സി) ഇല്ല.

(ഡി) പരിഗണനയിലില്ല.

**ഓഖി ദുരന്തം**

315 (1430) <u>ശ്രീ. വി. എസ്. ശിവകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട് 29-11-2017-ന് കേന്ദ്രകാലാവസ്ഥ വകുപ്പിൽനിന്നും അറിയിപ്പ് ലഭിച്ചിട്ടും നടപടിയെടുക്കാതെ അലംഭാവം കാണിച്ച് വലിയ ദുരന്തത്തിന് വഴിതെളിച്ച ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഓഖി ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട് 29-11-2017-ന് കേന്ദ്ര കാലാവസ്ഥ വകുപ്പിൽനിന്നും അറിയിപ്പ് ലഭിച്ചിരുന്നില്ല. അറിയിപ്പ് ലഭിച്ചിട്ടും നടപടിയെടുക്കാതെ അലംഭാവം കാണിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 6-12-2017-ലെ സ.ഉ.(കൈ) നമ്പർ 1/2017/ഡി.എം.ഡി. പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുനഃസംഘടിപ്പിക്കാൻ തീരുമാനിക്കുകയും ഭാവിയിൽ ഇത്തരം ദുരന്തങ്ങളുണ്ടായാൽ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമായി പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. 11-12-2017-ലെ സ.ഉ.(സാധാ) നമ്പർ 84/2017/ഡി.എം.ഡി. പ്രകാരം പുതുതായി 10 ഹസാർഡ് അനലിസ്റ്റുകളെ 10 ജില്ലകളിലായി നിയമിച്ചിട്ടുണ്ട്.

**ഓഖി ദുരന്തം**

316 (1431) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽ മരണമടഞ്ഞവരുടെയും കാണാതായവരുടെയും ഭവന വായ്പ, മത്സ്യബന്ധന യാനങ്ങൾക്കും ഉപകരണങ്ങൾക്കും എടുത്തിട്ടുള്ള വായ്പ, കുട്ടികളുടെ വിദ്യാഭ്യാസ വായ്പ എന്നിവ എഴുതിത്തള്ളാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഇതുസംബന്ധിച്ച വിശദാംശം സർക്കാർ ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് ഇതിനായി വേണ്ടി വരികയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

**ഓഖി ദുരിതാശ്വാസ നിധി**

317 (1432) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരിതാശ്വാസ നിധിയിലേക്ക് സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നിന്നും, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നുമായി എത്രകോടി രൂപയുടെ സംഭാവനയാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ദുരന്ത ബാധിതകേന്ദ്രങ്ങളിൽ സമയബന്ധിതമായി ഇടപെടാനും ദുരിതാശ്വാസ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താനും നടപടികൾ ഉണ്ടാകുമോ?

<u>ഉത്തരം</u>

(എ) ഓഖി ദുരിതാശ്വാസ നിധിയിലേയ്ക്ക് സംസ്ഥാനത്തിലെ വിവിധ വകുപ്പുകളിലെ സർക്കാർ ജീവനക്കാരിൽനിന്നും 23-1-2018-വരെ 36,78,91,861 (മുപ്പത്താറ് കോടി എഴുപത്തെട്ട് ലക്ഷത്തി തൊണ്ണൂറ്റൊന്നായിരത്തി എണ്ണൂറ്റി അറുപത്തിയൊന്ന്) രൂപയും, ടി തീയതി വരെ ഓഖി ദുരിതാശ്വാസ നിധിയിലേയ്ക്ക് ആകെ സംഭാവനയായി 98,93,68,815 (തൊണ്ണൂറ്റെട്ടുകോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി അറുപത്തെട്ടായിരത്തി എണ്ണൂറ്റി പതിനഞ്ച്) രൂപയും ലഭിച്ചിട്ടുണ്ട്.

(ബി) ദുരന്തബാധിത കേന്ദ്രങ്ങളിൽ സമയബന്ധിതമായി ഇടപെടാനും ദുരിതാശ്വാസ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഓഖി ദുരന്തത്തിൽ മരിച്ചവരുടെ കുടുംബത്തിന് നൽകുന്ന നഷ്ടപരിഹാരം**

318 (1433) <u>ശ്രീ. വി. ഡി. സതീശൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽ മരിച്ചവരുടെ കുടുംബത്തിന് നൽകുന്ന നഷ്ടപരിഹാരം കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് കൂടി നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനകം എത്ര പേരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകി;

(സി) ഓഖി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സ്വരൂപിക്കുന്ന ഫണ്ട് പൂർണ്ണമായും ഓഖി ദുരന്തത്തിന് ഇരയായ തീരദേശമേഖലയിൽ തന്നെ വിനിയോഗിക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകുമോ; ഫണ്ട് വകമാറ്റി ചെലവഴിക്കാതിരിക്കാൻ പ്രത്യേക ജാഗ്രത പുലർത്തുമോ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കാണാതായവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം നൽകുന്ന വിഷയത്തിൽ അടിയന്തര തീരുമാനമെടുക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ ശിപാർശ ചെയ്യുന്നതിനും ഇതിനായി നിലവിലെ നിയമവ്യവസ്ഥകളിൽ ഇളവുകൾ വരുത്തേണ്ടതുണ്ടെങ്കിൽ അക്കാര്യം സംബന്ധിച്ച് അടിയന്തര തീരുമാനമെടുക്കുന്നതിനും ആവശ്യമായ ശിപാർശകൾ സമർപ്പിക്കുന്നതിന് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര

വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ അംഗങ്ങളായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ടിന് അംഗീകാരം ലഭ്യമായാലുടൻതന്നെ കാണാതായവരുടെ കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്യുന്നതാണ്.

(സി) ഓഖി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്ന ഫണ്ട് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം ദുരിതബാധിതർക്ക് വേണ്ടിയാണ് വിനിയോഗിക്കുന്നത്.

**കൊയിലാണ്ടി മണ്ഡലത്തിലെ സുനാമി വീടുകൾ**

319 (1434) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ ചെങ്ങോട്ട്കാവ്, ചേമഞ്ചേരി പഞ്ചായത്തുകളിലെ സുനാമി വീടുകൾ വിതരണം ചെയ്യുന്ന നടപടിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) ജില്ലാതലത്തിലുള്ള കമ്മിറ്റി സർക്കാരിലേയ്ക്കയച്ച ശിപാർശയിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നത് വിശദമാക്കാമോ; അർഹതപ്പെട്ട ആളുകൾക്ക് വീടുകൾ അടിയന്തരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചേങ്കോട്ടുകാവ് പഞ്ചായത്തിൽ 28 വീടുകളും ചേമഞ്ചേരി പഞ്ചായത്തിൽ 25 വീടുകളുമാണ് സുനാമി പദ്ധതി പ്രകാരം നിർമ്മിച്ചിരിക്കുന്നത്. ചേങ്കോട്ടുകാവ് പഞ്ചായത്തിൽ നിർമ്മിച്ച 28 വീടുകളിൽ 27 വീടുകൾ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്. ചേമഞ്ചേരി വില്ലേജിൽ നിർമ്മിച്ച 28 വീടുകളിൽ 27 വീടുകൾ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്. ചേമഞ്ചേരി വില്ലേജിൽ നിർമ്മിച്ച 25 വീടുകളിൽ 20 വീടുകൾ 8-1-2018-ലെ സ.ഉ.(സാധാ) നമ്പർ 91/2018/റവ. ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾക്ക് അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ശേഷിക്കുന്ന വീടുകൾ സുനാമി ഗുണഭോക്താക്കളുടെ അഭാവത്തിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി സർക്കാരിലേയ്ക്കയച്ച പ്രൊപ്പോസലിൽ ശിപാർശ ചെയ്ത 20 ഗുണഭോക്താക്കൾക്ക് വീട്

അനുവദിച്ചുകൊണ്ട് 8-1-2018-ലെ സ.ഉ.(സാധാ) നമ്പർ 91/18/റവ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് നറുക്കെടുപ്പിലൂടെ വീടുകൾ കൈമാറുന്നതിന് ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ദേശീയ ദുരന്തനിവാരണ നിധിയിൽ നിന്നും ലഭിച്ച വരൾച്ചാ ധനസഹായം

320 (1435) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം സംസ്ഥാനത്തെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ദേശീയ ദുരന്തനിവാരണ നിധിയിൽനിന്നും ലഭിച്ച ധനസഹായം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) വരൾച്ചയുടെ ആഘാതം വിലയിരുത്തുന്നതിന് സംസ്ഥാനം സന്ദർശിച്ച കേന്ദ്ര സംഘത്തോട് എത്ര കോടി രൂപ അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടതെന്ന് വെളിപ്പെടുത്താമോ;

(സി) ദേശീയ ദുരന്ത നിവാരണ നിധിയിൽനിന്നും ലഭിച്ച ധനസഹായം ഏതൊക്കെ മേഖലയിലെ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ-സി) കഴിഞ്ഞ വർഷം സംസ്ഥാനത്തെ വരൾച്ച ബാധിതമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ദേശീയ ദുരന്ത പ്രതികരണ നിധി (NDRF)യിൽ നിന്നും 112.05 കോടി രൂപയും നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം (NRDWP)-ന്റെ സ്പെഷ്യൽ കമ്പോണന്റിൽനിന്നും 13.42 കോടി രൂപയും അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതായി കേന്ദ്ര കൃഷി വകുപ്പിൽനിന്നും അറിയിച്ചിരുന്നുവെങ്കിലും നാളിതുവരെ പ്രസ്തുത ധനസഹായം സംസ്ഥാന ദരന്ത പ്രതികരണ നിധിയിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരിന് ലഭിച്ചതായി കാണുന്നില്ല. 992.5 കോടി രൂപയുടെ ധനസഹായമാണ് കേരളം സന്ദർശിച്ച കേന്ദ്ര സംഘത്തോട് വരൾച്ച പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ആവശ്യപ്പെട്ടിരുന്നത്.

## എച്ച്. വി. ആർ. എ. സെല്ലിന്റെ പ്രവർത്തനങ്ങൾ

321 (1436) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവൃത്തിക്കുന്ന എച്ച്.വി.ആർ.എ. (Hazard Vulnerability and Risk Assessment)സെല്ലിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത സെല്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ; വിശദമാക്കാമോ;

(സി) ഓഖി ദുരന്തവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പ്രസ്തുത സെല്ലിന്റെ പ്രവർത്തനം വിശദമാക്കാമോ?

ഉത്തരം

(എ) Hazard Vulnerability and Risk Assessment Cell എന്ന പേരിൽ ഒരു സെൽ ഇപ്പോൾ പ്രവൃത്തിക്കുന്നില്ല.

(ബി & സി) ബാധകമല്ല.

## ദുരന്ത നിവാരണ പദ്ധതികൾ

322 (1437) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തനിവാരണ അതോറിറ്റി നടപ്പിലാക്കുന്ന ഭാവി പദ്ധതികളെന്തെന്ന് വിശദമാക്കാമോ;

(ബി) വരൾച്ച മുന്നിൽക്കണ്ട് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്നും ഇതുമൂലം ഉണ്ടാകുന്ന കൃഷി നാശങ്ങൾ എങ്ങനെ നേരിടാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ദുരന്ത നിവാരണ നിയമം 2005 പ്രകാരം സംസ്ഥാനത്ത് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, സംസ്ഥാന അതോറിറ്റിയുടെ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ, സംസ്ഥാന അതോറിറ്റിയുടെ ഉപദേശക സമിതികൾ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ, ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ എന്നിവ പ്രവൃത്തിച്ചുവരുന്നു.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കാര്യാലയം കാര്യക്ഷമമായും സ്വതന്ത്രമായും പ്രവർത്തനമാരംഭിച്ചത് 2012 മുതലാണ്. സംസ്ഥാന തലത്തിൽ ദുരന്ത സാഹചര്യങ്ങളുടെ അപഗ്രഥനം, വിവര ശേഖരണം, കേന്ദ്ര ചട്ടപ്പടി സാധ്യമായവയുടെ മുന്നറിയിപ്പ് നൽകൽ, കേന്ദ്ര-സംസ്ഥാന പ്രതികരണ സേനകളുടെ ഏകോപനം എന്നിവ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർവ്വഹിച്ചുവരുന്നു. ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രവും പ്രവൃത്തിച്ചുവരുന്നു. ഈ സംവിധാനങ്ങൾ 24 മണിക്കൂറും പ്രവൃത്തിക്കുന്നു.

ദുരന്ത നിവാരണ നിയമം 2005, സെക്ഷൻ 23 പ്രകാരം സംസ്ഥാന അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി പ്രകാരമാണ്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 7-9-2016-ന് സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി അംഗീകരിക്കുകയും 9-9-2016-ലെ സ.ഉ. (സാധാ)നമ്പർ 3667/2016/ഡി.എം.ഡി. പ്രകാരം സർക്കാർ ഇത് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ഉണ്ടായി. പ്രസ്തുത പദ്ധതിയിൽ 12 ഇന ഉപലക്ഷ്യങ്ങളും 27 പദ്ധതികളുമാണ് നടപ്പിലാക്കുന്നത്. ആയത് അനുബന്ധമായി ചേർക്കുന്നു.*

(ബി) ജില്ലകളിൽ പല സ്ഥലങ്ങളിലും സ്ഥാപിച്ചിരിക്കുന്ന water kiosk കളുടെ നിലവിലെ സ്ഥിതി പരിശോധിക്കുന്നതിനും അറ്റകുറ്റപ്പണി ആവശ്യമുള്ള ടാങ്കുകൾ അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വൃത്തിയാക്കുന്നതിനും നിർദ്ദേശം നൽകാൻ ലാൻഡ് റവന്യൂ ജോയിന്റ് കമ്മിഷണറോട് അവശ്യപ്പെട്ടിട്ടുണ്ട്.

കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മൺസൂൺ റിപ്പോർട്ട് പ്രകാരം വരൾച്ച മാന്വലിന്റെ അടിസ്ഥാനത്തിൽ സ്ഥിതിഗതികൾ വിലയിരുത്തുന്നതിന് സംസ്ഥാന വരൾച്ച നിരീക്ഷണ സെൽ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## സംസ്ഥാന ദുരന്തനിവാരണ ഫണ്ട്

323 (1438) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ദുരന്തനിവാരണ ഫണ്ടിൽ നിലവിൽ എന്ത് തുക നീക്കിയിരിപ്പുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ കേന്ദ്ര സർക്കാർ ഡിസാസ്റ്റർ മാനേജ്മെന്റിന് നൽകുന്ന തുക ഉൾപ്പെടുമോ; എങ്കിൽ 2016-17-ലും, 2017-18-ലും കേന്ദ്ര സർക്കാർ നൽകിയ തുകയെത്രയാണെന്ന് വെളിപ്പെടുത്താമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇതിൽനിന്നും പ്രസ്തുത വർഷങ്ങളിൽ ദുരന്തനിവാരണത്തിന് എന്ത് തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ഡി) ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് ഈ ഫണ്ടിൽനിന്നും തുക ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഇ) ഓഖി ദുരന്തത്തെ തുടർന്ന് സംസ്ഥാനം സന്ദർശിച്ച കേന്ദ്ര സംഘത്തിന്റെ ചെലവ് ഈ ഫണ്ടിൽ നിന്നുമാണോ ചെലവാക്കിയതെന്ന് വെളിപ്പെടുത്താമോ; എങ്കിൽ എത്ര തുക ഈയിനത്തിൽ ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിലവിൽ നീക്കിയിരിപ്പുള്ളത് 35,83,84,423 രൂപയാണ് (കളക്ടർമാരുടെ കൈവശമുള്ള തുക കിഴിച്ചിട്ടുള്ള തുക). കൂടാതെ ഓഖി ദുരിതാശ്വാസത്തിന് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്ന് അനുവദിച്ച 133 കോടി രൂപയും ബാക്കിയുണ്ട്.

(ബി) സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ 2016-17 സാമ്പത്തിക വർഷം 194 കോടി രൂപയും (145.50 കോടി - കേന്ദ്ര വിഹിതം, 48.50 കോടി- സംസ്ഥാന വിഹിതം), 2017-18 സാമ്പത്തിക വർഷത്തിൽ 204 കോടി രൂപയും (153 കോടി - കേന്ദ്ര വിഹിതം, 51 കോടി - സംസ്ഥാന വിഹിതം) വകയിരുത്തിയിട്ടുണ്ട്. ഇത് കൂടാതെ കഴിഞ്ഞ വർഷം ചെലവഴിക്കാൻ സാധിക്കാതെ surrender ചെയ്ത തുകയും കൂടി ധനകാര്യ വകുപ്പ് 2017-18 സാമ്പത്തിക വർഷത്തിലേയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിനുപുറമെ "2245-80-800-80-Other Miscellaneous Relief Expenditure" എന്ന ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 2016-17 സാമ്പത്തിക വർഷം 7,44,00,000 രൂപയും, 2017-18 സാമ്പത്തിക വർഷം 5,00,00,000 രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമെ ഓഖി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത നിവാരണ ഫണ്ടിൽനിന്നും 133 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ നേരിട്ട വരൾച്ചയുമായി ബന്ധപ്പെട്ട് 112.50 കോടി രൂപയും, കുടിവെള്ള വിതരണത്തിനായി (Special component of National Rural Drinking Water Programme (NRDWP)) 14.42 കോടി രൂപയും അനുവദിക്കുന്നതിന് അംഗീകാരം നൽകിയിട്ടുള്ളതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(സി) 2016-17 സാമ്പത്തിക വർഷം 1,52,30,22,734 രൂപ ചെലവാക്കുകയുണ്ടായി. 2017-18 സാമ്പത്തിക വർഷം 2,43,60,66,577 രൂപ വിവിധ ശീർഷകങ്ങളിലായി ബന്ധപ്പെട്ട കളക്ടർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. ഓഖി ദുരന്തം കാരണം ഉണ്ടായ അടിയന്തര സാഹചര്യം നേരിടുന്നതിന് ജില്ലാകളക്ടർമാർക്ക് ദുരന്ത നിവാരണ ഫണ്ടിൽനിന്നും 44,61,49,232 രൂപ അനുവദിച്ചിട്ടുണ്ട്.

(ഇ) ഓഖി ദുരന്തത്തെ തുടർന്ന് സംസ്ഥാനം സന്ദർശിച്ച കേന്ദ്ര സംഘത്തിന്റെ ചെലവ് വഹിക്കുന്നതിനായി 22-12-2017-ലെ സ.ഉ.(സാധാ) നമ്പർ 115/2017/ ഡി.എം.ഡി. പ്രകാരം 10,50,000 രൂപ ദുരന്ത നിവാരണഫണ്ടിൽനിന്നും ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്ക് അനുവദിച്ച് ഉത്തരവായിരുന്നു.

## ഹെലികോപ്റ്റർ യാത്ര

324 (1439) <u>ശ്രീ. വി. ടി. ബൽറാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി 26-12-2017-ൽ തൃശ്ശൂരിൽനിന്നും തിരുവനന്തപുരത്തേക്കും തിരിച്ചും നടത്തിയ ഹെലികോപ്റ്റർ യാത്രയുടെ ചിലവിനത്തിൽ 8 ലക്ഷം രൂപ ദുരന്തനിവാരണ ഫണ്ടിൽനിന്ന് M/s Cripson Aviation Pvt Ltd-ന് നൽകുവാൻ ഉത്തരവായിട്ടുണ്ടോ;

(ബി) തിരുവനന്തപുരത്ത് നിന്നും തൃശ്ശൂരിലേക്ക് മുഖ്യമന്ത്രി മടക്കയാത്ര നടത്തിയത് സംബന്ധിച്ച ചെലവ് 2245-02-101-94-/s F-other items എന്ന ഹെഡിൽനിന്നും നൽകുവാൻ ഉത്തരവായതിന്റെ സാഹചര്യം എന്താണ്;

(സി) പ്രസ്തുത ഉത്തരവ് പിന്നീട് റദ്ദ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ആരുടെ നിർദ്ദേശപ്രകാരമാണ് മുഖ്യമന്ത്രിയുടെ യാത്രയ്ക്ക് ഹെലികോപ്റ്റർ ഏർപ്പെടുത്തിയത്; കമ്പിനി ആവശ്യപ്പെട്ട തുക നെഗോഷിയേറ്റ് ചെയ്ത് കുറവാക്കിയിരുന്നുവോ; വിശദീകരിക്കുമോ;

(ഇ) പ്രസ്തുത ഉത്തരവ് പിന്നീട് റദ്ദ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിലുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനായി കേന്ദ്രസംഘം സംസ്ഥാനം സന്ദർശിച്ചപ്പോൾ ഈ സംഘത്തെ കാണുന്നതിനായി അടിയന്തരമായി തിരുവനന്തപുരത്തേയ്ക്ക് വരേണ്ടിവന്നതിനാൽ ഹെലികോപ്റ്ററിൽ യാത്രചെയ്യേണ്ടി വന്നുവെന്നും ഇതിനായി ചെലവായ തുക അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഡി.ജി.പി. & സ്റ്റേറ്റ് പോലീസ് ചീഫ് കത്ത് നല്കിയതിന്റെ അടിസ്ഥാനത്തിലാണ് ടി തുക അനുവദിച്ച് ഉത്തരവായത്.

(സി-ഇ) ഉണ്ട്. ഡി.ജി.പി & സ്റ്റേറ്റ് പോലീസ് ചീഫ് നല്കിയ കത്ത് പ്രകാരമാണ് തുക അനുവദിച്ചത്. സ.ഉ.(സാധാ) നമ്പർ 193/2018/ജി.എ.ഡി. പ്രകാരമാണ് റദ്ദ് ചെയ്തിട്ടുള്ളത്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

**തുരുത്തുകൾ മണ്ണിട്ട് ഉയർത്താൻ നടപടി**

325 (1440) ശ്രീ. തോമസ് ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കൈനകരി പഞ്ചായത്തിലെ 10 തുരുത്തുകൾ എല്ലാ ദിവസവും സായാഹ്നങ്ങളിൽ വെള്ളത്തിനടിയിലാണെന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ആയിരക്കണക്കിന് ജനങ്ങൾ താമസിക്കുന്ന ഇവിടെ ശവദാഹം നടത്താൻ പോലും നിവർത്തിയില്ലാത്ത അവസ്ഥയുള്ളതു പരിശോധിക്കുമോ;

(സി) ഈ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് തുരുത്തുകൾക്ക് ചുറ്റും കല്ലുകെട്ടി മണ്ണിട്ട് ഉയർത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

**ദുരന്തനിവാരണ സംവിധാനങ്ങൾ**

326 (T 1441) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭിച്ചിട്ടും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും സർക്കാരും ഉത്തരവാദിത്തം നിറവേറ്റാത്തത് ദുരന്തനിവാരണ സംവിധാനങ്ങളെ ദുർബലപ്പെടുത്തിയതായി സി ആന്റ് എ ജി കണ്ടെത്തിയിട്ടുണ്ടോ;

(ബി) 2017 മാർച്ചിലെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ റിപ്പോർട്ടിലെ ദുരന്തനിവാരണം സംബന്ധിച്ച കണ്ടെത്തലുകളുടെയും വിമർശനങ്ങളുടെയും അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) സംസ്ഥാന തലത്തിൽ ദുരന്ത നിവാരണ പ്രതിരോധസേന രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) ദുരന്ത നിവാരണ നിയമപ്രകാരം സംസ്ഥാന, ജില്ലാ, പ്രദേശിക തലങ്ങളിൽ ദുരന്ത നിവാരണ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) 2010-2015 കാലയളവിലെ പ്രവർത്തനങ്ങൾ സി. ആന്റ് എ.ജി. വിലയിരുത്തുകയും സംവിധാനം മെച്ചപ്പെടുത്തുന്നതിനായി സി. ആന്റ് എ.ജി.യുടെ അഭിപ്രായങ്ങൾ ഉൾക്കൊള്ളിച്ച ഒരു വിശദമായ റിപ്പോർട്ട് നൽകുകയും ചെയ്തു.

(ബി) 2017 മാർച്ചിലെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ റിപ്പോർട്ടിൽ ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് സി. ആന്റ് എ.ജി. കണ്ടെത്തിയ വിഷയങ്ങളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 30-7-2016-ലെ സ.ഉ.(സാധാ)നമ്പർ 3104/2016/ഡി.എം.ഡി. പ്രകാരം ജില്ലാതല പ്ലാനുകളും, 9-9-2016-ലെ സ.ഉ.(സാധാ)നമ്പർ 3667/2016/ഡി.എം.ഡി. പ്രകാരം സംസ്ഥാന പ്ലാനും അംഗീകരിച്ചിട്ടുണ്ട്. 2011-12 മുതലുള്ള എല്ലാ വാർഷിക റിപ്പോർട്ടും കേന്ദ്ര സർക്കാരിന് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. Disaster Management Act, 2005 പ്രകാരം Village Disaster Managements Committees രൂപീകരിക്കാൻ നിയമപരമായി ബാധ്യതയില്ലായെങ്കിലും തദ്ദേശ സ്ഥാപനങ്ങളിൽ അതാത് പ്രദേശത്തിന്റെ ആവശ്യകത മാനിച്ച് ഇത്തരം സമിതികൾ രൂപീകരിക്കാൻ സാങ്കേതിക സഹായം നൽകിയിട്ടുണ്ട്. Disaster Management Act, 2005 പ്രകാരം NGO Coordination Committee രൂപീകരിക്കാൻ നിയമപരമായി ബാധ്യതയില്ലായെങ്കിലും കേരളത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സർക്കാരേതര സ്ഥാപനങ്ങളുടെ (NGO) പട്ടിക തയ്യാറാക്കുന്നതിനുള്ള അപേക്ഷാഫോറം Online ആയി SDMA യുടെ വെബ്സൈറ്റിൽ നൽകുകയും 31-12-2017 വരെ അപേക്ഷിക്കാൻ അനുമതി നൽകുകയും നിലവിൽ അപേക്ഷകൾ പരിശോധിച്ച് വരികയും ചെയ്യുന്നു. സി. ആന്റ് എ.ജി., മുന്നറിയിപ്പ് സംവിധാനം (Early Warning System) എന്ന് തെറ്റിദ്ധരിച്ചത് അംഗീകൃത ദുരന്തങ്ങളുടെ പ്രവചനവും ദുരന്ത സാഹചര്യവും വിവിധ തലങ്ങളിൽ ലഭ്യമാക്കാനുള്ള വിവര സംവേദന സംവിധാനം (Dissemination Systems) എന്ന നിലയിൽ സ്ഥാപിച്ച VHF Radio നെറ്റ് വർക്ക് ആണ്. ഈ സംവിധാനം പൂർണ്ണ പ്രവർത്തനക്ഷമമാക്കുവാനായി 6-6-2014-ലെ സ.ഉ.(സാധാ) നമ്പർ

2497/2014/ഡി.എം.ഡി. പ്രകാരം നോഡൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. 17-10-2012-ലെ സ.ഉ. (കൈ) നമ്പർ 262/2012/ആഭ്യന്തരം, 31-8-2013-ലെ സ.ഉ.(സാധാ)നമ്പർ 2421/2013/ആഭ്യന്തരം എന്നിവ പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ സേന രൂപീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളിക്കാൻ തദ്ദേശ വകുപ്പിനോട് ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 64 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര ദുരന്ത നിവാരണ നിയമം അനുശാസിക്കുന്ന പ്രകാരം 2-1-2012 SRO No.5/2012 പ്രകാരം സംസ്ഥാന ദുരന്ത ലഘൂകരണ നിധി (State Disaster Mitigation Fund) രൂപീകരിച്ചിട്ടുണ്ട്.

(സി) 17-10-2012-ലെ സ.ഉ.(കൈ) നമ്പർ 262/2012/ആഭ്യന്തരം, 31-8-2013-ലെ സ.ഉ.(സാധാ)നമ്പർ 2421/2013/ആഭ്യന്തരം എന്നിവ പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ സേന രൂപീകരിച്ചിട്ടുണ്ട്.

(ഡി) 30-7-2016-ലെ സ.ഉ.(സാധാ)നം. 3104/2016/ഡി.എം.ഡി പ്രകാരം ജില്ലാ തല പ്ലാനുകളും, 9-9-2016-ലെ സ.ഉ.(സാധാ) നമ്പർ3667/2016/ ഡി.എം.ഡി. പ്രകാരം സംസ്ഥാന പ്ലാനും അംഗീകാരം നൽകിയിട്ടുണ്ട്.

നിലവിൽ സാമൂഹികാധിഷ്ഠിത ദുരന്ത നിവാരണ പദ്ധതി പ്രകാരം 14 ജില്ലകളിലായി ഏറ്റവും ദുരന്ത സാധ്യതയുള്ള 197 വില്ലേജുകളിൽ ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. UNDP യുടെ നഗര കേന്ദ്രീകൃത ദുരന്ത നിവാരണ പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ദുരന്ത സാധ്യതയുടെ അടിസ്ഥാനത്തിൽ തീവ്രദുരന്ത സാധ്യതാ വാർഡുകളിൽ ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

കേന്ദ്ര സർക്കാർ-ഐക്യരാഷ്ട്ര വികസന പദ്ധതി (UNDP) സഹായത്തോടെ നടപ്പാക്കിയ ദുരന്ത-കാലാവസ്ഥാ വ്യതിയാന പ്രതിരോധശേഷി വർദ്ധിപ്പിക്കൽ പദ്ധതിയിൽ (2013-2017) ഉൾപ്പെടുത്തി മൺറോ തുരുത്ത് (കൊല്ലം ജില്ല), പെരിങ്ങര (പത്തനംതിട്ട ജില്ല) എന്നിവിടങ്ങളിൽ പ്രത്യേക ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ എല്ലാ വാർഡുകളിലും പ്രാദേശിക ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

ഇന്ത്യയിൽ തന്നെ അപൂർവ്വം നഗരങ്ങളിൽ മാത്രം തയ്യാറാക്കിയിട്ടുള്ള, നഗര ദുരന്ത ലഘൂകരണ പദ്ധതിയും, മുന്നറിയിപ്പ് പദ്ധതിയും തിരുവനന്തപുരം നഗരത്തിന് വേണ്ടി 2015-ൽ തയ്യാറാക്കുകയും, ജില്ലാ അതോറിറ്റി അംഗീകരിക്കുകയും ചെയ്തു. ഈ പദ്ധതി നടപ്പിലാക്കാൻ തിരുവനന്തപുരം നഗരസഭ സ്വന്തം ഫണ്ടിൽനിന്നും പണം വകയിരുത്തുകയും ചെയ്തു.

## ഭാരതപ്പുഴയോട് ചേർന്നുള്ള ഭാഗത്ത് ഭിത്തി കെട്ടുന്നതിന് ഭരണാനുമതി

327 (1442) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിലെ പേരശ്ശന്നൂർ പിഷാരിക്കൽ ഭഗവതി ക്ഷേത്രത്തിന്റെ ഭാരതപ്പുഴയോട് ചേർന്നുള്ള ഭാഗത്ത് ഭിത്തി കെട്ടുന്ന പ്രവൃത്തിയുടെ ഭരണാനുമതിക്കായി മലപ്പുറം ജില്ല റിവർ മാനേജ്മെന്റ് ഫണ്ട് സമിതി സംസ്ഥാന ഉന്നതതല സമിതിക്ക് ശിപാർശ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് സംസ്ഥാനതല സമിതിയുടെ തീരുമാനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കാൻ അടിയന്തരനടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

(ബി&സി) മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിലെ പേരശ്ശന്നൂർ പിഷാരിക്കൽ ഭഗവതി ക്ഷേത്രത്തിന്റെ ഭരതപ്പുഴയോട് ചേർന്നുള്ള ഭാഗത്ത് റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് സംരക്ഷണഭിത്തി കെട്ടുന്നതിനുള്ള ജില്ലാ കളക്ടറുടെ ശിപാർശ 3-11-2017-ലെ സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് അംഗീകാരം നൽകിയിട്ടില്ല. നദീ തീരങ്ങളെ ബലപ്പെടുത്തുന്നതിനായി കോൺക്രീറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ പരമാവധി ഒഴിവാക്കി പ്രസ്തുത പ്രദേശത്തെ പരിസ്ഥിതിയ്ക്ക് അനുയോജ്യമായ മരങ്ങളും ചെടികളും നട്ടുപിടിപ്പിക്കുന്നതിനാണ് യോഗം തീരുമാനിച്ചത്.

ആയതിനാൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികളൊന്നും ഇപ്പോൾ സ്വീകരിച്ചുവരുന്നില്ല.

## കുട്ടനാട്ടിലെ പാടശേഖരങ്ങളും കൃഷിയും സംരക്ഷിക്കുന്നതിന് നടപടി

328 (1443) ശ്രീ. തോമസ് ചാണ്ടി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ പുഞ്ചകൃഷിയ്ക്കും രണ്ടാം കൃഷിയ്ക്കും മടവീഴ്ചയുണ്ടായി കൃഷി നശിക്കുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മറ്റ്

പ്രകൃതി ദുരന്തനിവാരണ സംവിധാനത്തിലെന്നപോലെ ഇത് പരിഹരിക്കുന്നതിന് പ്രത്യേക ഫണ്ട് മാറ്റിവയ്ക്കുകയും പ്രത്യേക സേനയെ രൂപികരിക്കുകയും പത്ത് ദിവസത്തിനകം നടപടി സ്വീകരിക്കുകയും ചെയ്ത് കൃഷി സംരക്ഷിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രകൃതിക്ഷോഭം അഭിമുഖീകരിക്കുന്നതിനുള്ള കരുതൽ നടപടി (പ്ലാൻ) ശീർഷകത്തിൽ ഓരോ സാമ്പത്തിക വർഷവും നിശ്ചിത ഫണ്ട് മാറ്റിവയ്ക്കുകയും മട പുനർനിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിച്ചും വരുന്നു. നിലവിൽ, കോൾ, കുട്ടനാട് മേഖലയിൽ crisis management cell രൂപീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ അധ്യക്ഷതയിലുള്ള ജില്ലാതല കമ്മിറ്റി പരിശോധിച്ച് അനുമതി നൽകുന്നതിന് ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് സംസ്ഥാനതല കമ്മിറ്റി പരിശോധിച്ച് അനുമതി നൽകിവരുന്നു.

## റവന്യൂ രേഖകൾ

329 (1444) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എൽ.ആർ. ആക്ട് നിലവിൽ വരുന്നതിന് മുമ്പ് മുറിച്ച് വിറ്റ തോട്ടം വാങ്ങിയ ആളുകൾക്ക് എല്ലാവിധമായ റവന്യൂ രേഖകളും ലഭിച്ചിരുന്നുവെന്നതും എന്നാൽ ശ്രീ. രാജമാണിക്യം റിപ്പോർട്ട് വന്നതിനുശേഷം ഈ സ്ഥലം ഉടമകളുടെ കരം സ്വീകരിക്കുന്നതിനോ, ഭൂമി സംബന്ധമായ റവന്യൂ രേഖകൾ നൽകുന്നതിനോ തയ്യാറാകുന്നില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അറുപതിലധികം വർഷമായി ഈ ഭൂമി നിയമപരമായി കൈവശം വച്ച് അനുഭവിച്ചുവരുന്ന കർഷകർക്ക് മുൻപുണ്ടായിരുന്നതുപോലെ ഉപാധിരഹിതമായി റവന്യൂ രേഖകൾ ലഭ്യമാക്കുന്നതിനും അവരുടെ ഭൂമിയുടെ കരം സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വാതന്ത്ര്യത്തിനുമുൻപ് വിദേശ കമ്പനികളും പൗരന്മാരും കൈവശം വച്ചിരുന്ന മുഴവൻ സർക്കാർ ഭൂമിയും ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ ഓഫീസർക്ക് അധികാരം നൽകിക്കൊണ്ട് 30-12-2015-ലെ ജി.ഒ.(എം.എസ്.)703/2015/ആർ.ഡി. പ്രകാരം ഉത്തരവായിരുന്നു. സർക്കാരിന്റെ ഉത്തരവ് പ്രകാരമുള്ള നടപടികളുടെ ഭാഗമായി പ്രാഥമിക അന്വേഷണം പൂർത്തീകരിച്ച് തികച്ചും സർക്കാർ ഭൂമി ആണെന്ന് കണ്ടെത്തിയ

കേസുകളിൽ കാരണം കാണിക്കൽ നോട്ടീസുകൾ നൽകിയിട്ടുണ്ട്. അത്തരത്തിൽ ട്രാവൻകൂർ റബ്ബർ &ടീ കമ്പനി, പീരുമേട് ടീ കമ്പനി, ബ്രൈമൂർ എസ്റ്റേറ്റ്, മലയാളം പ്ലാന്റേഷൻസ് ലിമിറ്റഡ് തുടങ്ങിയ വൻകിട കമ്പനികളിൽനിന്നും മുൻ കരുതൽ നടപടിയായി ഭൂനികുതി സ്വീകരിക്കുന്നതും, റവന്യൂരേഖകൾ നൽകുന്നതും മരം മുറിക്കുന്നതും തടഞ്ഞിട്ടുണ്ട്.

മലയാളം പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ പേരിലുണ്ടായിരുന്ന ഭൂമിക്കും ഇത്തരത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത നടപടി 5-ഉം 10-ഉം സെന്റുകൾ കൈവശംവയ്ക്കുന്ന ചെറുകിടക്കാരെ ബാധിച്ചിട്ടുള്ളതായി സർക്കാർ മനസ്സിലാക്കിയതിനാൽ 1-10-2015-ലെ ജി.ഒ.(എം.എസ്.) 542/2015/റവന്യൂ ഉത്തരവ് പ്രകാരം, 2 ഏക്കർ വരെ കൈവശം വയ്ക്കുന്ന ചെറുകിട കർഷകരിൽ നിന്നും താൽക്കാലികമായി നികുതി സ്വീകരിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് വിവിധ കേസുകൾ നിലവിൽ ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്. ഈ വിഷയത്തിൽ ബഹു.ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലിരിക്കുന്ന ബന്ധപ്പെട്ട കേസുകളിൽ സ്റ്റാറ്റസ് കോ തുടരണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാലും ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിക്കുന്ന നിലപാടുകൾ പ്രസ്തുത കേസുകളെ ബാധിക്കുമെന്നതിനാലും കെ.എൽ.ആർ. ആക്ട് നിലവിൽ വരുന്നതിനുമുൻപ് മുറിച്ചു വിറ്റിട്ടുള്ള തോട്ടം വാങ്ങിയവർക്ക് അവരുടെ ഭൂമിയിൽ അവകാശം പുനഃസ്ഥാപിച്ചു നൽകണമെന്നും എല്ലാവിധമായ റവന്യൂ രേഖകളും ഉപാധി രഹിതമായി നൽകണമെന്നുമുള്ള ആവശ്യം സംബന്ധിച്ച തുടർ നടപടികൾ ബഹു. ഹൈക്കോടതിയുടെ അന്തിമ ഉത്തരവിനനുസൃതമായി സ്വീകരിക്കുന്നതാണ്.

## ഭൂമിയുടെ ന്യായവില നിർണ്ണയം

330 (1445) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില നിർണ്ണയം പൂർത്തിയായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) ഭൂമിയുടെ ന്യായവില നിർണ്ണയം പൂർത്തിയാകാത്തത് കാരണം അധിക സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും നൽകി വസ്തു ഇടപാട് നടത്താൻ ജനങ്ങൾ നിർബന്ധിതരാകുന്ന എന്ന വസ്തുത പരിഗണിച്ച് ന്യായവില നിർണ്ണയം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഭൂമിയുടെ ന്യായവില നിർണ്ണയിച്ചിട്ടുള്ളതും 1-4-2010 മുതൽ പ്രാബല്യത്തിലുള്ളതുമാണ്. 2014-ൽ ന്യായവിലയിൽ 50% വർദ്ധനവ് വരുത്തിയിട്ടുണ്ട്.

ന്യായവില പുനഃനിർണ്ണയം ചെയ്യുന്നതുസംബന്ധിച്ച 'പൈലറ്റ് പഠനം' എല്ലാ ജില്ലകളിലും അന്തിമഘട്ടത്തിലാണ്.

**ചെമ്മനാട് വില്ലേജാഫീസിൽ ജീവനൊടുക്കിയ കർഷകർ**

331 (1446) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂനികുതി സ്വീകരിക്കാത്തതിനെ തുടർന്ന് ചെമ്മനാട് വില്ലേജാഫീസിൽ ജീവനൊടുക്കിയ കർഷകൻ തോമസ് ജോയിയുടെ കുടുംബത്തിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയത്;

(ബി) ആത്മഹത്യയ്ക്ക് കാരണമായ ഭൂമിയുടെ പോക്കുവരവ് ചെയ്ത് നികുതി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി ഇക്കാര്യത്തിൽ തീരുമാനമെടുക്കുമോ;

(സി) ആത്മഹത്യ ചെയ്ത കർഷകന്റെ മകൾക്ക് സർക്കാർ ജോലി നൽകണമെന്ന അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കുമോ?

ഉത്തരം

(എ) കോഴിക്കോട്, ചെമ്പനോട് വില്ലേജ് ഓഫീസിൽ വച്ച് മരണപ്പെട്ട ജോയി എന്ന കെ. ജെ. തോമസിന്റെ കുടുംബത്തിന്റെ വായ്പാ ബാധ്യത തീർക്കുന്നതിനായി (ചക്കിട്ടപ്പാറ സഹകരണ ബാങ്കിൽ നിന്ന് 13,16,856 രൂപയും പൂഴിത്തോട് യൂണിയൻ ബാങ്കിൽനിന്ന് വിദ്യാഭ്യാസ വായ്പ 3,31,346 രൂപയും) ആകെ 16,48,202 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് അനുവദിച്ച് ഉത്തരവായിരുന്നു. ടിയാന്റെ വായ്പാബാധ്യത സംബന്ധിച്ച തീരുമാനങ്ങൾക്കായി 25-7-2017-ന് ജില്ലാ കളക്ടർ മുമ്പാകെ നടന്ന ടി ബാങ്ക് മാനേജർമാരുടെ യോഗത്തിൽ കിഴിവുകൾ കഴിച്ച് ചക്കിട്ടപ്പാറ സഹകരണ ബാങ്കിന് 11,30,000 രൂപയും യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് 3,31,346 രൂപയും നൽകിയാൽ മതിയെന്ന് മാനേജർമാർ റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ വായ്പാ ബാധ്യത തീർക്കുന്നതിനായി മേൽപ്പറഞ്ഞ പ്രകാരം ടി ബാങ്കുകൾക്ക് ആകെ 14,61,346 രൂപ കൊയിലാണ്ടി തഹസീൽദാർ മുഖേന വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഭൂമി പോക്കുവരവ് ചെയ്ത് നികുതി സ്വീകരിച്ചിട്ടുണ്ട്.

(സി) അപേക്ഷ സർക്കാർ പരിശോധിച്ചിട്ടുള്ളതും 9-10-2017-ലെ നം.റവ-റ്റി1/352/2017/റവ. നമ്പർ ഫയലിൽ നിരസിച്ചിട്ടുള്ളതുമാണ്.

## മൂന്നാർ മേഖലയിലെ കയ്യേറ്റങ്ങൾ

332 (1447) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ മേഖലയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിലും അനധികൃത നിർമ്മാണങ്ങൾ തടയുന്നതിലും ഈ സർക്കാർ ഉദാസീനത കാണിക്കുന്നുവെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് പ്രതിബദ്ധത കാണിച്ച ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തുകയും, അവഹേളിക്കുകയും ചെയ്യുന്ന മന്ത്രിയുടെയും രാഷ്ട്രീയ പാർട്ടിയുടെയും നടപടി കയ്യേറ്റക്കാർക്ക് പ്രോത്സാഹനം നൽകുന്നതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത നടപടി, കയ്യേറ്റങ്ങൾക്കെതിരെ ശക്തമായി നടപടി സ്വീകരിക്കുന്നതിൽനിന്ന് ഉദ്യോഗസ്ഥരെ പിന്തിരിപ്പിക്കുന്നതിന് സാധ്യതയുണ്ടെന്നത് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) കയ്യേറ്റക്കാർ വിവിധ കോടതികളിൽനിന്ന് നേടിയിട്ടുള്ള സ്റ്റേ ഉത്തരവ് നീക്കി, മൂന്നാറിന്റെ പരിസ്ഥിതി സംരക്ഷിക്കുന്നതിനും സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) കയ്യേറ്റക്കാർ വിവിധ കോടതികളിൽനിന്ന് നേടിയിട്ടുള്ള സ്റ്റേ ഉത്തരവുകൾ നീക്കുന്നതിനുള്ള ഉത്തരവുകൾ ലഭ്യമാകുന്നതിലേയ്ക്കായി ബന്ധപ്പെട്ട കോടതികളിൽ യഥാസമയം വസ്തുതാ വിവരണ പ്രസ്താവന, എതിർ സത്യവാങ്മൂലം എന്നിവ സമർപ്പിച്ച് സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിനുള്ള അടിന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## മൂന്നാർ പ്രദേശത്തെ കെട്ടിടനിർമ്മാണം

333 (1448) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈക്കോടതിയുടെ 21-1-2010-ലെ വിധിയുടെ അടിസ്ഥാനത്തിൽ മൂന്നാർ പ്രദേശത്ത് കെട്ടിടനിർമ്മാണം നടത്തുന്നതിന് റവന്യൂവകുപ്പിന്റെ നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നിർബന്ധം ആക്കിയിട്ടുണ്ടോ;

(ബി) എൻ.ഒ.സി. നൽകുന്നതിന് നിലവിൽ ഏത് ഉദ്യോഗസ്ഥനെയാണ് അധികാരപ്പെടുത്തിയിട്ടുള്ളത്;

(സി) മൂന്നാർ പ്രദേശത്ത് കെട്ടിടനിർമ്മാണ വ്യവസ്ഥ കർശനമായി പാലിക്കുന്നില്ലായെന്നും, മൂന്നാറിൽ അനധികൃത കെട്ടിടങ്ങൾ അവിടുത്തെ പരിസ്ഥിതിയെ തകിടം മറിക്കുന്ന രീതിയിൽ നിർമ്മിക്കുന്നതായുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. വാങ്ങാതെ അനധികൃതമായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ പൊളിക്കുന്നതിന് നിർദ്ദേശം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) സ്വന്തം താമസത്തിനുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള എൻ.ഒ.സി.-യ്ക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ എൻ.ഒ.സി. നൽകുന്നതിന് ദേവികുളം സബ് കളക്ടറെയും, മറ്റ് ആവശ്യങ്ങൾക്കുള്ള കെട്ടിട നിർമ്മാണത്തിനുള്ള എൻ.ഒ.സി. ലഭ്യമാക്കുന്നതിനുള്ള അപേക്ഷകളിൽ തുടർനടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടറെയും അധികാരപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. വാങ്ങാതെ അനധികൃതമായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആയവ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ വിസ്തൃതിയിൽ കുറവ്

334 (1449) ശ്രീ. പി. ടി. തോമസ്:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ കൊട്ടക്കമ്പൂർ, വട്ടവട വില്ലേജുകളിൽ റീസർവ്വെ നടത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത റീസർവ്വെയിൽ നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ വിസ്തൃതിയിൽ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ടോ; എത്ര ഹെക്ടർ കുറവ് വന്നു;

(സി) കുറിഞ്ഞി മേഖലയിൽ ജനവാസ കേന്ദ്രങ്ങളും ആരോഗ്യവിദ്യാഭ്യാസ സ്ഥാപനങ്ങളും സർക്കാർ -അർദ്ധസർക്കാർ സ്ഥാപനങ്ങളും നിലനിൽക്കുന്നുണ്ടോ;

(ഡി) ഇവയ്ക്ക് കുറിഞ്ഞി മേഖലയിൽ ഭൂമി അനുവദിച്ചാൽ കുറിഞ്ഞി ഉദ്യാനത്തിന്റെ വിസ്തൃതി എത്ര ഹെക്ടർ കുറയുമെന്ന് അറിയിക്കാമോ;

(ഇ) മന്ത്രിസഭ ഉപസമിതി ഇടുക്കി സന്ദർശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ റവന്യ മന്ത്രി മുഖ്യമന്ത്രിക്ക് സമർപ്പിച്ച പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) റീസർവ്വെ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) സെറ്റിൽമെന്റ് നടപടികൾ പൂർത്തീകരിച്ചെങ്കിൽ മാത്രമേ ടി വിവരം ലഭ്യമാക്കാൻ കഴിയുകയുള്ളൂ.

(ഇ) സന്ദർശിച്ചിരുന്നു. ശിപാർശകൾ പരിഗണിച്ചുവരികയാണ് അന്തിമമാക്കിയിട്ടില്ല.

## കായൽ കയ്യേറ്റം

335 (1450) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ വാട്ടർ വേൾഡ് ടൂറിസം കമ്പനിയുടെ കായൽ കയ്യേറ്റവുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) 2008-ലെ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ പരാമർശിച്ചിട്ടുള്ള കുറ്റം പ്രസ്തുത കമ്പനി നടത്തിയിട്ടുണ്ട് എന്ന് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം നടപടികൾ ഈ കമ്പനിക്കെതിരെ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കുട്ടനാട് താലൂക്കിൽ കൈനകരി വില്ലേജ് മാർത്താണ്ഡം കായൽ കയ്യേറ്റവുമായി ബന്ധപ്പെട്ട് 22-9-2017-നും 20-10-2017-നും സർക്കാരിലേയ്ക്ക് ജില്ലാ കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(ബി) മാർത്താണ്ഡം കായൽ പാടശേഖരത്തിന്റെ വടക്കുപടിഞ്ഞാറെ മൂലയിൽനിന്നും കിഴക്കോട്ടും തെക്കോട്ടും വാട്ടർവേൾഡ് ടൂറിസം കമ്പനി ഗ്രാവൽ ഇട്ട് ടി പ്രദേശം ഉയർത്തിയതായും നിലവിലെ ഭൂമിയുടെ ഘടനയിൽ സാരമായ മാറ്റങ്ങൾ വരുത്തിയിട്ടുള്ളതായും പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടിട്ടുണ്ടെന്ന് പരാമർശിച്ചിട്ടുണ്ട്.

(സി) കുട്ടനാട് തഹസിൽദാർ (ഭൂരേഖ) മുഖേന സർവ്വേ നടപടികൾ നടത്തുകയും അനധികൃത കയ്യേറ്റം കണ്ടെത്തിയതിനാൽ കേരള ഭൂസംരക്ഷണ നിയമ പ്രകാരവും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരവും തുടർനടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

## റിവർ മാനേജ്മെന്റ് ഫണ്ട്

336 (1451) <u>ശ്രീ. കെ. എൻ. എ. ഖാദർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് വകമാറ്റി ചെലവഴിച്ചതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം 2017 ഡിസംബർ 31 വരെ എത്ര തുക പുഴകളിൽനിന്നും വരുമാനമായി ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ച് ഇവയുടെ കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഇപ്രകാരം വരുമാനം ലഭിച്ച പുഴകളുടെ സംരക്ഷണത്തിനായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ പുഴകൾ മാലിന്യ നിക്ഷേപകേന്ദ്രങ്ങൾ ആയി മാറാതിരിക്കാൻ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തി സംരക്ഷണ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും വകമാറ്റി ചെലവഴിച്ചതായി ഓഡിറ്റിൽ കണ്ടെത്തിയ തുക ബന്ധപ്പെട്ട അക്കൗണ്ടിൽ നിന്നും റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് തിരികെ അടവാക്കിയിട്ടുണ്ട്.

(ബി & സി)

| ജില്ല | ലഭിച്ച തുക (രൂപയിൽ) | ചിലവഴിച്ച തുക (രൂപയിൽ) |
|---|---|---|
| തിരുവനന്തപുരം | ഇല്ല | ഇല്ല |
| കൊല്ലം | 8,87,496 | 12,36,41,662 |
| പത്തനംതിട്ട | ഇല്ല | ഇല്ല |
| ആലപ്പുഴ | 2,44,604 | 17,22,309 |
| കോട്ടയം | 2,383 | 1,05,02,959 |
| ഇടുക്കി | ഇല്ല | ഇല്ല |
| എറണാകുളം | 82,35,203 | 12,80,28,229 |
| തൃശ്ശൂർ | ഇല്ല | ഇല്ല |
| പാലക്കാട് | 86,56,270 | ഇല്ല |
| വയനാട് | ഇല്ല | ഇല്ല |
| മലപ്പുറം | ഇല്ല | ഇല്ല |
| കോഴിക്കോട് | ഇല്ല | 9,76,23,661 |
| കണ്ണൂർ | 1,94,76,621 | 2,94,34,628 |
| കാസർഗോഡ് | 57,58,517 | 3,00,000 |

(ഡി) സംസ്ഥാന ഉന്നതതല സമിതിയുടെ അംഗീകാരത്തിന് വിധേയമായി ഇക്കാര്യം പരിശോധിക്കുന്നതാണ്.

## പരാതി പരിഹാര അദാലത്തുകൾ

337 (1452) ശ്രീ. ബി. സത്യൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. പ്രദീപ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നത് പരാതി പരിഹാര അദാലത്തുകൾ സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ വിശദാംശം നൽകുമോ;

(സി) അദാലത്തിന്റെയും തുടർപ്രവർത്തനങ്ങളുടെയും നിരീക്ഷണത്തിനായി കളക്ടറേറ്റുകളിലും ആർ.ഡി.ഒ. ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും പ്രത്യേക സെൽ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) അദാലത്തിൽ ലഭിക്കുന്ന അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികൾ ജില്ലകളിൽ സംഘടിപ്പിക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് എല്ലാ ജില്ലകളിലും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ച പരാതി പരിഹാര അദാലത്തുകൾ നടത്തിവരുന്നുണ്ട്.

(ബി) 26-10-2017-ലെ സ.ഉ.(കൈ)362/2017/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പരാതി പരിഹാര അദാലത്തുകൾ നടത്തുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ അദാലത്തിന്റെയും തുടർ പ്രവർത്തനങ്ങളുടെയും നിരീക്ഷണത്തിനായി കളക്ടറേറ്റുകളിലും ആർ.ഡി.ഒ. ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ എന്നീ ജില്ലകളിൽ പ്രത്യേക സെൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇതുസംബന്ധിച്ച വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ 26-10-2017-ലെ സ.ഉ.(കൈ)362/2017/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## ലാൻഡ് ട്രൈബ്യൂണലിന്റെ പ്രവർത്തനം

338 (1453) <u>ശ്രീ. കെ. വി. വിജയദാസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാൻഡ് ട്രിബ്യൂണലിന്റെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം നൽകുമോ;

(ബി) എൽ.ടി. യുടെ മുന്നിൽ വരുന്ന കേസുകളിൽ എത്ര എണ്ണം തീർപ്പാക്കാൻ ബാക്കിയുണ്ട്; വിശദവിവരം നൽകുമോ;

(സി) കേസുകൾ തീർപ്പാക്കാതെ അവശേഷിക്കുന്നതിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ; ഇക്കാര്യം പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 17 ലാൻഡ് ട്രൈബ്യൂണലുകളും ദേവസ്വം കേസുകൾ കൈകാര്യം ചെയ്യാൻ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.)ന്റെ 14 ദേവസ്വം ട്രൈബ്യൂണലുകളും നിലവിലുണ്ട്. ഏറ്റവും കൂടുതൽ കേസുകൾ കെട്ടിക്കിടക്കുന്ന തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, കണ്ണൂർ ജില്ലകളിലെ 29 സ്പെഷ്യൽ തഹസിൽദാർമാർക്ക് അധിക ചുമതല നൽകിയിട്ടുമുണ്ട്.

(ബി) 31-12-2017 തീയതിയിലെ കണക്കുകൾ പ്രകാരം ലാൻഡ് ട്രൈബ്യൂണലുകളിൽ 105061 കേസുകളും ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകളിൽ 29692 കേസുകളും തീർപ്പാക്കാൻ ബാക്കിയുണ്ട്.

(സി) കേരള ഭൂപരിഷ്കരണ നിയമം, 1963 വകുപ്പ് 74 പ്രകാരം 1-1-1970-ന ശേഷം കേരളത്തിൽ കുടിയായ്മ അവസാനിപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തീയതിക്ക് മുൻപ് കുടിയാന്മാർ, കുടികിടപ്പുകാർ തുടങ്ങിയ വിഭാഗത്തിൽപ്പെട്ട ആളുകൾ ഇപ്പോഴും അപേക്ഷ സമർപ്പിക്കുന്നുണ്ട്. കൂടാതെ ഇത്തരത്തിൽ ക്രയ സർട്ടിഫിക്കറ്റ് ലഭിക്കാത്തവർക്കായി ലാൻഡ് ട്രൈബ്യൂണലുകൾ സ്വമേധയാ കേസെടുക്കാറുണ്ട്. എന്നാൽ പട്ടയം ലഭിക്കാത്ത ഭൂമി പല ആളുകൾക്കായി സബ് ഡിവൈഡ് ചെയ്ത് പോകുമ്പോൾ പുതിയ കൈവശക്കാർ പട്ടയങ്ങൾക്കായി ലാൻഡ് ട്രൈബ്യൂണലിൽ അപേക്ഷ സമർപ്പിക്കുന്ന സാഹചര്യമുണ്ട്. സമയബന്ധിതമായി ക്രയ സർട്ടിഫിക്കറ്റ് നൽകുന്ന നടപടികൾ ലാൻഡ് ബോർഡ് സ്വീകരിക്കുകയും ആയതിൻമേൽ പ്രതിമാസ യോഗങ്ങളിലൂടെ പുരോഗതി വിലയിരുത്തുകയും ചെയ്തുവരുന്നു.

## ലാന്റ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ

339 (1454) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാന്റ് ട്രിബൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിലേക്കായി സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാന്റ് ട്രിബൂണലുകളുടെ അധിക ചുമതല നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതുമൂലം ലാന്റ് ട്രിബുണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിൽ ഉണ്ടായിട്ടുള്ള പുരോഗതിയെന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലാന്റ് ട്രൈബ്യൂണലുകളുടെ കേസ് തീർപ്പാക്കാനുള്ള നടപടികളിലൂടെ കേസ് തീർപ്പാക്കലിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷം 16169 കേസുകൾ തീർപ്പാക്കിയ സ്ഥാനത്ത് ഈ വർഷം നാളിതുവരെ 33421 കേസുകൾ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

## കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദ് ചെയ്യാൻ നടപടി

340 (1455) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ നിയമങ്ങളാണ് അപ്രകാരം റദ്ദ് ചെയ്യുന്നതിന് ആലോചിക്കുന്നത്; ഇത് സംബന്ധിച്ച നടപടി ഏത് ഘട്ടത്തിലാണ്?

<u>ഉത്തരം</u>

(എ & ബി) റവന്യൂ വകുപ്പ് ഇപ്പോൾ ഉപയോഗിക്കാത്ത താഴെപ്പറയുന്ന 8 ആക്ടുകൾ റദ്ദ് ചെയ്യാൻ നിയമവകുപ്പ് മുഖാന്തിരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സെയിൽ ഓഫ് ലാന്റ് ഫോർ റവന്യൂ അരിയേഴ്സ് ആക്ട് (1 ഓഫ് 1845)

2. ബൗണ്ടറീസ് ആക്ട് (1 ഓഫ് 1847)

3. ദി മദ്രാസ് റവന്യൂ കമ്മീഷണർ ആക്ട് 1849 (X ഓഫ് 1849)

4. ദി മദ്രാസ് സിറ്റി ലാന്റ് റവന്യൂ ആക്ട് 1851 (XII ഓഫ് 1851)

5. ദി സെൻട്രൽ പ്രോവിഡൻസ് ലാന്റ് റവന്യൂ ആക്ട് 1881 (XVIII ഓഫ് 1881)

6. ദി സെൻട്രൽ പ്രോവിഡൻസ് ടെനൻസി ആക്ട് 1898 (XII ഓഫ് 1898)

7. ദി വെയ്സ്റ്റ് ലാന്റ് ആക്ട് (ക്ലെയിംസ്) ആക്ട് 1863 (XXII ഓഫ് 1863)

8. ലാന്റ് ഇംപ്രൂവ്മെന്റ് ലോൺസ് ആക്ട്, 1883

**ആർ.ഡി. ഓഫീസ്**

341 (1456) <u>ശ്രീ. സി. ദിവാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 ബജറ്റിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ അനുവദിച്ച ആർ.ഡി. ഓഫീസ് ഏത് നിയോജക മണ്ഡലത്തിലാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ആർ.ഡി. ഓഫീസ് അനുവദിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) നെടുമങ്ങാട് ആസ്ഥാനമായി പുതിയ റവന്യൂ &ഡിവിഷൻ രൂപീകരിക്കുന്നതിന് മന്ത്രിസഭാ യോഗം തീരുമാനിച്ചിട്ടുണ്ട്.

**സർവേയർ ഗ്രേഡ് 2 നിയമനം**

342 (1457) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്കന്റ് ഗ്രേഡ് സർവ്വേയർ ലിസ്റ്റ് നിലവിൽ വന്നതും അവസാനിക്കുകയും ചെയ്തത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ; എത്ര സർവ്വേയർ ഗ്രേഡ് 2 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു എന്ന് വ്യക്തമാക്കാമോ; സർവ്വേയർ ഗ്രേഡ് 2 -ൽ പരീക്ഷ നടന്നതെപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(ബി) പരീക്ഷയ്ക്കുശേഷം മെയിൻ ലിസ്റ്റും സപ്ലിമെന്ററി ലിസ്റ്റും അടക്കം എത്ര പേരുടെ ലിസ്റ്റാണ് ഈ തസ്തികയിലേക്ക പി.എസ്.സി. പ്രസിദ്ധീകരിച്ചതെന്ന് വ്യക്തമാക്കാമോ; എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതെന്ന് വ്യക്തമാക്കാമോ;

(സി) റീ-സർവ്വേ നടപടികൾ ആരംഭിച്ച ഘട്ടത്തിൽ തന്നെ ജോലിക്കാവശ്യമായ സർവ്വേയർമാരുടെ എണ്ണത്തിൽ വന്ന കുറവ് സർവ്വേ ജോലികളെ ബാധിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ എന്ന് വ്യക്തമാക്കാമോ; കാസർഗോഡ്, ഇടുക്കിൽ ആരംഭിച്ച സർവ്വേ നടപടികൾക്ക് മറ്റുള്ള ജില്ലകളിൽ നിന്നും ആളുകളെ നിയമിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ എത്ര പേരാണ് ഡെപ്യൂട്ടേഷനിൽ കാസർഗോഡ് ജില്ലയിലേക്ക വന്നതെന്ന് വ്യക്തമാക്കാമോ; 2013-ൽ എത്ര സർവ്വേയർ ഗ്രേഡ് 2 തസ്തികകൾ വെട്ടിക്കുറച്ചിരുന്നു എന്ന് വ്യക്താക്കാമോ;

(ഇ) വെട്ടിക്കുറച്ച തസ്തികകൾ പുനഃസ്ഥാപിക്കാത്തതും പുതിയ നിയമനങ്ങൾ നടത്താത്തതുമാണ് ഇപ്പോൾ സർവ്വേ രംഗത്തുള്ള പ്രതിസന്ധിക്ക കാരണമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ;

(എഫ്) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെ വില്ലേജിലും താലൂക്കിലും സർവ്വേയറില്ല എന്ന കാരണം അളക്കാൻ പ്രൈവറ്റ് ആളുകളെ നിയോഗിക്കുന്നത് റീസർവ്വേ സ്വകാര്യവത്ക്കരിക്കാൻ പോകുന്നു എന്ന വാർത്ത ദൃഢീകരിക്കുന്ന താണോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സെക്കന്റ് ഗ്രേഡ് സർവ്വേയർ റാങ്ക് ലിസ്റ്റ് 15-11-2008-ന് നിലവിൽ വരികയും 14-5-2013-ൽ അവസാനിക്കുകയും ചെയ്തു. ഈ പട്ടികയിൽ മുഖ്യപട്ടികയിൽ ആകെ 2612 പേരാണ് ഉൾപ്പെട്ടിരുന്നത്. സപ്ലിമെന്ററി ലിസ്റ്റിൽ ആരും ഉൾപ്പെട്ടിരുന്നില്ല. നിലവിൽ 133 സർവ്വേയർ ഗ്രേഡ് 2 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. സർവ്വെയർ ഗ്രേഡ് 2 തസ്തികയിൽ നിലവിലുള്ള 133 ഒഴിവുകൾ പി. എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാറ്റഗറി 415/15 ആയി ടി തസ്തികയിലേയ്ക്ക് പി. എസ്. സി. വീണ്ടും അപേക്ഷ ക്ഷണിക്കുകയും 20-8-2016-ന് പരീക്ഷ നടത്തുകയും ചെയ്തിട്ടുണ്ട്. സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് പരിശോധന നടന്നുവരുന്നു.

(സി) സർവ്വേയർമാരുടെ കുറവ് റീസർവ്വേ ജോലികളെ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജീവനക്കാർക്ക് ആനുപാതികമായ പുരോഗതി സർവ്വേ പ്രവർത്തനങ്ങളിൽ കൈവരിച്ചിട്ടുണ്ട്. കാസർഗോഡ് ഇടുക്കി ജില്ലകളിൽ ആരംഭിച്ച റീസർവ്വേ ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി മറ്റ് ജില്ലകളിൽനിന്നും ജീവനക്കാരെ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിരുന്നു.

(ഡി) 267 സർവ്വെയർമാർ ഉൾപ്പെടെ 446 ജീവനക്കാരെ കാസർഗോഡ് ജില്ലയിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിരുന്നു. 2013-ൽ 400 സർവ്വെയർ തസ്തികകൾ വെട്ടിക്കുറച്ചിരുന്നു.

(ഇ&എഫ്) നിലവിലെ ജീവനക്കാരുടെ എണ്ണത്തിനാനുപാതികമായ പുരോഗതി സർവ്വേ പ്രവർത്തനങ്ങളിൽ കൈവരിച്ചുവരുന്നു. റീസർവ്വേ സ്വകാര്യവത്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. സമയബന്ധിതമായി റീസർവ്വേ നടത്തുന്നതിനായി ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയുക്തമാക്കുന്നതിനും അതിനായി കേന്ദ്ര എംപാനൽഡ് ഏജൻസികളുടെ സേവനം വിനിയോഗിക്കുന്നതിനുമുള്ള ശിപാർശയടങ്ങുന്ന ഫയൽ ധനവകുപ്പിന്റെ പരിഗണനയിലാണ്.

## അനധികൃതമായി ഭൂമി കൈവശപ്പെടുത്തിയതായുള്ള പരാതി

343 (1458) ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടക്കമ്പൂർ, വട്ടവട വില്ലേജുകളിലെ പട്ടികജാതിക്കാരുടെ ഭൂമി ഇടുക്കി എം.പി. കൈവശപ്പെടുത്തിയതായുള്ള പരാതിയിന്മേലുള്ള അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) അന്വേഷണം രണ്ട് മാസത്തിനുള്ളിൽ പൂർത്തിയാക്കിയില്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസിയെ ഏൽപ്പിക്കുമെന്ന് ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണം ഊർജ്ജിതപ്പെടുത്തി ഭൂമി തിരികെ പിടിച്ച് യഥാർത്ഥ ഉടമസ്ഥർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത എം.പി.-യുടെ കൊട്ടക്കമ്പൂർ വില്ലേജിലെ പട്ടയം റവന്യൂ അധികാരികൾ റദ്ദാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇപ്രകാരം ഒരു പരാതി ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) ബഹുമാനപ്പെട്ട ജോയ്സ് ജോർജ്ജ് എം.പി.യുടെ വക കൊട്ടക്കാംബൂർ വില്ലേജിൽ ബ്ലോക്ക് 58-ലെ 120-ാം നമ്പർ തണ്ടപ്പേരിനാധാരമായ എൽ.എ.10/2001 നമ്പർ പട്ടയം കേരള ഭൂമി പതിവ് ചട്ടങ്ങളുടെയും വ്യവസ്ഥകളുടെയും ലംഘനമാണെന്ന് കണ്ട് ദേവികുളം സബ് കളക്ടർ റദ്ദ് ചെയ്തിട്ടുള്ളതാണ്. ടി നടപടിക്കെതിരായി സമർപ്പിച്ചിട്ടുള്ള അപ്പീൽ ഇടുക്കി ജില്ലാ കളക്ടറുടെ പരിഗണനയിലാണ്.

**മൂന്നാറിലെയും കുറിഞ്ഞിസാങ്കേതത്തിലെയും അനധികൃത കയ്യേറ്റങ്ങൾ**

344 (1459) <u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u>:
<u>ശ്രീ. സി. മമ്മൂട്ടി</u>:
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെയും കുറിഞ്ഞി സങ്കേതത്തിലെയും കയ്യേറ്റങ്ങൾ തടയേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണെന്ന് ഹരിത ട്രൈബ്യൂണലിന്റെ വിധിയുണ്ടോ യെന്ന് വെളിപ്പെടുത്താമോ;

(ബി) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ മേഖലയിലെ കയേറ്റവും അനധികൃത കെട്ടിട നിർമ്മാണവും തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളെന്തെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വിധി ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമ പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു.

## മലബാർ റെഗുലേറ്റഡ് മാർക്കറ്റിംഗ് സൊസൈറ്റിക്കായി ഏറ്റെടുത്ത ഭൂമി

345 (1460) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ റെഗുലേറ്റഡ് മാർക്കറ്റിംഗ് സൊസൈറ്റിക്ക് വേണ്ടി പേരാമ്പ്രയിൽ ഏറ്റെടുത്ത ഭൂമി, സൊസൈറ്റിയുടെ പ്രവർത്തനം അവസാനിച്ചതിനെ തുടർന്ന് മുൻ ഭൂഉടമകൾക്ക് നൽകിക്കൊണ്ട് റവന്യൂ വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് പേരാമ്പ്ര പഞ്ചായത്ത് പ്രസിഡണ്ട് റവന്യൂ മന്ത്രിക്ക് നിവേദനം നൽകിയിരുന്നോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്ത് നടപടിയാണ് കൈക്കൊണ്ടത്എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഭൂമി ഇപ്പോൾ ആരുടെ കൈവശമാണ് ഉള്ളത് എന്ന് അറിയിക്കാമോ?

### ഉത്തരം

(എ) മലബാർ റെഗുലേറ്റഡ് മാർക്കറ്റിംഗ് സൊസൈറ്റിക്ക് വേണ്ടി പേരാമ്പ്രയിൽ ഏറ്റെടുത്ത ഭൂമി സൊസൈറ്റിയുടെ പ്രവർത്തനം അവസാനിച്ചതിനെ ത്തുടർന്ന് 29-7-2003-ലെ സ.ഉ.(സാധാ)2219/03/റവ നമ്പർ ഉത്തരവ് പ്രകാരം കൊയിലാണ്ടി താലൂക്കിലെ 1.36 ഏക്കർ ഭൂമി നിലവിലെ മാർക്കറ്റ് വില നൽകിക്കൊണ്ട് മുൻ ഭൂഉടമയായ ശ്രീമതി കല്ല്യാണി അമ്മക്ക് തിരിച്ചുനല്കാൻ ഉത്തരവായിട്ടുള്ളതാണ്.

(ബി) ഉത്തരവ് റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് പേരാമ്പ്ര പഞ്ചായത്ത് പ്രസിഡന്റ് റവന്യൂ മന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്.

(സി) ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. (22-5-2015-ലെ WA.2228/2012 കേസ്സ്)

(ഡി) പ്രസ്തുത ഭൂമി ഇപ്പോൾ സർക്കാരിൽ നിക്ഷിപ്തമാണ്.

## പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമി

346 (1461) ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ ഏതെല്ലാം സ്ഥലങ്ങളിലുള്ള ഭൂമി ഏറ്റെടുത്തുവെന്ന് വ്യക്തമാക്കുമോ;

(സി) ഇനി ഏതെല്ലാം ഭൂമി ഏറ്റെടുക്കുന്നതിനാണ് നടപടികൾ കൈക്കൊണ്ടുവരുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇവ ഓരോന്നും നിലവിൽ ആരുടെയെല്ലാം കൈവശമാണ് ഇരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാട്ടക്കാലവധി കഴിഞ്ഞ കേസ്സുകളിൽ പാട്ടം പുതുക്കുന്നതിനോ തിരിച്ചെടുക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്ത് പാട്ടത്തിന് നൽകിയിട്ടുള്ള ഓരോ കേസും പരിശോധിച്ച് സ്വീകരിക്കേണ്ട നിലപാട് സംബന്ധിച്ച് ശിപാർശ സമർപ്പിക്കുന്നതിന് 18-2-2017-ലെ ജി.ഒ. (എം.എസ്.) 55/17/റവന്യൂ ഉത്തരവ് പ്രകാരം സമിതി രൂപീകരിച്ചിട്ടുണ്ട്. 17-1-2018-ലെ ജി.ഒ. (എം.എസ്.)15/2018/റവന്യൂ ഉത്തരവ് പ്രകാരം പ്രസ്തുത സമിതിയിൽ ധനകാര്യ (വ്യയം) വകുപ്പ് സെക്രട്ടറിയെക്കൂടി ഉൾപ്പെടുത്തി സമിതി പുനഃസംഘടിപ്പിച്ചിട്ടുള്ളതാണ്.

(ബി - ഡി) വിവരം ശേഖരിച്ചുവരുന്നു.

**റീ-സർവ്വേ നടപടി**

347 (1462) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീ-സർവ്വേ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഭൂമി കൈമാറ്റം കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഇടുക്കി, പത്തനംതിട്ട, വയനാട് ജില്ലകളിൽ സമയബന്ധിതമായി റീ-സർവ്വേ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇടുക്കി ജില്ലയിലെ കുറിഞ്ഞി ഉദ്യാന മേഖലയിൽ ഇപ്പോൾ എത്ര കുടുംബങ്ങൾ കുടിയേറി താമസിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇവർക്ക് മറ്റ് സ്ഥലങ്ങളിൽ സ്വന്തമായി ഭൂമി ഉണ്ടോയെന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 899 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. വിവിധ ജില്ലകളിലായി 32 വില്ലേജുകളുടെ റീ-സർവ്വേ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

(ബി) ഇടുക്കി, പത്തനംതിട്ട, വയനാട് ജില്ലകൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ മുഴുവൻ ജില്ലകളുടെയും റീ-സർവ്വേ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

**റീ-സർവ്വേ നടപടികൾ**

348 (1463) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദശാബ്ദങ്ങളായിട്ടും റീ-സർവ്വേ നടപടികൾ പൂർത്തീകരിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(ബി) റീ-സർവ്വേ നടപടികൾ പുനരാരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയാണ് ആരംഭിച്ചത് എന്നറിയിക്കുമോ;

(സി) റീ-സർവ്വേ സമയബന്ധിതമായി തീർപ്പാക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 1966 മുതൽ റീ-സർവ്വേ ജോലികൾ നടന്നുവരുന്നു. ആദ്യഘട്ടത്തിൽ 500-ൽ പരം വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയാക്കി റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിരുന്നുവെങ്കിലും ഇക്കാലയളവിൽ ഭൂമിയുടെ ക്രയവിക്രയങ്ങളിലും ഉടമസ്ഥാവകാശങ്ങളിലും ധാരാളം മാറ്റങ്ങളുണ്ടായത് റിക്കാർഡുകളിൽ ഉൾപ്പെടുത്താൻ കഴിയാതിരുന്ന സാഹചര്യത്തിൽ ധാരാളം പരാതികൾ ഉണ്ടാവുകയും 1995 മുതൽ മുഴുവൻ സർവ്വേ ജോലിക്കാരെയും റീ-സർവ്വേ പരാതികൾ പരിഹരിക്കുന്നതിന് നിയോഗിക്കുകയും ചെയ്തു. 2011-2016

കാലഘട്ടങ്ങളിൽ റീ-സർവ്വേ പ്രവർത്തനം സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിരുന്നു. റീ-സർവ്വേ, എൽ.ആർ.എം. പ്രവർത്തനങ്ങൾ എന്നിവയ്ക്കുപുറമേ കാലാകാലങ്ങളിൽ സർക്കാരിന്റെ വിവിധ വികസന പദ്ധതികൾക്കാവശ്യമായ സർവ്വേ പ്രവർത്തനങ്ങൾ, വനാവകാശ സർവ്വേ, പട്ടയം നൽകുന്നതിനാവശ്യമായ സർവ്വേ, ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ സർവ്വേ, സീറോ ലാന്റ് ലെസ്സ് പദ്ധതിയ്ക്കാവശ്യമായ സർവ്വേ, പവർ ഗ്രിഡ് ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട സ്പെഷ്യൽ സർവ്വേ ജോലികളും സർവ്വേ ജീവനക്കാരെ നിയോഗിച്ചാണ് ചെയ്യുന്നത്. ഇക്കാരണങ്ങളാൽ റീ-സർവ്വേ പ്രവർത്തനങ്ങൾ നീണ്ടുപോയിട്ടുണ്ട്.

(ബി) ഉണ്ട്. കാസർഗോഡ് ജില്ലയിലും ഇടുക്കി ജില്ലയിലും.

(സി) ജീവനക്കാരുടെ അപര്യാപ്തതയും, കാലോചിതമായ സാങ്കേതിക വിദ്യ കൈക്കൊള്ളാത്തതും കാരണം റീ-സർവ്വേ തുടങ്ങി വർഷങ്ങൾ പിന്നിട്ടിട്ടും സംസ്ഥാനത്തെ 60% ഭൂമിയുടെ മാത്രമേ റീസർവ്വേ നടത്താൻ സാധിച്ചിട്ടുള്ളൂ. സമയബന്ധിതമായി സംസ്ഥാനത്തെ മുഴുവൻ ഭൂമിയുടേയും റീ-സർവ്വേ പൂർത്തിയാക്കുന്നതിനായി ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിജിറ്റൽ സർവ്വേ നടത്തുന്നതിനും അതിനായി കേന്ദ്ര എംപാനൽഡ് ഏജൻസികളിൽനിന്നും സർവ്വേയർമാരുടെ സേവനം ലഭ്യമാക്കുന്നതിനുമുള്ള ശിപാർശയടങ്ങുന്ന ഫയൽ ധനവകുപ്പിന്റെ പരിഗണനയിലാണ്.

## ഭൂമി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ചേർന്ന യോഗം

349 (T 1464) <u>ശ്രീ. എസ്. രാജേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ, മൂന്നാർ ഉൾപ്പെടെയുള്ള ഭൂമി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം കൈക്കൊണ്ട തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ ഉദ്യോഗസ്ഥർ വീഴ്ചവരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ഇല്ല. പ്രസ്തുത തീരുമാനങ്ങളിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) ബാധകമല്ല.

**ഡാറ്റാ ബാങ്ക്**

350 (1465) <u>ശ്രീ. എം. ഉമ്മർ</u>:

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡാറ്റാ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സമയപരിധി എത്രയാണെന്ന് വിശദമാക്കാമോ;

(ബി) ആക്ട് നിലവിൽ വന്ന് നാളിതുവരെ ഡേറ്റാ ബാങ്ക് രൂപീകരിക്കാൻ കഴിയാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ എന്തെല്ലാമാണ്;

(സി) ഡാറ്റാ ബാങ്ക് രൂപീകരണത്തിന് കൃഷി വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സഹകരണം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ;

(ഡി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഇ) ഡാറ്റാ ബാങ്ക് എന്നത്തേക്ക് പ്രസിദ്ധീകരിക്കാൻ കഴിയും എന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും റിപ്പോർട്ട് തേടിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(എഫ്) ഡാറ്റാ ബാങ്ക് എന്നത്തേക്ക് രൂപീകരിക്കാൻ കഴിയുമെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടപ്രകാരം ടി ചട്ടം നിലവിൽ വന്ന തീയതി മുതൽ 3 മാസത്തിനകം ഡാറ്റാ ബാങ്ക് തയ്യാറാക്കണം എന്നതാണ് വ്യവസ്ഥ.

(ബി) ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നത് പ്രാദേശിക വികസന സമിതിയാണ്. കൃഷി ഓഫീസർ കൺവീനറായ സമിതി രൂപം നൽകുന്ന ഡാറ്റാ ബാങ്ക് പ്രസിദ്ധപ്പെടുത്തുന്നത് അതത് തദ്ദേശ സ്വയംഭരണ സെക്രട്ടറിമാരാണ്. ഡാറ്റാ ബാങ്ക് രൂപീകരിക്കാത്തതിന്റെ കാരണങ്ങൾ റവന്യൂ വകുപ്പ് മുഖേന പരിശോധിച്ചിട്ടില്ല.

(സി) ഡാറ്റാ ബാങ്ക് രൂപീകരണത്തിനും കൃഷി വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സഹകരണം ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി - എഫ്) ബാധകമല്ല.

## ഭൂപരിധി നിയമം ലംഘിച്ച് ഭൂമി കൈവശം വച്ചിരിക്കുന്നതായ ആക്ഷേപം

351 (1466) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ എം.എൽ.എ., ഭൂപരിധി നിയമം ലംഘിച്ച് ഭൂമി കൈവശം വച്ചിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തെങ്കിലും അന്വേഷണം നടത്തിയോ; അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഭൂപരിഷ്കരണ നിയമപ്രകാരം ഒരു വ്യക്തിക്ക് / കുടുംബത്തിന് കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) മേല്പറഞ്ഞ അന്വേഷണത്തിൽ പ്രസ്തുത പരിധിക്ക് അധികമായി ഭൂമി കണ്ടെത്തിയിട്ടുണ്ടെങ്കിൽ മിച്ചഭൂമിയായി പ്രഖ്യാപിച്ച് ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്താൻ ഏറനാട്, നിലമ്പൂർ സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർമാരെ സെക്രട്ടറി, ലാൻഡ് ബോർഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഭൂപരിഷ്കരണ നിയമപ്രകാരം ഒരു വ്യക്തിക്ക് കൈവശം വയ്ക്കാവുന്ന ഭൂപരിധി 5 സ്റ്റാൻഡേർഡ് ഏക്കറും, അഞ്ച് അംഗ കുടുംബത്തിന് 10 സ്റ്റാൻഡേർഡ് ഏക്കറുമാണ്.

(ഡി) അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## റീ-സർവ്വേ നടപടിക്ക് കാലതാമസം

352 (1467) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ താലൂക്ക് ഓഫീസിൽ റീ-സർവ്വേ നടപടിക്ക് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപേക്ഷ സമർപ്പിച്ച് ആറു മാസം കഴിഞ്ഞിട്ടും തീർപ്പാക്കാത്ത എത്ര ഫയലുകളുണ്ട്;വിശദമാക്കാമോ;

(സി) ചുങ്കത്തറ-കുറ്റിമുണ്ട റോഡിന്റെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് സർവ്വേ നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുമോ;

(ഡി) വഴിക്കടവ് കെട്ടുങ്ങൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് സർവ്വേ നടത്തുന്നതിനായി വഴിക്കടവ് പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ കാലതാമസം കൂടാതെ അതിന്മേൽ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 1408 അപേക്ഷകൾ.

(സി) ചുങ്കത്തറ-കുറ്റിമുണ്ട റോഡിന്റെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് സർവ്വേ നടത്തുന്നതിന് നിലമ്പൂർ താലൂക്ക് ഓഫീസിൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## കടുത്തുരുത്തി-മുളക്കുളം ആപ്പാഞ്ചിറ-പൂഴിക്കോൽ പ്രദേശത്തെ പോക്കുവരവ്

353 (1468) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കടുത്തുരുത്തി-മുളക്കുളം വില്ലേജുകളിലെ ആപ്പാഞ്ചിറ-പൂഴിക്കോൽ പ്രദേശത്തെ പോക്കുവരവും ആധാരവും നടത്താൻ കഴിയാത്ത സാഹചര്യം പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് വകുപ്പ് മന്ത്രിക്ക് 3-1-2018-ൽ നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മുളക്കുളം വില്ലേജിലെ ആപ്പാഞ്ചിറ ഉൾപ്പെടുന്ന പൂഴിക്കോൽകരയുടെ കടുത്തുരുത്തി വില്ലേജിലെ റവന്യൂപരമായ നടപടികൾ സംബന്ധിച്ച് പുറത്തിറക്കിയ 1-4-1991-ലെ എസ്.ആർ.ഒ. ഗസറ്റ് വിജ്ഞാപനത്തിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രദേശത്തെ പോക്കുവരവിലും രജിസ്ട്രേഷനിലും ഓൺലൈൻ സംവിധാനത്തിൽ നിലവിൽ ഉണ്ടായ അപാകത പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

## സർവ്വേയർമാരുടെ ഒഴിവ് നികത്തുന്നതിന് നടപടി

354 (1469) ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവേയർമാരുടെ എത്ര ഒഴിവ് നിലവിലുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്താണ് തടസ്സമെന്ന് വിശദമാക്കാമോ;

(സി) സർവേയർ തസ്തികയിലെ എല്ലാ ഒഴിവുകളിലേക്കും അടിയന്തരമായി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് രണ്ടാംതരം സർവ്വേയർമാരുടെ 133 ഒഴിവുകളും ഒന്നാംതരം സർവ്വേയർമാരുടെ 14 ഒഴിവുകളും നിലവിലുണ്ട്.

(ബി & സി) രണ്ടാംതരം സർവ്വേയർമാരുടെ 133 ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒന്നാംതരം സർവ്വേയർമാരുടെ ഒഴിവുകൾ സീനിയോരിറ്റി ലിസ്റ്റ് നിലവിൽ വരുന്ന മുറയ്ക്ക് സ്ഥാനക്കയറ്റത്തിലൂടെ നികത്തുന്നതാണ്.

**സർവേയർമാരുടെ ഒഴിവുകൾ**

355 (1470) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവേയർമാരുടെ കുറവുമൂലം റീ-സർവേ നടപടികൾ സ്തംഭനാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർവേയർമാരുടെ എത്ര തസ്തികകൾ നിലവിലുണ്ടെന്നും അതിൽ എത്രയെണ്ണം ഒഴിഞ്ഞുകിടക്കുന്നുവെന്നും വ്യക്തമാക്കാമോ;

(സി) അപ്രകാരം ഒഴിവുള്ള തസ്തികകളിൽ എത്രയെണ്ണം പി.എസ്.സി. - യ്ക്ക് റിപ്പോർട്ട് ചെയ്തു;

(ഡി) അവസാനമായി പി.എസ്.സി. സർവേയർമാർക്കുവേണ്ടി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്നാണ്; പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഘട്ടംഘട്ടമായി റീ-സർവ്വേ നടപടികൾ നടന്നുവരുന്നു. റീ-സർവ്വേ നടപടികൾ സ്തംഭനാവസ്ഥയിലാണെന്ന് കാണുന്നില്ല.

(ബി) സർവ്വേയർമാരുടെ 1678 തസ്തികകൾ നിലവിലുണ്ട്. ആയതിൽ 147 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

(സി) 133 രണ്ടാംതരം സർവ്വേയർമാരുടെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ഒഴിവുകൾ സ്ഥാനക്കയറ്റംവഴി നികത്തേണ്ടതാണ്.

(ഡി) 15-11-2008 നാണ് ടി തസ്തികയിലേയ്ക്ക് അവസാനമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. റാങ്ക് ലിസ്റ്റ് നിലവിലില്ല.

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

356 (1471) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി നിലവിലുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതിയിൻകീഴിൽ ഭൂമി വിതരണം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വീട് വയ്ക്കാൻ അനുയോജ്യമായതും പതിവിന് വിധേയവുമായ ഭൂമി കണ്ടെത്തി, പ്രസ്തുത പദ്ധതി അനുസരിച്ച് സ്ഥലം അനുവദിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദീകരിക്കുമോ;

(സി) ഭൂമിക്ക് അർഹതയുള്ള എത്ര കുടുംബങ്ങൾ നിലവിലുണ്ട്; അവർക്ക് ഭൂമി നൽകുന്ന കാര്യം ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) 'ഭൂരഹിതരില്ലാത്ത കേരളം'പദ്ധതി റദ്ദ് ചെയ്തിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതിയിൻ കീഴിൽ അനുവദിച്ച് നൽകിയ പ്ലോട്ടുകൾ കൂടുതൽ സൗകര്യാർത്ഥം മാറ്റിനൽകുകയും മറ്റുള്ളവർക്ക് വിതരണം ചെയ്യുന്നതിനായി ഭൂമി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

(ബി) തടസ്സങ്ങളൊന്നുമില്ല.

(സി) കേരളത്തിലെ മുഴുവൻ ഭൂരഹിത ഭവന രഹിതർക്കും മാന്യവും സുരക്ഷിതത്വവുമുള്ള ഭവന സംവിധാനം ഒരുക്കുന്നതിനായി ആവിഷ്കരിച്ചിരിക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി പ്രകാരം അർഹരായ കുടുംബങ്ങളെ കണ്ടെത്തുന്നതിനും അവർക്ക് പാർപ്പിട സൗകര്യമൊരുക്കുന്നതിനുമുള്ള സത്വര നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തിരം സ്വീകരിച്ചുവരുന്നു.

## കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ ഫ്ലാറ്റുകളും വീടുകളും

357 (1472) ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ കീഴിൽ വിറ്റഴിയാതെ കിടക്കുന്ന ഫ്ലാറ്റുകളുടെയും വീടുകളുടെയും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വീടുകളും ഫ്ലാറ്റുകളും വിറ്റഴിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഭവനനിർമ്മാണ ബോർഡിന്റെ കീഴിൽ വിറ്റഴിയാതെ കിടക്കുന്ന ഫ്ലാറ്റുകളുടെയും വീടുകളുടെയും ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| 1. തിരുവനന്തപുരം | ഫ്ലാറ്റ് | ഫ്ലാറ്റ് വിത്ത് ബിൽഡിംഗ് |
|---|---|---|
| ബാലരാമപുരം | 51 | |
| കവടിയാർ ഹൈറ്റ്സ് | 1 | |
| 2. എറണാകുളം (പെരുമ്പാവൂർ) | 1 | |
| 3. ആലപ്പുഴ (ചേർത്തല) | | 1 |
| 4. പാലക്കാട് (അകത്തേത്തറ) | | 3 |
| കല്ലേപ്പുള്ളി | | 1 |
| ആകെ | 53 | 5 |

മേൽപ്പറഞ്ഞ യൂണിറ്റുകൾ വിറ്റഴിക്കുന്നതിന് ലേല വിൽപ്പന തുടങ്ങിയ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

**സുനാമി ഫണ്ട്**

358 (1473) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ഫണ്ട് തിരിമറി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: ഏങ്കിൽ വിശദാംശം വ്യക്തമാക്കുമോ; ഇതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പുനരുദ്ധാരണത്തിനുവേണ്ടി സുനാമി ഫണ്ടിൽനിന്ന് മാറ്റിവെച്ചത് എത്ര തുകയാണ്; ഇതിൽ എത്ര തുക ചെലവഴിച്ചു;

(സി) കടൽത്തീരത്ത് നിന്ന് വിദൂരമായ സ്ഥലങ്ങളിലുള്ളതും സുനാമി ബാധിക്കാത്തതുമായ പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണത്തിനും റോഡ് നിർമ്മാണത്തിനും ഫണ്ട് നൽകിയതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് സ്കൂൾ കെട്ടിടങ്ങൾക്ക് സുനാമി ഫണ്ട് നൽകിയിട്ടുണ്ടോ; ഈ സ്കൂളുകളുടെ വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ഇ) കടൽത്തീരത്ത് നിന്ന് ഫണ്ട് നൽകിയ സ്കൂളുകളിലേയ്ക്കുള്ള ദൂരം നിശ്ചയിച്ചത് ആരാണ്; പ്രസ്തുത സ്കൂളുകളും കടൽത്തീരവുമായുള്ള ദൂരം എത്രയെന്ന് വ്യക്തമാക്കുമോ; സുനാമി ബാധിക്കാത്ത പ്രദേശങ്ങളിലെ റോഡുനിർമ്മാണവും

മറ്റിടങ്ങളിൽ ഫണ്ട് നൽകിയതും സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കുമോ; സുനാമിയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിലെ ഫണ്ട് വിനിയോഗം സംബന്ധിച്ച റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ; സുനാമി ഫണ്ട് തിരിമറി സംബന്ധിച്ച് നടപടിയ്ക്ക് വിധേയരായവരുടെ വിവരം ലഭ്യമാക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പരാതി ലഭിച്ചിട്ടില്ല.

(ഡി) ഉണ്ട്. സംസ്ഥാനത്ത് 719 സ്കൂളുകൾക്ക് സുനാമി ഫണ്ട് അനുവദിച്ചിട്ടുണ്ട്. സുനാമി ഫണ്ട് അനുവദിച്ച സ്കൂളുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഇ) സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളതും, സുനാമി ബാധിത മേഖലകളിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾ പഠിച്ചിരുന്നതുമായ സ്കൂളുകൾക്കാണ് സുനാമി ഫണ്ട് അനുവദിച്ചിട്ടുള്ളത്. സുനാമിയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിൽ ഫണ്ട് വിനിയോഗം സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. സുനാമി ഫണ്ട് തിരിമറിയുമായി ബന്ധപ്പെട്ട് ആരും നടപടിക്ക് വിധേയരായിട്ടില്ല.

## ചാലക്കുടിയിൽ ഹൗസിംഗ് ബോർഡിന്റെ അധീനതയിലുള്ള സ്ഥലം

359 (1474) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ഹൗസിംഗ് ബോർഡിന്റെ അധീനതയിലുള്ള വാണിജ്യ പ്രാധാന്യമുള്ള സ്ഥലത്ത് അനുയോജ്യമായ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചാലക്കുടിയിൽ ഹൗസിംഗ് ബോർഡിന്റെ അധീനതയിലുള്ള സ്ഥലത്ത് ഒരു കമേഴ്സ്യൽ കോംപ്ലക്സ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 29.42 കോടി രൂപ ചെലവു വരുന്ന പദ്ധതിയ്ക്ക് 24-9-2016-ലെ സ.ഉ.(കൈ) 31/2016/ഭവനം എന്ന ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ വിശദമായ ആർക്കിടെക്ച്ചറൽ ഡ്രോയിംഗ്സ് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണം തുടങ്ങുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ബിൽഡിംഗ് പെർമിറ്റിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

## സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിനുള്ള ഭവനനിർമ്മാണ ബോർഡിന്റെ പദ്ധതികൾ

360 (1475) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡ് മുഖേന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് വീട് നിർമ്മിച്ചു നൽകുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ നടപ്പാക്കിവരുന്നത്; വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവന നിർമ്മാണ ബോർഡ് മുഖേന ഇത്തരത്തിൽ എത്ര വീടുകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്; ഇവയുടെ വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) അടുത്ത 3 കൊല്ലത്തിനുള്ളിൽ എത്ര പേർക്ക് വീട് നൽകാൻ സാമ്പത്തിക സഹായം നൽകാനാണ് ബോർഡ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്?

ഉത്തരം

(എ) സംസ്ഥാനത്ത് ഭവനനിർമ്മാണ ബോർഡ് മുഖേന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വീടില്ലാത്തവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് സാഫല്യം ഭവന പദ്ധതി, ഗൃഹശ്രീ ഭവന പദ്ധതി എന്നീ പദ്ധതികളാണ് ഭവന നിർമ്മാണ ബോർഡ് നിലവിൽ നടപ്പിലാക്കിവരുന്നത്; ടി പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാഫല്യം ഭവന പദ്ധതിയിലൂടെ ധനസഹായം ലഭ്യമാക്കിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഗൃഹശ്രീ ഭവന പദ്ധതി 2013-14 വർഷം മുതൽ തുടർന്നു വരുന്ന സ്കീമാണ്. 2014-15 വർഷത്തിൽ അനുവദനീയമായ 709 വീടുകൾക്കും 2015-16 വർഷത്തിൽ അനുവദനീയമായ 1988 വീടുകൾക്കും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഴുവൻ ഗഡുകളും നൽകി നിർമ്മാണം പൂർത്തീകരിക്കുന്നതിന് സാമ്പത്തിക സഹായം നൽകിയത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| വർഷം 2014-15 | അനുവദനീയമായ വീടുകൾ | പൂർണ്ണമായും ഗഡുക്കൾ നൽകി നിർമ്മാണം പൂർത്തീകരിക്കുന്നതിന് സാമ്പത്തിക സഹായം നൽകിയവ | |
|---|---|---|---|
| | | 2016-17 | 2017-18 |
| 2014-15 | 709 | 146 | 32 |
| 2015-16 | 1988 | 816 | 280 |

(സി) പഞ്ചായത്തുകളുടെ നിസ്സഹകരണംമൂലം സാഫല്യം ഭവന പദ്ധതി തുടർന്നു നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. ആയതിനാൽ സാഫല്യം ഭവന പദ്ധതി തുടർന്നു നടപ്പിലാക്കാൻ ബോർഡ് പദ്ധതി തയ്യാറാക്കിയിട്ടില്ല. ഗൃഹശ്രീ ഭവന പദ്ധതിയിലൂടെ 5000 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിന് സബ്സിഡി നൽകുന്നതിനായി 10,000 ലക്ഷം രൂപ 2018-19 വർഷത്തെ ബജറ്റിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. തുടർന്നുള്ള 2 വർഷങ്ങളിലും ലഭ്യമാകുന്ന ബജറ്റ് വിഹിതം വിനിയോഗിച്ച് ബോർഡ് ഗൃഹശ്രീ പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

**പുല്ലുരാംപാറയിലെ ഹൗസിംഗ് ബോർഡ് വക സ്ഥലം**

361 (1476) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ പുല്ലുരാംപാറയിലുള്ള ഹൗസിംഗ് ബോർഡ് വക സ്ഥലം പൊതു ആവശ്യത്തിന് റോഡ് നിർമ്മിക്കുന്നതിനായി പഞ്ചായത്തിന് വിട്ടു നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; സ്ഥലം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ ആവശ്യം പരിഗണിച്ച് പ്രസ്തുത സ്കീം ഏരിയയിൽ അതിർത്തിയിലൂടെ റോഡ് നിർമ്മാണം പ്രായോഗികമാണോയെന്ന് ഭവന നിർമ്മാണ ബോർഡ് പരിശോധിച്ചിരുന്നു. മുൻപ് ഉരുൾപൊട്ടലിലും മഴവെള്ള പാച്ചിലിലും മണ്ണൊലിച്ചു പോയതിനാലും ഭീമൻ പാറകഷ്ണങ്ങൾ വന്നടിഞ്ഞു കൂടിയതിനാലും, സ്കീം ഏരിയയുടെ കിഴക്ക് ഭാഗത്തുകൂടി 33.80 മീറ്റർ നീളത്തിലും, വടക്കുകിഴക്കെ മൂലയിൽനിന്ന് വടക്കുഭാഗത്തുകൂടി 37.9 മീറ്റർ നീളത്തിലും റോഡ് നിർമ്മാണം പ്രായോഗികമല്ലെന്ന് കണ്ടെത്തുകയുണ്ടായി. ഇക്കാരണങ്ങളാൽ പദ്ധതി പ്രദേശത്തുള്ള സ്ഥലം റോഡ് നിർമ്മാണത്തിന് വിട്ടുകൊടുക്കുന്നതിൽ ബോർഡ് തീരുമാനമെടുത്തിട്ടില്ല. എന്നാൽ ബോർഡ് വിലയ്ക്ക് വാങ്ങിയിട്ടുള്ള പ്രസ്തുത സ്ഥലം ഗവൺമെന്റ് ഐ.ടി.ഐ. നിർമ്മിക്കുന്നതിനായി മാർക്കറ്റ് വിലയ്ക്ക് നൽകുന്നതിന് 23-9-2015-ൽ ബോർഡ് തീരുമാനമെടുത്തിരുന്നു.

## മത്സ്യബന്ധന യാനങ്ങൾ

362 (1477) ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ ജില്ലകളിൽ ഓരോന്നിലും യഥാക്രമം എത്ര യന്ത്രവൽകൃതവും അല്ലാത്തതുമായ മത്സ്യബന്ധന യാനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ണെണ്ണ എഞ്ചിൻ ഉപയോഗിച്ച് പ്രവൃത്തിക്കുന്ന എത്ര വീതം യാനങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ & ബി) കേരള സംസ്ഥാന തീരദേശ ജില്ലകളിൽ യന്ത്രവൽകൃത യാനങ്ങൾ 5433 ഒ.ബി.എം. ഘടിപ്പിച്ചിട്ടുള്ള വള്ളങ്ങൾ 30057 ഉം എഞ്ചിൻ ഉപയോഗിക്കാത്ത വള്ളങ്ങൾ 2611-ഉം നിലവിലുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | മോട്ടോറൈസിഡ് നോൺ മെക്കാനിക്കൽ | മോട്ടോറൈസിഡ് മെക്കാനിക്കൽ | നോൺ മോട്ടോറൈസിഡ് | മണ്ണെണ്ണ ഉപയോഗിച്ച് പ്രവൃത്തിക്കുന്ന യാനങ്ങൾ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 10110 | 6 | 1332 | 7232 |
| 2 | കൊല്ലം | 2167 | 1479 | 155 | 1960 |
| 3 | ആലപ്പുഴ | 4472 | 198 | 314 | 3893 |
| 4 | എറണാകുളം | 611 | 1547 | 179 | 299 |
| 5 | തൃശ്ശൂർ | 1172 | 118 | 118 | 1085 |
| 6 | മലപ്പുറം | 4118 | 382 | 36 | 3879 |
| 7 | കോഴിക്കോട് | 3722 | 1193 | 181 | 3621 |
| 8 | കണ്ണൂർ | 1832 | 341 | 199 | 1133 |
| 9 | കാസർഗോഡ് | 1853 | 169 | 97 | 1452 |

**മത്സ്യബന്ധന ബോട്ടുകൾക്കും ഉപകരണങ്ങൾക്കും ഇൻഷ്വറൻസ്**

363 (1478) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന ബോട്ടുകൾക്കും ഉപകരണങ്ങൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന പദ്ധതിക്ക് സർക്കാർ രൂപം നൽകുന്നുണ്ടോ;

(ബി) മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന യന്ത്രവൽകൃത ബോട്ടുകൾ, പരമ്പരാഗത ബോട്ടുകൾ, വള്ളങ്ങൾ, എന്നിവ യഥാക്രമം എത്ര വീതമുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ ഇപ്പോൾ എത്ര അംഗങ്ങളുണ്ട് ; പുതിയ പദ്ധതിയുടെ ആനുകൂല്യങ്ങൾ എല്ലാവർക്കും ലഭ്യമാക്കുന്നതിന്, വ്യവസ്ഥകൾ ലളിതവും സുതാര്യവുമാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) നടപ്പ് സാമ്പത്തിക വർഷം പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 50 ലക്ഷം രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. അത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 27-1-2018 വരെയുള്ള വിവരമനുസരിച്ച് കേരളത്തിൽ രജിസ്റ്റർ ചെയ്ത യാനങ്ങളുടെ വിവരം താഴെ ചേർക്കുന്നു:

1. പരമ്പരാഗത ബോട്ടുകൾ - 30057
2. യന്ത്രവൽകൃത ബോട്ടുകൾ - 5433
3. വള്ളങ്ങൾ/കട്ടമരം - 2611

(സി) മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘം ആക്ട് പ്രകാരം പ്രസിദ്ധീകരിക്കുന്ന മത്സ്യത്തൊഴിലാളി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികളും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇത് പ്രകാരം 237800 മത്സ്യത്തൊഴിലാളികളും 78979 അനുബന്ധത്തൊഴിലാളികളും പ്രസ്തുത പദ്ധതിയിലുൾപ്പെട്ടിട്ടുണ്ട്.

## നെയ്യാർഡാം കേന്ദ്രീകരിച്ച് മത്സ്യ ഉത്പാദനം

364 (1479) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ നെയ്യാർഡാം കേന്ദ്രീകരിച്ച് ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ചതുപ്പുനിറഞ്ഞ 17 ഏക്കറോളം സ്ഥലത്ത് 60 ലക്ഷത്തോളം മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിപണനം ചെയ്യുന്നതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രണ്ട് കോടിയോളം മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കാൻ കഴിയുന്ന വിധത്തിൽ ഈ സൗകര്യങ്ങൾ വിപുലപ്പെടുത്തി, ഓർണമെന്റൽ മത്സ്യവും സാധാരണ മത്സ്യവും ഉൽപ്പാദിപ്പിച്ച് ദേശീയ തലത്തിൽ മുന്നിൽ വരാൻ കഴിയുന്ന ഒരു കേന്ദ്രമായി ഇതിനെ ഉയർത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കാമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

നെയ്യാർ ഡാം കേന്ദ്രീകരിച്ച് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 16.95 ഏക്കർ സ്ഥലത്ത് 15 ലക്ഷം ഉത്പാദനശേഷിയുള്ള ഒരു GIFT തിലാപ്പിയ ഹാച്ചറിയുടെയും 45 ലക്ഷം ഉത്പാദനശേഷിയുള്ള അലങ്കാര മത്സ്യങ്ങളുടെ ഉത്പാദന കേന്ദ്രത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു.

(ബി) പുതുതായി നിർമ്മിക്കുന്ന GIFT ഹാച്ചറിയുടെ ഉത്പാദന ശേഷി 100 ലക്ഷമായി വർദ്ധിപ്പിക്കുന്ന കാര്യവും 30 ലക്ഷം ഉത്പാദന ശേഷിയുള്ള കാർപ്പ് ഹാച്ചറി നിർമ്മിക്കുന്ന കാര്യവും അടുത്ത സാമ്പത്തിക വർഷം പരിഗണിക്കുന്നതാണ്. കൂടാതെ സർക്കാർ ഏജൻസിയായ ഫിർമയുടെ അധീനതയിൽ നൽകിയ നാഷണൽ സെന്റർ ഫോർ ഓർണമെന്റൽ ഫിഷ് ഫാം ഫിഷറീസ് വകുപ്പ് തിരികെയെടുത്ത് പ്രവർത്തന സജ്ജമാക്കി അലങ്കാര മത്സ്യകുഞ്ഞുങ്ങളുടെ ഉല്പാദനം 45 ലക്ഷം ആക്കുന്നതിനുവേണ്ട നടപടികളും സ്വീകരിക്കുന്നതാണ്.

## തലശ്ശേരി ന്യൂമാഹി ഹാർബർ പരിസരത്ത് മത്സ്യ മാർക്കറ്റ്

365 (1480) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജകമണ്ഡലത്തിലെ ന്യൂമാഹി ഹാർബർ പരിസരത്ത് മത്സ്യ മാർക്കറ്റ് പണിയുന്നതിന് എന്തൊക്കെ നടപടിക്രമങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

തലശ്ശേരി നിയോജകമണ്ഡലത്തിലെ ന്യൂമാഹി ഹാർബർ പരിസരത്ത് മത്സ്യ മാർക്കറ്റ് പണിയുന്നതിനായി 178.38 ലക്ഷം രൂപയുടെ (ഒരു കോടി എഴുപത്തിയെട്ട് ലക്ഷത്തി മുപ്പത്തിയെട്ടായിരം രൂപ മാത്രം) പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി മുഖേന നടപ്പാക്കുന്നതിന് തീരദേശ വികസന കോർപ്പറേഷൻ സർക്കാരിന് സമർപ്പിച്ച പദ്ധതിരേഖ പരിഗണനയിലാണ്.

## പാലമേൽ ആദികാട്ട് കുളങ്ങര ഫിഷ് മാർക്കറ്റ് നിർമ്മാണം

366 (1481) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ പാലമേൽ ആദികാട്ട്കുളങ്ങര ഫിഷ് മാർക്കറ്റ് നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനായി ഇനിയും സ്വീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ എന്തൊക്കെ; ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനു കീഴിൽ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ പാലമേലിൽ 174.61 ലക്ഷം രൂപ അടങ്കൽ തുകയിൽ ഒരു ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിന് ദേശീയ മത്സ്യവികസന ബോർഡിന്റേയും സംസ്ഥാന സർക്കാരിന്റേയും അനുമതി നൽകിയിരുന്നു. ടി മാർക്കറ്റ് കെട്ടിടത്തിന്റെ 95% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മാർക്കറ്റിന്റെ മുൻവശത്തുള്ള യാർഡ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തിയാണ് ഇനി പൂർത്തീകരിക്കാനുള്ളത്. കൂടാതെ ഈ മാർക്കറ്റിന് വൈദ്യുത കണക്ഷൻ ലഭ്യമാക്കൽ, ഇ.ടി.പി. സ്ഥാപിക്കൽ എന്നീ പ്രവൃത്തികളും പൂർത്തീകരിക്കാനുണ്ട്. അടിയന്തരമായി ഇവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഈ സർക്കാരിന്റെ കാലത്ത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തിരം തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ 8 പ്രവൃത്തികൾ ഏർപ്പാടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (തുക ലക്ഷത്തിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1 | പ്രായിക്കര തറയിൽ-മുക്ക് റോഡ് | 28.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | വള്ളിക്കുന്നം പള്ളിക്കത്തെ കൊട്ടാരത്തിൽമുക്ക് റോഡ് | 16.96 | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | വിവേകാനന്ദ ജംഗ്ഷൻ-മാവോലിമുക്ക് റോഡ് | 34.45 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 4 | ആശാൻമുക്ക്-ഏലിയാസ് നഗർ റോഡ് | 22.79 | പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| 5 | പുലിമേൽ ചുനക്കര റോഡ് | 104 | പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| 6 | കല്ലിരിക്കുന്നിൽ-കുമ്പിളുമല റോഡ് | 77.91 | സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. |
| 7 | വള്ളിക്കുന്നം-കാഞ്ഞിരത്തുംമൂട് പുത്തൻചന്ത റോഡ് | 46.00 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 8 | താമരക്കുളം ജംഗ്ഷൻ-നെടുമ്പ്രത്തുവിള പൊയ്കയിൽ വയ്യാങ്കര റോഡ് | 62.00 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

## മത്സ്യഫെഡ് വഴിയുള്ള മണ്ണെണ്ണ വിതരണം

367 (1482) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പൊതുമേഖല എണ്ണക്കമ്പനികളുമായി ചേർന്ന് മത്സ്യഫെഡ്‌വഴി സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി കൂടുതൽ വ്യാപകമാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ സഹായധനം ലഭ്യമാക്കുന്നതിനുള്ള ശ്രമം നടത്തുമോ?

<u>ഉത്തരം</u>

(എ) മത്സ്യഫെഡ് വഴി സബ്സിഡി നിരക്കിൽ 9 തീരദേശ ജില്ലകളിലായി 13 ബങ്കുകളിലൂടെ മത്സ്യബന്ധനത്തിന് വെള്ള മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തുവരുന്നുണ്ട്. 2015-ൽ ഫിഷറീസ് വകുപ്പ്, സിവിൽ സപ്ലൈസ് വകുപ്പ്, മത്സ്യഫെഡ് എന്നീ മൂന്ന് വിഭാഗവും ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ സാധുവായ 20329 പേരുടെ അർഹതാ പട്ടിക പ്രസിദ്ധീകരിക്കുകയും അതിൽ ഇതുവരെ 17388 എഞ്ചിനുകൾക്ക് മത്സ്യഫെഡ് മണ്ണെണ്ണ പെർമിറ്റ് കാർഡ് നൽകിയിട്ടുള്ളതുമാകുന്നു. ഈ മണ്ണെണ്ണ കാർഡ് ഉപയോഗിച്ച് 2017-18 സാമ്പത്തിക വർഷം 10418.92 കിലോ ലിറ്റർ മണ്ണെണ്ണയ്ക്ക് 26.06 കോടി രൂപയും സെപ്റ്റംബർ 2017 വരെ സബ്സിഡിയായി നൽകിയിട്ടുണ്ട്. എഞ്ചിൻ 10 എച്ച്.പി. വരെ 140 ലിറ്ററും 10 എച്ച്.പി.-ക്ക് മുകളിൽ 15 വരെ 150 ലിറ്ററും 15 എച്ച്.പി.-ക്ക് മുകളിൽ 190 ലിറ്റർ എന്ന കണക്കിൽ പ്രതിമാസ മണ്ണെണ്ണ വിതരണം ചെയ്ത് ലിറ്ററിന് 25 രൂപ നിരക്കിൽ സബ്സിഡി നൽകുന്നു.

(ബി) ഇതുവരെയും കേന്ദ്ര ഗവൺമെന്റ് സഹായം ലഭ്യമാക്കിയിട്ടില്ല. ഈ ആവശ്യത്തിലേയ്ക്ക് വിവിധ തലത്തിൽ ശ്രമങ്ങൾ നടത്തിവരുന്നു.

**മത്സ്യബന്ധന മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം തടയാൻ നടപടി**

368 (1483) <u>ശ്രീ. പി. സി. ജോർജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യങ്ങൾ നല്ല വിലയ്ക്ക് വില്ക്കാൻ കഴിയാതെ, മത്സ്യത്തൊഴിലാളികൾ ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യങ്ങൾ നിശ്ചിത വിലയ്ക്ക് വിവിധ സൊസൈറ്റികൾ, സംഘടനകൾ എന്നിവ മുഖേന നേരിട്ട് വാങ്ങി പൊതുജനങ്ങൾക്ക് നൽകുന്ന തരത്തിൽ വിവിധ മേഖലകളിൽ സൗകര്യം ഒരുക്കാൻ തയ്യാറാകുമോ;

(സി) പൂർണ്ണമായും ഇടനിലക്കാരെ ഒഴിവാക്കി മത്സ്യങ്ങൾ വിൽക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന സാമ്പത്തിക പിന്നോക്കാവസ്ഥ കാരണം പലപ്പോഴും ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയമാകാറുണ്ട്. മത്സ്യബന്ധനത്തിനാവശ്യമായ ഇന്ധനത്തിനും യാനം വാങ്ങുന്നതിനും മറ്റുമായി മൂലധനം സ്വരൂപിക്കുന്നതിനുവേണ്ടി പലപ്പോഴും മത്സ്യത്തൊഴിലാളികൾ ഇടനിലക്കാരെ ആശ്രയിക്കുന്നു. ഇത്തരത്തിൽ ഇടനിലക്കാരിൽനിന്നും പണം പലിശയ്ക്ക് വാങ്ങുന്നവഴി മത്സ്യലേലം ചെയ്യുന്നതിനുള്ള അവകാശം ഇടനിലക്കാർ സ്വായത്തമാക്കുന്നു. കൃത്യമായ അളവിൽ മത്സ്യം കൈകാര്യം ചെയ്യാതെയും അമിതമായി ലേല കമ്മീഷൻ ഈടാക്കിയും മത്സ്യത്തിന് ന്യായവില ലഭ്യമാക്കാതേയും ഇവർ മത്സ്യത്തൊഴിലാളികളെ ചൂഷണത്തിന് വിധേയമാക്കുന്നു. ശീതീകരണ സംവിധാനങ്ങളുടെ അപര്യാപ്തതമൂലവും ഇടനിലക്കാർക്ക് കുറഞ്ഞ വിലക്ക് മത്സ്യം വിറ്റഴിക്കാൻ മത്സ്യത്തൊഴിലാളികളെ നിർബന്ധിതരാക്കാറുണ്ട്.

(ബി) മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴി പ്രാഥമിക തലത്തിൽ മത്സ്യലേലം നടത്തുന്നതിനും ഇവയുടെ അപെക്സ് സ്ഥാപനമായ മത്സ്യഫെഡ്‌വഴി ഇവ ഉപഭോക്താക്കൾക്ക് എത്തിയ്ക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(സി) വളരെയധികം കണ്ണികൾ ഉൾപ്പെട്ട ഒരു വിപണന ശൃംഖല ഈ മേഖലയിൽ പ്രവൃത്തിക്കുന്നുണ്ട്. അതുകൊണ്ടു തന്നെ പൂർണ്ണമായും ഇടനിലക്കാരെ ഒഴിവാക്കുക ഏറെ ശ്രമകരമാണ്. എങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ, മത്സ്യത്തൊഴിലാളികൾ എന്നിവരുടെ സഹകരണത്തോടെ ഈ മേഖലയിൽ ഇടപെടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ മത്സ്യം ലഭ്യമാക്കുന്നതിന് നടപടി

369 (1484) <u>ശ്രീ. സി. ദിവാകരൻ</u>:
<u>ശ്രീ. ആർ. രാമചന്ദ്രൻ</u>:
<u>ശ്രീമതി ഗീതാ ഗോപി</u>:
<u>ശ്രീ. എൽദോ എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് ഗുണിലവാരമുള്ള മത്സ്യവും മത്സ്യത്തൊഴിലാളികൾക്ക് മാന്യമായ വരുമാനവും ഉറപ്പുവരുത്തുന്നതിന് നിയമനിർമ്മാണം നടത്തുമോ എന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യബന്ധനം, സംഭരണം, വിതരണം, വില്പന എന്നിവയിലുള്ള ഏതൊക്കെ തരത്തിലുള്ള ഇടപെടലിലൂടെയാണ് ജനങ്ങൾക്ക് സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ മത്സ്യം ലഭ്യമാക്കുന്നത്; വിശദീകരിക്കുമോ;

(സി) മത്സ്യവില നിശ്ചയിക്കുന്നതിനുള്ള അധികാരം സർക്കാരിന് നൽകുന്ന വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളിക്കുമോ;

(ഡി) ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്ന് മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിന് ഏതൊക്കെ തരത്തിലുള്ള ഇടപെടൽ നടത്തുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) മത്സ്യബന്ധന യാനങ്ങളുടെ ആധുനികവത്ക്കരണം, ശീതീകരണ സംവിധാനങ്ങൾ ഒരുക്കൽ, ശുചിത്വ പൂർണ്ണമായി മത്സ്യം കൈകാര്യം ചെയ്യൽ, വാഹന സൗകര്യം, മത്സ്യത്തിന്റെ ഗുണനിലവാര പരിശോധന സംവിധാനങ്ങൾ എന്നിവ കാര്യക്ഷമമാക്കിയും വിപണനത്തിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കി ഉപഭോക്താക്കൾക്ക് സുരക്ഷിതവും ഭക്ഷ്യ യോഗ്യവുമായ മത്സ്യം ലഭ്യമാക്കുന്നതിനാണ് ശ്രമിക്കുന്നത്.

മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിനായി പ്രാഥമിക സഹകരണ സംഘങ്ങൾ വായ്പയും വായ്പകൾക്ക് സബ്സിഡിയും നൽകിവരുന്നു. വിപണനത്തിലേർപ്പെട്ടുകൊണ്ടിരിക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് പലിശ രഹിത വായ്പയും നൽകിവരുന്നു.

ഗുണമേന്മയേറിയ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മത്സ്യഫെഡിന്റെ മേൽനോട്ടത്തിൽ 31 ഫിഷ് മാർട്ടുകൾ നടത്തിവരുന്നു. ഇവയ്ക്കാവശ്യമായ മത്സ്യം പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്നും, വിപണിയിൽനിന്നും സംഭരിച്ച് ഗുണമേന്മ ഉറപ്പാക്കിയും ബന്ധപ്പെട്ട ജില്ലകളിൽ ശേഖരിച്ച് വിതരണം ചെയ്തു വരുന്നു. കൂടാതെ, ഓരോ ദിവസവും പിടിക്കുന്ന പച്ച മത്സ്യം അതാത് ദിവസം വെട്ടി വൃത്തിയാക്കി 'അന്തിപ്പച്ച' എന്ന പദ്ധതിയിലുൾപ്പെടുത്തി വിതരണം ചെയ്യുന്ന നടപടിയും മത്സ്യഫെഡിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി

സംസ്ഥാനമാകെ വ്യാപിപ്പിക്കുന്നതാണ്.

(സി) മത്സ്യവില നിശ്ചയിക്കപ്പെടുന്നത് മത്സ്യത്തിന്റെ തരം, വലിപ്പം, ഗുണമേന്മ, അതേയിനത്തിൽപ്പെട്ടതും മറ്റിനത്തിൽപ്പെട്ടതുമായ മത്സ്യങ്ങളുടെ ലഭ്യത, കോഴി, ആട് തുടങ്ങിയ മാംസാഹാരങ്ങളുടെ ആപേക്ഷിക ലഭ്യത, ശീതീകരണ സംവിധാനങ്ങളുടെ ലഭ്യത, പൊതു-കമ്പോള വില, സാമൂഹിക ഘടകങ്ങൾ തുടങ്ങിയ നിരവധി ഘടകങ്ങൾ അനുസരിച്ചാണ്. ഈ സാഹചര്യത്തിൽ മത്സ്യവില നിശ്ചയിക്കുന്നതിനുള്ള അധികാരം സർക്കാരിന് നൽകുന്ന വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളിക്കുന്നത് പ്രായോഗികമല്ല.

(ഡി) മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളെ ശാക്തീകരിച്ച് ഇടനിലക്കാരെ ഒഴിവാക്കി മത്സ്യത്തൊഴിലാളികളിൽ നിന്നും നേരിട്ട് മത്സ്യം ശേഖരിക്കുന്നതിനാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇതിലൂടെ മത്സ്യത്തൊഴിലാളികൾക്ക് പിടിച്ചെടുക്കുന്ന മത്സ്യത്തിന് ന്യായ വില ലഭിക്കുന്നതായിരിക്കും. കൂടാതെ മത്സ്യബന്ധന ഉപകരണങ്ങൾക്ക് സബ്സിഡി ഉൾപ്പെടെ വായ്പയും, സബ്സിഡി നിരക്കിൽ മണ്ണെണ്ണയും ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു.

## മത്സ്യഫെഡിന്റെ വില്പനകേന്ദ്രങ്ങൾ

370 (1485) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ഇടനിലക്കാരുടെ ചൂഷണമില്ലാതെ മത്സ്യത്തിന് പരമാവധി വില ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) പഞ്ചായത്തു കേന്ദ്രങ്ങളിൽ മത്സ്യഫെഡിന്റെ വില്പനകേന്ദ്രങ്ങൾ ആരംഭിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

### <u>ഉത്തരം</u>

(എ) മത്സ്യത്തൊഴിലാളികളെയും ഉപഭോക്താക്കളെയും ഒരുപോലെ ചൂഷണം ചെയ്യുന്ന ഇടനിലക്കാരുടെ ഇടപെടൽ നിയന്ത്രിക്കുന്നതിന് പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽനിന്നും പച്ച മത്സ്യം നേരിട്ട് മത്സ്യത്തൊഴിലാളി

വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴി ശേഖരിച്ച് മൊത്തം/ചില്ലറ മത്സ്യ മാർക്കറ്റുകൾ, മൊബൈൽ ഫിഷ് മാർട്ടുകൾ, മത്സ്യഫെഡിന്റെ ഫിഷ് മാർട്ടുകൾ എന്നിവവഴി കേരളത്തിലെ മത്സ്യ ഉപഭോക്താക്കൾക്കും, കയറ്റുമതി കമ്പനികൾക്കും മത്സ്യത്തീറ്റ നിർമ്മാണ ഫാക്ടറികൾക്കും എത്തിച്ച് നൽകുക എന്ന ലക്ഷ്യത്തോടെ പദ്ധതി ആവിഷ്കരിച്ച് വരുന്നു. ഈ പദ്ധതിയുടെ ആദ്യ ഘട്ടമായി തിരുവനന്തപുരം ജില്ലയിൽ 'അന്തിപച്ച' മൊബൈൽ ഫിഷ് മാർട്ട്-ന്റെ പ്രവർത്തനം 13-11-2017-ന് ഉദ്ഘാടനം ചെയ്തു. ഇതിന് പുറമേ മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിന് ഉതകുന്ന നിയമനിർമ്മാണവും പരിഗണനയിലാണ്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവ അനുവദിച്ച് നൽകിയിട്ടുള്ള 31 കേന്ദ്രങ്ങളിൽ മത്സ്യഫെഡിന്റെ ഫിഷ് മാർട്ടുകൾ പ്രവൃത്തിച്ചുവരുന്നു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സ്ഥലം അനുവദിയ്ക്കുന്ന പക്ഷം കൂടുതൽ വിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## മത്സ്യമാർക്കറ്റുകൾ ആധുനീകരിക്കാൻ നടപടി

371 (1486) <u>ശ്രീ. ബി. സത്യൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ കിളിമാനൂർ, വക്കം, നിലയ്ക്കാമുക്ക് മത്സ്യമാർക്കറ്റുകൾ ആധുനീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ആറ്റിങ്ങൽ മണ്ഡലത്തിലെ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ കിളിമാനൂർ മത്സ്യമാർക്കറ്റ് നിർമ്മാണത്തിനായി 85.41 ലക്ഷം രൂപയുടെ പദ്ധതി റിപ്പോർട്ട് 18-3-2013-ൽ അംഗീകാരത്തിനായി ദേശീയ മത്സ്യ വികസന ബോർഡിൽ സമർപ്പിച്ചിരുന്നെങ്കിലും നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. നിലയ്ക്കാമുക്ക് മത്സ്യമാർക്കറ്റ് ആധുനീകരിക്കുന്നതിനായി 136.98 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിലേയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്നും അംഗീകാരം കിട്ടുന്ന മുറയ്ക്ക് മാർക്കറ്റുകൾ ആധുനീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇതേ മണ്ഡലത്തിലെ വക്കം മാർക്കറ്റ് ആധുനീകരിക്കുന്നതിനായി പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല.

## ഓഖി ദുരന്ത ബാധിതർക്ക് സമാശ്വാസ പദ്ധതി

372(1487) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിൽനിന്നും രക്ഷപ്പെട്ട് ചികിത്സ തേടിയ ശേഷം തൊഴിലിന് പോകുവാൻ കഴിയാതെ വിഭ്രാന്തിയിൽ കഴിയുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങളുടെ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവർക്ക് ഏത് തരത്തിലുള്ള സമാശ്വാസ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഓഖി ദുരന്തത്തെത്തുടർന്ന് വിഭ്രാന്തിയിൽ കഴിയുന്നവരെ പൂർവ്വസ്ഥിതിയിലേക്ക് കൊണ്ടുവരുന്നതിന് കൗൺസിലിംഗ് നൽകുന്നതാണ്. കൂടാതെ ഇത്തരത്തിലുള്ള കുടുംബക്കാരെ പ്രത്യേകമായി കണ്ടെത്തി ഓരോ കുടുംബത്തിനും അവരുടെ പ്രത്യേക സാഹചര്യത്തിനനുസരിച്ച് 'ഫാമിലി ബെയ്സ്ഡ് പ്ലാൻ' തയ്യാറാക്കി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

## ഓഖി ദുരന്തം

373 (1488) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തംമൂലം കേരളത്തിൽ എത്ര മത്സ്യത്തൊഴിലാളികൾ മരണമടഞ്ഞു എന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ദുരന്തംമൂലം കാണാതായവരും, പരിക്ക് പറ്റിയവരും എത്രപേർ വീതം ഉണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഓഖി ദുരന്തത്തിൽ പരിക്കേറ്റവരെയും മരിച്ചവരുടെയും കാണാതായവരുടെയും കുടുംബങ്ങളെയും സംരക്ഷിക്കാൻ ഒരു സമഗ്ര പാക്കേജ് ഉണ്ടാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) കടലിൽ മത്സ്യബന്ധനത്തിന് നിത്യവും പോകുന്ന മത്സ്യതൊഴിലാളികളെ സംരക്ഷിക്കാൻ സർക്കാർ തലത്തിൽ പ്രത്യേകമായ ഒരു മോണിറ്ററിംഗ് സംവിധാനവും ഇവർക്ക് മുന്നറിയിപ്പുകൾ നൽകുന്നതിലേയ്ക്കുള്ള പ്രത്യേക സോഫ്റ്റ് വെയർ സംവിധാനങ്ങളും ഉണ്ടാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഇ) യാനങ്ങൾ പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കൾക്ക് യുദ്ധകാല അടിസ്ഥാനത്തിൽ ഇവ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. നാളിതുവരെ ഓഖി ദുരന്തത്തിൽ സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലെ 49 മത്സ്യത്തൊഴിലാളികളും കാസർഗോഡ് ജില്ലയിലെ ഒരു മത്സ്യത്തൊഴിലാളിയും ഉൾപ്പെടെ 50 മത്സ്യത്തൊഴിലാളികൾ കടലിൽവെച്ച് മരണപ്പെട്ടതായി സ്ഥിതീകരിച്ചിട്ടുണ്ട്. കൂടാതെ, കണ്ണൂർ ജില്ലയിലെ മാപ്പിളബേയിൽ ഹൈമാസ്റ്റ് ലൈറ്റ് വീണ് ഒരാളും മരണപ്പെട്ടിട്ടുണ്ട്. ഇവരുടെ പേര്, സ്ഥലം തുടങ്ങിയ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) ഓഖി ദുരന്തത്തിൽ 104 മത്സ്യത്തൊഴിലാളികളെ കാണാതായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.* 179 പേർക്ക് സാരമായി പരിക്കേൽക്കുകയും ചികിത്സ തേടുകയും ചെയ്തിരുന്നു. വിശദാംശങ്ങൾ അനുബന്ധം 3 ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്.* നിസാര പരിക്കേറ്റ് 139 പേരെ പ്രാഥമിക ശുശ്രൂഷ നൽകിയ ശേഷം വിട്ടയച്ചു.

(സി) ഓഖി ദുരന്തത്തിൽ പരിക്കേറ്റവരെയും മരിച്ചവരുടെയും കാണാതായ വരുടെയും കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 7340 കോടി രൂപയുടെ ഒരു സമഗ്ര പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങളുടെയും തൊഴിലാളി കളുടെയും വിശദാംശങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ നാഷണൽ ഇൻഫർമാറ്റിക് സെന്റർ (NIC)യുടെ സഹായത്തോടെ വികസിപ്പിച്ചിട്ടുണ്ട്.

കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുമായി ആശയ വിനിമയം നടത്തുന്നതിന് അവർക്ക് മുന്നറിയിപ്പ് നൽകുന്നതിനും ഏറ്റവും വലിയ പ്രതിബന്ധം കടലിലെ വാർത്താവിനിമയ സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. ഇപ്പോൾ കടലിൽ പരമാവധി 50 കിലോമീറ്റർ പരിധിവരെ മാത്രമേ കരയിൽ നിന്നുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വാർത്താവിനിമയം സാധ്യമാകുന്നുള്ളൂ. ഈ സാഹചര്യത്തിൽ ഐ.എസ്.ആർ.ഒ. യുടെ സാങ്കേതിക സഹായത്തോടെ ഉപഗ്രഹ സാങ്കേതിക വിദ്യയുപയോഗിച്ച് 1500 കി.മീറ്റർ വരെ വാർത്താവിനിമയം സാധ്യമാക്കുന്നതിനുള്ള നടപടികൾ ഇതിനകം തന്നെ സ്വീകരിക്കുകയും ഇതുമായി ബന്ധപ്പെട്ട നാവിക് ഉപകരണങ്ങളുടെ ഫീൽഡുതല പരീക്ഷണം വിജയകരമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കടലിൽ അകപ്പെട്ടു പോകുന്ന മത്സ്യത്തൊഴിലാളികളുടെ യാഥാർത്ഥ സ്ഥാനം മനസ്സിലാക്കുന്നതിന് ഉതകുന്ന റേഡിയോ ബീക്കണുകൾ നാവിക്കിൽ ഘടിപ്പിക്കുന്നതായിരിക്കും. 500 നാവിക്കുകൾ ജനുവരി 31-ന് മുമ്പുതന്നെ ലഭ്യമാക്കാമെന്ന് ISRO അറിയിച്ചിട്ടുണ്ട്. 1000 ഉപകരണങ്ങൾ ഫെബ്രുവരി അവസാനത്തോടെ വിതരണം ചെയ്യാനുദ്ദേശിക്കുന്നു. മുഴുവൻ മത്സ്യബന്ധന യാനങ്ങൾക്കും ആവശ്യമായ 'നാവിക്' ഉപകരണങ്ങൾ കെൽട്രോൺ വഴി നിർമ്മിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

അതുപോലെ കാലാവസ്ഥ സംബന്ധിച്ചും കടലിന്റെ പ്രക്ഷുബ്ധാവസ്ഥ സംബന്ധിച്ചുമുള്ള വിവരങ്ങൾ മുൻകൂട്ടി മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിന് ഹൈദരാബാദിലെ INCOS-മായി 24-10-2017-ന് ധാരണാപത്രം മത്സ്യവകുപ്പ് ഒപ്പുവെച്ചിട്ടുണ്ട്. അതനുസരിച്ച് 145778 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പറുകൾ INCOS-ന് കൈമാറിയിട്ടുണ്ട്.

കൂടാതെ യാനങ്ങളുടെ സഞ്ചാരപാത കരയിലിരുന്ന് മനസ്സിലാക്കാൻ കഴിയുന്ന ഓട്ടോമാറ്റിക് വെസൽ ട്രാക്കിംഗ് സംവിധാനം 215 മത്സ്യബന്ധന ബോട്ടുകളിൽ ഇതിനകം ഘടിപ്പിച്ചിട്ടുണ്ട്. കൂടുതൽ ബോട്ടുകളിൽ ഇവ ഘടിപ്പിക്കുന്നതാണ്. ലൈഫ് ബോയ്, ലൈഫ് ജാക്കറ്റ് എന്നിവ മത്സ്യബന്ധനത്തിന് പോകുമ്പോൾ നിർബന്ധമായും കൊണ്ടുപോകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര വൈദ്യസഹായം എത്തിക്കുന്നതിനും അവരെ കഴിയുന്നത്ര വേഗം കരയിൽ എത്തിക്കുന്നതിനും മറൈൻ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതാണ്.

(ഇ) ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് വള്ളം, എഞ്ചിൻ, മത്സ്യബന്ധന ഉപകരണങ്ങൾ എന്നിവ പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നേരിട്ട നഷ്ടത്തിന് ഏകദേശം തത്തുല്യമായ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഓഖി ദുരന്തം

374 (1489) ശ്രീ. കെ. സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തബാധിതർക്കായി ഇതിനോടകം നടപ്പിലാക്കിയ തീരുമാനങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ;

(ബി) ഓഖി ദുരന്തത്തെ തുടർന്ന് ഇനിയും തിരിച്ചുവരാത്തവരും കാണാതായവരുമായ എത്രപേർ ഉണ്ടെന്ന് വെളിപ്പെടുത്തുമോ; ഇവർക്ക് എന്തെല്ലാം സഹായം ഇതിനോടകം നൽകിയെന്നറിയിക്കുമോ;

(സി) കടലോരത്ത് താമസിക്കുന്നവരും കടലാക്രമണ ഭീഷണി നേരിടുന്നവരുമായ വീടില്ലാത്ത കുടുംബങ്ങൾക്ക് വീടുനൽകുന്നതിന് പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) 30-11-2017-ൽ കേരള തീരത്ത് നാശം വിതച്ച ഓഖി ചുഴലിക്കാറ്റ് മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും അപരിഹാര്യമായ നഷ്ടം വരുത്തിയിരിക്കുകയാണ്. 50 മത്സ്യത്തൊഴിലാളികൾക്ക് കടലിൽവെച്ച് ജീവഹാനി സംഭവിക്കുകയും കണ്ണൂർ മാപ്പിളബേയിലെ മത്സ്യബന്ധന തുറമുഖത്തിലെ ഹൈമാസ്റ്റ് ലൈറ്റ് തകർന്ന് വീണ് ഒരു മത്സ്യത്തൊഴിലാളിയും മരണമടഞ്ഞു. 104 മത്സ്യത്തൊഴിലാളികളെ കാണാതാവുകയും ചെയ്തിട്ടുണ്ട്. ഒരു മൃതദേഹം ഇനിയും തിരിച്ചറിയാനുണ്ട്. 221 വീടുകൾക്ക് പൂർണ്ണമായ നാശനഷ്ടവും പല വീടുകൾക്കും ഭാഗികമായ നാശനഷ്ടവും 3251 വീടുകൾ വാസയോഗ്യമല്ലാതാകുകയും 270 കുടിലുകൾ തകരുകയും ചെയ്തു. കൂടാതെ 384 ബോട്ടുകൾക്കും 446 വലകൾക്കും നാശനഷ്ടവും സംഭവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മരണം, അപകടത്തിലുള്ള പരിക്ക്, മത്സ്യബന്ധന യാനങ്ങൾക്കും വീടുകൾക്കുമുള്ള നാശനഷ്ടം എന്നിവ സംഭവിച്ച മത്സ്യത്തൊഴിലാളികൾക്കായി സർക്കാർ താഴെ പറയുന്ന ആശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ദുരന്ത പ്രതികരണ അതോറിറ്റിയുടെ 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 6 ലക്ഷം രൂപയും, ഫണ്ട് ബോർഡിന്റെ ഇൻഷ്വറൻസ് തുകയായ 5 ലക്ഷം രൂപയും, ഫിഷറീസ് വകുപ്പിന്റെ സഹായമായി 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ വീതം മരണമടഞ്ഞ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ധനസഹായം അനുവദിച്ചു. ഇതിൽ 25 പേർക്കുള്ള ധനസഹായം ഇതിനകം തന്നെ വിതരണം ചെയ്തു. ബാക്കിയുള്ളവർക്ക് ഉടൻ വിതരണം ചെയ്യുന്നതാണ്. ഓഖി ചുഴലിക്കാറ്റിൽ ഗുരുതരമായി

പരിക്കേൽക്കുകയും മത്സ്യബന്ധനത്തിലേർപ്പെടാൻ കഴിയാത്ത ആരോഗ്യ സ്ഥിതിയിലുമായ മത്സ്യത്തൊഴിലാളികൾക്ക് ബദൽ ജീവനോപാധിയായി ഓരോ കുടുംബത്തിനും 5 ലക്ഷം രൂപയുടെ ധനസഹായം ഫിഷറീസ് വകുപ്പിൽനിന്നും അനുവദിക്കുന്നതാണ്.

പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിലായിരുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി 5,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്.

മരണമടഞ്ഞതും കാണാതായതുമായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം/തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിനുള്ള നടപടികൾ പൊതു വിദ്യാഭ്യാസം/ഉന്നത വിദ്യാഭ്യാസ വകുപ്പുകളുമായി ചേർന്ന് സ്വീകരിക്കുന്നതാണ്. ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് ബോട്ട്, മത്സ്യബന്ധന ഉപകരണങ്ങൾ എന്നിവ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നേരിട്ട നഷ്ടത്തിന് ഏകദേശം തത്തുല്യമായ നഷ്ടപരിഹാരം നൽകുന്നതാണ്.

തീരദേശ പോലീസ് സേനയിൽ ആവശ്യമായ റിക്രൂട്ട്മെന്റ് നടത്തുകയും ആധുനിക സജ്ജീകരണങ്ങളോടെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. അതോടൊപ്പം കേരളത്തിലെ വിഴിഞ്ഞം, നീണ്ടകര, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളോടു ചേർന്ന് പ്രത്യേക പോലീസ് സംവിധാനത്തിലേക്കുള്ള റിക്രൂട്ട്മെന്റ് മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളിൽ നിന്നായിരിക്കണമെന്നും ഇപ്രകാരം നിയമനം നടത്തുമ്പോൾ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് (ആശ്രിതർക്ക്) മുൻഗണന നൽകേണ്ടതാണെന്നും 6-12-2017-ലെ സ.ഉ.(കൈ)നമ്പർ 01/17/ഡി.എം.ഡി. നമ്പർ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നൽകുന്ന അതേ നിരക്കിലുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് സർക്കാർ തീരുമാനമായിട്ടുണ്ട്. ഇവർക്ക് സാമ്പത്തിക സഹായം നൽകേണ്ട കാര്യത്തിൽ അടിയന്തര തീരുമാനമെടുക്കുന്നതിന് സഹായകമായ ശിപാർശ നൽകുന്നതിനും നിലവിലുള്ള നിയമ വ്യവസ്ഥകളിൽ പ്രത്യേക ഇളവ് നൽകുന്ന കാര്യത്തിൽ അടിയന്തര തീരുമാനം എടുക്കുന്നതിനുമായി റവന്യൂ, ആഭ്യന്തരം എന്നീ വകുപ്പുകളിലെ അഡീഷണൽ ചീഫ് സെക്രട്ടറിമാരെയും ഫിഷറീസ് വകുപ്പിലെ പ്രിൻസിപ്പൽ സെക്രട്ടറിയെയും ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചു.

(സി) കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ താമസിക്കുന്നവരെ സുരക്ഷിതമായി പുനരധിവസിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു:

സംസ്ഥാനത്ത് കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനായി 25 കോടി രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം യൂണിറ്റിന് 10 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് ആദ്യഘട്ടമായി പദ്ധതി നടപ്പിലാക്കുന്നത്.

കടലാക്രമണം രൂക്ഷമായതും തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ വസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിയ്ക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ "അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും" എന്നതിൽപ്പെടുത്തി 150 കോടി രൂപയുടെ ഭവന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതി ഘടകങ്ങൾ | വകയിരുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരും CRZ അനുവദനീയ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ളവരുമായ 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം @ 4 ലക്ഷം രൂപ | 4800.00 |
| 2 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരെ പുനരധിവസിപ്പിയ്ക്കുന്നതിന്റെ ഭാഗമായി 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം @ 10 ലക്ഷം രൂപ | 7500.00 |
| 3 | തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിയ്ക്കുന്നതിനായി ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് | 700.00 |
| 4 | 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 25 ഫ്ലാറ്റ് അപ്പാർട്ടുമെന്റുകളുടെ നിർമ്മാണം | 2000.00 |
| | ആകെ | 15000.00 |

**ഓഖി ദുരന്തം**

375 (1490) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തെ തുടർന്ന് കടലിൽ അകപ്പെട്ട എത്ര മത്സ്യത്തൊഴിലാളികളെ ഇതിനകം രക്ഷിച്ചു ;

(ബി) നേവിയും എയർഫോഴ്സും മറൈൻ എൻഫോഴ്സ്മെന്റും എത്ര പേരെ വീതം രക്ഷിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) തീരദേശ പോലീസ് എത്ര മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തി?

ഉത്തരം

(എ) 1116 മത്സ്യത്തൊഴിലാളികളെ ഇതിനകം രക്ഷപ്പെടുത്തിയിട്ടുണ്ട്.

(ബി & സി) നേവിയും എയർഫോഴ്സും മറൈൻ എൻഫോഴ്സ്മെന്റും തീരദേശ പോലീസും സംയുക്തമായിട്ടാണ് രക്ഷാപ്രവർത്തനം നടത്തിയിട്ടുള്ളത്. അതിന്റെ ഫലമായി 1116 മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തിയിട്ടുണ്ട്.

**ഓഖി ചുഴലിക്കാറ്റിനെക്കുറിച്ചുള്ള മുന്നറിയിപ്പ്**

376 (1491) ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷാ നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള ധാരണാപത്രത്തിൽ ഫിഷറീസ് വകുപ്പും ഇൻകോയിസും ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ധാരണാപത്രം ഒപ്പുവച്ചത്;

(ബി) ഓഖി ചുഴലിക്കാറ്റിനെക്കുറിച്ച് ഇൻകോയിസ് ഫിഷറീസ് വകുപ്പിന് മുന്നറിയിപ്പ് നൽകിയിരുന്നോ;

(സി) ഇതുപ്രകാരം മത്സ്യത്തൊഴിലാളികൾക്ക് മലയാളത്തിൽ മുന്നറിയിപ്പ് നൽകിയിരുന്നോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മത്സ്യത്തൊഴിലാളികളുടെ സുരക്ഷ മുൻനിർത്തി കടലിന്റെ അവസ്ഥ സംബന്ധിച്ചും, മത്സ്യ ലഭ്യതയെക്കുറിച്ചും വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ആദ്യഘട്ടമെന്ന നിലയിൽ ഫിഷറീസ് വകുപ്പും ഇൻകോയിസും തമ്മിൽ 24-10-2017-ന് ധാരണ പത്രം ഒപ്പുവച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

**പുതിയ ഫിഷറീസ് നയം**

377 (1492) <u>ശ്രീ. എം. ഉമ്മർ</u> :

<u>ശ്രീ. വി. കെ.ഇബ്രാഹിം കുഞ്ഞ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ഫിഷറീസ് നയം കാലഹരണപ്പെട്ടതായുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതിയ നയം രൂപീകരിക്കുന്നതിനായുള്ള കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിൽ മുൻപ് നിർദ്ദേശിച്ചിരുന്ന പതിനഞ്ച് വിഷയങ്ങൾക്ക് ഉപരിയായി മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും വിഷയം ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ജി.എസ്.റ്റി. നടപ്പിലാക്കൽ, ഓഖി ചുഴലിക്കാറ്റ് എന്നിവ മത്സ്യബന്ധന മേഖലയിൽ ഉണ്ടാക്കിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഫിഷറീസ് നയത്തിൽ സമഗ്രമായ മാറ്റംവരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

പുതിയ ഫിഷറീസ് നയം രൂപീകരിക്കുന്നതിന് 30-9-2016-ലെ സ.ഉ. (സാധാ) നമ്പർ 648/16/മ.തു.വ. നമ്പർ ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറി (ഫിഷറീസ്), ചെയർമാൻ ആയി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി&സി) ഇല്ല.

കരട് റിപ്പോർട്ട് കമ്മിറ്റിയുടെ പരിശോധനയിലാണ്.

(ഡി) ഈ പ്രശ്നങ്ങളും കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകുന്നതാണ്.

## കടലിൽ വീണ് മരിച്ച ആളുടെ കുടുംബത്തിന് നഷ്ടപരിഹാരം

378 (1493) ശ്രീ. എ. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലത്തൂർ നിയോജകമണ്ഡലത്തിലെ കോഴിക്കോട് കോർപ്പറേഷനിൽ പ്പെട്ട പുതിയാപ്പ പുതിയോട്ടുംകണ്ടി പുതിയങ്ങാടി സി. കെ. ഷൈമയുടെ ഭർത്താവ് അനിൽകുമാർ പി. കെ. 2017 മാർച്ച് 31-ന് പുതിയാപ്പ ഹാർബറിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കെ കടലിൽ വീണ് മരിച്ചതിനെ തുടർന്ന് അദ്ദേഹത്തിന്റെ കുടുംബത്തിന് എന്തെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ:

(ബി) ഇല്ലെങ്കിൽ പ്രസ്തുത കുടുംബത്തിന് ക്ഷേമ നിധിയും ഇൻഷ്വറൻസും നഷ്ടപരിഹാരത്തുകയും നൽകാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രീ. അനിൽകുമാർ. പി.കെ. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പുതിയാപ്പ ഫിഷറീസ് വില്ലേജിലെ 955-ാം നമ്പർ അംഗമായിരുന്നു. ടിയാന്റെ ആശ്രിതർക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസിന്റെ ആനുകൂല്യത്തിനും മത്സ്യഫെഡ് റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കുന്ന ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് ആനുകൂല്യത്തിനും അർഹതയുണ്ട്. ഇൻഷ്വറൻസ് കമ്പനിയിൽനിന്നും ക്ലെയിം അനുവദിക്കുന്ന മുറയ്ക്ക് ആയത് ടിയാന്റെ ആശ്രിതർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ

379 (1494) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പ് കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ പ്രവൃത്തികളുടെ പ്രൊപ്പോസലുള്ളാണ് തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുള്ളത്;

(ബി) ഇവയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിലേക്കായി കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട് :

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ ) |
|---|---|---|
| 1 | മാടായി ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ - പുതിയ കെട്ടിട നിർമ്മാണം | 515.85 |
| 2 | ഫിഷറീസ് ഡിസ്പെൻസറി പുതിയങ്ങാടി- പുതിയ കെട്ടിട നിർമ്മാണം | 46.00 |
| 3 | പഴയങ്ങാടി മത്സ്യമാർക്കറ്റ് നിർമ്മാണം | 82.82 |

(ബി) ഇല്ല.

കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിനായി 656.5295 കോടി രൂപയുടെ പദ്ധതി റിപ്പോർട്ടിൽ ഫിഷറീസ് ഫാമുകളുടെ വികസനം, ഗവൺമെന്റ് റീജിയണൽ ഫിഷറീസ് സ്കൂളുകളുടെ പുനരുദ്ധാരണം, വിദ്യാഭ്യാസാടിസ്ഥാന സൗകര്യ വികസനം, ആരോഗ്യാടിസ്ഥാന സൗകര്യ വികസനം, ഫിഷറീസ് സ്റ്റേഷൻ അടിസ്ഥാന സൗകര്യ വികസനം, മത്സ്യ മാർക്കറ്റുകളുടെ ആധുനികവൽക്കരണം എന്നീ പ്രധാന പദ്ധതികളാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ 600 കോടി രൂപയിൽ അധികരിക്കാതെ പദ്ധതി ഘടകങ്ങളിൽ വിദ്യാഭ്യാസാടിസ്ഥാന സൗകര്യ വികസനം, മത്സ്യമാർക്കറ്റുകളുടെ ആധുനികവൽക്കരണം എന്നിവ ഉൾപ്പെടുത്തി പുതുക്കിയ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതായിരിക്കും.

**മത്സ്യത്തൊഴിലാളികളുടെ ക്ഷേമം**

380 (1495) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ത്തിനായി ഏറ്റവും പരിഷ്കരിച്ച തരത്തിലുള്ള യന്ത്രോപകരണങ്ങൾ സർക്കാർ സബ്സിഡിവഴി ലോൺ ആയി നൽകി ഇവരെ സംരക്ഷിയ്ക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) 2018-19-ലെ ബജറ്റിൽ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി എത്ര കോടി രൂപാ വകയിരുത്തുമെന്ന് വിശദമാക്കുമോ;

(സി) തീരദേശമേഖലകളിലെ തകർന്ന കടൽ ഭിത്തികളും മറ്റും ആധുനിക നിലവാരത്തിൽ കുറ്റമറ്റതരത്തിൽ പുനർനിർമ്മിക്കുവാനും ആശ്യമായ പുലിമുട്ടും മറ്റും നിർമ്മിക്കുവാനും നടപടി സ്വീകരിക്കുമോ;

(ഡി) മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യതൊഴിലാളികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ മത്സ്യബന്ധനോപകരണങ്ങൾക്ക് വായ്പ എടുക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് എൻ.സി.ഡി.സി., ഐ.എഫ്.ഡി.പി. പദ്ധതി പ്രകാരം സബ്സിഡി അനുവദിച്ച് നൽകിവരുന്നുണ്ട്.

(ബി) മുൻകൂട്ടി വിശദമാക്കാൻ സാധിക്കില്ല.

(സി) തീരദേശ മേഖലയിലെ കടൽ ഭിത്തികളുടെ നിർമ്മാണം മേജർ ഇറിഗേഷൻ വകുപ്പിലാണ് നിക്ഷിപ്തമായിട്ടുള്ളത്. പുലിമുട്ട് നിർമ്മാണം അഥവാ പുനരുദ്ധാരണം ആവശ്യമായ തോട്ടപ്പള്ളി, താനൂർ, വെള്ളയിൽ, കായംകുളം എന്നീ ഹാർബറുകളിലെ പുലിമുട്ടുകൾക്ക് കിഫ്ബി ധനസഹായത്തിനുള്ള പ്രൊപ്പോസൽ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കിഫ്ബി അംഗീകാരം നൽകുന്ന മുറയ്ക്ക് പ്രവൃത്തി ഏർപ്പാടാക്കുന്നതാണ്. ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ പുലിമുട്ട് നിർമ്മാണത്തിന് നബാർഡ് RIDF-ൽ XXIII-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവൃത്തി ഏർപ്പാടാക്കി വരുന്നു. ചെത്തി, മുനമ്പം, കാസർഗോഡ്, മഞ്ചേശ്വരം, തോട്ടപ്പള്ളി, കായംകുളം, അർത്തുങ്കൽ, താനൂർ, പരപ്പനങ്ങാടി, വെള്ളയിൽ എന്നീ ഹാർബറുകളിലെ പുലിമുട്ട് നിർമ്മാണം/ പുനരുദ്ധാരണം പ്രവൃത്തികൾക്ക് നബാർഡ് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ ധനസഹായ പദ്ധതി, മത്സ്യത്തൊഴിലാളി ഭവന പുനരുദ്ധാരണ പദ്ധതി, ശൗചാലയ നിർമ്മാണ ധനസഹായ പദ്ധതി, മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യ പദ്ധതി, മത്സ്യത്തൊഴിലാളി കോളനി ഭവന നിർമ്മാണ/പുനരുദ്ധാരണ പദ്ധതി, ജി.ആർ.എഫ്.റ്റി.എച്ച്.എസ്.മെസ്സ് അലവൻസ്, ഓപ്പൺ വാട്ടർ റാഞ്ചിംഗ് പദ്ധതി, സൗജന്യ റേഷൻ, മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസന പദ്ധതി, പ്രകൃതിക്ഷോഭത്തിൽ വള്ളവും വലയും

നഷ്ടപ്പെട്ടതിനുള്ള നഷ്ടപരിഹാരം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കടലിൽ മത്സ്യബന്ധനത്തിനായി പോകുന്നവരുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനു വേണ്ടി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെടുമ്പോൾ രക്ഷപ്പെടുന്നതിന് സഹായകമായ ലൈഫ് ജാക്കറ്റ്, റേഡിയോ ബിക്കൺ എന്നിവ അടങ്ങിയ സുരക്ഷാ കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനങ്ങളെ കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിന് സഹായകമായ ISRO വികസിപ്പിച്ചെടുത്ത 'നാവിക് ' എന്ന ഉപകരണം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അതിവേഗം പുരോഗമിച്ചു വരുന്നു. 1500 കി.മീ. അകലെ വരെ ഈ ഉപകരണത്തിന്റെ സഹായത്താൽ സന്ദേശങ്ങൾ എത്തിക്കാൻ കഴിയും. കാലാവസ്ഥാ മുന്നറിയിപ്പുകൾ, മത്സ്യലഭ്യത എന്നിവ മത്സ്യത്തൊഴിലാളികളിൽ നേരിട്ട് എത്തിക്കുന്നതിന് INCOIS-മായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിച്ച് കരയിലെത്തിക്കുന്നതിന് സഹായകമായ മറൈൻ ആംബുലൻസ് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. മറൈൻ എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിൽ കടൽ രക്ഷാപ്രവർത്തനങ്ങളും കടൽ പട്രോളിംഗും നടത്തുന്നുണ്ട്. മത്സ്യബന്ധനത്തിന് പോകുന്ന സമയത്തും തിരിച്ച് കരയിലെത്തുന്ന സമയത്തും മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം NIC-യുടെ സഹായത്തോടെ വികസിപ്പിച്ചിട്ടുണ്ട്. കടൽ തീരത്തോട് ചേർന്ന് 50 മീറ്റർ പരിധിയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ 200 മീറ്ററിനുള്ളിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

**മത്സ്യബന്ധനത്തിനായി പോകുന്നവരുടെ സുരക്ഷ**

381 (1496) ഡോ. എം. കെ. മുനീർ:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

ശ്രീ. പാറക്കൽ അബ്ദുല്ല:

ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ മത്സ്യബന്ധനത്തിനായി പോകുന്നവരുടെ സുരക്ഷ വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) അപകട സാധ്യത സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനുള്ള സംവിധാനം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കടലിൽ മത്സ്യബന്ധനത്തിനായി പോകുന്നവരുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനുവേണ്ടി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കടലിൽ മത്സ്യബന്ധനത്തിനുപോകുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെടുമ്പോൾ രക്ഷപ്പെടുന്നതിന് സഹായകമായ ലൈഫ് ജാക്കറ്റ്, റേഡിയോ ബീക്കൺ എന്നിവ അടങ്ങിയ സുരക്ഷാ കിറ്റ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനങ്ങളെ കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിന് സഹായകമായ ISRO വികസിപ്പിച്ചെടുത്ത 'നാവിക്' ഉപകരണം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അതിവേഗം പുരോഗമിച്ചുവരുന്നു. 1500 കി.മീ. അകലെ വരെ ഉപകരണത്തിന്റെ സഹായത്താൽ സന്ദേശങ്ങൾ എത്തിക്കാൻ കഴിയും. കാലാവസ്ഥാ മുന്നറിയിപ്പുകൾ, മത്സ്യലഭ്യത എന്നിവ മത്സ്യത്തൊഴിലാളികളിൽ നേരിട്ട് എത്തിക്കുന്നതിന് INCOIS-മായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിച്ച് കരയിലെത്തിക്കുന്നതിന് സഹായകമായ മറൈൻ ആംബുലൻസ് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. മറൈൻ എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിൽ കടൽ രക്ഷാപ്രവർത്തനങ്ങളും കടൽ പട്രോളിംഗും നടത്തുന്നുണ്ട്. മത്സ്യബന്ധനത്തിന് പോകുന്ന സമയത്തും തിരിച്ച് കരയിലെത്തുന്ന സമയത്തും മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം NIC-യുടെ സഹായത്തോടെ വികസിപ്പിച്ചിട്ടുണ്ട്. അത് ഉടൻ നടപ്പാക്കുന്നതാണ്.

(ബി) നിലവിൽ അപകട സാധ്യത സംബന്ധിച്ച വിവരങ്ങൾ ഫിഷറീസ് സ്റ്റേഷനുകൾ വഴിയും തീരദേശ ജാഗ്രതാ സമിതികൾ വഴിയും മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനങ്ങളും മറ്റും മത്സ്യത്തൊഴിലാളികളെ മുൻകൂട്ടി അറിയിക്കുന്നതിന് സഹായകമായ ' നാവിക്' ഉപകരണം ISRO വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് മത്സ്യബന്ധന യാനങ്ങളിൽ ഘടിപ്പിക്കുന്നതോടെ മത്സ്യത്തൊഴിലാളികൾക്ക് ഉപഗ്രഹ സഹായത്തോടെ സന്ദേശങ്ങൾ അപ്പപ്പോൾ ലഭ്യമാകും. ഇതുകൂടാതെ മത്സ്യത്തൊഴിലാളികളുടെ ലഭ്യമായ മൊബൈൽ നമ്പറുകൾ ഇൻകോയിസ് കൈമാറിയിട്ടുണ്ട്. ഇൻകോയിസ് ഈ മൊബൈൽ നമ്പറുകളിലേയ്ക്ക് കാലാവസ്ഥാ മുന്നറിയിപ്പുകൾ ലഭ്യമാക്കും.

## മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകാനുള്ള സംവിധാനം

382 (1497) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർഷംതോറും മത്സ്യബന്ധനത്തിനിടെ കടലിൽ ജീവൻ പൊലിയുന്നവരുടെ ശരാശരി എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കാനായി പ്രഖ്യാപിച്ച വാട്ടർ ആംബുലൻസ്, തീരദേശ വിമാനം എന്നീ പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(സി) കടലിലെ താപവ്യതിയാനങ്ങളെക്കുറിച്ച് മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകാനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് കടലിൽ സുരക്ഷ ഒരുക്കുന്നതിന് കൈക്കൊണ്ട നടപടികളും ഭാവിയിൽ കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികളും എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മത്സ്യബന്ധനത്തിനിടയിൽ അപകടംമൂലം മരണപ്പെടുകയോ/ കാണാതാകുകയോ ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ശരാശരി എണ്ണം 40 ആണ്.

(ബി) മൂന്ന് (3) മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിന് 6 കോടിയുടെ ഭരണാനുമതി നൽകുകയും, 2 കോടി രൂപ ബജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. കൊച്ചിൻ ഷിപ്പ്‌യാർഡ് 3 മറൈൻ ആംബുലൻസുകൾ ഓരോന്നിനും 5.6 കോടി രൂപ +GST നിരക്കിൽ നിർമ്മിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. കൂടാതെ കൊച്ചിൻ ഷിപ്പ്‌യാർഡ്, BPCL എന്നീ സ്ഥാപനങ്ങളോട് സ്പോൺസർ ചെയ്യുന്നതിനുള്ള അഭ്യർത്ഥന നടത്തിയിട്ടുണ്ട്. 'തീരദേശ വിമാനം' എന്നൊരു പദ്ധതി ഫിഷറീസ് വകുപ്പുവഴി നടപ്പിലാക്കുന്നില്ല.

(സി) കടലിലുണ്ടാകുന്ന താപവ്യതിയാനം, മർദ്ദ വ്യത്യാസം എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിനുള്ള സാങ്കേതിക വിദ്യ 'INCOIS' വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇങ്ങനെ വിവരങ്ങൾ കൈമാറുന്നതിനായി കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ ലഭ്യമായിട്ടുള്ള മൊബൈൽ നമ്പറുകൾ ശേഖരിച്ച് INCOIS-ന് കൈമാറിയിട്ടുണ്ട്.

(ഡി) ദുരന്തത്തിൽ മത്സ്യബന്ധന യാനങ്ങൾ പൂർണ്ണമായി തകർന്ന് നഷ്ടപ്പെട്ടുപോയ മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായ FRP ബോട്ടുകൾ നൽകുന്നതിനുള്ള പദ്ധതിയ്ക്ക് 9.88 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റ്, റേഡിയോ ബീക്കൺ എന്നിവ അടങ്ങിയ സുരക്ഷാ കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിന് സഹായകമായ 'നാവിക്' എന്ന ഉപകരണം ഐ.എസ്.ആർ.ഒ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. ജനുവരി 31-നകം 500 എണ്ണം മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിന് ഐ.എസ്.ആർ.ഒ. സൗജന്യമായി നൽകാമെന്നേറ്റിട്ടുണ്ട്. തുടർന്ന് എല്ലാ മത്സ്യബന്ധന യാനങ്ങൾക്കും 'നാവിക്' ലഭ്യമാക്കും. 1500 കിലോമീറ്റർ അകലെവരെ ഈ ഉപകരണത്തിന്റെ സഹായത്താൽ സന്ദേശം എത്തിക്കാൻ കഴിയും. മത്സ്യബന്ധനത്തിന് പോകുന്ന സമയത്തും തിരിച്ചുവരുന്ന സമയത്തും മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള മൊബൈൽ ആപ്ളിക്കേഷൻ NIC യുടെ സഹായത്തോടെ വികസിപ്പിച്ചിട്ടുണ്ട്. കൂടാതെ മറൈൻ എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിൽ കടൽ രക്ഷാ പ്രവർത്തനങ്ങൾക്കുള്ള സംവിധാനം 9 മറൈൻ ജില്ലകളിലും ഒരുക്കിയിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ പാർപ്പിടം പദ്ധതി

383 (1498) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമാക്കി ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ലൈഫ് പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിച്ച് നൽകുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ഓഖി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിന് പ്രത്യേക പദ്ധതിയും പരിഗണനയും നൽകുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട്, 2016-17, 2017-18 സാമ്പത്തിക വർഷം ഭവന നിർമ്മാണത്തിന് മുഖ്യ പരിഗണന നൽകി വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 2016-17 -സമഗ്ര ഭവന പദ്ധതി - 100 കോടി രൂപ

2. മത്സ്യത്തൊഴിലാളി കോളനികളിൽ ഭവന നിർമ്മാണം - 5 കോടി രൂപ

3. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി

4. കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി - 25 കോടി രൂപ

കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ താമസിക്കുന്നവരെ സുരക്ഷിതമായി പുനരധിവസിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ "അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും" എന്നതിൽപ്പെടുത്തി 150 കോടി രൂപയുടെ ഭവന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഭവന നിർമ്മാണ ധനസഹായ പദ്ധതികളിൽ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട് 2016 മാർച്ച് 31-നകം കരാറിൽ ഏർപ്പെടുകയോ ആദ്യ ഗഡു തുക കൈപ്പറ്റുകയോ ചെയ്തിട്ടുള്ളവരും എന്നാൽ ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണമാണ് ലൈഫ് മിഷൻ മുഖേന ഈ വർഷം നടപ്പിലാക്കുന്നത്. പൂർത്തീകരിയ്ക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനുള്ള ധനസഹായം നിലവിലെ യൂണിറ്റ് കോസ്റ്റായ 4 ലക്ഷം രൂപയുടെ അനുപാതത്തിലാണ് ഗഡുക്കൾ അനുവദിക്കുന്നത്. മത്സ്യത്തൊഴിലാളി മേഖലയിൽ 471 പൂർത്തീകരിക്കാത്ത ഭവനങ്ങളാണുള്ളത്. ഇവ 31/3/2018-നകം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) ഓഖി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചതും തുടർ നടപടികൾ സ്വീകരിക്കുന്നതും റവന്യൂ വകുപ്പു മുഖേനയാണ്. ഭവന നിർമ്മാണമുൾപ്പെടെയുള്ള പദ്ധതികൾ കേന്ദ്ര പാക്കേജിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

## ഭൂതത്താൻകെട്ട് മൾട്ടി സ്പീഷ്യസ് ഇക്കോ ഹാച്ചറി

384 (1499) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്തെ കീരംപാറ പഞ്ചായത്തിൽ കുരികുളം എന്ന സ്ഥലത്ത് ഭൂതത്താൻകെട്ട് മൾട്ടി സ്പീഷ്യസ് ഇക്കോ ഹാച്ചറി പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടുണ്ടോ;

(ബി) ആവശ്യമായ ഫണ്ട് ഉണ്ടായിട്ടും ഹാച്ചറി പൂർണ്ണ പ്രവർത്തന ക്ഷമതയിലെത്താൻ കഴിയാത്ത സാഹചര്യം വിശദീകരിക്കുമോ;

(സി) ഹാച്ചറികളുടെ രണ്ടാംഘട്ട പ്രവർത്തനം ഏത് സ്റ്റേജിലാണെന്നും എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കാമോ;

(ഡി) ഹാച്ചറിയിൽനിന്നും പൂർണ്ണതോതിൽ മത്സ്യോത്പാദനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വന്ന കാലതാമസവും മൺകുളങ്ങൾ, ഓവർഹെഡ് ടാങ്ക്, പമ്പ് ഹൗസ്, ഫീഡ് മിൽ പ്ലാന്റ് മുതലായ ആവശ്യ ഘടകങ്ങൾ പൂർത്തീകരിക്കാത്തതുമാണ് ഹാച്ചറിയെ പൂർണ്ണ പ്രവർത്തനക്ഷമതയിലെത്തിക്കാൻ കഴിയാത്തത്.

(സി) ഭരണാനുമതി നൽകിയ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായ ശേഷം ഹാച്ചറിയുടെ ശേഷി പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്ന മുറയ്ക്ക് രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഡി) നിലവിൽ ഭരണാനുമതി നൽകിയതിൽ അവശേഷിക്കുന്ന പ്രവൃത്തികൾ ഒരു വർഷത്തിനകം പൂർത്തീകരിച്ച് ഹാച്ചറി പൂർണ്ണതോതിൽ മത്സ്യോല്പാദനത്തിന് സജ്ജമാക്കുന്നതാണ്.

**പൊഴിയൂർ യു.പി.എസ്.-ൽ ഫർണിച്ചർ**

385 (1500) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂർ യു. പി. എസ്. -ൽ തീരദേശ വികസന കോർപ്പറേഷൻ നിർമ്മിച്ച കെട്ടിടത്തിൽ കുട്ടികൾക്ക് ആവശ്യമായ സ്കൂൾ ഫർണിച്ചർ നൽകാൻ എം. എൽ. എ. നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുക;

(ബി) പൊഴിയൂർ യു. പി. എസ്.-ൽ തീരദേശ കോർപ്പറേഷൻ എത്ര രൂപയുടെ സ്കൂൾ ഫർണിച്ചർ ആണ് വാങ്ങി നൽകാൻ ഉദ്ദേശിക്കുന്നത്;

(സി) 2018 മാർച്ചിന് മുൻപ് സ്കൂൾ ഫർണിച്ചർ നൽകാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) NABARD-RIDF-19- ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പൊഴിയൂർ യു.പി.എസ്. കെട്ടിട നിർമ്മാണത്തിന് 142 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. എന്നാൽ ടി പദ്ധതിയ്ക്ക് നബാർഡിൽ സമർപ്പിച്ച പ്രൊപ്പോസലിൽ ഫർണിച്ചറും മറ്റ് ഘടകങ്ങളും ഏർപ്പെടുത്തുന്നതിന് തുക വകയിരുത്തിയിട്ടില്ലായിരുന്നു. പ്രസ്തുത പദ്ധതി 8-6-2017-ൽ പൂർത്തീകരിച്ചിട്ടുണ്ട്. ബഹു. എം.എൽ.എ.-യുടെയും സ്കൂൾ അധികൃതരുടെയും നിർദ്ദേശ പ്രകാരം പദ്ധതിയിൽ സേവിംഗ്സുള്ള 19,84,735 രൂപയിൽനിന്ന് കുട്ടികൾക്കാവശ്യമായ ഫർണിച്ചറുകളും മറ്റുഘടകങ്ങളും വാങ്ങുന്നതിന് പ്രത്യേക ഭരണാനുമതിയ്ക്കായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വിഴിഞ്ഞം തുറമുഖം**

386 (1501) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളരെ ആഴത്തിലുള്ള ഡ്രഡ്ജിംഗ്മൂലം വിഴിഞ്ഞം തുറമുഖത്തിന്റെ നോർത്ത് പ്രദേശങ്ങളിൽ അടിത്തട്ട് മണ്ണ് മാറിയ പാറക്കൂട്ടങ്ങൾ, പാര് മുതലായവ പ്രത്യക്ഷമാകുകയും അതിൽ തട്ടി മത്സ്യത്തൊഴിലാളികളുടെ വല മുറിഞ്ഞുപോകുന്നതിനാൽ അവർ പട്ടിണിയിലും ആശങ്കയിലുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരെ സഹായിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് അനുവദിച്ച പാക്കേജ് പ്രകാരമുള്ള ആനുകൂല്യങ്ങൾ വിഴിഞ്ഞം നോർത്ത് പ്രദേശത്തെ കരമടി തൊഴിലാളികൾക്കു കൂടി അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) മുൻ സർക്കാരിന്റെ കാലത്ത് നടത്തിയ വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ടിൽ വിഴിഞ്ഞം നോർത്ത് പ്രദേശത്തെ കരമടി മത്സ്യബന്ധനത്തെ വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ആഘാതം ബാധിക്കില്ലെന്നാണ് പറഞ്ഞിട്ടുള്ളത്. ആയതിനാൽ ടി പ്രദേശത്തെ കരമടി മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുള്ള ആർക്കും തന്നെ നഷ്ടപരിഹാരം നൽകിയിട്ടില്ല. എങ്കിലും ഇങ്ങനെ ഒരു ആക്ഷേപമുണ്ടായ സാഹചര്യത്തിൽ, ഈ

സർക്കാർ ജില്ലാ കളക്ടർ ചെയർമാനായ ഉപജീവനാഘാത നിർണ്ണയ കമ്മിറ്റി അപ്പീൽ കമ്മിറ്റിയുടെ (എൽ.ഐ.എ.സി.) കീഴിലുള്ള ടെക്നിക്കൽ കമ്മിറ്റിയെ ഇതിനെക്കുറിച്ച് പഠനം നടത്തുവാനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

**ഫിഷറീസ് ഫണ്ടുപയോഗിച്ചുള്ള റോഡ് നിർമ്മാണം**

387 (1502) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഉൾനാടൻ മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന കേന്ദ്രങ്ങളിലേക്ക്, ഫിഷറീസ് ഫണ്ടുപയോഗിച്ച് റോഡ് നിർമ്മാണത്തിനായി കോഴിക്കോട് ജില്ലയിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

| ക്രമ നമ്പർ | റോഡ് | ഭരണാനുമതി തുക ലക്ഷത്തിൽ | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1 | ഒളോപ്പാറ റോഡ്-ചേളന്നൂർ ഗ്രാമപഞ്ചായത്ത് | 30.00 | 40% പൂർത്തീകരിച്ചു. |
| 2 | ചെറിയന്നൂർ മുതുവന മണപ്പുറത്ത് താഴെ റോഡ് നിർമ്മാണം | 27.50 | ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |

**ഏലത്തൂരിലെ തീരദേശ റോഡുകൾക്ക് അനുവദിച്ച തുക**

388 (1503) ശ്രീ. എ. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കോഴിക്കോട് ജില്ലയിലെ ഏലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര തീരദേശ റോഡുകൾക്ക് തുക അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) അപ്രകാരം തുക അനുവദിക്കപ്പെട്ട റോഡുകൾ ഏതെല്ലാമെന്നും അവയ്ക്ക് അനുവദിച്ച തുകയെത്രയെന്നും അവയുടെ പ്രവർത്തന പുരോഗതിയെന്തെന്നും വ്യക്തമാക്കാമോ?

## ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ കാലയളവിൽ കോഴിക്കോട് ജില്ലയിലെ ഏലത്തൂർ നിയോജകമണ്ഡലത്തിൽ 9 തീരദേശറോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | റോഡിന്റെ വിശദാംശങ്ങൾ | അനുവദിച്ച തുക (ലക്ഷത്തിൽ) | പുരോഗതി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ഞാറക്കൽതാഴം കനോലി കനാൽ റോഡ് (കോഴിക്കോട് കോർപ്പറേഷൻ) | 69.00 | പൂർത്തീകരിച്ചു. |
| 2 | മാടച്ചാൽതോടൊഴി റോഡ് (കോഴിക്കോട് കോർപ്പറേഷൻ) | 28.62 | പൂർത്തീകരിച്ചു. |
| 3 | ഒള്ളോപ്പാറ റോഡ്-ചേളന്നൂർ ഗ്രാമപഞ്ചായത്ത് | 30.00 | 40% പൂർത്തീകരിച്ചു. |
| 4 | അടവാട്ടുതാഴം റോഡ്, തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് | 22.00 | 50% പൂർത്തീകരിച്ചു. |
| 5 | അരിയോളിമുക്ക്-പുതിയോട്ടിൽക്കടവ് റോഡ്-തലക്കുളത്തൂർ പഞ്ചായത്ത്, വാർഡ് നമ്പർ -15 | 63.00 | 30% പൂർത്തീകരിച്ചു. |
| 6 | മാട്ടുവയൽ അഴീക്കൽതോട് (ഡ്രെയിനേജ്, പാത്ത് വേ) കോഴിക്കോട് കോർപ്പറേഷൻ വാർഡ് നമ്പർ 1) | 39.00 | പ്രവൃത്തി ആരംഭിച്ചു. |
| 7 | പടന്നക്കളം കയർ സൊസൈറ്റി റോഡ്, തലക്കുളത്തൂർ പഞ്ചായത്ത്, വാർഡ് നമ്പർ 1 | 42.90 | 50% പൂർത്തീകരിച്ചു. |
| 8 | പെരുംതുരുത്തി മാട്ടുപുരയ്ക്കൽ റോഡ്, കോഴിക്കോട് കോർപ്പറേഷൻ, ഡിവിഷൻ -4 | 18.60 | മറ്റൊരു ഏജൻസിയായ കോഴിക്കോട് കോർപ്പറേഷൻ പ്രവൃത്തി ചെയ്തു കഴിഞ്ഞു. |
| 9 | കോഴിക്കോട് കോർപ്പറേഷൻ വാർഡ് -1, വില്ലേജ് ഓഫീസ് ബീച്ച് റോഡ് | 39.00 | ഭരണാനുമതി 16-1-2018-ൽ നൽകി. |

## ഓഖി ചുഴലിക്കാറ്റ്

389 (1504) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ചുഴലിക്കാറ്റിൽപെട്ട് കേരളത്തിൽനിന്നും എത്ര മത്സ്യതൊഴിലാളികളാണ് മരണമടഞ്ഞതെന്ന് വ്യക്തമാക്കുമോ;

(ബി) ഇനി എത്ര മത്സ്യത്തൊഴിലാളികളെപ്പറ്റിയുള്ള വിവരങ്ങൾ ലഭ്യമാകാനുണ്ട്;

(സി) ഇവർക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ എന്തെല്ലാം സഹായങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളത്; ഇവ വിതരണം ചെയ്തോ;

(ഡി) ഓഖി ദുരന്തത്തിനുശേഷം കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ മുന്നറിയിപ്പ് നൽകാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) വിവിധ ഏജൻസികൾ നൽകുന്ന കാലാവസ്ഥാ വിവരങ്ങൾ ഏകോപിപ്പിച്ച് കൃത്യതയോടെ മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിനുള്ള സമ്പ്രദായം സമയബന്ധിതമായി നടപ്പിലാക്കാൻ ശ്രമിക്കുമോ?

### ഉത്തരം

(എ) ഓഖി ദുരന്തത്തിൽ നാളിതുവരെ സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള 49 മത്സ്യത്തൊഴിലാളികളും കാസർഗോഡ് ജില്ലയിലെ ഒരു മത്സ്യത്തൊഴിലാളിയും ഉൾപ്പെടെ 50 മത്സ്യത്തൊഴിലാളികൾ കടലിൽവെച്ച് മരണപ്പെട്ടതായി സ്ഥിതീകരിച്ചിട്ടുണ്ട്. ഒരു മൃതദേഹം ഇനിയും തിരിച്ചറിയാനുണ്ട്.

(ബി) ഓഖി ചുഴലിക്കാറ്റിൽപ്പെട്ട 104 മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ ലഭ്യമാകാനുണ്ട്.

(സി) ദുരന്ത പ്രതികരണ അതോറിറ്റിയുടെ 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 6 ലക്ഷം രൂപയും, ഫണ്ട് ബോർഡിൽ നിന്ന് 5 ലക്ഷം രൂപയും, ഫിഷറീസ് വകുപ്പിന്റെ സഹായമായി 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് നൽകുന്നു. ഒന്നാം ഘട്ടമായി 25 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

ഓഖി ചുഴലിക്കാറ്റിൽ ഗുരുതരമായി പരിക്കേൽക്കുകയും മത്സ്യബന്ധനത്തിലേർപ്പെടാൻ കഴിയാത്ത ആരോഗ്യസ്ഥിതിയിലുമായ മത്സ്യത്തൊഴിലാളികൾക്ക്

ബദൽ ജീവനോപാധിയായി ഓരോ കുടുംബത്തിനും 5 ലക്ഷം രൂപയുടെ ധന സഹായം ഫിഷറീസ് വകുപ്പിൽനിന്നും അനുവദിക്കുന്നതാണ്. പ്രസ്തുത തുക ഫിഷറീസ് വകുപ്പിന്റെ ഫണ്ടിൽ നിന്നായിരിക്കും അനുവദിക്കുന്നത്. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും അടിയന്തര ധനസഹായമായി 10,000 രൂപ വീതം അനുവദിച്ച നൽകി. അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിലായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളിക്ഷേമനിധി ബോർഡിൽനിന്നും 5,000 രൂപ വീതം അനുവദിച്ചുനൽകി. മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനത്തിനായി കടലിൽ മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഫിഷറീസ് വകുപ്പിന് അനുവദിച്ച തുക ഉപയോഗിച്ച് 1.66 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് 2,000 രൂപ വീതം ഉപജീവന സഹായം അനുവദിച്ചു. ദുരിത കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ സിവിൽ സപ്ലൈസ് വഴി നൽകിയിട്ടുണ്ട്.

മരണമടയുന്നതും കാണാതാകുന്നതുമായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം/തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിനുള്ള നടപടികൾ പൊതു വിദ്യാഭ്യാസം/ഉന്നത വിദ്യാഭ്യാസ വകുപ്പുകളുമായി ചേർന്ന് സ്വീകരിച്ച വരുന്നു. ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് ബോട്ട്, മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നേരിട്ട നഷ്ടത്തിന് ഏകദേശം തുല്യമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

തീരദേശ പോലീസ് സേനയിൽ ആവശ്യമായ റിക്രൂട്ട്മെന്റ് നടത്തുകയും ആധുനിക സജ്ജീകരണങ്ങളോടെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. അതോടൊപ്പം കേരളത്തിലെ വിഴിഞ്ഞം, നീണ്ടകര, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളോട് ചേർന്ന് പ്രത്യേക പോലീസ് സംവിധാനം ആരംഭിക്കുന്നതിന് ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക പോലീസ് സംവിധാനങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റ് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളിൽ നിന്നായിരിക്കണം നടത്തേണ്ടതെന്നും റിക്രൂട്ട്മെന്റ് നടത്തുമ്പോൾ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് (ആശ്രിതർക്ക്) മുൻഗണന നൽകേണ്ടതാണെന്നും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള സമഗ്രപദ്ധതിയും കൂടുതൽ സുരക്ഷയുള്ള യാനങ്ങൾ നൽകുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള പുനരധിവാസ പദ്ധതിയ്ക്കായി 7340 കോടി രൂപയുടെ ഒരു സമഗ്ര പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി & ഇ) മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി 250 മീറ്റർ വീതിയിൽ കേരള തീരത്തെ അപകടസാധ്യതാ വിശകലനത്തിനും ദുരന്ത സാധ്യതയുള്ള പ്രദേശത്തെ കണ്ടെത്തുന്നതിനും പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനുമുള്ള അടിയന്തര തയ്യാറെടുപ്പുകൾക്ക് സൗകര്യമൊരുക്കാനും മത്സ്യവകുപ്പ് ഒരു ത്രിമാന ഭൂപടം തയ്യാറാക്കാൻ ഉദ്ദേശിക്കുന്നു. കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങളിൽ ജീവൻരക്ഷാ ഉപകരണങ്ങൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഭാവി രക്ഷാപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കടലിൽ പോകുന്ന സമയത്തും തിരിച്ച് വരുന്ന സമയത്തും മത്സ്യബന്ധന യാനങ്ങളെ സംബന്ധിച്ചും തൊഴിലാളികളെ സംബന്ധിച്ചും വിശദാംശങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ നാഷണൽ ഇൻഫർമാറ്റിക് സെന്റർ (NIC)-ന്റെ സഹായത്തോടെ വികസിപ്പിച്ചിട്ടുണ്ട്. അവ ഉടൻ തന്നെ നടപ്പിലാക്കുന്നതാണ്.

കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുമായി ആശയ വിനിമയം നടത്തുന്നതിനും അവർക്ക് മുന്നറിയിപ്പ് നൽകുന്നതിനും ഏറ്റവും വലിയ പ്രതിബന്ധം കടലിലെ വാർത്താ വിനിമയ സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. ഇപ്പോൾ കടലിൽ പരമാവധി 50 കിലോമീറ്റർ പരിധിവരെ മാത്രമേ കരയിൽ നിന്നുള്ള വാർത്താവിനിമയം സാധ്യമാകുന്നുള്ളൂ. ഈ സാഹചര്യത്തിൽ ഐ.എസ്.ആർ.ഒ.യുടെ സാങ്കേതിക സഹായത്തോടെ ഉപഗ്രഹ സാങ്കേതിക വിദ്യ ഉപയോഗിച്ച് 1500 കി.മീറ്റർ വരെ വാർത്താവിനിമയം സാധ്യമാക്കുന്നതിനുള്ള നടപടികൾ ഇതിനകം തന്നെ സ്വീകരിക്കുകയും ഇതിനായി വികസിപ്പിച്ചെടുത്ത നാവിക് ഉപകരണങ്ങളുടെ ഫീൽഡുതല പരീക്ഷണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കടലിൽ അകപ്പെട്ടു പോകുന്ന മത്സ്യത്തൊഴിലാളികളുടെ യഥാർത്ഥ സ്ഥാനം മനസ്സിലാക്കുന്നതിനുതകുന്ന റേഡിയോ ബീക്കണുകൾ നാവിക്കിൽ ഉൾപ്പെടുത്തുന്നതായിരിക്കും. 500 നാവിക്കുകൾ ജനുവരി 31-ന് മുമ്പുതന്നെ വിതരണം ചെയ്യുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്. 1000 ഉപകരണങ്ങൾ ഫെബ്രുവരി അവസാനത്തോടെ വിതരണം ചെയ്യുന്നതായിരിക്കും. മുഴുവൻ മത്സ്യബന്ധന യാനങ്ങൾക്കും ആവശ്യമായ 'നാവിക്' ഉപകരണങ്ങൾ കെൽട്രോണിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കാലാവസ്ഥ സംബന്ധിച്ചും കടലിന്റെ പ്രക്ഷുബ്ധാവസ്ഥ സംബന്ധിച്ചുമുള്ള വിവരങ്ങൾ മുൻകൂട്ടി മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിന് ഹൈദരാബാദിലെ INCOIS-മായി 24-10-2017-ന് ധാരണാപത്രം മത്സ്യവകുപ്പ് ഒപ്പു വച്ചിട്ടുണ്ട്.

**ഓഖി ചുഴലിക്കാറ്റ്**

390 (1505) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മത്സ്യത്തൊഴിലാളികളുടെ ജീവൻ ഓഖി ചുഴലിക്കാറ്റ്മൂലം നഷ്ടപ്പെട്ടിട്ടുണ്ട്; എത്ര പേർക്ക് അംഗവൈകല്യം വന്നിട്ടുണ്ട്; ഇവർക്ക് സർക്കാർ എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും ജാഗ്രത നിർദ്ദേശങ്ങൾ കേന്ദ്ര കാലാവസ്ഥ-പരിസ്ഥിതി-ആഭ്യന്തര മന്ത്രാലയങ്ങൾ സംസ്ഥാനത്തിന് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നും ഫിഷറീസ് വകുപ്പിന്റെ ഭാഗത്തുനിന്നും വേണ്ടത്ര ജാഗ്രത ഉണ്ടായില്ലെന്ന ആരോപണം പരിശോധിക്കുമോ;

(ഡി) ഓഖി ചുഴലിക്കാറ്റ് സംബന്ധിച്ച് ഫിഷറീസ് വകുപ്പ് എന്തെങ്കിലും ജാഗ്രത നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നായിരുന്നു അത് നൽകിയത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഓഖി ചുഴലിക്കാറ്റിൽ 50 മത്സ്യത്തൊഴിലാളികൾക്ക് കടലിൽ വച്ച് ജീവഹാനി സംഭവിച്ചിട്ടുണ്ട്. കൂടാതെ, കണ്ണൂർ മാപ്പിളബേ മത്സ്യബന്ധന തുറമുഖത്തിലെ ഹൈമാസ്റ്റ് ലൈറ്റ് തകർന്ന് വീണ് ഒരു മത്സ്യത്തൊഴിലാളിയും മരണമടഞ്ഞു. ആർക്കും അംഗവൈകല്യം സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല. മരിച്ച മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ദുരന്ത പ്രതികരണ അതോറിറ്റിയുടെ 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 6 ലക്ഷം രൂപയും, മത്സ്യത്തൊഴിലാളി ഫണ്ട് ബോർഡിന്റെ ഇൻഷ്വറൻസ് തുകയായ 5 ലക്ഷം രൂപയും, ഫിഷറീസ് വകുപ്പിന്റെ സഹായമായി 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ വീതം ധനസഹായമനുവദിച്ചു. ഇതിൽ 25 പേർക്കുള്ള ധനസഹായം ഇതിനകം തന്നെ വിതരണം ചെയ്തു. ദുരന്തത്തിൽ മരിച്ച ബാക്കിയുള്ളവരുടെ ആശ്രിതർക്ക് 1-2-2018-ന് ആശ്വാസ

ധനസഹായം വിതരണം ചെയ്യുന്നതാണ്. ഓഖി ചുഴലിക്കാറ്റിൽ ഗുരുതരമായി പരിക്കേൽക്കുകയും മത്സ്യബന്ധനത്തിലേർപ്പെടാൻ കഴിയാത്ത ആരോഗ്യ സ്ഥിതിയിലുമായ മത്സ്യത്തൊഴിലാളികൾക്ക് ബദൽ ജീവനോപാധിയായി ഓരോ കുടുംബത്തിനും 5 ലക്ഷം രൂപയുടെ ധനസഹായം ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിക്കുന്നതാണ്. കൂടാതെ പ്രധാനമന്ത്രിയുടെ ധനസഹായമായി 2 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ 2013-ലെ ചുഴലിക്കാറ്റ് Standard Operating Procedure Page 9, Table 1.2 പ്രകാരം Depression എന്ന സ്ഥിതിയിൽ പ്രത്യേക നടപടികൾ ശിപാർശ ചെയ്യുന്നില്ല. Deep Depression എന്ന സ്ഥിതിയിൽ 'മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നത് ഒഴിവാക്കണം (Fishermen Advised not to venture into sea) എന്നുള്ള ഉപദേശം നൽകണം' എന്ന അറിയിപ്പ് നൽകുക മാത്രമാണ് ശിപാർശ. Cyclonic Storm എന്ന നിലയിൽ മാത്രമാണ് 'മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നത് തടയണം' (Total suspension of fishing) എന്ന നിർദ്ദേശമുള്ളത്. എന്നാൽ ഇത്തരത്തിൽ 'മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നത് തടയണം' എന്ന നിർദ്ദേശം കേന്ദ്ര കാലാവസ്ഥാ വകുപ്പിൽനിന്നും ഒരു സാഹചര്യത്തിലും കേരളത്തിന് ലഭിച്ചിട്ടില്ല.

(സി) ഫിഷറീസ്, റവന്യൂ, ആഭ്യന്തര, ആരോഗ്യ വകുപ്പുകളുടെ നേതൃത്വത്തിൽ വളരെ ജാഗ്രതയോടെയുള്ള ദുരന്ത നിവാരണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്.

(ഡി) ഓഖി 'ചുഴലിക്കാറ്റ് സംബന്ധിച്ച മുന്നറിയിപ്പ് ലഭിച്ചിരുന്നില്ല.

**ഓഖി ചുഴലിക്കാറ്റ് മത്സ്യബന്ധന മേഖലയിൽ ഉണ്ടാക്കിയ നഷ്ടം**

391 (1506) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. കെ. എം. ഷാജി:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ചുഴലിക്കാറ്റ് ദുരന്തത്തിൽ മത്സ്യബന്ധന മേഖലയിൽ ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഓഖി ദുരന്തബാധിത കുടുംബങ്ങളുടെ പുനരധിവാസത്തിന് ഫിഷറീസ് വകുപ്പ് തയ്യാറാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് അർഹമായ സാമ്പത്തികസഹായം നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2017 നവംബർ 30 ന് അപ്രതീക്ഷിതമായി കേരള തീരത്ത് വീശിയടിച്ച ചുഴലിക്കാറ്റിൽ 50 പേർ കടലിൽവച്ച് മരണപ്പെടുകയും കണ്ണൂർ മാപ്പിളബേ മത്സ്യബന്ധന തുറമുഖത്തെ ഹൈമാസ്റ്റ് ലൈറ്റ് തകർന്ന് വീണ് ഒരു മത്സ്യത്തൊഴിലാളിയും മരണമടഞ്ഞു. 104 പേരെ കാണാതാവുകയും ചെയ്തു. ഒരു മൃതദേഹം തിരിച്ചറിയാനുണ്ട്. മത്സ്യബന്ധന മേഖലയിലെ 221 വീടുകൾക്ക് പൂർണ്ണമായ നാശനഷ്ടവും വീടുകൾക്ക് ഭാഗികമായ നാശനഷ്ടവും 3251 വീടുകൾ വാസയോഗ്യമല്ലാതാകുകയും 270 കുടിലുകൾ തകരുകയും ചെയ്തു. കൂടാതെ 384 ബോട്ടുകൾക്കും 446 വലകൾക്കും നാശനഷ്ടവും സംഭവിച്ചിട്ടുണ്ട്.

(ബി) ഓഖി ദുരന്തബാധിത കുടുംബങ്ങളുടെ പുനരധിവാസത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ദുരന്ത പ്രതികരണ അതോറിറ്റിയുടെ 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 6 ലക്ഷം രൂപയും, ഫണ്ട് ബോർഡിൽനിന്ന് 5 ലക്ഷം രൂപയും, ഫിഷറീസ് വകുപ്പിന്റെ സഹായമായി 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് നൽകാൻ തീരുമാനിച്ചു. ഒന്നാംഘട്ടമായി 25 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

ഓഖി ചുഴലിക്കാറ്റിൽ ഗുരുതരമായി പരിക്കേൽക്കുകയും മത്സ്യബന്ധനത്തിലേർപ്പെടാൻ കഴിയാത്ത ആരോഗ്യ സ്ഥിതിയിലുമായ മത്സ്യത്തൊഴിലാളികൾക്ക് ബദൽ ജീവനോപാധിയായി ഓരോ കുടുംബത്തിനും 5 ലക്ഷം രൂപയുടെ ധനസഹായം അനുവദിക്കുന്നതാണ്. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും അടിയന്തര ധനസഹായമായി 10,000 രൂപ വീതവും അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിലായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും 5,000 രൂപ വീതയും അനുവദിച്ചു നൽകി. മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനത്തിനായി കടലിൽ മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 1.66 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് 2,000 രൂപ വീതം ഉപജീവന സഹായം അനുവദിച്ചു. കൂടാതെ, ദുരിത കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ സിവിൽ സപ്ലൈസ് വഴി നൽകിയിട്ടുണ്ട്.

മരണമടയുന്നതും കാണാതാകുന്നതുമായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം/തൊഴിൽ പരിശീലനം ഉൾപ്പെടെ

നൽകുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസം/ഉന്നത വിദ്യാഭ്യാസ വകുപ്പുകളുമായി ചേർന്ന് സ്വീകരിച്ചു വരുന്നു. ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് ബോട്ട്, മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നേരിട്ട നഷ്ടത്തിന് ഏകദേശം തുല്യമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തീരദേശ പോലീസ് സേനയിൽ ആവശ്യമായ റിക്രൂട്ട്മെന്റ് നടത്തുകയും ആധുനിക സജ്ജീകരണങ്ങളോടെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. അതോടൊപ്പം കേരളത്തിലെ വിഴിഞ്ഞം, നീണ്ടകര, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളോട് ചേർന്ന് പ്രത്യേക പോലീസ് സംവിധാനം ആരംഭിക്കുന്നതിന് ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക പോലീസ് സംവിധാനങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റ് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളിൽ നിന്നായിരിക്കണം നടത്തേണ്ട തെന്നും റിക്രൂട്ട്മെന്റ് നടത്തുമ്പോൾ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് (ആശ്രിതർക്ക്) മുൻഗണന നൽകേണ്ടതാണെന്നും തീരുമാനിച്ചിട്ടുണ്ട്.

മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് നൽകുന്ന അതേ നിരക്കിലുള്ള ആനുകൂല്യങ്ങൾ കാണാതായവരുടെ കുടുംബങ്ങൾക്കും നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) ബോട്ട്, മത്സ്യബന്ധന ഉപകരണങ്ങൾ എന്നിവ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നേരിട്ട നഷ്ടത്തിന് ഏകദേശം തുല്യമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**ഓഖി ദുരന്തം**

392 (1507) <u>ശ്രീ. വി. എസ്. ശിവകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ എത്ര പേർ മരണപ്പെട്ടു; നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് വിശദമാക്കാമോ;

(ബി) എത്ര മത്സ്യത്തൊഴിലാളികളെ കാണാതായിട്ടുണ്ട്; പരിക്കേറ്റവരുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മൃതദേഹങ്ങൾ തിരിച്ചറിയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ദുരന്തത്തിൽപ്പെട്ടവർക്ക് എന്തെല്ലാം സഹായങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) ഓഖി ചുഴലിക്കാറ്റിൽ തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള 49 മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടു. നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

1. നെയ്യാറ്റിൻകര - 2
2. തിരുവനന്തപുരം - 19
3. കോവളം -26
4. ചിറയിൻകീഴ് - 2

ആകെ 49

(ബി) ഓഖി ചുഴലിക്കാറ്റിൽ 104 മത്സ്യത്തൊഴിലാളികളെ കാണാതായിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ 165 മത്സ്യത്തൊഴിലാളികൾക്ക് സാരമായി പരിക്കേൽക്കുകയും, ഇതിൽ 144 പേർക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് ചികിത്സാ സഹായമായി 5,000 രൂപ നൽകുകയും ബാക്കിയുള്ള 21 പേർ ധനസഹായം കൈപ്പറ്റാനുമുണ്ട്. ടി ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു* (അനുബന്ധം 1, 2).* നിസ്സാര പരിക്കേറ്റ 139 പേരെ പ്രാഥമിക ശുശ്രൂഷ നൽകിയ ശേഷം വിട്ടയച്ചു.

(സി) കടലിൽ കാണാതായവരുടെ ബന്ധുക്കളുടെ ഡി.എൻ.എ. സാമ്പിൾ ശേഖരിച്ച് രാജീവ് ഗാന്ധി ബയോടെക്നോളജി സെന്ററിൽ പരിശോധിച്ചാണ് മരണപ്പെട്ടവരെ തിരിച്ചറിഞ്ഞത്.

(ഡി) ഓഖി ദുരന്തബാധിത കുടുംബങ്ങളുടെ പുനരധിവാസത്തിനായി ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ദുരന്ത പ്രതികരണ അതോറിറ്റിയുടെ 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 6 ലക്ഷം രൂപയും, ഫണ്ട് ബോർഡിൽ നിന്ന് 5 ലക്ഷം രൂപയും, ഫിഷറീസ് വകുപ്പിന്റെ സഹായമായി 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 ലക്ഷം രൂപ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് അനുവദിച്ചിട്ടുണ്ട്. ഒന്നാംഘട്ടമായി 25 പേർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ഓഖി ചുഴലിക്കാറ്റിൽ ഗുരുതരമായി പരിക്കേൽക്കുകയും മത്സ്യബന്ധനത്തിലേർപ്പെടാൻ കഴിയാത്ത ആരോഗ്യസ്ഥിതിയിലുമായ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് ബദൽ ജീവനോപാധിയായി ഓരോ കുടുംബത്തിനും 5 ലക്ഷം രൂപയുടെ ധനസഹായം ഫിഷറീസ് വകുപ്പിൽനിന്നും അനുവദിക്കുന്നതാണ്. പ്രസ്തുത തുക ഫിഷറീസ് വകുപ്പിന്റെ ഫണ്ടിൽ നിന്നുമായിരിക്കും അനുവദിക്കുന്നത്. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും അടിയന്തര ധനസഹായമായി 10,000 രൂപ വീതം അനുവദിച്ചു നൽകി. അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിലായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും 5000 രൂപ വീതം അനുവദിച്ചു നൽകി. മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനത്തിനായി കടലിൽ മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഫിഷറീസ് വകുപ്പിന് അനുവദിച്ച തുക ഉപയോഗിച്ച് 1.66 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് 2,000 രൂപ വീതം സഹായം അനുവദിച്ചു. ദുരിത കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ സിവിൽ സപ്ലൈസ് വഴി നൽകിയിട്ടുണ്ട്.

മരണമടയുന്നതും കാണാതാകുന്നതുമായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം/തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിനുള്ള നടപടികൾ പൊതു വിദ്യാഭ്യാസം/ഉന്നത വിദ്യാഭ്യാസ വകുപ്പുകളുമായി ചേർന്ന് സ്വീകരിച്ചു വരുന്നു. ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് ബോട്ട്, മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നേരിട്ട നഷ്ടത്തിന് ഏകദേശം തുല്യമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തീരദേശ പോലീസ് സേനയിൽ ആവശ്യമായ റിക്രൂട്ട്മെന്റ് നടത്തുകയും ആധുനിക സജ്ജീകരണങ്ങളോടെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. അതോടൊപ്പം കേരളത്തിലെ വിഴിഞ്ഞം, നീണ്ടകര, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളോട് ചേർന്ന് പ്രത്യേക പോലീസ് സംവിധാനം ആരംഭിക്കുന്നതിന് ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക പോലീസ് സംവിധാനങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റ് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളിൽ നിന്നായിരിക്കണം നടത്തേണ്ട തെന്നും റിക്രൂട്ട്മെന്റ് നടത്തുമ്പോൾ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് (ആശ്രിതർക്ക്) മുൻഗണന നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

## ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരം

393 (1508) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് മരിച്ചവരുടെ ആശ്രിതർക്ക് എത്ര രൂപയാണ് മൽസ്യബന്ധന തുറമുഖ വകുപ്പ് നഷ്ടപരിഹാരമായി നൽകുന്നത്;

(ബി) നഷ്ടപരിഹാര തുക എത്ര പേർക്ക് നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഓഖി ചുഴലിക്കൊടുങ്കാറ്റിൽ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച 10 ലക്ഷം രൂപയും (4 ലക്ഷം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 6 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും), മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും 5 ലക്ഷം രൂപയും, ബദൽ ജീവനോപാധിക്കായി ഫിഷറീസ് വകുപ്പിൽ നിന്നും 5 ലക്ഷം രൂപയും ഉൾപ്പെടെ 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 2 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

(ബി) മരണപ്പെട്ട 25 പേർക്ക് നഷ്ടപരിഹാരം പൂർണ്ണമായി നൽകിക്കഴിഞ്ഞു. ബാക്കിയുള്ളവർക്കുള്ള ധനസഹായം ഫെബ്രുവരി 1-ാം തീയതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ന്യൂമാഹി മത്സ്യബന്ധന കേന്ദ്രത്തിലെ ലാന്റിംഗ് ജെട്ടിയുടെ നിർമ്മാണം

394 (1509) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജക മണ്ഡലത്തിൽ ന്യൂമാഹി മത്സ്യ ബന്ധന കേന്ദ്രത്തിലെ സുനാമിയിൽ തകർന്ന ലാന്റിംഗ് ജെട്ടിയുടെ നിർമ്മാണം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റടക്കമുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പൂർത്തീകരണത്തിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വികരിക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. തലശ്ശേരി നിയോജകമണ്ഡലത്തിൽ ന്യൂമാഹി മത്സ്യബന്ധന കേന്ദ്രത്തിലെ സുനാമിയിൽ തകർന്ന ലാന്റിംഗ് ജെട്ടിയുടെ നിർമ്മാണത്തിനായുള്ള 450 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നബാർഡ് പദ്ധതിയിലുൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കായംകുളം ഫിഷിംഗ് ഹാർബറിന്റെ വികസനം**

395 (1510) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഫിഷിംഗ് ഹാർബറിൽ അടിക്കടിയുണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഹാർബറിലെ ബ്രേക്ക് വാട്ടർ സംവിധാനം തകർന്ന് പാറകൾ കടലിൽ ചിതറി കിടക്കുന്നത് പരിഹരിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ; വിശദാംശം നല്കുമോ;

(സി) വാർഫിന്റെ നീളം വർദ്ധിപ്പിച്ച് സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഹാർബറിന്റെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കായംകുളം പൊഴിയുടെ അഴിമുഖത്ത് കഴിഞ്ഞ 3 വർഷ കാലയളവിൽ 18-7-2015, 3-7-2017 തീയതികളിൽ അപകടം നടന്നിട്ടുണ്ട്.

(ബി) കായംകുളം ഫിഷറീസ് ഹാർബറിലെ തെക്കെ പുലിമുട്ടിന്റെ അഗ്രഭാഗത്ത് ഏകദേശം 50 മീറ്റർ നീളത്തിൽ, ശക്തമായ കടലാക്രമണംമൂലം പുലിമുട്ട് തകർന്ന് കല്ലുകൾ കടലിൽ ചിതറി കിടപ്പുണ്ട്. ഈ ഭാഗം പുനരുദ്ധരിക്കുന്നതിനായി 780 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖയ്ക്ക് കിഫ്ബി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അതിനുപുറമേ നബാർഡ് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിലേയ്ക്ക് ബ്രേക്ക് വാട്ടർ റിപ്ലനിഷ്മെന്റ് പ്രവൃത്തി ഉൾപ്പെടെ കായംകുളം ഫിഷറി ഹാർബറിന്റെ രണ്ടാംഘട്ട വികസനത്തിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു.

(സി) സ്വീകരിക്കുന്നതാണ്.

(ഡി) കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവൃത്തിയുടെ പദ്ധതി രൂപരേഖ നബാർഡ് XXIV-ൽ (സ്പെഷ്യൽ പാക്കേജ്) ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി തയ്യാറാക്കി വരുന്നു. ഇതിൽ പുലിമുട്ടുകളുടെ പുനരുദ്ധാരണവും, വാർഫ്, ലേലപ്പുര എന്നിവയുടെ നീളം വർദ്ധിപ്പിക്കുന്നതിനും, പാർക്കിംഗ് ഏരിയയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുമുള്ള ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫിഷ് ലോഡിംഗ് ഏരിയ, പായ്ക്കിംഗ് സെന്റർ, ഷോപ്പുകൾ, ലോക്കർ മുറികൾ ഇലക്ട്രിഫിക്കേഷൻ എന്നിവയും രണ്ടാംഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുന്നതാണ്.

## പുതിയങ്ങാടി മത്സ്യബന്ധന തുറമുഖം

396 (1511) ശ്രീ. ടി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടി മത്സ്യബന്ധന തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പരിസ്ഥിതി പഠനവും സി. ഡബ്ല്യു. പി. ആർ. എസ്.-ന്റെ മാതൃകാപഠനവും പൂർത്തിയായോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) നിലവിൽ പ്രവൃത്തിയാരംഭിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനാണ് സർക്കാർ പ്രാമുഖ്യം നൽകുന്നത്. മറ്റിടങ്ങളിൽ അത്യാവശ്യം വരുന്നപക്ഷം ലാന്റിംഗ് സെന്റർ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനായി ആവിഷ്ക്കരിച്ച പദ്ധതികൾ

397 (1512) ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) ഏതെല്ലാം മത്സ്യബന്ധന തുറമുഖങ്ങളുടെ പുനരുദ്ധാരണമാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്;

(ഡി) സംസ്ഥാനത്ത് പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ സാധ്യതകൾ ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർ.കെ.വി. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയാപ്പ ഫിഷിംഗ് ഹാർബറിൽ പുതിയ ലാന്റിംഗ് ജെട്ടി നിർമ്മിക്കുന്നതിനായി 1101.798 ലക്ഷം രൂപയുടെ ഭരണാനുമതി 18-7-2017-ൽ നൽകിയിട്ടുണ്ട്. നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ അഡീഷണൽ പ്രവൃത്തികൾ (1037 ലക്ഷം), തങ്കശ്ശേരി ഫിഷിംഗ് ഹാർബറിന്റെ അടിസ്ഥാന സൗകര്യ വികസനം (625 ലക്ഷം) വെള്ളയിൽ ഫിഷിംഗ് ഹാർബറിന്റെ അടിസ്ഥാന സൗകര്യ വികസനം (650 ലക്ഷം) പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ അടിസ്ഥാന സൗകര്യ വികസനം (225 ലക്ഷം) എന്നിവയ്ക്കായി 3-1-2018-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഈ വർഷം പുതുതായി അനുവദിച്ച Capital Repairs and Maintenance Dredging of Fishing Harbour എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി ഹാർബറുകളിലെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് 5.5691 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി പ്രവൃത്തി ഏർപ്പാടാക്കിവരുന്നു.

(ഡി) ഉണ്ട്. നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങൾ പൂർത്തിയാക്കുന്നതിനാണ് സർക്കാർ പ്രാമുഖ്യം നൽകുന്നത്. പൊഴിയൂർ (തിരുവനന്തപുരം), പരപ്പനങ്ങാടി (മലപ്പുറം) എന്നിവിടങ്ങളിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ചുവരുന്നു. മറ്റത്യാവശ്യ സ്ഥലങ്ങളിൽ ലാന്റിംഗ് സെന്ററുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ചെറുവത്തൂർ ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം

398 (1513) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പ്രധാന മത്സ്യബന്ധന തുറമുഖമായ ചെറുവത്തൂർ ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം വിപുലീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത തുറമുഖത്തിലൂടെ കൂടുതൽ മത്സ്യബന്ധന ബോട്ടുകൾക്കും വള്ളങ്ങൾക്കും സൗകര്യപ്രദമാകുന്ന തരത്തിൽ തുറമുഖ ഡ്രഡ്ജ്ജിങ് ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കുമോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തിന്റെ മെയിന്റനൻസ് ഡ്രഡ്ജിംഗ് പ്രവൃത്തിക്കായി 2017-18-ലെ ഗ്രീൻബുക്കിൽ ഉൾപ്പെടുത്തി 450 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് പ്രവൃത്തി ഏർപ്പാടാക്കുകയും ഇതുവരെ 25% പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാകുന്നതോടു കൂടി മത്സ്യബന്ധന ബോട്ടുകൾക്കും വള്ളങ്ങൾക്കും ഹാർബർ കൂടുതൽ പ്രയോജനപ്രദമാകുന്നതാണ്.

## പൂന്തുറ-വലിയതുറ ഫിഷിംഗ് ഹാർബറുകൾ

399 (1514) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന തിരുവനന്തപുരം ജില്ലയിലെ പൂന്തുറ-വലിയതുറ ഫിഷിംഗ് ഹാർബറുകൾ യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(ബി) മത്സ്യബന്ധനം സുഗമമാക്കുന്നതിന് പാരിസ്ഥിതിക പഠനം, മാതൃകാപഠനം എന്നിവ പൂർത്തീകരിച്ച് ഈ മത്സ്യബന്ധന തുറമുഖങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശംഖുമുഖം ബീച്ചിന്റെ സംരക്ഷണം ഉറപ്പാക്കിക്കൊണ്ട് മാത്രമെ വലിയതുറയിൽ പുതിയ മത്സ്യബന്ധന തുറമുഖമോ, കരയ്ക്കടുപ്പിക്കൽ കേന്ദ്രമോ നിർമ്മിക്കുകയുള്ളൂ.

(ബി) പൂന്തുറയിൽ തീരസംരക്ഷണത്തിനും ബീച്ച് ലാന്റിംഗിനും സഹായകരമാംവിധം ഒരു 'ഓഫ് ഷോർ ബ്രേക്ക് വാട്ടർ' നിർമ്മിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിനാവശ്യമായ പഠനങ്ങൾ നടത്തുന്നതിനും രൂപകല്പന തയ്യാറാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

**കശുവണ്ടി മേഖലയുടെ പുനരുദ്ധാരണം**

400 (1515) <u>ശ്രീമതി പി. അയിഷാ പോറ്റി</u>:
<u>ശ്രീ. എൻ. വിജയൻ പിള്ള</u>:
<u>ശ്രീ. എം. മുകേഷ്</u>:
<u>ശ്രീ. ആർ. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി മേഖലയുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം നവീന പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അസംസ്കൃത കശുവണ്ടിക്ക് നിലവിൽ എത്ര ശതമാനം ഇറക്കുമതി നികുതിയാണ് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) കശുവണ്ടി മേഖലയെ ദോഷകരമായി ബാധിക്കുന്ന പ്രസ്തുത നികുതി ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) വിയറ്റ്നാമുമായുള്ള സ്വതന്ത്ര കച്ചവടക്കരാർ നടപ്പിലായാൽ, വിയറ്റ്നാം കശുവണ്ടി കുറഞ്ഞ വിലയ്ക്ക് വിപണിയിലെത്തുകയും ആഭ്യന്തര വിപണി തകരുകയും ചെയ്യുമെന്നതിനാൽ പ്രസ്തുത കരാർ റദ്ദാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കശുവണ്ടി സംസ്കരണ മേഖല ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന അസംസ്കൃത തോട്ടണ്ടി ക്ഷാമം പരിഹരിക്കുന്നതിനായി കശുവണ്ടി ഉല്പാദിപ്പിക്കുന്ന വിദേശ രാജ്യങ്ങളിൽനിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുക എന്ന ലക്ഷ്യത്തോടെ സർക്കാർ കേരള കാഷ്യൂബോർഡ് രൂപീകരിച്ച

പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. തോട്ടണ്ടി ആവശ്യത്തിന് ലഭ്യമാകുന്നതോടെ പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ തുറക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. കശുവണ്ടി വ്യവസായം സംരക്ഷിക്കുന്നതിനായി സർക്കാർ വർഷാവർഷം പദ്ധതി വിഹിതമായി ആധുനികവൽക്കരണത്തിനും ഭാഗികമായ യന്ത്രവല്ക്കരണത്തിനും ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനുമായി ബജറ്റിൽ തുക വകയിരുത്തി നൽകുന്നുണ്ട്.

കൂടാതെ സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയുടെ നേതൃത്വത്തിൽ അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇറക്കുമതി ചെയ്യുന്ന അസംസ്കൃത കശുവണ്ടിക്ക് നിലവിൽ 5% ഇറക്കുമതി നികുതിയാണ് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) നിലവിലുള്ള 5% ഇറക്കുമതി നികുതി കശുവണ്ടി വ്യവസായത്തിന് വളരെയധികം ദോഷകരമാണ്. എന്നതിനാൽ അത് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വകുപ്പുമന്ത്രിയും ബഹു. മുഖ്യമന്ത്രിയും നേരിട്ട് കേന്ദ്ര മന്ത്രിക്ക് കത്ത് നൽകിയിട്ടുള്ളതാണ്.

(ഡി) യന്ത്രവൽകൃത സംസ്കരണം നിലവിലുള്ള വിയറ്റ്നാമിൽ സംസ്കൃത കശുവണ്ടിക്ക് താരതമ്യേന വില വളരെ കുറവാണ്. ടി കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്ര സർക്കാർ സ്വതന്ത്ര വ്യാപാരകരാർ അനുസരിച്ച് അനുമതി നൽകിയാൽ കേരളത്തിലെ കശുവണ്ടി വ്യവസായ മേഖലയെ തകർച്ചയിലേക്ക് നയിക്കും. ഇക്കാര്യം സൂചിപ്പിച്ച് കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പ് മന്ത്രി ശ്രീ. സുരേഷ് പ്രഭുവിന് കശുവണ്ടി വ്യവസായ വകുപ്പുമന്ത്രി നേരിട്ട് 2017 നവംബർ മാസം കത്ത് നൽകിയിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും കൊച്ചി സ്പെഷ്യൽ എക്കണോമിക്ക് സോൺവഴി നിലവാരമില്ലാത്ത വിയറ്റ്നാം പരിപ്പ് യഥേഷ്ടം ഇറക്കുമതി ചെയ്തുവരികയാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് കശുവണ്ടി വ്യവസായത്തെ സാരമായി ബാധിക്കുന്നതാണ്.

[നക്ഷത്ര ചിഹ്നമിടാത്ത 1401-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് വിഭാഗത്തിൽ ലഭ്യമായിട്ടില്ല]

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II അറിയിപ്പ്

### രക്തസാക്ഷിദിനം

മി. സ്പീക്കർ: നമ്മുടെ രാഷ്ട്രപിതാവ് രക്തസാക്ഷിത്വം വരിച്ചതിന്റെ എഴുപതാം വാർഷികമാണ് ഇന്ന്. ഈ അവസരത്തിൽ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായി ജീവത്യാഗം ചെയ്ത ധീരദേശാഭിമാനികളുടെ ദീപ്ത സ്മരണയ്ക്കുമുന്നിൽ ശ്രദ്ധാഞ്ജലിയർപ്പിച്ച് ഇന്ന് 11.00 മണിക്ക് രണ്ട് മിനിട്ട് സഭാംഗങ്ങൾ മൗനമാചരിക്കുന്നതാണ്.

## III തിരുത്തിയ ഉത്തരം

### നക്ഷത്രചിഹ്നമിടാത്ത 2260, 2462 എന്നീ നമ്പർ ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 15-7-2011-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 2260, രണ്ടാം സമ്മേളനത്തിലെ 11-10-2011-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 2462 എന്നിവയ്ക്ക് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 15-7-2011-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 2260, രണ്ടാം സമ്മേളനത്തിലെ 11-10-2011-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 2462 എന്നിവയ്ക്ക് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

മി. സ്പീക്കർ: ചെയർ വളരെ വിനയപൂർവ്വം ഒരു കാര്യം വീണ്ടും സഭാംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സഭാനടപടികളുടെ സമയനിഷ്ഠയെ സംബന്ധിച്ച് നേരത്തെ ധാരണയുണ്ടാക്കിയിട്ടുണ്ട്. പക്ഷെ കഴിഞ്ഞ ദിവസങ്ങളിൽ വീണ്ടും സമയം നീണ്ടുപോകുന്ന സാഹചര്യമുണ്ടായി. അങ്ങനെ സമയം നീണ്ടുപോകാനിടയായ സാഹചര്യത്തെക്കുറിച്ച് മനസ്സിലാക്കാതെ സഭാംഗങ്ങൾ അസ്വസ്ഥരാകുന്ന സ്ഥിതിയുമുണ്ട്. അടിയന്തരപ്രമേയം മുതൽ നിശ്ചയിച്ച സമയത്തിനുള്ളിൽ എല്ലാ നടപടികളും പൂർത്തീകരിക്കാൻ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

---

* അനുബന്ധമായി ചേർക്കുന്നു.

# IV അടിയന്തരപ്രമേയം

## കെ.എസ്.ആർ.ടി.സി. പെൻഷൻ

മി. സ്പീക്കർ: പെൻഷൻ ലഭിക്കാത്തതുമൂലം കെ.എസ്.ആർ.ടി.സി. പെൻഷൻകാരും അവരുടെ കുടുംബാംഗങ്ങളും അനുഭവിക്കുന്നതായി പറയപ്പെടുന്ന ദുരിതപൂർണ്ണമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കെ.എസ്.ആർ.ടി.സി. ചില സാമ്പത്തിക പ്രയാസങ്ങൾ അഭിമുഖീകരിക്കുന്നുണ്ടെന്നുള്ളത് വസ്തുതയാണ്. അത് വരവിനേക്കാൾ കൂടുതൽ ചെലവ് വരുന്നതുകൊണ്ടാണ്. യു.ഡി.എഫ്. ഭരണകാലത്തും ഇത്തരം പ്രയാസങ്ങൾ നേരിടേണ്ടിവന്നിട്ടുണ്ട്. 2017-18-ലെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.-ക്ക് 7966 കോടി രൂപ സഞ്ചിത നഷ്ടമാണ്. എന്നാൽ അടിസ്ഥാനപരമായി ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്ന വിധത്തിലുള്ള നടപടി യു.ഡി.എഫ്. സ്വീകരിച്ചിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ-സേവന മേഖലയിൽപ്പെടുന്ന കെ.എസ്.ആർ.ടി.സി.-യെ സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് രക്ഷിക്കുന്നതിനുള്ള ക്രിയാത്മകവും ഫലപ്രദവുമായ നടപടികൾ സ്വീകരിച്ചുവരികയാണ്. കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനഃസംഘടന ലക്ഷ്യമാക്കി നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിച്ച് വിശദമായ പഠനം നടത്തി പുരോഗതിയിലേയ്ക്ക് നയിക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കൊൽക്കത്ത ഐ.ഐ.എം.-ലെ (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്) പ്രൊഫസർ സുശീൽ ഖന്നയെ ചുമതലപ്പെടുത്തിയിരുന്നു. അതിന്റെ ഇടക്കാല റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിലെ അംഗീകൃത സംഘടനകളുടെ യോഗം ചേരുകയും പുനരുദ്ധാരണത്തിനായുള്ള ശിപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാന വർദ്ധനവിനും കാര്യക്ഷമമായ പ്രവർത്തനത്തിനും അനുഗുണമായി ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുകയും ജോലി സമയം 8 മണിക്കൂറായി നിജപ്പെടുത്തുകയും ചെയ്തു. വാഹന ഉപയോഗ നിരക്ക് ദേശീയ

ശരാശരിക്കൊപ്പമെത്തുന്നതിന് ഉതകുംവിധം വർക്ക്ഷോപ്പുകളുടെ പ്രവർത്തനത്തിലും ഇതര സെക്ഷനുകളിലും മാറ്റങ്ങൾ വരുത്തി ഇന്ധന ഉപയോഗക്ഷമത വർദ്ധിപ്പിക്കാനും ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനും നടപടി കൈക്കൊണ്ടിട്ടുണ്ട്. തൊഴിലാളി സംഘടനകളുടെകൂടി പിന്തുണയോടെ മുഴുവൻ ഷെഡ്യൂളുകളും ഡ്യൂട്ടി രീതിയും ഏകീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം ഇടപെടലുകൾ നടത്തിയിട്ടുണ്ടെങ്കിലും കെ.എസ്.ആർ.ടി.സി.-യിൽ നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ ഇനിയും ഏറെ മുന്നോട്ട് പോകേണ്ടതുണ്ട്. ഡീസലിന്റെ അനിയന്ത്രിതമായ വിലക്കയറ്റം കുനിന്മേൽകുരു എന്നതുപോലെയുള്ള സാഹചര്യമാണ് സൃഷ്ടിച്ചിട്ടുള്ളത്. 2017 ഡിസംബറിൽ കേന്ദ്രസർക്കാർ ഡീസൽ വില വർദ്ധിപ്പിച്ചതുമൂലം പ്രതിമാസം 10 കോടി രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. ഇത് കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധിയുടെ ആക്കം കൂട്ടിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കാൻ ഗൗരവതരമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കഴിഞ്ഞ സർക്കാർ 5 വർഷക്കാലയളവിൽ കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയ പദ്ധതിയേതര സാമ്പത്തിക സഹായം 1220,82,00,000 (ആയിരത്തി ഇരുന്നൂറ്റി ഇരുപത് കോടി എൺപത്തിരണ്ട് ലക്ഷം) രൂപയായിരുന്നു. ഇതിനുപുറമെ 32 കോടി രൂപ അക്കാലത്ത് ഗ്രാന്റായും നൽകി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒന്നര വർഷത്തിനുള്ളിൽത്തന്നെ 1075,28,00,000 (ആയിരത്തി എഴുപത്തിയഞ്ച് കോടി ഇരുപത്തിയെട്ട് ലക്ഷം) രൂപ കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തിക സഹായമായി നൽകിയിട്ടുണ്ട്. ഒരു മാസത്തെ പെൻഷനും രണ്ട് മാസത്തെ ശമ്പളവുമുൾപ്പെടെയുള്ള മുഴുവൻ തുകയും സർക്കാരാണ് നൽകിയത്. മറ്റ് മാസങ്ങളിൽ ശമ്പളം നൽകാൻ സർക്കാർ ഗ്യാരണ്ടിയോടെ വായ്പയെടുക്കാൻ കെ.എസ്.ആർ.ടി.സി.-യെ സഹായിക്കുകയും ചെയ്തു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താകട്ടെ കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കേണ്ട തുക സർക്കാർ നൽകിയില്ലെന്നാണ് 15-12-2014-ന് ഒരു ചോദ്യത്തിനുള്ള മറുപടിയിൽ പ്രമേയാവതാരകൻ തന്നെ സഭയെ രേഖാമൂലം അറിയിച്ചിട്ടുള്ളതായി കാണുന്നത്. അതായത്, 1616,39,00,000 (ആയിരത്തി അറുന്നൂറ്റി പതിനാറ് കോടി മുപ്പത്തിയൊമ്പത് ലക്ഷം) രൂപ സർക്കാർ ലഭ്യമാക്കിയിട്ടില്ലെന്നാണ് അന്നത്തെ മറുപടിയിൽനിന്നും മനസ്സിലാകുന്നത്. 2015-ലാകട്ടെ എസ്.ബി.ഐ. കൺസോർഷ്യത്തിൽനിന്നും 1300 കോടി രൂപ 12 വർഷത്തേയ്ക്ക് ഉയർന്ന പലിശനിരക്കിൽ (12 ശതമാനം വരെ) വായ്പയെടുക്കുകയാണ് മുൻ സർക്കാർ ചെയ്തത്. ഇത് സെറ്റിൽ ചെയ്യാനോ

പലിശ നിരക്ക് കുറയ്ക്കാനോ ഒരു നടപടിയും അന്ന് സ്വീകരിച്ചില്ല. ഈ സർക്കാർ വന്നതിനുശേഷം ബാങ്ക് കൺസോർഷ്യവുമായി നിരന്തരം ചർച്ച നടത്തിയതിനെ ത്തുടർന്ന് ഏറ്റവും കുറഞ്ഞ നിരക്കായ 9 ശതമാനം പലിശ നിരക്കിൽ എസ്.ബി.ഐ. കൺസോർഷ്യത്തിൽനിന്നും ഒരു പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി 3350 കോടി രൂപ വായ്പ ലഭ്യമാക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. ബാങ്കുകളുമായുള്ള ചർച്ചകൾ പൂർത്തീകരിച്ചുകഴിഞ്ഞു. ഫെബ്രുവരിയിൽ അത് ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. 10 ബാങ്കുകളുള്ള ഈ കൺസോർഷ്യത്തിൽ നിന്നും രണ്ട് ബാങ്കുകൾ 1000 കോടി രൂപ വരുന്ന വായ്പാ പദ്ധതി ഇതിനകം അംഗീകരിച്ചുകഴിഞ്ഞു. ഈ പുനരുദ്ധാധാരണ പദ്ധതിയിലൂടെ പ്രതിമാസം 60 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് വായ്പാതിരിച്ചടവിൽ കുറവ് വരുമെന്നാണ് കണക്കാക്കുന്നത്. പെൻഷൻ ഏറ്റെടുക്കണമെന്ന പൊതുതാല്പര്യ ഹർജിയിൽ പെൻഷൻ നൽകാൻ പണം അനുവദിക്കാൻ സർക്കാരിന് ബാദ്ധ്യതയില്ലെന്ന് സത്യവാങ്മൂലം നൽകിയെന്ന അടിയന്തരപ്രമേയത്തിലെ ആരോപണം വസ്തുതകൾക്ക് നിരക്കുന്നതല്ല. സത്യവാങ്മൂലത്തിലെ ഖണ്ഡിക 16-ലും 17-ലും പറയുന്നത് ഇപ്രകാരമാണ്. “It is submitted that in order to overcome the crisis financial restructuring of loans availed by KSRTC is being processed by Government, on completion of which it is expected that KSRTC can overcome the financial crisis, enabling to clear the monthly retirement arrears” .

“As stated above all possible steps are being taken by the Government to assist KSRTC to overcome the present Financial Crisis”. പഴയ നിലതന്നെയാണ് ഈ സർക്കാരും തുടരുന്നതെന്ന ധാരണ വച്ചുകൊണ്ടായിരിക്കും ഇങ്ങനെ ആരോപിക്കാനിടയായതെന്നാണ് തോന്നുന്നത്. കാരണം ഇന്നത്തെ പ്രമേയാവതാരകൻ തന്നെ 15-12-2014-ൽ സഭയിൽ നൽകിയ മറുപടിയിൽ ഇക്കാര്യത്തിൽ വ്യക്തത നൽകുന്നുണ്ട്. ശ്രീമതി പി. അയിഷാ പോറ്റിയുടെ ചോദ്യത്തിന് നൽകിയ മറുപടിയാണിത്. കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ വിതരണം സംബന്ധിച്ച നിരവധി കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിൽ വന്ന അവസരത്തിൽ, കോർപ്പറേഷന്റെ പെൻഷൻ ബാദ്ധ്യത ഏറ്റെടുക്കുവാൻ സാധിക്കുകയില്ലെന്ന് സർക്കാർ ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ട്. അന്ന് പറഞ്ഞ കാര്യം ഓർമ്മയുള്ളതുകൊണ്ട് അതുതന്നെ തുടരുന്നുണ്ടാകുമെന്ന ധാരണയിൽ അങ്ങ് എഴുതിയതാണെന്നാണ് തോന്നുന്നത്. ഏതായാലും ഈ സർക്കാർ ആ നിലപാടല്ല ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്; ഈ പ്രശ്നം പരിഹരിക്കണമെന്നുതന്നെയാണ്. കെ.എസ്.ആർ.ടി.സി.

ഗൗരവമായ പ്രതിസന്ധി അഭിമുഖീകരിക്കുന്നുണ്ടെങ്കിലും ശമ്പളവും പെൻഷനും കൊടുക്കാനുള്ള നടപടിയാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഒരു മാസത്തെ പെൻഷൻ മുഴുവനായി നൽകാൻ വേണ്ടിവരുന്ന 60 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയത് പെൻഷൻകാരോടുള്ള സർക്കാരിന്റെ പ്രതിബദ്ധതമൂലമാണ്. ഒരു സംശയവും വേണ്ട; പെൻഷൻ തുക പൂർണ്ണമായി കൊടുക്കാനുള്ള നടപടി തന്നെയാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. പെൻഷൻകാർക്ക് വിഷമം ഉണ്ടായിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. അത് ആ മേഖലയിലുള്ള സാമ്പത്തിക പ്രയാസംകൊണ്ട് വന്നുചേർന്നതാണ്. ഏതായാലും സമഗ്രമായ ചില നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്നത്. പെൻഷൻ കൃത്യസമയത്തുതന്നെ കൊടുക്കാൻ കഴിയുന്ന നടപടിയിലേക്ക് സർക്കാർ നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് തന്നെ ഈ കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്നാണ് വ്യക്തമാക്കാനുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതൊരു രാഷ്ട്രീയ പ്രശ്നമായി മാറ്റിയതിൽ എനിക്ക് ദു:ഖമുണ്ട്. അങ്ങയെപ്പോലുള്ള ഒരാൾ അത് ചെയ്യരുതായിരുന്നു എന്നതാണ് എന്റെ പക്ഷം. യു.ഡി.എഫ്.-നെ കുറ്റപ്പെടുത്തുന്നതിനുവേണ്ടി അങ്ങ് ശ്രമിച്ച പ്രധാനപ്പെട്ട പോയിന്റുകളിൽ ഒന്ന്, എസ്.ബി.ഐ. കൺസോർഷ്യത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ 1300 കോടി രൂപ വായ്പ എടുത്തു എന്നതാണ്. എന്നാൽ 1300 കോടി രൂപ വായ്പയെടുത്തതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-ക്കുണ്ടായ ലാഭത്തെക്കുറിച്ച് അങ്ങേയ്ക്ക് ഇതെഴുതി തന്ന ആളുകൾ മറച്ചുവച്ചു. കെ.ടി.ഡി.എഫ്.സി.-യിൽ നിന്ന് അതിനുമുമ്പുള്ള മന്ത്രിമാരും അന്നത്തെ മന്ത്രിസഭയും ഇന്നത്തെ ഭരണപരിഷ്കരണ കമ്മീഷന്റെ അദ്ധ്യക്ഷനായിരിക്കുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ കാലത്ത് 16.5 ശതമാനം പലിശയ്ക്ക് വായ്പയെടുത്തിരുന്നു. പലിശ വളരെക്കൂടിയപ്പോൾ 9 ദേശസാൽകൃത ബാങ്കുകളെ ചേർത്ത് കൺസോർഷ്യമുണ്ടാക്കി. അതിന്റെ അടിസ്ഥാനത്തിൽ 12 ശതമാനം പലിശയ്ക്ക് ഞങ്ങൾ 1300 കോടി രൂപയെടുത്ത് കെ.ടി.ഡി.എഫ്.സി.-യുടെ കടവും തീർത്ത് 16.5 ശതമാനം പലിശ നൽകുന്നത് അവസാനിപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 456 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് മിച്ചം പിടിക്കാൻ സാധിച്ചിട്ടുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം.

കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര വികസനത്തിനുവേണ്ടി അങ്ങ് പ്രൊഫസർ സുശീൽ ഖന്നയെ ചുമതലപ്പെടുത്തിയെന്ന് പറഞ്ഞു. കെ.എസ്.ആർ.ടി.സി.-യുടെ സ്ഥാവരജംഗമ വസ്തുക്കൾ വിൽക്കണമെന്നതാണ് പ്രൊഫസർ സുശീൽ ഖന്നയുടെ റിപ്പോർട്ടിൽ പറയുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഈ ഗവൺമെന്റ് അതിനോട് യോജിക്കുന്നുണ്ടോ? അങ്ങ് ഈ റിപ്പോർട്ട്

നോക്കിയിട്ടുണ്ടോയെന്ന് എനിക്കറിയില്ല. അങ്ങ് പരിശോധിക്കണം. 915 കോടി രൂപയ്ക്ക് തമ്പാനൂർ, തിരുവല്ല, അങ്കമാലി, കോഴിക്കോട് എന്നീ സ്ഥലങ്ങളിലെ ടെർമിനലുകൾ നിർമ്മിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലത്താണ് തീരുമാനമെടുത്ത് മുന്നോട്ടുപോയത്. അതിപ്പോൾ വെള്ളാനയാണെന്ന് നിങ്ങൾ തന്നെ പ്രൊഫസർ സുശീൽ ഖന്നയിലൂടെ കണ്ടെത്തിയിരിക്കുകയാണ്. 915 കോടി രൂപയ്ക്ക് വിൽക്കുന്നതിനുവേണ്ടി സുശീൽ ഖന്ന റിപ്പോർട്ടിൽ എഴുതി വച്ചിരിക്കുകയാണ്. ആ റിപ്പോർട്ട് അംഗീകരിക്കുന്നു എന്നാണ് അങ്ങ് ഇവിടെ പറഞ്ഞിരിക്കുന്നത്. സുശീൽ ഖന്നയുടെ റിപ്പോർട്ട് അംഗീകരിക്കുകയാണെന്ന് ഹൈക്കോടതിയിൽ അഫിഡവിറ്റ് കൊടുത്തിരിക്കുന്നു. ഇവിടെ ഡിവൈ.എഫ്.ഐ.-യുടെ സഹോദരന്മാരുണ്ട്; എ.ഐ.വൈ.എഫ്.-ന്റെ സ്നേഹിതന്മാരുണ്ട്. പെൻഷൻ പ്രായം 60 ആക്കണമെന്നാണ് സുശീൽ ഖന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. ചോരച്ചാലുകൾ നീന്തിക്കയറിയ നിങ്ങൾ എങ്ങോട്ടാണ് പോകുന്നത്? സുശീൽ ഖന്നയുടെ റിപ്പോർട്ട് അംഗീകരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയും പറഞ്ഞിരിക്കുകയാണ്. നിങ്ങൾക്കാർക്കും ശബ്ദമില്ലേ; നിങ്ങളുടെ നാവ് എവിടെപ്പോയി? സുശീൽ ഖന്ന റിപ്പോർട്ടിൽ പെൻഷൻ പ്രായം 60 ആക്കി മാറ്റണമെന്ന് എഴുതിയിരിക്കുകയാണ്. അതാണ് തീരുമാനമെങ്കിൽ നിങ്ങളുടെ മുദ്രാവാക്യം തീർന്നല്ലോ? ആ ചോരച്ചാലുകൾ നീന്തിക്കയറാൻ നിങ്ങൾ പാവപ്പെട്ട ചെറുപ്പക്കാരുടെ തോളിൽ ചവിട്ടി ഇവിടെ കയറിപ്പറ്റിയിട്ടും അവരെക്കുറിച്ച് ശബ്ദിക്കണ്ടേ; ഒരു വാക്കെങ്കിലും പറയണ്ടേ? സുശീൽ ഖന്ന റിപ്പോർട്ട് ഞങ്ങൾ നിരാകരിക്കുകയാണ്. അത് ഈ സഭയുടെ മുഴുവൻ സെൻസാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഈ റിപ്പോർട്ട് അംഗീകരിക്കാൻ കഴിയില്ല. ഗവൺമെന്റ് വീണ്ടുവിചാരമില്ലാതെ സുശീൽ ഖന്ന റിപ്പോർട്ട് അംഗീകരിക്കരുതെന്ന് ഞാൻ പറയുകയാണ്.

സുശീൽ ഖന്ന റിപ്പോർട്ടും പെൻഷനും രണ്ടാണ്. പെൻഷന്റെ പ്രശ്നത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞില്ല. അങ്ങ് യു.ഡി.എഫ്.-നെ കുറ്റപ്പെടുത്താനാണ് ശ്രമിച്ചത്, ഇന്നത്തെ പ്രമേയാവതാരകൻ ഇവിടെ ചില മറുപടി കൊടുത്തിരുന്നുവെന്ന് അങ്ങ് പറഞ്ഞല്ലോ; പെൻഷൻ കൊടുക്കാൻ കഴിയാതെ ഇതിനേക്കാൾ ദു:ഖകരമായ സാഹചര്യം വന്നപ്പോൾ എന്റെ ശമ്പളം വേണ്ടെന്ന് തീരുമാനിച്ചുകൊണ്ട് പെൻഷൻ കൊടുത്തതിനുശേഷം മാത്രം മന്ത്രിയെന്നുള്ള നിലയിൽ ശമ്പളം വാങ്ങിയിട്ടുള്ള ഒരു സാധു പ്രവർത്തകനാണ് ഞാൻ. ഈ ഗവൺമെന്റ് വന്നാലുടൻ പെൻഷന്റെ പ്രശ്നമെല്ലാം ശരിയാക്കുമെന്നാണ് നിങ്ങളുടെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ളത്. മൂന്നുമാസമായി ഇവിടെ പെൻഷൻ കൊടുത്തിട്ടില്ല. ഫെബ്രുവരി 1-ാം തീയതിയിലെ പെൻഷനും മുടങ്ങാൻ

പോകുകയാണ്. രണ്ടുമാസത്തെ പെൻഷൻ ഭാഗികമായി കൊടുത്തിരിക്കുകയാണ്. മൊത്തത്തിൽ അഞ്ചുമാസത്തെ പെൻഷൻ കൊടുത്തിട്ടില്ല. അതുമൂലം അവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന വിഷമം ഞാൻ പറയേണ്ട കാര്യമുണ്ടോ?

കുത്താട്ടുകുളത്ത് വാളായിക്കുന്നിലെ മാധവന്റെ ഭാര്യ തങ്കമ്മ ആത്മഹത്യ ചെയ്തതാണ് ഈ അടിയന്തരപ്രമേയം കൊണ്ടുവരണമെന്ന് ഞാൻ ആലോചിക്കാനുള്ള പ്രധാന കാരണം. തങ്കമ്മ ആത്മഹത്യ ചെയ്തപ്പോൾ ആ സാധു സഹോദരിയുടെ കുടുംബത്തെ കാണാൻ ഞാൻ പോയിരുന്നു. കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥനായിരുന്ന മാധവന്റെ മരണശേഷം അവർക്ക് കുടുംബ പെൻഷൻ മാത്രമാണ് ലഭിച്ചിരുന്നത്. ഞാൻ അവിടെ ചെല്ലുമ്പോൾ ഏറ്റവും ദു:ഖകരമായ ഒരു സാഹചര്യം കണ്ടു. അവിടെ മെന്റലി റിട്ടാർഡായിട്ടുള്ള ഒരു കുട്ടി അമ്മ മരിച്ചുകിടക്കുന്നതറിയാതെ ആ ശവത്തിന്റെ മുന്നിലിരുന്ന് പൊട്ടിച്ചിരിക്കുകയാണ്, ആ പാവപ്പെട്ട കുഞ്ഞ് അമ്മയെ തട്ടിവിളിച്ചിട്ട് 'അമ്മാ, എനിക്ക് വിശക്കുന്നു'വെന്ന് പറയുന്നു. ആകപ്പാടെ അവർക്ക് കിട്ടിക്കൊണ്ടിരുന്നത് ഫാമിലി പെൻഷനാണ്. ആ ഫാമിലി പെൻഷൻ മുടങ്ങിയതുകൊണ്ട് ഈ കുട്ടിക്ക് മരുന്നില്ല, ഭക്ഷണമില്ല, ആ കുടുംബം പട്ടിണിയിലായി. പട്ടിണികൊണ്ട് മുന്നോട്ടുപോകാൻ കഴിയാതെയാണ് അവസാനം അവർ ജീവനൊടുക്കുന്നതിനുള്ള തീരുമാനമെടുത്തത്. അങ്ങ് സംസാരിച്ചപ്പോൾ മാധവന്റെ ഭാര്യ തങ്കമ്മയുടെ കാര്യത്തെക്കുറിച്ച് സൂചിപ്പിക്കുമെന്നാണ് ഞാൻ കരുതിയത്. അതുപോലെ ഷിബു, പെയിന്റർ, ആര്യനാട്; കെ. എൻ. ജനാർദ്ദനൻ, റിട്ടയേർഡ് കണ്ടക്ടർ, കാസർഗോഡ്; ബാലകൃഷ്ണൻ, സ്റ്റോർ ഇഷ്യൂവർ, ആറ്റിങ്ങൽ; പി. രാമകൃഷ്ണൻ, ഡ്രൈവർ, കിളിമാനൂർ; സുനിൽ കുമാർ, കണ്ടക്ടർ, പാലോട് തുടങ്ങി 10 പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ഇനിയും ധാരാളം പേരുടെ ലിസ്റ്റുണ്ട്. സമയം ചുരുക്കണമെന്ന് അങ്ങ് പറഞ്ഞതുകൊണ്ട് മുഴുവൻ പേരുകളും ഞാൻ വായിക്കുന്നില്ല. സുൽത്താൻ ബത്തേരിയിലുള്ള ശ്രീ. സുനിൽകുമാർ, ആത്മഹത്യചെയ്യാൻ ശ്രമിച്ചു, പക്ഷെ ഭാഗ്യം കൊണ്ട് മരിച്ചില്ല. എത്ര മരണമാണ്; 10 മരണം. 20 മാസം ഭരണം, 10 ആത്മഹത്യ. കെ.എസ്.ആർ.ടി.സി. മേഖലയിൽ മാത്രം നടന്ന ഈ 10 ആത്മഹത്യകൾക്ക് ആരാണ് ഉത്തരവാദി; എനിക്ക് ഒരു കാര്യം പറയാൻ കഴിയും, ഇവിടെ ബഹുമാനപ്പെട്ട മന്ത്രിമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമിക്കുന്നതുപോലെ 6 മാസം നിയമനം അതുകഴിഞ്ഞാൽ നാട് കടത്തൽ. എല്ലാവരും പോയി ഇനി ആര് വരുമെന്ന് ആർക്ക് അറിയാം; തമ്പുരാൻ കനിയട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുകയാണ്. 10 ആത്മഹത്യകൾ കെ.എസ്.ആർ.ടി.സി.-യിൽ മാത്രം നടന്നിട്ട് അതിനെക്കുറിച്ച് അങ്ങ് ഒരു വാക്ക് പറയേണ്ടതായിരുന്നില്ലേ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിനെക്കുറിച്ച്

അന്വേഷിക്കണ്ടേ; അങ്ങയോടല്ലാതെ മറ്റാരോടാണ് ഞങ്ങൾക്ക് പരാതി പറയാൻ കഴിയുന്നത്. സംസ്ഥാനത്ത് ഇത്രയും കൊടുംക്രൂരമായ ആത്മഹത്യ നടക്കുമ്പോൾ, പെൻഷൻ കൊടുക്കുന്നതിനെക്കുറിച്ച് ഒരു തീരുമാനം വേണ്ടേ? സെക്രട്ടേറിയറ്റ് പടിക്കൽ ഒരു മാസക്കാലമായി അവർ നിരാഹാര സമരം നടത്തുകയാണ്. സംഘടന നടത്തുന്ന സമരത്തിനുമുമ്പിൽ എത്തുന്നതിന് ആരോഗ്യം അനുവദിക്കാത്തവർ സ്വന്തം വീട്ടിൽ സമരം കിടക്കുകയാണ്. പണ്ട് ഞാൻ പ്രതിനിധാനം ചെയ്തിരുന്ന അടൂർ നിയോജകമണ്ഡലത്തിലെ പറക്കോട് എന്ന സ്ഥലത്ത് എനിക്ക് നേരിട്ട് അറിയാവുന്ന ഒരു കുടുംബമുണ്ട്, ജോർജ്ജ് അച്ചായന്റെ കുടുംബം. കെ.എസ്.ആർ.ടി.സി.യിൽ നിന്നും റിട്ടയർ ചെയ്ത ആളാണ്. കാൻസർ രോഗിയായ ഭാര്യ ഒരു കട്ടിലിലും അദ്ദേഹം എഴുന്നേൽക്കാൻ വയ്യാതെ തൊട്ടപ്പുറത്തെ കട്ടിലിലും കിടക്കുകയാണ്. അവർ ഓരോ മാസവും തൊട്ടടുത്ത മെഡിക്കൽ ഷോപ്പിൽനിന്നും മരുന്ന് കടം വാങ്ങിക്കും, പെൻഷൻ കിട്ടുമ്പോൾ ആ തുക മൊത്തം കൊടുത്ത് അടുത്ത മാസത്തേയ്ക്ക് മരുന്ന് കടം വാങ്ങി കഴിക്കുകയാണ്. ഇങ്ങനെയുള്ളവർ എന്ത് ചെയ്യും; ഇവർ എവിടെ പോകണം; അവർക്കാവശ്യമായ മരുന്ന് വാങ്ങാൻ പോലും നിവൃത്തിയില്ലാത്ത സാഹചര്യമല്ലേ; ഗവൺമെന്റ് ഇതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ? അങ്ങ് പറഞ്ഞ ഒരു വാക്ക് ഞാൻ ഓർക്കുന്നു, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പെൻഷൻ കുടിശ്ശിക മൊത്തം കൊടുത്ത്, കയ്യിൽ കിട്ടിയ പണം വച്ചുകൊണ്ട് ആഹ്ലാദത്തോടുകൂടി സംസാരിക്കുന്ന ഒരു അമ്മയെക്കുറിച്ച് ഓർമ്മിച്ചതാണ് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ആഹ്ലാദമെന്ന് അങ്ങ് പറഞ്ഞത് ഞാനും അംഗീകരിക്കുകയാണ്. കാൻസർ രോഗികളായവർക്ക് മരുന്നില്ലാതെ, സ്വന്തം കിടക്കയിൽനിന്നും എഴുന്നേൽക്കാൻ പോലും നിവൃത്തിയില്ലാത്ത സാഹചര്യത്തിൽ ഈ സർക്കാർ ആരുടെ സർക്കാർ എന്ന് സ്വാഭാവികമായി അവർ ചോദിച്ചു പോകില്ലേ; പട്ടിണിയിൽ നിന്നും ഈ പാവപ്പെട്ടവരെ രക്ഷിക്കണം. കണക്കിന്റെ ശാസ്ത്രം തിരിച്ചും മറിച്ചും നമുക്ക് പറയാൻ സാധിക്കും. നമ്മുടെ ഉത്തരവാദിത്വം ഒഴിയുന്നതിനുവേണ്ടി ധനതത്വശാസ്ത്രത്തിലെ ഏത് വാക്കും ഉപയോഗിക്കാൻ പറ്റും. പക്ഷെ ആ കണക്കുകൊണ്ട് പാവപ്പെട്ടവർക്ക് അരി കിട്ടുമോ; റേഷൻ വാങ്ങാൻ സാധിക്കുമോ; ഇവർക്ക് ജീവനാംശം എന്ന നിലയിൽ ഈ തുക കൊടുക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ഉണ്ടാകുമെന്ന് ഞാൻ വിചാരിച്ചു. പക്ഷെ അദ്ദേഹം ഇവിടെ ഇല്ല. ഈ വർഷത്തെ ബഡ്ജറ്റിൽ പെൻഷൻ കൊടുക്കുന്നതിനുവേണ്ടി തുക നീക്കിവയ്ക്കുമോ എന്നതാണ് എന്റെ ചോദ്യം?

<u>മി. സ്പീക്കർ:</u> പ്ലീസ് കൺക്ലൂഡ്...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, രണ്ട് മിനിറ്റ് കൂടിമതി. ഞാനവസാനിപ്പിക്കാം. അങ്ങ് 1600 കോടി രൂപയുടെ കണക്ക് പറഞ്ഞല്ലോ; അതിന് ഞാൻ ഉത്തരം പറഞ്ഞതാണ്. ആ 1600 കോടി രൂപയുടെ കടം ഇപ്പോഴും നിലനിൽക്കുകയാണ്. മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികൾക്കുള്ള കൺസെഷൻ, മറ്റ് കൺസെഷനുകൾ തുടങ്ങിയവ അനുവദിച്ചതിലൂടെ കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കേണ്ടിവന്ന ഋണബാധ്യതയുടെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. യ്ക്കുണ്ടായിരിക്കുന്ന നഷ്ടമാണ് 1600 കോടി രൂപ. ആ നഷ്ടം കെ.എസ്.ആർ.ടി.സി.യുടെ തീരുമാനംകൊണ്ട് ഉണ്ടായതല്ല, ഗവൺമെന്റിന്റെ തീരുമാനം കൊണ്ടുണ്ടായതാണ്.

മി. സ്പീക്കർ: യെസ്, യെസ്, അങ്ങ് അടിയന്തരപ്രമേയം ശക്തമായി അവതരിപ്പിച്ചുകഴിഞ്ഞു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എനിക്ക് രണ്ട് മിനിറ്റ് കൂടി വേണം. ആ 1600 കോടി രൂപ ഈ കണക്കിൽ എഴുതിത്തള്ളരുത്. കെ.എസ്.ആർ.ടി.സി.-ക്ക് പെൻഷൻ കൊടുക്കാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചതാണ്. യു.ഡി.എഫ്. ഗവൺമെന്റ്, ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണകാലത്ത്, അന്നത്തെ സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് പെൻഷന്റെ നേർപകുതി തുക നൽകാൻ തീരുമാനിച്ചു. ബാക്കി തുകയ്ക്ക് ഒരു പ്രൊവിഷൻ കൂടി ഉണ്ടാക്കി. ഹൈക്കോടതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷണറി ബെനിഫിറ്റ്സ് 8 കോടി രൂപ കെ.എസ്.ആർ.ടി.സി.ക്ക് ലഭിക്കും. അവർ കൊടുക്കേണ്ട പകുതി തുകയിൽ ഇത് വിനിയോഗിക്കാം. സെസ്സ് ഇനത്തിൽ ലഭിക്കുന്ന 10 കോടി രൂപ പെൻഷൻ ബെനിഫിറ്റ്സിന് വിനിയോഗിക്കാം. അവശേഷിക്കുന്ന 12 കോടി രൂപയാണ് ഒരു മാസത്തെ ബാധ്യത. 144 കോടി രൂപയാണ് ഒരു വർഷത്തെ ബാധ്യത. ആ ബാധ്യത സർക്കാർ ഏറ്റെടുത്താൽ ഈ മരണങ്ങൾ ഒഴിവാക്കാൻ കഴിയുമായിരുന്നില്ലേ; ഈ മരണം ഒഴിവാക്കേണ്ടതല്ലേ; പട്ടിണികിടന്ന് ആളുകൾ മരിക്കുന്ന ഒരു സംസ്ഥാനമായി കേരളം മാറാമോ; പട്ടിണി മരണവും ആത്മഹത്യയും ഒഴിവാക്കണം. 39045 ആളുകൾക്കാണ് പെൻഷൻ നൽകാനുള്ളത്. ഈ ഗവൺമെന്റ് ഉണർന്ന് പ്രവർത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുകയാണ്. അതുകൊണ്ട് ഇത് സഭ നിർത്തി വച്ച് ചർച്ച ചെയ്യണം. പെൻഷൻ കൊടുക്കാൻ ഒരുക്കമാണെന്ന് അങ്ങ് പറഞ്ഞു. പിന്നെ ചർച്ച ചെയ്യുന്നതിൽ എന്തിനാണ് വിഷമം; ഈ പ്രശ്നത്തോട് വളരെ നിഷ്കരുണമായ സമീപനം എടുക്കാതെ ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ മൊത്തത്തിൽ നഷ്ടത്തിലായതിനെക്കുറിച്ച് നമ്മുടെ സമൂഹം പലപ്പോഴും ചർച്ച ചെയ്തിട്ടുള്ളതാണ്. എന്നാൽ ആ നഷ്ടം നികത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളാകെ ഇപ്പോൾ നഷ്ടത്തിലാണെന്ന് പറയാൻ സാധിക്കുകയില്ല. കെ.എസ്.ആർ.ടി.സി.യുടെ കാര്യം അതിൽനിന്നും വ്യത്യസ്തമായി നിൽക്കുകയാണ്. ഇപ്പോഴും കെ.എസ്.ആർ.ടി.സി. വലിയ ബാധ്യതയിലാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കാൻ നടന്ന പ്രവർത്തനങ്ങളെക്കുറിച്ചാണ് നേരത്തെ ഞാൻ വ്യക്തമാക്കിയത്. കെ.എസ്.ആർ.ടി.സി.യെ എങ്ങനെ പുനരുദ്ധരിക്കാമെന്ന കാര്യത്തിൽ ചില നിർദ്ദേശങ്ങൾ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിൽ നൽകിയിട്ടുണ്ട്. ആ റിപ്പോർട്ട് പൊതുവെ അംഗീകരിക്കുന്ന സമീപനം സ്വീകരിക്കുമ്പോൾ, സർക്കാരിന്റെ പൊതുവായ നയത്തിന് അനുസൃതമായിട്ടുള്ള കാര്യങ്ങളാണ് ചെയ്യുക. അതിൽ ജീവനക്കാർക്ക് പ്രയാസങ്ങളുണ്ടാക്കുന്ന ചില പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങൾ ജീവനക്കാരുമായി ചർച്ച ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. പുനരുദ്ധരിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യമുള്ള ജീവനക്കാർ ആ പ്രയാസങ്ങൾ സഹിച്ചുകൊണ്ടുതന്നെ അതുമായി സഹകരിക്കാമെന്ന് നിശ്ചയിച്ചിട്ടുമുണ്ട്. ആ നിലയ്ക്ക് കെ.എസ്.ആർ.ടി.സി. മെച്ചപ്പെടുമെന്നും നല്ല നിലയിലേയ്ക്ക് കെ.എസ്.ആർ.ടി.സി.-യെ മാറ്റിയെടുക്കാൻ കഴിയുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. നേരത്തെ $16^1/_2$ ശതമാനമായിരുന്ന പലിശ 12 ശതമാനമാക്കി കുറയ്ക്കാനുള്ള ശ്രമമാണ് നടത്തിയതെന്ന് ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുകയുണ്ടായി. പലിശ വർദ്ധനവ് കുറയ്ക്കാനുള്ള ശ്രമം നടത്തുന്നതിന്റെ ഭാഗമായി 12 ശതമാനമുണ്ടായിരുന്നത് 9 ശതമാനമാക്കാനുള്ള ശ്രമമാണ് ഇപ്പോൾ സർക്കാർ നടത്തിയത്. അത് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. 9 ശതമാനം പലിശ നിരക്കിൽ കൺസോർഷ്യം നൽകുന്ന വായ്പയെടുത്താൽ ഓരോ മാസവും തിരിച്ചടവ് വരുന്നതിൽ കുറവുണ്ടാകും. അതുതന്നെ കെ.എസ്.ആർ.ടി.സി.ക്ക് തൽക്കാലം ഒരു ആശ്വാസമുണ്ടാക്കും. അതുകൊണ്ടുമാത്രം കെ.എസ്.ആർ.ടി.സി. പൂർണ്ണനിലയിലാകുമെന്ന് പറയാൻ സാധിക്കുകയില്ല. അതിനോടൊപ്പം ഒട്ടേറെ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അതിൽ കുറെ കാര്യങ്ങളാണ് പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇവിടെ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച, പെൻഷൻ വാങ്ങുന്നവർ നേരിടുന്ന പ്രശ്നം അതീവ ഗൗരവമായി തന്നെയാണ് സർക്കാർ കാണുന്നത്. അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. പെൻഷൻ വാങ്ങുന്നവർക്ക്

പെൻഷൻ ലഭിക്കാത്ത സാഹചര്യം കേരളത്തിൽ ഇല്ലാതിരിക്കുന്നതിനുള്ള നടപടികളിലേയ്ക്കാണ് സർക്കാർ നീങ്ങുന്നത്. എല്ലാവർക്കും പെൻഷൻ നൽകും. ആർക്കും പെൻഷൻ ബാക്കിയാകില്ല. അതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. മുഖേന തന്നെ സ്വീകരിക്കും. പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ പൊതുമേഖലാ സ്ഥാപനങ്ങൾ തന്നെയാണ് നൽകുന്നത്. കെ.എസ്.ആർ.ടി.സി.-യെ തന്നെ അതിന് പ്രാപ്തമാക്കി കെ.എസ്.ആർ.ടി.സി. മുഖേന പെൻഷൻ നൽകുന്നതിനുള്ള നടപടികളുണ്ടാകും. അക്കാര്യത്തിൽ ഒരു ആശങ്കയും വേണ്ട. പെൻഷൻ കിട്ടാത്തവരോടൊപ്പം തന്നെയാണ് സർക്കാർ. അവരുടെ പ്രശ്നങ്ങൾ പൂർണ്ണമായും സർക്കാർ മനസ്സിലാക്കുന്നുണ്ട്. അത് പൂർണ്ണമായും ഉൾക്കൊണ്ടു കൊണ്ട് പെൻഷൻ ഒരുതരത്തിലും ബാക്കിയാകാതിരിക്കുന്നതിനുള്ള, മാസംതോറും നൽകുന്നതിനുള്ള, ഇപ്പോൾ കുടിശ്ശികയുള്ളതുമുഴുവൻ കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കെ.എസ്.ആർ.ടി.സി. മുഖേന തന്നെ ആ പെൻഷൻ നൽകുന്ന നിലയുണ്ടാകും. അതുകൊണ്ട് ഇക്കാര്യം സഭ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

10.00 AM]

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളം ഇന്ന് അതീവ ഗൗരവമായി ചർച്ച ചെയ്യുന്ന മുപ്പത്തെണ്ണായിരത്തോളം പാവപ്പെട്ട കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ലാഘവത്തോടുകൂടിയാണ് ഇവിടെ ചർച്ച ചെയ്തത്. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ ആരുടെയും ഔദാര്യമല്ല. സർവ്വീസ് കാലത്ത് അവർ ഒഴുക്കിയ വിയർപ്പിന്റെ വിലയാണ്. ഈ സർക്കാരിന്റെ കാലത്ത് പെൻഷനുവേണ്ടി നിങ്ങൾ സമരം ചെയ്യേണ്ടിവരില്ല, പെൻഷൻ മുടങ്ങില്ല എന്ന് ബഹുമാന്യനായ മുഖ്യമന്ത്രി 2016 ജൂൺ 26-ന് പറഞ്ഞ വാചകങ്ങളാണ് ഞാൻ ഇവിടെ ഉദ്ധരിച്ചത്. "കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ കുടിശ്ശിക സെപ്തംബർ 30-ന് മുമ്പ് ഒറ്റ ഗഡുവായി നൽകും. ഒക്ടോബർ മുതൽ എല്ലാ മാസവും ആദ്യ ആഴ്ചയിൽ തന്നെ പെൻഷൻ വിതരണം ചെയ്യും." ഗതാഗത മന്ത്രിയായിരുന്ന ബഹുമാനപ്പെട്ട തോമസ് ചാണ്ടി 2017 ജൂലൈ 19-ാം തീയതി പറഞ്ഞതാണിത്. "അടുത്ത മാസം മുതൽ രണ്ടുവർഷത്തേയ്ക്ക് കെ.എസ്.ആർ.ടി.സി. പെൻഷൻ ചെലവ് പൂർണ്ണമായും

സർക്കാർ വഹിക്കും. നാല് മാസത്തെ പെൻഷൻ കുടിശ്ശിക ഘട്ടംഘട്ടമായി നൽകും" ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി 2017 ഒക്ടോബർ 4 -ന് പറഞ്ഞ വാചകമാണിത്. ആര് പറയുന്നതാണ് ഞങ്ങൾ വിശ്വസിക്കേണ്ടത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം രണ്ട് മന്ത്രിമാർ പറഞ്ഞ കാര്യങ്ങളാണ് ഞാൻ ഇവിടെ പറഞ്ഞത്. ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ പറഞ്ഞു, കെ.എസ്.ആർ.ടി.സി.-യെ കൊണ്ടുതന്നെ പെൻഷൻ കൊടുപ്പിക്കുമെന്ന്. ധനകാര്യ വകുപ്പുമന്ത്രി എന്താണ് പറയുന്നത്? ഓരോരുത്തർക്കും അവരവരുടെ കാര്യങ്ങൾ വളരെ വലുതാണ്. പക്ഷേ 'ധനകാര്യ വകുപ്പിന്റെ മൊത്തം ചിത്രം വിസ്മരിച്ച് തീരുമാനമെടുക്കാനാവില്ല' എന്ന് ഫേസ്ബുക്കിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കുറിക്കുന്നു. ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക്കിന്റെ വാക്ക് വിശ്വസിച്ച് മുപ്പത്തിയെണ്ണായിരത്തോളം കെ.എസ്.ആർ.ടി.സി. പെൻഷൻകാർ പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുമെന്നുള്ള വാഗ്ദാനം നിറവേറ്റുന്നതും കാത്തിരിക്കുകയാണ്. പക്ഷെ ഇന്ന് കൈമലർത്തിയിരിക്കുന്നു. കെ.എസ്.ആർ.ടി.സി.-യെക്കൊണ്ടുതന്നെ അവർക്ക് പെൻഷൻ കൊടുക്കാനുള്ള നടപടി സ്വീകരിക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയുന്നത്. ഈ സർക്കാർ വന്നാൽ നിങ്ങൾ പെൻഷനുവേണ്ടി സമരം ചെയ്യേണ്ട കാര്യമുണ്ടാകില്ലെന്ന് പറഞ്ഞ മുഖ്യമന്ത്രിയുടെ ഈ വാക്ക് എങ്ങനെ വിശ്വസിക്കാൻ സാധിക്കും. ഈ ഗവൺമെന്റ് വന്നതിനുശേഷം മൂന്നാമത്തെ മന്ത്രിയാണ് കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ളത്. ആറാറ് മാസം കൂടുമ്പോൾ മന്ത്രിയെ മാറ്റുന്നു. കേരളത്തിലെ മുഖ്യമന്ത്രിയുടെ കൈവശമാണ് ഈ വകുപ്പ്. ഇന്ത്യയിൽ, കേരളത്തിന്റെ മുഖ്യമന്ത്രിയാണ് ഏറ്റവും കൂടുതൽ വകുപ്പുകൾ കൈകാര്യം ചെയ്യുന്നത്. 32 വകുപ്പുകളാണ് കേരള മുഖ്യമന്ത്രിക്കുള്ളത്. ഇത്രയും വകുപ്പുകൾ അങ്ങ് കൈകാര്യം ചെയ്യുമ്പോൾ അങ്ങേയ്ക്ക് ഈ കാര്യങ്ങൾ ശ്രദ്ധിക്കാൻ കഴിയില്ലെന്നതിന്റെ ഏറ്റവും വലിയ തെളിവല്ലേ കെ.എസ്.ആർ.ടി.സി.യിലെ പ്രശ്നങ്ങൾ. 32 വകുപ്പുകൾ കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന് എങ്ങനെയാണ് കെ.എസ്.ആർ.ടി.സി. പെൻഷൻ ജീവനക്കാരുടെ പ്രശ്നം കാണാൻ സാധിക്കുന്നത്? പട്ടിണിയും തീരാദുരിതവുമായി മുപ്പത്തെണ്ണായിരത്തോളമാളുകൾ വീടുകളിൽ കഴിയുന്നു. ചിലർ സെക്രട്ടേറിയറ്റിനുമുന്നിൽ എത്രയോ ദിവസമായി സമരം ചെയ്യുകയാണ്. അവർക്ക് മരുന്നുവാങ്ങാനോ ഒരു നേരത്തെ ആഹാരത്തിനോ വകയില്ല. ഭൂരിഭാഗം ആളുകളും കിടപ്പിലാണ്. അവരുടെ കാര്യങ്ങൾ ശ്രദ്ധിക്കാൻ ഈ ഗവൺമെന്റിന് സമയമുണ്ടോ? കൂത്താട്ടുകുളം വാളായിക്കുന്നത്ത് തട്ടിൻപുറത്തെ മാധവന്റെ വിധവയായ തങ്കമ്മ ആത്മഹത്യ ചെയ്ത കാര്യം ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറഞ്ഞു.

ആ വീട് ഞാനും ശ്രീ. അനൂപ് ജേക്കബും സന്ദർശിച്ചതാണ്. മനോരോഗിയായ ഒരു മകൻ ഉൾപ്പെട്ട ജീവിക്കാൻ യാതൊരു മാർഗ്ഗവുമില്ലാത്ത ഒരു കുടുംബം. പത്തുപേരാണ് ഈ ഗവൺമെന്റ് വന്നശേഷം കെ.എസ്.ആർ.ടി.സി. പെൻഷൻ ലഭിക്കാതെ മരിച്ചതെന്നത് നമ്മൾ കാണേണ്ടതാണ്. ആത്മഹത്യ ചെയ്തതിന്റെ നേർചിത്രങ്ങളാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇടതുമുന്നണിയുടെ പ്രകടന പത്രികയിൽ എന്താണ് പറയുന്നത്? Para 222, സമയബന്ധിതമായി കെ.എസ്.ആർ.ടി.സി. പെൻഷൻ ഉറപ്പാക്കുമെന്ന വാഗ്ദാനമായിരുന്നു കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നൽകിയത്. എവിടെ ആ വാഗ്ദാനം? ഇന്ന് കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കാനാവില്ലെന്ന് ഹൈക്കോടതിയിൽ പറഞ്ഞത് ആരാണ്; ഈ ഗവൺമെന്റല്ലേ? ധനകാര്യ വകുപ്പുമന്ത്രി ഫേസ്ബുക്കിലൂടെ അത് ന്യായീകരിച്ച് പറഞ്ഞ കാര്യം ഞാൻ ഇവിടെ സൂചിപ്പിച്ചു. കള്ളം പറഞ്ഞ് അധികാരത്തിൽ വന്ന സർക്കാരാണ് എന്നതിന് വേറെ തെളിവുകൾ ആവശ്യമുണ്ടോ? ഇന്ന് പെൻഷനുവേണ്ടി പലവട്ടം അവർ സമരം ചെയ്യേണ്ടിവന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരാഴ്ച പെൻഷൻ വൈകിയപ്പോൾ എന്തെല്ലാം സമരങ്ങളാണ് CITU-ന്റെ നേതൃത്വത്തിൽ നടത്തിയത്. ഇപ്പോൾ ആറുമാസം പെൻഷൻ വിതരണം തടസ്സപ്പെട്ടപ്പോഴും യാതൊരു കുലുക്കവും ഈ സർക്കാരിനില്ലെന്ന് പറയുന്നത് എത്ര ശോചനീയമാണ്. അന്ന് ഇടതുമുന്നണിയുടെ കൺവീനർ ശ്രീ. വൈക്കം വിശ്വൻ പറഞ്ഞ 'പെൻഷൻ നൽകാൻ കഴിയാത്ത സർക്കാർ രാജി വച്ച് പോകണം' എന്ന ഒരു വാചകം ഇവിടെ ഉദ്ധരിക്കാതിരിക്കാൻ കഴിയില്ല. ഇപ്പോഴും ശ്രീ. വൈക്കം വിശ്വൻ തന്നെയാണ് ഇടതുമുന്നണിയുടെ കൺവീനർ എന്ന് ഞാൻ വിശ്വസിക്കുന്നു. തൊഴിലാളിവർഗ്ഗത്തെപ്പറ്റി ഘോരഘോരം സംസാരിക്കുന്ന ഒരു ഗവൺമെന്റ് അധികാരത്തിൽ വന്നിട്ടും, എത്രയോ മാസങ്ങളായി പെൻഷൻ കൊടുക്കാതിരിക്കുന്നു. ഇവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സർക്കാർ തയ്യാറാണോ? ഇന്നത്തെ മുഖ്യമന്ത്രിയുടെ മറുപടിയിൽ എപ്പോൾ പെൻഷൻ കൊടുക്കാൻ സാധിക്കുമെന്നോ എപ്പോൾ 224 കോടി രൂപയുടെ ബാദ്ധ്യത തീർക്കുമെന്നോ എന്ന് പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമെന്നോ പറയുന്നില്ല. സുശീൽഖന്ന റിപ്പോർട്ട് നടപ്പിലാക്കി കെ.എസ്.ആർ.ടി.സി.-യെ കാര്യക്ഷമമാക്കി കെ.എസ്.ആർ.ടി.സി.-യെക്കൊണ്ടു തന്നെ പെൻഷൻ കൊടുപ്പിക്കുമെന്ന് പറഞ്ഞാൽ ആരാണ് ഇത് വിശ്വസിക്കുന്നത്? ഈ വാക്കുകൾ ആര് വിലമതിക്കും? ഇന്ന് ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ യു.ഡി.എഫ്. ഗവൺമെന്റ് കാലത്തെ പുനരുദ്ധാരണ നടപടികളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. പെൻഷൻ പൂർണ്ണമായും കൊടുത്തുകൊണ്ട് കെ.എസ്.ആർ.ടി.സി. പെൻഷൻകാരെ സംരക്ഷിക്കുന്നതിനുള്ള നടപടിയാണ്

അന്ന് കൈക്കൊണ്ടത്. ഈ ഗവൺമെന്റ് നിഷേധാത്മകമായ സമീപനമാണ് സ്വീകരിക്കുന്നത്. പാവപ്പെട്ട ആളുകൾ സെക്രട്ടേറിയറ്റിനുമുന്നിൽ സമരം ചെയ്യുന്നു. എഴുന്നേറ്റ് നടക്കാൻപോലും സാധിക്കാത്തവരാണ് ഇതിൽ പലരും. അവരുടെ കുടുംബാംഗങ്ങൾ ഉൾപ്പെടെ അവിടെ സമരം ചെയ്യുന്നു. ബഹുമാന്യനായ നമ്മുടെ ഗവർണർ ചീഫ് ജസ്റ്റിസ്സായിരുന്ന കാലത്ത് അദ്ദേഹം പുറപ്പെടുവിച്ച ഒരു വിധിന്യായം ഞാൻ വായിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കാം. കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ പെൻഷൻകാരോ സംസ്ഥാന കോർപ്പറേഷൻ പെൻഷൻകാരോ പൊതുമേഖലാ പെൻഷൻകാരോ ആരുമാകട്ടെ അതത് മാസത്തെ പെൻഷൻ അതാതുമാസം ആദ്യവാരത്തിൽ തന്നെ ബാങ്കിൽനിന്നും പെൻഷൻകാരന് ലഭ്യമാക്കണമെന്നും ക്ഷേമ ആശ്വാസമോ ശമ്പള സ്കെയിലോ പരിഷ്കരിച്ചാൽ അതിന്റെ നേട്ടം രണ്ട് മാസത്തിനകം ലഭിക്കണമെന്ന് ഉറപ്പ് വരുത്തുമെന്നും സുപ്രീം കോടതി ജസ്റ്റിസ് ശ്രീ. പി. സദാശിവം, എ. കെ. മാധുരും ഉൾപ്പെട്ട ബഞ്ച് വിധിക്കുകയുണ്ടായി. എന്റെ സർക്കാർ...എന്റെ സർക്കാർ എന്ന് പറഞ്ഞ ബഹുമാന്യനായ ഗവർണർ പുറപ്പെടുവിച്ച വിധിയാണ് ഞാൻ ഇവിടെ വായിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞങ്ങളെയെല്ലാം നിരാശപ്പെടുത്തി. അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ എന്ന് പെൻഷൻ കുടിശ്ശിക തീർക്കുമെന്നും രണ്ടുമാസത്തെ പെൻഷൻ ഈ പാവങ്ങൾക്ക് കൊടുക്കുമെന്നും പ്രഖ്യാപനം നടത്തുമെന്ന് വിചാരിച്ചു. ഈ സഭയേയും കേരളത്തെയും നിരാശപ്പെടുത്തിയ മറുപടി പ്രസംഗമാണ് മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായത്. ബോധപൂർവ്വമാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി സഭയിൽ വരാത്തത്. ഇതിനകത്ത് എന്തെങ്കിലും കമ്മിറ്റ്മെന്റ് കൊടുക്കേണ്ടിവരുമെന്ന് കരുതിയാണ് ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ നിന്നും ഒളിച്ചോടിയത്. അത് ദൗർഭാഗ്യകരമായിപ്പോയി. ഇത്രയും ഗുരുതരമായ ഒരു പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ഡോ. എം. കെ. മുനീർ: സർ, ഇവിടെ പറഞ്ഞതുപോലെ എൽ.ഡി.എഫ്.-ന്റെ ഇലക്ഷൻ മാനിഫെസ്റ്റോയിൽ കെ.എസ്.ആർ.ടി.സി.-യുടെ കടഭാരം ഏറ്റെടുക്കൽ അടക്കം സമഗ്രമായ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കും, കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് സമയബന്ധിതമായി പെൻഷൻ ലഭിക്കുന്നുണ്ടെന്നത് ഉറപ്പുവരുത്തും, കെ.എസ്.ആർ.ടി.സി.-യുടെ റൂട്ടുകൾ സംരക്ഷിക്കും എന്നൊക്കെയാണ് പറഞ്ഞിരുന്നത്. അതിനുശേഷം കഴിഞ്ഞ

വർഷം നയപ്രഖ്യാപനത്തിലൂടെ ഗവർണറെക്കൊണ്ട് പ്രസംഗിപ്പിച്ചത് ഈ വർഷം തന്നെ മെച്ചപ്പെട്ട മാറ്റം കൈവരിക്കുന്നതിനുവേണ്ടി കെ.എസ്.ആർ.ടി.സി.-ക്കുവേണ്ട സഹായം നൽകുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു, പ്രൊഫസർ സുശീൽ ഖന്ന കമ്മിറ്റിയുടെ റിപ്പോർട്ട് താമസംവിനാ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു എന്നാണ്. എല്ലാ നയപ്രഖ്യാപനത്തിലും ഇലക്ഷൻ മാനിഫെസ്റ്റോയിലും കെ.എസ്.ആർ.ടി.സി. പെൻഷനെക്കുറിച്ച് വാചാലമായി സംസാരിക്കുകയാണ്. എനിക്ക് ഇടതുപക്ഷ മന്ത്രിസഭയിലെ മന്ത്രിമാരോട് പറയാനുള്ളത്, നയപ്രഖ്യാപന പ്രസംഗത്തിലും ഇലക്ഷൻ മാനിഫെസ്റ്റോയിലും പറഞ്ഞ കാര്യം നടപ്പാക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സഭയെ തെറ്റിദ്ധരിപ്പിച്ചിട്ടുണ്ടെന്ന് അങ്ങ് പറഞ്ഞു. പെൻഷൻ കുടിശ്ശികയുമായി ബന്ധപ്പെട്ട് കോടതിയിൽ കൊടുത്തിട്ടുള്ള സത്യവാങ്മൂലത്തിൽ ഈ തുക സർക്കാർ നൽകാൻ ഉദ്ദേശിക്കുന്നില്ല എന്ന് പറഞ്ഞത് ശരിയല്ലെന്ന് അദ്ദേഹം പറഞ്ഞു. പക്ഷെ അത് വായിച്ചപ്പോഴാണ് മനസ്സിലാകുന്നത്. ഈ അടിയന്തര പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിച്ചത് സത്യമാണ്. സത്യവാങ്മൂലത്തിൽ പറഞ്ഞിരിക്കുന്നത് ഒരു നയാപൈസ സർക്കാർ നൽകാൻ ഉദ്ദേശിക്കുന്നില്ല, ഇത് കെ.എസ്.ആർ.ടി.സി.-യെക്കൊണ്ട് തന്നെ കൊടുപ്പിക്കാനാണ് ഉദ്ദേശിക്കുന്ന തെന്നാണ്. കെ.എസ്.ആർ.ടി.സി.-യെ സ്വയംപര്യാപ്തമാക്കി നഷ്ടത്തിൽനിന്നും അവരെ കരകയറ്റും എന്നാണ്. അതിനർത്ഥം ഒരു കാരണവശാലും സർക്കാർ പെൻഷൻ ബാദ്ധ്യത ഏറ്റെടുക്കുകയില്ല എന്ന് തുറന്നുപറഞ്ഞ സാഹചര്യത്തിൽ എന്ത് തെറ്റാണ് പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നടത്തിയത് എന്ന് അങ്ങ് വിശദീകരിക്കണം. ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലഘട്ടത്തിൽ 50 ശതമാനം പെൻഷൻ സർക്കാരും 50 ശതമാനം പെൻഷൻ കെ.എസ്.ആർ.ടി.സി.-യും നൽകുന്ന സംവിധാനമാണുണ്ടാക്കിയത്. അത് വളരെ എളുപ്പത്തിൽ നടത്താൻ സാധിച്ചിരുന്നു. കാരണം അന്ന് 40 കോടി രൂപയായിരുന്നു ഒരു മാസത്തെ ബാദ്ധ്യത. അത് 20:20 എന്നുള്ള നിലയ്ക്ക് സർക്കാർ 20 കോടിയും കെ.എസ്.ആർ.ടി.സി. 20 കോടിയും കൊടുക്കുക എന്നുള്ള ഒരു സംവിധാനമുണ്ടാക്കിയപ്പോൾ കെ.എസ്.ആർ.ടി.സി.-ക്ക് ഈ ബാദ്ധ്യത കുറഞ്ഞുകിട്ടുന്നതിനുവേണ്ടി സെസ് ഇനത്തിലുള്ള പണമൊക്കെ ഉപയോഗിക്കുമ്പോൾ ഏകദേശം 5-6 ലക്ഷം രൂപ മാത്രമേ കെ.എസ്.ആർ.ടി.സി.-യുടെ ഭാഗത്തുനിന്നും വരാറുണ്ടായിരുന്നുള്ളൂ. കൃത്യമായി ആ തുക കൊടുക്കാൻ സർക്കാർ മുന്നോട്ടുവന്നു. അന്ന് ഇതുപോലെ കൺസോർഷ്യം ഉണ്ടാക്കിയതിനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. 16 ശതമാനത്തിൽനിന്നും 12 ശതമാനമാക്കി കുറച്ചത് തെറ്റല്ലല്ലോ; അത് 9 % ആക്കാൻ ശ്രമിക്കുന്നുവെന്ന് അങ്ങ്

പറഞ്ഞല്ലോ. കിഫ്ബിയിൽനിന്നും ഇപ്പോഴും 12 ശതമാനത്തിനുതന്നെയാണ് ബസ് വാങ്ങുന്ന ഇനത്തിൽ കൊടുത്തുകൊണ്ടിരിക്കുന്നത്. ഏതെങ്കിലും കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നാണെങ്കിൽ 12 ശതമാനമെന്നുള്ളത് കുറയ്ക്കാമായിരുന്നല്ലോ; ഈ സർക്കാർ വീണ്ടും കൂടുതൽ പലിശയ്ക്ക് പണമെടുക്കുന്ന സംവിധാനം തന്നെയാണ് ഇവിടെ സ്വീകരിച്ചത്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ കെ.എസ്.ആർ.ടി.സി.-യെ നേരെ ചൊവ്വേ നോക്കാൻ ഒരു മന്ത്രിയില്ലല്ലോ; മന്ത്രി വരും, പോകും. അടുത്ത മന്ത്രി വരും, പോകും. കെ.എസ്.ആർ.ടി.സി.-യുടെ ഒരു ദുര്യോഗം പോലെ മന്ത്രിമാരും നിരന്തരം മാറിക്കൊണ്ടിരിക്കുന്നു. കെ.എസ്.ആർ.ടി.സി.-ക്ക് മന്ത്രി തന്നെ ഇല്ലാത്ത അവസ്ഥയിൽ പെൻഷൻ ആനുകൂല്യത്തെക്കുറിച്ച് ഇവിടെ പറയുന്നത് എങ്ങനെയാണ്; ശാസ്ത്രസാഹിത്യ പരിഷത്ത് നടത്തിയ പഠനത്തിൽ കെ.എസ്.ആർ.ടി.സി.-യിൽ ജോലി ചെയ്യുന്നവർക്കാണ് ഏറ്റവും കൂടുതൽ രോഗം ബാധിക്കുന്നതെന്ന് കണ്ടെത്തിയിരിക്കുന്നു. ക്യാൻസർ, അൽഷിമേഴ്സ് എന്നീ രോഗങ്ങൾ ഏറ്റവും കൂടുതലായി കെ.എസ്.ആർ.ടി.സി. ജീവനക്കാരിലുണ്ടാകുന്നു. അടുത്തകാലത്ത് അൽഷിമേഴ്സ് രോഗം ബാധിച്ച ഗോവിന്ദൻകുട്ടി എന്നയാളെ പരിശോധിച്ചപ്പോഴാണ് അൽഷിമേഴ്സിനുപുറമെ അദ്ദേഹത്തിന് ബ്രെയിൻ ട്യൂമർ കൂടി ഉണ്ടായിരുന്നുവെന്ന് മനസ്സിലാകുന്നത്. പക്ഷെ അദ്ദേഹത്തിന് മരുന്നിന് കാശ് കിട്ടില്ല. കാരണം പെൻഷൻ ആനുകൂല്യം ലഭ്യമാകുന്നയാൾ എന്ന നിലയ്ക്കും ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള റേഷൻ കാർഡ് കയ്യിലുള്ളയാൾ എന്ന നിലയ്ക്കും അദ്ദേഹത്തിന് ഒരു സ്ഥലത്തും പോയി മരുന്ന് വാങ്ങാൻ കഴിയാത്ത സ്ഥിതിയാണ്. അദ്ദേഹത്തിന് ഒരു ദിവസത്തെ മരുന്നിന് 660 രൂപവേണം. ഇത്തരം സാഹചര്യങ്ങൾ നമ്മൾ കാണണം. ഇവിടെ രാഷ്ട്രീയം മറക്കണം. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുന്നതിനുവേണ്ടി ചർച്ച ചെയ്യാൻ പോലും തയ്യാറാകാത്ത നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം.കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, മുഖ്യമന്ത്രി സാധാരണ അടിയന്തര പ്രമേയത്തിന് നൽകുന്ന മറുപടിയുടെ ആധികാരികത ഇന്ന് അദ്ദേഹം നൽകിയ മറുപടിയിലില്ല. അദ്ദേഹത്തിന്റെ വാക്കുകളിൽ തന്നെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വീഴ്ചകൾ വരുന്നുവെന്നുള്ളത് അദ്ദേഹം സമ്മതിച്ചതായി നമുക്ക് കാണാൻ കഴിയും. ഇവിടെ മന്ത്രിമാരെ മാത്രമല്ല, കെ.എസ്.ആർ.ടി.സി.-യിലെ എം.ഡി.-മാർ പോലും ആറുമാസം കൂടുമ്പോൾ മാറുന്ന സാഹചര്യമാണുള്ളത്.

മന്ത്രിമാരെ മാറ്റിയ കാര്യം പറഞ്ഞു. ഏറ്റവും ഒടുവിൽ എം.ഡി.-യായി ശ്രീ. രാജാമാണിക്യം വന്നു. ശ്രീ. രാജമാണിക്യത്തെ മാറ്റുന്നതിന് ശക്തമായ രാഷ്ട്രീയ ഇടപെടലുണ്ടായി എന്നാണ് പത്രവാർത്തകളിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. ഇവിടെ ഒരു മന്ത്രിയില്ല, ആ വകുപ്പിന് ഒരു മേലധികാരിയില്ല. സ്വാഭാവികമായും ആ ഡിപ്പാർട്ടുമെന്റ് കൂടുതൽ അനാഥമായി നിൽക്കുന്ന സാഹചര്യമാണ് നമുക്ക് കാണാൻ കഴിയുന്നത്. ഒരു കാര്യം മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. എടുത്ത വായ്പകളിൽ നിന്നുണ്ടാകുന്ന പലിശ കെ.എസ്.ആർ.ടി.സി.-യെ കൂടുതൽ കടക്കെണിയിലേക്ക് തള്ളിവിടുകയാണ്. മുപ്പത്തെണ്ണായിരത്തിൽപ്പരം വരുന്ന പെൻഷൻകാരുടെ ജീവിതം മുമ്പോട്ട് കൊണ്ടുപോകുന്നത് എങ്ങനെ എന്ന ഒരു വലിയ ചോദ്യം ഇന്ന് അവരുടെ മുന്നിൽ നിൽക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കാനുള്ള പാക്കേജുകൾ ഗവൺമെന്റ് തീരുമാനിക്കുകയും ഒപ്പം വിവിധ കമ്മീഷനുകളെ വച്ച് പഠനം നടത്തുകയുമൊക്കെ ചെയ്യുമ്പോൾ ഒരു കാര്യം ഞാൻ വളരെ വ്യക്തമായി പറയാൻ ആഗ്രഹിക്കുകയാണ് യൂണിയനുകളുടെ അതിപ്രസരം ആ കോർപ്പറേഷനെ നശിപ്പിക്കുന്ന മുഖ്യഘടകമായി നിൽക്കുകയാണ്. ഷെഡ്യൂളുകൾ പുനഃക്രമീകരിക്കാനുള്ള തീരുമാനമെടുക്കുമെന്ന് അങ്ങ് ഇവിടെ പറയുകയുണ്ടായി. ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചുകഴിഞ്ഞാൽ കുറെ മാറ്റമുണ്ടാകും. അങ്ങ് അക്കാര്യം പരിശോധിക്കണം. പല ഡിപ്പോകളിലും വളരെ ലാഭകരമായി ഓടുന്ന ഷെഡ്യൂളുകൾ നിർത്തലാക്കിക്കൊണ്ട് ഒരു ഇരുട്ടടി ഈ ഡിപ്പാർട്ടുമെന്റിലേക്ക് വീണ്ടും കൊണ്ടുവരികയാണ്. എന്റെ നിയോജക മണ്ഡലത്തിന്റെ കാര്യം എടുത്തുപറയാൻ കഴിയും. അതൊക്കെ കോർപ്പറേഷനെ പ്രതിസന്ധികളിലേക്ക് തള്ളിവിടുകയാണ് ചെയ്യുന്നത്. ഇവിടെ ആത്മഹത്യകൾ ഉണ്ടാകുന്നു. പെൻഷൻ കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചുവെന്ന് പറയുന്നു.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ്, വാക്കൗട്ട് പ്രസംഗം ചർച്ചയാക്കാൻ പറ്റില്ല.

ശ്രീ. അനൂപ് ജേക്കബ്: സർ, ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം. ആത്മഹത്യകൾ ഉണ്ടാകുമ്പോഴാണ് ഗവൺമെന്റ് ഇടപെടുന്നത്. കൂത്താട്ടുകുളത്ത് പാലക്കുഴ എന്ന സ്ഥലത്ത് തങ്കമ്മ എന്ന സ്ത്രീ ആത്മഹത്യ ചെയ്തപ്പോഴാണ് ഗവൺമെന്റിന്റെ കണ്ണുതുറന്നത്. പത്തോളം ആത്മഹത്യകൾ സംസ്ഥാനത്ത് നടന്നുവെന്നത് ഗുരുതരമായ ഒരു കാര്യമാണ്. ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. പെൻഷൻകാരായ പത്തോളം പേർ ആത്മഹത്യ ചെയ്യേണ്ടിവന്നു. തങ്കമ്മ എന്ന വ്യക്തിയുടെ ജീവിത പശ്ചാത്തലം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഏറ്റവും പരിമിതമായ ജീവിതസാഹചര്യത്തിലൂടെ പെൻഷൻ മാത്രം ആശ്രയിച്ച്, അവരുടെ ആശ്രിതനായ

മകനെയുൾപ്പെടെ നോക്കിക്കൊണ്ടിരുന്ന ഒരു കുടുംബം, പെൻഷൻ മുടങ്ങിയപ്പോൾ അവർ ആത്മഹത്യ ചെയ്യേണ്ട സാഹചര്യം വന്നു. അപ്പോഴാണ് ഈ ഗവൺമെന്റ് ഉണർന്ന് പ്രവർത്തിക്കേണ്ട സന്ദർഭത്തിലേക്ക് എത്തിയത്. അതുവരെ ഈ ഗവൺമെന്റ് എന്ത് ചെയ്യുകയായിരുന്നു; ഇത്തരത്തിലുള്ള വിഷയങ്ങളിൽ നിഷേധാത്മകമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഈ വിഷയങ്ങളുടെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, കെ.എസ്.ആർ.ടി.സി.-യിലെ മുപ്പത്തെണ്ണായിരത്തോളം പേരുടെ ജീവിത പ്രശ്നങ്ങൾ ഗവൺമെന്റ് കുറച്ചുകൂടി പ്രാധാന്യത്തോടെയും ഗൗരവത്തോടെയും കാണേണ്ടതായിരുന്നുവെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. തൊഴിലാളി വർഗ്ഗത്തിന് കൂടുതൽ പരിഗണന ലഭിക്കുമെന്ന വിശ്വാസമുള്ള എൽ.ഡി.എഫ്. ഗവൺമെന്റ് ഇക്കാര്യത്തിൽ വേണ്ടത്ര നീതിപൂർവ്വമായി പ്രവർത്തിച്ചില്ലെന്ന പരാതിയാണ് പൊതുവെ ഉയർന്നുവരുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളെക്കുറിച്ച് അദ്ദേഹം വിശദീകരിക്കുകയുണ്ടായി. പെൻഷനുവേണ്ടി കാത്തിരിക്കുന്ന, ഓരോ മാസവും കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ കിട്ടിക്കൊണ്ടിരിക്കുന്നവരുടെ കുടുംബാംഗങ്ങൾ ദിവസം എണ്ണി കാത്തിരിക്കുന്ന ഒരവസ്ഥ ഇന്ന് നമുക്ക് കാണാൻ കഴിയും. ആ ഒരു പ്രശ്നത്തെ ഇനിയെങ്കിലും വേണ്ടത്ര ഗൗരവത്തോടെ കണക്കിലെടുത്ത് പരിഹാരമുണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. ഇതിനൊരു തുറന്ന ചർച്ച നമുക്കാവശ്യമാണ്. ഒരു പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി. കേരളത്തിലെന്നും സാധാരണ ജനങ്ങൾക്ക് മുഖ്യ ആശ്രയമായി നിൽക്കുന്ന സ്ഥാപനമാണ്. എല്ലാ ഗവൺമെന്റുകളുടെ സമയത്തും ഇതിന് പ്രതിസന്ധിയുണ്ടായിരുന്നുവെന്നത് വസ്തുതയാണ്. ഇത് പരിഹരിക്കാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടാകുന്നതിന് ഇനിയെങ്കിലും ഗവൺമെന്റ് ഒരു തുറന്ന ചർച്ചയ്ക്ക് തയ്യാറാകണം. കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്തുന്ന കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകം മുൻകയ്യെടുത്തുകൊണ്ട് പ്രവർത്തിക്കണം. പെൻഷൻകാരുടെ കാര്യത്തിൽ ഒരു മാനുഷിക മുഖം ഉയർത്തിപ്പിടിക്കാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. അതിന് ഗവൺമെന്റ് ഒട്ടും വൈകാതെ നടപടികൾ സ്വീകരിക്കുന്നതിന് മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു. കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻകാർ സമരമുഖത്ത് നിൽക്കുമ്പോൾ ഇത്രയും ഗുരുതരമായ പ്രശ്നം ചർച്ച

ചെയ്യേണ്ട സന്ദർഭത്തിൽ അതിന് തയ്യാറാകാത്തത് പ്രതിഷേധാർഹമാണ്. അതിലുള്ള ഖേദം പ്രകടിപ്പിച്ചുകൊണ്ട് കേരള കോൺഗ്രസ് പാർട്ടി അംഗങ്ങളും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, തൊഴിലാളി വർഗ്ഗത്തിന്റെ പേരിൽ ജനങ്ങളുടെ വോട്ട് വാങ്ങി അധികാരത്തിൽ വന്ന സർക്കാർ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനത്തിന് ഈ ദുർഗ്ഗതിവരുത്തി 20 മാസത്തിനുള്ളിൽ 10 തൊഴിലാളികൾക്ക് ആത്മഹത്യ ചെയ്യേണ്ട സാഹചര്യമുണ്ടാക്കിയത് വീഴ്ചയാണ്. ഇതിനെ സമഗ്രമായി പരിവർത്തനം നടത്താൻ ഉപകരിക്കുന്ന ഒരു ചർച്ച നടത്താൻപോലും തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

(അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## V ശ്രദ്ധ ക്ഷണിക്കൽ

### (1) റോഡുകളുടെ പരിപാലനം

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, വിവിധ സ്കീമുകളിൽപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന റോഡുകളുടെ പുനരുദ്ധാരണം സമയബന്ധിതമായി നടക്കാത്തതുകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളിലേയ്ക്ക് സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ വിഷയം അവതരിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് പി.എം.ജി.എസ്.വൈ.യിലും നബാർഡ് സ്കീമിലും ഉൾപ്പെടുത്തിക്കൊണ്ടുള്ള റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ധാരാളമായി നമ്മുടെ സംസ്ഥാനത്ത് നടക്കുന്നുണ്ട്. ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തിക്കൊണ്ടും എം.എൽ.എ. ഫണ്ടും എം.പി. ഫണ്ടും ഉപയോഗിച്ചും റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ധാരാളമായി നടക്കുന്നുണ്ട്. ഇതിന്റെ ഗ്യാരണ്ടി പീരീഡ് തീർന്നാൽ സ്വാഭാവികമായും ഈ റോഡുകൾ ബന്ധപ്പെട്ട

ഗ്രാമപഞ്ചായത്തുകൾക്കോ ജില്ലാ പഞ്ചായത്തുകൾക്കോ ഹാൻഡ് ഓവർ ചെയ്യുന്നതാണ് രീതി. വിവിധ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ സമയബന്ധിതമായി നടക്കാത്തതിനെത്തുടർന്ന് കോടിക്കണക്കിന് രൂപ മുടക്കി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ റോഡുകൾ നഷ്ടപ്പെട്ടുപോകുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ഗ്രാമീണ റോഡുകൾ നന്നാക്കുന്നതുമായി ബന്ധപ്പെട്ട് എം.എൽ.എ.-മാർ എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അടുത്ത് ചെന്നുകഴിഞ്ഞാൽ സ്വാഭാവികമായും പി.ഡബ്ല്യു.ഡി. റോഡ് അല്ലാത്തതുകൊണ്ട് ഒരു കാരണവശാലും അവർക്ക് ഈ റോഡുകൾ ഏറ്റെടുത്ത് ചെയ്യാൻ കഴിയില്ലെന്നാണ് പറയുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ റോഡ് കൈകാര്യം ചെയ്യുന്ന ഡിപ്പാർട്ടുമെന്റ് അവർക്ക് അവകാശപ്പെട്ട റോഡുകൾ മാത്രമേ റിപ്പയർ ചെയ്യുന്നുള്ളൂ. പി.എം.ജി.എസ്.വൈ., നബാർഡ്, ആർ.ഐ.ഡി.എഫ്., എം.പി. ഫണ്ട്, എം.എൽ.എ. ഫണ്ട് തുടങ്ങിയ പദ്ധതികളുപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾ സ്വാഭാവികമായി ഹാൻഡ് ഓവർ ചെയ്യപ്പെടുന്നത് ജില്ലാ പഞ്ചായത്തുകൾക്കും ഗ്രാമപഞ്ചായത്തുകൾക്കുമാണ്. ഇടുക്കി ജില്ലയിൽ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ചപ്പോൾ 300 കിലോമീറ്ററിനടുത്ത് റോഡുകൾ ജില്ലാ പഞ്ചായത്തിന് ഹാൻഡ് ഓവർ ചെയ്തിട്ടുണ്ടെന്ന് കാണാൻ സാധിച്ചു. ആദ്യം 31 റോഡുകളും അതിനുശേഷം 20 റോഡുകളുമടക്കം 51 റോഡുകൾ ജില്ലാ പഞ്ചായത്തിന് ഹാൻഡ് ഓവർ ചെയ്തുവെങ്കിൽപ്പോലും 300 കിലോമീറ്ററോളം വരുന്ന 51 റോഡുകൾ അവരുടെ ആസ്തിയുടെ ഭാഗമാക്കിയിട്ടില്ലെന്നാണ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിച്ച് പറഞ്ഞത്. മെയിന്റനൻസ് ഗ്രാന്റുമായി ബന്ധപ്പെട്ട് 20 കോടി രൂപ ജില്ലാ പഞ്ചായത്തിന് കൊടുത്തതായാണ് പരിശോധനയിൽ കാണാൻ സാധിച്ചത്. ഇത് ഇടുക്കി ജില്ലയുടെ മാത്രം പ്രശ്നമല്ല. 14 ജില്ലയിലും ഇത്തരം പ്രശ്നങ്ങൾ ഗൗരവതരമായി നിലനിൽക്കുകയാണ്. പി.എം.ജി.എസ്.വൈ., നബാർഡ് തുടങ്ങിയ സ്കീമുകളിലായി നിർമ്മാണ പ്രവർത്തനം നടത്തുന്ന റോഡുകൾ അതിന്റെ ഗ്യാരണ്ടി പിരീഡ് തീരുമ്പോൾ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ ഹാൻഡ് ഓവർ ചെയ്തുകൊടുക്കുന്നതാണ് രീതി. എന്നാൽ ഇത്തരം റോഡുകൾ അവരുടെ ആസ്തിയിലുൾപ്പെടുത്തി മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് മെയിന്റനൻസ് ചെയ്യുന്നതിനുള്ള താൽപ്പര്യം പലപ്പോഴും ത്രിതല പഞ്ചായത്ത് ഭരണസമിതികൾ കാണിക്കുന്നില്ല. ഇതിന്റെ ഭാഗമായി കോടിക്കണക്കിന് രൂപ ഉപയോഗിച്ച് നിർമ്മിക്കുന്ന ഇത്തരം റോഡുകൾ അറ്റകുറ്റപ്പണികളില്ലാതെ പൂർണ്ണമായി നഷ്ടപ്പെട്ടു പോകുകയും ജനങ്ങളുടെ വലിയ പ്രതിഷേധം എല്ലാ ഭാഗത്തുനിന്നും ഉണ്ടാകുകയും ചെയ്യുന്നു. എം.എൽ.എ.-മാർക്കെതിരെയും എം.പി.-മാർക്കെതിരെയുമുള്ള പ്രതിഷേധം ഗവൺമെന്റിനെതിരെയുള്ള പ്രതിഷേധമായി മാറുന്നുണ്ട്. ഗ്രാമീണ റോഡുകളുടെ

പുനരുദ്ധാരണ പ്രവൃത്തി ചെയ്യുന്നതിന് എം.എൽ.എ. ഫണ്ടോ എം.പി. ഫണ്ടോ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. അത് ജനങ്ങളോട് എത്ര പറഞ്ഞാലും അവരെ ബോദ്ധ്യപ്പെടുത്താൻ കഴിയില്ല. അതിന് നമ്മുടേതായ ഒരുപാട് പരിമിതികളുമുണ്ട്. സാങ്കേതികത്വം ഞങ്ങൾക്ക് കേൾക്കേണ്ടെന്നതാണ് പലപ്പോഴും ജനങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകുന്ന സമീപനം. ജില്ലാ പഞ്ചായത്തുകളും ഗ്രാമപഞ്ചായത്തുകളും അവർക്ക് ഹാൻഡ് ഓവർ ചെയ്തു കിട്ടുന്ന റോഡുകൾ അവരുടെ ആസ്തിയിൽ ഉൾപ്പെടുത്തി അവർക്ക് കിട്ടുന്ന മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്തിയാൽ മാത്രമേ ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയൂ. അതുകൊണ്ട് ഗവൺമെന്റുതന്നെ ഇക്കാര്യത്തിൽ ഇടപെടണം. മെയിന്റനൻസ് ഗ്രാന്റ് മെയിന്റനൻസിന് ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ കഴിയണം. മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ടെങ്കിൽ ഗവൺമെന്റുതന്നെ ശക്തമായി ഇടപെട്ട് അത്തരം കാര്യങ്ങൾക്ക് ഭരണാനുമതി കൊടുക്കുന്നതിൽനിന്ന് പിന്മാറണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, എം.എൽ.എ.-എം.പി. ഫണ്ട്, നബാർഡ് തുടങ്ങിയ ഫണ്ടുകളുപയോഗിച്ച് നടത്തുന്ന ഒട്ടുമിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രവൃത്തികൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെയാണ് നിർവ്വഹിച്ചുവരുന്നത്. പി.എം.ജി.എസ്.വൈ. പോലുള്ള പ്രവൃത്തികൾ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് റൂറൽ റോഡ് ഡെവലപ്മെന്റ് ഏജൻസിയാണ് നടപ്പിലാക്കുന്നത്. ആയതിന്റെ 5 വർഷത്തെ മെയിന്റനൻസ് ഗ്യാരണ്ടി പിരീഡ് കഴിഞ്ഞാൽ ജില്ലാ പഞ്ചായത്തിന് കൈമാറുന്നതാണ്. എം.എൽ.എ., എസ്.ഡി.എഫ്., എം.പി.എൽ.എ.ഡി., പി.എം.ജി.എസ്.വൈ., നബാർഡ്, നാറ്റ്പാക്ക് തുടങ്ങിയ പദ്ധതികൾ പ്രകാരം ഏജൻസിവഴി നിർമ്മിച്ച റോഡുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടെങ്കിൽ മാത്രം അവയുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിക്കുവാൻ നിലവിലുള്ള മാർഗ്ഗരേഖ പ്രകാരം തടസ്സമില്ലാത്തതാണ്. മേൽപ്പറഞ്ഞ പ്രവൃത്തികളായ റീ-സർഫസിംഗ്, മെയിന്റനൻസ് എന്നിവ ചെയ്ത് സംരക്ഷിക്കേണ്ട അവസരം വരുമ്പോൾ മിക്കപ്പോഴും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ മതിയാകാതെ വരുന്ന അവസരത്തിൽ മറ്റ് ഫണ്ടുകളോ എം.എൽ.എ. ഫണ്ട്, എൻ.സി.എഫ്.ആർ.ഡബ്ല്യു., നബാർഡ് ഫണ്ടുകൾ എന്നിവ ഉപയോഗപ്പെടുത്താവുന്നതാണ്. 9-2-2004-ലെ സർക്കാർ

ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതു ആവശ്യ ഗ്രാന്റും മെയിന്റനൻസ് ഗ്രാന്റും വിനിയോഗിക്കുന്നതിന് പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 4(v) പ്രകാരം, ഗ്രാമപഞ്ചായത്തുകൾക്ക് റോഡ് മെയിന്റനൻസ് ഇനത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം കേന്ദ്രാവിഷ്കൃത പദ്ധതിയിൽ എം.പി.-യുടെ പ്രാദേശിക വികസന പരിപാടികൾ, എം.എൽ.എ.-യുടെ പ്രാദേശിക വികസന പരിപാടികൾ മുതലായവ പ്രകാരം നിർമ്മിച്ചവ ഉൾപ്പെടെ അവരുടെ നിയന്ത്രണത്തിലുള്ള എല്ലാ റോഡുകളുടെയും അറ്റകുറ്റപ്പണികൾക്ക് വിനിയോഗിക്കാവുന്നതാണെന്നും ഖണ്ഡിക 4(vi) പ്രകാരം, റോഡ് മെയിന്റനൻസിന് വരുത്തിയിട്ടുള്ള വിഹിതം പുതിയ റോഡുകളുടെ നിർമ്മാണത്തിന് വിനിയോഗിക്കാൻ പാടുള്ളതല്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയത് ഇപ്പോഴും മോണിറ്റർ ചെയ്തുവരുന്നുണ്ട്. അപ്രകാരമുള്ള റോഡുകൾ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണെന്ന് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, പലപ്പോഴും ഗ്രാമപഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും അവരുടെ ആസ്തി രജിസ്റ്ററിൽ ഈ റോഡുകൾ ഉൾക്കൊള്ളിക്കുന്നില്ലെന്നുള്ളതാണ് ഇവിടെ നമ്മൾ അനുഭവിക്കുന്ന ഗൗരവതരമായ പ്രശ്നം. അതോടൊപ്പംതന്നെ ജില്ലാ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ ലഭിക്കുന്ന മെയിന്റനൻസ് ഗ്രാന്റുകൊണ്ട് മാത്രം ഈ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്ത സാഹചര്യമുണ്ട്. ഇങ്ങനെ വരുന്ന വലിയ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുക അല്ലെങ്കിൽ അവർക്ക് വിട്ടുകൊടുക്കുകയെന്നുള്ളതാണ് ഇക്കാര്യത്തിൽ ചെയ്യാൻ കഴിയുന്ന ഏറ്റവും ഉചിതമായ നടപടി. ഈയൊരു സാഹചര്യത്തിൽ, തദ്ദേശസ്വയംഭരണ വകുപ്പിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും സംയുക്ത യോഗം വിളിച്ചുചേർത്ത് ഈ റോഡുകളെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ കയ്യിൽ സൂക്ഷിച്ച് പുനരുദ്ധാരണ പ്രവർത്തനം നടത്താൻ കഴിയാത്ത വലിയ റോഡുകൾ പൊതുമരാമത്ത് വകുപ്പിന് വിട്ടുകൊടുക്കാനുമുള്ള നടപടി സ്വീകരിക്കുന്നതിനെ സംബന്ധിച്ചും ഗവൺമെന്റ് ആലോചിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കാൻ പഞ്ചായത്തുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ് പറഞ്ഞത്. എങ്കിലും അത് നടക്കുന്നില്ലെങ്കിൽ വീണ്ടും ചർച്ച ചെയ്യാം. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, പി.ഡബ്ല്യു.ഡി.-യും തദ്ദേശസ്വയംഭരണ വകുപ്പും ചേർന്ന് ഇതിനുവേണ്ടി ഒരു ചർച്ച നടത്തണമെങ്കിൽ ഗൗരവതരമായ ചർച്ച നടത്താം.

## (2) വാഹനാപകട നിയന്ത്രണം

ശ്രീ. റോജി എം. ജോൺ: സർ, സംസ്ഥാനത്ത് ഓരോ ദിവസവും വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി സർക്കാരിന്റെ അടിയന്തര ശ്രദ്ധ പതിപ്പിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്.

കേരളത്തിലെ പൊതുനിരത്തുകൾ കുരുതിക്കളങ്ങളായി മാറിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം ഇപ്പോൾ കാണുന്നത്. ഓരോ വർഷത്തെയും കണക്ക് പരിശോധിക്കുമ്പോൾ റോഡപകടങ്ങളുടെയും അതിൽ മരിക്കുന്നവരുടെയും പരിക്ക് പറ്റുന്നവരുടെയും എണ്ണം വർദ്ധിച്ചുവരുന്നതായി മനസ്സിലാക്കാൻ കഴിയും. 2014-ൽ 4,049 ആളുകൾ അപകടങ്ങളിൽ മരിച്ചപ്പോൾ 2015-ൽ 4,196 പേർക്കും 2016 ആയപ്പോഴേയ്ക്കും 4,287 പേർക്കും അപകട മരണം സംഭവിച്ചു. സമയപരിമിതിമൂലം കണക്കുകൾ പൂർണ്ണമായി ഞാനിവിടെ അവതരിപ്പിക്കുന്നില്ല. അക്കാര്യം നമ്മുടെ എല്ലാവരുടെയും ശ്രദ്ധയിലുള്ളതാണ്.

റോഡപകടങ്ങൾ വർദ്ധിക്കുന്നതിനുള്ള ഒരു പ്രധാന കാരണം റോഡ് നിർമ്മാണത്തിലുള്ള അപാകതയാണ്. കേരളത്തിൽ ഏകദേശം ഒന്നേകാൽ കോടിയോളം വാഹനങ്ങളുണ്ട്. എന്നാൽ അതനുസരിച്ച് സംസ്ഥാനത്തെ റോഡിന്റെ വീതിയോ നീളമോ വർദ്ധിപ്പിക്കാൻ സാധിക്കുന്നില്ല എന്നുള്ളത് ഒരു വിഷയം തന്നെയാണ്. അപകടങ്ങൾ ഏറ്റവും കൂടുതലായുണ്ടാകുന്ന ബ്ലാക്ക് സ്പോട്ടുകൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ടെങ്കിലും അവ പരിഷ്കരിച്ചുകൊണ്ട് അപകടങ്ങൾ നിയന്ത്രിക്കുന്നതിനുള്ള സമഗ്രമായ പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. വാഹനം ഓടിച്ചവരുടെ പിഴവുകൾ കൊണ്ടുമാത്രം കഴിഞ്ഞ മൂന്ന് വർഷത്തിനിടെ 11,018 ജീവനുകൾ നഷ്ടമായിട്ടുണ്ടെന്നത് കേരളത്തിന്റെ മനഃസാക്ഷിയെ ഞെട്ടിക്കുന്ന യാഥാർത്ഥ്യമാണ്.

വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അത്തരം ക്യാമറകൾ എവിടെയൊക്കെയാണെന്ന് ഭൂരിഭാഗം ഡ്രൈവർമാർക്കും നേരത്തെ അറിയാവുന്നതാണ്. ക്യാമറയുള്ള സ്ഥലങ്ങളെത്തുമ്പോൾ മാത്രം വാഹനങ്ങളുടെ വേഗത കുറയ്ക്കുകയും ശേഷം വീണ്ടും വേഗത നിയന്ത്രിക്കാതെ മുന്നോട്ട് പോവുകയും ചെയ്യുന്ന കാഴ്ചയാണ് കാണുന്നത്. മറ്റ് രാജ്യങ്ങളിലൊക്കെ രണ്ട് ക്യാമറകൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലങ്ങളുടെ ദൂരം കണക്കിലെടുത്തുകൊണ്ട് അതിന്റെ സമയം കണക്കാക്കി വാഹനത്തിന്റെ ശരാശരി വേഗത കണ്ടെത്തി നിയന്ത്രിക്കാനും അത് ലംഘിക്കുന്നവരെ ശിക്ഷിക്കുന്നതിനും ആധുനിക സംവിധാനങ്ങളുണ്ട്.

നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. ഇരുചക്ര വാഹനങ്ങൾക്ക് '8', നാലുചക്ര വാഹനങ്ങൾക്ക് 'H' എന്നിങ്ങനെ രണ്ട് പരീക്ഷണങ്ങളാണ് ഇന്ന് ഡ്രൈവിംഗ് ടെസ്റ്റിനായി അവലംബിക്കുന്നത്. കാലാകാലങ്ങളായി നിലവിലുള്ള ഒരു സംവിധാനമെന്ന നിലയിൽ ഡ്രൈവിംഗ് സ്കൂളുകാർ വിദ്യാർത്ഥികളെ ഈ രണ്ട് ടെസ്റ്റുകൾ പാസ്സാകുന്നതിനുള്ള വിദ്യ പരിശീലിപ്പിക്കുകയും എങ്ങനെയെങ്കിലും ഡ്രൈവിംഗ് ലൈസൻസ് നേടിയെടുക്കുകയുമാണ്. ഭൂരിഭാഗം ഡ്രൈവർമാരും ഡ്രൈവിംഗ് ലൈസൻസ് നേടിയശേഷം റോഡിലിറങ്ങി ഡ്രൈവിംഗ് പഠിക്കുന്ന കാഴ്ചയാണ് നമ്മളിന്ന് കണ്ടുകൊണ്ടിരിക്കുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ പുതിയ കാലഘട്ടത്തിനനുസരിച്ച് ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരിക്കുന്നതിനുള്ള സംവിധാനം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണ്.

റോഡപകടങ്ങൾ ഓരോ ദിവസവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, ശബരിമലയുമായി ബന്ധപ്പെട്ടുകൊണ്ട് 'ശബരിമല സേഫ് സോൺ പദ്ധതി' വളരെ വിജയകരമായി സർക്കാർ നടപ്പിലാക്കുകയുണ്ടായി. ഏകദേശം നാനൂറോളം കിലോമീറ്റർ പ്രദേശത്ത് 'ശബരിമല സേഫ് സോൺ പദ്ധതി' കേരള റോഡ് സേഫ്റ്റി അതോറിറ്റിയുമായി ബന്ധപ്പെട്ടുകൊണ്ടും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടും ഫലപ്രദമായി നടപ്പിലാക്കിയിട്ടുള്ളത് ഒരു മാതൃകയായി നിലനിൽക്കുകയാണ്. കേരളത്തിലെമ്പാടും റോഡപകടങ്ങൾ വർദ്ധിച്ചുവരികയും ജീവനുകൾ നഷ്ടപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ 'ശബരിമല സേഫ് സോൺ പദ്ധതി' കേരളത്തിൽ മുഴുവനായി വ്യാപിപ്പിച്ചു കൊണ്ട് ഒരു 'കേരള സേഫ് സോൺ പദ്ധതി' ആക്കി മാറ്റുന്നതിനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഗൗരവമായ ഒരു പ്രശ്നമാണ് ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്. നമ്മുടെ റോഡുകളിൽ പൊലിഞ്ഞുപോകുന്ന ജീവനുകളുടെ എണ്ണം വളരെ കൂടുതൽതന്നെയാണ്. വർഷങ്ങൾ താരതമ്യപ്പെടുത്തുമ്പോൾ കുറവ് സംഭവിക്കുന്നുണ്ടെങ്കിലും റോഡപകടങ്ങളിൽ പൊലിഞ്ഞുപോകുന്ന ജീവനുകളുടെ എണ്ണം കൂടുതൽ തന്നെയാണ്. 2017-ൽ റോഡപകടങ്ങളുടെ എണ്ണത്തിലും മരണപ്പെട്ടവരുടെ

എണ്ണത്തിലും കുറവുണ്ടായിട്ടുണ്ട്. 2016-ൽ ആകെ 39,420 റോഡപകടങ്ങളിൽ 4,287 പേർ മരിച്ചു. 2017-ൽ റോഡപകടങ്ങൾ 38,486 ആയും മരണസംഖ്യ 4,061 ആയും കുറഞ്ഞു. കുറഞ്ഞു എന്നുപറയുമ്പോൾ ഇത്രയും ജീവൻ ഇപ്പോഴും റോഡിൽ പൊലിയുന്ന അവസ്ഥതന്നെയാണുള്ളത്.

വിവിധ സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുകയും എൻഫോഴ്സ്മെന്റ് കാര്യക്ഷമമാക്കുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തതിന്റെ ഭാഗമായാണ് ഈ ചെറിയ കുറവെങ്കിലും ഉണ്ടായിട്ടുള്ളത്. റോഡപകടങ്ങൾ വിലയിരുത്തുന്നതിനും അവ നിയന്ത്രിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിനായി ജില്ലാതലങ്ങളിൽ റോഡ് സുരക്ഷാ കമ്മിറ്റികളും ഹൈവേകളിൽ ഹൈവേ പോലീസിന്റെ നേതൃത്വത്തിൽ ഹൈവേ ജാഗ്രതാ സമിതികളും പ്രവർത്തിച്ചുവരുന്നു.

ബഹുമാന്യനായ അംഗം റോഡിന്റെ കാര്യം പറയുകയുണ്ടായി, റോഡിന്റെ അപാകത പരിഹരിക്കാൻ പി.ഡബ്ല്യു.ഡി. ശ്രമിക്കുന്നുണ്ട്. എന്നാൽ അതിന് സമൂഹത്തിന്റെ പൊതുവായ സഹകരണംകൂടി ആവശ്യമുണ്ട്. പൊതുജനങ്ങൾ, ഡ്രൈവർമാർ, ഇരുചക്രവാഹകർ എന്നിവർക്കെല്ലാം വിവിധ പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സ്കൂൾ കുട്ടികൾക്കായി പ്രത്യേക ട്രാഫിക് ബോധവൽക്കരണ പരിപാടികൾ കേഡറ്റ് പദ്ധതികളിലൂടെയും മറ്റും നടപ്പിലാക്കിവരുന്നു.

വാഹനാപകടങ്ങൾ പരമാവധി കുറച്ച് മെച്ചപ്പെട്ട സുരക്ഷ ഉറപ്പാക്കുന്നത് ലക്ഷ്യംവച്ച് 'ശുഭയാത്ര' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിനുപുറമേ 'Pink Traffic Application' വഴി പൊതുജനങ്ങൾക്ക് ആക്സിഡന്റുകൾ ലൈവായി റിപ്പോർട്ട് ചെയ്യുന്നതിനും കംപ്ലെയിന്റുകൾ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. അതോടൊപ്പം ട്രാഫിക് ബോധവൽക്കരണത്തിനായി എല്ലാ മണ്ഡലങ്ങളിലും ട്രാഫിക് സ്മാർട്ട് ക്ലാസ് റൂം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡപകടങ്ങൾ അവലോകനം ചെയ്യുന്നതിനും തുടർ നടപടികൾക്ക് നിർദ്ദേശം നൽകുന്നതിനുമായി ട്രാഫിക് പോലീസ് റോഡ് സേഫ്റ്റി സെല്ലിന് രൂപം നൽകിയിട്ടുണ്ട്. റോഡപകടം സംഭവിക്കുന്നവർക്ക് എത്രയുംവേഗം പ്രാഥമിക ശുശ്രൂഷ നൽകുന്നതിനും അടുത്തുള്ള ആശുപത്രികളിൽ എത്തിക്കുന്നതിനും Save Our Fellow Travellers (SOFT) എന്ന കൂട്ടായ്മ രൂപവൽക്കരിക്കുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഇവർക്ക് ട്രോമാകെയറിൽ

ഉൾപ്പെടെ വിദഗ്ദ്ധ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. റോഡപകടങ്ങളിൽ പ്പെടുന്നവർക്ക് ആദ്യ 48 മണിക്കൂറിലെ ചികിത്സാച്ചെലവ് സർക്കാർ വഹിക്കാനും തീരുമാനിച്ചിട്ടുണ്ട്.

ബഹുമാന്യനായ അംഗം ക്യാമറയുടെ അപര്യാപ്തതയെക്കുറിച്ച് സംസാരിക്കുകയുണ്ടായി. ശാസ്ത്രീയമായി, അദ്ദേഹം ഉദ്ദേശിക്കുന്ന തരത്തിലുള്ള ക്യാമറകൾ സ്ഥാപിക്കാനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഡ്രൈവിംഗ് ടെസ്റ്റ് കാലോചിതമാക്കണമെന്ന് തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. റോജി എം. ജോൺ: സർ, രജിസ്ട്രേഷൻ ഇനത്തിലും കോമ്പൗണ്ടിംഗ് ഫീസായും സർക്കാരിന് ഏറ്റവുമധികം റവന്യൂ തരുന്ന വകുപ്പുകളിലൊന്നാണ് മോട്ടോർ വാഹന വകുപ്പ്. ഞാൻ സൂചിപ്പിച്ച ഒരു കാര്യത്തിന് ബഹുമാന്യനായ മുഖ്യമന്ത്രി മറുപടി പറഞ്ഞില്ല എന്നെനിക്ക് തോന്നുന്നു. മറ്റ് കാര്യങ്ങളിലൊക്കെ വളരെ പോസിറ്റീവായി അങ്ങ് മറുപടി പറഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്.

'ശബരിമല സേഫ് സോൺ പദ്ധതി' വളരെ വിജയപ്രദമായി നടപ്പിലാക്കി വരുന്നൊരു പദ്ധതിയാണ്. അത് 'സേഫ് കേരള പദ്ധതി' ആക്കി മാറ്റുന്നതിനുള്ള പദ്ധതിയും സർക്കാരിന് സമർപ്പിക്കപ്പെട്ടിട്ടുണ്ടെന്നാണെനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. 'സേഫ് കേരള പദ്ധതി' നടപ്പിലാക്കുന്നതിന് തുച്ഛമായ തുക മാത്രമാണ് വേണ്ടിവരുന്നത്. അതുകൊണ്ടുതന്നെ അക്കാര്യം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ക്രിയാത്മകമായ തീരുമാനം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, എന്ത് പേര് വിളിച്ചാലും റോഡുകളിൽ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾക്ക് സർക്കാർ മുൻതൂക്കം കൊടുക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## VI സബ്മിഷൻ

### (1) എസ്. ഐ. നിയമനം

ശ്രീ. എം. സ്വരാജ്: സർ, 2015 മേയ് മാസത്തിൽ നിലവിൽവന്ന കേരള സിവിൽ പോലീസ് സബ് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടക്കാത്തത് സംബന്ധിച്ച വിഷയമാണ് ഞാനിവിടെ സബ്മിഷനായി ഉന്നയിക്കുന്നത്.

പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ട് ഇപ്പോൾ രണ്ട് വർഷവും എട്ട് മാസവും പൂർത്തിയായിരിക്കുകയാണ്. നാളിതുവരെ ഒരാളെപ്പോലും നിയമിക്കാൻ

സാധിച്ചിട്ടില്ല. ഈ ലിസ്റ്റ് നിലവിൽ വന്നതിനുശേഷം ഒട്ടേറെ ഒഴിവുകൾ വന്നെങ്കിലും മുൻ സർക്കാരിന്റെ കാലത്ത് ഇറക്കിയ ഒരു ഗവൺമെന്റ് ഉത്തരവ് കാരണം ആർക്കും നിയമനം കൊടുക്കാൻ സാധിക്കാതെ പോയി. 1-3-2016-ലെ ജി.ഒ.(എം.എസ്.) നമ്പർ 76/2016/ഹോം. ഉത്തരവ് കാരണമാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളത്. ഈ ഉത്തരവ് നിയമനങ്ങളെ ബാധിക്കുമെന്ന് കണ്ട് റാങ്ക് ലിസ്റ്റിലുള്ളവർ ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ കേസ് നൽകുകയും പ്രസ്തുത ഉത്തരവ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും ബഹുമാനപ്പെട്ട ഹൈക്കോടതികളുടെയും വിധികളുടെ ലംഘനമാണെന്ന് കണ്ടെത്തിക്കൊണ്ട് set aside ചെയ്യാൻ തീരുമാനമെടുക്കുകയും ചെയ്തിട്ടുള്ളതാണ്. വിവരാവകാശ നിയമപ്രകാരം ഉദ്യോഗാർത്ഥികൾക്ക് ലഭിച്ച മറുപടിയിൽ നിലവിൽ 137 ഒഴിവുകൾ ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ ഈ 137 ഒഴിവുകൾ അടിയന്തരമായി പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്ത് നിയമന നടപടികളിലേയ്ക്ക് കടക്കുന്ന സാഹചര്യമുണ്ടായാൽ ഈ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്കെല്ലാം ജോലി ലഭിക്കും. രണ്ട് വർഷവും എട്ട് മാസവുമായി നിലവിൽ വന്ന ഒരു റാങ്ക് ലിസ്റ്റിൽ നിലവിൽ ഒഴിവുകൾ ഉണ്ടായിരിക്കെ ഉദ്യോഗാർത്ഥികൾക്ക് നിയമനം കിട്ടാതെ പോകുന്ന പ്രത്യേക സാഹചര്യം അടിയന്തരമായി പരിശോധിക്കണമെന്നും പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാൻ പോകുന്ന സാഹചര്യത്തിൽ അവർക്ക് നിയമനങ്ങൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെടുന്നതോടൊപ്പം സമാനമായ സാഹചര്യം നിലവിലുള്ള മറ്റ് ചില റാങ്ക് പട്ടികകളുടെ കാര്യംകൂടി ഈ അവസരത്തിൽ പരിഗണിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ചൂണ്ടിക്കാണിച്ച വിഷയം ഒരു പ്രത്യേക പ്രശ്നമാണ്. ബഹുമാന്യനായ അംഗം പ്രസ്താവിച്ചതുപോലെ 14-7-2017-ലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ്പ്രകാരം കേരളാ പോലീസിൽ ആകെയുള്ള എസ്.ഐ. മാരുടെ തസ്തികകളിൽ 50 ശതമാനം നേരിട്ടുള്ള നിയമനം നടത്തണമെന്ന് നിർദ്ദേശിച്ചുകൊണ്ടും 1-3-2016-ൽ 137 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുമുള്ള സർക്കാർ ഉത്തരവ് റദ്ദാക്കിക്കൊണ്ടും ഉത്തരവായിട്ടുണ്ട്. 490 എ.എസ്.ഐ. തസ്തികകൾ എസ്.ഐ. തസ്തികകളായി അപ്ഗ്രേഡ് ചെയ്തുകൊണ്ടും, 128 ആർ.എസ്.ഐ. തസ്തികകൾ കേരളാ സിവിൽ പോലീസിലേക്ക് ഷിഫ്റ്റ് ചെയ്തുകൊണ്ടും, എസ്.ഐ. മാരുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് പരിഗണിച്ച് 131 ഒഴിവുകൾ കൂടി റിപ്പോർട്ട് ചെയ്യാനാകുമെന്ന് പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ഇത് സംസ്ഥാന പോലീസ് മേധാവി

സർക്കാരിനെ അറിയിച്ചതാണ്. ഇക്കാര്യത്തിൽ മുൻപുണ്ടായിട്ടുള്ള കോടതി വ്യവഹാരങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ കൂടുതൽ പരിശോധന ആവശ്യമാണ്. പരിശോധനയിൽ ഒഴിവുകൾ നിലവിലുണ്ടെന്ന് കണ്ടെത്തുന്നപക്ഷം ഉചിതമായ അനന്തര നടപടി കൈക്കൊള്ളുന്നതാണ്.

## (2) വാഹന പരിശോധനയ്ക്കിടെ നടന്ന മരണം

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഇക്കഴിഞ്ഞ ഡിസംബർ 30-ാം തീയതി കാസർഗോഡ് ജില്ലയിലെ അണങ്കൂരിലെ എം.ബി.എ. വിദ്യാർത്ഥി സുഹൈലിന്റെ ജീവൻ നഷ്ടപ്പെടുകയുണ്ടായി. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട പോലീസ് ജനങ്ങളുടെ കാലനായി മാറുന്നു എന്നതിന്റെ ഒരു ഉദാഹരണമാണ് എം.ബി.എ. വിദ്യാർത്ഥിയായ സുഹൈലിന്റെ മരണമെന്ന് ഞാൻ ഇവിടെ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ബൈക്കിൽ വീട്ടിലേയ്ക്ക് പുറപ്പെട്ട സുഹൈലിനെ ഒരു പോക്കറ്റ് റോഡിൽ വച്ച് പോലീസ് തടഞ്ഞുവയ്ക്കുകയും റോഡിന്റെ നടുവിൽ വച്ച് പരിശോധന നടത്തിയ സമയത്ത് പുറകിൽനിന്ന് വന്ന ഒരു കാർ ബൈക്കിൽ ഇടിച്ച് വളരെ ഗുരുതരമായി സുഹൈലിന് പരിക്കേൽക്കുകയും രണ്ടുദിവസം ആശുപത്രിയിൽ ചികിത്സയിൽ കിടന്നതിനു ശേഷം മരണപ്പെടുകയുമുണ്ടായി.

എനിക്ക് സൂചിപ്പിക്കാനുള്ളത്, 8-11-2016-ന് എന്റെ ഒരു ചോദ്യത്തിന് ഉത്തരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, 'ഇരുചക്ര വാഹനങ്ങളിൽ സഞ്ചരിക്കുന്ന ഷാഡോ പോലീസുകാർ വാഹനങ്ങൾ തടഞ്ഞുനിർത്തി പരിശോധിക്കാൻ അധികാരമുള്ളവരല്ല' എന്നാണ്. ഇക്കാര്യം പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തുമ്പോൾ വളരെ ധിക്കാരപരമായിട്ടാണ് അവർ പ്രതികരിക്കുന്നത്. 'മുഖ്യമന്ത്രി പരിശോധിക്കേണ്ട, ഞങ്ങൾ പരിശോധിക്കു'മെന്നാണ് പോലീസ് പ്രതികരിക്കുന്നത്. ഇത്തരം ധിക്കാരം കാണിക്കുന്ന പോലീസുകാരെ നിലയ്ക്ക് നിർത്തണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയുവാനുള്ളത്. മാത്രമല്ല, ഈ മരണത്തിന് ഉത്തരവാദികളായ പോലീസുകാർക്കെതിരെ നടപടിയെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൻമനസ് കാണിക്കുകയും വേണം. മരണപ്പെട്ട സുഹൈൽ എം.ബി.എ. വിദ്യാർത്ഥിയും പാവപ്പെട്ട ഒരു കുടുംബത്തിന്റെ പ്രതീക്ഷയുമായിരുന്നു. ആ കുടുംബത്തിന് മതിയായ സാമ്പത്തിക സഹായം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഇപ്പോഴും കാസർഗോഡ് ഭാഗത്ത് ഷാഡോ പോലീസുകാരുടെ വാഹന പരിശോധന നിർബാധം തുടരുകയാണ്. എസ്.പി. യുടെ നിർദ്ദേശങ്ങളെപ്പോലും ലംഘിച്ചുകൊണ്ടാണ് ഇത്തരത്തിൽ പരിശോധന നടത്തുന്നത്. ബഹുമാനപ്പെട്ട

മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെടണം. സുഹൈലിന്റെ മരണത്തിന് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും സുഹൈലിന്റെ കുടുബത്തിന് സാമ്പത്തിക സഹായം നൽകുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നിർഭാഗ്യകരമായ ഒരു സംഭവത്തെ മനസ്സിലാക്കുന്നതിൽ ബഹുമാന്യനായ അംഗത്തിന് ചെറിയ വ്യതിയാനങ്ങളുണ്ടായിട്ടുണ്ടെന്നാണ് തോന്നുന്നത്. 30-12-2017-ന് കാസർഗോഡ് കൺട്രോൾ റൂം പോലീസ് പാർട്ടി പതിവനുസരിച്ചുള്ള വാഹന പരിശോധന നടത്തിവരികയായിരുന്നു. കാസർഗോഡ്-കസബ-അണങ്കൂർ-ടി.ബി. ജംഗ്ഷൻ റോഡിലൂടെ പുലർച്ചെ 2 മണിയോടെ മോട്ടോർ സൈക്കിൾ ഓടിച്ചുവന്ന അബ്ദുൾ സുഹൈൽ എന്നയാളെ, അസമയത്ത് റോഡിൽ കണ്ടയാൾ എന്ന നിലയ്ക്ക് പോലീസ് പരിശോധനയ്ക്കായി കൈകാണിച്ചു നിർത്തി. ഈ സമയം അതിവേഗത്തിൽ വന്ന യൂസഫ് എന്നയാളുടെ കാർ അബ്ദുൾ സുഹൈലിന്റെ മോട്ടോർ സൈക്കിളിന്റെ പിൻഭാഗത്ത് ഇടിച്ച് ടിയാൻ മോട്ടോർ സൈക്കിളിൽ നിന്നും റോഡിൽ തെറിച്ചുവീണു. തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ അബ്ദുൾ സുഹൈൽ മംഗലാപുരം യൂണിറ്റി ആശുപത്രിയിൽ ചികിത്സയിലിരിക്കെ 31-12-2017-ന് പുലർച്ചെ മരണപ്പെട്ടു. നിർത്തിയ വണ്ടിയിലാണ് അതിവേഗതയിൽ ഓടിച്ചുവന്ന കാർ ഇടിച്ച് ഈ ദാരുണ സംഭവമുണ്ടാകുന്നത്. ഇക്കാര്യത്തിന് കാർ ഡ്രൈവർ യൂസഫിനെ പ്രതിചേർത്ത് കാസർഗോഡ് ട്രാഫിക് പോലീസ് സ്റ്റേഷനിൽ ക്രൈം 434/17 പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്യുകയും അറസ്റ്റ് ചെയ്ത് മേൽ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## (3) കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ

ശ്രീ. വി. പി. സജീന്ദ്രൻ: സർ, കാക്കനാട് ഇൻഫോ പാർക്കിൽ ബസ് ടെർമിനൽ നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഇൻഫോപാർക്ക് സെക്കന്റ് ഫെയ്സ് കുന്നത്തുനാട്, വടകോട്, പുത്തൻകുരിശ് പഞ്ചായത്തുകളിലാണ് സ്ഥിതി ചെയ്യുന്നത്. ഒരു ലക്ഷം പേർക്ക് തൊഴിലവസരം കൊടുക്കാൻ പോകുന്ന സ്മാർട്ട്സിറ്റിയും ഇൻഫോപാർക്ക് സെക്കന്റ് ഫെയ്സിനോട് ചേർന്നാണുള്ളത്. ഇപ്പോൾത്തന്നെ ആയിരക്കണക്കിനാളുകളാണ് ദിവസവും ഈ രണ്ട് സ്ഥാപനങ്ങളിലേയ്ക്ക് വരികയും പോകുകയും ചെയ്യുന്നത്. തൊട്ടടുത്ത് കാക്കനാട് സിവിൽ സ്റ്റേഷനുമുണ്ട്. മെട്രോ രണ്ടാംഘട്ടം (പാലാരിവട്ടം-കാക്കനാട്) വന്നു നിൽക്കുന്നത് ഇൻഫോപാർക്ക് സെക്കന്റ് ഫെയ്സിലെ കുന്നത്തുനാട്

പഞ്ചായത്തിലെ പാടത്തിക്കരയിലാണ്. ഇപ്പോൾത്തന്നെ അവിടം വളരെ തിരക്കേറിയ ഒരു പ്രദേശമായി മാറിയിരിക്കുകയാണ്. ഗവൺമെന്റ് ആവശ്യപ്പെട്ടാൽ ബസ് ടെർമിനലിനായി ഇൻഫോപാർക്ക് സ്ഥലം വിട്ടുതരുമെന്ന് അവിടെയുള്ള ഉദ്യോഗസ്ഥരുമായി സംസാരിച്ചപ്പോൾ എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു. തിരുവനന്തപുരത്തെ ടെക്നോപാർക്കിൽ കെ.എസ്.ആർ.ടി.സി.-യുടെ ബസ് ടെർമിനൽ സ്ഥാപിക്കുന്നതിനുവേണ്ടി 2.05 ഏക്കർ സ്ഥലം ഫ്രീ ഓഫ് കോസ്റ്റിന്, ഗവൺമെന്റിന് യാതൊരു നഷ്ടവുമില്ലാതെ വിട്ടുകൊടുത്തിട്ടുണ്ട്. അതിന് ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. ഏറ്റവും കൂടുതൽ തിരക്കേറിയ ടൗൺഷിപ്പായി ഈ പ്രദേശം ഇപ്പോൾത്തന്നെ മാറിയിരിക്കുന്നു. അവിടെ വരുന്ന ആളുകൾക്ക് യാത്രാക്ലേശം വളരെ രൂക്ഷമാകും. അതുകൊണ്ട് കൂടുതൽ ബസ് സർവ്വീസ് ആരംഭിക്കാൻ സൗകര്യമേകുന്ന രീതിയിൽ ഇൻഫോ പാർക്ക് സെക്കന്റ് ഫെയ്സിൽ ഒരു ബസ് ടെർമിനൽ സ്ഥാപിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇൻഫോപാർക്ക് ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങളിലായി ആയിരക്കണക്കിന് ജീവനക്കാർ ദിനംപ്രതി കാക്കനാട് എത്തുന്നുണ്ട്. കാക്കനാട് നിന്നും 9 കിലോമീറ്റർ അകലെ തേവരയിലും എറണാകുളത്തും 14 കിലോമീറ്റർ അകലെ ആലുവയിലും കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ പ്രവർത്തിച്ചുവരുന്നു. ഇവിടെ നിന്നും കാക്കനാട്ടേയ്ക്കും, കൂടാതെ കാക്കനാടിന്റെ കിഴക്കൻ മേഖലയായ മൂവാറ്റുപുഴയിൽ നിന്നും കാക്കനാട്ടുവഴി എറണാകുളത്തേയ്ക്കും ചെയിൻ സർവ്വീസുകൾ നടത്തി വരുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇൻഫോ പാർക്കിലേയ്ക്ക് ആവശ്യാനുസരണം പൊതുഗതാഗത സൗകര്യങ്ങൾ ഉറപ്പാക്കാൻ ആവശ്യമായ സംവിധാനവും സജ്ജീകരണവും ഇപ്പോൾത്തന്നെ ലഭ്യമാണ്. ഇതിലെന്തെങ്കിലും വർദ്ധനവ് വരുത്തേണ്ടതുണ്ടെങ്കിൽ അക്കാര്യവും യുക്തിസഹമായി പരിശോധിക്കാവുന്നതാണ്. ഇതിനായി ബസ്ഡിപ്പോ ആരംഭിക്കേണ്ടതില്ല.

## (4) ചികിത്സാ സഹായം

ശ്രീ. ഹൈബി ഈഡൻ: സർ, കഴിഞ്ഞ 27-ാം തീയതി ശനിയാഴ്ച വൈകുന്നേരം ആറേമുക്കാൽ മണിയോടുകൂടി എം.ജി. റോഡിലെ എറണാകുളം പത്മാ ജംഗ്ഷനിൽ വച്ച് തൃശ്ശൂർ സ്വദേശിയായ, മുരിങ്ങൂർ ധ്യാനകേന്ദ്രത്തിലെ ജീവനക്കാരനായിരുന്ന സജി കെ. ആന്റോ, ഒരു കെട്ടിടത്തിന്റെ മുകളിൽനിന്ന് (ലോഡ്ജിനുമുകളിൽനിന്ന്) താഴേയ്ക്ക് വീഴുന്ന സാഹചര്യമുണ്ടായി. കേരളത്തിലെ ഏറ്റവും തിരക്കേറിയ നഗര മധ്യഭാഗത്ത് ഒരാൾ കെട്ടിടത്തിന്റെ മുകളിൽനിന്ന്

അപകടാവസ്ഥയിൽ നിലത്ത് വീഴുന്ന സാഹചര്യമുണ്ടായപ്പോൾ ആ റോഡിലൂടെ കടന്നുപോയ ആരുംതന്നെ ഫസ്റ്റ് എയ്ഡ് കൊടുക്കാനോ ആശുപത്രിയിൽ എത്തിക്കാനോ ഒന്നു തിരിഞ്ഞുനോക്കാനോ തയ്യാറായില്ലെന്ന വേദനാജനകമായ സ്ഥിതിവിശേഷമുണ്ടായി. അഡ്വക്കേറ്റ് രഞ്ജിനി രാമചന്ദ്രൻ എന്ന ഹൈക്കോടതിയിലെ അഭിഭാഷക അവരുടെ പത്താംക്ലാസ്സിൽ പഠിക്കുന്ന മകൾ വിഷ്ണുപ്രിയയോടൊപ്പം തൊട്ടടുത്തുള്ള മെട്രോ സ്റ്റേഷനിലേയ്ക്ക് പോകുമ്പോൾ, അതിലെ കടന്നുവന്ന ഓട്ടോറിക്ഷ, യൂബർ തുടങ്ങിയ പല വാഹന സൗകര്യങ്ങളുപയോഗിച്ച് ആശുപത്രിയിൽ കൊണ്ടുപോകാൻ ശ്രമിച്ചെങ്കിലും പരാജയപ്പെടുകയാണുണ്ടായത്. പിന്നീട് കടന്നുവന്ന ഒരു വാഹനം തടഞ്ഞ് നിർത്തിയാണ് അടുത്തുള്ള ആശുപത്രിയിൽ പ്രാഥമിക ശുശ്രൂഷയ്ക്കുവേണ്ടി കൊണ്ടുപോയതും തുടർന്ന് ഇവർ ഓട്ടോറിക്ഷയിൽ പിന്നാലെ പോയി പോലീസ് വന്നതിനുശേഷം കോട്ടയം മെഡിക്കൽ കോളേജിലേയ്ക്ക് സജി കെ. ആന്റോയെ മാറ്റുന്ന സാഹചര്യമുണ്ടായതും.

ഈ സബ്മിഷനിലൂടെ ആദ്യമായി ആവശ്യപ്പെടുന്നത്, അദ്ദേഹത്തിന് വേണ്ട ചികിത്സാസഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകണമെന്നുള്ളതാണ്. അതിനേക്കാൾ പ്രാധാന്യമർഹിക്കുന്ന മറ്റൊരു കാര്യം, ഈ സഭയിൽ പലതവണ ചർച്ച ചെയ്യപ്പെട്ട വിഷയം തന്നെയാണ്. റോഡപകടങ്ങളിൽപ്പെടുന്ന ആളുകളെ ഉടൻതന്നെ ആശുപത്രിയിൽ എത്തിച്ചാൽ രക്ഷപ്പെടാനുള്ള സാഹചര്യമുണ്ടാകാറുണ്ട്. മെഡിക്കോ-ലീഗൽ ഇഷ്യൂസ് മനസ്സിലാക്കി, കോംപ്ലിക്കേഷൻസുള്ളതുകൊണ്ട് ആളുകൾ പലപ്പോഴും അതിന് തയ്യാറാകുന്നില്ല. ഈ സഭയിൽ നേരത്തെ ഞാനൊരു ഗുഡ് സമരിറ്റൻ ലാ പ്രൈവറ്റ് മെമ്പേഴ്സ് ബില്ലായി അവതിരിപ്പിച്ചിരുന്നു. പല സംസ്ഥാനങ്ങളും ഇന്നത് അഡോപ്റ്റ് ചെയ്തിട്ടുണ്ട്. അപകടത്തിൽപ്പെടുന്നവരെ സ്വന്തമായി വോളന്റിയർ ചെയ്ത് ആശുപത്രിയിൽ എത്തിക്കുന്ന ആളുകളെ, ഗവൺമെന്റ് അപ്രീഷിയേറ്റ് ചെയ്യുകയും അവർക്ക് പാരിതോഷികം കൊടുക്കുകയും ചെയ്യുന്ന എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ തയ്യാറാകണം. ഇപ്പോൾ ഡൽഹി ഗവൺമെന്റ് അങ്ങനെ സേവനം ചെയ്യുന്ന ആളുകൾക്കും സംഘടനകൾക്കും 2000 രൂപ പണമായും ഗവൺമെന്റിന്റെ അപ്രിസിയേഷൻ സർട്ടിഫിക്കറ്റും കൊടുക്കുന്ന രീതി ആരംഭിച്ചിട്ടുണ്ട്. ഇത് സംസ്കാരത്തിന്റെ കൂടി ഭാഗമാണ്. വളർന്നുവരുന്ന തലമുറയ്ക്ക് ഒരു പുതിയ സംസ്കാരം വളർത്തിയെടുക്കാൻ കൂടി ഇത് സഹായമാകുമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. 48 മണിക്കൂറിനകം ആശുപത്രിയിൽ എത്തപ്പെടുന്ന, അപകടത്തിൽപ്പെടുന്ന ആളുകൾക്ക് സൗജന്യ ചികിത്സക്ക് ഗവൺമെന്റ് സഹായിക്കുമെന്ന വളരെ സ്വാഗതാർഹമായ ഒരു തീരുമാനം അങ്ങ്

ഇവിടെ മുരുകന്റെ മരണവുമായി ബന്ധപ്പെട്ട് സ്വീകരിക്കുകയുണ്ടായി. അതിനുവേണ്ടിയുള്ള ട്രോമാ കെയർ പ്രോജക്ട്, ഫസ്റ്റ് ഫെയ്സിലുള്ള മുഴുവൻ ചികിത്സയും സൗജന്യമാക്കാൻവേണ്ടി റോഡ് സുരക്ഷാ ഫണ്ട്, സി.എസ്.ആർ. ഫണ്ട്, കെ.എസ്.ടി.പി. ഫണ്ട് മുതലായവ ക്ലബ്ബ് ചെയ്ത് ഒരു പ്രോജക്ട് തയ്യാറാക്കിയിരുന്നു. അതിന്റെ നടപടിക്രമങ്ങൾ മുന്നോട്ട് പോകുന്നുണ്ടോ? അത് അടിയന്തരമായി നടപ്പാക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളുമായി ഗവൺമെന്റ് മുന്നോട്ട് വരണം. ഇതിന്റെ ആദ്യപടി എന്ന നിലയിൽ ചികിത്സാ സഹായം നൽകുന്നതിനോടൊപ്പംതന്നെ ഈ അഭിഭാഷകയെ ഗവൺമെന്റ് അംഗീകരിക്കുന്നതിന്റെ ഭാഗമായി എന്തെങ്കിലും ഒരു അപ്രീസിയേഷൻ നൽകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, എറണാകുളം പത്മ ജംഗ്ഷനിലുള്ള ടൂറിസ്റ്റ് ഹോമിൽ താമസിക്കുകയായിരുന്ന തൃശ്ശൂർ സ്വദേശിയായ സജി എന്ന വ്യക്തി വൈകിട്ട് 6.45 മണിയോടെ ടൂറിസ്റ്റ് ഹോമിന്റെ മുകളിൽ നിന്നും റോഡിലേയ്ക്ക് വീണു. ഗുരുതരമായി പരിക്കേറ്റ് റോഡിൽ വീണുകിടന്ന സജിയെ യഥാസമയം ആശുപത്രിയിലെത്തിക്കാതെ ജനക്കൂട്ടം നോക്കിനിന്നു എന്ന വാർത്ത ആരിലും നടുക്കമുളവാക്കുന്നതാണ്. ആ ജീവൻ രക്ഷിക്കാൻ അഭിഭാഷകയായ രഞ്ജിനി നടത്തിയ ഇടപെടൽ മാതൃകാപരമാണ്. പതിനഞ്ച് മിനിട്ടോളം ഒരാൾ രക്തം വാർന്ന് തിരക്കേറിയ റോഡരികിൽ ആൾക്കൂട്ടത്തിന് നടുവിൽ കിടന്നുവെന്നത് നമ്മെയെല്ലാവരെയും ഇരുത്തി ചിന്തിപ്പിക്കുന്നു. ഇത് നമ്മുടെ സമൂഹം ഗൗരവമായി എടുക്കേണ്ട കാര്യമാണ്.

ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാട്ടിയതുപോലെ അപകടത്തിൽ പ്പെടുന്നവരെ ആശുപത്രിയിലെത്തിച്ചാൽ കേസും പോലീസ് സ്റ്റേഷനുമായി കയറിയിറങ്ങേണ്ടി വരുമോയെന്ന് ചിലർക്കൊക്കെ ഭയമുണ്ട്. എന്നാൽ അപകടത്തിൽപ്പെട്ടവരെ ആശുപത്രിയിലെത്തിക്കുന്നവർക്ക് നിയമപരമായ പരിരക്ഷയുണ്ട് എന്ന കാര്യം നേരത്തെതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. റോഡപകടങ്ങളിൽപ്പെട്ട് ഗുരുതരമായി പരിക്കേൽക്കുന്നവരെ വേഗത്തിൽ ആശുപത്രിയിലെത്തിക്കുന്നതിനുള്ള സംവിധാനവും അവർക്ക് നാൽപ്പത്തിയെട്ട് മണിക്കൂർ സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്ന പദ്ധതിയും സർക്കാർ നടപ്പിൽ വരുത്തുകയാണ്. അതോടൊപ്പം പ്രധാന ആശുപത്രികളോട് ചേർന്ന് ട്രോമാകെയർ സംവിധാനവും ഏർപ്പെടുത്തുന്നുണ്ട്. ഈ പദ്ധതികൾ പൂർണ്ണമാകാത്തതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അവ എത്രയും പെട്ടെന്ന് പൂർണ്ണതയിലെത്തിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അത്തരം ഘട്ടങ്ങളിൽ അപകട സ്ഥലങ്ങളിൽ നിഷ്ക്രിയരാകാതെ ഒരു ജീവനാണ് താൻ രക്ഷിക്കുന്നതെന്ന ഉയർന്ന

മാനവിക ബോധം പ്രകടിപ്പിക്കാൻ എല്ലാ മലയാളികളോടും അഭ്യർത്ഥിക്കുകയാണ്. പണമില്ല എന്നതിന്റെ പേരിൽ ഒരാൾക്കും ചികിത്സ നിഷേധിക്കപ്പെടരുത്. സാമ്പത്തികശേഷി നോക്കി ചികിത്സിക്കുന്ന രീതി അവസാനിപ്പിക്കണം. ഇതാണ് സർക്കാരിന്റെ നയമെന്ന് നേരത്തെ വ്യക്തമാക്കിയതാണ്, അതൊന്നുകൂടി ആവർത്തിച്ച് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

പ്രതിപക്ഷനേതാവ്(ശ്രീ. രമേശ് ചെന്നിത്തല): സർ, എത്രയോ ആളുകൾ നോക്കിനിൽക്കെ, സജി എന്ന വ്യക്തി മൂന്നാം നിലയിൽനിന്നും മറിഞ്ഞുവീണ് കാലും കൈയുമൊടിഞ്ഞ് അശരണനായി കിടന്നപ്പോൾ അഡ്വ. രഞ്ജിനിയും മകളുമാണ് ചികിത്സാ സാഹചര്യമൊരുക്കി സംരക്ഷിക്കാൻ തയ്യാറായത്. എന്റെ അഭിപ്രായത്തിൽ അവരെ അങ്ങും ഈ സഭയും അഭിനന്ദിക്കണം.

മി. സ്പീക്കർ: മനുഷ്യത്വം മരവിച്ച നിലയിൽ ഈ സംഭവത്തോട് പ്രതികരിച്ച ജനക്കൂട്ടത്തിന്റെ മുൻപിൽ മാതൃകാപരമായി പ്രവർത്തിച്ച അഡ്വ. രഞ്ജിനിയെയും മകളെയും ഈ സഭയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ അഭിനന്ദിച്ചത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയാൻ ആഗ്രഹമുണ്ട്. പ്രതിപക്ഷ നേതാവ് ഇക്കാര്യം അറിഞ്ഞോ എന്ന ചോദ്യമാണ് ഞാൻ ഉന്നയിക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മുഖ്യമന്ത്രി അഭിനന്ദിച്ചതിൽ തീർച്ചയായും സന്തോഷമുണ്ട്, അങ്ങയുടെ ഫെയ്സ്ബുക്ക് പോസ്റ്റ് ഞാൻ വായിച്ചിരുന്നു. സഭയായതുകൊണ്ട് സഭയിൽ നമ്മളെല്ലാവരും ഒരുമിച്ച് അഭിനന്ദിക്കണമെന്നാണ് ഉദ്ദേശിച്ചത്, അങ്ങയെ കുറച്ച് കാണിക്കാൻ പറഞ്ഞതല്ല

## (5) സർക്കാർ രേഖകൾ ലഭ്യമാക്കൽ

ശ്രീ. മുഹമ്മദ് മുഹസിൻ. പി: സർ, എന്റെ മണ്ഡലത്തിലെ എട്ടോളം കുടുംബങ്ങളിലെ എൺപത്തിമൂന്നോളം വരുന്ന ആളുകൾ അവിശ്വസനീയമായ വിധത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട അവസ്ഥയിലാണ് ജീവിക്കുന്നത്. പട്ടാമ്പി മണ്ഡലത്തിൽ ഉൾപ്പെട്ട കൊപ്പം പഞ്ചായത്തിലെ കൊപ്പം വില്ലേജിൽ ഉൾപ്പെടുന്ന മൈലാട്ടുംപാറ, മണ്ണയംകോട്, ആമയൂർ എന്നിവിടങ്ങളിലും മുതുവല പഞ്ചായത്തിന്റെ അതിർത്തി പ്രദേശങ്ങളിലും താമസിക്കുന്ന ആദിവാസി സമൂഹത്തിൽപ്പെട്ട കുടുംബങ്ങൾ പാറയിൽ ഷെഡ് കെട്ടിയാണ് താമസിക്കുന്നത്, അവർക്ക് വീടില്ല. പൊതുജനങ്ങളുമായി യാതൊരു ബന്ധവും പുലർത്താത്ത അവർ ഒറ്റപ്പെട്ടാണ് ജീവിക്കുന്നത്. അതുകൊണ്ടുതന്നെ നാളിതുവരെ സർക്കാരിൽനിന്നും

കാര്യമായ ആനുകൂല്യങ്ങളൊന്നും ലഭ്യമായിട്ടില്ല. അവരുടെ ജാതി ഏതാണെന്ന് തിരിച്ചറിയാൻ കഴിയാതിരുന്നതാണ് ഏറ്റവും വലിയ പ്രശ്നമായിരുന്നത്. ഇക്കാര്യം ഞാൻ ജില്ലാ വികസന സമിതിയിൽ അവതരിപ്പിക്കുകയുണ്ടായി. ആ പഞ്ചായത്തിലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ ഇടപെടൽ കൊണ്ട് കിർത്താഡ്സ് വളരെ വേഗം പഠനം നടത്തി ജാതി കണ്ടെത്തി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പക്ഷെ നിലവിൽ ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി റേഷൻ കാർഡ് വേണമെന്ന നിയമമുണ്ട്. റേഷൻ കാർഡ് ലഭിക്കണമെങ്കിൽ വീട് വേണം. സ്വന്തമായി വീടില്ലാത്തതിനാൽ റേഷൻ കാർഡും ലഭിക്കുന്നില്ല. സർക്കാരിന്റെ യാതൊരുവിധ ആനുകൂല്യങ്ങൾക്കും അപേക്ഷിക്കാൻ കഴിയാത്ത സാഹചര്യമാണ് ഇപ്പോഴുള്ളത്. അവർക്കാവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളും ഒപ്പം ആനുകൂല്യങ്ങളും ലഭ്യമാക്കാൻ അദാലത്ത് പോലെയുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പാലക്കാട് ജില്ലയിലെ കൊപ്പം പഞ്ചായത്തിൽ ഉൾപ്പെടുന്ന മൈലാടുംപാറ, മണ്ണയംകോട്, ആമയൂർ എന്നിവിടങ്ങളിലായി താമസിക്കുന്ന എട്ട് കുടുംബങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് തുടങ്ങിയ രേഖകൾ ലഭ്യമാക്കുന്നത് സംബന്ധിച്ചാണ് ഈ സബ്മിഷൻ. മേൽപ്പറഞ്ഞ എട്ട് കുടുംബങ്ങളിലായി ആകെ മുപ്പത്തിരണ്ട് പേരാണുള്ളത്. ഇവർ പ്രസ്തുത പ്രദേശങ്ങളിലെ ഇതര വിഭാഗക്കാരുമായി ബന്ധമില്ലാത്തവരും എന്നാൽ ദൂര ദേശത്തുനിന്നും വന്നുതാമസിക്കുന്ന കാട്ടുനായ്ക്കർ വിഭാഗത്തിൽപ്പെട്ടവരുമാണെന്ന് കിർത്താഡ്സ് കണ്ടെത്തിയിട്ടുണ്ട്. മുൻപ് ഇവരുടെ ജാതി സംബന്ധിച്ച അവ്യക്തതമൂലം പല ആനുകൂല്യങ്ങൾക്കും പരിഗണിക്കാൻ കഴിയുമായിരുന്നില്ല. ഇവരിൽപ്പെട്ട രണ്ട് കുടുംബങ്ങൾക്ക് ആമയൂരിൽ നിലവിൽ വീടും തിരിച്ചറിയൽ കാർഡും വൈദ്യുതിയും ലഭിച്ചിട്ടുണ്ട്. മണ്ണയംകോടുള്ള നാല് കുടുംബങ്ങൾക്ക് 2005-2006 സാമ്പത്തിക വർഷം പഞ്ചായത്തിന്റെ ജനറൽ ഫണ്ട് ഉപയോഗിച്ച് വീട് നൽകിയിട്ടുണ്ട്. മൈലാടുംപാറയിലെ രണ്ട് കുടുംബങ്ങൾക്ക് ഇതുവരെ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല. കിർത്താഡ്സ് വിജിലൻസ് ഓഫീസറുടെ 26-2-2017-ലെ റിപ്പോർട്ട് പ്രകാരം ഈ കുടുംബങ്ങൾക്ക് കാട്ടുനായ്ക്കർ (എസ്.ടി.) ജാതി സർട്ടിഫിക്കറ്റിന് അർഹതയുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ഒറ്റപ്പെട്ടും ചിന്നിച്ചിതറിയും താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹതയുള്ള എല്ലാ ആനുകൂല്യങ്ങളും, പി. കെ. കാളൻ കുടുംബ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ കുടുംബങ്ങൾക്കും ലഭ്യമാക്കുന്നതിനുള്ള നടപടി കൈക്കൊള്ളാൻ

പട്ടികവർഗ്ഗ വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പറഞ്ഞ കാര്യങ്ങളെല്ലാം യാഥാർത്ഥ്യമാക്കും. ഈ വിഷയം യഥാർത്ഥത്തിൽ ഒരു സബ്മിഷനായി കൊണ്ടുവരേണ്ടിയിരുന്നില്ല. എന്റെ ഓഫീസിൽ കൊണ്ടുവന്നാൽ അപ്പോൾത്തന്നെ പരിഹരിക്കാൻ കഴിയുന്നതായിരുന്നു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പരിപൂർണ്ണമായി അംഗീകരിക്കുന്നു, നടപടി സ്വീകരിച്ചുകഴിഞ്ഞു.

(രാഷ്ട്രപിതാവ് രക്തസാക്ഷിത്വം വരിച്ചതിന്റെ എഴുപതാം വാർഷികത്തിൽ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവത്യാഗം ചെയ്ത ധീരദേശാഭിമാനികളുടെ ദീപ്തസ്മരണയ്ക്കുമുന്നിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് സഭാംഗങ്ങൾ രണ്ട് മിനിട്ട് മൗനം ആചരിച്ചു.)

11.00 AM]

## VII അറിയിപ്പ്

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, മഹാത്മാ ഗാന്ധി കൊല്ലപ്പെട്ടതിന്റെ എഴുപതാം വാർഷികത്തിന്റെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന വിപുലമായ പരിപാടികളുടെ ഔപചാരിക ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി സെനറ്റ് ഹാളിൽ വച്ച് നിർവ്വഹിക്കുന്നുണ്ട്, ഇക്കാര്യം സഭയെ ഒരിക്കൽക്കൂടി അറിയിക്കുന്നു.

## സബ്മിഷൻ (തുടർച്ച)

### (6) കുടിവെള്ള വിതരണം

<u>ശ്രീ. രാജു എബ്രഹാം</u>: സർ, കേരളം കടുത്ത വരൾച്ചയിലേയ്ക്ക് പോകുകയാണ്. മലയോര പ്രദേശങ്ങളിൽ പൈപ്പുകളില്ലാത്ത മേഖലകളാണ് കൂടുതലുമുള്ളത്. അവിടത്തെ ജനങ്ങൾ ടാങ്കർ ലോറിയിൽ ജലം വിലയ്ക്ക് വാങ്ങേണ്ട അവസ്ഥയിലാണ്. ഓരോ ദിവസവും 2,000 രൂപ മുതൽ 3,000 രൂപ വരെ കൊടുക്കാനുള്ള സാമ്പത്തികസ്ഥിതി അവിടത്തെ പാവപ്പെട്ട ജനങ്ങൾക്കില്ല. ജനവരി മാസത്തിൽ ജില്ലാ കളക്ടർമാർക്ക് കൊടുത്തുകൊണ്ടിരുന്ന ഫണ്ട് ഇതുവരെയും നൽകിയിട്ടില്ല. അത് അടിയന്തരമായി നൽകണം. ഈ മാസം മുതൽ ഒരുക്കങ്ങൾ ആരംഭിച്ചെങ്കിൽ മാത്രമേ അടുത്ത മാസമെങ്കിലും ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്താൻ സാധിക്കുകയുള്ളൂ. കഴിഞ്ഞ വർഷം ടാങ്കർ ലോറിയിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി പണം കൊടുത്തുവെങ്കിലും സമയക്ലിപ്തത പാലിക്കാൻ സാധിക്കാത്തതുകൊണ്ട് പ്രസ്തുത പണം തിരിച്ചെടുക്കേണ്ട സ്ഥിതിയാണുണ്ടായത്. ഇതുമായി ബന്ധപ്പെട്ട് പൈപ്പ് എക്സ്റ്റൻഷൻ, അറ്റകുറ്റപ്പണികൾ തുടങ്ങി വാട്ടർ അതോറിറ്റി ചെയ്യേണ്ട പ്രവൃത്തികളുണ്ട്. അതിനും ഫണ്ട് നൽകേണ്ടതായിട്ടുണ്ട്. അതുകൊണ്ട് വരൾച്ച

മുൻകുട്ടി കണ്ട് വളരെ ഗൗരവതരമായ സമീപനം സ്വീകരിച്ച് പാവപ്പെട്ട ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ ജില്ലാ കളക്ടർമാർക്ക് അടിയന്തരമായി ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ കേരളത്തിലെ ചില പ്രദേശങ്ങളിലെങ്കിലും വരൾച്ചയുടെ പ്രശ്നങ്ങൾ ഉയർന്നുവരുന്നുവെന്നത് വസ്തുതയാണ്. എന്നാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ 2017-ലെ തെക്കുപടിഞ്ഞാറൻ കാലവർഷത്തിന്റെയും വടക്കുകിഴക്കൻ കാലവർഷത്തിന്റെയും കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ശരാശരി മഴ ലഭിച്ചിട്ടുണ്ട്. എന്നാൽ തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ വയനാട് ജില്ലയിൽ മാത്രം ശരാശരിയിൽ നിന്നും 37 ശതമാനം മഴക്കുറവ് രേഖപ്പെടുത്തിയിരുന്നു. വടക്കുകിഴക്കൻ കാലവർഷത്തിൽ വയനാട് ജില്ലയെ കൂടാതെ തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലും ശരാശരിയിൽ നിന്നും മഴക്കുറവ് രേഖപ്പെടുത്തിയിരുന്നു. വരൾച്ച സംബന്ധിച്ച് കേന്ദ്ര കൃഷി മന്ത്രാലയം പുറപ്പെടുവിച്ച 'വരൾച്ചാ മാന്വൽ-2016' പ്രകാരമാണ് വരൾച്ച പ്രഖ്യാപനം നടത്തേണ്ടതും സംസ്ഥാന ദുരന്തപ്രതികരണ നിധി വിനിയോഗിച്ച് വരൾച്ചാ പ്രതിരോധ നടപടികൾ സ്വീകരിക്കേണ്ടതും. പ്രസ്തുത മാന്വലിലെ വ്യവസ്ഥകൾ കേരളം പോലെയുള്ള സംസ്ഥാനത്ത് വലിയ പ്രയാസമുണ്ടാക്കുന്നതാണെന്ന് പ്രത്യേകമായി ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. മഴ കുറഞ്ഞാലും കൂടിയാലും പ്രശ്നമാണ്. —ജലം പെട്ടെന്ന് ഊർന്നുപോകുന്ന മണ്ണുള്ള പ്രദേശങ്ങളിൽ 3 ആഴ്ചയിലധികം മഴ പെയ്യാതിരിക്കുന്ന സ്ഥിതി ഉണ്ടാകണം. ഉപഗ്രഹ ചിത്രത്തിന്റെ സഹായത്തോടെ നിർണ്ണയിക്കുന്ന ഭൂമിയുടെ ഹരിത മേലാപ്പിന്റെ/പച്ചപ്പിന്റെ തോത് പ്രത്യേകമായി പരിഗണിക്കും. മണ്ണിലെ ഈർപ്പത്തിന്റെ വ്യതിയാനം, ഉപരിതല ജലത്തിന്റെയും ഭൂജലത്തിന്റെയും ലഭ്യത എന്നീ സൂചികകൾ നിർബന്ധമായും വരൾച്ച പ്രഖ്യാപനത്തിന് ഉപയോഗിക്കണമെന്നാണ് കേന്ദ്രം നിർദ്ദേശിക്കുന്നത്. കേരളത്തിന്റെ പൊതുവായ സ്ഥിതിയെടുത്താൽ കേന്ദ്ര മാന്വലിലെ നിർദ്ദേശങ്ങളനുസരിച്ച് വരൾച്ച എന്നുപറയാൻ ഒരു സാഹചര്യവുമില്ലാത്ത സ്ഥിതിയാണുള്ളത്. ഇവയിൽ മഴയുടെ അളവ് 50 ശതമാനത്തിൽ കുറവാണെങ്കിലും തുടർച്ചയായി 4 ആഴ്ചയിലധികം മഴ പെയ്യാതിരിക്കുന്ന സ്ഥിതിയുണ്ടെങ്കിൽ മാത്രമേ വരൾച്ച പ്രഖ്യാപനത്തിന്റെ ആദ്യഘട്ടംപോലും ആരംഭിക്കാൻ സാധിക്കുകയുള്ളൂ. തുടർന്ന് വരൾച്ച പ്രഖ്യാപിക്കുകയാണെങ്കിൽ രണ്ട് മുതൽ അഞ്ചുവരെയുള്ള ഏതെങ്കിലും മൂന്നെണ്ണം അനുവദനീയമായ അളവിന് താഴെയായിരിക്കണം. കൂടാതെ അതിതീവ്ര

വരൾച്ചയാണെങ്കിൽ മാത്രമേ കേന്ദ്ര ദുരന്തപ്രതികരണ നിധിയിൽനിന്നും സഹായം അഭ്യർത്ഥിക്കുവാൻ സാധിക്കുകയുള്ളൂവെന്നും നിർദ്ദേശിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ ഒരു പ്രത്യേക പ്രദേശവും വരൾച്ചാബാധിതമായി പ്രഖ്യാപിക്കാനുതകുന്ന രീതിയിൽ മേൽ സൂചികകളിൽ ഏതെങ്കിലും മൂന്നെണ്ണം ബ്ലോക്കടിസ്ഥാനത്തിൽ കുറവാണെന്ന വിവരം നിലവിൽ ലഭിച്ചിട്ടില്ല. തുലാവർഷത്തിലെ കുറവിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ സ്ഥാപിച്ചിരിക്കുന്ന വാട്ടർ കിയോസ്കുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിനും വരൾച്ചാ സാദ്ധ്യതയുള്ള പ്രദേശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും കുടിവെള്ളക്ഷാമം രൂക്ഷമാകാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളെ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും എല്ലാ ജില്ലാ കളക്ടർമാർക്കും സർക്കാർ നിർദ്ദേശം നൽകിയിരിക്കുകയാണ്. കൂടാതെ കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മൺസൂൺ റിപ്പോർട്ട് പ്രകാരം സംസ്ഥാന വരൾച്ച നിരീക്ഷണ സെൽ എല്ലാ ജില്ലാ കളക്ടർമാർക്കും വരൾച്ചാ മാന്വലിന്റെ അടിസ്ഥാനത്തിൽ, ബ്ലോക്കടി സ്ഥാനത്തിൽ സ്ഥിതിഗതികൾ വിലയിരുത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ തുടർ വിശകലനം സാധ്യമാകൂ. പൈപ്പ്ലൈൻ എക്സ്റ്റൻഷൻ ദുരന്തപ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമല്ലെന്ന് അവർ പറഞ്ഞിരിക്കുകയാണ്. കഴിഞ്ഞ വർഷം സംസ്ഥാനത്തെ മുഴുവൻ ജില്ലകളെയും വരൾച്ചാബാധിതമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ സുതാര്യമായ രീതിയിൽ കുടിവെള്ള വിതരണം ജി.പി.എസ്. ഘടിപ്പിച്ച ടാങ്കർ ലോറികൾ വഴിയും വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചും നടത്തിയിരുന്നു. നിലവിലെ വരൾച്ചാ മാന്വൽ പ്രകാരം ജില്ലാ-ബ്ലോക്ക് തലങ്ങളിൽനിന്നും വരൾച്ച അവലോകനം നടത്തിയ റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് വരൾച്ചാസാധ്യത പരിശോധിച്ച് മാത്രമേ ദുരന്തപ്രതികരണനിധി വിനിയോഗിച്ച് കുടിവെള്ള വിതരണം നടത്തുന്ന കാര്യം തീരുമാനിക്കുവാൻ സാധിക്കുകയുള്ളൂവെന്നതാണ് വ്യവസ്ഥയെങ്കിലും സംസ്ഥാനത്തെ പൊതുവിലുള്ള വരൾച്ചയുടെ പ്രശ്നങ്ങളും മറ്റും കണക്കിലെടുത്ത് അതത് സന്ദർഭങ്ങളിൽ ആവശ്യമായ തീരുമാനമെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (7) സംസ്ഥാന പാതയുടെ വികസനം

ശ്രീ. അനിൽ അക്കര: സർ, സംസ്ഥാനത്തെ ഏറ്റവും തിരക്കേറിയ പാതയാണ് തൃശ്ശൂർ-കുറ്റിപ്പുറം സംസ്ഥാന പാത. അവിടെ പുഴയ്ക്കൽ മുതൽ മഴുവഞ്ചേരി വരെയുള്ള ഭാഗം നാലുവരിപ്പാതയാക്കുന്ന നടപടികളുടെ ഭാഗമായി പുഴയ്ക്കൽ മുതൽ മുണ്ടൂർ വരെയുള്ള ഭാഗം നാലുവരിപ്പാതയാക്കി മാറ്റിയിട്ടുണ്ട്. മുണ്ടൂരിൽനിന്നും

പുറ്റേക്കര വരെയുള്ള ഭാഗത്ത് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ആദ്യം മുതൽ തർക്കമുണ്ടായിരുന്നതുകൊണ്ട് വീതി കൂട്ടാൻ കഴിഞ്ഞില്ല. അവിടെ അപകടത്തിൽപ്പെട്ട് നിരവധി മനുഷ്യജീവനുകളാണ് മരണപ്പെടുന്നത്. 27-10-2017-ന് സംസ്ഥാന സർക്കാരിന്റെ ഉത്തരവ് അനുസരിച്ച് 26 സർവ്വെ നമ്പരുകളിലായി ഭൂമി ഏറ്റെടുക്കാൻ വേണ്ടിയുള്ള നടപടിക്രമങ്ങളുടെ ഉത്തരവ് ഇറങ്ങിയിട്ടുണ്ട്. 14-9-2017-നാണ് സർവ്വെ നമ്പർ ഉൾപ്പെടെയുള്ള ഉത്തരവ് ഇറങ്ങിയിട്ടുള്ളത്. അതിന്റെ നടപടികളൊന്നും പൂർത്തീകരിക്കാതെ അതേരീതിയിൽതന്നെ നില്ക്കുകയാണ്. അതുകൊണ്ട് അടിയന്തരമായി സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ച് നാലുവരിപ്പാത പൂർത്തീകരിച്ചാൽ അവിടെയുള്ള ഗതാഗതക്കുരുക്ക് പരിഹരിക്കാൻ കഴിയും. ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് മുൻകയ്യെടുത്ത് പുഴയ്ക്കലിൽ രണ്ട് പുതിയ പാലങ്ങൾ നിർമ്മിക്കാൻ പോകുകയാണ്. വലിയ രീതിയിലുള്ള വികസന പ്രവർത്തനങ്ങൾ നടക്കുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട മുണ്ടൂർ ജംഗ്ഷനിൽ അപകടങ്ങൾ ഒഴിവാക്കാൻ സർക്കാർ നിർദ്ദേശിച്ച രീതിയിലുള്ള നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് 26 സർവ്വെ നമ്പറിലുള്ള ഭൂമി ഏറ്റെടുക്കാനുള്ള നടപടി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനു വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, തൃശ്ശൂർ-കുറ്റിപ്പുറം സംസ്ഥാന പാത നാലുവരിപ്പാതയാക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച കാര്യത്തിൽ തൃശ്ശൂർ കുറ്റിപ്പുറം സംസ്ഥാന പാതയുടെ ഭാഗമായ മുണ്ടൂർ പുറ്റേക്കര വരെയുള്ള റോഡ് വികസിപ്പിക്കുന്നതിന് എൽ.എ.ആർ.ആർ. നിയമപ്രകാരം ഭൂമി ഏറ്റെടുക്കുവാൻ ഉത്തരവായിരുന്നു. എന്നാൽ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം സംയുക്ത പരിശോധന നടത്തി സാമൂഹ്യ ആഘാത പഠനം നടത്തുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതാണ്. എന്നാൽ മുണ്ടൂർ-പുറ്റേക്കര റോഡിൽ ധാരാളം റോഡപകടങ്ങൾ സംഭവിക്കുന്നതുമൂലം നിരവധി ആളുകൾക്ക് ജീവൻ പൊലിയുന്ന അവസ്ഥ സംജാതമാകുന്ന സാഹചര്യം കണക്കിലെടുത്ത് നാലുവരിപ്പാത നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി എൽ.എ.ആർ.ആർ. നിയമപ്രകാരം സ്ഥലമേറ്റെടുക്കൽ നടപടി ഉപേക്ഷിച്ച് തൃശ്ശൂർ താലൂക്കിലെ അഞ്ചൂറ് വില്ലേജുകളിൽപ്പെട്ട ഏകദേശം 26 സർവ്വെ നമ്പറുകളിൽ 1.0987 ഹെക്ടർ ഭൂമി ഡയറക്ട് നെഗോസിയേഷൻ പർച്ചേയ്സ് മുഖേന ഏറ്റെടുക്കുന്നതിന് 14-9-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ അടിസ്ഥാന വില നിർണ്ണയിക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചിട്ടുള്ളതാണ്. ഭൂമിയുടെ സർവ്വെ

നടപടികൾ ആരംഭിക്കുന്നതിന് കേരള സർവ്വെ അതിരടയാള നിയമ പ്രകാരമുള്ള ആറിലൊന്ന് വിജ്ഞാപനം പുറപ്പെടുവിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഏകദേശം നൂറ്റമ്പതോളം കൈവശക്കാരിൽനിന്നും സ്ഥലം ഏറ്റെടുക്കുന്നതിനായി ബി.എൽ.എഫ്.സി. കൂടി ഭൂവുടമകളുമായി നെഗോസിയേഷൻ നടത്തി സ്ഥലവില നിർണ്ണയിച്ച് ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയിൽ വച്ച് അംഗീകരിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

## (8)പട്ടയ പ്രശ്നം

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഇടുക്കി ജില്ലയിലെ കർഷകരുടെ കൈവശമുള്ള ഭൂമിക്ക് പട്ടയം നൽകുന്ന നടപടികൾ ഘട്ടംഘട്ടമായി നടന്നുവരുന്നത് സന്തോഷകരമാണ്. എന്നാൽ ജില്ലയുടെ ആസ്ഥാനം സ്ഥിതിചെയ്യുന്ന ഇടുക്കി വില്ലേജിലും സമീപ വില്ലേജുകളായ കഞ്ഞിക്കുഴി, പരിയാപുരം എന്നിവിടങ്ങളിലും പദ്ധതി പ്രദേശത്തോട് ചേർന്നുകിടക്കുന്ന പത്ത് ചെയിൻ മേഖലകളിലും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തത് കർഷകരെ വളരെ ദു:ഖത്തിലാഴ്ത്തിയിട്ടുണ്ട്. ഇടുക്കി വില്ലേജിൽ എഴുപതിനുമുമ്പ് കുടിയേറി കൃഷി ചെയ്തുവരുന്ന കർഷകർക്ക് 64 റൂൾ പ്രകാരം നാല് പതിറ്റാണ്ടുമുമ്പ് പട്ടയം നൽകുന്നതിന് നടപടി ആരംഭിക്കുകയും ഏതാനും കർഷകർക്ക് 64 റൂൾ പ്രകാരം പട്ടയം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം വിവിധ ഘട്ടങ്ങളിലായി 93 റൂൾ പ്രകാരമുള്ള പട്ടയങ്ങളും നൽകുന്നുണ്ട്. എന്നാൽ റവന്യൂ തരിശ്ശായ ഭൂമി കൈവശം വച്ച് കൃഷി ചെയ്തുപോരുന്ന കുടിയേറ്റ കർഷകരുടെ ശേഷിക്കുന്ന ഭൂമിക്ക് വില്ലേജിലെ രേഖകളിലുള്ള വിസ്തീർണ്ണത്തിന്റെ അപാകതകൾ ചൂണ്ടിക്കാട്ടി പട്ടയം നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നില്ല. മുൻകാലയളവിൽ 64 റൂൾ പ്രകാരം പട്ടയം ലഭിച്ച നാല് എല്ലുകകളോട് ചേർന്നുള്ള കൃഷിഭൂമിക്കുപോലും പട്ടയം നൽകാൻ സാധിച്ചിട്ടില്ല. ജില്ലാ ആസ്ഥാനത്തിലെ നിരവധി സർക്കാർ ഓഫീസുകൾ സ്ഥിതി ചെയ്യുന്ന ഇടുക്കി വില്ലേജിൽ സർക്കാർ ഭൂമിയും കൃഷിക്കാരുടെ കൈവശഭൂമിയും വനമേഖലയിൽ ഉൾപ്പെട്ടിട്ടുണ്ട്. വനമേഖല ജെണ്ട കെട്ടി വേർതിരിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ ഭൂമി അളന്ന് തിട്ടപ്പെടുത്തി രേഖപ്പെടുത്താത്തതിനാൽ പട്ടയം നൽകുന്നതിന് തടസ്സങ്ങൾ നേരിടുകയാണ്. ആയതിനാൽ ഇടുക്കി വില്ലേജിലെ പട്ടയപ്രശ്നം പരിഹരിക്കുന്നതിനായി വില്ലേജിന്റെ പരിധിയിലുള്ള സർക്കാർ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് ഇടുക്കി വില്ലേജിൽ റീസർവ്വെ നടത്തേണ്ടതാവശ്യമാണ്. കഞ്ഞിക്കുഴി-പെരിയപുരം പഞ്ചായത്തുകളുൾപ്പെടുന്ന കർഷകരുടെ കൈവശഭൂമിക്ക് പട്ടയം നൽകുന്നതിന് യാതൊരു വിധ സാങ്കേതിക തടസ്സങ്ങളും നിലവിലുള്ളതായി കാണുന്നില്ല. എന്നാൽ

ഇത്തരം മേഖലകൾപോലും പട്ടയവിതരണത്തിൽനിന്ന് ഒഴിവാക്കപ്പെടുകയാണ്. അര നൂറ്റാണ്ടിലേറെയായി കൈവശംവച്ച് കൃഷിചെയ്തുവരുന്ന കുടിയേറ്റ കർഷകരുടെ ചിരകാല അഭിലാഷമായ പട്ടയം യാഥാർത്ഥ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം. പത്ത് ചെയിൻ മേഖലയിൽ മൂന്ന് ചെയിൻ വിട്ട് പട്ടയം നൽകുന്നതിന് സർക്കാർ നടപടിയാരംഭിച്ചിട്ടുണ്ട്. എന്നാൽ ജനവാസ കേന്ദ്രങ്ങളും കൃഷിഭൂമിയും ഉൾപ്പെടുന്ന ഭൂരിഭാഗം പ്രദേശങ്ങളും മൂന്ന് ചെയിൻ വിടുന്നതോടുകൂടി പട്ടയം ലഭ്യമല്ലാതാകുന്നു. വൈദ്യുതി വകുപ്പിനാവശ്യമായ ഭൂമി ജെണ്ട കെട്ടി വേർതിരിച്ചിട്ടുള്ളതും ശേഷിക്കുന്ന ഭൂമി വർഷങ്ങളായി കർഷകരുടെ കൈവശമിരുന്ന് കൃഷി ചെയ്ത് ഉപജീവനം നടത്തുന്ന മേഖലയുമാണ്. ആയതിനാൽ പത്ത് ചെയിൻ മേഖലയിൽ ജെണ്ടക്കപ്പുറത്തുള്ള ഭൂമിക്ക് പട്ടയം നൽകാൻ സർക്കാർ നടപടി സ്വീകരിക്കണം. ഇതുവരെയുള്ള പട്ടയങ്ങൾ നൽകാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. പുതിയ പട്ടയങ്ങൾ തയ്യാറായിരിക്കുന്നു എന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആ പട്ടയങ്ങൾ എന്ന് വിതരണം ചെയ്യാൻ കഴിയും എന്നുകൂടി അറിയാൻ ആഗ്രഹിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഇടുക്കി ഉടുമ്പൻചോല താലൂക്കുകളെ ബാധിക്കുന്നതും അതുപോലെ പത്ത് ചെയിൻ മേഖലയിലെ ഭൂമി പ്രശ്നവുമായി ബന്ധപ്പെട്ടതുമായ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. റോഷി അഗസ്റ്റിൻ ഉന്നയിച്ച കാര്യത്തിൽ ഇടുക്കി വില്ലേജിൽ നിലവിൽ റീ-സർവ്വേ നടപ്പാക്കാത്തതിനാൽ മുഴുവൻ ഭൂമിയും 161/1 എന്ന സർവ്വെ നമ്പറിൽ ഉൾപ്പെട്ടിരുന്നു. റീ-സർവ്വെ നടത്തി വനഭൂമിയുടെയും റവന്യൂഭൂമിയുടെയും അതിരുകൾ വ്യക്തമായി നിർണ്ണയിച്ച് ആധികാരിക രേഖകൾ തയ്യാറാക്കുന്നതിന് ടി വില്ലേജിൽ 1964-ലെ കേരള ഭൂനികുതി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം നൽകാൻ സാധിച്ചിട്ടില്ല. ഈ വിഷയം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഉടുമ്പൻചോല താലൂക്ക് പരിധിയിൽ 1993-ലെ ചട്ടങ്ങൾ പ്രകാരമുള്ള പതിവിന് അർഹത നിർണ്ണയിക്കുന്നത് റീ-സർവ്വേ റിക്കാർഡുകളുടെ അടിസ്ഥാനത്തിലാകണമെന്ന് പ്രസ്തുത ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ ഉടുമ്പൻചോല താലൂക്ക് പരിധിയിൽ സംയുക്ത പരിശോധന ആവശ്യമില്ലാത്തതാണ്. ഉടുമ്പൻചോല താലൂക്കിൽ 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ, 1-1-1977-നുമുമ്പുള്ള വനഭൂമി കുടിയേറ്റ ക്രമീകരണപ്രകാരം പട്ടയം അനുവദിക്കുന്നതിലേയ്ക്ക് കൈവശം തെളിയിക്കുന്നതിനുള്ള ആധികാരിക രേഖയായി പരിഗണിക്കുന്നത് 1971-74 കാലയളവിൽ റീ-സർവ്വേയുടെ അടിസ്ഥാനത്തിൽ സർവ്വെ വകുപ്പ് തയ്യാറാക്കിയ ലാന്റ് രജിസ്റ്ററാണ്. മുമ്പ് ഉടുമ്പൻചോല താലൂക്കിന്റെ ഭാഗമായിരുന്നതും ഇപ്പോൾ ഇടുക്കി ജില്ലയുടെ

ഭാഗമായിട്ടുള്ളതുമായ പെരിയപുരം ഉൾപ്പെടെയുള്ള വിവിധ പഞ്ചായത്തുകളിൽ കാലങ്ങളായി ഭൂമി കൈവശം വച്ചിട്ടുള്ള നിരവധി ആളുകൾ പ്രസ്തുത ലാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഇടുക്കി താലൂക്കിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയിട്ടുള്ളതും 1993-ലെ പ്രത്യേക കേരള ഭൂമി പതിവ് ചട്ടപ്രകാരം അർഹരായ മുഴുവൻ കൈവശക്കാർക്കും ഉടുമ്പൻചോല താലൂക്കിൽ മേൽ പരാമർശിച്ച ലാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ കൈവശക്കാർക്കും പട്ടയം അനുവദിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചുവരുന്നുണ്ട്. ലാന്റ് രജിസ്റ്റർ തയ്യാറാക്കിയതിനുശേഷവും എന്നാൽ 1-1-1977-ന് മുമ്പുള്ള കാലയളവിൽ ഭൂമി കൈവശം വച്ചുവരുന്നതുമായ ഉടുമ്പൻചോല താലൂക്കിലെ നിരവധി കർഷകർ ലാന്റ് രജിസ്റ്ററിൽ ഉൾപ്പെടാതെയും കഞ്ഞിക്കുഴി വില്ലേജ് സംയുക്ത പരിശോധന ലിസ്റ്റിലുൾപ്പെടാതെയുമുള്ള കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് ഇവരുടെ കൈവശത്തിന്റെ പഴക്കം സംബന്ധിച്ച് വിശദമായ പരിശോധന നടത്തി പട്ടയ നടപടികൾ സ്വീകരിക്കുന്നതാണ്. പത്ത് ചെയിൻ മേഖലയിൽ മൂന്ന് ചെയിൻ പ്രദേശത്ത് പട്ടയം അനുവദിക്കുന്ന വിഷയത്തിന്മേൽ ഇടുക്കി ജില്ലാ കളക്ടറുടെ റിപ്പോർട്ട് തേടിയിട്ടുള്ളതാണ്. അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്. പൊതുവിൽ അർഹരായ മുഴുവൻ ആളുകൾക്കും പട്ടയം നൽകണമെന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. നിയമപരമായി ഇക്കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (9) കനാൽ തുറക്കൽ

<u>ശ്രീ. ആർ. രാജേഷ്</u>: സർ, പമ്പാ ഇറിഗേഷൻ പ്രോജക്ടിന്റെയും കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെയും ഭാഗമായ കനാലിലൂടെ അടിയന്തരമായി കൃഷിക്കാവശ്യമായ വെള്ളം എത്തിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. മാവേലിക്കര മണ്ഡലം മാത്രമല്ല ചെങ്ങന്നൂരും ഹരിപ്പാടും കായംകുളവും കരുനാഗപ്പള്ളിയുമെല്ലാം ഈ രണ്ട് കനാലിലൂടെ ജലമെത്തുന്നതിന്റെ ഭാഗമായി കൃഷി ചെയ്യേണ്ട പ്രദേശങ്ങളാണ്. ആലപ്പുഴ ജില്ലയിൽ കുട്ടനാട് കഴിഞ്ഞാൽ നെൽകൃഷിയും പച്ചക്കറി കൃഷിയും ഏറ്റവും കൂടുതലുള്ള സ്ഥലങ്ങളാണ് മാവേലിക്കരയും ഓണാട്ടുകരയും. സമയബന്ധിതമായി ഈ കനാലിലൂടെ വെള്ളമെത്താത്തതുകൊണ്ട് കൃഷിക്കാർ വലിയ പ്രതിസന്ധിയിലാണ്. കഴിഞ്ഞ വർഷം പി.ഐ.പി. കനാലിലൂടെ ഒരു തുള്ളി വെള്ളംപോലും എത്തിയിരുന്നില്ല. പാടശേഖരങ്ങൾ മുഴുവൻ വിണ്ടുകീറി അവിടെ ഒരു പ്രത്യേകതരം പുഴക്കൾ ഉണ്ടാകുകയും ഉള്ള കൃഷിയെല്ലാം നശിച്ചുപോകുകയും ചെയ്തു. ഈ വർഷവും വെള്ളം തുറന്നുവിട്ടിട്ടുണ്ടെന്നാണ് പറയുന്നത്. എന്നാൽ ഇതുവരെയും ഓണാട്ടുകര ഭാഗത്ത്

ഒരു തുള്ളി വെള്ളം പോലും എത്തിയിട്ടില്ല. അതുകൊണ്ട് അടിയന്തരമായി അതിനാവശ്യമായ പരിഹാരം ഉണ്ടാക്കേണ്ടതുണ്ട്. കൃഷിക്കാണ് വെള്ളം സംഭരിച്ചുവയ്ക്കുന്നത്, അത് കൊടുക്കാതിരിക്കുന്നത് ഗൗരവതരമായ പ്രശ്നമാണ്. പല സമയത്ത് കൃഷി ഇറക്കുന്നതുകൊണ്ടാണ് കൃഷിക്കാവശ്യമായ വെള്ളം സമയത്ത് എത്തിക്കാൻ സാധിക്കാത്തത്. അതുകൊണ്ട് ജലസേചന വകുപ്പും കൃഷി വകുപ്പും സംയുക്തമായി ഒരു പ്ലാൻ ഇതിനുവേണ്ടി തയ്യാറാക്കണം. ഈ വർഷം അതിന് കഴിയില്ല. ഈ വർഷം വെള്ളമെത്തിക്കേണ്ടതാണ് അത്യാവശ്യം. എല്ലാ വർഷവും നിയമസഭയിൽ ആവശ്യപ്പെടുക എന്നതിനപ്പുറം ഒരു പ്ലാൻ തയ്യാറാക്കേണ്ടതായിട്ടുണ്ട്. പി.ഐ.പി. കനാലും കെ.ഐ.പി. കനാലും കടന്നുവരുന്ന പ്രദേശങ്ങളിലെ കൃഷിക്ക് സമയക്ലിപ്തത പാലിക്കാനാവശ്യമായ നടപടി ജലസേചനവകുപ്പും കൃഷിവകുപ്പും സംയുക്തമായി നടപ്പിലാക്കണം. അടുത്ത വർഷം അതിനൊരു പ്ലാൻ തയ്യാറാക്കി വെള്ളമെത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. പാടശേഖരങ്ങളിൽ കടുത്ത വരൾച്ച ബാധിച്ച് വലിയ തോതിൽ കൃഷി നശിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അടിയന്തരമായി ജലം എത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ വലതുകര കനാൽ ജനുവരി 23-നും ഇടതുകര കനാൽ ജനുവരി 27-നും തുറന്നിട്ടുണ്ട്. എന്നാൽ കെ.ഐ.പി. കനാലിലൂടെ വെള്ളം എത്തിക്കുന്നതിന് ചില തടസങ്ങളുണ്ട്. വേനൽക്കാലത്ത് കനാലുകൾ വഴി ജലം എത്തിക്കുന്നതിനുമുമ്പായി നീരൊഴുക്ക് തടസ്സപ്പെടാതിരിക്കാൻ കനാലുകൾ വൃത്തിയാക്കുന്ന പ്രവൃത്തി നടപ്പിലാക്കേണ്ടതുണ്ട്. മാവേലിക്കര മണ്ഡലത്തിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കനാലിലെ മണ്ണ് നീക്കവും കാട് വെട്ടലും ചെയ്യാമെന്ന് രേഖാമൂലം അറിയിച്ചിരുന്നെങ്കിലും എല്ലാ പഞ്ചായത്തുകളിലും ആ പണി പൂർത്തിയായിട്ടില്ല. ചില പഞ്ചായത്തുകൾ മാത്രമേ ഈ പ്രവൃത്തി ഏറ്റെടുത്ത് ആരംഭിച്ചിട്ടുള്ളൂ. പ്രസ്തുത പണികൾ കൂടി പൂർത്തീകരിച്ചാൽ മാത്രമേ കാര്യക്ഷമമായി ജലവിതരണം നടത്തുവാൻ കഴിയുകയുള്ളൂ. കേരള വാട്ടർ അതോറിറ്റിക്ക് കൊല്ലം ജലവിതരണ പദ്ധതിക്കായി കെ.ഐ.പി.-യുടെ വലതുകര കനാൽ ശൃംഖലയിൽ ഉൾപ്പെടുന്ന ചവറ ഡിസ്ട്രിബ്യൂട്ടറിയിൽനിന്നും എല്ലാ ദിവസവും ജലം നൽകേണ്ടി വന്നാൽ വലതുകരയുടെ അവസാന ഭാഗങ്ങൾ കടന്നുപോകുന്ന മാവേലിക്കര മണ്ഡലത്തിലെ കനാലുകളിലെ ജലവിതരണത്തെ സാരമായി ബാധിക്കാൻ സാധ്യതയുണ്ടെങ്കിലും മാവേലിക്കര മണ്ഡലത്തിൽ കൃഷിനാശം ഒഴിവാക്കാൻ തക്കവണ്ണം കെ.ഐ.പി.-യുടെ വലതുകര മെയിൻ കനാൽ ജനുവരി 23-ന് തുറന്നിട്ടു. പമ്പാ ഇറിഗേഷൻ പ്രോജക്ട് എല്ലാ വർഷവും ജലവിതരണം നടത്താറുണ്ട്. കഴിഞ്ഞ വർഷം നടത്താൻ

കഴിഞ്ഞില്ലെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. വടശ്ശേരിക്കര ഭാഗത്ത് മെയിൽ കനാലിൽ ബ്രീച്ച് വന്ന് 20 മീറ്ററോളം ഭാഗം തകർന്നതിനാൽ വെള്ളം തുറന്നുവിടാൻ കഴിഞ്ഞിരുന്നില്ല. ഇപ്പോൾ അത് പുനഃസ്ഥാപിച്ചിട്ടുണ്ട്. 2017 ജനുവരി 17-ാം തീയതി പമ്പാ ജലസേചന പദ്ധതിയുടെ മണിയാർ ബാരേജിൽനിന്നും ജലവിതരണം ആരംഭിച്ച് റാന്നി താലൂക്കിലെ വാഴക്കുന്നം ഭാഗത്ത് എത്തിച്ച് ഇടതുകര-വലതുകര കനാലുകൾവഴി ജലം രണ്ടായി വിഭജിച്ച് നവംബർ 18 മുതൽ പ്രസ്തുത കനാലിലൂടെ ജലവിതരണം ആരംഭിച്ചു. ജലവിതരണം നടത്തിവരവേ നവംബർ 19-ാം തീയതി മുതൽ അധികമായി ജലച്ചോർച്ച കാണപ്പെട്ടു. കൂടാതെ പത്തനംതിട്ട-കൊല്ലം പ്രദേശങ്ങളിൽ വളരെ നേരിയ തോതിൽ (2.2 Richter scale) ഭൂചലനം രേഖപ്പെടുത്തുകയും ചെയ്തു. ഈ സമയത്ത് അധികമായി ജലചോർച്ച കാണപ്പെട്ടതിനെത്തുടർന്ന് 2018 ജനുവരി 15-ന് ജലവിതരണം നിർത്തി കോൺക്രീറ്റ് ഹോഞ്ച് ഇട്ട് വശങ്ങളിൽ ടാർപ്പ വിരിച്ച് മണൽച്ചാക്കുകൾ അടുക്കി അന്നുതന്നെ വീണ്ടും ജലവിതരണം പുനരാരംഭിച്ച് വലതുകര കനാൽ കടന്നുപോകുന്ന റാന്നി, തിരുവല്ല എന്നീ താലൂക്കുകളിലെ അയിരൂർ, തോട്ടപുഴശ്ശേരി, കോയിപ്രം, ഇരവിപേരൂർ എന്നീ പഞ്ചായത്തുകളിൽ ജലമെത്തിച്ചു. ഇടതുകര കനാൽ കടന്നുപോകുന്ന ചെറുകോൽ-നാരങ്ങാനം, കോഴഞ്ചേരി, മലപ്പുഴശ്ശേരി, ഇലന്തൂർ, ചെന്നീർക്കര, മെഴുവേലി, ആറന്മുള എന്നീ പഞ്ചായത്തുകളിലും ചെങ്ങന്നൂർ, മാവേലിക്കര എന്നീ താലൂക്കുകളിലുള്ള മെയിൻ കനാലിന്റെ 34-ാം കിലോമീറ്ററായ കുറത്തിയാട് വരെയും ജലമെത്തിച്ചു. നിലവിൽ 10 ക്യൂബിക് മീറ്റർ/സെക്കന്റ് ജലം എല്ലാദിവസവും വിതരണം ചെയ്യുന്നുണ്ട്. കെ.എസ്.ഇ.ബി.-യിൽ നിന്നും മൂഴിയാർ, കക്കാട് ജലവൈദ്യുത പദ്ധതിയിൽ വൈദ്യുതി ഉൽപ്പാദിപ്പിച്ചശേഷം കക്കാടിൽനിന്നും തുറന്നുവിടുന്ന ജലം സ്വകാര്യ ജലവൈദ്യുത കമ്പനികൾ അള്ളുങ്കൽ, കാരികയം എന്നിവിടങ്ങളിൽ തടഞ്ഞുനിർത്തി വൈദ്യുതി ഉൽപ്പാദിപ്പിച്ചശേഷം പമ്പാ ജലസേചന പദ്ധതിയുടെ മണിയാർ ബാരേജിൽ എത്തിക്കുകയും അവിടെ തടഞ്ഞുനിർത്തി ജലം കനാലിൽക്കൂടി കടത്തിവിടുകയുമാണ് ചെയ്യുന്നത്. ജലവിതരണ സീസണായ നവംബർ മുതൽ മേയ് മാസം വരെ വിതരണത്തിനാവശ്യമായ ജലത്തിൽ കുറവ് അനുഭവപ്പെടുന്നുണ്ട്. പ്രത്യേകിച്ച് പീക്ക് പിരീഡായ നവംബർ, ഫെബ്രുവരി മാസങ്ങളിൽ ജലവിതരണത്തെ സാരമായി ബാധിക്കുന്നതിനാൽ 47-ാം കിലോമീറ്ററായ ഹരിപ്പാട് വരെ ജലമെത്തിക്കുന്നതിന് സാധിക്കാതെ വരുന്നുണ്ട്. പരിമിത സാഹചര്യത്തിലും 2018 മേയ് മാസം വരെ ജലവിതരണം നടത്തുന്നതിന് ഉദ്ദേശിക്കുന്നു. കിണറുകളിൽ ജലം കുറഞ്ഞുവരുമ്പോൾ സ്വാഭാവികമായും വെള്ളം കനാൽവഴി ലഭിക്കാനുള്ള ആവശ്യം കൂടി വരികയാണ്. ചില സ്ഥലങ്ങളിൽ ജനങ്ങൾ കനാലുകളിൽനിന്നും ജലം തിരിച്ചുവിടുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. അത് നിയന്ത്രിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

## (10) തസ്തിക സൃഷ്ടിക്കൽ

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, കേരളത്തിൽ ഏറ്റവും അവസാനം രൂപീകൃതമായിട്ടുള്ള അഫിലിയേറ്റഡ് കോളേജുകളുള്ള യൂണിവേഴ്സിറ്റികളിൽ ഒന്നാണ് കണ്ണൂർ യൂണിവേഴ്സിറ്റി. ഉത്തര മലബാറിന്റെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണുക എന്നുള്ളതായിരുന്നു പ്രസ്തുത യൂണിവേഴ്സിറ്റി സ്ഥിപിക്കുന്നതിലൂടെ ഉദ്ദേശിച്ചത്. 1995-ലാണ് കണ്ണൂർ യൂണിവേഴ്സിറ്റി സ്ഥാപിച്ചത്. അതിനുശേഷം എത്രയോ പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും അവിടെ ഇന്നും ടീച്ചിംഗ് ഫാക്കൽറ്റിയുടെ കാര്യത്തിൽ വലിയ ഷോർട്ടേജ് നിലനിൽക്കുകയാണ്. ഫുഡ് സയൻസ്, ജേർണലിസം, ഹിന്ദി തുടങ്ങിയ പല ഡിപ്പാർട്ടുമെന്റുകളിലും സ്ഥിരം അദ്ധ്യാപകരില്ല. ആകെ 30 ഡിപ്പാർട്ടുമെന്റുകളുള്ളതിൽ 5 എണ്ണത്തിൽ മാത്രമാണ് സ്ഥിരം പ്രൊഫസർ തസ്തികയുള്ളത്. ബാക്കിയുള്ള 25 ഡിപ്പാട്ടുമെന്റുകളിലും പ്രൊഫസർ തസ്തികയില്ല. അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നിവരുടെ സ്ഥിതി പരിശോധിച്ചാലും ഇതാണ് സ്ഥിതി. സ്ഥിരം അദ്ധ്യാപകർ ഇല്ലാത്തതുമൂലം പി.എച്ച്.ഡി. കോഴ്സുകൾ, യു.ജി.സി.-സി.എസ്.ഐ.ആർ. തുടങ്ങിയ ഏജൻസികളുടെ റിസർച്ച് ഗ്രാന്റുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നില്ല. ഇതുമൂലം അക്കാദമിക്കായി ഏറ്റവും മുന്നിൽ നിൽക്കുന്ന വിദ്യാർത്ഥികളെ യൂണിവേഴ്സിറ്റിക്ക് ആകർഷിക്കാൻ കഴിയുന്നില്ല. കേരള യൂണിവേഴ്സിറ്റിയിലെ ആകെ സ്റ്റുഡൻസ് സ്ട്രെങ്ത് 73341-ഉം കണ്ണൂർ യൂണിവേഴ്സിറ്റിയിലേത് 61332-മാണ്. ഏതാണ്ട് പതിനായിരത്തിന്റെ കുറവ് മാത്രമാണുള്ളത്. പക്ഷെ ടീച്ചിംഗ് ഫാക്കൽറ്റി പരിശോധിച്ചാൽ അതിന്റെ അന്തരം വളരെ വലുതാണ്. മാത്രമല്ല, സർക്കാരിന്റെ നോൺ പ്ലാൻ ഗ്രാന്റ് പരിശോധിച്ചാൽ ഇരുന്നൂറിലധികം കോടി രൂപ കേരള യൂണിവേഴ്സിറ്റിക്ക് നൽകിയപ്പോൾ 32 കോടി രൂപ മാത്രമാണ് കണ്ണൂർ യൂണിവേഴ്സിറ്റിക്ക് നൽകിയത്. ഇന്ന് കണ്ണൂർ യൂണിവേഴ്സിറ്റി തകർച്ചയുടെ വക്കിലാണ്. അതിനെ സംരക്ഷിക്കാനും നിലനിർത്താനും ആവശ്യമായ അടിയന്തര ശ്രമമുണ്ടാകണം. നേരത്തെ ഉത്തര മലബാറിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ മലബാർ പാക്കേജ് പ്രഖ്യാപിച്ചതുപോലെ, ഉത്തര മലബാറിന്റെ ഭാഗമായ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ ഇന്നത്തെ പരിതാപകരമായ അവസ്ഥയ്ക്ക് അടിയന്തര പരിഹാരം കാണാൻ ഒരു പ്രത്യേക പാക്കേജ് കൊണ്ടുവരാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): സർ, കണ്ണൂർ സർവ്വകലാശാലയിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ ആവശ്യത്തിനില്ലെന്ന കാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കണ്ണൂർ യൂണിവേഴ്സിറ്റിയിൽ പുതുതായി അദ്ധ്യാപക

തസ്തിക സൃഷ്ടിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം രജിസ്ട്രാറിൽനിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. പ്രൊഫസർ-10, അസോസിയേറ്റ് പ്രൊഫസർ-22, അസിസ്റ്റന്റ് പ്രൊഫസർ-40 എന്നിങ്ങനെ. ഇക്കാര്യം ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. അനദ്ധ്യാപകരുടെ 100 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം ധനകാര്യ വകുപ്പ് അംഗീകരിച്ചിട്ടുണ്ട്. ടി നിർദ്ദേശം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

## (11) അദ്ധ്യാപക തസ്തികകൾ

ശ്രീ. പി. കെ. ബഷീർ: സർ, 12-9-2013-ലെ സർക്കാർ ഉത്തരവ് പ്രകാരം കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ 240 കോഴ്സുകൾ അനുവദിച്ചിരുന്നു. കഴിഞ്ഞ അഞ്ച് കൊല്ലമായി അവിടെ പോസ്റ്റ് ക്രിയേഷൻ നടത്തിയിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അന്ന് അനുവദിച്ച കോഴ്സുകളിൽ, 5-9-2016-ന് പയ്യന്നൂരിലെ മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, ഇരിട്ടി ടി.കെ.എം. എന്നീ കോളേജുകൾക്ക് പോസ്റ്റ് ക്രിയേഷൻ അനുവദിക്കുകയുണ്ടായി. എന്നാൽ അതേ സമയത്തെ ഉത്തരവ് പ്രകാരമുള്ള 261 കോഴ്സുകൾക്ക് ഇന്നുവരെ പോസ്റ്റ് ക്രിയേഷൻ അനുവദിക്കാത്തതുകൊണ്ടും സ്ഥിരം അദ്ധ്യാപകർ ഇല്ലാത്തതുകൊണ്ടും കോളേജിന്റെ പഠനം തടസ്സപ്പെടുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയുംകാലം സ്ഥിരം അദ്ധ്യാപകരില്ലാതെ കോളേജുകളിൽ അധ്യയനം നടക്കുന്നത്. അതുകൊണ്ട് ഇത് കോളേജിന്റെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം പോലും കൃത്യമായി നൽകുന്നില്ല. ഹയർ സെക്കണ്ടറി ഗസ്റ്റ് അദ്ധ്യാപകരുടെ ദിനവേതനത്തേക്കാളും കുറവാണ് കോളേജുകളിലെ ഗസ്റ്റ് അദ്ധ്യാപകരുടെ ദിനവേതനം. ഹയർ സെക്കണ്ടറിയിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് 40,000 രൂപ ലഭിക്കുമ്പോൾ യു.ജി.സി. യോഗ്യതയുള്ള കോളേജിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് ലഭിക്കുന്നത് 25,000 രൂപയാണ്. അതിലുള്ള വിരോധാഭാസം നമ്മൾ ആലോചിക്കണം. ഗസ്റ്റ് അദ്ധ്യാപകരുടെ ജോലിയുടെ ഭാഗമായി പരീക്ഷാജോലികൾ ഉൾപ്പെടുത്താത്തതുമൂലം പരീക്ഷാനടത്തിപ്പുകൾ അവതാളത്തിലാകുകയാണ്. ഗസ്റ്റ് അദ്ധ്യാപകർ പഠിപ്പിക്കുന്ന കോഴ്സുകളുടെ പരീക്ഷാ ജോലികൾ ആര് നടത്തുമെന്നതിന് ഒരു ഉത്തരവില്ല. ഇതിന് രണ്ട് സർക്കാരുകളും ഉത്തരവാദികളാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2013-ൽ കൊടുത്തു; ആ രണ്ട് കൊല്ലം പോസ്റ്റ് ക്രിയേഷൻ നടന്നില്ല; ഈ സർക്കാർ വന്നപ്പോഴും നടന്നില്ല; ഏത് സർക്കാർ ഭരണത്തിൽ വന്നാലും ഒരു തുടർ സർക്കാരാണെന്നുള്ളത് മനസ്സിലാകും. എന്റെ മണ്ഡലത്തിന്റെ തൊട്ടടുത്ത പ്രദേശമായ വണ്ടൂരിൽ പട്ടികജാതി വിഭാഗക്കാർക്കായി അംബേദ്കർ കോളേജ് തുടങ്ങിയെങ്കിലും

അവിടെയും പോസ്റ്റ് ക്രിയേഷൻ നടന്നില്ല. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കോളേജിലെങ്കിലും പോസ്റ്റ് ക്രിയേഷൻ കൊടുക്കേണ്ടിയിരുന്നു. അതും കൊടുത്തില്ല. അങ്ങനെ ഒരു നിലയ്ക്കും പോസ്റ്റ് ക്രിയേഷൻ നടന്നിട്ടില്ല. ഗസ്റ്റ് അദ്ധ്യാപകരുടെ ശമ്പളം യഥാസമയം ലഭ്യമാക്കാനും അവരുടെ ശമ്പള വർദ്ധനവിനും സർക്കാരിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകണം. പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി എയ്ഡഡ്-ഗവൺമെന്റ് മേഖലകളെ സംരക്ഷിക്കുന്ന ഗവൺമെന്റ് നയത്തിന്റെ ഭാഗമായി എയ്ഡഡ് കോളേജുകളിലെ 261 കോഴ്സുകൾക്ക് പോസ്റ്റ് ക്രിയേഷൻ നടത്താത്തതുമൂലമുള്ള പ്രയാസങ്ങൾ മാറ്റുന്നതിനുവേണ്ടി തസ്തിക നിർണ്ണയിക്കണമെന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടും സർക്കാരിനോടും ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 12-9-2013-ലെ സർക്കാർ ഉത്തരവുപ്രകാരം കേരളത്തിലെ വിവിധ എയ്ഡഡ് കോളേജുകളിൽ അധിക കോഴ്സുകൾ അനുവദിക്കുകയുണ്ടായി. ചില കോളേജുകളിൽ കോഴ്സുകൾക്കാവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മറ്റ് കോളേജുകളിൽ അനുവദിച്ച കോഴ്സുകൾക്ക് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. എന്നിരുന്നാലും ടി കോഴ്സുകളുടെ ജോലിഭാരം നിർണ്ണയിച്ച് അതിനനുസൃതമായി അതിഥി അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 28-4-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം അതിഥി അദ്ധ്യാപകരുടെ വേതനം പ്രതിദിനം 1470 രൂപ എന്ന നിരക്കിൽ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. യഥാവിധി ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് അതിഥി അദ്ധ്യാപകർക്ക് വേതനവും നൽകിവരുന്നു. അതിഥി അദ്ധ്യാപകർക്ക് വേതനം നൽകുന്ന ഹെഡ് ഓഫ് അക്കൗണ്ട് മാറ്റണമെന്ന ട്രഷറി വകുപ്പിന്റെ നിർദ്ദേശമനുസരിച്ച് പുതിയ അക്കൗണ്ട് അനുവദിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

## VIII ക്രമപ്രശ്നം

### ഓൺ ഡിമാന്റ് വെബ്കാസ്റ്റിംഗ് സംബന്ധിച്ച്

ശ്രീ. കെ. സി. ജോസഫ്: സർ, കഴിഞ്ഞ മാസം 25-ാം തീയതി നിയമസഭയിൽ സി.പി.ഐ. (എം) സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ മകൻ ശ്രീ. ബിനോയ് കോടിയേരി ഉൾപ്പെടുന്ന സാമ്പത്തിക തട്ടിപ്പ് സംബന്ധിച്ച് പ്രതിപക്ഷ നേതാവ് ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. സബ്മിഷൻ ഉന്നയിച്ചതിന് ബഹുമാന്യരായ മുഖ്യമന്ത്രിയും നിയമ വകുപ്പുമന്ത്രിയും മറുപടി

പറഞ്ഞിരുന്നു. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 306 അനുസരിച്ച് – "The Secretary shall cause to be prepared a full report of the proceedings of the Assembly at each of its meetings, and shall, as soon as practicable, publish it in such form and manner as the Speaker may, from time to time, direct."- 25-ാം തീയതിയാണ് സബ്മിഷൻ ഉന്നയിച്ചത്. ഇന്ന് അഞ്ച് ദിവസം ആകുന്നു. ഇതുവരെ നിയമസഭയുടെ വെബ്സൈറ്റിൽ, വീഡിയോ ഓൺ ഡിമാന്റിൽ പ്രസ്തുത സബ്മിഷനോ മറുപടിയോ പ്രസിദ്ധീകരിച്ചതായി കാണുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെപ്പോലെ ഉത്തരവാദപ്പെട്ട ഒരാൾ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുകയും ചെയ്ത വിഷയം എന്തുകൊണ്ടാണ് നിയമസഭയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്തത്? ഇതുസംബന്ധിച്ച് ദയവായി അങ്ങ് അന്വേഷിക്കുകയും എത്രയുംവേഗം നിയമസഭയുടെ വെബ്സൈറ്റിൽ വീഡിയോ ഓൺ ഡിമാന്റിൽ പ്രസിദ്ധീകരിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

## റൂളിംഗ്

മി. സ്പീക്കർ : വീഡിയോ ഓൺ ഡിമാന്റിൽ പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. കെ. സി. ജോസഫ് ഉന്നയിച്ച കാര്യത്തെ സംബന്ധിച്ച് ചെറിയൊരു വിശദീകരണം നൽകാം.

2018 ജനുവരി 25-ാം തീയതി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയിൽ ഉന്നയിച്ച സബ്മിഷനിലെ ചില പരാമർശങ്ങൾ സഭാനടപടികളിൽനിന്ന് നീക്കം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഏതാനും ചില അംഗങ്ങൾ ചെയറിന് കത്ത് നൽകിയിട്ടുണ്ട്. പൊതുവിൽ ഇക്കാര്യങ്ങളെല്ലാം പരിശോധിച്ചുകൊണ്ട് ഈ വിഷയത്തിൽ തീരുമാനമെടുക്കുകയാണ് സാധാരണ ഗതിയിൽ ചെയ്യാറുള്ളത്. ഇപ്പോൾ ആ ഭാഗങ്ങളെല്ലാം ഹോൾഡ് ചെയ്തിരിക്കുകയാണ്. പരിശോധനയ്ക്കു ശേഷം നീക്കം ചെയ്യേണ്ടതുണ്ടോയെന്ന് തീരുമാനിച്ചതിനുശേഷമേ ഓൺ ഡിമാന്റിൽ നൽകാൻ സാധിക്കുകയുള്ളൂ. അത് സാധാരണഗതിയിൽ ചെയ്തുകൊണ്ടിരിക്കുന്ന കാര്യമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ആ സബ്മിഷനിൽ ഞാൻ അപകീർത്തികരമായി യാതൊന്നും പരാമർശിച്ചിട്ടില്ല. സി.പി.ഐ. (എം) സംസ്ഥാന സെക്രട്ടറിയുടെ മകനെതിരായി കേരളത്തിലെ എല്ലാ മാധ്യമങ്ങളിലും വന്ന സംഭവം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മറുപടി പറയുകയും ചെയ്തു. ഞാൻ അപകീർത്തികരമായി യാതൊന്നും സഭയിൽ പറഞ്ഞിട്ടില്ല.

മി. സ്പീക്കർ: അങ്ങേയ്ക്ക് സംസാരിക്കാൻ അവകാശമുള്ളതുപോലെതന്നെ ഈ സഭയിലെ മറ്റ് അംഗങ്ങൾക്ക് അവരുടെ ആവശ്യം എഴുതി നൽകാൻ അവകാശമുണ്ട്.

ശ്രീ. കെ. സി. ജോസഫ് : സഭയിൽ ആരും ഉന്നയിച്ചിട്ടില്ല.

മി. സ്പീക്കർ: രേഖാമൂലം ചെയറിന് എഴുതി നൽകിയിട്ടുണ്ട്. അതൊക്കെ പതിവുള്ള കാര്യങ്ങളാണ്. സഭാനടപടികളിൽനിന്ന് നീക്കം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു കത്ത് ചെയറിന് കിട്ടിയാൽ അത് പരിശോധിക്കുന്നതിന് നടപടിക്രമമുണ്ട്. പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കുന്ന മുറയ്ക്ക് അത് ടെലികാസ്റ്റ് ചെയ്യും.

ശ്രീ. കെ. സി. ജോസഫ് : .....(മൈക്ക് ഓഫ്)....

മി. സ്പീക്കർ: സഭയിൽ ഉന്നയിക്കുകയോ ചെയറിന് എഴുതിനൽകുകയോ ചെയ്യാം.

ശ്രീ. കെ. സി. ജോസഫ് : ഇത് തെറ്റായ കീഴ്വഴക്കമാണ്.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ്, ഇതെല്ലാം അങ്ങേയ്ക്ക് അറിയാവുന്നതാണ് ...... പ്ലീസ് ..... പ്ലീസ്.......

## IX മേശപ്പുറത്തുവച്ച കടലാസുകൾ

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | 2 | 3 | 4 | 5 |
| 1 | കേരള പബ്ലിക് സർവീസ് കമ്മീഷൻ | 2012-13 | വാർഷിക റിപ്പോർട്ടും മെമ്മോറാണ്ടവും | അതെ |
| 2 | കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് | 2013-14 | വാർഷിക റിപ്പോർട്ട് | അതെ |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 4 | സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് | 2016-17 | വാർഷിക കണക്കുകൾ | അല്ല |
| 5 | കേരള സ്റ്റാർട്ടപ്പ് മിഷൻ | 2016-17 | വാർഷിക ഭരണ റിപ്പോർട്ട് | അല്ല |
| 6 | ഇലക്ട്രോണിക്സ് ടെക്നോളജി പാർക്ക്സ്-കേരള (ടെക്നോപാർക്ക്) | 2016-17 | ഓഡിറ്റ് റിപ്പോർട്ട് | അല്ല |
| 7 | ഇലക്ട്രോണിക്സ് ടെക്നോളജി പാർക്ക്സ്-കേരള (ടെക്നോപാർക്ക്) | 2016-17 | ഭരണ റിപ്പോർട്ട് | അല്ല |

II. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | 2 | 3 | 4 | 5 |
| 1 | വാസ്തു വിദ്യാ ഗുരുകുലം - ആറന്മുള | 2016-17 | പ്രവർത്തന റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും അടങ്ങിയ ഭരണ റിപ്പോർട്ട് | അല്ല |
| 2 | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2011-12 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 3 | കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2011-12<br>2012-13<br>2013-14 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | തിരുവനന്തപുരം പെർമനന്റ് ലോക് അദാലത്ത് | 2015-16 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 5 | വയനാട് ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി | 2012-13 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 6 | ആലപ്പുഴ ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി | 2015-16 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 7 | കോട്ടയം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി | 2015-16 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 8 | കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി | 2016-17 | ആഡിറ്റ് റിപ്പോർട്ട് | അല്ല |

III. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 2013-14<br>2014-15 | ആഡിറ്റ് റിപ്പോർട്ട് | അതെ |

IV. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |

V. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | സമാഹൃത ആഡിറ്റ് റിപ്പോർട്ട് 2003-04 | തിരുത്തൽ സ്റ്റേറ്റ്മെന്റ്- നാറാണമ്മൂഴി ഗ്രാമ പഞ്ചായത്ത്- പത്തനംതിട്ട ജില്ല | ബാധകമല്ല |
| 2 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | സമാഹൃത ആഡിറ്റ് റിപ്പോർട്ട് 2003-04 | തിരുത്തൽ സ്റ്റേറ്റ്മെന്റ്- തിരുവില്വാമല ഗ്രാമ പഞ്ചായത്ത്- തൃശ്ശൂർ ജില്ല | ബാധകമല്ല |
| 3 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | സമാഹൃത ആഡിറ്റ് റിപ്പോർട്ട് 2003-04 | തിരുത്തൽ സ്റ്റേറ്റ്മെന്റ്- വിവിധ പഞ്ചായത്തുകൾ- തൃശ്ശൂർ ജില്ല | ബാധകമല്ല |
| 4 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | സമാഹൃത ആഡിറ്റ് റിപ്പോർട്ട് 2003-04 | തിരുത്തൽ സ്റ്റേറ്റ്മെന്റ് മുണ്ടത്തിക്കോട് ഗ്രാമ പഞ്ചായത്ത്- തൃശ്ശൂർ ജില്ല | ബാധകമല്ല |
| 5 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | സമാഹൃത ആഡിറ്റ് റിപ്പോർട്ട് 2011-12 | തിരുത്തൽ സ്റ്റേറ്റ്മെന്റ് ചങ്ങനാശ്ശേരി നഗരസഭ കോട്ടയം ജില്ല | ബാധകമല്ല |
| 6 | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2011-12 2013-14 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

| | | | | |
|---|---|---|---|---|
| 7 | കേരള മൂല്യവർദ്ധിത നികുതി/ കാർഷികാദായ നികുതി & വിൽപ്പന നികുതി അപ്പലേറ്റ് ട്രിബ്യൂണൽ | 2013-14<br>2014-15 | വാർഷിക ഭരണ റിപ്പോർട്ട് | അതെ |
| 8 | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് | 2016-17 | വാർഷിക ഭരണ റിപ്പോർട്ട് | അല്ല |
| 9 | ഫോം മാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡ് | 2011-12<br>2012-13 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

VI. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2010-11 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അല്ല |
| 3 | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് | 2012-13 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 4 | കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 5 | കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ | 2012-13 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

| | | | | |
|---|---|---|---|---|
| 6 | കേരള കാർഷിക സർവകലാശാല | 2016-17 | വാർഷിക റിപ്പോർട്ട് | അല്ല |
| 7 | കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല | 2016-17 | വാർഷിക റിപ്പോർട്ട് | അല്ല |

VII. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് | 2008-09 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ | 2016-17 | വാർഷിക റിപ്പോർട്ട് | അല്ല |

VIII. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | റോഡ്സ്& ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |

IX. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | മലബാർ ഡിസ്റ്റിലറീസ് ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 3 | കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | 2014-15 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 4 | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2010-11<br>2011-12<br>2012-13<br>2013-14 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 5 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2016-17 | ഭരണ റിപ്പോർട്ടും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് റിപ്പോർട്ടും ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റും | അല്ല |
| 6 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | 2012-13<br>2013-14 | വാർഷിക കണക്കുകൾ | അതെ |
| 7 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 2014-15 | പ്രവർത്തന (ഭരണ) റിപ്പോർട്ടും വാർഷിക കണക്കുകളും | അതെ |
| 8 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 2014-15 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |

X. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡ് | 2015-16 | ആഡിറ്റ് റിപ്പോർട്ട് | അതെ |

XI. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് | 2014-15<br>2015-16 | ആഡിറ്റഡ് അക്കൗണ്ട്സ് | അതെ |
| 2 | ഗുരുവായൂർ ദേവസ്വം | 2012 | ഭരണ റിപ്പോർട്ട് | അതെ |
| 3 | മലബാർ ദേവസ്വം ബോർഡ് | 2016-17 | ഭരണ റിപ്പോർട്ട് | അല്ല |
| 4 | സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്- കേരള | 2009-10<br>2010-11<br>2011-12<br>2012-13<br>2013-14<br>2014-15<br>2015-16 | വാർഷിക റിപ്പോർട്ട് | അതെ |

XII. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | 2 | 3 | 4 | 5 |
| 1 | മലബാർ സിമന്റ്സ് ലിമിറ്റഡ് | 2013-14<br>2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 3 | സെയിൽ എസ്.സി.എൽ കേരള ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് | 2012-13 | വാർഷിക റിപ്പോർട്ട് | അതെ |
| 5 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 6 | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 7 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2014-15<br>2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 8 | കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ടും ആഡിറ്റഡ് അക്കൗണ്ട്സും | അതെ |
| 9 | കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 10 | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് | 2013-14 | വാർഷിക കണക്കുകൾ | അതെ |
| 11 | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 12 | കേരള സംസ്ഥാന യുവജന കമ്മീഷൻ | 2016-17 | വാർഷിക റിപ്പോർട്ട് | അല്ല |
| 13 | കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 14 | കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |

XIII. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | മഹാത്മാ ഗാന്ധി സർവകലാശാല | 2016 | വാർഷിക റിപ്പോർട്ട് (വാല്യം I&II) | അല്ല |

XIV. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ | 2013-14<br>2015-16 | വാർഷിക റിപ്പോർട്ട് | അതെ |

XV. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | 2013-14 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |

## X ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച-(തുടർച്ച)

മി. സ്പീക്കർ : ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച തുടരുകയാണ്. ഓരോ അംഗത്തിനും അനുവദിച്ച സമയത്ത് ചർച്ച പൂർത്തീകരിക്കണം. കഴിഞ്ഞ ദിവസം പലരും തുടക്കത്തിൽത്തന്നെ കൂടുതൽ സമയമെടുത്തതുകൊണ്ട് പിന്നീട് അത് എല്ലാവരുടെയും അവകാശമായി മാറി. ദയവുചെയ്ത് അത് ഒഴിവാക്കണം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തെ പുതുക്കിപ്പണിയുന്നതിനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയോടെയുള്ള പരിശ്രമത്തിൽ കേരള സർക്കാർ ഏറ്റെടുക്കുവാൻ പോകുന്ന ചുമതലകളെയും നടപ്പാക്കാൻ പോകുന്ന പദ്ധതികളെയുംകുറിച്ചുള്ള വിശദമായ രൂപരേഖയാണ് ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. കഴിഞ്ഞ കാലത്തിന്റെ നേട്ടങ്ങളിലൂന്നിനിന്ന് മുന്നോട്ട് കുതിക്കാനുള്ള ജനതയുടെയും ഗവൺമെന്റിന്റെയും വിളംബരമാണ് നയപ്രഖ്യാപന പ്രസംഗത്തിൽ പ്രതിഫലിച്ചത്. ഇന്ത്യയിൽ എല്ലാവരും ഉദാരവത്കരണത്തിന്റെയും ആഗോളവത്കരണത്തിന്റെയും സ്തുതിപാഠകരായിരിക്കുകയും വർഗ്ഗീയശക്തികൾ അരങ്ങ് തകർക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ അതിനെതിരെ നിരന്തരമായി പ്രസംഗിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഏക രാഷ്ട്രീയശക്തി ഇന്ത്യയിൽ ഇടതുപക്ഷങ്ങൾ മാത്രമാണ്. കോൺഗ്രസ് തുടങ്ങിവച്ച ഉദാരവത്കരണ നയങ്ങളെ പിൻപറ്റാത്ത ഒരേയൊരു രാഷ്ട്രീയശക്തി ഇന്ത്യയിൽ ഇടതുപക്ഷമാണെന്ന് ഞങ്ങളുടെ കടുത്ത വിമർശകർപോലും അംഗീകരിക്കുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്. ആ സാമ്പത്തികനയം ബി.ജെ.പി.-യുടെയും സാമ്പത്തിക നയമാണ്. ഇന്ത്യയിലെ

പ്രാദേശികവും ദേശീയവുമായ രാഷ്ട്രീയ പാർട്ടികളെല്ലാം ഏറിയും കുറഞ്ഞും ആ സാമ്പത്തിക നയത്തോടൊപ്പമാണ്. അവരെല്ലാം ആ സാമ്പത്തികനയം അനിവാര്യമാണ്, അതിൽനിന്ന് പുറകോട്ടുപോക്കില്ലെന്ന് വാദിക്കുന്നവരുമാണ്. ആർ.എസ്.എസ്.-ന്റെ നേതൃത്വത്തിൽ ഇന്ത്യയിൽ നടക്കുന്ന വർഗ്ഗീയവത്കരണത്തെ കോൺഗ്രസ് ചെറുപുഞ്ചിരിയുമായി നോക്കിനിൽക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. ഉദാരവത്കരണത്തിന്റെ കാര്യം നിൽക്കട്ടെ, ഇന്ത്യയിലെ ഏകദേശം എല്ലാ രാഷ്ട്രീയ പാർട്ടികളും അവരുമായി എപ്പോഴെങ്കിലും ഏതെങ്കിലും സന്ദർഭത്തിൽ സഖ്യമുണ്ടാക്കുന്നു. അവരുമായി അകന്ന് നിൽക്കുന്ന രാഷ്ട്രീയ നിലപാടെടുക്കുന്നവർ അഴിമതി നടത്തുന്നത് തങ്ങളുടെ അവകാശമായി കരുതി അതിൽ രമിക്കുന്നു. ഈ സങ്കീർണ്ണമായ രാഷ്ട്രീയ സാഹചര്യത്തിലാണ് ദുർബല ജനവിഭാഗങ്ങളെ ഉദാരവത്കരണത്തിന്റെ കടന്നാക്രമണത്തിൽനിന്നും സംരക്ഷിച്ച് വർഗ്ഗീയതയെ പടിക്കുപുറത്ത് നിർത്തി അഴിമതിരഹിതമായ ഭരണവുമായി മുന്നോട്ടുപോകുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഇന്ത്യയ്ക്കാകെ മാതൃകയാകുന്നത്. വർഗ്ഗീയതയെ ചെറുക്കാൻ കോൺഗ്രസിന്റെ തോളത്ത് കയ്യിടണമെന്നാണ് കോൺഗ്രസ് നേതാക്കൻമാർ നിരന്തരമായി പറയുകയും ആവശ്യപ്പെടുകയും ചെയ്യുന്നത്. ബി.ജെ.പി. ഭരിക്കുമ്പോൾ കോൺഗ്രസും കോൺഗ്രസ് ഭരിക്കുമ്പോൾ ബി.ജെ.പി.-യും ഉദാരവത്കരണത്തെ പിന്താങ്ങി. പക്ഷെ വർഗ്ഗീയതയെ ചെറുക്കുന്നതിന് സി.പി.ഐ.(എം) കൂട്ടുകൂടണമെന്ന് പറയുന്ന കോൺഗ്രസ്, വർഗ്ഗീയതയെ ചെറുക്കാൻ എന്താണ് ചെയ്തതെന്ന് ആത്മപരിശോധന നടത്തേണ്ടതായിട്ടില്ലേ?

<u>ശ്രീ. പി. സി. ജോർജ്</u>: സർ, അങ്ങയുടെ അഭിപ്രായത്തെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. അങ്ങേയ്ക്ക് എന്തും പറയാനുള്ള സ്വാതന്ത്ര്യമുണ്ട്. അങ്ങയുടെ പാർട്ടി സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരി പറഞ്ഞത് കേട്ടിരുന്നോ?

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഞാൻ പറയട്ടെ, തോക്കുണ്ടെങ്കിലും തോക്കിൽകയറി വെടിവയ്ക്കരുത്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന് ശേഷമുള്ള കോൺഗ്രസിന്റെ ചരിത്രമെടുത്ത് നോക്കിയാൽ എക്കാലവും വർഗ്ഗീയതയോട് സന്ധി ചെയ്ത ചരിത്രം മാത്രമാണ് കോൺഗ്രസിന്റെ മുന്നിലുള്ളത്. ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോൾ മീററ്റ്, ഭഗത്പൂർ തുടങ്ങിയ സ്ഥലങ്ങളിൽ നടന്ന വർഗ്ഗീയ കലാപങ്ങളെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. ഇന്ദിരാഗാന്ധിയുടെ വധത്തിനുശേഷം ഒരുപക്ഷെ ഇന്ത്യാ വിഭജനത്തിനുശേഷം നടന്ന ഏറ്റവും വലിയ മനുഷ്യക്കുരുതിയാണ് ഡൽഹിയിലും പരിസരപ്രദേശങ്ങളിലും നടന്ന സിഖ് കൂട്ടക്കുരുതി. അതിന് ഭാഗഭാക്കായി നേതൃത്വം കൊടുത്തവരെല്ലാം അതിനുശേഷം വന്ന മന്ത്രിസഭയിലെ പ്രധാനപ്പെട്ട വകുപ്പുകളുടെ മന്ത്രിമാരായി. ആ കുറ്റവാളികളെ

രക്ഷിക്കുകയും അന്വേഷണങ്ങൾ പ്രഹസനമാക്കുകയും ചെയ്തത് ആരാണ്? ഇതെല്ലാം ചെയ്തിട്ട് വലിയ മരങ്ങൾ വീഴുമ്പോൾ ചെറിയ കുലുക്കമുണ്ടാകുമെന്ന സാന്ത്വനവാചകം പറഞ്ഞു. ബനാത്ത്വാലാ സാഹിബ് ഇന്ത്യൻ പാർലമെന്റിൽ അവതരിപ്പിച്ച സ്വകാര്യ ബിൽ അതേപടി മുസ്ലീം വനിതാ ബിൽ എന്ന പേരിൽ അവതരിപ്പിച്ച് ഈ നാട്ടിൽ കോംപറ്റിറ്റീവ് കമ്മ്യൂണലിസത്തിന് തുടക്കമിട്ടത് ആരാണ്; അതിനെ എതിർത്ത ആരിഫ് മുഹമ്മദ്ഖാനെപ്പോലെയുള്ള പുരോഗമനവാദികൾക്ക് പുറത്തേയ്ക്ക് പോകാനുള്ള വാതിൽ അന്ന് തുറന്നിട്ടത് ആരാണ്; ഏത് ഗവൺമെന്റിന്റെ കാലത്താണ് ബാബറി മസ്ജിദിൽ ശിലാന്യാസം നടന്നത്, അത് തടയാൻ ഒന്നും ചെയ്യാതിരുന്നത് ആരാണ്; ആര് ഇന്ത്യ ഭരിച്ചപ്പോഴാണ് ബാബറി മസ്ജിദ് തകർത്തത്; ഇന്ത്യാ രാജ്യത്ത് നടന്ന ഏറ്റവും ഹീനമായ നടപടിക്ക് സാക്ഷ്യം വഹിക്കുകയും അദ്ധ്യക്ഷം വഹിക്കുകയും ചെയ്തത് ആരാണ്? കോൺഗ്രസിന്റെ ഭരണവും നരസിംഹറാവുവും ആയിരുന്നു. ഇതിൽ ഏതെങ്കിലും കാര്യത്തിന് ഇന്ത്യയിലെ ജനങ്ങളോടും മതന്യൂനപക്ഷങ്ങളോടും മാപ്പ് പറയാനുള്ള എന്തെങ്കിലുമൊരു കാര്യം കോൺഗ്രസ് ചെയ്തോ? അതിനുള്ള രാഷ്ട്രീയം അവർ കാണിച്ചോ? ഞങ്ങൾക്ക് തെറ്റുപറ്റിയെന്ന് പറഞ്ഞോ? പറഞ്ഞിട്ടില്ലല്ലോ, ഇന്നും അത് അതേപടി തുടരുകയല്ലേ? ഗുജറാത്ത് തെരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ രാഷ്ട്രീയനയം എന്തായിരുന്നു? ശ്രീ. രാഹുൽഗാന്ധി പൂണൂൽ ധരിക്കുന്നോ ഇല്ലയോ എന്നുള്ളത് അദ്ദേഹത്തിന്റെ വ്യക്തിപരമായ കാര്യമാണ്. അദ്ദേഹം ബ്രാഹ്മണനായി ജീവിക്കുന്നോ ഹിന്ദുവായി ജീവിക്കുന്നോ എന്നുള്ളതെല്ലാം വ്യക്തിപരമായ കാര്യമാണ്. പക്ഷെ ആ ചിത്രം ഗുജറാത്ത് തെരഞ്ഞെടുപ്പിൽ പ്രചരിപ്പിച്ചതുവഴി കോൺഗ്രസ് എന്ത് സന്ദേശമാണ് ഇന്ത്യയിലെ ജനങ്ങൾക്ക് നൽകിയത്. വ്യത്യസ്തമായ നയസമീപനവും രാഷ്ട്രീയ നിലപാടും വർഗ്ഗീയതയ്ക്കെതിരെ നിലപാടുമെടുക്കുന്ന രാഷ്ട്രീയ പാർട്ടിയുടെ സമീപനമാണോ അത്? ക്ഷേത്രങ്ങളിൽ പോകുന്നത് വ്യക്തിപരമായ കാര്യമാണ്. എന്നാൽ തെരഞ്ഞെടുപ്പ് അവസരത്തിൽ ക്ഷേത്രങ്ങളിൽ പോകുന്നതിന് പരസ്യം കൊടുത്തു. ആരുടെ നയത്തെ പിൻപറ്റിയാണ് കോൺഗ്രസ് ഇത്തരമൊരു കാര്യം ചെയ്തത്. അതാണ് ഗുജറാത്ത് തെരഞ്ഞെടുപ്പിൽ കണ്ടത്. മതേതരത്വ സങ്കൽപ്പം ഇന്ത്യയിൽ ഉയർത്തിപ്പിടിക്കാൻ കോൺഗ്രസ് ഏതെങ്കിലും നിലപാടെടുക്കുന്നുണ്ടോ എന്നതാണ് സുപ്രധാന കാര്യം. സമകാലീന രാഷ്ട്രീയത്തിൽ ദൗർഭാഗ്യകരമെന്ന് പറയട്ടെ, കോൺഗ്രസ് അത്തരമൊരു നിലപാടെടുക്കുന്നില്ലെന്നതാണ് ഖേദകരം. ബി.ജെ.പി.-ക്ക് തീവ്രഹിന്ദുത്വം, ആർ.എസ്.എസ്.-ന് തീവ്രഹിന്ദുത്വം, കോൺഗ്രസിന് മൃദുഹിന്ദുത്വം എന്നുള്ളതാണ് കോൺഗ്രസിന്റെ രാഷ്ട്രീയ സമീപനം. ആ സമീപനം വച്ചുകൊണ്ട് ആർ.എസ്.എസ്.-നെയും ബി.ജെ.പി.-യെയും എതിർക്കാനും ഒറ്റപ്പെടുത്താനും കോൺഗ്രസിന് സാധിക്കുമോ? ഞങ്ങൾ

പിന്തുണയ്ക്കാത്തതാണ് സുപ്രധാനമായ കാര്യമെന്ന് പ്രചരിപ്പിക്കുന്നതെന്തിനാണ്? ഇന്ത്യൻ രാഷ്ട്രീയത്തിൽ പലപ്പോഴും ഞങ്ങൾ രാഷ്ട്രീയ സാഹചര്യത്തിനനുസരിച്ചുള്ള നിലപാടുകളെടുത്തിട്ടുണ്ട്. അതിനെല്ലാം ഒരു മാനദണ്ഡമേയുള്ളൂ, അത് ഇന്ത്യയുടെ ഐക്യത്തെയും ജനാധിപത്യ സംവിധാനത്തെയും പാവപ്പെട്ടവന്റെ താത്പര്യത്തെയും സംരക്ഷിക്കുന്നതായിരിക്കണമെന്നതായിരുന്നു. അത് മാത്രമായിരുന്നു ഞങ്ങളുടെ രാഷ്ട്രീയ നിലപാട്. ഇന്ദിരാഗാന്ധി ബാങ്ക് ദേശസാത്കരിച്ചു, പ്രിവിപെഴ്സ് നിർത്തലാക്കി, അത് ഞങ്ങൾ പിന്തുണച്ചില്ലേ, അടിയന്തരാവസ്ഥയിലേയ്ക്ക് പോയി ഇന്ത്യൻ ജനാധിപത്യത്തെ കശാപ്പ് ചെയ്തപ്പോൾ ഞങ്ങൾ എതിർത്തു. അടിയന്തരാവസ്ഥയ്ക്കുശേഷം നടന്ന തെരഞ്ഞെടുപ്പിൽ അന്നത്തെ ജനസംഘം കൂടി ഉൾപ്പെട്ട ജനതാ പാർട്ടിയുടെ ഗവൺമെന്റിനെ ഞങ്ങൾ പിന്തുണച്ചതിന് കാരണം ചുമരുണ്ടെങ്കിലേ ചിത്രമെഴുതാൻ കഴിയൂവെന്ന് മനസ്സിലാക്കിയിട്ടാണ്. ഇന്ത്യൻ ജനാധിപത്യ സംവിധാനത്തെ സംരക്ഷിക്കാനാണ് ആ ഗവൺമെന്റിന് ഞങ്ങൾ പിന്തുണ കൊടുത്തത്. ആ ഗവൺമെന്റിൽ ആർ.എസ്.എസ്. പിടിമുറുക്കുന്നെന്ന് പറഞ്ഞപ്പോൾ ആ ഗവൺമെന്റിനുള്ള പിന്തുണ പിൻവലിച്ചു. സി.പി.ഐ.(എം.)-ന്റെ അഭിപ്രായ വ്യത്യാസത്തെക്കുറിച്ച് കൊട്ടിഘോഷിക്കുന്നുണ്ടല്ലോ, സങ്കീർണ്ണമായ രാഷ്ട്രീയ നിലപാടുകൾ വരുമ്പോൾ പല അഭിപ്രായങ്ങളും വരും. ഗവൺമെന്റിന്റെ പിന്തുണ പിൻവലിക്കരുതെന്ന് പറഞ്ഞവരുണ്ടായിരുന്നു. പക്ഷെ ആർ.എസ്.എസ്. പിടിമുറുക്കുന്ന ഗവൺമെന്റിനെ പിന്തുണയ്ക്കില്ലെന്ന രാഷ്ട്രീയ നിലപാടെടുത്തവരാണ് ഞങ്ങൾ. രാജീവ് ഗാന്ധിയുടെ ഗവൺമെന്റിന്റെ അഴിമതിക്കെതിരെ പടപൊരുതിക്കൊണ്ട് ആ ഗവൺമെന്റിൽ നിന്ന് പുറത്തുവന്ന് വി. പി. സിങ്ങിന്റെ നേതൃത്വത്തിൽ ഒരു ഗവൺമെന്റ് വന്നപ്പോൾ അതിനെ പിന്തുണച്ചു. അതിനെച്ചൊല്ലിയാണല്ലോ ഞങ്ങൾ ബി.ജെ.പി.-യുമായി ചേർന്ന് ഒരു ഗവൺമെന്റിനെ പിന്തുണച്ചില്ലേയെന്ന് ചോദിക്കുന്നത്. അഴിമതിക്കെതിരായി പോരാടിയ ഗവൺമെന്റ് വരികയും അഴിമതി നിറഞ്ഞ ഗവൺമെന്റ് പുറത്തുപോവുകയും ചെയ്യുമ്പോൾ ഞങ്ങളെടുത്ത രാഷ്ട്രീയ നിലപാടായിരുന്നു അത്. ഞങ്ങളെല്ലാവരും പാർലമെന്റിൽ പോയി, അന്ന് കേരളത്തിൽ നിന്ന് കോൺഗ്രസിന്റെ ഒരു മെമ്പറുപോലുമില്ലാതിരുന്ന പാർലമെന്റിൽ യു.പി.എ.-യുടെ ഒന്നാം ഗവൺമെന്റിനെ ഞങ്ങൾ പിന്താങ്ങിയില്ലേ? രാഷ്ട്രപതി തെരഞ്ഞെടുപ്പിലും ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിലും പിന്താങ്ങിയില്ലേ? നിങ്ങളുടെ രണ്ടംഗങ്ങൾ വോട്ടുചെയ്യാൻ പോയില്ലല്ലോ? അവർ വോട്ടിംഗിന്റെ സമയം അറിയാതെ പോയോ? ഇന്ത്യൻ രാഷ്ട്രീയത്തിൽ മതേതരത്വത്തെ സംരക്ഷിക്കാനും തൊഴിലാളികളുടെയും പാവപ്പെട്ടവരുടെയും താത്പര്യങ്ങൾ സംരക്ഷിക്കാനും ഇന്ത്യയുടെ ഐക്യം കാത്തുസൂക്ഷിക്കാനും എല്ലാക്കാലത്തും നിലപാടെടുത്തിട്ടുള്ള ഞങ്ങളെ കോൺഗ്രസ് രാഷ്ട്രീയം പഠിപ്പിക്കരുത്. വർഗ്ഗീയതയ്ക്കെതിരായ

പോരാട്ടമെങ്ങനെയെന്ന് ഞങ്ങളെ പഠിപ്പിക്കരുത്, വർഗ്ഗീയതയ്ക്കും ഉദാരവത്കരണത്തിനുമെതിരെ ഇച്ഛാശക്തിയോടെ പോരാടുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പ്രതിനിധികളെന്ന നിലയ്ക്കാണ് കേരള ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അതിന്റെ പ്രതിഫലനമാണ് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗമെന്ന് മാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. സണ്ണി ജോസഫ് : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. എന്റെ സ്നേഹിതൻ ശ്രീ. കെ. സുരേഷ് കുറുപ്പിന് ഈ നയപ്രഖ്യാപന പ്രസംഗത്തെ പിന്തുണച്ചുകൊണ്ട് കേരളത്തിന്റെ വികസനകാര്യങ്ങളെക്കുറിച്ചോ ഗവൺമെന്റിന്റെ നയപരിപാടികളെക്കുറിച്ചോ ഒന്നും പറയാനില്ലാത്തതുകൊണ്ടാണ് അദ്ദേഹം വളരെ പ്രകടമായിട്ടുള്ള രാഷ്ട്രീയം പറഞ്ഞുതുടങ്ങിയത്. പക്ഷെ ആ രാഷ്ട്രീയം പറഞ്ഞതും അദ്ദേഹത്തിന് സമർത്ഥിക്കാൻ സാധിച്ചില്ല. ബി.ജെ.പി.-യുടെ വർഗ്ഗീയതയെ ചെറുക്കാൻ കോൺഗ്രസിനെ പിന്തുണയ്ക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടുവെന്നാണ് അദ്ദേഹം പറഞ്ഞുവച്ചത്. ഞങ്ങളല്ല, അദ്ദേഹത്തിന്റെ പാർട്ടിയുടെ അഖിലേന്ത്യാ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരിയാണ് ഇന്ത്യയിൽ ബി.ജെ.പി.-യുടെ വർഗ്ഗീയതയെ ചെറുക്കാൻ കോൺഗ്രസിന്റെ നേതൃത്വത്തിൽ മതേതരമുന്നണി വേണമെന്ന് ആവശ്യപ്പെട്ട് പാർട്ടി പോളിറ്റ് ബ്യൂറോയിലും കേന്ദ്ര കമ്മിറ്റിയിലും വോട്ടെടുപ്പ് വേണമെന്നാവശ്യപ്പെട്ടത്. ആ പ്രമേയം പരാജയപ്പെട്ടപ്പോൾ താൻ പാർട്ടി സെക്രട്ടറി സ്ഥാനത്ത് തുടരാനാഗ്രഹിക്കുന്നില്ലെന്ന് ശ്രീ. സീതാറാം യെച്ചൂരി വളരെ വ്യക്തമായി മാധ്യമങ്ങളോട് പറഞ്ഞതാണ്. ...(ബഹളം).... അവർക്ക് കേട്ടിരിക്കാൻ പ്രയാസമുണ്ടാകും. കേന്ദ്ര കമ്മിറ്റിയിലെ പ്രമേയത്തെക്കുറിച്ച് ടി.വി. ചാനലുകൾ ചോദിച്ചപ്പോൾ ബംഗാളിലെ സി.പി.ഐ.(എം)-ന്റെ തലമുതിർന്ന നേതാവ് മാധ്യമങ്ങളോട് പരസ്യമായി പറഞ്ഞതെന്താണ്? അത് കേരളത്തിൽ പോയി എ.കെ.ജി. സെന്ററിൽ ചോദിക്കണമെന്നാണ്. കോൺഗ്രസിനെ പിന്തുണയ്ക്കണമെന്നാണ് കേരളത്തിൽ നിന്നുള്ള ശ്രീ. വി. എസ്. അച്ചുതാനന്ദൻ എഴുതിയത്. അദ്ദേഹത്തിന് കേന്ദ്ര കമ്മിറ്റിയിൽ പങ്കെടുക്കാൻ സാധിച്ചില്ല. ഡോ. ടി. എം. തോമസ് ഐെസക്കിന്റെ നിലപാട് എന്തായിരുന്നു? കേന്ദ്ര കമ്മിറ്റിയിൽ വോട്ട് ചെയ്താൽ കേരളത്തിലെ പോളിറ്റ് ബ്യൂറോ അംഗങ്ങൾ വോട്ട് ചെയ്തതിന് എതിരാകുമെന്നുള്ളതുകൊണ്ട് ഡോ. ടി. എം. തോമസ് ഐസക് വളരെ ബുദ്ധിപൂർവ്വം വോട്ടിംഗിൽ പങ്കെടുക്കാതെ മടങ്ങുകയാണ് ചെയ്തത്. ശ്രീ. കെ. സുരേഷ് കുറുപ്പിന് ഇക്കാര്യങ്ങളെല്ലാം വളരെ വ്യക്തമായി അറിയാവുന്നത് കൊണ്ടാണ് അത്തരം കാര്യങ്ങൾ മറച്ചുവച്ചത്. ശ്രീ. കെ. സുരേഷ് കുറുപ്പ്, യെച്ചൂരി പക്ഷമാണെന്ന ആക്ഷേപമുള്ളതുകൊണ്ട് അത് മറച്ചുപിടിക്കാനായിരിക്കും അദ്ദേഹം മറുപക്ഷത്തിനുവേണ്ടി ഇപ്പോൾ അവസരവാദപരമായി വാദിക്കുന്നത്.

നിങ്ങൾക്ക് എവിടെ ബി.ജെ.പി.-യെ ചെറുക്കാൻ സാധിക്കുമെന്ന് അദ്ദേഹം ചോദിച്ചു. എന്നാൽ നിങ്ങളുടെ ബംഗാൾ ഘടകം അത് മനസ്സിലാക്കുന്നു, ബംഗാളിൽ നിങ്ങൾക്ക് ഒറ്റയ്ക്ക് സാധ്യമല്ല. ഗുജറാത്തിൽ നിങ്ങളുടെ പങ്കാളിത്തമെന്തായിരുന്നു? ഗുജറാത്ത് തെരഞ്ഞെടുപ്പ് റിസൾട്ടിന്റെ പിറ്റേദിവസത്തെ ദേശാഭിമാനി പത്രത്തിന്റെ എഡിറ്റോറിയൽ പേജും ഫ്രണ്ട് പേജും ഞാൻ കൗതുകപൂർവ്വം നിരീക്ഷിച്ചു. 'വർഗ്ഗീയ കക്ഷികൾ വിറച്ചു' എന്ന് ദേശാഭിമാനി റിപ്പോർട്ട് ചെയ്തുവെങ്കിൽ അവരുടെ എഡിറ്റോറിയൽ പേജിൽ 'മതേതര ഭാഗത്തിന്റെ വിജയം' എന്നാണ് റിപ്പോർട്ട് ചെയ്തത്. ദേശാഭിമാനി അങ്ങനെ റിപ്പോർട്ട് ചെയ്തെങ്കിൽ അത് മാർക്സിസ്റ്റ് പാർട്ടിയുടെ പങ്കാളിത്തം കൊണ്ടാണോ; മാർക്സിസ്റ്റ് പാർട്ടിയുടെ പങ്കാളിത്തം കൊണ്ടല്ല; മറിച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ, കോൺഗ്രസ് അദ്ധ്യക്ഷൻ ശ്രീ. രാഹുൽഗാന്ധിയുടെ നേതൃത്വത്തിൽ കോൺഗ്രസിന് കഴിഞ്ഞ രണ്ട് പതിറ്റാണ്ടിൽ കിട്ടാത്ത ചരിത്രപരമായ നേട്ടമാണ് ഗുജറാത്തിൽ കൈവരിക്കാൻ സാധിച്ചത്. ഗുജറാത്തിൽ കോൺഗ്രസ് ഭരണത്തിലേയ്ക്ക് എത്തിയതാണ്. രണ്ടായിരത്തിൽ താഴെയുള്ള വോട്ടുകൾക്ക് 13 സീറ്റുകളിലാണ് തോറ്റത്. ചെറിയ കക്ഷികൾ വോട്ട് ഭിന്നിപ്പിച്ചതുകൊണ്ടാണ് കോൺഗ്രസ് 13 സീറ്റുകളിൽ രണ്ടായിരത്തിൽ താഴെ വോട്ടുകൾക്ക് പരാജയപ്പെട്ടതെന്ന് ശ്രീ. സീതാറാം യെച്ചൂരി ഉൾപ്പെടെയുള്ള ഇന്ത്യയിലെ മതേതരവാദികൾ ദുഃഖിക്കുമ്പോഴാണ് കോൺഗ്രസിന്റെ പരാജയത്തിൽ ആഹ്ലാദിക്കുവാൻ മാർക്സിസ്റ്റ് പാർട്ടിയുടെ നേതാക്കൾ ഇവിടെ സമയം ചെലവഴിക്കുന്നത്. ഗോവയിലും മണിപ്പൂരിലും കോൺഗ്രസ് ഒന്നാം കക്ഷിയായി. എവിടെയായിരുന്നു സി.പി.ഐ.(എം)? അത് സി.പി.ഐ.(എം)-ന്റെ കേന്ദ്ര നേതൃത്വത്തിന് അറിയാം, അത് പാർട്ടി കോൺഗ്രസിൽ ഡിബേറ്റ് ചെയ്യാൻ പോകുന്ന വിഷയമാണ്. അത് ഇവിടെ ഞങ്ങൾക്കെതിരെ പറയേണ്ട ആവശ്യമില്ല.

നയപ്രഖ്യാപനത്തിലേയ്ക്ക് വരുമ്പോൾ, ശ്രീ. കെ. സുരേഷ് കുറുപ്പ് അതിനെക്കുറിച്ച് മിണ്ടാതെ മാറി നിന്നതെന്തുകൊണ്ടാണ്? ഈ സർക്കാരിന് ഒന്നും പറയാനില്ല. സാധാരണഗതിയിൽ ക്രമസമാധാനത്തെക്കുറിച്ചാണ് സർക്കാർ പറയേണ്ടത്. കഴിഞ്ഞ വർഷത്തെ നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണറെക്കൊണ്ട് പറയിച്ചതെന്താണ്? കഴിഞ്ഞ നയപ്രഖ്യാപന പ്രസംഗത്തിലെ പാരഗ്രാഫ് 226-ൽ ഇന്ത്യാ ടുഡെയിലെ ഒരു വാർത്തയാണ് ക്വാട്ട് ചെയ്തത്. ഒരു കൊല്ലം കഴിഞ്ഞ്, 2018-ലും ഇന്ത്യാ ടുഡെയെ തന്നെയാണ് ഗവർണർക്ക് ആശ്രയിക്കേണ്ടിവന്നത്. ക്രമസമാധാന കാര്യത്തിൽ മാറ്റമൊന്നും വന്നിട്ടില്ല. ഈയിടെ കണ്ണൂരിലെ ക്രമസമാധാനത്തെക്കുറിച്ച് കണ്ണൂർ ഐ.ജി. വാർത്താ

സമ്മേളനം നടത്തി ഒരു കണക്ക് അവതരിപ്പിച്ചു. 2017 വർഷത്തിൽ മാത്രം 501 രാഷ്ട്രീയസംഘർഷ കേസ്സുകളാണ് മുഖ്യമന്ത്രിയുടെ നാട്ടിൽ, ആഭ്യന്തരവകുപ്പുമന്ത്രിയുടെ നാട്ടിൽ, പാർട്ടി സെക്രട്ടറിയുടെ നാട്ടിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പങ്കാളിത്തത്തിൽ സി.പി.ഐ.(എം) ആണ് മുൻപന്തിയിലുള്ളത്. 208 കേസ്സുകളിലായി 963 പ്രതികൾ, ബി.ജെ.പി.-യും അടുത്തുവരുന്നുണ്ട്, 196 കേസ്സുകളിലായി 906 പ്രതികൾ, കോൺഗ്രസിനെതിരെ 6 കേസ്സുകളിലായി 14 പ്രതികൾ മാത്രമാണുള്ളത്. കേരളത്തിലെ ക്രമസമാധാനനിലയെന്താണ്; ആളുകൾക്ക് വീട്ടിൽ സ്വൈരമായി കിടന്നുറങ്ങാൻ സാധിക്കുന്നുണ്ടോ? മോഷണം, മോഷണത്തിനുവേണ്ടിയുള്ള കൊലപാതകങ്ങൾ, പിടിച്ചുപറി, ഭവനഭേദനം, ബലാത്സംഗം, കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ ഇതെല്ലാം കൂടിക്കൂടി വരികയാണ്. സമസ്തമേഖലയിലും പരാജയമാണ്. കഴിഞ്ഞ വർഷങ്ങളിൽ ഇവർ പറഞ്ഞത് അഴിമതി വിരുദ്ധ പ്രഖ്യാപനങ്ങളും പ്രസംഗങ്ങളുമായിരുന്നെങ്കിൽ ഈ നയപ്രഖ്യാപനത്തിൽ അഴിമതിയെക്കുറിച്ചൊന്നും പറയുന്നില്ല. കാരണം വിജിലൻസിനെ ഇവർ നോക്കുകുത്തിയാക്കി. വിജിലൻസിന് ഒരു ഡയറക്ടറുണ്ടോ എന്ന് കേരള ഹൈക്കോടതി പലപ്രാവശ്യം ചോദിച്ചപ്പോൾ മറുപടി പറയാൻ കഴിയാത്ത അത്രയേറെ നയരഹിത സമീപനമാണ് കേരള സർക്കാർ സ്വീകരിക്കുന്നത്. ഈ സർക്കാർ ജനവിരുദ്ധ നയങ്ങളാണ് പിന്തുടരുന്നത്. ജനവിരുദ്ധ നയങ്ങൾ തന്നെ തുടരുന്നതിനുള്ള പ്രഖ്യാപനമാണിത്. അതിന് നന്ദിരേഖപ്പെടുത്തുന്ന ഈ പ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുന്നു.

<u>ശ്രീ. എൽദോ എബ്രഹാം</u> : സർ, ബഹുമാനപ്പെട്ട കേരള ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തെ ഞാൻ പിന്തുണയ്ക്കുന്നു. പ്രഖ്യാപനങ്ങൾ മാത്രം നടത്തുന്ന സർക്കാരാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരെന്ന് വിമർശിച്ചുകൊണ്ടാണ് ശ്രീ. സണ്ണി ജോസഫ് പ്രസംഗമവസാനിപ്പിച്ചത്. പതിമൂന്നാം കേരള നിയമസഭയിൽ അന്നത്തെ കേരള ഗവർണർ ആർ. എസ്. ഗവായ്, 2011 ജൂൺ മാസം 24-ലെ അദ്ദേഹത്തിന്റെ നയപ്രഖ്യാപന പ്രസംഗത്തിലെ രണ്ടാമത്തെ ഖണ്ഡികയിൽ - കേവലം 38 ദിവസക്കാലംകൊണ്ട് ഈ സർക്കാർ 'അതിവേഗം, ബഹുദൂരം' മുന്നോട്ടുപോയിരിക്കുന്നുവെന്ന് പ്രതിപാദിക്കുകയുണ്ടായി. മാത്രവുമല്ല, പാരഗ്രാഫ് 2-ൽ നൂറുദിന കർമ്മപരിപാടിയിൽ മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിന്റെയും സ്വത്തുവിവരം പ്രഖ്യാപിക്കുമെന്ന് പറഞ്ഞു. അഞ്ചുവർഷക്കാലത്തെ യു.ഡി.എഫ്.-ന്റെ, ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള, ഭരണം പിന്നിടുമ്പോൾ അന്നത്തെ മന്ത്രിമാരും പേഴ്സണൽ സ്റ്റാഫിലുള്ളവരും അവരുടെ സ്വത്തുവിവരം പ്രഖ്യാപിച്ചിരുന്നോ എന്ന് അറിഞ്ഞാൽ കൊള്ളാം. മറ്റൊന്ന്, അന്നത്തെ നയപ്രഖ്യാപന പ്രസംഗത്തിന്റെ ഭാഗമായി

പറഞ്ഞ ഭ്രരഹിതരില്ലാത്ത കേരളം, പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കില്ല, പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കും, തരിശുനിലം കേരളത്തിൽ എവിടെയെങ്കിലുമുണ്ടെങ്കിൽ അവിടെയെല്ലാം ഞങ്ങൾ കൃഷിയിറക്കും എന്നുതുടങ്ങി അദ്ദേഹത്തിന്റെ പ്രസംഗം കടന്നുപോകുകയാണ്. പതിമൂന്നാം കേരള നിയമസഭയിൽ തന്നെ 2012 മാർച്ച് മാസം 1-ാം തീയതി ഗവർണ്ണർ ശ്രീ. എച്ച്. ആർ. ഭരദ്വാജിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ അഴിമതിക്ക് ഏറ്റവും നല്ല മറുമരുന്ന് സുതാര്യതയാണെന്നാണ് ആദ്യമേ തന്നെ പ്രതിപാദിച്ചിട്ടുള്ളത്. മാത്രവുമല്ല, സാധാരണക്കാരന് മനസ്സിലാക്കുവാൻ എല്ലാ വകുപ്പുകളിലെയും വിവരങ്ങളുടെ നിർബന്ധിത വെളിപ്പെടുത്തലുകൾ, വികസനവും കരുതലും അങ്ങനെ തുടങ്ങുന്ന ഈ രണ്ട് നയപ്രഖ്യാപന പ്രസംഗങ്ങളിലും ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിനെക്കുറിച്ചുള്ള പുകഴ്ത്തലുകൾ. നിങ്ങളുടെ നയപ്രഖ്യാപന പ്രസംഗത്തിലുള്ള ഏതെങ്കിലുമൊന്ന് കേരള സംസ്ഥാനത്ത് യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് നടപ്പാക്കിയോ എന്നുള്ള സ്വയം പരിശോധന ശ്രീ. സണ്ണി ജോസഫിനെപ്പോലെയുള്ളവർ നടത്തണമെന്നാണ് ഈയവസരത്തിൽ എനിക്ക് പറയുവാനുള്ളത്. ഇക്കഴിഞ്ഞ ഇരുപത് മാസങ്ങൾക്കപ്പുറത്ത് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ അധികാരത്തിൽ വരുമ്പോൾ കാലിയായ ബഡ്ജറ്റും കടുത്ത സാമ്പത്തിക ബാദ്ധ്യതയും അവശേഷിപ്പിച്ചുപോയ ഒരു കാലം ഞങ്ങൾ ഓർത്തുപോകുകയാണ്. കഴിഞ്ഞ ഇരുപതുമാസക്കാലത്തിനിടയിൽ ഒട്ടേറെ ജനപ്രിയ പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞുവെന്ന ആത്മവിശ്വാസവും സംതൃപ്തിയുമാണ് ഞങ്ങളെ സംബന്ധിച്ചിടത്തോളമുള്ളത്. നേരത്തെ ശ്രീ. കെ. സുരേഷ് കുറുപ്പ് പ്രതിപാദിച്ചതുപോലെ കേന്ദ്രത്തിലിരിക്കുന്ന ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ജനവിരുദ്ധ നയങ്ങളുമായി മുന്നോട്ടുപോകുകയാണ്. നോട്ട് നിരോധനവും ജി.എസ്.ടി.-യും ഉൾപ്പെടെയുള്ള നയങ്ങൾ കേരളം പോലുള്ള സംസ്ഥാനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. അങ്ങനെ നിരവധി പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുയരുന്നു. രാജ്യത്തിന്റെ സാമ്പത്തിക വളർച്ച 7.5 ശതമാനത്തിലേയ്ക്ക് താമസിയാതെ എത്തിച്ചേരുമെന്നാണ് ഇന്നലെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. രാജ്യത്തിന്റെ വളർച്ച എവിടെയാണ്? ഇന്ത്യയിലെ ഇടതുപക്ഷ പ്രസ്ഥാനം ആഗ്രഹിക്കുന്ന രാജ്യത്തിന്റെ വളർച്ച എന്നത്, പട്ടിണി കിടക്കുന്നവരുടെ പട്ടിണി മാറ്റുകയും കുടിവെള്ളക്ഷാമമുള്ളയിടത്ത് കുടിവെള്ളം ലഭ്യമാക്കുകയുമാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, കേരളത്തിന്റെ മുഖ്യമന്ത്രി മുൻ നിരയിലെ ആദ്യത്തെ സീറ്റിലാണ് ഇരിക്കുന്നത്. രണ്ടാമത്തെ സീറ്റിൽ ആളില്ലെങ്കിൽ കുഴപ്പമില്ല. ഞാൻ പലപ്പോഴായി ശ്രദ്ധിക്കുകയാണ്. ബഹുമാനപ്പെട്ട പിണറായി

വിജയൻ എപ്പോഴും രണ്ടാം നിരയിലുള്ള സീറ്റിൽ പോയാണ് ഇരിക്കുന്നത്. അങ്ങേയ്ക്ക് ഒന്നാം നിരയിലുള്ള സീറ്റ് കുഴപ്പമായി തുടങ്ങിയോ; ഇല്ലെങ്കിൽ അങ്ങ് ആ സീറ്റിൽ വന്നിരിക്കണം. ആർക്കും തൊട്ടടുത്ത് വന്നിരുന്ന് സംസാരിക്കാൻ കഴിയുന്ന സീറ്റ് ഒഴിഞ്ഞ് കിടക്കുകയാണ്. മുഖ്യമന്ത്രി ഒന്നാമത്തെ സീറ്റിൽ തന്നെ ഇരിക്കണം. ഞങ്ങളുടെ മുഖ്യമന്ത്രിയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ നാക്കിനെപ്പറ്റി പറയാനുള്ള കാര്യം ഇപ്പോൾ ഞാൻ പറയുന്നില്ല. ഞാൻ ഒരാളുമായി സംസാരിക്കാൻവേണ്ടി പിന്നിലേയ്ക്ക് പോയത് അദ്ദേഹം അവിടെനിന്ന് കണ്ടുകൊണ്ടിരിക്കുകയാണ്. അപ്പോഴാണ് അദ്ദേഹം വലിയ ഗൗരവമായി എന്തോ സംഭവിച്ചുവെന്ന തരത്തിൽ പറയുന്നത്. അങ്ങ് എത്രകാലമായി ഈ സഭയിൽ വന്നിട്ട്; സാധാരണ സഭയിൽ നടക്കുന്ന കാര്യമാണ് ഇതൊക്കെ.

ശ്രീ. എൽദോ എബ്രഹാം: സർ, കേന്ദ്ര ഗവൺമെന്റ് തുടരുന്ന ജനവിരുദ്ധ നയങ്ങൾക്കെതിരായി ശക്തമായ പോരാട്ടം സംഘടിപ്പിക്കുവാൻ ഇന്ത്യയിലെ ഇടതുപക്ഷം തയ്യാറെടുത്തിരിക്കുകയാണ്. രാജ്യത്തെ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തേണ്ടതുണ്ട്. പാവപ്പെട്ട മനുഷ്യരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുവാൻ കഴിയുമ്പോഴാണ് യഥാർത്ഥ വികസനം രാജ്യത്തുണ്ടാകുന്നത്. ബി.ജെ.പി. മേനി നടിക്കുകയാണ്. രാജ്യത്തെ സ്വകാര്യ കുത്തക മുതലാളിമാരെ പ്രോത്സാഹിപ്പിക്കുകയും പാവപ്പെട്ട കർഷകരുടെ ഭൂമി ഏറ്റെടുത്ത് കോർപ്പറേറ്റുകളെ സഹായിക്കുകയും ചെയ്യുന്ന നടപടിയുമായി പോകുമ്പോൾ അതിനെതിരെ ശക്തമായ ചെറുത്തുനിൽപ്പ് നമ്മുടെ രാജ്യത്ത് ഉണ്ടാകേണ്ടതുണ്ട്. ഇന്ന് രാജ്യം നേരിടുന്ന ശക്തമായ വെല്ലുവിളിയായി വർഗ്ഗീയത ഉയരുകയാണ്. പെട്രോളിന്റെയും ഡീസലിന്റെയും വില അനുദിനം വർദ്ധിപ്പിക്കുന്ന നടപടികളുമായി കേന്ദ്ര ഗവൺമെന്റ് പോകുമ്പോൾ അതിനെതിരെ ശക്തമായ പ്രതിരോധം തീർക്കേണ്ടതിന്റെ ആവശ്യകത ഉയരുകയാണ്. ഇന്ന് ജനുവരി 30-ാം തീയതിയാണ്. 1857 മുതൽ 1947 വരെയുള്ള ഒമ്പത് ദശാബ്ദക്കാലത്തെ ഇന്ത്യയുടെ സ്വാതന്ത്ര്യ സമര ചരിത്രം നമുക്കെല്ലാം ബോദ്ധ്യമുള്ളതാണ്. ആ സ്വാതന്ത്ര്യസമര ചരിത്രത്തിൽ ആയിരക്കണക്കിന് മനുഷ്യർ മുകളിൽ ആകാശവും താഴെ ഭൂമിയും എന്ന് കണ്ടുകൊണ്ട് സ്വാതന്ത്ര്യ സമ്പാദന പോരാട്ടത്തിൽ രക്തസാക്ഷികളായി. അവരുടെ അനുസ്മരണത്തിനുവേണ്ടി ഇന്ന് രാവിലെ പതിനൊന്ന് മണിക്ക് ചെയർ തീരുമാനിച്ചതനുസരിച്ച് എല്ലാവരും എഴുന്നേറ്റ് നിൽക്കുമ്പോൾ, എല്ലാ അംഗങ്ങളും സഭയിൽ ഉണ്ടായിരുന്നില്ലെങ്കിൽ പോലും ബി.ജെ.പി. അംഗം ശ്രീ. ഒ. രാജഗോപാൽ പതിനൊന്ന് മണി സമയത്ത് സഭയിൽ ഉണ്ടായിരുന്നില്ല. നാഥുറാം

ഗോഡ്സെയെ പോലുള്ള കാപാലികർ, ഗാന്ധിജിയെ വധിച്ച ഗോഡ്സെ, ആർ.എസ്.എസ്.-ന്റെ തനിനിറത്തിന് സഹായകരമായ നിലപാട് സ്വീകരിക്കുന്നതായി നമുക്ക് കാണാൻ കഴിയും. ആർ.എസ്.എസ്സും സംഘപരിവാറും ബി.ജെ.പി.യും എല്ലാം രാജ്യത്തിന്റെ ചരിത്രത്തെ വളച്ചൊടിക്കുകയാണ്. രാജ്യത്തിന്റെ ഐക്യത്തെ, ജനാധിപത്യ സ്വഭാവത്തെ, അഖണ്ഡതയെ, വൈവിദ്ധ്യങ്ങളെ, ഏകതയെ, മനുഷ്യരുടെ കൂട്ടായ്മയെ തുടങ്ങി സർവ്വതിനെയും തകർക്കുന്ന നിലപാടുകളും നടപടികളുമായി ബി.ജെ.പി. ഗവൺമെന്റ് പോകുമ്പോൾ, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് തടസ്സം സൃഷ്ടിക്കുന്ന നിലയിലേയ്ക്ക് പോകുമ്പോൾ, അതിനെയെല്ലാം അതിജീവിച്ചുകൊണ്ട് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ശക്തമായ ചുവടുവയ്പുമായി മുന്നോട്ട് പോവുകയാണ്. ധാരാളം പ്രതിസന്ധികളെയും സാമ്പത്തിക ബുദ്ധിമുട്ടുകളെയും ഈ സർക്കാർ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. അവയെല്ലാം അഭിമുഖീകരിച്ചുകൊണ്ട് കേരളത്തിൽ വലിയ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞുവെന്നുള്ളത് ചെറിയ കാര്യമല്ല. ക്രമസമാധാനനിലയുടെ കാര്യത്തിൽ വലിയ തകർച്ചയും കുഴപ്പവും ഉണ്ടായി എന്നാണ് ശ്രീ. സണ്ണി ജോസഫ് സൂചിപ്പിച്ചത്. യഥാർത്ഥത്തിൽ മാനവവികസന സൂചികയിൽ കേരളം ഒന്നാമതാണ്. ശിശുമരണ നിരക്കിന്റെ കാര്യത്തിൽ ലോകവികസിത രാജ്യമായ അമേരിക്ക 5.1 ശതമാനം ആണെങ്കിൽ കേരളം 5 ശതമാനത്തിൽ നിൽക്കുകയാണ്. ഉത്തർപ്രദേശ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ശിശുമരണനിരക്ക് വർദ്ധിച്ചിരിക്കുകയാണ്. അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. കേരളത്തിന്റെ സമസ്ത മേഖലകളിലും മാറ്റം സൃഷ്ടിക്കാൻ കഴിഞ്ഞ 20 മാസക്കാലത്തിനിടയിൽ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ചരിത്രപരമായ നേട്ടമായെടുക്കാം. ലൈഫ് പദ്ധതി ഉൾപ്പെടെയുള്ള വിവിധ മിഷനുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു കൊണ്ടിരിക്കുന്നു. കേരളത്തിന്റെ വിദ്യാഭ്യാസ-ആരോഗ്യ-കാർഷിക മേഖല ഉൾപ്പെടെ സമസ്ത മേഖലകളിലും മാറ്റങ്ങളുടെ കാറ്റ് ഇന്ന് ആഞ്ഞടിച്ചു കൊണ്ടിരിക്കുകയാണ്. മെഡിക്കൽ കോളേജുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. ഈ ഗവൺമെന്റ് 20 മാസക്കാലത്തിനിടയിൽ നാലായിരത്തിലധികം തസ്തികകൾ സൃഷ്ടിച്ചു. ഈ ഗവൺമെന്റിന്റെ ആദ്യത്തെ ഒരു വർഷക്കാലത്തിനിടയിൽ രണ്ടുലക്ഷത്തി പതിനായിരത്തോളം ആളുകൾക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുള്ളത് വലിയ നേട്ടമാണ്. വിദ്യാഭ്യാസ രംഗത്തെ കച്ചവടക്കാർക്ക് കൂച്ചുവിലങ്ങിടാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. വിദ്യാഭ്യാസം കച്ചവടവത്കരിക്കുകയും വാണിജ്യവത്കരിക്കുകയും വിദ്യാഭ്യാസത്തെ തീറെഴുതുകയും ചെയ്ത ഭൂതകാലം

കേരളത്തിൽ ഉണ്ടായിരുന്നുവെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനെത്തുടർന്ന് വിദ്യാഭ്യാസ വകുപ്പിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചു. കൃഷി കേരളത്തിന്റെ സാമ്പത്തിക അടിത്തറയുടെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ്. കാർഷിക മേഖലയിൽ ഊന്നിക്കൊണ്ടുള്ള നിരവധി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞു. കഴിഞ്ഞ ബഡ്ജറ്റിന്റെ ശീർഷകത്തിൽ കൃഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ചാൽ കാർഷിക മേഖലയ്ക്ക് ഈ ഗവൺമെന്റ് എത്രത്തോളം പ്രാധാന്യം നൽകുന്നുവെന്ന് മനസ്സിലാകും.

12.00 Noon]

കർഷകർക്ക് നാല് ശതമാനം പലിശയ്ക്ക് വായ്പ നൽകുന്നതിനും ഹരിത കാർഡ് കൊടുക്കുന്നതിനും തീരുമാനിച്ചു. വിള ഇൻഷ്വറൻസ് നഷ്ടത്തിനുള്ള പരിഹാരം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. 25,000 ഏക്കറിലധികം സ്ഥലത്ത് വീണ്ടും നെൽകൃഷി പുനരാരംഭിക്കാൻ കഴിഞ്ഞു. കേരളത്തിന്റെ കാർഷിക മേഖലയിൽ വലിയ മാറ്റം വരുത്തി. പരിസ്ഥിതിയെ സംരക്ഷിക്കേണ്ടത് ഒരു ഗവൺമെന്റിന്റെ ഏറ്റവും വലിയ കടമയും കർത്തവ്യവും ആണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് കേരളത്തിന്റെ പാരിസ്ഥിതിക മേഖലയിൽ നിരവധി ഇടപെടലുകൾ നടത്തി. 141 പഞ്ചായത്തുകളിൽ 'ജലസുഭിക്ഷ കിണർ നിറയ്ക്കൽ പദ്ധതി' നടപ്പാക്കാനും മണ്ണും ജലവും സംരക്ഷിക്കുവാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകാനും കഴിഞ്ഞു. ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിൽ വിശപ്പില്ലാ കേരളം പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞു. 13 ഇനം ഉത്പന്നങ്ങൾക്ക് മാവേലി സ്റ്റോറിൽ വില വർദ്ധിപ്പിക്കേണ്ടെന്നതുൾപ്പെടെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ 35 ഇന പ്രകടന പത്രികയിലെ വാഗ്ദാനങ്ങളെല്ലാം തന്നെ നടപ്പിലാക്കിവരികയാണ്. കേരളത്തിന്റെ സമസ്ത മേഖലകളിലുമുള്ള ഇടപെടലുകൾ ശക്തമാണ്. പൊതുമരാമത്ത് വകുപ്പ് നവീന സാങ്കേതിക വിദ്യകളെ പ്രയോജനപ്പെടുത്തി അഴിമതിമുക്തമാക്കി മാറ്റുവാൻ കഴിഞ്ഞു. 'പുതിയ കാലത്ത് പുതിയ നിർമ്മാണം' എന്ന ക്യാപ്ഷൻ ഉയർത്തിക്കൊണ്ട് പൊതുമരാമത്ത് വകുപ്പിനെ ഏറ്റവും നല്ല നിലയ്ക്ക് മുന്നോട്ട് കൊണ്ടുപോകുവാൻ കഴിഞ്ഞു. രാജ്യത്ത് ആദ്യമായാണ് പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റ് കൊണ്ടുവന്നത്. അത് ഇന്ന് കേരളത്തിന് അവകാശപ്പെട്ടതാണ്. ഗുണമേന്മയുള്ള റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ വേണ്ടിയുള്ള നിരവധി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സി.ആർ.എഫ്., നബാർഡ് ഫണ്ടുകളും പി.എം.ജി.എസ്.വൈ. റോഡുകളും കേരളത്തിന്റെ തനത് ഫണ്ടുകളുമെല്ലാം ഉപയോഗപ്പെടുത്തി കേരളത്തിന്റെ റോഡുകൾ അനുയോജ്യമായ/സഞ്ചാരയോഗ്യമായ നിലയിൽ ഏറ്റവും മികച്ച നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്ന എന്നുള്ളത്

ചെറിയ കാര്യമല്ല. കേരളത്തിന്റെ മണ്ണിൽ ജനങ്ങളുടെ സ്വപ്നങ്ങളും പ്രതീക്ഷകളും യാഥാർത്ഥ്യമാക്കുന്നതിലേയ്ക്കായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്ന ഘട്ടത്തിലാണ് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം കഴിഞ്ഞദിവസം നടന്നത്. നയങ്ങളുടെ പ്രഖ്യാപനം നടത്തുമ്പോൾ, കഴിഞ്ഞകാലത്തെ പ്രവർത്തനങ്ങളുടെ വിലയിരുത്തലുകൾ നടത്തുമ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇന്ത്യയിൽ ഏറ്റവും മികച്ച നിലയിൽ ഭരിക്കുന്ന ഗവൺമെന്റാണെന്ന് പറയുന്നത് യു.ഡി.എഫ്. അല്ല, കേരളത്തിലെ ബഹുജനങ്ങൾ ഒന്നടങ്കം പറയുന്നുവെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. സി. കൃഷ്ണൻ: സർ, ഇവിടെ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ സർവ്വാത്മന പിന്താങ്ങുന്നു. കഴിഞ്ഞ ഇരുപത് മാസക്കാലമായി കേരളീയ സമൂഹത്തിന്റെ പ്രതീക്ഷകളുയർത്തിക്കൊണ്ട് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത വിധത്തിൽ ഈ കാലത്ത് നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ ഒട്ടേറെയാണ്. അതെല്ലാം ഇപ്പോൾ ഇവിടെ വിശദീകരിക്കാൻ സാധിക്കുന്നതല്ല. പ്രതിപക്ഷത്തുനിന്നും സംസാരിച്ച ശ്രീ. സണ്ണി ജോസഫ് ക്രമസമാധാനപാലനത്തിന്റെ കാര്യം ഇവിടെ പരാമർശിക്കുകയുണ്ടായി. ക്രമസമാധാനപാലനത്തിന്റെ കാര്യത്തിൽ കേരളം ഇന്ത്യക്കുമാത്രമല്ല, ലോകത്തിനുതന്നെ മാതൃകയാകത്തക്ക നിലയിലുള്ള നടപടികളുമായിട്ടാണ് മുന്നോട്ട് പോകുന്നത്. എന്നാൽ ചില ശക്തികൾ ആ ക്രമസമാധാനം തകർക്കുന്നതിനുള്ള പരിശ്രമങ്ങൾ തുടർച്ചയായി നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് അക്രമത്തിനും വർഗ്ഗീയത പരത്തുന്നതിനുമുള്ള വലിയ പ്രചാരവേലകൾ കേരളത്തിൽ നടത്തിയത്. മതസൗഹാർദ്ദത്തിന് കേളികേട്ട നാടാണ് കേരളം. എന്നുമാത്രമല്ല കേരളം ഇന്ന് ഇന്ത്യക്ക് മാത്രമല്ല ലോകത്തിനുതന്നെ മാതൃകയാണെന്ന് രാഷ്ട്രപതി ശ്രീ. രാംനാഥ് കോവിന്ദ് തിരുവനന്തപുരത്ത് വന്ന് പ്രസംഗിച്ചത് നമ്മുടെയെല്ലാം ശ്രദ്ധയിൽപ്പെട്ടതാണ്. ഈ സാഹചര്യം മാറ്റിയെടുക്കുന്നതിനും തകർക്കുന്നതിനുമുള്ള പരിശ്രമങ്ങൾ ഇവിടെ നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ കരുത്തും ജനങ്ങളുടെ മതനിരപേക്ഷതയോടുള്ള കൂറും മനഃസ്സാക്ഷിയുമാണ് ഇതിനിടയാക്കിയിട്ടുള്ളത്. ഏതെങ്കിലും ഒരു പ്രദേശത്ത് വർഗ്ഗീയത ഇളക്കിവിടാൻ ശ്രമിച്ചാൽ ജനങ്ങൾ സമ്മതിക്കില്ല. അതുകൊണ്ടാണ് ഇക്കാലത്ത് കേരളത്തിലെങ്ങും കലാപങ്ങളില്ലാതിരുന്നത്. വർഗ്ഗീയതയ്ക്കെതിരായി ജനങ്ങൾ ഒന്നിച്ച് അണിനിരക്കുന്ന കാഴ്ച ഇവിടെ കാണാൻ സാധിക്കും. അത്

കേരളം കൈവരിച്ചിട്ടുള്ള നേട്ടങ്ങളാണെന്ന് നാം കാണേണ്ടതായിട്ടുണ്ട്. അത് ഇനിയും ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്. അതിനനുകൂലമായ നിലപാടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്.

1990-കളിൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള നരസിംഹറാവു ഗവൺമെന്റിന്റെ കാലത്താണ് നവലിബറൽ സാമ്പത്തിക നയങ്ങൾ ഇവിടെ നടപ്പിലാക്കിയത്. ആ നയം നമ്മുടെ രാജ്യത്തെ നാശത്തിലേയ്ക്കാണ് നയിച്ചത്. ശ്രീ. നരേന്ദ്ര മോദി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആ നയങ്ങൾ തീവ്രതയോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. അതിനെതിരായി കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലുമെല്ലാം വലിയ തോതിലുള്ള പ്രതിഷേധവും അമർഷവുമാണ് വളർന്നുവരുന്നതെന്ന് കാണാൻ സാധിക്കും. അതിന്റെ ഭാഗമായിട്ടാണ് കഴിഞ്ഞ നവംബർ മാസത്തിൽ രാജ്യം കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ തൊഴിലാളി പ്രക്ഷോഭം ഡൽഹിയിൽ നടന്നത്. ആ സമരങ്ങൾ ഇപ്പോൾ ശക്തിപ്പെട്ട് വരികയാണ്. ഈ നയങ്ങളെ ചെറുത്ത് പരാജയപ്പെടുത്തുന്നതിനായി, ഈ നയങ്ങൾ സൃഷ്ടിച്ചിട്ടുള്ള കെടുതികളെ അതിജീവിക്കാനായി സാമ്പത്തിക-സാമൂഹിക മേഖലകളിൽ ബദൽ നയങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നതിനാണ് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിനെ ആർക്കും നിഷേധിക്കാൻ കഴിയില്ല. നയങ്ങൾ പ്രഖ്യാപിക്കുക മാത്രമല്ല എൽ.ഡി.എഫ്.-ന്റെ തെരഞ്ഞെടുപ്പ് പ്രകടന പത്രികയിലും നയപ്രഖ്യാപനത്തിലും ബഡ്ജറ്റ് പ്രസംഗത്തിലുമെല്ലാം പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനാണ് ഈ ഗവൺമെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ കാലയളവിൽ നിരവധി പദ്ധതികൾ നടപ്പിലാക്കിയതായി കാണാൻ സാധിക്കും. രാജ്യത്ത് ആദ്യമായി സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമായും വെളിയിട വിസർജ്ജ്യമുക്ത കേരളമായും നമ്മുടെ സംസ്ഥാനത്തെ മാറ്റിയെടുക്കാൻ സാധിച്ചു. ഇപ്പോഴും അതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ തുടർന്നുകൊണ്ടിരിക്കുകയാണ്.

സാധാരണ ജനങ്ങളുടെ ജീവിത ദുരിതങ്ങൾക്ക് പരിഹാരം കാണുന്നതിനും വികസനം സാദ്ധ്യമാക്കുന്നതിനുമുള്ള ബൃഹത്തായ പദ്ധതികളുമായി ഈ സർക്കാർ മുന്നോട്ട് പോകുകയാണ്. അതിന്റെ ഭാഗമായി നവകേരള സൃഷ്ടിക്കുവേണ്ടി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളെല്ലാം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. മണ്ണും ജലവുമൊക്കെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള 'ഹരിതകേരളം പദ്ധതി' വലിയ ആവേശത്തോടെ ആളുകൾ മുന്നോട്ടുവന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

വിദ്യാഭ്യാസ മേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ സംരക്ഷിക്കുന്നതിനും പുതിയ നേട്ടങ്ങൾ എത്തിപ്പിടിക്കുന്നതിനുമുള്ള ബൃഹത്തായ

പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുഭാഗത്ത് നടന്നുകൊണ്ടിരിക്കുകയാണ്. 'എല്ലാവർക്കും വീട്' എന്ന പദ്ധതി വെറും പ്രഖ്യാപനം മാത്രമായിട്ടല്ല സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള പരിപാടികൾ തദ്ദേശ സ്വയംഭരണസ്ഥാപന തലത്തിലും മറ്റ് മേഖലകളിലുമെല്ലാം ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മക നടപടികളുമായും മുന്നോട്ട് പോകുകയാണ്.

ആരോഗ്യ മേഖലയിൽ ഒരു കാലത്ത് കേരളത്തിന് സ്വന്തമായിരുന്ന 'ആരോഗ്യ പരിരക്ഷ പദ്ധതി' ഇല്ലാതാക്കുന്ന ഒരവസ്ഥ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ നമ്മുടെ ഗ്രാമീണ മേഖലകളിലെല്ലാം കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആരംഭിച്ചുകൊണ്ട് ജനങ്ങൾക്ക് വലിയ തോതിൽ ആശ്വാസം നൽകുന്ന പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുക യാണ്. അങ്ങനെ ജനങ്ങളുടെ സഹകരണത്തോടെയും പങ്കാളിത്തത്തോടെയും വിവിധ മേഖലകളിലായി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളെല്ലാം നടപ്പിലാക്കി മുന്നോട്ട് പോകാനാണ് ഇപ്പോൾ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ ഗവൺമെന്റ് കേവലം പ്രഖ്യാപനങ്ങൾ മാത്രമല്ല അത് ഓരോന്നും നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. ഏതെങ്കിലുമൊരു പ്രഖ്യാപനം ഗവൺമെന്റ് ഒഴിവാക്കിയെന്ന് പറയാൻ സാധിക്കില്ല. തൊഴിൽരഹിതരായ അഭ്യസ്തവിദ്യരായ ധാരാളം ആളുകൾ ഇവിടെയുണ്ട്. അവർ വലിയ പ്രതീക്ഷയുമായാണ് മുന്നോട്ടുപോകുന്നത്. ഈ ഗവൺമെന്റിന്റെ 20 മാസക്കാലത്തിനിടയിൽ അയ്യായിരത്തോളം പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പി.എസ്.സി. മുഖേന നിയമനം നടത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് മലയാള മനോരമ എഴുതിയ മുഖപ്രസംഗത്തിൽ ഇത് സർക്കാരിന്റെ ധൂർത്താണെന്നാണ് പറഞ്ഞത്. ഇതുസംബന്ധിച്ച് എന്താണ് നിങ്ങളുടെ അഭിപ്രായം? ജോലിയില്ലാത്ത ആളുകൾക്ക് ജോലി കൊടുക്കാൻ സാധിച്ചു. അതിനുവേണ്ടി നിയമനം നടത്താൻ പുതിയ തസ്തികകൾ സൃഷ്ടിച്ചതിനെ സംബന്ധിച്ച് ഒരു പത്രത്തിൽ വന്ന വാർത്ത അത് ധൂർത്താണെന്നാണ്. അതുസംബന്ധിച്ച് അഭിപ്രായങ്ങൾ പറയേണ്ടതായിട്ടുണ്ട്. യഥാർത്ഥത്തിൽ ജനങ്ങളുടെ ആവശ്യങ്ങൾ നടപ്പാക്കിക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നതെന്ന കാര്യം നമുക്കറിയാൻ സാധിക്കും.

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ തൊഴിലാളികളുടെ ആശാ കേന്ദ്രമായി, അവർക്ക് പ്രത്യാശ നൽകുന്ന നിരവധി പദ്ധതികളുമായി ഈ ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം നൽകുന്ന പദ്ധതി വെറും പ്രഖ്യാപനം മാത്രമല്ല. ഇതിനാവശ്യമായ തുണി കഴിഞ്ഞ തവണ കൂടുതൽ ഉല്പാദിപ്പിക്കാൻ സാധിച്ചില്ല. ഇത്തവണ കൂടുതൽ ഉല്പാദിപ്പിക്കുന്നതിന് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കൈത്തറി ഉൾപ്പെടെയുള്ള പരമ്പരാഗത മേഖലകളിലെ തൊഴിലാളികൾക്ക് ആശ്വാസം നൽകുന്ന നടപടികളുമായി ഈ സർക്കാർ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ വിധത്തിൽ നയപ്രഖ്യാപനത്തിലടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കി മുന്നോട്ട് പോകുന്നതിന് കഠിനമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന പ്രതിജ്ഞാബദ്ധമായ ഗവൺമെന്റാണ് ഇവിടെയുള്ളതെന്ന കാര്യം നമുക്കെല്ലാവർക്കുമറിയാം. ആ നിലയ്ക്ക് ബഹുമാനപ്പെട്ട ഗവർണർ ഇവിടെ അവതരിപ്പിച്ച നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയത്തെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ വായിച്ചതും വായിക്കാത്തതുമായ 99 ഖണ്ഡികകളിലായി പൊള്ളയല്ലാതെ കാര്യമായിട്ടൊന്നുമില്ല. വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും ലോകത്തിലെ വികസിത രാജ്യങ്ങൾക്കൊപ്പം കേരളമെത്തി എന്നുള്ളതാണ് അഭിമാനകരമായി നയപ്രഖ്യാപനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. യു.ഡി.എഫ് ഗവൺമെന്റ് വിദ്യാഭ്യാസരംഗത്തും ആരോഗ്യമേഖലയിലുമുണ്ടാക്കിയ നേട്ടങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ നേട്ടങ്ങളെക്കാൾ അഭിമാനിക്കാൻ ഏറെ വകയുള്ളതാണ്. മുൻ യു.ഡി.എഫ്. ഗവൺമെന്റുകൾ ഉണ്ടാക്കിയ നേട്ടങ്ങൾ കാരണമാണ് ഈ നിലയിൽ എത്തിക്കാൻ കഴിഞ്ഞത്. അതേസമയം ഇന്ത്യയിൽ ക്രമസമാധാനപാലന രംഗത്ത് മികച്ച നേട്ടം കൈവരിച്ചുവെന്ന് ചൂണ്ടിക്കാണിക്കാൻ കൂട്ടുപിടിച്ചിരിക്കുന്നത് 'ഇന്ത്യ ടുഡേ' -യുടെ സർവ്വേ റിപ്പോർട്ടാണ്. കേരളത്തിലെ ക്രമസമാധാനനിലയെക്കുറിച്ച് നമുക്കെല്ലാവർക്കുമറിയാം. കേരളത്തിലെ ഒരു കോളേജിലും നേരാംവണ്ണം ക്ലാസ്സുകളൊന്നും നടക്കുന്നില്ലെന്ന് മാത്രമല്ല, അവിടെയൊക്കെ എസ്.എഫ്.ഐ.യുടെ നരനായാട്ടാണ് നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിലെ കലാലയങ്ങളിൽ എസ്.എഫ്.ഐ.യുടെ കൊടിയല്ലാതെ മറ്റൊരു കൊടിയും സ്ഥാപിക്കാൻ പാടില്ലെന്നുള്ളതാണ് അലിഖിതമായ നിയമം. അങ്ങനെ ആരെങ്കിലും സ്ഥാപിച്ചാൽ സ്ഥാപിക്കുന്ന ആളിന്റെ പാർട്ടി ഓഫീസ് തകർക്കും. കേരളത്തിലെ ജനങ്ങൾക്ക് സംരക്ഷണം കൊടുക്കാൻ കഴിയുന്നില്ലെന്ന് മാത്രമല്ല

കേരളത്തിലെ പാർട്ടി ഓഫീസുകൾക്കുപോലും സംരക്ഷണമില്ലാത്ത അവസ്ഥയാണുള്ളത്. ഇതിനൊക്കെ പോലീസ് കൂട്ടുനിൽക്കുന്നുവെന്നുള്ളതാണ് കേരളത്തിലെ ക്രമസമാധാന നിലയെക്കുറിച്ച് എനിക്ക് പറയാനുള്ളത്.

ഈ നയപ്രഖ്യാപനത്തിൽ ഒന്നരക്കൊല്ലം ഭരണം ആസ്വദിച്ചപ്പോഴേയ്ക്കും അഴിമതിയെക്കുറിച്ചും കള്ളപ്പണക്കാരെക്കുറിച്ചും കായൽ കയ്യേറ്റക്കാരെയും വനം കയ്യേറ്റക്കാരെയുംകുറിച്ചും ഒന്നും പറയുന്നില്ല. കേരളത്തിലെ ദുർബല ജനവിഭാഗങ്ങൾക്കോ പിന്നോക്ക-ന്യൂനപക്ഷ വിഭാഗങ്ങൾക്കോ ആശ്വാസകരമായി യാതൊന്നും പറയുന്നില്ല. ന്യൂനപക്ഷ-പിന്നോക്ക വിഭാഗങ്ങൾക്ക് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ നിലപാടുകളിൽ ആശങ്കയാണുള്ളത്. ഇന്നും മുസ്ലീം യൂത്ത് ലീഗിന്റെ സംസ്ഥാന പ്രസിഡന്റ് സെയ്ദ് മുനവറലി ശിഹാബ് തങ്ങളുടെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിന് മുന്നിൽ സമരം നടത്തുകയാണ്. ആ സമരത്തിനാധാരമായത് കേരളത്തിലെ ന്യൂനപക്ഷങ്ങളുടെയും പിന്നോക്ക ജനവിഭാഗങ്ങളുടെയും ആശങ്കയാണ്. ഈ ഗവൺമെന്റിന്റെ നിലപാടുകൾക്കെതിരായിട്ടാണ് സമരം. ദേവസ്വം ബോർഡിൽ 10 ശതമാനം സംവരണം കൊണ്ടുവരുമെന്നാണ് ഗവൺമെന്റ് പറഞ്ഞിട്ടുള്ളത്. അത് ദേവസ്വം ബോർഡിൽ മാത്രമല്ല, ഭരണഘടനാ അമെന്റ്മെന്റ് വഴി ഇന്ത്യയിലാകമാനം കൊണ്ടുവരാൻ ഞങ്ങൾ ശ്രമിക്കുമെന്നാണ് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞിട്ടുള്ളത്. ഭരണഘടനയിൽ പറഞ്ഞിരിക്കുന്നത് സാമ്പത്തിക സംവരണമല്ല, സാമുദായിക സംവരണമാണ്. ഭരണഘടനയുടെ 16(4), 16(5)-ലും സാമൂഹികപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് സാമുദായിക സംവരണം നടപ്പിലാക്കാമെന്ന് പറയുന്നതിൽ ഒരിടത്തും സാമ്പത്തിക സംവരണം പറഞ്ഞിട്ടില്ല. മാത്രമല്ല, 1992-ലെ ഇന്ദിരാ സാഹ്നി കേസിൽ സുപ്രീംകോടതി സാമ്പത്തിക സംവരണം തെറ്റാണെന്ന് കൃത്യമായി പറഞ്ഞിട്ടുണ്ട്. എന്നിട്ടുപോലും കേരളത്തിൽ ന്യൂനപക്ഷ-പിന്നോക്ക-ദളിത് വിഭാഗങ്ങളെ ആശങ്കപ്പെടുത്തിക്കൊണ്ട് ദേവസ്വം ബോർഡിൽ സാമ്പത്തിക സംവരണം നടപ്പിലാക്കുമെന്നാണ് ഈ ഗവൺമെന്റ് പറഞ്ഞിട്ടുള്ളത്. മാത്രമല്ല, കെ.എ.എസ്. (കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്) എന്ന പുതിയ സർവ്വീസുണ്ടാക്കി മൂന്ന് കേഡറുകളിലായി നിയമനം നടക്കുമ്പോൾ ഒന്നാമത്തെ കേഡറിൽ മാത്രമാണ് സംവരണം പറഞ്ഞിട്ടുള്ളത്. നമുക്കെല്ലാവർക്കുമറിയാം, ഡി.ഇ.ഒ. വരെ എത്തുന്ന അഡ്മിനിസ്ട്രേറ്റീവ് കേഡറിൽ വരുന്ന തലങ്ങളിലൊക്കെ നേരത്തെ പ്രൊമോഷനും ഐ.എ.എസ്. അടക്കമുള്ള കാര്യങ്ങളിലുമൊക്കെ പിന്നോക്ക-ദളിത് വിഭാഗങ്ങൾക്ക് സംവരണവും കൊടുത്തിരുന്നു. എന്നാൽ ഇപ്രാവശ്യം ഏറ്റവും ഉയർന്ന ഉദ്യോഗതലങ്ങളിൽ ഭരണനിർവ്വഹണത്തിന്റെ

ഘട്ടങ്ങളിലേയ്ക്ക് നൂറ് ആളുകൾക്ക് നിയമനം കൊടുക്കുമ്പോൾ അതിൽ 16.33 ശതമാനം മാത്രമാണ് സംവരണം. ദളിത്-ന്യൂനപക്ഷ-പിന്നോക്ക വിഭാഗങ്ങൾക്കായി സംവരണം നിജപ്പെടുത്തിയിരിക്കുന്നുവെന്നുള്ളതാണ് ഇന്ന് സെക്രട്ടേറിയറ്റിൽ നടക്കുന്ന സമരത്തിനാധാരമായിട്ടുള്ള മറ്റൊരു വിഷയം.

ഇന്ത്യയിലും കേരളത്തിലും നിരവധി കമ്മീഷനുകൾ വന്നിട്ടുണ്ട്. ആ കമ്മീഷനുകളൊക്കെ സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് സംവരണം കൊടുക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. 2005-ൽ വന്ന നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്, കേരളത്തിലെ എല്ലാ ജനവിഭാഗങ്ങളും ചിന്തിക്കുന്ന വിധത്തിലുള്ള, പിന്നോക്കവിഭാഗങ്ങൾക്ക് ഉദ്യോഗസ്ഥ തലങ്ങളിലെത്തിപ്പെടാൻ കഴിയാത്ത ഡാറ്റയാണ് അവർ സമർപ്പിച്ചിട്ടുള്ളത്. കേരളത്തിൽ മുസ്ലീങ്ങൾ 26.7 ശതമാനമുണ്ട്. എന്നാൽ കേരളത്തിലെ ഉദ്യോഗസ്ഥതലങ്ങളിൽ ഇപ്പോൾ 9.8 ശതമാനം മാത്രമാണ് മുസ്ലീംങ്ങളുള്ളത്. എസ്.സി.-വിഭാഗത്തിന്റെ സ്ഥിതിയും അതുതന്നെയാണ്. എന്നുമാത്രമല്ല, ആ സാമുദായിക സംവരണമാണ് ഏക ആശ്വാസമെങ്കിലും അതുപോലും വേണ്ടായെന്നുള്ള നിലപാട് ഗവൺമെന്റ് എടുക്കുകയാണ്. സാമ്പത്തിക സംവരണം എന്നതിൽ ഗവൺമെന്റ് പറഞ്ഞിരിക്കുന്നത്, മുന്നോക്ക വിഭാഗങ്ങളുടെ കൂട്ടത്തിൽ കഷ്ടപ്പെടുന്ന കുറേ ആളുകളുണ്ടെന്നാണ്. സംവരണത്തിന്റെ താല്പര്യം - ഭരണഘടനയുടെ താല്പര്യം ഒരിക്കലും ദാരിദ്ര്യ നിർമ്മാർജ്ജനമല്ല. സംവരണമെന്നു പറയുന്നത്, ചരിത്രപരമായ കാരണങ്ങളാൽ പിന്നോക്കം തള്ളപ്പെട്ടുപോയ ജനവിഭാഗങ്ങളെ ഉദ്യോഗനിയമനങ്ങളിൽ/ ഭരണതലങ്ങളിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗമാണ്, അത് കേവലം ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമല്ല; ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് വേറെ സ്കീമുകളാണ് വേണ്ടത്. ദാരിദ്ര്യം എന്നുപറയുന്നത് പിന്നോക്കവിഭാഗങ്ങളുടെ ഇടയിലും മുന്നോക്ക വിഭാഗങ്ങളിലും ഒരുപോലെയുള്ളതാണ്. സംവരണത്തെ തന്നെ ഏറ്റവും ചെറുതാക്കുന്ന രീതിയിലാണ് ഗവൺമെന്റ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. ഇത് ന്യൂനപക്ഷങ്ങളെയും ദളിത്-പിന്നോക്ക വിഭാഗങ്ങളെയും ആശങ്കപ്പെടുത്തുകയാണ്.

ഗവൺമെന്റ് ആദ്യം ദേവസ്വം ബോർഡിന്റെയും വഖഫ് ബോർഡിന്റെയും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ ഹിന്ദു സംഘടനകളും മറ്റും മുഖ്യമന്ത്രിയെ കണ്ടപ്പോൾ, അതിൽ ഞങ്ങൾക്ക് പരാതിയില്ല; അത് വിശ്വാസപരമായ കാര്യങ്ങളാണ്. അതുകൊണ്ട് അഞ്ച് ദേവസ്വം ബോർഡുകളിലും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുതന്നെ നിയമനം നടത്തട്ടെ എന്നാണ് പറഞ്ഞത്. വഖഫ് ബോർഡിൽ മാത്രം എന്തിനാണ് ഈ ഇരട്ടത്താപ്പ്?

വഖഫ് ബോർഡിലെ നിയമനം മാത്രം ഗവൺമെന്റ് പി.എസ്.സി.-ക്ക് വിടുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡോ. കെ. ടി. ജലീലിന്റെ വാക്ക് മാത്രം വിശ്വാസത്തിലെടുത്ത് മുന്നോട്ടുപോയാൽ മതിയോ? മുസ്ലീങ്ങളുടെ മതപരമായ വിശ്വാസത്തിന്റെ പേരിൽ കൊടുത്തിരിക്കുന്ന സ്വത്തുക്കളുടെ പരിരക്ഷണവും മറ്റുമാണ് വഖഫ് ബോർഡിന്റെ ചുമതല. അവിടെയുള്ള ആളുകൾ വിശ്വാസപരമായി മുസ്ലീങ്ങൾ തന്നെയാകണമെന്നുള്ളതുകൊണ്ട് അത് ഒരിക്കലും വിട്ടുകൊടുക്കരുതെന്ന് പറഞ്ഞിട്ടുണ്ട്. പി.എസ്.സി.-ക്ക് മുസ്ലീങ്ങൾക്ക് മാത്രമായി നിയമനം നടത്താൻ ഒരിക്കലും കഴിയുകയില്ല. പി.എസ്.സി.ക്ക് അതിന്റെ സർവ്വീസ് റൂളും നിയമങ്ങളുമുണ്ട്. അതൊക്കെ അട്ടിമറിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ന്യൂനപക്ഷ-ദളിത്-പിന്നോക്ക വിഭാഗങ്ങളെ ആശങ്കപ്പെടുത്തുന്ന വിധത്തിൽ മുന്നോട്ടുപോകുമ്പോൾ അവർക്ക് ആശ്വാസം പകരുന്ന ഒരു വാക്കുപോലും ഈ നയപ്രഖ്യാപനത്തിലില്ല. ഈ നയപ്രഖ്യാപനത്തിൽ ബി.ജെ.പി.യോടുള്ള വലിയൊരു വിധേയത്വം കാണുകയാണ്. ഇവിടെ എല്ലാവരും ബി.ജെ.പി.യെ വളർത്തിയത് കോൺഗ്രസ്സും മറ്റുമാണെന്ന് പറഞ്ഞു. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.-യോട് ഇത്രയധികം അടിമത്തഭാവമുള്ള ഒരു സർക്കാരാണ് കേരളത്തിലുള്ളത് എന്നതാണ് കേരളം ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. ഇപ്രാവശ്യം റിപ്പബ്ലിക് ദിനത്തിൽ പതാക ഉയർത്തുകയുണ്ടായി. പതാക ഉയർത്തിയത് രണ്ട് വിഭാഗക്കാർ മാത്രമാണ്. സർക്കാർ സർക്കുലറിൽ വകുപ്പ് തലവന്മാർ മാത്രമാണ് പതാക ഉയർത്തേണ്ടതെന്നാണ് പറഞ്ഞിരുന്നത്. അതുകൊണ്ട് ഇപ്രാവശ്യം പഞ്ചായത്ത് പ്രസിഡന്റുമാരെയൊന്നും വിളിച്ചില്ല. കേരളത്തിൽ വകുപ്പു തലവന്മാരും ആർ.എസ്.എസ്. തലവനും മാത്രമാണ് പതാക ഉയർത്തിയിട്ടുള്ളത്. ഇപ്പോൾ ആർ.എസ്.എസ്.-ന്റെ വിഹാര കേന്ദ്രമായി, അവർക്ക് നല്ല ഭൂമിയായി കേരളം മാറിയിട്ടുണ്ട്. ബി.ജെ.പി.യുടെ ബിനാമി സർക്കാരാണോ കേരളം ഭരിക്കുന്നതെന്നതാണ് ഇപ്പോൾ കേരളത്തിലെ മതേതര വിശ്വാസികളുടെ ആശങ്ക. അതിനാധാരമായിട്ടുള്ള ഒരുപാട് കാര്യങ്ങളുണ്ട്. ഇവിടെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ കേന്ദ്രസർക്കാരിനെ വിമർശിക്കുന്ന ഭാഗങ്ങൾ വിട്ടുകളഞ്ഞപ്പോൾ പ്രതിപക്ഷം പ്രതിഷേധിക്കുകയുണ്ടായി. എന്നാൽ അത് വിട്ടുകളഞ്ഞതിൽ പോലും നിങ്ങൾ ഒന്നും മിണ്ടാത്ത അവസ്ഥയിലായിരുന്നു.

ഒരു കഥയാണ് എനിക്ക് ഓർമ്മ വരുന്നത്. ഞങ്ങളുടെ നാട്ടിൽ ഒരു ഗുണ്ടയുണ്ടായിരുന്നു. ആ ഗുണ്ടയെ എല്ലാവർക്കും പേടിയായിരുന്നു. ആ ഗുണ്ടയെക്കുറിച്ച് എന്തെങ്കിലും പറഞ്ഞാൽ ആ ഗുണ്ട മറവിലേയ്ക്ക് വിളിച്ചുകൊണ്ടുപോയി അവനെ ഭീഷണിപ്പെടുത്തി വിടും. അങ്ങനെ ഒരാളെ ഗുണ്ട മറവിലേയ്ക്ക് വിളിച്ചു കൊണ്ടുപോയി അദ്ദേഹം തിരിച്ചുവന്നപ്പോൾ എന്താണ്

നിനക്ക് കിട്ടിയതെന്ന് ചോദിച്ചു. ഒന്നുമില്ല, എന്നെ ഉമ്മ വച്ചുവിട്ടു എന്നാണ് പറഞ്ഞത്. കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് ബി.ജെ.പി.യോട് ഇത്രമാത്രം അടിമത്തം കാണിക്കുന്ന ഒരു ഗവൺമെന്റായി മാറിയോ? ആർ.എസ്.എസ്. വിരോധവും ബി.ജെ.പി. വിരോധവും പറയുന്നത് അവരാണ്. കേരളത്തിലെ സി.പി.ഐ.(എം) ശ്രീ. സീതാറാം യെച്ചൂരിയെ പരാജയപ്പെടുത്താൻവേണ്ടി മൃദുഹിന്ദുത്വ സമീപനവുമായി മുന്നോട്ടുപോകുകയാണ്. ആ രീതിയിൽ മുന്നോട്ടുപോകുന്ന ഈ സർക്കാരിന് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഒന്നും പറയാനില്ല.

കേരളത്തിൽ സർക്കാർ സ്കൂളുകൾ ഉൾപ്പെടെ എല്ലാ സ്കൂളുകളിലും ഡി.പി.ആർ. തയ്യാറാക്കുകയാണ്. ഇന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഡി.പി.ആർ. തയ്യാറാക്കുന്ന കാര്യങ്ങളാണ് സൂചിപ്പിച്ചത്. സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകർക്കൊക്കെ ഫെബ്രുവരി 1-ാം തീയതിക്കുള്ളിൽ ഡി.പി.ആർ. തയ്യാറാക്കുന്ന ജോലിയാണ്. സത്യത്തിൽ ഡി.പി.ആർ. എന്നുപറയുന്ന മാസ്റ്റർ പ്ലാനിനുതന്നെ ഒരു വകുപ്പുണ്ടാക്കേണ്ടിവരുമെന്നുള്ള രീതിയിലേക്ക് കേരളം മാറിക്കൊണ്ടിരിക്കുകയാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ, കേരളത്തിലെ കലാലയങ്ങളിലും സ്കൂളുകളിലും ഡി.പി.ആർ. തയ്യാറാക്കുമ്പോൾ അതിൽ എസ്.എഫ്.ഐ.ക്കാർക്കുവേണ്ടി ഒരു ഇടിമുറികൂടി ഉണ്ടാക്കേണ്ട രീതിയിലേക്കാണ് കേരളത്തിന്റെ ക്രമസമാധാനനില മാറിയിട്ടുള്ളത്. പൊള്ളയായ കാര്യങ്ങൾ മാത്രമാണ് ഈ നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. അതിനൊരു ഉദഹാരണം, എന്റെ ഒരു സഹ സാമാജികൻ ലിഫ്റ്റിൽ കയറിയപ്പോൾ അദ്ദേഹത്തോട് എന്തിനാണ് സാർ, ഈ വാറോലയും കൊണ്ടുനടക്കുന്നതെന്ന് മറ്റൊരു സഹ സാമാജികൻ ചോദിച്ചു. ഒരു പേപ്പറിന്റെ ഗൗരവംപോലുമില്ലാത്ത വിധത്തിലുള്ള നയപ്രഖ്യാപന പ്രസംഗത്തിന്റെ രേഖയാണ് ഇത്. ഒന്നും നടക്കാത്ത, ഒന്നും നടത്താത്ത ഒരു സർക്കാരിന്റെ പൊള്ളയായ വാഗ്ദാനങ്ങളും പൊള്ളയായ നയപരിപാടികളുമാണ് നയപ്രസംഗത്തിലുള്ളത് എന്നതുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ ശക്തമായി എതിർക്കുകയാണ്.

<u>ശ്രീ. സി. കെ. നാണു</u>: സർ, ഞാൻ ഈ നയപ്രമേയത്തെ അനുകൂലിക്കുന്നു. കേരള ചരിത്രത്തിൽ ആദ്യമായി പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഇന്നുവരെ നിഷേധിക്കപ്പെട്ടിരുന്ന പ്രധാനപ്പെട്ട ജോലികൾ ലഭിച്ചിരിക്കുകയാണ്. അതൊരു വിപ്ലവകരമായ നേട്ടമാണ്. ഇവിടത്തെ ബഹുഭൂരിപക്ഷം വരുന്ന പിന്നോക്ക ദളിത് വിഭാഗങ്ങൾക്ക് എത്രയോ കാലങ്ങളായി നിഷേധിക്കപ്പെട്ടിരുന്ന ജോലി ലഭിച്ചു. ഭാവിയിലേയ്ക്കുള്ള ഇന്ത്യയെ നമ്മൾ എങ്ങനെ

രൂപപ്പെടുത്തിയെടുക്കും; ഏത് കക്ഷിക്ക് പിന്തുണ നൽകിയാൽ നാടിന് ഗുണമാകും എന്നതാണ് ഇവിടത്തെ പ്രധാനപ്പെട്ട ചർച്ച. ബഹുമാനപ്പെട്ട സണ്ണി ജോസഫൊക്കെ ഇക്കാര്യം സൂചിപ്പിച്ചു. ആരാണ് സർദാർ പട്ടേലിനെ ബി.ജെ.പി.-ക്ക് കൊടുത്തതെന്ന് ഞാൻ വിനീതമായി കോൺഗ്രസ് (ഐ)-യിലെ സുഹൃത്തുക്കളോട് ചോദിക്കുകയാണ്; കോൺഗ്രസ്സിലെ നേതാക്കൾ ആരൊക്കെയാണ്; പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, ഇന്ദിരാ ഗാന്ധി, രാജീവ് ഗാന്ധി, സോണിയാ ഗാന്ധി, രാഹുൽ ഗാന്ധി ഇവർ മാത്രമാണോ കോൺഗ്രസ്സിലെ നേതാക്കൾ; സർദാർ പട്ടേലിന് കോൺഗ്രസ്സിൽ സ്ഥാനമില്ലേ; സർദാർ പട്ടേലിനെ ബി.ജെ.പി. എടുത്തിരിക്കുകയാണ്. കെ. കാമരാജ് നാടാർക്ക് കോൺഗ്രസ്സുമായി ബന്ധമില്ലേ; ഇന്ത്യയിൽ സ്വാതന്ത്ര്യ സമരകാലം തുടങ്ങി കോൺഗ്രസ്സിന് രൂപം നൽകിയ നേതാക്കളെ മുഴുവൻ ഓരോ പാർട്ടിക്കാരും എടുത്തിരിക്കുകയാണ്. ഇന്ന് ജീവിച്ചിരിക്കുന്ന കോൺഗ്രസ്സിന്റെ മുഖ്യമന്ത്രിമാരായിരുന്നവരെയടക്കം ഒഴിവാക്കാനുള്ള ഒരു കാരണം, നിങ്ങൾ അവർക്കൊരു മാന്യത കൊടുത്തോ? ഇതൊക്കെ ഈ രാജ്യത്തെ സംരക്ഷിക്കുമോ; സാമ്പത്തികമായി ഈ രാജ്യത്ത് ആരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടും; ഞാൻ ഒരു ഉദാഹരണം പറയാം, രാജീവ് ഗാന്ധിയുടെ മന്ത്രിസഭയിൽ ധനകാര്യവകുപ്പുമന്ത്രിയായിരുന്ന വി. പി. സിംഗ്. അദ്ദേഹം ധനകാര്യവകുപ്പുമന്ത്രിയായിരുന്ന അവസരത്തിൽ ഇന്ത്യയിലെ വൻകിട കുത്തകകാരുടെ താൽപ്പര്യങ്ങൾ മുഴുവൻ നിഷേധിക്കുന്ന നിലപാട് സ്വീകരിച്ചു. നമ്മുടെ നാട്ടിലെ വലിയ വലിയ കോടീശ്വരന്മാർ (ഒരു ശതമാനം ആളുകൾ) രാജ്യത്തിന്റെ പത്ത് അറുപത് ശതമാനം സമ്പത്ത് കയ്യിൽ വയ്ക്കാൻ ഇടവരുത്തുംവിധം അവർക്ക് വേണ്ടത് കൊടുക്കാൻ ശ്രമിച്ചപ്പോൾ അതിനെ എതിർത്ത വി. പി. സിംഗിനെ ധനകാര്യവകുപ്പുമന്ത്രി സ്ഥാനത്തുനിന്നും മാറ്റി. വി. പി. സിംഗ് ജനകീയ പിന്തുണയുള്ള ആളാണ്. അദ്ദേഹത്തെ രാജ്യരക്ഷാ വകുപ്പുമന്ത്രിയാക്കി. പിന്നീട് അദ്ദേഹത്തെ രാജ്യരക്ഷാ വകുപ്പ് മന്ത്രിയാക്കിയശേഷമാണ് ബോഫോഴ്സ് കണ്ടുപിടിച്ചതും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉണ്ടാകുന്നതും. എവിടെയാണ് പ്രതീക്ഷയെന്നാണ് ഞാൻ ചോദിക്കുന്നത്; 1966-ൽ എറണാകുളത്ത് വച്ച് കോൺഗ്രസ്സിന്റെ വി. കെ. കൃഷ്ണമേനോൻ അംഗീകരിച്ച് പാസ്സാക്കിയ പ്രകടന പത്രികയിൽ ബാങ്കുകൾ സാമൂഹ്യവൽക്കരിക്കുമെന്നാണ് പറഞ്ഞത്. അതുകഴിഞ്ഞ് തെരഞ്ഞെടുപ്പ് വന്നു. ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായെങ്കിലും ഭൂരിപക്ഷം കുറഞ്ഞു. പല സംസ്ഥാനങ്ങളും കോൺഗ്രസ്സിന് നഷ്ടപ്പെട്ടു. ഇന്ദിരാഗാന്ധിയെ പ്രധാനമന്ത്രി യാക്കുന്നതിന് നേതൃത്വം നൽകിയ കെ. കാമരാജ് നാടാരെയടക്കം ഇതിനെപ്പറ്റിയൊന്ന് പരിശോധിക്കാൻ യോഗം ചേർന്നപ്പോൾ, ഭയപ്പെട്ട് കോൺഗ്രസ്സിനെ പിളർത്തി, അതിന്റെ ആയുധമായി ബാങ്ക് ദേശസാൽക്കരണം

ഉപയോഗിച്ചു. നമ്മുടെ നാട്ടിലെ പല കക്ഷികളും ബാങ്ക് ദേശസാൽക്കരണം ആഗ്രഹിച്ചു, അവരുടെയൊക്കെ പിന്തുണയോടുകൂടി പലതും നടന്നു. ഞാൻ അതൊന്നും വിശദീകരിക്കുന്നില്ല. നിങ്ങളെ എങ്ങനെ വിശ്വസിക്കും; ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായി, ഇന്ത്യയിലെ ഭരണം തകിടംമറിച്ചു. ഭരണ കഴിവുകൊണ്ട് നിങ്ങൾ ഇന്ത്യയിൽ ഏകാധിപത്യം വരുത്തി. ആ ഏകാധിപത്യത്തിൽ നിന്നും ഇന്ത്യയെ രക്ഷപ്പെടുത്താനാണ് ഭാരതീയ ജനസംഘവുമായി ഈ രാജ്യത്തിലെ മറ്റുകക്ഷികൾക്ക് സഹകരിക്കേണ്ടി വന്നത്. അവരെ ഇന്ത്യയുടെ മുഖ്യധാരയിലെത്തിച്ചതിന്റെ ഉത്തരവാദിത്തം കോൺഗ്രസ് (ഐ) -യ്ക്കാണ്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, 1970, 1977-ലൊക്കെ നിങ്ങളുടെ പാർട്ടിയിലെ സോഷ്യലിസ്റ്റുകൾ ജനസംഘത്തോടൊപ്പം നിന്നുകൊണ്ടല്ലേ കോൺഗ്രസ്സിനെ നേരിട്ടത്?

<u>ശ്രീ. സി. കെ. നാണു</u>: സർ, ഞാൻ ഇപ്പോൾ സംസാരിക്കുന്നത് മലയാളത്തിലാണ്. ഇന്ത്യയിലെ ഓരോ കക്ഷിയും ഓരോ വഴിക്കാണ്. കോൺഗ്രസ്സ് പാർട്ടി അവരുടെ വഴിക്ക്, സോഷ്യലിസ്റ്റ് പാർട്ടി അവരുടെ വഴിക്ക്, കമ്മ്യൂണിസ്റ്റ് പാർട്ടി അവരുടെ വഴിക്ക്, മുസ്ലീം ലീഗ് അവരുടെ വഴിക്ക്, നമ്മളെല്ലാം വെവ്വേറെയായിരുന്നു. ആ ഘട്ടത്തിലാണ് നിങ്ങൾ അടിയന്തരാവസ്ഥ ഏർപ്പെടുത്തിയത്. ഞാൻ ആക്ഷേപിക്കുന്നതല്ല, കേരളത്തിൽ നിങ്ങളുടെ നേതാക്കൾ ജയിലിൽ പോയില്ലെങ്കിലും ഇന്ത്യയിലെ ബഹുഭൂരിപക്ഷം മുസ്ലീം ജനസമൂഹവും അടിയന്തരാവസ്ഥയ്ക്കെതിരായി തെരുവിലാണ്. ഡൽഹിയിൽ ജുമാമസ്ജിദിന് നേരെ ഭീഷണി വന്നപ്പോൾ അവിടത്തെ ഇമാമാണ് അവിടെയുണ്ടായിരുന്ന രക്ത തുണിയുമായി അങ്ങാടിയിൽ ഇറങ്ങിയത്. നിങ്ങളാണ് അവരെ അവിടെ എത്തിച്ചത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): അടിയന്തരാവസ്ഥയുടെ സമയത്ത് ചെറിയ മമ്മൂക്കയും, സെയ്ദ് മുഹമ്മദ് തങ്ങളും, പി. എം. അബൂബേക്കറും ജയിലിലായിരുന്നു. താങ്കൾ അത് മറന്നുപോയെന്നു തോന്നുന്നു.

<u>ശ്രീ. സി. കെ. നാണു</u>: സർ, ആരാണ് ബി.ജെ.പി.-യെ ഈ രൂപത്തിൽ എത്തിച്ചതെന്ന് നിങ്ങൾ ചോദിക്കുന്നു. ഞങ്ങൾ ബി.ജെ.പി.-യുമായി, ഭാരതീയ ജനസംഘവുമായി ബന്ധപ്പെടുമ്പോൾ ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ ഗാന്ധിയൻ സമീപനങ്ങൾ (ഗാന്ധിസം) സ്വീകരിക്കുമെന്ന് പ്രകടനപത്രികയിൽ എഴുതിവച്ചിട്ടാണ് അധികാരത്തിൽ വന്നത്. മൊറാർജി ദേശായി പ്രധാനമന്ത്രിയായിരുന്നപ്പോൾ ഇന്ത്യയിൽ ഒരു വർഗ്ഗീയ സംഘട്ടനവും ഉണ്ടായില്ല.

അത് പ്രകടനപത്രികയുടെ ഫലമായിട്ടാണ്. നിങ്ങൾ ഞങ്ങളെ തകർത്തു. വി. പി. സിംഗിന്റെ ഗവൺമെന്റ് വന്നു, അതിനെ തകർത്തു. അധികാര മോഹികളായിട്ടുള്ളവർക്ക് പിന്തുണ കൊടുത്ത് ഇന്ത്യൻ ജനാധിപത്യത്തെ എവിടെ എത്തിച്ചു?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വി. പി. സിംഗ് ഗവൺമെന്റിന് ഒരു ഭാഗത്ത് ബി.ജെ.പി.-യുടെയും മറുഭാഗത്ത് ഇടതുപക്ഷങ്ങളുടെയും പിന്തുണയുണ്ടായിരുന്നു. ഇന്ത്യൻ പാർലമെന്റിൽ രണ്ട് മെമ്പർമാർ ഉണ്ടായിരുന്ന അവർ സഖ്യത്തിലൂടെ, ആ അവിശുദ്ധ കൂട്ടുകെട്ടിലൂടെയാണ് ഇന്നുകാണുന്ന രൂപത്തിൽ ബി.ജെ.പി. വളർന്നതെന്ന് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. സി. കെ. നാണു: സർ, അതും പറയാം. രാജീവ്ഗാന്ധി അന്തരിച്ചശേഷം ആ കൊലപാതകത്തിന് കാരണമായി ഈ രാജ്യത്തിലുള്ള സകല പാർട്ടികളുടെയും പേര് പറഞ്ഞതുകൊണ്ടാണ് ഇവിടെയുള്ള എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും പാർലമെന്റിലെ സീറ്റുകൾ കുറഞ്ഞുപോയത്. അത് പരിശോധിച്ചാൽ അറിയാം. രാജിവ്ഗാന്ധി അത്രയും വലിയ നേതാവായിരുന്നോ; ജവഹർലാൽ നെഹ്റുവിനെക്കാൾ ഭൂരിപക്ഷം രാജീവ് ഗാന്ധിക്ക് ലഭിച്ചത് അദ്ദേഹം ദേശീയ നേതാവ് ആയതുകൊണ്ടാണോ; ഒരു മരണത്തിന്റെ പേരിലാണ് അദ്ദേഹത്തിന് ആ ഭൂരിപക്ഷം ലഭിച്ചത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, വി. പി. സിംഗ് ഗവൺമെന്റ് ഭരിക്കുമ്പോൾ ബി.ജെ.പി. നേതാവ് ശ്രീ. എൽ. കെ. അദ്വാനി നടത്തിയ രഥ യാത്ര തടയുകയും ശ്രീ. ലാലു പ്രസാദ് യാദവ് (അന്നത്തെ ബീഹാർ മുഖ്യമന്ത്രി) കേന്ദ്ര ഗവൺമെന്റ് നിർദ്ദേശപ്രകാരം ശ്രീ. എൽ. കെ. അദ്വാനിയെ അറസ്റ്റ് ചെയ്യുകയും ചെയ്തപ്പോഴാണ് വി. പി. സിംഗ് ഗവൺമെന്റിന് പുറത്തുനിന്ന് നൽകിയിരുന്ന ബി.ജെ.പി.-യുടെ പിന്തുണ പിൻവലിച്ചതെന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. സി. കെ.നാണു: സർ, അതാണ് സത്യം. എനിക്ക് മുമ്പ് സംസാരിച്ച സുഹൃത്ത് ന്യൂനപക്ഷ സമുദായങ്ങളെ സംബന്ധിച്ച് പറഞ്ഞു. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയ വി. പി. സിംഗ് ഗവൺമെന്റിനെതിരായി കോൺഗ്രസ്സിന്റെ എൻ.എസ്.യു.ഐ.-യും എ.ബി.വി.പി.-യും ഒരുമിച്ചാണ് ഡൽഹിയിൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് കീറിയത്. അതൊക്കെ പഴയ കഥ. എന്റെ പാർട്ടി വളരെ വളരെ ചെറുതാണ്. ഇന്ത്യയിൽ ഒരു ശതമാനംപോലുമില്ല. ചില സന്ദർഭങ്ങളിൽ നിങ്ങൾ തന്ത്രപരമായി അധികാരത്തിൽ വരും. കോൺഗ്രസ്സുമായി കൂടി നിങ്ങൾ ന്യൂനപക്ഷങ്ങളെയും എല്ലാവരെയും തകർക്കും.

ശ്രീ. എം. ഉമ്മർ: സർ, മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിൽ മുന്നോക്ക വിഭാഗക്കാർക്കുള്ള സംവരണത്തെപ്പറ്റി എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ?

ശ്രീ. സി. കെ. നാണു: സർ, മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിൽ ഈ രാജ്യത്തെ പിന്നോക്കവിഭാഗം, ഭൂരിപക്ഷ സമുദായത്തിലെ പിന്നോക്കവിഭാഗം തുടങ്ങിയവർക്കുവേണ്ടിയുള്ള സംവരണത്തെ സംബന്ധിച്ചാണ് വ്യക്തമായി പറയുന്നത്. അന്നും അതിന് ആരൊക്കെ സഹായിച്ചു? മഹാത്മാഗാന്ധിയെ ഐക്യരാഷ്ട്ര സഭ ആദരിച്ചപ്പോൾ ഇന്ത്യയിൽ നിന്നും പ്രതിനിധികളെ ക്ഷണിച്ചു. ബംഗാളിൽ ഗവർണ്ണറായിരുന്ന ലോകപ്രസിദ്ധരായ ഗാന്ധിജിയുടെ കുടുംബത്തിൽ നിന്നും ഒരാളുമുണ്ടായിരുന്നില്ല. അവിടേയ്ക്ക് ആരാണ് പോയത്? സോണിയാ ഗാന്ധിയും രാഹുൽ ഗാന്ധിയും. ഗാന്ധിജിയുടെ കുടുംബക്കാർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടല്ലേ എന്നാണ് അവിടെ വന്ന ചില പ്രതിനിധികൾ ചോദിച്ചത്. ഇത് നമ്മുടെ പത്രങ്ങളിൽ വന്നതാണ്. വെറും ജയത്തിനുവേണ്ടിയല്ല ഞാൻ ഇത് പറയുന്നത്, യാഥാർത്ഥ്യങ്ങളാണ്. കോൺഗ്രസ്(ഐ)-ലെ പുതിയ തലമുറക്കാരായ ശ്രീ. വയലാർ രവി, ശ്രീ. എ.കെ. ആന്റണി തുടങ്ങിയ പ്രഗത്ഭരായ നേതാക്കൾ ഇന്ദിരാഗാന്ധിയുടെ അടിയന്തരാവസ്ഥയെ വെല്ലുവിളിച്ചുകൊണ്ട് അതിൽ നിന്നും രാജിവച്ച് വന്ന ഒരു ഘട്ടമുണ്ടായിരുന്നു. അന്നേ സി.പി.ഐ.-യുടെ പൊളിറ്റിക്കൽ ലൈൻ വേറെയായിരുന്നു. സി.പി.ഐ. ഒരു നിലപാട് സ്വീകരിച്ചു. അടിയന്തരാവസ്ഥയ്ക്കുശേഷം സി.പി.ഐ.-യുടെ ദേശീയ കമ്മിറ്റി യോഗം ചേർന്ന് പറഞ്ഞു, ഞങ്ങളുടെ ആ സമീപനം ശരിയായിരുന്നില്ല എന്ന്. അവർ അതിൽ നിന്നും മാറി.

മി. ഡെപ്യൂട്ടി സ്പീക്കർ:........പ്ലീസ്.........പ്ലീസ്...............

ശ്രീ. സി.കെ. നാണു: സർ, നമ്മളിൽ ചില ആളുകൾ കോൺഗ്രസ് (ഐ)-ക്ക് ഇന്ത്യൻ ജനാധിപത്യത്തെ രക്ഷിക്കാൻ നേതൃത്വം നൽകാൻ സാധിക്കുമെന്ന് പറയുന്നുണ്ടെങ്കിലും ഇന്ത്യൻ രാഷ്ട്രീയ ചരിത്രം പരിശോധിച്ചാൽ അത് സാധിക്കില്ലെന്ന് കാണാൻ കഴിയും.

ശ്രീ. റോജി എം. ജോൺ: സർ, സി.പി.ഐ.(എം) കേന്ദ്ര കമ്മിറ്റി ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന തീരുമാനത്തോട് അങ്ങ് യോജിക്കുന്നുണ്ടോ?

ശ്രീ. സി. കെ. നാണു: സർ, അത് അവരുടെ പാർട്ടി തീരുമാനിക്കട്ടെ. ഞാൻ പറയുന്ന ഒരു വസ്തുത കോൺഗ്രസ് (ഐ)-എന്ന പാർട്ടി ഇന്ത്യൻ ജനാധിപത്യത്തെ രക്ഷിക്കുമെന്ന് വിശ്വസിക്കാൻ സാധിക്കുന്ന രാഷ്ട്രീയ വസ്തുതകൾ ഇന്ത്യൻ രാഷ്ട്രീയത്തിലില്ല. ഇത് ഒരു കുടുംബവാഴ്ചയുടെ രാജ്യമല്ല, മഹാത്മാഗാന്ധിയുടെ നാടാണ്. ഞാൻ വ്യക്തികളെ വിമർശിക്കുന്നതല്ല, ഞാൻ വസ്തുതകളാണ്

സംസാരിക്കുന്നത്. എല്ലാം ചരിത്രമാണ്. ഞാൻ എന്റെ പ്രസ്ഥാനത്തിനെപ്പറ്റിയല്ല സംസാരിക്കുന്നത്, ആ സാഹചര്യം നിങ്ങളുണ്ടാക്കി. കുടുംബവാഴ്ചയുടെ രാജ്യമല്ല. ഇത് മഹാത്മാഗാന്ധിയുടെ നാടാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്........കൺക്ലൂഡ്....

ശ്രീ. സി. കെ. നാണു: സർ, ഗവർണറുടെ നയപ്രഖ്യാപനത്തിന് ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ പിൻതാങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട സി. കെ. നാണുവിന്റെ പ്രസംഗത്തിന്റെ അവസാനം കോൺഗ്രസ്സിൽ പ്രതീക്ഷ വേണ്ട എന്ന് പറഞ്ഞതിനോട് ഞാൻ യോജിക്കുന്നില്ല. പക്ഷെ ബാക്കി കാര്യങ്ങളെ സംബന്ധിച്ച് നിങ്ങൾ പഠിക്കുന്നത് നല്ലതാണെന്ന ഒരു ഉപദേശം കോൺഗ്രസ് എം.എൽ.എ.-മാർക്ക് നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ വെറുതെ വഴക്കുണ്ടാക്കിയതുകൊണ്ട് കാര്യമുണ്ടോ? അദ്ദേഹം പറഞ്ഞതിൽ വളരെയേറെ കാര്യങ്ങളുണ്ട്. ആ കാര്യങ്ങൾ പഠിക്കാനുള്ള സന്മനസ് കോൺഗ്രസ്സിന്റെ എം.എൽ.എ.-മാർ പ്രകടിപ്പിക്കുന്നത് ഗുണകരമാണ്. നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി പ്രകടിപ്പിച്ചുകൊണ്ടുള്ള ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച പ്രമേയത്തെയാണ് ഇവിടെ ചർച്ച ചെയ്യുന്നത്. എനിക്ക് മനസ്സിലാകുന്നില്ല. ജസ്റ്റിസ് പി. സദാശിവം എന്ന ഗവർണ്ണർ ഈ പുസ്തകം മുഴുവൻ വായിച്ചില്ല. എന്നാൽ ഞാൻ ഇതുമുഴുവൻ രണ്ടുപ്രാവശ്യം വായിച്ചു. ഇതിൽ ഒരു ചുക്കും കണ്ടില്ല. ഇതിൽ പുതിയ നയം എന്താണുള്ളത്. നയപ്രഖ്യാപനത്തിൽ ഒരു നയം വേണ്ടേ? ഇതുപോലുള്ള നാണംകെട്ട ഒരു പുസ്തകവുമായി വരികയെന്നത് അപമാനകരമാണ്. ഞാൻ 1980 മുതൽ ഈ സഭയിലുള്ള ആളാണ്. ഞാൻ വെറുതെ പറയുന്നതല്ല. മന്ത്രിമാർ ഇതിനെക്കുറിച്ച് ആലോചിക്കു. നിങ്ങളിലുള്ള മന്ത്രിമാരെക്കുറിച്ച് വ്യക്തിപരമായി കുറ്റം പറയാൻ ആർക്കെങ്കിലും കഴിയുമോ? മാന്യൻമാരായ മന്ത്രിമാരല്ലേ നിങ്ങൾ? നിങ്ങളുടെ മാന്യതയ്ക്ക് ചേർന്ന പുസ്തകമാണോ ഇത്. നിങ്ങളുടെ മാന്യതയ്ക്ക് ചേർന്ന് നയപ്രഖ്യാപനമാണോ എന്ന് മുന്നിലിരിക്കുന്ന രണ്ട് മന്ത്രിമാരും (കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറും പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരനും) ചിന്തിച്ചാൽ മതി. നിങ്ങളെപ്പറ്റി കുറ്റം പറയാൻ ആർക്കെങ്കിലും കഴിയുമോ? മാന്യരായ മന്ത്രിമാരല്ലേ നിങ്ങൾ? പക്ഷേ നിങ്ങളുടെ മാന്യതയ്ക്ക് ഇത് ചേരില്ല. എനിക്ക് സഹതാപമുണ്ട്. ഇല്ലാത്ത കാര്യങ്ങൾ പർവ്വതീകരിച്ച് പറഞ്ഞ് ജനലക്ഷങ്ങളെ രോമാഞ്ചം കൊള്ളിക്കുന്ന കലാകാരനായ ശ്രീ. മുല്ലക്കര

രത്നാകരനെ നന്ദിപ്രമേയം അവതരിപ്പിക്കാൻ ക്ഷണിച്ചപ്പോൾ തന്നെ എനിക്ക് കാര്യം മനസ്സിലായി. അദ്ദേഹത്തെക്കൊണ്ടേ അത് സാധിക്കുകയുള്ളൂ. വേറെ ആരെങ്കിലും ഈ നന്ദിപ്രമേയം അവതരിപ്പിച്ചാൽ ഈ സഭയിലും കേരളത്തിലും ഈ വികാരം കൊണ്ടുവരാൻ കഴിയില്ല. ഞാൻ ഒന്നുരണ്ട് ചെറിയ കാര്യങ്ങൾ ഈ ഗവൺമെന്റിനോട് ചോദിക്കുകയാണ്, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഇരുപത് മാസമായി. ഈ കാലയളവിനുള്ളിൽ എത്ര ട്രാൻസ്ഫോമറുകൾ കത്തിയിട്ടുണ്ട്? നിങ്ങൾ അഴിമതിക്ക് എതിരാണല്ലോ? ഒരു ട്രാൻസ്ഫോമർ കത്തിയാൽ 5 കോടി രൂപ മുതൽ 100 കോടി രൂപവരെയാണ് നഷ്ടം. ഒരു രൂപയുടെ പോലും അഴിമതിയില്ലാത്ത സത്യസന്ധനായ ആളാണ് വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി. ഈ ട്രാൻസ്ഫോമർ വാങ്ങിയത് ആരാണ്? ആരുടെ കാലത്തോ ആകട്ടെ അത് വാങ്ങിയതാരാണെന്ന് കണ്ടുപിടിച്ച്, ഈ കൊള്ള നടത്തിയവർക്കെതിരെ നടപടി സ്വീകരിക്കാൻ അങ്ങേയ്ക്ക് ബാധ്യതയില്ലേ? എത്ര ട്രാൻസ്ഫോമറുകൾ കത്തിയിരിക്കുന്നു. നിങ്ങൾ ഒന്നും കണ്ടില്ല. നഷ്ടം നിങ്ങൾ സഹിക്കുകയാണ്. നിങ്ങളല്ല നഷ്ടം സഹിക്കുന്നത്, ജനങ്ങളാണ് ഈ നഷ്ടം സഹിക്കുന്നത്. 120-ഓളം ട്രാൻസ്ഫോമറുകൾ കത്തിപ്പോയിട്ടുണ്ടെന്ന് ഓർമ്മിക്കണം. ഇതൊക്കെ പറയുന്നത് വെറുതെയല്ല, എല്ലാ കണക്കുകളും എന്റെ കൈവശമുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളെപ്പറ്റി പറഞ്ഞു. പൊതുമേഖലാ സ്ഥാപനത്തിലെ എം.ഡി.-മാരെ മാറ്റി നിയമിക്കുമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനം ഞാൻ അഭിമാനത്തോടുകൂടി കേട്ടതാണ്. പിന്നീട് എന്തുസംഭവിച്ചു. നിങ്ങൾ ഒരു എം.ഡി.-യെ മാറ്റി നിയമിച്ചോ? ആറ് കോടി ഇരുപത് ലക്ഷം രൂപ മോഷ്ടിച്ച സജി ബഷീറിനെ സസ്പെന്റ് ചെയ്തു. ആ സ്ഥാനത്ത് എൻ. കെ. മനോജ്,..... ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇക്കാര്യത്തിൽ മാന്യത കാണിച്ചതിൽ നന്ദിയുണ്ട്. 2014-15-ൽ KAMCO-യുടെ എം.ഡി. ആയിരിക്കുമ്പോൾ ഒരു പർച്ചേസിൽ 811 കോടി രൂപ മോഷ്ടിച്ച ആളാണ്. ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് ഉൾപ്പെടെയുള്ളവരുടെ റിപ്പോർട്ട് പ്രകാരം ആയിരം കോടി മോഷ്ടിച്ചയാളാണ്. നിങ്ങൾ അയാളെ KAMCO-യുടെ എം.ഡി.-യായി നിയമിച്ചിരിക്കുന്നു. ഇതിൽ എന്താണ് ന്യായം? നിങ്ങൾ അഴിമതിക്കെതിരെ യാണെന്ന് ആരോടാണ് പറയുന്നത്? അത് ആര് വിശ്വസിക്കും? നിങ്ങൾ അഴിമതിക്കെതിരാണെന്ന് പറഞ്ഞാൽ പോരാ പ്രവൃത്തിയിൽ കാണിക്കണ്ടേ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):സർ, KAMCO-യുടെ ഏത് എം.ഡി.-യാണ് മനോജ്?

ശ്രീ. പി. സി. ജോർജ്: സർ, അയാളെ എന്തുകൊണ്ട് സസ്പെന്റ് ചെയ്തില്ല?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് KAMCO-യുടെ എം.ഡി.-യായി നിയമിച്ചുവെന്ന് പറഞ്ഞതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത്, KAMCO-യുടെ എം.ഡി.-യായി അദ്ദേഹത്തെ നിയമിച്ചിട്ടില്ല. KAMCO-യുടെ എം.ഡി.-യായി അഴിമതിക്കാരെ ആരെയും നിയമിച്ചിട്ടില്ല.

ശ്രീ. പി. സി. ജോർജ്: സർ, കൃഷി വകുപ്പുമന്ത്രിക്ക് അയാളെ വേണ്ടെന്ന് പറഞ്ഞതായി ഞാൻ അറിഞ്ഞു. അതിനാണ് ഞാൻ ആദ്യം അങ്ങയോട് നന്ദിയുണ്ടെന്ന് പറഞ്ഞത്. പക്ഷേ അയാളെ ഇപ്പോഴും എം.ഡി.-യായി വച്ചിരിക്കുകയാണ്. അയാളെ എന്തുകൊണ്ട് സസ്പെന്റ് ചെയ്തില്ലെന്നുള്ളതാണ് എന്റെ ചോദ്യം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...........

ശ്രീ. പി. സി. ജോർജ്: സർ, ഇവിടെ ലോക കേരള സഭ കൂടി. അതുകൊണ്ട് ആർക്ക് എന്ത് നേട്ടമുണ്ടായി? അത് ഒരു ധൂർത്താണെന്ന് പറഞ്ഞാൽ കുറ്റം പറഞ്ഞിട്ട് കാര്യമുണ്ടോ? അതിൽ യുവജനക്ഷേമ ബോർഡിന്റെ ചെയർപേഴ്സൺ ചിന്താ ജറോം ശാസ്ത്രജ്ഞന്മാരുടെ കോൺഫറൻസിലെ അദ്ധ്യക്ഷയാണ്. ഐ.എസ്.ആർ.ഒ.-യിൽ നിന്നും മൂന്നാംകിട ശാസ്ത്രജ്ഞനെ അദ്ധ്യക്ഷനാക്കാൻ പാടില്ലേ? ഇതൊക്കെ മോശമായ ഇടപാടല്ലേ? ഇത്തരത്തിൽ പണം ധൂർത്തടിക്കുന്നത് മര്യാദയാണോ? ഇത്തരത്തിലുള്ള നടപടികളുമായി നിങ്ങൾ മുന്നോട്ടുപോകരുത്. മാന്യതയോടുകൂടി പ്രവർത്തിക്കണം. അടുത്ത നയപ്രഖ്യാപനത്തിലെങ്കിലും എന്തെങ്കിലും നയമുണ്ടാകണമെന്നുമാത്രം ഞാൻ സൂചിപ്പിക്കുന്നു.

പ്രൊഫ. കെ. യു. അരുണൻ: സർ, ഗവർണറുടെ പ്രസംഗത്തിൽ നന്ദിരേഖപ്പെടുത്തിക്കൊണ്ട് ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. ശ്രീ. ടി. വി. ഇബ്രാഹിം റിസർവേഷനെക്കുറിച്ച് പറഞ്ഞത് മുഴുവൻ തെറ്റാണ്. അത് സംബന്ധിച്ച് നേരിട്ട് സംസാരിക്കാം. ഇവിടെ വച്ച് മുഴുവൻ കാര്യങ്ങളും പഠിപ്പിക്കാൻ സാധിക്കില്ല. ഞാൻ പബ്ലിക് സർവ്വീസ് കമ്മീഷനിൽ ആളുകളെ റിക്രൂട്ട് ചെയ്യുന്ന ബോഡിയിലുണ്ടായിരുന്ന ഒരാളാണ്. അദ്ദേഹം ഇവിടെ തെറ്റിദ്ധാരണാ ജനകമായി പറഞ്ഞുവെന്നാണ് സൂചിപ്പിച്ചത്. നന്ദിപ്രമേയവുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്, പ്രധാനമായും സാംസ്കാരികമേഖലയെ സംബന്ധിച്ചാണ്, ഇന്ത്യയിലെ സാംസ്കാരിക നായകന്മാരുടെ അവസ്ഥയെ സംബന്ധിച്ചാണ്. മഹാരാഷ്ട്രാ മുഖ്യമന്ത്രി ഫട്നാവിസും ശരത് പവാറും അടക്കമുള്ള വേദിയിൽ പ്രസംഗിച്ചുകൊണ്ടിരുന്ന ശ്രീപാദ് സെപ്പനാസിസ് എന്ന ആളിനെപ്പോലും തല്ലാനും

കൊല്ലാനും മുന്നോട്ടുവന്നു. അവിടെ ദബോൽക്കർ എന്ന യുക്തിവാദിയായ ഒരാളിനെ വെടിവച്ച് കൊന്നു. കർണ്ണാടകത്തിൽ, വൈസ് ചാൻസലറായിരുന്ന ഒരു കൽബുർഗി, അയാളോട് ചോദിച്ചത് നിങ്ങളുടെ കയ്യിലെന്താണെന്നാണ്? അയാൾ പറഞ്ഞു, എന്റെ കയ്യിൽ വചനമാണെന്ന്, അത് ആരെഴുതിയതാണെന്ന് ചോദിച്ചപ്പോൾ ബസവാ എന്ന് മറുപടി പറഞ്ഞു. ആരാണയാൾ എന്ന ചോദ്യത്തിന് എന്റെ മതത്തിന്റെ (ലിംഗായത്ത് മതത്തിന്റെ) ഉപജ്ഞാതാവ് എന്ന് പറഞ്ഞു. ഈ കാര്യങ്ങൾ പറഞ്ഞതിനാണ് കൽബുർഗിയെ വെടിവച്ച് കൊന്നത്. നമ്മുടെ നാട്ടിലുണ്ടായ മുഴുവൻ കാര്യവും പറയുന്നതല്ല. ശ്രീപാദ് സെപ്പനാസിസിന്റെ കാര്യം പറഞ്ഞ് ഇങ്ങോട്ടുവരുമ്പോൾ ഇവിടെയും അത്തരം കാര്യങ്ങൾ അവിടുത്തേതുപോലെ എത്തിയില്ല എന്നുള്ളത് മാത്രമേയുള്ളൂ. നമ്മുടെ നാട്ടിൽ എം.ടി. വാസുദേവൻ നായരോടും കമലിനോടും പുറത്തുപോകാൻ പറഞ്ഞു. എം.ടി. വാസുദേവൻ നായർ എന്ന് പറഞ്ഞാൽ കൃത്യമായി പുസ്തകം വായിക്കുന്ന ആളുകൾക്ക് മനസ്സിലാക്കാൻ കഴിയുന്നതാണ്. ഇന്ത്യയിലെ പത്ത് അപൂർവ്വ പ്രതിഭാശാലികളിൽ ഒരാളാണ് അദ്ദേഹം. അദ്ദേഹത്തോടാണ് പറയുന്നത്. പറയാൻ കാരണമെന്താണ്; പഴയ ഗോവിന്ദൻകുട്ടി മുസ്ലീമായി മാറിക്കഴിഞ്ഞ് ഒരു അനാഥ ശിശുവിനെയുമെടുത്ത് നാടുവിടാൻ പോകുമ്പോൾ 'നീ ഈ കുട്ടിയെ എന്തായി വളർത്തുമെന്ന് രണ്ടുകൂട്ടരും വന്ന് ചോദിക്കുകയാണ്.' മറ്റൊരു കൂട്ടർ, ഹിന്ദുക്കൾ നീ ഈ കുട്ടിയെ എന്തായി വളർത്തുമെന്ന് ചോദിക്കുകയാണ്. ഒരു കുട്ടിയെ, ചത്ത പെണ്ണിന്റെ മുല ചപ്പിക്കുടിച്ചിരുന്ന കുട്ടിയെ എടുത്ത് നാടുവിടുകയാണ്. ഈ നാട് പറ്റില്ല. ഇവിടെ മതവൈരം, മതസംഘർഷം, മതപരമായ സങ്കുചിത ചിന്താഗതികൾ ഇവിടെ നിൽക്കുന്നത് നല്ലതല്ല എന്നുള്ള ചിന്തയിലാണ് നാടുവിടുന്നത്. ആ സന്ദർഭത്തിലാണ് ഇത് പറയുന്നത്. ആദ്യത്തെ ഗോവിന്ദൻകുട്ടി പിന്നീട് അബ്ദുൾ ഖാദറായ മനുഷ്യൻ പറഞ്ഞു. വളരെ രൂക്ഷമായി, തീവ്രമായി, വലിയ ശബ്ദത്തിൽ രണ്ടുപക്ഷത്തുനിന്നും 'നീ ഇവനെ ആരായി വളർത്തുമെന്ന് ചോദിച്ചപ്പോൾ അബ്ദുൾ ഖാദർ തിരിഞ്ഞുനിന്ന് 'ഞാൻ ഇവനെ മനുഷ്യനായി വളർത്തുമെന്ന് പറഞ്ഞു. അങ്ങനെ മനുഷ്യനായി വളർത്തുന്നതിനുള്ള അന്തരീക്ഷം ഇന്ത്യാരാജ്യത്ത് ഇന്നുണ്ടോ എന്നുള്ളതാണ് ഇവിടത്തെ പ്രധാന പ്രശ്നം. ഞാൻ കൂടുതൽ കാര്യങ്ങളിലേക്കൊന്നും പോകാനുദ്ദേശിക്കുന്നില്ല. എങ്കിലും ജുനൈദ് എന്നുപറയുന്ന വടക്കേ ഇന്ത്യക്കാരൻ, മുഹമ്മദ് അഖ്‌ലാഖി എന്നുപറയുന്ന കുട്ടി, ഉറുദുഭാഷയോടുള്ള അമിതമായ വിരോധം തുടങ്ങി ജീവിതമണ്ഡലങ്ങളിൽ മൊത്തം..... ഇപ്പോൾ പ്രദീപ് മാത്യുവൊക്കെ പഴയകാലത്ത് പിടിച്ച, പ്രകൃതിയുമായി ബന്ധപ്പെട്ടുകൊണ്ട് ഫയർ, വാട്ടർ, എർത്ത് തുടങ്ങിയ സിനിമകളൊന്നും അവതരിപ്പിക്കാതിരിക്കുകയാണ്. ഗുലാം അലിയുടെ സ്വർഗ്ഗീയ സംഗീതധാരയിൽ ആളുകൾ നിമഞ്ജരായി ഇരിക്കുന്ന സമയത്ത്

അദ്ദേഹത്തിനടുത്ത് കയറിച്ചെന്ന് അദ്ദേഹത്തിന്റെ സംഗീതോപകരണങ്ങൾ തല്ലിനശിപ്പിക്കുകയാണ്. സ്പോർട്സിന്റെ മണ്ഡലത്തിലേക്ക് ചെല്ലുമ്പോൾ ഫിറോസ്ഷാ കോട്ല എന്നുപറയുന്ന ഗ്രൗണ്ടിന് ആ പേര് പറ്റില്ല. സഫ്ദാർ ഹാഷ്മിയുടെ പേരിലുള്ള റോഡ് പറ്റില്ല. ഈ രൂപത്തിൽ സാംസ്കാരിക ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും കരാളമായ, നിഷ്ഠുരമായ ആധിപത്യം വളഞ്ഞ വഴികളിലൂടെ ആർജ്ജിക്കുന്നതിനുവേണ്ടി പരിശ്രമിക്കുകയാണ് നമ്മുടെ നാട്ടിലെ വർഗ്ഗീയകക്ഷികൾ. അതിനെതിരായി കേരളത്തിൽ, ഇവിടെ വരുമ്പോൾ ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയമായാലും ഗവർണർ നടത്തിയ പ്രസംഗത്തിന്റെ മൊത്തത്തിലുള്ള ചുരുക്കം എന്നുപറയുന്നത് മറ്റ് 28 സംസ്ഥാനങ്ങളെയും അപേക്ഷിച്ചുകൊണ്ട്, പഴയകാലത്ത് സ്വാമി വിവേകാനന്ദൻ വന്ന് ഭ്രാന്താലയം എന്ന് വിശേഷിപ്പിച്ച കേരളത്തെ പിന്നീട് ഇന്ത്യയിലെ മറ്റ് 28 സംസ്ഥാനങ്ങളെയും പിന്തള്ളിക്കൊണ്ട് മുന്നിൽ വിജയവൈജയന്തിയുമായി നടക്കുന്നതിനുള്ള സാക്ഷരത, ജനാധിപത്യബോധം, രാഷ്ട്രീയമായ പുരോഗമന ലാളിത്യം എന്നിവ ആർജ്ജിച്ച ഒരുനാടാണിത്. ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട്, ആദിശങ്കരൻ, സർ ശങ്കരൻ എന്നിവരുടെ നാടാണ്. നേരത്തേ സൂചിപ്പിച്ചതുപോലെ വിഷലിപ്തമായ അന്തരീക്ഷത്തിൽ ഭരണം നടത്തുന്ന ഇന്ത്യയിലെ പ്രധാന കക്ഷിക്ക് ഈ നാടിനെ കൈപ്പിടിയിലൊതുക്കാൻ കഴിയില്ലെന്നുള്ളതാണ് നമ്മുടെ സമസ്ത മണ്ഡലങ്ങളിലും നടക്കുന്നതെന്ന് ഞാൻ സൂചിപ്പിച്ചതാണ്.

പദ്ധതികളെക്കുറിച്ച് വരുമ്പോൾ ഹരിതകേരളം - മലയാറ്റൂർ രാമകൃഷ്ണന്റെ പ്രസിദ്ധമായ നോവലിൽ പറയുന്നുണ്ടല്ലോ കേരളത്തിൽ വരുന്ന വഴിക്ക് കുട്ടി ചോദിക്കുന്നത് 'എന്നാ അപ്പാ അരിശി ചെടിയാ' എന്നാണ്. ഇത് കേരളത്തിൽ വന്നിട്ട് ചോദിക്കുകയാണ്. മലയാറ്റൂർ രാമകൃഷ്ണന്റെ പേരുകേട്ട നോവലാണ്. നമ്മുടെ നാട്ടിലെ നെൽപ്പാടങ്ങളൊക്കെ 1.37 ലക്ഷം ഹെക്ടറൊക്കെ കഴിഞ്ഞുപോയി. നെല്ല് ഒരപൂർവ്വ വസ്തുവായി മാറുകയാണ്. 'ആർദ്രം' പദ്ധതിയിൽ പാവപ്പെട്ടവന് വിദഗ്ദ്ധ ചികിത്സ ലഭിക്കുന്നതിനാവശ്യമായ, സമൃദ്ധമായ, ആരോഗ്യകരമായ, രചനാത്മകമായ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നുണ്ടെന്നുള്ള കാര്യത്തിലൊന്നും സംശയമില്ല. പക്ഷേ നമ്മുടെ നാട്ടിലെ ഏറ്റവും വലിയ ഓങ്കോളജിസ്റ്റാണ് ഡോ. വി. പി. ഗംഗാധരൻ. അദ്ദേഹത്തിന്റെ അരികിലേക്ക് ഒരു ദിവസം പഴയകാലത്ത് അദ്ദേഹത്തെ പഠിപ്പിച്ച മെഡിക്കൽ കോളേജിലെ പ്രിൻസിപ്പാൾ ഒരു യുവതിയുമായി വരികയാണ്. ക്യാൻസർ രോഗമാണ്. ഡോക്ടർ പ്രിസ്ക്രൈബ് ചെയ്യാൻ പോയപ്പോൾ അദ്ദേഹത്തിന്റെ കയ്യിൽ പ്രിൻസിപ്പാൾ പിടിക്കുകയുണ്ടായി. ഗംഗാധരൻ, മരുന്ന് എഴുതുമ്പോൾ വലിയ വിലയുള്ള മരുന്നൊന്നും എഴുതരുത്, എനിക്ക് വാങ്ങാനുള്ള പൈസയില്ല.

അപ്പോഴാണ് നമ്മുടെ നാട്ടിൽ മാതൃകാ ആരോഗ്യ കേന്ദ്രങ്ങളും ന്യായവില ഷോപ്പുകളുമൊക്കെ സജ്ജീകരിച്ചുകൊണ്ട് പാവപ്പെട്ട ജനങ്ങളെ സംബന്ധിച്ചിടത്തോളം ആശ്വാസകരമായ, സാന്ത്വനങ്ങൾ നൽകുന്ന രൂപത്തിലുള്ള ആർദ്രം മിഷൻ വരുന്നത്. വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തെക്കുറിച്ച് ഒരുകാര്യം മാത്രമേയുള്ളൂ. കുറച്ചുകുട്ടികൾ വന്ന് എന്നോട് ചോദിച്ചു 'സർ, ഞങ്ങളല്ലേ പഠിക്കാൻ വരുന്നത്, ഞങ്ങൾക്കല്ലേ പഠിക്കാൻ ആഗ്രഹം, ഞങ്ങൾക്കല്ലേ പഠിക്കാനുള്ള കൊതി', 'അതെ' എന്ന് ഞാൻ പറഞ്ഞു. കുട്ടികൾ: 'അപ്പോൾ പിന്നെ മാഷേ, കരിക്കുലവും സിലബസും ഉണ്ടാക്കേണ്ടത് ഞങ്ങളല്ലേ; എന്തെല്ലാമാണ് ഞങ്ങൾക്ക് അറിയുക എന്നുള്ളത് ഞങ്ങൾക്കല്ലേ അറിയൂ, എന്തെല്ലാമാണ് ഞങ്ങൾക്ക് അറിഞ്ഞുകൂടാത്തത് എന്നുള്ളത് ഞങ്ങൾക്കല്ലേ അറിയൂ, അതുകൊണ്ട് നിങ്ങൾ ഈ വൃത്തികേട് ചെയ്യണോ, കരിക്കുലവും സിലബസ്സും ഞങ്ങൾ ഉണ്ടാക്കില്ലേ' എന്ന് കുട്ടികൾ ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു ശരിയാണ് നിങ്ങളുണ്ടാക്കണം. ഞാൻ അവസാനിപ്പിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, മഹാഭാരതത്തിലെ 'അശ്വത്ഥാമാവ് കഥ' എന്നൊരു പ്രയോഗമുണ്ട്. പ്രയോഗത്തിന്റെ പ്രത്യേകത അശ്വത്ഥാമാവ് മരിക്കുമെന്ന് ദ്രോണരെ അറിയിക്കുമെങ്കിൽ മാത്രമേ യുദ്ധം ജയിക്കാൻ കഴിയുവെന്ന് ധർമ്മപുത്രരെക്കൊണ്ട് പറയിച്ച ഒരു സന്ദർഭമാണത്. ഈ നയപ്രഖ്യാപനത്തിലും ചില ഭാഗങ്ങൾ ഗവർണർ വിട്ടു. പക്ഷേ ബോധപൂർവ്വമല്ലാത്ത ഒരു നിശ്ശബ്ദതയിലേക്കും മൗനത്തിലേക്കും അദ്ദേഹം മാറിപ്പോയതാകാം. പക്ഷേ 'ഹിരണ്മയേന പാത്രേണ' എന്ന് പറയാറുണ്ട്. സത്യത്തിന്റെ മുഖം സ്വർണ്ണം കൊണ്ട് മാറ്റിവയ്ക്കാൻ കഴിയുകയില്ല എന്നുള്ള യാഥാർത്ഥ്യം നമ്മുടെ മുമ്പിലുണ്ട്. അതുകൊണ്ട് വായിച്ചാലും വായിച്ചില്ലെങ്കിലും.....സത്യത്തിന്റെ മുഖം മറച്ചുവച്ചാലും, അശ്വത്ഥാമാവിനെക്കൊണ്ട് കള്ളം പറയിപ്പിക്കുന്ന കഥ 'കുഞ്ചരാ' എന്ന് പതുക്കെ പറയിപ്പിച്ചത് സത്യം അദ്ദേഹത്തിന് അറിയാമെങ്കിലും പറയാനുള്ള മടികൊണ്ട് പറഞ്ഞില്ല എന്നുള്ള അർത്ഥത്തിലാണ് ഞാൻ പറഞ്ഞത്. അതിനകത്ത് എഴുതിവച്ച ചില യാഥാർത്ഥ്യങ്ങൾ ഗവർണർ ബോധപൂർവ്വം വിസ്മരിച്ചത് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും 'കുഞ്ചരാ' എന്നുള്ള പ്രയോഗം കൊണ്ടുതന്നെ എന്ന അർത്ഥത്തിലാണ് ഞാൻ സൂചിപ്പിച്ചത്. നയപ്രഖ്യാപനം ഗിന്നസ് ബുക്കിൽ വരേണ്ട കാര്യമൊന്നുമില്ല. നയപ്രഖ്യാപനം ഇത്ര കൂടുതലായി വായിക്കേണ്ട കാര്യമില്ല. കാരണം ഗവൺമെന്റിന്റെ പൊതുവായ സമീപനങ്ങൾ എന്താണെന്നുള്ളത് മാത്രമാണ് സൂചിപ്പിക്കേണ്ടത്. അതുകൊണ്ട് അതൊരു വിവാദമാക്കേണ്ട കാര്യമാണെന്ന് എനിക്ക് തോന്നുന്നില്ല. ഏതായാലും ഈ ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളെ തീർച്ചയായും പിന്തുണയ്ക്കും എന്നുള്ളതാണ്

ഞങ്ങളുടെ സമീപനം. ബഹുമാന്യനായ പി.സി. ജോർജ് പറഞ്ഞതുപോലെ 'ഇതിനകത്ത് ഒന്നുമില്ല' എന്നുപറയാൻ കഴിയുകയില്ല. തീർച്ചയായും നല്ല സമീപനങ്ങൾ അംഗീകരിക്കാനും തെറ്റായ കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനുമാണ് കേരള കോൺഗ്രസ് എടുത്തിട്ടുള്ള പൊതുവായി സമീപനം. അതുകൊണ്ട് ഈ ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളെ നല്ലതെന്ന് പറയും. തെറ്റുണ്ടെങ്കിൽ തീർച്ചയായും ചൂണ്ടിക്കാണിക്കും. ഞങ്ങൾ വളരെ സ്വതന്ത്രമായി പോകുന്നതിനിടയിൽ മറ്റ് ചിലയാളുകൾ ഞങ്ങളെ ആക്രമിക്കാൻ തയ്യാറാകുന്നു. ഞങ്ങൾ എന്ത് തെറ്റാണ് ചെയ്തതെന്ന് മനസ്സിലാകുന്നില്ല. ഞങ്ങൾ സമദൂര സമീപനമാണ് സ്വീകരിക്കുന്നത്. നയങ്ങളുടെയും സമീപനങ്ങളുടെയും അടിസ്ഥാനത്തിലും സമദൂരം ശരിയായ ദൂരമാണെന്ന് വിശ്വസിക്കുന്നവരാണ് ഞങ്ങൾ. അതിനിടയിൽ എന്തിനാണ് ഞങ്ങളെ ഇടയ്ക്കിടെ ആക്രമിക്കുന്നത് എന്നുള്ള ഒരു പ്രശ്നം നമ്മുടെ മുമ്പിലുണ്ട്. 1964 മുതൽ ജീവിച്ചിരിക്കുന്ന ഒരു പ്രസ്ഥാനമാണ് ഞങ്ങളുടേത്. 1964-ന് ശേഷം പലയാളുകളും ഞങ്ങളെ കൊല്ലാനും ഇല്ലാതാക്കാനുമൊക്കെ ശ്രമിച്ചപ്പോഴും ഞങ്ങൾ അതിജീവിച്ചിരുന്നു. അങ്ങനെയാണ് ഇതിന്റെ ജാതകം എഴുതിയിരിക്കുന്നത്. ദീർഘായുസ്സുള്ള ജാതകമാണ് കേരളാ കോൺഗ്രസ്സിന്റേത്. അതുകൊണ്ട് ആര് വിചാരിച്ചാലും കേരളാ കോൺഗ്രസ്സിനെ പെട്ടെന്ന് ഇല്ലാതാക്കാൻ കഴിയുകയില്ലെന്നുള്ളതാണ് പ്രധാനപ്പെട്ട ഒരു കാര്യം. ഞാൻ അത് സൂചിപ്പിച്ചെന്ന് മാത്രമേയുള്ളൂ.

ശ്രീ. പി. സി. ജോർജ്: സർ, ഈ സഭയെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഞാൻ പറയുന്നു. രണ്ടാമതൊരു നിയമസഭാ തെരഞ്ഞെടുപ്പ് നടന്നാൽ ഡോ. എൻ. ജയരാജിന്റെ കേരളാ കോൺഗ്രസ് എന്ന പാർട്ടി ഈ രാജ്യത്ത് കാണില്ല.

ഡോ. എൻ. ജയരാജ്: സർ, മൺമറഞ്ഞുപോയ എന്റെ പിതാവുൾപ്പെടെയാണ് കേരളാ കോൺഗ്രസ് എന്ന രാഷ്ട്രീയ പ്രസ്ഥാനം സ്ഥാപിക്കാൻ നേതൃത്വം നൽകിയത്. 1964 മുതൽ പലയാളുകളും പുറകിൽനിന്നും മുമ്പിൽനിന്നും കുത്തിയിട്ടും അതിന്റെ ചോര ഒത്തിരി വാർന്നുപോയിട്ടും ഇന്നും ആ പ്രസ്ഥാനം കേരളത്തിലെ ജനങ്ങളുടെ ഇടയിൽ ഉണ്ടെന്ന് കോട്ടയത്ത് ഞങ്ങൾ തെളിയിച്ചതാണ്. കോട്ടയത്തെ ഗ്രൗണ്ടിൽ ആളുകളെ ഉൾക്കൊള്ളാൻ വയ്യാതെ പുറത്തേക്ക് ജനം ഒഴുകിയതാണ്. 15,000 പേർ കോട്ടയത്ത് കാണുകയില്ലെന്നാണ് ബഹുമാന്യനായ പി. സി. ജോർജ് പറഞ്ഞത്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കേരളാ കോൺഗ്രസ്സിന്റെ സമ്മേളനത്തെ ആക്ഷേപിക്കുകയും വിമർശിക്കുകയും ചെയ്ത ഏക വ്യക്തി എന്റെ സഹോദരനാണ്. പക്ഷെ അദ്ദേഹം പറഞ്ഞ ഒരു കാര്യം വസ്തുതയാണ്. ഇനി ഒരു തെരഞ്ഞെടുപ്പ്

നടന്നാൽ എന്റെ കാര്യം എന്താകും എന്ന് ആശങ്കപ്പെടുന്ന കേരളത്തിലെ ഏകവ്യക്തിയും താങ്കളായിരിക്കും. അതുകൊണ്ട് കേരളാ കോൺഗ്രസ്സിനെക്കുറിച്ച് ഉത്കണ്ഠപ്പെടേണ്ട. ഇപ്പോൾ ഉള്ളതിനെക്കാൾ ഇരട്ടി അംഗബലത്തോടെ നിയമസഭയിൽ തിരിച്ചുവരുന്ന പാർട്ടിയാണ് കേരളാ കോൺഗ്രസ്.

1.00 PM]

ശ്രീ. പി. സി. ജോർജ്: സർ, ഈ രാജ്യത്ത് ഏതൊക്കെ രാഷ്ട്രീയ പാർട്ടികളുണ്ടോ ഏതൊക്കെ മതസംഘടനകളുണ്ടോ ഏതൊക്കെ മെത്രാൻമാരുണ്ടോ എല്ലാവരുംകൂടി വന്നിട്ടും എല്ലാത്തിനെയും തകർത്ത് 28,000 വോട്ടിന്റെ ഭൂരിപക്ഷത്തോടുകൂടി ഈ സഭയിൽ വന്ന എന്നെയാണ് അപമാനിക്കുന്നത്. ഈ സഭ ഇതിനെ പുച്ഛത്തോടുകൂടി കാണണം.

ഡോ. എൻ. ജയരാജ്: സർ, ബഹുമാന്യനായ പി. സി. ജോർജിന്റെ വലിപ്പത്തെ ഞങ്ങളാരും ചെറുതാക്കി കാണുന്നില്ല. അങ്ങ് പൂഞ്ഞാറിലെ പുലിയാണെന്ന കാര്യത്തിൽ ഞങ്ങൾക്കാർക്കും സംശയവുമില്ല. പക്ഷെ, അങ്ങ് ഇടയ്ക്കിടക്ക് കാഞ്ഞിരപ്പള്ളിയിൽ വന്ന് ഞങ്ങളെ ആക്രമിച്ചിട്ട് പോകേണ്ട കാര്യമില്ലെന്ന് മാത്രമേ ഞാൻ പറഞ്ഞുള്ളൂ. പൂഞ്ഞാർകൊണ്ട് നിർത്തിയാൽ പോരേ; കാഞ്ഞിരപ്പള്ളിയിലേയ്ക്ക് കടന്നുവരേണ്ട കാര്യമുണ്ടോ; വളരെ സമാധാനത്തോടെ ജീവിക്കുന്ന, കർഷകരായ ആളുകൾ ഉൾക്കൊള്ളുന്ന പ്രദേശമാണ് ഞങ്ങളുടേത്. ഇടയ്ക്ക് ടൗണിൽ വന്ന് എന്നെ വിരട്ടിയിട്ട് പോകും. ഇടയ്ക്ക് കാഞ്ഞിരപ്പള്ളിയിൽ വന്നിട്ട് ഇവിടെ എം.എൽ.എ. ഉണ്ടോയെന്ന് ചോദിച്ചിട്ട് പോകും. കഴിഞ്ഞ ദിവസവും അവിടെ വന്ന് ചോദിച്ചിട്ട് പോയെന്ന് ഞാനറിഞ്ഞു. ഇങ്ങനെയുള്ള കാര്യങ്ങൾ ഇടയ്ക്കിടക്ക് ഉണ്ടാകും. അത് അദ്ദേഹത്തിന്റെ ശൈലിയാണ്. എനിക്ക് ചിലരോട് പറയാനുള്ള കാര്യം, ഞങ്ങളെ എന്തിനാണ് കടന്നാക്രമിക്കുന്ന തെന്നുള്ളതാണ്. സത്യത്തിൽ അതൊരു ഭയംകൊണ്ടാണെന്നാണ് എനിക്ക് തോന്നുന്നത്. ചില ആളുകൾക്ക് ചൈനയെന്ന് പറഞ്ഞാൽ ഭയമാണ്. അതുപോലെ കേരളാ കോൺഗ്രസ് എന്ന് പറഞ്ഞാൽ ചില ആളുകൾക്ക് ഭയമാണ്. അങ്ങനെ ഞങ്ങളെ ഭയത്തോടെ കാണേണ്ട കാര്യമില്ല. ഞങ്ങൾ കേരളത്തിലെ കർഷകരുടെ പ്രശ്നങ്ങളുമായിട്ട് മുന്നോട്ടുപോകുന്ന, കാഞ്ഞിരപ്പള്ളിയിലും പൂഞ്ഞാറിലും പാലായിലുമൊക്കെയുള്ള റബ്ബർ കർഷകരുൾപ്പടെയുള്ളവരുടെ പ്രശ്നങ്ങളുമായി മുന്നോട്ടുപോകുന്ന രാഷ്ട്രീയ പ്രസ്ഥാനമാണ്. ചില കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിലൊക്കെ കരിങ്കുരങ്ങിന്റെ പടം വച്ചിട്ട് 'പാവമാണ്, ഉപദ്രവിക്കരുത്, കൊല്ലരുത് എന്ന് അതിന്റെ അടിയിൽ എഴുതിയിട്ടുണ്ട്. ഞങ്ങളുടെ പാർട്ടിയും അതുപോലൊരു പാവം പാർട്ടിയാണ്. ഞങ്ങളെ ദയവായി കൊല്ലരുത്, ഉപദ്രവിക്കരുത്, അനാവശ്യമായി ആക്രമിക്കരുത് എന്ന് മാത്രമാണ് എനിക്ക് ഇക്കാര്യത്തിൽ പറയാനുള്ളത്.

ശ്രീ. കെ. ബാബു: സർ, പൂഞ്ഞാറിലെ പുലി കാഞ്ഞിരപ്പള്ളിയിൽ വന്ന് വിരട്ടുന്നുവെന്ന് പറഞ്ഞു. ബസ് സ്റ്റാന്റുകളിലുള്ള കരിങ്കുരങ്ങിന്റെ ചിത്രം കേരള കോൺഗ്രസിനെയാണോ സൂചിപ്പിക്കുന്നത്.

ഡോ. എൻ. ജയരാജ്: സർ, ഞങ്ങൾ ഔഷധമൂല്യമുള്ളതല്ല, സാധാരണ മനുഷ്യരാണ്. ഔഷധമൂല്യമുള്ളതിനെയാണ് കൊല്ലാൻ ശ്രമിക്കുന്നത്. ഞങ്ങളുടേത് സാധാരണ പ്രസ്ഥാനമാണ്. അതുകൊണ്ട് ചില പാർട്ടി നേതാക്കൾ കിട്ടുന്ന വേദികളിലൊക്കെ ഞങ്ങളെ ഇടയ്ക്കിടക്ക് ആക്രമിക്കുന്നത് ശരിയായ സമീപനമല്ല. ഞങ്ങളൊന്നിനും പോകുന്നില്ല. ഞങ്ങൾ ഇപ്പോൾ സ്വതന്ത്രമായി നിൽക്കുന്നു. ഒരു മുന്നണിയുടെയും പിന്നാലെ പോകാനുള്ള നിലപാട് എടുത്തിട്ടില്ല.

ശ്രീ. പി. സി. ജോർജ്: സർ, ശ്രീ. കാനം രാജേന്ദ്രൻ അവരെ സ്ഥിരമായി ഉപദ്രവിക്കരുതെന്നാണ് ഡോ. എൻ. ജയരാജ് പറഞ്ഞത്. പേര് പറയാനുള്ള പേടികൊണ്ടാണ് മറ്റ് പലതും അദ്ദേഹം പറയുന്നത്.

ഡോ. എൻ. ജയരാജ്: സർ, ഞാൻ വ്യക്തിപരമായി ആരെയും അധിക്ഷേപിക്കുന്ന ഒരാളല്ല. അതെന്റെ രീതിയല്ല. ഗവർണറുടെ നയപ്രഖ്യാപനത്തോടൊപ്പം പാർട്ടിയുടെ നയം, പാർട്ടിയുടെ സമീപനം ഇതാണെന്നാണ് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. ഒരു കാര്യം മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഈ നയപ്രഖ്യാപനത്തിൽ പല കാര്യങ്ങളെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. പക്ഷെ, കേരളം അഭിമുഖീകരിക്കാൻ പോകുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് വരും കാലഘട്ടങ്ങളിൽ രൂക്ഷമായ ജലക്ഷാമമുണ്ടാകുമെന്നതാണ്. കേരളം നദികൾ ഉൾപ്പെടെയുള്ള നിരവധി ജലാശയങ്ങൾ കൊണ്ട് അനുഗ്രഹീതമാണെന്നും നിർഭാഗ്യവശാൽ, അവ മലിനീകരിക്കപ്പെടുകയും അവയിൽ പലതും എക്കൽ അടിഞ്ഞതുമൂലം സഞ്ചാരയോഗ്യമല്ലാതായി തീരുകയും ചെയ്തിട്ടുണ്ടെന്നുമൊക്കെ പറഞ്ഞ് അവസാനിപ്പിക്കുകയാണ്. കെ.എസ്.ആർ.ടി.സി.യുടെ കാര്യം രാവിലെ ഇവിടെ ചർച്ച ചെയ്തു. ആര് വിചാരിച്ചാലും നന്നാക്കാൻ പ്രയാസമുള്ള ഒരു സ്ഥാപനമാണത്. എത്ര കോടി രൂപ ഗവൺമെന്റ് അങ്ങോട്ട് കൊടുത്താലും 'ഞാൻ ഇനിയും നന്നാകുല അമ്മാവാ' എന്ന് പറഞ്ഞ ഒരു അനന്തിരവന്റെ അനുഭവമാണ് കെ.എസ്.ആർ.ടി.സി.-ക്കുള്ളത്. പക്ഷെ, കേരളത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമാകുമെന്ന് എല്ലാ റിപ്പോർട്ടുകളും പറയുകയും വരാൻ പോകുന്നത് വരൾച്ചയുടെ കാലഘട്ടമാണെന്ന് തിരിച്ചറിയുകയും ചെയ്തിട്ടും കേരള വാട്ടർ അതോറിറ്റിക്ക് കാര്യമായ പരിഗണന പലപ്പോഴും നൽകിയിട്ടില്ല. ഈ നയരേഖയിൽ അടിസ്ഥാനപരമായി കേരളം അഭിമുഖീകരിക്കാൻ പോകുന്ന ഏറ്റവും

പ്രധാനപ്പെട്ട വിഷയങ്ങളിലൊന്നായ വരൾച്ചയും ജനങ്ങളുടെ കുടിവെള്ളവുമായി ബന്ധപ്പെട്ട കാര്യങ്ങളും കാര്യമായി പരാമർശിച്ചിട്ടില്ല. ഇന്ന് രാഷ്ട്രപിതാവിന്റെ രക്തസാക്ഷി ദിനം കൂടിയാണ്. 'ദീപങ്ങളൊക്കെ കെടുത്തി ഞാൻ പ്രാർത്ഥിച്ചു, ദീപമേ നീ നയിച്ചാലും' എന്ന് ഒ.എൻ.വി. കുറുപ്പ് എഴുതിയതുപോലെ ഓരോ കാലഘട്ടത്തിലും നമ്മുടെ നവോത്ഥാനത്തിന് നേതൃത്വം നൽകിയ ഒട്ടേറെ ആളുകളെ ഓർക്കേണ്ട ഒരു സന്ദർഭം കൂടിയാണിത്. ബഹുമാന്യനായ കെ. യു. അരുണൻ സൂചിപ്പിച്ചതുപോലെ, ആവിഷ്കാര സ്വാതന്ത്ര്യവും നവോത്ഥാന മൂല്യങ്ങളുമൊക്കെ തകരുന്ന ഒരു കാലഘട്ടത്തിൽ തീർച്ചയായും ഒത്തൊരുമിച്ചുള്ള പ്രവർത്തനമാണ് ഏറ്റവും പ്രധാനം. അത്തരം ശക്തികളെ പ്രതിരോധിക്കാനുള്ള ഊർജ്ജവും ശക്തിയും നമുക്കുണ്ടാകണം. അതിനിടയിൽ അനാവശ്യമായ ഇടപെടലുകളും വിമർശനങ്ങളുമല്ല വേണ്ടതെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഈ നയപ്രഖ്യാപനത്തിനകത്ത് പുതുമയുള്ള ഒരു കാര്യവും നമുക്ക് കാണാൻ കഴിയില്ല. ഒരു ആവർത്തനം മാത്രമാണ് ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിലുണ്ടായിരുന്നതെന്നത് വളരെ വ്യക്തമാണ്. സ്വന്തം സർക്കാരിൽ ഗവർണർക്ക് വിശ്വാസമില്ലായെന്നത് അദ്ദേഹം തന്റെ വാക്കുകളിലൂടെയും പ്രവൃത്തിയിലൂടെയും ആവർത്തിച്ചാവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ക്രമസമാധാനനില തകർന്നുവെന്നതിൽ അദ്ദേഹത്തിനുണ്ടായ ആശങ്ക, ഏറ്റവും വലിയ അപമാനമാണെന്ന് അദ്ദേഹം മാധ്യമങ്ങളിലൂടെ പ്രസ്താവന നടത്തിയത് നമ്മൾ കണ്ടതാണ്. കേരള ചരിത്രത്തിൽ ആദ്യമായി, ഡി.ജി.പി.-യെ വിളിച്ചുവരുത്തി ആശങ്ക അറിയിക്കുകയും വിശദീകരണം തേടുകയും ചെയ്തത് ഈ സർക്കാരിന്റെ കാലയളവിലാണെന്നത് നമുക്ക് വിസ്മരിക്കാൻ കഴിയുന്ന ഒന്നല്ല. ഔദ്യോഗിക കണക്കുകൾ ശരിയാണെങ്കിൽ 346 കൊലപാതകങ്ങളിൽ പതിമൂന്നോളം രാഷ്ട്രീയ കൊലപാതകങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. എല്ലാ കാലത്തും ഉണ്ടാകുന്നതുപോലെതന്നെ അതിൽ ഏറിയ പങ്കും കണ്ണൂർ ജില്ലയിലാണ്. പോലീസിന്റെ രാഷ്ട്രീയവൽക്കരണത്തിന്റെ ഒരു പ്രത്യക്ഷ ഉദാഹരണമായി ഇത്തരത്തിൽ വർദ്ധിച്ചുവരുന്ന രാഷ്ട്രീയ കൊലപാതകങ്ങളെയും ക്രമസമാധാന തകർച്ചയെയും നമുക്ക് കാണാൻ കഴിയും. ഇവിടെ പോലീസ് ഭരണകക്ഷിയുടെ ചട്ടുകമായി മാറുന്നതും പോലീസ് സേനയിൽ ക്രിമിനലുകളുടെ എണ്ണം വർദ്ധിച്ചുവരുന്നതും ക്രിമിനൽ സ്വഭാവമുള്ള പോലീസുദ്യോഗസ്ഥർ ലാ ആന്റ് ഓർഡറിന്റെ ചുമതല വഹിക്കുന്നുവെന്നതും യാഥാർത്ഥ്യമാണ്. ക്രമസമാധാനനില തകർന്നുവെന്നത് ഏറ്റവും രൂക്ഷമായ നിലയിൽ ഗവർണ്ണർതന്നെ അദ്ദേഹത്തിന്റെ

വാക്കുകളിലൂടെ പറഞ്ഞിരിക്കുന്ന പശ്ചാത്തലത്തിലാണ് നമ്മൾ നിൽക്കുന്നതെന്നത് മറക്കരുത്. ഈ സർക്കാരിന്റെ നേട്ടമെന്താണ്? രണ്ട് വർഷം തികയാൻ പോകുന്ന ഈ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടം മദ്യം സുലഭമായി ലഭ്യമാക്കാൻ കഴിഞ്ഞുവെന്നുള്ളതാണ്. അരി സുലഭമല്ലെങ്കിലും ഇന്ന് കേരളത്തിൽ മദ്യം സുലഭമാണ്. എല്ലാ ബാറുകളും തുറന്നു. 'യു.ഡി.എഫ്. മദ്യനയമോ, ഇതെന്ത് മദ്യനയ'മെന്നും; 'ഞങ്ങൾ ഒരു മദ്യനയം കൊണ്ടുവരും, കേരളം കിടുങ്ങുന്ന ഒരു മദ്യനയം', 'യഥാർത്ഥ മദ്യനയ'മെന്താണെന്ന് ഞങ്ങൾ കാണിച്ചുതരും' എന്നൊക്കെയാണ് ഇലക്ഷനുമുമ്പ് നിങ്ങൾ പറഞ്ഞുകൊണ്ടിരുന്നത്. എല്ലാ ബാറുകളും തുറന്നത് നിങ്ങളുടെ നയമാണ്. ഈ ബാറുകൾ തുറക്കുന്നതിനുമുമ്പ് എക്സൈസ് വകുപ്പുമന്ത്രിയുടെയും എക്സൈസ് കമ്മീഷണറുടെയും പ്രസ്താവനകളിലും ചാനൽ ഇന്റർവ്യൂകളിലുമൊക്കെ 'യു.ഡി.എഫ്. മദ്യനയം കൊണ്ടുവന്നതിനുശേഷം കേരളത്തിൽ മയക്കുമരുന്ന് വ്യാപകമായി ലഭ്യമാകുന്നു' എന്നാണ് പറഞ്ഞിരുന്നത്. എന്നാൽ ഇന്നത്തെ സ്ഥിതിയെന്താണ്; ഏറ്റവും രൂക്ഷമായ സാഹചര്യ മുണ്ടായിരിക്കുകയാണ്. സ്കൂൾ പരിസരങ്ങളിലടക്കം എല്ലാ സ്ഥലങ്ങളിലും മയക്കുമരുന്ന് സുലഭമായി ലഭിക്കുന്നു. കഞ്ചാവും പൊടിയുമടക്കം ധാരാളം ലഹരി പദാർത്ഥങ്ങൾ ഇന്ന് നമ്മുടെ ചെറുപ്പക്കാർക്കിടയിൽ കൂടുതൽ ആഴത്തിൽ വ്യാപിച്ചിരിക്കുകയാണ്. അക്കാര്യത്തിൽ ഈ ഗവൺമെന്റ് എന്താണ് ചെയ്തിട്ടുള്ളത്; അനവധി ചെറുപ്പക്കാർ മയക്കുമരുന്നിനും മറ്റും അടിമകളായി ആത്മഹത്യ ചെയ്യുന്ന സാഹചര്യം വർദ്ധിച്ചുവരുന്നുവെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. ചെറുപ്പക്കാർ ആ രീതിയിൽ ആത്മഹത്യ ചെയ്യുമ്പോൾ വയോധികരായ പെൻഷൻകാർ പെൻഷൻ കിട്ടാതെ ആത്മഹത്യ ചെയ്യുന്ന സാഹചര്യവും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായിരിക്കുന്നു. ഇന്ന് രാവിലെ അടിയന്തരപ്രമേയത്തിൽ ചർച്ച ചെയ്തു, കെ.എസ്.ആർ.ടി.സി. പെൻഷൻ മുടങ്ങിയതുമായി ബന്ധപ്പെട്ട് പത്തോളം വ്യക്തികൾ സംസ്ഥാനത്ത് ആത്മഹത്യ ചെയ്ത സാഹചര്യമുണ്ടായിട്ടുണ്ട്. സർക്കാർ ഇടപെടുന്നതെപ്പോഴാണ്; ആത്മഹത്യകളുടെ എണ്ണം വർദ്ധിച്ചുവരുന്ന സന്ദർഭത്തിലാണ് സർക്കാർ ഉണർന്നതെന്നത് ഏറ്റവും പ്രതിഷേധാർഹമായ ഒരു കാര്യമല്ലേ; ഇവിടെ ഓരോ വകുപ്പിന്റെ കാര്യവും എടുത്ത് പരിശോധിച്ചാൽ ഈ സർക്കാരിന്റെ പരാജയത്തിന്റെ പട്ടിക നീണ്ടുനീണ്ടുവരികയാണ്. ഇന്ന് കേരളത്തിലെ വിലനിലവാരം എന്താണ്; വിലവർദ്ധനവ് ഉണ്ടാകുകയില്ലെന്ന് പറഞ്ഞ് അധികാരത്തിൽ വന്നവർ മനസ്സിലാക്കേണ്ട കാര്യം, നിങ്ങളുടെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരിക്കുമാത്രമുണ്ടായ വർദ്ധനവ് 22 ശതമാനമാണ്. രൂക്ഷമായ വിലവർദ്ധനവ് ഗവൺമെന്റിന്റെ പരാജയത്തിന്റെ ഏറ്റവും വലിയ ഉദാഹരണങ്ങളിലൊന്നാണ്. നെല്ല് സംഭരണമുൾപ്പെടെ

തകർന്നിരിക്കുന്ന സാഹചര്യമാണ്. ഗവൺമെന്റിനെ നെല്ല് ഏൽപ്പിക്കാൻ ഇന്ന് കർഷകർ വൈമനസ്യം കാണിക്കുകയാണ്. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവരുടേതായ നിലയിൽ വിപണി കണ്ടെത്തുന്ന സന്ദർഭവും ഇന്നുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ സർക്കാർ പൂർണ്ണ പരാജയമാണെന്ന് കാണിക്കുവാൻ കഴിയുന്നത് ഓഖി ദുരന്തമാണ്. ഒരു പ്രകൃതി ദുരന്തമുണ്ടാകുന്നത് ഒരു സർക്കാരിന്റെ കുഴപ്പംകൊണ്ടാകില്ല. പക്ഷെ, ആ പ്രകൃതി ദുരന്തത്തിന്റെ വ്യാപ്തി വർദ്ധിക്കുന്നത് ഒരു സർക്കാരിന്റെ പരാജയമാണ് കാണിക്കുന്നത്. സാങ്കേതികത്വം പറഞ്ഞുകൊണ്ട് ഇതിനെ ന്യായീകരിക്കുവാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. യഥാസമയം അറിയിപ്പ് ലഭിച്ചിരുന്നുവെങ്കിൽ എത്രയോ ജീവനുകൾ രക്ഷപ്പെടുമായിരുന്നുവെന്നതിനെക്കുറിച്ച് ഇന്ന് നമ്മൾ ചിന്തിക്കുകയാണ്. ഇത് സംബന്ധിച്ച് മത്സ്യമേഖലയിൽ ആശങ്കയുണ്ടായിട്ടുണ്ട്. ആത്മാർത്ഥതയുണ്ടെങ്കിൽ മത്സ്യത്തൊഴിലാളി വിഭാഗത്തെ സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്വം ഗവൺമെന്റ് ഏറ്റെടുക്കണം. മണ്ണെണ്ണ ഉൾപ്പെടെയുള്ള പെട്രോളിയം ഉത്പ്പന്നങ്ങൾക്ക് സബ്സിഡി കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്...... പ്ലീസ് കൺക്ലൂഡ്....

ശ്രീ. അനൂപ് ജേക്കബ്: സർ, സേഫ്റ്റി എക്യുപ്മെന്റ്സ് ഉണ്ടെങ്കിൽ മാത്രമേ കടലിൽ പോകുന്ന യാനങ്ങൾക്ക് അനുമതി കൊടുക്കുകയുള്ളൂവെന്ന് നയപ്രഖ്യാപനത്തിൽ ഗവർണർ സൂചിപ്പിച്ചിരിക്കുന്നു. അത്തരത്തിലുള്ള സേഫ്റ്റി എക്യുപ്മെന്റ്സ് വാങ്ങുന്നതടക്കമുള്ള കാര്യങ്ങളിൽ ഗവൺമെന്റ് ധനസഹായം ഈ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്ന സാഹചര്യമുണ്ടാകണം. ഗവൺമെന്റിന്റെ പ്രതിബദ്ധത തെളിയിക്കേണ്ടത് അത്തരത്തിലുള്ള സാഹചര്യത്തിലാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ ശക്തമായി എതിർക്കുകയാണ്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. 'അസഹിഷ്ണുത നമ്മുടെ ചേതനയോടുള്ള ആക്രമണവും വിദ്വേഷം ഹൃദയത്തോടുള്ള കടന്നാക്രമണവുമാണ് ' - ഇത് പറഞ്ഞത് ഗാന്ധിജിയാണ്. അതോർക്കാതെ ഈ 30-ാം തീയതി നമുക്ക് മുന്നോട്ട് പോകാനാവില്ല. പലരും അതിപ്പോൾ മുതലെടുക്കുകയാണ്. ജനാധിപത്യ ഇന്ത്യയിൽ ജുഡീഷ്യറി പോലും ഇന്ന് സംശയത്തിന്റെ നിഴലിലാണ്. കാലം വല്ലാതെ മാറിപ്പോയിരിക്കുന്നു. 'വരും വരാതിരിക്കില്ല' , ശ്രീ. എം.ടി. വാസുദേവൻ നായർ പറഞ്ഞു. അത് വന്നു- പുതിയ ഗവൺമെന്റ്. 'Waiting for Godot' സാമുവൽ ബെക്കറ്റ് എഴുതിയ നാടകമാണ്. കാത്തിരിപ്പാണ് അതിലും. ശ്രീ. എം.ടി. വാസുദേവൻ നായരുടെ 'മഞ്ഞ്'-ൽ വിമല

ടീച്ചർ തന്റെ കാമുകനെ കാത്തിരിക്കുന്നു. ബുദ്ധു ഒരിക്കലും കാണാത്ത തന്റെ അച്ഛനെ കാത്തിരിക്കുന്നു. രോഗി മരണത്തെ കാത്തിരിക്കുന്നു. കെ. പി. കുമാരന്റെ 'അതിഥി'യിൽ അതിഥി റെയിൽവേ സ്റ്റേഷനിൽ കാത്തിരിക്കുന്നു. പക്ഷേ വണ്ടി റെയിൽവേ സ്റ്റേഷനിൽ നിർത്തുന്നില്ല. ഒരിക്കലും സ്റ്റേഷനിൽ നിൽക്കുന്നില്ല. ഈ അവസ്ഥയിലായിരുന്നു നമ്മുടെ നാട്. നമ്മൾ അവിടേയ്ക്ക് തിരിച്ചുപോകണോ? ഇന്ത്യയെ ആധുനിക രാഷ്ട്രമാക്കുക എന്നത് ബ്രിട്ടീഷുകാരുടെ ലക്ഷ്യമായിരുന്നില്ല. അതുതന്നെയാണ് പുതിയ കേന്ദ്ര ഗവൺമെന്റിന്റെയും ലക്ഷ്യം. ബ്രിട്ടീഷുകാരുടെ പ്രേതം ഇവിടെ പലരിലും ആവാഹിച്ചിട്ടുണ്ട്. നല്ലത് കാണാതിരിക്കുക, നന്മയെ ഇല്ലാതാക്കുക. ചൈനയും ഇന്ത്യയും ഒന്നിച്ചിരുന്ന് പ്രശ്നം പരിഹരിക്കണമെന്ന് പറഞ്ഞുപോയതിന് കമ്മ്യൂണിസ്റ്റുകാരൻ ചൈനയുടെ ചാരനായി ചിത്രീകരിക്കപ്പെട്ടു. ഇസ്രായേൽ വിഷയത്തിൽ പാലസ്തീൻ ജനതയുടെ കൂടെയായിരുന്നു എന്നത് വളരെ വ്യക്തമാണ്. പൊരുതുന്ന ജനതയുടെ കൂടെയാണ് എപ്പോഴും പുരോഗമന പ്രസ്ഥാനങ്ങൾ നിലയുറപ്പിച്ചിട്ടുള്ളത്. എന്നിട്ടും ഇപ്പോഴും ചൈനീസ് ചാരന്മാർ എന്നും മറ്റുമൊക്കെ ഇടയ്ക്കിടയ്ക്ക് പറയുന്നത് ദോഷൈക ദൃക്കുകളാണ്.

മണ്ണുതൊട്ട് മനസ്സറിഞ്ഞ് മുന്നോട്ടു പോകുന്ന സഖാവ് പിണറായി വിജയൻ സർക്കാർ കേരള ഗ്രാമവികസനത്തിന് ദിശാബോധം നൽകിക്കൊണ്ട് പുതിയ വികസന പരിപ്രേക്ഷ്യവുമായി അതിവേഗം മുന്നോട്ടുപോവുകയാണ്. ഭൂപരിഷ്കരണ നിയമം മുതൽ മലയാളഭാഷാ നിയമംവരെ പാസ്സാക്കിയ കേരള നിയമസഭയ്ക്ക് ഒരു തിലകക്കുറിയായാണ് ലോക കേരള സഭ നടന്നത്. പ്രവാസികളുടെ അനുഭവങ്ങളും അറിവുകളും കഴിവുകളും കേരളത്തിന്റെ വികസന പ്രക്രിയയിൽ ഉപയോഗപ്പെടുത്താനും സൗഹൃദം ഊട്ടിയുറപ്പിക്കാനും ലോക കേരള സഭ വഴിയൊരുക്കിയത് ലോകത്തിന് മാതൃകയായി. കാലാവസ്ഥാ വ്യതിയാനംപോലെ, ഓഖി വരവുപോലെ എല്ലാ നന്മകളും തകർത്തെറിയുന്ന കാഴ്ചകൾ കേരളത്തിൽ ഇനി ഉണ്ടാകാൻ പാടില്ല. മൂല്യങ്ങൾ തകർക്കുന്ന പ്രതികരണങ്ങൾ ഗുരുതരവും ആശങ്കാജനകവുമാണ്.

ഭീകരവാദവും എക്സ്ക്ലൂസീവ് ന്യൂസും ജനങ്ങളുടെ ചിന്തയേയും ഏകാഗ്രതയേയും മുറിവേൽപ്പിക്കുകയാണ്. ഇത് ജനം തിരിച്ചറിയണം. ഈയാംപാറ്റകളെപ്പോലെ ചത്തൊടുങ്ങുന്ന വാർത്തകളിൽ നമ്മൾ അഭിരമിക്കരുത്.

ഒരു രാഷ്ട്രത്തലവന്റെ മാതൃകയിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഷാർജ സുൽത്താന്റെ സന്ദർശനവേളയിൽ 149 ഇന്ത്യക്കാരെ ജയിൽ മോചിതരാക്കിയ ചരിത്രപ്രസിദ്ധമായ തീരുമാനം അറിയിച്ചത്. പൊതുമരാമത്ത് വകുപ്പ് ജില്ലകളിൽ സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം ഏർപ്പെടുത്തിയതും കോഴിക്കോട്,

എറണാകുളം എന്നിവിടങ്ങളിൽ ഡിസൈൻ വിഭാഗത്തിന്റെ മേഖലാ ഓഫീസ് തുറക്കുന്നതും വളരെ ഉത്സാഹത്തോടും പ്രതീക്ഷയോടുംകൂടി ഞങ്ങൾ കാണുന്നു. മുൻകാലങ്ങളിൽ റോഡുകളുടെ ഓട്ടയടയ്ക്കുക എന്നുപറഞ്ഞാൽ അതിൽ വെട്ടിപ്പ് നടന്നിരുന്നു. ഇന്ന് ഒരു പുതിയ റോഡിന്റെ ഗുണമേന്മയിലാണ് ഗ്രാമങ്ങളിൽ അത് പ്രതിഫലിച്ചത്.

ഓഖി ദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് 20 ലക്ഷം രൂപയും കേന്ദ്ര സർക്കാരിന്റെ 2 ലക്ഷം രൂപയും ഈ സർക്കാർ കൊടുത്തുകഴിഞ്ഞു. ഇത് സർക്കാരിന്റെ തിളക്കം വർദ്ധിപ്പിച്ചു. കാണാതായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ കുടുംബത്തിന് പ്രതിമാസം 10,000 രൂപ സഹായം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ഓഖി ചുഴലിക്കാറ്റ് സംബന്ധിച്ച് മുൻകൂട്ടി വിവരം നൽകാൻ കഴിഞ്ഞില്ലെന്നും നവംബർ 30-ന് ഉച്ചയ്ക്ക് മാത്രമാണ് മുന്നറിയിപ്പ് നൽകിയതെന്നും കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രാജ്നാഥ് സിംഗ് പാർലമെന്റിൽ വ്യക്തമാക്കിയിട്ടും നമ്മുടെ ആളുകൾക്ക് അത് ദഹിച്ചിട്ടില്ല എന്നു തോന്നുന്നു.

തൊഴിൽ എക്സൈസ് വകുപ്പ് വമ്പിച്ച മാറ്റമാണ് സമൂഹത്തിൽ ഉണ്ടാക്കിയത്. ലഹരിമുക്ത കേരളമെന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'വിമുക്തി പദ്ധതി'ക്ക് വമ്പിച്ച ജനപങ്കാളിത്തമാണ് ഉണ്ടാകുന്നത്. ക്ഷേമനിധി പെൻഷൻ വിതരണം തുടങ്ങിയ കാര്യങ്ങൾ വളരെ തകൃതിയായി നടക്കുന്നു. കേന്ദ്ര ഗവൺമെന്റ് ദളിതരെ ചുട്ടുകൊല്ലുകയും വെടിവച്ച് കൊല്ലുകയും കെട്ടിയിട്ട് മർദ്ദിക്കുകയും കൂട്ടബലാത്സംഗം നടത്തുകയും ചെയ്യുന്ന അവസരത്തിലാണ് കേരള സർക്കാർ ശാന്തിക്കാർക്കും പിന്നോക്ക ദളിത് വിഭാഗങ്ങൾക്കും 38 ശതമാനം സംവരണം നടപ്പിലാക്കിയതും അത് പ്രാവർത്തികമാക്കിയതും. ഇത് അഭിമാനകരം തന്നെയാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത നിലവാരമുള്ള വിദേശ സർവ്വകലാശാലകളിൽ പഠിക്കാനുള്ള പ്രത്യേക മാർഗ്ഗരേഖ തയ്യാറാക്കിയിരിക്കുന്നു. ചികിത്സാ സഹായം അതിവേഗം ലഭിക്കുന്നതിന് ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ മന്ത്രിമാരെല്ലാം വളരെ വ്യക്തമായ ധാരണയിൽ മുന്നോട്ടു പോകുകയാണ്.

എന്റെ മണ്ഡലത്തിൽ ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി വർഷങ്ങളായി മുടങ്ങിക്കിടക്കുകയായിരുന്നു. ഇച്ഛാശക്തിയുള്ളൊരു ഗവൺമെന്റ് വന്നപ്പോൾ സ്ഥലം ഉടമകൾക്കുള്ള നഷ്ടപരിഹാരം വർദ്ധിപ്പിച്ച് ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി ജനഹിതത്തോടെ സമയബന്ധിതമായി നടപ്പിലാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരുമാനമെടുത്തു. കൊച്ചി മെട്രോ, പി.എസ്.സി. നിയമനങ്ങൾ ത്വരിതപ്പെടുത്തൽ എന്നിവയെല്ലാം സർക്കാരിന്റെ മികച്ച നേട്ടങ്ങൾ തന്നെ.

പട്ടയങ്ങൾ വിതരണം ചെയ്യാനാവശ്യമായ നടപടി ത്വരിതപ്പെടുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ 1977-ന് മുൻപ് കരമടച്ച എല്ലാവർക്കും ആശ്വാസകരമായ ഒരു തീരുമാനമാണ് എടുത്തത്. ജോയിന്റ് സർവ്വേ പൂർത്തിയാകുന്നതോടെ സർക്കാരിന്റെ യശസ്സ് ഒരിക്കൽക്കൂടി വർദ്ധിക്കും. പുരാവസ്തു വകുപ്പ് 6 ലക്ഷം പേപ്പർ രേഖകളുടെയും 2 ലക്ഷം താളിയോലകളുടെയും ഡിജിറ്റൈസേഷൻ നടത്തിയത് പ്രശംസനീയമാണ്. മുടങ്ങിക്കിടന്നിരുന്ന പല വർക്കുകളും പുനരുദ്ധരിക്കാനും പുനരാരംഭിക്കാനും പുരാരേഖാ വകുപ്പ് തയ്യാറാകുന്നു എന്നത് ആശ്വാസകരമാണ്.

ശ്രീ. പിണറായി വിജയൻ നയിക്കുന്ന കർമ്മ നിരതമായ സർക്കാർ അഭിമാനിക്കാവുന്ന ഒട്ടേറെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. ഞാനത് വിശദീകരിക്കുന്നില്ല. ആർദ്രം മിഷൻ, ലൈഫ് പദ്ധതി എന്നിവയെല്ലാം അതിന് ഉദാഹരണങ്ങളാണ്. 16-ാം നൂറ്റാണ്ടിൽ സൂഫി മാലിക്ക് മുഹമ്മദ് രചിച്ച 'പത്മാവതി' എന്ന പ്രണയ കവിത ചലച്ചിത്രമായപ്പോൾ 'പത്മാവതി' എന്നത് 'പത്മാവത് ' ആയാൽ മോശമില്ല എന്നാണ് ചില വർഗ്ഗീയവാദികൾ ശഠിക്കുന്നത്. വധഭീഷണി, ബലാത്സംഗം എന്നിവയെല്ലാം നേരിട്ടുനടത്തുന്ന ആളുകളാണ് പത്മാവതി സിനിമയ്ക്കെതിരെ സംസാരിക്കുന്നത്. അഴിമതി മുക്ത സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണർ അവതരിപ്പിച്ച പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് നിർത്തുന്നു.

ശ്രീമതി യു. പ്രതിഭ ഹരി: സർ, ഗവർണ്ണറുടെ നയപ്രഖ്യാപനത്തെത്തുടർന്നുള്ള നന്ദിപ്രമേയത്തെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ഏറ്റെടുക്കുന്ന മുദ്രാവാക്യങ്ങൾ പരിപാടികളായി നടപ്പിലാക്കുന്ന സംസ്ഥാന ഭരണമാണ് നമുക്കുള്ളത്. ഒട്ടനവധി വസ്തുതകൾ വിശദീകരിച്ചുകൊണ്ടുള്ള നയപ്രഖ്യാപനമാണ് ഗവർണർ ഇവിടെ നടത്തിയത്. എനിക്ക് മുൻപ് സംസാരിച്ച ശ്രീ. പി.സി. ജോർജ് അടക്കമുള്ളവർ ഈ നയപ്രഖ്യാപനത്തിൽ എന്താണ് ഉള്ളതെന്ന് ഇവിടെ സംസാരിക്കുന്നത് കേട്ടു. എന്താണ് ഒരു ഭരണാധികാരി ഒരു നാട്ടിൽ ചെയ്യേണ്ടതെന്നും അത് എങ്ങനെയാണ് ചെയ്യേണ്ടതെന്നും വളരെ കൃത്യമായി ദിശാ ബോധത്തോടുകൂടി കാണിച്ചുതരുന്ന ഭരണ നേതൃത്വമുള്ള സ്ഥലമാണ് കേരളം. നവകേരള മിഷന്റെ പ്രവർത്തനങ്ങളൊക്കെ എനിക്കുമുൻപ് സംസാരിച്ച പല സുഹൃത്തുക്കളും ഇവിടെ സൂചിപ്പിച്ചതുകൊണ്ട് ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. നവകേരള മിഷൻ ഉദ്ദേശിക്കുന്നത് എന്തൊക്കെയാണെന്നും അതിന്റെ പ്രവർത്തനമെന്താണെന്നും നാട്ടിലെ ജനങ്ങൾക്ക് കൃത്യമായി അറിയാം. കേവലം ഒന്നോ രണ്ടോ വർഷക്കാലത്തെ വികസനമല്ല കേരളത്തിലെ ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നത്. ദീർഘകാലാടിസ്ഥാനത്തിലുള്ള വളരെ ഭാവനാ പൂർണ്ണമായ വികസനങ്ങളുമായാണ്

കേരളത്തിലെ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. അതുകൊണ്ടുതന്നെയാണ് ഭാരതത്തിലെ ഉയർന്ന ജനസാന്ദ്രതയുള്ള സംസ്ഥാനങ്ങളിലൊന്നായ കേരളത്തിന് ഇന്ത്യാ മഹാരാജ്യത്തിലെ വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനമാകാൻ കഴിഞ്ഞത്. കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് കൊണ്ടാണ് ഇത്തരം കാര്യങ്ങൾ നടക്കുന്നതെന്ന് കഴിഞ്ഞ ദിവസം ചിലർ പറയുന്നത് കേട്ടു, യു.ഡി.എഫ്. ഭരിച്ചപ്പോൾ കേന്ദ്രഭരണവും സംസ്ഥാന ഭരണവും ഒന്നിച്ചുണ്ടായിരുന്നല്ലോ, യു.പി.എ. അല്ലേ അന്ന് കേന്ദ്രം ഭരിച്ചിരുന്നത്? നിസ്സാരമായി അവർക്ക് അന്ന് ചെയ്യാമായിരുന്നല്ലോ? അങ്ങനെ ചെയ്യുന്നതുകൊണ്ട് എന്തെങ്കിലും നാണക്കേട് ഉണ്ടാകേണ്ടതുണ്ടോ? ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്ന് 6 മാസം കഴിഞ്ഞപ്പോഴാണ് എം.എൽ.എ.-മാരുടെയും മന്ത്രിമാരുടെയും അതുപോലെ പഞ്ചായത്തുകളുടെയും എല്ലാ സംവിധാനങ്ങളും കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ടുള്ള പ്രവർത്തനം നടന്നത്. മത്സരാധിഷ്ഠിത ബുദ്ധിയോടുകൂടിയാണ് ഒരോ എം.എൽ.എ.-മാരും പ്രവർത്തിച്ചത്. ആലപ്പുഴ ജില്ലയിൽത്തന്നെ ഓരോ മണ്ഡലവും ഏറ്റവും ആദ്യം മുന്നിൽ വരണമെന്നുള്ള ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്. അങ്ങനെ ചെയ്തതിന്റെ ഫലമായാണ് 'വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനം' എന്ന ഖ്യാതി നമുക്ക് നേടാൻ കഴിഞ്ഞത്. അത് നിസ്സാരമായി കാണാൻ കഴിയില്ല.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ)

കഴിഞ്ഞ ഏപ്രിൽ മാസത്തോടുകൂടി സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമായി കേരളം മാറി. അപ്പോഴും കേന്ദ്ര ഫണ്ട് വിനിയോഗിച്ചാണെന്ന് പറഞ്ഞു, എവിടെ കേന്ദ്ര ഫണ്ട്? പഞ്ചായത്തുകളെ വിശ്വാസത്തിലെടുത്തു കൊണ്ടുള്ള കേരള ഗവൺമെന്റിന്റെ ഏറ്റവും നല്ല കോ-ഓർഡിനേഷന്റെ ഭാഗമായിട്ടാണ് ഇത്തരം പ്രഖ്യാപനങ്ങൾ നടത്താൻ നമുക്ക് കഴിയുന്നത്. കേരളത്തിൽ ഹരിതകേരളം സൃഷ്ടിക്കപ്പെടുകയാണ്. എന്റെ മണ്ഡലത്തിൽ സ്ത്രീകൾ കൊയ്ത്തുപാട്ട് പാടുന്നു, ആ പാട്ടുകേട്ടുകൊണ്ട് അതിന്റെ ഊർജ്ജം ഉൾക്കൊണ്ടുകൊണ്ടാണ് ഞാൻ വന്നിരിക്കുന്നത്. കുട്ടനാട്ടിലെ മണ്ണിൽ വളർന്ന ഞങ്ങൾക്ക് കൊയ്ത്തുപാട്ടിന്റെ ഊർജ്ജം വലുതാണ്. ഒരു കാലത്ത് കേരളത്തിലെ കൊയ്ത്തുപാട്ട് അടക്കമുള്ള കലാരൂപങ്ങൾ നഷ്ടപ്പെട്ടുപോയിരുന്നു. എന്നാൽ ഇപ്പോൾ 'തങ്കമണിക്കതിർ ആടുന്നതുകണ്ട് ചങ്കിലെ നൊമ്പരം പോയ് മറഞ്ഞു' എന്ന് സ്ത്രീകൾ ഒന്നടങ്കം പാടുകയാണ്. അതാണ് കേരളത്തിലെ ഇപ്പോഴത്തെ സ്ഥിതി. കേരളം ഹരിതാഭമാകുന്ന സ്ഥിതി തിരിച്ചുവന്നിരിക്കുന്നു. കഴിഞ്ഞ

കുറച്ചുകാലംകൊണ്ട് ഇവിടുത്തെ ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂ കൃഷി ചെയ്യുന്നതിന് നമുക്ക് കഴിഞ്ഞിരിക്കുന്നു. മൊത്തം 32,000 ഏക്കർ തരിശുനിലങ്ങൾ പുനരുദ്ധരിച്ച് കൃഷി ചെയ്യാൻ കഴിഞ്ഞു. ആറന്മുള, മെത്രാൻ കായൽ മാതൃകയൊക്കെ ഞങ്ങൾ ഇവിടെ പറഞ്ഞു കഴിഞ്ഞതാണ്. പച്ചക്കറി ഉൽപ്പാദനം യു.ഡി.എഫ്.-ന്റെ കാലത്ത് 6.7 ലക്ഷം മെട്രിക് ടണ്ണായിരുന്നത്, കേവലം 20 മാസക്കാലം കൊണ്ട് 9 മെട്രിക് ടണ്ണിലേക്കെത്തിക്കാൻ കഴിഞ്ഞു. കേരളത്തിനാവശ്യമായ 20 മെട്രിക് ടൺ പച്ചക്കറി വരുന്ന അഞ്ച് വർഷക്കാലംകൊണ്ട് ഉൽപ്പാദിപ്പിച്ച് പച്ചക്കറിയിൽ സ്വയം പര്യാപ്ത സംസ്ഥാനമായി കേരളത്തെ മാറ്റാൻ പോകുന്നു, ഇതാണ് ഹരിത കേരളം. കേവലം പച്ചക്കരയുള്ള മുണ്ടും പച്ച ഷർട്ടുമിട്ട കുറച്ചു ഹരിത എം.എൽ.എ. മാർ കുറച്ചുകാലം മുൻപ് കേരളത്തിലുണ്ടായിരുന്നു, അതല്ല ഹരിതം. മണ്ണിലേക്കിറങ്ങി പണി ചെയ്ത്, വിളവും ഉൽപ്പന്നവും ഉണ്ടാക്കി കർഷകർക്ക് ആവശ്യമായ സഹായം ചെയ്യുന്നതാണ് യഥാർത്ഥ ഹരിതം, ആ മാതൃകയാണ് ഇവിടെ സൃഷ്ടിക്കപ്പെടുന്നത്. കേരളത്തിൽ നാളികേര മിഷൻ രൂപീകരിച്ചിരിക്കുന്നു. നാളികേരത്തെ മറന്നുകൊണ്ട് കേരളത്തിന് മുന്നോട്ട് പോകാൻ കഴിയുകയില്ല. 'നാളികേര മിഷൻ' രൂപീകരിച്ചുകൊണ്ട് കേന്ദ്ര സംസ്ഥാന ഗവേഷണ കേന്ദ്രങ്ങൾ ചേർന്നുകൊണ്ട്, പത്തിലധികം പുതിയ സംരംഭങ്ങൾ തുടങ്ങിക്കൊണ്ട്, വലിയ മാസ്റ്റർപ്ലാൻ രൂപീകരിച്ചിരിക്കുകയാണ്. ഹരിത കേരളത്തിലൂടെ ലക്ഷ്യംവയ്ക്കുന്നത് ഭക്ഷ്യസുരക്ഷയും സുരക്ഷിതമായ ഭക്ഷണവുമാണ്. ആലപ്പുഴ ജില്ലയിൽ, ഇപ്പോൾ നമ്മളോടൊപ്പം ഇല്ലാത്ത കെ.കെ.ആറിന്റെ മണ്ഡലത്തിൽ, വലിയ വിപ്ലവകരമായ മാറ്റമാണ് വരട്ടാർ നദിയിൽ ചെയ്തതെങ്കിൽ അതിനേക്കാൾ ഒരുപടി മുന്നിൽ നിന്നുകൊണ്ട്, കാട്ടാക്കട മണ്ഡലത്തിൽ ശ്രീ. ഐ. ബി. സതീഷിന്റെ നേതൃത്വത്തിൽ അവിടത്തെ സ്ത്രീകളെയും പഞ്ചായത്തുകളെയും വിവിധ ഡിപ്പാർട്ടുമെന്റുകളേയും സംയോജിപ്പിച്ചു കൊണ്ട് വലിയ രീതിയിലുള്ള മാറ്റം ആ മണ്ഡലത്തിലുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്കാണ് കേരളത്തിലെ മുഖ്യമന്ത്രി നേതൃത്വം നൽകുന്നത്. അല്ലാതെ ഇന്ത്യയിലെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി വിളിച്ചുപറയുന്നതുപോലെ 'ബേഠീ ബചാവോ, ബേഠീ പഠാവോ', എന്നു പറയുകയും ഹരിയാന ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ പെൺകുട്ടികൾ, അവരുടെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ പോകുമ്പോൾ പോലും ക്രൂരമായി പീഡിപ്പിക്കപ്പെട്ട് കൊലചെയ്യപ്പെടുന്നതുപോലെയുള്ള സംസ്ഥാനമല്ല കേരളം. കോൺഗ്രസ്സിന്റെ കൊള്ളരുതായ്മ കൊണ്ടാണ് ബി.ജെ.പി. ഇപ്പോൾ അധികാരത്തിലിരിക്കുന്നത്. പച്ച കള്ളമാണ് അപ്പുറത്തിരിക്കുന്ന യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും വരുന്നതെന്ന് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

ശ്രീ. എ. കെ ബാലൻ കഴിഞ്ഞദിവസം പറഞ്ഞിരുന്നു. കുശുമ്പ്, അസൂയ എന്നീ വികാരങ്ങൾ നല്ലതല്ല. ഇവിടെ ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളെ നല്ലതെന്ന് പറയാനുള്ള ഒരു ആർജ്ജവമെങ്കിലും ഉണ്ടാകണം. നയപ്രഖ്യാപനത്തിലെ കൂടുതൽ പോയിന്റുകളിലേയ്ക്ക് പോകാതിരിക്കുന്നത്, നയപ്രഖ്യാപനത്തിൽ ഒന്നുമില്ലാത്തതു കൊണ്ടല്ല. നയപ്രഖ്യാപനത്തിലെ അഞ്ച് വർഷക്കാലം നീണ്ടുനിൽക്കുന്ന പരിപാടിക്ക് കേരളത്തിലെ ഗവൺമെന്റ് തുടക്കം കുറിച്ചിട്ടുണ്ട്, അത് നവകേരളം മിഷനിലൂടെ, ഹരിതകേരളത്തിലൂടെ, ആർദ്രത്തിലൂടെ, സ്കൂൾ ഹൈടെക് ആക്കുന്നതിലൂടെ ഒക്കെയാണ്. പ്രതിപക്ഷാംഗങ്ങളുടെയടക്കം മണ്ഡലങ്ങളിൽ അതിന്റെ ഗുണഫലം ലഭിക്കുന്നതുകൊണ്ട് ഞാൻ അതിന്റെ വിശദീകരണത്തിലേക്ക് പോകാൻ ആഗ്രഹിക്കുന്നില്ല. ഏറ്റെടുക്കുന്ന മുദ്രാവാക്യങ്ങൾ കൃത്യമായി നടപ്പിലാക്കിക്കൊണ്ടുപോകുന്ന ഒരു ഗവൺമെന്റാണ് ഇത്. നമ്മുടെ സിയാറ്റിൻ മൂപ്പൻ, അദ്ദേഹത്തിന്റെ ഒരു പ്രസംഗം, 1854-ൽ അമേരിക്കൻ പ്രസിഡന്റിന് അയച്ച ഒരു കത്ത്, ഇന്നു നമ്മുടെ കേരളത്തെ സംബന്ധിച്ച് വളരെ പ്രസക്തമാണ്. കാട്ടാക്കട മണ്ഡലത്തിലടക്കം, നമ്മുടെ നാട്ടിൽ നടക്കുന്ന ഏകദേശം 3900-ൽ അധികം കുളങ്ങൾ നവീകരിച്ചതിലൂടെ, 2466 കിലോമീറ്റർ തോടുകൾ പുനരുദ്ധരിച്ചതിലൂടെ, 17.7 കിലോമീറ്റർ പുതിയ തോട് നിർമ്മിച്ചതിലൊക്കെത്തന്നെ ഹരിതകേരളം സൃഷ്ടിക്കുമ്പോൾ, അദ്ദേഹം എഴുതിയ ഒരു കത്ത്, യു.ഡി.എഫ്. കേരളത്തിൽ അധികാരത്തിലിരുന്നപ്പോൾ, ഇന്ത്യയിൽ യു.പി.എ. ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോൾ, നിങ്ങൾ മറന്നുപോയ കാര്യങ്ങൾ, വർഷങ്ങൾക്കു മുൻപ് അദ്ദേഹം ഓർമ്മിപ്പിച്ചതാണ്, അതാണ് ഞങ്ങൾ ചെയ്യുന്നത്. അരുവികളിലും പുഴകളിലും ഒഴുകുന്ന തെളിനീർ, വെറും ജലമല്ലെന്നും ഞങ്ങളുടെ പൂർവ്വികരുടെ ജീവരക്തമെന്നുമാണ് അദ്ദേഹം പറഞ്ഞത്. ഇവിടെ നീർത്തട സംരക്ഷണ ബിൽ അട്ടിമറിച്ച കഴിഞ്ഞകാല ഗവൺമെന്റിനുള്ള ഒരു ലെറ്റർ ആണത്. അതിൽ പറഞ്ഞത്, ഭൂമി വിൽക്കുകയാണെങ്കിൽ അത് പവിത്രമാണെന്ന് നിങ്ങൾ ഓർക്കണമെന്നാണ്. അരുവികളിലെ മർമ്മരത്തിലൂടെ സംസാരിക്കുന്നത് എന്റെ പിതാമഹൻമാരാണെന്നാണ് പറഞ്ഞത്. അത് മനസ്സിലാക്കാനുള്ള ധാരണയില്ലാതെ, വറ്റി വരണ്ടുപോയ കേരള സംസ്ഥാനത്തെ യാണ് നിങ്ങൾ സൃഷ്ടിച്ചത്. ഈ നിയമസഭാ സമ്മേളനം ചേരുന്നതിനുമുൻപ് 'പടയൊരുക്കം' എന്ന പരിപാടി നടന്നിരുന്നു. ഞങ്ങൾ ആശ്ചര്യപ്പെടുകയായിരുന്നു, എന്ത് പടയൊരുക്കം, ആർക്കെതിരെ പടയൊരുക്കം? ആ പടയൊരുക്കം പാളയത്തിലെ പടയായി സംസ്ഥാന നേതാവ് ജില്ലാ നേതാവിനെ കുത്തി പരിക്കേൽപ്പിക്കുന്ന തരത്തിൽ തീർന്നതായാണ് നമുക്ക് കാണാൻ കഴിഞ്ഞത്. അവിടെ അതിന് അന്ത്യംകുറിച്ചു. കുഞ്ഞുങ്ങളുടെ ഘാതകനായിട്ടുള്ള യോഗി

ആദിത്യനാഥ് കേരളത്തിലേക്ക് വരികയാണ്. ഒന്ന് ആലോചിച്ചു നോക്കൂ, 70 കുഞ്ഞുങ്ങൾ ഓക്സിജനില്ലാതെ പിടഞ്ഞുമരിച്ച നാട്ടിൽനിന്ന് കേരളത്തിൽ വന്ന് വർത്തമാനം പറയാനുള്ള ധൈര്യം കാണിക്കുന്നു. കോൺഗ്രസ്സിന്റെ ആദരണീയനായ പ്രതിപക്ഷ നേതാവ് പ്രസംഗിക്കുന്നത് ഞാൻ എന്റെ വീട്ടിലിരുന്ന് ചാനലിലൂടെ കാണുകയാണ്. അദ്ദേഹം ഇരു കൈകളും ഉയർത്തി പറയുകയാണ്, 'അമിത് ഷാ ഒന്നു കേരളത്തിലേക്ക് വന്നിരുന്നെങ്കിൽ' യഥാർത്ഥത്തിലുള്ള കോൺഗ്രസ്സിന്റെ സ്വഭാവം, പ്രസംഗത്തിലൂടെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന സ്വഭാവമാണ് പ്രതിപക്ഷ നേതാവിന്റെ പ്രസംഗത്തിലൂടെ ഞങ്ങൾ കണ്ടത്. അനേകായിരം സ്ത്രീകൾ വീട്ടിലിരുന്ന് ആ പരിപാടി കാണുകയാണ്. അദ്ദേഹം കൈ ഉയർത്തി ബി.ജെ.പി.ക്കുവേണ്ടി വർത്തമാനം പറയുകയാണ്. 'അമിത് ഷാ കേരളത്തിലേക്ക് വന്നിരുന്നെങ്കിൽ കേരളത്തിലെ റോഡുകൾ നന്നാകുമായിരുന്നു' എന്ന്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് താമസിക്കുന്ന ജില്ലയിൽ തന്നെയാണ് ഞാൻ താമസിക്കുന്നത്. പ്രതിപക്ഷ നേതാവ് മാത്രമല്ല, കോൺഗ്രസ്സിന്റെ ഉന്നതയായ വനിതാ നേതാവ് പ്രസംഗിക്കുന്നതും ഞാൻ കേട്ടു. അമിത് ഷാ കേരളത്തിലേയ്ക്ക് വരേണ്ട കാര്യമില്ല, ഇത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിക്കുന്ന കേരളമാണ്, ഇവിടെ ചന്ദ്രന് സമാനമായിരുന്നു കേരളത്തിലെ റോഡുകൾ, ചന്ദ്രനിലൂടെ യാത്രചെയ്യുക യായിരുന്നുവെന്ന് നമുക്ക് തോന്നുമായിരുന്നു. നമ്മൾ കേട്ടിട്ടുണ്ട് കുണ്ടും കുഴിയും നിറഞ്ഞ ഉപരിതലമാണ് ചന്ദ്രനിലെന്ന്. പക്ഷേ, ചന്ദ്രനിലൂടെ യാത്ര ചെയ്യുന്ന അനുഭവമായിരുന്നു നിങ്ങൾ തന്നതെങ്കിൽ, ഇവിടെ ഒരു അമിത് ഷായും വരേണ്ടിവന്നില്ല, കേരളത്തിൽ നാഷണൽ ഹൈവേ, തിരുവനന്തപുരത്ത് ഇറങ്ങി നോക്കണം, കോൺഗ്രസ്സിന്റെ നേതാക്കൾ അധികവും ഫ്ലൈറ്റിലൂടെ യാത്ര ചെയ്യുന്നവരാണ്. നിങ്ങൾ ഭൂമിയിലൂടെ യാത്ര ചെയ്ത് നോക്കണം. കേരളത്തിലെ റോഡുകൾ മനോഹരമായിരിക്കുന്നുവെന്ന് അപ്പോൾ അറിയാൻ സാധിക്കും. ഗവർണറുടെ നയപ്രഖ്യാപനത്തിൽ എന്താണ് പറഞ്ഞിരുന്നത്, പ്രതിസന്ധികൾ നിറഞ്ഞു നിൽക്കുമ്പോഴാണ് ഞങ്ങൾ ഇത് ചെയ്യുന്നത്. കെ.എസ്.ആർ.ടി.സി.യെക്കുറിച്ച് ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുന്നത് കേട്ടു, അതിന്റെ സ്ഥിതിയെന്താണ്? അങ്ങ് എന്തിനാണ് തെറ്റിദ്ധാരണ പരത്തുന്നത്, എങ്ങനെയാണ് കെ.എസ്.ആർ.ടി.സി. നഷ്ടത്തിലേക്ക് പോയത്, അങ്ങ് കെ.എസ്.ആർ.ടി.സി. മന്ത്രിയായിരുന്നല്ലോ,എന്തായിരുന്നു കെ.എസ്.ആർ.ടി.സി.യുടെ അവസ്ഥ? 60 ലക്ഷം രൂപയ്ക്കാണ് കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ തുടങ്ങിവച്ചത്, ഇപ്പോൾ എത്രയാണ് കൊടുക്കുന്നത്, 60 കോടി രൂപ. വസ്തുതകൾ മറച്ചുവച്ചുകൊണ്ട്, നേരത്തെ പറഞ്ഞതുപോലെ, പ്രതിപക്ഷ നേതാവിന്റെ

പ്രസംഗത്തിൽ കേരളത്തിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചതുപോലെ, നിങ്ങൾ അടിയന്തരപ്രമേയം കൊണ്ടുവരുമ്പോഴും ഈ നാട്ടിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണ്. ഇതൊന്നും ഇവിടെ വിലപ്പോവുകയില്ല. അക്ഷരാർത്ഥത്തിൽ ഇപ്പോൾ കേവലമായ ചില പ്രവർത്തനങ്ങൾ മാത്രമല്ല നടക്കുന്നത്. സ്വാമി വിവേകാനന്ദൻ വന്നതിന്റെ 125-ാം വാർഷികം സമുചിതമായി ഇവിടെ ആഘോഷിക്കാൻ തീരുമാനിച്ചു. ഗാന്ധിജിയുടെ രക്തസാക്ഷി ദിനം 75 വർഷം പൂർത്തിയാക്കിയതിനോടനുബന്ധിച്ച് ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന ആചരണ പരിപാടികൾ സംഘടിപ്പിക്കുന്നു, ശ്രീനാരായണ ഗുരുദേവന്റെ, നമുക്ക് ജാതിയില്ലാ വിളംബരത്തിന്റെ 100-ാം വാർഷികം സമുചിതമായി നമ്മുടെ നാട്ടിലെല്ലാം വിളംബരം ചെയ്യാൻ ശ്രമിക്കുന്നു. മതേതരത്വ നിലപാടുള്ള കേരളത്തിന്റെ മണ്ണിൽ മതേതരത്വ നിലപാടുകൾ ഉയർത്തിപ്പിടിക്കുമ്പോൾ, ബി.ജെ.പി.യോടൊപ്പം ചേർന്നുകൊണ്ട് കോൺഗ്രസ്സ് നടത്തുന്ന നീച പ്രയോഗങ്ങൾ വിലപ്പോവുകയില്ല. ഈ നന്ദിപ്രമേയത്തിൽ ഗവർണർ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളേയും പൂർണ്ണമായും അനുകൂലിച്ചുകൊണ്ട് നിർത്തുന്നു, നന്ദി.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ലക്ഷ്യബോധമുള്ള ഒരു ഗവൺമെന്റിന്റെ ദിശാബോധമുള്ള നയപ്രഖ്യാപനമാണ് ഇവിടെ കേൾക്കാൻ കഴിഞ്ഞത്. രണ്ടുവട്ടം വായിച്ചിട്ടും ചിലർക്കൊന്നും ഇത് മനസ്സിലായില്ലെന്നു പറയുമ്പോൾ നമുക്കെന്ത് ചെയ്യാൻ കഴിയും? വായിച്ചാൽ മനസ്സിലാകാത്തതിന് മറ്റുള്ളവരെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. കേരളം ഒരു ഭ്രാന്താലയമാണെന്ന് സ്വാമി വിവേകാനന്ദൻ പറഞ്ഞു, ആ കേരളം ദൈവത്തിന്റെ സ്വന്തം നാടായി മാറിക്കഴിഞ്ഞു. എങ്ങനെ മാറി?, അത് മനസ്സിലാക്കാൻ മാനസിക വികാസം ആവശ്യമാണ്. കോൺഗ്രസിന്റെ എം.എൽ.എ. മാർ XXXXXXX* എന്ന് പറഞ്ഞത് ഞാനല്ല, അവരുടെ ഘടകകക്ഷിയുടെ നേതാവായ ശ്രീ. ടി.ജെ. ചന്ദ്രചൂഡനാണ്. XXXXX* ഞങ്ങളുടെയൊക്കെ നാട്ടിൽ XXXX* എന്നു വിളിക്കും, കോൺഗ്രസ് എം.എൽ.എ.മാർ അങ്ങനെയുള്ളവരാണെന്ന് ശ്രീ. ടി. ജെ. ചന്ദ്രചൂഡൻ പ്രസ്താവിച്ചിട്ടുണ്ട്. അതുപോലെ തന്നെ അവരോടൊപ്പം നിന്നിരുന്ന ശ്രീ. കെ. എം. മാണി സാർ.....ബഹളം....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ, പ്രതിപക്ഷ എം. എൽ. എ.മാരെ XXXX* പരാമർശിച്ചിരിക്കുന്നു, അവരെല്ലാം XXXX* രീതിയിലാണ് എന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സംസാരിച്ചത്. ഇത്

---

*പിൻവലിച്ചു.

നിയമസഭയുടെ അന്തസ്സിന് ചേർന്നതല്ല, നിയമസഭാംഗങ്ങളെക്കുറിച്ചുള്ള പരാമർശം യഥാർത്ഥത്തിൽ പ്രിവിലേജിൽപ്പെട്ടതാണ്. അതുകൊണ്ട് പിന്നീട് ആലോചിച്ച് ചെയ്യാമെന്ന് പറയാതെ ഇപ്പോൾ തന്നെ ആ പരാമർശം സഭാ രേഖകളിൽ നിന്നും നീക്കം ചെയ്യുന്നതാണ് എന്ന റൂളിംഗ് നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. ചെയർമാൻ: ഇക്കാര്യം പരിശോധിച്ച ശേഷം പിൻവലിക്കേണ്ട താണെങ്കിൽ പിൻവലിക്കുന്നതാണ്.

ശ്രീ. എം. നൗഷാദ്: സർ, ശ്രീ. ടി.ജെ. ചന്ദ്രചൂഡന്റേതായിട്ടുള്ള ഒരു സ്റ്റേറ്റ്മെന്റ് പത്രവാർത്തയിൽ കണ്ടിട്ടാണ് ഞാനങ്ങനെ പറഞ്ഞത്, ആ പരാമർശം തെറ്റിദ്ധാരണയുണ്ടാക്കിയെങ്കിൽ ഞാൻ തന്നെ പിൻവലിക്കുകയാണ്. കൂടെയുണ്ടായിരുന്നവർ പറഞ്ഞത് പറയണ്ടേ? ഗാഡ്ഗിൽ റിപ്പോർട്ടിന്റെ വിഷയത്തിലും കസ്തൂരി രംഗൻ റിപ്പോർട്ടിന്റെ വിഷയത്തിലും കോൺഗ്രസ് ഞങ്ങളെ വഞ്ചിച്ചുവെന്ന് ശ്രീ. കെ.എം. മാണി ഇന്ന് പറഞ്ഞിരിക്കുന്നു. ഇത് അവരുടെ ഒരു പൊതുശീലമാണ്, അതുകൊണ്ടുതന്നെ കേരളം എങ്ങനെ ദൈവത്തിന്റെ സ്വന്തം നാടായി എന്ന് മനസ്സിലാക്കാൻ അവർക്ക് കഴിയില്ല. എന്നെല്ലാം ഇടതുപക്ഷവും കമ്മ്യൂണിസ്റ്റ് ഗവൺമെന്റുകളും അധികാരത്തിൽ വന്നിട്ടുണ്ടോ, അന്നെല്ലാം നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ മാത്രമാണ് ജന മനസ്സുകളിൽ ഇന്നും നിലനിൽക്കുന്നത്. 1957-ലെ ഇ.എം.എസ്. ഗവൺമെന്റ് കുടിയൊഴിപ്പിക്കൽ നിയമവും വിദ്യാഭ്യാസ ബില്ലും കൊണ്ടുവന്നു, 1967-ലെ ഇ.എം.എസ്. ഗവൺമെന്റ് ഭൂപരിഷ്കരണ നിയമം നടപ്പിലാക്കി, 1980-ലെ നായനാർ ഗവൺമെന്റ് കർഷത്തൊഴിലാളി പെൻഷൻ പദ്ധതി നടപ്പിലാക്കി. ആ നിയമം പ്രത്യുല്പാദനപരമല്ല എന്നുപറഞ്ഞ് ആക്ഷേപിച്ചവരുടെ പിൻമുറക്കാരാണ് അപ്പുറത്തിരിക്കുന്നത്. 1987-ലെ ഗവൺമെന്റിന്റെ കാലത്ത് സമ്പൂർണ്ണ സാക്ഷരത കൈവരിച്ചു. 1996-ൽ ജനകീയാസൂത്രണം നടപ്പിലാക്കി. 2006-ൽ നീർത്തട സംരക്ഷണ നിയമമുണ്ടാക്കി. ഇപ്പോൾ ഹരിതകേരളം ഉൾപ്പെടെയുള്ള നാല് മിഷനുകൾ പ്രഖ്യാപിച്ചു. ഇങ്ങനെ വിവിധ പദ്ധതികളിലൂടെ കേരളത്തെ മാറ്റിയെടുക്കുന്നതിന് നേതൃത്വം കൊടുത്തിട്ടുള്ളവരാണ് ഇടതുപക്ഷ ഗവൺമെന്റുകൾ. ആ ഗവൺമെന്റിനെ നോക്കി പരിഹസിക്കാനാണ് ഇവർ ശ്രമിക്കുന്നത്. ഇപ്പോഴത്തെ ഗവൺമെന്റ് ചരിത്രത്തിലാദ്യമായി മുന്നോക്കക്കാരിലെ പിന്നോക്ക ക്കാർക്ക് സംവരണം ഏർപ്പെടുത്തി. ഇതിനെക്കുറിച്ചുള്ള അഭിപ്രായമെന്താണ്, ചരിത്രത്തിലാദ്യമായി പിന്നോക്കക്കാരനെ ശാന്തിക്കാരനായി നിയമിച്ചു. ഈ ഗവൺമെന്റിന്റെ ചരിത്രപരമായ നേട്ടങ്ങൾ കാണാൻ ഇവർക്ക് കണ്ണുകളില്ല.

കേരളത്തിലും ബംഗാളിലും ത്രിപുരയിലും മാത്രമുള്ള പാർട്ടിയെന്ന് പറഞ്ഞ് ആക്ഷേപിക്കുന്നവർ ബി.ജെ.പി.-യെ വളർത്തിയത് ഞങ്ങളാണെന്ന് പറയുന്നു. കുരുടൻ ആനയെ കണ്ടതുപോലെയെന്ന് പണ്ട് പറയുന്നത് ഇപ്പോഴും ഇവരുടെ കാര്യത്തിൽ പ്രസക്തമാണ്, വസ്തുതകളെ മനസ്സിലാക്കാൻ ഇവർക്ക് കഴിയുന്നില്ല. എങ്ങനെയാണ് ബി.ജെ.പി വളർന്നത്? നേരത്തേ സൂചിപ്പിച്ചപോലെ ശിലാന്യാസം നടത്താൻ രാജീവ് ഗാന്ധി അനുവാദം കൊടുത്തു, അതിനുശേഷമാണ് രഥയാത്രയെന്ന് പറഞ്ഞ് എൽ.കെ. അദ്വാനിക്ക് ഇന്ത്യയൊട്ടാകെ സഞ്ചരിക്കാൻ കഴിഞ്ഞത്. രഥയാത്രയെ വി.പി. സിംഗ് പിടിച്ചു നിർത്തി. വി.പി. സിങ്ങ് ഗവൺമെന്റിനുള്ള ബി.ജെ.പി.-യുടെ പിന്തുണ പിൻവലിച്ചപ്പോൾ ആ ഗവൺമെന്റിനെ പിന്തുണയ്ക്കാൻ കോൺഗ്രസ് എന്തുകൊണ്ട് തയ്യാറായില്ല? ബി.ജെ.പി.-ക്ക് കീഴ്പ്പെട്ടുകൊണ്ട് സ്വീകരിച്ച മൃദുഹിന്ദുത്വ സമീപന നിലപാടുകളാണ് ഈ അവസ്ഥയിലേയ്ക്കെത്തിച്ചത്. കോൺഗ്രസിന്റെ അവസ്ഥയെന്താണ്? അൻപത്തിമൂന്ന് ശതമാനം ബി.ജെ.പി എം.പി.-മാർ പഴയ കോൺഗ്രസുകാരാണ്. ബി.ജെ.പി.-യിലേയ്ക്കുള്ള റിക്രൂട്ടിംഗ് ബോർഡായി കോൺഗ്രസ് മാറിയിരിക്കുകയാണ്, ആ കോൺഗ്രസിനെ ഞങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ടോ? എഴുപത് വർഷം മുൻപ് ജനങ്ങൾ അധികാരമേല്പിച്ചത് കോൺഗ്രസിനെയാണ്, അവിടെനിന്നും ബി.ജെ.പി.-യുടെ കൈകളിലേയ്ക്ക് ഇന്ത്യയുടെ അധികാരമെത്തിയിട്ടുണ്ടെങ്കിൽ അതിന് ഉത്തരവാദി ആരാണ്? എന്റെ കൈയിലിരിക്കുന്ന ഒരു സാധനം മറ്റൊരാളുടെ കൈയിലകപ്പെട്ടാൽ അതിലെ ഒന്നാം പ്രതി എന്റെ കഴിവില്ലായ്മ മാത്രമാണ്. കോൺഗ്രസിന്റെ അഴിമതിയും ജനവിരുദ്ധ നിലപാടുകളും കാരണമാണ് ബി.ജെ.പി.-ക്ക് ഈ നിലയിലെത്താൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീനെപ്പോലുള്ളവർ ഇത് മനസ്സിലാക്കണം. ഞങ്ങൾക്ക് കേരളത്തിലും ബംഗാളിലും ത്രിപുരയിലും മാത്രമേ ശക്തിയുള്ളൂവെന്ന് നിങ്ങൾ പ്രസംഗിക്കാറില്ലേ, ആ സ്ഥലങ്ങളിൽ ബി.ജെ.പി. വളർന്നിട്ടില്ല. ബംഗാളിൽ ഞങ്ങൾ ക്ഷയിക്കാൻ തുടങ്ങിയപ്പോഴാണ് അവർക്ക് അൽപ്പം വളർച്ച ഉണ്ടായത്. ഉത്തർപ്രദേശിലും ബീഹാറിലും രാജസ്ഥാനിലുമൊക്കെ സി.പി.ഐ. (എം)-ന് ശക്തിയുണ്ടെന്ന് ഒന്നുകിൽ നിങ്ങൾ അംഗീകരിക്കണം, അങ്ങനെയുണ്ടെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. ശക്തിയില്ലാത്ത ഞങ്ങളെങ്ങനെ മറ്റൊരാളെ ശക്തിപ്പെടുത്തും? കോൺഗ്രസാണ് ബി.ജെ.പി.-യെ ശക്തിപ്പെടുത്തിയിട്ടുള്ളത്. കേരളത്തിൽ ലീഗിനോടാപ്പം വള്ളിക്കുന്ന് പഞ്ചായത്തിൽ ശ്രീ. എൻ ഷംസുദ്ദീന്റെ നേതാക്കന്മാർ ബി.ജെ.പി.-യോടൊപ്പം ചേർന്ന് ഭരിക്കുന്നു. കോ.ലീ.ബി. സഖ്യം നമ്മൾ മറക്കരുത്, അതിനുള്ള സമയമായിട്ടില്ല.

കോൺഗ്രസ്-ലീഗ്-ബി.ജെ.പി. ബന്ധം എന്നും കേരളത്തിലുണ്ടായിട്ടുള്ളതാണ്. ഇവിടെ ശക്തമായി ബി.ജെ.പി. വിരുദ്ധ നിലപാട് സ്വീകരിച്ചിട്ടുള്ളത് സി.പി.ഐ.(എം) തന്നെയാണ്. അതുകൊണ്ടാണ് ചെറിയ പാർട്ടിയെന്ന് നിങ്ങൾ ആക്ഷേപിക്കുമ്പോഴും ബി.ജെ.പി.-യുടെ അഖിലേന്ത്യാ നേതൃത്വം സി.പി.ഐ.(എം)-നെ ഭയക്കുന്നത്. കോൺഗ്രസല്ല, കൊച്ചുപാർട്ടിയാണെങ്കിലും സി.പി.ഐ.(എം) തന്നെയാണ് അവരുടെ മുഖ്യശത്രുവെന്ന് അറിയുന്നതുകൊണ്ടാണ് ഞങ്ങളുടെ കേന്ദ്ര കമ്മറ്റി ഓഫീസിലേയ്ക്ക് ആക്രമണം നടത്താൻ വന്നത്. അപ്പോഴെല്ലാം കയ്യുംകെട്ടി നിൽക്കുകയാണ് നിങ്ങൾ ചെയ്തത്, ആരെന്ത് വിചാരിച്ചാലും തരക്കേടില്ല സി.പി.ഐ.(എം) നശിച്ചാൽ മതിയെന്നതാണ് നിങ്ങളുടെ നയം. ഒന്നാം കക്ഷിയായി കോൺഗ്രസ് ജയിച്ചുവന്ന ഗോവയിൽപ്പോലും സർക്കാരുണ്ടാക്കിയത് ബി.ജെ.പി.-യാണ്. ഇതെല്ലാം ആരെ കൂട്ടുപിടിച്ചിട്ടാണെന്ന് കേരളത്തിലെ ജനങ്ങൾക്കറിയാം. അതുകൊണ്ടാണ് വളരെ ലക്ഷ്യബോധത്തോടു കൂടി ജനക്ഷേമകരമായ പദ്ധതികളുമായി മുന്നോട്ടുപോകുന്നത്. ചരിത്രം തിരുത്തിക്കുറിക്കുന്ന വിദ്യാഭ്യാസ സംരക്ഷണയജ്ഞം അതിലൊന്നാണ്. ഓരോ വിദ്യാർത്ഥിയും ഓരോ പൗരനാണ്, അത് തിരിച്ചറിഞ്ഞുകൊണ്ട്, അവരുടെ ശേഷി മനസ്സിലാക്കിക്കൊണ്ട്, അവരെ ഈ സമൂഹത്തിനുതകുന്നവിധത്തിൽ വാർത്തെടുക്കുന്നതിനായി നടത്തുന്ന പരിശ്രമങ്ങളെ പിന്തുണയ്ക്കുന്നതിന് പകരം മാറി നിൽക്കുക എന്നത് കേരളത്തിലെ ജനങ്ങളെ അവഹേളിക്കലാണ്. മകൻ ചത്താലും വേണ്ടില്ല മരുമകളുടെ കണ്ണീർ കണ്ടാൽ മതിയെന്ന രീതിയിലുള്ള അന്ധമായ സി.പി.ഐ.(എം) വിരോധമാണ് ഇവരെ ഈ നിലയിലേയ്ക്കെത്തിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിലെത്തുമ്പോൾ നിങ്ങളുടെ കൂടെയുണ്ടായിരുന്നവർ പോലും ഇപ്പോഴില്ല, ശ്രീ. എം.പി. വീരേന്ദ്രകുമാർ പോയി, ശ്രീ. കെ. എം. മാണിസാർ പോയി, ചന്ദ്രചൂഡൻ പറഞ്ഞത് ഞാൻ സൂചിപ്പിച്ചു, ഇതൊന്നും സഹിക്കുന്നില്ലെങ്കിൽ പത്രമെടുത്ത് നോക്കണം. കൂടെയുള്ളവരെപ്പോലും സംരക്ഷിക്കാൻ കഴിയാത്തത് നിങ്ങളുടെ തെറ്റായ, ജനവിരുദ്ധമായ നിലപാടുകൾ കൊണ്ടാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് അത് തിരുത്താൻ നിങ്ങൾ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ദിശാബോധമുള്ള, ലക്ഷ്യബോധമുള്ള ഈ നയപ്രഖ്യാപനത്തെ എന്തുകൊണ്ടാണ് എതിർക്കുന്ന തെന്നും, അതിലെ ഏത് നയമാണ് തെറ്റെന്നും ചൂണ്ടിക്കാണിക്കണം, ആ നയത്തെ എതിർക്കുന്നുവെന്ന് പറയണം. അങ്ങനെ ചെയ്യാതെ നയത്തെ എതിർക്കുന്നുവെന്ന് മാത്രം പറയുന്നത് ശരിയല്ല. കൃത്യമായും വ്യക്തമായും കാര്യങ്ങൾ പറയുവാനുള്ള ഇച്ഛാശക്തി കാണിക്കണമെന്ന് പ്രതിപക്ഷ സുഹൃത്തുക്കളോടഭ്യർത്ഥിച്ചുകൊണ്ട്,

കേരള ഗവൺമെന്റിനുവേണ്ടി ഗവർണ്ണർ നടത്തിയ നയപ്രഖ്യാപനത്തിന്മേൽ ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ സർവ്വാത്മനാ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. അനിൽ അക്കര: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്. അതിനുള്ള പ്രധാന കാരണം, ബഹുമാന്യനായ ഗവർണർ പ്രസംഗം കഴിഞ്ഞതിനുശേഷം പോകുന്ന സമയത്ത് മുഖ്യമന്ത്രിയോട് പത്രക്കാർ ഗവർണ്ണറുടെ പ്രസംഗത്തെക്കുറിച്ച് ചില വാക്കുകൾ ചോദിച്ചപ്പോൾ 'ഞാൻ അത് ശ്രദ്ധിച്ചില്ല' എന്നാണ് അദ്ദേഹം പറഞ്ഞത്. കേരളത്തിന്റെ മുഖ്യമന്ത്രിപോലും ശ്രദ്ധിക്കാത്ത ഒരു പ്രമേയത്തെ എങ്ങനെ പിന്താങ്ങാൻ സാധിക്കും? ഇതിന്റെ അവതാരകനായ ശ്രീ. മുല്ലക്കര രത്നാകരനും ഇതിൽ താൽപ്പര്യമില്ല. അദ്ദേഹവും ഇവിടെ പങ്കെടുക്കുന്നില്ല. ആർക്കും വേണ്ടാത്ത ഒരു പ്രസംഗവും അതുമായി ബന്ധപ്പെട്ട ഒരു പ്രമേയവുമാണെന്നുള്ളതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുകയാണ്. ഇവിടെ എല്ലാവരും ഈ ഗവൺമെന്റിന്റെ മുദ്രാവാക്യങ്ങളെക്കുറിച്ചാണ് പ്രസംഗിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് ഈ ഗവൺമെന്റിന് നേതൃത്വം കൊടുത്ത ആളുകൾ പറഞ്ഞ മുദ്രാവാക്യങ്ങൾ എന്താണ്? അഴിമതിക്കെതിരെയാണ് ഈ പോരാട്ടം, കയ്യേറ്റങ്ങൾക്കെതിരെയാണ് ഈ പോരാട്ടം, സ്ത്രീപീഡകർക്കെതിരെയാണ് ഈ പോരാട്ടം - ഈ മൂന്നു കാര്യങ്ങളാണ് പറഞ്ഞത്. ഈ മൂന്ന് കാര്യങ്ങൾക്കുമുള്ള ഉത്തരമായാണ് ഈ ഗവൺമെന്റിലെ മൂന്ന് മന്ത്രിമാർ രാജിവച്ചുപോയത്. അഴിമതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ വലംകൈ ആയിരുന്ന ഈ ഗവൺമെന്റിലെ രണ്ടാമനായിരുന്ന ശ്രീ. ഇ. പി. ജയരാജൻ രാജിവച്ചുപോയത് അഴിമതിയുടെ ഭാഗമായാണ്. അതിനകത്ത് തർക്കമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. അതുപോലെത്തന്നെ സ്ത്രീപീഡന വിഷയവുമായി ബന്ധപ്പെട്ടുകൊണ്ട് അല്ലെങ്കിൽ അത്തരത്തിലുള്ള വിഷയവുമായി ബന്ധപ്പെട്ടുകൊണ്ട് രാജിവച്ചുപോയ മന്ത്രിയാണ് ശ്രീ. എ. കെ. ശശീന്ദ്രൻ. അത് അതിന്റെ രണ്ടാമത്തെ ഉത്തരമാണ്. കയ്യേറ്റങ്ങൾക്കെതിരായ നിലപാടുകളുമായി ബന്ധപ്പെട്ട് പറഞ്ഞ മുദ്രാവാക്യങ്ങളുടെ ഉത്തരമാണ് തോമസ് ചാണ്ടി. അങ്ങനെ മൂന്നുപേരും രാജിവച്ചുപോയത് ഇവർ പറഞ്ഞ മുദ്രാവാക്യങ്ങളോട് ഇവർക്ക് യാതൊരു നീതിയും പുലർത്താൻ കഴിഞ്ഞില്ലെന്നുള്ളതിന് ഉദാഹരണമാണ്. ഇവിടെ നിരവധി തവണ ബഹുമാന്യനായ മുഖ്യമന്ത്രി വിജിലൻസ് ഡയറക്ടർ ശ്രീ. ജേക്കബ് തോമസിന്റെ പല പരിപാടികളെയും പ്രവർത്തനങ്ങളെയും കുറിച്ച് വളരെയധികം അഭിമാനത്തോടെയാണ് സംസാരിക്കുന്നത് കേട്ടത്. അദ്ദേഹം ഓരോ കാവ്യങ്ങൾ എഴുതിക്കൊണ്ടിരിക്കുകയാണ്. പാഠം 1, പാഠം 2, പാഠം 5 അവസാനം ശബരിമലയിലെ കുരുതിപോലെ ഈ ഗവൺമെന്റിന്റെ കുരുതി

കണ്ടിട്ടേ ജേക്കബ് തോമസ് അടങ്ങൂവെന്ന രീതിയിലാണ് അദ്ദേഹത്തിന്റെ പാഠങ്ങൾ മുഴുവൻ പോകുന്നത്. ഈ ഗവൺമെന്റിന്റെ ഇപ്പോഴത്തെ നയം എന്താണ്? ഇതൊരു ഒത്തുതീർപ്പ് മുന്നണിയായി മാറിക്കൊണ്ടിരിക്കുകയാണ്. സ്ത്രീപീഡന കേസുകൾ ഒത്തുതീർപ്പാക്കുക, കയ്യേറ്റങ്ങൾ ഒത്തുതീർപ്പാക്കുക, അഴിമതിക്കേസുകൾ ഒത്തുതീർപ്പാക്കുക. ഇതൊരു ലെഫ്റ്റ് ഡീൽ മുന്നണി ഫ്രണ്ട് എന്ന രീതിയിലേയ്ക്ക് മാറിക്കഴിഞ്ഞിരിക്കുകയാണ്. ഒത്തുതീർപ്പ് മുന്നണിയായി ഇടതുപക്ഷ ജനാധിപത്യ മുന്നണി മാറിയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഈ ഗവൺമെന്റ് ശ്രീ. ഇ. പി. ജയരാജന്റെ കേസ് മുതൽ എല്ലാ അഴിമതി കേസുകളും ഒത്തുതീർപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇവിടത്തെ രസകരമായ കാര്യമെന്താണ്? കോൺഗ്രസ്സ് ബി.ജെ.പി.-യെ എതിർക്കാൻവേണ്ടി ഇവരുടെ പിന്തുണ ചോദിച്ചുവെന്നാണ് പറയുന്നത്. ആര് ചോദിച്ചു; എവിടെ പോയി ചോദിച്ചു; സി.പി.ഐ.(എം)-ന്റെ കേന്ദ്ര കമ്മിറ്റി, പോളിറ്റ് ബ്യൂറോ അംഗങ്ങൾ കോൺഗ്രസ്സുകാരാണോ? അവർ അവിടെ കിടന്ന് തല്ലുകൂടുകയാണ്. അതിന് ഞങ്ങൾ എന്ത് പിഴച്ചു? അതിന് പറയുന്ന കാര്യം, കോൺഗ്രസ്സിന്റെ സാമ്പത്തിക നയങ്ങൾ ഞങ്ങൾക്കെതിരാണ് എന്നാണ്. എന്ത് സാമ്പത്തിക നയത്തിലാണ് കോൺഗ്രസ്സിനോട് എതിർക്കുന്നത്? ഇവരുടെ സാമ്പത്തിക നയമെന്താണ്? ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ മക്കളുമായി ബന്ധപ്പെട്ട സാമ്പത്തിക നയമാണോ? അത് കോൺഗ്രസ്സിനേക്കാൾ മെച്ചപ്പെട്ട നയമാണോ? ഒരു കാര്യം ഉറപ്പാണ്, ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ മക്കൾ നടത്തുന്ന സാമ്പത്തിക നയമാണ് സി.പി.ഐ.(എം.)-ന്റെ സാമ്പത്തിക നയമെങ്കിൽ ഒരു സംശയവും വേണ്ട, കേരളത്തിലെ സി.പി.ഐ(എം)-ന്റെ പേര് മാറ്റേണ്ടിവരും- കേരളാ കമ്മ്യൂണിസ്റ്റ് പാർട്ടി എന്നാക്കി മാറ്റേണ്ട ഗതികേടിലാണ് സി.പി.ഐ.(എം) ഇരിക്കുന്നത്. മാറ്റേണ്ടിവരുമെന്ന കാര്യത്തിൽ തർക്കമില്ല. ഞങ്ങളുടെ സാമ്പത്തിക നയം, അതിലെ തെറ്റെന്താണ്? ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ മകൻ നടത്തുന്ന സാമ്പത്തിക നയത്തിന്റെ ഗുണമെന്താണ്? ഞങ്ങൾക്കറിയാൻ താൽപ്പര്യമുണ്ട്. ഇവിടെ ആവർത്തിച്ചാവർത്തിച്ച് പറയാമല്ലോ? ഓരോ മക്കളുടെയും കാര്യത്തിലേയ്ക്ക് പോയിക്കഴിഞ്ഞാൽ എല്ലാവരുടെയും സാമ്പത്തികം വളരെ രസകരമാണ്. മുൻ മുഖ്യമന്ത്രിയായിരുന്ന ശ്രീ. അച്ചുതാനന്ദന്റെ മകനുമായി ബന്ധപ്പെട്ട വിഷയങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഇവിടെ പറഞ്ഞ പ്രധാനപ്പെട്ട കാര്യം, നാല് മിഷനുകൾ, നവകേരളത്തിലെ നാല് മിഷനുകൾ ഈ മിഷന്റെയൊക്കെ സ്ഥിതിയെന്താണ്; ആരാണ് ഈ മിഷനുണ്ടാക്കിയത്? ഈ മിഷന്റെ തല എന്നുപറയുന്നത് മുൻ ചീഫ് സെക്രട്ടറി ശ്രീ. എസ്.എം. വിജയാനന്ദാണ്. ചീഫ് സെക്രട്ടറി ശ്രീ. എസ്. എം. വിജയാനന്ദ് വിരമിച്ചു. അദ്ദേഹം ഇപ്പോൾ എവിടെയാണ്? അതിനുശേഷം വിരമിച്ച ശ്രീമതി നളിനി

നെറ്റോ, എവിടെയാണ്? അതിനുശേഷം വിരമിച്ച ശ്രീ. കെ. എം. എബ്രഹാം എവിടെയാണ്? വിജയാനന്ദിനുശേഷം വിരമിച്ച ശ്രീമതി നളിനി നെറ്റോ മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായി തുടരുകയാണ്. ശ്രീ. കെ. എം. എബ്രഹാം പ്രധാനപ്പെട്ട പോസ്റ്റിൽ ഇരിക്കുകയാണ്. കേരളത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്, അധികാര വികേന്ദ്രീകരണത്തിന് ഇത്രയേറെ മാതൃകാപരമായി പ്രവർത്തിച്ച ശ്രീ. എസ്.എം. വിജയാനന്ദിന് ഒരു പ്യൂണിന്റെ പണിയെങ്കിലും ഈ ഗവൺമെന്റ് കൊടുത്തോ; എന്താണ് അതിന്റെ കാരണം; എന്തുകൊണ്ടാണ് ശ്രീ. എസ്.എം. വിജയാനന്ദിനെ മറന്നുപോയത്? അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഡൽഹിയിൽ പോയി അവാർഡുകൾ വാങ്ങിക്കൂട്ടിയിട്ടുണ്ടെങ്കിൽ അതിന്റെ പിന്നിൽ പ്രവർത്തിച്ച ഉദ്യോഗസ്ഥൻ ശ്രീ. എസ്. എം. വിജയാനന്ദാണ്. ആ വിജയാനന്ദിനെ ഇവർ മറന്നുപോയി. എന്താണ് അതിന്റെ കാരണം? അതിന്റെ പിന്നിലുള്ള കാരണങ്ങൾ ഞാൻ പറഞ്ഞ ശ്രീ. ജേക്കബ് തോമസുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്, ശ്രീ. സെൻകുമാറുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. അതുകൊണ്ടാണ് ഈ നാല് മിഷനുകൾ ഇന്ന് കൈകാലിട്ടടിക്കുന്നത്. ലൈഫ് മിഷന്റെ സ്ഥിതിയെന്താണ്? അറുന്നൂറോളം ദിവസങ്ങൾ ഈ ഗവൺമെന്റ് പിന്നിട്ടുകഴിഞ്ഞു. ഒരു വീട് ഒരു ഗ്രാമപഞ്ചായത്തിൽ പൂർത്തീകരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? മികവിന്റെ കേന്ദ്രമാണെന്ന് പറയുന്ന അന്താരാഷ്ട്ര നിലവാരമുള്ള സ്കൂൾ ആരാണ് നടത്തുന്നത്? എന്റെ മണ്ഡലത്തിൽ നിർമ്മിതി കേന്ദ്രമാണ് എസ്റ്റിമേറ്റുണ്ടാക്കിയത്. അതിന് കിറ്റ്കോ ആണ് മേൽനോട്ടം വഹിക്കുന്നത്. നിർമ്മിതി കേന്ദ്ര പണിയുമെന്ന് പറയുന്നു. ആര് പണിയും? ഇതിന് സാങ്കേതികാനുമതി ആര് കൊടുത്തു? ഇത് 2016-17-ൽ എഴുതിക്കൊടുത്തതാണ്, 2017-18-ലെ ബഡ്ജറ്റിൽ വന്നതാണ്. 2018-19-ലെ ബഡ്ജറ്റ് ആരംഭിക്കാൻ പോകുകയാണ്. ഇപ്പോഴും തുടങ്ങാൻ സാധിച്ചിട്ടില്ല. ശ്രീ. എ.എൻ. ഷംസീർ നല്ലൊരു സ്കൂളിൽ പഠിച്ചുകൊണ്ടിരുന്ന കുട്ടിയെ മികവിന്റെ കേന്ദ്രത്തിലേയ്ക്ക് മാറ്റി. ആ കുട്ടിയുടെ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് എനിക്കറിയില്ല. ഞാൻ സൂചിപ്പിക്കുന്നത്, മികവിന്റെ കേന്ദ്രമെന്ന നിലയിൽ ഒരു സ്കൂൾ ഇവിടെ ആരംഭിക്കാൻ കഴഞ്ഞിട്ടില്ല, ആർദ്രം നല്ല പദ്ധതി തന്നെയാണ്, എതിർക്കുന്നില്ല. പക്ഷേ ഒരു കാര്യം ആലോചിക്കണം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടാക്കിയ അടിസ്ഥാന സൗകര്യങ്ങളുള്ള സ്ഥലങ്ങളിൽ മാത്രമാണ് ആർദ്രം പദ്ധതി നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചത്. കേരളത്തിലെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ആർദ്രം പദ്ധതിയുണ്ടോ? ഒരു സ്ഥലത്തും തുടങ്ങിയിട്ടില്ല. മുമ്പുണ്ടായിരുന്ന കെട്ടിടങ്ങളുള്ള സ്ഥലത്താണ് തുടങ്ങിയത്. ഞാൻ എന്റെ മണ്ഡലത്തിൽ കൈപ്പറമ്പിലും തെക്കിൻകരയിലും ആരംഭിച്ചു. ഈ രണ്ട്

സ്ഥലങ്ങളും കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കെട്ടിടങ്ങൾ പണിത സ്ഥലമാണ്. മറ്റ് സ്ഥലങ്ങളിൽ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഹരിത കേരള മിഷന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; ആരാണിപ്പോൾ അതിന്റെ ഡയറക്ടർ? വലിയ രീതിയിൽ കൊട്ടിഘോഷിച്ച് കൊണ്ടുവന്ന പദ്ധതിയാണ്. ഒരു മാലിന്യസംസ്കരണ പ്ലാന്റ് ഈ സംസ്ഥാനത്തെ ഏതെങ്കിലും ഒരു പഞ്ചായത്തിൽ പുതുതായി ആരംഭിച്ചോ? ഭരണം 600 ദിവസം പിന്നിട്ടിരിക്കുകയാണ്. ഈ പദ്ധതികളിൽ ഒരു പദ്ധതിപോലും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അതിനുള്ള പ്രധാനപ്പെട്ട കാരണം, ശ്രീ. എസ്.എം. വിജയാനന്ദാണ് ഇതിന് വിത്തുപാകിയത്. ആ എസ്. എം. വിജയാനന്ദിന്റെ തലയിൽ ആസിഡ് ഒഴിച്ചിരിക്കുകയാണ് ഈ ഗവൺമെന്റ്. പിന്നെ ഈ നാല് പദ്ധതികൾ വളരുമോ? അതാണ് ഇതിന്റെ ഗുരുതരമായ വിഷയം. ഈ ഗവൺമെന്റ് സമ്പൂർണ്ണമായ പരാജയമാണ്. കേരളത്തിലെ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടെ പ്രധാനപ്പെട്ട വരുമാന മാർഗ്ഗമെന്താണ്? വിനോദനികുതിയാണ്. സിനിമാ തിയേറ്ററുകളിൽനിന്ന് കേരളത്തിലെ പ്രധാനപ്പെട്ട കോർപ്പറേഷനുകൾക്ക് കിട്ടുന്നത് ഒരു കോടിയും 2 കോടിയും രൂപയാണ്. കഴിഞ്ഞ വർഷം കിട്ടിയതിന്റെ 15 ശതമാനം കൊടുക്കാമെന്ന് പറയുകയാണ്. ആയിരം കോടി രൂപ ഈ മാർച്ച് മാസത്തിൽ കേരളത്തിലെ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കൊടുക്കണം. എന്താണ് കാരണം? ജി.എസ്.ടി. വന്നപ്പോൾ അവർ ഈടാക്കിയ നികുതി ഗവൺമെന്റിലേയ്ക്കുപോയി. വരുംദിനങ്ങളിൽ കേരളത്തിലെ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ബഡ്ജറ്റിന്റെ താളം പൂർണ്ണമായും തെറ്റും. അടുത്ത വർഷം വെറും 2000 കോടി കൊടുക്കണം. അതുകൊണ്ട് ഞാൻ സൂചിപ്പിക്കുന്നത്, ഈ നയപ്രഖ്യാപന പ്രസംഗം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോലും ശ്രദ്ധിക്കാത്ത പ്രസംഗം, അവതാരകൻ പോലുമില്ലാത്ത പ്രസംഗം, ഇത് കേരള സമൂഹത്തിന് താൽപ്പര്യമില്ലാത്തതാണ്. അതുകൊണ്ട് ഇതിനെ പൂർണ്ണമായി എതിർക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഇരുപതു മാസം തികയുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര ഗവൺമെന്റ് നോട്ട് നിരോധനംകൊണ്ടുവന്നത് കാരണം ജനങ്ങൾ അനുഭവിച്ച ബുദ്ധിമുട്ട് എല്ലാവരും ചർച്ച ചെയ്തതാണ്. ഗവൺമെന്റിന്റെ പ്രവർത്തനത്തെയും നോട്ടു നിരോധനം ബാധിച്ചു. പതിനാല് മാസക്കാലമായി നോട്ട് പ്രശ്നവുമായി നമ്മുടെ രാജ്യം നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇന്നുവരെ ആ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിച്ചിട്ടില്ല. ജി.എസ്.ടി.-യും നമ്മുടെ നാടിന് പ്രശ്നമാണ്.

ജി.എസ്.ടി. കൊണ്ടുവന്നത് പഴയ കോൺഗ്രസ് ഗവൺമെന്റ് ആണെന്നും അത് നടപ്പിലാക്കിയത് ബി.ജെ.പി. ആണെന്നും എല്ലാവർക്കുമറിയാവുന്നതാണ്. പക്ഷെ, അതിനക്കുറിച്ച് ആരും പറയുന്നില്ല. നമ്മുടെ നാട്ടിലുണ്ടാകുന്ന പ്രശ്നങ്ങൾ കേരള ഗവൺമെന്റിന്റെ കഴിവുകേടാണെന്നുള്ള രീതിയിലാണ് എല്ലാവരും സംസാരിക്കുന്നത്. കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് ജനങ്ങൾക്ക് ചെയ്ത ഉപകാരപ്രദമായ കാര്യങ്ങൾ അംഗീകരിക്കാൻ യു.ഡി.എഫ്.-ന് സാധിക്കുന്നില്ലെന്നതാണ് പ്രശ്നം. അതുകൊണ്ടാണ് ഈ നയപ്രഖ്യാപനത്തിൽ ഒന്നുമില്ല എന്ന് അവർ പറയുന്നത്. എന്നാൽ ഈ നയപ്രഖ്യാപന രേഖ നമ്മുടെ നാട്ടിലെ ജനങ്ങളെ ബാധിക്കുന്ന ഓരോ പ്രശ്നങ്ങളെയും എടുത്തുകാണിക്കുന്ന ഒന്നാണെന്ന് മനസ്സിലാക്കണമെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളോട് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്. സാമ്പത്തിക പ്രതിസന്ധി ഉണ്ടായിരുന്നിട്ടും ആശുപത്രികളെ സജ്ജീകരിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ നമ്മുടെ നാട്ടിലെ എല്ലാ പാവപ്പെട്ടവരും അംഗീകരിക്കുന്നതാണ്. നാലായിരത്തോളം ആളുകൾക്ക് നിയമനം കൊടുത്തു. ഡോക്ടറോ, മരുന്നോ, സ്റ്റാഫോ ഇല്ലാത്ത ഒരു ആശുപത്രിയും ഇന്ന് കേരളത്തിലില്ല. പെൻഷൻ പദ്ധതി പ്രഖ്യാപിക്കുകയും നമ്മുടെ നാട്ടിലെ അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും പെൻഷൻ കൊടുത്ത് അവരുടെയെല്ലാം അംഗീകാരം പിടിച്ചെടുത്ത ഗവൺമെന്റാണ് സഖാവ് പിണറായിയുടെ ഗവൺമെന്റെന്ന് നമ്മുടെ നാട്ടിലെ എല്ലാവരും അംഗീകരിച്ചിരിക്കുകയാണ്. ഓണത്തിനും വിഷുവിനും ക്രിസ്തുമസിനും എല്ലാ ക്ഷേമപെൻഷനുകളും കൊടുത്ത് ജനങ്ങളുടെ അംഗീകാരം പിടിച്ചുപറ്റിയ ഒരു ഗവൺമെന്റാണിത്. ഇപ്പോൾ കേരളത്തിലെ ക്രമസമാധാനനില ഏറ്റവും മെച്ചപ്പെട്ടതാണെന്നാണ് എന്റെ അഭിപ്രായം. നമ്മുടെ നാട്ടിലുണ്ടാകുന്ന എല്ലാ പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതിനുവേണ്ടി, എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളെയും ഒരുപോലെ കണ്ട് കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി കക്ഷിയോ രാഷ്ട്രീയമോ നോക്കരുതെന്ന ഗവൺമെന്റിന്റെയും മുഖ്യമന്ത്രിയുടെയും നിർദ്ദേശം അതുപോലെ നടപ്പാക്കുന്നു എന്നതാണ് വാസ്തവം. സമൂഹത്തിൽ പിന്നോക്കം നില്ക്കുന്ന ആളുകളുടെ പ്രയാസങ്ങൾ സാമ്പത്തികമാന്ദ്യം കണക്കിലെടുക്കാതെ പരിഹരിച്ചുകൊടുത്തു. കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലുമുള്ള റോഡുകൾക്ക് ഒരു പോലെ ഫണ്ട് അനുവദിക്കുകയും അതിന്റെ ഫലമായി കേരളത്തിലെ എല്ലാ റോഡുകളെയും മോശമല്ലാത്ത രീതിയിലേക്ക് മാറ്റാൻ കഴിയുകയും ചെയ്തു. 170 പ്രധാനപ്പെട്ട പി.എച്ച്.സി. കളെയാണ് കുടുംബക്ഷേമ കേന്ദ്രങ്ങളാക്കി മാറ്റിയത്. 900 കോടി രൂപയുടെ ധനസഹായമാണ് വിദ്യാർത്ഥികൾക്കുവേണ്ടി ഈ സർക്കാർ നൽകിയത്. വിദ്യാർത്ഥികൾ പഠിക്കാൻവേണ്ടി ലോൺ എടുത്തിട്ട് തിരിച്ചടയ്ക്കാൻ കഴിയാതെ വന്നപ്പോൾ 900

കോടി രൂപ കൊടുത്ത് വിദ്യാർത്ഥികളെ സഹായിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞതും പ്രധാനപ്പെട്ട കാര്യമാണ്. ഭൂമിയില്ലാത്ത ഒരുലക്ഷത്തി എഴുപതിനായിരം പേർക്ക് വീട് വച്ചുകൊടുത്തു. കൂടാതെ ഇനിയും വീടില്ലാത്തവർക്ക് ഫ്ലാറ്റ് നിർമ്മിച്ചു കൊടുക്കാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ദേശീയപാതയിലുള്ള ദുരന്തങ്ങൾ ഒഴിവാക്കുന്നതിനായി നാലുവരിപ്പാത യാക്കുന്നതിനുള്ള നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നാലുവരിപ്പാത പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ പോകുകയാണെന്നും എല്ലാവരുടെയും സഹായം വേണമെന്നും സർക്കാർ ആവശ്യപ്പെട്ടു. പക്ഷെ, വികസന വിരോധികളായ ചില സംഘടനയിൽപ്പെട്ട ആളുകൾ പ്രത്യേകിച്ചും മതസംഘടനകളാണ് ഗെയിൽ നടപ്പിലാക്കുന്നതിനും പൈപ്പിടൽ സംവിധാനത്തിനും ദേശീയപാത വികസനത്തിനുമൊക്കെ എതിര് നിൽക്കുന്നത്. അങ്ങനെയുള്ള എല്ലാ എതിർപ്പുകളെയും മറികടന്നുകൊണ്ട് ദേശീയപാത വികസനം പൂർത്തീകരിക്കാനുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കാൻ പോകുകയാണ്. നമ്മുടെ നാട്ടിലുള്ള മറ്റ് പ്രധാനപ്പെട്ട റോഡുകളുടെ വികസനത്തിനും ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നതാണ്. ദേശീയപാതയ്ക്കു പുറമെ 630 കി. മീറ്റർ തീരദേശ റോഡുണ്ടാക്കാനുള്ള നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അങ്ങനെ റോഡിന്റെ പ്രശ്നം പരിഹരിച്ചതുകൊണ്ടാണ് ജനങ്ങൾ ഈ ഗവൺമെന്റിനെ പിന്തുണയ്ക്കുന്നത്. മഹാഭാരത യുദ്ധം നടക്കുമ്പോൾ ഈ യുദ്ധം അവസാനിപ്പിക്കണമെന്ന് പറഞ്ഞ് ജനങ്ങൾ ഒരു ഭാഗത്ത് നിന്നപ്പോഴാണ് ദുര്യോധനപക്ഷത്തുള്ളവർ യുദ്ധത്തിൽ പങ്കെടുത്തുകൊണ്ട് ഒരു കുടുംബത്തെ മുഴുവൻ തകർത്തത്. അതുപോലെയാണ് യു.ഡി.എഫ്. തകർന്നുകൊണ്ടിരിക്കുന്നത്. ഇരുപത് മാസങ്ങൾക്കു മുമ്പ് തെരഞ്ഞെടുപ്പ് നടക്കുമ്പോൾ അവരുടെ കൂടെ കേരള കോൺഗ്രസ്, ജനതാദൾ, മറ്റ് സ്വതന്ത്രന്മാർ എന്നിവരുണ്ടായിരുന്നു. അന്ന് മഹാഭാരത യുദ്ധത്തിൽ ദുര്യോധനപക്ഷം തകർന്നതുപോല, കൗരവപക്ഷം തകർന്നതുപോലെ ഇന്ന് യു.ഡി.എഫ്. തകർന്നിരിക്കുകയാണ്. അതിന്റെ വിരോധം എൽ.ഡി.എഫ്.-നോട് കാണിച്ചിട്ട് കാര്യമില്ല. എൽ.ഡി.എഫ്. വെറുതെ ശക്തിപ്പെട്ടതല്ല. തെരഞ്ഞെടുപ്പ് സമയത്ത് എൽ.ഡി.എഫ്.-ന്റെ വാഗ്ദാനം എന്താണോ അത് നടപ്പിലാക്കുന്നതിന് ഈ ഗവൺമെന്റ് തയ്യാറായി. അതുകൊണ്ട് ഈ ഗവൺമെന്റിനോടുള്ള ജനങ്ങളുടെ വിശ്വാസ്യതയും കൂടി. ജനങ്ങൾക്കുവേണ്ടി, നാടിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ് എന്നുള്ളതുകൊണ്ടാണ് ഈ ഗവൺമെന്റിനെ സഹായിക്കാൻ ജനങ്ങൾ മുന്നോട്ടുവരുന്നത്. 716 കോടി രൂപയുടെ നെല്ല് സംഭരിച്ചത് ചെറിയ കാര്യമല്ല. കഴിഞ്ഞ ഗവൺമെന്റ് ഒരു പൈസപോലും കൊടുക്കാതെയാണ് നെല്ല്

സംഭരിച്ചത്. എന്നാൽ ഈ ഗവൺമെന്റ് നെല്ല് സംഭരിക്കുകയും 716 കോടി രൂപ ചെലവഴിച്ച് കൃഷിക്കാരെ സഹായിക്കുകയുമാണ് ചെയ്തത്. തരിശായിക്കിടന്ന 15000 ഏക്കർ സ്ഥലത്ത് പുതിയതായി കൃഷി നടത്തിയതിന്റെ ഫലമായി ലക്ഷക്കണക്കിന് ക്വിന്റൽ നെല്ലിന്റെ വിള വർദ്ധനവുണ്ടായി. സ്കൂളുകളെ ശക്തിപ്പെടുത്താൻ ഈ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചു. സ്കൂളുകളെ മെച്ചപ്പെടുത്താൻ സർക്കാർ ശ്രമിക്കുമ്പോൾ അത് ഇടിമുറി ആക്കാനുള്ള നടപടിയാണെന്ന് പരിഹസിക്കുന്ന നടപടി ഏറ്റവും മോശമായിപ്പോയി എന്നു മാത്രമാണ് അതിനെക്കുറിച്ച് പറയാനുള്ളത്. 45000 ക്ലാസ് മുറികൾ അന്തർദേശീയ നിലവാരത്തിൽ ഹൈടെക് ആക്കി മാറ്റാൻ തീരുമാനിച്ചു. അത് ഈ ജൂൺ മാസത്തിൽ പ്രഖ്യാപിക്കുമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി പറഞ്ഞപ്പോൾ അതിനെ എല്ലാവരും കൂടി സ്വാഗതം ചെയ്ത് നിങ്ങളും കൂടി സഹായിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. എതിർത്ത നടപടി ശരിയായില്ല. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ നാലാമത്തെ കൊല്ലം നിങ്ങളുടെ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ഗവൺമെന്റ് സ്കൂളുകൾ കൊണ്ടുവന്നു എന്ന് ഒരു ചോദ്യം ചോദിച്ചു. അതിന് അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറഞ്ഞത് ഞങ്ങൾ ഒരു ഗവൺമെന്റ് സ്കൂളുകളും കൊണ്ടുവന്നില്ല പകരം 462 അൺഎയ്ഡഡ് സ്കൂളുകൾ പുതിയതായി സ്ഥാപിച്ചു എന്നാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ സ്കൂളുകളെ ശക്തിപ്പെടുത്താനും 45000 ക്ലാസ് റൂമുകൾ അന്താരാഷ്ട്ര നിലവാരത്തിൽ കൊണ്ടുവരാനും സാധിച്ചതിനെ അംഗീകരിക്കുന്നതിനു പകരം പരിഹസിക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. സ്കൂളുകൾ തുറക്കുന്നതിനുമുമ്പ് പാഠപുസ്തകങ്ങളെല്ലാം കിട്ടിയതും നല്ല കാര്യമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് സ്കൂളുകൾ തുറന്ന് മാസങ്ങൾ കഴിഞ്ഞാണ് പുസ്തകങ്ങൾ കിട്ടിയിരുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകളുടെ ഒരു ലക്ഷം രൂപയിൽ അധികം വരുന്ന ലോൺ മുഴുവനും ഈ സർക്കാർ എഴുതിത്തള്ളി. പട്ടിജാതി വിഭാഗത്തിലുള്ള ആളുകൾ ആവേശത്തോടെയാണ് ഈ ഗവൺമെന്റിനെ കാണുന്നത്. ഈ ഗവൺമെന്റിനെയും എല്ലാ മന്ത്രിമാരെയും ജനങ്ങൾ അഭിനന്ദിച്ചുകൊണ്ടിരിക്കുമ്പോൾ അതിനെതിരായി പ്രതിപക്ഷത്തുള്ളവർ എന്തെങ്കിലും പറഞ്ഞിട്ട് കാര്യമില്ല. നമ്മുടെ നാട്ടിലെ മുഴുവൻ ജനങ്ങൾക്കും അത് മനസ്സിലാകും. വായിക്കാനും എഴുതാനും കാര്യങ്ങൾ കണ്ട് പഠിക്കാനും കഴിവുള്ള ഒരു സമൂഹമാണ് എന്നുള്ളതുകൊണ്ട് അതിനെ എതിർത്തിട്ട് കാര്യമില്ലെന്നാണ് പറയാനുള്ളത്. 2015-ൽ 15 രാഷ്ട്രീയ കൊലപാതകമാണ് ഇവിടെ നടന്നത്. ഈ വർഷം അഞ്ച് കൊലപാതകമാണ് നടന്നത്. കക്ഷി രാഷ്ട്രീയ ഭേദമില്ലാതെ നമ്മുടെ നാട്ടിലെ എല്ലാ വിഭാഗത്തിൽപ്പെട്ട ആൾക്കാരുടെയും തെറ്റായ കാര്യങ്ങൾ എതിർക്കാൻ സർക്കാർ തയ്യാറായതിന്റെ ഫലമായിട്ടാണ് അങ്ങനെയുള്ള നല്ല

കാര്യങ്ങൾ നമ്മുടെ നാട്ടിൽ നടന്നത്. ഈ ഗവൺമെന്റിനുവേണ്ടി ഗവർണർ നടത്തിയ ഈ നന്ദി പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

2.00 PM]

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. അർദ്ധസത്യങ്ങളും അസത്യങ്ങളും നിറഞ്ഞ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം തീർച്ചയായും എതിർക്കപ്പെടേണ്ട ഒന്നാണ്; ഗവർണർക്കും അതറിയാം. ഭരണഘടനാപരമായ ബാധ്യത നിറവേറ്റണം എന്നുള്ളതുകൊണ്ട് എല്ലാം വിട്ടുകളയുന്നതിനുപകരം പ്രതീകാത്മകമായാണ് ചില ഭാഗങ്ങൾ അദ്ദേഹം വിട്ടുകളഞ്ഞത്. അതിലെ 13-ാമത്തെ പാരഗ്രാഫായിരുന്നു അദ്ദേഹം ആദ്യം തന്നെ വിട്ടുകളയേണ്ടിയിരുന്നത്. കേരളം കണ്ട ഏറ്റവും വലിയ ദുരന്തമാണ് 'ഓഖി'. അതിന് മുന്നറിയിപ്പ് ലഭിച്ചയുടനെ എല്ലാം ചെയ്തുവെന്ന് ഗവർണറെക്കൊണ്ട് സംസ്ഥാന സർക്കാർ പച്ചക്കള്ളം പറയിച്ചിരിക്കുകയാണ്. മൂന്ന് ബുള്ളറ്റിനുകൾ 29-ാം തീയതി ലഭിച്ചുവെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. അതിൽ ഓഖി ചുഴലിക്കാറ്റ് ഉണ്ടാകുമെന്നുള്ള മുന്നറിയിപ്പ് ഉണ്ടായിരുന്നില്ല. ഈ മൂന്ന് ബുള്ളറ്റിനുകളും കയ്യിൽ കിട്ടിയതിനുശേഷം സർക്കാർ സ്വീകരിച്ച നടപടി എന്താണ്? 8 മണിക്കും 12 മണിക്കും 2.20-നും ലഭിച്ച ഈ മുന്നറിയിപ്പുകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കാൻ സർക്കാർ തയ്യാറുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്? ഒരു നടപടിയും സർക്കാർ സ്വീകരിച്ചില്ല; മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നത് തടയണം എന്ന് വന്നിട്ടില്ല, ഉപദേശിക്കണം എന്ന് മാത്രമേ വന്നിട്ടുള്ളുവെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. നിങ്ങൾ ഉപദേശിച്ചിട്ടില്ല. ഏഴ് ഉപദേശകന്മാരുമായി ഭരണം നടത്തുന്ന ഒരാളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി. ഏഴ് ഉപദേശകന്മാരിൽ ഏതെങ്കിലും ഒരു ഉപദേശകനെക്കൊണ്ട് അവിടത്തെ മത്സ്യത്തൊഴിലാളികളോട് പറഞ്ഞിരുന്നെങ്കിൽ ഈ ദുരന്തത്തിന്റെ വ്യാപ്തി നാലിലൊന്നായി കുറയ്ക്കാൻ സാധിക്കുമായിരുന്നു. ആ തീരദേശത്ത് ഒരു മൈക്ക് സെറ്റ് വാടകയ്ക്കെടുത്ത് അനൗൺസ്മെന്റ് നടത്തിയിരുന്നെങ്കിൽ ഈ ദുരന്തം ഇത്രയും വലുതാകുമായിരുന്നില്ല. യഥാസമയം മുന്നറിയിപ്പ് ലഭിച്ചിട്ടും തമിഴ്നാട് സർക്കാർ ആക്ട് ചെയ്തിരുന്നതുപോലെ കേരള സംസ്ഥാനം ആക്ട് ചെയ്തിട്ടില്ല എന്നുള്ളതാണ് വസ്തുത. കേരളത്തിന്റെ പ്രതിപക്ഷ നേതാവ് ജാഥ നിർത്തിവച്ച് ദുരിതബാധിത പ്രദേശത്ത് രണ്ട് തവണ സന്ദർശനം നടത്തിയശേഷം മുഖ്യമന്ത്രിയെ കാണാൻ പോയി. മുൻ മുഖ്യമന്ത്രി പൂന്തുറയിൽ അഞ്ച് പ്രാവശ്യവും വിഴിഞ്ഞത്ത് നാല് പ്രാവശ്യവും പോയി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മൂന്നാം തീയതിയാണ് വിഴിഞ്ഞത്ത് വന്നത്. അതും തൊട്ടടുത്ത ദിവസം കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി

ശ്രീമതി നിർമ്മല സീതാരാമൻ വിഴിഞ്ഞത്ത് വരുന്നുവെന്ന് അറിഞ്ഞതിനുശേഷമാണ് മുഖ്യമന്ത്രി അവിടെ എത്തിയത്. അതിനുശേഷം അദ്ദേഹം ഒരിടത്തും പോയില്ല. സെക്രട്ടേറിയറ്റിൽനിന്നും 15 മിനിറ്റ് മാത്രം യാത്ര ചെയ്താൽ എത്താവുന്ന പൂന്തുറയിൽ, അദ്ദേഹത്തിന് എത്താൻ ഡൽഹിയിൽനിന്നും പ്രധാനമന്ത്രി വരേണ്ടിവന്നു. ഒരു ദുരന്തം നടന്ന ഭൂമിയിൽ ഒരു ഭരണാധികാരി പോകാൻ എന്തിനാണ് ഇത്രയും മടിക്കുന്നത്? ഇക്കാലയളവിൽ അദ്ദേഹം പാർട്ടി സമ്മേളനങ്ങളിൽ പങ്കെടുക്കാൻ ചെലവഴിച്ച സമയത്തിന്റെ പത്തിലൊന്ന് സമയം വിനിയോഗിച്ചിരുന്നുവെങ്കിൽ മൂന്ന് തവണ ഈ ദുരന്തപ്രദേശങ്ങളിൽ പോകാൻ സാധിക്കുമായിരുന്നു. പാർട്ടി സമ്മേളനത്തിൽ ഹെലികോപ്റ്ററിൽ പോകാൻ തയ്യാറായ അദ്ദേഹം, അതിനുകാണിച്ച താൽപ്പര്യത്തിന്റെ നൂറിലൊന്ന് താൽപ്പര്യം കാണിച്ചിരുന്നെങ്കിൽ തീരദേശത്ത് അലമുറയിടുന്ന സഹോദരിമാരുടെ കണ്ണീർ തുടയ്ക്കാൻ എത്താൻ സാധിക്കുമായിരുന്നു. അദ്ദേഹം അത് ചെയ്തിട്ടില്ല എന്നുള്ളതാണ് ഏറെ ദുഃഖകരമായിട്ടുള്ള വസ്തുത. ഒരു ഭരണാധികാരി അങ്ങനെ പോകേണ്ടതല്ലേ? പൊഴിയൂർ, അടിമലത്തുറ, വെട്ടുകാട്, തുമ്പ തുടങ്ങിയ ഒരിടത്തും അദ്ദേഹം എത്തിയിട്ടില്ല. എല്ലാം ചെയ്തുവെന്നാണ് സർക്കാർ പറയുന്നത്. എല്ലാം ചെയ്തുവെന്ന് പറയുന്ന സർക്കാർ, പുഴുത്ത അരിയാണ് മത്സ്യത്തൊഴിലാളികൾക്ക് നൽകിയത്. ഭരണകൂടം അറച്ചുനിന്ന സമയത്ത്, മടിച്ചുനിന്ന സമയത്ത് ക്രിസ്തുമസ് ദിവസത്തിൽ അവർക്ക് കഞ്ഞിവയ്ക്കാൻ നല്ല അരി വാങ്ങി എത്തിച്ചത് മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ആയിരുന്നുവെന്നത് ഞങ്ങൾ അഭിമാനത്തോടുകൂടി പറയാനാഗ്രഹിക്കുന്നു. യഥാസമയം മുന്നറിയിപ്പ് നൽകുന്നതിൽ വീഴ്ചവരുത്തി. രക്ഷാപ്രവർത്തനം നടത്തുന്നതിൽ പരാജയപ്പെട്ട സർക്കാരിനെ വെള്ളപൂശാൻ വേണ്ടി ഗവർണറുടെ നയപ്രഖ്യാപനം ഈ സർക്കാർ ഉപയോഗിച്ചിരിക്കുന്നത് വളരെ ദൗർഭാഗ്യകരമാണ്.

ശ്രീ. ടി. വി. ഇബ്രാഹിം ആർ.എസ്.എസ്. മേധാവി കേരളത്തിൽ വന്നതിനെക്കുറിച്ച് പറയുകയുണ്ടായി. ആർ.എസ്.എസ്.-ന്റെ തലവന് സ്വാതന്ത്ര്യദിനം ആഘോഷിക്കണമെങ്കിൽ പറ്റിയ സ്ഥലം കേരളം; അദ്ദേഹത്തിന് റിപ്പബ്ലിക് ദിനം ആഘോഷിക്കണമെങ്കിൽ അതിന് പറ്റിയ സ്ഥലം കേരളം; ഇന്ന് ആർ.എസ്.എസ്. മേധാവി പോകാൻ ഏറ്റവുമധികം ഇഷ്ടപ്പെടുന്ന സ്ഥലം യോഗി ആദിത്യനാഥിന്റെ ഉത്തർപ്രദേശ് അല്ല, ശ്രീ. പിണറായി വിജയൻ ഭരിക്കുന്ന കേരളമാണ് എന്നുള്ള നിലയിൽ ഈ ഒന്നേമുക്കാൽ വർഷത്തെ ഭരണം എത്തിയിരിക്കുകയാണ്. ബി.ജെ.പി.-ക്കാരെയും സി.പി.എം.-കാരെയും കണ്ടാൽ തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. കയ്പമംഗലത്ത് സി.പി.എം.-ബി.ജെ.പി. സംഘട്ടനം നടന്നു. അതിൽ സതീഷ് എന്നൊരാൾ

കൊല്ലപ്പെട്ടു. കൊല്ലപ്പെട്ട സതീഷ് ബി.ജെ.പി.ക്കാരനാണെന്ന് ബി.ജെ.പി.യും സി.പി.എം. കാരനാണെന്ന് സി.പി.എം.ഉം പറയുന്ന സ്ഥിതിയാണ്. ഒരാളെ കണ്ടാൽ അവൻ സി.പി.എം. ആണോ ബി.ജെ.പി. ആണോ എന്ന് തിരിച്ചറിയാൻ കഴിയാത്ത വിധത്തിൽ ഇവരുടെ രൂപവും സ്വഭാവവുമെല്ലാം ഒരുപോലെ ആയിരിക്കുകയാണ്. കേന്ദ്രസർക്കാരിനെ ഇത്രയധികം പിന്തുണയ്ക്കുന്ന ഒരു സർക്കാരായി മാറിയിരിക്കുകയാണ്. കേന്ദ്രസർക്കാർ ചെയ്യുന്ന എല്ലാ കാര്യങ്ങൾക്കും ശക്തമായൊരു എതിർപ്പുപോലും കേരളത്തിൽനിന്നും ഉയരുന്നില്ല എന്നുള്ളത് ദൗർഭാഗ്യകരമായൊരു കാര്യമാണ്.

നന്ദിപ്രമേയ ചർച്ചയിൽ ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദന് അനുവദിച്ച സമയത്തെക്കുറിച്ച് എനിക്കൊരു പരാതിയുണ്ട്. വെറും ഏഴ് മിനിട്ടാണ് അദ്ദേഹത്തിന് നൽകിയത്. മുൻകേരള മുഖ്യമന്ത്രി, ഈ സഭയിലെ ഏറ്റവും മുതിർന്ന ഒരംഗം, അദ്ദേഹത്തിന് ഏഴ് മിനിട്ടാണ് പ്രസംഗിക്കാൻ ഈ സർക്കാർ നൽകിയത്. അദ്ദേഹത്തിന്റെ സമയം വെട്ടിക്കുറച്ചവരെ അതിശയിപ്പിച്ചുകൊണ്ട് സർക്കാരിന് ഏറ്റവും നല്ല പിന്തുണയാണ് അദ്ദേഹം നൽകിയത്. ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ ഇനി ചെയ്യേണ്ടത്, ഗവൺമെന്റ് പ്രസംഗം എഴുതി ഗവർണർക്ക് അംഗീകാരത്തിന് കൊടുക്കുന്നതുപോലെ നേരത്തെ പ്രസംഗം തയ്യാറാക്കി സഖാവ് പിണറായി വിജയനെ കാണിച്ച് അപ്രൂവൽ വാങ്ങിയാൽ അദ്ദേഹത്തിന് കൂടുതൽ സമയം കിട്ടുമായിരുന്നു. ഏതായാലും ഈ വിധത്തിൽ അദ്ദേഹത്തോട് പെരുമാറരുതെന്ന് മാത്രം പറഞ്ഞുകൊണ്ട് നയപ്രഖ്യാപനത്തെ ശക്തമായി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. വി. ജോയി</u>: സർ, ഫലപ്രദമായി പ്രവർത്തിക്കുന്ന ഒരു സർക്കാരിന്റെ ലക്ഷ്യബോധത്തോടുകൂടിയുള്ള നയമാണ് എൽ.ഡി.എഫ്. സർക്കാരിനുവേണ്ടി ഗവർണർ അവതരിപ്പിച്ചത്. ആ നന്ദിപ്രമേയത്തെ ഞാൻ ആദ്യംതന്നെ പിന്താങ്ങുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രസംഗിക്കുമ്പോൾ സാധാരണ ശ്രദ്ധിച്ചിരിക്കുന്ന ഒരാളാണ് ഞാൻ. വളരെ കൗശലത്തോടുകൂടി പ്രശ്നത്തെ സമീപിക്കുകയും ഉദ്ദേശിക്കുന്ന കാര്യങ്ങൾ അവതരിപ്പിക്കാൻ വളരെ പ്രാപ്തനുമാണ് അദ്ദേഹം. നന്ദിപ്രമേയത്തെ എതിർത്തുകൊണ്ട് സംസാരിക്കുമ്പോൾ ഈ ഗവൺമെന്റിനെതിരായി ഒരു അഴിമതി ആരോപണവും അദ്ദേഹം ഉന്നയിച്ചിട്ടില്ല. നീലക്കുറിഞ്ഞിയിലൂടെ കയറി, ഏതോ ഒരു മന്ത്രിയുടെ പ്രസംഗം അതിരുകടന്നുപോകുന്നു; ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് തടയിടണം, ഇങ്ങനെയാണോ മന്ത്രിമാർ സംസാരിക്കേണ്ടത്, ഈ നിലയിലാണ് അദ്ദേഹം പ്രസംഗം കൊണ്ടെത്തിച്ചത്. ഇവിടെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ ആ

നിലയിൽ വിമർശിക്കാൻ തലമുതിർന്ന നേതാവെന്നുള്ള നിലയിൽ അദ്ദേഹത്തിനുപോലും കഴിയാത്തൊരു സാഹചര്യത്തിൽ, മറ്റുള്ള ചിലരെക്കൊണ്ട് അതുമിതും പറയിക്കുന്നത് ശരിയല്ല. ഞാൻ ആ വിഷയങ്ങളിലേയ്ക്ക് വരുന്നില്ല. യു.ഡി.എഫ്. ഭരിക്കുന്ന സമയത്താണ് കേരള കൗമുദിയിൽ എം. എച്ച്. വിഷ്ണു 'അന്നം മുടക്കിയവർ' എന്ന ലേഖനം എഴുതിയത്. 60 വയസ്സുകഴിഞ്ഞവർക്ക് രണ്ടുവർഷത്തെ പെൻഷൻ തുകയായ 1135 കോടി രൂപ കൊടുക്കാനുണ്ടായിരുന്നു. ആ വിഷയത്തെ ആസ്പദമാക്കിയാണ് വിഷ്ണു 'അന്നം മുടക്കിയവർ' എന്ന ലേഖനം കേരള കൗമുദി പത്രത്തിൽ എഴുതിയത്. ഇന്ന് അങ്ങനെ പറയാൻ കഴിയുമോ? ഇന്ന് അന്നം കൊടുക്കുന്നവരാണ്. ഗവൺമെന്റിന് ധാരാളം സാമ്പത്തിക പ്രതിസന്ധി ഉണ്ടെങ്കിൽപ്പോലും 60 വയസ്സുകഴിഞ്ഞവർക്ക് പെൻഷൻ കൊടുക്കുകയാണ്.

ഇവിടെ ശ്രീ. അനിൽ അക്കര, വിദ്യാഭ്യാസ രംഗത്ത് അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഒന്നും ചെയ്തിട്ടില്ലെന്നുപറഞ്ഞു. ഇവിടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്കൂളുകൾ ഉണ്ടാകണമെങ്കിൽ എം.എൽ.എ.മാർ കൂടി സഹായിക്കണം. ഞങ്ങളുടെ മണ്ഡലങ്ങളിൽ ഞങ്ങൾ അങ്ങനെയാണ് ചെയ്തത്. 5 കോടി രൂപ സർക്കാർ നൽകുമ്പോൾ നാട്ടിലെ ജനങ്ങളെ വിളിച്ചുചേർത്ത് വിവിധ പ്രവർത്തനങ്ങൾ നടത്തി അവരുടെ സഹായത്തോടെ വികസന പ്രവർത്തനങ്ങൾ നടത്തണം. നാൽപ്പത്തയ്യായിരത്തോളം ക്ലാസ് മുറികൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി എന്റെ മണ്ഡലത്തിലും നൂറ്റിനാൽപ്പതോളം ക്ലാസ് മുറികൾ അവിടെ പഠിച്ചിരുന്ന പൂർവ വിദ്യാർത്ഥികളുടെയും നാട്ടുകാരുടെയും സഹായത്തോടെ ഡിജിറ്റലൈസ് ചെയ്യുന്നുണ്ട്. ഒരു ക്ലാസ് മുറിയിൽ ഭൗതിക സാഹചര്യം ഒരുക്കുന്നതിന് 68,000 രൂപ വീതം നാട്ടുകാർ സംഭാവന ചെയ്യുകയാണ്. എ.സി. സ്ഥാപിക്കുന്നതിന് ഒരു ലക്ഷം രൂപയും നൽകുന്നുണ്ട്. 140 നിയമസഭാ മണ്ഡലങ്ങളിലും ഒരുപോലെയല്ലേ കാര്യങ്ങൾ ചെയ്തത്; എന്തെങ്കിലും വിവേചനം കാണിച്ചിരുന്നോ? വെറുതെ ഓരോന്ന് പറയുന്ന രീതിയാണ് ഇവിടെ കാണുന്നത്.

ഗവർണറെക്കൊണ്ട് ക്രമസമാധാന നിലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ അവതരിപ്പിച്ചത് 'ഇന്ത്യ ടുഡേ' ആസ്പദമാക്കിയാണെന്ന് ഇവിടെ രാവിലെ നടന്ന ചർച്ചയിൽ പറയുകയുണ്ടായി. ഇന്ത്യ ടുഡേ-യിൽ നിങ്ങൾക്ക് വിശ്വാസ മില്ലായിരിക്കും. രണ്ടുദിവസം മുമ്പ് 'കേരള കൗമുദി' പത്രത്തിൽ രാജ്യത്തുണ്ടാകുന്ന കൊലപാതകങ്ങളെ സംബന്ധിച്ച് ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ ഒരു റിപ്പോർട്ട് വന്നിരുന്നു. ആ റിപ്പോർട്ടിൽ രാജ്യത്ത് ഏറ്റവും കൂടുതൽ

കൊലപാതകങ്ങൾ നടന്നിരിക്കുന്നത് യു.പി.യിലാണെന്നാണ് പറയുന്നത്. 4889 കൊലപാതകങ്ങളാണ് അവിടെ നടന്നിട്ടുള്ളത്. രണ്ടാംസ്ഥാനം 2581 കൊലപാതകങ്ങൾ നടന്ന ബീഹാറിനും നാലാം സ്ഥാനം 1606 കൊലപാതകങ്ങൾ നടന്ന തമിഴ്നാടിനും അഞ്ചാം സ്ഥാനം 1573 കൊലപാതകങ്ങൾ നടന്ന കോൺഗ്രസ് ഭരിക്കുന്ന കർണ്ണാടകയ്ക്കുമാണ്. അതിൽ 19-ാം സ്ഥാനമാണ് കേരളത്തിനുള്ളത്. 2016-17 വർഷത്തെ ആസ്പദമാക്കിയുള്ള ആ റിപ്പോർട്ടിൽ കേരളത്തിൽ 305 കൊലപാതകങ്ങളാണ് നടന്നിട്ടുള്ളതെന്നാണ് പറഞ്ഞിട്ടുള്ളത്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, കുറ്റകൃത്യങ്ങളുടെ നിരക്കിൽ കേരളമാണ് ഒന്നാമതെന്ന് റിപ്പോർട്ട് ചെയ്ത മലയാള മനോരമ പത്രത്തിന്റെ കോപ്പിയാണിത് (പത്രത്തിന്റെ പകർപ്പ് ഉയർത്തിക്കാണിക്കുന്നു). ഇത് സംബന്ധിച്ച് അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത്?

<u>ശ്രീ. വി. ജോയി</u>: സർ, മലയാള മനോരമ പത്രം മാത്രമേ നിങ്ങളുടെ കയ്യിൽ കാണുകയുള്ളൂ. മലയാള മനോരമ എന്താണ് എഴുതുന്നതെന്നുള്ളത് ഞങ്ങൾക്കറിയാം. കേരള കൗമുദി ആരുടെയുംപക്ഷം ചേരാത്ത പത്രമായതു കൊണ്ടാണ് ഞാൻ സൂചിപ്പിച്ചത്. കേരള കൗമുദിയെ തള്ളിപ്പറയുന്നതിൽ പ്രശ്നമില്ല. പക്ഷെ ഞാൻ പറഞ്ഞത് കേരളത്തിൽ 2016-17 വർഷത്തിൽ നടന്ന കൊലപാതകങ്ങളുടെ എണ്ണം 305 ആണെന്നാണ്.

ഇവിടെ വികസനത്തെ സംബന്ധിച്ച് പറഞ്ഞു. ഇന്നലെ കേരള കൗമുദി പത്രത്തിൽ ബഹുമാന്യനായ കെ. മുരളീധരൻ എം.എൽ.എ.-യുടെ മണ്ഡലത്തെ സംബന്ധിച്ച് "വട്ടിയൂർക്കാവിന്റെ വികസനം കൈയെത്തും ദൂരത്ത്" എന്ന വാർത്ത വന്നിരുന്നു. വലിയ ചിത്രത്തോടൊപ്പം അദ്ദേഹത്തിന്റെ ചിത്രവും ഉണ്ടായിരുന്നു. ഇതിൽ ഫണ്ടിനെ സംബന്ധിച്ച് വിവരണം നൽകിയിട്ടുണ്ട്. കിഫ്ബി 100 കോടിരൂപ, ബഡ്ജറ്റിൽ 45 കോടിരൂപ എന്നിങ്ങനെ. അദ്ദേഹത്തിന്റെ വളരെ അനുകൂലമായ കമന്റും പത്രത്തിലുണ്ട്. ഈ ഗവൺമെന്റ് ഏതെങ്കിലും വിഷയത്തിൽ പക്ഷപാതം കാണിക്കുന്നുണ്ടോ? അത് നമ്മൾ പരിശോധിക്കേണ്ട വിഷയമാണ്. ഇവിടെ ഡോ. എൻ. ജയരാജ് നേരത്തെ സംസാരിച്ചപ്പോൾ പറഞ്ഞു, പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് റോഡിന്റെ നീളം മണ്ഡലാടിസ്ഥാനത്തിൽ കണക്കാക്കി ഫണ്ട് അനുവദിച്ച കാലം കേരളത്തിന്റെ ചരിത്രത്തിലുണ്ടോ എന്ന്; ഇല്ല. ഇപ്പോഴത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ കാലത്തുമാത്രമാണ് ഈ നിലയിൽ കണ്ടത്. അതിനെ അദ്ദേഹം അഭിനന്ദിക്കുകയും ചെയ്തു. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല.

ഇവിടെ ചില ആളുകൾക്ക് പാൽപ്പായസം കിട്ടിയതുപോലെയായിരുന്നു ഓഖി ദുരന്തം. അടിയന്തരപ്രമേയം അവതരിപ്പിച്ച് ശ്രീ. എം. വിൻസെന്റ് സംസാരിച്ചിരുന്നു. അദ്ദേഹം തന്നെ ഇന്നും സംസാരിച്ചു. അദ്ദേഹത്തിന്റെ ദേഹത്ത് വീണ ചെളിയിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി കണ്ടെത്തിയ രാഷ്ട്രീയ നാടകം ഓഖിയുടെ ഭാഗമായി അവിടെ നടത്തിയിട്ടില്ലേ എന്നത് പരിശോധിക്കണം. ഈ സംഭവങ്ങൾക്കുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം മന്ത്രിമാരായ ശ്രീ. കടകംപള്ളി സുരേന്ദ്രനും ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയും അവിടം സന്ദർശിക്കുകയും അവർക്ക് ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ചെയ്യുകയും ചെയ്തു. അതിനുശേഷം അവിടെ രാഷ്ട്രീയ മുതലെടുപ്പുകൾ നടത്തുകയാണുണ്ടായത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുപോലും സത്യാവസ്ഥ പരിഗണിക്കുന്നില്ല. കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി പാർലമെന്റിൽ നടത്തിയ പ്രസ്താവനയല്ല ശരി, മറിച്ച് കാലാവസ്ഥാ നിരീക്ഷണകേന്ദ്രം നൽകിയ വിവരമാണ് ശരി എന്ന് അദ്ദേഹംപോലും പറയുകയാണ്. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച് നിങ്ങൾ വലിയ രീതിയിൽ പറയുന്നുണ്ടല്ലോ. നിങ്ങൾ മത്സ്യത്തൊഴിലാളികൾക്കു വേണ്ടി കഴിഞ്ഞ കാലങ്ങളിൽ എന്താണ് ചെയ്തിട്ടുള്ളത്? ഇന്ന് ഞാൻ ചോദിച്ച ചോദ്യത്തിന് ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ മറുപടി നൽകിയത്, തീരദേശത്ത് താമസിക്കുന്നവർക്ക് രണ്ടോ മൂന്നോ സെന്റ് ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയും അതിൽ വീട് വയ്ക്കുന്നതിന് 4 ലക്ഷം രൂപയുമാണ് ഈ ഗവൺമെന്റ് നൽകുന്നത് എന്നാണ്. നിങ്ങളുടെ ഭരണകാലത്ത് ഇങ്ങനെ നൽകിയിരുന്നോ? 1600 അപേക്ഷകൾ വാങ്ങി അട്ടിവച്ച് പോകുകയല്ലേ ചെയ്തത്. 8 പേർക്കാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വീടുകൾ നൽകിയത്. ഇതെല്ലാം രേഖകളാണ്. നിങ്ങൾ അത് പരിശോധിക്കണം. ഈ ഗവൺമെന്റ് മുട്ടത്തറയിൽ മാത്രം 191 പേർക്ക് ഫ്ലാറ്റ് സംവിധാനം ഏർപ്പെടുത്തുകയാണ്.

ഇവിടെ സി.പി.ഐ.(എം)-ന്റെ രാഷ്ട്രീയ പ്രമേയത്തെ കോൺഗ്രസിനെക്കാൾ കൂടുതൽ എതിർത്ത് സംസാരിക്കുന്നത് ലീഗിലെ ആളുകളാണ്. ഇവിടെ ഒരു ഹർത്താലുമായി ബന്ധപ്പെട്ട് അടിയന്തരപ്രമേയം അവതരിപ്പിച്ചിരുന്നു. ഞാൻ ലീഗിലെ പ്രിയപ്പെട്ട നേതാക്കളോട് പറയുന്നത്, നിങ്ങൾ ഏറ്റവും കുറഞ്ഞത് മാതൃഭൂമിയുടെ വക്രദൃഷ്ടി യുട്യൂബിൽ കിട്ടുമെങ്കിൽ കാണണമെന്നാണ്. അന്ന് ഹർത്താലുമായി ബന്ധപ്പെട്ട് വക്രദൃഷ്ടി പറഞ്ഞത് 'ലീഗ് ഗുണ്ടകളുടെ ഹർത്താലാഘോഷം' എന്നാണ്. റോഡിന്റെ മധ്യത്ത് പട്ടാപ്പകൽ വലിയ ടയറുകൾ വാരിയിട്ട് കത്തിച്ചു. ഇന്നത്തെ കാലത്ത് ഇങ്ങനെയൊക്കെ ആരെങ്കിലും ചെയ്യുമോ; 100 വാര അകലെ ഗ്യാസ് സിലിണ്ടർ നിറച്ച ലോറി നിൽക്കുന്നതും കാണാം. മാധ്യമപ്രവർത്തകരെ മർദ്ദിക്കുന്ന ചിത്രവും വക്രദൃഷ്ടിയിൽ കാണിക്കുന്നുണ്ട്. ആ

ഹർത്താലിൽ പരക്കെ അക്രമങ്ങൾ നടത്തി. അക്രമങ്ങൾ മുഴുവൻ എതിരായി മാറിയപ്പോൾ ഇവിടെ റൂൾ 50 കൊണ്ടുവരുന്ന സ്ഥിതിയുണ്ടായി. ആടിനെ പട്ടിയാക്കുകയും പട്ടിയെ പേപ്പട്ടിയാക്കുകയും ചെയ്തിട്ട് ഓടിച്ചിട്ട് അടിച്ചുകൊല്ലാമെന്ന് കണക്കാക്കുന്ന ഒരു രീതിയാണ് നിങ്ങൾ കൈക്കൊള്ളുന്നത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ കഴിഞ്ഞ 20 മാസത്തെ ഭരണത്തെ സംബന്ധിച്ച് കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കി വരികയാണ്. കേരളത്തിൽ നടന്നിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പുകളിലെ ജനവികാരം നിങ്ങൾ മനസ്സിലാക്കിയാൽ മാത്രം മതി. ജനങ്ങൾ കാണുന്നുണ്ട്, സത്യം തിരിച്ചറിയുന്നുണ്ട് എന്നുള്ളത് വരുംനാളുകളിൽ നിങ്ങൾക്ക് ബോധ്യപ്പെടും എന്നുമാത്രം പറഞ്ഞുകൊണ്ട് നന്ദിപ്രമേയത്തെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഇവിടെ എനിക്കുമുമ്പ് പ്രസംഗിച്ച ശ്രീ. എം. നൗഷാദും എന്റെ നാട്ടുകാരനായ ശ്രീ. കെ. കുഞ്ഞിരാമനും എന്തിനാണ് പ്രതിപക്ഷം നയപ്രഖ്യാപനത്തെ എതിർക്കുന്നതെന്ന് ചോദിച്ചിരുന്നു. നയപ്രഖ്യാപനത്തിൽ ഒരു നയവുമില്ലാത്തതുകൊണ്ടാണ് ഞങ്ങൾ നയപ്രഖ്യാപനത്തെ എതിർക്കുന്നത്. ഗവർണർക്കുപോലും വേണ്ടാത്ത നയപ്രഖ്യാപനത്തെ നമ്മൾ എന്തിനാണ് അനുകൂലിക്കുന്നത്? പ്രസവിച്ച അമ്മയ്ക്ക് വേണ്ടാത്ത കുഞ്ഞിനെ പേറ്റിച്ചിക്ക് വേണ്ട എന്നുപറയാറുണ്ട്. പ്രസവിച്ച അമ്മയ്ക്ക് വേണ്ടാത്ത കുഞ്ഞിനെ പേറ്റിച്ചി എന്തിനാണ് കൊണ്ടുനടക്കുന്നത്? ഇവിടെ എല്ലാം ശരിയാക്കിത്തരാം എന്നുപറഞ്ഞാണ് എൽ.ഡി.എഫ്. അധികാരത്തിൽ വന്നത്. സാധാരണ കരയുന്ന കുഞ്ഞിനെ വീടിന്റെ പുറത്തേയ്ക്ക് കൊണ്ടുപോയി ആകാശം കാണിച്ച് അമ്മമാർ അമ്പിളിമാമനെ പിടിച്ചുതരാമെന്ന് പറയാറുണ്ട്. പക്ഷേ എതെങ്കിലുമൊരു അമ്മ അമ്പിളിമാമനെ കുഞ്ഞിന് പിടിച്ചുകൊടുത്തിട്ടുണ്ടോ? അതുപോലെതന്നെയാണ് എൽ.ഡി.എഫ്. കേരളം നന്നാക്കിയെടുക്കാൻ അവർക്ക് കഴിയില്ല. അതൊരു സ്വപ്നം മാത്രമാണ്. നിയമസഭയിൽ ഗവർണർ നടത്തിയ നയപ്രഖ്യാപനമാണ് എന്റെ കൈവശമുള്ളത്. ഞാൻ ഇന്ന് രാവിലെ ലിഫ്റ്റിൽ വരുമ്പോൾ ഒരു അപരിചിതൻ സാറിന്റെ കൈയിൽ എന്താണെന്ന് ചോദിക്കുകയും ഗവർണറുടെ നയപ്രഖ്യാപനമാണെന്ന് ഞാൻ പറയുകയും ചെയ്തപ്പോൾ, ഇത് എന്തിനാണ് കൊണ്ടുനടക്കുന്നത്, സാറിന്റെ കൈ അശുദ്ധമാകുമെന്നാണ് പറഞ്ഞത്. കേരളത്തിൽ ഒരാൾക്കും വേണ്ടാത്ത നയപ്രഖ്യാപനമാണ് ഗവർണർ നടത്തിയത്. ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് കൊണ്ടുവന്ന പുതിയ ആശയവും പദ്ധതിയുമാണ് കിഫ്ബി. ഞങ്ങളുടെ പാർട്ടി ലീഡർ ശ്രീ. പി. കെ.

കുഞ്ഞാലിക്കുട്ടി, അദ്ദേഹമൊരു സാമ്പത്തിക വിദഗ്ദ്ധനല്ലെങ്കിലും കിഫ്ബി അധികകാലം നിൽക്കില്ലെന്നും ഇതൊരു പരാജയമാണെന്നും അന്നുതന്നെ പറഞ്ഞിരുന്നു. അങ്ങനെതന്നെ സംഭവിക്കുകയും ചെയ്തു. കേരളത്തിന്റെ സാമൂഹിക വ്യവസ്ഥിതി മനസ്സിലാക്കാൻ സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദമൊന്നും ആവശ്യമില്ല. ഈ കാര്യങ്ങൾ മനസ്സിലാക്കാൻ വലിയ വിദ്യാഭ്യാസ യോഗ്യതയൊന്നും വേണ്ടെന്നാണ് ശ്രീ. പി. കെ. ബഷീർ, എം.എൽ.എ.യുടെ ഉപ്പ സീതിഹാജി ഈ സഭയിൽ പറഞ്ഞത്. അതിന് എൽ.പി. മതിയെന്നാണ് അദ്ദേഹം അന്ന് പറഞ്ഞത്. എൽ.പി. എന്നാൽ ലോകപരിചയമാണ്. അതാണ് അദ്ദേഹം ഉദ്ദേശിച്ചത്. സാമ്പത്തിക വൈദഗ്ദ്ധ്യമല്ല, ലോകപരിചയമാണ് നമുക്കാവശ്യം. കിഫ്ബി, ഇസ്ലാമിക് ഇൻവെസ്റ്റ്മെന്റ് ബാങ്ക് തുടങ്ങിയ പല സ്വപ്നങ്ങളും നമുക്ക് കാണാം. അങ്ങനെ കാണുന്ന സ്വപ്നങ്ങളെല്ലാം നടപ്പിലാക്കാൻ ശ്രമിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്താൽ നാം എങ്ങുമെത്തില്ല. ഇന്നലെ ട്രെയിനിൽ വരുമ്പോൾ ഞാൻ കേരളത്തിന്റെ മുഖ്യമന്ത്രിയായെന്ന് സ്വപ്നം കണ്ടു. ഞാൻ ഇന്ന് രാവിലെ ശ്രീ. പിണറായി വിജയന്റെ സീറ്റിലിരുന്നാൽ എന്താകും സ്ഥിതി. നമ്മൾ കാണുന്ന സ്വപ്നങ്ങൾക്കനുസരിച്ച് നാം പ്രവർത്തിക്കാൻ പാടില്ല. സ്വപ്നം, സ്വപ്നമായിത്തന്നെ കാണണം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ഇന്നലെ കണ്ട സ്വപ്നം കാണുന്ന കുറച്ചാളുകൾ ഭരണപക്ഷത്തുണ്ടെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഗവർണറുടെ പ്രസംഗത്തിൽ അദ്ദേഹം കുറച്ച് കാര്യങ്ങൾ വിഴുങ്ങിയെന്നാണ് പറയുന്നത്. ഞാൻ അതിനോട് യോജിക്കുന്നില്ല. ഗവർണർ വിഴുങ്ങിയതല്ല, തുപ്പിയതാണ്. ഗവൺമെന്റ് അദ്ദേഹത്തിന് എഴുതിക്കൊടുത്ത പ്രസംഗം ഗവർണറെ സംബന്ധിച്ചിടത്തോളം കയ്പേറിയ കഷായമായിരുന്നു. ആ കഷായം അദ്ദേഹം തുപ്പിയതാണ്. അല്ലാതെ പ്രസംഗം വിഴുങ്ങിയതല്ല. സ്വന്തം സർക്കാരിൽപ്പോലും ഒരു ഗവർണർക്ക് വിശ്വാസമില്ലെന്ന് പറഞ്ഞാൽ ഈ സർക്കാരിന്റെ അവസ്ഥ എന്താണെന്ന് എല്ലാവർക്കും ഊഹിക്കാവുന്നതേയുള്ളു. ഈ സംസ്ഥാനം ഇന്ന് സാമൂഹ്യ വിരുദ്ധരുടെയും കള്ളന്മാരുടെയും കൊള്ളക്കാരുടെയും കൊലയാളികളുടെയും താവളമായി മാറിയില്ലേയെന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റപ്പെടുത്താൻ സാധിക്കുമോ? ഞങ്ങളുടെ നേതാവ് സി.എച്ച്. മുഹമ്മദ് കോയ സാഹിബ് പണ്ട് പറഞ്ഞ ഒരു കാര്യമുണ്ട്. സി.പി.ഐ.(എം) ഭരണ കാലത്ത് മനുഷ്യന്റെ തലയ്ക്കും തെങ്ങിന്റെ കുലയ്ക്കും രക്ഷയില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. ആ അവസ്ഥ ഇപ്പോൾ കേരളത്തിൽ വന്നുചേർന്നോയെന്ന് ഞാൻ സംശയിച്ചുപോകുന്നു. മട്ടന്നൂർ

സ്റ്റേഷനിലെ എ.എസ്.ഐ. എം. കെ. മനോജിനെ സസ്പെന്റ് ചെയ്തു. എന്താണ് അദ്ദേഹം ചെയ്ത തെറ്റ്; സി.പി.ഐ.(എം) ജില്ലാ സെക്രട്ടറിയുടെ മകനും കൂട്ടുകാർക്കും പോലീസ് സ്റ്റേഷനിൽ പോയി മൂത്രമൊഴിക്കണമെന്ന് പറഞ്ഞു. നമ്മളെല്ലാവരും പോലീസ് സ്റ്റേഷനടുത്തുകൂടി സഞ്ചരിക്കുന്ന ആളുകളാണ്. എന്റെ വീടിനടുത്താണ് കാസർഗോഡ് പോലീസ് സ്റ്റേഷൻ. അവിടെ മൂത്രമൊഴിക്കണമെന്ന് ഞാൻ ഇതുവരെ പറഞ്ഞിട്ടില്ല. ആരെങ്കിലും അങ്ങനെ പറഞ്ഞിട്ടുണ്ടോ? ആളുകൾക്ക് മൂത്രമൊഴിക്കാനുള്ള സ്ഥലമാണോ പോലീസ് സ്റ്റേഷൻ? പോലീസ് സ്റ്റേഷനിൽ മൂത്രമൊഴിക്കാൻ അനുവദിക്കാത്തതിനാണ് ശ്രീ. എം. കെ. മനോജിനെ സസ്പെന്റ് ചെയ്തത്. സസ്പെന്റ് ചെയ്ത വേഗതയിൽത്തന്നെ അദ്ദേഹത്തിനെ തിരിച്ചെടുക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വീട്ടമ്മമാർക്ക് രക്ഷയില്ല. മൂന്ന് വീട്ടമ്മമാരാണ് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കാസർഗോഡ് ജില്ലയിൽ കൊലചെയ്യപ്പെട്ടത്. നമ്മുടെ സംസ്ഥാനത്തിന്റെ ക്രമസമാധാനനില ഇതാണ് എന്നുപറയാൻ ഞാനാഗ്രഹിക്കുന്നു.

കഴിഞ്ഞ വർഷം ഗവർണറുടെ നയപ്രഖ്യാപന പ്രസംഗ പുസ്തകത്തിലുണ്ടായിരുന്ന പേജുകളുടെ എണ്ണം 129 ആണ്. ഇപ്രാവശ്യം അത് 61 ആയി കുറഞ്ഞു. അതിന്റെ അർത്ഥം ഒരു നയവും ഈ സർക്കാരിനില്ല എന്നാണ്. അതുകൊണ്ടാണ് പേജുകളുടെ എണ്ണം 61 ആയി കുറഞ്ഞത്. ഈ നയപ്രഖ്യാപന പ്രസംഗത്തെ കാസർഗോഡ് ജില്ലയിൽനിന്നുള്ള ഒരു ജനപ്രതിനിധി എന്ന നിലയിൽ എനിക്ക് പിന്തുണയ്ക്കാൻ സാധിക്കില്ല. അക്കാര്യം ഞാൻ തുറന്നുപറയാൻ ആഗ്രഹിക്കുകയാണ്. അപ്പുറത്തിരിക്കുന്ന എന്റെ സഹപ്രവർത്തകരായ, കാസർഗോഡ് ജില്ലയിൽ നിന്നുള്ള എം.എൽ.എ.മാർക്കും ഇതിനെ അനുകൂലിക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല. ഇന്ന് സെക്രട്ടേറിയറ്റിന്റെ മുമ്പിൽ എൻഡോസൾഫാൻ ഇരകൾ സത്യാഗ്രഹമനുഷ്ഠിക്കുകയാണ്. അവിടെ ഞാൻ പോയിരുന്നു. ഏതെങ്കിലും എൽ.ഡി.എഫ്. എം.എൽ.എ. അവിടെ പോയോ? ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ വീടിന്റെ മുറ്റത്ത് എൻഡോസൾഫാൻ ഇരകളെ കൊണ്ടുവന്ന് കഞ്ഞിവയ്പിച്ച ആളുകളാണ് നിങ്ങൾ. അതിന്റെ അർത്ഥം എന്താണ്; യു.ഡി.എഫ്. ഭരിക്കുമ്പോൾ മാത്രമാണോ എൻഡോസൾഫാൻ ഇരകൾക്ക് പ്രശ്നമുള്ളത്; ഇന്ന് പ്രശ്നമില്ലേ? എൻഡോസൾഫാൻ ഇരകളുടെ ദുരിതത്തെപ്പോലും നിങ്ങൾ രാഷ്ട്രീയവൽക്കരിക്കാൻ ശ്രമിക്കുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബാക്കിയുള്ളവരുമൊക്കെ അവിടെ പോയി അവരുടെ പ്രശ്നങ്ങളെന്താണെന്ന് മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

അതുപോലെതന്നെ മുസ്ലീം യൂത്ത് ലീഗിന്റെ സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ അവിടെയൊരു ധർണ നടക്കുകയാണ്. സംവരണം അട്ടിമറിച്ചതിലുള്ള പ്രതിഷേധമാണ് ആ ധർണയിൽ രേഖപ്പെടുത്തുന്നത്. കാസർഗോഡ് മെഡിക്കൽ കോളേജിനെക്കുറിച്ച് ഈ നയപ്രഖ്യാപനത്തിൽ ഒന്നും പറഞ്ഞിട്ടില്ല.

ഭക്ഷ്യ വകുപ്പിനെക്കുറിച്ച് പറയുകയാണെങ്കിൽ ഇവിടെ പുതിയ റേഷൻ കാർഡ് കിട്ടിയപ്പോൾ കുറേ ആളുകൾ ബി.പി.എൽ.-ൽ നിന്ന് എ.പി.എൽ. ആയി. അന്തിയുറങ്ങാൻ സ്വന്തമായി ഒരു കുടിൽപോലുമില്ലാത്ത ആളുകൾക്കാണ് എ.പി.എൽ. കാർഡ് നൽകിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ഈയൊരു പരിതാപകരമായ അവസ്ഥ നമുക്ക് കാണാൻ സാധിക്കും. അതാണ് നമ്മുടെ ഭക്ഷ്യ വകുപ്പ്. ഈ ഗവൺമെന്റിന്റെ നേട്ടമെന്താണ്?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സംവരണം അട്ടിമറിച്ചെന്ന് പറഞ്ഞല്ലോ, എവിടെയാണ് സംവരണം അട്ടിമറിക്കപ്പെട്ടത്?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അതായത് സി.പി.ഐ.(എം.) ഭരണത്തിൽ വരുമ്പോഴൊക്കെ സംവരണം എന്ന ആശയം തകിടം മറിയുകയാണ്. ..... (ബഹളം).... (മൈക്ക് ഓഫ്)... ദേവസ്വം ബോർഡിൽ.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ദേവസ്വം ബോർഡിലെ നിയമനങ്ങളെക്കുറിച്ചാണ് അങ്ങനെ പറഞ്ഞതെങ്കിൽ അങ്ങ് പറഞ്ഞത് ശരിയല്ല. അവിടെ സംവരണ വിഭാഗങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയാണുണ്ടായതെന്ന കാര്യം ദയവുചെയ്ത് അങ്ങ് മനസ്സിലാക്കണം. ഈഴവ സമുദായത്തിനുണ്ടായിരുന്ന 14% സംവരണം 17% ആയി ഉയർത്തി. പട്ടികജാതിക്കുണ്ടായിരുന്ന 10% സംവരണം 12% ആക്കി മാറ്റി. ഈഴവർ ഒഴികെയുള്ള ഒ.ബി.സി.-ക്ക് 3% സംവരണമുണ്ടായിരുന്നത് 6% ആക്കി മാറ്റി. അങ്ങനെ സംവരണ സമുദായങ്ങൾക്കുണ്ടായിരുന്ന സംവരണ ശതമാനം വർദ്ധിപ്പിക്കുകയാണ് ചെയ്തതെന്നുള്ള കാര്യം അങ്ങ് വിസ്മരിക്കരുത്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, അങ്ങനെ സംവരണം റീസെറ്റ് ചെയ്തപ്പോൾ ഏറ്റവും അവശത അനുഭവിക്കുന്ന പിന്നോക്ക വിഭാഗമായ ആശാരിമാർ ഉൾക്കൊള്ളുന്ന വിശ്വകർമ്മജർക്ക് നിങ്ങൾ 18 ശതമാനത്തിൽനിന്ന് എത്ര ശതമാനം സംവരണം നൽകിയെന്നാണ് അദ്ദേഹം ചോദിച്ചത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഏറ്റവും അവശത അനുഭവിക്കുന്ന ഈഴവർ ഒഴികെയുള്ള പിന്നോക്ക സമുദായങ്ങൾക്ക് 3% സംവരണമാണ് നിലവിലുണ്ടായിരുന്നത്. അത് 100% വർദ്ധിപ്പിച്ച് 6% ആക്കി മാറ്റിയ കാര്യം അങ്ങയെപ്പോലൊരു പരിണിതപ്രജ്ഞനായ നേതാവ് അറിഞ്ഞിരിക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇവിടെ ബഹുമാനപ്പെട്ട എൻ. എ. നെല്ലിക്കുന്നിന്റെ പ്രസംഗത്തിൽ പറയുന്നത് ഗവൺമെന്റ് സംവരണതത്വം അട്ടിമറിച്ചുവെന്നാണ്. മണ്ഡൽ കമ്മീഷൻ നടപ്പാക്കുന്ന സമയത്ത് മുന്നോക്കക്കാരിലെ പിന്നോക്കക്കാർക്ക് 10 ശതമാനം സംവരണം നൽകിയപ്പോൾ, സാമ്പത്തിക സംവരണം പാടില്ല, അല്ലെങ്കിൽ അതിന് അർഹതയില്ല, അത് ഭരണഘടനാനുസൃതമല്ലെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അക്കാര്യത്തിൽതന്നെയാണ് എനിക്കും വ്യക്തത വേണ്ടത്. ഈ സർക്കാർ സാമ്പത്തിക സംവരണം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ദേവസ്വം ബോർഡുകളിലെ നിയമനത്തിൽ മുസ്ലീങ്ങൾക്ക് സംവരണമില്ലെന്ന് അവർക്കറിയാം. ഒരു നേരത്തെ കഞ്ഞിക്ക് നിവൃത്തിയില്ലാതെ, കിടപ്പാടമില്ലാതെ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന, അമ്പലത്തിലെ പടച്ചോറുമാത്രം കഴിച്ച് ജീവൻ നിലനിർത്തുന്നവർ മുന്നോക്കസമുദായത്തിലുണ്ട്. അങ്ങനെയുള്ള ആളുകൾക്ക് പത്ത് ശതമാനം സംവരണം ഏർപ്പെടുത്തുക മാത്രമാണുണ്ടായിട്ടുള്ളത്. ഭരണഘടനാപരമായ സംവരണ വ്യവസ്ഥയിൽ ഞങ്ങൾ ഇടപെട്ടിട്ടില്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സർക്കാർ ജീവനക്കാർക്ക് കൃത്യമായി ശമ്പളമോ പെൻഷനോ കൊടുക്കുന്നില്ല. പുതിയ പെൻഷൻ അപേക്ഷകൾ വാങ്ങുന്നില്ല. കഴിഞ്ഞ ക്രിസ്തുമസിന് സർക്കാർ ജീവനക്കാർക്ക് അഡ്വാൻസായി ശമ്പളം നൽകിയില്ല. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യത്തെ അനുഭവമാണത്. മറ്റൊരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത്, ലോക കേരള സഭ സംഘടിപ്പിച്ച വകയിൽ എത്രരൂപ ചെലവായിയെന്ന് ഒരു നക്ഷത്രചിഹ്നമിടാത്ത ചോദ്യം ഞാൻ ചോദിച്ചിരുന്നു. അതിന് ലഭിച്ച മറുപടി ചെലവ് ഇതുവരെ തിട്ടപ്പെടുത്തിയിട്ടില്ല എന്നാണ്. ആറ്റിൽ കളഞ്ഞാലും അളന്ന് കളയണമെന്നാണ് പറയുന്നത്. ലോക കേരള സഭ കഴിഞ്ഞ് ദിവസങ്ങളായിട്ടും അതിന്റെ ചെലവ് എത്രയെന്ന് ചെലവാക്കിയ ഗവൺമെന്റിന് അറിയില്ലെങ്കിൽ ആർക്കാണ് അറിയുന്നത്? ലോക കേരള സഭയിൽ റഷ്യ, ചൈന, ഗൾഫ് തുടങ്ങിയവയ്ക്ക് വെവ്വേറെ

സെഷനുകളുണ്ടായിരുന്നു. ഗൾഫ് സെഷനിൽ ഞാനും പങ്കെടുത്തിരുന്നു. ഗൾഫിൽ നിന്ന് വന്നവർ മന്ത്രിമാരോട് കുറേ സംശയങ്ങളും ചോദ്യങ്ങളും ചോദിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിമാർ പറയുന്നത്, ഇതൊക്കെ ഞങ്ങൾക്ക് അറിയാവുന്നതാണ് പുതിയതുണ്ടെങ്കിൽ പറയൂവെന്നാണ്. ഗൾഫുകാരുടെ എല്ലാ കാര്യങ്ങളും അറിയുന്നുണ്ടെങ്കിൽ എന്തിനാണ് ഈ സഭ സംഘടിപ്പിച്ചത്. കോൺഗ്രസ് നേതാവ് ശ്രീ. പന്തളം സുധാകരൻ പറഞ്ഞതാണ് അതേക്കുറിച്ച് എനിക്ക് പറയാനുള്ളത്. ലോക കേരള സഭ സംഘടിപ്പിച്ചത് സി.പി.ഐ.(എം)-ന് ഫണ്ട് പിരിക്കുന്നതിനാണ്. അതുതന്നെയാണ് അതിന്റെ ലക്ഷ്യം. ഗൾഫ് മുതലാളിമാരെ കൊണ്ടുവന്ന് പാർട്ടി ഫണ്ടുണ്ടാക്കുകയാണ് ലക്ഷ്യം. അതല്ലാതെ വേറൊരു ലക്ഷ്യമുണ്ടെന്ന് തോന്നുന്നില്ല. ഒരു രാഷ്ട്രീയ നേതാവിന്റെ മകനുമായി ബന്ധപ്പെട്ട് ഗൾഫിൽ നടന്ന പണമിടപാടിൽ ആ നേതാവിനെയും അദ്ദേഹത്തിന്റെ പാർട്ടിയെയും കുറ്റപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല. ആ കാര്യത്തിൽ എനിക്ക് പറയാനുള്ളത്, നമ്മളെല്ലാവരും ജനപ്രതിനിധികളാണ്. നമ്മളെ പല യോഗങ്ങൾക്കും ക്ലാസുകൾക്കും ക്ഷണിക്കാറുണ്ട്. മയക്കുമരുന്നിനും മദ്യത്തിനു മെതിരായ സെമിനാറുകളിലും നമുക്ക് പ്രസംഗിക്കേണ്ടിവരാറുണ്ട്. അത്തരം സെമിനാറുകളിൽ വിദ്യാർത്ഥികളോട് മയക്കുമരുന്നും മദ്യവും ഉപയോഗിക്കാൻ പാടില്ലെന്ന് പ്രസംഗിക്കുമ്പോൾ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്ന മകനാണെനിക്കുള്ളതെങ്കിൽ ചർച്ചയിൽ പങ്കെടുക്കുന്ന ഏതെങ്കിലും വിദ്യാർത്ഥി നിങ്ങൾ നിങ്ങളുടെ മകനെ നന്നാക്കിയിട്ടുമതി പ്രസംഗമെന്നുപറഞ്ഞാൽ നമ്മുടെ വികാരമെന്തായിരിക്കും. അതാണ് ഇവിടത്തെ സ്ഥിതി. വിവേകാനന്ദ സ്വാമികളുടെ ഗുരുവായ ശ്രീരാമകൃഷ്ണ പരമഹംസരുടെ അടുത്ത് 12 വയസ്സുള്ള മകനെയുംകൂട്ടി അമ്മ പോയി. അമിതമായി ശർക്കര കഴിക്കുന്ന ശീലം ആ കുട്ടിക്കുണ്ടായിരുന്നു. നിങ്ങൾ രണ്ടാഴ്ച കഴിഞ്ഞുവരൂ, മരുന്ന് പറഞ്ഞുതരാമെന്ന് ശ്രീരാമകൃഷ്ണ പരമഹംസർ പറഞ്ഞു. അവർ രണ്ടാഴ്ച കഴിഞ്ഞ് മകനെയും കൂട്ടി ചെന്നപ്പോൾ ശ്രീരാമകൃഷ്ണ പരമഹംസർ കുട്ടിയോട് പറഞ്ഞു, മകനേ നീ ശർക്കര ഉപയോഗിക്കരുതെന്ന്. ഇക്കാര്യം രണ്ടാഴ്ച മുമ്പ് തന്നെ പറയാമായിരുന്നില്ലേയെന്ന് അമ്മ ചോദിച്ചപ്പോൾ ശ്രീരാമകൃഷ്ണ പരമഹംസർ പറഞ്ഞു, രണ്ടാഴ്ച മുമ്പുവരെ ഞാനും ശർക്കര ഉപയോഗിച്ചിരുന്നു, ഇപ്പോൾ ശർക്കര ഉപയോഗിക്കാറില്ലെന്ന്. പൊതുപ്രവർത്തകർ ഇത്തരം നിലപാടാണ് സ്വീകരിക്കേണ്ടതെന്നാണ് എനിക്ക് പറയാനുള്ളത്. അല്ലാതെ നേതാവിനെയോ പാർട്ടിയെയോ കുറ്റപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല. നമ്മളെല്ലാവരും മനസ്സിലാക്കേണ്ടത് ഒരു അച്ഛൻ ചീത്തയായാൽ വീട് നശിക്കും, ഒരു നേതാവ് ചീത്തയായാൽ നാട് നശിക്കുമെന്നാണ്. നന്ദിപ്രമേയത്തെ എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ജനുവരി 22-ാം തീയതി കേരള നിയമസഭയിൽ ബഹുമാനപ്പെട്ട ഗവർണർ നടത്തിയ പ്രസംഗത്തിന് ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ബഹുമാന്യരായ യു.ഡി.എഫ്. അംഗങ്ങളുടെയെല്ലാം പ്രസംഗത്തിൽ വന്ന പ്രധാന ആക്ഷേപം നയപ്രപഖ്യാപന പ്രസംഗത്തിൽ നയമില്ല, കഴിഞ്ഞ പ്രാവശ്യം അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിൽ നിന്ന് വ്യത്യസ്തമായി പേജുകളുടെ എണ്ണം കുറഞ്ഞുപോയി എന്നൊക്കെയാണ്. വളരെ ബാലിശമായ ആരോപണങ്ങൾ ഉന്നയിച്ച് നയപ്രഖ്യാപന പ്രസംഗത്തിന്റെ ശോഭ കെടുത്തുന്നതിനുവേണ്ടിയുള്ള ഒരു വിഫലശ്രമമായി മാത്രമേ അതിനെ കാണാൻ കഴിയൂ. കാര്യമായ ഒന്നുംതന്നെ യു.ഡി.എഫ്. അംഗങ്ങൾക്ക് അവരുടെ പ്രസംഗത്തിന്റെ ഭാഗമായി ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞില്ല. രാഷ്ട്രീയമായ, ഭരണപരമായ യാതൊരുവിധ ആക്ഷേപങ്ങളോ ആരോപണങ്ങളോ ഉണ്ടായില്ല. പകരം ചോദ്യോത്തരവേളയിൽ പലരും മന്ത്രിമാരെ പ്രശംസിക്കുന്നതാണ് കണ്ടത്. അഴിമതിക്കെതിരെ ഒരു നയം ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. അഴിമതിക്കെതിരായ ശക്തമായ നിലപാട് ഈ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. ബഹുമാന്യനായ മുതിർന്ന ഒരു അംഗം ചോദ്യോത്തരവേളയിൽ ചോദിച്ചത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനം നടത്തുകയാണോയെന്നാണ്. അഴിമതിക്കെതിരെ നിലപാട് സ്വീകരിക്കുന്ന ഒരു ഗവൺമെന്റിന് സ്വാഭാവികമായും തങ്ങളുടെ പ്രവർത്തനങ്ങളിൽ അത്തരം നിലപാടുകൾ തന്നെ എടുക്കേണ്ടിവരും. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അഴിമതി ആരോപണങ്ങൾ ഉണ്ടായപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടി അൽപ്പം പുറകോട്ട് മാറുകയും അവിടേക്ക് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വരികയും ചെയ്തുവെങ്കിൽ സോളാർ കമ്മീഷൻ റിപ്പോർട്ടും അതിന്റെ ചർച്ചകളും ആക്ഷേപങ്ങളും ഒഴിവാക്കാൻ കഴിയുമായിരുന്നു. ഒരു കസേര മാറ്റത്തിന്റെ കാര്യമേ ഉണ്ടായിരുന്നുള്ളൂ. അത് കാണിക്കാനുള്ള മനസ്സുണ്ടായില്ല. സോളാർ കമ്മീഷൻ റിപ്പോർട്ട് സഭയിൽ വച്ചോ, ചർച്ച ചെയ്തോ എന്നുള്ളതല്ല, ജനാധിപത്യത്തിനേറ്റ വലിയ കളങ്കം എന്ന നിലയിലാണ് സോളാർ കമ്മീഷൻ റിപ്പോർട്ട് നിൽക്കുന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ചോദ്യം ചോദിക്കാം. ട്വിസ്റ്റ് ചെയ്ത് വേറെ വഴിക്ക് കൊണ്ടുപോകരുത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇല്ല ഞാൻ നേരായ വഴിക്കേ പോകൂ. അങ്ങ് ഇവിടെ സംസാരിക്കുന്നതല്ല ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രമേയങ്ങളായി പുറത്തുവരുന്നത്. പാർട്ടി സമ്മേളനങ്ങൾ ഇപ്പോൾ നടക്കുകയാണ്. പാർട്ടി സമ്മേളനങ്ങളിൽ ആക്ഷേപങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ആര് എന്ത് പറഞ്ഞുവെന്നൊന്നും ഞാൻ പറയുന്നില്ല. മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്നത്

പരസ്പരം ആക്ഷേപങ്ങൾ പറയുന്നതാണ്. അങ്ങ് പറയുമ്പോൾ ചുരുങ്ങിയത് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിലപാടെങ്കിലും സൂചിപ്പിക്കണ്ടേ? അതിൽ പറഞ്ഞിട്ടുള്ളത് അഴിമതി നടക്കുന്നുവെന്നാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അതിന്റേതായ നിലപാടുകളും അഭിപ്രായങ്ങളുമുണ്ട്. അഭിപ്രായങ്ങൾ അതിന്റേതായ വേദികളിൽ ഞങ്ങൾ പറയും. അത് പറയുന്നു എന്നുള്ളതുകൊണ്ട് അത് മുന്നണിയുടെ അഭിപ്രായമായി വരണമെന്നില്ല. ഓരോ പാർട്ടിക്കും അവരവരുടെതായ അഭിപ്രായമുണ്ട്. സി.പി.ഐ.(എം)-ന്റെ അഭിപ്രായം തന്നെയാണ് സി.പി.ഐ.-യ്ക്കും ഉള്ളതെങ്കിൽ രണ്ട് പാർട്ടിയായി നിൽക്കേണ്ടതില്ല, ഒറ്റപാർട്ടിയായി നിന്നാൽ മതി. അഭിപ്രായങ്ങൾ പറയേണ്ട സമയത്ത് നിങ്ങളോ മുന്നണിയിൽപ്പെട്ടവരോ ബന്ധപ്പെട്ടവരോട് ശരിയായ രൂപത്തിൽ അഭിപ്രായങ്ങൾ പറയാതെ പോയതുകൊണ്ടാണ് പിന്നീട് ദു:ഖിക്കുകയും വിഷമിക്കുകയും ചെയ്യേണ്ടി വരുന്നത്. ശ്രീ. തിരുവഞ്ചൂരിനും അതിന്റെ ആഘാതമുണ്ടായതാണ്. അങ്ങ് അതിൽ പ്രതിയാണോ അല്ലയോ എന്നുള്ളതല്ല പകരം അങ്ങ് അതിൽ പ്രതിയാക്കപ്പെട്ടു വെന്ന വസ്തുത മറന്നുപോകരുത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഏത് തമ്പുരാൻ വിചാരിച്ചാലും തിരുവഞ്ചൂർ രാധാകൃഷ്ണനെ പ്രതിയാക്കാൻ കഴിയില്ല.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രതിയാണെന്ന് ഞാൻ പറഞ്ഞില്ല, ആരും പറഞ്ഞിട്ടില്ല. പക്ഷെ ഒരു അന്വേഷണ കമ്മീഷൻ റിപ്പോർട്ട് ഇവിടെ വരാനുള്ള സാഹചര്യം എന്താണെന്ന് പരിശോധിക്കണം. നയമില്ല, നയമില്ല എന്ന് പറയരുത്. അത് തെറ്റായിട്ടുള്ള കാര്യമാണ്. ഗവൺമെന്റ് ചെയ്യുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് വിവരിക്കുക യെന്നത് ഏറെ ശ്രമകരമായതുകൊണ്ട് എന്റെ പ്രസംഗം നയത്തിലൂന്നി നിന്നുകൊണ്ടാണെന്ന് ബഹുമാന്യനായ ഗവർണർ തന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഭാഗമായി പറഞ്ഞിട്ടുണ്ട്. നമ്മെ അഭിമുഖീകരിക്കുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം, തോട്ടം മേഖലയുമായി ബന്ധപ്പെട്ടതാണ്. നാളിതുവരെ ഒരിക്കൽ പോലും ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്റെ ഭാഗമായി തോട്ടം മേഖലയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ വന്നിട്ടില്ല. ബഡ്ജറ്റിന്റെ ഭാഗമായി ചില പരാമർശങ്ങളും പദ്ധതികളുമൊക്കെ പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടെങ്കിൽപ്പോലും ഇതിൽ പറയുന്നത് ക്ഷയോന്മുഖമായിക്കൊണ്ടിരിക്കുന്ന തോട്ടം മേഖലയെ നവീകരിക്കുക എന്നത് എന്റെ സർക്കാർ മുന്തിയ പരിഗണന നൽകുന്നവയിൽ ഒന്നാണെന്നാണ്. ഇതിനുവേണ്ടി തോട്ടം മേഖലയിൽ ഒരു പ്രത്യേക പുനരുജ്ജീവന പാക്കേജ്

നടപ്പാക്കുന്നതാണ്. സർക്കാർ പ്രവർത്തിക്കുക കൂടി ചെയ്യുന്നുവെന്നുള്ളതാണ്. വെറുതെ അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകളിൽ മാത്രം ഒതുങ്ങുകയല്ല, മറിച്ച് ആ അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ആക്ഷനിലേയ്ക്ക് പോകുന്നു. തോട്ടം മേഖലയുമായി ബന്ധപ്പെട്ട് 1200-ലധികം വരുന്ന തോട്ടം തൊഴിലാളികൾക്ക് 20 വർഷക്കാലമായി കിട്ടാതിരുന്ന ഗ്രാറ്റുവിറ്റി തുകയായ 13 കോടി രൂപ അദാലത്ത് നടത്തി വാങ്ങിക്കൊടുക്കാൻ ദ്രുതഗതിയിലുള്ള കർമ്മപരിപാടിയുമായി തൊഴിൽ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. പ്രവൃത്തിയിൽ നിന്നാണ് ഒരു പ്രഖ്യാപനത്തിലേയ്ക്കും നയത്തിലേയ്ക്കും എത്തുന്നത്. ഇവിടെ എല്ലാ അംഗങ്ങൾക്കും ലഭ്യമായ ഒരു നയം, വിനോദസഞ്ചാര നയമാണ്. 2017-ൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച വിനോദസഞ്ചാര നയത്തിന്റെ കരട് രേഖ നേരത്തെ വെബ്സൈറ്റിൽ ലഭ്യമായിരുന്നു. വിനോദസഞ്ചാര നയം സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. ഓരോ വകുപ്പുകളുമായി ബന്ധപ്പെട്ട് മന്ത്രിമാർ നയം പ്രഖ്യാപിച്ചുകൊണ്ടേയിരിക്കുന്നു. പാലും പാലുല്പന്നങ്ങളും കഴിക്കാൻ നമ്മൾ ഭയപ്പെട്ടിരുന്നതാണ്; മാരകമായ വിഷം കലരുന്നുണ്ടെന്ന സംശയത്താൽ ചായ പോലും കുടിക്കാത്തയാളുകളെ നമുക്കറിയാം. പാലുല്പാദനരംഗത്ത് ഇന്ന് നമ്മുടെ സംസ്ഥാനത്തെ സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കുന്നതിനുള്ള ശ്രമം വിജയം കണ്ടിരിക്കുന്നു. പാൽ മിച്ച സംസ്ഥാനമായി നമ്മുടെ സംസ്ഥാനം മാറുകയാണ്. ക്ഷീരകർഷകർ ഉല്പാദിപ്പിക്കുന്ന പാൽ കൃത്യമായ വാല്യൂ ആഡഡ് പ്രോഡക്ടുകളാക്കി മാറ്റി, അവ സൂക്ഷിച്ചുവയ്ക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് ചെയ്തില്ലെങ്കിൽ സ്വാഭാവികമായി 2003-ലെപ്പോലെ ഒരു പ്രതിസന്ധിയിലേയ്ക്ക് അവർ പോകും. അത്തരമൊരു പ്രതിസന്ധിയുണ്ടാകാതിരിക്കുന്നതിനുള്ള ജാഗ്രത ഈ നയത്തിന്റെ ഭാഗമായി വന്നിട്ടുണ്ട്. വാല്യൂ ആഡഡ് പ്രോഡക്ടുകളുടെ മാർക്കറ്റിംഗ് സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണെന്ന് പറയുമ്പോൾ നമുക്കൊരിക്കലും അതിനെ ചെറുതായി കാണാൻ കഴിയില്ല. വിനോദസഞ്ചാര മേഖലയിൽ കൂടുതൽ ആളുകൾക്ക് ജോലി കൊടുക്കാൻ കഴിയണം. കേരള ടൂറിസത്തിന്റെ അനന്ത സാദ്ധ്യതകൾ ഉപയോഗിച്ചാൽ കേരളത്തിന്റെ വരുമാനത്തിൽ ഒരുപക്ഷെ വിദേശത്തുനിന്നും എത്തുന്ന പണത്തെക്കാൾ കൂടുതൽ പണം നമുക്ക് ആ മേഖലയിൽ നിന്നും ആർജ്ജിക്കാൻ കഴിയും. അതിനായി സമഗ്രമായ ഒരു കാഴ്ചപ്പാടുണ്ടാക്കിയെടുക്കാനും കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് കൊണ്ടുവരാനുമുള്ള ശ്രമം ബഹുമാന്യനായ മന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്നുണ്ടെന്ന് വളരെ അഭിമാനത്തോടുകൂടി പറയാൻ കഴിയും. തങ്ങൾക്ക് ലഭ്യമായിട്ടുള്ള കർമ്മമേഖല വളരെ മനോഹരമായി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള ഇടപെടൽ മന്ത്രിമാരുടെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ട്. നമ്മുടെ രാജ്യത്ത് ഭക്ഷ്യഭദ്രതാ നിയമം പാസ്സാക്കിയിട്ട് മൂന്നുനാല് വർഷമായി.

അത് നടപ്പാക്കാൻ യാതൊരു മനസ്സുമില്ലാതെ, വൻകിട ഗോഡൗൺ മുതലാളിമാരുടെ ഭാഗമായി നിന്ന് പ്രവർത്തിച്ചിരുന്നയാളുകൾ, ഭക്ഷ്യഭദ്രതാ ബിൽ ഒരിക്കൽപ്പോലും വായിക്കാത്തയാളുകൾ, അതിനെ ഭയപ്പെട്ടയാളുകൾ, ഇപ്പോൾ ഭക്ഷ്യഭദ്രതാ നിയമം പൊടുന്നനെ നടപ്പാക്കുമ്പോൾ രാജ്യത്തുണ്ടാകുന്ന ചെറുതും വലുതുമായിട്ടുള്ള പ്രതിസന്ധികൾ ചൂണ്ടിക്കാണിച്ചുകൊണ്ട് അമ്പേ പരാജയമാണെന്ന രൂപത്തിൽ വിലയിരുത്തുന്നത് ഭക്ഷ്യഭദ്രതാ നിയമം വായിച്ചുനോക്കാൻ ധൈര്യമില്ലാത്തവരാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ആ രംഗത്തും നമുക്ക് മാതൃക സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. കുറ്റവും കുറവുമൊക്കെ ചൂണ്ടിക്കാണിക്കുമ്പോൾ അത് തിരുത്തിക്കൊണ്ടുപോകുന്നതിനുള്ള ഒരു മനസ്സാണ് നമുക്കുണ്ടാകേണ്ടത്. നമുക്ക് ലഭ്യമായിട്ടുള്ളതൊക്കെ നമ്മുടെ പഴയ തലമുറ നമുക്കുവേണ്ടി കരുതിവച്ചതാണെന്ന കാര്യത്തിൽ സംശയമില്ല. വരുംതലമുറയ്ക്കും ഇത് പകർന്നുകൊടുക്കുന്നതിനുള്ള ഉത്തരവാദിത്വം മാത്രമാണ് ഈ കാലഘട്ടത്തിൽ ജീവിച്ചുപോകുന്ന നമ്മളെ സംബന്ധിച്ചിടത്തോളമുള്ളത്. ഇന്ന് നമ്മുടെ സമൂഹം നേരിടുന്ന ഏറ്റവും ഗുരുതര വെല്ലുവിളി ജീവിതശൈലീ രോഗങ്ങളാണ്. കേരളത്തിൽ മാത്രമല്ല, ഇന്ത്യാ മഹാരാജ്യത്ത് താമസിക്കുന്ന 130 കോടിയിലധികം വരുന്ന മുഴുവൻ ആളുകളെയും ഈ മാരകവിപത്തിന്; വിവിധതരം രോഗങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള ഗൂഢശ്രമങ്ങൾ നടക്കുന്നുണ്ടോ എന്നതടക്കമുള്ള സംശയങ്ങൾ വിദഗ്ദ്ധന്മാരുടെ ഇടയിൽ നടക്കുന്നുണ്ട്. സ്വാഭാവികമായി അതൊന്നും ഗുണകരമെന്ന് പറയാൻ കഴിയാത്തവിധം അപകടകരമായ ചില സാഹചര്യങ്ങളാണ് നമ്മുടെ മുമ്പിലേയ്ക്ക് എത്തിക്കുന്നത്. ഈ നയപ്രഖ്യാപന പ്രസംഗത്തിന്റെ ബഹുഭൂരിപക്ഷം പേജുകളിലും പ്രതിപാദിച്ചിട്ടുള്ള വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കേരള മോഡൽ ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾക്ക്, ടീച്ചർമാരുടെ പോസ്റ്റിംഗുമായി ബന്ധപ്പെട്ട്; പത്തും ഇരുപതും വർഷമായി ശമ്പളം കിട്ടാതിരുന്ന ആളുകൾക്ക് ശമ്പളം കൊടുക്കാൻ കഴിഞ്ഞതുമായി ബന്ധപ്പെട്ട്, ടീച്ചർമാരുടെ ബാങ്കുമായി ബന്ധപ്പെട്ടൊക്കെ വളരെ കുറച്ച് അനോമലികൾ മാത്രമാണ് ഇനി പരിഹരിക്കപ്പെടാനുള്ളത്. അത്തരത്തിൽ മാതൃകാപരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് കഴിയുന്നുണ്ട്. ഹൈടെക് സ്കൂൾ അല്ലെങ്കിൽ മാതൃകാപരമായി എടുത്ത സ്കൂളിന്റെ പ്രവർത്തനങ്ങൾ; അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസമടക്കമുള്ള വിഷയങ്ങളിൽ ബന്ധപ്പെട്ടവർ ഇടപെട്ട് വേഗത്തിലാക്കുന്നതിനുള്ള ശ്രമമുണ്ടായാൽ അത്തരം പ്രശ്നങ്ങളെല്ലാം

അതിജീവിക്കാൻ കഴിയും. വികസനം, ദീർഘവീക്ഷണത്തോടുകൂടിയാകണം. വികസനം താൽക്കാലികമായ നേട്ടത്തിനോ ലാഭത്തിനോ അല്ല. Propaganda എന്നുള്ള നിലയിൽ വികസനം കൊണ്ടുവന്നാൽ ആ വികസനം നിലനിൽക്കില്ല എന്നുള്ളതിന്റെ ഉദാഹരണങ്ങൾ നമ്മുടെ മുമ്പിൽ നിരവധിയുണ്ട്. പഞ്ചവത്സര പദ്ധതികൾ പോലും മാറ്റി ദീർഘകാല പദ്ധതികളാക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങളുടെ അധികാരങ്ങളിൽ ഇടപെടുന്നതടക്കമുള്ള വിഷയങ്ങളെ സംബന്ധിച്ച് കൂടുതൽ ഡിബേറ്റുകൾ ആവശ്യമാണെങ്കിൽപ്പോലും നമ്മുടെ രാജ്യത്തുണ്ടാകുന്ന മാറ്റങ്ങളോടൊപ്പം നിൽക്കാതെ ഒറ്റയ്ക്ക് മാറിനിൽക്കാൻ കേരളം പോലുള്ള കൊച്ചുസംസ്ഥാനത്തിന് ഒരുകാരണവശാലും കഴിയില്ല. അതുകൊണ്ട് വികസനം സുസ്ഥിരമായിരിക്കണം; അഴിമതിരഹിതമായിരിക്കണം. നമ്മുടെ പ്രപഞ്ചത്തിനോ പ്രകൃതിക്കോ യാതൊരുവിധ ആഘാതങ്ങളും സൃഷ്ടിക്കുന്നതാകരുത്. അടുത്ത തലമുറയെക്കൂടി കരുതിക്കൊണ്ടാകണം നമ്മുടെ വികസനം എന്ന സന്ദേശമാണ് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്റെ അവസാനഭാഗത്ത് പറയുന്നത്. ഗവർണർ നയപ്രഖ്യാപന പ്രസംഗം നടത്തുമ്പോൾ പേജുകൾ വിട്ടുപോയതിന്റെയോ പാരഗ്രാഫുകൾ വിട്ടുപോയതിന്റെയോ ചർച്ചയ്ക്കപ്പുറം അതിന്റെ മെരിറ്റിലേയ്ക്ക് വന്ന് നല്ല ഡിബേറ്റുകൾ നടത്താനുള്ള ആത്മാർത്ഥതയാണ് യഥാർത്ഥത്തിൽ പ്രതിപക്ഷത്തിന് ഉണ്ടാകേണ്ടത്. നയപ്രഖ്യാപന പ്രസംഗത്തെ മാത്രമല്ല ഗവൺമെന്റിനെയും അതിന്റെ മുഖച്ഛായയെയും നിങ്ങൾ ഭയപ്പെട്ടുതുടങ്ങിയിട്ടുണ്ട് എന്നുള്ളതുകൊണ്ടാണ് ഇതിന്റെ ആഴമേറിയ മെരിറ്റിലേയ്ക്ക് അല്ലെങ്കിൽ കോട്ടങ്ങൾ ചൂണ്ടിക്കാണിച്ചുള്ള മികച്ച ഡിബേറ്റുകൾ ഉണ്ടാകാതിരുന്നത്. ഞാൻ ഈ നയപ്രഖ്യാപന പ്രസംഗത്തെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു. എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഞാൻ ഈ നന്ദി പ്രമേയത്തെ എതിർക്കുകയാണ്. ഈ പ്രമേയം കൊണ്ടുവന്നവർക്ക് ഇതിനോട് നന്ദിയുണ്ടോ? നിയമസഭയിൽ നയപ്രഖ്യാപനം വായിച്ചത് ബഹുമാനപ്പെട്ട ഗവർണറാണ്. ഇവിടെ ക്രമസമാധാനനില ഭദ്രമാണെന്നാണ് അദ്ദേഹം പറഞ്ഞത്. നയപ്രഖ്യാപന പ്രസംഗം നടത്തുന്നതിന് 48 മണിക്കൂർ മുമ്പ് കനകക്കുന്ന് കൊട്ടാരത്തിൽ നടന്ന വസന്തോത്സവം പരിപാടിയുടെ ഉദ്ഘാടന ചടങ്ങിൽ വച്ച് നടന്ന കൊലപാതകത്തെക്കുറിച്ച് അദ്ദേഹം പറയുകയുണ്ടായി. പ്രസ്തുത പരിപാടിയുടെ അദ്ധ്യക്ഷൻ ശ്രീ. കടകംപള്ളി സുരേന്ദ്രനായിരുന്നു. എന്റെ സാന്നിദ്ധ്യവും

അവിടെയുണ്ടായിരുന്നു. ഇങ്ങനെയുള്ള കൊലപാതകങ്ങൾ കേരളത്തിലെ ടൂറിസം സാധ്യതകളെ ബാധിക്കുമെന്നും ഈ കൊലപാതകം ഒഴിവാക്കപ്പെടേണ്ട തായിരുന്നുവെന്നും രാഷ്ട്രീയ നേതൃത്വങ്ങൾ ഇടപെട്ട് രാഷ്ട്രീയ കൊലപാതകങ്ങൾ ഇല്ലാതാക്കണമെന്നുമാണ് അദ്ദേഹം പറഞ്ഞത്. അതുപറഞ്ഞ് 48 മണിക്കൂർ കഴിഞ്ഞപ്പോൾ ഗവർണറെകൊണ്ട് ഇവിടെ ക്രമസമാധാന നില ഭദ്രമാണെന്ന് വായിപ്പിച്ചു. 48 മണിക്കൂർ മുമ്പ് പറഞ്ഞ കാര്യങ്ങൾ അദ്ദേഹത്തിന് വിഴുങ്ങേണ്ടി വന്നു. ബഹുമാനപ്പെട്ട ഗവർണർക്കുതന്നെ നയപ്രഖ്യാപനത്തോട് നന്ദിയില്ല. ഗവൺമെന്റിന് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നയപ്രഖ്യാപനത്തോട് പൂർണ്ണമായി നന്ദിയുണ്ടോ? കേന്ദ്രത്തിനെതിരായി അദ്ദേഹത്തിന്റെ മന്ത്രിസഭ അംഗീകരിച്ച് അച്ചടിച്ച് കൊടുത്ത നന്ദിപ്രമേയത്തിലെ ഒരു സുപ്രധാന വാചകം, ഗവർണർ മുഴുവൻ ഭാഗവും വായിക്കണോ വേണ്ടയോ എന്നതിനെ സംബന്ധിച്ചാണ് ഇവിടെ തർക്കമുണ്ടായത്. പ്രതിപക്ഷത്തിനുകൂടി സ്വീകാര്യമായ ഭാഗമാണ് ഗവർണർ വായിക്കാതെ വിട്ടത്. ഗവർണർ വായിച്ച പലതിനോടും ഞങ്ങൾക്ക് യോജിപ്പില്ല. ഈ സഭയിലെ ഒരംഗമൊഴികെ മറ്റെല്ലാ അംഗങ്ങളും പൂർണ്ണമായി യോജിക്കുന്ന വാചകമാണ് ആദ്യമായി ഗവർണർ വായിക്കാതെ വിട്ടുകളഞ്ഞത്. കേന്ദ്രത്തിനെതിരായ ഭാഗം ഒഴിവായെങ്കിലും അതിനോട് യോജിപ്പില്ലാത്തവരുണ്ട്. കേന്ദ്രത്തിനെതിരായ വിട്ടുപോയ ആ ഭാഗങ്ങളോട് നൂറ് ശതമാനവും ഞങ്ങൾ യോജിക്കുകയാണ്.

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അംഗീകരിച്ചുകൊടുത്ത പ്രസംഗം വായിക്കാത്തതിന് ഗവർണറോട് മുഖ്യമന്ത്രിക്ക് നന്ദിയുണ്ടാകില്ല. മുഖ്യമന്ത്രിയുടെ സ്വന്തം ജില്ലയിൽ നടന്ന ജില്ലാ സമ്മേളനത്തിലെ ചർച്ചകളുടെ വാർത്തകൾ ഞങ്ങൾ പത്രത്തിലൂടെ വായിച്ചതാണ്. സി.പി.ഐ.-യെ നിലയ്ക്കുനിർത്തണം, പോലീസിൽ നിന്ന് ഞങ്ങൾക്ക് നീതി കിട്ടുന്നില്ല, ഭരണം മാറിയെങ്കിലും അതിന്റെ പ്രയോജനം ഞങ്ങൾക്ക് ലഭിക്കുന്നില്ല എന്നൊക്കെയാണ്. നയിക്കുന്ന മുഖ്യമന്ത്രിയുടെ പാർട്ടിക്കും ഈ പ്രമേയത്തിനോട് നന്ദിയില്ല. പ്രമേയം അവതരിപ്പിച്ച ശ്രീ. മുല്ലക്കര രത്നാകരന്റെ പാർട്ടിയായ സി.പി.ഐ. പറയുന്നത്, സി.പി.ഐ.(എം)-നെ നിയന്ത്രിക്കണമെന്നും സി.പി.ഐ.ക്ക് നീതി കിട്ടുന്നില്ലെന്നുമാണ്. സി.പി.ഐ.-യുടെ മന്ത്രിമാർ മുഖ്യമന്ത്രിയെ കാണുമ്പോൾ കവാത്ത് മറക്കുന്നു. അപ്പോൾ സി.പി.ഐ.-ക്കും നന്ദിയില്ല. ഭരണകക്ഷിക്കുപോലും നന്ദിയില്ലെങ്കിൽപ്പിന്നെ ഞങ്ങളെന്തിനാണ് ഈ പ്രമേയത്തിനോട് നന്ദി കാണിക്കുന്നത്? ശ്രീ. മോഹൻലാലിന്റെ സിനിമയിലെ "നന്ദി ആരോട് ഞാൻ ചൊല്ലേണ്ടു" എന്ന പാട്ടുപോലെ ആർക്കും നന്ദിയില്ലാത്തൊരു പ്രമേയമാണ് ഈ നിയമസഭയിൽ അവതരിപ്പിച്ചത്.

ഈ നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഭരണകക്ഷിയിലെ അംഗങ്ങൾ പ്രസംഗിച്ചത് സ്വപ്നങ്ങൾ മാത്രമാണെന്നാണ് ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞത്. ബഹുമാന്യനായ വർക്കല എം.എൽ.എ. ശ്രീ. വി. ജോയി എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട വികസനകാര്യങ്ങളെക്കുറിച്ച് പറഞ്ഞത് ശരിയാണ്. സ്വപ്നം എന്നെയും കാണിച്ചു. അത് നടപ്പിലാക്കാനുള്ള എല്ലാ പിന്തുണയും ഉണ്ടാകുമെന്ന് ഞാൻ പറഞ്ഞു. പക്ഷെ അത് വെറുമൊരു സ്വപ്നം മാത്രമായി അവശേഷിക്കരുതെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. അവിടെ എന്തെങ്കിലും നടന്നിട്ടുണ്ടോ? കിഫ്ബി എന്തൊരു സ്വപ്നമായിരുന്നു. കിഫ്ബി ഉപയോഗിച്ച് എത്ര പാലങ്ങളും കെട്ടിടങ്ങളും നിർമ്മിച്ചിട്ടുണ്ട്? ലേറ്റസ്റ്റ് കണക്കനുസരിച്ച് കിഫ്ബിയിപ്പോൾ കുഫ്ബിയാകുന്ന സ്ഥിതിയല്ലേ; കിഫ്ബിയുടെ ഏത് പദ്ധതിയാണ് ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളത്?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം ജില്ലയിൽ രണ്ട് പ്രധാനപ്പെട്ട നേട്ടങ്ങളുണ്ടായിരുന്നു. ഒന്ന്, വിഴിഞ്ഞം തുറമുഖം. അതിന്റെ പണി സ്തംഭിച്ചിരിക്കുകയാണ്. അതിന്റെ മുന്നോട്ടുള്ള പ്രയാണം ഇന്ന് തടസ്സപ്പെട്ടിരിക്കുകയാണ്. അവിടെ സമരം നടക്കുകയാണ്. സാധനസാമഗ്രികൾ ലഭ്യമല്ലായെന്ന് പറഞ്ഞ് വികസനം തടസ്സപ്പെട്ടു.

യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പ്രാവച്ചമ്പലത്ത് കരമന-കളിയിക്കാവിള റോഡിനായി ആദ്യഘട്ടം പൂർത്തിയാക്കിയ വർക്കിൽ നിന്ന് ഒരു ശതമാനം പോലും മുന്നോട്ട് പോയിട്ടില്ല. വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുമ്പോൾ കഴിഞ്ഞ സർക്കാരിനെ കുറ്റപ്പെടുത്തിയിട്ട് എന്താണ് കാര്യം? എത്രകാലം യു.ഡി.എഫ്.-നെ കുറ്റം പറഞ്ഞ് മുന്നോട്ടുപോകാൻ കഴിയും. യു.ഡി.എഫ്. സർക്കാരിനെ കുറ്റം പറയുകയും സ്വപ്നം കാണുകയും ചെയ്യാമെന്നല്ലാതെ ഈ നയപ്രഖ്യാപനത്തിൽ യാതൊരുവിധത്തിലുള്ള വികസന കാര്യങ്ങളെക്കുറിച്ചും പറയുന്നില്ല. എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. ആർ. രാജേഷിന്റെ പ്രസംഗം ഞാൻ കേട്ടു. കഴിഞ്ഞ ആറുവർഷക്കാലമായി കോൺഗ്രസ്സിൽനിന്ന് വിട്ടുപോയവരുടെ ലിസ്റ്റ് അദ്ദേഹം വളരെ കൃത്യമായി വായിച്ചു. അഖിലേന്ത്യാതലത്തിൽ കോൺഗ്രസ് നശിച്ചുകൊണ്ടിരിക്കുന്നതിൽ അദ്ദേഹത്തിന് സന്തോഷമാണ്. അവിടെ സി.പി.ഐ. (എം)-ന് ഇടമുണ്ടോ; കോൺഗ്രസ് തകർന്നുകഴിഞ്ഞാൽ അവിടെ ഇടം കിട്ടുന്നത് ആർക്കാണ്; ഇത്രയും കാലത്തെ അനുഭവത്തിൽനിന്ന് അക്കാര്യം മനസ്സിലായിട്ടില്ലേ? ബംഗാളിൽ ഇനി ഇടമുണ്ടോ; 35 വർഷം ഭരിച്ച ബംഗാളിൽ പരാജയപ്പെട്ടതിനുശേഷം ഒരു തിരിച്ചുവരവിന്റെ സാധ്യത അവിടെയുണ്ടോ? ത്രിപുരയിൽ ഇലക്ഷൻ നടക്കാൻ പോവുകയാണ്. ത്രിപുരയിൽ സി.പി.ഐ.(എം) വിജയിക്കണമെന്ന് ഞാൻ

ആശംസിക്കുകയാണ്. കാരണം ത്രിപുരയിൽ സി.പി.ഐ.(എം) തോറ്റാൽ അത് ബി.ജെ.പി. മുതലെടുക്കും. കോൺഗ്രസ്സിന് അവിടെയിപ്പോൾ സ്പേയ്സ് ഇല്ലാത്ത അവസ്ഥയാണ്. അത് ബി.ജെ.പി. മുതലെടുക്കാതിരിക്കാൻ സി.പി.ഐ.(എം) ത്രിപുരയിൽ ജയിക്കണമെന്ന് ആഗ്രഹിക്കുന്ന ഒരാളാണ് ഞാൻ. തിരിച്ച് നിങ്ങൾക്ക് അങ്ങനെയൊരു ചിന്തയുണ്ടോയെന്നാണ് ഞാൻ ചോദിക്കുന്നത്. ഗുജറാത്ത് ഇലക്ഷനിൽ ബി.ജെ.പി.-യെ നേരിട്ടത് കോൺഗ്രസ്സാണ്. അവിടെ സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറി പറഞ്ഞത്, ഞങ്ങൾ ഇവിടെ മത്സരിക്കുന്നില്ലെന്നും മത്സരിക്കാനുള്ള ആരോഗ്യമില്ലെന്നുമാണ്. ഞങ്ങൾ ഇവിടെ കോൺഗ്രസ്സിനെയാണ് പിന്തുണയ്ക്കുന്നതെന്ന വാർത്തകളും വന്നു. ഗുജറാത്തിലെ സി.പി.ഐ.(എം) പോലും കോൺഗ്രസ്സ് അധികാരത്തിൽ വരണമെന്ന് ആഗ്രഹിക്കുന്നു. ഹിമാചൽപ്രദേശിൽ ഇലക്ഷൻ നടന്നു.... ബെൽ അടിച്ചോ; ഞാൻ തുടങ്ങിയിട്ടില്ല. എനിക്ക് കിട്ടിയ സബ്മിഷൻ അങ്ങ് ഇല്ലാതാക്കി. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വാക്കൗട്ട് നടത്തിയപ്പോൾ എനിക്കും കൂടെ പോകേണ്ടിവന്നു.

<u>മി. സ്പീക്കർ</u>: ഞാൻ ഇല്ലാതാക്കിയതല്ല. അങ്ങയുടെ പേര് അഞ്ചുതവണ വിളിച്ചിട്ടും അവതരിപ്പിക്കാൻ വന്നില്ല.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഇതൊക്കെ അഡ്ജസ്റ്റുമെന്റല്ലേ. അങ്ങയുടെ വിവേചനാധികാരത്തിൽ വരുന്ന കാര്യമല്ലേ. ഞാൻ സംസ്ഥാന വിഷയത്തിലേയ്ക്ക് വന്നില്ല.

<u>മി. സ്പീക്കർ</u>: അങ്ങേയ്ക്ക് എത്ര സമയം തന്നാലും നിർത്തില്ല.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, കോൺഗ്രസ്സിന്റെ തകർച്ച ഇവിടെ സഹായിക്കുന്നത് വർഗ്ഗീയ കക്ഷികളെയാണ്. ഏറ്റവും ദുഃഖകരമായ അവസ്ഥ, വർഗ്ഗീയതയുടെ വിഷം തുപ്പുന്ന ആർ.എസ്.എസ്.-ന്റെ നേതാവ് ആഗസ്റ്റ് 15-നും ജനുവരി 26-നും ഇവിടെ വന്ന് ധൈര്യമായി പതാക ഉയർത്തി പോയില്ലേ; അതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചോ? തലേ ദിവസം ആർ.എസ്.എസ്. പ്രവർത്തകരുടെ സ്റ്റേറ്റ്മെന്റ് ഉണ്ടായിരുന്നു. എല്ലാ വിദ്യാലയങ്ങൾക്കും ഒരേ നിയമമാണ്. സർക്കാർ നിയമം അനുസരിച്ച്, സ്വകാര്യ വിദ്യാലയങ്ങളിൽ പതാക ഉയർത്തേണ്ടത് അവിടത്തെ മാനേജർ/മുഖ്യ അദ്ധ്യാപകൻ ആയിരിക്കണമെന്നാണ്. സർക്കാർ വിദ്യാലയത്തിൽ വന്ന് മനേജർക്ക് പതാക ഉയർത്താൻ പറ്റുമോ? നിയമം വീണ്ടും വ്യാഖ്യാനിച്ചു. അത് നടപ്പിലാക്കാൻ സർക്കാരിന് കഴിഞ്ഞോ? ഇവരുടെയെല്ലാം ആർ.എസ്.എസ്. വിരുദ്ധത പ്രസംഗത്തിൽ മാത്രമേയുള്ളൂ. കാര്യത്തോട് അടുക്കുമ്പോൾ രണ്ടുപേരും ഭായി ഭായി എന്ന അവസ്ഥയാണ് കേരളത്തിൽ കാണുന്നത്. അതിന് പല

കാരണങ്ങളുമുണ്ടാകാം. മറ്റ് പല കേസ്സുകളിലും ചില സഹായങ്ങൾ വേണ്ടിവരാം. രഹസ്യമായി ബി.ജെ.പി.-യുമായുള്ള ബന്ധത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് പതാക ഉയർത്തിയിട്ടുപോലും ശ്രീ. മോഹൻ ഭാഗവതിന് എതിരായി കേസ്സെടുക്കാതിരുന്നത്. അത് വളരെ ഗുരുതരമായ കാര്യമാണ്. നാളെ എന്തും ചെയ്യാനുള്ള ധൈര്യം അവർക്കുണ്ടാകില്ലേ?

ഹൈടെക് വിദ്യാലയങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. എന്റെ നിയോജകമണ്ഡലത്തിൽ ഹൈടെക് വിദ്യാലയമാക്കേണ്ട വിദ്യാലയത്തിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. മറ്റ് പല എം.എൽ.എ.മാരെക്കാളും ആദ്യം കൊടുത്തത് ഞാനാണ്. അഞ്ചുകോടി രൂപയുടെ സർക്കാർ ഫണ്ട്, ഒരു കോടി രൂപയുടെ ആസ്തി വികസന ഫണ്ട്, അതിനുപുറമേ സന്നദ്ധ സംഘടനകളുടെയും സാമൂഹികരംഗത്ത് പ്രവർത്തിക്കുന്നവരുടെയും യോഗം വിളിച്ചുകൂട്ടി വ്യക്തമായ പ്രോജക്ട് റിപ്പോർട്ട് കൊടുത്തെങ്കിലും അതിന് അംഗീകാരം ലഭിച്ചില്ല. ഹൈടെക് വിദ്യാലയങ്ങൾ കൊടുത്തുവെന്ന് നിങ്ങൾ പറയുന്നെങ്കിലും എവിടെയാണ് കൊടുത്തത്; ആർക്കാണ് കൊടുത്തത്; എങ്ങനെയാണ് കൊടുത്തത്? വ്യക്തമായ പ്രോജക്ട് റിപ്പോർട്ട് ഉൾപ്പെടെ ആദ്യം കൊടുത്തിട്ടുപോലും സാങ്ഷൻ ചെയ്തിട്ടില്ല. രണ്ട് കൊല്ലം കഴിഞ്ഞിരിക്കുകയാണ്. ഇനി മൂന്ന് കൊല്ലമാണ് അവശേഷിക്കുന്നത്. രണ്ട് കൊല്ലം സ്വപ്നം കണ്ട കാര്യമാണ് ഞാൻ പറഞ്ഞത്. ഇനിയും മൂന്ന് കൊല്ലക്കാലം സ്വപ്നം കണ്ടുകൊണ്ട് ഇരിക്കുകയാണോ? എവിടെയാണ് തുടങ്ങിയത്; രണ്ട് കൊല്ലം ചെറിയ കാലാവധിയാണോ; ഒരു സർക്കാർ അധികാരത്തിൽ വന്ന് രണ്ട് കൊല്ലം തികയാൻ പോവുകയാണ്. രണ്ട് കൊല്ലത്തിനിടയിൽപ്പോലും പ്രോജക്ട് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. രണ്ട് കൊല്ലക്കാലം സ്വപ്നം കണ്ട് സമയം കളഞ്ഞു. ഇനി മൂന്നുകൊല്ലം മാത്രമാണ് ബാക്കിയുള്ളത്. ഇനിയുള്ള കൊല്ലംകൂടി സ്വപ്നം കണ്ടാണ് കഴിയുന്നതെങ്കിൽ അതിന്റെ റിസൽട്ടിനെക്കുറിച്ച് ഞാൻ പറയേണ്ടതില്ലല്ലോ.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, എട്ട് ഉപദേശകന്മാരുടെ ഉപദേശം കേൾക്കുന്നതിനുപകരം സ്വന്തമായി മൈന്റ് അപ്ലൈ ചെയ്യണമെന്നാണ്. ഓഖി ദുരന്തമുണ്ടായപ്പോൾ ഒന്നാം തീയതി അവിടെ പോയിരുന്നെങ്കിൽ ഈ പറയുന്ന എതിർപ്പൊന്നും ഉണ്ടാകില്ലായിരുന്നു. കുറച്ച് ക്ഷോഭമൊക്കെ ആളുകൾ കാണിക്കും. അങ്ങയെ അനുകൂലിക്കുന്നവർക്കെങ്കിലും അങ്ങയുടെ വരവിനെ സ്വാഗതം ചെയ്യാൻ കഴിയുമായിരുന്നു. സമയത്ത് പോകാൻ കഴിയാത്തതുകൊണ്ടാണ് നാലാം തീയതി പോയപ്പോൾ അവിടെ ബഹളമുണ്ടായത്. അതുകൊണ്ടാണ് അങ്ങേയ്ക്ക് കാർ ഉപേക്ഷിച്ച് പോകേണ്ടി വന്നത്. അങ്ങ് ഒന്നാം തീയതി പോയിരുന്നുവെങ്കിൽ അങ്ങേയ്ക്ക് അവിടെ

സ്വീകരണം ലഭിക്കുമായിരുന്നു. ശ്രീമതി നിർമ്മലാ സീതാരാമൻ സംസാരിച്ചപ്പോൾ വാക്കും പ്രവൃത്തിയും തമ്മിൽ യാതൊരു ബന്ധവുമില്ലായിരുന്നു. അവർ മാതാവിന്റെ രൂപത്തിൽ അവതരിച്ച് സ്നേഹം കാണിച്ചപ്പോൾ പെട്ടെന്ന് എല്ലാവരും ശാന്തരായില്ലേ? അതുകൊണ്ട് ഉപദേശകന്മാരുടെ ഉപദേശം കേട്ടാൽ അവരെല്ലാവരും കൂടി അങ്ങയെ കുഴിയിൽ ചാടിക്കുകയേയുള്ളൂ. അങ്ങയുടെ പല മുൻഗാമികളെയും കുഴിയിൽ ചാടിച്ച ഉപദേശകരാണ് ഇപ്പോൾ അങ്ങയോടൊപ്പം ഉള്ളതെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ആർക്കും വേണ്ടാത്ത ഈ നന്ദി പ്രമേയത്തെ ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. കഴിഞ്ഞ ഒരു വർഷത്തിനും പത്ത് മാസത്തിനുമിടയിൽ ഒട്ടേറെ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനും ഒരിക്കലും നടക്കില്ലെന്ന് കരുതിയ പല വൻകിട പദ്ധതികളും കേരളത്തിൽ നടപ്പിലാക്കാനും കഴിഞ്ഞ ഒരു സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണം ഇന്ത്യയ്ക്ക് മാതൃകയാണ്. കൊച്ചി മെട്രോ യാഥാർത്ഥ്യമാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കണ്ണൂർ വിമാനത്താവളത്തിന്റെ ഉദ്ഘാടനം ഏതാണ്ട് അടുത്തിരിക്കുകയാണ്. ഈ സർക്കാരിന്റെ ഇടപെടലിന്റെ ഭാഗമായി ഗെയിൽ പദ്ധതിയിൽ പുതിയതായി നൂറിലധികം കിലോമീറ്റർ പൈപ്പ് ലൈനിടാനും റെയിൽവേയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഒരു സംയുക്ത സംരംഭത്തിന് തുടക്കമിടാനും സാധിച്ചു. അതുപോലെ കേരളത്തിലെ നാല് മണ്ഡലങ്ങളിലെ 8 മുതൽ 12 വരെയുള്ള ക്ലാസ് റൂമുകൾ പൂർണ്ണമായും ഹൈടെക് ആക്കാനും നിരവധി ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കാനും മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ഹൃദയ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട കാത്ത് ലാബുകൾ ആരംഭിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഈ നിലയിൽ ഒട്ടേറെ വികസന പ്രവർത്തനങ്ങളുമായാണ് കേരള സർക്കാർ മുന്നോട്ടുപോകുന്നത്. ഇവിടെ ബി.ജെ.പി.-യും എൽ.ഡി.എഫ്-ഉം തമ്മിൽ ഭായി ഭായി ആണെന്നാണ് കോൺഗ്രസ് അംഗം ശ്രീ. മുരളീധരൻ നേരത്തെ സംസാരിച്ചപ്പോൾ പറഞ്ഞത്. ആരാണ് നമ്മുടെ രാജ്യത്ത് ബി.ജെ.പി.-യെ വളർത്തിയത്; ആരുടെ നയത്തിന്റെ ഭാഗമായാണ് ബി.ജെ.പി.-ക്ക് വളരാനുള്ള വഴിയൊരുക്കിയത്? സാമ്രാജ്യത്വ കോളനി വിരുദ്ധ ഉള്ളടക്കമുള്ള നമ്മുടെ വിദേശ നയത്തെ അറബിക്കടലിൽ വലിച്ചെറിഞ്ഞത് കോൺഗ്രസ് അല്ലേ? ഇപ്പോൾ ബി.ജെ.പി. ഇന്ത്യയെ ചേരിരഹിത രാജ്യമായി അമേരിക്കൻ ചേരിയിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. ഇസ്രായേലുമായി നയതന്ത്ര ബന്ധം സ്ഥാപിക്കാൻ

മുൻകയ്യെടുത്തത് കോൺഗ്രസ് സർക്കാരല്ലേ? ആ നയത്തെ സഖ്യമാക്കി വികസിപ്പിക്കുകയാണ് ബി.ജെ.പി. ചെയ്തത്. പൊതുമേഖലയെ വിറ്റ് തുലയ്ക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത് കോൺഗ്രസിന്റെ കാലത്താണ്. അതിന് മന്ത്രിയെ നിയമിച്ചത് ബി.ജെ.പി.-യാണ്. പെട്രോളിയം ഉല്പന്നങ്ങളുടെ വില ഡീ-റെഗുലറൈസ് ചെയ്യാൻ തീരുമാനിച്ചത് കോൺഗ്രസ് നേതൃത്വം കൊടുത്ത യു.പി.എ. സർക്കാരാണ്. ഡീസലിന്റെ വില നിയന്ത്രണംകൂടി എടുത്തുകളഞ്ഞ് അത് പൂർത്തീകരിച്ചത് ബി.ജെ.പി. സർക്കാർ, ചില്ലറ വിപണി തുറന്നുകൊടുത്ത് ഈ രാജ്യത്തെ കോടാനുകോടി ജനങ്ങളുടെ തൊഴിലവസരങ്ങൾ ഇല്ലാതാക്കിയത് കോൺഗ്രസ് സർക്കാർ, അത് മൾട്ടി ബ്രാൻഡിലേയ്ക്ക് വ്യാപിപ്പിച്ച് പൂർത്തീകരിച്ചത് ബി.ജെ.പി. സർക്കാർ, സബ്സിഡിക്കുമേൽ കൈവച്ചത് കോൺഗ്രസ് സർക്കാർ, സബ്സിഡി ഇല്ലാതാക്കുന്നത് ബി.ജെ.പി. സർക്കാർ, 'FERA' നിയമത്തെ 'FEMA' ആക്കി മാറ്റിയത് കോൺഗ്രസ്, കള്ളപ്പണക്കാർക്ക് വിദേശ രാഷ്ട്രങ്ങളിൽ സുഖവാസമൊരുക്കിയത് ബി.ജെ.പി. സർക്കാർ, ജനപക്ഷ പേറ്റന്റ് ആക്ട് തകർത്ത് ആഗോള മരുന്ന് മാഫിയയ്ക്ക് വഴിതുറന്നത് കോൺഗ്രസ് സർക്കാർ, പേറ്റന്റ് ആക്ടിലെ അവശേഷിക്കുന്ന ജനപക്ഷ വ്യവസ്ഥകളില്ലാതാക്കി ആഗോള മരുന്ന് മാഫിയയ്ക്ക് സുവർണ്ണനാളുകൾ സമ്മാനിച്ചത് ബി.ജെ.പി. സർക്കാർ, ന്യൂ ഇൻഡസ്ട്രിയൽ പോളിസി കൊണ്ടുവന്ന് തൊഴിലാളികളുടെയും രാജ്യത്തിന്റെയും നിലനിൽപ്പ് അവതാളത്തിലാക്കിയത് യു.പി.എ. സർക്കാർ, 'മേക്ക് ഇൻ ഇന്ത്യ' എന്ന പേരിൽ അമേരിക്ക, ഇസ്രായേൽ എന്നീ വിദേശ കുത്തക കമ്പനികൾക്ക് ഓർഡർ നൽകി അവശേഷിക്കുന്ന പൊതുമേഖലയ്ക്കും വധശിക്ഷ വിധിക്കുന്ന നയം നടപ്പിലാക്കുന്നത് ബി.ജെ.പി. സർക്കാർ, ഇവിടെ രാമന്റെ പേരിൽ വീണ്ടും മതധ്രുവീകരണമുണ്ടാക്കുന്നത് കോൺഗ്രസ്, സ്വാമനാഥ ക്ഷേത്രത്തിലും ദ്വാരകാനാഥ ക്ഷേത്രത്തിലും പോയി ആചാര വേഷങ്ങളണിഞ്ഞ് മതപ്രീണനം നടത്തി ശ്രീ. രാഹുൽഗാന്ധി, എണ്ണയുടെ നികുതിയുടെ പേരിൽ സംസ്ഥാന സർക്കാരിനെ പ്രതിക്കൂട്ടിലാക്കാനും യഥാർത്ഥ വസ്തുതകൾ മറച്ചുവയ്ക്കാനും ബി.ജെ.പി. സർക്കാർ, എണ്ണയുടെ വിലവർദ്ധനവിന്റെ പേരിൽ കേരളത്തിൽ മാത്രം ഹർത്താൽ നടത്തി ബി.ജെ.പി.-ക്ക് ശക്തി പകരുന്നത് കേരളത്തിലെ കോൺഗ്രസ്, നയപ്രഖ്യാപനത്തിൽ വർഗ്ഗീയതയെക്കുറിച്ച് പറയുന്ന ഭാഗങ്ങൾ ഒഴിവാക്കണമെന്ന് ബി.ജെ.പി., നയപ്രഖ്യാപനത്തിൽ വർഗ്ഗീയതയെക്കുറിച്ചുള്ള ഭാഗം വിട്ടുകളഞ്ഞ് അംഗീകരിക്കണമെന്ന് പ്രതിപക്ഷം - ചെന്നിത്തല. ധനകാര്യ മേഖലയിൽ എഫ്.ഡി.ഐ.-ക്ക് വഴിയൊരുക്കിയത് കോൺഗ്രസ് സർക്കാർ, 100 ശതമാനം ധനകാര്യമേഖലയും തുറന്നുകൊടുക്കുന്നത് ബി.ജെ.പി. സർക്കാർ,

പള്ളിയുള്ളിടത്ത് ശിലാന്യാസം നടത്താൻ അനുവാദം കൊടുത്തത് രാജീവ് ഗാന്ധി - കോൺഗ്രസ് ഗവൺമെന്റ്, അവിടെ അമ്പലം പണിയാൻ പള്ളി പൊളിച്ചത് ബി.ജെ.പി., രാജ്യം കണ്ട ഏറ്റവും വലിയ സിഖ് കൂട്ടക്കൊലയ്ക്ക് ഡൽഹിയിൽ നേതൃത്വം കൊടുത്തത് കോൺഗ്രസ്, ഗുജറാത്തിൽ മുസ്ലീങ്ങളെ കൊന്നുതള്ളിയത് ബി.ജെ.പി., ഗോവധ നിരോധനത്തിന്റെ ക്രെഡിറ്റ് ഏറ്റെടുക്കാൻ യഥാർത്ഥത്തിൽ തിടുക്കം കാണിക്കുന്നത് ശ്രീ. ദിഗ് വിജയ് സിംഗ് (കോൺഗ്രസ്), ഗോ വധ നിരോധനത്തിന്റെ പേരിൽ മനുഷ്യനെ പച്ചയോടെ തല്ലിക്കൊല്ലുന്ന സംഘടനാ പ്രസ്ഥാനം ബി.ജെ.പി., എ.കെ.ജി. എന്ന മഹാനായ നേതാവിന്റെ സമ്പന്ന ഭൂതകാലത്തിലേയ്ക്ക് ചെളിവാരിയെറിഞ്ഞ് നാണംകെടുന്ന അപക്വമതികളായ കോൺഗ്രസിന്റെ യുവനേതാക്കളെ പ്രകീർത്തിക്കാനും സംരക്ഷണ കവചമൊരുക്കാനും കോൺഗ്രസ്, പിൻബലമേകാൻ പിന്തുണയുമായി ബി.ജെ.പി. ഇതല്ലേ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. പിന്നെയുള്ളത് മുസ്ലീം ലീഗ് ആണ്. ബി.ജെ.പി.-യുടെ സംസ്ഥാന ഫണ്ട് സമാഹരണം- 700 കോടി രൂപ സമാഹരിക്കാൻ പതിനായിരം രൂപ കൊടുത്ത് സംസ്ഥാനതല ഉദ്ഘാടനം ചെയ്തത് ഖമറുന്നിസ അൻവർ. ബി.ജെ.പി.-യുടെ ഫാസിസ്റ്റ് വിരുദ്ധ പോരാട്ടം. ബാലഗോകുലത്തിന്റെ ജില്ലാതല പരിപാടിയിൽ പങ്കെടുത്ത, ബാലഗോകുലത്തെ ആശംസിച്ചും ബാലഗോകുലത്തിന് പിന്തുണയേകിയും ഈ നിയമസഭയിലെ മുൻ എം.എൽ.എ.-യും മുൻ രാജ്യസഭാംഗവും മുസ്ലീം ലീഗിന്റെ പ്രധാനപ്പെട്ട വാഗ്മിയുമായ ആൾ ആരാണെന്ന് നമുക്കെല്ലാവർക്കുമറിയാം. ഗുജറാത്താണ് ഇന്ത്യയുടെ മോഡലെന്ന് പ്രകീർത്തിക്കുന്നത് അപ്പുറത്തിരിക്കുന്ന യു.ഡി.എഫ്. എം.എൽ.എ. ആണ്. വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാതെ ബി.ജെ.പി.-യെ സഹായിച്ചത് മുസ്ലീം ലീഗിന്റെ രണ്ട് എം.പി.-മാരായ ശ്രീ. പി. വി. അബ്ദുൾ വഹാബും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുമാണ്. നിർണ്ണായകഘട്ടം വരുമ്പോൾ ഏറ്റവും വൈകിപ്പോകുന്ന ഫ്ലൈറ്റിൽ മാത്രം സഞ്ചരിച്ച് ഫാസിസ്റ്റ് വിരുദ്ധ പോരാട്ടം നടത്തുന്നുവെന്ന് മേനിപറയുന്നവർ മുസ്ലീം ലീഗാണ്. കേരളത്തിനകത്ത് ആർ.എസ്.എസ്. അക്രമം നടത്തുമ്പോൾ ആ അക്രമത്തെ കണ്ടില്ലെന്ന് നടിക്കുകയും അത് സി.പി.ഐ.(എം)-ന്റെ തലയിൽ കെട്ടിവയ്ക്കാൻ ഒടുക്കത്തെ തിടുക്കം കാണിക്കുകയും ചെയ്യുന്നത് യു.ഡി.എഫ്.-ആണ്. എനിക്ക് മുമ്പ് സംസാരിച്ച ബഹു. അംഗം ശ്രീ. കെ. മുരളീധരനെ ഓർമ്മപ്പെടുത്താൻ വേണ്ടി പ്രശസ്തനായ കുൽദീപ് നയ്യാറിന്റെ "Beyond the lines" എന്ന ആത്മകഥയിലെ ഒരു വാക്യം ഞാൻ പറയാം. Narasimha Rao had sat down for a puja when "kar sevaks began pulling it down and rose only when it was over".

'Narasimha Rao's Government' എന്ന അദ്ധ്യായത്തിലാണ് ഇതുള്ളത്. അത് വായിച്ചുനോക്കണം. ശ്രീ. അരുൺ ജെയ്റ്റ്ലി കഴിഞ്ഞ ദിവസം നടത്തിയ ഒരു പ്രസംഗത്തിൽ ചോദിച്ചത് "BJP has always been seen as a pro-Hindutva party, so if an original is available, why one would prefer a clone?" എന്നാണ്. ഇങ്ങനെ ചോദിക്കാൻ കാരണം രാഹുൽ ഗാന്ധി ഗുജറാത്തിലെ 25 ക്ഷേത്രങ്ങളാണ് സന്ദർശിച്ചത്. യു.പി.-യിലും ക്ഷേത്രങ്ങൾ സന്ദർശിക്കാൻ പോയി. എന്തെങ്കിലും പ്രയോജനം ലഭിച്ചോ; നിലവിലുള്ള സീറ്റ് നിലനിർത്താൻ സാധിച്ചോ? ഇപ്പോൾ ഗുജറാത്തിനെക്കുറിച്ച് പറയുന്നു. ശ്രീ. ജിഗ്നേഷ് മേവാനിയും ശ്രീ. അൽപേഷ് താക്കൂറും ശ്രീ. ഹാർദിക് പട്ടേലും ഇല്ലായിരുന്നെങ്കിൽ കോൺഗ്രസിന്റെ അവസ്ഥ എന്താകുമായിരുന്നു? ക്രമസമാധാനത്തെക്കുറിച്ചും വീട്ടമ്മമാരെക്കുറിച്ചും ഇവിടെ പറഞ്ഞു. ചിലർക്ക് നീതി കിട്ടുന്നില്ല. വീട്ടമ്മമാരെ ശല്യം ചെയ്താൽ അവരെ വേണ്ട രീതിയിൽത്തന്നെ കൈകാര്യം ചെയ്യും. അതാണ് എൽ.ഡി.എഫ്. സർക്കാർ. സ്ത്രീ സുരക്ഷ ഈ സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട മുദ്രാവാക്യമാണ്. ഇവിടെ ഓഖിയെക്കുറിച്ച് പറയുകയുണ്ടായി. സുനാമി വന്നപ്പോൾ ആരായിരുന്നു കേരളം ഭരിച്ചിരുന്നത്? ഒരു അനൗൺസ്മെന്റ് നടത്തിയിരുന്നുവെങ്കിൽ ആലപ്പുഴയിലും കൊല്ലത്തും തീരദേശത്തുമുള്ള എത്ര ആളുകളെ രക്ഷപ്പെടുത്താൻ കഴിയുമായിരുന്നു. പുറ്റിങ്ങൽ വെടിക്കെട്ടിന് ജില്ലാ കളക്ടർ അവസരം നിഷേധിച്ചതല്ലേ; കളക്ടർ നിഷേധിച്ച ആ വെടിക്കെട്ടിനുള്ള അനുമതി ആര് ഇടപെട്ടാണ് കൊടുത്തത്; എത്ര നിരപരാധികളാണ് അവിടെ മരിച്ചു വീണത്? തങ്ങളുടെ ക്ഷേത്രത്തിലെ ഉത്സവത്തിൽ പങ്കാളിയാകാൻ വന്ന 119 പേരാണ് അവിടെ മരിച്ചുവീണത് എന്ന കാര്യം നിങ്ങൾ ഓർക്കേണ്ടതായിട്ടുണ്ട്. ഓഖിയുടെ കാര്യത്തിൽ സാധ്യമായതൊക്കെ ചെയ്തിട്ടുണ്ട്. 2017 നവംബർ 30-ാം തീയതി 12 മണിക്കാണ് മുന്നറിയിപ്പ് കിട്ടുന്നത്. നമുക്കറിയാമല്ലോ, ആകാശവാണിയിൽ എന്നും ഇന്ന് ന്യൂനമർദ്ദമുണ്ടെന്നുള്ള കാലാവസ്ഥാ മുന്നറിയിപ്പ് ലഭിക്കാറുണ്ട്. അങ്ങനെ നോക്കിയാൽ ഒരിക്കലും കടലിൽ പോകാൻ കഴിയില്ല. ഏതായാലും ഇതൊരു അവസരമാണ്. സുനാമി വന്നിട്ടും നിങ്ങൾ മുൻകരുതലെടുത്തില്ല. പക്ഷേ ഈ സർക്കാർ മാതൃകാപരമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. നമുക്ക് ഷോ കാണിക്കുന്ന മുഖ്യമന്ത്രിയെയല്ല, ആക്ട് ചെയ്യുന്ന മുഖ്യമന്ത്രിയെയാണ് ആവശ്യം. ഈ മുഖ്യമന്ത്രി ഓഫീസിലിരുന്ന് ആക്ട് ചെയ്യുകയാണ് ചെയ്തത്; അല്ലാതെ വേറെ എവിടെയും പോയിട്ടില്ല. ശ്രീ. കടകംപള്ളി സുരേന്ദ്രനെ തിരുവനന്തപുരത്തേയ്ക്ക് അയച്ചു. അദ്ദേഹം ഒരു ദിവസം മുഴുവൻ സേനയോടൊപ്പം തെരച്ചിലിൽ പങ്കാളിയാകുകയാണ് ചെയ്തത്.

അത് അറിഞ്ഞിട്ടും കണ്ടില്ലെന്ന് നടിക്കുകയാണ്. ശ്രീമതി മേഴ്സിക്കുട്ടിയമ്മ അവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയാണ് ചെയ്തത്. ഇതിനെ കുറ്റം പറയുന്നവരോട്, പ്രതിപക്ഷനേതാവ് നാലുതവണയും അഞ്ചുതവണയും പോയി എന്നുപറയുന്നവരോട് ഞാൻ ചോദിക്കട്ടെ, ഇവിടെ എന്ത് ചെയ്തു? നിങ്ങൾ പറയൂ. തമിഴ്നാട് കേരളത്തെ മാതൃകയാക്കുകയാണ്. കേരള സർക്കാർ സ്വീകരിച്ച മാതൃകാപരമായ നിലപാടുകളാണ് തമിഴ്നാട് സർക്കാർ സ്വീകരിച്ചത്. അവിടത്തെ ജനങ്ങൾ റോഡ് ഉപരോധിക്കുകയും ട്രെയിൻ ഉപരോധിക്കുകയും ചെയ്തിട്ട് കേരളാ മോഡൽ പുനരധിവാസ പാക്കേജ് പോലെയുള്ള പ്രഖ്യാപനം ഉണ്ടാകണമെന്നാണ് പറഞ്ഞിരിക്കുന്നതെന്ന് നിങ്ങൾ മനസ്സിലാക്കണം. അടുത്ത തെരഞ്ഞെടുപ്പ് നടന്നാൽ സി.പി.ഐ.(എം) കേരള പാർട്ടിയാകുമെന്ന് നേരത്തെ ബഹുമാനപ്പെട്ട ഒരംഗം പറഞ്ഞു. ഇപ്പോൾ ഉത്തരാഖണ്ഡിലും ഹിമാചൽ പ്രദേശിലും തെരഞ്ഞെടുപ്പ് നടന്നപ്പോൾ കോൺഗ്രസ്സ് സംപൂജ്യരായില്ലേ? മികച്ച ക്രമസമാധാന പരിപാലനത്തിന് കോൺഗ്രസ്സ് ഭരിക്കുന്ന കർണ്ണാടകത്തെയും പോണ്ടിച്ചേരിയെയും പഞ്ചാബിനെയും എന്താണ് 'ഇൻഡ്യാ ടുഡേ' തെരഞ്ഞെടുക്കാതിരുന്നത്? കേരളത്തെ തെരഞ്ഞെടുത്തതിലുള്ള കെറുവാണ് നിങ്ങൾക്ക്. ആ കെറുവ് നിങ്ങൾക്കുണ്ടാകുമെന്ന് ഞങ്ങൾക്കറിയാം.

സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയുടെ മകന് ബിസിനസ്സ് നടത്താൻ പറ്റുമോയെന്ന് ചോദിക്കുകയാണ്. സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയുടെ മകൻ എന്ത് ചെയ്യണമെന്ന് അവർ തീരുമാനിക്കും. പാർട്ടിയോ പാർട്ടിയുടെ ഗവൺമെന്റോ അവന് അനർഹമായി എന്തെങ്കിലും ചെയ്തുകൊടുത്തിട്ടുണ്ടോ? ഞങ്ങൾ വെല്ലുവിളിക്കുന്നു, നിങ്ങളുടെ കയ്യിൽ കടലാസ്സുണ്ടോ; നിങ്ങൾ പറയൂ? ഈ നിയമസഭയിൽ നിങ്ങളുടെ പല നേതാക്കന്മാരും കേരളത്തിലുള്ളതിനേക്കാളും ഗൾഫിലാണല്ലോ ഉള്ളത്? മടിയിൽ കനമുള്ളവനേ വഴിയിൽ ഭയക്കേണ്ടതുള്ളൂ. അതുകൊണ്ട് ഞങ്ങളുടെ കൈകൾ ശുദ്ധമാണ്. ഞങ്ങളുടെ സംസ്ഥാന സെക്രട്ടറിയെ ആക്ഷേപിക്കാനും അപമാനിക്കാനും നിങ്ങൾ തയ്യാറായാൽ അതൊന്നും ഈ കേരളത്തിൽ ക്ലച്ച് പിടിക്കില്ല. അതുകൊണ്ട് നിങ്ങൾ തെളിവുകൾ നിരത്തൂ; ഞങ്ങൾ നിങ്ങളെ വെല്ലുവിളിക്കുന്നു. നിങ്ങളുടെ കയ്യിൽ എന്തെങ്കിലും തരത്തിലുള്ള തെളിവുണ്ടോ; വെറുതേ ഇങ്ങനെ ഊഹാപോഹം നടത്തിയിട്ട് കാര്യമില്ല. വസ്തുതകളുടെ പിൻബലത്തിൽ, ആധികാരികമായ തെളിവിന്റെ പിൻബലത്തിൽ ആരോപണം ഉന്നയിക്കാൻ ഞങ്ങൾ നിങ്ങളെ വെല്ലുവിളിക്കുക യാണ്. അതിനുള്ള ആർജ്ജവമാണ് പ്രതിപക്ഷം ഇവിടെ കാണിക്കേണ്ടത്. നിങ്ങൾക്ക് വിഷയമില്ല; വിഷയ ദാരിദ്ര്യമാണുള്ളത്. അഞ്ച് വർഷം ഉമ്മൻചാണ്ടി

സർക്കാർ കേരളം ഭരിച്ചു. എന്തായിരുന്നു സംഭാവന; നിങ്ങൾക്ക് ഈ കേരളത്തിനുവേണ്ടി എന്ത് ചെയ്യാൻ കഴിഞ്ഞു? ഞങ്ങൾക്ക് അഭിമാന ബോധത്തോടെ പറയാൻ കഴിയും.

ഇവിടെ ചിലർ ആഗോള പ്രവാസി സംഗമം പിരിവിനുവേണ്ടിയാണെന്ന് പറഞ്ഞു. പിരിവുകൊണ്ട് ഉപജീവനം നടത്തുന്നത് ആരാണെന്ന് ഞങ്ങൾ പറഞ്ഞുതരാം. അത് നിങ്ങൾക്ക് നന്നായി അറിയാമല്ലോ. ഏതായാലും പിരിവുനടത്തി ഉപജീവനം നടത്തുന്നവരല്ല ഈ പക്ഷത്തിരിക്കുന്നവരെന്ന് നിങ്ങൾക്കറിയാമല്ലോ. ഇവിടെ പ്രവാസികളെയാണ് നിങ്ങൾ അപമാനിച്ചത്. നാദാപുരം എം.എൽ.എ. ശ്രീ. പാറക്കൽ അബ്ദുല്ല ബഹുമാനപ്പെട്ട മന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണൻ അദ്ധ്യക്ഷനായ ഒരു സെഷനിൽ അംഗമായിരുന്നു. ആ സെഷനിൽ പാറക്കൽ അബ്ദുല്ല നടത്തിയ ഒരു പ്രസംഗമുണ്ട്. ഇവിടെ നിങ്ങൾക്കറിയാമല്ലോ, കെ.എം.സി.സി.-യുടെ ആളുകൾ നടത്തിയ പ്രസംഗമെന്താണ്? ഞാൻ ചോദിക്കട്ടെ, ഇവിടെ പ്രവാസികളെ ആദ്യമായി പരിഗണിക്കാൻ തയ്യാറായ സർക്കാർ ആരാണ്? പ്രവാസി മലയാളികൾ നമ്മുടെ സമ്പത്തല്ലേ; അവരുടെ ജീവിതസുരക്ഷ നമ്മുടെ ബാധ്യതയല്ലേ?

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്........പ്ലീസ് കൺക്ലൂഡ്

ശ്രീ. റ്റി. വി. രാജേഷ്: സർ, കേരളത്തിൽ അധികാരത്തിൽ വന്ന എല്ലാ ഇടതുപക്ഷ സർക്കാരുകളും പ്രവാസി ക്ഷേമത്തിനുവേണ്ടി പദ്ധതികൾ കൊണ്ടുവന്നിട്ടുണ്ട്. നിങ്ങൾ അഞ്ച് വർഷം ഭരിച്ചല്ലോ; പ്രവാസി പെൻഷൻ 500 രൂപയിൽ നിന്ന് 600 രൂപയാക്കാൻ നിങ്ങൾക്ക് തോന്നിയോ; പ്രവാസികാര്യ വകുപ്പ് കൈകാര്യം ചെയ്ത പാർട്ടി മുസ്ലീം ലീഗല്ലേ? ഈ ഗവൺമെന്റ് വന്നപ്പോൾ ആദ്യ ബഡ്ജറ്റിൽ തന്നെ പ്രവാസി പെൻഷൻ 500 രൂപയിൽനിന്ന് 2,000 രൂപയാക്കി വർദ്ധിപ്പിച്ചു. ഇവിടെ വ്യാപാരികളും വ്യവസായികളും മാത്രമല്ല വന്നിട്ടുള്ളത്. ഇവിടെ വന്നിട്ടുള്ള വ്യാപാരികളെ ശത്രുക്കളായി കാണണ മെന്നാണോ; ഗൾഫുകാരൻ മുഹമ്മദ് അലിയെ ശത്രുവായി കാണണോ; എം. എ. യൂസഫലിയെ ശത്രുവായി കാണണോ; ഇതാണോ നിങ്ങളുടെ നിലപാട്? ഞങ്ങളുടെ ഈ സെഷനിൽ നജീബുണ്ടായിരുന്നു. ബെന്യാമിന്റെ 'ആട് ജീവിതം' എന്ന നോവലിലെ കഥാപാത്രമായ നജീബ് ഈ വേദിയിൽ പ്രസംഗിച്ചിട്ടുണ്ട്. ബെഹ്റൈനിലെ ഒരു ടാക്സി ഡ്രൈവർ, ശ്രീ. സി. വി. നാരായണൻ ഞങ്ങളുടെ സെഷനിൽ പ്രസംഗിച്ചിരുന്നു. അതിൽ നിങ്ങൾക്ക് അസൂയയുണ്ട്. ഞാൻ ചോദിക്കട്ടെ, നിങ്ങൾ എത്രകാലം ഈ കേരളം ഭരിച്ചു; ഒരു തവണയെങ്കിലും

പ്രവാസികൾക്കുവേണ്ടി ഇത്തരത്തിൽ ഒരു പ്രോഗ്രാം നടത്താൻ, അവർ പറയുന്നത് കേൾക്കാൻ നിങ്ങൾ തയ്യാറായോ?

മി. സ്പീക്കർ : പ്ലീസ് .........പ്ലീസ് ...........

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ നിർത്തുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുഴുവൻ സമയവും അവരുടെ വാക്കുകൾക്ക് ചെവിയോർത്ത് ഇവിടെയിരുന്നു. ഈ ലോകം മുഴുവൻ ആ സംഭവത്തെ അഭിനന്ദിച്ചു.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്........പ്ലീസ് കൺക്ലൂഡ്

ശ്രീ. റ്റി. വി. രാജേഷ്: സർ, എന്നിട്ടും നിങ്ങൾക്ക് അസൂയയും കുശുമ്പുമാണ്. എന്തെങ്കിലും വിമർശനവും വിവാദവും ഉണ്ടാക്കി അതിന്റെ ശോഭ കെടുത്താൻ നിങ്ങൾ ശ്രമിക്കേണ്ട. ഈ ഗവൺമെന്റ് മുന്നോട്ടുപോകുക തന്നെ ചെയ്യും. 'അവസാനം ഒരു കാലം വരും. അപ്പോൾ എല്ലാ മുഖങ്ങളും ഒരുപോലെയായിരിക്കും; എല്ലാ ശബ്ദങ്ങളും സാദൃശ്യത്തോടെ മുഴങ്ങും; മരങ്ങൾ, തടാകങ്ങൾ, കുന്നുകൾ എല്ലാം ഒരൊറ്റ കയ്യൊപ്പ് വഹിക്കുന്നതായി തോന്നും'. മാധവിക്കുട്ടിയുടെ കവിതയിലെ ഈ വരികൾ പറയുന്നതുപോലെ ഒരു കാലം വരാൻ പോകുകയാണ്. വലിയ പദ്ധതികൾ ആരംഭിക്കാൻ കുറച്ചു സമയമെടുക്കും. കിഫ്ബിക്ക് 18,000 കോടി രൂപയുടെ അപ്രൂവൽ നൽകിയിട്ടുണ്ട്. നിങ്ങളുടെ മണ്ഡലത്തിലും നൽകിയിട്ടുണ്ട്. ഒന്നുരണ്ട് വർഷംകൊണ്ട് ഇതെല്ലാം നടക്കും. ഇതൊരു സ്വപ്നമേയല്ല; ഞങ്ങൾ സ്വപ്നലോകത്ത് ജീവിക്കുന്നവരല്ല; ഞങ്ങളുടെ വാഗ്ദാനങ്ങൾ ആകാശകുസുമങ്ങളല്ല; ഈ മണ്ണിൽ ആ സ്വപ്നങ്ങൾ യാഥാർത്ഥ്യമാകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഈ സർക്കാരിന്റെ നയപ്രഖ്യാപനത്തെ ഞാൻ പിന്തുണയ്ക്കുന്നു. എന്റെ വാക്കുകൾ ചുരുക്കുന്നു.

മി. സ്പീക്കർ: ഓർഡർ...... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ജനുവരി മാസം 31-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.16-ന് പിരിഞ്ഞു.)

**അനുബന്ധം**

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2260

## 1. കുറ്റ്യാടി ബൈപ്പാസ് നിർമ്മാണത്തിനുള്ള ലാന്റ് അക്വിസിഷൻ നടപടികൾ

(എ) കുറ്റ്യാടി ബൈപ്പാസ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് റവന്യൂ വകുപ്പിലേയ്ക്ക് നൽകിയ പ്രൊപ്പോസൽ എന്നാണ് റവന്യൂ വകുപ്പിൽ ലഭിച്ചതെന്നും ആയതിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫയലിൽ തീരുമാനമെടുത്ത് പൊതുമരാമത്ത് വകുപ്പിന് നൽകേണ്ട റിപ്പോർട്ട് നൽകുന്നതിൽ കാലതാമസമുണ്ടായതായി കരുതുന്നുണ്ടോ;

(സി) എങ്കിൽ പ്രസ്തുത കാലതാമസത്തിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ- സി) കുറ്റ്യാടി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ 21-7-2010-ന് കോഴിക്കോട് ജില്ലാ കളക്ടറേറ്റിൽ ലഭിക്കുകയും 30-8-2010-ന് വടകര തഹസിൽദാർക്ക് വിശദമായ അന്വേഷണത്തിനും റിപ്പോർട്ടിനുമായി അയച്ചുകൊടുത്തിട്ടുമുണ്ട്. വിശദവിവരം ചുവടെ ചേർത്തിരിക്കുന്നു. ഇക്കാര്യത്തിൽ അനാവശ്യമായ കാലതാമസം വരുത്തിയിട്ടില്ല:

| റിപ്പോർട്ടുകൾ വിവിധ ഓഫീസുകളിൽ ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ | തീയതി | കെട്ടിക്കിടന്ന ദിവസങ്ങൾ |
|---|---|---|
| കുറ്റ്യാടി ബൈപ്പാസ് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ കളക്ടറേറ്റിൽ ലഭിച്ച തീയതി | 21-7-2010 | |
| കളക്ടറേറ്റിൽ ലഭിച്ച പ്രൊപ്പോസലിന്മേൽ വടകര തഹസിൽദാരോട് റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 30-8-2010 | 39 |
| പ്രൊപ്പോസൽ വടകര തഹസിൽദാർക്ക് ലഭിച്ച തീയതി | 17-9-2010 | 17 |
| വടകര തഹസിൽദാർ ആവശ്യമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് താലൂക്ക് സർവ്വേയർക്ക് നിർദ്ദേശം നൽകിയ തീയതി | 29-9-2010 | 12 |

റിപ്പോർട്ട് ലഭിക്കുന്നതിന് കാലതാമസം വന്ന സാഹചര്യത്തിൽ 22-1-2011-നകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോഴിക്കോട് എൽ.എ. ഡെപ്യൂട്ടി കളക്ടർ, അർദ്ധ ഔദ്യോഗിക കത്ത് മുഖേന വടകര തഹസിൽദാർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

| റിപ്പോർട്ടുകൾ വിവിധ ഓഫീസുകളിൽ ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ | തീയതി | കെട്ടിക്കിടന്ന ദിവസങ്ങൾ |
|---|---|---|
| വടകര തഹസിൽദാർ കുറ്റ്യാടി, കായക്കൊടി വില്ലേജ് ഓഫീസർമാർക്കും താലൂക്ക് സർവ്വേയർക്കും നിർദ്ദേശം നൽകിയ തീയതി | 18-5-2011 | 138 |
| കുറ്റ്യാടി, കായക്കൊടി വില്ലേജ് ഓഫീസർമാർ വടകര തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിച്ച തീയതി | 19-5-2011 | 0 |
| താലൂക്ക് സർവ്വേയർ വടകര തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിച്ച തീയതി | 21-5-2011 | 1 |
| വടകര തഹസിൽദാർ ജില്ലാ കളക്ടർക്ക് 21-5-2011-ന് സമർപ്പിച്ച റിപ്പോർട്ട് അപൂർണ്ണമായിരുന്നതിനാൽ ഏറ്റെടുക്കേണ്ട ഭൂമി വിശദമായി പരിശോധിച്ച് പുനർ റിപ്പോർട്ട് സമർപ്പിക്കുവാൻ ജില്ലാ കളക്ടർ ആവശ്യപ്പെട്ട തീയതി | 14-6-2011 | 23 |
| വടകര തഹസിൽദാർ കുറ്റ്യാടി, കായക്കൊടി വില്ലേജ് ഓഫീസർമാർക്കും താലൂക്ക് സർവ്വേയർക്കും പുനർ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയ തീയതി | 27-6-2011 | 12 |
| ഏറ്റെടുക്കുന്ന റോഡിന്റെ സ്കെച്ചും സ്ഥല പരിശോധനയും നടത്തുന്നതിന് കുറ്റ്യാടി പൊതുമരാമത്ത് വകുപ്പ് റോഡ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുമായി ബന്ധപ്പട്ടതിനാൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഓവർസിയർ 5-7-2011 വരെ അവധിയിലായതിനാൽ 6-7-2011-ന് പരിശോധന നടത്താമെന്ന് തഹസിൽദാർ അറിയിച്ച തീയതി | 1-7-2011 | 3 |

തീയതി രേഖപ്പെടുത്താത്ത സ്ഥലപരിശോധന റിപ്പോർട്ടാണ് താലൂക്ക് സർവ്വേയർ സമർപ്പിച്ചിരുന്നതെന്നും തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| റിപ്പോർട്ടുകൾ വിവിധ ഓഫീസുകളിൽ ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ | തീയതി | കെട്ടിക്കിടന്ന ദിവസങ്ങൾ |
|---|---|---|
| കായക്കൊടി, കുറ്റ്യാടി വില്ലേജ് ഓഫീസർമാർ വടകര തഹസിൽദാർക്ക് സമർപ്പിച്ച തീയതി | 26-8-2011<br>27-8-2011 | 55-56 ദിവസങ്ങൾ |
| വടകര തഹസിൽദാർ കളക്ടറേറ്റിൽ റിപ്പോർട്ട് സമർപ്പിച്ച തീയതി | 4-10-2011 | 37 |
| ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ച തീയതി | 20-10-2011 | 15 |

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2462

## 2. ലാന്റ് അക്വിസിഷൻ നടപടികൾ

(എ) കുറ്റ്യാടി ബൈപ്പാസ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ കോഴിക്കോട് കളക്ടറേറ്റിൽ ലഭിച്ചിട്ടുണ്ടോയെന്നും എങ്കിൽ ഏത് തീയതിയിലാണ് ലഭിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) റവന്യൂ വകുപ്പിന്റെ കോഴിക്കോട് ജില്ലയിലെ ഏതെല്ലാം ഓഫീസുകളിൽ പ്രസ്തുത പ്രൊപ്പോസൽ നടപടികൾക്കായി അയച്ചിട്ടുണ്ടെന്നും ഓരോ ഓഫീസിലും എത്ര ദിവസം വീതം പ്രൊപ്പോസൽ തീർപ്പുകല്പിക്കുന്നതിന് കെട്ടിക്കിടന്നുവെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രൊപ്പോസലിൽ പൊതുമരാമത്ത് വകുപ്പ് റവന്യൂ വകുപ്പിനോട് എന്താണ് ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ;

(ഡി) പൊതുമരാമത്ത് ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിന് റവന്യൂ വകുപ്പിൽ കാലതാമസമുണ്ടായതായി കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 21-7-2010 -ന് ലഭിച്ചിട്ടുണ്ട്.

(ബി)

| റിപ്പോർട്ടുകൾ വിവിധ ഓഫീസുകളിൽ ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ | തീയതി | കെട്ടിക്കിടന്ന ദിവസങ്ങൾ |
|---|---|---|
| കുറ്റ്യാടി ബൈപ്പാസ് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ കളക്ടറേറ്റിൽ ലഭിച്ച തീയതി | 21-7-2010 | |
| കളക്ടറേറ്റിൽ ലഭിച്ച പ്രൊപ്പോസലിന്മേൽ വടകര തഹസിൽദാരോട് റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 30-8-2010 | 39 |
| പ്രൊപ്പോസൽ വടകര തഹസിൽദാർക്ക് ലഭിച്ച തീയതി | 17-9-2010 | 17 |
| വടകര തഹസിൽദാർ ആവശ്യമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് താലൂക്ക് സർവ്വേയർക്ക് നിർദ്ദേശം നൽകിയ തീയതി | 29-9-2010 | 12 |

റിപ്പോർട്ട് ലഭിക്കുന്നതിന് കാലതാമസം വന്ന സാഹചര്യത്തിൽ 22-1-2011-നകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോഴിക്കോട് എൽ.എ. ഡെപ്യൂട്ടി കളക്ടർ, അർദ്ധ ഔദ്യോഗിക കത്ത് മുഖേന വടകര തഹസിൽദാർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

| റിപ്പോർട്ടുകൾ വിവിധ ഓഫീസുകളിൽ ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ | തീയതി | കെട്ടിക്കിടന്ന ദിവസങ്ങൾ |
|---|---|---|
| വടകര തഹസിൽദാർ കുറ്റ്യാടി, കായക്കൊടി വില്ലേജ് ഓഫീസർമാർക്കും താലൂക്ക് സർവ്വേയർക്കും നിർദ്ദേശം നൽകിയ തീയതി | 18-5-2011 | 138 |
| കുറ്റ്യാടി, കായക്കൊടി വില്ലേജ് ഓഫീസർമാർ വടകര തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിച്ച തീയതി | 19-5-2011 | 0 |
| താലൂക്ക് സർവ്വേയർ വടകര തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിച്ച തീയതി | 21-5-2011 | 1 |
| വടകര തഹസിൽദാർ ജില്ലാ കളക്ടർക്ക് 21-5-2011-ന് സമർപ്പിച്ച റിപ്പോർട്ട് അപൂർണ്ണമായിരുന്നതിനാൽ ഏറ്റെടുക്കേണ്ട ഭൂമി വിശദമായി പരിശോധിച്ച് പുനർ റിപ്പോർട്ട് സമർപ്പിക്കുവാൻ ജില്ലാ കളക്ടർ ആവശ്യപ്പെട്ട തീയതി | 14-6-2011 | 23 |
| വടകര തഹസിൽദാർ കുറ്റ്യാടി, കായക്കൊടി വില്ലേജ് ഓഫീസർമാർക്കും താലൂക്ക് സർവ്വേയർക്കും പുനർ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയ തീയതി | 27-6-2011 | 12 |
| ഏറ്റെടുക്കുന്ന റോഡിന്റെ സ്കെച്ചും സ്ഥല പരിശോധനയും നടത്തുന്നതിന് കുറ്റ്യാടി പൊതുമരാമത്ത് വകുപ്പ് റോഡ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുമായി ബന്ധപ്പെട്ടതിനാൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഓവർസിയർ 5-7-2011 വരെ അവധിയിലായതിനാൽ 6-7-2011-ന് പരിശോധന നടത്താമെന്ന് തഹസിൽദാർ അറിയിച്ച തീയതി | 1-7-2011 | 3 |

തീയതി രേഖപ്പെടുത്താത്ത സ്ഥലപരിശോധന റിപ്പോർട്ടാണ് താലൂക്ക് സർവ്വേയർ സമർപ്പിച്ചിരുന്നതെന്നും തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| റിപ്പോർട്ടുകൾ വിവിധ ഓഫീസുകളിൽ ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ | തീയതി | കെട്ടിക്കിടന്ന ദിവസങ്ങൾ |
|---|---|---|
| കായക്കൊടി, കുറ്റ്യാടി വില്ലേജ് ഓഫീസർമാർ വടകര തഹസിൽദാർക്ക് സമർപ്പിച്ച തീയതി | 26-8-2011<br>27-8-2011 | 55-56<br>ദിവസങ്ങൾ |
| വടകര തഹസിൽദാർ കളക്ടറേറ്റിൽ റിപ്പോർട്ട് സമർപ്പിച്ച തീയതി | 4-10-2011 | 37 |
| ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ച തീയതി | 20-10-2011 | 15 |

(സി) കുറ്റ്യാടി വില്ലേജിൽ വളയന്നൂർ, തൊണ്ടിപ്പൊയിൽ ദേശങ്ങളിലായി 3.2668 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

(ഡി) മന:പൂർവ്വമായ കാലതാമസമുണ്ടായിട്ടില്ല.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്, 2021.